# ഇരിങ്ങാലക്കുടയുടെ സാംസ്കാരികചരിത്രം: വിമർശനാത്മക സമീപനം

കാലിക്കറ്റ് സർവ്വകലാശാലയുടെ മലയാളഭാഷയും സാഹിത്യവും ഫാക്കൽറ്റിയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന ഗവേഷണപ്രബന്ധം
(സംശോധിതപതിപ്പ്)


സിന്റൊ കോങ്കോത്ത് എ.

മലയാളവിഭാഗം
കെ.കെ.ടി.എം. ഗവ. കോളേജ്
പുല്ലൂറ്റ്


2024

# Irinjalakkudayude Samskarikacharitram: Vimarshanatmaka Sameepanam

Thesis submitted under Faculty of Malayalam Language and Literature of University of Calicut for the Degree of Doctor of Philosophy

**(Corrected Copy)**


Sinto Konkoth A.

Department of Malayalam
K.K.T.M. Govt. College
Pullut


2024

ഡോ. ദീപ ബി.എസ്.,
അസിസ്റ്റന്റ് പ്രൊഫസർ,
സർക്കാർ വനിത കോളേജ്,
തിരുവനന്തപുരം.
(ഗവേഷണ മാർഗ്ഗദർശി,
കെ.കെ.ടി.എം. ഗവ. കോളേജ്,
കൊടുങ്ങല്ലൂർ.)

# സാക്ഷ്യപത്രം

കോഴിക്കോട് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി മലയാളം ബിരുദത്തിനായി സമർപ്പിക്കുന്ന '*ഇരിങ്ങാലക്കുടയുടെ സാംസ്കാരികചരിത്രം: വിമർശനാത്മക സമീപനം*' എന്ന ഈ പ്രബന്ധം സിന്റോ കോങ്കോത്ത് എ. എന്റെ നിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കൊടുങ്ങല്ലൂർ

ഡോ. ദീപ ബി.എസ്.
ഗവേഷണ മാർഗ്ഗദർശി

Dr. DEEPA B. S.
PEN No: 282899
Assistant Professor Malayalam
Research Guide
Department of Malayalam
KKTM Govt. College, Pullut
Kodungallur, PIN-680 663

ഡോ. ദീപ ബി.എസ്.,

അസിസ്റ്റന്റ് പ്രൊഫസർ,

സർക്കാർ വനിത കോളേജ്,

തിരുവനന്തപുരം.

(ഗവേഷണ മാർഗ്ഗദർശി,
കെ.കെ.ടി.എം. ഗവ. കോളേജ്,

കൊടുങ്ങല്ലൂർ.)

# സാക്ഷ്യപത്രം

കോഴിക്കോട് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സിന്റോ കോങ്കോത്ത് എ സമർപ്പിച്ച '*ഇരിങ്ങാലക്കുടയുടെ സാംസ്കാരികചരിത്രം: വിമർശനാത്മക സമീപനം*' എന്ന ഗവേഷണപ്രബന്ധം വിധികർത്താക്കൾ ശുപാർശചെയ്തപ്രകാരം പരിഷ്കരിച്ചിട്ടുണ്ടെന്നും ഹാർഡ് കോപ്പിയിലും സോഫ്റ്റ് കോപ്പിയിലും ഉള്ളടക്കം ഒന്നുതന്നെയാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു".

കൊടുങ്ങല്ലൂർ
04.6. 2024

ഡോ. ദീപ ബി.എസ്.
ഗവേഷണ മാർഗ്ഗദർശി

Dr. DEEPA B.S.
PEN No: 282899
Assistant Professor Malayalam
Research Guide
Department of Malayalam
KKTM Govt. College, Pullut
Kodungallur, PIN-680 603

ഡോ. മുഹമ്മദ് ബഷീർ കെ.കെ.,
അസിസ്റ്റന്റ് പ്രൊഫസർ,
(ഗവേഷണ സഹ മാർഗ്ഗദർശി),
കെ.കെ.ടി.എം. ഗവ. കോളേജ്,
കൊടുങ്ങല്ലൂർ.

# സാക്ഷ്യപത്രം

കോഴിക്കോട് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി മലയാളം ബിരുദത്തിനായി സമർപ്പിക്കുന്ന '*ഇരിങ്ങാലക്കുടയുടെ സാംസ്കാരികചരിത്രം: വിമർശനാത്മക സമീപനം*' എന്ന ഈ പ്രബന്ധം സിന്റോ കോങ്കോത്ത് എ. എന്റെ സഹമാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കൊടുങ്ങല്ലൂർ

ഡോ. മുഹമ്മദ് ബഷീർ കെ.കെ.
ഗവേഷണ സഹമാർഗ്ഗദർശി

Dr. Muhamed Basheer K K
Associate Professor
Dept. of Malayalam
K.K T M Govt College
Pullut 680663 Thrissur Dis

# പ്രസ്താവന

കോഴിക്കോട് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി മലയാളം ബിരുദത്തിനായി സമർപ്പിക്കുന്ന '*ഇരിങ്ങാലക്കുടയുടെ സാംസ്കാരികചരിത്രം: വിമർശനാത്മക സമീപനം*' എന്ന ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും ബിരുദത്തിനോ ഫെല്ലോഷിപ്പിനോ അതുപോലുള്ള മറ്റേതെങ്കിലും അംഗീകാരത്തിനോവേണ്ടി എഴുതിയതല്ല എന്ന് ഇതിനാൽ ബോധ്യപ്പെടുത്തുന്നു.

കൊടുങ്ങല്ലൂർ
04.11.2024

**സിന്റോ കോങ്കോത്ത് എ.**

# നന്ദി

"ഇരിങ്ങാലക്കുടയുടെ സാംസ്കാരിക ചരിത്രം: വിമർശനാത്മക സമീപനം" എന്ന ഈ പ്രബന്ധത്തിന്റെ ഓരോഘട്ടത്തിലും ആവശ്യമായ നിർദ്ദേശങ്ങൾ നൽകി പ്രോത്സാഹിപ്പിച്ച എന്റെ ഗവേഷണ മാർഗ്ഗദർശി ഡോ. ദീപ ബി.എസ്. ടീച്ചർക്ക് സ്നേഹാദരങ്ങളോടെ നന്ദി പറയുന്നു. ഈ പ്രബന്ധരചനയിൽ എന്നോട് സഹ കരിച്ച കെ.കെ.ടി.എം. ഗവ. കോളേജിലെ സഹ ഗവേഷണ മാർഗ്ഗദർശിയായ ഡോ. മുഹമ്മദ് ബഷീർ മാഷിനേയും ഡോ. ജി. ഉഷാകുമാരി ടീച്ചറടക്കമുള്ള മറ്റ് അധ്യാപകരേയും നന്ദിപൂർവ്വം സ്മരിക്കുന്നു.

ഗവേഷണത്തിനാവശ്യമായ ക്രിയാത്മക നിർദ്ദേശങ്ങളുമായി ഒപ്പം നിന്ന പ്രിയ സുഹൃത്ത് ഡോ. സി.വി. സുധീറിനോടുള്ള നന്ദി വാക്കുകളിൽ ഒതുങ്ങുന്നതല്ല. ഗവേഷണ കാലയളവിൽ ധൈര്യം പകർന്ന് കൂടെനിന്ന മഞ്ജുവിനോടും ഷീനയോടും മറ്റ് ഗവേഷക സുഹൃത്തുക്കളോടും നന്ദി രേഖപ്പെടുത്തുന്നു.

എനിക്ക് ഗവേഷണം തുടങ്ങുന്നതിനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കി തന്നത് എന്റെ തൊഴിലിടമായ ക്രൈസ്റ്റ് കോളേജ് മാനേജ്മെന്റാണ്. ക്രൈസ്റ്റ് കോളേജ് പ്രിൻസിപ്പൽ ഫാ.ഡോ. ജോളി ആൻഡ്രൂസ്, ഈ ഗവേഷണത്തിലേക്ക് എന്നെ നയിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത മലയാളവിഭാഗം മേധാവിയായിരുന്ന ഡോ. സെബാസ്റ്റ്യൻ ജോസഫ് സർ എന്നിവരോടുള്ള അകമഴിഞ്ഞ നന്ദി അറിയിക്കുന്നു. ക്രൈസ്റ്റ് കോളേജിലെ എന്റെ സഹപ്രവർത്തകരും ഓഫീസ് ജീവനക്കാരും നൽകിയ പ്രോത്സഹനം നന്ദിയോടെ ഓർക്കുന്നു.

ദത്തശേഖരണത്തിനായി എന്നെ സഹായിച്ച ഒരുപാട് ഇരിങ്ങാലക്കുട ക്കാരുണ്ട്. അമ്പിളിജയൻ, അജയ് മേനോൻ, ആശ സുരേഷ്, അഭി തുമ്പൂർ, ഇ.കെ. കേശവൻ, സുരൻ, അബി... ആ അറിവുകൾ പ്രബന്ധരചനയിൽ വളരെയധികം സഹായകമായിരുന്നു. ഓരോരുത്തരേയും പ്രത്യേകം കൃതജ്ഞതയറിയിക്കുന്നു.

കെ.കെ.ടി.എം. കോളേജ് ലൈബ്രറി, ക്രൈസ്റ്റ് കോളേജ് ലൈബ്രറി, എസ്.എൻ. ലൈബ്രറി ഇരിങ്ങാലക്കുട, കേരള സാഹിത്യ അക്കാദമി ലൈബ്രറി, തിരുവനന്തപുരം സെട്രൽ ആർക്കൈവ്സ്, കൊച്ചി റീജനൽ ആർക്കൈവ്സ് തുടങ്ങിയവയാണ് റഫറൻസിനായി പ്രധാനമായും ഉപയോഗിച്ചത്. ഈ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പ്രത്യേകം കൃതജ്ഞതയർപ്പിക്കുന്നു.

മനസ്സിലെന്നും പ്രചോദനമായി നിന്ന അപ്പച്ചൻ ധൈര്യം പകർന്ന് കൂടെനിന്ന അമ്മച്ചിയും സഹോദരങ്ങളും പിന്നെ എന്റെ സിക്സനും സരിഗയും സനിമയും... എല്ലാവരോടും മനസ്സ് നിറഞ്ഞ നന്ദി

കൊടുങ്ങല്ലൂർ
04.11.2024

**സിന്റോ കോങ്കോത്ത് എ.**

# ഉള്ളടക്കം


**ആമുഖം** 1

**1 ചരിത്രവും സംസ്കാരപഠനവും: രീതിശാസ്ത്രപരമായ പ്രശ്നങ്ങൾ** 7

1.1 സംസ്കാരചരിത്രം . . . 14

1.1.1 സംസ്കാരചരിത്രം ഇന്ത്യയിൽ . . . 15

1.1.2 കേരളീയപരിസരം . . . 18

1.2 പ്രാദേശികചരിത്രം . . . 24

1.3 ഉപാദാനസാമഗ്രികൾ . . . 29

1.3.1 സ്ഥലനാമങ്ങൾ . . . 29

1.3.2 വാമൊഴി . . . 34

1.3.3 ഐതിഹ്യങ്ങൾ . . . 37

1.3.4 ആത്മകഥകൾ . . . 39

1.3.5 നവചരിത്രവാദം . . . 40

**2 ദേശവും സമൂഹവും** 45

2.1 ശിലാരേഖകൾ . . . 46

2.2 സ്ഥലനാമചരിത്രം . . . 50

2.2.1 ഇരിങ്ങാലക്കുട . . . 53

2.2.2 നാട്ടുപേരുകൾ . . . 62

2.3 ഇരിങ്ങാലക്കുടയുടെ ജൈനപാരമ്പര്യം . . . 65

2.4 ഇരിങ്ങാലക്കുടയുടെ ബൗദ്ധപാരമ്പര്യം . . . 72

2.4.1 ജൈന -ബൗദ്ധമതാനന്തരസമൂഹം . . . 77

2.5 അയ്യൻ ചിരുകണ്ടൻ . . . 78

2.5.1 ചിരുകണ്ടനിലെ മാവേലി . . . 86

2.5.2 അയ്യനും ബുദ്ധമതവും . . . 87

2.6 നാട്ടിൽ പ്രഭുക്കൾ . . . 89

2.7 ക്ഷേത്രപാരമ്പര്യം . . . 92

2.7.1 കൂടൽമാണിക്യക്ഷേത്രം . . . 92

2.7.2 ഐതിഹ്യങ്ങളിലെ കൂടൽമാണിക്യം . . . 96

2.7.3 ക്ഷേത്രോത്സവം . . . 103

2.7.4 കൂടൽമാണിക്യത്തിലെ ആനകൾ . . . 108

2.7.5 തച്ചുടയക്കൈമൾ . . . 110

2.7.6 മറ്റുക്ഷേത്രങ്ങൾ . . . 126

2.7.7 ചെട്ടിയാർ സമുദായം . . . 135

2.8 ഇരിങ്ങാലക്കുടയുടെ ക്രൈസ്തവപാരമ്പര്യം . . . 141

2.8.1 മാപ്രാണം കുരിശുപള്ളി . . . 143

2.8.2 താഴെക്കാട് മുത്തപ്പൻ . . . 146

2.8.3 വെളയനാട്ടമ്മ . . . 148
2.8.4 നേർച്ചകാഴ്ചകളിലെ കേരളീയത . . . 149
2.8.5 ഇരിങ്ങാലക്കുട ചന്തയും ക്രിസ്ത്യാനികളും . . . 150
2.8.6 അയിത്തമില്ലാത്ത ക്രിസ്ത്യാനി . . . 151
2.8.7 ഇരിങ്ങാലക്കുട ദേവാലയം . . . 152
2.8.8 ഇരിങ്ങാലക്കുട രൂപത . . . 159
2.8.9 പിണ്ടിപ്പെരുന്നാൾ . . . 164
2.9 ഇരിങ്ങാലക്കുടയിലെ ഇസ്ലാംമതം . . . 171
2.9.1 റാവുത്തർ . . . 171
2.9.2 ദക്നി വിഭാഗക്കാർ . . . 173
2.10 ടിപ്പുവിന്റെ പടയോട്ടം . . . 175

**3 വൈജ്ഞാനിക പാരമ്പര്യം 179**
3.1 സംഗമഗ്രാമമാധവൻ . . . 182
3.1.1 ഗണിത സംഭാവനകൾ . . . 185
3.1.2 തമസ്കരിക്കപ്പെട്ട മാധവൻ . . . 186
3.1.3 മാധവന്റെ ശിഷ്യപരമ്പര . . . 190
3.1.4 മാധവഗണിതകേന്ദ്രം . . . 192
3.2 ചികിത്സാപാരമ്പര്യം . . . 195
3.2.1 നാട്ടുവൈദ്യം . . . 198
3.2.2 ആയുർവ്വേദം . . . 208
3.2.3 ആധുനിക വൈദ്യം . . . 210
3.2.4 ഹോമിയോ ചികിത്സ . . . 215
3.3 വാസ്തുവിദ്യ . . . 217
3.3.1 ഗൃഹനിർമ്മാണം . . . 218
3.3.2 ക്ഷേത്രനിർമ്മിതി . . . 222
3.3.3 കൂത്തമ്പലം . . . 226
3.3.4 ക്രൈസ്തവദേവാലയങ്ങൾ . . . 228
3.3.5 മുസ്ലീം ദേവാലയങ്ങൾ . . . 242
3.4 താന്ത്രിക പാരമ്പര്യം . . . 244
3.4.1 കാമകോടി യജുർവേദപാഠശാല . . . 246
3.5 വിദ്യാഭ്യാസം . . . 247
3.5.1 പള്ളിക്കൂടം . . . 249
3.5.2 ഗവൺമെന്റ് സ്കൂളുകൾ . . . 251
3.5.3 മിഷിനറി വിദ്യാലയങ്ങൾ . . . 255
3.5.4 കോവിലകം സ്കൂളും സംഗമേശ്വരവിലാസവും . . . 260
3.5.5 എസ്.എൻ. വിദ്യാലയങ്ങൾ . . . 265
3.5.6 പാഠ്യ-പാഠ്യേതരപ്രവർത്തനങ്ങൾ . . . 267
3.5.7 ഭിന്നശേഷി വിദ്യാലയം . . . 269
3.5.8 ഉന്നതവിദ്യാഭ്യാസം . . . 270
3.5.9 തൊഴിലധിഷ്ഠിത വിദ്യാഭ്യാസം . . . 281
3.6 കായികപാരമ്പര്യം . . . 285
3.6.1 കായികതാരങ്ങൾ . . . 285
3.6.2 ക്ലബ്ബുകൾ . . . 287
3.6.3 കായികവിദ്യാഭ്യാസം . . . 287
3.6.4 നീന്തൽ സംസ്കാരം . . . 290

**4 ഇരിങ്ങാലക്കുടയുടെ ആധുനികീകരണം 293**

4.1 കൃഷി . . . 294
4.1.1 ഭൂമിശാസ്ത്രം . . . 298
4.1.2 പാടശേഖരങ്ങൾ . . . 299
4.1.3 നാണ്യവിളകളും ഭക്ഷ്യവിളകളും . . . 305
4.1.4 ജലസ്രോതസ്സുകൾ . . . 311
4.1.5 മത്സ്യസമ്പത്ത് . . . 317
4.1.6 ഷൺമുഖം കനാൽ . . . 318
4.2 വാണിജ്യം . . . 321
4.3 വ്യവസായം . . . 329
4.3.1 ഓട്ടുപാത്രനിർമ്മാണം . . . 332
4.3.2 ചന്ദ്രിക സോപ്പ് . . . 336
4.3.3 വെളിച്ചെണ്ണ വ്യവസായം . . . 341
4.3.4 കെ.എസ്.ഇ. ലിമിറ്റഡ് . . . 342
4.3.5 കശുവണ്ടി ഫാക്ടറി . . . 344
4.3.6 പടക്കനിർമ്മാണം . . . 345
4.3.7 കൈത്തറി . . . 345
4.4 സമരപഥങ്ങളിലെ ഇരിങ്ങാലക്കുട . . . 346
4.4.1 താണിശ്ശേരി ലഹള . . . 347
4.4.2 ജാതിക്കെതിരായ മുന്നേറ്റങ്ങൾ . . . 349
4.4.3 ഗാന്ധിജി ഇരിങ്ങാലക്കുടയിൽ . . . 350
4.4.4 പറപ്രക്ഷോഭം . . . 351
4.4.5 പുലയമഹാസഭ . . . 354
4.4.6 കുട്ടംകുളം സമരം . . . 357
4.4.7 അയ്യങ്കാവ് സമരം . . . 368
4.4.8 ബെഞ്ചേറ് സമരം . . . 371
4.4.9 കർഷകസമരങ്ങൾ . . . 373
4.4.10 പെൺപോരാട്ടങ്ങൾ . . . 378
4.4.11 സമരനായകർ . . . 385
4.5 ഇരിങ്ങാലക്കുട കോടതി . . . 400
4.6 ഗതാഗതചരിത്രം . . . 402
4.7 ഇരിങ്ങാലക്കുട നഗരസഭ . . . 408
4.8 ധനകാര്യ സ്ഥാപനങ്ങൾ . . . 410
4.8.1 കുറിക്കമ്പനികൾ . . . 410
4.8.2 സഹകരണ പ്രസ്ഥാനങ്ങൾ . . . 412
4.9 യുക്തിവാദപ്രസ്ഥാനം . . . 417
4.9.1 എം.സി. ജോസഫ് . . . 417
4.9.2 യുക്തിവാദി മാസിക . . . 423
4.10 മാധ്യമരംഗത്തെ ഇരിങ്ങാലക്കുട . . . 425
4.10.1 പത്രപ്രവർത്തനം . . . 426
4.10.2 നവവാർത്താമാധ്യമങ്ങൾ . . . 430
4.10.3 പ്രസാധകസംരംഭങ്ങൾ . . . 434

**5 കലയും സാഹിത്യവും 443**

5.1 കൂത്തും കൂടിയാട്ടവും . . . 444
5.1.1 അമ്മന്നൂർ മാധവചാക്യാർ . . . 445

5.1.2 വേണു ജി. . . . . . . . . . 450
5.1.3 പുതിയ തലമുറ . . . . . . . . . . 455
5.1.4 നങ്ങ്യാർക്കൂത്തും ഇരിങ്ങാലക്കുടയും . . . . . . . . . . 456
5.2 പാഠകം . . . . . . . . . . 461
5.3 കഥകളി . . . . . . . . . . 463
5.3.1 ഉണ്ണായിവാര്യർ സ്മാരകകലാനിലയം . . . . . . . . . . 465
5.4 വാദ്യകലകൾ . . . . . . . . . . 473
5.4.1 ചെണ്ടയും മേളവും . . . . . . . . . . 474
5.4.2 മറ്റുവാദ്യങ്ങൾ . . . . . . . . . . 477
5.4.3 മൃദംഗമേള . . . . . . . . . . 480
5.4.4 ഇടയ്ക്കയും സോപാനസംഗീതവും . . . . . . . . . . 481
5.5 ബ്രാഹ്മണിപ്പാട്ട് . . . . . . . . . . 484
5.6 തിരുവാതിരക്കളി . . . . . . . . . . 487
5.7 ശാസ്ത്രീയനൃത്തം . . . . . . . . . . 488
5.8 ഓട്ടൻ തുള്ളൽ . . . . . . . . . . 493
5.9 കുറത്തിയാട്ടം . . . . . . . . . . 494
5.10 പറയൻകൊട്ടുതുള്ളൽ . . . . . . . . . . 494
5.11 ഓണക്കളിയും നാടൻപാട്ടും . . . . . . . . . . 495
5.12 തിറവെള്ളാട്ട് . . . . . . . . . . 497
5.13 ശാസ്ത്രീയസംഗീതം . . . . . . . . . . 498
5.14 ശില്പ -ചിത്രകല . . . . . . . . . . 504
5.15 സാഹിത്യം . . . . . . . . . . 510
5.15.1 നളചരിതകാരന്റെ നാട് . . . . . . . . . . 511
5.15.2 പട്ടത്ത് കുഞ്ഞുണ്ണിനമ്പ്യാർ . . . . . . . . . . 520
5.15.3 മാപ്രാണം നാരായണപ്പിഷാരടി . . . . . . . . . . 523
5.15.4 നാഗരുകോവിൽ കല്യാണിക്കുട്ടി അമ്മച്ചി . . . . . . . . . . 525
5.15.5 തോട്ടയ്ക്കാട്ട് ഇക്കാവമ്മ . . . . . . . . . . 526
5.15.6 പണ്ഡിതരാജൻ വലിയ രാമപ്പിഷാരടി . . . . . . . . . . 529
5.15.7 ചങ്ങരംകോത കൃഷ്ണൻകർത്താവ് . . . . . . . . . . 530
5.15.8 സാഹിത്യം പുതിയ കാലം . . . . . . . . . . 531
5.15.9 വൈലോപ്പിള്ളി . . . . . . . . . . 532
5.15.10 കെ. സച്ചിദാനന്ദൻ . . . . . . . . . . 534
5.15.11 ആനന്ദ് . . . . . . . . . . 536
5.15.12 കെ.വി. രാമനാഥൻ . . . . . . . . . . 536
5.15.13 മാമ്പുഴ കുമാരൻ . . . . . . . . . . 538
5.15.14 ജോർജ്ജ് നെല്ലായി . . . . . . . . . . 539
5.15.15 ടി.വി. കൊച്ചുബാവ . . . . . . . . . . 540
5.15.16 അശോകൻ ചരുവിൽ . . . . . . . . . . 541
5.15.17 ഖദീജ മുംതാസ് . . . . . . . . . . 542
5.15.18 പി.കെ. ഭരതൻ . . . . . . . . . . 543
5.15.19 തുമ്പൂർ ലോഹിതാക്ഷൻ . . . . . . . . . . 544
5.15.20 ബാലകൃഷ്ണൻ അഞ്ചത്ത് . . . . . . . . . . 545
5.15.21 കെ. രേഖ . . . . . . . . . . 546
5.15.22 മറ്റു ചിലർ . . . . . . . . . . 546
5.16 നാടകം . . . . . . . . . . 549

5.16.1 എം.എസ്. നമ്പൂതിരി . . . 550
5.16.2 കുട്ട്യേടത്തി വിലാസിനി . . . 552
5.16.3 ജോസ് പായമ്മൽ . . . 553
5.16.4 കലാലയം രാധ . . . 554
5.16.5 ജിജോയ് പി.ആർ. . . . 560
5.16.6 നാടകക്ലബ്ബുകൾ . . . 565
5.17 സിനിമ . . . 568
5.17.1 സിനിമ തിയേറ്റർ . . . 568
5.17.2 സിനിമ സംവിധായകർ . . . 574
5.17.3 വെള്ളിത്തിരയിൽ . . . 582
5.17.4 സിനിമാസംഗീതം . . . 591
5.17.5 കലാസാംസ്കാരികവേദികൾ . . . 597

**ഉപസംഹാരം** **609**

**ആവേദകസൂചി** **619**

**അനുബന്ധം** **623**

**ഗ്രന്ഥസൂചി** **659**

# ഇരിങ്ങാലക്കുടയുടെ സാംസ്കാരികചരിത്രം: വിമർശനാത്മക സമീപനം

(പ്രബന്ധസംഗ്രഹം)

**സിന്റൊ കോങ്കോത്ത് എ.**

കെ.കെ.ടി.എം. ഗവ. കോളേജ്, കൊടുങ്ങല്ലൂർ

**താക്കോൽ വാക്കുകൾ:** സംസ്കാരപഠനം, പ്രാദേശികചരിത്രം, ദേശം, സൂക്ഷ്മചരിത്രം, ഇരിങ്ങാലക്കുട, വിമർശനാത്മക സമീപനം

ഭൂപരമായ അതിരുകൾക്കുള്ളിൽ ഒതുങ്ങാതെ ഓരോരുത്തരുടെയും അറിവനുഭവങ്ങളുടെ വെളിച്ചത്തിൽ രൂപപ്പെട്ടും പരിണമിച്ചും കൊണ്ടിരിക്കുന്ന ഒരു ഇടമാണ് ദേശം. ഈ അറിവനുഭവങ്ങളാകട്ടെ സംസ്കാരത്തിന്റെ ഭാഗവുമാണ്. പ്രദേശത്തിന്റെ സാംസ്കാരികവും സാമൂഹികവുമായ വശങ്ങൾ ഇതിൽ ഉൾക്കൊള്ളുന്നു. 'ഇരിങ്ങാലക്കുടയുടെ സാംസ്കാരികചരിത്രം: വിമർശനാത്മകസമീപനം' എന്ന ഈ പ്രബന്ധത്തിൽ ഇരിങ്ങാലക്കുട എന്ന പ്രദേശത്തിന്റെ സാംസ്കാരികപശ്ചാത്തലം രൂപപ്പെടുത്തിയിരിക്കുന്ന വ്യത്യസ്തമേഖലകളെ വിമർശനാത്മകമായി അപഗ്രഥിക്കുകയാണ്.

മുഖ്യധാരാചരിത്രത്തിൽനിന്ന് പുറത്താക്കപ്പെട്ട വിവിധ ജാതിവർഗ്ഗസമൂഹങ്ങളുടെ അനുഭവമണ്ഡലങ്ങൾ ഈ പ്രബന്ധം വിശകലനം ചെയ്യുന്നു. ഓരോ കാലത്തും മനുഷ്യൻ നടത്തുന്ന ഇടപെടലുകളുടെ അകെത്തുകയാണ് ചരിത്രം. ജനപഥങ്ങളുടെയും ഭരണകൂടങ്ങളുടെയും വിവരണമെന്നതിൽനിന്ന് ചരിത്രസങ്കല്പം ഒരുപാട് മുന്നോട്ട് പോയിരിക്കുന്നു. ജനാധിപത്യപരമായ ചരിത്രബോധം സാധാരണമനുഷ്യന്റെ ജീവിതത്തെയും അടയാളപ്പെടുത്തുന്നു. മനുഷ്യജീവിതത്തെ സാധ്യമാക്കുന്ന ഇടത്തെ കേവലം ഭൂപരമായി അടയാളപ്പെടുത്താനാവില്ല എന്നും സാംസ്കാരിക പരിണതിക്കൊപ്പം രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്ന ഒന്നാണ് അത് എന്നും ഇന്ന് തിരിച്ചറിയുന്നു. ഈ സാഹചര്യത്തിലാണ് രാഷ്ട്രീയഭൂപടം സാംസ്കാരികഭൂപടത്തിന് വഴിമാറുന്നത്. രാഷ്ട്രീയഭൂപടത്തിന്റെ രേഖീയമായ അതിരുകൾക്കപ്പുറത്ത് സാംസ്കാരികഭൂപടം കണ്ടെത്താനുള്ള ശ്രമങ്ങൾ ജനതയെക്കുറിച്ച് കുറെക്കൂടി സൂക്ഷ്മമായ അറിവുകൾ പ്രദാനം ചെയ്യും.

ഒരറിവും സമ്പൂർണ്ണമല്ല. കാലഘട്ടങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് തിരുത്തലുകളും പുതുക്കലുകളുമായി കാലാനുസൃതമാറ്റങ്ങളോടെ അത് വളർന്നുകൊണ്ടേയിരിക്കും. വിജ്ഞാനം പുനർനിർമ്മിക്കപ്പെട്ടുകൊണ്ടിയിരി ക്കുന്നു എന്നത് ഒരു തിരിച്ചറിവാണ്. എങ്കിലും പൂർവ്വസൂരികൾ നടത്തിയ സത്യാന്വേഷണത്തിന്റെ തുടർച്ചയിൽനിന്നുകൊണ്ടു മാത്രമേ ഏതു വൈജ്ഞാനികപദ്ധതിക്കും മുന്നോട്ടുള്ളയാത്ര സാധ്യമാവുകയുള്ളൂ. വിജ്ഞാനം നൽകുന്ന തിരിച്ചറിവ് മനുഷ്യനെ തന്റെ ചുറ്റുപാടുകളെ നിർമ്മിക്കാനും മാറ്റിയെടുക്കാനുമുള്ള അവസരമാണ് നൽകുന്നത്.

ആമുഖം, ഉപസംഹാരം എന്നിവയ്ക്ക് പുറമേ ചരിത്രവും സംസ്കാരപഠനവും രീതിശാസ്ത്രപരമായ പ്രശ്നങ്ങൾ, ദേശവും സമൂഹവും, വൈജ്ഞാനികപാരമ്പര്യം, ഇരിങ്ങാലക്കുടയുടെ ആധുനികീകരണം, കലയും സാഹിത്യവും എന്നിങ്ങനെ അഞ്ച് അധ്യായങ്ങളും വിശദമായ ഗ്രന്ഥസൂചിയും അടങ്ങുന്നതാണ് ഈ പ്രബന്ധം.

സാംസ്കാരികപാഠങ്ങളെ ചരിത്രവൽക്കരിക്കുമ്പോൾ ജനതയുടെചരിത്രം ഏകശിലാത്മകമല്ലെന്നും അനേകം അടരുകളുള്ള ചലനാത്മകമായ ഒരു ധാരയാണെന്നും കണ്ടെത്താൻ കഴിയും. കേരളത്തിന്റെ സംസ്കാരരൂപീകരണത്തിൽ ഇരിങ്ങാലക്കുട എന്ന പ്രദേശത്തിന് വലിയ പങ്കുവഹിക്കാൻ സാധിച്ചിട്ടുണ്ട്. കേരളചരിത്രം തുടർച്ചകളോ പടർച്ചകളോ ഇല്ലാത്ത ജനതയുടെക്കൂടി ചരിത്രമാണെന്ന് ഇരിങ്ങാലക്കുടയെ മുൻനിറുത്തിയുള്ള ഈ പഠനം തെളിയിക്കുന്നു.

# Cultural History of Irinjalakuda: A Critical Approch

(Abstact)

**Sinto Konkoth A.**
K.K.T.M. College, Kodungallur

**Keywords:** Cultural Studies, Local History, Place, Micro History, Irinjalakuda, Critical Approach

A country is a place that is not confined within geographical boundaries but is shaped and evolved in the light of each person's experiences. These experiences are part of culture. It includes the cultural and social aspects of the region. In this essay titled Cultural History of Irinjalakuda: A Critical Approach, the different areas that have shaped the cultural background of the region of Irinjalakuda are critically analyzed.

This essay analyzes the experiences of various caste communities that have been excluded from mainstream history. History is the result of human interventions in each era. The concept of history has come a long way from being a description of people's paths and governments. Democratic historical consciousness also marks the life of the common man. It is now recognized that the space that makes human life possible cannot be marked simply geographically and is something that is being transformed along with cultural evolution. It is in this context that the political map gives way to the cultural map. Efforts to find a cultural map beyond the linear boundaries of the political map will provide more detailed knowledge about the people.

No knowledge is complete. It will continue to grow with changes in time, with corrections and updates according to the needs of the times. It is a realization that knowledge is being reconstructed. However, any scientific project can only move forward by continuing the search for truth carried out by the ancients. The realization that knowledge provides gives man the opportunity to build and change his surroundings.

In addition to the introduction and conclusion, this paper consists of five chapters, namely, history and cultural studies, methodological issues, nation and society, scientific tradition, modernization of Irinjalakuda, and art and literature, and a detailed bibliography.

When we historicize cultural texts, we can find that the history of a people is not monolithic but is a dynamic stream with many layers. The region called Irinjalakuda has played a major role in the formation of Kerala's culture. This study, focusing on Irinjalakuda, proves that the history of Kerala is also the history of a people without continuity or expansion.

# ആമുഖം

ഒരു പ്രദേശത്തിന്റെ ഭൂപരമായ പശ്ചാത്തലത്തിൽനിന്നുകൊണ്ട് ആ ദേശത്തിന്റെ വൈവിധ്യമാർന്ന ചരിത്രത്തെ അടയാളപ്പെടുത്തുകയാണ് പ്രാദേശികചരിത്രം ചെയ്യുന്നത്. പ്രദേശത്തിന്റെ സാംസ്കാരികവും സാമൂഹികവുമായ വശങ്ങൾ ഇതിൽ ഉൾക്കൊള്ളുന്നു. 'ഇരിങ്ങാലക്കുടയുടെ സാംസ്കാരികചരിത്രം: വിമർശനാത്മകസമീപനം' എന്ന ഈ പ്രബന്ധത്തിൽ ഇരിങ്ങാലക്കുട എന്ന പ്രദേശത്തിന്റെ സാംസ്കാരികപശ്ചാത്തലം രൂപപ്പെടുത്തിയിരിക്കുന്ന വ്യത്യസ്തമേഖലകളെ വിമർശനാത്മകമായി അപഗ്രഥിക്കുകയാണ്.

മുഖ്യധാരാചരിത്രത്തിൽനിന്ന് പുറത്താക്കപ്പെട്ട വിവിധ ജാതിവർഗ്ഗസമൂഹങ്ങളുടെ അനുഭവമണ്ഡലങ്ങൾ ഈ പ്രബന്ധം വിശകലനം ചെയ്യുന്നു. ഓരോ കാലത്തും മനുഷ്യൻ നടത്തുന്ന ഇടപെടലുകളുടെ ആകെത്തുകയാണ് ചരിത്രം. ജനപഥങ്ങളുടെയും ഭരണകൂടങ്ങളുടെയും വിവരണമെന്നതിൽനിന്ന് ചരിത്രസങ്കല്പം ഒരുപാട് മുന്നോട്ട് പോയിരിക്കുന്നു. ജനാധിപത്യപരമായ ചരിത്രബോധം സാധാരണമനുഷ്യന്റെ ജീവിതത്തെയും അടയാളപ്പെടുത്തുന്നു. മനുഷ്യജീവിതത്തെ സാധ്യമാക്കുന്ന ഇടത്തെ കേവലം ഭൂപരമായി അടയാളപ്പെടുത്താനാവില്ല എന്നും അത് സാംസ്കാരിക പരിണതിക്കൊപ്പം രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്ന ഒന്നാണ് എന്നും ഇന്ന് തിരിച്ചറിയുന്നു. ഈ സാഹചര്യത്തിലാണ് രാഷ്ട്രീയഭൂപടം സാംസ്കാരികഭൂപടത്തിന് വഴിമാറുന്നത്. രാഷ്ട്രീ

യഭൂപടത്തിന്റെ രേഖീയമായ അതിരുകൾക്കപ്പുറത്ത് സാംസ്കാരികഭൂപടം കണ്ടെത്താനുള്ള ശ്രമങ്ങൾ ജനതയെക്കുറിച്ച് കുറെക്കൂടി കൃത്യമായ അറിവുകൾ പ്രദാനം ചെയ്യും.

ഭൂപരമായ അതിരുകൾക്കുള്ളിൽ ഒതുങ്ങാതെ ഓരോരുത്തരുടെയും അറിവനുഭവങ്ങളുടെ വെളിച്ചത്തിൽ രൂപപ്പെട്ടും പരിണമിച്ചും കൊണ്ടിരിക്കുന്ന ഒരു ഇടമാണ് ഇരിങ്ങാലക്കുട എന്ന ബോധ്യം ഈ പഠനം മുന്നോട്ടുവയ്ക്കുന്നുണ്ട്. ഈ അറിവനുഭവങ്ങളാകട്ടെ സംസ്കാരത്തിന്റെ ഭാഗവുമാണ്.

## പഠനലക്ഷ്യം

'ഇരിങ്ങാലക്കുടയുടെ സാംസ്കാരികചരിത്രം: വിമർശനാത്മകസമീപനം' എന്ന ഈ പ്രബന്ധം സാമ്പ്രദായികമായ ചരിത്രപഠനങ്ങളെ വിമർശനാത്മകമായി സമീപിച്ചുകൊണ്ട് മാറിവരുന്ന ജീവിതാനുഭവങ്ങളെ അന്വേഷിക്കുകയാണ്. ചരിത്രവ്യവഹാരത്തിന് ഉപയോഗിക്കുന്ന തെളിവിന്റെ പ്രകൃതത്തെയും വിശകലനരീതിയെയും പ്രതിനിധാനത്തെയും പുനർവായിക്കുക എന്നതാണ് പ്രബന്ധത്തിന്റെ രീതിപദ്ധതി. ഇരിങ്ങാലക്കുട എന്ന ദേശത്തിന്റെ സാമൂഹിക - രാഷ്ട്രീയ - സാമ്പത്തിക - വിദ്യാഭ്യാസ - കലാസാഹിത്യമേഖലകളെ അപഗ്രഥനാത്മകമായി സമീപിക്കുകയും അതിലൂടെ തെളിഞ്ഞുവരുന്ന ഇരിങ്ങാലക്കുടയുടെ സാംസ്കാരികതയിലെ പാഠഭേദങ്ങൾ അന്വേഷിക്കുകയുമാണ് പ്രബന്ധലക്ഷ്യം.

## പഠനമേഖല

ഇരിങ്ങാലക്കുട എന്ന പ്രദേശത്തിന്റെ ഭൂമിശാസ്ത്രവും സാംസ്കാരികവുമായ പശ്ചാത്തലമാണ് ഈ പഠനത്തിന്റെ പ്രാഥമികമായ പഠനമേഖല. ഇതിനായി ആവേദകർ, പുരാവസ്തുക്കൾ, പുരാരേഖകൾ, മതസ്ഥാപനങ്ങൾ, സാഹിത്യകൃതികൾ എന്നിവയെ ഉപാദാനമായി സ്വീകരിച്ചിരിക്കുന്നു.

## പഠനത്തിന്റെ പ്രസക്തി

കേരളത്തിന്റെ സാംസ്കാരികഭൂപടത്തിൽ ഏറെ ശ്രദ്ധേയമായ പ്രദേശമാണ് ഇരിങ്ങാലക്കുട. ഇരിങ്ങാലക്കുടയുടെ സാംസ്കാരികചരിത്രത്തെ അടയാളപ്പെടുത്തുന്ന സമഗ്ര

മായപഠനങ്ങൾ കാര്യമായി ഉണ്ടായിട്ടില്ല. അതിനാൽ സംസ്കാരപഠനത്തിന്റെ രീതിശാസ്ത്രം ഉപയോഗിച്ച് ഇരിങ്ങാലക്കുടയുടെ സാംസ്കാരികപരിസരത്തെ ചരിത്രപരമായ അപഗ്രഥനത്തിലൂടെ അടയാളപ്പെടുത്തുന്ന ഈ പഠനം ഏറെ പ്രസക്തമാണ്.

## പൂർവ്വപഠനങ്ങൾ

പരമ്പരാഗത ചരിത്രഗ്രന്ഥങ്ങളിൽ ദേശചരിത്രം പലപ്പോഴും വരാറുണ്ടെങ്കിലും അത്തരം പറച്ചിലുകളുടെ പരിമിതികളെ പ്രശ്നവൽക്കരിക്കുന്ന ഈ പഠനത്തിന് തീർച്ചയായും ആ ഗ്രന്ഥങ്ങൾ പൂർവ്വപഠനങ്ങളായി വർത്തിക്കുന്നില്ല. അതേസമയം ആ ഗ്രന്ഥങ്ങൾ പശ്ചാത്തലമൊരുക്കുകയും ചെയ്യുന്നുണ്ട്. ആധുനികാനന്തര കാലത്ത് ധാരാളം പ്രാദേശികചരിത്രങ്ങൾ ഉണ്ടായിട്ടുണ്ട്. അവയിൽ പലതും കൃത്യമായ രചനാ പദ്ധതിയനുസരിച്ച് എഴുതപ്പെട്ടവയല്ല. അവ പലപ്പോഴും വമ്പുപറച്ചിലും 'തറവാടിത്ത ഘോഷണ'വുമായി മാറുന്നു.

സംസ്കാരപഠനത്തിന്റെ രീതിശാസ്ത്രം ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രാദേശിക ചരിത്രത്തെ വിലയിരുത്താനുള്ള അക്കാദമികശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ഡോ. സി. ആദർശിന്റെ *വിഭാവനകൾ വിനിമയങ്ങൾ - കൊടുങ്ങല്ലൂരിന്റെ വ്യാവഹാരിക ഭൂമിശാസ്ത്രം* എന്ന ഗ്രന്ഥം രചനാപദ്ധതിയുടെ കാര്യത്തിൽ പൂർവ്വമാതൃകയായി വർത്തിക്കുന്നുണ്ട്. എങ്ങനെയാണ് കൊടുങ്ങല്ലൂർ ചരിത്രരേഖകളിൽ അടയാളപ്പെടുത്തിയിരിക്കുന്നത് എന്നും സാമൂഹികാവബോധത്തിൽ അതെങ്ങനെ നിലനിൽക്കുന്നു എന്നും ഈ കൃതി അന്വേഷിക്കുന്നു. വ്യവഹാരപഠനത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പ്രാദേശികപഠനമാണിത്.

പി.കെ. ഗോപാലകൃഷ്ണന്റെ *കേരളത്തിന്റെ സാംസ്കാരിക ചരിത്രം*, വി.വി.കെ. വാലത്തിന്റെ *കേരളത്തിലെ സ്ഥലചരിത്രങ്ങൾ*, ടി.ആർ. വേണുഗോപാലന്റെ *സമ്പത്തും അധികാരവും തൃശ്ശൂരിൽനിന്നുള്ള കാഴ്ച*, നിശാഗന്ധിയുടെ *ഇരിങ്ങാലക്കുട മാന്വൽ* തുടങ്ങിയ കൃതികളിലെല്ലാം ഇരിങ്ങാലക്കുട പരാമർശവിധേയമാകുന്നുണ്ട്. ചരിത്രപുസ്തകങ്ങളിൽ അവിടെനടന്ന സംഭവങ്ങളെക്കുറിച്ച് ഏതെങ്കിലും പക്ഷത്തുനിന്നുള്ള കാഴ്ചകൾ അവതരിപ്പിക്കുന്നു. ആ സംഭവങ്ങൾ എന്താണ്, എങ്ങനെയാണ്, എന്നെല്ലാം വിശകലനം

ചെയ്യാനുള്ള സൂചകം എന്ന രീതിയിൽ വിഷയാസ്പദമായി ഈ ഗ്രന്ഥങ്ങൾ നമുക്ക് സ്വീകാര്യമാണ്. അത്തരത്തിൽ ഇവ പൂർവ്വപഠനങ്ങളുടെ ഭാഗവുമാണ്.

## രീതിശാസ്ത്രം

സംസ്കാരപഠനത്തിന്റെയും പ്രാദേശികചരിത്രത്തിന്റെയും രീതിശാസ്ത്രത്തിനകത്തുനിന്നുകൊണ്ട് ഇരിങ്ങാലക്കുടയുടെ ചരിത്രവും വർത്തമാനവും അപഗ്രഥിക്കുന്ന രീതിയാണ് ഈ പഠനത്തിൽ സ്വീകരിച്ചിട്ടുള്ളത്. ചരിത്രം വർത്തമാനയാഥാർത്ഥ്യമായി അനുഭവപ്പെടുന്നു. അങ്ങനെ വർത്തമാനത്തെ നിർമ്മിക്കുന്നതും നിർണ്ണയിക്കുന്നതുമായ ഘടകമായി ചരിത്രം വഴിമാറുന്നത് എങ്ങനെ എന്നും പരിശോധനയും ഈ പ്രബന്ധത്തിന്റെ ഭാഗമാണ്. ഭാഷ, മതം, വിദ്യാഭ്യാസം, പെരുമാറ്റരീതി, മൂല്യങ്ങൾ, സാമൂഹികസ്ഥാപനങ്ങൾ മുതലായവയിലൂടെയാണ് ഓരോ കാലത്തും സംസ്കാരം അടയാളപ്പെടുത്തുന്നത്. അതൊരു തുടർപ്രക്രിയയാണ്. അതതുകാലങ്ങളിലെ ജനജീവിതത്തോട് ചേർന്നുനിന്നുകൊണ്ട് ഇരിങ്ങാലക്കുടയുടെ സാംസ്കാരികഭൂപടം എങ്ങനെ രൂപാന്തരപ്പെട്ടു എന്ന് വിശദമാക്കുവാനാണ് ഈ പഠനം ശ്രമിച്ചിട്ടുള്ളത്.

## പ്രബന്ധസ്വരൂപം

'ഇരിങ്ങാലക്കുടയുടെ സാംസ്കാരികചരിത്രം: വിമർശനാത്മകസമീപനം' എന്ന ഈ പ്രബന്ധം ആമുഖം, ഉപസംഹാരം എന്നിവയ്ക്ക് പുറമേ അഞ്ച് അധ്യായങ്ങളും ആവേദകസൂചിയും അനുബന്ധങ്ങളും വിശദമായ ഗ്രന്ഥസൂചിയും അടങ്ങുന്നതാണ്.

പ്രബന്ധത്തിന്റെ സൈദ്ധാന്തിക പശ്ചാത്തലം എന്നനിലയ്ക്ക് പ്രാദേശികചരിത്രം, സംസ്കാരപഠനം എന്നിവയെ സംബന്ധിച്ച സങ്കൽപനങ്ങൾ വിശദീകരിക്കുന്നതാണ് ഒന്നാം അധ്യായം. ചരിത്രവും സംസ്കാരപഠനവും രീതിശാസ്ത്രപരമായ പ്രശ്നങ്ങൾ എന്ന ഈ അധ്യായത്തിൽ അക്കാദമികതലത്തിലുള്ള സംസ്കാരപഠനത്തിന്റെ നാൾവഴികൾ രേഖപ്പെടുത്തുകയാണ് ആദ്യം ചെയ്യുന്നത്. തുടർന്ന് ചരിത്രം എന്ത്, എങ്ങനെ, എന്തുകൊണ്ട് എന്നീ ചോദ്യങ്ങൾ ഉന്നയിച്ച് പരമ്പരാഗതചരിത്രബോധത്തെ പ്രശ്നവൽക്കരിക്കുന്നു. ഇന്ത്യയെപ്പോലൊരു മൂന്നാംലോകരാജ്യത്ത് സംസ്കാരപഠനത്തിന്റെ പ്രസക്തി അന്വേഷിക്കുകയും കേരളത്തിൽ ഇത് ഏത് തരത്തിലാണ്

പഠനവിധേയമായിട്ടുള്ളത് എന്ന് വിലയിരുത്തുകയും ചെയ്യുന്നു. ദേശവും സമൂഹവും എന്ന രണ്ടാം അധ്യായത്തിൽ സ്ഥലനാമങ്ങളെക്കുറിച്ചുള്ള വ്യത്യസ്തകാഴ്ചപ്പാടുകൾ, ഇരിങ്ങാലക്കുട എന്ന ദേശത്തിന്റെ ചരിത്രത്തെ അടയാളപ്പെടുത്തുന്നതെങ്ങനെയെന്ന് അന്വേഷിക്കുന്നു. കൂടാതെ സമൂഹരൂപീകരണത്തിൽ മതങ്ങളും ഉത്സവാഘോഷങ്ങളും ഇടപെട്ടതെങ്ങനെയെന്നും വിലയിരുത്തുന്നു. വൈജ്ഞാനികപാരമ്പര്യം എന്ന മൂന്നാം അധ്യായത്തിൽ, ഗണിത - ജ്യോതിശാസ്ത്രജ്ഞനായ സംഗമഗ്രാമമാധവന്റെ സംഭാവനകളെ വിലയിരുത്തുന്നു. തുടർന്ന് ചികിത്സാപാരമ്പര്യം, വാസ്തുവിദ്യ, താന്ത്രികപാരമ്പര്യം, ആധുനികവിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ഇരിങ്ങാലക്കുട എന്തായിരുന്നു എന്നും, ഇന്ന് എങ്ങനെയാണ് എന്നും അന്വേഷിക്കുകയാണ്. ഇരിങ്ങാലക്കുടയുടെ ആധുനികീകരണം എന്ന നാലാം അധ്യായത്തിൽ കൃഷി, വാണിജ്യം, വ്യവസായം തുടങ്ങിയവയിലൂടെ ഇരിങ്ങാലക്കുട പരിവർത്തനപ്പെട്ടത് എങ്ങനെയെന്ന് അന്വേഷിക്കുന്നു. ജാതിബന്ധങ്ങളിൽ ഉണ്ടായ ഉച്ചനീചത്വങ്ങൾക്കെതിരെയും ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായും ഇരിങ്ങാലക്കുടയിൽ ഉണ്ടായിട്ടുള്ള സമരങ്ങളെ അന്വേഷിക്കുകയാണ് തുടർന്ന് ചെയ്യുന്നത്. പിന്നീട് കോടതി, ഗതാഗതം, ധനകാര്യസ്ഥാപനങ്ങൾ, യുക്തിവാദം, മാധ്യമരംഗം തുടങ്ങിയവയിലൂടെ ഇരിങ്ങാലക്കുടയുടെ ആധുനികീകരണം സാധ്യമായത് എങ്ങനെയെന്ന് വിലയിരുത്തുന്നു. ഉണ്ണായിവാര്യരുടെ ജന്മനാടായ ഇരിങ്ങാലക്കുടയുടെ കലാ - സാഹിത്യലോകത്തെ അടയാളപ്പെടുത്താനാണ് കലയും സാഹിത്യവും എന്ന അഞ്ചാം അധ്യായം ഉപയോഗപ്പെടുത്തുന്നത്.

അഞ്ച് അധ്യായങ്ങളിലായി നടത്തിയ പഠനങ്ങളിലൂടെ കണ്ടെത്തിയ ആശയങ്ങളുടെ ക്രോഡീകരണമാണ് ഉപസംഹാരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവയ്ക്ക് പുറമേ പ്രബന്ധത്തിൽ ഉപയോഗപ്പെടുത്തിയിരിക്കുന്ന വസ്തുതകളുടെ ചിത്രങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

പ്രബന്ധരചനയുടെ ഭാഗമായി പ്രാദേശികമായി തയ്യാറാക്കിയ സ്മരണികകളും നോട്ടീസുകളും കുടുംബചരിത്രങ്ങളും പുസ്തകങ്ങളും മറ്റും ഉപയോഗിച്ചിട്ടുണ്ട്. അവയിൽ പലതും കൃത്യമായ രീതിശാസ്ത്രമനുസരിച്ച് രേഖപ്പെടുത്താൻ പറ്റിയ വിധത്തിലുള്ളവയല്ല. അതിനാൽത്തന്നെ അവ പ്രബന്ധത്തിൽ ഉപയോഗിക്കേണ്ടിവന്നപ്പോൾ സാധ്യമായ വിവരണങ്ങളോടെ രേഖപ്പെടുത്താനാണ് ശ്രമിച്ചിരിക്കുന്നത്. അതുപോലെ പ്രബന്ധത്തിൽ ചർച്ചചെയ്യുന്ന പല കാര്യങ്ങളും മറ്റു പല കാര്യങ്ങളുമായി ബന്ധപ്പെട്ടവയാണ്

എന്നതിനാൽ ആന്തരിക സൂചനകൾ (നോ. 1.7.3) എന്ന മട്ടിൽ ധാരാളമായി ഉപയോഗി ച്ചിട്ടുണ്ട്. അവ ഒന്നാം അധ്യായത്തിലെ ഏഴാം ശീർഷകത്തിലെ മൂന്നാം ഉപശീർഷകം എന്ന് മനസ്സിലാക്കേണ്ടതാണ്. അതുപോലെ (നോ. അനുബന്ധം 1.7) എന്നത് അനു ബന്ധത്തിലെ ഒന്നാം വിഭാഗത്തിലെ ഏഴാമത്തെ സൂചന നോക്കുക എന്നും മനസ്സിലാ ക്കേണ്ടതാണ്. ആന്തരസൂചനകൾ ഉപയോഗിക്കുന്നതിലൂടെ ആവർത്തനം പരമാവധി ഒഴിവാക്കാൻ ശ്രമിച്ചിട്ടുണ്ട്.

## അദ്ധ്യായം 1

# ചരിത്രവും സംസ്കാരപഠനവും: രീതിശാസ്ത്രപരമായ പ്രശ്നങ്ങൾ

അക്കാദമികരംഗത്ത് ഇന്ന് ഏറെ ചർച്ചചെയ്യപ്പെടുന്ന ഒരു സങ്കല്പനമാണ് സംസ്കാരം. പല അനുഭവമണ്ഡലങ്ങളിൽ വ്യത്യസ്താർത്ഥത്തിലാണ് ഈ പദം ഉപയോഗിച്ചിരുന്നത്. സംസ്കാരപഠനം ഒരു ഗൗരവമേറിയ വിഷയമാകുന്നതിന്റെ പശ്ചാത്തലം, അതിന്റെ വ്യത്യസ്തധാരകൾ എന്നിവയെല്ലാം ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഇംഗ്ലീഷിലെ 'കൾച്ചറൽ സ്റ്റഡീസ്' എന്നതിന് സമാനമായി മലയാളത്തിൽ 'സംസ്കാര പഠനം' എന്നാണ് ഉയോഗിക്കുന്നത്.

സംസ്കാരപഠനം എന്ന ഈ ഏകവചനരൂപം ബഹുമുഖവും വൈവിധ്യപൂർണ്ണവുമായ ഒരു പഠനപദ്ധതിയാണ്. "വിഷയസ്വീകരണത്തിൽ അല്ല, വിഷയപരിചരണത്തിലാണ് സംസ്കാരപഠനത്തിന്റെ വ്യക്തിത്വം വെളിവാകേണ്ടത്. സമൂഹപ്രക്രിയയോടു ബന്ധപ്പെടുത്തി വിഭവപ്രപഞ്ചത്തെ വിശദീകരിക്കാനുള്ള തത്വനിഷ്ഠമായ ശ്രമമാണ് സംസ്കാരപഠനം" എന്ന സ്കറിയ സക്കറിയയുടെ അഭിപ്രായം ശ്രദ്ധേയമാണ് (2019:827). സാംസ്കാരികഘടകങ്ങളെ മുൻനിർത്തി സാഹിത്യം, ചരിത്രം, കല തുടങ്ങിയവയുടെയെല്ലാം അപഗ്രഥനത്തിൽ, സാമൂഹികവും ജനാധിപത്യപരവുമായ ഊന്നൽ

നൽകുന്ന സൈദ്ധാന്തികപദ്ധതിയായി സംസ്കാരപഠനങ്ങൾ പരിവർത്തനപ്പെട്ടുകൊണ്ടിരിക്കുന്നു. *മലയാള വഴികൾ* എന്ന കൃതിയുടെ സംസ്കാരപഠനം എന്ന നാലാം ഭാഗത്തിന്റെ ആമുഖപഠനത്തിൽ കെ.വി. ശശി അഭിപ്രായപ്പെടുന്നത് ഇപ്രകാരമാണ്, "ഇംഗ്ലീഷിലെ സംസ്കാരപഠനങ്ങൾ എന്ന ബഹുവചനം സൂചിപ്പിക്കുന്നതുപോലെ ഇത് ഒരൊറ്റക്കൽശിൽപമല്ല. അനേകം ചിന്താപദ്ധതികളുടെ ഊർജ്ജക്കലർപ്പിൽ രൂപപ്പെടുന്ന അന്തർവൈജ്ഞാനികസ്വഭാവിയായ വിമർശനപദ്ധതിയാണ്. അനേകം പഠനരീതിശാസ്ത്രങ്ങളുടെ പാഠാന്തരവിഷയമാണെന്നതുകൊണ്ടുതന്നെ ബഹുവചനരൂപമാണ് യുക്തിഭദ്രം" (2019:812). അതിരുകളില്ലാത്ത സങ്കല്പനങ്ങളാണ് ഈ ചിന്താപദ്ധതി പ്രകടിപ്പിക്കുന്നത്.

അതിജീവനത്തിന്റെ കരുത്താണ് സംസ്കാരപഠനങ്ങളിലേക്ക് എത്തിച്ചേർന്നത് എന്ന് പറയാം. സംസ്കാരം എന്ന പദത്തിന് ഓരോ കാലഘട്ടവും വിവിധമാനങ്ങളാണ് നൽകിയിട്ടുള്ളത്. ഇംഗ്ലീഷ്ഭാഷയിൽ ഏറ്റവും സങ്കീർണമായ രണ്ടോ മൂന്നോ പദങ്ങളിൽ ഒന്നാണ് സംസ്കാരം എന്ന് റെയ്മണ്ട് വില്യംസ് *കീവേഡ്സ്* എന്ന കൃതിയിൽ നിരീക്ഷിക്കുന്നു (2015:49). അതതുകാലഘട്ടങ്ങളിലെ ജനജീവിതത്തോട് ചേർന്നുനിൽക്കുന്ന മനുഷ്യന്റെ ജീവിതവീക്ഷണം'സംസ്കാരം' എന്ന ചിന്തയുമായി അഭേദ്യബന്ധം പുലർത്തുന്നു. സാമൂഹ്യജീവിയായ മനുഷ്യന്റെ ആവശ്യങ്ങളുടെ സാകല്യതയാണ് സംസ്കാരം. ആചാരാനുഷ്ഠാനങ്ങളും വിശ്വാസങ്ങളും മൂല്യബോധവുമെല്ലാം അവന്റെ സംസ്കാരത്തോട് ചേർന്നുനിൽക്കുന്നു. ഒരു സമൂഹം അതിന്റെ പ്രയാണത്തിൽ രൂപപ്പെടുത്തിയെടുത്തിട്ടുള്ളതും വികസിപ്പിച്ചുകൊണ്ടുവന്നിട്ടുള്ളതുമെല്ലാം സംസ്കാരപഠനത്തിന്റെ ഭാഗമാണ്. ഇന്ന് സംസ്കാരപഠനം എന്നത് കേവലമൊരു വൈജ്ഞാനികപദ്ധതി മാത്രമല്ല. അടിച്ചമർത്തപ്പെട്ടവരേയും അപരവൽക്കരിക്കപ്പെട്ടവരേയും വീണ്ടെടുക്കാനുള്ള പരിശ്രമത്തിന്റെ ഭാഗം കൂടിയാണ്. സമത്വവും സ്വാതന്ത്ര്യവും നിലനിർത്തുന്നതിനുള്ള ഇത്തരം ശ്രമങ്ങളിലാണ് ദളിത്പഠനങ്ങൾക്കും സ്ത്രീപഠനങ്ങൾക്കും കോളനിയനന്തരപഠനങ്ങൾക്കും മറ്റും സ്ഥാനം ലഭിക്കുന്നത്.

സംസ്കാരപഠനത്തെക്കുറിച്ചുള്ള അക്കാദമിക പഠനങ്ങൾ ആരംഭിക്കുന്നത് യൂറോപ്പിലാണ്. അതിവിശിഷ്ടമായതാണ് സംസ്കാരം എന്ന 'ആധികാരിക യുക്തികളെ' ചോദ്യം ചെയ്തുകൊണ്ടാണ് അത് ആരംഭിക്കുന്നത്. സംസ്കാരപഠനത്തിന്റെ അടിസ്ഥാന സങ്കല്പങ്ങൾ മിക്കവയും മാർക്സിസ്റ്റ് സമീപനത്തിന്റെ സൃഷ്ടിയാണ്.

സംസ്കാരത്തിന്റെ ചരിത്രപരതയെയും പ്രത്യയശാസ്ത്രപരതയെയും മാർക്സിസം മുന്നോട്ട് വയ്ക്കുന്നു. ചരിത്രാതീത ഭൗതികസിദ്ധാന്തത്തെ അടിസ്ഥാനമാക്കിയാണ് സാമൂഹ്യ വികാസപരിണാമങ്ങൾ ഇവിടെ വിലയിരുത്തപ്പെടുന്നത്. ചരിത്രത്തോടും സാമൂഹികഘടനയോടും ചേർത്ത് വായിക്കുമ്പോഴാണ് സംസ്കാരത്തെ മനസ്സിലാക്കാൻ കഴിയുന്നത്. അധീശവിഭാഗത്തിനെതിരെയുള്ള കീഴാളരുടെ ചെറുത്തുനിൽപ്പുകളാണ് സംസ്കാരത്തെ പ്രത്യയശാസ്ത്രപരമാക്കുന്നത്. വൈരുദ്ധ്യാത്മകവും ചരിത്രപരവുമായ ഭൗതികവാദത്തിന്റെ (Dialectical and historical materialism) രീതിശാസ്ത്രം ഉപയോഗിച്ചാണ് സാമൂഹ്യഘടനയെ മാർക്സ് വിലയിരുത്തുന്നത്. സാമൂഹ്യഘടനയെ വിശദീകരിക്കാൻ അദ്ദേഹം അടിത്തറ -മേല്പുര (Base and Super Structure) എന്ന രൂപകം ഉപയുക്തമാക്കുന്നു.[1]

മുതലാളി/തൊഴിലാളി ദ്വന്ദത്തെ അടിസ്ഥാനമാക്കിയാണ് മാർക്സിന്റെ ദർശനങ്ങൾ മുന്നോട്ട് പോകുന്നത്. അദ്ദേഹം അവതരിപ്പിച്ച സാമ്പത്തിക -തത്വശാസ്ത്ര -സാമൂഹ്യദർശനങ്ങൾ പിൽക്കാലത്ത് പല വ്യാഖ്യാനങ്ങൾക്കും വിമർശനങ്ങൾക്കും വിധേയമായിട്ടുണ്ട്. തൊഴിലാളിപക്ഷ നിലപാടിൽനിന്നുകൊണ്ടു മാത്രം പ്രത്യയശാസ്ത്രങ്ങളെ വിലയിരുത്തുമ്പോൾ കീഴാളപഠനങ്ങൾക്കും സ്ത്രീവാദചിന്തകൾക്കും അവിടെ സ്ഥാനം ലഭിക്കുന്നില്ല എന്നതായിരുന്നു പ്രധാന വിമർശനം.

ഇറ്റാലിയൻ കമ്യൂണിസ്റ്റ് വിപ്ലവകാരിയും ചിന്തകനുമായിരുന്ന അന്തോണിയോ ഗ്രാംഷി സംസ്കാരപഠനത്തിന് വ്യക്തമായ ദിശാബോധം നൽകിയ വ്യക്തിയാണ്. സംസ്കാരം എന്നത് ജനങ്ങളെ വംശീയമായും വർഗീയമായും അകറ്റിയെടുക്കാനുള്ളതല്ല എന്ന് ഗ്രാംഷി നിരീക്ഷിക്കുന്നു.[2] സാമ്പത്തികവും രാഷ്ട്രീയവുമായ മേഖലയ്ക്ക് ഏറെ പ്രാധാന്യം നൽകിയ മാർക്സിയൻ ദർശനങ്ങളെ, സാമൂഹികവും സാംസ്കാരികവുമായ ചിന്ത

---

[1] മനുഷ്യൻ വ്യക്തി എന്നനിലയിലും സാമൂഹ്യജീവി എന്ന നിലയിലും ഉപജീവനത്തിനായി ഏർപ്പെടുന്ന ഉല്പാദനപ്രവൃത്തികളുടെ ഘടന അടിത്തറയും നിയമം, മതം, ആചാരം, മൂല്യബോധം മുതലായവ ഉൾപ്പെടുന്ന സാമൂഹ്യവ്യവസ്ഥിതി മേല്പുരയുമാണ്. ഇവിടെ ജനതയുടെ ഉല്പാദനവ്യവസ്ഥയുടെ ഉല്പന്നം എന്ന നിലയിലാണ് സംസ്കാരത്തെ കണക്കാക്കുന്നത്. ഉല്പാദനവ്യവസ്ഥയാണ് അടിത്തറ. അടിത്തറയ്ക്ക് അനുസൃതമായ മേല്പുരയാണ് നിർമ്മിക്കപ്പെടുന്നത് എന്നാണ് മാർക്സിയൻ വാദം. മേൽപുരയായി കണക്കാക്കപ്പെടുന്നത് ജനതയുടെ സംസ്കാരത്തെ തന്നെയാണ്. എന്നാൽ, സാമ്പത്തികാടിത്തറ എന്ന മാർക്സിയൻ സങ്കല്പം പില്ക്കാലത്ത് പല പൊളിച്ചെഴുത്തുകൾക്കും വിധേയമായി.

[2] Every social group, coming into existence on the original terrain of an essential function in the world of economic production, creates together with itself, organically, one or more Strata of intellectuals which give it homogeneity and an awareness of its own function not only in the economic but also in the social and political fields (Antonio Gramsci, 1971:5).

കളിലൂടെ പരിവർത്തന വിധേയമാക്കുന്നു അദ്ദേഹം. മാർക്സിന്റെ അടിത്തറ - മേൽപ്പുര സങ്കൽപ്പത്തിൽ അവയ്ക്ക് പരസ്പരം വേറിട്ട അസ്തിത്വമല്ല ഉള്ളത് എന്ന് അദ്ദേഹം വിശ്വസിക്കുന്നു. *പ്രിസൺ നോട്ട്ബുക്ക്* എന്ന കൃതിയിലാണ് ഗ്രാംഷി തന്റെ ചിന്തകൾ അവതരിപ്പിക്കുന്നത്. സംസ്കാരപഠനത്തിന്റെ വികാസത്തിൽ വലിയൊരു സ്വാധീനശക്തിയായി മാറാൻ ഗ്രാംഷിയൻ ചിന്തകൾക്ക് കഴിഞ്ഞു. പ്രത്യയശാസ്ത്രം (ideology), മേൽക്കോയ്മ (hegemony)[3] തുടങ്ങിയ ചിന്തകളിലൂടെ സാമൂഹ്യപരിവർത്തനത്തിൽ അധികാരിവർഗ്ഗം ചെലുത്തുന്ന സ്വാധീനത്തെ വിശകലനം ചെയ്യുന്നു അദ്ദേഹം.[4]

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനമാകുമ്പോഴേക്കും ലോകശ്രദ്ധയാകർഷിച്ച ഒരു ചിന്താപദ്ധതിയായി മാറിക്കഴിഞ്ഞിരുന്നു സംസ്കാരപഠനം. ഒരു പഠനപദ്ധതി എന്ന നിലയിൽ സംസ്കാരചിന്തകൾക്ക് പ്രസക്തി ലഭിക്കുന്നത് ബ്രിട്ടണിലെ ബർമിങ്ഹാം സർവ്വകലാശാലയിൽ 1964 -ൽ സ്ഥാപിതമായ 'സെന്റർ ഫോർ കണ്ടെംപററി കൾച്ചറൽ സ്റ്റഡീസി'ലൂടെയാണ്. റിച്ചാർഡ് ഹോഗാർട്ട്, റെയ്മണ്ട് വില്യംസ്, ഇ. പി. തോംസൺ, സ്റ്റുവേർട്ട് ഹാൾ തുടങ്ങിയ ധിഷണാശാലികളുടെ പ്രവർത്തനങ്ങൾ ഈ പഠനരീതിയെ വളർത്തിയെടുക്കുന്നതിൽ വലിയ പങ്കാണ് വഹിച്ചത്. വയോജനവിദ്യാഭ്യാസ പ്രവർത്തനങ്ങളിൽനിന്ന് ലഭിച്ച അനുഭവസമ്പത്ത് ഹോഗാർട്ടിന്റേയും റെയ്മണ്ട് വില്യംസിന്റേയും കാഴ്ചപ്പാടുകൾക്ക് പുതിയ മാനം നൽകി.[5]

---

[3]Undoubtedly the fact of hegemony presupposes that account be taken of the Interests and the tendencies of the groups over which hegemony is to be exercised, and that is a certain compromise equilibrium should be formed - in other words, that the leading group should make sacrifices of an economic - corporate kind. But there is also no doubt that such sacrifices and such a compromise cannot touch the essential; for though hegemony is ethical - political, it must also be economic, must necessarily be based on the decisive function exercised by the leading goup in the decisive nucleus of economic activity (Antonio Gramsci, 2021:161.)

[4]In fact every a real historical phase leaves traces of itself in succeeding phaces, which then become in a sense the best document of its existence. The process of historical development is a unity in time through which the present contains the whole of the past and in the present is realised that part of the past which is "essential" - with no residue of any "unknowable" representing the true "essence" (Antonio Gramsci, 2021:409).

[5]I admitted earlier that working -class people probably do not feel themselves to be members of a 'lower' group as strongly as they did a generation or two ago. Yet those I have in mind still to a considerable extent retain a sense of being in a group of their own, and this without there being necessarily implied any feeling of inferiority or pride; they feel rather that they are 'working -class' in the things they admire and dislike, in 'belonging'. Such a distinction does not go far, but it is important; others

ജീവിതത്തിന്റെ സമഗ്രതയെ പ്രതിഫലിപ്പിക്കുന്ന സാംസ്കാരികഘടനയ്ക്കാണ് റെയ്മണ്ട് വില്യംസ് പ്രാധാന്യം നൽകുന്നത്. നിരക്ഷരരും തൊഴിലാളികളുമടങ്ങുന്ന, എല്ലാവിഭാഗം ജനങ്ങളുടെയും സംസ്കാരത്തെ തിരിച്ചറിയുമ്പോഴാണ് ഈ സമഗ്രത യുടെ ബഹുസ്വരത കണ്ടെത്താനാവുക. പ്രാതിനിധ്യം ലഭിക്കാതെ, മുഖ്യധാരയിൽ നിന്ന് മാറ്റിനിർത്തപ്പെട്ടവരെക്കൂടി ഉൾക്കൊള്ളുന്ന വില്യംസിന്റെ സംസ്കാരനിർവചന ത്തിന് ഏറെ പ്രാധാന്യമുണ്ട്.[6] അവിടെ സാമൂഹ്യഘടനയും അവിടുത്തെ ഉച്ചനീച ത്വങ്ങളും പ്രതിഫലിപ്പിക്കുന്ന സാംസ്കാരികരൂപങ്ങളായി സാമൂഹ്യശാസ്ത്രവും കലയും സാഹിത്യവും എല്ലാം മാറുന്നു. അല്ലാത്തപക്ഷം, പാരമ്പര്യമൂല്യങ്ങളാൽ പൊതിഞ്ഞു വെക്കപ്പെട്ട ഇവ പുതുമകളോ തുടർച്ചകളോ ഇല്ലാതെ നശിച്ചുപോകുന്ന അവസ്ഥയി ലെത്തിച്ചേരും.

സാമൂഹ്യമൂല്യങ്ങളെല്ലാം ഒരിക്കൽ നിർമ്മിക്കപ്പെട്ടവയും പിന്നീട് ചോദ്യം ചെയ്യ പ്പെട്ടവയുമാണ്. ജീവിതത്തിന്റെ സമഗ്രത എന്നതുപോലെത്തന്നെ അവിരാമമായി നിർമിക്കുകയും പുനർനിർമ്മിക്കുകയും ചെയ്യുന്ന ജീവിതരീതികളെയും രാഷ്ട്രീയവ്യവ സ്ഥകളെയും സംസ്കാരം എന്ന കാഴ്ചപ്പാടിൽ വിലയിരുത്തുന്നു. സാഹിത്യം അടക്ക മുള്ള സാംസ്കാരികരൂപങ്ങൾ സമൂഹത്തെ പ്രതിഫലിപ്പിക്കുക മാത്രമല്ല ചെയ്യുന്നത്, അവയുടെ ഉല്പാദനം സാമൂഹികഘടനയുടെ ഭൗതികമായ ഭാഗം കൂടിയാണ്. "ചരി ത്രവും സംസ്കാരവും തമ്മിലുള്ള ബന്ധം റെയ്മണ്ട് വില്യംസിന്റെ പ്രധാന അന്വേഷണങ്ങ ളിലൊന്നാണ്. കലയുടെയും സാഹിത്യത്തിന്റെയും പാഠങ്ങളിൽ ചരിത്രമുറികൂടിയിട്ടുണ്ട് എന്ന് അദ്ദേഹം കരുതുന്നു" (അനിൽ കെ.എം., 2017:63). ഈ ചരിത്രത്തോട് ചേർന്നു നിന്ന് സംസ്കാരം എന്ന പ്രക്രിയയെ വിശദീകരിക്കാനാണ് റെയ്മണ്ട് വില്യംസ് ശ്രമിക്കു ന്നത്.

മാർക്സിസ്റ്റ് പഠനത്തിന്റെ പ്രയോക്താക്കളിൽ ഒരാളായ ഇ.പി. തോംസന്റെ *മെയ്ക്കിങ് ഓഫ് ദ ഇംഗ്ലീഷ് വർക്കിങ് ക്ലാസ്സ്* എന്ന കൃതി സാംസ്കാരികചരിത്രരചനയ്ക്ക് ഉദാ ഹരണമാണ്. 1790 -നും 1830 -നും ഇടയിൽ ഇംഗ്ലണ്ടിലെ തൊഴിലാളികൾക്കിടയി ലുണർന്ന വർഗ്ഗബോധത്തിന്റെ ചരിത്രമാണ് ഇതിൽ പ്രതിപാദിക്കുന്നത്. ഈ വർഗ്ഗ

may be added, none of them definitive but each of them helping to give the greater degree of definition which is needed (Richard Hoggart, 1917:19).

[6] later in the century, it came to mean a whole way of life, material, intellectual and spiritual' (Raymond Williams, 1960:XIV).

ബോധം ആർജ്ജിച്ചെടുത്ത ചരിത്രപ്രക്രിയയെ അദ്ദേഹം സൂക്ഷമമായി വിശകലനം ചെയ്യുന്നു. ചരിത്രം വിസ്മരിക്കാൻ ശ്രമിച്ച ജനകീയപ്രസ്ഥാനങ്ങളെക്കുറിച്ച് അദ്ദേഹം ഇവിടെ ഓർമ്മപ്പെടുത്തുന്നു. സാമൂഹികചരിത്രത്തിന് മാനുഷികമുഖം നൽകുകയാണ് തോംസൺ തന്റെ കൃതിയിലൂടെ. തൊഴിലാളിവർഗ്ഗബോധത്തെ ഉണർത്താൻ പര്യാപ്ത മാണ് ഈ കൃതി.

ബർമിങ്ഹാം സ്കൂൾ ഓഫ് കൾച്ചറൽ സ്റ്റഡീസിന്റെ സ്ഥാപകാംഗമായിരുന്ന സ്റ്റു വേർട്ട് ഹാൾ, ജമൈക്കയിൽ ജനിച്ച് ഇംഗ്ലണ്ടിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ വ്യ ക്തിയാണ്. അദ്ദേഹം 1950 -കളിലാരംഭിച്ച ന്യൂ ലെഫ്റ്റ് റിവ്യൂ എന്ന മാസികയിലൂടെ മുത ലാളിത്തത്തെയും ഉപഭോക്തൃസംസ്കാരത്തെയും ജനപ്രിയസംസ്കാരത്തെയും കുറിച്ചുള്ള ചിന്തകൾ വായനക്കാരിലെത്തിച്ചു. വായനയെ സംബന്ധിച്ച ഹാളിന്റെ സിദ്ധാന്തം സാംസ്കാരികപഠനമേഖലയ്ക്ക് വലിയ സംഭാവന നൽകി.[7]

ലൂയി അൽത്തൂസറിന്റെ നവചരിത്രവാദചിന്തകൾ സാംസ്കാരികപ്രത്യയശാസ്ത്ര ങ്ങളോട് ചേർന്ന് നിൽക്കുന്നു. സാഹിത്യത്തിന് സവിശേഷമായ ചരിത്രദർശനമുണ്ട്. അതുവഴി സാമൂഹികവും രാഷ്ട്രീയവുമായ നിർമിതിയായി സാഹിത്യം മാറുന്നു. അത് നിർ മ്മിക്കപ്പെട്ട സമൂഹത്തിലൂടെയും സംസ്കാരത്തിലൂടെയുമാണ് സാഹിത്യത്തെ തിരിച്ചറി യേണ്ടത്. അതതു കാലഘട്ടത്തിലെ മനുഷ്യാവസ്ഥയുടെ പുനർനിർമ്മിതിയാണ് ഇതി ലൂടെ ലക്ഷ്യമാക്കുന്നത്. അധീശപ്രത്യയശാസ്ത്ര ഉപകരണമായി സംസ്കാരം മാറുന്നത് നവകൊളോണിയൽ കാലഘട്ടത്തിലാണെന്ന് അൽത്തൂസർ വിലയിരുത്തുന്നു. ഒരിട ത്ത് സാമ്രാജ്യത്വ അധിനിവേശമാണെങ്കിൽ മറ്റൊരിടത്ത് മുതലാളിത്ത അധിനിവേശ മാണ് എന്ന വ്യത്യാസം മാത്രം. ഭരണകൂടത്തിന്റെ മർദ്ദനോപാധികളായാണ് ഗവൺ മെന്റും സൈന്യവും പോലീസും കോടതിയും മറ്റും വർത്തിക്കുന്നത്. ഇവയുടെ പ്രത്യയ ശാസ്ത്ര ഉപകരണങ്ങളായിട്ടാണ് മതം, വിദ്യാഭ്യാസസ്ഥാപനങ്ങൾ, കുടുംബം, രാഷ്ട്രീയ പാർട്ടികൾ, തൊഴിലാളിസംഘടനകൾ, മാധ്യമങ്ങൾ, സംസ്കാരരൂപങ്ങൾ തുടങ്ങിയവ യെല്ലാം ഉപയോഗപ്പെടുത്തുന്നത് എന്ന് അൽത്തൂസർ നിരീക്ഷിക്കുന്നു. പ്രത്യയശാസ്ത്ര ത്തെ വിമർശനാത്മകമായി പരിശോധിക്കുകയാണ് അദ്ദേഹം ചെയ്യുന്നത്. ഭരണകൂ

[7] "Reading is a social process… It involves the interaction of the reader with the text, and the production of meaning is the result of this interaction" Stuart Hall, Encoding/Decoding. Culture, Media, Language: Working Papers in Cultural Studies, 1980:134).

ടത്തിന്റെ മർദ്ദനോപകരണങ്ങൾ രണ്ട് തരത്തിലാണ് ഉള്ളത്. അടിച്ചമർത്തലുകളില്ലൂടെയും പ്രത്യയശാസ്ത്ര ഉപകരണങ്ങളില്ലൂടെയും ഭരണകൂടം ഈ കൃത്യം നിർവ്വഹിക്കുന്നു.[8]

ഫ്രാങ്ക്ഫർട്ട് ചിന്തകർ അവതരിപ്പിക്കുന്ന വിമർശനാത്മകസിദ്ധാന്തം സംസ്കാരപഠനത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്നു. വർത്തമാനകാലസമൂഹത്തിൽ നിലവിലുള്ള പരമ്പരാഗത ചിന്തകളെ മാറ്റിപ്പണിയാനുള്ള ശ്രമമായാണ് വിമർശനാത്മകസിദ്ധാന്തം കടന്നുവരുന്നത്. ദൈവശാസ്ത്രത്തെയും അതിഭൗതികതവാദത്തെയും എതിർത്ത്, പ്രത്യക്ഷതാവാദ ചിന്തകരുടെ വാദഗതിക്കെതിരായ സമീപനമാണ് ഫ്രാങ്ക്ഫർട്ട് ചിന്തകർ വിമർശനാത്മക സിദ്ധാന്തത്തിൽ അവതരിപ്പിക്കുന്നത്. "വ്യക്തികളുടെ ഉദ്ദേശ്യം, നൈസർഗികത, യുക്തിബോധം തുടങ്ങിയവ ഒരുവശത്തും സമൂഹത്തെ രൂപപ്പെടുത്തുന്ന അധ്വാനപ്രക്രിയാബന്ധങ്ങൾ മറുവശത്തും നിൽക്കുന്നു. ഈ രണ്ടുവശങ്ങൾ തമ്മിലുള്ള വൈരുദ്ധ്യത്തെ പരിഹരിക്കണമെന്ന ആഗ്രഹമാണ് വിമർശനാത്മക സിദ്ധാന്തത്തെ നയിക്കുന്നതെന്ന് ഹോർഖ്ഹൈമർ പറയുന്നു" (ശ്രീജൻ വി.സി., 1999:28). തൊഴിലാളി വർഗ്ഗത്തിന്റെ സാമൂഹ്യസാഹചര്യങ്ങൾ മാറിവരുന്നു.

വർത്തമാനകാല സമൂഹത്തിൽ പരിവർത്തനങ്ങൾ സൃഷ്ടിക്കുകയെന്ന വിമർശനാത്മകസിദ്ധാന്തത്തെ പ്രാവർത്തികമാക്കാൻ തൊഴിലാളിവർഗ്ഗം പര്യാപ്തമല്ല. സോഷ്യലിസ്റ്റ് സമൂഹത്തെ രൂപപ്പെടുത്തേണ്ടത് തൊഴിലാളിവർഗ്ഗമാണ് എന്ന കാഴ്ചപ്പാടാണ് മാർക്സിസം പുലർത്തുന്നതെങ്കിലും മാറിവരുന്ന സാഹചര്യത്തിൽ അത് പ്രാവർത്തികമല്ല. തൊഴിലാളിവർഗ്ഗത്തെക്കാൾ ദുരിതമനുഭവിക്കുന്ന തൊഴിൽരഹിതരുടെ നാടാണ് വർത്തമാനകാലത്തിന്റേത്. ഈ അവസ്ഥയിൽ സമ്പന്നരിലെ ബുദ്ധിജീവിവർഗ്ഗമാണ് സാമൂഹ്യപുനർനിർമാണത്തിന് ആവശ്യമായ സിദ്ധാന്തങ്ങൾ രൂപപ്പെടുത്തുന്നത് എന്നത് വൈരുദ്ധ്യമായി നിലനിൽക്കുന്നു.

വിമർശനാത്മക സിദ്ധാന്തത്തിലെ നവീന ആശയങ്ങളുമായി മുന്നോട്ടു വന്നവരിൽ പ്രമുഖനാണ് യൂർഗ്ഗൻ ഹാബർമാസ് "അതീശത്വത്തിൽനിന്ന് ജനങ്ങൾ സ്വയം

[8]They must not be confused with the (repressive) State apparatus. Remember that in Marxist theory, the State Apparatus (SA) contains: the Government, the Administration, the Army, the Police, the Courts, the Prisons, etc., which constitute what I shall in future call the Repressive State Apparatus. Repressive suggests that the State Apparatus in question 'functions by violence' – at least ultimately (since repression, eg. administrative repression, may take non -physical forms), (Louis Althusser, 1971)

വിമോചിപ്പിക്കുകയെന്ന പ്രായോഗിക ലക്ഷ്യത്തോടെ സമൂഹത്തെ സംബന്ധിക്കുന്ന ഒരു സിദ്ധാന്തം വികസിപ്പിക്കാനാണ് ഹാബർമാസിന്റെ ശ്രമം. സമൂഹത്തെ മാറ്റാൻ പ്രാപ്തിയുള്ള സാമൂഹ്യവിഭാഗങ്ങൾക്ക് സ്വയം മനസ്സിലാക്കാൻ ഇത്തരമൊരു സാമൂഹ്യ സിദ്ധാന്തം ഉപകരിക്കുമെന്ന് അദ്ദേഹം വിചാരിക്കുന്നു. വിമോചനത്തിനുള്ള താൽ പര്യമാണ് വിമർശനസ്വഭാവമുള്ള ശാസ്ത്രങ്ങൾക്ക് വഴികാട്ടുന്നത്" (ശ്രീജൻ വി.സി., 1999:126) പാശ്ചാത്യധാർമികതയോടുള്ള എതിർപ്പും പരമ്പരാഗത സിദ്ധാന്തങ്ങളോ ടുള്ള വിമർശനവും കാലഘട്ടത്തിന്റെ അനിവാര്യതയായിരുന്നു. സ്ഥാപനവൽക്കരിക്ക പ്പെട്ട സാമൂഹ്യചട്ടക്കൂടുകളെ പൊളിച്ചെഴുതുകയെന്ന ദൗത്യം ഹാബർമാസിന്റെ വിമർ ശനാത്മകസിദ്ധാന്തം മുന്നോട്ടുവയ്ക്കുന്നു.

സംസ്കാരപഠനം ഇന്ന് ഒരു ബഹുവിജ്ഞാന മേഖലയാണ്. ഭാഷാശാസ്ത്രം, സാമൂഹ്യശാസ്ത്രം, നരവംശശാസ്ത്രം, സാഹിത്യവിജ്ഞാനം, ചരിത്രം തുടങ്ങിയ സ്വത ന്ത്രവിജ്ഞാന മേഖലകളെല്ലാം സംസ്കാരപഠനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നു. അതിൽത്തന്നെ സംസ്കാരചരിത്രം സാമ്പ്രദായികരീതികളെ അവഗണിച്ചുകൊണ്ട് മാന വചരിത്രത്തിൽത്തന്നെ നൂതനാദ്ധ്യായം രചിക്കുകയാണ്.

## 1.1 സംസ്കാരചരിത്രം

ഭൂതവർത്തമാനകാലങ്ങളെക്കുറിച്ചുള്ള മനുഷ്യാനുഭവങ്ങളുടെ അന്വേഷണത്തെയാണ് ചരിത്രം എന്ന് വ്യവഹരിച്ചുവരുന്നത്. ചരിത്രം എഴുതപ്പെടുന്നത് ചരിത്രകാരന്റെ വിശ്വാ സങ്ങളും മനോധർമ്മങ്ങളും ഊഹങ്ങളുമനുസരിച്ചാകുന്നു എന്നത് പരമ്പരാഗതചരിത്ര രചനയുടെ വലിയ പോരായ്മയാണ്. ഇവിടെ മുഖ്യധാരയിൽ ഇടം ലഭിക്കാതെ പോകു ന്നവർ ചരിത്രത്തിന് പുറത്താകുന്നു. പലപ്പോഴും ചരിത്രം അപൂർണ്ണമാകുന്നത് ബോധ പൂർവ്വമായ തമസ്കരണങ്ങളിലൂടെയാണ്. സാമ്പ്രദായിക സങ്കൽപ്പങ്ങളുടെ വാർപ്പുമാ തൃകകളിൽനിന്ന് ഭിന്നമായി പ്രാന്തവൽക്കരിക്കപ്പെട്ട (marginalized) സാമാന്യജ നതയെ വർണ്ണ -ലിംഗഭേദമെന്യേ സംസ്കാരപഠനം ഒരുപോലെ സംബോധന ചെയ്യു ന്നു. ബൃഹദാഖ്യാനങ്ങളിൽ വേണ്ടത്ര പ്രതിനിധാനം കിട്ടാതെ പോയ ജനതയുടെ സ്വ ത്വമന്വേഷിക്കുകയാണ് സാംസ്കാരികചരിത്രരചനയുടെ ലക്ഷ്യം. ജാതി, മതം, വംശം, വേഷം, ഭാഷ, ഭക്ഷണം, അനുഷ്ഠാനങ്ങൾ തുടങ്ങിയവയെല്ലാം സ്വത്വനിർണായക

ങ്ങളായ സാംസ്കാരിക അംശങ്ങളാകുന്നു. പരമ്പരാഗതങ്ങളായ ഇത്തരം ഘടകങ്ങൾ ജനവിഭാഗങ്ങളെ ഉദ്ഗ്രഥിക്കുകയും ഒരു ജനവിഭാഗം എന്ന നിലയിലുള്ള ആത്മബോധത്തിന് കാരണമാവുകയും ചെയ്യുന്നു. കലർപ്പില്ലാത്ത സാംസ്കാരികചരിത്രം ഇതുവഴി കണ്ടെത്തേണ്ടിയിരിക്കുന്നു. പ്രത്യക്ഷ രക്ഷാദൈവസഭയുടെ പാട്ടുകളിൽ അവഗണിക്കപ്പെട്ട തന്റെ വംശചരിത്രത്തെക്കുറിച്ച് പൊയ്കയിൽ അപ്പച്ചൻ ചർച്ചചെയ്യുന്നുണ്ട്.[9] ജർമൻ കവിയും നാടകകൃത്തുമായ ബ്രഹ്ത്തിന്റെ തൊഴിലാളി ചരിത്രം വായിക്കുന്നു (A Worker reads history) എന്ന കവിതയിലെ വരികളും ഒരു പ്രതിവായനയുടെ ആവശ്യം മുന്നോട്ടുവയ്ക്കുന്നു.[10]

1960 -കളിൽ, ഇംഗ്ലണ്ടിൽ ക്രിസ്റ്റഫർ ഹിൽ, ഇ.പി. തോംസൺ, എറിക് ഹോബ്സ് ബോം തുടങ്ങിയവർ അവതരിപ്പിച്ച 'താഴെനിന്നുള്ള ചരിത്രം' (history from below) മുന്നോട്ടുവയ്ക്കുന്നത് ഇതേ ആശയമാണ്. ചൂഷിതരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും ചരിത്രം എഴുതപ്പെടാനിരിക്കുന്നതേയുള്ളൂ എന്നവർ കരുതുന്നു.

### 1.1.1 സംസ്കാരചരിത്രം ഇന്ത്യയിൽ

യൂറോകേന്ദ്രിതമായ ലോകബോധത്തെ അതിജീവിച്ചുകൊണ്ടുമാത്രമേ ഇന്ത്യയെപോലൊരു മൂന്നാംലോകരാജ്യത്തിന് സംസ്കാരപഠനം എന്ന സമകാലവിജ്ഞാനത്തെ ശരിയായ അർത്ഥത്തിൽ ഉൾക്കൊള്ളാൻ സാധിക്കുകയുള്ളൂ. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ചരിത്രം ഭരണകൂടത്തിന്റെ ആയുധമായി മാറുന്നത് കൊളോണിയൽ കാല

---

[9] കാണുന്നീലൊരക്ഷരവും
എന്റെ വംശത്തെപ്പറ്റി
കാണുന്നുണ്ടനേക വംശത്തിൻ ചരിത്രങ്ങൾ (2011:34)
എന്തുകൊണ്ടാണ് തന്റെ വംശത്തിന്റെ ചരിത്രം ആരാലും എഴുതപ്പെടാതെ പോയത്. മനുഷ്യനായി പിറന്ന് കുലഹീനർ എന്ന് കരുതപ്പെട്ടവരാണ് തങ്ങൾ. ശപിക്കപ്പെട്ട സന്തതികൾ എന്ന് സർവ്വരാലും വിളിക്കപ്പെടാൻ ദൈവവും അനുവദിച്ചത് എന്താണെന്ന് അദ്ദേഹം ചോദിക്കുന്നു.

[10] "Young Alexander conquered India.
He alone?
Ceasar beat the Gauls.
Was there not even a cook in his army?"
ഇത്തരം ചോദ്യങ്ങളിലൂടെയാണ് കവിത മുന്നോട്ടുപോകുന്നത്. പുനർനിർമ്മിക്കപ്പെട്ട ബാബിലോണിന്റെയും ചൈനാവൻമതിലിന്റേയും ചരിത്രങ്ങളിലൊന്നും അതിനായി വിയർപ്പൊഴുക്കിയ തൊഴിലാളിയുടെ ചിത്രമില്ല. അതുകൊണ്ടുതന്നെ ഈ ചരിത്രപുസ്തകങ്ങൾ അപൂർണ്ണവും വികലവുമാണെന്ന് തൊഴിലാളി കണ്ടെത്തുന്നു. അധികാരത്തിന്റെ കോട്ടകളായി നിലനിന്നിരുന്ന ചരിത്രത്തിലെ പ്രസ്താവനകളെ തകർക്കുന്നവയാണ് തൊഴിലാളി ഉയർത്തുന്നചോദ്യങ്ങൾ. അതിലൂടെ ചരിത്രം മാത്രമല്ല ചരിത്രത്തെ നിർമ്മിച്ച പ്രത്യയശാസ്ത്രയുക്തികളും ചോദ്യംചെയ്യപ്പെടുന്നു.

ത്താണ്. കോളനിജനതയെ മെരുക്കിയെടുക്കുന്നതിനായി അവർ പ്രയോജനപ്പെടു ത്തിയ പ്രധാന ആയുധമായി അത് മാറി. യൂറോപ്യൻ നാഗരികതയെയും സംസ്കാര ത്തെയും ഉയർത്തിക്കാട്ടാനും പൗരസ്ത്യരെ ഇകഴ്ത്താനുമുള്ള ഒരു രാഷ്ട്രീയപദ്ധതിയായിരു ന്നു ഇത് എന്ന് എഡ്വേർഡ് സെയ്ദ് *ഓറിയന്റലിസം* എന്ന കൃതിയിൽ വിലയിരുത്തു ന്നു.[11]

ഇത്തരം സ്ഥാപിതതാൽപര്യങ്ങളുടെ സംരക്ഷണമായിരുന്നു, ജെയിംസ് മില്ലി ന്റെ *ഇന്ത്യാചരിത്രം* മുതലിങ്ങോട്ടുള്ള കൊളോണിയൽ ചരിത്രരചനകളുടെയെല്ലാം ലക്ഷ്യം. ജെയിംസ് മില്ലെഴുതിയ *ഇന്ത്യാചരിത്ര*ത്തിലെ ഹിന്ദു, മുസ്ലീം, ബ്രിട്ടീഷ് എന്ന ഘട്ടവിഭജനത്തിൽ മതം പ്രധാന ഘടകമാകുന്നത് ശ്രദ്ധേയമാണ്. ഭിന്നിപ്പിച്ച് ഭരിക്കാ നുള്ള ഈസ്റ്റിന്ത്യാ കമ്പനിയുടെ സ്ഥാപിതതാല്പര്യത്തെ ഊട്ടിയുറപ്പിക്കാൻ പര്യാപ്തമാ യിരുന്നു ഈ രചനാതന്ത്രം. ലണ്ടൻ മിഷനറിമാർക്കുവേണ്ടി മിൽ എഴുതിയ ഇന്ത്യാചരി ത്രത്തിനും അരനൂറ്റാണ്ടിനുശേഷം ബ്രിട്ടീഷ് അഡ്മിനിസ്ട്രേറ്ററായി ഇന്ത്യയിൽ വന്ന വിൻ സന്റ് സ്മിത്താണ് പിന്നീട് ഒരു *ഇന്ത്യൻഹിസ്റ്ററി* രചിച്ചത്. ഏകാധിപതികളും കർക്കശ ക്കാരുമായ ഭരണാധികാരികളുടെ 'കല്ലേപ്പിളർക്കുന്ന കല്പനകളുടെ' പ്രഭാവം വിളിച്ചുപ റയുകയായിരുന്നു അദ്ദേഹം. സ്മിത്തിനെ പിന്തുടർന്ന ചരിത്രങ്ങളെല്ലാം ഈ രീതി അനു കരിച്ചു.

രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും സവർണ്ണ വിഭാഗങ്ങളുടെയും ജീവിത ങ്ങളെ വിശേഷവൽക്കരിച്ചുകൊണ്ട് എഴുതപ്പെട്ട അത്തരം കൃതികൾ സാധാരണ മനു ഷ്യരെ പാടേ അവഗണിച്ചു. പടിഞ്ഞാറൻ വൈജ്ഞാനികലോകവുമായി തട്ടിച്ചുനോ ക്കുമ്പോൾ തികച്ചും പ്രാകൃതമായ ചിന്താപദ്ധതികളാണ് ഭാരതത്തിലേതെന്ന് വരുത്തി തീർക്കുകയായിരുന്നു ഇത്തരം ചരിത്രരചനകളിലൂടെ. ഇന്ത്യയിലെ ബ്രിട്ടീഷ് വാഴ്ചയുടെ ആവശ്യകത അരക്കിട്ടുറപ്പിക്കുകയായിരുന്നു അവർ.

---

[11] In this system of knowledge about the Orient, the Orient is less a place than a topos, a set of refences, a congeries of characteristics, that seems to have its origin in a quotation, or a fragment of a text, or a citation from someone's work on the Orient, or some bit of previous imagining, or an amalgam of all these. Direct observation of circumstantial description of the Orient are the fictions presented by writing on the Orient, yet invariably these are totally secondary to systematic task of another soft (Edward W. Said, 2016:177).

സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ദേശീയബോധവും അന്യവൽക്കരിക്കപ്പെടുന്നു എന്ന തിരിച്ചറിവുമാണ് മറിച്ച് ചിന്തിക്കാൻ ഇന്ത്യൻ സംസ്കാര പഠിതാക്കളെ പ്രേരിപ്പിച്ചത്. "പടിഞ്ഞാറ് കോളനിയനന്തര പഠനം ഒരു അക്കാദമിക് വിജ്ഞാനമായി മാറുന്നതിന് മുമ്പുതന്നെ നമ്മുടെ ദേശീയസമരകാലത്ത് യൂറോപ്പിനെ കേന്ദ്രീകരിച്ച വരുന്ന സംസ്കാരത്തെക്കുറിച്ചുള്ള വിമർശനമുണ്ടായിട്ടുണ്ട്. ഏഷ്യയിലും ആഫ്രിക്കയിലും തെക്കേ അമേരിക്കയിലും ഇത്തരം വിമർശനങ്ങൾ ഉണ്ടാകുന്നുണ്ട്. കേവലമായ അക്കാദമിക വിമർശനങ്ങളായിരുന്നില്ല, ജനജീവിതവുമായും ജനകീയസമരങ്ങളുമായും ബന്ധപ്പെട്ട് ഉയർന്നുവന്ന ആശയങ്ങളായിരുന്നു അവ. മൂന്നാംലോകത്തെ ആശയനിർമ്മിതിയുടെയും കർതൃത്വനിർമ്മിതിയുടെയും ഈ രാഷ്ട്രീയം തിരിച്ചറിയുകയാണ് പ്രധാനം" എന്ന് ഈ വ്യത്യാസത്തെ പി. പവിത്രൻ തിരിച്ചറിയുന്നുണ്ട് (2007:68).

റോമിലാ ഥാപ്പർ, രണജിത്ത് ഗുഹ, ഗായത്രി സ്പിവാക്, ഡി.ഡി. കൊസാംബി തുടങ്ങിയവർ മുന്നോട്ടുവച്ച ആശയങ്ങൾ ചരിത്രരചനയുടെ അപരവൽക്കരണങ്ങളെയും തമസ്കരണങ്ങളെയും തിരിച്ചറിയുന്നതിനു സഹായകമായി. ഇനി എഴുതപ്പെടേണ്ടത് കീഴാളചരിത്രമാണ്, അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ ചരിത്രമാണ് എന്ന ചിന്ത അക്കാദമികരംഗത്തെങ്കിലും വളർത്തിയെടുക്കുന്നതിന് ഇവരുടെ പഠനങ്ങൾ സഹായകമായിട്ടുണ്ട്.

'കീഴാളന് സംസാരിക്കാൻ കഴിയുമോ?' (Can Subaltern Speak?) എന്ന ഗായത്രി സ്പിവാക്കിന്റെ ലേഖനവും രണജിത്ത് ഗുഹയുടെ കീഴാളപഠനങ്ങളുമെല്ലാം ശബ്ദമില്ലാതിരുന്നവന്റെ ശബ്ദമാവുകയാണ്. റൊമില ഥാപ്പറിന്റെ *ഭാരതീയ സംസ്കാരങ്ങൾ പൈതൃകമെന്ന നിലയിൽ* (Indian Cultures as Heritage) എന്ന കൃതിയിൽ സാമൂഹിക വിവേചനം, സ്ത്രീകളുടെ പദവികളും കർത്തവ്യങ്ങളും, ശാസ്ത്രത്തോടും ജ്ഞാനത്തോടും ഉള്ള മനോഭാവങ്ങൾ, വിദ്യാഭ്യാസമേഖലയിലെ കടന്നുകയറ്റങ്ങൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നു. "ഫ്രാങ്ക്ഫർട്ട് സ്കൂളിലും തുടർന്ന് റെയ്മണ്ട് വില്യംസിനെപോലുള്ള പ്രമുഖരിലും കൂടി കടന്നുവന്ന സംസ്കാരപഠനത്തിന്റെ ധാര

കോളനീകരണം എന്ന പ്രക്രിയയെ ശ്രദ്ധിച്ചതേയില്ല എന്ന വിമർശനം ശ്രദ്ധേയ മാണ്.[12]

### 1.1.2 കേരളീയപരിസരം

അക്കാദമിക വിഷയമെന്നനിലയിൽ സംസ്കാരപഠനം കേരളത്തിൽ കടന്നുവരുന്നത് ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലാണ്. കാലടി സംസ്കൃത സർവക ലാശാലയിൽ 2003 -ലാണ് ഇതിനായി ഒരു പഠനവിഭാഗം ആരംഭിക്കുന്നത്. തുടർന്ന് ഇതര സർവകലാശാലകളും സംസ്കാരപഠനം പാഠ്യപദ്ധതിയുടെ ഭാഗമായി സ്വീകരിച്ചു കഴിഞ്ഞു. കേരളചരിത്രരചനയിൽ ശ്രദ്ധേയമായ മുന്നേറ്റമാണ് ഈ വൈജ്ഞാനിക രീതിശാസ്ത്രം കൈവരിക്കുന്നത്.

മലയാളിസമൂഹം ചരിത്രകാരന്മാർക്ക് ജന്മം കൊടുത്തിട്ടില്ല എന്നും ഒരർത്ഥ ത്തിൽ രേഖപ്പെടുത്താൻമാത്രം ചരിത്രം അവർക്കുണ്ടായിരുന്നില്ല എന്നത് തന്നെ യാണ് അതിന്റെ കാരണമെന്നുമാണ് *മലബാർ മാന്വലി*ന്റെ ആമുഖമായി വില്യം ലോഗൻ പ്രസ്താവിക്കുന്നത് (2007:xviii). കോളനിജനതയുടെ എല്ലാതരം ആവി ഷ്കാരങ്ങളെയും ഇകഴ്ത്തിക്കാട്ടുന്നതാണ് അധിനിവേശത്തിന്റെ വൈജ്ഞാനികപദ്ധതി. തങ്ങൾ ചരിത്രവും പാരമ്പര്യവുമുള്ളവരാകുമ്പോൾ, തദ്ദേശീയർ കേവലം ഫോക് ആയി മാറുന്നത് ഈ തദ്ദേശീയ യുക്തിയിലാണ്. "എഴുതപ്പെട്ട ഇന്ത്യാചരിത്രങ്ങളിലെ ങ്ങും കേരളത്തിന്റെ ചരിത്രമേയില്ല. *ദ വണ്ടർ ദാറ്റ് വാസ് ഇന്ത്യ* എന്ന ഇന്ത്യയുടെ സാംസ്കാരികചരിത്രത്തിൽ, കേരളത്തെപറ്റി ഒന്നുമില്ലല്ലോ എന്ന ചോദ്യത്തിന് ഗ്ര ന്ഥകാരനായ പ്രശസ്തപണ്ഡിതൻ ഏ.എൽ. ഭാഷം ക്ഷമാപൂർവ്വം അറിയിച്ചത് കേര ളത്തെപ്പറ്റി വേണ്ടരേഖകൾ ഒന്നും അതെഴുതുന്ന കാലത്ത് തനിക്ക് ലഭ്യമായിരുന്നി ല്ലെന്നും അടുത്തപതിപ്പിൽ പോരായ്മ പരിഹരിക്കാമെന്നുമായിരുന്നു. തിരുവനന്ത പുരത്തു നടന്ന ഒന്നാംലോക മലയാളസമ്മേളനത്തിന്റെ (1977) ചരിത്രസാംസ്കാരിക സെഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കവെയാണ് ഡോ. ഭാഷം ഇങ്ങനെ ഖേദപ്ര

[12]The Frankfurt School, for all its brilliance, was remarkably silent on the question of imperialism (Edward W. Said, 1993:278).

Adorno and Horkheimer's Dialectic of Enlightenment, for example, is a Eurocentric work that barely mentions imperialism (Edward W. Said, 1993:279).

Williams's notion of 'culture' is almost exclusively national... He does not seem to recognize that cultures are often the result of imperialism" (Edward W. Said, 1993:315).

കടനം നടത്തിയത്. പ്രൊഫ. ഭാഷത്തിനു തോന്നിയ ഖേദമൊന്നും നമ്മുടെ ചരിത്ര കാരന്മാർക്ക് ഇന്നോളമുണ്ടായിട്ടില്ല" (2007:xv) എന്ന് *കേരളചരിത്രത്തിലെ അടിസ്ഥാന രേഖകൾ* എന്ന ഗ്രന്ഥത്തിന്റെ ഉപോദ്ഘാതം എന്ന ഭാഗത്ത് പുതുശ്ശേരി രാമചന്ദ്രൻ രേഖപ്പെടുത്തുന്നു. ഇവിടുത്തെ നാട്ടറിവുകൾ അറിവുകളാണ് എന്നോ നാടൻ കലാരൂപ ങ്ങൾ കലകളാണ് എന്നോ അത് ഉപയോഗപ്പെടുത്തിയിരുന്നവർക്ക് പോലും ബോധ്യ മില്ലാത്ത ഒരു അവസ്ഥയാണ് നിലനിന്നിരുന്നത്.

പന്ത്രണ്ടാം ശതകത്തിലേത് എന്ന് കണക്കാക്കപ്പെടുന്ന അതുലന്റെ *മൂഷ കവംശ*ത്തിൽ കേരളചരിത്രരചനയുടെ ആദ്യാങ്കുരങ്ങൾ കാണാം. കേരളോല്പത്തി, കേരളമാഹാത്മ്യം തുടങ്ങിയ 'ചരിത്രകഥകൾ' ബ്രാഹ്മണമേധാവിത്വത്തിന്റെ 'അപ്ര മാദിത്വ'വും 'വിധേയത്വ'വും അരക്കിട്ടുറപ്പിക്കുന്നതിനു വേണ്ടിയാണ് ഉപയോഗിക്കപ്പെ ട്ടത്. സവർണ്ണാധിപത്യത്തെയും അതിന്റെ മഹത്വത്തെയും ആവർത്തിച്ചുറപ്പിക്കുന്ന ഇത്തരം കൃതികൾ പുനർവായനയ്ക്ക് വിധേയമാക്കിയാൽ ആ കാലഘട്ടത്തിലെ രാഷ്ട്രീയ - സാമൂഹികകാഴ്ച്ചപ്പാടുകൾ തെളിഞ്ഞുവരും.

മലയാളരാജ്യം എന്ന് നമ്മുടെ നാടിനെ ആദ്യമായി വിളിക്കുന്നത് ഗുണ്ടർ ട്ടാണ്. ചിറക്കൽ, കോട്ടയം, കുറുമ്പ്രനാട്, വയനാട്, കോഴിക്കോട്, ഏർനാട്, പൊന്നാനി തുടങ്ങിയ താലൂക്കുകളിലെ മുഖ്യമായ സ്ഥലങ്ങളും അങ്ങാടികളും കച്ചവ ടങ്ങളും പോലുള്ള പ്രാദേശിക പ്രത്യേകതകളെ മലയാളരാജ്യത്തിൽ അദ്ദേഹം പരി ഗണിക്കുന്നുണ്ട്. ശൈഖ് സൈനുദ്ദീന്റെ *തുഹ്ഫത്തുൽ മുജാഹിദ്ദീൻ* (1583)[13] ആ ഘട്ട ത്തിലെ മുസ്ലീം ജനവിഭാഗത്തിന്റെ നിലനില്പിനും മതസംരക്ഷണത്തിനും വേണ്ടി എഴു തപ്പെട്ടതാണ്. 1498 മുതൽ 1583 വരെയുള്ള മലബാറിലെ സാമൂഹ്യജീവിതത്തെക്കു റിച്ചും പോർച്ചുഗീസുകാർ നടത്തിയ ക്രൂരപ്രവർത്തികളെക്കുറിച്ചും ഈ കൃതി വിവരി ക്കുന്നു. "പോർച്ചുഗീസുകാരുടെ ആഗമനം മുതൽക്ക് അവരുടെ മുഴുവൻ ശക്തിയും ഉപയോഗിച്ചിരുന്നത് ഇസ്ലാംമതത്തെ ഉൻമൂലനാശം ചെയ്യാനും ക്രിസ്തുമതത്തെ പ്ര ചരിപ്പിക്കാനുമാണ്" (2008:74) എന്നദ്ദേഹം കൂട്ടിച്ചേർക്കുന്നു. മലബാറിലെ ഹിന്ദുക്ക ളുടെ ആചാരങ്ങളെക്കുറിച്ച് പറയുന്നിടത്ത്, ദായക്രമം, ബഹുഭർതൃത്വം, വസ്ത്രധാരണ രീതി, ദത്തെടുക്കൽ, ചാവേറുകൾ, മരണാനന്തരകർമ്മങ്ങൾ തുടങ്ങിയവയെ ലോക

[13] ഈ പുസ്തകം വേലായുധൻ പണിക്കശ്ശേരി *കേരളം പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ* എന്ന പേരിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട് (2008).

ത്ത് മറ്റൊരിടത്തും കാണാത്ത വിചിത്രമായ ആചാരങ്ങൾ എന്നാണദ്ദേഹം കുറിക്കു ന്നത്. വിഡ്ഢിത്തവും അജ്ഞതയും കൊണ്ടാണ് അവർ ഇത് നിർബന്ധമാക്കിയിട്ടുള്ളത് എന്ന് ശൈഖ് സൈനുദ്ദീൻ കരുതുന്നു. "ഇത്തരം അനാചാരങ്ങൾ കൊണ്ട് പൊറുതിമു ട്ടിയും പരിശുദ്ധനായ പ്രവാചകന്റെ അനുഗ്രഹമുണ്ടായും അവർ ഇസ്ലാമിലേയ്ക്ക് ആകർ ഷിക്കപ്പെട്ടു വരികയാണ്" (2008:53). നീതിനിർവഹണം, ഭരണരീതി, ജാതിവ്യവസ്ഥ തുടങ്ങിയവയെക്കുറിച്ചെല്ലാം വിവരിക്കുമ്പോൾ ഇസ്ലാംമതപ്രചരണത്തിലാണ് ഗ്രന്ഥ കാരൻ ഊന്നം വയ്ക്കുന്നതെന്ന് കാണാം.

അധിനിവേശശക്തികൾക്കു മുന്നിൽ രാജകീയ താത്പര്യങ്ങൾ സംരക്ഷിക്കുന്ന തിനായി എഴുതപ്പെട്ട കൃതികളിൽ ചിലതാണ് വൈക്കത്ത് പാച്ചുമൂത്തതിന്റെ *തിരുവി താംകൂർ ചരിത്രം*, പി. ശങ്കുണ്ണി മേനോന്റെ *ഹിസ്റ്ററി ഓഫ് ട്രാവൻകൂർ* (History of Travancore), കെ.പി. പത്മനാഭമേനോന്റെ *കൊച്ചിരാജ്യചരിത്രം*, കെ.പി. കൃഷ്ണയ്യ രുടെ *ദ സമോറിൻസ് ഓഫ് കാലിക്കറ്റ്* (The Zamorins of Calicut) മുതലായവ. രാജഭരണത്തെ കേന്ദ്രസ്ഥാനത്ത് നിർത്തിക്കൊണ്ട് ഭരണവിജയങ്ങളും പാരമ്പര്യമഹ ത്വവും വിളിച്ചുപറയുന്ന രാഷ്ട്രീയചരിത്രങ്ങളാണവ.

വസ്തുതകളെ മുൻനിർത്തിയുള്ള ചരിത്രരചനാപദ്ധതി കേരളത്തിൽ ആദ്യമായി കാണുന്നത് വില്യം ലോഗന്റെ *മലബാർ മാന്വലി*ലാണ്. കോളനിഭരണത്തിന്റെ സുഗ മമായ നടത്തിപ്പിനുതകുന്ന രീതിയിൽ സ്ഥിതിവിവരക്കണക്കുകളും ഭൂമിശാസ്ത്ര - സാമൂ ഹ്യവിജ്ഞാനപഠനങ്ങളുമാണ് *മലബാർ മാന്വലും* നാഗം അയ്യയുടെ *തിരുവിതാംകൂർ സ്റ്റേ റ്റ് മാന്വലും* സി. അച്യുതമേനോന്റെ *കൊച്ചിൻ സ്റ്റേറ്റ് മാന്വലും* നൽകുന്നത്. ഇത്തരം മാന്വലുകളിലും കോളനിവാഴ്ചയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി ചെയ്ത സർവേക ളിലും ഓരോ പ്രദേശത്തെയും കുറിച്ചുള്ള അറിവിന്റെ പുതിയൊരു രൂപം അവർ സൃഷ്ടിച്ചു. ഭൂവിഭാഗങ്ങൾ എന്ന നിലയിൽ ദേശം, കര തുടങ്ങിയ വേർതിരിവുകൾ ഉണ്ടാവുകയും ദേശങ്ങൾക്ക് സെറ്റിൽമെൻറ് രജിസ്റ്റർ സാധ്യമാക്കുകയും ചെയ്തു. പക്ഷേ, നികുതിപിരി വിനുള്ള സൗകര്യത്തിനുവേണ്ടി ബ്രിട്ടീഷ് ഭരണാധികാരികൾ നടത്തിയ സർവേകളിൽ പ്രാദേശിക സമൂഹത്തിന്റെ വ്യതിരിക്തമായ ജീവിതവും വ്യവഹാരങ്ങളും അവഗണിക്ക പ്പെട്ടു.

കേരളത്തിലെ ചരിത്രരചനാശ്രമങ്ങൾക്ക് ലോഗൻ പരിചയപ്പെടുത്തിയ പുതിയ വിശകലനരീതി പിൻപറ്റിയാണ് ഇരുപതാംനൂറ്റാണ്ടിലെ ചരിത്രകൃതികൾ പുറത്തുവരുന്നത്. അതിൽത്തന്നെ ഇളംകുളം കുഞ്ഞൻപിള്ളയുടെ കൃതികളായ *ഉണ്ണുനീലിസന്ദേശം ചരിത്രദൃഷ്ടിയിലൂടെ* (1953), *കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ* (1953), *ചില കേരളചരിത്ര പ്രശ്നങ്ങൾ* (1955), *ജാതിസമ്പ്രദായം കേരളത്തിൽ* (1959), *അന്നത്തെ കേരളം* (1959), *ചേരസാമ്രാജ്യം ഒൻപതും പത്തും നൂറ്റാണ്ടുകളിൽ* (1961), *ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ* (1961) തുടങ്ങിയ കൃതികൾ എടുത്തുപറയത്തക്കതാണ്.

ചരിത്രപുനർനിർമ്മിതിക്ക് സാഹിത്യകൃതികളും സാഹിത്യകൃതികളുടെ പഠനത്തിന് ദേശചരിത്രവും പരസ്പരം സഹായകമാകുന്നതായി അദ്ദേഹം തിരിച്ചറിയുന്നു. ചരിത്രമേയില്ലെന്ന് ലോഗൻ വിശേഷിപ്പിച്ച ഒരു ദേശത്തിന്റെ കാണാപ്പുറങ്ങൾ അന്വേഷിക്കുകയായിരുന്നു അദ്ദേഹം. ദേശീയതയ്ക്ക് പ്രാമുഖ്യം നൽകുന്ന രാഷ്ട്രീയചരിത്രങ്ങളായിരുന്നു ഇളംകുളത്തിന്റേതെന്ന് പറയാം. അദ്ദേഹം പറഞ്ഞുവെച്ച വസ്തുതകളെ കാലാനുക്രമത്തിൽ രേഖപ്പെടുത്തുകയാണ് ശ്രീധരമേനോൻ അടക്കമുള്ളവരുടെ 'കേരളചരിത്രങ്ങ'ളിലൂടെ കടന്നുപോയാൽ കാണാനാവുക. ഇളംകുളത്തിന്റെ, ജന്മിസമ്പ്രദായം കേരളത്തിൽ എന്ന പ്രബന്ധം കേരളചരിത്രരചനയിൽ ശ്രദ്ധേയമായ കാൽവയ്പ്പായിരുന്നു.

സാമ്പ്രദായികചരിത്രരചനാരീതികളുടെ പരിമിതികളെ തിരിച്ചറിയുന്നത് മാർക്സിയൻ ചിന്തകളുടെ കടന്നുവരവോടെയാണ്. അന്നുവരെ സാമാന്യജനത എന്നത് ദേശത്തിനും ദേശീയതക്കും പുറത്തായിരുന്നു. അവരുടെകൂടി പ്രതിനിധാനത്തിലൂടെ മാത്രമേ സാംസ്കാരിക ചരിത്രരചന മുന്നോട്ട് പോവുകയുള്ളൂ. അത്തരത്തിലുള്ള ആദ്യശ്രമങ്ങൾ എന്നനിലയിൽ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ കൃതികളെ വിലയിരുത്താനാവും. *ഹിസ്റ്ററി ഓഫ് പെസന്റ് മൂവ്മെന്റ് ഇൻ കേരള* (A History of Peasant movement in Kerala) (1943), *ഒന്നേകാൽകോടി മലയാളികൾ* (1945), *കേരളം മലയാളികളുടെ മാതൃഭൂമി* (1948), *നാഷ്ണൽ ക്വസ്റ്റ്യൻ ഇൻ കേരള* (National question in Kerala) (1952) തുടങ്ങിയ കൃതികൾ ശ്രദ്ധേയങ്ങളാണ്. കെ. ദാമോദരന്റെ *കേരളചരിത്ര*വും (1966) കേശവൻ വെളുത്താട്ടിന്റെ *ബ്രാഹ്മിൻ സെറ്റിൽമെന്റ് ഇൻ കേരള* (Brahmin settlement in Kerala) (1981) യും കേരളത്തിലെ പ്രാചീന -

മധ്യകാലരാഷ്ട്രീയ സാമൂഹ്യസാമ്പത്തിക വിനിമയങ്ങളെ മാർക്സിയൻ വീക്ഷണത്തിന്റെ പിൻബലത്തോടെ അന്വേഷിക്കുകയാണ്.

ഉൽപാദനബന്ധത്തിലൂന്നി കൃത്യമായ ഒരു ചട്ടക്കൂടിനെ പിന്തുടരുന്ന മാക്സിയൻ ദർശനങ്ങൾക്ക് സങ്കീർണമായ കേരളസംസ്കാരത്തെ പൂർണമായി ഉൾക്കൊള്ളാനാകുന്നില്ല എന്ന് കാണാം. പ്രത്യുല്പാദനബന്ധങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും എല്ലാമടങ്ങുന്ന തികച്ചും വ്യതിരിക്തവും ബഹുമുഖവുമായ സംസ്കാരത്തെ കണ്ടെത്താനുള്ള ശ്രമങ്ങൾ കേരളീയപരിസരത്തിൽ തുടർന്നുവന്നു.

ജാതിവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ കേരളചരിത്രത്തെ പുനർവായിക്കാനുള്ള ശ്രമമാണ് പി.കെ. ബാലകൃഷ്ണന്റെ *ജാതിവ്യവസ്ഥയും കേരളചരിത്രവും* (1983). കേരളത്തിന്റെ സാംസ്കാരികവളർച്ചയ്ക്കും വികസനത്തിനും വിലങ്ങുതടിയായിനിന്നിരുന്നത് സവിശേഷ രീതിയിലുള്ള ഇവിടുത്തെ ജാതിവ്യവസ്ഥയായിരുന്നു എന്ന നിരീക്ഷണം ശ്രദ്ധേയമാണ്. ജാതിബന്ധങ്ങളെ മുൻനിർത്തി കേരളചരിത്രത്തെ വായിച്ചെടുക്കാനുള്ള ശ്രമങ്ങൾക്ക് ഒരു വഴികാട്ടിയാണ് ഈ കൃതി. ഭക്ഷണം, വസ്ത്രം, പാർപ്പിടം, ആചാരങ്ങൾ, ജാതികൾ തുടങ്ങിയവയെ മുൻനിർത്തി കേരളചരിത്രത്തെ രേഖപ്പെടുത്തുകയാണ് പി. ഭാസ്കരനുണ്ണിയുടെ *പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം* (1988) എന്ന കൃതിയിൽ. *കേരളം - ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ* (2005) എന്ന കൃതിയിലും ആ ഘട്ടത്തിലെ സാമൂഹ്യജീവിതത്തെത്തന്നെയാണ് അടയാളപ്പെടുത്തുന്നത്. ഓരോ കാലഘട്ടത്തിന്റെയും സദാചാരബോധ്യങ്ങളും ശരിതെറ്റുകളും വ്യത്യസ്തമാകുന്നത് എങ്ങനെയെന്ന് ഭാസ്കരനുണ്ണിയുടെ കൃതികൾ വെളിപ്പെടുത്തുന്നു.

സംസ്കാരപഠനത്തിന്റെ രീതിശാസ്ത്രമനുസരിച്ച് കേരളത്തിലെ പ്രാചീന മധ്യകാല രാഷ്ട്രീയ - സാമൂഹ്യ - സാമ്പത്തിക ക്രമങ്ങളെ വിശകലനം ചെയ്യുന്നു കെ.എൻ. ഗണേഷിന്റെ *കേരളത്തിന്റെ ഇന്നലെകൾ* (1990). 2016 -ൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ ചരിത്രം ഉണ്ടാകുന്നത് എന്ന കൃതിയിൽ എഴുതപ്പെട്ട ചരിത്രങ്ങൾ വായിക്കേണ്ടതും തിരിച്ചറിയേണ്ടതും എങ്ങനെയെന്ന് വിശകലനം ചെയ്യുന്നു. ഇവിടെ കെ.എൻ. ഗണേഷ് അവതരിപ്പിക്കുന്ന 'കോണിസങ്കല്പം' ശ്രദ്ധേയമാണ്.[14] വ്യത്യസ്ത

[14] മനുഷ്യചരിത്രത്തിൽ ഈ കോണികളുടെ സ്ഥാനം എവിടെയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു, "ചിലർ കോണികയറി ഇപ്പോൾ സാധ്യമായ ഉയരങ്ങളിൽ എത്തിയിട്ടുണ്ട്. നാം കാണുന്നതും അംഗീകരിക്കുന്നതും അവരെയാണ്. അവരോടൊപ്പം കോണികയറി ഏതെങ്കിലും പാമ്പിന്റെ വായിൽ പെട്ടവരുണ്ട്. പിടികിട്ടാതെ താഴെവീണവരുമുണ്ട്. മറ്റുള്ളവർക്ക് കോണിയുണ്ടാക്കി കൊടുത്തുമാത്രം

രീതിശാസ്ത്രങ്ങൾ ചരിത്രപഠനത്തിനായി ഉപയോഗപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഓർമ്മപ്പെടുത്തുകയാണിവിടെ.

രാഘവവാര്യരും രാജൻഗുരുക്കളും ചേർന്നെഴുതിയ *കേരളചരിത്രം* (1991) ഉൽപ്പാദനവിതരണവ്യവസ്ഥയുടെ വെളിച്ചത്തിൽ പ്രാചീനമധ്യകാല കേരളത്തെ വിലയിരുത്തുന്നു. ചലനാത്മകമായ ചരിത്രപ്രക്രിയയെ ഉപദാനങ്ങളുടെ സഹായത്താൽ പുനരാഖ്യാനം ചെയ്യുകയാണിവിടെ. കാർഷികബന്ധങ്ങളെയും വാണിജ്യവികസനത്തെയും പണോപയോഗത്തെയും കുറിച്ചെല്ലാം വിലയിരുത്തുന്നതോടൊപ്പം വ്യാകരണം, വൈദ്യം, ജ്യോതിഷം, തച്ചുശാസ്ത്രം, തന്ത്രം തുടങ്ങി വാമൊഴിവഴക്കം എന്നിവയെല്ലാം സാമൂഹ്യപ്രക്രിയയുടെ ഭാഗമായി തിരിച്ചറിയുന്നു.

ജാതിവ്യവസ്ഥയുടെ ചതിക്കുഴികൾ വായിച്ചെടുക്കുകയാണ് *കേരളചരിത്രവും സമൂഹരൂപീകരണവും* (2012) എന്ന കൃതിയിൽ കെ.കെ. കൊച്ച് ചെയ്യുന്നത്. മുൻഗാമികളുടെ പഠനങ്ങളെ വിലയിരുത്തിയും ചരിത്രരചനയിലെ സ്ഥാപിതതാല്പര്യങ്ങളെ വിമർശിച്ചുകൊണ്ടുമാണ് അദ്ദേഹം പഠനം ആരംഭിക്കുന്നത്. മുൻഗാമികൾ സ്ഥാപിച്ചെടുത്ത ശൂദ്രാധിഷ്ഠിത സമൂഹരൂപീകരണത്തെ ശൂദ്രരുൾപ്പെടുന്ന സവർണ്ണജാതികളുടെ ഏകോപനമായി പുനർവായിക്കുന്നു ഈ കൃതിയിൽ. ലിംഗരാഷ്ട്രീയമടക്കമുള്ള വിഷയങ്ങൾ പഠനവിധേയമാക്കുന്ന ജെ. ദേവികയുടെ *കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ* (2010) എന്ന കൃതിയിലെ തറവാട്ടിൽ പിറന്നവളും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ എന്നചിന്ത ഏറെ പ്രസക്തമാണ്. ആധുനികകേരളീയസ്ത്രീ എങ്ങനെ രൂപപ്പെട്ടു എന്നവിടെ ചർച്ചചെയ്യുന്നു.

"ഇതുവരെ നാം കേരളത്തിന്റെ ഭൂതകാലത്തെക്കുറിച്ചുള്ള ഐതിഹ്യങ്ങളിലും ഊഹാപോഹങ്ങളിലും കഴിഞ്ഞു കൂടുകയായിരുന്നു. രാജാക്കന്മാരുടെ പ്രതാപങ്ങളെയും അവർ സൃഷ്ടിച്ച സാമ്രാജ്യങ്ങളെയും സുവർണ്ണയുഗങ്ങളെയുമന്വേഷിച്ച് നടക്കുകയായിരുന്നു. കേരളത്തിലെ ജനങ്ങൾ എങ്ങനെ ജീവിച്ചുവെന്ന് അന്വേഷിക്കാൻ പോലും നാം തയ്യാറായിട്ടില്ല" എന്ന് കെ.എൻ. ഗണേഷും (2007:491) "ഏതെങ്കിലുമൊരു രാജവംശത്തിന്റെ അധികാരമുറപ്പിക്കുന്ന 'മഹത്തായ'യുദ്ധവിജയങ്ങളെ, ആ

---

ജീവിച്ചുപോകുന്നവരുമുണ്ട്. കോണിയെവിടെയാണെന്ന് പോലും കാണാത്തവരുണ്ട്. അതുകൊണ്ട് കോണികളെയും കോണികയറിയവരെയും മാത്രംവച്ച് ചരിത്രമെഴുതിയാൽ അത് അപൂർണം മാത്രമല്ല, വികലവുമായിരിക്കും. അത് ചരിത്രമായിരിക്കുകയില്ല, ഏതാനുമാളുകളുടെ വീരഗാഥകളായിരിക്കും" (2016:59).

യുദ്ധത്തിൽ ആളും അർഥവും നഷ്ടപ്പെട്ട് നരകിച്ച ജനങ്ങളുടെ കണ്ണിലൂടെ വിലയിരുത്തിയാൽ തീർത്തും വിഭിന്നമായ കാഴ്ചയാകും നാം കാണുക" എന്ന് ജെ. ദേവിക പറയുന്നതും (2010:18) അർത്ഥവത്താണ്. ഈ തിരിച്ചറിവിൽനിന്നുകൊണ്ടുള്ള പുതിയ കാഴ്ചപ്പാടുകളും ചിന്തകളും സമകാലത്ത് പ്രത്യക്ഷപ്പെടുന്നുണ്ട്.

## 1.2 പ്രാദേശികചരിത്രം

മാറിമാറിവരുന്ന ഭരണകൂടങ്ങൾക്കനുസൃതമായി മാറ്റിയെഴുതുന്ന ചരിത്രങ്ങൾ സമകാലത്ത് നമുക്ക് അന്യമല്ല. ഈ ചരിത്രങ്ങളെല്ലാം അധികാരത്തിന്റെ രാജപാതയോരത്തെ ജീവിതങ്ങളെയാണ് സംബോധനചെയ്തത് എന്നും കാണാനാകും. ഇന്ത്യാചരിത്രത്തിലോ കേരളചരിത്രത്തിലോ എത്രതന്നെ സൂക്ഷമമായി നിരീക്ഷിച്ചാലും കാണാത്ത ഇടങ്ങൾ, സംസ്കാരങ്ങൾ എത്രയോ ഉണ്ട്. അങ്ങനെ ചരിത്രത്തിലും 'ചിത്ര'ത്തിലും സ്ഥാനം ലഭിക്കാതെപോയ ഇടങ്ങളിൽ, പക്ഷേ കാലങ്ങളായി ജനത ജീവിക്കുകയും സംവദിക്കുകയും തങ്ങളുടെ തനത് സംസ്കാരം മെനഞ്ഞെടുക്കുകയും ചെയ്യുന്നുണ്ട്. ഈ സാഹചര്യത്തിലാണ് സാമ്പ്രദായിക ചരിത്രജ്ഞാനത്തോടുള്ള വിമർശനമായി പ്രാദേശികചരിത്രങ്ങൾ (local history) കടന്നു വരുന്നത്.

ദേശരാഷ്ട്രസങ്കൽപ്പത്തിന്റെ ഭാഗമായിനിന്നിരുന്ന ചരിത്രത്തിൽ പ്രത്യക്ഷപ്പെടാതിരുന്ന ദേശവും ദേശജീവിതവും എത്തരത്തിലായിരുന്നു എന്ന അന്വേഷണം ഇതിനെ സൂക്ഷ്മചരിത്ര (micro history) മാക്കുന്നു. സൂക്ഷ്മചരിത്രാന്വേഷണങ്ങളിലൂടെ ആ ജനജീവിതത്തെ തിരിച്ചറിയുകയും രേഖപ്പെടുത്തുകയും ചെയ്യുക എന്നതാണ് പ്രാദേശികചരിത്രത്തിന്റെ ദർശനം. ഓരോ നാടിനും ചരിത്രമുണ്ടെന്ന തിരിച്ചറിവ് സാമ്പ്രദായികചരിത്രരചനയുടെ അധികാരഘടനയോടുള്ള പ്രതിരോധമാണ്. ആഗോളവൽക്കരണം, സാർവ്വലൗകികത തുടങ്ങിയ ആശയങ്ങളെ പ്രാദേശികചരിത്രത്തിന്റെ രീതിശാസ്ത്രം പ്രശ്നവൽക്കരിക്കുന്നുണ്ട്.[15] ചരിത്രരചനയുടെ പരിവർത്തനഘട്ടം തന്നെ

[15] In Kerala contest globalisation and local history, it can be argued, were born at a stroke. It is a well known fact that globalization creates some sort of identity anxiety among the people, both in urban and rural areas. According to Gilles Deleuze and Felix Guattari globalization engenders deterritorialisation and reterritorialisation at the same time. By reterritorialisation they mean among other things, the fastering of identities of various hues such as religion, cast, locality, consciousness etc. (Shinas A.M.& Vincent P.J., 2016:11 -12).

യാണത്. ഈ പുതിയ ചരിത്രവീക്ഷണം, രാജവംശങ്ങളുടെയും ശാസനങ്ങളുടെയും നാണയങ്ങളുടെയുമെല്ലാം ആധികാരികതയ്ക്കപ്പുറം നിത്യജീവിതത്തെ അടയാളപ്പെടുത്തുകയാണ് ചെയ്യുന്നത്.

വ്യത്യസ്തമായൊരു ആഖ്യാനരീതിയാണ് പ്രാദേശികചരിത്രരചനയുടേത്. ഏതൊരു പ്രദേശത്തിനും അതിന്റേതായ ചരിത്രമുണ്ടെന്നും, സാമൂഹ്യവും സാംസ്കാരികവുമായ തനിമയുണ്ടെന്നും, അവിടെ നടക്കുന്ന ഏതുപ്രവർത്തനങ്ങളുടെയും അന്തർധാരയിൽ ഈ സാംസ്കാരിക തനിമയ്ക്ക് വലിയ സ്വാധീനം ചെലുത്താനാകും എന്നുമുള്ള വിശ്വാസത്തിൽനിന്നുമാണ് ഇത്തരം ആഖ്യാനങ്ങൾ ഉണ്ടാകുന്നത്.[16] ദേശരാഷ്ട്രം (Nation State) എന്ന പരമ്പരാഗത ചരിത്രസങ്കൽപത്തിൽനിന്ന് പ്രാദേശികചരിത്രം എന്ന സാംസ്കാരികചരിത്രബോധ്യത്തിലേക്ക് പഠിതാക്കളുടെ ശ്രദ്ധയെത്തുന്നു.[17] പാർശ്വവൽക്കരിക്കപ്പെട്ട എല്ലാജീവിതമേഖലകളേയും പ്രാദേശികചരിത്രം അനാവരണം ചെയ്യുന്നു. ദേശത്തിന്റെ സാമൂഹ്യചരിത്രപദങ്ങളിൽ തങ്ങളുടെ കാലടികളും പതിഞ്ഞു കിടപ്പുണ്ട് എന്ന തിരിച്ചറിവിലേക്കാണ് ഇത് നയിക്കുന്നത്.

രാഷ്ട്രീയ ഏകകം എന്നതിനപ്പുറം ഒരു സമൂഹത്തിന്റെ സ്വത്വനിർണ്ണയനത്തിൽ സുപ്രധാന പങ്കാണ് പ്രദേശങ്ങൾക്കുള്ളത്. പ്രാദേശികചരിത്രാന്വേഷണത്തിൽ മാറിമറിഞ്ഞു വരുന്ന രാഷ്ട്രീയാതിർത്തികൾ അപ്രത്യക്ഷമാവുകയും സാംസ്കാരികമായ ഒരു ഭൂപടം ലഭ്യമാവുകയും ചെയ്യുന്നു. പ്രദേശം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത് എന്നത് വളരെ പ്രധാനമാണ്. ഭരണപരമായ പുതിയ അതിർത്തിയും പണ്ട് നിലനിന്നിരുന്ന അതിർത്തിക്കകത്തെ പ്രദേശമെന്ന ബോധവും ജനങ്ങളിൽ നിലനിൽക്കുന്നുണ്ട്. ഈ രണ്ടുതരത്തിലുള്ള പ്രവണതകൾ ഒരു പ്രദേശത്തെ രൂപീകരിക്കുന്നതിൽ ശക്തമായ സ്വാധീനം ചെലുത്തുന്നു. ഭൂമിശാസ്ത്രത്തെ അതിവർത്തിക്കുന്ന സങ്കല്പനപരമായ ഒരാശയം ആ ഇടത്തെപ്പറ്റി ലഭ്യമാണ്.

---

[16] Making of history is a collective process, by people walking at variance, often in conflict, but bound by intricate social relations of production, distribution, consumption and cultural forms. Writing local history is a collective process in which not only the researchers but also the residents of the habitat and the locality participate. People not only have their experience and memories, but they also give meaning to the numerous material and cultural artefacts around them (Ganesh K.N. 2016:53).

[17] It trusts life, the ordinary everyday life, not the essentialised 'national - life', into history and widens its scope and at the same time challenges the fundamental of modern historical imagination (Sunil P. Elayidam, 2016:56).

മനുഷ്യൻ ഭൂമിയോടും അതിലെ വിഭവങ്ങളോടും പുലർത്തുന്ന അഭേദ്യബന്ധത്തെ ഭൂമിശാസ്ത്രപഠനങ്ങളിലൂടെ തിരിച്ചറിയാം. "കാര്യക്ഷമതയോടെ ശ്രദ്ധാപൂർവം ഉപയോഗിച്ചാൽ വമ്പിച്ച ഗവേഷണസാധ്യതയുള്ള ഒരു മേഖലയാണ് ഭൂമിശാസ്ത്രാപഗ്രഥനംവഴി പ്രാദേശികപഠനങ്ങൾക്ക് തുറന്നു കിട്ടുന്നത്. 'ആപേക്ഷികസ്ഥാനം', 'നിരപേക്ഷിതസ്ഥാനം' എന്നീ പരികല്പനകൾ പ്രാദേശികപഠനങ്ങളിൽ അത്യന്തം പ്രയോജനകരമാണ്. ആപേക്ഷികസ്ഥാനം എന്നത് സ്ഥലങ്ങൾ തമ്മിൽ, അവിടുത്തെ കുടികിടപ്പുകാർ മുഖേന ഏർപ്പെടുന്ന ബന്ധങ്ങളെക്കുറിച്ചാണ് പറയുന്നത്. നിരപേക്ഷിതസ്ഥാനമാവട്ടെ, ഓരോ സ്ഥാനത്തിന്റെയും തനിത്തനിയായ കാര്യങ്ങൾ മാത്രം അന്വേഷിക്കുന്നു. ഭൂപരമായ ഈ പരികൽപ്പനകൾ ഓരോ പ്രദേശത്തെയും കാലത്തുടർച്ചയിലൂടെയുള്ള പരിണാമപ്രക്രിയയിലേക്ക് പ്രവേശിക്കാൻ പറ്റിയ കവാടം കൂടിയാകുന്നു" എന്ന് എം.ആർ. രാഘവവാരിയർ 'പ്രാദേശികചരിത്രം' എന്ന ലേഖനത്തിൽ വിലയിരുത്തുന്നു (2013:1664). വിഭവോൽപാദനത്തിൽ മാത്രമല്ല ആചാരാനുഷ്ഠാനങ്ങളിലും മറ്റും ഭൂപരമായ പ്രത്യേകതകൾ നിർണായക പങ്കുവഹിക്കുന്നുണ്ട്. "നമ്മുടെ കാലാവസ്ഥ, നമ്മുടെ വിഭവങ്ങൾ, നമ്മുടെ ഉല്പന്നനിർമ്മാണക്രമങ്ങൾ എന്ന രീതിയിൽ ഒരുചിന്ത ഉത്ഭവം കൊള്ളുന്നിടത്ത് ചരിത്രാന്വേഷണം ഒരു പ്രതിരോധ പ്രവർത്തനം കൂടിയാവുകയാണ്" എന്ന് *കേരളചരിത്രത്തിന്റെ നാട്ടുവഴികൾ* എന്ന കൃതി വിലയിരുത്തുന്നു (നമ്പൂതിരി എൻ.എം., ശിവദാസ് പി.കെ., 2018:19). ഓരോ ദേശവും വ്യത്യസ്തവും വൈവിധ്യാത്മകവുമാണ് എന്ന് പ്രാദേശികചരിത്രം പറയുന്നു.

ഏകത്വമല്ല നാനാത്വമാണ് പ്രാദേശികചരിത്രരചനയിലേക്കുള്ള പാത തുറന്നിടുന്നത്. അറിവുത്പാദനത്തിന്റെ പുതിയ വഴികളാണ് അവിടെ കണ്ടെത്താനാവുക. ഒരു ദേശത്തെ സമ്പന്നമാക്കുന്നത് പ്രാദേശികവും വംശീയവുമായ സംസ്കാരവൈവിധ്യങ്ങളാണ്. ഭാഷയിലും ഭക്ഷണശീലങ്ങളിലും വേഷത്തിലും വിശ്വാസത്തിലും കലാവിരുതിലുമെല്ലാം വ്യത്യസ്തത പുലർത്തുന്ന സംസ്കാരവിശേഷങ്ങളാണത്. ഈ വ്യതിരിക്തത ദേശകാലങ്ങൾക്കനുസരിച്ച് പരിവർത്തനങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു.

ബഹുസ്വര സാമൂഹ്യഘടനയെ അവഗണിച്ചുകൊണ്ട് പ്രാദേശികചരിത്രരചനയ്ക്ക് മുന്നോട്ടുപോകാനാവില്ല. *കേരളചരിത്രത്തിന്റെ നാട്ടുവഴികൾ* എന്ന കൃതിയിൽ വിലയിരുത്തുന്നതുപോലെ, "ഒന്നിച്ചു കൂട്ടിക്കെട്ടാൻ ശ്രമിക്കുമ്പോൾ കുതറിച്ചാടി വീണ്ടും തനത് സ്ഥാനങ്ങളിൽ ചെന്ന് മുനയുയർത്തി നിൽക്കുന്ന കുറേ ചരിത്രകുറ്റികൾ, ഈ

കുറ്റികൾ ഓരോന്നും വേറെ വേറെ തന്നെ, അതിന്റേതായ സ്ഥലരാശികളിൽ, കാല പ്രമാണത്തിൽ സമഗ്രീവൈപുല്യത്തിൽ വച്ച പഠിക്കണം. അവർക്കിടയിലെ, പ്രത്യക്ഷത്തിൽ ഒഴിഞ്ഞതെന്ന് തോന്നുന്ന സ്ഥല -കാലസാമഗ്രികളെ ഇഴചേർക്കണം. ഇവിടെയാണ് പ്രാദേശികചരിത്രരചയിതാവ് വ്യത്യസ്തനാകുന്നത്" (നമ്പൂതിരി എൻ.എം., ശിവദാസ് പി.കെ., 2018:18) അതുകൊണ്ടുതന്നെ വൈവിധ്യങ്ങൾ നിറഞ്ഞ പ്രാദേശികചരിത്രരചന എന്നത് സങ്കീർണമായ ഒരിടമാണ്. കൃത്യമായ വസ്തുതകളായോ രേഖകളായോ ഉപാദാനങ്ങൾ ലഭ്യമല്ലാത്തതുകൊണ്ടുതന്നെ മുഖ്യധാരാചരിത്രപദ്ധതികൾ ഇവിടെ അപ്രായോഗികമാകുന്നു.

ചരിത്രരചന വസ്തുനിഷ്ഠതയിലൂന്നുമ്പോൾ നമ്മുടെ നാട്ടറിവുകൾ പലതും രേഖാപരമല്ല എന്ന കാരണത്താൽ മാറ്റി നിർത്തപ്പെടുന്നു. "ക്ലാസിക്കൽ ചരിത്രത്തെ സംബന്ധിച്ചിടത്തോളം പുരാവസ്തുക്കൾ, പുരാലിഖിതങ്ങൾ, ഔദ്യോഗികരേഖകൾ എന്നിങ്ങനെയുള്ള 'മൂർത്ത'മായ തെളിവുകളാണ് ചരിത്രപഠനത്തിനായി ഉപയോഗപ്പെടുത്താവുന്ന മുഖ്യസാമഗ്രികൾ. ഇതുകൂടാതെ തലമുറകളായി കൈമാറിവരുന്ന കഥകളും പാട്ടുകളും വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളുമടങ്ങിയ പാരമ്പര്യാഖ്യാനങ്ങൾ മറ്റൊരു ഉപാദാനമാണ്. ലിഖിതപാരമ്പര്യം എന്നും നാട്ടുപാരമ്പര്യം എന്നും ഇവയെ സൗകര്യാർത്ഥം വേർതിരിക്കാം" (ആദർശ് സി., 2013:18). അത്തരം ഒരന്വേഷണം ഒരു ഭൂപ്രദേശത്തെ മാത്രമല്ല അവിടത്തെ ജനതയുടെ സമഗ്രജീവിത വ്യവഹാരങ്ങളെക്കുറിച്ചുള്ള തിരിച്ചറിവും സാധ്യമാക്കുന്നു. നാട്ടറിവുകളും നാടോടിവഴക്കങ്ങളും മാത്രമല്ല നാട്ടുനടപ്പുകൾ പോലും ഒരു സമൂഹത്തിന്റെ സ്വത്വനിർണ്ണയനത്തിൽ സുപ്രധാന പങ്കുവഹിക്കുന്നുണ്ട്.

മാനവികത, സാമൂഹികത, ജനകീയത തുടങ്ങിയവയുടെ അനുഭവങ്ങളും മാതൃകകളും പ്രാദേശികചരിത്രലുണ്ടെന്ന അവബോധം ഈ പഠനങ്ങളിലൂടെ നേടാനാകും. വ്യതിരിക്തമായ ജീവിതമേഖലകളെ പ്രാദേശികചരിത്രം അനാവരണം ചെയ്യുന്നു. മനുഷ്യനിർമ്മിതവും അല്ലാത്തതുമായ എല്ലാറ്റിനും വൈവിധ്യമാർന്ന ചരിത്രമുണ്ടെന്ന തിരിച്ചറിവ് പ്രാദേശികസ്വത്വത്തെ അടയാളപ്പെടുത്തുന്നതിന് സഹായകമാണ്.

ദേശരാഷ്ട്രചരിത്രത്തിൽനിന്നും പ്രാദേശികചരിത്രം വ്യതിരിക്തമാകുന്നത് എങ്ങനെയെന്ന് രാഘവവാര്യർ രേഖപ്പെടുത്തുന്നത് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| | പ്രാദേശികം | ദേശീയം |
|---|---|---|
| 1 | പ്രദേശത്തെ ഉൽപാദനമാത്രയായി, മനുഷ്യസ്ഥാന മായി, സ്വത്വപ്രാമാണ്യമുള്ളതും മറ്റൊന്നിന്റെ ഭരണവി ഭാഗം അല്ലാത്തതുമായ സ്ഥാനമായി കാണുന്നു. | പ്രദേശത്തെ കീഴ്ഘടകവും ആശ്രിതവുമായി കാണുന്നു |
| 2 | ഭൂമിശാസ്ത്രം ഈ കാഴ്ചപ്പാടിൽ അത്യന്തം പ്രധാനം | ഭൂമിശാസ്ത്രം ഒരു പശ്ചാത്തലം മാത്രം |
| 3 | പ്രമാണങ്ങൾ, സ്ഥലപ്പേരുകൾ, വികരണമാതൃകകൾ തുടങ്ങിയ വകകളെ കുറിക്കുന്ന ഗവ. രേഖകളും മറ്റും | രേഖപ്പെട്ട പ്രമാണങ്ങൾ ഗ്രന്ഥങ്ങൾ |
| 4 | ഭൂമിശാസ്ത്രപരമായ കാരണങ്ങളാണ് പ്രദേശങ്ങളുടെ ചരിത്രരചനയ്ക്കാവശ്യം | ചരിത്രസംഭവങ്ങളാണ് കാരണം |
| 5 | വൈവിധ്യമാണ് സ്വഭാവം. അതുകൊണ്ട് നീക്കം സാമാ ന്യത്തിൽനിന്ന് വിശേഷത്തിലേക്ക് | വിശേഷത്തിൽനിന്ന് സാമാന്യത്തിലേക്ക് |
| 6 | പ്രാദേശികചരിത്രം അടിയിൽനിന്നും മുകളിലേക്ക് | ദേശചരിത്രം മുകളിൽനിന്ന് താഴോട്ട് |

പട്ടിക 1.1: രാഘവവാരിയർ (2013:1665)

പ്രാദേശികചരിത്രം എന്നത് ജനകീയചരിത്രം തന്നെയാണ്. മുഖ്യധാരയിൽ നിന്നും മാറ്റി നിർത്തപ്പെട്ട എല്ലാത്തരം വൈവിധ്യങ്ങളും പരിഗണനാർഹമാകുന്ന ഇടമാണത്. പ്രാദേശികമായി ഇത്തരം അന്വേഷണങ്ങൾ ഒരു ജനതയുടെ ആന്തരിക ലോകത്തെ തന്നെയാണ് വെളിപ്പെടുത്തുന്നത്. അടിത്തട്ടിലെ പ്രശ്നങ്ങളെ സൂക്ഷ്മമായി അപഗ്രഥിക്കാൻ ഇത്തരം ചരിത്രാന്വേഷണങ്ങൾക്കാകും.

മനുഷ്യചരിത്രത്തിലെ വികാസപരിണാമങ്ങളെ സൂക്ഷ്മമായി അടയാളപ്പെടു ത്താൻ സാധിക്കുന്നത് പ്രാദേശികചരിത്രപഠനങ്ങളിലാണ്. ഭൂപ്രകൃതിയും വാമൊഴിയും ലിഖിതങ്ങളും എല്ലാമടങ്ങുന്ന ഉപാദാനങ്ങളിലൂടെ ഒരു പ്രദേശത്തിന്റെ ജനകീയചരി ത്രം തെളിഞ്ഞുവരും. ഇതിനായി ഉപയോഗപ്പെടുത്തുന്ന സ്രോതസ്സുകളിൽ പുരാവൃത്ത ങ്ങൾ, ഐതിഹ്യങ്ങൾ, ഗുണപാഠകഥകൾ, സ്ഥലനാമവിശകലനം, ആചാരാനുഷ്ഠാ നങ്ങൾ, വ്യത്യസ്ത സ്ഥാപനങ്ങൾ തുടങ്ങിയവയെല്ലാം സൂക്ഷ്മാപഗ്രഥനത്തിന് വിധേയ മാക്കുന്നു. പ്രാദേശികതയുടെ സ്വാധീനം നമ്മുടെ സാഹിത്യകൃതികളിലും പ്രകടമാണ്. ഭാഷാപരമായും ആശയപരമായും പ്രാദേശികവ്യതിരിക്തതകൾ അവിടെ പ്രതിഫലി ക്കുന്നുണ്ട്. കീഴാളത്തം കല്പിക്കപ്പെട്ടിരുന്ന വിഭാഗത്തിന്റെ ചരിത്രം പുനരാവിഷ്കരിക്കുക എന്ന ഉത്തരവാദിത്വം സാഹിത്യകൃതികൾ ഏറ്റെടുക്കുന്നു.

സ്വതന്ത്ര ഇന്ത്യയിൽ ഭരണവികേന്ദ്രീകരണത്തിന്റെയും ജനകീയാസൂത്രണത്തി ന്റെയുമെല്ലാം ഭാഗമായി പ്രദേശത്തെ പരിഗണിക്കപ്പെട്ടു തുടങ്ങി എന്നത് യാഥാർ ത്ഥ്യമാണ്. അവിടെയും വ്യത്യസ്ത ഭരണവിഭാഗങ്ങൾ എന്നതിനപ്പുറം വ്യത്യസ്ത വ്യവ ഹാരസാധ്യതകൾ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നതാണ് കാര്യം. "ഭൂവിനിയോഗം, സാങ്കേതികമായ തൊഴിൽ തർക്കവും അറിവും എന്നിവയെ വേണ്ടവണ്ണം പ്രയോജന

പ്പെടുത്താൻ മാറിവന്ന ഗ്രാമീണ സാഹചര്യങ്ങൾ നിമിത്തമായിട്ടുണ്ട്. എല്ലാം മുകളിൽ നിന്ന് കിട്ടിയിട്ട് വേണം എന്ന കാഴ്ചപ്പാടും പ്രാദേശികപഠനവും ഒന്നിച്ചുപോവുകയില്ല. പഠനം ഒരു ധിഷണാപ്രവർത്തനമായി മാത്രം നിന്നുപോവാതെ ജീവിതപ്രശ്നങ്ങളിൽ ഇടപെടുന്ന നിർദേശങ്ങൾ നൽകാൻ കഴിയുന്ന പ്രവർത്തിയാവണം. അപ്പോഴേ പ്രാദേശികചരിത്രം ഫലപ്രദമായിത്തീരുന്നുള്ളൂ"എന്ന രാഘവവാര്യരുടെ നിരീക്ഷണം വളരെ പ്രധാന്യമർഹിക്കുന്നു (2013:1663). അവിടെയാണ് ഇതൊരു ജനകീയചരിത്രമായിത്തീരുന്നത്.

## 1.3 ഉപാദാനസാമഗ്രികൾ

പ്രാദേശികചരിത്രം ഒരു പഠന വിഷയമാകുന്നത് 1948 -ൽ ബ്രിട്ടനിലെ ലസ്റ്റർ യൂണിവേഴ്സിറ്റിയിലാണ്. പുരാവസ്തുശാസ്ത്രം, ഭൂമിശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നീ പഠനപദ്ധതികൾ ഉൾക്കൊള്ളുന്ന ബഹുവൈജ്ഞാനികമായ സമീപനമാണ് ഇവർ പിൻതുടർന്നിരുന്നത്. കേരളീയപരിസരത്തിൽ സ്ഥലനാമങ്ങൾ, വാമൊഴി, നാട്ടറിവുകൾ, ഐതിഹ്യങ്ങൾ, ആത്മകഥകൾ, ജീവചരിത്രങ്ങൾ, സാഹിത്യകൃതികൾ എന്നിവ പലതരത്തിൽ പ്രാദേശികചരിത്രം നിർമ്മിതിയുടെ ഉപദാനങ്ങളായി വർത്തിക്കുന്നവയാണ്. നവചരിത്രവാദംപോലുള്ള സൈദ്ധാന്തിക പരികല്പനകളും ഇവിടെ പരിഗണിക്കേണ്ടതാണ്.

### 1.3.1 സ്ഥലനാമങ്ങൾ

ഒരു പ്രദേശത്തിന്റെ പേരിന്റെ ഉത്ഭവത്തെ സംബന്ധിച്ചുള്ള ആധികാരികമായ അന്വേഷണമാണ് സ്ഥലനാമപഠനം (Toponymy) എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. വ്യത്യസ്ത വിജ്ഞാനമേഖലകളെ ആശ്രയിച്ചുകൊണ്ടുള്ള ഒരു സ്വതന്ത്രാന്വേഷണം സ്ഥലനാമപഠനത്തിന് ആവശ്യമാണ്. ചരിത്രത്തിന്റെയും ഭൂമിശാസ്ത്രത്തിന്റെയും ഭാഷാശാസ്ത്രത്തിന്റെയും സാംസ്കാരികപഠനങ്ങളുടെയുമെല്ലാം ഇടങ്ങളിലേക്ക് വ്യാപിച്ചു കിടക്കുന്ന ഒരു വിജ്ഞാനശാഖയാണ് സ്ഥലനാമങ്ങളുടേത്. ചരിത്രത്തിന്റെ പുനർനിർമ്മിതിയിൽ സ്ഥലനാമങ്ങൾ നൽകുന്ന അറിവ് സുപ്രധാനമാണ്. മൺമറഞ്ഞ ഭൂതകാലത്തിന്റെ ഓർമ്മകളെ കാത്തുസൂക്ഷിക്കാൻ സ്ഥലനാമങ്ങൾക്ക് കഴിയുന്നു.

ഏതൊരു സ്ഥലനാമത്തിന്റെയും പിന്നിൽ ആ ദേശത്തിന്റെ സാംസ്കാരികമോ ഭൂപരമോ സാമൂഹികമോ ആയ സൂചനകൾ ഉണ്ടായിരിക്കും. അതിനെക്കുറിച്ചുള്ള അന്വേഷണമാണ് ഈ പഠനമേഖലയെ കൂടുതൽ കൗതുകകരമാക്കുന്നത്. അതു കൊണ്ടുതന്നെ സ്ഥലനാമങ്ങളെക്കുറിച്ചുള്ള പഠനം ആ നാടിന്റെ സാംസ്കാരികചരിത്രത്തിലേക്കുള്ള വാതായനമാണ്. സ്ഥലനാമങ്ങളുടെ വ്യാഖ്യാനഭേദങ്ങൾ പലപ്പോഴും തർക്കവിതർക്കങ്ങൾക്ക് കാരണമാകാറുണ്ട്. അതുകൊണ്ടുതന്നെ സൂക്ഷ്മാപഗ്രഥനത്തിലൂടെ വേണം സ്ഥലനാമങ്ങളുടെ ചരിത്രം അന്വേഷിക്കുന്നത്. "യഥാർത്ഥത്തിൽ സ്ഥലപ്പേരുകളോരോന്നും അന്നത്തെയും ഇന്നത്തെയും ലോകങ്ങളെ കൂട്ടിയിണക്കുവാൻ ഉപയോഗിക്കുന്ന കാലശൃംഖലയുടെ അവിഭാജ്യങ്ങളായ കണ്ണികളാണ്" (കോമാട്ടിൽ അച്യുതമേനോൻ, 1943:4). ചരിത്രവും ഭൂമിശാസ്ത്രവും സാമൂഹ്യശാസ്ത്രവും മാത്രമല്ല, ജാതി -മത -ആചാരാനുഷ്ഠാനങ്ങളെ കുറിച്ചെല്ലാം അറിവു നൽകുന്നതിന് പഴയനാട്ടുപേരുകൾ സഹായകമാകുന്നു. അതുകൊണ്ടുതന്നെ സ്ഥലനാമപഠനങ്ങളുടെ സൂക്ഷ്മാപഗ്രഥനം പ്രാദേശത്തിന്റെ ചരിത്രത്തെയും സംസ്കാരത്തെയും പഠിക്കാനുപകരിക്കുന്ന സുപ്രധാന മാർഗ്ഗമായി മാറുന്നു. "എല്ലാ നാട്ടുപേരുകളിലും ചരിത്രമുണ്ടാകണമെന്നില്ല. എല്ലാറ്റിനും പ്രാചീനതയും അവകാശപ്പെട്ടു കൂടാ. കാലപ്രവാഹത്തിൽ അരികും മൂലയും ഒക്കെ പൊടിഞ്ഞു പോയിട്ടുണ്ടാകാമെങ്കിലും, കണ്ടാലറിയാത്തവിധം രൂപഭേദം വന്നിട്ടുണ്ടാകാമെങ്കിലും പഴമയുടെ മെയ്ക്കരുത്തുമായി നിൽക്കുന്ന ധാരാളം സ്ഥലനാമങ്ങൾ ഇന്നുമുണ്ട്. അവയെ ശാസ്ത്രീയമായ നിരീക്ഷണ പരീക്ഷണങ്ങൾക്ക് വിധേയമാക്കിയാൽ അമൂല്യമായ വിവരങ്ങൾ ലഭിക്കും"എന്ന് രാജേന്ദ്രൻ വിളക്കുടി നിരീക്ഷിക്കുന്നു (2013:187).

കാലാന്തരത്തിൽ സ്ഥലനാമങ്ങൾക്ക് മാറ്റങ്ങൾ സംഭവിക്കുക സ്വാഭാവികമാണ്. ഇവയുടെ തനത് രൂപങ്ങൾക്കായി ശിലാലിഖിതങ്ങളെയും പ്രാചീന സാഹിത്യകൃതികളെയുമെല്ലാം ആശ്രയിക്കാം. പ്രാമാണികരേഖകൾ ലഭ്യമല്ലാത്തിടത്ത് പ്രദേശവാസികളുടെ ഓർമ്മകൾ, ഭൂപരമായ കിടപ്പ്, നാട്ടുവഴക്കങ്ങൾ തുടങ്ങിയവയിൽനിന്നെല്ലാം സ്ഥലനാമങ്ങളെ സംബന്ധിക്കുന്ന ചരിത്രശേഷിപ്പുകൾ ലഭ്യമാകും.[18]

---

[18] മറ്റ് പല വിജ്ഞാനമേഖലകളിലുമെന്നപോലെ, സ്ഥലനാമങ്ങളെ ആസ്പദമാക്കിയുള്ള ആധികാരികപഠനങ്ങൾ ആരംഭിക്കുന്നത് യൂറോപ്പിലാണ്. സാമൂഹ്യശാസ്ത്രജ്ഞനായ ഗോട്ടി ഫ്രൈഡ് വിൽഹം ലിബ്നിസ് (Gottfried Wilhelm Leibniz) 1768 -ൽ സമൂഹത്തെക്കുറിച്ചുള്ള തന്റെ പഠനങ്ങൾക്കിടയിൽ യാദൃശ്ചികമായി സ്ഥലനാമപഠനങ്ങൾക്ക് നാന്ദികുറിച്ചു. ഫ്രോസ്റ്റ്മാന്റെ പഴയ *ജർമ്മൻ നാമപുസ്തകവും* (Altdeutsches Namen buch) (1856) ഐസക് ടെയ്ലറിന്റെ (Issac Taylor) *വാക്കുകളും സ്ഥലങ്ങളും* (words and places) (1864) ആദ്യകാല സ്ഥലനാമപഠനങ്ങളാണ്.

കേരളത്തിൽ ഇത്തരമൊരു ശ്രമം ആദ്യമായി കാണുന്നത് ഗുണ്ടർട്ടിന്റെ നിഘണ്ടുവിലാണ് (1872). ചരിത്രപരമായി സ്ഥലനാമങ്ങളെ വിചിന്തനം ചെയ്യുന്ന രീതിയാണ് അദ്ദേഹം സ്വീകരിച്ചിരിക്കുന്നത്. കോഴിക്കോട്, കണ്ണൂർ, പറവൂർ, ചെങ്ങന്നൂർ, കൊല്ലം എന്നീ സ്ഥലനാമങ്ങളുടെ സംസ്കൃതരൂപം മാത്രമല്ല ഈ നാടുകളെ കുറിച്ചുള്ള ഐതിഹ്യങ്ങളും അവിടെ രേഖപ്പെടുത്തുന്നു. *കൊച്ചിയിലെ സ്ഥലനാമങ്ങൾ* എന്ന പേരിൽ കോമാട്ടിൽ അച്യുതമേനോൻ എഴുതിയ ഗ്രന്ഥമാണ് മലയാളത്തിലെ ആദ്യ സ്ഥലനാമപഠനം. "കൊച്ചിരാജ്യത്തുള്ള സ്ഥലനാമങ്ങളുടെ ഉൽപ്പത്തിയേയും ഭേദഗതികളേയും കുറിച്ച് വിശദമായി പ്രതിപാദിക്കുന്ന ഒരു പുസ്തകവും ഞാൻ കണ്ടിട്ടില്ല. ബോംബെയിലെയും മദിരാശി പട്ടണത്തിലെയും സ്ഥലനാമങ്ങളെ സ്പർശിക്കുന്ന ഓരോ പുസ്തകമുണ്ട്. ഇന്ത്യയിലെ മറ്റു ഭൂവിഭാഗങ്ങളിലെ ദേശനാമങ്ങളെ കുറിച്ചുള്ള ഒരുതരം ഗ്രന്ഥങ്ങളും എന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല".[19] 1970 -കൾ മുതൽ സ്ഥലനാമപഠനങ്ങൾക്ക് ഊർജ്ജം നൽകത്തക്കവിധം അനവധി ലേഖനങ്ങളും ഗവേഷണ പ്രബന്ധങ്ങളും ഇവിടെ ഉണ്ടായിട്ടുണ്ട്.[20]

---

പ്ലേസ് നെയിം സൊസൈറ്റി പോലുള്ള സംഘടനകൾ ഇംഗ്ലണ്ടിലെയും അമേരിക്കയിലെയും സ്ഥലനാമപഠനങ്ങൾക്ക് പ്രചോദനം നൽകി.

യൂറോപ്പിനെ അപേക്ഷിച്ച് ഇന്ത്യയിൽ വൈകിമാത്രമാണ് സ്ഥലനാമപഠനം ഗൗരവമുള്ള ഒരുവിഷയമായി പരിഗണിക്കുന്നത്. ദക്ഷിണേന്ത്യൻ പണ്ഡിതനായ അപ്പയ്യദീക്ഷിതർ സംസ്കൃതത്തിൽ എഴുതിയ നാമസംഗ്രഹമാലയാണ് ഭാരതത്തിൽ സ്ഥലനാമപഠനവുമായി ബന്ധപ്പെട്ട ആദ്യകൃതി. രാം കോമൽസെൻ (Ram Comelsen) ഡിക്ഷ്നറി ഇൻ ഇംഗ്ലീഷ് ആന്റ് ബംഗാളി (Dictionary in English and Bengali) എന്ന ഗ്രന്ഥത്തിന്റെ ആമുഖത്തിൽ ഏതാനും സ്ഥലനാമങ്ങളെ അപഗ്രഥിച്ച് പഠനം നടത്തിയിട്ടുണ്ട്. ഇന്ത്യൻ പ്രസിദ്ധീകരണങ്ങളിൽ എച്ച്. ബ്ളോച്ച് മാൻ (H. Blochmann) 1873 -ൽ എഴുതിയതാണ് ഈ വിഷയത്തിലുള്ള ആദ്യലേഖനം. പിന്നീട് സ്ഥലനാമങ്ങളെക്കുറിച്ചുള്ള പഠനം പ്രത്യക്ഷപ്പെടുന്നത് 1878 -ൽ പ്രസിദ്ധീകരിച്ച ഇന്ത്യൻ ആന്റിക്വയറിയിലാണ് (Indian Antiquary). 1879 -ൽ ആർ. ബി. ബ്രാൻഫിൽ (Colonel R.B. Brantfill) മദ്രാസ് ജേർണൽ ഓഫ് ലിറ്ററേച്ചർ ആന്റ് സയൻസിൽ (Madras Journal of Literature and Sciences) പ്രസിദ്ധീകരിച്ച, ഓൺ ദ നെയിം ഓഫ് പ്ലേസസ് ഇൻ തഞ്ചാവൂർ (On the Names of places in Tanjore) എന്ന ലേഖനവും 1886 -ലെ ആർ.എസ്. വൈറ്റ് വേയുടെ (R.S. Whiteway) പഠനവും, 1902 -ലെ ജെ.എഫ്. ഫ്ളീറ്റ് (J.F. Fleet) ന്റെ ശിലാഫലകനാമങ്ങളെ പറ്റിയുള്ള പഠനവും 1903 -ലെ റവ. ഫെറാഡ്ഹാ (Rev. Ferard Hahnn) ന്റെ ലേഖനങ്ങളും ഭാരതീയ സ്ഥലനാമപഠനത്തെ സമ്പുഷ്ടമാക്കി (അനു റ്റി. അഗസ്റ്റിൻ, 2015:14).

[19] അച്യുതമേനോൻ കോമാട്ടിൽ, 1943:1

[20] സ്ഥലനാമപഠനത്തിനൊരാമുഖം, പ്ലെയ്സ് നെയിംസ് ഓഫ് സതേൺ ഇന്ത്യ (place Names of Southern India) എന്നിവ ഡോ. കെ.എം. ജോർജ്ജ് ഈ രംഗത്ത് നൽകിയ സംഭാവനയാണ്. ഡോ. കെ. ഗോദവർമ്മയുടെ കേരളത്തിലെ സ്ഥലനാമങ്ങൾ (1942) എന്ന കൃതിയിൽ താരതമ്യാത്മകവും ശാസ്ത്രീയവുമായ ഒരു സ്ഥലനാമപഠനത്തിന്റെ ആവശ്യകത ചൂണ്ടിക്കാട്ടുന്നു. ഡോ. എൻ.എം. നമ്പൂതിരി, സാമൂതിരിചരിത്രത്തിലെ കാണാപ്പുറങ്ങൾ എന്ന പഠനത്തിലൂടെ കുന്നലക്കോന്റെ കുലനഗരിയായ കോഴിക്കോടിനെ ഗ്രന്ഥവരികളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു. എൻ.വി. കൃഷ്ണവാര്യരുടെ ഇന്ത്യയിലെ സ്ഥലനാമങ്ങൾ ജി. ത്രിവിക്രമൻ തമ്പിയുടെ സ്ഥലനാമ പ്രവേശിക തുടങ്ങിയ കൃതികൾ ശ്രദ്ധേയങ്ങളാണ്.

വ്യത്യസ്ത വിജ്ഞാനശാഖകളുടെ സഹായത്തോടെയാണ് ഇന്ന് സ്ഥലനാമ പഠനം പുരോഗമിക്കുന്നത്. സ്ഥലനാമങ്ങൾ നൽകുന്ന ആശയസൂചകശബ്ദങ്ങളിൽനിന്നും ആ നാടിന്റെ ചരിത്രവും ഭൂമിശാസ്ത്രവും മറ്റ് നാട്ടറിവുകളുമെല്ലാം ലഭ്യമാകുന്നു. സ്ഥലനാമങ്ങളുടെ അപഗ്രഥനത്തിന് പല മാർഗ്ഗങ്ങളും ഉപയോഗപ്പെടുത്തുന്നുണ്ട്. വലിയ ഭൂപ്രദേശത്തെ സ്ഥലനാമങ്ങളെക്കുറിച്ചുള്ള സമഗ്രപഠനത്തേക്കാൾ ചെറിയ പ്രദേശത്തെ ഉൾക്കൊള്ളുന്ന സൂക്ഷ്മപഠനങ്ങൾക്കാണ് (micro study) ഗവേഷകർ ഊന്നൽ നൽകുന്നത്. ഭാഷാശാസ്ത്രത്തിന്റെ രീതിപദ്ധതികൾ ഉപയോഗപ്പെടുത്തി, പദനിഷ്പത്തിയെയും അതിലെ ഘടകപദങ്ങളിലും അപഗ്രഥനവിധേയമാക്കുക എന്നത് സ്ഥലനാമപഠനങ്ങളുടെ ഒരു പ്രധാനമാർഗമാണ്. സ്ഥലനാമങ്ങളെ ഭാഷാഘടകമായി കണക്കാക്കിയാൽ ഒന്നോ അതിലധികമോ ശബ്ദങ്ങളുടെ സാന്നിധ്യം അവയിൽ കാണാം. ഒരുശബ്ദം മാത്രമുള്ള സ്ഥലനാമങ്ങളേക്കാൾ സമസ്തപദങ്ങളാണ് കൂടുതലും.

സ്ഥലനാമങ്ങളുടെ ഘടനയെ പരിശോധിച്ചാൽ നാല് ഘടകപദങ്ങൾ വരെ ചേർന്നുവരുന്ന സ്ഥലനാമങ്ങൾ നമുക്ക് കണ്ടെത്താനാകും. നാലിൽ കൂടുതൽ പദങ്ങൾ ചേർന്നുവരുന്ന ഇടങ്ങൾ വിരളമാണ്.

ഏകശബ്ദ നാമങ്ങൾ

- ഠാണ, പൊങ്ങം, മാള, പൊയ്യ

ദ്വിപദ നാമങ്ങൾ

- എട + തിരിഞ്ഞി - എടതിരിഞ്ഞി
- കീഴ് + താണി - കീഴ്ത്താണി

---

സ്ഥലനാമപഠനത്തിൽ താൽപര്യം പ്രകടിപ്പിച്ച മറ്റൊരാൾ ചട്ടമ്പിസ്വാമികളാണ്. സദ്ഗുരു മാസികയുടെ പല ലക്കങ്ങളിലായി ദേശനാമങ്ങളെക്കുറിച്ച് അദ്ദേഹം നടത്തിയ പഠനങ്ങൾ ശ്രദ്ധേയമാണ്. സ്ഥലനാമപഠന മേഖലയിൽ വി.വി.കെ. വാലത്തിന്റെ സംഭാവനകൾ സുപ്രധാനമാണ്. *കേരളത്തിലെ സ്ഥലചരിത്രങ്ങൾ* (1969), *ചരിത്ര കവാടങ്ങൾ* (1977) തുടങ്ങിയ കൃതികളിലൂടെ പാലക്കാട്, തൃശ്ശൂർ, തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിലെ സ്ഥലനാമങ്ങളെക്കുറിച്ച് അദ്ദേഹം നടത്തിയ പഠനങ്ങൾ സവിശേഷ ശ്രദ്ധയാകർഷിക്കുന്നതാണ്. 'മധ്യകാല കേരളത്തിലെ ഗ്രാമീണ സമൂഹരൂപീകരണം സ്ഥലനാമങ്ങളുടെ തെളിവുകൾ' എന്ന ലേഖനത്തിലൂടെ തൊഴിൽ കൂട്ടായ്മയിൽ അധിഷ്ഠിതമായ ഗ്രാമീണസമൂഹത്തെ അവതരിപ്പിക്കുകയാണ് എം.ആർ. രാഘവവാരിയർ. ഇവയ്ക്കുപുറമേ വിവിധ സർവ്വകലാശാലകളിൽ സ്ഥലനാമങ്ങളെ കുറിച്ച് നടത്തിയ ഗവേഷണപ്രബന്ധങ്ങൾ പ്രാധാന്യമർഹിക്കുന്നവയാണ്. കെ.ജി.ആർ. പണിക്കരുടെ കോട്ടയം ജില്ലയിലെ സ്ഥലനാമങ്ങൾ (മദ്രാസ് യൂണിവേഴ്സിറ്റി, 1979), എൻ.എം. നമ്പൂതിരിയുടെ കോഴിക്കോട് ജില്ലയിലെ സ്ഥലനാമങ്ങൾ (കാലിക്കറ്റ് യൂണിവേഴ്സിറ്റി, 1984), എം. നയിനാരുടെ കേരളീയശാസനങ്ങളിലെ സ്ഥലനാമങ്ങളെക്കുറിച്ചുള്ളപഠനം (കേരള സർവകലാശാല 1988), വി.കെ. ബിന്ദുവിന്റെ ചിറയിൻകീഴ് താലൂക്കിലെ സ്ഥലനാമങ്ങൾ (കേരള സർവകലാശാല, 1993), അനു റ്റി. അഗസ്റ്റിന്റെ ചേർത്തല താലൂക്കിലെ സ്ഥലനാമങ്ങൾ (എം.ജി. യൂണിവേഴ്സിറ്റി, 2015) തുടങ്ങിയവ അവയിൽ ചിലതുമാത്രമാണ്.

- നട + വരമ്പ് - നടവരമ്പ്

- പുൽ + ഊർ - പുല്ലൂർ

ത്രിശബ്ദ നാമങ്ങൾ

- കൊറ്റ + നൽ + ഊര് - കൊറ്റനല്ലൂർ

- വെൾ + കൽ + ഊര് - വെള്ളാങ്കല്ലൂർ

- പുത്തൻ + വേലി + കര - പുത്തൻവേലിക്കര

- പുലി + പാറ + കുന്ന് - പുൽപ്പാറക്കുന്ന്

ചതുഷ് ശബ്ദ നാമങ്ങൾ

- തിരു + കണ + മതിൽ + അകം - തൃക്കണാമതിലകം

- കൊമ്പ് + ഒടിഞ്ഞ + മാവ് + കൽ - കൊമ്പൊടിഞ്ഞാമാക്കൽ

വാമൊഴിയും വരമൊഴിയും വ്യത്യസ്തത പുലർത്തുന്ന സ്ഥലനാമങ്ങളുണ്ട്.

കൊമ്പൊടിഞ്ഞാമാക്കൽ - കൊമ്പിടി

കൊറ്റനല്ലൂർ - കൊറ്റല്ലൂർ

ഉച്ചാരണ സൗകര്യാർഥമുണ്ടാകുന്ന ഇത്തരം പരിണാമങ്ങളെ സ്ഥലനാമപഠിതാവ് പ്രത്യേകം ശ്രദ്ധിക്കണം. വളരെ പ്രസിദ്ധങ്ങളായ സ്ഥലപ്പേരുകളുടെ യഥാർത്ഥരൂപം കണ്ടെത്തുക ചിലപ്പോഴെങ്കിലും ദുഷ്കരമാവാറുണ്ട്.

ഭൂപരമായ ഒട്ടധികം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഇടമാണ് കേരളം. കാലാവസ്ഥാ വ്യതിയാനങ്ങളും അതിവർഷം, ഉരുൾപൊട്ടൽ പോലുള്ള പ്രകൃതി ദുരന്തങ്ങളും വസ്തുതകളുടെ സ്വാഭാവിക സംരക്ഷണത്തിന് വെല്ലുവിളിയാണ്. ഭൗമോപരിതലത്തിൽ തന്നെ കുന്നിൻപ്രദേശം സമതലമായും, പുഴ കരയായുമെല്ലാം മാറുന്ന പ്രകൃതിപ്രതിഭാസങ്ങളുണ്ട്. ഇത്തരം ഇടങ്ങളിലെല്ലാം സ്ഥലനാമങ്ങൾ വേരറ്റു പോകാതെ ഭാഷാപരമായ വാമൊഴി വ്യതിയാനങ്ങൾക്ക് വിധേയമായി നിലനിൽക്കുകയും ചെയ്യുന്നു. സ്ഥലനാമങ്ങളിൽ അന്തർഭവിച്ചു കിടക്കുന്ന പുരാണ അവശിഷ്ടങ്ങൾ ചരിത്രഗവേഷകർക്ക് അമൂല്യനിധിയാകുന്നു. പുരാവസ്തുവിജ്ഞാനത്തിന്റെ ഭാഗമായാണ് ചരിത്രപഠിതാക്കൾ സ്ഥലനാമങ്ങളെ കാണുന്നത്. ലിഖിതചരിത്രത്തിൽനിന്ന് വിട്ടുപോയവയെ കൂട്ടിച്ചേർക്കാൻ കഴിയുന്ന ഇടക്കണ്ണിയാകുന്നു സ്ഥലനാമങ്ങൾ.

ഇത്തരത്തിൽ ഭൂപ്രകൃതിക്കനുസരിച്ചും തൊഴിൽപരമായും മാത്രമല്ല, വൃക്ഷലതാദികൾ, പക്ഷിമൃഗാദികൾ, പൊതുസ്ഥാപനങ്ങൾ, ആകസ്മികസംഭവങ്ങൾ എന്നിവയെ

അടിസ്ഥാനമാക്കിയും സ്ഥലനാമങ്ങൾ നിലനിൽക്കുന്നു. ഭാഷാപരിവർത്തനം മൂലമോ ഉച്ചാരണ സൗകര്യാർത്ഥമോ, പരിഷ്കാരഭ്രമവും വൈദേശികസമ്പർക്കവും മൂലമോ രൂപ പരിണാമം സംഭവിച്ച സ്ഥലനാമങ്ങൾ ഒരു നാടിന്റെ സാംസ്കാരികചരിത്രം വിളിച്ചു പറയുന്നവയാണ്. ജനതയുടെ തൃണമൂലതലം (grass root level) തിരിച്ചറിയാൻ കഴി യുന്നു എന്നതുതന്നെയാണ് സ്ഥലനാമപഠനങ്ങളുടെ പ്രസക്തി.

### 1.3.2 വാമൊഴി

പ്രകൃതിയോടും സാമൂഹ്യജീവിതത്തോടും സാമാന്യജനം പ്രകടിപ്പിച്ചിരുന്ന വീക്ഷണവും അവരുടെ അറിവനുഭവങ്ങളും, നാടോടിപ്പാട്ടുകളായും, കഥകളായും, പഴഞ്ചൊല്ലുക ളായും, കടങ്കഥകളായും, ഐതിഹ്യങ്ങളും പുരാവൃത്തങ്ങളുമായുമെല്ലാം വാമൊഴിയി ലൂടെ തലമുറകൾ കൈമാറി വരുന്നു. കാർഷികജീവിതവുമായി ബന്ധപ്പെട്ട അറിവുകൾ പലപ്പോഴും രേഖപ്പെടുത്തപ്പെട്ടിട്ടില്ല. ആചാരനുഷ്ഠാനങ്ങളും വിശ്വാസങ്ങളും കലാപാ രമ്പര്യവും ചികിത്സാരീതികളും പാചകക്കൂട്ടുകളും കൈത്തൊഴിലുകളുമെല്ലാം വാമൊഴി യിലൂടെ സംക്രമിക്കുന്നു. അറിവിന്റെ സംഭരണവും വിതരണവും തന്നെയാണ് ഇവിടെ സാധ്യമാകുന്നത്. പ്രദേശികമായ അഭിരുചിഭേദങ്ങളും സാംസ്കാരികപ്രത്യേകതകളും ഇതിലൂടെ തിരിച്ചറിയാം.

ലോകത്തിലെ വിവിധ രാജ്യങ്ങളിൽ വാമൊഴി ശേഖരണവും അതിന്റെ വിശക ലനവും ചരിത്രപഠനത്തിന്റെ ഭാഗമായി കഴിഞ്ഞു. ദുരന്തമുഖങ്ങളിൽനിന്ന് രക്ഷപ്പെട്ട വരുടെ അനുഭവങ്ങൾ, പ്രവാസം, കുടിയേറ്റം, അടിമത്തം തുടങ്ങിയവമൂലം ദുരിതമനുഭ വിച്ചവരുടെ നേർസാക്ഷ്യങ്ങൾ, അവഗണിക്കപ്പെട്ട സ്ത്രീകൾ, വംശീയ ന്യൂനപക്ഷങ്ങൾ, നിരക്ഷരർ തുടങ്ങിയവരുടെ ദുരനുഭവങ്ങൾ തുടങ്ങിയവയെല്ലാം വാമൊഴി ചരിത്രത്തി ന്റെ ഉപാദാനങ്ങളാണ്. കേരള ചരിത്രരചനയിൽ അത്ര ഉപയോഗിക്കപ്പെട്ടിട്ടില്ല. സാമാന്യവൽക്കരിക്കപ്പെട്ട ഒരു ചരിത്രമാണ് കേരളത്തിന്റേത്. അമേരിക്കൻ ചരിത്ര കാരനായ അലൻ നെവിൻസാണ് വാമൊഴിയുടെ ചരിത്രം എന്ന ആശയത്തിന് രൂപം നൽകുന്നത്. അമേരിക്കൻ ഐക്യനാടുകളിൽ സർവകലാശാലകളുമായോ അക്കാദ

മിക് കേന്ദ്രങ്ങളുമായോ ബന്ധമില്ലാത്ത നിരവധി ഓർഗനൈസേഷനുകൾ വാമൊഴിച രിത്രം രേഖപ്പെടുത്തുന്നു.[21]

പ്രാദേശികചരിത്രരചനയുടെ സ്രോതസ്സുകളിൽ സുപ്രധാന പങ്കാണ് വാമൊഴി ചരിത്രത്തിനുള്ളത്. ഭൂതകാലത്തെക്കുറിച്ചുള്ള ഇന്നിന്റെ ഓർമ്മകളാണ് വാമൊഴി ചരിത്രരചനയ്ക്കാധാരം. "ദേശരാഷ്ട്രവീക്ഷണത്തിന്റെ വിശാലതയിൽനിന്ന് രൂപപ്പെടുത്തിയ ചരിത്രവീക്ഷണങ്ങളിൽ മുകളിൽനിന്നുള്ള കാഴ്ചയാണുള്ളത്. ഈ കാഴ്ചയിൽ പ്രാദേശികഘടകങ്ങൾ അപ്രസക്തമാവുകയോ മറയ്ക്കപ്പെടുകയോ ചെയ്യാം. എന്നാൽ വാമൊഴികളിലൂടെ വെളിച്ചം കാണുന്ന ജനങ്ങളുടെ ചരിത്രത്തിൽ സംഭവങ്ങളുടെ പട്ടിക വ്യത്യസ്തമാണ്. ഇവിടെ ചരിത്രരചനക്ക് പകരം നിൽക്കുന്ന ബദൽ ചരിത്രമെന്ന നിലയ്ക്കില്ല ഇവയ്ക്കു സ്ഥാനം. പ്രാദേശിക സവിശേഷതകളിൽ കേന്ദ്രീകരിക്കുന്ന സൂക്ഷ്മചരിത്രങ്ങളാണവ" എന്ന ഷംഷാദ് ഹുസൈന്റെ നിരീക്ഷണം ശ്രദ്ധേയമാണ് (2005:5). സാധാരണക്കാരന്റെ അറിവുകൾക്ക് മാന്യത കൽപ്പിക്കുന്ന രചനാരീതിയാണിത്.

---

[21] സ്റ്റോറി കോർപ്സ് (Story corps) ഇത്തരത്തിൽ അറിയപ്പെടുന്ന വാമൊഴിശേഖരണ കേന്ദ്രമാണ്. ബ്രിട്ടണിലെ 'ഓറൽ ഹിസ്റ്ററി സൊസൈറ്റി'യ്ക്ക് വാമൊഴിചരിത്രരചനയുടെ വികാസത്തിൽ വലിയ പങ്കുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ച് വെബ്സൈറ്റിലെ, ഓറൽ ഹിസ്റ്ററി മേക്കിങ് എന്ന ഇടത്തിൽ തിരഞ്ഞാൽ ബ്രിട്ടണിലേയും വടക്കൻ അയർലണ്ടിലേയും വാമൊഴി ചരിത്രത്തിന്റെ വിവരങ്ങൾ ലഭ്യമാകുന്നു. ഇറ്റാലിയൻ ചരിത്രകാരനായ അലസ്സാൻഡ്രോ പോർട്ടെല്ലിയുടെ (Alessandro Portelli, 1942) ദെ സെ ഇൻ ഹാർലൺ കൗഡി: ഏൻ ഓറൽ ഹിസ്റ്ററി (They Say in Harlan County: An Oral History, New York, NY: Oxford University Press, 2010) ദ ഓർഡർ ഹാസ് ബീൻ കാരീഡ് ഔട്ട്: ഹിസ്റ്ററി, മെമ്മറി ആന്റ് മീനിങ് ഓഫ് എ നാസി മസാകെയർ ഇൻ റോം (The Order Has Been Carried Out: History, Memory and Meaning of a Nazi Massacre in Rome, New York, NY: Palgrave Macmillan, 2003). ദ ബാറ്റിൽ ഓഫ് വാലി ജൂലിയ: ഓറൽ ഹിസ്റ്ററി ഏറ്റ് ദ ആർട്ട് ഓഫ് ഡയലോഗ് (The Battle of Valle Giulia: Oral History and the Art of Dialogue, Madison, WI: University of Wisconsin Press, 1997). ദ ടെക്സ്റ്റ് ആന്റ് ദ വോയ്സ്: റൈറ്റിങ്, സ്പീക്കിങ് ആന്റ് ഡെമോക്രസി ഇൻ അമേരിക്കൻ ലിറ്ററേച്ചർ (The Text and the Voice: Writing, Speaking and Democracy in American Literature, New York, NY: Columbia University Press, 1994). ദ ഡെത്ത് ഓഫ് ലൂയിജി ട്രാസ്റ്റലി ആന്റ് അദർ സ്റ്റോറീസ്: ഫോം ആന്റ് മീനിങ് ഇൻ ഓറൽ ഹിസ്റ്ററി (The Death of Luigi Trastulli and Other Stories: Form and Meaning in Oral History, Albany, NY: SUNY Press, 1991). തുടങ്ങിയ കൃതികൾ എടുത്തുപറയത്തക്കതാണ്. യൂറോപ്പിലെ വാമൊഴിചരിത്രശേഖരങ്ങളിലൊന്നായ മില്ലേനിയം മെമ്മറി ബാങ്ക് (MMB) ശേഖരിച്ച റെക്കോർഡുകൾ ബ്രിട്ടീഷ് ലൈബ്രറി സൗണ്ട് ആർക്കൈവ്സിന്റെ ഓറൽ ഹിസ്റ്ററി ശേഖരത്തിൽ സൂക്ഷിച്ചിരിക്കുന്നു. 2004 -ലാണ് 'ചൈനീസ് അസോസിയേഷൻ ഓഫ് ഓറൽ ഹിസ്റ്ററിസ്റ്റഡീസ്'സ്ഥാപിതമാകുന്നത്. വെർച്വൽ മ്യൂസിയം ഓഫ് സോവിയറ്റ് റിപ്രഷൻ ഇൻ ബെലാറസ് (virtual museum of Soviet Repression in Belarus), എന്നത് ഒരു വെർച്ചൽ മ്യൂസിയമാണ്. 2014 -ൽ ബ്രിജേഷ് സമർത്ത് (Brajesh Samarth) സ്ഥാപിച്ച 'സിഖ് ഡയസ്പറ പ്രൊജക്റ്റ്', 1984 -ൽ ഇന്ത്യയിൽനടന്ന സിഖ് കൂട്ടക്കൊലയ്ക്ക് ശേഷം അമേരിക്കയിലും കാനഡയിലും കുടിയേറിയ സിഖ് പ്രവാസികളുടെ അഭിമുഖങ്ങളാണ്.

ചരിത്രസംഭവങ്ങളിൽ പങ്കാളികളായവരുടെ ഓർമ്മകൾ മാത്രമല്ല പഴയ തലമുറയിൽനിന്ന് കേട്ടറിഞ്ഞ കാര്യങ്ങളും ഇവിടെ സ്വീകാര്യമാണ്. കണ്ടറിഞ്ഞതും കേട്ടറിഞ്ഞതുമായ വിവരങ്ങളെ ഓരോ ജനതയും തങ്ങളുടെ ബോധ്യങ്ങൾക്കനുസരിച്ച് പുനരവതരിപ്പിക്കുന്നു. അതുകൊണ്ടുതന്നെ ഭൂതകാലാഖ്യാനങ്ങൾ പലപ്പോഴും പഴമയുടേതല്ല, വർത്തമാനകാലത്തിന്റേതാണ്.

നിരീക്ഷണം, ചോദ്യാവലികൾ, ഫീൽഡ് വർക്ക് തുടങ്ങിയവയിലൂടെയാണ് വാമൊഴി വിവരശേഖരണം നടത്തുന്നത്. ലഭ്യമാകുന്ന വിവരങ്ങളുടെ പോരായ്മകൾ പരിഹരിക്കുന്നതിന് ജീവചരിത്രങ്ങൾ, ആത്മകഥകൾ, കത്തുകൾ, സാഹിത്യകൃതികൾ എന്നിവയെല്ലാം ആശ്രയിക്കാവുന്നതാണ്. ആവേദകന്റെ ദീർഘനിശ്വാസങ്ങളും മൗനങ്ങൾ തന്നെയും അർത്ഥവത്താക്കുന്ന സന്ദർഭങ്ങളാണത്.

ഓർമ്മകൾ ഓരോരുത്തരിലും വ്യത്യസ്തമാണ്. സംഭവങ്ങൾ ആവേദകന് എത്തരത്തിൽ അനുഭവവേദ്യമായി, എന്നതിനെ ആശ്രയിച്ചാണ് ഓർമ്മകളും അയാളിൽ നിലനിൽക്കുന്നത്. ആവേദകരുടെ ലിംഗം, ജാതി, മതം, അവർ ഇടപെട്ടസ്ഥലങ്ങൾ ഇവയെല്ലാം വ്യത്യസ്തമായിരിക്കുന്നിടത്തോളം അവരുടെ ഓർമ്മകളും വ്യത്യസ്തമായിരിക്കും. സ്ത്രീകളുടെ ഓർമ്മകളിൽ പൊതുവേ വ്യക്തിഗതാനുഭവങ്ങൾ കുറവാണ്. ഷംഷാദ് ഹുസൈന്റെ, മലബാർ കലാപത്തിന്റെ വാമൊഴി പാരമ്പര്യം എന്ന ഗവേഷണപ്രബന്ധം ഓർമ്മകളിലൂടെ കാലഘട്ടത്തെ അടയാളപ്പെടുത്തിയ പഠനമാണ്.

ജനസമൂഹത്തിന്റെ കൂട്ടായ്മകൾക്ക് പ്രാദേശികചരിത്രത്തിൽ നിർണ്ണായക സ്ഥാനമാണുള്ളത്. "വ്യക്തിസ്മരണയെ പോലെ തന്നെ പ്രധാനപ്പെട്ടതാണ് വാമൊഴി ചരിത്രരചനയിൽ സമഷ്ടിസ്മരണയും. ഒരു ഗ്രൂപ്പിനെ മുഴുവനായി ഇൻറർവ്യൂ ചെയ്യുന്നതിലൂടെയാണ് സമഷ്ടിസ്മരണയുടെ സമാഹരണം സാധ്യമാകുന്നത്. തെറ്റായ വിവരങ്ങൾ നൽകപ്പെടുമ്പോൾ ഗ്രൂപ്പിനുള്ളിൽനിന്ന് തന്നെ തെറ്റ് തിരുത്താനുള്ള പരിശ്രമങ്ങളും ഉണ്ടാകുന്നു. അതുകൊണ്ട് സമൂഹത്തിന്റെ വാമൊഴിചരിത്രം രചിക്കുന്നതിന് ഉപയോഗ്യമായ രീതിശാസ്ത്രമാണ് സമഷ്ട്യഭിമുഖം (collective memory). ഒരു ഗ്രാമത്തിൽ ഒരു പ്രദേശത്ത് അധിവസിക്കുന്ന കൂട്ടായ്മയുടെ പൊതുസ്വത്വത്തെ വെളിപ്പെടുത്തുന്ന സമുദായവാമൊഴിചരിത്രം അങ്ങനെയാണ് രൂപപ്പെടുത്തുന്നത്" എന്ന് രാജി ആർ.

നായർ, ആറൻമുളയുടെ പ്രാദേശികചരിത്രം എന്ന ഗവേഷണപ്രബന്ധത്തിൽ ചൂണ്ടി ക്കാട്ടുന്നു (2010:6). സമൂഹത്തിന്റെ പൊതുവായ സ്മരണകൾ കണ്ടെത്തുന്നതിന് സൃഷ്ട്യഭിമുഖങ്ങൾ സഹായകമാകുന്നു. ചരിത്രത്തിന്റെ വിധിനിർണയിക്കുന്നതിൽ ഇത്തരം കൂട്ടായ്മകൾക്ക് വലിയ സ്ഥാനമുണ്ട്.

ഒരു പ്രദേശത്തിന്റെ രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ വികാസ പരിണാമങ്ങളുടെ ചരിത്രം വ്യക്തി ബന്ധങ്ങളിൽനിന്നും അവർ ഇടപഴകിയ ജീവിത പരിസരങ്ങളിൽനിന്നും തിരിച്ചറിയുന്നതിന് വാമൊഴി ചരിത്രരചന നൽകുന്ന അറിവ് നിസ്തുലമാണ്. ലഭ്യമായ അറിവുകളെ ത്യാജ്യഗ്രാഹ്യവിവേചനത്തോടെ തിരിച്ചറിയുക എന്നത് പഠിതാവിന്റെ ഉത്തരവാദിത്വമാണ്.

## 1.3.3 ഐതിഹ്യങ്ങൾ

കെട്ടുകഥകൾക്കും ചരിത്രത്തിനുമിടയിലാണ് ഐതിഹ്യങ്ങളുടെ സ്ഥാനം. തലമുറക ളിലൂടെ പറഞ്ഞുവന്ന കഥകൾ, പലകാലങ്ങളിൽ പ്രചാരഭേദങ്ങളുടെ വ്യത്യസ്തമായ സാന്നിധ്യമറിയിക്കുന്നു. ദൈവികാംശമുള്ള അമാനുഷിക കഥാപാത്രങ്ങളാണ് പുരാ വൃത്തങ്ങളുടേതെങ്കിൽ മാനുഷികമെങ്കിലും അതിശയകരമായത് എന്ന പ്രതീതിയാണ് ഐതിഹ്യങ്ങൾ നൽകുന്നത്. സമീപഭൂതകാലത്ത് സംഭവിച്ച ചരിത്രംതന്നെ എന്ന ചിന്തയാണ് ഐതിഹ്യകഥകൾ വളർത്തുന്നത്. "പറയുന്നവയായാലും കേൾക്കുന്നവ യായാലും യാഥാർത്ഥ്യമെന്നുതന്നെ കരുതപ്പെടുന്ന ഗദ്യാഖ്യാനങ്ങളാണ് പുരാവൃത്തവും ഐതിഹ്യവും. പക്ഷേ കാലഗണനയിൽ വ്യത്യാസമുണ്ട്. പുരാവൃത്തങ്ങൾ വിദൂരഭൂത കാലത്തിന്റെയും ഐതിഹ്യങ്ങൾ ആസന്നഭൂതകാലത്തിന്റെയും സംഭാവനകൾ ആയി ട്ടാണ് കരുതപ്പെടുന്നത്" എന്ന് എം.വി. വിഷ്ണുനമ്പൂതിരി രേഖപ്പെടുത്തുന്നു (2007:219). ഇന്നത്തെ ലോകത്തിന്റെ പ്രതീതി നിറയ്ക്കുന്നു ഐതിഹ്യങ്ങൾ.

പ്രദേശങ്ങൾക്കും സ്ഥലനാമങ്ങൾക്കും ആചാരമര്യാദകൾക്കും ആരാധനാലയ ങ്ങൾക്കും സ്ഥാപനങ്ങൾക്കും മൃഗങ്ങൾക്കും വൃക്ഷങ്ങൾക്കും പ്രകൃതിപ്രതിഭാസങ്ങൾ ക്കും സാമൂഹ്യസ്ഥിതിഗതികൾക്കുമെല്ലാം ഐതിഹ്യങ്ങളുടെ പിൻബലം കണ്ടെത്താൻ ഓരോ സമൂഹവും ശ്രമിക്കുന്നുണ്ട്. ഇരിങ്ങാലക്കുട പട്ടണത്തിൽനിന്നും ഏകദേശം എട്ട് കിലോമീറ്റർ തെക്ക് - കിഴക്കായി സ്ഥിതിചെയ്യുന്ന കൊറ്റനല്ലൂർ എന്ന പ്രദേശ

ത്ത് ഒരു കല്ലുണ്ട്. വേലത്തി കല്ലായിത്തീർന്നെന്നാണ് ഇവിടെ പ്രചരിക്കുന്ന കഥ (നോ. അനുബന്ധം 1.5.1). ഒരിക്കൽ സന്ധ്യയായിട്ടും അലക്ക് തീരാത്ത വേലത്തി സൂര്യനോട് പ്രാർത്ഥിക്കുന്നു. എന്റെ അലക്ക് കഴിയുവോളം, മണ്ണിൽ കുത്തിയിറക്കുന്ന ഈ കമ്പ് ഊരുവോളം നീ അസ്തമിക്കാതെ അനങ്ങാതെ നിൽക്കുക എന്ന്. അലക്ക് കഴിഞ്ഞ് സൂര്യന് നന്ദി പറഞ്ഞ് കമ്പ് ഊരിയപ്പോൾ സൂര്യൻ പ്രസാദിച്ച്, "നീ തൊഴിലിനോടും അധ്വാനത്തോടുമുള്ള ആത്മബന്ധത്തിന്റെ പ്രതീകമായി മനുഷ്യകുലത്തിന് മാതൃകയായി എക്കാലവും ഇങ്ങനെ നിൽക്കട്ടെ"എന്ന വരം കൊടുത്തതാണെന്നും, "നീ ഇത്രനേരം എന്നെ അനങ്ങാതെ നിർത്തിയതല്ലേ, ഇനി ഞാൻ ചലിക്കും നീ അനങ്ങാതെ നിൽക്കുക"എന്ന് ശപിച്ചതാണെന്നും മറുപക്ഷം. സാമൂഹ്യമായ സമതുലനം ഫോക്‌ലോറിലൂടെ സംഭവിക്കും എന്നതിന് ഉദാഹരണമാണിത്.

ഐതിഹ്യമായിമാറുന്ന വ്യക്തികളും കുറവല്ല. കണ്ണകിയും കതിവന്നൂർവീരനും തച്ചോളി ഒതേനനുമെല്ലാം ഇത്തരത്തിൽ സമൂഹഹൃദയങ്ങളിൽ സ്ഥാനം നേടിയവരാണ്. അവരുടെ വിശ്വാസങ്ങൾ മാത്രമല്ല ആഗ്രഹങ്ങളും സ്വപ്നങ്ങളും ഭയവുമെല്ലാം ഐതിഹ്യങ്ങളുടെ രൂപം വരിച്ചിട്ടുണ്ട്.

പുരാവൃത്തങ്ങളും ഐതിഹ്യങ്ങളും തമ്മിൽ സന്ധിചേരുന്ന ഒരിടമുണ്ട്. ദിവ്യ ഐതിഹ്യങ്ങളാണത്. കേരളോല്പത്തിക്കഥയിൽ പരശുരാമൻ അത്തരമൊരു കഥാപാത്രമാണ്. മനുഷ്യകുലം എവിടെയെല്ലാം സമൂഹമായി ജീവിക്കുന്നുവോ അവിടെയെല്ലാം ഇത്തരം ഐതിഹ്യങ്ങൾക്ക് പ്രാധാന്യമുണ്ടായിരുന്നു. സാംസ്കാരികസ്വത്വത്തെ അടയാളപ്പെടുത്തുന്ന ഐതിഹ്യങ്ങളിൽ പ്രാദേശികത ഏറിനിൽക്കുന്നു എന്നത് ശ്രദ്ധേയമാണ്. ഒരു പ്രദേശത്ത് സമൂഹമായി ജീവിച്ച മനുഷ്യന്റെ ആചാരാനുഷ്ഠാനങ്ങളും ജീവിതശൈലികളും സദാചാരബോധ്യങ്ങളും വ്യക്തിബന്ധങ്ങളും ഇഷ്ടാനിഷ്ടങ്ങളും എല്ലാമടങ്ങുന്ന സാംസ്കാരികചിത്രം ഐതിഹ്യങ്ങളുടെ സൂക്ഷ്മവിശകലനത്തിൽ നിന്നും ലഭ്യമാണ്. ആ അർത്ഥത്തിൽ ഐതിഹ്യങ്ങൾ സംസ്കാരചരിത്രരചനയ്ക്ക് അമൂല്യസമ്പത്താണ്.

## 1.3.4 ആത്മകഥകൾ

പ്രാദേശികചരിത്രരചനയ്ക്ക് ഏകമുഖമായൊരു രീതിശാസ്ത്രമല്ല ഉള്ളത്. സൂക്ഷ്മചരിത്രാന്വേഷണത്തിൽ (Micro history) ബഹുമുഖവും വ്യതിരിക്തവുമായ മനുഷ്യന്റെ ദൈനംദിന ജീവിതത്തെ അടയാളപ്പെടുത്താൻ സാധിക്കും. സ്ഥൂലചരിത്രത്തിൽനിന്നും സൂക്ഷ്മചരിത്രത്തിലേക്കുള്ള ഈ മാറ്റം ജനാധിപത്യവൽക്കരണംതന്നെ എന്ന് പറയാം. അതിന് ആത്മകഥകൾ എത്രമാത്രം സഹായകമാകും എന്നത് ചിന്തനീയമാണ്. ആത്മകഥയിലെ ദേശം എന്നത് രാഷ്ട്രീയഭൂപടമല്ല മറിച്ച് അതൊരു അനുഭവഭൂപടമാണ്.

തീയതിയും ദിവസവും കുറിച്ചിട്ട ഡയറിക്കുറിപ്പുകളുടെ ആധികാരികതയ്ക്കുമപ്പുറത്ത് ആ വ്യക്തിയെ ഉൾക്കൊണ്ട കാലഘട്ടത്തിന്റെ സ്പന്ദനങ്ങൾ ആത്മകഥകളിൽ വായിച്ചെടുക്കാനാവും. "സ്വയം ചിത്രീകരിക്കപ്പെടുമ്പോഴും പൊതുമണ്ഡലവുമായി ബന്ധപ്പെട്ട നിൽക്കുന്ന ആഖ്യാനരീതിയാണ് ആത്മകഥകൾ പൊതുവേ സ്വീകരിച്ചുകാണുന്നത്. ആന്തരികസത്തയുടെ ആവിഷ്കാരം എന്നതിനേക്കാൾ ജീവിതസംഭവങ്ങളുടെ പ്രദർശനമെന്ന മട്ടിൽ ആത്മകഥാഖ്യാനത്തെ കാണേണ്ടിവരും" എന്ന് ഉദയകുമാർ അഭിപ്രായപ്പെടുന്നു (2014:316). ആത്മകഥാരചയിതാവ് തന്നെക്കുറിച്ചാണ് പറയുന്നതെങ്കിലും അതിലൂടെ ആ കാലഘട്ടത്തിലോ അതിനു മുൻപോ ജീവിച്ചിരുന്ന പലരുടെയും കഥയായി അത് മാറുന്നു. അവരുടെ ജീവിതാനുഭവങ്ങളും വ്യത്യസ്ത വ്യവഹാരങ്ങളും കൂടി കടന്നുവരുന്നതോടെ ഒരു പ്രദേശത്തിന്റെ ഹൃദയതാളം വെളിപ്പെടുത്തുന്ന ഒന്നായി ആത്മകഥ രൂപാന്തരം പ്രാപിക്കുന്നു. വ്യക്തിയിൽനിന്ന് കൂട്ടായ്മയിലേക്കുള്ള ഈ പകർന്നാട്ടം ആത്മകഥയുടെ ചരിത്രത്തിലെ വൈരുദ്ധ്യമാണ്. അതതു കാലഘട്ടങ്ങളിലെ സാംസ്കാരികസാഹചര്യങ്ങൾക്കുള്ളിൽനിന്നാണ് ആത്മചരിതങ്ങൾ സ്വത്വനിർണ്ണയം നടത്തുന്നത്. സാമ്പ്രദായികചരിത്രനിർമ്മിതിയുടെ മറുപുറങ്ങൾ ഈ ആത്മാഖ്യാനങ്ങളിൽനിന്നും തിരിച്ചറിയാൻ സാംസ്കാരികചരിത്രത്തിനു കഴിയും. സ്വകാര്യജീവിതത്തിൽനിന്നും ഭിന്നമായ സാമൂഹ്യപാഠങ്ങൾ ഇവരുടെ കൃതികൾ എഴുതിച്ചേർക്കുന്നുണ്ട്.

സ്വന്തം ചരിതം എന്നതിലുപരി ഒരു കാലത്തിന്റെയും സമൂഹത്തിന്റെയും ചരിത്രം വെളിപ്പെടുത്തുന്ന ആത്മകഥകൾ മലയാളത്തിൽ വിരളമല്ല. സമൂഹത്തിലെ മേൽ

- കീഴ് ബന്ധങ്ങളും കാഴ്ചപ്പാടുകളും ആത്മാഖ്യാനങ്ങളിൽ പ്രകടമാണ്. ലളിതാംബിക അന്തർജ്ജനത്തിന്റെ *ആത്മകഥയ്ക്ക് ഒരാമുഖം*, ദേവകിനിലയംകോടിന്റെ *യാത്ര കാട്ടിലും നാട്ടിലും, നഷ്ടബോധങ്ങളില്ലാതെ, ഒരു അന്തർജ്ജനത്തിന്റെ ആത്മകഥ* തുടങ്ങിയ കൃതികളിലും നമ്പൂതിരി - അന്തർജ്ജന വിപ്ലവങ്ങളുടെ നേരനുഭവങ്ങൾ ലളിതമായ ഭാഷയിൽ കുറിച്ചിടുന്നു. ആനി തയ്യിലിന്റെ *ഇടങ്ങഴിയിലെ കുരിശ്*, അജിതയുടെ *ഓർമ്മക്കുറിപ്പുകൾ* തുടങ്ങിയവയിലെല്ലാം വ്യത്യസ്ത ഇടങ്ങളിൽ സ്ത്രീ അപരവൽക്കരിക്കപ്പെടുന്നതെങ്ങനെ എന്നതിന്റെ നേർചിത്രങ്ങളുണ്ട്. ചെറുകാടിന്റെ *ജീവിതപ്പാത*യും സി. കേശവന്റെ *ജീവിതസമര*വും ജോസഫ് മുണ്ടശ്ശേരിയുടെ *കൊഴിഞ്ഞ ഇലക*ളും അതത് കാലങ്ങളുടെയും ഇടപെട്ട സാമൂഹ്യപ്രസ്ഥാനങ്ങളുടെയും ചരിത്രം വെളിവാക്കുന്നുണ്ട്.

പ്രാന്തവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ആത്മകഥകളും ജീവചരിത്രങ്ങളും സമകാലത്ത് ശ്രദ്ധിക്കപ്പെടുന്നുണ്ട്. നളിനി ജമീലയുടെ *ഒരു ലൈംഗിക തൊഴിലാളിയുടെ ആത്മകഥ*, ജെറീനയുടെ *ഒരു മലയാളി ഹിജഡയുടെ ആത്മകഥ*, സിസ്റ്റർ ജെസ്മിയുടെ *ആമേൻ*, ജി.ആർ. ഇന്ദുഗോപൻ എഴുതിയ *തസ്കരൻ മണിയൻപിള്ളയുടെ ആത്മകഥ* എന്നിവ ഇവിടെ എടുത്തു പറയത്തക്കതാണ്. കെ.കെ. കൊച്ചിന്റെ *ദളിതൻ*, കല്ലേൽ പൊക്കുടന്റെ *കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം*, സി.കെ. ജാനുവിന്റെ *ജാനു: സി.കെ. ജാനുവിന്റെ ജീവിതകഥ*, സെലീന പ്രക്കാനത്തിന്റെ *ചങ്ങറസമരവും എന്റെ ജീവിതവും* തുടങ്ങിയ ചില കൃതികൾ അവർ പ്രവർത്തിച്ച സാമൂഹ്യസമരങ്ങളുടെ ചരിത്രവും കൂടിയാണ്.

### 1.3.5 നവചരിത്രവാദം

ചരിത്രരചനാതന്ത്രങ്ങളെ പുനർനിർമ്മിക്കുന്ന ഒരു ചിന്താപദ്ധതിയാണ് നവചരിത്രവാദം. എൺപതുകളിൽ അമേരിക്കയിൽ ഉദയംചെയ്ത നവചരിത്രവാദചിന്തകൾ യാഥാസ്ഥിതിക ചരിത്രപഠനങ്ങളെയും സാഹിത്യവിശകലനരീതികളെയും അലോസ

രപ്പെടുത്തുന്നതാണ്.[22] ഘടനാവാദാനന്തരചിന്തകളിൽനിന്നും ആശയങ്ങളെ സ്വാംശീകരിച്ച സാഹിത്യവീക്ഷണമാണിത്.

ചരിത്രരചനയുടെ വസ്തുനിഷ്ഠതയ്ക്ക് പ്രാമുഖ്യം നൽകുന്നവർ സത്യസന്ധമായ ചരിത്രരചന എന്നത് സാങ്കേതികോപകരണങ്ങളുടെ സഹായത്താൽ മാത്രം സാധ്യമാകുന്നതാണ് എന്ന് വിലയിരുത്തുന്നു. ഇത്തരം സാങ്കേതികരേഖകളുടെ സഹായത്താൽ കണ്ടെത്തുന്ന ചരിത്രത്തെ, സത്യം എന്നതിലുപരി പാഠഭേദങ്ങളായി കാണുകയാണ് നവചരിത്രവാദം ചെയ്യുന്നത്. സാഹിത്യകൃതി അടയാളപ്പെടുത്തുന്ന ചരിത്രവസ്തുതകളെയാണ് അത് മുഖ്യമായും ആശ്രയിച്ചത്. സാഹിത്യപാഠവും യാഥാർത്ഥ്യവും നൽകുന്ന അറിവുകളെ അപഗ്രഥിക്കുകയും അത് സൃഷ്ടിച്ച സാമൂഹ്യശക്തികളെ തിരിച്ചറിയാൻ ശ്രമിക്കുകയുമാണ് നവചരിത്രവാദം ചെയ്യുന്നത്. ഗ്രന്ഥകർത്താവിന്റെ ഉദ്ദേശങ്ങളെയല്ല, ഉണ്ടായ കാലഘട്ടത്തിന്റെ സംസ്കാരത്തെയാണ് ആ കൃതി പ്രതിനിധീകരിക്കുന്നത്. “പാഠവും (text) പരിസരവും (Context) തമ്മിലുള്ള ബന്ധത്തെപ്പറ്റി നവചരിത്രവാദികൾ സങ്കല്പിക്കുന്ന നവീനമായരീതി സാഹിത്യവും ചരിത്രവും തമ്മിലുള്ള വേർതിരിവ് മായ്ച്ചുകളയുന്ന തരത്തിലുള്ളതാണ്” എന്ന് ദിലീപ് രാജ് അഭിപ്രായപ്പെടുന്നു (2000:25). സാഹിത്യകൃതികളെ അതിന്റെ ചരിത്രസന്ദർഭവുമായി ചേർത്തുവായിക്കുകയും ചരിത്രയാഥാർഥ്യങ്ങൾ എന്ന് പറയപ്പെട്ടിരുന്നവയെ ചോദ്യംചെയ്യുകയുമാണ് നവചരിത്രവാദം. പാഠവും പശ്ചാത്തലവും രണ്ടല്ല എന്ന തിരിച്ചറിവിലേക്കാണ് ഇത് നമ്മെ നയിക്കുന്നത്.

സാഹിത്യകൃതികളുടെ സാംസ്കാരികവിശകലനത്തിലും വിഷയസമീപനത്തിലും നവീനമാനങ്ങൾ രൂപപ്പെട്ടുവരുന്നു. സാഹിത്യത്തെ ചരിത്രത്തിന്റെ ഭാഗമായി പരിഗണിക്കുകയാണ് നവചരിത്രവാദം. എഴുതപ്പെട്ടകാലത്തിലെ സാമൂഹികാവസ്ഥയെ വിലയിരുത്താനായി ഇത് ഉപയോഗപ്പെടുത്തുന്നു. ഒരു സമൂഹഘടനയുടെ അധികാരപരിധിക്കുള്ളിൽനിന്നുകൊണ്ട് എഴുതപ്പെടുന്ന ലിഖിതങ്ങൾ എന്നും ആ കാലഘട്ടത്തെ പ്രതിഫലിപ്പിക്കുന്നുണ്ട്. പോയകാലത്തെ സമൂഹങ്ങൾ സൃഷ്ടിച്ചെടുത്ത ജീവനോപാ

[22] അമേരിക്കൻ വിമർശകനായ സ്റ്റീഫൻ ഗ്രീൻ ബ്ലാറ്റ്, ദ പവർ ഓഫ് ഫോംസ് ഇൻ ദ ഇംഗ്ലീഷ് റിനൈസൻസ് (The Power of Forms in the English Renaissance) എന്ന കൃതിയുടെ ആമുഖത്തിലാണ് ന്യൂ ഹിസ്റ്റോറിസം എന്ന പദം ആദ്യമായി ഉപയോഗിക്കുന്നത്. ന്യൂ ഹിസ്റ്റോറിസം എന്ന പേരിൽ ആരാം വീസർ എഡിറ്റു ചെയ്ത കൃതി നവചരിത്രവാദചിന്തകൾക്ക് കൂടുതൽ ഉണർവ്വേകി. കാലിഫോർണിയ സർവ്വകലാശാല പ്രസിദ്ധീകരിക്കുന്ന റപ്രസന്റേഷൻസ് (Representations) എന്ന ജേർണലാണ് നവചരിത്രവാദികളുടെ മുഖപത്രം.

ധികൾ തിരിച്ചറിയാനും ഇത്തരം പഠനങ്ങൾക്ക് കഴിയും. കാളിദാസനും കാലത്തിന്റെ ദാസനാകുന്നതവിടെയാണ്.[23] ചരിത്രത്തിന്റെ ദത്തശേഖരണം മാത്രമായി സാഹിത്യത്തെ ചുരുക്കി എന്നും കൃതിയുടെ സാഹിത്യഗുണങ്ങളെ അവഗണിക്കുന്നു എന്നുമുള്ള വിമർശനങ്ങൾ നവചരിത്രവാദം നേരിടുന്നുണ്ട്. എങ്കിലും ഈ പുതിയ സാഹിത്യസമീപനരീതി ചരിത്രരചനയ്ക്ക് പുതിയമാനങ്ങൾ നൽകുന്നു. അങ്ങനെ നവചരിത്രവാദം സംസ്കാരചരിത്രരചനയുടെ ഭാഗമാകുന്നു.

ഒരു നിശ്ചലഘടനയുമായിനിന്നുകൊണ്ട് ഘടകങ്ങളെ വേർതിരിച്ച് വിശകലനം ചെയ്യാൻ കഴിയുന്ന ഒരു രീതിപദ്ധതിയല്ല സംസ്കാരപഠനങ്ങളുടേത്. സംസ്കാരത്തെ ഒരു പ്രക്രിയയായി വിലയിരുത്തുകയും അതിന്റെ സാമൂഹ്യസാഹചര്യത്തിനകത്തു വച്ച് പഠനം നടത്തുകയും ചെയ്താൽ മാത്രമേ സംവാദാത്മകമായ ഒരു തുറന്ന പഠനപദ്ധതിയായി വികസിക്കാൻ അതിനു കഴിയൂ. ഒരു വിജ്ഞാനമേഖല എന്ന നിലയിൽ വലിയ പ്രതീക്ഷയാണ് സംസ്കാരപഠനം നൽകുന്നത്. സമൂഹത്തിന്റെ കീഴ്ത്തട്ടിൽനിന്നും ആരംഭിക്കുകവഴി ചരിത്രത്തെ കൂടുതൽ ജനകീയവൽക്കരിക്കാൻ സംസ്കാരചരിത്രത്തിന് സാധിക്കുന്നു.

ചരിത്രം തന്നെ ഒരു ആഖ്യാനമാണ് എന്ന് സംസ്കാരപഠനം പറയുന്നു. അറിവ് എന്നത് നിർമ്മിതമായ ഒന്നാണ്. ഏതെല്ലാം വസ്തുതകളെ അടിസ്ഥാനമാക്കിയാണ് ഈ അറിവ് നിർമ്മിച്ചെടുത്തത് എന്നത് പ്രധാനമാണ്. ലോകവീക്ഷണങ്ങൾ തമ്മിലുള്ള സംഘർഷാത്മകമായ തലം ഇവിടെ രൂപപ്പെടും. നിർമ്മിതമായ അറിവുകൾ ഏതെല്ലാം വസ്തുതകൾ അടിസ്ഥാനമാക്കിയാണ് നിർമ്മിച്ചെടുത്തത് എന്ന വിഷയം ചർച്ചയാകുന്നു. അതിൽനിന്നും അധീശത്വമാണ് അറിവുൽപാദനത്തിന്റെ കേന്ദ്രം എന്ന് കണ്ടെത്താനാകും. അവിടെ അപരവൽക്കരിക്കപ്പെട്ട ഒരുജനതയുടെ സംസ്കാരം കണ്ടെത്തുമ്പോൾ ചരിത്രം പ്രശ്നവൽകൃതമാകും. പരാജയങ്ങളിലാണ് മനുഷ്യചരിത്രമുള്ളത് എന്നവിടെ തിരിച്ചറിയുന്നു. പ്രാന്തവൽക്കരിക്കപ്പെട്ട ജനതയുടെ വിജയങ്ങൾ പരമ്പരാഗത ചരിത്രങ്ങളിൽ കാണാനാകുന്നില്ല.

[23] മണിപ്രവാളകൃതികളിലെ അങ്ങാടിവർണ്ണനകളിൽനിന്നും വിഭവോൽപാദനത്തിന്റെ ഭാഗമായി കേരളം മാറിയത് എങ്ങനെയെന്ന അടിസ്ഥാനവിവരങ്ങൾ സ്വാംശീകരിക്കാൻ കഴിയുമ്പോൾ അതൊരു പുതിയ ചരിത്രരചനാരീതി തന്നെയാകുന്നു. മലയാളത്തിലെ ലക്ഷണമൊത്ത ആദ്യ നോവലെന്നവകാശപ്പെടുന്ന *ഇന്ദുലേഖ,* അനാവരണം ചെയ്യുന്നത് ആ കാലഘട്ടത്തിന്റെ ചരിത്രംതന്നെയാണ്. സൂക്ഷ്മവിശകലനത്തിൽ കൊളോണിയൽ ഭരണത്തോടുള്ള ആഭിമുഖ്യം പ്രകടമാണ്. ചരിത്രരചനയിലെ സ്ഥാപിതതാൽപര്യങ്ങളെ അനാവരണം ചെയ്യുകയാണ് സി.വി.യുടെ ചരിത്രാഖ്യായികകളും.

ചരിത്രത്തിന്റെ അധിനിവേശരൂപങ്ങളെ തിരിച്ചറിയുകയും അവയിലേക്ക് വിരൽചൂണ്ടുന്ന ചില അടയാളങ്ങളോ പാതകളോ കണ്ടെത്തുകയും വേണം. അതിൽ നിന്ന് അവരുടെ ജീവിതം അന്വേഷിക്കണം. പരാജയഗാഥകളല്ല അത് എന്ന തിരിച്ചറിവാണ് സംസ്കാരചരിത്രത്തിനാധാരം. ഇത്തരത്തിൽ സാംസ്കാരികപാഠങ്ങളെ ചരിത്രവൽക്കരിക്കുമ്പോൾ, ചരിത്രം ചലനാത്മകമാണ് എന്ന് കാണാം. ഒരു സമൂഹ ത്തിന്റെ ജനാധിപത്യപരമായ സൂക്ഷ്മവിശകലനം ആണ് അവിടെ സാധ്യമാകുന്നത്. സംസ്കാരത്തെ നിരന്തരം ചലിപ്പിക്കുന്ന ഒന്നാണ് സംസ്കാരപഠനം.

നിശബ്ദരാക്കപ്പെട്ടവരുടെ ശബ്ദങ്ങൾ കേൾപ്പിക്കുക എന്നത് സംസ്കാരപഠന ത്തിന്റെ ഉത്തരവാദിത്വമാണ്. സ്ഥൂലചരിത്രത്തിൽനിന്നും സൂക്ഷ്മചരിത്രത്തെക്കുറിച്ചുള്ള ഈ അന്വേഷണം ചരിത്രപഠനത്തിന്റെ വളർച്ചയാണ്. അവിടെ സ്ഥലം വ്യത്യസ്ത മാണ്. സൂക്ഷ്മതലത്തിൽ എന്ത് സംഭവിച്ചു എന്നന്വേഷിക്കാതിരുന്ന ബൃഹതാഖ്യാന ങ്ങളോടുള്ള എതിർപ്പും ആധിപത്യവ്യവഹാരങ്ങളോടുള്ള കലഹവുമാണ് സൂക്ഷ്മചരി ത്രത്തിലൂടെ സാധ്യമാകുന്നത്. ഓരോ ദേശവും വ്യത്യസ്തവും വൈരുധ്യാത്മകവുമാണ് എന്ന് പ്രാദേശികചരിത്രം പറയുന്നു.

സംസ്കാരപഠനത്തിന്റെ രീതിശാസ്ത്രം ഉപയോഗിച്ചുകൊണ്ട് ഇരിങ്ങാലക്കുടയുടെ സാംസ്കാരികചരിത്രം അന്വേഷിക്കുമ്പോൾ അവിടെ ദേശവും സമൂഹവും എത്തരത്തി ലാണ് പ്രത്യക്ഷപ്പെടുന്നത് എന്ന് കണ്ടെത്താൻ ശ്രമിക്കുകയാണ് രണ്ടാമധ്യായത്തിൽ.

# അദ്ധ്യായം 2

# ദേശവും സമൂഹവും

നദീതടങ്ങൾ കേന്ദ്രമായി വളർന്നുവന്ന ഗ്രാമങ്ങളിൽ ശ്രദ്ധേയമായ സ്ഥാനമാണ് ഇരിങ്ങാലക്കുടയുടേത്. കേരളോല്പത്തിയിൽ പറയുന്ന 32 ഗ്രാമങ്ങളിൽ ഒന്നാണിത്.[1] പെരുവനം, ആവട്ടിപുത്തൂർ, തൃക്കണാമതിലകം എന്നിവ ചുറ്റിലുമുണ്ട്. "നീർനിലങ്ങളിൽ ബ്രാഹ്മണഗ്രാമങ്ങളും ക്ഷേത്രങ്ങളും ഉൾപ്പെട്ടുന്ന പുതിയ അധികാരകേന്ദ്രങ്ങൾ വളർന്നുവന്നു" (2002:14) എന്ന കെ.എൻ. ഗണേഷിന്റെ നിരീക്ഷണത്തോട് ചേർന്നു നിൽക്കുന്ന പ്രാദേശമാണ് ഇരിങ്ങാലക്കുട. പെരുമാക്കൻമാരുടെ കാലത്തെ ശിലാശാസനമാണ് ഇരിങ്ങാലക്കുടയെക്കുറിച്ച് ലഭ്യമായ ആദ്യ ആധികാരികരേഖ (നോ. അനുബന്ധം 1). പിന്നീടിങ്ങോട്ട് ഓരോ കാലത്തും ഇവിടുത്തെ രാഷ്ട്രീയാതിരുകൾ വ്യത്യസ്തമായിരുന്നു. ഇന്ന് മുകുന്ദപുരം താലൂക്കിലെ 33.57 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള നഗരസഭയാണ് ഇരിങ്ങാലക്കുട. കരുവന്നൂർപുഴ, പറപ്പൂക്കര, മുരിയാട്, കാറളം, വേളൂക്കര, പൂമംഗലം എന്നീ പഞ്ചായത്തുകൾ ഇരിങ്ങാലക്കുട നഗരസഭയുടെ അതിരുകളാണ്. ഇത്തരത്തിൽ ഓരോ കാലത്തും, ഭരണകേന്ദ്രവും രാഷ്ട്രീയഭൂപടവും മാറി വരു

[1]It could be seen that it was on the fertile plains rather than only hilly regions or the coastal tracts that the original settlements to shape. However, most settlements are on the banks of rivers; and many of them are found clustered in the more fertile regions. Thus, eight settlements out of the thirty two are found on the Pampa Valley, thirteen on the greater Periyar and five on the perar (Kesavan Veluthat, 2013:26)

മ്പോഴും, ഇരിങ്ങാലക്കുടയുടെ സാംസ്കാരികഭൂപടത്തിൽ ഇവിടുത്തെ ദേശവും സമൂഹവും എത്തരത്തിലാണ് ഇടപെട്ടത് എന്ന അന്വേഷണം ഏറെ പ്രസക്തമാണ്.

## 2.1 ശിലാരേഖകൾ

മഹോദയപുരം കേന്ദ്രമാക്കി നാടുഭരിച്ചിരുന്ന ചേരപ്പെരുമാക്കന്മാരുടെ കാലത്തെ ശിലാലിഖിതങ്ങളാണ് ഇരിങ്ങാലക്കുട ക്ഷേത്രത്തിലേത്. രാജവാഴ്ച നിലനിൽക്കു മ്പോഴും ക്ഷേത്രത്തെ നിയന്ത്രിച്ചിരുന്നത് നാലുതളി എന്ന ഉപദേശകസമിതിയായിരു ന്നു. മേൽത്തളി, കീഴ്ത്തളി, നെടിയതളി, ചിങ്ങപുരം തളി എന്നീ പേരുകളിൽ അവ അറി യപ്പെട്ടു. ഇവ യഥാക്രമം മൂഴിക്കുളം, ഐരാണിക്കുളം, പറവൂർ, ഇരിങ്ങാലക്കുട എന്നി വിടങ്ങളിലെ ക്ഷേത്രങ്ങളായിരുന്നു. സഭായോഗം എന്നും ഈ സമിതി അറിയപ്പെട്ടു. ക്ഷേത്രംവക സ്വത്തുക്കൾ കൈകാര്യം ചെയ്തിരുന്നത് ഈ സമിതിയായിരുന്നു. ബ്രാ ഹ്മണരായ ഇവർ ഊരാളന്മാർ എന്നാണ് അറിയപ്പെട്ടിരുന്നത്. ക്ഷേത്രം നടത്തിപ്പു മായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനങ്ങൾ എടുത്തിരുന്നത് ഇവരാണ്. ഈ സഭാ യോഗം ചേർന്നെടുത്ത തീരുമാനങ്ങളിൽ ഒന്നാണ് ഇരിങ്ങാലക്കുടയിൽനിന്നു ലഭിച്ച ആദ്യ ലിഖിതത്തിൽ കാണാനാകുന്നത് (നോ. അനുബന്ധം 1). ലിഖിതത്തിന്റെ ആശയം ഇപ്രകാരം സംഗ്രഹിക്കാം, സ്വസ്തി ശ്രീ. സ്ഥാണുരവിയുടെ പതിനൊന്നാം ഭരണവർഷത്തിൽ ഇരിങ്ങാടിക്കൂടലിലെ പരടയാരും ഇളയാരും തൃക്കൈകീഴ് കൂടി എതിരില്ലാതെ ചെയ്ത വ്യവസ്ഥയാണ് ഇത്. ഇരിണം നാടിന് പടിഞ്ഞാറ്, കുട്ടകൊളച്ചി റക്ക് വടക്ക്, ഉടയാറ്റിന് കിഴക്ക്, ... യറ്റിന് തെക്ക് ഇരുങ്ങാടിക്കൂടൽ. ഇടയിട്ടുള്ള സ്ഥ ലത്ത് പണയം വയ്ക്കാനും കൊള്ളാനും ഇവയെ ഊഴാനും ചോദിക്കാനും ഇവകളാൽ... പാടില്ല. ഈ വ്യവസ്ഥ ലംഘിച്ചാൽ ഊരാളർ അമ്മയെ കൊന്ന പാപികളാകും. ആ പാപികളെ സഹായിക്കുന്നവരും അതേ കുറ്റക്കാർ തന്നെ.

ഇരിങ്ങാടിക്കൂടൽ സ്ഥലനാമമാണ് (നോ. 2.2.1). പരടയാർ എന്നത് ഊരാള സഭയുടെ കാര്യദർശികളാണ്. മൂസ്സുമാർ എന്ന് പിന്നീട് അറിയപ്പെട്ടത് പരടയാർ ആണ്. കൂടൽമാണിക്യക്ഷേത്രത്തിലെ നിവേദ്യമായ മുക്കുടി പാകം ചെയ്യുന്നത് ഇവരാണ് (നോ. 2.7.2). ചിറയത്ത് ഇല്ലം, കുളമൺ ഇല്ലം എന്നിങ്ങനെ രണ്ട് കുടുംബങ്ങ ളാണ് മൂസ്സുമാരുടേതായി ഇന്ന് ഇരിങ്ങാലക്കുടയിലുള്ളത്. കീഴ്ശാന്തിയെ കൂടാതെ തിട

പ്പിള്ളിയിൽ കയറാൻ അവകാശമുള്ളത് ഇവർക്ക് മാത്രമാണ്. മൂസ്സമാർക്ക് കൂടൽമാണിക്യക്ഷേത്രത്തിൽ ഉണ്ടായിരുന്ന അവകാശങ്ങളുടെ പിന്തുടർച്ച ആയിരിക്കാം ഈ ആചാരം.

പരടയാരുടെ തൊട്ടുതാഴെയുള്ള അധികാരികളാണ് ഇളയാർ. പിന്നീട് ഇളയതുമാർ എന്ന് ഇവർ അറിയപ്പെട്ടു. ഇന്ന് ക്ഷേത്രപരിസരത്ത് വളരെ കുറച്ച കുടുംബങ്ങൾ മാത്രമാണ് ഇളയതുമാരായി ഉള്ളത്. നമ്പൂതിരി, നായർ കുടുംബങ്ങളിൽ ശേഷക്രിയ ചെയ്യാനായി ഇന്നും ഇളയതുമാർ എത്തിച്ചേരുന്നു.

ക്ഷേത്രവ്യവസ്ഥകൾ തീരുമാനിക്കുന്ന സഭായോഗത്തിന് അധ്യക്ഷത വഹിക്കുന്നത് പെരുമാളോ അദ്ദേഹത്തിന്റെ പ്രതിപുരുഷനോ ആയിരുന്നിരിക്കണം. തൃക്കൈ കീഴ്ക്കുടി എന്നാണ് ലിഖിതത്തിലെ പരാമർശം. അവർ എതിരില്ലാതെയാണ് (അവിരോധത്താൽ) സഭാതീരുമാനങ്ങൾ(ചവത്തൈ-വ്യവസ്ഥ) എടുത്തിരിക്കുന്നത്.

നാലതിരുകളാണ് പിന്നീട് പരാമർശിക്കുന്നത്. ഇരിനം നാടിന് പടിഞ്ഞാറ്, കുട്ടങ്കൊളച്ചിറയ്ക്ക് വടക്ക്, ഉടരാറ്റിന് കിഴക്ക്, ...യറ്റിന് തെക്ക് (തെക്കുള്ള പുഴയുടെ പേര് വ്യക്തമല്ല) എന്നീ ഇടങ്ങളിലെ സമ്പത്ത് വിൽക്കാനോ പണയം വയ്ക്കാനോ പാടില്ല. അങ്ങനെ ചെയ്താൽ അവർ അമ്മയെ കൊന്ന പാപം ചെയ്തതിന് തുല്യരാകും. ആ പാപികളോട് ചേർന്നുനിൽക്കുന്നവരും അതേ കുറ്റക്കാർ തന്നെ. അവരും അതേ ശിക്ഷയ്ക്ക് അർഹരാണ് എന്ന് സാരം.

ഇതിനിടയിൽ ഇടയീട് എന്നൊരു വാക്ക് കാണുന്നുണ്ട്. അത് മധ്യവർത്തിക്ക് ഭൂമിയിലുള്ള അവകാശത്തെയാണ് സൂചിപ്പിക്കുന്നത്. ഭരണകൂടത്തിനും കർഷകനും ഇടയിൽ ദേവസ്വത്തിന് ഭൂമിയുടെ മേലുള്ള അവകാശമാണിത്. ഭൂമിയുടെ മേലുള്ള അവകാശം ശ്രേണീബദ്ധമായി പങ്കുവെച്ച ഈ ഘടനയാണ് പിന്നീട് ജന്മിത്വം എന്ന് അറിയപ്പെട്ടത്. ഊഴവും എന്ന വാക്കിന്റെ അർത്ഥം വ്യക്തമല്ല. 'ഇവകളുക്കങ്ങളൈ യൂഴവും' എന്നാണ് പറയുന്നത്. ഊഴിയം എന്ന വാക്കിന് കൂലിയില്ലാത്ത വേല എന്ന് *ശബ്ദതാരാവലി* അർത്ഥം നൽകുന്നു. അടിമപ്പണിയെയായിരിക്കാം ഈ വാക്ക് സൂചിപ്പിക്കുന്നത്.

12 വരികൾ മാത്രമുള്ള ഈ ചെറുലിഖിതം ഗ്രാമഭരണസംവിധാനത്തെ തിരിച്ചറിയാൻ സഹായകമാണ്. അധികാരാവകാശങ്ങളും ഭൂബന്ധങ്ങളും ശ്രേണീബദ്ധമായ

ഒരു ഘടനയായി വർത്തിക്കുന്നു. ഊരാളസഭയുടെ സംഘടിത (കോർപ്പറേറ്റ്) സ്വഭാവം ലിഖിതത്തിൽ വ്യക്തമാണ്. ദേവസ്വത്തിന്റെ സ്വത്ത് സംരക്ഷിക്കപ്പെടാൻ ഊരാളസഭ ഐക്യകണ്ഠേന എടുത്ത തീരുമാനം എന്നാണ് രേഖ. രാഷ്ട്രീയസമ്മർദ്ധങ്ങളും തങ്ങളുടെ സ്ഥാനമാനങ്ങൾ നഷ്ടപ്പെട്ടുമെന്ന ഭയവും ഈ ഐക്യത്തിന് പിന്നിലുണ്ടായിരിക്കാം.

ഉള്ളടക്കത്തിന്റെ സ്വഭാവവും ഭാഷയുടെ രീതിയും അക്ഷരവടിവും കണക്കാക്കിയാൽ ഒന്നാമത്തെ ലിഖിതത്തേക്കാൾ ഒന്നര നൂറ്റാണ്ടിനെങ്കിലും ശേഷം ഉണ്ടായതാണ് രണ്ടാമത്തെ ലിഖിതം എന്ന് കരുതാം (നോ. അനുബന്ധം 2). തിരുവിതുങ്കാടിക്കൂടൽ മുക്കാൽ വട്ടത്തിലിരുന്ന് എടുത്ത തീരുമാനങ്ങളാണ് ഇത്. തിരുവിതുങ്കാടിക്കൂടൽ തേവരുടെ പറയൂർക്കാട് എന്ന ഭൂമി ശുകപുരത്തെ പൊതുവാൾ ഭാസ്കരനമ്പിനാർ തിരുവടിക്ക് ദാനമായി കൊടുക്കുന്നതാണ് രേഖയുടെ ഉള്ളടക്കം. അതിന് പടിഞ്ഞാറെ പോട്ട എന്ന പേരുമാറ്റി പാക്കരപുരം (ഭാസ്കരപുരം) എന്നാക്കി. ഈ ഭൂമിയുടെ ആദായത്തിൽനിന്നുള്ള പണംകൊണ്ട് നാനാഴി അരികൊണ്ട് നിവേദ്യം, ഒരു കെടാവിളക്ക്, ഉച്ചയ്ക്ക് നിവേദ്യം എന്നീ ക്ഷേത്രച്ചെലവുകൾ നടത്തണം.

കർക്കിടകത്തിൽ വ്യാഴം നിൽക്കുമ്പോൾ ചെയ്ത അട്ടിപ്പേറ് പ്രമാണമാണ് ഇത്. പാക്കര നമ്പിരാനാർ തിരുവടി പാക്കരപുരം പടിഞ്ഞാറ്റുപോട്ടയിലെ ആറും കരയും വയലും മടന്നയും ഉൾപ്പെട്ട പ്രദേശം മണിഗ്രാമക്കാരായ നാലുപേർക്ക് അട്ടിപ്പേറ്റ കാരാഴ്മ കൊടുത്തരുളി. അയിക്കരക്കോതൈ കുമരൻ, അതേ ഊരിലെ കണ്ടൻ കുമരൻ, ...നാകൻ കണ്ണൻ, അതേ ഊരിലെ കണ്ടൻ കുമരൻ എന്നിവരാണ് ആ നാലുപേർ. ഇവർ തങ്ങളുടെ കാരായ്മ ഉപയോഗിച്ച് ആറുവിളക്കിന്റെ ചെലവ് നടത്തണം. ഈ നാലുപേർക്കും ചുങ്കവും ത്രുക്കൂലിയും ഇല്ല. ഇവർ ജീവനക്കാർക്ക് പിഴയിടേണ്ടി വന്നാൽ അവർക്ക് തോന്നിയ പിഴ നിശ്ചയിച്ച് വാങ്ങാം. ഈ ചേരിക്കലിന് വള്ളുവനാട് അറുനൂറ്റവർ കാവൽ ആയിരിക്കും.

ഇരിങ്ങാലക്കുടയ്ക്കൊപ്പം പ്രസിദ്ധമായ ക്ഷേത്രകേന്ദ്രീകൃതമായ ബ്രാഹ്മണഗ്രാമമാണ് ശുകപുരം. എടപ്പാൾ അടുത്തുള്ള പ്രദേശമാണിത്. അവിടുത്തെ പൊതുവാളാണ് ഭാസ്കരനമ്പിനാരാർ തിരുവടിക്ക് ദാനമായി പറയൂർക്കാട് ഭൂമി നൽകുന്നത്. ഊരാളരുടെ സഭയിലെ കാര്യദർശിയാണ് പൊതുവാൾ. അദ്ദേഹമാണ് സഭായോഗത്തിനുവേ

ണ്ടി കച്ചങ്ങൾ നടപ്പിലാക്കുന്നത്. സ്വീകരിച്ച ഭാസ്കരനമ്പിനാരാകട്ടെ വളരെ ആദരണീയനായ വ്യക്തിയാണ് എന്ന് മനസ്സിലാക്കാം. തിരുവടി എന്നും കൊടുത്തരുള്ളി എന്നുമുള്ള ആചാരഭാഷ അതിന് തെളിവാണ്. പൊ.വ. 962 - 1020 കാലഘട്ടത്തിൽ ഭരണത്തിലിരുന്ന പെരുമാൾ തന്നെയാണോ ഇദ്ദേഹം എന്ന് വ്യക്തമല്ല. രാജാവോ രാജപ്രതിനിധിയോ ആയിരിക്കാം. 'പടിഞ്ഞായിറ്റ പോട്ട' എന്നത് ഇന്നത്തെ ഇരിങ്ങാലക്കുട പട്ടണം തന്നെയാണോ അതോ കൂടൽമാണിക്യക്ഷേത്രത്തിലേക്ക് തണ്ടികവരവെത്തിക്കുന്ന കിഴക്കേ പോട്ടയിലെ പ്രവൃത്തി കച്ചേരി ഭൂമിയാണോ എന്നത് വ്യക്തമല്ല.

ഈ ഭൂമി മണിഗ്രാമക്കാർക്ക് അട്ടിപ്പേർ (ജന്മാവകാശം) നൽകുന്നു എന്നത് ശ്രദ്ധേയമാണ്. മണിഗ്രാമം എന്നത് കച്ചവടക്കാരുടെ ഒരു സംഘമാണ്. ഇവർ വ്യാപാരം ചെയ്യുന്ന ചരക്കുകൾക്ക് ചുങ്കവും ത്രുക്കൂലിയും നൽകേണ്ടതില്ല. തരിസാപ്പിള്ളി ശാസനം അടക്കമുള്ള മറ്റ് ലിഖിതങ്ങളിലും വണിക് ഗ്രാമങ്ങൾക്ക് ഇത്തരം ഇളവുകൾ നൽകിയതായി കാണാം. ഇരിങ്ങാലക്കുടയ്ക്ക് അടുത്തുള്ള താഴേക്കാട് ലിഖിതത്തിലും മണിഗ്രാമക്കാരെക്കുറിച്ച് പരാമർശം ഉണ്ട് (നോ. 2.8.2). ഇരിങ്ങാലക്കുടയിലും പരിസരങ്ങളിലും വർത്തകസംഘങ്ങൾക്കുണ്ടായിരുന്ന പ്രാധാന്യമാണ് ഇത് സൂചിപ്പിക്കുന്നത്. വാണിജ്യപ്രാധാന്യമുള്ള ഒരു പ്രദേശമായിരുന്നു ഇരിങ്ങാലക്കുട എന്നും ഇതിൽനിന്ന് വായിച്ചെടുക്കാം. തൊട്ടടുത്ത മുസിരിസ് തുറമുഖത്തേക്ക് വനവിഭവങ്ങൾ എത്തിക്കാൻ ഈ മാർഗ്ഗം ഉപയോഗപ്പെടുത്തിയിരിക്കാം. ആ നിലയ്ക്ക് വർത്തകസംഘങ്ങളുടെ സാന്നിധ്യം ഇരിങ്ങാലക്കുടയിലും താഴെക്കാട്ടുമെല്ലാം സ്വാഭാവികമാണ്.

ഇവർക്ക് കാവലായി അറുനൂറ്റവരെയാണ് ഏൽപ്പിക്കുന്നത്. നാട്ടുവാഴികളുടെ സൈന്യത്തിന് നൂറ്റവർ എന്നാണ് പറയുക. ഇരിങ്ങാലക്കുടയ്ക്ക് അടുത്തുള്ള ഒരു പ്രദേശത്തിന്റെ സംരക്ഷണത്തിന് വള്ളുവനാട്ടിലെ അറുനൂറ്റവരെ ഏർപ്പെടുത്തിയത് എന്തിന് എന്നത് ചിന്തനീയമാണ്. ക്ഷേത്രസ്വത്തും സങ്കേതവും സംരക്ഷിക്കേണ്ട ചുമതല രാജാധികാരപരിധിക്കും അപ്പുറത്തുള്ള നാട്ടുവാഴികളും വഹിച്ചിരുന്നു എന്ന് വേണം മനസ്സിലാക്കാൻ. ഒരുപക്ഷേ കായംകുളത്തിന്റെ പ്രതിനിധി കൂടൽമാണിക്യക്ഷേത്രത്തിന്റെ ഭരണചുമതലയിൽ എത്തിയതും ഇത്തരം രീതികളിലൂടെയായിരിക്കാം (നോ. 2.7.5).

## 2.2 സ്ഥലനാമചരിത്രം

ചരിത്രത്തിന്റെ പുനർവായനയിൽ സ്ഥലനാമങ്ങൾ നൽകുന്ന അറിവ് സുപ്രധാന മാണ്. ചരിത്രരചനയിൽ വിട്ടുപോയ ഇടങ്ങളെ പൂരിപ്പിക്കുന്നതിനുതകുന്ന ഉപദാനങ്ങ ളാണ് സ്ഥലനാമങ്ങൾ. സ്ഥലനാമം കേവലം ഒരു പേര് മാത്രമല്ലെന്നും പല പൊരു ളിന്റെയും ആവിഷ്കാരമാണെന്നും മനസ്സിലാക്കാം. പൂർവ്വപശ്ചാത്തലത്തെക്കുറിച്ചുള്ള ഈ അന്വേഷണം നാടിന്റെ സാംസ്കാരികചരിത്രത്തിലേക്കുള്ള വാതിൽ കൂടിയാകുന്നു. സ്ഥലനാമങ്ങളുടെ വ്യാഖ്യാനഭേദങ്ങൾ പലപ്പോഴും തർക്കവിതർക്കങ്ങൾക്ക് കാരണ മാകാറുണ്ട്. അതുകൊണ്ടുതന്നെ സൂക്ഷ്മാപഗ്രഥനത്തിലൂടെ വേണം സ്ഥലനാമങ്ങളുടെ നിജസ്ഥിതി വിലയിരുത്തേണ്ടത്. എങ്കിലും, കൗതുകകരമായ തിരിച്ചറിവുകളിലേക്കാ യിരിക്കും ഇത് കൊണ്ടെത്തിക്കുന്നത്.

ചരിത്രവും ഭൂമിശാസ്ത്രവും മാത്രമല്ല, ജാതി -മത -ആചാരാനുഷ്ഠാനങ്ങളെക്കുറി ച്ചെല്ലാം അറിവു നൽകുന്നതിന് പഴയനാട്ടുപേരുകൾ സഹായകമാകുന്നു. അതുകൊ ണ്ടുതന്നെ സ്ഥലനാമപഠനങ്ങളുടെ സൂക്ഷ്മാപഗ്രഥനം പ്രാദേശത്തിന്റെ പ്രാചീനചരിത്ര ത്തെയും സംസ്കാരത്തെയും പഠിക്കാനുപകരിക്കുന്ന സുപ്രധാന മാർഗ്ഗമായി മാറുന്നു. വ്യ ത്യസ്ത വിജ്ഞാനശാഖകളുടെ സഹായത്തോടെയാണ് ഇന്ന് സ്ഥലനാമപഠനം പുരോ ഗമിക്കുന്നത്. സ്ഥലനാമങ്ങളുടെ ഘടനയും അവയുടെ നിരുക്തിയും ഭാഷാശാസ്ത്രപ ദ്ധതിയനുസരിച്ച് അപഗ്രഥിയ്ക്കാവുന്നതാണ്. ഭൂപരമായ ഒട്ടധികം മാറ്റങ്ങൾക്ക് വിധേ യമായിക്കൊണ്ടിരിക്കുന്ന ഇടമാണ് കേരളം. ഭൗമോപരിതലത്തിൽത്തന്നെ കുന്നിൻ പ്രദേശം സമതലമായും പുഴ കരയായുമെല്ലാം മാറുന്ന പ്രതിഭാസങ്ങളുണ്ട്. ഇത്തരം ഇടങ്ങളിലെല്ലാം സ്ഥലനാമങ്ങൾ വേരറ്റുപോകാതെ ഭാഷാപരമായ വാമൊഴി വ്യതി യാനങ്ങൾക്ക് വിധേയമായി നിലനിൽക്കുകയും ചെയ്യുന്നു.

ഐതിഹ്യങ്ങളെ പിൻപറ്റിയുള്ള സ്ഥലഗവേഷണം പലപ്പോഴും വിശ്വാസത്തി ന്റെയും ആചാരത്തിന്റെയും തലത്തിൽ മാത്രമാണ് ചേർന്നുനിൽക്കുക. പുരാവൃത്തങ്ങ ളെയും നാടോടിക്കഥകളെയും കൃത്യമായി അപഗ്രഥിക്കാൻ കഴിഞ്ഞില്ലെങ്കിൽ വലിയ അബദ്ധങ്ങളിലേക്കാവും ചെന്നെത്തുക. പ്രാദേശികചരിത്രത്തിൽത്തന്നെ നാട്ടുചരിത്ര ങ്ങൾ വ്യതിരിക്തമായിരിക്കുന്നത് എങ്ങനെയെന്ന് ഉദാഹരണസഹിതം വിവരിക്കുന്നി ടത്ത് സ്കറിയ സക്കറിയ അഭിപ്രായപ്പെടുന്നത് ശ്രദ്ധേയമാണ്, "നാട്ടുപേരിന്റെ നിഷ്പ

ത്തിവിചാരംതന്നെ ശ്രദ്ധിക്കുക. ഒന്നിലേറെ നിഷ്പത്തികൾ നാട്ടറിവിലുണ്ടാവും. ഈ വ്യത്യാസങ്ങൾ ഉൾക്കൊള്ളുന്നതാണ് നാട്ടുചരിത്രം. പ്രാദേശികചരിത്രത്തിന് ഈ നിഷ്പത്തികളെ അപഗ്രഥിച്ചും വിമർശിച്ചും 'സത്യം'കണ്ടെത്തി വിധി പ്രസ്താവിക്കാൻ വ്യാമോഹം ഉണ്ടാകാം. നാട്ടുചരിത്രം 'സത്യം പലതുണ്ട്'എന്ന് പ്രായോഗികമായി സമ്മതിക്കുന്നു" (2019:477). ഇത്തരത്തിൽ ഇരിങ്ങാലക്കുടയുടെ നാമോല്പത്തിക്ക് നിദാനമായ ചില സാംസ്കാരിക സാധ്യതകളെ അന്വേഷിക്കുകയാണിവിടെ.

ഭൂതവർത്തമാനകാലങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതും ചരിത്രരചനയിൽ വിട്ടുപോയ ഇടങ്ങളെ പൂരിപ്പിക്കുന്നതുമായ ഉപാദാനങ്ങളാണ് സ്ഥലനാമങ്ങൾ. ഭാഷയിൽ വാക്കിന്റെ നിരുക്തി കണ്ടെത്തുന്നതുപോലെത്തന്നെ ഗഹനമാണ് സ്ഥലനാമോൽപത്തിയെക്കുറിച്ചുള്ള അന്വേഷണവും. എങ്കിലും കൗതുകകരമായ തിരിച്ചറിവുകളിലേക്കായിരിക്കും ഇത് നമ്മെ കൊണ്ടെത്തിക്കുന്നത്. ആ അർത്ഥത്തിൽ ഇരിങ്ങാലക്കുടയുടെയും, അതിനകത്തെ വ്യത്യസ്ത ഇടങ്ങളുടെയും നാമോല്പത്തിക്ക് നിദാനമായ ചില സാധ്യതകളെ അന്വേഷിക്കുകയാണിവിടെ.

ഇരിങ്ങാലക്കുട എന്ന ദേശനാമത്തിലേക്ക് പ്രവേശിക്കുന്നതിനു മുൻപേ സംഗമഗ്രാമം, മുകുന്ദപുരം എന്നീ പേരുകളെ പരാമർശിക്കേണ്ടതുണ്ട്. കൂടൽമാണിക്യദേവനെ സംഗമേശ്വരൻ എന്നും വിളിച്ചുവരുന്നു. മണിപ്രവാളകൃതിയായ ചന്ദ്രോത്സവത്തിൽ ഇരിങ്ങാലക്കുടയെ സംഗമഗ്രാമം എന്ന് കുറിക്കുന്നു.

ഹരിണമിഴി, ഹവിർഭാഗേന നാകാലയാനാം
കുടവയറു കനപ്പിച്ചാസ്ഥിതാനാം ഗൃഹേഷു
ശ്രുതിമുഖരമുഖാ നാം ഭൂസുരാഗ്രസരാണാ -
മിത ചരതി സമാജം സംഗമഗ്രാമഭാജാം (1962:177)

ചന്ദ്രോത്സവത്തിലെ നാലാം ഭാഗത്തിൽ ഇരുപത്തിയാറാം ശ്ലോകമാണിത്. ഇരിങ്ങാലക്കുടയ്ക്ക് കുറച്ചകലെമാത്രം സ്ഥിതിചെയ്യുന്ന ചിറ്റിലപ്പിള്ളി എന്ന ദേശമാണ് ഇതിൽ നായികയുടേത്.

ലോകപ്രസിദ്ധ ജ്യോതിശാസ്ത്രജ്ഞനായ ഇരിഞ്ഞാടപ്പിള്ളി മാധവൻ സംഗമഗ്രാമമാധവൻ എന്നാണ് അറിയപ്പെടുന്നത് (നോ. 3.1). നദികളുടെ സംഗമസ്ഥാനമാണ് പേരിനു കാരണമായത് എന്നാണ് ഒരു വിശ്വാസം.

ബുദ്ധ - ജൈനമതങ്ങളുടെ സംഗമഭൂമിയായിരുന്നു എന്നത് മറ്റൊരു ചിന്ത യാണ്. ഇരിങ്ങാലക്കുട ആസ്ഥാനമായുള്ള താലൂക്കിന് മുകുന്ദപുരം എന്നാണ് പേര്. കൂടൽമാണിക്യ ദേവനായ മുകുന്ദനിൽനിന്നാണ് ഈ പേരിന്റെ ഉത്ഭവമെന്ന് കരുതുന്നു. മാണിക്യൻ എന്നത് ശിവന്റെ പര്യായപദങ്ങളിൽ ഒന്നായിരിക്കേ, ക്ഷേത്രം ആദ്യകാ ലത്ത് ശിവക്ഷേത്രമായിരുന്നിരിക്കണം. ശൈവ -വൈഷ്ണവമത്സരത്തിൽ അവസാനം വൈഷ്ണവപക്ഷത്തിന് വിജയം ലഭിക്കുകയും ശിവക്ഷേത്രം മുകുന്ദന്റെ ക്ഷേത്രമായി മാറു കയും ചെയ്തിരിക്കാം. "ഈ പരിവർത്തനം നടന്ന കാലത്തെ വൈഷ്ണവജനത അതിനെ ഒരു യുഗപകർച്ചയായി കൊണ്ടാടിയിരുന്നിരിക്കണം. തികച്ചും ദ്രാവിഡേതരമായ 'മുകു ന്ദപുരം' എന്ന സ്ഥലനാമം ക്ഷേത്രം സ്ഥിതിചെയ്യുന്ന പ്രദേശത്തിന് ലഭിച്ചത് ഈ കാല ഘട്ടത്തിലാണ്" എന്ന് വി.വി.കെ. വാലത്ത് അഭിപ്രായപ്പെടുന്നു (2003:130). സർക്കാർ രേഖകളിലുള്ള പല ഔദ്യോഗിക സ്ഥലനാമങ്ങളുടെയും ആസ്ഥാനം വ്യത്യസ്ത പേരു കളിലായിരിക്കും. മുകുന്ദപുരം എന്ന സ്ഥലം ഏത് എന്ന അന്വേഷണം ഇത്തരമൊരു അനിശ്ചിതത്വത്തിൽ കൊണ്ടുചെന്നെത്തിക്കും.

മുകുന്ദപുരം താലൂക്കിന്റെ ആസ്ഥാനം ഇരിങ്ങാലക്കുടയാണ്.[2] നടവരമ്പിനും വെളയനാടിനും ഇടയിലുള്ള ഒരു ക്ഷേത്രം മാത്രമാണ് ഇന്ന് മുകുന്ദപുരം എന്ന പേരിൽ കാണാനാകുന്നത്. *മെമ്മോയർ ഓഫ് ദി സർവേ ഓഫ് ട്രാവൻകൂർ ആൻഡ് കൊച്ചിൻ സ്റ്റേറ്റ്സ്*[3] എന്ന കൃതിയിൽ മുകുന്ദപുരം ജില്ലയെ നാല് ഉപവിഭാഗങ്ങളായി തിരിച്ചിരി ക്കുന്നതായി പറയുന്നു.[4] പിന്നീട് 26 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന, കേരളത്തിലെ ഏറ്റവും വലിയ താലൂക്കായി മുകുന്ദപുരം. ഭരണസൗകര്യാർത്ഥം 2013 മാർച്ചിൽ ചാല ക്കുടിയെക്കൂടി താലൂക്കാക്കി മാറ്റുകയും 13 ഗ്രാമപഞ്ചായത്തുകളായി മുകുന്ദപുരം പരിഷ്ക രിക്കുകയും ചെയ്തു.

---

[2]There is no town known as Mukundapuram, but Irringalacoday may be considered as the principal place in the district known under the above designation (Ward and Conner, 1994:247).

[3]ബ്രിട്ടീഷ് ഉദ്യോഗസ്ഥരായ ലഫ്റ്റനന്റ് വാർഡും കോണറും ചേർന്ന് 1816 മുതൽ 1820 വരെ നടത്തിയ തിരുവിതാംകൂർ, കൊച്ചി രാജ്യങ്ങളുടെ സ്ഥിതിവിവരക്കണക്കുകളും ഭൂപരവുമായ സർവേ കളും രണ്ട് ഭാഗങ്ങളായി ഉൾക്കൊള്ളിച്ചിട്ടുള്ളതാണ് മെമ്മോയർ ഓഫ് ദി സർവേ ഓഫ് ട്രാവൻകൂർ ആൻഡ് കൊച്ചിൻ സ്റ്റേറ്റ്സ് എന്ന കൃതി.

[4]Mukundapuram is divided into four sub -divisions, viz., Arreepaulum, Mahapoocaunum, Mukundapuram, Poodhoocaud, and Paddhanutoulum may be added to those divisions being a small detached tract dependant on this district. (Ward and Conner, 1994:247)

### 2.2.1 ഇരിങ്ങാലക്കുട

ഇരിങ്ങാലക്കുട എന്ന ദേശനാമോല്പത്തിക്ക് കാരണമായി പറയുന്ന വ്യത്യസ്ത അഭിപ്രായങ്ങളിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്.

1. ഇരു ചാലുക്ക് ഇടെ - രണ്ടു നദികൾ ചേരുന്ന ഇടം എന്ന അർത്ഥത്തിലാണ് ഈ പേരുവന്നത്.
2. 'ഇരിങ്ങ' എന്ന ശബ്ദത്തിൽ തുടങ്ങുന്ന ദേശങ്ങളിലെ ജൈനപാരമ്പര്യമാണ് ഇരിങ്ങാലക്കുടയിലും കാണുന്നത്.
3. ഇളങ്കോവടികളുമായി ബന്ധപ്പെടുത്തി ഇളം - കോ - ചേരക്കുടയാണ് ഇരിങ്ങാലക്കുടയായി മാറിയത്.
4. ഇരിങ്ങാലക്കുട ക്ഷേത്രത്തിൽ വളരെ വിശേഷപ്പെട്ട ഒരു കുട ആദ്യകാലത്ത് ഉണ്ടായിരുന്നു. അതിനാൽ കുട എന്ന ശബ്ദത്തിന് പ്രാധാന്യം നൽകിക്കൊണ്ടാണ് ഈ പേര് വന്നത്.
5. ബ്രാഹ്മണകഥകളിൽ കുലീപനിമഹർഷി യാഗം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 'ഇരുന്ന ശാലയിൽക്കൂടെ' യാണ് ഇരിങ്ങാലക്കുടയായത്.
6. ഇരിങ്ങാൽ കോട - വലിയകുന്നുള്ള പ്രദേശമാണ് ഇരിങ്ങാലക്കുട.
7. ഇരു 'അങ്ങാടിക്കൂടൽ' ആണ് ഇരിങ്ങാലക്കുടയായത്.
8. വിരിഞ്ഞ ആൽക്കുടയാണ് ഇരിങ്ങാലക്കുട.

സ്ഥാണുരവിയുടെ പതിനൊന്നാം ഭരണവർഷത്തിൽ എഴുതപ്പെട്ട (പൊ.വ. 855) ശിലാശാസനമാണ് സ്ഥലനാമത്തെ സംബന്ധിച്ച് ഇവിടെനിന്നും ലഭ്യമായ ഏറ്റവും പ്രാചീനരേഖ. വട്ടെഴുത്ത് ലിപിയിൽ എഴുതപ്പെട്ട ഈ ലിഖിതത്തിൽ, "സ്വസ്ഥി ശ്രീ. കോ. ത്താണു ഇരവിക്കു ച്ചെല്ലാനിന്റയാണ്ടു പതിനൊന്റാവതു. ഇവ്വാണ്ടു ഇരുങ്കാടി(ക്കുട)ൽ പരടൈയാരും, ഇളൈയാരും, തിരുക്കൈകീഴ് കൂടി (അ) വിരോധത്താൽ ചെയ്ത (ചപത്തൈ)യാവതു..." (BRVRI, vol.IX, p.48) എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. 'ഇരുങ്കാൽ കൂടൽ' എന്നാണ് സ്ഥലനാമം അറിയപ്പെടുന്നത്. പൊ.വ. 950 -1000

കാലഘട്ടത്തിൽ എഴുതപ്പെട്ടതെന്ന് കരുതുന്ന ഭാസ്കരനമ്പിനാർടെ ലിഖിതത്തിലാക ട്ടെ തിരുവിരുങ്കാടിക്കൂടൽ എന്ന പ്രയോഗമാണുള്ളത്. "സ്വസ്ഥി ശ്രീ തിരുവിരുങ്കാടി ക്കൂടൽ തുരുവടിയുടെ (പ) റൈയൂർക്കാടാകിന്റു പാർക്കര നമ്പിരാനാർ തിരുവടിക്കു ചോ (കി)രത്തു പൊതുവാളട്ടിക്കൊടുത്ത പൂമി..." (BRVRI, vol.IX, p.51).

ഇരുങ്കാൽ കൂടൽ എന്ന വാക്കിന് ഇരുചാൽ കൂടൽ എന്നോ ഇരുചാലുക്ക് ഇടെ എന്നോ അർത്ഥം നൽകിയാൽ കാൽ - ചാൽ എന്നായി മാറിയതാണ് എന്ന് അനു മാനിക്കാം. *ശബ്ദതാരാവലി*യിൽ കാൽ എന്ന പദത്തിന് നദിയിൽനിന്നുള്ള വെള്ളം കൊണ്ടുപോകുവാൻ വെട്ടി ഉണ്ടാക്കിയത് (ചാൽ) എന്നൊരർത്ഥവും കാണുന്നുണ്ട്. ഇരു + കാൽ + കൂടൽ എന്നതിലെ 'ക' എന്ന സ്വനിമം കാലക്രമേണ വിബന്ധനത്തിന് വിധേയമായി ക എന്നും ച എന്നും വേർപിരിയുന്നു എന്നുതന്നെ കരുതാം (പ്രഭാകരവാ രിയർ കെ.എം. & ശാന്ത അഗസ്റ്റിൻ, 2010:126-8). രണ്ട് എന്ന അർത്ഥത്തിൽ ഉപയോ ഗിക്കുന്ന 'ഇര്' എന്ന പദത്തിന് തൊട്ടുപിന്നാലെ വരുന്ന സ്വരവുമായി ഐക്യപ്പെട്ട് സവർണ്ണനം സംഭവിക്കുകയും ഇരിചാൽ എന്നായി മാറുകയും ചെയ്യുന്നു. അവിടെ, 'ക്വ ചിദദാദിദ്ദ്വ്യഃപരസ്യപഞ്ചമ' എന്ന സന്ധിനിയമമനുസരിച്ച് ഇരിങ്ങാലക്കട ആകാൻ സാധ്യതയുണ്ട്. അപ്പോഴും കൂടൽ എന്ന പദം കട എന്നായി മാറുന്നതെങ്ങനെയെന്നത് ചിന്തനീയമാണ്.

പാണ്ഡ്യരാജധാനിയായിരുന്ന മധുരയ്ക്ക് സംഘം കൃതികളിൽ കൂടൽ എന്ന പര്യായം കാണുന്നുണ്ട്. ചിലപ്പതികാരത്തിലെ മധുരൈകാണ്ഡത്തിൽ പല സന്ദർഭ ങ്ങളിലും കൂടൽ എന്ന പദമാണ് മധുരയ്ക്ക് പകരമായി ഉപയോഗിച്ചിട്ടുള്ളത് എന്ന് പി. നാരായണമേനോൻ ചൂണ്ടിക്കാട്ടുന്നു. തമിഴകത്തിന്റെ ഭൂമിശാസ്ത്രം എന്ന ഇളംകുളത്തി ന്റെ ലേഖനഭാഗം ഉദ്ധരിച്ചുകൊണ്ടാണ് നദികളുടെ സംഗമസ്ഥാനത്തെ പ്രാചീന മനു ഷ്യർ ആരാധനാഭാവത്തോടെയാണ് വീക്ഷിച്ചിരുന്നത് എന്ന് അദ്ദേഹം സ്ഥാപിക്കു ന്നത്. കൃഷ്ണനദിയോട് തുംഗഭദ്ര ചേരുന്നിടവും കൂടൽ തന്നെയാണ്. ആ നിലയ്ക്ക് ഇരിങ്ങാ ലക്കുടയും ഒരുകാലത്ത് രണ്ട് നദികളുടെ സംഗമസ്ഥാനമായിരുന്നുവെന്നും ധാരാളം ഭക്തജനങ്ങൾ തീർഥാടനത്തിന് എത്തിയിരുന്ന അവിടം ഒരു മഹാക്ഷേത്രം സ്ഥാപി ക്കപ്പെട്ടു എന്നും അദ്ദേഹം അനുമാനിക്കുന്നു (2021:49-50). കൂടൽ എന്നതിനെ കൂടിച്ചേ രുന്ന ഇടം എന്ന അർത്ഥത്തിൽ ഉപയോഗിക്കാം. രണ്ട് നിലയുള്ള ഗോപുരം എന്നും അർത്ഥം പറയുന്നു. കൂടൽ എന്ന വാക്കിന് മധുര എന്നും *ശബ്ദതാരാവലി* അർത്ഥം

പറയുന്നുണ്ട് (2009:629). വിവിധ നിലകളോട് കൂടിയ മധുരമീനാക്ഷി ക്ഷേത്രം സ്മരണീയമാണ്.

കുട എന്നത് വളഞ്ഞ (curved) എന്ന അർത്ഥത്തിലും ഉപയോഗിക്കാമെന്നു വരുമ്പോൾ രണ്ടു ചാലുകൾ വളഞ്ഞു ചേർന്ന പ്രദേശം എന്നും അർത്ഥം കൽപ്പിക്കാം. പക്ഷേ, 'ഇരുങ്കാടിക്കൂട'ലിലെ ഇരുങ്കാടി - ഇരുങ്കാലി ആകുമോയെന്ന് കേരളത്തിലെ സ്ഥലചരിത്രങ്ങൾ എന്ന കൃതിയിൽ വി.വി.കെ. വാലത്ത് സംശയിക്കുന്നു (2003:125). ഇന്ന്, ദേശനാമത്തെ ഇരിങ്ങാലക്കുട എന്നും ഇരിഞ്ഞാലക്കുട എന്നും അർത്ഥഭേദമെന്യേ ഉപയോഗിച്ചുവരുന്നു. ഇന്ന് ഇരിങ്ങാലക്കുട എന്ന പ്രയോഗത്തിനാണ് കൂടുതൽ പ്രചാരമുള്ളത്. ആദ്യകാല പ്രസിദ്ധീകരണങ്ങളിലും നോട്ടീസുകളിലും മറ്റും ഇരിഞ്ഞാലക്കുട എന്നാണ് കാണുന്നത്. എന്നാൽ റെയിൽവേസ്റ്റേഷൻ, സ്ഥാപനങ്ങൾ തുടങ്ങിവയിലെല്ലാം ഇന്ന് ഇരിങ്ങാലക്കുട എന്നാണ് എഴുതിയിരിക്കുന്നത്. ഞ - ങ്ങ വിനിമയത്തിന് കാരണമെന്തെന്ന് വ്യക്തമല്ല. മലയാളത്തിലെ വർണ്ണപരിണാമനിയമമനുസരിച്ച് താലവ്യസ്വരത്തെത്തുടർന്ന് തവർഗ്ഗാക്ഷരങ്ങൾ വന്നാൽ അവ താലവ്യവർഗ്ഗാക്ഷരമായി മാറും. ഉച്ചാരണപരമായ സൗകര്യവും മറ്റും പ്രമാണിച്ചാണ് ഈ മാറ്റം. ഈ മാറ്റം കണ്ഠ്യവർണ്ണത്തിലേക്കുകൂടി വ്യാപിച്ചാൽ ഇരിങ്ങാലക്കുട എന്ന രൂപം ഇരിഞ്ഞാലക്കുടയായി എന്നു പറയാം. എന്നാൽ, എതിർദശയിലുള്ള പരിണാമത്തിന് അധികം തെളിവുകൾ നിരത്താൻ സാധിക്കില്ല.

ഇരിങ്ങാലക്കുടയ്ക്ക് വടക്ക് കുറുമാലിപ്പുഴയും തെക്ക് ചാലക്കുടിപ്പുഴയും ഒഴുകുന്നു. ഈ നദികൾ ഒരുകാലത്ത് കൂടൽമാണിക്യക്ഷേത്രത്തിന്റെ പടിഞ്ഞാറേ ഗോപുരത്തിനടുത്തുവച്ച് ഒരുമിച്ചു ചേരുകയും തുടർന്ന് തെക്കോട്ടൊഴുകി കൊടുങ്ങല്ലൂർ കായലിൽ പതിക്കുകയും ചെയ്തിരുന്നു എന്നാണ് കരുതുന്നത്. പിന്നീട് പ്രകൃതിക്ഷോഭത്താൽ 'പുഴയൊഴുകുംവഴി' വേറെയായെന്നാണ് വി.വി.കെ. വാലത്ത് അഭിപ്രായപ്പെടുന്നത് (2003:125). നദികൾ ഗതിമാറിപ്പോയ സംഭവത്തെ സൂചിപ്പിക്കുന്ന സ്ഥലനാമമാവാം എടതിരിഞ്ഞി. ഇരിങ്ങാലക്കുടയിൽനിന്നും ഏകദേശം നാല് കിലോമീറ്റർ തെക്ക് പടിഞ്ഞാറ് മാറിയാണ് എടതിരിഞ്ഞി എന്ന പ്രദേശം. ഇരിങ്ങാലക്കുട എന്ന വാക്കിന് രണ്ടു പുഴകൾ ചേരുന്ന ഇടം (ഇരുങ്കാൽ കൂടൽ) എന്ന അർത്ഥം *ശബ്ദതാരാവലി*യും നൽകുന്നു. "ജലപ്രവാഹം ഇരു കൈവഴികളായി പ്രവഹിച്ചിരുന്നതിന്റെ മധ്യത്തിൽ മണൽ

വന്നുകൂടി ഉണ്ടായ ഞാൽനിലങ്ങളുടെ, അല്ലെങ്കിൽ ഇരു ചാലുകളുടെ ഇടയിൽ ക്ഷേത്രനിർമ്മാണം ചെയ്തു ദേവപ്രതിഷ്ഠ കഴിച്ചതുകൊണ്ടാണ് ക്ഷേത്രത്തിന് ഇരുചാൽക്കിട എന്ന പേരുണ്ടായത്" എന്ന് കുനേഴത്ത് പരമേശ്വരൻ സദ്ഗുരു മാസികയിലെഴുതിയ 'ഇരുഞ്ഞാൽക്കിട' എന്ന ലേഖനത്തിൽ അഭിപ്രായപ്പെടുന്നു (വി.വി.കെ. വാലത്ത്, 2003:225). പ്രസ്തുത നദികളുടെ ഗതി സൂക്ഷ്മമായി പരിശോധിച്ചാൽ രസകരമായ ചില വസ്തുതകൾ മനസ്സിലാക്കാം. കുറുമാലിപ്പുഴ, രാപ്പാൾ കഴിയുമ്പോൾ വടക്കോട്ടും ചാലക്കുടിപ്പുഴ, ചാലക്കുടി കഴിയുമ്പോൾ തെക്കോട്ടും തിരിയുന്നു. ഇന്ന് ആറാട്ട് നടക്കുന്ന ആ പ്രത്യേക സ്ഥാനങ്ങളിൽ വച്ചായിരിക്കണം അവയുടെ ഗതിമാറിയത്. കുറുമാലിപ്പുഴ പിന്നീട് മണലിയുമായി ചേർന്ന് കരുവന്നൂർ പുഴയാകുന്നു. ചാലക്കുടിപ്പുഴയാകട്ടെ, ചാലക്കുടി കഴിഞ്ഞ് രണ്ടുമൂന്നു മൈൽ തെക്ക് പടിഞ്ഞാറായിട്ടൊഴുകി പെട്ടെന്ന് കിഴക്കോട്ട് തിരിയുന്നു. തുടർന്ന് തെക്കോട്ടൊഴുകി അഞ്ചെട്ട് മൈൽ കഴിഞ്ഞ് വീണ്ടും പടിഞ്ഞാറോട്ടൊഴുകി പെരിയാറുമായി ചേരുന്നു. കുറുമാലിയും മണലിയും ചേരുന്നിടത്തോ ചാലക്കുടിയും പെരിയാറും ചേരുന്നിടത്തോ ക്ഷേത്രപ്രതിഷ്ഠ ഇല്ല എന്നതും ശ്രദ്ധേയമാണ്. നദീതീരത്തോ സമുദ്രതീരത്തോ മാത്രം നടത്തുന്ന മീനൂട്ട് ഇരിങ്ങാലക്കുട ക്ഷേത്രത്തിൽ ഉണ്ട് എന്നതും ക്ഷേത്രം നദീതീരത്ത് ആയിരുന്നു എന്ന വസ്തുതയ്ക്ക് ഉപോൽബലകമായി പി. നാരായണമേനോൻ ചൂണ്ടിക്കാട്ടുന്നു (2021:51-2).

പൊതുവേ ചെങ്കൽപ്രദേശമാണ് ഇരിങ്ങാലക്കുട. എന്നാൽ കൂടൽമാണിക്യ ക്ഷേത്രത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് മണലിന്റെ ആധിക്യമുള്ള ഭൂപ്രദേശങ്ങൾ കാണുന്നത് ഈ അഭിപ്രായങ്ങൾക്ക് ഉപോൽബലകമാണ്. ഇന്ന് കാലാവസ്ഥാവ്യതിയാനങ്ങളിലും പ്രകൃതിക്ഷോഭത്തിലും ആശങ്കാകുലരായ മലയാളിക്ക് ഗതിമാറി ഒഴുകിയ പുഴകളെ ഉൾക്കൊള്ളാനായേക്കാം. പൊ.വ. 1314 -ൽ ഉണ്ടായ മഹാപ്രളയം തീരദേശനഗരമായിരുന്ന കൊടുങ്ങല്ലൂരിലെ മുസരിസ് എന്ന തുറമുഖത്തെ ഇല്ലാതാക്കി (വസന്തൻ എസ്.കെ., 2009:24). കേരളത്തിന്റെ ഭൗമഘടനയിൽ വലിയമാറ്റമാണ് ഈ പ്രളയം സൃഷ്ടിച്ചത്. കേരളത്തിൽ മഴയ്ക്ക് തൊട്ടുമുൻപ് നടക്കുന്ന അവസാന ഉത്സവം ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിലേതാണ് എന്ന് *കേരളചരിത്രനിഘണ്ടു* ഓർമ്മപ്പെടുത്തുന്നു, "പ്രളയ സ്മാരകമായി ആരാധിക്കുന്ന ഭരതനാണ് ഇവിടെ പ്രതിഷ്ഠ. മഴ പെയ്യാതിരിക്കാൻ ഇരിങ്ങാലക്കുടയ്ക്ക് താമരമാലനേരുക എന്ന വഴിപാ

ട്ടുണ്ട്. ചില സ്ഥലങ്ങളിൽ പ്രളയസ്മാരകമായി ആരാധിക്കുന്ന ദേവനെ ഭരത് എന്ന് പറയാറുണ്ടത്രേ" (വസന്തൻ എസ്.കെ., 2005:143).

നദികളുടെ സംഗമസ്ഥാനം ദിവ്യമായി കരുതുന്ന സംസ്കാരത്തിന് ഉദാഹരണമാണ് അലഹബാദിലെ പ്രയാഗ്. എന്നാൽ, ചാലക്കുടിപ്പുഴയും കുറുമാലിപ്പുഴയും ഇരിങ്ങാലക്കുടയിൽ സംഗമിച്ചിരുന്നു എന്നതിന് വ്യക്തമായ തെളിവുകൾ ഒന്നും തന്നെയില്ല. കൂടൽമാണിക്യം ക്ഷേത്രത്തിലെ ആറാട്ട് ഒന്നിടവിട്ട് കുറുമാലിപ്പുഴയിലും ചാലക്കുടിപ്പുഴയിലും നടന്നുവരുന്നു എന്ന കാര്യം ഇവിടെ ശ്രദ്ധേയമാണ്. എന്നാൽ അത് ക്ഷേത്രം സ്ഥിതിചെയ്യുന്നത് ഈ നദികളുടെ സംഗമസ്ഥാനത്ത് ആണെന്നുള്ള വിശ്വാസത്തിന്റെ ഭാഗമായ ഒരാചാരം മാത്രമായിരിക്കാം എന്ന് *സമ്പത്തും അധികാരവും തൃശ്ശൂരിൽ നിന്നുള്ള കാഴ്ച* എന്ന കൃതിയിൽ ടി.ആർ. വേണുഗോപാലൻ വിലയിരുത്തുന്നു (2012:186). നദികളുടെ സംഗമസ്ഥാനം എന്നത് ക്ഷേത്രമിരിക്കുന്ന സ്ഥലത്തെ പവിത്രീകരിക്കാനുള്ള പ്രാചീന ജനതയുടെ ചിന്തയിൽ ഉടലെടുത്ത ആശയമായിരിക്കാം എന്നദ്ദേഹം കരുതുന്നു. സ്ഥലപേരിന് കാരണമായ പ്രധാന ചാലുകളെക്കുറിച്ച് അറിവ് ലഭിക്കാത്തിടത്തോളം ഉപരി ഗവേഷണങ്ങൾ നിർത്തിവെക്കുന്നത് ശരിയല്ലെന്നാണ് *കൊച്ചിയിലെ സ്ഥലനാമങ്ങൾ* എന്ന കൃതിയിൽ കോമാട്ടിൽ അച്യുതമേനോൻ അഭിപ്രായപ്പെടുന്നത് (1943:101). എന്നിരിക്കിലും ഭൂരിപക്ഷം പണ്ഡിതർക്കിടയിലും വിദ്യാസമ്പന്നരായ പ്രദേശവാസികൾക്കിടയിലും ഇരുചാലുകൾക്കിടയിലുണ്ടായിരുന്ന പ്രദേശമാണ് ഇരിങ്ങാലക്കുട എന്ന അഭിപ്രായത്തിനാണ് മുൻതൂക്കം.

സ്ഥലനാമത്തെക്കുറിച്ചുള്ള മറ്റൊരു ചിന്ത 'ഇരിങ്ങ' എന്ന ശബ്ദത്തെ സംബന്ധിച്ചുള്ളതാണ്. കൂടൽമാണിക്യക്ഷേത്രം ഭരതേശ്വരൻ പള്ളി എന്ന ജൈനക്ഷേത്രമായിരുന്നു എന്ന വിശ്വാസം പ്രബലമാണ് (നോ. 2.3). ആദ്യകാല ജൈനക്ഷേത്രങ്ങൾ ബ്രാഹ്മണാധിപത്യകാലത്ത് ഹൈന്ദവക്ഷേത്രങ്ങളായി പരിണമിച്ചിട്ടുണ്ട്. തമിഴ്നാട്ടിലെ കരുങ്ങാലക്കുടയിലുള്ള ജൈനഗുഹയും, കോഴിക്കോട്ടെ ഇരിങ്ങാല്ലൂർ എന്ന സ്ഥലത്തെ ജൈനസംസ്കാര സ്പർശികളായ മുനിയറകളും വടകരയ്ക്കടുത്തുള്ള ഇരിങ്ങണ്ണൂരിലെ ക്ഷേത്രവുമെല്ലാം ഇരിങ്ങാലക്കുടയുമായി നാമസാദൃശ്യം പുലർത്തുന്നു. പെരുമ്പാവൂരിലെ ഇരിങ്ങോൾകാവും മുകുന്ദപുരം താലൂക്കിലെ ഇരിങ്ങാപറമ്പും ശ്രദ്ധേയങ്ങളാണെന്ന് വി.വി.കെ. വാലത്ത് ചൂണ്ടിക്കാട്ടുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, "ഉച്ചാരണവൈകൃതത്താലോ മറ്റോ സംഭവിച്ചിരിക്കാവുന്ന അല്പസ്വല്പം വ്യത്യാസങ്ങളുടെ പൂപ്പ

ലുകൾ തുടച്ചുകളഞ്ഞാൽ എല്ലാ നാമങ്ങളുടെയും മൂലകന്ദം ഒന്നാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. സാദൃശ്യാത്മകമായ ഒരു ജൈനപാരമ്പര്യം ഈ സ്ഥലനാമങ്ങളിൽ പറ്റിപ്പിടിച്ചിരിക്കുന്നതിന്റെ നേരിയ ഛായകൾ നിശ്ശേഷം മാഞ്ഞിട്ടുമില്ല. ജൈനദേവതകൾക്കു ഗ്രാമ്യഭാഷയിൽ ഇരിങ്ങ ശബ്ദത്തിലടങ്ങിയതോ ആ ശബ്ദത്തെ ഉൾവഹിക്കുന്നതോ ആയ വല്ലവാക്കും ഉണ്ടായിക്കൂടെന്നില്ല" (2003:127). ഗുണ്ടർട്ടിന്റെ *മലയാളം-ഇംഗ്ലീഷ് നിഘണ്ടു, ശബ്ദതാരാവലി, മലയാളം ലക്സിക്കൺ* തുടങ്ങിയ ഗ്രന്ഥങ്ങളൊന്നും ഇരിങ്ങ എന്ന പദത്തെ പരിഗണിക്കുന്നില്ല. "ബ്രിട്ടീഷ് മലബാറിൽ ഉള്ള ഇരിങ്ങന്നൂർ, ഇരിങ്ങാട്, ഇരിങ്ങല്ലൂർ, ഇരിങ്ങാവൂർ, ഇരിങ്ങപ്പുറം എന്നീ സ്ഥലപ്പേരുകളിലെ 'ഇരിങ്ങ' എന്ന പദത്തിനു ശരിയായ അർത്ഥമെന്തെന്നറിയുന്നത് ഇരിങ്ങാലക്കുട എന്ന സ്ഥലപ്പേരിനെ പറ്റി അന്വേഷണം ചെയ്യുന്നവർക്ക് ഒരു സഹായമായിരിക്കും" എന്നാണ് കോമാട്ടിൽ അച്യുതമേനോന്റെ വിലയിരുത്തൽ (1943:107). എന്തായാലും ഇരിങ്ങാലക്കുടയുടെ ജൈനബന്ധസാധ്യതകൾ ചർച്ചയാണെന്നിരിക്കെ, ഇരിങ്ങ എന്ന പദത്തെ സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ ആവശ്യമാണ്.

തമിഴിലെ ഐപ്പെരുങ്കാവിയങ്ങളിൽ ഒന്നായ *ചിലപ്പതികാര*ത്തിന്റെ രചയിതാവാണ് ഇളങ്കോവടികൾ. ചേരൻ ചെങ്കുട്ടവന്റെ സഹോദരനെന്ന് കരുതുന്ന ഇദ്ദേഹവുമായി ബന്ധപ്പെടുത്തി ഇളം - കോ - ചേരക്കുടയാണ് ഇരിങ്ങാലക്കുടയായി മാറിയതെന്ന ഒരുവാദം നിലവിലുണ്ട്. ഇരിങ്ങാലക്കുടയുടെ ജൈനപാരമ്പര്യത്തിലേക്കും ചേരബന്ധത്തിലേക്കും ഒരുപോലെ ശ്രദ്ധക്ഷണിക്കുകയാണ് ഈ ചിന്ത. "ഇളങ്കോവടികൾ ഒരു ജൈനൻ ആയിരുന്നു എന്ന് വിശ്വസിക്കുന്നവർ ഉണ്ട്. കോട്ടം എന്നത് ജൈനരുടെ അമ്പലത്തിനുള്ള പേരാണ്. ഒരുവിധം നോക്കുമ്പോൾ ഇതും സ്ഥലപ്പേരിനും പ്രതിഷ്ഠക്കും യോജിക്കുന്നുണ്ട്... ഗുണവായിൽ കോട്ടം എന്നുള്ള പദത്തിന് കിഴക്കോട്ട് മുഖമായകോട്ടം എന്ന് മാത്രം അർത്ഥമുള്ള സ്ഥിതിക്ക് ഇരിങ്ങാലക്കുടയ്ക്ക് ഈ പേർ അധികം അനുയോജ്യമായിരിക്കും" എന്ന് പറഞ്ഞുകൊണ്ട് കോമാട്ടിൽ അച്യുതമേനോൻ ഈ വാദത്തെ സ്ഥാപിക്കുന്നു (1943:106). ഇളങ്കോവടികൾ താമസിച്ചിരുന്നത് വഞ്ചി നഗരത്തിന് കിഴക്കുള്ള കുണവായിൽ കോട്ടയിലാണ്. ഇത് തൃക്കണാമതിലകം ആണെന്നാണ് *കോകസന്ദേശ*ത്തിൽനിന്നും *ചിലപ്പതികാര*ത്തിൽനിന്നും മറ്റും ലഭിക്കുന്ന അറിവുകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നത്.

*കേരളസംസ്കാരചരിത്രനിഘണ്ടു*വിൽ ഡോ. എസ്.കെ. വസന്തൻ, ഇളങ്കോവടികൾ, ഇളം കോ ചേരൻ ഇവിടെ താമസിച്ചിരുന്നു എന്നും ഇളം കോ ചേരക്കുടയാണ് ഇരിങ്ങാലക്കുട ആയത് എന്നും അഭിപ്രായപ്പെടുന്നത് (2005:143). സന്യാസം സ്വീകരിച്ചിട്ടുള്ള ആളാണത്രേ ഇളങ്കോവടികൾ. ആ നിലയ്ക്ക് കൂടൽമാണിക്യക്ഷേത്രത്തിലെ തച്ചുടയക്കൈമൾ സ്ഥാനം ഇതോടു ചേർത്തു വായിക്കുകയും 'മാണിക്കൻ കേരളൻ' എന്ന സ്ഥാനപ്പേരിലെ കേരളൻ ചേരരാജവംശത്തിന്റെ പിന്തുടർച്ചയാണ് എന്ന് കരുതുകയും ചെയ്യുന്നു. ചേരചിഹ്നമായി 'കുട'പരാമർശിക്കുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്.

ഇരിങ്ങാലക്കുട എന്ന സ്ഥലനാമത്തിലെ കുട എന്നത് വിശേഷവാചിയായി സ്വീകരിക്കേണ്ടതുണ്ട് എന്ന് കോമാട്ടിൽ അച്യുതമേനോൻ വാദിക്കുന്നു. "കൊച്ചി ഗവൺമെന്റ് റിക്കാർഡുകളിൽ ഈ സ്ഥലപ്പേര് ചിലപ്പോൾ ഇരിങ്ങാടക്കുട എന്ന രൂപത്തിൽ കാണാം. കൊച്ചിയും ഈസ്റ്റിന്ത്യാ കമ്പനിയുമായി ഉണ്ടായ ഉടമ്പടിയിൽ ഈ സ്ഥലത്തിന് 'യിരിങ്ങാനക്കുട' എന്നാണ് പേര് പറഞ്ഞിരിക്കുന്നത്, 'ആനക്കുട'യായാലും 'ആടക്കുട'യായാലും ഒരു 'കുട'യെ ഉദ്ദേശിച്ചാണ് വിവരണമെങ്കിൽ അതിന്റെ രൂപത്തിൽ വലിയ വ്യത്യാസം ഉണ്ടാകുമെന്ന് തോന്നുന്നില്ല... ഇരിങ്ങാലക്കുട ദേവസ്വം വക ഒരു 'രീരാളിക്കുട നന്നാക്കുവാനായി നേരിട്ടു മേലന്വേഷണം നടത്തുവാൻ മുകുന്ദപുരം തഹസിൽദാർക്ക് 1052 -ൽ അന്നത്തെ ദിവാന്റെ ഒരു കല്പന ഞാൻ കണ്ടിട്ടുണ്ട്! രീരാളിക്കുട ഇരിഞ്ഞാലക്കുട ആയതാണോയെന്ന് സംശയിക്കാം. 'വിരിഞ്ഞ ആടക്കുട' ആയാലും ഈ കുടയെ അടിസ്ഥാനപ്പെടുത്തി തന്നെയാകും സ്ഥലനാമം" എന്നിങ്ങനെ കോമാട്ടിൽ അച്യുതമേനോൻ തന്റെ വാദത്തിന് ഉപോൽബലകമായി തെളിവുകൾ നിരത്തുന്നു (1943:103-4). *കേരളസംസ്കാരചരിത്രനിഘണ്ടു*വിൽ ഡോ.എസ്.കെ. വസന്തനും ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട് (2005:143).

ഇരിങ്ങാലക്കുടയ്ക്ക് കിഴക്ക് ഭാഗത്തായി കൊടകരയും പാടിഞ്ഞാറ് പെരിഞ്ഞനത്തിനടുത്തുള്ള പൊൻമാനിക്കുടവും കുട എന്ന ശബ്ദത്തെ ആശ്രയിക്കുന്നുണ്ട്. ഇരയാൽ എന്നത് പഴയകാലത്ത് നടപ്പുണ്ടായിരുന്ന ഒരു വെള്ളിനാണയമാണ്. ഇരയാൽക്കുട ആയാലും വെള്ളിക്കുട എന്നോ ഇരയാൽ തൂക്കിയിട്ട കുട എന്നോ അർത്ഥം കിട്ടുന്നതാണ്. ബ്രിട്ടീഷ് ഭരണകാലഘട്ടത്തിനു മുൻപുതന്നെ ഇരിങ്ങാലക്കുട എന്ന ദേശനാമം പല പരിവർത്തനങ്ങളിലൂടെ കടന്നുവന്നിട്ടുണ്ട്. ഏതായാലും ഇരിങ്ങാലക്കുട എന്ന

പദത്തിന്റെ പരിവർത്തനഘട്ടങ്ങളിൽ കട എന്ന പദത്തെ വിശേഷവാചിയായി സാഹചര്യങ്ങൾക്കനുസരിച്ച് പ്രദേശവാസികൾ സ്വീകരിച്ചിരിക്കാനും ഇടയുണ്ട്.

ഐതിഹ്യത്തെ അടിസ്ഥാനപ്പെടുത്തി സ്ഥലനാമോൽപത്തി കണ്ടെത്താനുള്ള ശ്രമങ്ങളും ഉണ്ടായിട്ടുണ്ട്. 'ഇരുന്നശാലയിൽക്കൂടെ' എന്നതിൽനിന്ന് പരിവർത്തനം വന്ന പദമാണ് ഇരിങ്ങാലക്കുട എന്ന വാദം ബ്രാഹ്മണകഥകളിൽനിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്. കൂടൽമാണിക്യക്ഷേത്രമതിൽക്കെട്ടിനകത്ത് തീർത്ഥം എന്നറിയപ്പെടുന്ന കുളം സ്ഥിതി ചെയ്യുന്നിടത്ത് പുരാതനകാലത്ത് കുലീപനി എന്ന മഹർഷി യാഗം ചെയ്തു. അദ്ദേഹത്തിന്റെ തീവ്രമായ തപശ്ശക്തികൊണ്ട് യജ്ഞപുരുഷൻതന്നെ പ്രത്യക്ഷനാവുകയും മുനിയുടെ അടുത്തിരുന്നരുളുകയും ചെയ്തു എന്നാണ് കഥ. ഇതു കണ്ട് അത്ഭുതം പൂണ്ട ആളുകൾ 'ഇരുന്ന് ആൾ കൂടെ' എന്നോ 'ഇരുന്നശാലയിൽക്കൂടെ' എന്നോ പറഞ്ഞു തുടങ്ങുകയും കാലപ്പഴക്കത്തിൽ ഇരിങ്ങാലക്കുടയായി ത്തീരുകയും ചെയ്തു എന്നാണ് വിലയിരുത്തൽ. മറ്റൊന്ന്, കുടപോലെയുള്ള മഹർഷിയുടെ പർണ്ണശാലയിലെ ഹോമകുണ്ഡത്തിൽ സദാ എരിഞ്ഞുകൊണ്ടിരുന്ന അഗ്നികുണ്ഡത്തെ അനുസ്മരിച്ച് എരിഞ്ഞാടിക്കുടയെന്ന് പറഞ്ഞുവന്നു എന്നതാണ്.

ഭൂപരമായ മറ്റൊരു പ്രത്യേകതയിലേക്കാണ് ചട്ടമ്പിസ്വാമികളുടെ ശ്രദ്ധ തിരിയുന്നത്. "ഇരിങ്ങ് + കാൽ + കോട് - ഇരിങ്ങാൽ കോട = ഇരിങ്ങാലക്കുട എന്നായിത്തീർന്നു. ഈ വാക്കിന്റെ അർത്ഥം വലിയ കുന്നുള്ള പ്രദേശം എന്നാണ്. ഈ സ്ഥലം പരിശോധിക്കുന്നവർക്ക് അത് വ്യക്തമാകും" (2016:941). മങ്ങാടിക്കുന്ന്, ചന്തക്കുന്ന് തുടങ്ങിയ ഇടങ്ങൾ ഇരിങ്ങാലക്കുടയിലുണ്ട്. സാമാന്യത്തിൽനിന്ന് കുറച്ച് ഉയർന്ന പ്രദേശമാണ് ഇവിടം. എങ്കിലും പദനിരുക്തിയെ സംബന്ധിച്ച വിശദാംശങ്ങൾ ഒന്നും അദ്ദേഹം നൽകുന്നില്ല.

സ്ഥാണുരവിയുടെ പതിനൊന്നാം ഭരണവർഷത്തിലേതെന്ന് കരുതുന്ന കൂടൽമാണിക്യക്ഷേത്രലിഖിതത്തിൽ ഇരുങ്കാടിക്കൂടൽ എന്ന സ്ഥലനാമസൂചനയെ ഇരു 'അങ്ങാടിക്കൂടൽ' എന്ന് വ്യാഖ്യാനിക്കുന്നുണ്ട് ഡോ. എൻ.എം. നമ്പൂതിരി (2003:657). കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ സമീപസ്ഥലങ്ങളിൽ അങ്ങാടികേന്ദ്രം സ്ഥാപിതമാകുന്ന കാഴ്ചയാണ് ഇവിടെ ദൃശ്യമാകുന്നത്. സ്ഥാണുരവിയുടെ ലിഖിതത്തിൽ പറയുന്ന ക്ഷേത്രപരിധികളും ഇവിടുത്തെ കച്ചവടകേന്ദ്രത്തിലേക്കാണ് വെളിച്ചം വീശുന്നത്.

“ഇരിനം നാട്ടിനു (ക്കു) മേക്കു, (കുട്ടങ്കൊള) ചിറൈക്കു വടക്കു, ഉടരാടിനു കിഴക്കു,... യാറ്റിനുക്കു തെറ്കു ഇരുങ്കാടിക്കൂടൽ” (BRVRI, vol. IX, p.48) എന്നാണ് പരാമർശം. ഇരിണം നാട് ഇന്നത്തെ മാളപ്രദേശമാകാം. ജലവാണിജ്യത്തിന് അനുയോജ്യമായ അങ്ങാടി കേന്ദ്രമാണ് ഇവിടം. ഭാസ്കരരവിയുടെ ഇരിങ്ങാലക്കുട ലിഖിതവും ഒരു ജനപദത്തിന്റെ സ്ഥാപനത്തിന് ഉദാഹരണമാണ്. ഇരിങ്ങാലക്കുട ദേവന്റെ പറയൂർക്കാട് എന്ന പടിഞ്ഞാറേ പോട്ട ഭാസ്കരനമ്പിനാർക്ക് ചോകിരത്തു പൊതുവാൾ നൽകുന്നതായാണ് രേഖ. “പടിഞ്ഞാറ് ഇന്നത്തെ പട്ടണപ്രദേശത്താണ് പടിഞ്ഞാറെ പോട്ടയും ഭാസ്കരപുരം എന്ന് പുനർനാമകരണം ചെയ്ത കച്ചവട സ്ഥാനവും” എന്ന് എൻ.എം. നമ്പൂതിരി കൂട്ടിച്ചേർക്കുന്നു (2013:661). കുട്ടങ്കൊളച്ചിറൈയ്ക്കു വടക്ക്, അന്ന് തിരുക്കണവായ് എന്നറിയപെട്ടിരുന്ന ഇന്നത്തെ മതിലകം പ്രദേശമാണ്. മുസ്സരിസ്സ് തുറമുഖവും പ്രാചീന - വൈദേശിക കച്ചവടത്തിന്റെ തെളിവുകൾ ശേഷിപ്പിച്ച പട്ടണം പ്രദേശവും ഇതിനോട് ചേർന്ന് നിൽക്കുന്നു. അങ്ങനെ നോക്കുമ്പോൾ കച്ചവടകേന്ദ്രം എന്ന നിലയിൽ ശ്രദ്ധേയമാകാൻ സാധ്യതയുള്ള ഭൂമിശാസ്ത്രപശ്ചാത്തലമാണ് ഇരിങ്ങാലക്കുടയ്ക്കുള്ളത്.

‘വിരിഞ്ഞ ആൽകുടൈ’ എന്നത് ദേശനാമത്തെ സംബന്ധിച്ച തീരെ പഴക്കം കുറഞ്ഞ കാഴ്ചപ്പാടാണ്. ക്ഷേത്രത്തിനു മുൻപിൽ വിരിഞ്ഞു നിൽക്കുന്ന ആൽമരം കണ്ട് തദ്ദേശവാസികൾ വിരിഞ്ഞ ആൽകുടയാണ് ഇരിങ്ങാലക്കുടയായത് എന്ന് കരുതുന്നു. എന്നാൽ പൊ.വ. 855 -ലെ ശിലാശാസനത്തിന് മുമ്പേയുള്ള ദേശനാമമാണിത്. അത്രയും പഴക്കം ആൽമരത്തിന് അവകാശപ്പെടാൻ കഴിയില്ലെന്ന് തീർച്ചയാണ്.

ഇവിടെ യുക്തിയുടേയും വിശ്വാസത്തിന്റേയും പ്രകൃതിപ്രതിഭാസങ്ങളുടേയുമെല്ലാം തലത്തിൽ ദേശനാമം വിശദീകരിക്കപ്പെടുന്നു. ഇരിങ്ങാലക്കുട എന്ന ദേശനാമത്തെ സംബന്ധിച്ച വ്യത്യസ്ത ചിന്തകളിൽ ചിലതലങ്ങൾ ശരിയെന്ന് തോന്നാമെങ്കിലും പൂർണ്ണമായി ഉൾക്കൊള്ളാൻ സാധിക്കുന്ന മട്ടിലുള്ള ഒരു വ്യാഖ്യാനം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. പേരിന്റെ പൊരുൾ എന്ത് എന്നതിനേക്കാൾ ഇരിങ്ങാലക്കുടയുടെ ദേശനാമചരിത്രനിർമ്മിതിയിൽ ഇടപെടുന്നവർ ആരെല്ലാമാണ് എന്ന അന്വേഷണം സംസ്കാരപഠനത്തിൽ പ്രസക്തമാണ്. ബഹുസ്വരമെന്ന് തോന്നാവുന്ന വ്യാഖ്യാനങ്ങൾക്കിടയിലും ഏകമുഖമായ ഒരു കേന്ദ്രം നിലനിൽക്കുന്നുണ്ട്. അത് ക്ഷേത്രമാണ്. ഭൂപരമായോ കാലാവസ്ഥാവ്യതിയാനങ്ങളെ അധികരിച്ചോ ഉള്ള വിവരണങ്ങൾ പോലും

ചെന്നെത്തുന്നത് ക്ഷേത്രസ്ഥാനത്തേക്കാണ്. സവർണ്ണന് മാത്രം പ്രവേശനം സാധ്യ മായിരുന്ന കൂടൽമാണിക്യക്ഷേത്രത്തെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നു. ബ്രാഹ്മണാ ധിനിവേശം ദേശനാമവ്യാഖ്യാനത്തിലും സ്വാധീനം ചെലുത്തുന്നു. രേഖപ്പെടുത്തപ്പെട്ട ചരിത്രത്തിനു മുമ്പേ വാമൊഴിയായി പ്രചരിക്കാൻ സാധ്യതയുള്ള സ്ഥലനാമകഥക ളുടെ പ്രഭവകേന്ദ്രം ബ്രാഹ്മണകഥകളാണ്. യാഗഭൂമിയായ ക്ഷേത്രപരിസരത്തിന്റെ പവിത്രതയിൽനിന്നും പുറത്താക്കപ്പെടുന്ന കീഴാളജനത ദേശനിർമ്മിതിയിലും പടിക്ക് പുറത്താണ് ഇത്തരം വ്യാഖ്യാനങ്ങളിൽ. ക്ഷേത്രാധികാരത്തെ രാജാധികാരത്തോട് ചേർത്തുനിർത്താനുള്ള തന്ത്രമായാണ് ചേരഭരണാധികാരികളും രാജചിഹ്നങ്ങളുമെ ല്ലാം സ്ഥലനാമകഥകളിൽ സ്ഥാനം നേടുന്നത്. കോൾനിലങ്ങളാൽ ചുറ്റപ്പെട്ട ജലസ മൃദ്ധമായ കൃഷിയിടങ്ങൾ ധാരാളമുണ്ടെങ്കിലും, കാർഷികവൃത്തിയുമായോ കർഷകരു മായോ ബന്ധപ്പെട്ട ഒരു വ്യാഖ്യാനം ഇരിങ്ങാലക്കുടയ്ക്ക് ഉണ്ടായിട്ടില്ല എന്നത് ശ്രദ്ധേയ മാണ്. സ്ഥലനാമങ്ങളെക്കുറിച്ചുള്ള ചർച്ച ആത്യന്തികമായി ഒരു നിഗമനത്തിലെത്തി ക്കുന്നില്ല. പല വഴികളിലൂടെയുള്ള വ്യാഖ്യാനങ്ങളുടെ പടർപ്പാണ് ഇവിടെ കാണാൻ സാധിക്കുന്നത്.

### 2.2.2 നാട്ടുപേരുകൾ

ഇരിങ്ങാലക്കുട പട്ടണത്തിനകത്തും ചുറ്റിലുമായി പ്രത്യേകം പേരുകളിൽ അറിയ പ്പെടുന്ന ഇടങ്ങളുണ്ട്. അവിടുത്തെ പരിസ്ഥിതിയോ സാമൂഹികാവസ്ഥയോ സ്ഥാ പനങ്ങളോ ആ പേരിന് കാരണമാകുന്നു. ഇരിങ്ങാലക്കുടയിൽ ആദ്യകാലത്ത് അങ്ങാടി വാണിഭം നടന്നിരുന്ന ഇടം ഇന്നും വലിയങ്ങാടി എന്നാണ് അറിയപ്പെട്ടു ന്നത്. ആൽത്തറയ്ക്കടുത്തുള്ള പ്രദേശമാണിത്. റോഡിലേക്ക് തുറക്കുന്ന വാതിലുകൾ ഉള്ള വീടുകൾ ഇവിടെയുണ്ട്. ഇരിങ്ങാലക്കുടചന്ത നിൽക്കുന്നത് കുന്നിൻ പ്രദേശ ത്താണ്. ചന്തക്കുന്ന് എന്നാണ് ഇവിടം അറിയപ്പെടുന്നതും. പുല്ലൂരിൽനിന്നോ വെള്ളാ ങ്ങല്ലൂരിൽനിന്നോ ഇരിങ്ങാലക്കുട പട്ടണത്തിലേയ്ക്ക് പ്രവേശിക്കുന്നത് ചന്തക്കുന്ന് വഴി യാണ്. കൂടൽമാണിക്യക്ഷേത്രത്തിനു നേരെ മുൻപിലുള്ള റോഡ് നട എന്ന് പറഞ്ഞുവ രുന്നു.

ബസ്സ്റ്റാന്റിനടുത്ത്, കൂടൽമാണിക്യം ക്ഷേത്രത്തിലെ പള്ളിവേട്ട നടക്കുന്ന ആൽത്തറയും പരിസരവും ആൽത്തറ എന്നുതന്നെയാണ് അറിയപ്പെടുന്നത്. ഇരി

ങ്ങാലക്കുടയിലെ രാഷ്ട്രീയപ്രസംഗങ്ങൾക്കും മറ്റ് സമരങ്ങൾക്കും വേദിയാകുന്ന ഇടം ആൽത്തറയാണ്. കുട്ടംകുളത്തിനും ബസ്റ്റാന്റിനും ഇടയിൽ തെക്കോട്ട് പോകുന്ന റോഡ് പാട്ടമാളി റോഡ് എന്നാണ് അറിയപ്പെട്ടിരുന്നത്. പാട്ടം പിരിവിന്റെ ചുമത ലക്കാരായ ഉദ്യോഗസ്ഥരെയാണ് പാട്ടമാളി എന്ന് പറഞ്ഞിരുന്നത്. കൂടൽമാണി ക്യക്ഷേത്രത്തിലേയ്ക്ക് പാട്ടമായിവന്നിരുന്ന നെല്ല് അളന്നെടുത്തിരുന്നത് ഇവരാണ്. ചന്തക്കുന്നിൽനിന്നും നേരെ പടിഞ്ഞാറ് ഭാഗത്ത് മൂന്നുപീടിക റോഡിലാണ് ചെട്ടി പ്പറമ്പ് ഉള്ളത്. ഇരിങ്ങാലക്കുട ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ ഇവിടെയാണ്. ചെട്ടിമാർ താമസിച്ചിരുന്ന സ്ഥലമായതിനാലാണ് ഇവിടം ചെട്ടിപ്പറമ്പ് എന്ന് അറിയ പ്പെടുന്നത്.

ക്രൈസ്റ്റ് കോളേജ് റോഡിൽനിന്നും കിഴക്കോട്ട് പോകുന്ന വഴിയിലാണ് ഊളക്കാട് എന്ന സ്ഥലമുള്ളത്. മൂന്ന് കിലോമീറ്ററോളം മുന്നോട്ടു നീങ്ങിയാൽ ഈ വഴി ചെന്നെത്തുന്നത് മുരിയാട് കായലിനടുത്താണ്. ഊളൻ എന്ന വാക്കിന് കുറുനരി എന്നർത്ഥമുണ്ട്. അങ്ങനെയായിരിക്കാം കുറുക്കന്മാർ ധാരാളമുള്ള, കുറ്റിക്കാടുകൾ നിറഞ്ഞ ഈ പ്രദേശം ഊളക്കാട് എന്നറിയപ്പെട്ടിരുന്നത്. അഴുക്കു നിറഞ്ഞ പ്രദേശം എന്നും ഊള എന്ന വാക്കിന് അർത്ഥമുണ്ട്. ദളിത് വിഭാഗത്തിൽപ്പെട്ടവരാണ് ഇവിടെ താമസിച്ചിരുന്നത് എന്നതുകൊണ്ടുമാകാം ജാതിവ്യവസ്ഥ രൂക്ഷമായിരുന്ന ഒരു ഘട്ട ത്തിൽ ഇവിടം ഊളക്കാടായത്. ഊള എന്ന വാക്ക് മോശമായത് എന്ന അർത്ഥത്തി ലാണ് ഇന്ന് പുതിയ തലമുറ ഉപയോഗിച്ചുവരുന്നത് എന്നതും ശ്രദ്ധേയമാണ്. 1956 -ൽ ക്രൈസ്റ്റ് കോളേജ് സ്ഥാപിക്കുമ്പോൾ അവിടെ നിലനിന്നിരുന്ന ശ്മശാനം ഊളക്കാട് പ്രദേശത്തേക്കാണ് മാറ്റി സ്ഥാപിച്ചത്. പട്ടണത്തിനു തൊട്ടടുത്ത് ടാറിടാത്തറോഡും പരിമിതമായ യാത്രാസൗകര്യങ്ങളും കാരണം അവികസിത പ്രദേശമായിരുന്നു ഇത്. പിന്നീട് ഇരിങ്ങാലക്കുടയിൽ ജോലിക്കായെത്തിയ പലരും അവിടെ സ്ഥലം വാങ്ങി വീട് വച്ചതോടുകൂടി പ്രദേശത്തിന്റെ മുഖച്ഛായ മാറി. അതോടെ ഇരിങ്ങാലക്കുട മുനിസി പ്പാലിറ്റി ഈ പ്രദേശത്തിന്റെ പേരുമാറ്റി, ആസാദ് റോഡ് എന്ന് നാമകരണം ചെയ്തു. എന്നാൽ ഇവിടുത്തെ പുതിയ തലമുറ അവരുടെ ഫുട്ബോൾ ടീമിന് നൽകിയ പേര് യു.കെ. ബോയ്സ് എന്നാണ്. ഊളക്കാട് എന്നതിന്റെ ചുരുക്കരൂപമാണ് യു.കെ. (U.K.). ഊളക്കാട്ടിലെ ആൺകുട്ടികൾ എന്ന് അവർ തങ്ങളുടെ ക്ലബിന് പേരിട്ടത് ആ പ്രദേശത്തോട് അവർക്കുള്ള വൈകാരികമായ അടുപ്പം കൊണ്ടാണ്.

ഇരിങ്ങാലക്കുട - പുല്ലൂർ റോഡിൽ കൊല്ലാട്ടിക്ഷേത്രത്തിന് തൊട്ടുമുമ്പ് ഇടത്തോട്ട് പോകുന്ന വഴി ഗാന്ധിഗ്രാമിലേക്കുള്ളതാണ്. അവിടെയാണ് ഇരിങ്ങാലക്കുടയിലെ ഡ്രൈവിങ് ടെസ്റ്റ് നടക്കുന്ന മൈതാനം. മൈതാനത്തിന് ഇരുവശവും മുൻപ് പെന്തക്കൊസ്ത വിഭാഗത്തിന്റെ ശ്മശാനമായിരുന്നു. ഇന്നും മൈതാനത്തിന്റെ വടക്ക് കിഴക്കേ മൂലയിലായി ശ്മശാനം നിലനിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ പ്രദേശം ആദ്യകാലത്ത് ശവക്കോട്ടപ്പറമ്പ് എന്നാണ് അറിയപ്പെട്ടിരുന്നത്. ഏകദേശം 40 വർഷം മുൻപാണ് മുനിസിപ്പാലിറ്റി രേഖകളിൽ ഇവിടം ഗാന്ധിഗ്രാം എന്ന പേരാക്കി മാറ്റിയത്. കവിയായ അരുൺ ഗാന്ധിഗ്രാം പേരിനോടൊപ്പം തന്റെ പ്രദേശത്തിന്റെ പേരുകൂടി ചേർത്തിരിക്കുന്നു എന്നത് ശ്രദ്ധേയമാണ്. ഇന്നും പഴയ തലമുറയിലുള്ളവർ ശവക്കോട്ടക്കാര് എന്നാണ് ഇവിടത്തുകാരെ പറഞ്ഞുവരുന്നത്.

ക്രൈസ്റ്റ് കോളേജിന് പുറകിൽ ഫയർ സ്റ്റേഷൻ നിൽക്കുന്ന സ്ഥലം കുത്തുപറമ്പ് എന്നാണ് അറിയപ്പെടുന്നത്. പണ്ട് കൂടൽമാണിക്യം ക്ഷേത്രത്തിൽ നാഗാനന്ദം പറക്കും കൂത്ത് നടത്തിയ ചാക്യാർ, ഗരുഡന്റെ വേഷം കെട്ടി പറന്ന സ്ഥലമാണത്രേ ഇത്. അതുകൊണ്ടാണ് ഇവിടം കൂത്തുപറമ്പ് എന്നറിയപ്പെടുന്നത്. ഹർഷന്റെ നാഗാനന്ദം കഥയിലെ നാലാമങ്കം അഭിനയിക്കുന്നതാണ് പറക്കും കൂത്ത്. സമീപപ്രദേശങ്ങളെ അപേക്ഷിച്ച് കൂത്തുപറമ്പ് പൂഴി നിറഞ്ഞ പ്രദേശമാണ് എന്നുള്ളത് ശ്രദ്ധേയമാണ്. ഗരുഡൻ നാൽപതടിയോളം ഉയരത്തിൽനിന്ന് പറന്നു വരുന്നു എന്നതാണ് പറക്കും കൂത്തിന്റെ സവിശേഷത. കേരളത്തിൽ പല ക്ഷേത്രങ്ങൾക്ക് സമീപവും ഇത്തരത്തിൽ കൂത്തുപറമ്പുകളുണ്ട്.

പട്ടാള ബാരക്ക് എന്നോ തടവറ എന്നോ ആണ് ഠാണാവ് എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. ഇരിങ്ങാലക്കുടയുടെ ഹൃദയഭാഗമാണ് ഠാണാവ് എന്ന് പറയാം. വടക്ക് ഭാഗത്ത് തൃശ്ശൂരിൽനിന്നും തെക്ക് കൊടുങ്ങല്ലൂരിൽനിന്നും കിഴക്ക് ചാലക്കുടിയിൽനിന്നും പടിഞ്ഞാറ് തൃപ്രയാർ - മൂന്നുപീടിക ഭാഗത്തുനിന്നും വരുന്ന നാല് വഴികൾ സന്ധിചേരുന്ന ഇടമാണ് ഠാണാവ്. ഇരിങ്ങാലക്കുടയിലെ ഏക ട്രാഫിക് സിഗ്നൽ ഇവിടെയാണ്. സിഗ്നലിന്റെ വടക്ക് കിഴക്കേമൂലയിലായിരുന്നു ആദ്യം ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷൻ. ഇത് പിന്നീട് കാട്ടുങ്ങച്ചിറയിലെ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി എങ്കിലും സബ് ജയിൽ അവിടെ തുടർന്നിരുന്നു. 2024 -ൽ സിവിൽ സ്റ്റേഷനടുത്തുള്ള പുതിയെ കെട്ടിടത്തിലേയ്ക്ക് ഇത് മാറ്റിസ്ഥാപിച്ചു.

ഈ നാട്ടുപേരുകളെല്ലാം പലതരത്തിൽ ഇരിങ്ങാലക്കുടയുടെ സാംസ്കാരിക ചരിത്രത്തിന്റെ ഭാഗമാണ്. ഒരുകാലത്തെ അധികാരബന്ധങ്ങളും പിന്നീട് ആധുനീക രണത്തിന്റെ ഭാഗമായി വന്ന മാറ്റങ്ങളും ശ്രദ്ധേയമാണ്. ജാതിനിരപേക്ഷവും മതനി രപേക്ഷവുമായ പുതിയ പ്രദേശത്തെ ഉൾക്കൊള്ളുന്നതിന്റെ ഭാഗമായാണ് ദേശീയനേ താക്കളുടെയും മറ്റും പേരുകൾ പ്രദേശങ്ങൾക്ക് കൈവരുന്നത്.

## 2.3 ഇരിങ്ങാലക്കുടയുടെ ജൈനപാരമ്പര്യം

സമൂഹനിർമ്മിതിയിൽ സവർണ്ണസമുദായങ്ങളുടെ ഇടപെടലുകളെ പർവ്വതീകരിക്ക കയാണ് മിക്കവാറും സാമ്പ്രദായിക ചരിത്രരചനകൾ ചെയ്തിട്ടുള്ളത്. ഇരിങ്ങാലക്കുട യിലെ തമസ്കരിക്കപ്പെട്ട ഭൂരിപക്ഷത്തെ വീണ്ടെടുക്കേണ്ടിവരുമ്പോൾ, ഒരുകാലത്ത് പ്ര താപത്തോടെ വർത്തിക്കുകയും പിന്നീട് ക്ഷയിയ്ക്കുകയും ചെയ്ത ബുദ്ധ -ജൈനമതങ്ങളെ പരിഗണിക്കേണ്ടതുണ്ട്. കേരളത്തിന്റെ സംസ്കാരത്തിലും ദർശനങ്ങളിലും നിർണ്ണായക സ്വാധീനം ചെലുത്താൻ ഈ മതങ്ങൾക്കായി. ജൈന -ബുദ്ധനാമങ്ങൾ പലപ്പോഴും ഭേദചിന്തയില്ലാതെ ഉപയോഗിക്കുന്നുണ്ട്. അവയുടെ ചിന്താപദ്ധതികളിൽ കാണുന്ന അനുരൂപതയാകാം അതിനു കാരണം. ജൈനവിഗ്രഹങ്ങളെ ബുദ്ധവിഗ്രഹങ്ങളിൽനി ന്ന് വേർതിരിച്ചറിയുന്നത്, അവയുടെ നഗ്നരൂപം കൊണ്ടാണ് എന്ന നിരീക്ഷണം ഉണ്ടാ യിട്ടുണ്ട് (വേലായുധൻ പണിക്കശ്ശേരി, 1987:166). കേരളത്തിലേക്ക് ആദ്യം കടന്നുവ ന്നത് ജൈനരാണോ ബൗദ്ധരാണോ എന്നതിന് കൃത്യമായ ഉത്തരമില്ല. അശോകന്റെ ശിലാശാസനങ്ങൾ മുതൽ കേരളത്തിലെ ബൗദ്ധപാരമ്പര്യത്തിന് തെളിവുകൾ ലഭ്യ മാണ്.

കേരളത്തിലെ ബുദ്ധ -ജൈനപാരമ്പര്യത്തെ അപ്പാടെ തള്ളിക്കളയുന്ന നിലപാ ടാണ് *ജാതിവ്യവസ്ഥയും കേരളചരിത്രവും* എന്ന കൃതിയിൽ പി.കെ. ബാലകൃഷ്ണൻ സ്വീക രിച്ചിട്ടുള്ളത് (2015:223). എന്നാൽ, പി.കെ. ബാലകൃഷ്ണന്റെ സമീപനത്തെ നിരാകരിച്ചു കൊണ്ട് ആലത്തൂർ ലിഖിതവും ഡോ. പി.സി. അലക്സാണ്ടർ, എസ്. ശങ്കു അയ്യർ മുതൽ അജ്ജ നാരായണൻ വരെയുള്ളവരുടെ പഠനങ്ങളിൽ ചൂണ്ടിക്കാട്ടുന്ന ബുദ്ധ -ജൈനമത സാന്നിധ്യം ബാലകൃഷ്ണന്റെ വാദങ്ങളെ അപ്രസക്തമാക്കുന്നുവെന്ന് *കേരളചരിത്രവും സമൂഹരൂപീകരണവും* എന്ന കൃതിയിൽ കെ.കെ. കൊച്ച് വിലയിരുത്തുന്നു (2012:4). ചരി

ത്രാവശിഷ്ടങ്ങളായ ഭൗതികവസ്തുക്കളിലും ഭാഷയിലും സ്ഥലനാമങ്ങളിലും എന്നുവേണ്ട ഇവിടുത്തെ വിശ്വാസങ്ങളിലും ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും ചികിത്സാസമ്പ്രദായങ്ങളിലുംവരെ ബുദ്ധ-ജൈനമതങ്ങളുടെ മുദ്രകൾ പതിഞ്ഞു കിടപ്പുണ്ട് എന്നത് വസ്തുതയാണ്.

തിരുക്കുണവായ് തേവരുടെ പരമാധികാരത്തിലാണ് കേരളത്തിലെ മുഴുവൻ ജൈനക്ഷേത്രങ്ങളും പ്രവർത്തിച്ചിരുന്നത്. തിരുക്കുണവായിൽ ക്ഷേത്രങ്ങളിൽ ഏറ്റവും ശ്രദ്ധേയം തൃക്കണാമതിലകമാണ്. ഇരിങ്ങാലക്കുടയ്ക്ക് തെക്ക്പടിഞ്ഞാറായാണ് മതിലകം സ്ഥിതിചെയ്യുന്നത്. ഇവിടെയാണ് ചിലപ്പതികാരത്തിന്റെ രചയിതാവായ ഇളങ്കോവടികളുടെ ആസ്ഥാനമെന്ന് കരുതപ്പെടുന്നു. മതിലകം ക്ഷേത്രത്തിന് കുറച്ചു മാത്രം അകലെ സ്ഥിതി ചെയ്യുന്നതും ഐതിഹ്യകഥകളിൽ പരസ്പരം ബന്ധം പുലർത്തുന്നതുമായ ഇടമാണ് ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രം. ഇരിങ്ങാലക്കുടയുടെ ജൈനപാരമ്പര്യത്തെക്കുറിച്ച് ചരിത്രരചയിതാക്കൾക്കിടയിൽ ഏകാഭിപ്രായമല്ല ഉള്ളത്. ഇതൊരു ജൈനക്ഷേത്രമായിരുന്നു എന്ന് കരുതുന്നവരുടെ ചിന്തകൾ താഴെ പറയുന്നവയാണ്,

1. കൂടൽമാണിക്യം ഇന്ന് ഭരതക്ഷേത്രമായാണ് അറിയപ്പെടുന്നത്. അവിടുത്തെ ഭരതപ്രതിമയാകട്ടെ നഗ്നരൂപത്തിലുള്ളതാണ്. ജൈനസന്യാസിമാരിൽ പലരും ദിഗംബരൻമാരായിരുന്നു. അവരിൽ ഒരാളായിരിക്കണം കൂടൽമാണിക്യത്തിലെ പ്രതിഷ്ഠ
2. ജൈനരുടെ ആദ്യ തീർത്ഥങ്കരനായ ഋഷഭന്റെ പുത്രനാണ് ഭരതൻ
3. മാണിക്യം എന്ന പദം ജൈനക്ഷേത്രവുമായി ബന്ധപ്പെട്ടതാണ്
4. കൂടൽമാണിക്യക്ഷേത്രത്തിന്റെ വട്ടശ്രീകോവിലും (ഗജപൃഷ്ഠാകൃതി) ഇരുനിലകളോടുകൂടിയസ്തൂപാകൃതിയും ജൈനബന്ധത്തിന് തെളിവാണ്.
5. നമ്പൂതിരിസ്ത്രീകൾ വലിയമ്പലത്തിനകത്തുകടന്ന് തൊഴാത്തതിന് കാരണം, ജൈനക്ഷേത്രങ്ങളിൽ സ്ത്രീകൾക്ക് പ്രവേശനമില്ല എന്നതാകാം.
6. തച്ചുടയക്കൈമൾ എന്ന സ്ഥാനം ജൈനസന്യാസിയുടേതാണ് എന്ന ചിന്ത.

7. ഇരിങ്ങാലക്കുടയോട് ശബ്ദസാമ്യം വഹിക്കുന്ന ഇരിങ്ങല്ലൂർ, ഇരിങ്ങോൾ കാവ് കരുങ്ങാലക്കുട തുടങ്ങിയ ഇടങ്ങൾ ജൈനകേന്ദ്രങ്ങളാണ്.
8. ജൈനക്ഷേത്രങ്ങളോട് ചേർന്നുണ്ടായിരുന്ന ചികിത്സാലയങ്ങളുടെ ഓർമ്മയാണ് വഴുതനങ്ങ നിവേദ്യം.
9. കച്ചവടസമൂഹം എന്ന നിലയിൽ ജൈനസ്വാധീനം ഇരിങ്ങാലക്കുടയിൽ ദൃശ്യമാണ്.

ഭരതേശ്വരന്റെ നഗ്നപ്രതിമയാണ് ക്ഷേത്രത്തിലെ പ്രതിഷ്ഠ. ഭരതൻ, ജൈനരുടെ ആദ്യ ചക്രവർത്തിയും ആദ്യ തീർത്ഥങ്കരനുമായ ഋഷഭന്റെ പുത്രനാണെന്നാണ് കരുതുന്നത്.[5] ദിഗംബരൻമാരായ ജൈനസന്യാസിമാരിൽ ഒരാളാവാം ഇദ്ദേഹമെന്ന് ശ്രീധരമേനോൻ ചൂണ്ടിക്കാട്ടുന്നു (1999:116). ജൈനമതം ക്ഷയിച്ചപ്പോൾ കേരളീയരുടെ സമന്വയബുദ്ധി, യാഥാസ്ഥിതിക ജൈനന്മാരുടെ വികാരങ്ങളെ വേദനിപ്പിക്കാതെയും ഹിന്ദുമതാനുയായികളെ പ്രീണിപ്പിച്ചും ഭരതേശ്വരജൈനക്ഷേത്രത്തെ ഹിന്ദുക്ഷേത്രമാക്കി രാമാനുജനായ ഭരതന് സമർപ്പിച്ചിരിക്കണം എന്ന ശ്രീധരമേനോന്റെ അഭിപ്രായത്തോട് യോജിക്കുന്ന നിലപാടാണ് ഡോ. എസ്.കെ. വസന്തന്റേത്. "മാണിക്യം എന്നപദം ജൈനക്ഷേത്രവുമായി ബന്ധപ്പെട്ടതാണ്. പാലക്കാട് ജൈനമേടിലെ പ്രസിദ്ധമായ ചന്ദ്രനാഥക്ഷേത്രം മാണിക്യക്ഷേത്രം എന്നും അറിയപ്പെടുന്നു" (2009:37). "കുലോത്തുംഗചോളന്റെ എ.ഡി. 1194 -ലെ തഞ്ചാവൂർ ശിലാശാസനത്തിൽ ജൈനക്ഷേത്രത്തെ 'ചേദികുല മാണിക്യ പെരുമ്പള്ളി' എന്നാണ് വിശേഷിപ്പിക്കുന്നത്. ഈ ക്ഷേത്രത്തിന്റെ 'മാണിക്യം' എന്ന വിശേഷണം ജൈനരിൽനിന്നോ ശിവനിൽനിന്നോ വന്നതായിരിക്കാം" എന്ന് പി.ജി. രാജേന്ദ്രൻ *ക്ഷേത്രവിജ്ഞാനകോശ*ത്തിൽ വിലയിരുത്തുന്നു (2000:346). അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കൂടൽമാണിക്യം എന്ന പേരുതന്നെ ഇത്തരത്തിൽ രൂപപ്പെട്ടതാണ്. *കേരളചരിത്രവും സമൂഹരൂപീകരണവും* എന്ന കൃതിയിൽ ജൈനമതത്തെക്കുറിച്ച് പരാമർശിക്കുന്നിടത്ത് പുരാവസ്തുവകുപ്പിന്റെ അഭിപ്രായപ്രകാരം ഇരിങ്ങാലക്കുടയിലെ ഭരതസ്വാമി ക്ഷേത്രം ജൈനദേവാലയമാണ് എന്ന് കൂട്ടിച്ചേർക്കുന്നു (കൊച്ച് കെ.കെ., 2018:197). ജൈനപാരമ്പര്യവുമായി ബന്ധ

[5]In Koodalmanikyam temple at Irijalakkuda the original deity is stated to be Bharatesvara. A jain saint. (Ramachandran Nair, 1986:230)

പ്പെട്ട് മാണിക്യം എന്ന ശബ്ദം നിലനിന്നിരുന്നു. ഈ ജൈനപാരമ്പര്യത്തെ അതിന്റെ ക്ഷയത്തോടെ ബ്രാഹ്മണർ ഏറ്റെടുക്കുന്നതിന്റെ ചിത്രം ഇവിടെ കാണാനാകും.

രണ്ട് നിലകളോടുകൂടിയ ജൈനക്ഷേത്രങ്ങൾക്ക് കൂടൽ എന്ന് പേരുണ്ടെന്നും അപ്രകാരമാണ് ഈ ക്ഷേത്രത്തിന് കൂടൽമാണിക്യം എന്ന പേരുണ്ടായതെന്നും വി.വി.കെ. വാലത്ത് അഭിപ്രായപ്പെടുന്നു (2003:127). പഠനവിധേയമായ ക്ഷേത്രരേഖകളിൽ ഒരിടത്തുപോലും 'ക്ഷേത്രം' 'ഹിന്ദു' 'ശൈവം' എന്നീ പദങ്ങൾ കാണുന്നില്ല എന്ന് പുതുശ്ശേരി രാമചന്ദ്രൻ ചൂണ്ടിക്കാട്ടുന്നു. ക്ഷേത്രം എന്ന അർത്ഥത്തിൽ മുക്കാൽ വട്ടം എന്ന പദമാണുള്ളത് (2007:xcvii). തിരുവിരുങ്കാടിക്കൂടൽ മുക്കാൽവട്ടത്തിരുന്നു... എന്നാണ് ഭാസ്കരരവിയുടെ ഇരിങ്ങാലക്കുട ലിഖിതത്തിലെ പ്രതിപാദ്യം. ഗജപൃഷ്ഠാകൃതിയിലുള്ള ക്ഷേത്രനിർമ്മിതി ബുദ്ധ - ജൈന ആരാധനാലയങ്ങളുടെ അനുകരണമാവാം. മുക്കാൽവട്ടം എന്ന പദത്തിന്റെ ഉത്ഭവത്തിനും ഈ ഗജപൃഷ്ഠാകൃതി തന്നെയായിരിക്കാം കാരണം.

ഇരിങ്ങാലക്കുടയുടെ ജൈനപാരമ്പര്യത്തിന് അനുകൂലമായി പറയുന്ന ഈ ന്യായങ്ങളിൽ ചരിത്രത്തിന്റെ രീതിശാസ്ത്രത്തിനുനിരക്കുന്ന തെളിവുകളൊന്നും തന്നെയില്ല എന്നാണ് ടി.ആർ. വേണുഗോപാലൻ വിലയിരുത്തുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, "ജൈനരുടെ ആരാധനാമൂർത്തികളിൽ ഭരതേശ്വരൻ പ്രത്യക്ഷപ്പെടുന്നില്ല. ഏതെങ്കിലും ജൈനസന്യാസിയായിരുന്നോ ഈ ഭരതേശ്വരൻ എന്നും വ്യക്തമല്ല. ഒരു പക്ഷേ ഈ ഭരതേശ്വരൻ ഒരു കൽപ്പിതകഥാപാത്രം ആയിരിക്കാം. നിലവിലുള്ള പ്രതിഷ്ഠയായ ഹൈന്ദവഭരതന്റെ ഒരപരനെ ജൈനപാരമ്പര്യത്തിന് അനുകൂലമായി നിർമ്മിച്ചതാവാം. കൂടം എന്ന വാക്കിനെ കേന്ദ്രീകരിച്ചുള്ള വാദവും സൂക്ഷ്മപരിശോധനയിൽ നിലനിൽക്കുന്നതല്ല. എന്തെന്നാൽ, 'കൂടം' ജൈനരുടെ ഇരട്ട ശ്രീകോവിലിന്റെ പേരാണെന്നവാദം സ്വീകരിച്ചാൽ ഇരട്ട ശ്രീകോവിലുള്ള കേരളത്തിലെ എല്ലാ ക്ഷേത്രങ്ങളെയും ജൈന ആരാധനാകേന്ദ്രങ്ങൾ ആയി പരിഗണിക്കേണ്ടിവരും. അത് നിലവിലുള്ള ചരിത്രബോധത്തിന് എതിരാണ് എന്ന് പറയേണ്ടതില്ലല്ലോ" (2012:187). ഒമ്പതാം നൂറ്റാണ്ടിനുശേഷം ഇരിങ്ങാലക്കുട ശക്തമായ ഒരു ബ്രാഹ്മണഗ്രാമമായി മാറിയിട്ടുണ്ട് എന്ന് പൊ.വ. 855 -ലെ ശാസനത്തിൽനിന്നും മനസ്സിലാക്കാം. അതിനാൽ കൂടൽമാണിക്യക്ഷേത്രത്തിന്റെ ജൈനഭൂതകാലവാദത്തിൽ എന്തെങ്കിലും കഴമ്പുണ്ടെങ്കിൽ അത് ഒമ്പതാം നൂറ്റാണ്ടിനു മുൻപായിരിക്കാമെന്ന് അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

ഒമ്പതാം നൂറ്റാണ്ടായപ്പോഴേയ്ക്കും കേരളത്തിലെ ബ്രാഹ്മണാധിനിവേശം പൂർണ്ണമായിരു ന്നു എന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്.[6] ആ നിലയ്ക്ക് ഇരിങ്ങാലക്കുടയുടെ ജൈന ബന്ധം അതിനുമുൻപായിരിക്കാനേ സാധ്യതയുള്ളൂ. കാലം ഒമ്പതാം നൂറ്റാണ്ടിനു മുൻ പായിരിക്കാം എന്നതുകൊണ്ട് ഇരിങ്ങാലക്കുടയുടെ ജൈനപാരമ്പര്യത്തെ അപ്പാടെ നിഷേധിക്കാനാവില്ല.

കൂടൽമാണിക്യക്ഷേത്രത്തിൽ സ്ത്രീകൾ പ്രവേശിക്കാറില്ലത്രേ. ജൈനക്ഷേത്രങ്ങളിൽ സ്ത്രീകൾക്ക് പ്രവേശനമില്ലെന്നതാകാം ഇതിനു കാരണം എന്ന് കരുതുന്നവരുണ്ട്. നഗ്നപ്രതിഷ്ഠയാണ് അതിന്റെ കാരണമെന്നാണ് മറ്റൊരു ചിന്ത. എന്നാൽ നമ്പൂതിരിസ്ത്രീകൾ ഇന്നും നടയ്ക്കുനേരെനിന്ന് തൊഴാത്തതിന്റെ കാരണം യോഗക്കാരും ഊരാളൻമാരും തമ്മിലുണ്ടായ വഴക്കിനെത്തുടർന്ന് അപമാനം നേരിടാതിരിക്കാൻ ചെയ്ത വ്യവസ്ഥയാണിത് എന്നും പറയപ്പെടുന്നു (തച്ചുടയക്കൈമൾ, 1966:24). എന്തായാലും ഇന്നും നമ്പൂതിരിസ്ത്രീകൾ കൂടൽമാണിക്യക്ഷേത്രത്തിൽ വലിയമ്പലത്തിനകത്തു കടന്ന് തൊഴാറില്ല.

ക്ഷേത്രത്തിലെ ഊരാളന്മാർ ബ്രാഹ്മണരാണ്. പിൽക്കാലത്ത് ബ്രാഹ്മണ യോഗം ഉപദേശകസമിതിയായി വന്നപ്പോഴും ക്ഷേത്രത്തിന്റെ രക്ഷാപുരുഷനായ തച്ചുടയക്കൈമൾ അബ്രാഹ്മണനായിരുന്നു. കൈമളെ തെരഞ്ഞെടുക്കാനുള്ള അധികാരംപോലും യോഗത്തിന് ഇല്ലായിരുന്നു. ബ്രാഹ്മണമേധാവിത്വം കൊടികുത്തിവാണപ്പോഴും ഇരിങ്ങാലക്കുട അവരുടെ നിയന്ത്രണത്തിന് അപ്പുറമായിരുന്നു എന്നത് ശ്രദ്ധേയമാണ്. ഇളങ്കോവടികൾ ഇരിങ്ങാലക്കുട ക്ഷേത്രത്തിനടുത്ത് താമസിച്ചിരുന്നതായി ഐതിഹ്യമുണ്ട്. ഇളമുറത്തമ്പുരാക്കന്മാർ ‘കോയിലധികാരി’ (കോവിൽ അധികാരി)കളാകുന്ന രീതി ചേരഭരണകാലത്ത് നടപ്പുണ്ടായിരുന്നു. സന്യാസജീവിതം നയിച്ചിരുന്നു എന്ന് കരുതുന്ന ഇളങ്കോവടികളെയും തത്തുല്യാധികാരം കയ്യാളിയിരുന്ന തച്ചുടയക്കൈമളെയും ചേർത്തുനിർത്തുന്ന ഘടകങ്ങളുണ്ട്. ജൈനമതവിശ്വാസിയായിരുന്ന ഇളങ്കോവടികളുടെ സാന്നിധ്യം കൂടൽമാണിക്യം ജൈനക്ഷേത്രമായിരുന്നു എന്ന വിശ്വാസത്തിലേക്കാണ് വിരൽചൂണ്ടുന്നത്. ഇതിനെല്ലാം പുറമേ സ്ഥലനാമങ്ങളെക്കുറി

[6]Most inscriptions of the period of the Cera Kingdom of Mahodayapuram (AD 800 - 1124)Pertain to the brahmana settlements. They record transactions of the temple - centred brahmana settlements related to the organiszation and administration of the settlement (Kesavan veluthat, Brahmin Settlements in Kerala, 2013:28)

ച്ച് പറയുന്നിടത്ത്, ഇരിങ്ങാലക്കുടയോട് ശബ്ദസാമ്യം വഹിക്കുന്ന ജൈനകേന്ദ്രങ്ങളെ പരാമർശിക്കുന്നുണ്ട് (നോ. 2.2.1).

കൂടൽമാണിക്യദേവന് വഴുതനങ്ങ നിവേദ്യം വഴിപാട് കഴിക്കുന്നത് ഉദരരോഗ ശമനത്തിന് സഹായകമാവുമെന്ന് ഭക്തർ വിശ്വസിക്കുന്നു. പുത്തരി ഉത്സവത്തോട നുബന്ധിച്ച് നടത്തുന്ന മുക്കുടി നിവേദ്യം ഔഷധസമ്പന്നമാണ്. കുട്ടഞ്ചേരി മൂസ്സാണ് ഇത് പാകംചെയ്യുന്നത്. മീനൂട്ട് എന്ന വഴിപാട് ശ്വാസസംബന്ധമായ രോഗനിവാരണ ത്തിന് സഹായകമാകുമെന്നാണ് കരുതുന്നത്. ജൈനക്ഷേത്രങ്ങളോട് ചേർന്ന് ഉണ്ടാ യിരുന്ന ചികിത്സാലയങ്ങളുടെ ഓർമ്മ തലമുറകൾ കൈമാറിവരുന്നു.

അഭീഷ്ടസിദ്ധിക്കും സന്താനലബ്ധിക്കുമായി കൂത്ത് വഴിപാട് നടത്തുന്ന രീതി ഇരി ങ്ങാലക്കുട ക്ഷേത്രത്തിലുണ്ട്. കൂത്തു നടത്തുന്ന ചാക്യാർ (ചാക്കിയർ) എന്ന വാക്കിന് ബുദ്ധമതക്കാർ എന്നാണ് *ശബ്ദതാരാവലി*യിലും *മലയാളത്തിലെ പരകീയപദങ്ങളി*ലും (2015:195) അർഥം നൽകുന്നത്. ചവണർ എന്നതിനാകട്ടെ ജൈനസന്ന്യാസിമാർ എന്ന അർത്ഥവും വരുന്നു. ക്ഷേത്രവഴിപാടുകളിൽ തുടർന്നുവരുന്ന വിശ്വാസങ്ങൾ, കൂടൽമാണിക്യക്ഷേത്രത്തിന് ഒരു കാലത്ത് ജൈനവിശ്വാസങ്ങളുമായി ഉണ്ടായിരുന്ന ഇഴയടുപ്പത്തെ പ്രതിഫലിപ്പിക്കുന്നു.

ജൈനവിശ്വാസികളായ ചെട്ടിമാർക്ക് ഈ നാടുമായുള്ള ബന്ധത്തെയാണ് ചെട്ടിപ്പറമ്പ് എന്ന ദേശനാമം കുറിക്കുന്നത്. പശ്ചിമ തീരനഗരങ്ങൾ സന്ദർശിച്ച അൽബിറൂനിയും അൽകസ്വിനിയും അവിടെക്കണ്ട വ്യാപാരികളായ ചെട്ടികൾ മിക്ക വരും ജൈന - ബുദ്ധമതക്കാരായിരുന്നു എന്ന് രേഖപ്പെടുത്തുന്നുണ്ട് (പുതുശ്ശേരി രാമച ന്ദ്രൻ, 2007:Ixxxiii).

ജൈനവിഹാരങ്ങൾ വിജ്ഞാനകേന്ദ്രങ്ങളുമായിരുന്നു. ആദ്യകാലത്ത് കുട്ടികളെ എഴുത്തിനിരുത്തുമ്പോൾ 'നാനം മോനം' (നമോസ്തു ജിനതേ) എന്ന് എഴു തിയിരുന്നത് വിദ്യാഭ്യാസ പ്രചാരകരായ ജൈനപണ്ഡിതന്മാരെയാണ് ഓർമ്മിപ്പിക്കു ന്നത്. ജിനദേവനെ നമിക്കുന്നു എന്നാണ് അതിനർത്ഥം. ഈ നാനം മോനമാണ് പിന്നീട് ഹരിഃ ശ്രീ കുറിക്കലായി മാറിയത്. ജനസ്വാധീനം ലക്ഷ്യം വച്ച് ജൈന - ബൗദ്ധ ആചാരങ്ങൾ പലതും ഹൈന്ദവമായി സ്വീകരിച്ചതിന് ഉദാഹരണമാണിത്. ജൈനന്മാരുടെ വിദ്യാനികേതനത്തിനു നന്ദിസംഘമെന്ന പേരുണ്ടായിരുന്നതായി

കേരളത്തിലെ സ്ഥലചരിത്രങ്ങളിൽ വി.വി.കെ. വാലത്ത് ചൂണ്ടിക്കാട്ടുന്നുണ്ട് (2003:127). കുറുമാലിപ്പുഴയുടെ തീരത്ത് നന്ദിക്കര, നന്ദിപുലം തുടങ്ങിയ സ്ഥലങ്ങൾ ഇന്നുമുണ്ട്. ജൈനരുടെ നന്ദിസംഘത്തെയായിരിക്കാം ഈ സ്ഥലനാമങ്ങൾ സൂചിപ്പിക്കുന്നത്.

തുറമുഖങ്ങളെയും മറ്റ് ജലമാർഗ്ഗങ്ങളെയും ആശ്രയിച്ച് വളർന്നുവന്ന കച്ചവട കേന്ദ്രങ്ങൾ ഇരിങ്ങാലക്കുടയുടെ സമൂഹരൂപീകരണത്തിലും കൃത്യമായ ഇടപെടലുകൾ നടത്തി എന്ന് വേണം കരുതാൻ. ഇവിടുത്തെ ക്ഷേത്രശാസനങ്ങൾ നൽകുന്ന തെളിവുകളെ ആധാരമാക്കിയാൽ ഇരിങ്ങാലക്കുടയിലെ മുക്കാൽവട്ടം (ക്ഷേത്രം വകദേശം) ജൈനമതക്കാരായ മണിഗ്രാമക്കാരുടെ വകയായിരുന്നു എന്ന് കരുതാൻ ന്യായമുണ്ട്. ഭാസ്കരരവിയുടെ ക്ഷേത്രലിഖിതമനുസരിച്ച് ദേവദാനമായി നൽകുന്നത് ഭാസ്കരപുരം എന്ന പട്ടണമാണ്, കൃഷിഭൂമിയല്ല. കച്ചവടപ്രമുഖരായ മണിഗ്രാമക്കാരെയാണ് അവിടെ നഗരാധിപതികളായി നിയമിച്ചിരിക്കുന്നത്. ലിഖിതത്തിലെ പരാമർശമനുസരിച്ച് ഇവിടെ ഒരു സമൂഹം സ്ഥാപിതമായി എന്ന് വേണം കരുതാൻ (നോ. 2.1). "ഭാസ്കരപുരം കച്ചവടകേന്ദ്രത്തിന്റെ മേൽനോട്ടവും കാവലും വള്ളുവനാട്ടുടയവർക്ക് നൽകുന്നതിൽനിന്ന് പാലക്കാട്ചുരം വഴിയുള്ള കച്ചവടത്തിന്റെ ഏതോവിധ നിയന്ത്രണം വള്ളുവനാടിനുണ്ടെന്ന് വ്യക്തമാണ് " എന്ന് ഡോ. എൻ.എം. നമ്പൂതിരി അഭിപ്രായപ്പെടുന്നു (2013:662). ആലത്തൂർ, പെരുവെമ്പ്, തിരുമിറ്റക്കോട്, ഇരിങ്ങാലക്കുട എന്നീ സ്ഥാനങ്ങൾ പ്രധാന കച്ചവടമർമ്മങ്ങളാണെന്നും ഇവർ കാലങ്ങളായി കച്ചവടപ്പാതകളാൽ ബന്ധിതമായിരുന്നു എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

കൂടൽമാണിക്യക്ഷേത്രത്തിലെ ഭരതവിഗ്രഹത്തിലെ വിലപിടിച്ച രത്നം മണിഗ്രാമക്കാരുടെ സംഭാവനയായിരിക്കണമെന്ന് ശിവശങ്കരൻ നായർ കരുതുന്നു (1998:105). ജൈനവർത്തകസംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് ആയ് വംശജരും ചേരരാജാക്കന്മാരും സ്വീകരിച്ചിരുന്നത് എന്നതിന് ആ കാലഘട്ടത്തിലെ ശാസനങ്ങൾ തെളിവു നൽകുന്നു. വാണിജ്യസമൂഹമായിരുന്ന ജൈനർക്ക് ഇരിങ്ങാലക്കുടയിലുണ്ടായിരുന്ന സ്വാധീനത്തിലേക്കാണ് ഇവിടുത്തെ ശിലാലിഖിതങ്ങൾ വിരൽചൂണ്ടുന്നത് എന്ന് വിലയിരുത്തപ്പെടുന്നു. പിന്നീട് ജൈനകേന്ദ്രങ്ങൾക്കുണ്ടായ പരിണാമം രാജേന്ദ്രചോളന്റെ ഇടപെടലുകളിലൂടെ ആകണം സംഭവിച്ചതെന്നാണ് ഡോ. എൻ.എം. നമ്പൂതിരിയുടെ നിരീക്ഷണം. "രാജേന്ദ്രചോളനു മുമ്പുതന്നെ ചോളന്മാരുടെ ഇടപെടലുകൾ ഉണ്ടായിരിക്കണം. കൊടുങ്ങല്ലൂരിന്റെ പരിസരത്ത് കച്ചവട ജനപഥങ്ങൾ ഭാസ്ക

രരവിയുടെ കാലത്ത് പുതുതായി സൃഷ്ടിക്കപ്പെടുന്നു. ഇത്തരം അനേകം കച്ചവടമർമ്മങ്ങളുടെ ഒരു സമുച്ചയമായിരുന്നു കൊടുങ്ങല്ലൂർ എന്ന മുയിരിക്കോടും സമീപമുള്ള അകനാടുകളും (close hinterlands). ഭാസ്കരപുരവും താഴെക്കാടും മാളയും പോട്ടയും ഇരിങ്ങാടിക്കൂടലും പോലെയുള്ള ചെറുമർമ്മങ്ങളുടെ (Nodal points) വിന്യാസക്രമം (distribution) പഠിക്കുകയാണ് കൊടുങ്ങല്ലൂർ - മുസിരിസ് കേന്ദ്രപഠനത്തിന്റെ മുഖ്യ ദിശാബോധമാകേണ്ടത് എന്ന ഡോ. എൻ.എം. നമ്പൂതിരിയുടെ നിരീക്ഷണം അർത്ഥവത്താണ് (2003:664). അത് ആ കാലഘട്ടത്തിലെ കച്ചവട -സമൂഹ്യബന്ധങ്ങളെ തിരിച്ചറിയുന്നതിന് സഹായകമാകും.

ജൈനമതക്കാരായ വർത്തകസംഘങ്ങൾ വിഭവശേഖരണത്തിലും വിപണനത്തിലും ചെലുത്തിയ സ്വാധീനം നിർണ്ണായകമായിരുന്നു. ജൈന - ബൗദ്ധമതങ്ങൾ ക്ഷയോൻമുഖമായപ്പോൾ വ്യാപാരികളായ ഇവർ ബ്രാഹ്മണമേധാവിത്വം അംഗീകരിക്കുകയും ചാതുർവർണ്ണ്യത്തിൽ വൈശ്യവിഭാഗമായി അറിയപ്പെടുകയും ചെയ്തു എന്ന് കരുതാം.

## 2.4 ഇരിങ്ങാലക്കുടയുടെ ബൗദ്ധപാരമ്പര്യം

പരമ്പരാഗതചരിത്രങ്ങൾ അവഗണിക്കുകയോ തിരിച്ചറിയാതെപോവുകയോ ചെയ്ത ഒന്നാണ് ഇരിങ്ങാലക്കുടയുടെ ബൗദ്ധസംസ്കാരം. ബ്രാഹ്മണാധിനിവേശത്തിൽ ആദ്യം നിഷ്കാസനം ചെയ്യപ്പെട്ടവർ ബൗദ്ധരാണെന്നതാകാം അതിനു കാരണം. എന്നാൽ, ചരിത്രത്തിന്റെ നിർണ്ണായക തെളിവുകൾ പലതും വ്യവഹാരഭാഷയിൽ അവശേഷിപ്പിച്ചിട്ടാണ് കാലം കടന്നു പോകുന്നത്. അതുകൊണ്ടുതന്നെ എത്ര ഉത്തിട്ടും മാഞ്ഞുപോകാതെ പേരുകളിലും സ്ഥലനാമങ്ങളിലും ബൗദ്ധപാരമ്പര്യത്തിന്റെ നീക്കിയിരിപ്പ് പ്രത്യക്ഷമാണ്. അതിൽ ചിലതാണ് കൂടൽമാണിക്യം ക്ഷേത്രത്തിന് കിഴക്കുള്ള കുട്ടംകുളവും പടിഞ്ഞാറുള്ള പള്ളിക്കുളവും.

കൂടൽമാണിക്യക്ഷേത്രത്തിന്റെ കിഴക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന കുട്ടംകുളത്തിന്റെ പേരിനെ സംബന്ധിച്ച് ചില അഭിപ്രായഭിന്നതകളുണ്ട്. തച്ചുശാസ്ത്രവിദഗ്ധനായിരുന്ന കുട്ടൻ വാര്യരുടെ നേതൃത്വത്തിൽ നിർമ്മിച്ച കുളം എന്നതിനാൽ കുട്ടംകുളം എന്ന പേരുവന്നു എന്നതാണ് ഒരഭിപ്രായം. അതല്ല, ശ്രീബുദ്ധന്റെ അനുയായികളാ

യിരുന്ന ബോധിസത്വൻമാർ നിർമ്മിച്ച കുളമാണ് ഇതെന്നും ബുദ്ധന്റെ ഗ്രാമ്യനാമങ്ങളിലൊന്നായ കുട്ടൻ (കരുമാടിക്കുട്ടൻ) എന്ന പേരിൽനിന്നാണ് കുട്ടൻകുളം അഥവാ കുട്ടംകുളം എന്ന പേരു വന്നതെന്നും കരുതുന്നു. കുട്ടനല്ലൂരും കുട്ടനാട്ടും കുട്ടൻകുളങ്ങരയും നൽകുന്ന അതേ സ്ഥലനാമസൂചനയാണ് കുട്ടംകുളത്തിന്റേതും എന്ന് കരുതുന്നു. ബൗദ്ധസംസ്കാരാന്വേഷകനായ അജയ് ശേഖറിന്റെ അഭിപ്രായത്തിൽ, “രാജഭരണകാലത്ത് കുട്ടവാര്യർ നിർമ്മിച്ച നിഴൽവീഴാത്ത ദീർഘചതുരാകൃതിയിലുള്ള കുളത്തിന്റെ വിശേഷങ്ങളൊക്കെ കാലഗണനയില്ലാത്ത കെട്ടുകഥയല്ല. മറിച്ച് ഭാഷയിൽ അവശേഷിക്കുന്ന ബൗദ്ധസൂചകങ്ങളെക്കൂടി തിരഞ്ഞുപിടിച്ച് തിരുത്താനുള്ള വ്യഗ്രതയുടെ ഭാഗമാണ്” (2018:101). വാര്യര് കുഴിച്ച കുളമാണെങ്കിൽ അതു വാര്യക്കുളം എന്നറിയപ്പെട്ടേനെ എന്നദ്ദേഹം കൂട്ടിച്ചേർക്കുന്നു. നിർമ്മാതാവിന്റെ പേരിൽ നിർമ്മിതി അറിയപ്പെടുന്ന രീതി സാധാരണമല്ല. പ്രത്യേകിച്ചും രാജഭരണകാലത്ത്. രാജാവിന്റെയോ കോവിലധികാരിയുടെയോ ദൈവങ്ങളുടെത്തന്നെയോ പേരാണ് സാധാരണയായി ഉപയോഗിക്കാറുള്ളത്. കുട്ടൻകുളം മാത്രം ഇതിനൊരു അപവാദമാവാൻ സാധ്യതയില്ല. കുട്ടന്റെ നാട് കുട്ടനാട് ആയതുപോലെ കുട്ടൻമാർ (ബുദ്ധശിഷ്യർ) നിർമ്മിച്ച കുളം കുട്ടംകുളം ആയതാകാനാണ് സാധ്യത. കുട്ടനാട് സ്ഥിതി ചെയ്യുന്ന ആലപ്പുഴ ജില്ലയിൽനിന്നാണ് ബൗദ്ധപുരാവസ്തുക്കളധികവും കണ്ടുകിട്ടിയിട്ടുള്ളത് എന്ന് അജു നാരായണൻ വിലയിരുത്തുന്നത് ശ്രദ്ധേയമാണ് (2005:16). കുട്ടനാട്ടിലുൾപ്പെടുന്ന കരുമാടി എന്ന സ്ഥലത്തുനിന്ന് കിട്ടിയ വിഗ്രഹം കരുമാടിക്കുട്ടൻ എന്ന പേരിൽ സംരക്ഷിക്കപ്പെടുന്നു. ‘ബാലബുദ്ധൻ’ എന്നാണ് ഈ വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. ചെറിയ കുട്ടികളോടുള്ള വാത്സല്യസൂചകമായി ‘കുട്ടാ’ എന്ന് വിളിക്കുന്ന രീതി ഇന്നും ഭാഷയിൽ അവശേഷിക്കുന്നു.

പള്ളി എന്ന പേര് ജൈനബുദ്ധ ആചാര്യൻമാരുടെ ആവാസകേന്ദ്രങ്ങളെയും ആരാധനാലയങ്ങളെയും വിദ്യാശാലകളെയുമാണ് ഓർമ്മപ്പെടുത്തുന്നത്. ആ അർത്ഥത്തിൽ പള്ളിക്കുളം എന്നതിന് ക്ഷേത്രക്കുളം എന്ന് ഇന്നത്തെ രീതിയിൽ അർത്ഥം പറയാം. “കേരളത്തിലെ സാമാന്യജനങ്ങളെ അവർ അക്ഷരവിദ്യയും പാലി, പ്രാകൃതം - സംസ്കൃതഭാഷകളും ആയുർവ്വേദം, ജ്യോതിശ്ശാസ്ത്രം തുടങ്ങിയ ശാസ്ത്രങ്ങളും അഭ്യസിപ്പിച്ചത് ഇവിടെ വച്ചാണ്” എന്ന് കേരളചരിത്രത്തിലെ അടിസ്ഥാനരേഖകളിൽ പുതുശ്ശേരി

രാമചന്ദ്രൻ വിലയിരുത്തുന്നു (2007:xciii). വൈജ്ഞാനിക മേഖലയിൽ ശ്രദ്ധേയമായ സ്ഥാനം നേടാൻ ഈ ബൗദ്ധപാരമ്പര്യവും കാരണമായിട്ടുണ്ട്.

ഇരിങ്ങാലക്കുടയ്ക്കടുത്തുള്ള അവിട്ടത്തൂരിൽനിന്നും 2014 -ൽ ഒരു പ്രാചീന ശിലാ വിഗ്രഹം കണ്ടെത്തി (നോ. അനുബന്ധം 1.5). ഈ ബോധിസത്വശില്പത്തെ പുറം ലോകത്തിന് പരിചയപ്പെടുത്തിയത് അജയ് ശേഖറിന്റെ നേതൃത്വത്തിലുള്ള പ്രാദേശിക ചരിത്രാന്വേഷകരാണ്. പുലയ മൂപ്പനായ അയ്യൻചിരുകണ്ടന്റെ പേരിലുള്ള അയ്യൻചിറയിൽനിന്നാണ് വിഗ്രഹം കണ്ടെടുത്തത്. അയ്യൻചിരുകണ്ടനെക്കുറിച്ച് പല കഥകളും പ്രദേശവാസികൾക്കിടയിലുണ്ട്. അദ്ദേഹം ഒരു ബുദ്ധമത വിശ്വാസിയായിരുന്നു എന്നു കരുതുന്നതിലും തെറ്റില്ല. വെളയനാട് ക്രിസ്ത്യൻപള്ളിയുടെ സ്ഥാപനവുമായി ബന്ധപ്പെട്ടും, അയ്യൻകാവ് ക്ഷേത്രപ്രതിഷ്ഠയുമായി ബന്ധപ്പെട്ടും ചിരുകണ്ടമൂപ്പനെക്കുറിച്ച് പരാമർശിക്കുന്നുണ്ട് (നോ. 2.5). കുളക്കടവിൽ അശ്രദ്ധമായി കിടന്നിരുന്ന വിഗ്രഹത്തിനരികിൽ ഇടയ്ക്കെപ്പോഴോ നാണയത്തുട്ടുകളിട്ട് പ്രദേശവാസികൾ പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. ദളിത് സംസ്കാരചരിത്രാന്വേഷകനായ അഭി തുമ്പൂരിനെപ്പോലുള്ള തദ്ദേശീയർ വിഗ്രഹത്തിന്റെ ചരിത്രപ്രധാന്യം തിരിച്ചറിഞ്ഞ് ഫെയ്സ് ബുക്ക് അടക്കമുള്ള നവമാധ്യമങ്ങളിൽ ചർച്ച ചെയ്തിരുന്നു.[7] കേരള പുരാവസ്തുവകുപ്പ് ഏറ്റെടുത്ത വിഗ്രഹം തൃശ്ശൂർ മ്യൂസിയത്തിലേക്ക് കൊണ്ടുപോയെങ്കിലും ഇതുവരെയും പ്രദർശനത്തിനെത്തിയിട്ടില്ല.

അവിട്ടത്തൂരിൽനിന്നും ലഭിച്ച വിഗ്രഹത്തിന് ആയിരത്തിയിരുനൂറിലധികം വർഷത്തെ പഴക്കമുണ്ടെന്ന് അജയ് ശേഖർ വിലയിരുത്തുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, “സ്ഥലനാമ ലക്ഷ്യങ്ങളിൽനിന്നും പ്രാചീന പുരാവസ്തു അവശിഷ്ടങ്ങളായ ചിറകൾ, വയൽത്തോട്ടുകൾ, മതിലുകൾ, അമ്പലങ്ങൾ, കുളങ്ങൾ എന്നിവയിൽനിന്നും അവിട്ടത്തൂരും ഇരിങ്ങാലക്കുടയും ഒരു ശ്രമണ കേന്ദ്രമായിരുന്നു എന്നതും വ്യക്തമാണ്. ഏതാണ്ടു പതിനാലാം നൂറ്റാണ്ടുവരെ ജൈനമതം ഇവിടെ പിടിച്ചുനിന്നിരുന്നുവെന്ന് ചരിത്രരചയിതാക്കൾ രേഖപ്പെടുത്തിയിട്ടുണ്ട്. പന്ത്രണ്ടാം നൂറ്റാണ്ടോടെ ജാതിക്കെതിരെ വിട്ടുവീഴ്ച്ചയില്ലാത്ത നിലപാടു സ്വീകരിച്ച ബുദ്ധമതത്തെ ബ്രാഹ്മണഹിന്ദുമതം ശൈവ - വൈഷ്ണവഭക്ത്യാവേശത്തെ ഉപയോഗപ്പെടുത്തി ഉൻമൂലനം ചെയ്തിരിയ്ക്കാം”

[7] https://www.facebook.com/share/p/eXmgrj6BRnF5MVns/?mibextid=oFDknk

(2019:103). അപരവൽക്കരണത്തിന്റെ വ്യത്യസ്ത കാഴ്ചകൾ ഭാഷയിലും ഭൗതികവസ്തുക്കളിലും ഒരുപോലെ ദൃശ്യമാണ്.

അവിട്ടത്തൂർ എന്ന സ്ഥലനാമവും ബൗദ്ധപാരമ്പര്യത്തിന്റെ പുരാവസ്തു ശേഷിപ്പായി വിലയിരുത്തപ്പെടുന്നു. അഗസ്ത്യേശ്വര പുത്തൂർ ആണ് അവിട്ടത്തൂർ എന്നാണ് പ്രബലമായ വാദം. കേരളത്തിലെ മുപ്പത്തിരണ്ട് ബ്രാഹ്മണഗ്രാമങ്ങളിൽ ഒന്നായ അവിട്ടത്തൂരിലെ ക്ഷേത്രത്തിൽ പ്രതിഷ്ഠനടത്തിയത് അഗസ്ത്യമുനിയാണെന്ന ഐതിഹ്യമാണ് ഈ ചിന്തയ്ക്കാധാരം. ക്ഷേത്രത്തിനടുത്തായി കാണുന്ന യജ്ഞകുണ്ഡം അഗസ്ത്യമുനിയുടേതാണെന്ന് പറഞ്ഞു വരുന്നു. എന്നാൽ, അവലോകിതേശ്വരനെ പഴന്തമിഴിൽ അകത്തിയനെന്നും പറഞ്ഞിരുന്നതായി അജയ് ശേഖർ ചൂണ്ടിക്കാട്ടുന്നു. ഈ അകത്തിയ കൂടത്തെ പിന്നീട് അഗസ്ത്യകൂടമെന്നും അകത്തിയനെ അഗസ്ത്യമഹർഷിയെന്നും ഹിന്ദുവൽക്കരിക്കുകയായിരുന്നു എന്നാണ് അദ്ദേഹത്തിന്റെ നിഗമനം. "ഇന്ന് അഗസ്ത്യകൂടം എന്ന് വിളിക്കുന്ന പൊതാളകം അഥവാ പൊതിയിൽ മല (ബുദ്ധലോകം അഥവാ ബോധിയിൽ മലകൂടം) പ്രാചീനകാലത്ത് ബോധിയിൽ മലയായിരുന്നു. ഏഴാം നൂറ്റാണ്ടിൽ പോലും തെന്നിന്ത്യൻ ബൗദ്ധ കേന്ദ്രങ്ങളായിരുന്ന നാഗപട്ടണവും കാഞ്ചീപുരവും സന്ദർശിച്ച ഹ്യയാൻ സാങ്ങെന്ന ചൈനീസ് ബുദ്ധസഞ്ചാരി പൊതാളകം എന്ന മലകൂടത്തെക്കുറിച്ചും ചേരനാട്ടിലെ വമ്പൻ വിഹാരങ്ങളെക്കുറിച്ചും എഴുതിയിട്ടുണ്ട്. മായാനത്തിലെയും വജ്രയാനത്തിലെയും അവലോകിതേശ്വര ബോധിസത്വന്റെ കേന്ദ്രമായിരുന്ന പൊതാളകം അഥവാ പൂതലോകം ബുദ്ധലോകമായ പൊതിയിൽ മല. ഇന്നും ടിബറ്റിലെ ദലൈലാമയുടെ അരമന അറിയപ്പെടുന്നത് പൊതാളകമെന്നാണ്" (2019:102). ഇങ്ങനെ അഗസ്ത്യപുത്തൂരെന്ന പ്രാചീനസ്ഥലനാമത്തെ ബൗദ്ധസംസ്കാരവുമായി ബന്ധപ്പെടുത്താൻ സാധിക്കുന്നു.

ക്രിസ്തുവർഷം 903 -ൽ എഴുതപ്പെട്ട അവിട്ടത്തൂർ ക്ഷേത്രരേഖയിൽ 'ആവട്ടിപുത്തൂർ' എന്നാണ് സ്ഥലനാമം രേഖപ്പെടുത്തുന്നത്. "സ്വസ്തി ശ്രീ കോ ക്കോതൈ ഇരവിക്കു ചെല്ലാനിന്റയാണ്ട് ഇരുവത് ഇവ്വാണ്ടു കന്നിയില് വിയാഴന്നിർക വിരുച്ചികഞ്ഞായറ് ആവട്ടിപുത്തൂരായിരവരും..." (രാമചന്ദ്രൻ പുതുശ്ശേരി, 2007:30) എന്നാണ് ക്ഷേത്രരേഖ തുടങ്ങുന്നത് (നോ. അനുബന്ധം 1.4). അഗസ്ത്യ പുത്തൂർ ആണ് ആവട്ടിപുത്തൂർ ആയതെന്ന അഭിപ്രായം ഭാഷാശാസ്ത്രപരമായി ശരിയല്ലെന്ന നിലപാടാണ് പുതുശ്ശേരി രാമചന്ദ്രന്റേത് (2007:1). രണ്ടായാലും പുത്തന്റെ ഊരാണ് പുത്തൂർ എന്ന കാര്യത്തിൽ

തർക്കമില്ല. പുത്തരും അയ്യനും കുട്ടനുമെല്ലാം കൊടുംതമിഴ് കാലത്തെ ബുദ്ധന്റെ ഗ്രാമ്യനാമങ്ങളാണ്. പുത്തരച്ചന്റെ നാടായ ആവട്ടിപുത്തൂരിൽനിന്നും പുത്തരുടെ നാമം അവശേഷിക്കാത്ത മട്ടിൽ സ്ഥലനാമം അവിട്ടത്തൂരായി മാറി. ബൗദ്ധചരിത്രാവശിഷ്ടങ്ങളുടെ അപര്യാപ്തതയ്ക്കു കാരണം നൂറ്റാണ്ടുകളായി തുടരുന്ന ഇത്തരം തമസ്കരണങ്ങളാണ്.

ഇരിങ്ങാലക്കുടയ്ക്ക് കുറച്ചു പടിഞ്ഞാറുമാറിയാണ് പെരിഞ്ഞനം ഭഗവതിക്ഷേത്രം സ്ഥിതിചെയ്യുന്നത്. ബുദ്ധമതവിശ്വാസിയായിരുന്ന പള്ളിവാണ പെരുമാൾ സ്ഥാപിച്ച ക്ഷേത്രത്തിൽ സിദ്ധാർത്ഥന്റെ മാതാവായ മഹാമായയെയാണ് പ്രതിഷ്ഠിച്ചത് എന്ന് കരുതപ്പെടുന്നു. "രാജകുടുംബങ്ങളെല്ലാം ബുദ്ധമതത്തെ വിട്ടിട്ടും സുഗതമതത്തെ വിടാൻ കൂട്ടാക്കാതെ പതിനാറാം നൂറ്റാണ്ടിന്റെ അന്ത്യംവരെ പിടിച്ചുനിന്നയാളാണ് പള്ളിവാണപ്പെരുമാൾ. ധർമ്മത്തിനായി തന്റെ കിരീടമുപേക്ഷിച്ച കേരളരാജകുമാരനാണദ്ദേഹം. ബുദ്ധനെയും മാതാവായ മഹാമായയേയുമാണ് പള്ളിവാണർ പെരിഞ്ഞനത്തു പ്രതിഷ്ഠിച്ചത്. ഇന്ന് മഹാമായയെ ഭഗവതിയായും ബുദ്ധനെ വിഷ്ണുവായും ഹൈന്ദവമായി ആരാധിക്കുന്നു" എന്നാണ് അജയ് ശേഖർ നിരീക്ഷിക്കുന്നത് (2019:76). പള്ളീലമ്പലം എന്ന പേരിലാണ് ഇന്നും ഈ ക്ഷേത്രം അറിയപ്പെടുന്നത് എന്നത് ശ്രദ്ധേയമാണ്.

സിദ്ധാർത്ഥ രാജകുമാരൻ ശ്രമണപദത്തിലേക്ക് പ്രവേശിക്കുന്നത് ശ്രാവണമാസത്തിലെ തിരുവോണനാളിലായിരുന്നുവെന്ന വിശ്വാസത്തെ അടിസ്ഥാനമാക്കിയും ഓണം വ്യാഖ്യാനിക്കപ്പെടുന്നുണ്ട് (വേലായുധൻ പണിക്കശ്ശേരി, 2006:95). ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രത്തിൽ 'സ്വാമിയുടെ പിറന്നാളായി' തിരുവോണദിവസം ആഘോഷിക്കുന്നു. പ്രദേശവാസികൾ അധികംപേരും തിരുവോണസദ്യ ഉണ്ണുന്നത് ക്ഷേത്രത്തിലാണ്. പുത്തനായും കുട്ടനായും അയ്യനായും പ്രാർത്ഥനാരൂപമായിരുന്ന ബുദ്ധഭഗവാന്റെ പുതിയകാല രൂപങ്ങളായി അയ്യപ്പനും കൃഷ്ണനും മുരുകനും ഓണത്തപ്പനും സ്ഥാനം നേടിക്കഴിഞ്ഞു. എങ്കിലും, എത്രയെല്ലാം തമസ്കരണത്തിന് വിധേയമായിട്ടും ഭാഷയിലും സ്ഥലനാമങ്ങളിലും വിശ്വാസങ്ങളിലും ശ്രമണസംസ്കാരം അലിഞ്ഞുചേർന്നിരിക്കുന്നു എന്നതാണ് വസ്തുത.

## 2.4.1 ജൈന -ബൗദ്ധമതാനന്തരസമൂഹം

ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രം ജൈനമതത്തിന്റെ അപചയകാലത്ത് ഹിന്ദുക്ഷേത്രമായതാണെങ്കിൽ അന്നത്തെ ജൈനർ പിന്നീട് ജാതിവ്യവസ്ഥയുടെ ഏത് തലത്തിലേക്കാണ് അവർ മാറ്റപ്പെട്ടത് എന്നത് ഏറെ പ്രസക്തമായ ചിന്തയാണ്. ബുദ്ധ -ജൈനമതങ്ങൾ വേട്ടയാടപ്പെട്ട സന്ദർഭത്തിൽ ഹിന്ദുമതം സ്വീകരിച്ചവർക്ക് ചാതുർവർണ്യത്തിൽ ഉയർന്ന സ്ഥാനങ്ങൾ നൽകിയെന്നും, എന്നാൽ അതിനോട് എതിർത്തുനിന്ന് ഏറ്റവുമൊടുവിൽ മാത്രം ഹിന്ദുമതത്തിന്റെ ഭാഗമായവർക്ക് സമുദായ ശ്രേണിയിൽ താഴ്ന്നപദവിയേ ലഭിച്ചുള്ളൂ എന്നും വേലായുധൻ പണിക്കശ്ശേരി അഭിപ്രായപ്പെടുന്നു (2012:48).

ബ്രാഹ്മണ്യം അയിത്തം കൽപ്പിച്ച അവരെ ഉയർന്ന സാമൂഹ്യപദവികളിൽനിന്നും തരംതാഴ്ത്തി. ഈ പരിവർത്തനഘട്ടത്തിൽ സ്വന്തം ഭൂമിയും പദവികളും നഷ്ടപ്പെട്ട് അധ്വാനംകൊണ്ടുമാത്രം ജീവിതം കഴിച്ചുകൂട്ടേണ്ടി വന്ന അവർ അടിയോരും അടിമകളും ആയി മാറി. ബ്രാഹ്മണരും അവരോടൊപ്പമുള്ളരും ഒരുവശത്തും ബ്രാഹ്മണരെ എതിർത്തവർ മറുവശത്തുമായി കേരളസമൂഹം വിഭജിക്കപ്പെട്ടു എന്ന അഭിപ്രായമാണ് പി.കെ. ഗോപാലകൃഷ്ണൻ രേഖപ്പെടുത്തുന്നത് (1991:283). “ബ്രഹ്മണരോട് അടുപ്പമുണ്ടായിരുന്നവരെല്ലാം ചേർന്ന് ശൂദ്രവിഭാഗമായി അറിയപ്പെട്ടു. അവരാണ് നായന്മാർ. ഇവരെല്ലാം ചേർന്ന് സവർണ്ണവിഭാഗമായി. ബ്രാഹ്മണരെ എതിർത്തുനിന്നവർ ബുദ്ധമത തിരോധാനത്തോടെ, ഹിന്ദുക്കളായി തീർന്നെങ്കിലും അവർക്ക് സ്ഥാനം വർണ്ണവ്യവസ്ഥയ്ക്ക് വെളിയിലായിരുന്നു. എന്നാൽ ബൗദ്ധവിഭാഗത്തിൽപ്പെട്ടവരും ബുദ്ധവിഹാരങ്ങളിൽ പൂജാരിമാരായിരുന്നവരുമായവരെ പൂണൂലിട്ട് നമ്പൂതിരിമാരാക്കിയിരുന്നു. അതേപോലെ, പണ്ഡിതനായിരുന്ന ബൗദ്ധരെ ബ്രാഹ്മണപദവിയിൽ കുടിയിരുത്തിയിരുന്നു. അവരാണത്രേ അഷ്ടവൈദ്യന്മാരായിരുന്ന മൂസ്സതുമാർ” (രാജഗോപാലൻ കെ., 2014:234).

ജൈനമതം ക്ഷയോൻമുഖമായപ്പോൾ കേരളീയരുടെ സമന്വയ ബുദ്ധിയാണ് ഭരതേശ്വര ജൈനക്ഷേത്രത്തെ രാമാനുജനായ ഭരതന് സമർപ്പിച്ചത് എന്ന് വിലയിരുത്തുമ്പോഴും, ഇതേ ക്ഷേത്രത്തിന്റെ നടവഴിപോലും കീഴാളന് മുന്നിൽ കൊട്ടിയടക്കപ്പെട്ടപ്പോൾ, സഞ്ചാരസ്വാതന്ത്ര്യത്തിനായി പിന്നെയും സമരങ്ങൾ ഒരുപാട് വേണ്ടിവന്നു.

ജൈനർ കേരളത്തിലെത്തിയത് കച്ചവടത്തിനോ മതപ്രചരണത്തിനോ ഏതുമാകട്ടെ കേരളീയജീവിതത്തിന്റെ പലതലങ്ങളിൽ സ്വാധീനം ചെലുത്താൻ അവർക്കായിട്ടുണ്ട്. ജൈന - ബുദ്ധമതങ്ങൾ മുഖ്യധാരയിൽനിന്ന് മാറ്റിനിർത്തപ്പെട്ടെങ്കിലും അവർ സൃഷ്ടിച്ച സാംസ്കാരിക സംവിധാനങ്ങൾ ഇന്നും നിലനിൽക്കുന്നവയാണ്. ആയുർവ്വേദം, ജ്യോതിശാസ്ത്രം, വാസ്തുവിദ്യ തുടങ്ങിയ മേഖലകളിലെല്ലാം കേരളത്തിലെ ഇതര ജൈനാധിവാസ കേന്ദ്രങ്ങളിലെന്നപോലെ ഇരിങ്ങാലക്കുടയിലും ജൈനപാരമ്പര്യം തുടർന്നുപോരുന്നുണ്ട്.

## 2.5 അയ്യൻ ചിരുകണ്ടൻ

ഭാവനയ്ക്കും ചരിത്രത്തിനും ഇടയിലാണ് ഐതിഹ്യങ്ങളുടെ സ്ഥാനം. ഓരോ കാലഘട്ടവും അതിന്റെ വീക്ഷണവ്യതിരിക്തതകൾക്കനുസരിച്ച് മിനുക്കിച്ചേർത്ത അതിശയോക്തി തുടച്ചുമാറ്റിയാൽ തെളിഞ്ഞുവരുന്നത് സംസ്കാരചരിത്രരചനയ്ക്ക് ഉപയുക്തമായ ഉപാദാനമായിരിക്കും. ഇന്നത്തെ മുകുന്ദപുരം താലൂക്കിലെ പഴയ പന്തലിപ്പാടം പ്രദേശത്തെ നാട്ടുരാജാവായിരുന്നു അയ്യൻ ചിരുകണ്ടൻ എന്ന് ഇവിടുത്തുകാർ വിശ്വസിക്കുന്നു. തലമുറകളിലൂടെ കൈമാറി വരുന്ന ഐതിഹ്യമാണിത്. അയ്യൻ ചിരുകണ്ടനെക്കുറിച്ച് പല കഥകളും പ്രചരിക്കുന്നുണ്ട്. ആ പാഠഭേദങ്ങളിലെ സാംസ്കാരികവിവക്ഷകൾ ചരിത്രത്തിന്റെ വർത്തമാനാനുഭവമാണ്.

ഭാരതപ്പുഴമുതൽ അഷ്ടമുടിക്കായൽവരെ നീണ്ടുകിടക്കുന്ന പ്രദേശം വന്നേരി കേന്ദ്രമാക്കിയിരുന്ന കൊച്ചി രാജകുടുംബത്തിന്റെ അധികാരത്തിലായിരുന്നു. എങ്കിലും ഓരോ പ്രദേശത്തിനും പ്രത്യേകം നാടുവാഴികളും ഉണ്ടായി. പന്തലിപ്പാടത്തെ നാടുവാഴി തന്റെ മകളുടെ വിവാഹത്തിനായി കൊച്ചി രാജാവിനെ ക്ഷണിക്കുന്നു. പഴക്കടയ്ക്ക കൊണ്ട് ഉണിട്ട് വെറ്റിലകൊണ്ട് പന്തലിട്ട് സ്വർണ്ണംകൊണ്ട് നിറപറവെച്ച് നിലവിളക്ക് കൊളുത്തിയാണ് അദ്ദേഹം കൊച്ചിരാജാവിനെ സ്വീകരിച്ചത്. ചെറുമനായ നാട്ടുരാജാവിന്റെ സമ്പത്തും പ്രൗഢിയും കണ്ട് അസൂയപൂണ്ട കൊച്ചിരാജാവ് അരയിലെ വാളൂരി ചിരുകണ്ടനെ വെട്ടിക്കൊന്നു. ഇതാണ് കഥാസാരം. പാഠഭേദങ്ങളോടെ പല സമുദായങ്ങളും (പ്രധാനമായും പുലയസമുദായവും പറയസമുദായവും) തങ്ങളുടെ പൂർവികന്റെ കഥ എന്ന രീതിയിൽ ഇത് പറഞ്ഞുവരുന്നു.

അയ്യൻ ചിരുകണ്ടൻ ചെറുമരുടെ രാജാവാണ് എന്നത് ജനസമ്മതമാണ്. എന്നാൽ അദ്ദേഹത്തിന്റെ ജാതിയെ സംബന്ധിച്ച് പറയ - പുലയ വിഭാഗക്കാർക്കിടയിൽ തർക്കം നിലനിൽക്കുന്നുണ്ട്. ഒർണ കൃഷ്ണൻകുട്ടിയുടെ *പുലയരുടെ ചരിത്രം ഒരു പഠനം* എന്ന കൃതിയിലും *മുകുന്ദപുരത്തെ പുലൈ രാജാവ്* എന്ന കണ്ണൻ മേലോത്തിന്റെ കൃതിയിലും അഡ്വ. കെ.എസ് മേനോൻ, കെ.കെ. വേലായുധൻ എന്നിവരുടെ ലേഖനങ്ങളിലുമെല്ലാം അദ്ദേഹം പുലയനാണ്. എന്നാൽ അദ്ദേഹമൊരു പറയ മൂപ്പനായിരുന്നു (സാംബവവിഭാഗം) എന്നു കരുതുന്നവരും ഇവിടെ ഉണ്ട്. ലോനപ്പൻ നമ്പാടന്റെ *സഞ്ചരിക്കുന്ന വിശ്വാസി*യിൽ പറയനാണ് ചിരുകണ്ടൻ. ചെറുമവിഭാഗക്കാർക്കിടയിൽ പൗരോഹിത്യം സാംബവർക്കാണ് എന്നത് ശ്രദ്ധേയമാണ്. രാജവാഴ്ചയിൽ പൗരോഹിത്യം അധികാരത്തോട് ചേർന്നുനിന്നിരുന്നു. പോത്തോട്ടോണത്തിൽ[8] പൗരോഹിത്യം വഹിക്കുന്ന വള്ളോനെ[9] അവരോധിക്കുന്നത് സാംബവരാണ്. മന്ത്രവാദം, ഒടിയൻ പ്രയോഗങ്ങൾ തുടങ്ങിയവയിലും കളംപാട്ട് പോലുള്ള പ്രാർത്ഥനകളിലും സാംബവ വിഭാഗം മുൻപന്തിയിലാണ്. നഷ്ടപ്പെട്ടുപോയ പ്രതാപകാലത്തിന്റെ സ്മരണകൾ കഥകളിലൂടെ തലമുറകൾ കൈമാറി സൂക്ഷിക്കുന്ന സമുദായങ്ങളെ ഇവിടെ കാണാം.

കഥ നടക്കുന്ന പ്രദേശത്തെ സംബന്ധിച്ചും വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. പന്തലിപ്പാടം പ്രദേശത്തെ നാട്ടുരാജാവായിരുന്നു അയ്യൻ ചിരുകണ്ടൻ. ഈ പന്തലിപ്പാടം, ഇന്നത്തെ പട്ടേപ്പാടമോ അതിനടുത്ത ഇടങ്ങളോ ആണെന്നതാണ് ഒരു വാദം. ഉപകഥളിൽ കടന്നുവരുന്ന വെളയനാട് ദേവാലയം, മുകുന്ദപുരം ക്ഷേത്രം എന്നിവ ഇവിടങ്ങളിലാണ്. പൊ.വ. 900 ആണ്ടിൽ സ്ഥാപിതമായി എന്ന് കരുതുന്ന വെളയനാട് ക്രിസ്ത്യൻ ദേവാലയത്തിന്റെയും മുകുന്ദപുരം ശ്രീകൃഷ്ണ ക്ഷേത്രത്തിന്റെയും ഉത്ഭവവുമായി ബന്ധപ്പെട്ടും ചിരുകണ്ടകഥ പ്രചരിക്കുന്നുണ്ട്

---

[8] നാടിന്റെ കാർഷിക അഭിവൃദ്ധിക്കായിയും കന്നുകാലികൾക്ക് അസുഖങ്ങൾ ഇല്ലാതിരിക്കാനുമായി നടത്തുന്ന ചടങ്ങാണ് പോത്തോട്ടോണം. കന്നിമാസത്തിലെ തിരുവോണ നാളിലാണ് പോത്തോട്ടോണം നടത്തുന്നത്.

[9] പോത്തോട്ടക്കല്ലിൽ പഴയകാലത്തിന്റെ കാർഷികോത്പന്നങ്ങളുടെ പ്രതീകമായ നെല്ലിൻ കറ്റക്ക് മുകളിലിരിക്കുന്ന ചടങ്ങുകളുടെ പാരമ്പര്യാവകാശിയാണ് വള്ളുവോൻ. കല്പിക്കുന്നതിനെ തുടർന്ന് പോത്തുകൾ തറയ്ക്കു ചുറ്റും മൂന്ന് പ്രദക്ഷിണം ചെയ്ത് ശക്തി തെളിയിക്കും.പിന്നീട് ഉരുക്കളെയും, ദേശക്കാരെയും ഇളനീരും പൂവും, നെല്ലുമെറിഞ്ഞനുഗ്രഹിക്കുന്ന വള്ളുവോൻ ഉരുക്കളുടെ ശക്തിയെപ്പറ്റി ഊരാളനെ ധരിപ്പിക്കുന്നു. തുടർന്ന് അനുഗ്രഹ സൂചകമായി ഭഗവതിയുടെ പ്രതിനിധിയായ വെളിച്ചപ്പാട് ഉരുക്കളുടെ ശക്തി ഒരാണ്ട് ദേശത്തെ രക്ഷിക്കുമെന്ന് കല്പന ചൊല്ലുന്നതോടെ ചടങ്ങുകൾ സമാപനമാവും.

ചിരുകണ്ടനെ വധിച്ച മുകുന്ദൻ എന്ന രാജാവിന്റെ പേരിലാണ് ക്ഷേത്രത്തിനും പിന്നീട് നാടിനും ആ പേര് ലഭിച്ചതത്രേ. മുകുന്ദപുരം എന്ന പേരിൽ ഇന്ന് ഒരു നാടില്ല. എന്നാൽ ഇരിങ്ങാലക്കുട നിയമസഭാനിയോജക മണ്ഡലം ഉൾപ്പെടുന്ന പ്രദേശം മുകുന്ദ പുരം താലൂക്കിലാണ്. നടവരമ്പിനും വെളയനാടിനും ഇടയിലാണ് മുകുന്ദപുരം ശ്രീകൃഷ്ണ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. അയിത്ത ജാതിക്കാരനായ ചിരുകണ്ടനെ വധിച്ച കൊച്ചി രാജാവിന് തിരികെ കൊട്ടാരത്തിൽ പ്രവേശിക്കാൻ സാധിക്കാതെ വന്നതിനാൽ പരി ഹാരകർമ്മം അനുഷ്ഠിച്ചുകൊണ്ട് മുകുന്ദപുരം ക്ഷേത്രത്തിനടുത്ത് താമസമാക്കി. ഈ അവസരത്തിൽ അന്നത്തെ വിളയംകോട് പ്രദേശത്തെ നസ്രാണികൾ തട്ടിലെ മുത്തി യുടെ നേതൃത്വത്തിൽ രാജാവിനെ സമീപിക്കുകയും തങ്ങൾക്കൊരു ആരാധനാലയം നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി അപേക്ഷിക്കുകയും ചെയ്തു. കൊച്ചി ഭരണാധി കാരി അവരുടെ ആവശ്യം പരിഗണിച്ച് അനുമതിനൽകി. അങ്ങനെ ഇന്നത്തെ മുകുന്ദ പുരം ക്ഷേത്രത്തിൽനിന്നും നാലു വിളിപാടകലെയുള്ള കുന്നിൻപ്രദേശത്തിന്റെ തെക്കു ഭാഗത്തെ ചെരുവിൽ ദേവാലയം സ്ഥാപിക്കപ്പെടുന്നു. എന്നാൽ ദേവാലയത്തിലെ മണിനാദം മുകുന്ദപുരത്ത് താമസിച്ചിരുന്ന രാജാവിന്റെ പൂജാദികർമ്മങ്ങൾക്ക് തടസ്സ മായതിനാൽ, രാജകല്പന പ്രകാരം ആ ദേവാലയം പൊളിക്കുകയും കുറേക്കൂടി താഴോ ട്ടിറക്കി രാജാവിന്റെ സഹായത്തോടെ പുതിയതൊന്ന് പണിയുകയും ചെയ്തു. പ്രസ്തുത ദേവാലയമാണ് ഇന്നത്തെ വെളയനാട് തള്ളപള്ളിയിൽ നിലകൊള്ളുന്നത് എന്ന് ജനങ്ങൾ വിശ്വസിക്കുന്നു.[10]

കല്ലേറ്റുംകര ഗ്രാമത്തിനോട് ചേർന്ന് ഇന്നത്തെ കേരളഫീഡ്സ് ഫാക്ടറി സ്ഥിതി ചെയ്യുന്ന പ്രദേശമാണ് പന്തലിപ്പാടം എന്നതാണ് മറ്റൊരു വിലയിരുത്തൽ. ചിരുകണ്ടനെ വധിച്ചശേഷം രാജാവ് വടക്കുഭാഗത്തുള്ള കുന്നത്തറക്കൽ ക്ഷേത്രത്തിൽ ചെന്ന് അതിന്റെ അരികിൽക്കൂടി ഒഴുകിയിരുന്ന പുഴയിൽ കുളിച്ച്, ക്ഷേത്രദർശനം നടത്തി. അതിനടുത്തുള്ള ക്ഷേത്രകെട്ടിടത്തിലാണ് അദ്ദേഹം വിശ്രമിച്ചത്. കുറുമാലി പ്പുഴയുടെ ഒരു ശാഖ അന്ന് ആ ക്ഷേത്രപരിസരത്തുകൂടി ഒഴുകിയിരുന്നുവത്രേ.

കൊച്ചിരാജകുടുംബാംഗത്തിന് കീഴ്ജാതിക്കാരനായ ഒരാളുടെ രക്തംതൊ ട്ട് അശുദ്ധമായതിനാൽ രാജകൊട്ടാരത്തിലേക്ക് തിരിച്ചുപോകാൻ കഴിഞ്ഞില്ല. അദ്ദേഹം കുറേക്കാലം മുരിയാട് ക്ഷേത്രക്കെട്ടിടത്തിൽ താമസിച്ചു. രാജാവിന്റെ അമ്മ

[10] ജോസഫ് കാഞ്ഞിരപ്പറമ്പിൽ, വെളയനാട് 88 വയസ്സ്. 02/08/2022 -ൽ മരിച്ചു

ഭ്രഷ്ടനായ മകനെ കാണുന്നതിന് പുഴയുടെ മറുകരയിലുള്ള ക്ഷേത്രത്തിൽ ദർശനത്തിന് വരികയും അതേസമയത്ത്, എതിർ ക്ഷേത്രപരിസരത്തിൽ എത്തിച്ചേരുന്ന മകനെ പുഴയുടെ വെള്ളത്തിൽക്കൂടി കാണുകയുമാണ് ചെയ്തിരുന്നത്. ഇന്ന് റെയിൽവേ പാളം നിൽക്കുന്നത് ഈ പ്രദേശത്തിന് നടുവിലൂടെയാണ് എന്ന് പറയപ്പെടുന്നു. പഴമയെ സൂചിപ്പിക്കുന്ന ചില കല്ലുകളും ശൗചാലയ അവശിഷ്ടങ്ങളും കൊട്ടാരം നിലനിന്നിരുന്നു എന്ന് കരുതുന്ന പ്രദേശത്തുനിന്നും ലഭിച്ചിട്ടുണ്ട്. കൂടാതെ ക്ഷേത്രാവശിഷ്ടം എന്ന് കരുതാവുന്ന വലിയ ബലിക്കല്ലും ഇവിടെയുണ്ട്. മുരിങ്ങോത്ത് കോവിലകം, പള്ളിപ്പാമഠം എന്നിങ്ങനെ രണ്ട് കോവിലകങ്ങളാണ് ഇവിടെ ഉണ്ടായിരുന്നത് എന്ന് ഗോകുൽ ദാസ് അഭിപ്രായപ്പെടുന്നു. പതി എന്നറിയപ്പെടുന്ന രണ്ട് നീർച്ചാലുകൾ ഇവിടെയുണ്ട്. നന്ദിയാറും കല്ലാറും ഇതുവഴി ഒഴുകിയിരുന്നു എന്നും 1341 -ലെ വെള്ളപ്പൊക്കത്തെ തുടർന്നാണ് പുഴ വഴിമാറിയതെന്നുമാണ് കരുതുന്നത്. റെയിൽ പാളത്തിൽനിന്നും 800 മീറ്റർ വടക്കും 600 മീറ്റർ തെക്കുമായാണ് പതികൾ ഉള്ളത്.[11]

ഇന്നത്തെ ഇരിങ്ങാലക്കുട പട്ടണവും സമീപപ്രദേശങ്ങളും പന്തലിപ്പാടം പ്രദേശത്തിന്റെ അതിർത്തിയിൽ ഉൾപ്പെട്ടിരിക്കാൻ സാധ്യതയുണ്ട് എന്നൊരു പക്ഷമുണ്ട്. ചിരുകണ്ടകഥയുടെ പാഠഭേദങ്ങളിലൊന്നിൽ കൂടൽമാണിക്യക്ഷേത്രം സാംബവവിഭാഗത്തിന്റേതായിരുന്നു. ചിരുകണ്ടൻ സാംബവരാജാവും. ചിരുകണ്ടനിൽനിന്നും ആറുനാട്ടിൽ പ്രഭുക്കൻമാരിലൊരാളായ മുരിയേടത്തു നമ്പ്യാരാണ് രാജ്യം കയ്യടക്കുന്നത് എന്നും, അതല്ല കൊച്ചിരാജാവ് മുരിയേടത്ത് നമ്പ്യാർക്ക് ഭരണനിർവ്വഹണത്തിനായി നാട് കൈമാറുകയായിരുന്നു എന്നും പക്ഷാന്തരമുണ്ട്.

കൂടൽമാണിക്യക്ഷേത്രത്തിലെ പഴയകാല ഉരുളികൾ അടക്കമുള്ള പാത്രങ്ങളിൽ 'ചിരുകണ്ടൻ വക' എന്നെഴുതിയിട്ടുണ്ടത്രേ. എന്നാൽ തമസ്കരണങ്ങളുടെ ഭാഗമായി അവ ഇപ്പോൾ പുറത്തെടുക്കാതിരിക്കുന്നതാണ് എന്നും വിശ്വസിക്കുന്നവരുണ്ട്. ഇന്നത്തെ അയ്യങ്കാവ് മൈതാനവും സമീപപ്രദേശങ്ങളും അയ്യങ്കാവ് പാടമായിരുന്നു. സമൃദ്ധമായ ആ പാടശേഖരത്തിനോട് ചേർന്നാണ് അയ്യങ്കാവ് ക്ഷേത്രവും നിലകൊള്ളുന്നത്.

പ്രാദേശികചരിത്രാന്വേഷകനായ ഹരി എൻ.ജി. 2024 ഫെബ്രുവരി 22 -ൽ എഴുതിയ ഫെയ്സ്ബുക്ക് പോസ്റ്റിൽ, ആദിചേരന്മാരുടെ പിൻമുറയിൽപ്പെട്ട അയ്യാസ്വ

[11] ഗോകുൽദാസ്, നഗർമണ്ണമന, കല്ലേറ്റുംകര

രൂപത്തിന്റെ ആസ്ഥാനം ഇരിങ്ങാലക്കുടയായിരുന്നു എന്ന് രേഖപ്പെടുത്തുന്നു. അയ്യ ങ്കാവ് മൈതാനത്തോട് ചേർന്നാണ് ഇവരുടെ കൊട്ടാരം സ്ഥിതിചെയ്തിരുന്നത്. ഇരി ങ്ങാലക്കുട ഗ്രാമത്തിന്റെ ഗ്രാമക്ഷേത്രം മുരിയാട് പ്രദേശത്തായിരുന്നു. പെരുംതൃ ക്കോവിൽ ക്ഷേത്രം എന്ന് അത് അറിയപ്പെട്ടു. ക്ഷേത്രദർശനത്തിന് വരുമ്പോൾ അയ്യാ സ്വരൂപക്കാർ താമസിച്ചിരുന്ന ഇടമായിരുന്നു പന്തലിപ്പാടം. വൈഷ്ണവബ്രാഹ്മണരുടെ ആഗമനത്തോടെ ചേരരാജാവ് അവർക്ക് ആരാധനയ്ക്കായി ഒരിടം പെരുംതൃക്കോവിൽ ക്ഷേത്രസങ്കേതത്തിൽ നൽകി. അവർ അവിടെ ലക്ഷ്മീനാരായണ സങ്കൽപ്പത്തിൽ വിഷ്ണുവിനെ പ്രതിഷ്ഠിച്ച് ആരാധിച്ചുവന്നു. ശിവനും ദക്ഷിണാമൂർത്തിയും ഭഗവതിയും ഗന്ധർവ്വനുമെല്ലാം ഈ ക്ഷേത്രസങ്കേതത്തിൽ ആരാധിക്കപ്പെട്ടിരുന്നു. പണ്ട് പന്ത ലിപ്പാടത്ത് വലിയ ഒരു ഉത്സവം നടന്നിരുന്നതായി പറയുന്നുണ്ട്. ഇത് പെരുവനം ഉത്സവം പോലെയുള്ള ഒന്നായിരിക്കാൻ സാധ്യതയുണ്ട് എന്ന് ഹരി എൻ.ജി. വിലയി രുത്തുന്നു.

ക്ഷേത്രസങ്കേതത്തിൽ വൈഷ്ണവബ്രാഹ്മണർക്ക് ആരാധനക്കായി സ്ഥലം നൽകിയെങ്കിലും ക്ഷേത്രസങ്കേതം ചേരരാജവംശമായിരുന്ന അയ്യസ്വരൂപത്തിന്റെ ഉടമസ്ഥതയിൽത്തന്നെ ആയിരുന്നു. ക്ഷേത്രസങ്കേതങ്ങളുടേയും ഗ്രാമങ്ങളുടേയും ചേരരാജ്യത്തിന്റെ തന്നെയും ആധിപത്യം കൈപ്പിടിയിലാക്കാനും ഭരണം അട്ടിമ റിക്കാനും ഗൂഢാലോചന നടത്തിവന്നിരുന്ന ബ്രാഹ്മണർ അവരെ ഇരുകയ്യും നീട്ടി തന്റെ സാമ്രാജ്യത്തിലേക്ക് സ്വീകരിച്ച ചേരരാജാവിനെത്തന്നെ വധിക്കാനായി പദ്ധതിയിട്ടു. അതിന്റെ അടിസ്ഥാനത്തിൽ ഭരണം അട്ടിമറിച്ച് പുതിയ രാജാവാ ക്കാൻ (പെരുമാളാക്കാൻ) ബ്രാഹ്മണർ ഉദ്ദേശിച്ചിരുന്ന ക്ഷത്രിയനായ ഒരു തമ്പുരാൻ, ബ്രാഹ്മണരുടെ ആജ്ഞാനുവർത്തികളായിരുന്ന ചില കർത്താക്കന്മാരുടേയും നമ്പ്യാ ന്മാരുടേയും ഒത്താശയോടെ ചിരുകണ്ടനെ വധിക്കാൻ പദ്ധതി ആസൂത്രണം ചെയ്തു. അതിനായി ഈ തമ്പുരാൻ അടുത്തുള്ള കുന്നത്തൃ ശിവക്ഷേത്രത്തിൽ ഒളിച്ചുപാർത്ത് ചിരുകണ്ടനെ നിരീക്ഷിച്ചുവന്നു. പെരുവനം, ഇരിങ്ങാലക്കുട ഗ്രാമവാസികളുടെ ഒരു പ്രധാന ആരാധന കേന്ദ്രമായിരുന്നു ആറാട്ടുപുഴ അയ്യപ്പക്ഷേത്രം. ചിരുകണ്ടൻ തന്റെ മകളുടെ കെട്ടുകല്യാണത്തിന് കല്ലേറ്റുംകരയിലെ പന്തലിപ്പാടം മുതൽ ആറാട്ടുപുഴ പാടം വരെ വെറ്റിലകൊണ്ട് പന്തലിട്ട് അലങ്കരിച്ചു. തലേന്ന് സന്ധ്യക്ക് പെരുംതൃ

ക്കോവിൽ ക്ഷേത്രത്തിൽ ദർശനത്തിനു വന്ന ചിരുകണ്ടനുനേരെ അപ്രതീക്ഷിതമായി വധശ്രമമുണ്ടായി.[12]

ഇരിങ്ങാലക്കുടയിലെ ഊളക്കാട് എന്ന പ്രദേശത്ത് താമസിക്കുന്ന സാംബവവിഭാഗത്തിൽപ്പെട്ട പള്ളിപ്പാമടം എന്ന വീട്ടുകാർ പറയുന്നത് മറ്റൊരു കഥയാണ്. അതിൽ അയ്യൻ, ചിരുകണ്ടൻ എന്നിവർ രണ്ട് പേരാണ്. ഒരാൾ പറയവിഭാഗവും മറ്റൊരാൾ പുലയനും. ഇതിൽ ചിരുകണ്ടൻ രാജാവായിരുന്നില്ല, നാട്ടുവിട്ടുപോയി സിദ്ധികളുമായി തിരിച്ചെത്തിയ ഒരു സാധാരണ മനുഷ്യനായിരുന്നു. കൊച്ചിരാജാവിനെ യുദ്ധത്തിൽ ഒറ്റയ്ക്ക് വിജയിപ്പിച്ച സേനാനിയായിരുന്നു അദ്ദേഹം എന്നും വിശ്വസിക്കുന്നു. കൊച്ചിരാജാവല്ല ഇരിങ്ങാലക്കുട ക്ഷേത്രത്തിലെ ബ്രാഹ്മണരാണ് അദ്ദേഹത്തെ ചതിച്ചത് എന്നാണ് അവരുടെ പക്ഷം.[13]

## ആറാട്ടുപുഴ പൂരം

പെരുവനം ഗ്രാമാധികാരിയായ ചെറുമവിഭാഗത്തിലെ അയ്യ എന്ന സ്ത്രീയാണ് കഥാനായിക എന്നതാണ് ചിരുകണ്ടകഥയുടെ മറ്റൊരു പാഠഭേദം. ഭരണകാര്യങ്ങളിൽ അയ്യയുടെ ഉപദേഷ്ടാവും മന്ത്രിയും താന്ത്രികനുമായിരുന്നു ചെറുമരിലെ പറയവംശജനായ ചിരുകണ്ടൻ. രാജകുടുംബത്തിലെ ഒരു പെൺകുട്ടിയുടെ കാതുകുത്തുകല്യാണത്തിന് അയ്യ ഭരണകൂടം കൊച്ചിരാജാവിനെ ക്ഷണിക്കുന്നു. പന്തലിപ്പാടം മുതൽ ആറാട്ടുപുഴ ശാസ്താക്ഷേത്രംവരെ പന്തലിട്ടാണ് അദ്ദേഹത്തെ സ്വീകരിച്ചത്. സമ്പത്സമൃദ്ധവും ഫലഭൂവിഷ്ഠവുമായ ആ ദേശത്തിന്റെ സ്ഥിരോത്സാഹവും കഠിനാധ്വാനവും, മറ്റൊരു ഭരണാധികാരിയിൽ അസൂയ ഉളവാക്കുന്നതായിരുന്നു. വെറ്റിലപ്പന്തലും സ്വർണ്ണപറയും സദ്യക്ക് വേണ്ട വിഭവങ്ങൾ പാകം ചെയ്യാവുന്ന വലിയ ഉരുളികളും അറുപത്തിനാല് കലകൾ സമന്വയിപ്പിച്ചുകൊണ്ടുള്ള കലാവിരുതും കണ്ട് കൊച്ചിരാജാവ് അത്ഭുതസ്തബ്ധനായി.

ഏതുവിധേനയും ഈ രാജ്യം സ്വന്തമാക്കണമെന്ന ഗൂഢചിന്ത രാജാവിന്റെയും അനുയായികളുടെയും ഉള്ളിൽ ഉടലെടുത്തു. അതിനായി അണിയറ ഒരുക്കങ്ങളും നടത്തി. ആറാട്ടുപുഴ ക്ഷേത്രത്തിലേക്ക് ആനയിച്ച കൊച്ചിരാജാവിനെ ആദരപൂർവ്വം

[12] https://www.facebook.com/share/p/5RZsQ3LuhCZrHkHn/?mibextid=oFDknk, 2024 ഫെബ്രുവരി 22
[13] ബാലൻഗുരുക്കൾ, പള്ളിപ്പാമടം, ഇരിങ്ങാലക്കുട

വണങ്ങുന്ന അയ്യാരാജ്ഞിയുടെ കഴുത്ത്, രാജാവുമായുള്ള മുൻധാരണ പ്രകാരം ഒരു ചെത്തുകാരൻ വെട്ടിമാറ്റി. ഞെട്ടിവിറച്ച ജനക്കൂട്ടം നാലുപാടും ഓടി. തുടർന്നുണ്ടായ കലാപത്തിൽ നൂറുകണക്കിന് ചെറുമ പെൺകിടാങ്ങൾ ബലാത്സംഗത്തിന് ഇരയായി. ഓടി രക്ഷപ്പെടാൻ ശ്രമിച്ച മന്ത്രി ചിരുകണ്ടനെ പാടത്തിട്ട് തുരുതുരാ വെട്ടി. കാലൊടിയൻ കണ്ടം, കാലുവെട്ടി കണ്ടം എന്നീ പേരുകളാൽ ആ പാടങ്ങൾ ഇന്നും നിലനിൽക്കുന്നു. നിഷ്ഠൂരമായ കൊള്ളയിലൂടെ പെരുവനം ഗ്രാമം സ്വന്തമാക്കിയ കൊച്ചിരാജാവ് അയ്യാരാജ്ഞിയെ വെട്ടിവീഴ്ത്തിയ ചെത്തുകാരനെയും കുടുംബങ്ങളെയും മുമ്പേ വെട്ടികൾ എന്ന സ്ഥാനപ്പേര് നൽകി കാക്കത്തിരുത്തിപ്പുഴ കടത്തിവിട്ടു. ഈ കുടുംബക്കാരുടെ പിന്മുറക്കാർ മുൻപിൽ വീട്ടുകാർ എന്ന പേരിൽ ഇന്നും പെരിഞ്ഞനത്ത് താമസിച്ചുവരുന്നു. അയ്യാ ചിരുകണ്ടനെ ഇവരുടെ കുടുംബക്ഷേത്രത്തിൽ പ്രതിഷ്ഠിച്ച് പൂജിക്കുന്നുണ്ട്. ഇതാണ് കഥാസാരം. ഇന്നും ആറാട്ടുപുഴ ക്ഷേത്രപരിസരത്ത് ഈഴവർ വീട് വയ്ക്കുക പതിവില്ല എന്നത് ശ്രദ്ധേയമാണ്. അങ്ങനെ ചെയ്താൽ ആ വീടുകളിൽ പാമ്പിന്റെ ഉപദ്രവം കൂടുതലായിരിക്കും എന്നാണ് ഇവിടുത്തുകാരാരുടെ വിശ്വാസം.

പവിത്രരായ സ്ത്രീകളോട് കൊടുംക്രൂരത ചെയ്തതുമൂലം ഭ്രഷ്ടനായ കൊച്ചിരാജാവിന് തിരിച്ചുപോകാൻ കഴിയാതായി. അദ്ദേഹം മുരിയാട്ടുള്ള കുന്നത്തുതറ ശിവക്ഷേത്രത്തിൽ ഒളിച്ചുതാമസിച്ചു. തകർന്നുപോയ രാജാവിന് പല ദുർനിമിത്തങ്ങളും ഉണ്ടായി. ചെറുമക്കൾ കലാപവും തുടങ്ങി. കൊച്ചിയിൽനിന്നും ചങ്കരംകണ്ടത്തു കർത്താക്കൻമാരുടെ പിന്മുറക്കാരെ വരുത്തി രാജാവ് കലാപം അടിച്ചമർത്തി. ഈ കർത്താക്കന്മാർ താവളമടിച്ച പാളയങ്ങളാണ്, നെടുമ്പാളയം (നെടുമ്പാൾ), തോട്ടുപാളയം (തൊട്ടിപ്പാൾ), രാത്രി പാളയം (രാപ്പാൾ), ചെറുപാളയം (ചെറുവാൾ) എന്നീ പേരുകളിൽ അറിയപ്പെടുന്നത് (കണ്ണൻ മേലോത്ത്, 2023:36). ഇവിടെ, തന്റെ മകളെ അടുത്ത ഭരണാധികാരിയായി വാഴിക്കാനുള്ള ചടങ്ങിന്റെ ഭാഗമായാണ് കൊച്ചിരാജാവിനെ ക്ഷണിച്ചത് എന്നൊരു ചിന്തയും കടന്നുവരുന്നുണ്ട്. സ്ത്രീയെ അധികാരത്തിൽനിന്നും പൊതുവിടത്തുനിന്നും മാറ്റിനിർത്താനുള്ള വരേണ്യതയുടെ ശ്രമമായി ആ കലാപത്തെ വ്യാഖ്യാനിക്കാം. ചെറുമരുടെ ചടങ്ങുകളിൽ സ്ത്രീകൾക്ക് വലിയ പ്രാധാന്യമുണ്ട്. കാളിയെ സർവ്വശക്തയായി പൂജിക്കുന്നവരാണവർ. മുടിയാട്ടത്തിലും പറയെടുപ്പിലും സന്ധ്യാവിളക്കു തെളിയിക്കുന്നതിലുമെല്ലാം സ്ത്രീ സാന്നിധ്യം പ്രധാനം തന്നെ. ശ്രീധനക്കാവ് ക്ഷേത്ര

ത്തിലും മറ്റുമുണ്ടായിരുന്ന സ്ത്രീ വെളിച്ചപ്പാടുകളും മുത്തിസങ്കല്പങ്ങളും പെണ്ണിന്റെ പ്രാധാന്യത്തിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്.

ചെറുമരാജ്യം സ്വന്തമാക്കിയെങ്കിലും, കൊച്ചിരാജാവിന് പല ദുർവിധികളെയും നേരിടേണ്ടി വന്നു. പേരെടുത്ത മനകൾ പലതും കത്തിനശിച്ചു. കൊച്ചിരാജ്യം ആക്രമിക്കപ്പെട്ടു. ഇതിന്റെയെല്ലാം കാരണം ചെറുമരുടെ ഭരണം ശാസ്താക്കൻമാരെ (ചാത്തന്മാരെ) മുൻനിർത്തിയായിരുന്നു എന്നതാണ്. നാടാകെ വറുതിയിലായി. രാജാവ് താന്ത്രികൻമാരെ വരുത്തി പ്രശ്നപരിഹാരത്തിനായി ശ്രമിച്ചു. അനേക വർഷം മുടങ്ങിക്കിടന്ന പെരുവനം ഉത്സവം ആറാട്ടുപുഴ പൂരമാക്കി പുന:സ്ഥാപിച്ചാണ് താന്ത്രികൻ അതിന് പരിഹാരം കണ്ടെത്തിയത്. ശാസ്താക്ഷേത്രത്തിൽ അയ്യ - ചിരുകണ്ടനെ പ്രതിഷ്ഠിച്ചു. പിടിക്കാപ്പറമ്പു ക്ഷേത്രത്തിൽനിന്നും ആറാട്ടുപുഴ പൂരംവരവ് ഉൾപ്പെടുത്തി. ആറാട്ടുപുഴ പൂരം പുന:സംഘടിപ്പിച്ചപ്പോൾ 108 ദേവി ദേവന്മാരെയാണ് അതിൽ പങ്കെടുപ്പിച്ചത്. തൃപ്രയാർ ക്ഷേത്രത്തിൽനിന്നും ചാത്തന് പൂരത്തിൽ നെടുനായകത്വം നൽകി. തേവരല്ല ശാസ്താവാണ് (ചാത്തനാണ്) പൂരത്തിന് തൃപ്രയാറിൽനിന്നും എഴുന്നള്ളുന്നത് എന്ന് ഇവർ വിശ്വസിക്കുന്നു (കണ്ണൻ മേലോത്ത്, 2023:36).

## നമ്പാടൻ തറവാട്ടിലെ വാൾ

മുകുന്ദപുരം മണ്ഡലത്തിലെ പാർലമെന്റ് അംഗമായിരുന്ന ലോനപ്പൻ നമ്പാടൻ *സഞ്ചരിക്കുന്ന വിശ്വാസി* എന്ന തന്റെ ആത്മകഥയിൽ ചിരുകണ്ടകഥ രേഖപ്പെടുത്തുന്നുണ്ട്. അയ്യൻ ചിരുകണ്ടന്റെ ഗളച്ഛേദം ചെയ്യുവാൻ കൊച്ചിരാജാവ് ഉപയോഗിച്ച വാൾ ഇന്നും സുരക്ഷിതമാണ് എന്നാണ് അദ്ദേഹം അവകാശപ്പെടുന്നത്. ചിരുകണ്ടവധത്തിനു ശേഷം പട്ടേപ്പാടത്തിന് അടുത്തുള്ള വെളയനാടിന് വടക്കുവശത്ത് താമസമുറിപ്പിച്ചു രാജാവ്. അവിടെ പ്രായശ്ചിത്തത്തിനും പരിഹാരത്തിനുമായി മുകുന്ദനെ ആരാധനമൂർത്തിയായി ക്ഷേത്രംതന്നെ സ്ഥാപിച്ചു അദ്ദേഹം. മഹാരാജാവിന്റെ പേരുതന്നെ മുകുന്ദൻ എന്നായിരുന്നു എന്നും പറയപ്പെടുന്നുണ്ട്. മഹാരാജാവ് മുകുന്ദപുരത്ത് വാസം തുടങ്ങവേ ആ സ്ഥലത്ത് ഒരു സർപ്പം പ്രത്യക്ഷപ്പെട്ടു. സർപ്പം രാജാവിന് ഭീഷണിയായി. ആര് ശ്രമിച്ചിട്ടും വകവരുത്താൻ കഴിഞ്ഞില്ല. സർപ്പശല്യം രാജാവിന്റെ ഊണും ഉറക്കവും നഷ്ടപ്പെടുത്തി. നമ്പാടൻ തറവാട്ടിൽ സർപ്പത്തെ പേടിയില്ലാത്ത, കൈവശം നാടൻ തോക്കുള്ള ഒരു കാരണവർ ഉണ്ടായിരുന്നു. അദ്ദേഹം ഇത് സർപ്പമല്ലെന്നും

ചിരുകണ്ടന്റെ ശാപമാണെന്നും സംഭാഷണമധ്യേ ആരോടോ പറഞ്ഞു. ഇത് രാജാവിന്റെ ചെവിയിലെത്തി. അദ്ദേഹം കാരണവരെ വിളിപ്പിച്ച്, ഈ ബാധയിൽനിന്നും തന്നെ രക്ഷിക്കാൻ കാരണവർക്ക് സാധിക്കുമോ എന്ന് ചോദിച്ചു. കാരണവരാകട്ടെ തന്റെ പഴയ നാടൻതോക്കിൽ സ്വർണ്ണമോതിരം തിരയാക്കി സർപ്പത്തിനെതിരെ നിറയൊഴിച്ചു. ഇത് സർപ്പത്തെ ഇല്ലാതാക്കി. സന്തുഷ്ടനായ രാജാവ് പാരിതോഷികമായി കാരണവർക്ക് കരമൊഴിവായി 200 പറ നിലം പതിച്ചുനൽകി. കൂടെ ചിരുകണ്ടനെ വധിക്കാൻ ഉപയോഗിച്ച വാളും. നിലത്തിന്റെ ഒരു ഭാഗം പാരമ്പര്യമായി കിട്ടിയത് ഇന്നും പുത്തൻചിറയിലെ നമ്പാടൻ തറവാട്ടുകാരുടെ കൈവശമുണ്ട്. തലമുറകൾ കൈമാറി വന്ന വാൾ ലോനപ്പൻ നമ്പാടൻ സൂക്ഷിക്കുന്നു എന്നാണ് അദ്ദേഹം രേഖപ്പെടുത്തുന്നത് (2012:97).

### 2.5.1 ചിരുകണ്ടനിലെ മാവേലി

ചിരുകണ്ട കഥയ്ക്ക് മാവേലിക്കഥയുമായി സാദൃശ്യങ്ങൾ ഏറെയാണ്. സമത്വസുന്ദരവും സമ്പത്സമൃദ്ധവുമായ ഒരുനാടിന്റെ ഭരണാധികാരിയായിരുന്നു മാവേലി. ആ സമൃദ്ധിയും ജനസമ്മതിയും തന്റെ സിംഹാസനത്തിന് വെല്ലുവിളിയാകുമോ എന്ന ഇന്ദ്രന്റെ ഭയം കൊണ്ടാണ് വാമന വേഷധാരിയായ വിഷ്ണു, മഹാബലിയെ സ്വന്തം ദേശത്തുനിന്നും നിഷ്കാസനം ചെയ്യുന്നത്. ചിരുകണ്ടകഥയിലെ പാഠഭേദങ്ങളിലെല്ലാം ആ ദേശത്തെ സമ്പദ്സമൃദ്ധിയെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. തന്നെക്കാൾ സമ്പന്നനായ ഒരു നാട്ടുമൂപ്പൻ ഇത്തരത്തിൽ വളർന്നു വന്നാൽ കൊച്ചിരാജാവിന്റെ സിംഹാസനത്തിനു വെല്ലുവിളിയായേക്കാം എന്ന ചിന്ത ചിരുകണ്ടനെ ഇല്ലായ്മ ചെയ്യുന്നതിൽ പ്രവർത്തിച്ചിട്ടുണ്ട്.

കൃഷിയായിരുന്നു അവരുടെ പ്രധാന വരുമാന മാർഗ്ഗം. വെറ്റിലക്കൃഷി ഇവിടങ്ങളിൽ ധാരാളമായി ഉണ്ടായിരുന്നു. ഇരിങ്ങാലക്കുടയിൽനിന്നും വിപണനം ചെയ്തിരുന്ന വെറ്റില ഏറ്റവും ഗുണമേറിയതായിരുന്നു എന്ന് പഴമക്കാർ പറഞ്ഞ് കേട്ടിട്ടുണ്ട്. മാത്രമല്ല, കവുങ്ങിൽ വെറ്റിലക്കൊടി പടർത്തി വിടുകയായിരുന്നു പതിവ്. ഈ അറിവ് വെറ്റിലകൊണ്ട് പന്തലിട്ടു, പഴുക്കടക്കകൊണ്ട് തൂണിട്ടു എന്നെല്ലാം പറയുന്നതിലെ അതിശയോക്തിക്ക് കുറച്ചെങ്കിലും സമാധാനമാകുന്നുണ്ട്. കൃത്യമായ ജലസേചനസംവിധാനങ്ങൾ ആ ഘട്ടത്തിൽ ഉണ്ടായിരിന്നു എന്നതിന് ചിറകളും കുളങ്ങളും കിണറുകളുമായി ഇനിയും മൂടപ്പെട്ടിട്ടില്ലാത്ത തെളിവുകൾ അവശേഷിക്കുന്നു. മുസരിസ്സ് തുറമുഖം

വഴിയുള്ള വിദേശനാണ്യശേഖരത്തിനും അനുയോജ്യമായൊരു ഇടമാണിത്. ഖനികളി ല്ലാത്ത കേരളത്തിൽ സ്വർണ്ണസമ്പത്തിന്റെ കാരണവും ഇത് തന്നെയാവണം.

## 2.5.2 അയ്യനും ബുദ്ധമതവും

അയ്യൻ എന്ന പേരിന് ബുദ്ധമതവുമായുള്ള ബന്ധവും ചർച്ച ചെയ്യേണ്ടതുണ്ട്. അയ്യൻ എന്നത് ബുദ്ധന്റെ ഗ്രാമ്യനാമങ്ങളിൽ ഒന്നാവാം എന്ന ചിന്ത പ്രബലമാണ്. അതുകൊണ്ടു തന്നെ ചിരുകണ്ടൻ പുലയനോ പറയനോ മറ്റേത് ജാതിവിഭാഗത്തിൽപ്പെട്ട ആളായിരുന്നാലും ബുദ്ധമതവിശ്വാസിയായിരുന്നു എന്ന് വേണം കരുതാൻ. അയ്യങ്കാവ് പാടവും ക്ഷേത്രവും അയ്യൻചിറയുമെല്ലാം ഇദ്ദേഹത്തിന്റെ പേരിനെ ഓർമ്മപ്പെടുത്തുന്നു. അയ്യൻചിറയിൽനിന്നും കണ്ടെടുത്ത് പുരാവസ്തു വകുപ്പിന്റെ തൃശ്ശൂർ മ്യൂസിയത്തിൽ സംരക്ഷിക്കപ്പെടുന്ന ബോധിസത്വ വിഗ്രഹവും ഇതിന് ഉപോൽബലകമായുണ്ട് (നോ. 2.4). അയ്യങ്കാവ് ക്ഷേത്രത്തിൽ ദേവീപ്രതിഷ്ഠയും അയ്യപ്പപ്രതിഷ്ഠയുമുണ്ട്. അയ്യൻ ചിരുകണ്ടന്റെ കുലദേവതയായിരുന്ന ഭഗവതിയെ നാട്ടുകാർ അയ്യപ്പപ്രതിഷ്ഠയ്ക്കായി തീർത്ത ശ്രീകോവിലിൽ പ്രതിഷ്ഠയ്ക്കുമുമ്പുതന്നെ കുടിയിരുത്തി എന്ന് കരുതുന്നവരുണ്ട്. മറ്റൊരു അഭിപ്രായം ബുദ്ധന്റെ പ്രതിരൂപമായ അയ്യപ്പനെ ചിരുകണ്ടവധത്തിനുശേഷം ഉപപ്രതിഷ്ഠ മാത്രമാക്കി ദേവീപ്രതിഷ്ഠ നടത്തി എന്നുള്ളതാണ്. ചിരുകണ്ടനെ തൽസ്ഥാനത്തുനിന്നും നിഷ്കാസനം ചെയ്തതുപോലെ അദ്ദേഹത്തിന്റെ മതത്തെയും ഈ നാട്ടിൽനിന്നും ഉന്മൂലനം ചെയ്തതായി ജനങ്ങൾ വിശ്വസിക്കുന്നു.

'അയ്യാ' എന്ന വാക്കിന്റെ പ്രയോഗത്തെക്കുറിച്ച് അജയ് ശേഖർ നടത്തിയിരിക്കുന്ന അഭിപ്രായം ശ്രദ്ധേയമാണ്. “ഓർക്കാപ്പുറത്ത് എന്ത് സംഭവിച്ചാലും അയ്യോ... എന്നു വിളിക്കാത്തവർ തെന്നിന്ത്യയിലില്ല. അയ്യാ, അയ്യോ... എന്നീ വാക്കുകൾ പാലിയിൽനിന്നാണ് തമിഴിലും മലയാളത്തിലുമെത്തുന്നത്. അയ്യോ പൊത്തോ... എന്ന ദമിള സംബോധന ആരിയ പുത്തർക്കുള്ളതാണ്. മധ്യകാലം മുതൽ അയ്യോ എന്ന പദം നിരോധിച്ച ഇല്ലങ്ങളിൽ അടക്കം കുട്ടികളും മൂത്തവരും ഇന്നും എന്തിനും ഏതിനും അയ്യനെത്തന്നെ വിളിക്കുന്നു” (2019:1). അറിഞ്ഞും അറിയാതെയും ആപത്ത് സമയത്ത് സാധാരണക്കാരന്റെ നാവിൽ വരുന്ന വാക്കാണ് അയ്യോ എന്നത്. കാരണം അറിയാതെത്തന്നെ അയ്യോ എന്ന് വിളിച്ച് കരയരുത് എന്ന് കുട്ടികളെ താക്കീത് ചെയ്യുന്ന മുതിർന്നവർ ഇപ്പോഴുമുണ്ട്. ഭാഷയിൽ രൂഢമൂലമായ അയ്യനെന്ന ഈശ്വരനെ അബോ

ധത്തിൽനിന്നുപോലും തുടച്ചുമാറ്റാനുള്ള ശ്രമമാണിത് എന്ന് കരുതാം. ഉത്തരീയം ധരി ക്കുന്നവനാണ് കണ്ടൻ എന്നും അത് ബുദ്ധന്റെ പ്രതീകമാണ് എന്നും മറ്റൊരു ചിന്തയു ണ്ട്. സ്ഥിരമായി ഉത്തരീയം ധരിക്കുന്നവനാണ് ചിരുകണ്ടൻ. അതൊരു ബൗദ്ധസ്ഥാ നമാണ്. ആ അർത്ഥത്തിൽ ബുദ്ധമത വിശ്വാസിയാണ് ചിരുകണ്ടൻ എന്ന് കരുതാം.

കൊടുങ്ങല്ലൂർ മഹോദയപുരം ആസ്ഥാനമാക്കി ഭരണം നടത്തിയിരുന്നത് കുല ശേഖരന്മാരാണ്. ഒമ്പതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ സ്ഥാനമേറ്റ രാജശേഖ രനിൽനിന്നാണ് ഇത് ആരംഭിക്കുന്നത് എന്ന് എം.ജി.എസ്. നാരായണൻ വിലയി രുത്തുന്നു.[14] ചരിത്രഗവേഷകർ തള്ളിക്കളഞ്ഞ, കേരളോൽപ്പത്തി പറയുന്ന വ്യാഴവട്ട പെരുമാക്കന്മാരുടെ കഥയും ഈ ഘട്ടത്തിലേതുതന്നെ. കൊച്ചിരാജാക്കന്മാർ അധി കാരത്തിലെത്തുന്നത് പന്ത്രണ്ടാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ മാത്രമാണ്. പൊ.വ. 1341 -ലെ വെള്ളപ്പൊക്കത്തിന് ശേഷമാണ് കൊച്ചി എന്ന പേരുതന്നെ ഉയർന്നുവ രുന്നത്. മുകുന്ദൻ എന്നത് കൊച്ചിരാജാവല്ല, അദ്ദേഹം ഏർപ്പെടുത്തിയ കൊലയാളി യായിരുന്നുവെന്നും അഭിപ്രായഭേദമുണ്ട്. കൊച്ചിരാജാക്കന്മാർ രാമവർമ്മൻ മാരായി രുന്നു. മാത്രമല്ല രാജാക്കന്മാർക്ക് ഭ്രഷ്ട് കൽപ്പിക്കപ്പെട്ടതായും അറിവില്ല. കൊച്ചിരാ ജാവിന്റെ കാലത്ത് രാജാവിനുപോലും അസൂയ തോന്നുന്ന നിലയിൽ ശക്തനും സമ്പ ന്നനുമായ ഒരു പുലയ രാജാവ് ഉണ്ടാകുമോ എന്ന ചോദ്യം അവശേഷിക്കുന്നു.

ഏഴ് - എട്ട് നൂറ്റാണ്ടുകൾക്കിടയിലായിരിക്കണം ചിരുകണ്ടന്റെ കാലം എന്ന് പറഞ്ഞു വരുന്നു. ബ്രാഹ്മണ്യം ദക്ഷിണേന്ത്യയിൽ ആധിപത്യം ഉറപ്പിക്കുകയും ജാതി വ്യവസ്ഥയുടെ സ്വാധീനം ജനങ്ങളിൽ എത്തിച്ചേരുകയും ചെയ്യുന്നത് അതിനു ശേഷമാ യിരിക്കണം. അതുവരെ ആരും ദളിതരാക്കപ്പെട്ടിരുന്നില്ല. പാണനും പറയനും പുല യനുമെല്ലാം ചെറുമരാക്കപ്പെട്ട ഘട്ടത്തിൽ, കഴിഞ്ഞുപോയ പ്രതാപകാലചിന്തകൾ പഴങ്കഥകളായും ഐതിഹ്യങ്ങളായും രൂപഭേദങ്ങളോടെ പ്രചരിച്ചുവന്നതായിരിക്കാം. കഥകൾ പ്രകാരം പുലയ /പറയ വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കിടയിലെ മാവേലി യായി അയ്യൻചിരുകണ്ടനെ തിരിച്ചറിയാം. ആ ജനതയുടെ തദ്ദേശീയമായ സ്വത്വ ത്തെ നിർണ്ണയിക്കുന്നതിൽ നിർണ്ണായകസ്ഥാനം അയ്യൻചിരുകണ്ടനുണ്ട് എന്നതിൽ

[14]Examination of epigraphic and literary material suggest that the first king of mako tai was Rajasekhara in the first half of the 9th century who was known as Ceraman Perumal Nayanar also (M.G.S. Narayanan, 2013, Perumals of Kerala, p. 18 -19).

തർക്കമില്ല. നാട്ടുചൊൽക്കഥകൾ ഒരാൾ ഉണ്ടാക്കുന്നതല്ല. പല സന്ദർഭങ്ങളിൽ പലതരത്തിൽ അവരുടെ അനുഭവങ്ങളുടെ വെളിച്ചത്തിൽ ആവിഷ്കരിക്കുന്നതാണവ. അതൊരു സമൂഹസൃഷ്ടിയാണ്.

ചരിത്രത്തിൽ ഈ കഥാപാത്രത്തെ അടയാളപ്പെടുത്തുക എന്നതിനേക്കാൾ ജനഹൃദയങ്ങളിൽ ചിരികണ്ടനുള്ള സ്ഥാനമെന്ത് എന്നന്വേഷിക്കുക പ്രസക്തമാണ്. പലർക്കും പലതരത്തിൽ അവരുടെ ഉള്ളിൽ ഈ കഥാപാത്രം ജീവിച്ചിരിപ്പുണ്ട്. മണ്ണും കൃഷിയും അധികാരവുമായി ബന്ധപ്പെട്ട് വരുന്ന കഥകൾക്ക് സവർണ്ണതയോടും ജന്മിത്വത്തോടും അതിന്റെ അധികാരങ്ങളോടുമുള്ള കലഹമുണ്ട്. തങ്ങളെ അടിച്ചമർത്തുന്ന സവർണ്ണമൂല്യങ്ങളോടുള്ള പ്രതിരോധമുണ്ട്. ആ പ്രതിരോധശക്തിയുടെ ആവിഷ്കാരമാണ് ഇവിടെ അയ്യൻ ചിരുകണ്ടനായി പ്രത്യക്ഷപ്പെടുന്നത്.

## 2.6 നാട്ടിൽ പ്രഭുക്കൾ

ഭൂപരമായി കൊച്ചിരാജ്യത്തിന്റെ ഭാഗമായിരുന്നു ഇരിങ്ങാലക്കുട (മുകുന്ദപുരം) ഉൾപ്പെടുന്ന പ്രദേശമെങ്കിലും വ്യത്യസ്ത സ്വരൂപങ്ങൾക്കും പ്രഭുക്കന്മാർക്കുമാണ് ഇവിടങ്ങളിൽ ആധിപത്യമുണ്ടായിരുന്നത്. കൂടൽമാണിക്യക്ഷേത്രത്തിലെ മേൽക്കോയ്മസ്ഥാനമുണ്ടായിരുന്ന അയിരൂർ സ്വരൂപം വെള്ളാങ്ങല്ലൂർ ആസ്ഥാനമായി നിലനിന്നിരുന്ന നാടുവാഴി രാജ്യമാണ്. "ഡച്ച് രേഖകളിൽ കൊടുങ്ങല്ലൂരിനേക്കാൾ പഴക്കമേറിയ സ്വരൂപമായിട്ടാണ് അയിരൂരിനെ വിശേഷിപ്പിച്ചിട്ടുള്ളത്. പടിഞ്ഞാറ് പാപ്പിനിവട്ടവും തെക്ക് കൊടുങ്ങല്ലൂരും വടക്ക് വെളോസ്സാടുമായിരുന്നു (മാപ്രാണം) അതിന്റെ അതിരുകൾ" (വേണുഗോപാലൻ ടി.ആർ., 2012:54). അയിരൂർ സ്വരൂപത്തിൽനിന്നും വേറിട്ടുപോന്ന കടുത്തമണ്ണ്, ശാർക്കര എന്നീ താവഴികളും ഇവിടെ ഉണ്ടായിരുന്നു. എങ്കിലും വധശിക്ഷ നൽകാൻപോലും അധികാരമുണ്ടായിരുന്ന സ്വരൂപം അയിരൂർ തന്നെയായിരുന്നു.

ആറ് നാട്ടിൽ പ്രഭുക്കന്മാർ കോടശ്ശേരി, ചങ്ങരംകണ്ട, ചങ്ങരംകോത, കുന്നത്തേരി, വെളോസ്നാട്, മുരിയനാട് എന്നിവയായിരുന്നു. കൃഷിയിൽനിന്നുലഭിക്കുന്ന വരുമാനത്താൽ സമ്പന്നരായിരുന്ന ഇവർ കർത്താവ്, കൈമൾ, നമ്പ്യാർ എന്നീ സ്ഥാനപ്പേരുകളിലാണ് അറിയപ്പെട്ടിരുന്നത്. "ഇവരെക്കുറിച്ചുള്ള പ്രധാന വിവരങ്ങൾ 18 -ാം നൂറ്റാണ്ടിലെ ഡച്ച് പ്രമാണങ്ങളിലുണ്ട്. 'മാപ്രാണത്തെ പ്രഭു'വെന്നാണ്

റിപ്പോർട്ടിൽ വെളോസ്നാട് നമ്പ്യാരെ വിശേഷിപ്പിച്ചിട്ടുള്ളത്. മുരിയനാടിനും പാപ്പിനിവട്ടത്തിനും തൃശ്ശൂരിനുമിടയിലുള്ള പ്രദേശത്തിന്റെ അധിപനായിരുന്നു വെളോസ്നാട് നമ്പ്യാർ. കൊച്ചിയുമായി ശത്രുതയിലായിരുന്ന നമ്പ്യാർ സാമൂതിരിയുടെ മേൽക്കോയ്മ അംഗീകരിച്ചിരുന്നു. ഈ നാടുവാഴിയുടെ കൈവശമുള്ള തോട്ടങ്ങളായിരുന്നു കുഴിപ്പള്ളി എന്ന് ഡച്ച് രേഖകളിൽകാണുന്ന 'മാപ്രാണം എസ്റ്റേറ്റുകൾ'. ഈ എസ്റ്റേറ്റിൽ പതിനെട്ടരഗ്രാമങ്ങൾ ഉണ്ടായിരുന്നതായി കാണുന്നു. കൊടുങ്ങല്ലൂർ രാജ്യത്തിനു വടക്കും പാപ്പിനിവട്ടം പ്രവിശ്യയ്ക്കു തെക്കുമുള്ള വിശാലകൃഷിയിടങ്ങളാണിവ. ഡച്ചുകാരുടെ നിയന്ത്രണത്തിലായതിനുശേഷം പ്രതിവർഷം 4 ടൺ അരി ഇതിന്റെ പാട്ടമായി വെളോസ്നാട് കമ്പനിയ്ക്കു നൽകിയിരുന്നതായും ഡച്ചുരേഖകളിൽ കാണാം. 1769 -ലാണ് കൊച്ചി, മാപ്രാണം എസ്റ്റേറ്റിനുമേൽ ആധിപത്യമുറപ്പിയ്ക്കുന്നത്. ഇതിനു പുറമെ 3 ടൺ അരി മറ്റുകൃഷിയിടങ്ങളിൽനിന്നുള്ള വരുമാനത്തിന്റെ പങ്കായി വെളോസ്നാട് ഡച്ച് കമ്പനിയ്ക്കു നൽകിയിരുന്നതായും കാണുന്നു (ടി.ആർ. വേണുഗോപാലൻ, 2012:55). മൂവായിരത്തോളം പടയാളികളുടെ സൈന്യമുണ്ടായിരുന്നു വെളോസ് നമ്പ്യാർക്ക്. മാപ്രാണത്തിന് തെക്കുകിഴക്കായുള്ള മുരിയനാടും ഇന്നത്തെ ചാലക്കുടി പ്രദേശത്തുള്ള കോടശ്ശേരിയും കാർഷികസമ്പത്തിനാൽ സമൃദ്ധമായിരുന്നു. അത്രകണ്ട് വരില്ലെങ്കിലും മുരിയനാടിനോട് ചേർന്ന് കിടക്കുന്ന ചങ്ങരങ്കണ്ട കുരുമുളകുകൃഷിക്ക് പ്രസിദ്ധമായിരുന്നു.[15]

പൊ.വ. 1717 -ൽ സാമൂതിരിയും ഡച്ച് കമ്പനിയും തമ്മിലുണ്ടായ ഉടമ്പടിയിൽ ഏനാമാക്കൽ പുഴയ്ക്ക് തെക്കുണ്ടായിരുന്ന പ്രദേശങ്ങൾ മുഴുവനും കമ്പനിക്ക് അവകാശപ്പെട്ടതായി. പിന്നീട് മാപ്രാണം ഒഴികെയുള്ള എല്ലാ പ്രദേശങ്ങളും കമ്പനി കൊച്ചിരാജ്യത്തിന് നൽകി. ക്രിസ്ത്യാനികൾ അധികം ഉണ്ടായിരുന്നതിനാലും ശ്ലീബാപള്ളി നിലനിന്നിരുന്നതിനാലുമാണ് ഡച്ചുകമ്പനിക്ക് മാപ്രാണത്തോട് പ്രത്യേക മമതയുണ്ടായിരുന്നതെന്ന് ജോൺസൺ എടത്തിരുത്തിക്കാരൻ അഭിപ്രായപ്പെടുന്നു (2013:56). അതിനാൽ മാപ്രാണംമാത്രം പെരുമ്പടപ്പിനുനൽകാതെ വർഷംതോറും

[15] ആറുനാട്ടിൻ പ്രഭുക്കൻമാരിൽ ഉൾപ്പെട്ടതല്ലെങ്കിലും ഇവരുടെ സമീപത്തുണ്ടായിരുന്ന പ്രബലരായ നാടുവാഴികളാണ് കൊരട്ടി കൈമൾ, അയ്യനേഴി പടനായർ (അട്ടൂർ ഗ്രാമം), കാട്ടൂർ പടനായർ (കുഴൂർ ഗ്രാമം) എന്നിവർ. ഈ നാടുവാഴികളെ നിയന്ത്രിക്കാൻ കൊച്ചിക്ക് കഴിഞ്ഞത് 1761 -ൽ തിരുതാംകുറുമായുണ്ടാക്കിയ കരാറിനുശേഷം മാത്രമാണ്.

മൂവായിരം റാത്തൽ നെല്ല് പാട്ടം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് വെളോസുന മ്പ്യാർക്ക് തിരികെ നൽകുകയാണ് ഉണ്ടായത്.

പൊ.വ. 1758 -ൽ സാമൂതിരി പാപ്പിനിവട്ടവും മാപ്രാണവും ആക്രമിച്ച് 1762 - 63 കാലം വരെ കൈവശംവയ്ക്കുന്നു. പെരുമ്പടപ്പും നെടിയിരിപ്പുമായി (കോഴിക്കോട് - സാമൂതിരി) തുടർച്ചയായി നടന്നയുദ്ധത്തിൽ വെളോസ് നമ്പ്യാർ സാമൂതിരി പക്ഷ ത്തായിരുന്നു. "സാമൂതിരിപ്പാടും കൊച്ചിരാജാവുമായി നടന്ന യുദ്ധത്തിൽ പെരുമ്പട പ്പിൽ സ്വരൂപത്തിങ്കലേക്കു കീഴമർന്ന പല എടപ്രഭുക്കൻമാരും സ്വരൂപികളും ഗ്രാമ ക്കാരും രാജ്യദ്രോഹികളായി ശത്രുപക്ഷത്തിൽ ചേർന്നു വില്ലും വേലയും ഏറ്റു തങ്ങ ളുടെ തമ്പുരാനെ എതിർത്തു" എന്നാണ് കെ.പി. പത്മനാഭമേനോൻ രേഖപ്പെടുത്തു ന്നത് (2021:550). സാമൂതിരിമേൽക്കോയ്മ അംഗീകരിച്ചിരുന്ന ഇവരെ അമർച്ച ചെയ്യു ന്നതിനായാണ് തൃപ്പാപ്പൂർ സ്വരൂപവുമായി (തിരുവിതാംകൂർ) കൊച്ചിരാജ്യം സന്ധിയു ണ്ടാക്കുന്നത്. ഈ ഉടമ്പടിയിൽ, "നമ്മുടെ നാട്ടകത്തുള്ള പ്രഭുക്കൻമാര് എടപെട്ട കാര്യത്തിന്നു നീക്കേണ്ടുന്നവരെ നീക്കുവാനും ആക്കേണ്ടുന്നവരെ ആക്കുവാനും നാം ക്ലേശിക്കുന്ന കാര്യത്തിന്ന് അങ്ങുന്നു കൂടെ സഹായമായി ഇരിക്കയും വേണം എന്ന് പ്രത്യേകം നിശ്ചയം ചെയ്തത്"എന്ന് രേഖപ്പെടുത്തിയിരിക്കുന്നു (പത്മനാഭമേനോൻ കെ.പി., 2021:550). സാമൂതിരിയെ യുദ്ധത്തിൽ തോൽപ്പിച്ച് തിരിച്ചയച്ചത് തിരുവി താംകൂർ സൈന്യാധിപനായിരുന്ന ദളവ അയ്യപ്പൻ മാർത്താണ്ഡപിള്ളയാണ്. ഇതിന് പ്രത്യുപകാരമായി പുത്തൻചിറ ദേശം ദളവായ്ക്ക് നൽകുകയും അദ്ദേഹമത് തിരുവിതാം കൂറിനോട് ചേർക്കുകയും ചെയ്യുന്നു.

മാപ്രാണത്തുനിന്നും സാമൂതിരിയെ പുറത്താക്കി അവിടം പെരുമ്പടപ്പിലേക്ക് ചേർത്തു. വെളോസ്നാടിന്റെ മേൽക്കോയ്മ തങ്ങൾക്കുള്ളതാണ് എന്ന വാദം വീണ്ടും ഡച്ച് കമ്പനി മുന്നോട്ട് വയ്ക്കുന്നുണ്ട്. നമ്പ്യാർ കൊല്ലം തോറും നൽകിയിരുന്ന ഭൂനി കുതി (കിസ്ത്) തങ്ങൾ നൽകാമെന്ന വ്യവസ്ഥയിലാണ് കൊച്ചി ഈ പ്രശ്നത്തെ മറി കടന്നത്. അങ്ങനെയാണ് മാപ്രാണത്തെ, കൊച്ചിപാടത്തേയും കോൾകൃഷിയുടെയും നെല്ല് പാട്ടംവകയിൽ കമ്പനിക്ക് നൽകി വന്നത്. വെളോസ്നമ്പ്യാരുടെ അവകാ ശങ്ങൾ പണ്ടാരവകയിൽ ചേർത്തതായി കൊച്ചിരാജാവ് കൽപ്പിക്കുകയും ചെയ്തു. നമ്പ്യാർക്ക് ആറുനാട്ടിൽ പ്രഭു എന്ന സ്ഥാനത്തിനു പുറമേ ഇരിങ്ങാലക്കുട ക്ഷേത്ര ത്തിൽ ചില അവകാശങ്ങളും ഉണ്ടായിരുന്നു. ഈ സ്ഥാനമാനങ്ങളിൽനിന്നും അനുഭ

വങ്ങളിൽനിന്നും അദ്ദേഹത്തെ ഒഴിവാക്കി എടക്കുളം പ്രദേശത്ത് ജീവിക്കുവാൻ അനു വദിച്ചു. അനന്തരാവകാശികളില്ലാതെ ഈ കുടുംബം വേരറ്റുപോവുകയായിരുന്നു.

## 2.7 ക്ഷേത്രപാരമ്പര്യം

ക്ഷേത്രകേന്ദ്രീകൃതമായ ഒരു രാഷ്ട്രീയ - സാമൂഹ്യവ്യവസ്ഥ നിലനിന്നിരുന്ന പ്രദേശ മാണ് ഇരിങ്ങാലക്കുട. പ്രത്യേകിച്ചും കൂടൽമാണിക്യക്ഷേത്രത്തോട് ചേർന്നുനിൽക്കു ന്നതാണ് ഇവിടുത്തെ ഹൈന്ദവസമൂഹത്തിന്റെ ദൈനംദിന ജീവിതം. കൂടാതെ പട്ടണ ത്തിനകത്തുതന്നെ മറ്റ് ദേവീദേവൻമാരുടേയും വിവിധ ജാതിവിഭാഗങ്ങളുടെയും ക്ഷേത്ര ങ്ങളുണ്ട്. കുടുംബക്ഷേത്രങ്ങൾ വേറെയും.

### 2.7.1 കൂടൽമാണിക്യക്ഷേത്രം

കാലപ്പഴക്കംകൊണ്ടും ഐതിഹ്യപ്പെരുമകൊണ്ടും ശ്രദ്ധേയമാണ് കൂടൽമാണിക്യ ക്ഷേത്രം. ക്ഷേത്രാചാരങ്ങളിലും ഭരണനിർവ്വഹണത്തിലും ഇവിടം വ്യത്യസ്തത പുലർ ത്തുന്നു. കൂടൽമാണിക്യക്ഷേത്രമായിരുന്നു ഇരിങ്ങാലക്കുട ഗ്രാമത്തിന്റെ കേന്ദ്രം. സങ്കേ താതിരുകൾ,[16] "വെള്ളാങ്ങല്ലൂരിനു വടക്കോട്ടും കുറുമാലിപ്പുഴയിൽനിന്ന് തെക്കോട്ടും കാക്കത്തുരുത്തിപ്പുഴക്കൽനിന്നു കിഴക്കോട്ടും ചാലക്കുടി പുഴക്കൽനിന്ന് പടിഞ്ഞാട്ടും" എന്നാണ് ഗ്രന്ഥവരിയിൽ കാണുന്നത് എന്ന് കെ.പി. പത്മനാഭമേനോൻ രേഖപ്പെ ടുത്തുന്നു. ആ നിലയ്ക്ക് ചുറ്റുമുള്ള ഗ്രാമങ്ങളെ അപേക്ഷിച്ച് ഇവിടത്തെ സങ്കേതാതി രുകൾ താരതമ്യേന ചെറുതായിരുന്നു. "ഇരിങ്ങാലക്കുട ക്ഷേത്രം ഇരിങ്ങാലക്കുട ഗ്രാമ ക്കാരായ നമ്പൂതിരിമാരുടെ സഭായോഗം വകയായിരുന്നു. സഭായോഗത്തിൽ 42 ഇല്ല ക്കാരുണ്ട്. ഒരു സ്ഥാനം കൊച്ചിവലിയതമ്പുരാനുമുണ്ട്. ക്ഷേത്രത്തിലെ ഊരായിമക്കാ രായി 9 ഇല്ലക്കാര് വേറേയും ഉണ്ട്. മേക്കോയ്മ ഐരുസ്വരൂപത്തെക്കാകുന്നു എന്ന് കൊച്ചിരാജ്യചരിത്രത്തിൽ കാണുന്നു" (പത്മനാഭമേനോൻ, 1989:109). ഐരൂർസ്വ

[16] സങ്കേതം എന്നാൽ ഒരു രാജാവിനും രാജ്യാധികാരം നടത്തുവാൻ അവകാശമില്ലാത്തതായ ഒരു ക്ലിപ്തപ്പെട്ട അതിർത്തിക്കകത്തുള്ള പ്രദേശമാകുന്നു... സർവ്വസ്വാതന്ത്ര്യത്തോടുകൂടി ബ്രാഹ്മണയോഗ ത്തിന്റെയും ദേവസ്വത്തിന്റെയും അംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട അധികാരികളോടും രക്ഷകനോ ടുംകൂടി ഭരിച്ചുവന്ന ഒരു പ്രദേശമാകുന്നു. ഈവക ദേവസ്വങ്ങളെയും ഗ്രാമസങ്കേതങ്ങളെയും രാജാക്ക ന്മാർ ആദരിച്ചും അവരുടെ അധികാരങ്ങൾക്ക് കീഴടങ്ങിയും പോന്നു. സങ്കേത അതിരുകൾക്കുള്ളിൽ സങ്കേത അധികാരികളുടെ അനുവാദം കൂടാതെ രാജാക്കന്മാർക്കുകൂടി പ്രവേശിച്ചുകൂടാ. സങ്കേതനി രോധനം ചെയ്യുവാനും പാടില്ല (പത്മനാഭമേനോൻ കെ.പി. 2021:166-7).

രൂപം ഇന്നത്തെ വെള്ളാങ്ങല്ലൂർ ആണ്. ഇവർ സങ്കേതത്തെ രക്ഷിക്കുന്നതിൽ വീഴ്ച വരുത്തി എന്ന കാരണത്താൽ ആ സ്ഥാനം പിന്നീട് പെരുമ്പടപ്പിനു ലഭിച്ചു. ഐരൂർ ക്കാർ തൃക്കണാപുരത്തെ സംഗതിക്ക് ഒത്താശ ചെയ്തുവത്രേ (നോ. 2.7.2). ലഭ്യമായ ക്ഷേത്രരേഖകളിൽ ഒന്നും യോഗാതിരിമാരെക്കുറിച്ച് പരാമർശിക്കാത്തതിനാൽ ക്ഷേ ത്രഭരണം സഭായോഗം വകയായിരുന്നു എന്ന് തീർച്ചപ്പെടുത്താം. പെരുമ്പടത്തിൽ മൂപ്പിലാണ് സഭായോഗത്തിന്റെ അധ്യക്ഷൻ. 9 ഊരാളന്മാർ, 26 കാര്യക്കാർ, 6 പ്രഭുക്ക ന്മാർ എന്നിവർ ചേർന്നതാണ് സഭായോഗത്തിലെ 42 അംഗങ്ങൾ. ക്ഷേത്രരേഖകൾ പല കാലഘട്ടങ്ങളിൽ നശിപ്പിക്കപ്പെട്ടിട്ടുള്ളതായും ടിപ്പുവിന്റെ ആക്രമണകാലത്ത് അഗ്നിക്കിരയാക്കപ്പെട്ടിട്ടുള്ളതായും പറയുന്നു. ക്ഷേത്രത്തിൽനിന്നും ലഭ്യമായ ഏറ്റവും പഴയ രേഖ പൊ.വ. 855 -ലെ ശിലാശാസനമാണ്. എന്നിരിക്കെ ഈ കാലഘട്ട ത്തിൽ തന്നെ ഒരു ബ്രാഹ്മണകേന്ദ്രമെന്ന നിലയിൽ ഇവിടം മാറിക്കഴിഞ്ഞിരുന്നു എന്ന് മനസ്സിലാക്കാം. പതിനാലാം നൂറ്റാണ്ടിൽ എഴുതപ്പെട്ട *കോകിലസന്ദേശം* എന്ന കൃതി യിലെ വഴിവർണ്ണനയിൽ കൂടൽമാണിക്യദേവൻ പരാമർശിക്കപ്പെടുന്നുണ്ട്.

തള്ളിക്കൂടിപ്പരന്നേന്തിയൊരഴകിയലും
കൂടൽമാണിക്യദേവ -
ന്നുള്ളി ത്താപിശ്ചഛ ഗുച്ഛച്ഛവിതടവുമുടൽ -
ഛ്ഛായ വായ്ക്കുന്ന വാനിൽ
ചെല്ലുമ്പോൾപ്പച്ചിലക്കാടിടയില മരുമാ -
സ്സൗഖ്യമോർക്കും ഭവാനെ -
ത്തെല്ലും വേറേതി രിച്ചൊട്ടിടയിലവിടെമാ -
ലോകർ കാണില്ല നൂനം (കേശവൻ വെളുത്താട്ട്, 2014:140-1)

*കോകിലസന്ദേശ*ത്തിന്റെ കാലം കൊല്ലം 602 -മാണ്ടിനിടയ്ക്ക് എന്ന് *കൊച്ചി രാജ്യ ചരിത്ര*ത്തിൽ പറയുന്നു (1989:303). ക്ഷേത്രാതിർത്തികളും ഊരാളർക്കുള്ള ശാസന ങ്ങളും ലിഖിതത്തിൽ പ്രതിപാദിക്കുന്നുണ്ട്. സങ്കേതയോഗങ്ങൾ പൊതുവേ സ്വതന്ത്രാ ധികാരം നടത്തിപ്പോന്ന ഒരു സംഘമായിരുന്നു. ഊരാളൻമാരായ നമ്പൂതിരിമാർക്ക് കൊല്ലും കൊലയുമുൾപ്പെടെ സമ്പൂർണ്ണാധികാരം ഉണ്ടായിരുന്നു. നിയമനിർമ്മാണവും

പിഴ നിശ്ചയിക്കലും മാത്രമല്ല നികുതിപിരിവടക്കമുള്ള വിപുലമായ ഭരണസംവിധാനമാണ് ഇവിടെ നിലനിന്നിരുന്നത്.

കൂടൽമാണിക്യക്ഷേത്രത്തിൽനിന്ന് ലഭ്യമായ സ്ഥാണുരവിയുടെ ലിഖിതത്തിൽ ക്ഷേത്രവസ്തുക്കൾ ഊരാളർ ഒറ്റിക്കൊടുക്കുകയോ ഒറ്റി വാങ്ങുകയോ ചെയ്താൽ അവർ അമ്മയെകൊന്ന പാതകം ചെയ്തവരാകും എന്ന് കാണുന്നു. ചോകിരത്തു പൊതുവാൾ ഭാസ്കര നമ്പിനാർക്ക് പടിഞ്ഞാറെ പോട്ട എന്ന ഭൂമി നൽകുന്നതായി പറയുന്നിടത്തും ഇവർ നികുതിയും തുലാക്കോലിയും അടക്കേണ്ടതില്ലെന്നും ജീവനക്കാർക്ക് പിഴ അടയ്ക്കേണ്ടി വന്നാൽ ഇവർക്ക് ഇഷ്ടമുള്ള പിഴ വസൂലാക്കാം എന്നും പറഞ്ഞു കാണുന്നു. ഇവിടെയെല്ലാം പിഴ ചുമത്താനും നികുതിയിൽനിന്ന് ഒഴിവാക്കാനുമുള്ള അധികാരം ക്ഷേത്രത്തിനാണ് എന്നത് ശ്രദ്ധേയമാണ്. നാട്ടുവാഴികളെ ശിക്ഷിക്കാനും തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യുന്നതിനും ഭരണകൂടത്തിന് അധികാരമുണ്ടായിരുന്നു. വെളോസുനമ്പ്യാരെയും മുരിയനാട് നമ്പ്യാരെയും ക്ഷേത്രസ്ഥാനങ്ങളിൽനിന്നു നീക്കി പിഴയടപ്പിച്ചതായുള്ള രേഖയെപ്പറ്റി *കൊച്ചിരാജ്യചരിത്ര*ത്തിൽ പത്മനാഭപിള്ള പരാമർശിക്കുന്നുണ്ട് (1989:492-4). കൊല്ലവർഷം 942 മേടം 25 -ന് ഇരിങ്ങാലക്കുട വാതിൽമാടത്തിൽ ക്ഷേത്രയോഗക്കാരും കൊച്ചിതമ്പുരാനും കൂടി എടുത്ത തീരുമാനപ്രകാരം വെളോസ്നമ്പ്യാരെ തൽസ്ഥാനത്തുനിന്ന് നീക്കുകയും ആ പദവികൾ കാറളത്ത് നമ്പ്യാർക്ക് നൽകുകയും ചെയ്യുന്നു. മറ്റൊരു നാട്ടുവാഴിയായ മുരിയാട്ട് നമ്പ്യാർ ക്ഷേത്രത്തോട് പിഴച്ചതിനാൽ ജാതിഭ്രഷ്ട് കൽപ്പിക്കുകയും ഉത്സവം നടത്തേണ്ട ചുമതയിൽ നിലയിൽനിന്ന് ഒഴിവാക്കുകയും ചെയ്യുന്നു. ആറു നാട്ടിൽ പ്രഭുക്കരിൽ പ്രമുഖരായ വെളോസ്നാട്, മുരിയനാട് തുടങ്ങിയവർക്കുപോലും ശിക്ഷവിധിക്കാൻ പ്രാപ്തമായിരുന്നു ഇരിങ്ങാലക്കുട ക്ഷേത്രസങ്കേതം.[17]

---

[17] 'വേളോസ്സനമ്പ്യാക്ക് ഗ്രാമമാടമ്പാകകൊണ്ട് നമ്പ്യാക്ക് ഇരിങ്ങാലക്കുടെ യോഗത്തുങ്കേന്നും തമ്പുരാനും കൂടി പട്ടം വാളും വെങ്ങന്നാട്ടുനമ്പി ടിക്കു കൊടുത്തു നടത്തി ഇരിക്കുമ്പോൾ യോഗത്തുങ്കലും സ്വരൂപത്തുങ്കലും ബോധീരാതെ നെടിവിരിപ്പുസ്വരൂപത്തെ ചെന്നുകണ്ട് അവിടുത്തെ ആളു കളെ കൂട്ടിക്കൊണ്ടുവന്നു മാപ്രാണത്തു വാട ഇടിയിക്കകൊണ്ടും, നെടിയി രിപ്പുസ്വരൂപത്തോടു തിരുവെഴുത്തു മേടിക്കകൊണ്ടും, രണ്ടാമതു കുമ്പ ഞ്ഞിയെ ചെന്നുകണ്ട് നാട്ടിൽ പലം കല്പിച്ച് ഇങ്ങു ബോധിയാതെ കൊടുപ്പിക്കകൊണ്ടും, വേളോസ്സനമ്പ്യാരു പനങ്ങായികൈമളുടെ സ്ഥാന ങ്ങൾ ഒതുക്കി നടക്കകൊണ്ടും, അല്ലാതെയും പലകുറ് ഏറ്റങ്ങൾ സ്വരൂപ ത്തോടു ചെയ്കകൊണ്ടും യോഗത്തുങ്കേന്നും തിരുമനസ്സു കൊണ്ടും കൂടി വിചാരിച്ചു വെങ്ങനാട്ടീന്നുവെച്ച നമ്പ്യാരെ നീക്കി 42 -ാമതു മേടമാസം 25 -ാം വാതൽ മാടത്തുങ്കൽ യോഗമിരുന്ന വലിയതമ്പുരാൻ തിരുമനസ്സു കൊണ്ട് വെള്ളയും കരിമ്പടവും വിരിച്ച് മടിയിൽ ഒടവാളും വെച്ച് ഇരുന്നള്ളിയോഗത്തുന്നു കാറളത്ത് ഉണിച്ചാത്തനമ്പ്യാക്ക് പട്ടും വാളും കൊടുത്തു നായന്മല വേളാസ്സനമ്പ്യാക്ക് മനവലശ്ശേരിദേശത്ത് എഴു പത്തഞ്ചു നായന്മാരും പനയിക്കാട്ടു നായരും മുമ്പെ ഉള്ളതാകകൊണ്ട് ആയ തുമാത്രം ആ സ്ഥാനത്തേക്ക് ഉള്ളതു നടന്ന് അനുഭവിച്ചു

ക്ഷേത്രുഖജനാവിന്റെ ചുമതല കൊളോമണ്ണിൽ മൂത്തതിനും രേഖകൾ എഴുതുന്നതിനും കണക്കെഴുതുന്നതിനുമുള്ള ചുമതല തിരുത്തിക്കാട്ട് മേനോനുമാണ്. "നടവരവായിട്ട് വരുന്ന പൊന്ന്, വെള്ളി, പാത്രം, പണം ഉൾപ്പെട്ട വക വന്നാൽ ചെറുപാട്ടമാളി കൂടിനിന്നു നടയ്ക്കൽ വയ്പിപ്പിച്ച മൂത്തനെ കൊണ്ട് എടുപ്പിച്ച് തൂക്കവും എണ്ണവും ചെറുപട്ടമാളി തിരുത്തിക്കാട്ടിൽ നായരെ കൊണ്ട് കണക്കും എഴുതിച്ച് ആ വക മൂത്തതുതന്നെ സൂക്ഷിച്ച് ഏല്പിച്ചു കൊള്ളണം. ദേവസ്വം വകയായിട്ടുള്ള ഗ്രന്ഥങ്ങൾ ഒക്കെയും ഇന്നിന്ന വകയെന്ന് ശോധന ചെയ്ത് വയ്യോല എഴുതി ഗ്രന്ഥങ്ങൾ ഒക്കെയും മൂത്തതിനെ ഏൽപ്പിച്ച് അമ്പലത്തിൽ ഒരു പെട്ടിയിൽ വച്ച് സൂക്ഷിച്ച് മാസംതോറും എടുത്ത് ശോധന ചെയ്ത് മൂത്തതുതന്നെ സൂക്ഷിച്ചു കൊള്ളണം" എന്ന് ഗ്രന്ഥവരിയെ ഉദ്ധരിച്ചുകൊണ്ട് ശ്യാമ നിരീക്ഷിക്കുന്നു (1999:119). ഇതിൽനിന്നും അധികാരവും സമ്പത്തുംകൊണ്ട് ശ്രദ്ധേയമായിരുന്ന കൂടൽമാണിക്യക്ഷേത്രം എന്നു മനസ്സിലാക്കാം. കൂടൽമാണിക്യക്ഷേത്രത്തിന്റെ സാമൂഹ്യസാംസ്കാരികപശ്ചാത്തലം തിരിച്ചറിയുന്നതിന് ഇവിടത്തെ ഐതിഹ്യങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും പുരാരേഖകളോടൊപ്പം വായിക്കേണ്ടതുണ്ട്.

---

കൊള്ളുമാറും ഇസ്ഥാനമല്ലാതെ പനങ്ങായി കയ്യുളുടേയും അല്ലാതേയും ഒതുക്കിനടക്കു ന്നത് ഒക്കെയും സ്വരൂപത്തുകേന്നുതന്നെ നടന്നുകൊള്ളത്തക്കവണ്ണവും ഇക്ക ല്പിച്ച ആള്ള കഴിഞ്ഞാൽ പിന്നേയും, ഒരാളെ ആ സ്ഥാനത്തേക്കു യോഗത്തി ങ്കെന്നും തിരുമനസ്സുകൊണ്ടും കൂടി കല്പിച്ച് ഉണ്ടാക്കി നടത്തിക്കൊൾക എന്നും അല്ലാതെ അനന്തിരവരായിട്ടും സ്ത്രീജനങ്ങളായിട്ടും ആ സ്ഥാന ത്തേക്ക് ഒരുത്തരെ ആക്കരുത് എന്നും പറഞ്ഞുവെച്ച് ഉണിച്ചാത്തന ന്ര്യാരെ പട്ടും വാളും കൊടുത്ത് ആക്കിയശേഷം തീത്ഥത്തിൽ കുളിച്ചു തൊഴുത് കളിമണ്ണിൽ ചെന്നിട്ട് വെള്ളയും കരിമ്പടവും വിരിച്ചിരുന്ന അന്നു മനവലശ്ശേരിയിൽ ചെന്നു പാർത്ത് 26 -ാംനു - കോവിലകത്തുവന്നു തമ്പരാനെ തൊഴുത് ഇപ്രകാരത്തിൽ നടന്നുകൊള്ളത്തക്കവണ്ണം നമ്പ്യാക്കു തീട്ടുരവും കല്പിച്ചുകൊടുക്കുകയും ചെയ്തു.

'മുരിയനാട്ടു നമ്പ്യാരുടെ പിഴ എട്ടും തിരുമനസ്സുകൊണ്ടു കല്പിച്ച തേവാരി ചേറ്റക്കുളത്തു വരിക്കരശ്ശേരി നമ്പൂരിയെക്കൊണ്ട് തോട്ടിയും വളരും വയ്പിക്കയും ചെയ്തു. മുരിയനാട്ടുനമ്പ്യാരം പിടച്ചുപോകകൊണ്ട് ഉത്സവം ആദിയായിട്ടു സ്ഥാനം പ്രതി നടക്കേണ്ടതിന്നുമാത്രം നീണ്ട്താവഴിയെ ആക്കിക്കൊൾക എന്നും മററുള്ളത് ഒക്കേയും സ്വരൂപത്തുങ്കേന്നുതന്നെ നടത്തിക്കൊൾക എന്നും നമ്പ്യാരുടെ പിഴവകക്കു തിരുമനസ്സുകൊണ്ടു കൽപ്പിച്ച മതിൽപ്പണി, ഗോപുരം പണിവകക്ക് ആ ദ്രവ്യം വകവെച്ചു കൊൾക എന്നും പറഞ്ഞുവെച്ചു.'

'കോടശ്ശേരിക്കൈമൾ അഞ്ചുപിഴക്ക് അഞ്ചു തോട്ടിയും വളരും വെച്ച വകക്ക് ഒരു ആനയെ കൊടുക്കുക എന്നും കിഴക്കെ ഗോപുരവും പണീക്ക എന്നും പറഞ്ഞുവെച്ചു.'

'മുരിയനാട്ടു നമ്പ്യാര് ക്ഷേത്രത്തിങ്കലെ വക വസ്തു ഉല്പത്തി ഒതുക്കി നടക്കുന്നതിനെ വിവാദമില്ലാത്ത വഹ യോഗത്തിങ്കലുള്ളവരോടും കൂടി ബോധിച്ച് ഒഴിഞ്ഞുകൊടുക്ക എന്നും വെച്ചു.'

'ചങ്ങരങ്കോതക്കൈമൾ ഒരു പിഴയ്ക്കു തോട്ടിയും വളരും വെച്ചതിനു നാലു താവഴിയിൽ ഒരു ഓഹരി മുമ്പെ സ്വരൂപത്തിങ്കേന്നു നടന്നുപോക കൊണ്ട് പിന്നെ മൂന്നു താവഴി ഉള്ളതിൽ ഒരു ഓഹരി ചങ്ങാരങ്കോതയും രണ്ടു ഓഹരി കുന്നത്തച്ചേരിയിന്നു ഉല്പത്തി തെളീച്ചുകൊടുക്ക എന്നും ചങ്ങ രണ്ട് ഒരു തോട്ടിയും വളരും വെച്ചതിന്ന് ആ വഹയിൽ ഉല്പത്തി തെളീച്ചുകൊടുക്ക് എന്നും വെച്ച് ഇപ്രകാരം എഴുതി തീർത്തു' (പത്മനാഭമേനോൻ കെ.പി., 1989:492-4).

### 2.7.2 ഐതിഹ്യങ്ങളിലെ കൂടൽമാണിക്യം

പരശുരാമൻ കേരളം സൃഷ്ടിച്ചു എന്നും ഭരണസൗകര്യാർത്ഥം അതിനെ അറുപത്തിനാല് ഗ്രാമങ്ങളാക്കി വിഭജിച്ചു എന്നുമാണ് കേരളോൽപത്തിയിൽ പറയുന്നത്. പിന്നീട് ആ ഗ്രാമങ്ങൾക്ക് ആരാധനയ്ക്കായി ഓരോ ഗ്രാമക്ഷേത്രവും സ്ഥാപിച്ചു. ബ്രാഹ്മണമേധാവിത്വമുള്ള ഒരു ഭരണക്രമം അവിടെ സ്ഥാപിച്ചു. ഇരിങ്ങാലക്കുടയ്ക്കടുത്തുള്ള മാപ്രാണം മഹാബ്രാഹ്മണപുരം ആയിരുന്നു എന്ന് കരുതപ്പെടുന്നു.[18] നമ്മുടെ നാടോടിപ്പാട്ടുകളിലും അനുഷ്ഠാനകലകളിലുമെല്ലാം ബ്രാഹ്മണകേന്ദ്രിതമായ വിശ്വാസങ്ങൾക്ക് കോയ്മ കണ്ടെത്താനാവും. ബ്രാഹ്മണമേധാവിത്വത്തെ സാധൂകരിക്കുന്നവയാണ് പല ഐതിഹ്യങ്ങളുമെന്ന് ഇന്ന് തിരിച്ചറിയുന്നുണ്ട്.

#### നാലമ്പലങ്ങൾ

കർക്കിടകമാസത്തിലെ നാലമ്പലദർശനം പ്രസിദ്ധമാണ്. നാലമ്പലങ്ങൾക്ക് കാരണമായി പറയുന്ന ഒരു ഐതിഹ്യമുണ്ട്. കുരിക്കുഴിയിലെ മുക്കവർ ചെന്ത്രാപ്പിന്നി തുറമുഖത്ത് വലയിട്ടപ്പോൾ യാദൃശ്ചികമായി നാലു വിഗ്രഹങ്ങൾ ലഭിച്ചു. അവരത് സന്തോഷപൂർവ്വം ഐരൂർ രാജാവിന്റെ ഇടപ്രഭുവായ വാക്കയിൽ കൈമൾക്ക് കാഴ്ചവെച്ചു. ബ്രാഹ്മണഭക്തനായ കൈമളാകട്ടെ അവ ബ്രാഹ്മണർക്ക് സമ്മാനിച്ചു. സൂക്ഷ്മപരിശോധനയിൽ അവ രാമ -ലക്ഷമണ - ഭരത - ശത്രുഘ്നൻമാരുടേതാണെന്ന് മനസ്സിലാക്കിയ ബ്രാഹ്മണർ വിഗ്രഹങ്ങൾ നാല് പ്രദേശങ്ങളിലായി പ്രതിഷ്ഠിച്ചു. തൃപ്രയാറിൽ ശ്രീരാമനും ഇരിങ്ങാലക്കുടയിൽ ഭരതനും പായമ്മലിൽ ശത്രുഘ്നനും മൂഴിക്കുളത്ത് ലക്ഷമണനും. വാക്കയിൽ കൈമളുടെ സ്വപ്നദർശനമനുസരിച്ചാണ് വിഗ്രഹം ലഭിച്ചത് എന്നും അത്, ദ്വാരക കടലിൽ ആണ്ടുപോകുന്നതിനുമുമ്പ് ശ്രീകൃഷ്ണൻ ആരാധിച്ചിരുന്ന ദാശരഥിവിഗ്രഹങ്ങളായിരുന്നു എന്നും ഐതിഹ്യത്തിന് വ്യാഖ്യാനഭേദവുമു

[18] കൊച്ചിരാജ്യത്തിലെ വടക്ക് പ്രധാനപ്പെട്ട നാട്ടുകളിൽ ഒന്നായിരുന്നു മാപ്രാണം എന്ന മഹാബ്രാഹ്മണപുരം. തിരഞ്ഞെടുത്ത അറുപത്തിനാല് ബ്രാഹ്മണഗ്രാമങ്ങളിൽ രണ്ടു ഗ്രാമങ്ങൾ ഇരിങ്ങാടിക്കുടൽ (ഇരിങ്ങാലക്കുടയും), ചെമ്മുണ്ട (ചെമ്മണ്ടയും) ആയിരുന്നു. മഹാപ്രമാണം - മാപ്രാണം പ്രശസ്തിയുള്ള നാടായതിനാലും, ഫലപുഷ്ടിയും ഭൂപരമായ പ്രത്യേകതകളും ഉള്ളതിനാലും ആയിരിക്കാം ഈ രണ്ടു ഗ്രാമങ്ങൾ തിരഞ്ഞെടുത്തിട്ടുള്ളത്. ഇതിനെ മാപ്രാണത്തിന്റെ അംഗീകാരമായി കാണുവാൻ കഴിയും. ബ്രാഹ്മണരുമായുള്ള സംസർഗ്ഗത്തിൽ നാടിന്റെ പ്രശസ്തി വർദ്ധിക്കുകയും ഇവിടെ താമസിച്ചുവന്നിരുന്ന ബ്രാഹ്മണർ 'മഹാബ്രാഹ്മണർ' എന്ന് അറിയപ്പെടുകയും ചെയ്തുപോന്നു. അതിനാൽ മഹാബ്രാഹ്മണപുരം എന്ന് ഒരു നാമവും നിലനിന്നിരുന്നതായി ഐതിഹ്യങ്ങൾ സൂചിപ്പിക്കുന്നു (ജോൺസൺ, 2013:28)

ണ്ട്. പ്രതിഷ്ഠയ്ക്കുള്ള വിഗ്രഹം കൊണ്ടുവന്നവകയിൽ വാക്കയിൽ കൈമൾക്ക് ക്ഷേത്രഭരണത്തിൽ പ്രത്യേകസ്ഥാനം നൽകിയിരുന്നതായി ഗ്രന്ഥവരിയിൽ പരാമർശിക്കുന്നുണ്ട് (വി.വി.കെ.വാലത്ത്, 2003:127). അദ്ദേഹം പെരുമാൾ വാഴ്ചയ്ക്ക് ശേഷമുള്ള ദേശവാഴിയാകാനാണ് സാധ്യത എന്ന് *സമ്പത്തും അധികാരവും തൃശ്ശൂരിൽനിന്നുള്ള കാഴ്ച* എന്ന കൃതിയിൽ ടി.ആർ. വേണുഗോപാലൻ ഊഹിക്കുന്നത് അർത്ഥവത്താണ് (2012:188). ഐതിഹ്യം എന്ന് പറയുമ്പോഴും ഇതിൽ ചരിത്രാംശം വളരെ കുറവാണ്. കർക്കിടകമാസത്തിലെ നാലമ്പലദർശനത്തിന് ഇത്രയും പ്രാധാന്യം ലഭിക്കുന്നത് ഈ അടുത്ത കാലത്ത് മാത്രമാണ്.

## നന്ദിക്കര

ശ്രീരാമന്റെ വനവാസകാലത്ത് അയോധ്യയിലെ ആർഭാടജീവിതം ഉപേക്ഷിച്ച് നന്ദിഗ്രാമത്തിലിരുന്നാണ് ഭരതൻ, ജേഷ്ഠനുവേണ്ടി രാജ്യം പരിപാലിച്ചിരുന്നത് എന്ന് പുരാണം പറയുന്നു. കാലാന്തരത്തിൽ മുഹമ്മദീയാക്രമണം ഭയന്ന് നന്ദിഗ്രാമക്കാർ ശ്രീരാമവിഗ്രഹവുംകൊണ്ട് ദക്ഷിണേന്ത്യയിൽ അഭയം പ്രാപിച്ചുവത്രേ. ഇരിങ്ങാലക്കുടയിൽ ഒരു ക്ഷേത്രവും നന്ദിഗ്രാമത്തിന്റെ ഓർമ്മയ്ക്കായി നന്ദിക്കര എന്ന പേരിൽ ഒരു ഗൃഹവും നിർമിച്ചതായി പറയുന്നു. കൂടൽമാണിക്യക്ഷേത്രത്തിലെ ചില അവകാശങ്ങൾക്ക് ഇവർ അർഹരാണ് എന്നത് ശ്രദ്ധേയമാണ്. ക്ഷേത്രത്തിന് പുറത്തേക്ക് തേവരെ എഴുന്നള്ളിക്കുമ്പോൾ വാളുംപിടിച്ച് അകമ്പടി സേവിക്കുന്നതിനുള്ള അവകാശം നന്ദിക്കര തറവാടിനാണ്. തച്ചുടയകൈമൾ പുറത്തുപോകുമ്പോൾ വാളുംപിടിച്ച് അകമ്പടി സേവിച്ചിരുന്നതും നന്ദിക്കര കുടുംബക്കാരാണ്.

ചന്ദനം, കർപ്പൂരം തുടങ്ങിയ സുഗന്ധദ്രവ്യങ്ങൾ കൂടൽമാണിക്യക്ഷേത്രത്തിൽ പൂജയ്ക്കായി ഉപയോഗിക്കില്ലെന്ന് മാത്രമല്ല, ദീപാരാധനയും പതിവില്ല. വനവാസത്തിനുപോയ ജ്യേഷ്ഠന് സുഖജീവിതം ലഭ്യമല്ലാത്തതിനാൽ നന്ദിഗ്രാമത്തിൽ വസിച്ച് ജ്യേഷ്ഠന്റെ പാദുകം പൂജിച്ച് രാജ്യഭാരമേറ്റ ഭരതേശ്വരൻ ഇത്തരം ആർഭാടങ്ങൾ ഒഴിവാക്കിയെന്ന് കരുതപ്പെടുന്നു. കൂടൽമാണിക്യതേവരുടെ ആറാട്ടു നടക്കുന്ന കുറുമാലിപ്പുഴയെ, നന്തി(ന്ദി) യാറെന്നാണ് പ്രാചീനകൃതികളിൽ പരാമർശിച്ചു കാണുന്നത്. *ഉണ്ണിയാടിചരിത*ത്തിൽ, "നന്തിയാമാറ് പത്മശ്രീയാ താൻ ചുമന്ന് അന്തിയാമാറ് ചുറ്റം വിളങ്ങിന്റെടം" എന്നും *കോകസന്ദേശ*ത്തിൽ, "മുച്ചുറ്റൂർപ്പുക്കഥ തെരുതെരപ്പോയിനാല

ഗ്രതസ്ഥേ \ദൃശ്യാ ചെന്താമരമല (ർ) ചുവന്നന്തിയാം നന്തിയാറ്” (1996:75) എന്നും കാണു ന്നു. ഈ നദീതീരത്തോട് ചേർന്നുള്ള നന്തിപുലം, നന്തിക്കര എന്നീ സ്ഥലങ്ങൾ ഇന്നും അതേ പേരിൽത്തന്നെ അറിയപ്പെടുന്നു. എന്നാൽ ഇതേ പേരിനെക്കുറിച്ചുതന്നെയുള്ള മറ്റൊരു ചിന്ത കൂടൽമാണിക്യക്ഷേത്രം ശിവക്ഷേത്രമായിരുന്നു എന്നതാണ്. ശിവന്റെ ഭൂതഗണങ്ങളിൽ പ്രധാനിയായ നന്ദിയാണ് ഇവിടെ പരാമർശം. മാണിക്യൻ എന്ന ക്ഷേത്രനാമവും ശിവനെയാണ് ഓർമ്മപ്പെടുത്തുന്നത് എന്നൊരു പക്ഷമുണ്ട്.

## കുലീപനീതീർത്ഥം

പ്രകൃതിക്ഷോഭങ്ങളുടെ കേന്ദ്രമായിരുന്ന ഇരിങ്ങാലക്കുട ഗ്രാമത്തിന്റെ രക്ഷയ്ക്കുവേണ്ടി കുലീപനി മഹർഷി ഇവിടെ യാഗം ചെയ്തതായി കരുതുന്നു. യജ്ഞത്തിനൊടുവിൽ മഹർഷിയുടെ ആഗ്രഹമനുസരിച്ച് മഹാവിഷ്ണുവിന്റെ നിത്യസാന്നിധ്യം ഇവിടെ ഉണ്ടായി എന്നാണ് വിശ്വാസം. കൂടാതെ ഗംഗ, യമുന, സരസ്വതി എന്നീ പുണ്യനദികളെ ഇവി ടേക്ക് ആവാഹിച്ചുകൊണ്ട് യാഗം ചെയ്ത ഇടം തീർത്ഥക്കുളമാക്കി. കുലീപനി മഹർ ഷിയുടെ ഹോമകുണ്ഡമാണ് ഇന്നും തീർത്ഥകുളത്തിൽ കാണപ്പെടുന്നതെന്ന് വിശ്വാ സികൾ കരുതുന്നു. ശുചീകരണാവശ്യാർത്ഥം തീർത്ഥക്കുളം വറ്റിച്ചപ്പോൾ യാഗസ്ഥലം എന്ന് കരുതാവുന്ന തറയും ഹോമകുണ്ഡവും കമണ്ഡലുകളും മറ്റും കാണുകയുണ്ടായി (നോ. അനുബന്ധം 1.6). ഇത് തീർത്ഥക്കുളത്തിന്റെ ഐതിഹ്യത്തിന് ഉപോത്ബല കമായി ചൂണ്ടിക്കാട്ടുന്നു.

ക്ഷേത്രമതിൽകെട്ടിനകത്താണ് കുലീപനീതീർത്ഥം സ്ഥിതിചെയ്യുന്നത്. ആറാ ട്ടിനും മറ്റ് ക്ഷേത്രാവശ്യങ്ങൾക്കും ഇവിടെനിന്നാണ് തീർത്ഥജലം ഉപയോഗിക്കുന്നത്. തീർത്ഥപ്രദക്ഷിണം പാപപരിഹാരമായി കണക്കാക്കുന്നു. രണ്ട് ഏക്കറോളം വിസ്തൃതി യുള്ള ഈ ക്ഷേത്രക്കുളത്തിൽ മത്സ്യമൊഴികെ മറ്റൊരു ജലജീവികളും വളരില്ല എന്നത് പ്രത്യേകതയാണ്. ഇവിടുത്തെ ഓരോ മത്സ്യങ്ങളും ദൈവാവതാരങ്ങളാണെന്നാണ് വിശ്വാസം. മീനൂട്ട് എന്ന വഴിപാടുനടത്തുന്നത് പിതൃബലിതർപ്പണത്തിന് തുല്യമായി കണക്കാക്കുന്നു.

## സംഗമേശ്വരൻ

താമര, ചെത്തി, തുളസി തുടങ്ങിയ പുഷ്പങ്ങൾ പൂജക്കെടുക്കുമെങ്കിലും ഇവ ക്ഷേത്ര മതിൽക്കെട്ടിനകത്ത് വളരുകയില്ല എന്നത് കൂടൽമാണിക്യക്ഷേത്രത്തിലെ പ്രത്യേക തയാണ്. ഉപദൈവങ്ങളില്ലാത്ത ക്ഷേത്രം എന്ന് പറയുമ്പോഴും വാതിൽമാടത്തിൽ ദുർഗ്ഗയും ഭദ്രകാളിയും തിടപ്പിള്ളിയിൽ ഹനുമാന്റെ അദൃശ്യസാന്നിധ്യവുമുണ്ട് എന്നാണ് വിശ്വാസം. എത്ര വലിയവാർപ്പിൽ നിവേദ്യപായസം തയ്യാറാക്കിയാലും കീഴ്ശാന്തി ക്ക് ഒറ്റയ്ക്ക് അത് ഇറക്കിവയ്ക്കാൻ കഴിയുന്നു. വാർപ്പിന്റെ ഒരു ഭാഗം ഹനുമാൻസ്വാമി പിടിച്ചിറക്കുന്നുവത്രേ. മറ്റൊരു പ്രത്യേകത ഉപപ്രതിഷ്ഠകളില്ലാത്ത ക്ഷേത്രമാണിതെ ന്നതാണ്. ഇവിടുത്തെ പൂജകൾ വിഷ്ണുവിന് മാത്രമുള്ളതാണ്. തനിക്ക് ലഭിക്കേണ്ട ആരാധന ഒരു തുളസിച്ചെടിപോലും അപഹരിക്കുന്നത് ദേവൻ ഇഷ്ടപ്പെടുന്നില്ലത്രേ. ഈ വിശ്വാസത്തിനും ഒരു ഐതിഹ്യത്തിന്റെ പിൻബലമുണ്ട്. തന്റെ കുടുംബക്ഷേ ത്രത്തിൽ എല്ലാമൂർത്തികളുടെയും സാന്നിധ്യം വേണമെന്നാഗ്രഹിച്ച ഒരു ബ്രാഹ്മണൻ വ്യത്യസ്തമൂർത്തികളുള്ള ക്ഷേത്രങ്ങളിൽ ദർശനം നടത്തി അവിടെയുള്ള ദേവീദേവൻ മാരുടെ ചൈതന്യം ഒരു ശംഖിലെ തീർത്ഥജലത്തിലേക്കാവാഹിച്ചെടുത്തു. ഒടുവിൽ അദ്ദേഹം കൂടൽമാണിക്യക്ഷേത്രത്തിലുമെത്തി. അവിടെനിന്നും ഭഗവാനെ ആവാഹിച്ച് പുറത്തു കടക്കുന്നതിനിടയിൽ ഒരു വലിയ ശബ്ദം കേട്ട് ഞെട്ടുകയും കയ്യിലിരുന്ന ശംഖ് നിലത്ത് വീണുടയുകയും ചെയ്തു. ഉടനെ വിവിധ ഇടങ്ങളിൽനിന്ന് ആവാഹിച്ചെടുത്ത ചൈതന്യം മുഴുവൻ സംഗമിച്ച് കൂടൽമാണിക്യദേവനിലേക്ക് ലയിച്ചു. അങ്ങനെ ഇരി ങ്ങാലക്കുടയിലെ ദേവൻ സംഗമേശ്വരനായി.

## മുക്കുടിനിവേദ്യം

കൂടൽമാണിക്യദേവന് തുലാമാസത്തിലെ തിരുവോണദിവസം പുത്തരിനിവേദ്യം കഴി ഞ്ഞാൽ പിറ്റേന്ന് മുക്കുടി നിവേദ്യമാണ്. ഉദരരോഗങ്ങൾക്ക് ഫലപ്രദമായ ഔഷധ മാണ് മുക്കുടിനിവേദ്യം എന്ന് വിശ്വാസികൾ സാക്ഷ്യപ്പെടുത്തുന്നു. പാരമ്പര്യമായി കുട്ട ഞ്ചേരിമൂസ്സുമാരാണ് ഇത് പാകം ചെയ്യുന്നത്. അഷ്ടവൈദ്യന്മാരിൽ പ്രമുഖസ്ഥാനമാണ് കുട്ടഞ്ചേരി മൂസ്സുമാർക്കുള്ളത്. കൊച്ചിരാജാവിന്റെ ആസ്ഥാനവൈദ്യനും ഇദ്ദേഹം തന്നെയായിരുന്നു.

കൂടൽമാണിക്യക്ഷേത്രത്തിൽ മുക്കടി നിവേദ്യമുണ്ടാക്കാനുള്ള അവകാശം കുട്ടഞ്ചേരി മൂസ്സുമാർക്ക് ദേവൻ നേരിട്ട് നൽകിയതാണെന്ന് സ്ഥാപിക്കുന്ന ഐതിഹ്യത്തെക്കുറിച്ച് കൊട്ടാരത്തിൽ ശങ്കുണ്ണി രേഖപ്പെടുത്തുന്നുണ്ട് (2008:561). ഒരു ദിവസം, കുട്ടഞ്ചേരി മൂസ്സ് തെക്കെവിടെയോ പോകുന്ന വഴിയിൽ രാത്രിയിൽ ഇരിങ്ങാലക്കുട വടക്കുവശത്തുള്ള പാടത്തെത്തി. നിലാവുള്ള ആ രാത്രിയിൽ മൂസ്സ് കടന്നുപോയ വഴിയിലിരുന്ന് ഒരാൾ വിശേഷങ്ങൾ ചോദിച്ചറിഞ്ഞതിനുശേഷം, ഇന്ന് പുത്തരി ചോറുണ്ടതുകൊണ്ട് വയറ്റിൽ നല്ലസുഖമില്ലെന്നും അതിനാൽ ആവശ്യമായ മരുന്നുകൾ നാളെ രാവിലെ ബ്രാഹ്മണരെക്കൊണ്ട് അരപ്പിച്ച് കൂടൽമാണിക്യസ്വാമിയുടെ നടയിൽ വയ്ക്കണം എന്നും, എന്നെ അവിടെ കണ്ടില്ലെങ്കിലും ഞാൻ അവിടെ ഉണ്ടെന്നുതന്നെ വിശ്വസിച്ചു കൊള്ളണം എന്നും പറഞ്ഞ് അദൃശ്യനാവുന്നു.

അതേ രാത്രിയിൽത്തന്നെ കൂടൽമാണിക്യക്ഷേത്രത്തിലെ മേൽശാന്തിക്കും മറ്റ് ജീവനക്കാർക്കും ഒരു സ്വപ്നമുണ്ടായി. നാളെ രാവിലെ കുട്ടഞ്ചേരി മൂസ്സ് അരച്ചു കൊണ്ടുവരുന്ന മരുന്നുകൾ തിളപ്പിച്ച് മുക്കടിയാക്കി നിവേദിക്കുക. പ്രതിഫലമായി മൂസ്സിന് ദേവസ്വത്തിൽനിന്ന് നൂറ്റൊന്ന്പറ നെല്ലുകൊടുക്കുക. ഇതും പതിവു കണക്കിൽ ചേർത്ത് കൊല്ലംതോറും പുത്തരിയുടെ പിറ്റേദിവസം മുക്കടിനിവേദ്യം നടത്തുകയും ചെയ്യുക എന്നായിരുന്നു നിർദ്ദേശം.

ദർശനം നൽകിയതും സ്വപ്നത്തിൽ വന്നതും ഭഗവാൻ തന്നെയെന്ന് കരുതിയ ക്ഷേത്രാധികാരികൾ ഈശ്വരേച്ഛ അനുസരിച്ചു. ഇന്നും കൂടൽമാണിക്യക്ഷേത്രത്തിൽ പുത്തരിയുടെ പിറ്റേന്ന് മുക്കടിനിവേദ്യം നടത്തിവരികയും ഔഷധമായി ഉപയോഗിക്കുകയും ചെയ്യുന്നു. തൈരിനൊപ്പം ഗോമൂത്രവും പച്ചമരുന്നുകളുടെ രഹസ്യക്കൂട്ടും ചേർത്താണ് മുക്കടി തയ്യാറാക്കുന്നത്. ഈ രഹസ്യക്കൂട്ട് കുട്ടഞ്ചേരി മൂസ്സുമാർക്ക് മാത്രമാണ് അറിവുള്ളത്. മരുന്നുകൾ പകുതി അരച്ച് കൂട്ടിയോജിപ്പിച്ചാണ് മൂസ് കൊണ്ടുവരുന്നത്. മുക്കടി ദിവസം രാവിലെ നടതുറന്നശേഷം ദേവസ്വം കൊട്ടിലിൽവച്ച് മരുന്നുകൾ അമ്മിയിൽ മുഴുവനായി അരച്ചെടുക്കുന്നു. ഈ നിവേദ്യം പാളകൊണ്ടുണ്ടാക്കിയ പാത്രത്തിലാക്കി ശംഖിന്റെയും കുത്തുവിളക്കിന്റെയും അകമ്പടിയോടെ ക്ഷേത്രത്തിലെത്തിക്കുന്നു. കുളമൺ മൂസ്സതിനാണ് മുക്കടി ഏറ്റുവാങ്ങി തിടപ്പള്ളിയിൽ കൊടുക്കാനുള്ള അവകാശം. തിടപ്പള്ളിയിൽ വച്ച് കീഴ്ശാന്തിക്കാർ ഈ മരുന്ന് മോരിൽ കലക്കി തിളപ്പിച്ച് മൺകുടുക്കകളിലാക്കി വയ്ക്കുന്നു. പിന്നീട് പൂജാസമയത്ത് ഈ മുക്കടി നിവേദിക്കു

കയും വിതരണം ചെയ്യുകയും ചെയ്യും. വലിയ ഭക്തജന തിരക്കാണ് ഈ സമയം ക്ഷേത്രത്തിലുണ്ടാവുക.

കൂടൽമാണിക്യക്ഷേത്രത്തിൽ മാത്രം കണ്ടുവരുന്ന വഴുതനങ്ങാനിവേദ്യവും ഉദരരോഗശമനവുമായി ബന്ധപ്പെട്ടതാണ് എന്നതു ശ്രദ്ധേയമാണ്. വഴുതനങ്ങ നുറുക്കി വരട്ടി ഉപ്പും നെയ്യും ചേർത്ത് തയ്യാറാക്കി നിവേദിക്കുന്നതാണ് വഴുതനങ്ങാ നിവേദ്യം. ഇത് കൂടൽമാണിക്യംക്ഷേത്രത്തിൽ മാത്രമേ ഉള്ളൂ. വയറുവേദനവന്ന ഒരു ഭക്തന് ദേവൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് നൂറ്റൊന്ന് വഴുതനങ്ങനിവേദിച്ച പ്രസാദം കഴിക്കാൻ അരുളിചെയ്തു എന്ന് വിശ്വാസമുണ്ട്.

## തൃക്കണാമതിലകം

ഇരിങ്ങാലക്കുടക്ക് തെക്കുമാറി സ്ഥിതിചെയ്യുന്ന തൃക്കണാമതിലകംക്ഷേത്രം പാരമ്പര്യത്തിലും പ്രശസ്തിയിലും കൂടൽമാണിക്യക്ഷേത്രത്തിന് തുല്യമോ അൽപം ഉയർന്നതന്നെയോ നിലനിന്നിരുന്നു. ഗുരുവായൂർക്ഷേത്രം പോലും അന്ന് തൃക്കണാമതിലകം ക്ഷേത്രത്തിന് കീഴിലായിരുന്നുവത്രേ. എന്നാൽ ഇന്ന് ഈ ക്ഷേത്രം നാമാവശേഷമായിത്തീർന്നിരിക്കുന്നു. കൊല്ലവർഷം 512 -ാം ആണ്ടിലെ ഇരിങ്ങാലക്കുട ഗ്രന്ഥവരിയിൽ സങ്കേതത്തെ രക്ഷിക്കാനുള്ള ഉത്തരവാദിത്തം ഐരൂർ സ്വരൂപത്തിലായിരുന്നു എന്നും, “അയിരൂർ കോവില് തൃക്കണ്ണാമതിലകത്തെ സംഗതിക്ക് സഹായം ചെയ്തുകൊണ്ട് അയിരൂകോവിലിന്റെ മേൽക്കോയ്മ സ്ഥാനം എടുത്ത പെരുമ്പടപ്പിൽ സ്വരൂപത്തിലേക്ക് കൊടുത്തു...” എന്ന് എഴുതിക്കാണുന്നു. തൃക്കണാമതിലകം ക്ഷേത്രത്തിന്റെ ഭരണം വടക്കേടത്ത് എന്നും തെക്കേടത്ത് എന്നും പേരായ രണ്ട് നായർ കുടുംബങ്ങൾക്ക് ആയിരുന്നു. സാമൂതിരിയുടെയും കൊടുങ്ങല്ലൂർ രാജാവിന്റെയും സഹായമുണ്ടായിരുന്ന ക്ഷേത്രഭരണാധികാരികൾ ഇരിങ്ങാലക്കുട ഗ്രാമത്തിന്റെ പ്രദേശങ്ങൾ സ്വന്തമാക്കാൻ തുടങ്ങി. സംഗമക്ഷേത്രമാകട്ടെ കൊച്ചിരാജാവിന്റെ കീഴിലുമായിരുന്നു.

പണത്തിന്റെയും അധികാരത്തിന്റെയും അഹങ്കാരത്തിൽ തൃക്കണാമതിലകം ക്ഷേത്രമുടമകൾ തങ്ങളുടെ സങ്കേതമതിൽക്കെട്ടുകൾ വർദ്ധിപ്പിക്കുവാൻ തുടങ്ങി. ഇരിങ്ങാലക്കുടയെയും ഇത് ബാധിക്കുവാൻ തുടങ്ങിയെങ്കിലും സാമൂതിരിയെ ഭയന്ന് കൊച്ചിരാജാവിന് ഒന്നും ചെയ്യുവാൻ സാധിച്ചിരുന്നില്ല. മറ്റു മാർഗ്ഗമൊന്നും ഇല്ലാതിരുന്ന സംഗ

മഗ്രാമക്കാർ മതിൽ കെട്ടിവരുമ്പോൾ അവിടെ നിരന്നുകിടന്നു. നിർദ്ദാക്ഷിണ്യം അവർക്കു മീതെക്കൂടി മതിൽകെട്ടിയ ക്ഷേത്രഭരണാധികാരികളുടെ അഹങ്കാരം നിമിത്തം കുറേപ്പേർ അതിനടിയിൽ കിടന്ന് മരിക്കാനിടയായി. അവസാനം അവർ കൂടൽമാണിക്യസ്വാമിയോടുതന്നെ സങ്കടം ഉണർത്തിക്കാൻ തീരുമാനിച്ചു. അന്ന് തുടങ്ങിയതാണ് തേവർസേവ. തീർത്ഥജലം മാത്രം കുടിച്ച് നിരാഹാരത്തോടു കൂടിയ ഈശ്വരസേവ കുറേദിവസം നീണ്ടുപോയി. തുടർന്ന് ക്ഷേത്രത്തിൽ പല ദുരന്തങ്ങളും കാണുകയും പരസ്പരം മത്സരിച്ച് ക്ഷേത്രത്തിന് നാശം സംഭവിക്കുകയും ചെയ്തു.[19]

കൊച്ചിയെ പിന്തുണച്ചിരുന്ന ഡച്ചുകാർ മതിലകം പ്രദേശങ്ങൾ ആക്രമിച്ച് നശിപ്പിച്ചു എന്നും കേരളത്തിലെ ഏറ്റവും വലിയ ശിവലിംഗമായിരുന്ന തൃക്കണാമതിലകത്തപ്പനെ മട്ടാഞ്ചേരിയിലേക്ക് കൊണ്ടുപോയി. പായ്ക്കപ്പലുകളെ ബന്ധിക്കുവാനുള്ള ഒരു തൂണായി ഇത് ഉപയോഗിക്കുവാൻ തുടങ്ങി. ഡച്ചുകാരുമായി സൗഹൃദത്തിലായിരുന്ന ഗൗഡസാരസ്വതന്മാർ വൈഷ്ണവരായിരുന്നിട്ടുകൂടി ശിവലിംഗം പണം കൊടുത്തു വാങ്ങി മട്ടാഞ്ചേരിയിലെ തങ്ങളുടെ തിരുമലക്ഷേത്രത്തിൽ നാലമ്പലത്തിന് വെളിയിലായി പ്രതിഷ്ഠിച്ചു എന്ന് പറയപ്പെടുന്നു (ശശിഭൂഷൻ എം.ജി., 2019:522).

## കൂടൽമാണിക്യം എന്ന പേരിനു പിന്നിൽ

കൂടൽമാണിക്യം എന്ന പേരിനെ സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ ഇതിനകം പറഞ്ഞ് കഴിഞ്ഞു (നോ. 2.2.1). തച്ചുടയക്കൈമൾ സ്ഥാനത്തിനുതന്നെ കാരണമായി എന്ന് വിശ്വസിക്കുന്ന മറ്റൊരു കഥയാണ് മാണിക്യം ബിംബത്തോട് ചേർന്നു എന്നത്. ഓണാട്ടുകര പ്രദേശത്തെ (കായംകുളം) നാലുവീട്ടിൽ കുമാരക്കുറുപ്പ് എന്നയാൾ വയറുവേദന മാറുന്നതിനായി കൂടൽമാണിക്യക്ഷേത്രത്തിൽ ഭജനം തുടങ്ങി. കുറച്ചുദിവസങ്ങൾക്കുശേഷം അദ്ദേഹം ബിംബത്തിന്റെ നെറുകയിൽ ഒരു തേജസ്സ് കാണുന്നു. മാണിക്യക്കല്ല് പോലെ ഇരുന്ന തേജസ്സിനെ സാദൃശ്യം നോക്കാനായി കായംകുളം രാജാവിന്റെ പക്കലുള്ള മാണിക്യക്കല്ല് കുറുപ്പുവഴി ഇരിങ്ങാലക്കുടയിലേക്ക് എത്തുന്നു. എന്നാൽ സാദൃശ്യം നോക്കുന്നതിനിടയിൽ മാണിക്യം ബിംബത്തിൽ കണ്ട തേജസ്സിനോട് ലയിച്ചത്രേ. എത്ര ശ്രമിച്ചിട്ടും രത്നം തിരിച്ചെടുക്കാൻ കഴിഞ്ഞില്ല. രത്നം കൊണ്ടുവന്ന

[19] തൃക്കണാമതിലകത്തിന്റെ നാശവും ചേറ്റുവാ മണപ്പുറവും - കേസരി ബാലകൃഷ്ണപിള്ള, 2021, സായാഹ്ന ഫൗണ്ടേഷൻ, http://books.sayahna.org/ml/pdf/kesari -mathilakam.pdf

സമയം ബിംബത്തിൽ തേജസ്സ കാണാനായില്ല എന്നും കുറച്ചു ദിവസത്തെ കാത്തിരിപ്പിനുശേഷം തേജസ്സ് വീണ്ടും പ്രത്യക്ഷപ്പെട്ടപ്പോൾ സാമ്യം നോക്കുകയും രത്നം ഉടൻ ബിംബത്തിൽ ലയിക്കുകയും ചെയ്തു എന്നും കഥക്കൊരു പാഠഭേദവും കാണുന്നുണ്ട്. അങ്ങനെ ഇരിങ്ങാലക്കുടയിലേത് കൂടൽമാണിക്യക്ഷേത്രമായി എന്ന് വിശ്വസിക്കുന്നു. കായംകുളംരാജാവിന് രത്നം തിരിച്ചുനൽകാൻ കഴിയാത്തതുമൂലം ചില ക്ഷേത്രാവകാശങ്ങൾ നൽകുകയായിരുന്നത്രേ.

### 2.7.3 ക്ഷേത്രോത്സവം

മേടമാസത്തിലെ ഉത്രം നാളിലാണ് കൂടൽമാണിക്യക്ഷേത്രത്തിലെ ഉത്സവത്തിന് കൊടി കയറുന്നത്. അടുത്ത ദിവസം കൊടിപ്പുറത്ത് വിളക്ക് എന്ന ചടങ്ങിലൂടെ ദേവൻ ശ്രീകോവിലിൽനിന്ന് പുറത്തേക്കെഴുന്നള്ളുന്നു. തുടർന്നു വരുന്ന ദിവസങ്ങളിലും വിളക്കിനെഴുന്നള്ളിപ്പ് എന്ന ചടങ്ങുണ്ട്. അവസാന ദിവസത്തെ വിളക്കിനു 'വലിയവിളക്ക്' എന്നാണ് പറയുക. കൊടിയേറ്റത്തിന്റെ രണ്ടാംനാൾ മുതൽ അവസാന ദിവസം വരെയും ഉള്ള മറ്റൊരുചടങ്ങാണ് ശീവേലിയെഴുന്നള്ളിപ്പ്. രാവിലെ 9 മണി മുതൽ ഏകദേശം 3 മണിക്കൂറോളം ഇത് നീണ്ടുനിൽക്കും. ഈ രണ്ടു ചടങ്ങിനും 17 ആനയും പഞ്ചാരിമേളവും അകമ്പടിയുണ്ടാകും. ഇതിൽ തിടമ്പിനിരുവശവും നിൽക്കുന്ന രണ്ടാനകൾ ഉള്ളാനകൾ (കുട്ടിയാനകൾ) ആയിരിക്കും. ഇത് മറ്റ് ക്ഷേത്രങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു രീതിയാണ്. ദേവചൈതന്യം പൂർണ്ണമായും തിടമ്പിലേക്കാവാഹിച്ച് പുറത്തേക്കെഴുന്നള്ളുമ്പോൾ, മറ്റാനകൾ പോലും തൊട്ടശുദ്ധമാകാതിരിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. ഈ സമയം ക്ഷേത്രത്തിനകത്ത് കയറി ആരും തൊഴാറില്ല.

അവസാന ദിവസത്തെ 'പള്ളിവേട്ട' ക്ഷേത്രത്തിനടുത്തുള്ള ആൽത്തറയിലാണ് നടക്കുന്നത്. ഇതൊരു പ്രതീകാത്മക ചടങ്ങാണ്. ക്ഷേത്രസന്നിധിയിൽനിന്ന് കുറച്ച് അകലെ പാതയോട് ചേർന്നുള്ള ആൽത്തറയ്ക്കൽ സ്വാമിയുടെ തിടമ്പ് വാദ്യഘോഷങ്ങളൊന്നുമില്ലാതെ എഴുന്നള്ളിയെത്തുന്നു. അവിടെ തയ്യാറാക്കി നിർത്തിയിരിക്കുന്ന പന്നിയുടെ രൂപത്തിലേക്ക് അമ്പെയ്ത് കൊള്ളിക്കുന്നു. കൊറ്റായിൽ എന്ന നായർ കുടുംബത്തിലെ അംഗങ്ങളാണ് ഇന്ന് ഈ ചടങ്ങ് നിർവ്വഹിക്കുന്നത്. നാടിന്റെ രക്ഷകനായ കൂടൽമാണിക്യസ്വാമി പ്രജകളുടെ സംരക്ഷണത്തിനായി പള്ളിവേട്ട നടത്തു

ന്നു എന്നാണ് വിശ്വാസം. തുടർന്ന് അഞ്ച് ആനകളുമായി പഞ്ചവാദ്യത്തിന്റെ അകമ്പടിയോടെയുള്ള തിരിച്ചെഴുന്നള്ളത്ത്, കുട്ടംകുളത്തിന് സമീപമെത്തുമ്പോഴാണ് വെടിക്കെട്ട്. പിന്നീട് പാണ്ടിമേളവും ഉണ്ടാവും. പിറ്റേന്ന് രാവിലെയാണ് ആറാട്ടിന് പുറപ്പെടുന്നത്. ഇത് ഒന്നിടവിട്ട വർഷങ്ങളിൽ, ചാലക്കുടിയിലെ കൂടപ്പുഴയിലോ, കുറുമാലിപ്പുഴയിലെ രാപ്പാളോ ആയിരിക്കും. കൊടിയിറക്കിനു മുമ്പായി കൊടിക്കൽപറ നിറയ്ക്കുക എന്ന വഴിപാടുണ്ട്.

കൊ.വ. 944 -ൽ ആണ് ഇരിങ്ങാലക്കുട ഉത്സവം തുടങ്ങിയത് എന്ന് പുത്തേഴത്ത് രാമൻ മേനോൻ സൂചിപ്പിക്കുന്നു (2003:490). തൃശ്ശൂർ പൂരം കഴിഞ്ഞ് തൊട്ടടുത്ത ദിവസമാണ് ഇരിങ്ങാലക്കുടയിൽ കൊടികയറുന്നത്. തുടർന്നുവരുന്ന പതിനൊന്ന് നാളുകൾ ഇരിങ്ങാലക്കുടയുടെയും പരിസരപ്രദേശങ്ങളിലെയും പൂരപ്രേമികൾക്ക് ആഘോഷനാളുകളാണ്. ജാതിമതഭേദമെന്യേ ഒരു ജനത ക്ഷേത്രപരിസരത്ത് ഒത്തുചേരുന്ന ദിനരാത്രങ്ങളാണവ. ആ ദിവസങ്ങളിൽ ദീപാലകൃതമായ വഴിയോരങ്ങൾ, കച്ചവടക്കാരാൽ നിറഞ്ഞിരിക്കും. കുപ്പിവള, മാല, കമ്മൽ, കളിപ്പാട്ടം മുതൽ മയിൽപ്പീലി, മൺപാത്രങ്ങൾ, പ്രതിമകൾ, ഓടക്കുഴൽ അടക്കം വിൽക്കുന്ന ഒട്ടനവധി കച്ചവടക്കാർ ഇവിടെ എത്തിച്ചേരുന്നു. കൈനോട്ടക്കാർക്ക് തൊട്ടടുത്തുതന്നെ മൈലാഞ്ചി ഇട്ടുകൊടുക്കുന്നവരും പലഹാര കച്ചവടക്കാരുമുണ്ട്. പുതിയതരം അടുക്കള ഉപകരണങ്ങൾ പരിചയപ്പെടുത്തുന്ന ഇടങ്ങളുണ്ട്. എണ്ണയിൽ കിടന്നു മൊരിയുന്ന മുളകുബജിയുടെയും ചമ്മന്തിയുടെയും മണം പരിസരമാകെ നിറഞ്ഞിരിക്കും. വാദ്യഘോഷങ്ങൾ അന്തരീക്ഷത്തിൽ മുഴങ്ങുമ്പോഴും, കച്ചവടക്കാരുടെ ശബ്ദം വേറിട്ട് കേൾക്കാം. തമിഴ കലർന്ന പാലക്കാടൻഭാഷയും ഇരിങ്ങാലക്കുടയുടെ പതിവുശൈലിയും അവയ്ക്കിടയിലുണ്ട്.

## തണ്ടികവരവ്

ക്ഷേത്രത്തിന്റെ ഭൂവുടമാബന്ധത്തെ സൂചിപ്പിക്കുന്നതാണ് തണ്ടികവരവും തൃപ്പുത്തരിയും. ചാലക്കുടിപ്പുഴമുതലുള്ള പ്രദേശം കൂടൽമാണിക്യക്ഷേത്രസ്വത്തിന്റെ പരിധിയിൽ വരുന്നതായിരുന്നു. വിപുലമായ ഈ സങ്കേതത്തിൽനിന്നും പാട്ടമടക്കമുള്ള വരുമാനം ക്ഷേത്രത്തിന്റെ അധീനതയിലായിരുന്നു. ഇവിടെനിന്നും ശേഖരിക്കുന്ന കാർഷികവിഭവങ്ങൾ ആഘോഷപൂർവ്വം ക്ഷേത്രത്തിലെത്തിക്കുന്ന ചടങ്ങാണ് തണ്ടി

കവരവ്. വാഹനസൗകര്യങ്ങൾ കുറവായിരുന്ന കാലത്ത് മുളയിലോ കമുകിൻ വാരിയിലോ സാധങ്ങൾ കെട്ടിത്തൂക്കി മനുഷ്യർ തോളിലേറ്റി കൊണ്ടുവരികയാണ് പതിവ്. സാധനങ്ങൾ ചുമലിലേറ്റിക്കൊണ്ടു പോകാൻ കഴിയുന്ന വിധത്തിൽ കെട്ടിത്തൂക്കി തയ്യാറാക്കിയ മുളയെയാണ് തണ്ടിക എന്നു പറയുന്നത്.

തുലാമാസത്തിലെ ഉത്രാടം നാളിൽ ഉച്ചയോടെയാണ് ഇത് ചാലക്കുടി പോട്ടയിലെ പ്രവൃത്തിക്കച്ചേരിയിൽനിന്നും പുറപ്പെടുക. ഇരുപത് കിലോമീറ്ററോളം നടന്ന് ഈ യാത്ര ഇരിങ്ങാലക്കുട ആൽത്തറയിലെത്തുന്നു. എട്ടുതണ്ട് നേന്ത്രപ്പഴവും രണ്ടുതണ്ട് കദളിപ്പഴവും തണ്ടികയിൽ ഉണ്ടാകും. കൂടാതെ അരത്തണ്ട് നേന്ത്രപ്പഴം വേറെയും ഉണ്ട്. ഓരോ തണ്ടിൻമേലും എട്ടു പഴക്കുലകൾ വീതം വച്ചു കെട്ടിയിരിക്കും. രണ്ടു വട്ടി കുത്തരിയും അരിയുടെ മുകളിൽ ഓരോ നേന്ത്രക്കുലയും വേറെയുണ്ടാകും. എണ്ണ, ചന്ദന മുട്ടി, അലങ്കാരത്തിനുള്ള വസ്തുങ്ങൾ എന്നിങ്ങനെയുള്ള വസ്തുക്കളും തണ്ടികവരവിനൊപ്പം കൊണ്ടുവരും. കുത്തുവിളക്കും വാളും പരിചയും പിടിച്ച് അകമ്പടിക്കാർ തണ്ടികയ്ക്കു മുമ്പിൽ നടക്കും. ആൽത്തറയിൽവച്ചാണ് ക്ഷേത്രം ഭരണാധികാരികളും ജീവനക്കാരും ചേർന്ന് ഇവരെ സ്വീകരിക്കുന്നത്. ആദ്യം തണ്ടികകൾ ആൽത്തറയിൽ ഇറക്കി വിശ്രമിക്കും. തുടർന്ന് സന്ധ്യയോടെ വാദ്യഘോഷങ്ങളുടെ അകമ്പടിയോടെ ക്ഷേത്രനടയിലെത്തിച്ച് ദേവന് സമർപ്പിക്കുന്ന ചടങ്ങ് നടക്കുന്നു.

## തൃപ്പുത്തരി

തണ്ടികയിൽ കൊണ്ടുവന്ന സാധനങ്ങളുപയോഗിച്ചാണ് അടുത്ത ദിവസം തൃപ്പുത്തരി നടത്തുന്നത്. തൃപ്പുത്തരിക്കുള്ള അരി അളക്കുന്നതോടെയാണ് തണ്ടികവരവ് ചടങ്ങുകൾ അവസാനിക്കുന്നത്. വിളവെടുപ്പുകാലത്ത് കൊയ്തെടുത്തുകുത്തിയ അരി ആദ്യമായി പാചകം ചെയ്യുന്നതാണ് പുത്തരി അഥവാ തൃപ്പുത്തരി ആഘോഷം. പുത്തരി നിവേദ്യത്തിന് അരി അളക്കുന്നതിനുള്ള അവകാശം കുളമണ്ണിൽ മൂസ്സിനാണ്. നകരമണ്ണ് ഇല്ലത്തിനാണ് പുത്തരി നിവേദിക്കാനുള്ള അവകാശം. സാധാരണ ദിവസം മൂന്നുപൂജയുള്ള കൂടൽമാണിക്യത്തിൽ തൃപ്പുത്തരി ദിവസം നാലു പൂജയുണ്ടാവും. തുലാമാസത്തിലെ തിരുവോണദിവസമാണ് കൂടൽമാണിക്യക്ഷേത്രത്തിലെ തൃപ്പുത്തരി നടക്കുന്നത്. ഇപ്പോൾ തൃപ്പുത്തരി ദിവസം ക്ഷേത്രത്തിൽ പ്രസാദ ഊട്ട് നടത്തുന്നുണ്ട്.

തൃപ്പുത്തരിച്ചോറുണ്ണാൻ ആയിരക്കണക്കിന് ഭക്തർ അന്നേ ദിവസം ക്ഷേത്രത്തിലെത്തുന്നു.

## ഇല്ലംനിറ

കാർഷികസംസ്കൃതിയുമായി ബന്ധപ്പെട്ട കൂടൽമാണിക്യക്ഷേത്രത്തിലെ മറ്റൊരു ആചാരമാണ് ഇല്ലംനിറ. കർക്കിടകമാസത്തിലെ അത്തം നാളിലാണ് ഇല്ലംനിറ നടക്കുന്നത്. സൂര്യോദയത്തോടെ കിഴക്കേനടയിലെ ആൽത്തറയിലേക്ക് നെൽക്കറ്റകൾ കൊണ്ടുവരുന്നു. ഇല്ലംനിറയ്ക്കായി എത്തിച്ചിരിക്കുന്ന നെൽക്കതിരുകളിൽ കുളമണ്ണിൽ മൂസ്സത് തീർത്ഥം തളിച്ചശേഷം ഗോപുരനടയിൽ സമർപ്പിക്കുന്നു. അതിനുശേഷം ക്ഷേത്രത്തിലെ തന്ത്രിമാർ നെൽക്കറ്റകൾ തലയിലേറ്റി ക്ഷേത്രപ്രദക്ഷിണം നടത്തി ചുറ്റമ്പലത്തിലേക്ക് പ്രവേശിക്കുകയാണ് ചെയ്യുന്നത്. പിന്നീട് പൂജിച്ച കതിരുകൾ ഭക്തർക്കായി വിതരണം ചെയ്യുന്നു. ഇതാണ് കൂടൽമാണിക്യക്ഷേത്രത്തിലെ ഇല്ലംനിറയുടെ ചടങ്ങുകൾ. ആദ്യമായി വിളഞ്ഞ നെല്ല് ദേവന് കാഴ്ചവെക്കുന്ന ആചാരമാണിത്.

കൂടൽമാണിക്യക്ഷേത്രത്തിൽ ഇപ്പോഴും നടന്നുവരുന്ന തണ്ടികവരവും തൃപ്പുത്തരിയും ഇല്ലംനിറയുമെല്ലാം പഴയകാലത്തെ ഓർമ്മപ്പെടുത്തുന്നുണ്ട്. ഭൂപരിഷ്കരണനിയമങ്ങൾ നടപ്പിൽ വന്നതോടെ ക്ഷേത്രസ്വത്ത് വിഭജിക്കപ്പെട്ടുവെങ്കിലും സമൃദ്ധമായൊരു പഴയകാലത്തിന്റെ ഓർമ്മയ്ക്ക് ഇത്തരം ആചാരങ്ങൾ തുടർന്നുവരുന്നു. കേരളത്തിന്റെ മുൻകാല കാർഷികബന്ധങ്ങളുടേയും സംസ്കൃതിയുടേയും പ്രതീകമാണ് തണ്ടികവരവും തൃപ്പുത്തരിയും.

## തൃക്കേട്ടവെച്ച് നമസ്കാരം

ഇടവമാസത്തിലെ തൃക്കേട്ടനാളിൽ അഗ്നിഹോത്രികളെവെച്ച് നമസ്കരിക്കുന്ന ചടങ്ങാണിത്. സന്ധ്യാസമയത്ത് വാതിൽമാടത്തിന്റെ തെക്കേഭാഗത്ത് കിഴക്കോട്ട് തിരിഞ്ഞ് അഗ്നിഹോത്രികൾ ഇരിക്കും. കൂടൽമാണിക്യത്തിലെ തന്ത്രികുടുംബങ്ങളിലൊന്നായ തരണനെല്ലൂർ മനയിലെ കാരണവരാണ് ആദ്യം നമസ്കരിക്കുക. അതിനുശേഷം മറ്റ നമ്പൂതിരി കുടുംബാംഗങ്ങൾ നമസ്കരിക്കും. തുടർന്ന് ഭക്തജനങ്ങളും. ഇതിന്ശേഷം ക്ഷേത്രത്തിലെ ഒരു വർഷത്തെ വരവ് ചെലവ് കണക്കുകൾ അവതരിപ്പിക്കുക എന്ന പ്ര

ത്യേകതകൂടി ഈ ചടങ്ങിനുണ്ട്. ഇരിങ്ങാലക്കുട ഗ്രാമത്തിലെ മുഴുവൻ നമ്പൂതിരിമാരും ഈ ചടങ്ങിൽ സന്നിഹിതരായിരിക്കും. വെച്ചുനമസ്കാരത്തെ തുടർന്ന് നാൽപ്പത്തൊന്നു ദിവസം നീണ്ടുനിൽക്കുന്ന തേവർസേവ ആരംഭിക്കും. ഈ കാലയളവിൽ ആദ്യം കൂത്തും തുടർന്ന് കൂടിയാട്ടവും ക്ഷേത്രത്തിനകത്ത് അരങ്ങേറുന്നു.

## താമരമാല

മഴയെ ആസ്പദമാക്കി കൂടൽമാണിക്യക്ഷേത്രത്തിൽ നടത്തുന്ന വഴിപാടാണ് താമരമാല. മഴ പെയ്യാനും പെയ്യാതിരിക്കാനും താമരമാല വഴിപാട് നടത്താറുണ്ട്. ക്ഷേത്രത്തിലെ കഴകക്കാരായ വാര്യർ കുടുംബാംഗങ്ങളാണ് പാരമ്പര്യമായി മാല കെട്ടുന്നത്. നളചരിതം ആട്ടക്കഥാരചയിതാവായ ഉണ്ണായി വാര്യർ അക്കൂട്ടത്തിൽ ഒരാളായിരുന്നു. താമരപ്പൂവ് ഇതൾ വിടർത്തിയും വിടർത്താതെയും മാല കെട്ടാറുണ്ട്. നിത്യകഴകമാലയ്ക്ക് ഇതൾ വിരിയിച്ചാണ് കെട്ടുക. ദർഭയോ വാഴനാരോ ഉപയോഗിച്ചാണ് മാല കെട്ടുന്നത്. തൃശ്ശൂർപൂരം ഭംഗിയായി നടത്താൻ തിരുവമ്പാടി, പാറമേക്കാവ് ദേവസ്വങ്ങൾ കൂടൽമാണിക്യക്ഷേത്രത്തിൽ താമരമാലവഴിപാട് നടത്താറുണ്ട്. ആറാട്ടുപുഴപൂരത്തിന് പുറപ്പെടുന്ന തൃപ്രയാർ തേവർക്ക് ചിറയ്ക്കലിൽവച്ച് കൂടൽമാണിക്യക്ഷേത്രത്തിൽനിന്നും കൊണ്ടുപോകുന്ന താമരമാല ചാർത്തുന്ന പതിവും ഉണ്ട്.

## താമരക്കഞ്ഞി

താമരമാല കെട്ടുന്നവർക്കുള്ള കഞ്ഞി എന്ന നിലക്കാണ് ഈ ആചാരം ആരംഭിച്ചതും നിലനിൽക്കുന്നതും. മറ്റ് ആചാരങ്ങളെ അപേക്ഷിച്ച് അത്ര പഴക്കമുള്ള ഒന്നല്ല താമരക്കഞ്ഞി. നാലു പതിറ്റാണ്ടിലധികമായി മുടങ്ങിക്കിടന്ന ഈ ആചാരം അടുത്ത കാലത്തായി വീണ്ടും നടന്നുവരുന്നു. തെക്കേ ഊട്ടുപുരയിൽ വിഷുവിന്റെ തലേദിവസം അമ്പലവാസികളായ ആളുകൾ ഒത്തുചേരുകയും തിരുമധുരം, മാങ്ങാക്കറി, പപ്പടം, മുതിരപ്പുഴുക്ക്, വെന്നി എന്നീ വിഭവങ്ങളോടൊപ്പം കഞ്ഞി തയ്യാറാക്കി വിതരണം ചെയ്യുകയും ചെയ്യുന്നു. കൂടൽമാണിക്യത്തിലെ കഴകക്കാരായ തെക്കേവാര്യവുമായി ബന്ധപ്പെട്ട ആചാരമാണിത്.

### 2.7.4 കൂടൽമാണിക്യത്തിലെ ആനകൾ

കേരളീയക്ഷേത്രങ്ങളിൽ ആനയെ എഴുന്നള്ളിക്കുന്ന രീതി ബുദ്ധമത സ്വാധീനത്തിൽ നിന്നാണെന്ന് അഭിപ്രായപ്പെടുന്നുണ്ട്.[20] ഉത്സവനാളിൽ സംഗമേശ്വരൻ ആദ്യമായി പുറത്തിറങ്ങുന്നത് സ്വന്തം ആനപ്പുറത്ത് വേണമെന്നാണ് ആചാരം. ക്ഷേത്രത്തിൽ ധാരാളം ആനകൾ ഉണ്ടായിരുന്നതായും ആനകളിൽനിന്നുള്ള വരുമാനം കൂത്ത് മുതലായ അനുഷ്ഠാനകലകൾ നടത്തുന്നതിനായി ഉപയോഗിച്ചതായും ഗ്രന്ഥവരിയിൽ പരാമർശം ഉണ്ട് (വേണുഗോപാലൻ ടി.ആർ., 2012:190).

ആനകളെ മറ്റു ക്ഷേത്രങ്ങളിലും പൂരങ്ങൾക്കെഴുന്നള്ളിച്ച് പണം കണ്ടെത്തിയിരുന്നു. “ആനകളെ പൂരങ്ങൾക്കും ഉത്സവങ്ങൾക്കും കൊണ്ടുപോയി എഴുന്നള്ളിച്ചുണ്ടാക്കുന്ന പണം ആനക്കാരെ ...പെരുമ്പാട്ടമാളി വാങ്ങിച്ച് അപ്രകാരം കണക്കിൽ മുതൽ കൂട്ടം എഴുതിച്ചുകൊള്ളണം” എന്നും “ആനകൾക്ക് ആണ്ടുതോറും ചികിത്സ വേണ്ടുന്നതിന് കാലാകാലങ്ങളിൽ ദേവസ്വം വകയിൽനിന്നും ചെലവിട്ട് ചികിത്സയും കഴിപ്പിച്ച് ആ വകയ്ക്ക് ചെലവാകുന്ന കണക്കിൽ ചില വറുപ്പും എഴുതിച്ചു കൊള്ളണം” എന്നും ഗ്രന്ഥവരിയിൽ കാണുന്നു (ശ്യാമ ബി., 1999:119).

ഏകദേശം പതിനൊന്ന് ആന കൂടൽമാണിക്യക്ഷേത്രത്തിന് സ്വന്തമായി ഉണ്ടായിരുന്നതായി പറയപ്പെടുന്നു. എന്നാൽ അവയുടെ കൃത്യമായ പേരോ കാലക്രമമോ ലഭ്യമല്ല. ഒട്ടുമിക്ക ആനകളേയും മാണിക്യൻ എന്ന ഓമനപ്പേരിൽ, ഭക്തരും ആനപ്രേമികളും വിളിച്ചുവന്നു. നെടുമ്പുള്ളിമാണിക്യനും കൂടപ്പുഴമാണിക്യനും പന്തൽമാണിക്യനല്ലാം അത്തരത്തിൽ വിളിക്കപ്പെട്ടവരാണ്. ഇതിൽ പന്തൽമാണിക്യൻ കേരളത്തിലെ ഏറ്റവും വലിയ ആന എന്നാണ് അറിയപ്പെട്ടിരുന്നത്. വിവിധ മനക്കാർ നടക്കിരുത്തിയ വലിയ രവി, ചെറിയ രവി എന്നീ കൊമ്പന്മാരെക്കുറിച്ച് പഴയതലമുറ വാതോരാതെ സംസാരിക്കും. ക്ഷേത്രത്തിന്റെ കിഴക്കേനടയിലെ ദീപസ്തംഭത്തിനുചുറ്റും വലയം ചെയ്തിരിക്കുന്ന ആനച്ചങ്ങല വലിയ രവിയുടേതാണെന്നും അതല്ല കവളപ്പാറ കൊമ്പനെ തളയ്ക്കുന്നതിനുവേണ്ടി ഉപയോഗിച്ചിരുന്നതെന്നും പറയപ്പെടുന്നു. ഒരുപക്ഷേ രണ്ടാനകൾക്കുവേണ്ടിയും ഒരേ ചങ്ങല ഉപയോഗപ്പെടുത്തിയിരിക്കാം. എന്നാ

[20]Historians are also of opinion that many rituals including the elephant procession during festivals are of Buddhist origin and adopted in Kerala temples (Balagopal T.S. Prabhu, 1999:274)

യാലും സാധാരണ ആനച്ചങ്ങലകളെ അപേക്ഷിച്ച് നാലിരട്ടി വലിപ്പവും ഭാരവുമുള്ള താണ് ഈ ചങ്ങല. നെടുമ്പുള്ളി മനക്കാർ നടക്കിരുത്തിയ മാണിക്യൻ ചെരിഞ്ഞ തോടെയാണ് രാമനും ലക്ഷ്മണനും ഇരിങ്ങാലക്കുടയിലെത്തുന്നത്. ഇവരെ ദേവ സ്വം വനംവകുപ്പിൽനിന്നും വാങ്ങിയതാണ്. മഹാവികൃതികളായിരുന്ന രാമലക്ഷ്മണ ന്മാരിൽ, രാമൻ ഇവിടെ വച്ച് തന്നെ ചെരിയുകയും ലക്ഷ്മണനെ ദേവസ്വം ലേലം ചെയ്തു വിൽക്കുകയും ചെയ്തു. തുടർന്ന് കുറേനാളത്തേക്ക് ക്ഷേത്രത്തിന് സ്വന്തമായി ആനകൾ ഉണ്ടായിരുന്നില്ല. പിന്നീട് 2006 ഒക്ടോബർ 23 -നാണ് മേഘാർജ്ജുനൻ കൂടൽമാണി ക്യത്തിലെത്തിച്ചേരുന്നത്. ഇരിങ്ങാലക്കുടയിലെ തെക്കേമഠം സുരേഷ് എന്ന വ്യക്തി ക്ഷേത്രത്തിൽ നടക്കിരുത്തിയ ആനക്കുട്ടിയാണ് മേഘാർജ്ജുനൻ.

കേരളത്തിലെ ആന പ്രേമികൾക്കിടയിൽ ഒരു ഐതിഹ്യമായി വളർന്ന ചരി ത്രമാണ് കവളപ്പാറ കൊമ്പന്റേത്. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ കവളപ്പാറ മൂപ്പിൽനായർക്ക് നിലമ്പൂർ കാട്ടുകളിൽനിന്ന് ലഭിച്ച ആനക്കുട്ടിയെ കുട്ടൻ എന്ന പേരു നൽകി വളർത്തി. സാമാന്യത്തിൽ കവിഞ്ഞ ഉയരവും വലിപ്പമുള്ള അവന്റെ ആകാരം കണ്ട് മൂപ്പിൽനായർ അവനെ ചക്രവർത്തി എന്ന് വിളിക്കാൻ തുടങ്ങി. ഗുരുവായൂർ കേശവനെക്കാൾ ഒരടിയോളം പൊക്കം കൂടുതൽ ചക്രവർത്തിക്കുണ്ടായിരുന്നുവത്രേ. വിരിഞ്ഞ മസ്തകവും തലയെടുപ്പും ചുരുണ്ടു കിടക്കുന്ന തുമ്പിക്കൈയും കനമുള്ള കൊമ്പു കളും വിശാലമായ ചെവികളും കുട്ടനെ ശരിക്കും ചക്രവർത്തിതന്നെയാക്കി. ഷൊർ ണ്ണൂരിലെ കവളപ്പാറ ഇല്ലക്കാർ കൂടൽമാണിക്യക്ഷേത്രത്തിൽ നടക്കിരുത്തിയ ആന, കവളപ്പാറ കൊമ്പൻ എന്നറിയപ്പെടാൻ തുടങ്ങി.

ഉത്സവത്തിന് തിടമ്പേറ്റുന്നത് തന്റെ തലയിൽത്തന്നെ വേണമെന്ന് അവന് നിർബന്ധം ഉണ്ടായിരുന്നു എന്ന് തോന്നും അവന്റെ പെരുമാറ്റം കണ്ടാൽ. വാശിയിൽ മുമ്പനായിരുന്ന ആന, നിരന്തരം ഇടഞ്ഞ് പ്രശ്നമുണ്ടാക്കുന്നത് പതിവായി. മരണ സംഖ്യയും ചെറുതല്ല. ഒടുവിൽ, തിരുവഞ്ചിക്കുളം ക്ഷേതത്തിലെ ഉത്സവത്തിന് തിട മ്പ് നിഷേധിക്കപ്പെട്ട ചക്രവർത്തി തന്റെ പ്രിയപ്പെട്ട കുഞ്ഞൻ പാപ്പാനെത്തന്നെ കുത്തിക്കൊന്നു. ക്ഷോഭത്തിനിടയിൽ പറ്റിയ അബദ്ധത്തിൽ ദുഃഖിതനായ കൊമ്പൻ, കുഞ്ഞൻ പാപ്പാന്റെ ജഡം തുമ്പികൈയ്യോട് ചേർത്ത് കണ്ണീരൊഴുക്കിയത്രേ. മൂപ്പിൽനാ യരോട് കൊച്ചിരാജാവിനുണ്ടായിരുന്ന അസൂയയാണ് തിരുവഞ്ചിക്കുളം ശിവക്ഷേത്ര ത്തിലെ തിടമ്പ് മനപ്പൂർവ്വം കൊമ്പന് നൽകാതിരുന്നതിന്റെ കാരണമെന്നു പറയുന്നു.

എന്തായാലും ക്ഷേത്രംതന്നെ കുത്തിമറിക്കാൻ ശ്രമിച്ച കൊമ്പനെ ബ്രിട്ടീഷ് അസിസ്റ്റന്റ് കളക്ടറുടെ നിർദ്ദേശപ്രകാരം വെടിവെച്ചുകൊന്നു. പഴങ്കഥയായും ഐതിഹ്യമായും കവിതയായുമെല്ലാം വാമൊഴിയിലും വരമൊഴിയിലും കളവപ്പാറ കൊമ്പൻ ആനപ്രേമികൾക്കിടയിൽ ഇന്നുമുണ്ട്.

വൈലോപ്പിള്ളിയുടെ സഹ്യന്റെ മകൻ എന്ന കവിത അനുസ്മരിപ്പിക്കുന്ന പശ്ചാത്തലമാണ് തിരുവഞ്ചിക്കുളം ക്ഷേത്രനടയിൽ അരങ്ങേറിയത്. കൂടൽമാണിക്യക്ഷേത്രത്തിലും പത്തുദിവസത്തെ ഉത്സവത്തിനിടയിൽ പലപ്പോഴായി ആന 'പിണക്കങ്ങൾ' പതിവുണ്ട്. 2008 -ൽ അത് മൂന്നു പേരുടെ മരണത്തിലാണ് കലാശിച്ചത്. പേടിച്ചോടുന്ന ആൾക്കൂട്ടത്തിനിടയിൽ വീണു പരിക്കേൽക്കുന്നത് വേറെയും.

## 2.7.5 തച്ചുടയകൈമൾ

ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രത്തിലെ ഭരണസമ്പ്രദായം ശ്രദ്ധേയമാണ്. ക്ഷേത്രകേന്ദ്രീകൃതമായ ഒരു രാഷ്ട്രീയാവസ്ഥ നിലനിന്നിരുന്ന ഘട്ടത്തിൽ, ക്ഷേത്രം നടത്തിപ്പിനായി കൈമൾമാരുടെ സേവനം ലഭ്യമാക്കിയിരുന്നു. ചെറിയ ചില വ്യത്യാസങ്ങളോടെയാണെങ്കിലും എല്ലാ മഹാക്ഷേത്രങ്ങളിലും ഇത്തരം അധികാരികളെ അവരോധിച്ചിരുന്നു. തൃശ്ശിവപേരൂർ, ഇരിങ്ങാലക്കുട, പെരുവനം, തൃത്താല, തളിപ്പറമ്പ്, ശുകപുരം എന്നിവിടങ്ങളിലെല്ലാം ക്ഷേത്രഭരണാധികാരികളെ അവരോധിക്കുന്ന രീതി നിലനിന്നിരുന്നു. തൃശ്ശൂർ വടക്കുന്നാഥക്ഷേത്രത്തിൽ യോഗാതിരിപ്പാടാണ് ഭരണകാര്യങ്ങൾ നിർവ്വഹിച്ചിരുന്നത് എങ്കിൽ ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രത്തിൽ അവരോധിക്കുന്ന പുരുഷന് തച്ചുടയകൈമൾ എന്നാണ് പറഞ്ഞുവന്നിരുന്നത്. ക്ഷേത്രവും ക്ഷേത്രസങ്കേതവും, ആത്മീയവും ഭൗതികവുമായ എല്ലാ അധികാരത്തോടുംകൂടി ഭരിക്കാനുള്ള അവകാശമാണ് ഇതിലൂടെ സിദ്ധമാകുന്നത്.

### പേരിനെസംബന്ധിച്ച്

കോയ്മ (അധികാരം) ആളുന്നവൻ എന്നാണ് കൈമൾ എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. തച്ചുടയകൈമൾ എന്ന പേരിനെ സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്, "തച്ച് എന്നതിന് കെട്ടിടം അഥവാ ക്ഷേത്രം എന്ന അർത്ഥമാണ് സാധാരണ

ഉപയോഗിക്കാറ്. ആ അർത്ഥത്തിൽ തച്ചുടയകൈമൾ വ്യവഹരിക്കപ്പെട്ടു. എന്നാൽ 'തെച്ച്' അതായത് രക്ഷ ഉടയ കൈമൾ എന്ന അർത്ഥത്തിലാണ് തച്ചുടയകൈമ ളുടെ പ്രയോഗമെന്നതാണ് മറ്റൊരു വാദം, കൈമൾ എന്നാൽ രാജാവ്. രാജാവി ന്റെ കല്പനയ്ക്ക് പറയുന്ന തീട്ട് (നീട്ട്) എന്ന പ്രയോഗമാണ് തച്ചുടയകൈമൾ സ്വീകരി ച്ചിരുന്നത്" (വി.വി.കെ വാലത്ത്, 2003:134). ക്ഷേത്രത്തിലെ മരാമത്ത് സംബന്ധമായ കാര്യങ്ങൾക്കാണ് തച്ചുടയകൈമളെ അവതരോധിച്ചിരുന്നതെന്ന് പൊ.വ. 1342 -ൽ (കൊ.വ. 517) കായംകുളം രാജാവുമായുണ്ടാക്കിയ കരാറിൽ വ്യക്തമാണെന്ന കാര്യം പുത്തേഴത്ത് രാമൻമേനോൻ *ശക്തൻ തമ്പുരാൻ* എന്ന കൃതിയിൽ ചൂണ്ടിക്കാട്ടുന്നു. "ശ്രീ ഗർഭഗൃഹപ്പണിക്ക് തച്ചുടയകൈമളെ നിശ്ചയിക്കാനുള്ള അധികാരവും.... എന്നാണ് കരാറിൽ സ്പഷ്ടമായി എഴുതി കാണുന്നത്" (2003:488). ബിംബംമാറി പ്രതിഷ്ഠകഴിഞ്ഞു എന്ന് പറയുന്ന ഘട്ടത്തിൽ ക്ഷേത്രപുനരുദ്ധാരണത്തിനായി ഏൽപ്പിക്കപ്പെട്ട സ്ഥാന മാകാം ഒരുപക്ഷേ അധികാരം കയ്യാളുന്ന തച്ചുടയകൈമളായി മാറിയത്.

മലയാളിയുടെ വ്യവഹാരഭാഷയിൽ ആശാരിയുടെ ഒരു ദിവസത്തെ പണി എന്ന അർത്ഥത്തിൽ തച്ച് എന്ന പദം സാധാരണയായി ഉപയോഗിച്ചുവരുന്നു. ഗൃഹ/ ക്ഷേത്രനിർമ്മാണ സംബന്ധിയായ ശാസ്ത്രം എന്ന അർത്ഥത്തിൽ തച്ചുശാസ്ത്രം എന്ന പദവും പരിചിതമാണ്. ഇത്തരം ജോലികളിൽ ഏർപ്പെടുന്നവരെ തച്ചൻ എന്ന് വിളി ച്ചു വരുന്നു. പെരുന്തച്ചൻ ഐതിഹ്യകഥകളിൽ പ്രമാണിയാണല്ലോ. ക്ഷേത്രത്തിലെ നിർമ്മാണപ്രവർത്തനങ്ങളുടെ ചുമതലക്കാരനായാണ് തച്ചുടയകൈമൾ നിയമിക്ക പ്പെട്ടത് എങ്കിലും, ക്ഷേത്രത്തിലെ പ്രധാന്യമേറിയ അധികാരസ്ഥാനമായത് മാറുന്നു ണ്ട്.

സ്ഥാനമേൽക്കുന്ന കൈമൾ 'മാണിക്യൻ കേരളൻ' എന്ന ബിരുദം സ്വീകരിച്ചി രുന്നു. മാണിക്കന്റെ - ശിവന്റെ കരയാളുന്നവൻ എന്ന അർഥമാണ് വി.വി.കെ. വാല ത്ത് ഈ പദത്തിനു നൽകുന്നത് (2003:134). സംഗമേശ്വരൻ ശിവനായിരുന്നുവെന്ന വിശ്വാസത്തെയും ഇവിടെ ഓർക്കേണ്ടതുണ്ട്.

## ക്ഷേത്രഭരണം

ക്ഷേത്രകേന്ദ്രീകൃത ഭരണവ്യവസ്ഥയിലും ജീവിതരീതിയിലും നമ്പൂതിരി ഇല്ലങ്ങളുടെ പ്രാമാണികത ശ്രദ്ധേയമാണ്. കൂടൽമാണിക്യക്ഷേത്രത്തിലെ ഭരണസമ്പ്രദായത്തെയും ക്ഷേത്രനടത്തിപ്പിലെ സങ്കീർണ്ണതയെയും കുറിച്ച് കെ.പി. പത്മനാഭമേനോൻ *കൊച്ചി രാജ്യചരിത്ര*ത്തിൽ വിവരിക്കുന്നുണ്ട്. ക്ഷേത്രത്തിലെ ഒരു പഴയ ഗ്രന്ഥവരിയാണ് അതിന് അദ്ദേഹം ആധാരമാക്കുന്നത്. "ശാന്തി കുറുമ്പ്രനാട്ടു പുത്തില്ലത്തിനു കാരായ്മയാകുന്നു. പുത്തില്ലത്ത് എമ്പ്രാനെന്നു പറയും. പരികർമ്മം മണക്കാടിനാകുന്നു. മൂത്തേമ്മാര് മൂന്നുള്ളതതിൽ കൊളോം മൂത്തതു പ്രധാനം. 2 -മത് കിട്ടത്ത്. 3 -മത് ചിറയത്ത്. പട്ടോല തുരുത്തിക്കാട്ടു മേനോൻ ഊരായ്മ ഗ്രഹം 9 എന, ചന, വെകുട, കോവാരണ പനകാരി ക്രമം. ക്ഷേത്രത്തിൽ നിത്യകാര്യത്തിന് 5. കോവൂര്, നല്ലപ്പിള്ളി കൊളോം മൂത്തത് ഒല്ലു പുതുവാൾ, തുരുത്തിക്കാട്ടു മേനോൻ, മേലുള്ള കാര്യത്തിന്, 5 പേര് വെരുമനം പെരിഞ്ചല്ലൂര് അട്ടൂര്, ചെങ്ങന്നൂര്, കൊവട, തലശ്ശേരി, ചോനെല്ലൂര്, മീമാംസ, പൊന്നും കുടത്തിലാമല്ലൂര്, അണിമംഗലി, ചിറയത്ത് മൂത്തത് 42 - കൂടിയത് യോഗമാകുന്നു. ആറ് നാട്ടിൽ പ്രഭുക്കന്മാര് 6. ഊരായ്മാൻ. കിട്ടത്ത് മൂത്തത്പന്തല, കൈമുക്ക്, തന്ത്രി 3. മണ്ടക്കാട്, ഭാരതഭട്ടതിരി, വെള്ളൊക്കൊനാരി ഐത്രു കോവില് പോയതിൽ പിന്നെ യോഗത്തിൽ ഒന്ന് വലിയ തമ്പുരാൻ തോട്ടുങ്കലച്ചൻ ഇങ്ങനെ 41 -42 യോഗമെന്നുള്ളത് സഭയ്ക്ക് അമ്പലപ്പടി കൊടുത്തതിൽ പിന്നെ വെച്ചതത്രേ ആകുന്നു. തൽ സഭായോഗത്തിലേക്കു പെരുമ്പടത്തിൽ സ്വരൂപത്തികലെ ആജ്ഞയോട്ടു കൂടി അമ്പലപ്പടി കൊടുപ്പിച്ചു. സഭയിലെ സ്ഥാനവും യോഗത്തിങ്കൽ പരമധാനിയും ബ്രഹ്മസ്വവും പെരുമ്പടപ്പിലേക്കു കൊടുത്തു നടന്നുവരുന്നു" (1989:109-10) അക്കാലത്തെ നമ്പൂതിരി ഇല്ലങ്ങളുടെ പ്രമാണികതയും ക്ഷേത്രനടത്തിപ്പിലെ സങ്കീർണ്ണതയും വ്യക്തമാക്കുന്നതാണ് പത്മനാഭമേനോൻ ഉദ്ധരിക്കുന്ന ഗ്രന്ധവരി. ഇതേ ഗ്രന്ഥവരിയിൽ തന്നെയാണ് ദേവന് കൂടൽമാണിക്യം എന്ന പേരും ദേവസ്വംഭരണത്തിന് തച്ചുടയ കൈമൾ അധികാരവും ഉണ്ടാകാനുള്ള ഐതിഹ്യവും പറയുന്നത്.

## ഐതിഹ്യത്തിന്റെ കാതൽ

മാണിക്യക്കല്ല് ബിംബത്തോടൊട്ടി എന്ന ഐതിഹ്യത്തിനു (നോ. 2.7.2) മുമ്പുതന്നെ കൂടൽമാണിക്യം എന്നപേര് പ്രാബല്യത്തിലുണ്ട് എന്നാണ് വി.വി.കെ. വാലത്ത് കരുതുന്നത്. ഇതേ അഭിപ്രായം തന്നെയാണ്, *ശ്രീ കൂടൽമാണിക്യം ചരിത്രാന്വേഷണം* എന്ന കൃതിയിലും രേഖപ്പെടുത്തുന്നത്. "517 (കൊ.വ) -ൽ ഓണാട്ടുകര രാജാവിന്റെ വക മാണിക്യക്കല്ല് ദേവനിൽ കൂടിചേർന്നതിനാൽ 'കൂടൽമാണിക്യൻ' എന്നു പേരുണ്ടായി. കൊല്ലവർഷം 30 -ലെ ദേവസ്വം ശിലാലിഖിതത്തിൽ കൂടൽ എന്ന സ്ഥലനാമമുണ്ടെന്ന് മനസ്സിലാക്കുമ്പോൾ ഇതും കെട്ടുകഥ തന്നെ" എന്നാണ് ഒടുവിലത്തെ തച്ചുടയക്കൈമളാൽ എഴുതപ്പെട്ട ഈ കൃതി വിലയിരുത്തുന്നത് (1966:15). കഥയും വ്യാഖ്യാനവും എന്തു തന്നെയായിരുന്നാലും തിരിച്ചേൽപ്പിക്കാമെന്നേറ്റിരുന്ന മാണിക്യക്കല്ല് ഇരിങ്ങാലക്കുടയ്ക്കൊരു ബാധ്യതയായി.

രത്നത്തിനു പകരം കായംകുളംരാജാവ് സമുദായ മേൽകോയ്മ സ്ഥാനം അവകാശപ്പെടുകയും നേടിയെടുക്കുകയും ചെയ്തു. കൊച്ചിരാജാവിന്റെ സമ്മതപ്രകാരം ക്ഷേത്രയോഗക്കാർ കായംകുളംരാജാവിന്റെ പ്രതിനിധിക്ക് തച്ചുടയസ്ഥാനം നൽകാൻ തീരുമാനിച്ചു. കായംകുളം രാജാവാകട്ടെ തന്റെ പ്രതിനിധിയാക്കാൻ തീരുമാനമെടുത്തത് കുമാരക്കുറുപ്പിനെത്തന്നെയാണ്. ഏ.ഡി 1342 -ലാണ് കൂടൽമാണിക്യക്ഷേത്രത്തിലെ ഊരായ്മക്കാരും കായംകുളം രാജാവും തമ്മിലുണ്ടായ കരാറിൽ ആദ്യത്തെ തച്ചുടയക്കൈമളവരോധം നടക്കുന്നത്.

മാണിക്യക്കല്ല് ബിംബത്തോട് ചേർന്ന കഥയുമായി തച്ചുടയക്കൈമൾ സ്ഥാനത്തിന്റെ ഉല്പത്തിയെ ചേർത്തു പ്രചരിക്കുന്നുണ്ടെങ്കിലും വിശ്വാസത്തിന്റെ തലത്തിലല്ലാതെ യാഥാർഥ്യവുമായി ഇത് ചേർന്നു പോകുന്നില്ല. കൂടൽമാണിക്യം എന്ന പേരാകട്ടെ അതിനേക്കാൾ എത്രയോ മുമ്പ് ഈക്ഷേത്രത്തിനുണ്ടായിരുന്നു എന്നതിന് സ്ഥലനാമചരിത്രങ്ങളും ശിലാരേഖകളുമെല്ലാം തെളിവുനൽകുന്നു.

ഇരിങ്ങാലക്കുടയിലെ കൂടൽമാണിക്യക്ഷേത്രത്തിൽ കായംകുളത്തിന് പ്രത്യേക അവകാശം സിദ്ധമായതിന്റെ ചരിത്രപരമായ കാരണങ്ങൾ ലഭ്യമല്ല. *ശക്തൻതമ്പുരാൻ* എന്ന കൃതിയിൽ പുത്തേഴത്ത് രാമൻ മേനോൻ ഈ വിഷയത്തെ നോക്കികാണുന്നത് ഇപ്രകാരമാണ്, "കായംകുളത്തിന്റെ മാണിക്യക്കല്ല് കൂടൽമാണിക്യത്തി

ന്റെ ബിംബത്തിൽ ചേർന്ന് പോയിട്ടുള്ളതായി പറയുന്ന കഥ ശരിയാണെങ്കിൽ ഗർഭ ഗൃഹം പൊളിച്ച പണിയുകയും ബിംബം മാറുകയും ചെയ്യുമ്പോൾ ആ മാണിക്യക്ക ല്ലിന്റെ ഉടമസ്ഥന്റെ സാമീപ്യവും മേൽനോട്ടവും ഉണ്ടായിരിക്കേണ്ടത് അത്യാവശ്യം തന്നെയാകുന്നു. അതുകൊണ്ടായിരിക്കാം അപ്രകാരം ഒരു വ്യവസ്ഥ പ്രസ്തുതകരാറിൽ കടന്നു കൂടിയത്" (2003:448) ഒരുപക്ഷേ, കായംകുളം രാജാവ് ക്ഷേത്രപുനർനിർമ്മാണ വേളയിൽ നൽകിയ വലിയ ഏതെങ്കിലും സംഭാവനയുടെ പേരിലാകാം ഉടമസ്ഥന്റെ സാമീപ്യം അവർക്ക് അവകാശമായത്.

*ഇന്നലെ നടന്നവഴികൾ* എന്ന കൃതിയിൽ ആരോമലുണ്ണി ഈ കഥയെ വില യിരുത്തുന്നത് മറ്റൊരു തരത്തിലാണ്. പത്തുമൈൽ സമചതുരത്തിലുള്ള ഭൂസ്വത്തു ണ്ടായിരുന്ന കൂടൽമാണിക്യക്ഷേത്രസങ്കേതം കൊല്ലിനും കൊലയ്ക്കും അധികാരമുള്ള വരായിരുന്നു. സ്വാഭാവികമായും ആരും ആഗ്രഹിച്ചുപോകുന്ന അധികാരസ്ഥാനത്തി നുവേണ്ടി കായംകുളം നടത്തിയ തന്ത്രമാകാം മാണിക്യക്കല്ലിന്റെ കഥ എന്നാണ് അദ്ദേഹം കരുതുന്നത്. "കുമാരക്കുറുപ്പ് കായംകുളം രാജാവിന്റെ ചാരനാകാം. അല്ലെ ങ്കിൽ വിലമതിക്കാനാകാത്ത രത്നം അയാളുടെ കത്തിന്റെ ബലത്തിൽ കൊടുത്തയ യ്ക്കുമോ? കുറുപ്പിനെ തന്നെ കയ്യാളായി അവരോധിച്ചതിൽനിന്ന് രാജാവും കുറുപ്പും തമ്മിൽ ഒത്തുകളി ഉണ്ടായിരുന്നെന്ന ആരോപണം തള്ളിക്കളയാനാകില്ല. രത്നം ബിം ബത്തിൽ വച്ചപ്പോൾ അലിഞ്ഞുപോയെന്നതും കടങ്കഥയത്രേ. കയ്യടക്കം വശമുണ്ടാ യിരുന്ന കുമാരക്കുറുപ്പ് രത്നം നഷ്ടപ്പെടുത്താതെ കായംകുളം രാജാവിന് കൊടുത്തിട്ടു ണ്ടാകാം. രത്നം ബിംബത്തിൽ അലിഞ്ഞുവെന്ന ദേവന്റെ അത്ഭുതസിദ്ധി പ്രചരിപ്പിച്ച് സാധാരണക്കാരായ ഭക്തജനങ്ങളെ വശീകരിച്ചിട്ടുമുണ്ടാകാം. കൂടൽമാണിക്യക്ഷേത്ര ത്തിൽ അധികാരം കിട്ടാൻ കായംകുളംരാജാവും ക്ഷേത്രം ഭാരവാഹികളായിരുന്ന നമ്പൂ തിരിമാരിൽ ഒരു വിഭാഗവും തമ്മിൽ അവിഹിതമായ ഇടപാടുകൾ നടന്നിട്ടുണ്ടാകും എന്ന നിഗമനം തള്ളിക്കളയാവുന്നതല്ല. എക്കാലത്തും ഊരാണ്മക്കാരായ നമ്പൂതിരി മാരിൽ ഗ്രൂപ്പുകളും സംഘട്ടനങ്ങളും നിലനിന്നിരുന്നു" (1998:165). കേട്ടുകേൾവികളിലൂടെ പ്രചരിക്കുന്ന ഐതിഹ്യങ്ങളിൽ, അതിശയോക്തികളും കൂട്ടിച്ചേർക്കലുകളും കടന്നുകൂട മെങ്കിലും അർദ്ധസത്യങ്ങളും മറഞ്ഞിരിക്കുന്നുണ്ടാകണം. എന്തായാലും ക്ഷേത്രത്തിലെ മരാമത്ത് പണിക്കായി എത്തിച്ചേർന്ന കൈമൾ ക്ഷേത്രഭരണാധികാരിയുടെ അവകാ ശാധികാരങ്ങൾ നേടിയെടുത്തു എന്നത് ചരിത്രസത്യം തന്നെയാണ്.

തച്ചുടയക്കൈമളുടെ സ്ഥാനം ഒരു ക്ഷേത്രഭരണാധികാരിയുടേതിനേക്കാളും വലുതായിരുന്നു. ഒരു രാജാവിന്റെയല്ലാ, രാജാധിരാജന്റെ എന്നുതന്നെ കരുതാൻ ന്യായമുണ്ട് എന്നാണ് വി.വി.കെ. വാലത്ത് നിരീക്ഷിക്കുന്നത്, "ആഴ്വാഞ്ചേരി തമ്പ്രാക്കൾ ജാതകാവരോധം നടത്തുക. മുമ്പിലും പിമ്പിലും അമ്പലവാസികൾ കുത്തുവിളക്കു പിടിക്കുക, ശംഖു വിളിക്കുക, ആറുനാട്ടിൽ പ്രഭുക്കന്മാർ, കൊച്ചിരാജാവ് തുടങ്ങിയവർ അകമ്പടി പോവുക, കൊച്ചിരാജാവ് പല്ലക്കിന്റെ തലപിടിക്കുക, നമ്പൂതിരിമാർ പല്ലക്ക് തൊട്ടുകൊണ്ട് നടക്കുക, പൊതുവാൾ ക്ഷുരകപ്രവൃത്തി നടത്തുക എന്ന പ്രവർത്തികൾ കീഴ്‌വഴക്കമായി തുടർന്നുപോന്നു" (2003:133-4). കൂടൽമാണിക്യക്ഷേത്രത്തിലെ തച്ചുടയക്കൈമൾസ്ഥാനം യോഗാതിരിമാരെക്കാളും മികച്ചതായിരുന്നു എന്ന് *സമ്പത്തും അധികാരവും തൃശ്ശൂരിൽനിന്നുള്ള കാഴ്ച* എന്ന കൃതിയിൽ ടി.ആർ. വേണുഗോപാലൻ നായർ ഓർമ്മപ്പെടുത്തുന്നുണ്ട്. "അവരോധചടങ്ങുകളിലെ പ്രകടനപരതകൊണ്ടും കൈമൾത്തന്നെ മുൻപിൽ. രാജ്യാന്തരസീമകൾ കടന്ന് അകമ്പടിയും വാദ്യഘോഷങ്ങളുമായി ഉത്സവാന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടുള്ള വരവ് യോഗാതിരി അവരോധസമയത്ത് പതിവില്ല. രണ്ട് രാജാക്കൻമാർ - കൊച്ചിയും തിരുവിതാംകൂറും - എല്ലാ ഔദ്യോഗിക കീഴ്‌വഴക്കങ്ങളും പാലിച്ചുകൊണ്ട് നടത്തുന്ന നിയമനം തച്ചുടയക്കൈമളെ വിശിഷ്ട രാജപ്രതിനിധിയാക്കി മാറ്റുന്നു. ഒരേസമയം ക്ഷേത്രത്തിലെ മുഖ്യസ്ഥാനി, രാജാവിന്റെ പ്രതിനിധി, അവരോധത്തിലൂടെ ബ്രാഹ്മണവൽക്കരിക്കപ്പെട്ട ശൂദ്രൻ എന്നീ നിലകളിൽ അതിവിചിത്രമായ രാസലയമാണ് കാണാൻ കഴിയുക" (2012:202).

ഇരിങ്ങാലക്കുട ഗ്രാമക്കാരായ നമ്പൂതിരിമാരുടെ സഭായോഗം വകയായിരുന്ന കൂടൽമാണിക്യക്ഷേത്രാധികാരം ജാതിയിൽ ശൂദ്രനായ നായർക്ക് കൈമാറുന്ന ചരിത്രപ്രക്രിയയെ വളരെ ആശ്ചര്യജനകമായാണ് ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നത്. *പത്തൊമ്പതാം നൂറ്റാണ്ടിലെ കേരള*ത്തിൽ പി. ഭാസ്കരനുണ്ണി അഭിപ്രായപ്പെടുന്നത് ശ്രദ്ധേയമാണ്, "കേരളത്തിന്റെ ആത്മീയചരിത്രത്തിൽ ഏറ്റവും ആശ്ചര്യകരവും അമ്പേ അത്ഭുതകരവുമായ ഒരു ക്രിയയും കർമ്മവും ചടങ്ങുമത്രേ തച്ചുടയക്കൈമളവരോധം. കേരളത്തിന്റെ സാമൂഹ്യചരിത്രത്തിലെ ജാജ്ജ്വല്യമാനമായ സവിശേഷപ്രതിഭാസം കൂടിയാണത്. ജാതിയുടെ അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം കർക്കശ നിയമാവലികളുടെ ഊരാകുടുക്കിലോ കുരുക്കിലോ അകപ്പെട്ട്, കോരപ്പുഴ കടക്കാതെയും നിയതമായ

ഒരു വാവട്ടത്തിൽ കാലം നയിക്കേണ്ടിവന്ന കേരളീയ സാമൂഹ്യജീവിതക്രമത്തിലെ യുഗപ്രഭാവപരിവേഷമണിഞ്ഞ ചിന്താഗർഭമായ ഒരു അർത്ഥശൂന്യതയത്രേ ഈ തച്ചുടയക്കൈമൾ എന്ന അവരോധം" (2000:833). ജാതിവ്യവസ്ഥ കൊടികുത്തിവാണിരുന്ന കാലത്തും നായർ വിഭാഗത്തിൽപ്പെട്ട ഒരാൾക്ക് ഇത്തരത്തിൽ അവകാശാധികാരങ്ങൾ നൽകണമെങ്കിൽ തച്ചുടയക്കൈമൾ എന്ന സ്ഥാനത്തിന് പുറകിൽ ഒട്ടും ചെറുതല്ലാത്ത തന്ത്രങ്ങളോ നീക്കങ്ങളോ നടന്നിട്ടുണ്ട് എന്നുള്ളത് നിസ്തർക്കമാണ്.

പത്തൊമ്പതാം നൂറ്റാണ്ടിലെ ജാതിവ്യവസ്ഥയെക്കുറിച്ച് ഗവേഷണം നടത്തിയിട്ടുള്ള ഭാസ്കരനുണ്ണി തീർത്തും അതിശയകരമായാണ് ഈ കർമ്മത്തെ നോക്കിക്കാണുന്നത്, "സാമൂഹ്യവീക്ഷണത്തിന്റെ ചില്ലുകളിലൂടെ നോക്കുമ്പോൾ ഇവിടെ തെളിഞ്ഞുകാണുന്നതും നാലു വർണ്ണമല്ല നാലായിരം വർണ്ണങ്ങളാണ്. നമ്പൂതിരി സ്വന്തം ആഢ്യത്വവും ജാതിപ്രഭുത്വവും കുലമേന്മയും ചാരിത്ര്യശുദ്ധിയും രാജാവിനും ഉപരിയായി സിദ്ധിച്ച ജാതിജന്യമായ മറ്റെല്ലാ അവകാശപ്പ്രൗഢികളും ഒരു ശൂദ്രന് -നായർക്ക് - കൈമൾ അവരോധത്തിലൂടെ അടിയറവച്ചു എന്ന് അറിയുന്നതിനേക്കാൾ ആശ്ചര്യകരമായ ഒരു സംഭവം, എന്റെ ഈ സങ്കീർണമായ ഗവേഷണ സഞ്ചാരത്തിൽ, പത്തൊമ്പതാം നൂറ്റാണ്ടിൽ വേറൊന്നുണ്ടായിട്ടില്ല. മറ്റെല്ലാം കാലവൈഭവത്തിന്റെയും യുഗപ്രഭാവൻമാരായ മഹാത്മാക്കളുടെയും ജനങ്ങളുടെയും അമേയമായ കർമ്മശക്തിയിൽ നിന്ന് തേജോമയമായി ഉരുത്തിരിയുമ്പോൾ, ഇതാവട്ടെ ഏതോ ഗർവ്വുനിറഞ്ഞ പൂർവ്വകാലത്തിന്റെ അഗ്നിഗോളമായി ജ്വലിച്ചു നിൽക്കുകയാണ് ചെയ്തിരുന്നത്. എന്തൊരു അത്ഭുതം! എന്തൊരത്ഭുതപ്രതിഭാസം... നമ്പൂതിരി നായരെ എതിരേറ്റു നടക്കുക; നായർക്കു നമ്പൂതിരി കുടപിടിക്കുക; അകമ്പടിക്കാര് ആയുധപാണികളായി മുമ്പും പിമ്പും നടക്കുക; തീർത്ഥത്തിൽ സ്നാനം ചെയ്യുക; സോപാനം കേറി മണിയടിച്ചു തൊഴുക; കയ്യിൽ നേരിട്ടു തീർത്ഥ പ്രസാദം വാങ്ങുക; ഒരേ പന്തിയിലിരുന്നുണ്ണുക; അവിടെ ഇട്ടിരിക്കാൻ ഒന്നിനുമേലായി രണ്ട് ആവണപ്പലക ഉണ്ടായിരിക്കുക. എന്താ അവസ്ഥ? എന്താ സ്ഥിതി?" (2000:833-4). ജാതിയിൽ ശൂദ്രനായ ആൾ അവരോധക്രിയയാൽ ഉൽകൃഷ്ടനായി എന്നാണ് വാദമെങ്കിൽ ഏതു ജാതിയേയും ഇങ്ങനെ ഉൽകൃഷ്ടമാക്കാമല്ലോ എന്നാണ് ഭാസ്കരനുണ്ണി അഭിപ്രായപ്പെടുന്നത്. ജാതിവ്യവസ്ഥയുടെ അർത്ഥശൂന്യത ഇവിടെ പ്രകടമാണ്. ഇരുപതാം നൂറ്റാണ്ടിലും ക്ഷേത്രപരിസരത്തുകൂ

ടിയുള്ള സഞ്ചാരംപോലും അവർണ്ണർക്ക് നിഷേധിക്കപ്പെട്ടിരുന്ന ഒരു ക്ഷേത്രം എന്ന നിലയിൽ പി. ഭാസ്കരനുണ്ണിയുടെ അഭിപ്രായം അർത്ഥവത്താണ്.

## അവരോധം പല ഘട്ടങ്ങളിൽ

അതുല്യമായ അവകാശങ്ങൾക്ക് അർഹത നേടുന്നു എന്നതുകൊണ്ടുതന്നെ കൈമൾ സ്ഥാനത്തിനു വേണ്ടിയുള്ള അവകാശത്തർക്കങ്ങളും നിരവധിയായിരുന്നു. സംഭവ ബഹുലമായ ഒട്ടേറെ തന്ത്രങ്ങളും നിയമപോരാട്ടങ്ങളും കൊച്ചിയും തിരുവിതാംകൂറും തമ്മിൽ ഉണ്ടാകുന്നുണ്ട്. എന്തായാലും ക്ഷേത്രത്തിലെ കൈമൾ അവരോധത്തിനുള്ള അവകാശം കായംകുളംരാജാവിന് ലഭിച്ചതനുസരിച്ച് കൊല്ലവർഷം 517 -ാം ആണ്ട് (പൊ.വ. 1342) മുതൽ കായംകുളംരാജാവ് കൈമളെ അവരോധിച്ചുവന്നു. കൊ.വ. 924 -925 കാലത്ത് കായംകുളം തിരുവിതാംകൂറിന്റെ അധീനതയിൽ വന്നതിനാൽ പിന്നീട് ആ അവകാശം തിരുവിതാംകൂറിനു ലഭിച്ചു. "941 -കന്നിമാസം 24 -തിയതി കൊച്ചിയും തിരുവിതാംകൂറുമായുണ്ടായ കരാറിലെ 7 -ാം വകുപ്പും ഇരിങ്ങാലക്കുട ക്ഷേത്രകാര്യമാണ്. ഒന്നു തീർച്ച കൊ.വ. 983 - മുതൽ തിരുവിതാംകൂറും കൊച്ചിയുമായി ഈ അവരോധക്രിയയെ ചൊല്ലി രാജാധികാരം നഷ്ടപ്പെടുന്ന ഈ അടുത്ത കാലം വരേയും കേസ്സും വക്കാണവുമായിരുന്നു. കേണൽ മാഗ്ഡൽ മുതൽ പല ബ്രിട്ടീഷ് റസിഡന്റുമാരും ഈ കേസിൽ ഇടപെടുകയോ മാധ്യസ്ഥം വഹിക്കുകയോ ചെയ്തിട്ടുണ്ട്. ഒടുവിൽ ബ്രിട്ടീഷ് സർക്കാർ ഇടപെട്ട് അവരോധാവകാശം തിരുവിതാംകൂറിനാണെന്നാന്ന് വിധിയുണ്ടായി" (വി.വി.കെ വാലത്ത്, 2000:833).

പൊ.വ. 1342 - മുതൽ 1918 -വരെയുള്ള കാലങ്ങളിൽ പലപ്പോഴായാണ് തച്ചുടയക്കൈമൾ അവരോധിക്കപെട്ടിട്ടുള്ളത്. ഈ ഏഴു നൂറ്റാണ്ടിനിടയിൽ നടന്ന ആറ് അവരോധങ്ങളെക്കുറിച്ച് മാത്രമേ ചരിത്രഗവേഷകർക്ക് അറിവ് ലഭിച്ചിട്ടുള്ളൂ. കൂടൽമാണിക്യക്ഷേത്രവുമായി ബന്ധപ്പെട്ട് ലഭ്യമായ രണ്ടു പുരാലിഖിതങ്ങളിലും ഇത്തരമൊരു സ്ഥാനപ്പേര് പരാമർശിക്കുന്നില്ല. ആദ്യത്തെ കൈമളായ കുമാരകുറുപ്പ് പൊ.വ. 1342 മുതൽ പൊ.വ. 1384 -വരെ 42 വർഷത്തോളം ആ സ്ഥാനം വഹിച്ചു. അദ്ദേഹത്തിന്റെ മരണശേഷം നീണ്ട 85 വർഷത്തോളം ആ പദവി ഒഴിഞ്ഞു കിടന്നതായി കരുതുന്നു. 1469 -ലാണ് രണ്ടാമത്തെ കൈമൾ അധികാരത്തിൽ വരുന്നത്. എന്നാൽ 1509 -ൽ ബ്രഹ്മചര്യം അനുഷ്ഠിക്കാത്തതിന്റെ പേരിൽ അദ്ദേഹം ഭ്രഷ്ടനാക്കപ്പെടുന്നു.

പിന്നീടുള്ള രണ്ടു നൂറ്റാണ്ടിൽ കൈമൾ സ്ഥാനത്തേക്ക് ആരെയെങ്കിലും അവരോധിച്ചതായി അറിവില്ല. അധികാരത്തർക്കങ്ങളും വിവാദങ്ങളും തന്നെയാവാം അതിനുള്ള കാരണം. മാത്രമല്ല, ഭ്രഷ്ടനാക്കപ്പെട്ട കൈമളുടെ പരുഷമായ ജീവിതം വീണ്ടുവിചാരത്തിന് പ്രേരണ നൽകി എന്നും കരുതാം. എന്തായാലും പിന്നീട് 1728 -ലാണ് കായംകുളത്തുനിന്നുള്ള അവസാനത്തെ കൈമൾ അവരോധിക്കപ്പെട്ടത്. ഇദ്ദേഹം 1779 -ൽ മരണമടയുന്നതുവരെ തച്ചുടയക്കൈമളായി ക്ഷേത്രഭരണം നിർവഹിച്ചു.

ഈ ഘട്ടത്തിൽ തന്നെയാണ് കൊച്ചിയിൽ ശക്തൻ തമ്പുരാൻ അധികാരത്തിലെത്തുന്നത്. ഇതിനിടയിൽ 1746 -ൽ മാർത്താണ്ഡവർമ്മ കായംകുളത്തെ പരാജയപ്പെടുത്തി തിരുവിതാംകൂറിനോട് ചേർത്തിരുന്നു. സ്വാഭാവികമായും അവകാശത്തർക്കങ്ങൾക്ക് ഇത് കാരണമായി. ആചാരപ്രകാരം കായംകുളത്തിനാണ് കൊച്ചിരാജാവ് കൈമളെ അവരോധിക്കാനുള്ള തീട്ടൂരം അയയ്ക്കേണ്ടത്. കീഴ്‌വഴക്കമനുസരിച്ച് ഈ തിട്ടൂരം ലഭിച്ചാൽ മാത്രമേ അവരോധ ചടങ്ങുകൾ ആരംഭിക്കാനാവൂ. രാഷ്ട്രീയസ്വാതന്ത്ര്യം നഷ്ടപ്പെട്ട കായംകുളത്തിന് തീട്ടൂരമയയ്ക്കുന്നത് വ്യർത്ഥമാണ്. ഇങ്ങനെ കെട്ടുപിണഞ്ഞുകിടക്കുന്ന കീഴ്‌വഴക്കങ്ങളുടെ ബാഹുല്യം നിമിത്തം പുതിയ അവരോധത്തിന് ഇരുപത്തൊമ്പത് വർഷത്തെ താമസം നേരിട്ടു. ഇതിനിടയിലാണ് സാമൂതിരിസൈന്യം കൊച്ചിയുടെ അധികാരകേന്ദ്രങ്ങളിൽ ആക്രമണങ്ങൾക്ക് മുതിർന്നത്. "1762 -ലെ ശുചീന്ദ്രം ഉടമ്പടിയനുസരിച്ച് സാമൂതിരിസൈന്യത്തെ തൃശ്ശൂരിൽനിന്നും തിരുവിതാംകൂർ സൈന്യം തുരത്തി. പ്രത്യുപകാരമായി തിരുവിതാംകൂർ ആവശ്യപ്പെട്ടത് ചാലക്കുടി പ്രദേശങ്ങളിൽക്കൂടി നെടുങ്കോട്ട കെട്ടാൻ അനുവദിക്കണമെന്നും തച്ചുടയക്കൈമളെ വാഴിക്കാനുള്ള അവകാശം തരണമെന്നും ആയിരുന്നു. ഇത് നിഷേധിക്കുവാൻ കൊച്ചിക്ക് കഴിയുമായിരുന്നില്ല. തങ്ങളുടെ മൂക്കിനു താഴെയുള്ള ഒരു പ്രദേശത്ത് തിരുവിതാംകൂറിലെ അധികാരം വന്നെത്തുന്നതിൽ കൊച്ചിക്ക് സ്വാഭാവികമായും ഈർഷ്യയും ഉണ്ടായിരുന്നു. അതായിരുന്നു ശക്തൻ തമ്പുരാന്റെ അന്ത്യാഭിലാഷത്തിൽ പ്രതിഫലിച്ചിരുന്നത്" എന്ന് എം.ജി. ശശിഭൂഷൻ ചൂണ്ടിക്കാട്ടുന്നു (2019:523). ശക്തൻ തമ്പുരാന്റെ അന്ത്യശാസനത്തെക്കുറിച്ച് പുത്തേഴത്ത് രാമൻ മേനോനും സൂചിപ്പിക്കുന്നുണ്ട് (2003:148). കൊച്ചിയും തിരുവിതാംകൂറും തമ്മിൽ കൊല്ലവർഷം 941 കന്നിമാസം 24 -ന് ഉണ്ടായ ഉടമ്പടിയിൽ, കൊച്ചിരാജാവ് തിരുവിതാംകൂർ മഹാരാജാവിന് ഇപ്രകാരം

എഴുതുന്നു. "ഇരിങ്ങാലക്കുട തച്ചുടയക്കൈമളുടെ സ്ഥാനം അങ്ങു പണ്ടെയുള്ളതാക കൊണ്ടു കീഴ്മര്യാദ പോലെനടത്തിച്ചെക്കയുമാം" (തച്ചുടയകൈമൾ, 1989:62).

ശക്തൻ തമ്പുരാന്റെ വാഴ്ചക്കാലത്ത് തിരുവിതാംകൂറും കൊച്ചിയും തമ്മിൽ സന്ധികരാറുകൾ ഉണ്ടായിട്ടില്ല. 941 -ലെ കരാറുകാലത്ത് കൈമൾവാഴ്ച നിലവിലുണ്ടായിരുന്നു (ആ കൈമൾ ആണ് 954 -ൽ മരിച്ചത്). പിന്നെ ഒരു കരാർ ഉണ്ടായത് 981 കുംഭം 20 -ന് ആണ് (981 കന്നി 13 -ന് ശക്തൻ തമ്പുരാൻ തീപ്പെട്ടു). ശക്തൻ തമ്പുരാന്റെ നിര്യാണത്തോടുകൂടി 17 കൊല്ലമായി മുടങ്ങിക്കിടന്നിരുന്ന കൈമൾവാഴ്ചക്കുള്ള ചട്ടങ്ങൾ തുടങ്ങി. തിരുവിതാംകൂറിന് ആ സ്ഥാനം നൽകുന്നതിന്റെ ഭവിഷ്യത്തുകൾ ശക്തൻതമ്പുരാൻ തിരിച്ചറിഞ്ഞിരുന്നു. തുടർന്ന് 1808 - ലാണ് നാലാമത്തെ കൈമൾ അവരോധിക്കപ്പെട്ടത് (തച്ചുടയകൈമൾ, 1989:63).

സംഭവബഹുലമായിരുന്നു പിന്നീടുള്ള ക്ഷേത്രഭരണം. കൊച്ചിരാജ്യത്തെ ക്ഷേത്രസംബന്ധിയായ കാര്യങ്ങൾ നിർവഹിക്കാനുള്ള അവകാശം കൊച്ചിക്കാണെന്നിരിക്കെ, ക്ഷേത്രത്തിലെ കൂത്തമ്പലവും വിളക്കുമാടവും പണിയുന്നതിനായി തിരുവിതാംകൂറിൽനിന്ന് പണം ആവശ്യപ്പെടുന്നു കൈമൾ. സംഭവം വിവാദമായപ്പോൾ കൊച്ചിക്ക് അനുകൂലമായ നിലപാടെടുത്ത് ബ്രിട്ടീഷ് റസിഡണ്ടായിരുന്ന കേണൽ മഗ്ഡൻ പ്രശ്നം പരിഹരിച്ചു. 1823 -ലെ ഉത്സവത്തിന് ദേവസ്വം ആനയെ വിട്ടുനൽകാനുള്ള മുകുന്ദപുരം തഹസിൽദാരുടെ ആവശ്യം കൈമൾ നിരാകരിക്കുന്നു. റസിഡന്റ് ഇടപെട്ടാണ് ഈ പ്രശ്നവും പരിഹരിക്കുന്നത്.

ചരിത്രകാരന്മാർ സൂചിപ്പിക്കുന്ന മറ്റൊരു സംഭവം, കൊച്ചിരാജാവിനെയും തച്ചുടയക്കൈമളുടെയും പിറന്നാൾ ഒരേദിവസം വന്നെത്തുന്നതുമായി ബന്ധപ്പെട്ടാണ്. രണ്ടിനും ക്ഷേത്രത്തിൽ കളഭമുണ്ടായിരുന്നു. ആരുടെ കളഭമാണാദ്യം നടത്തേണ്ടത് എന്ന വിഷയത്തിൽ തർക്കം ഉയരുകയും ഇരിങ്ങാലക്കുടയിൽ കൈമൾക്കാണ് മുൻഗണന എന്ന വാദം ശക്തമാവുകയും ചെയ്തു. അന്നത്തെ റസിഡന്റായിരുന്ന മോറിസൺ സായിപ്പാണ് 1828 സെപ്റ്റംബർ 3 -ന് രാജാവിന്റെ തിരുനാളിനു മുൻഗണന അനുവദിക്കുന്നത്. "ഒരു മഹാരാജാവിന്റെ രാജ്യത്തുള്ള അമ്പലത്തിൽ ആ രാജാവിന്റെ തിരുനാളിനു പ്രാധാന്യം നൽകാതെ അമ്പലകാര്യസ്ഥന്റെ പിറന്നാളിന് പ്രാധാന്യം കൊടുക്കുന്നതിന് നമ്പൂതിരിമാർ തുനിഞ്ഞത് കഷ്ടം തന്നെ എന്ന് വ്യസനി

ച്ചിട്ടുള്ളതായി കാണുന്നു" എന്നാണ് പുത്തേഴത്ത് രാമൻമേനോൻ രേഖപ്പെടുത്തുന്നത് (2003:491). പുത്തേഴത്ത് രാമൻമേനോന് കൊച്ചിരാജ്യത്തോടും ശക്തൻ തമ്പുരാനോടു മുള്ള രാജഭക്തി കൃതിയിൽ പ്രകടമാണ്.

തിരുവിതാംകൂർ നിയമിച്ച തച്ചുടയക്കൈമളും കൊച്ചിരാജ്യവുമായുള്ള സംവാദ ങ്ങൾ പിന്നെയും തുടർന്നിരുന്നു. 1851 -ലാണ് നാലാമത്തെ കൈമൾ മരണപ്പെടുന്നത്. എന്നാൽ, 1882 -ൽ മാത്രമാണ് അടുത്ത അവരോധം നടക്കുന്നത്. സ്വാഭാവികമായും കൈമളിൽനിന്നുണ്ടായ തിക്താനുഭവങ്ങൾ കാരണം പുതിയൊരു അവരോധത്തിൽ നിന്നും കൊച്ചി വിട്ടുനിന്നു.

കൈമളവരോധവുമായി ബന്ധപ്പെട്ട് രാഷ്ട്രീയപരവും ആചാരപരവുമായി നിരവധി സങ്കീർണ്ണതകളുണ്ട്. കൈമളെ അവരോധിക്കാനുള്ള രാഷ്ട്രീയാധികാരം തിരുവിതാംകൂറിനാണെന്ന് പ്രഥമദൃഷ്ട്യാ തോന്നാമെങ്കിലും കൊച്ചിരാജാവിന്റെ തീട്ടൂരം (നീട്ടൂരം) അത്യാവശ്യമാണ്. അവരോധിക്കാൻ ഉദ്ദേശിക്കുന്ന ആളുടെ ജാതകം ആവശ്യപ്പെട്ടുകൊണ്ട് കൊച്ചി, തിരുവിതാംകൂർ രാജാവിന് തീട്ടൂരം അയക്കുന്നതോടു കൂടിയാണ് കൈമളവരോധപ്രക്രിയ തുടങ്ങുന്നത്. എന്നാൽ അവരോധിതനാകാൻ പോകുന്ന ആളുടെ ജാതകം വാങ്ങി കൊടുക്കേണ്ടതും ജാതകാവരോധത്തിനുശേഷം പുതിയ തച്ചുടയനെ കൊട്ടാരത്തിലേക്ക് വിളിച്ച് വരുത്തേണ്ടതും തിരുവിതാംകൂർ രാജാവാണ്. കൊച്ചിരാജാവ് തീട്ടൂരമയയ്ക്കാത്തതു മൂലം പലപ്പോഴും കൈമളവരോധം നടത്താൻ സാധിക്കാതിരുന്നിട്ടുണ്ട്.

ജാതകാവരോധത്തിനുശേഷം ക്ഷേത്രത്തിലെ സ്ഥാനികളോടൊപ്പം തിരുവി താംകൂറിലെത്തുന്ന വ്യക്തികളോട്, "നിന്നെ ഇരിങ്ങാലക്കുട തച്ചുടയനായിട്ട് അവരോ ധിച്ചു. യോഗത്തോടുകൂടി പോയി ക്ഷേത്രം നാം വിചാരിക്കുന്നവണ്ണം മര്യാദ നടത്തുക എന്ന് പറഞ്ഞ് ഒരു പട്ട കൊടുക്കുകയും ചെയ്യും" (പത്മനാഭമേനോൻ.പി, 1989:112). ചുരുക്കത്തിൽ, കൊച്ചി രാജ്യാതിർത്തിക്കകത്തിരിക്കുന്ന ഇരിങ്ങാലക്കുട കൂടൽമാണി ക്യക്ഷേത്രത്തിലെ കാര്യനിർവ്വഹണം നടത്തുന്നത് മറ്റൊരു പരമാധികാരരാജ്യമായ തിരുവിതാംകൂറിന്റെ നിയന്ത്രണത്തിലാണ്. ഈ വൈരുദ്ധ്യമാണ് തച്ചുടയക്കൈമൾ എന്ന സ്ഥാനത്തെ വ്യത്യസ്തമാക്കുന്നത്.

കൈമൾ അവരോധവിഷയത്തിൽ കൊച്ചിയും തിരുവിതാംകൂറും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കാൻ നിയമിക്കപ്പെട്ടത് ബ്രിട്ടീഷ് പ്രതിനിധി ജെ.സി. ഹാനിംഗ്ടൺ ധ്വരയായിരുന്നു. മുപ്പത്തൊന്ന് വർഷത്തിനുശേഷം തിരുവിതാംകൂറിന് അനുകൂലമായ നിലപാടാണ് അദ്ദേഹം സ്വീകരിച്ചത്[21] (നോ. അനുബന്ധം 1.13). അനുകൂലതീരുമാനം ലഭിച്ച ഉടനെ, തിരുവിതാംകൂർ അവരോധത്തിനുള്ള ശ്രമങ്ങളാരംഭിച്ചു. എന്നാൽ 1881 മാർച്ചിലുണ്ടായ മധ്യസ്ഥ കോടതിവിധി കൊച്ചിരാജാവിൽ നീരസമുണ്ടാക്കി. 1882 - ലെ അവരോധ ചടങ്ങുകളിൽനിന്ന് വിട്ടുനിന്നുകൊണ്ടായിരുന്നു അദ്ദേഹം പ്രതിഷേധിച്ചത്. ചൗളക്രിയ നടത്തേണ്ട ഒല്ലൂർ പൊതുവാളും ചടങ്ങുകളിൽ പങ്കെടുത്തില്ല.

ഇവരുടെ അസാന്നിധ്യംകൊണ്ട് മാത്രമല്ല ക്ഷേത്രത്തിലെ അടികലശങ്ങൾ കൊണ്ടും ശ്രദ്ധേയമായിരുന്നു 1882 - ലെ അവരോധം. "ഇരിങ്ങാലക്കുട ക്ഷേത്രത്തിൽ വച്ചു ജാതകാവരോധക്രിയ നടക്കുന്ന സമയം അവിടെ ഒരു വലിയ ലഹള ഉണ്ടായി. കൂട്ടത്തിൽ തിരുവിതാംകൂറിലെ പ്രധാന പുരോഹിതനും തന്ത്രിയുമായ നെടുമ്പിള്ളി തരണനെല്ലൂർ നമ്പൂതിരിപ്പാട്ടിലേക്ക് പരിക്കുംപറ്റി. തിരുവിതാംകൂർ ദിവാൻ പേഷ്ക്കാർ ക്ഷേത്രത്തിൽനിന്ന് ഓടി രക്ഷപ്പെട്ടു. ഈ സംഗതി അറിഞ്ഞ ഉടനെ അതിൽ ഉൾപ്പെട്ടവരുടെ മേൽ ക്രിമിനൽ വിസ്താരം നടത്തി അവരെ ശിക്ഷിച്ചു. മദ്രാസ് ഗവൺമെന്റിലേക്കും അതുവഴി തിരുവിതാംകൂറിലേക്കും ചില സമാധാന എഴുത്തുകുത്തുകളും നടത്തി. തച്ചുടയകൈമളുടെ ജാതകാവരോധം പിന്നെ ശരിയായി നടത്തുകയും ചെയ്തു" എന്ന് പത്മനാഭമേനോൻ രേഖപ്പെടുത്തുന്നു (1989:745). ഇത്തരമൊരു ലഹളക്ക് സാധ്യതയുണ്ടെന്ന് പറവൂർ തഹസിൽദാർ, കോട്ടയം ദിവാൻ പേഷ്ക്കാർക്ക് എഴുതിയിരുന്നതായി *ഇന്നലെ നടന്നവഴികളി*ൽ ആരോമലുണ്ണി ചൂണ്ടിക്കാട്ടുന്നുണ്ട്. "ക്ഷേത്രത്തിൽ പ്രവേശിക്കാൻ അർഹതയില്ലാത്ത താഴ്ന്നജാതിക്കാരെയാണ് അവരോധസമയത്ത് നിയമപാലനത്തിന് കൊച്ചി ഗവൺമെന്റ് നിയമിച്ചിരുന്നത്. തഹസിൽദാർ, മജിസ്ട്രേറ്റ്, പോലീസ് സർക്കിൾ ഇൻസ്പെക്ടർ എന്നിവർ ക്രിസ്ത്യാനികളായിരുന്നു. ഹെഡ് കോൺസ്റ്റബിളും ക്രിസ്ത്യാനി. മുൻസിഫ് ആകട്ടെ ഈഴവനും. പോലീസ് ഇൻസ്പെക്ടർ മാത്രമായിരുന്നു ജാതി ഹിന്ദു. അവരോധ സമയത്തിനുമുമ്പ് അയാളെയും സ്ഥലംമാറ്റി! ഉദ്യോഗസ്ഥന്മാരെ തിരഞ്ഞുപിടിച്ച് നിയമിച്ചത് ഒരു ഗൂഢാലോചനയുടെ ഭാഗമാണെന്നായിരു

[21] D 30, The decision of the arbitrator, J.C Hannyngton, Arbitrator, Bolgaty, Cochin, 19th March1881 എന്ന നമ്പറിൽ ഈ രേഖ കൊച്ചി പുരാരേഖാലയത്തിൽ സൂക്ഷിച്ചിരിക്കുന്നു.

ന്നു പറവൂർ തഹസിൽദാരുടെ റിപ്പോർട്ട്” (1998:167-8). സംഘർഷങ്ങൾക്ക് ഒടുവിൽ അവരോധിച്ച അഞ്ചാമത്തെ കൈമൾ 1912 -ൽ അദ്ദേഹത്തിന്റെ മരണം വരെ ആ സ്ഥാനത്ത് തുടർന്നു.

തച്ചുടയക്കൈമകളുടെ നിയമനം സംബന്ധിച്ച് തിരുവിതാംകൂറുമായി ഉണ്ടായിരുന്ന അഭിപ്രായവ്യത്യാസങ്ങൾ കൂടിയാലോചനകളിലൂടെ പരിഹരിക്കാനായത് ടി. ഗോവിന്ദമേനോൻ കൊച്ചി ദിവാനായിരുന്ന കാലത്താണ് (1879 -1889). ഇത് അദ്ദേഹത്തിന്റെ ഭരണനേട്ടമായി എ. ശ്രീധരമേനോൻ *കൊച്ചിരാജ്യചരിത്ര*ത്തിലും (1999:44) ഡോ. എസ്.കെ വസന്തൻ *നമ്മൾ നടന്നവഴികളി*ലും (2009:242) രേഖപ്പെടുത്തുന്നു. തിരുവിതാംകൂർ - കൊച്ചി രാജ്യങ്ങളുടെ അതിർത്തി നിർണ്ണയിക്കുന്നതിലും ഗോവിന്ദമേനോന്റെ നയതന്ത്രപ്രവർത്തനങ്ങൾക്ക് സാധിച്ചു.

## ഭാസ്കരക്കുറുപ്പിന്റെ കാലം

രാജവാഴ്ച്ച അപ്രസക്തമാവുകയും കൊളോണിയൽ ഭരണത്തിന്റെ നാളുകൾ എണ്ണപ്പെടുകയും ചെയ്ത അവസരത്തിലാണ് അവസാനത്തെ തച്ചുടയക്കൈമളായ ഭാസ്കരക്കുറുപ്പ് കൂടൽമാണിക്യം ക്ഷേത്രാധികാരം ഏറ്റെടുക്കുന്നത്. 1918 - മുതൽ 1971 വരെയാണ് ഭാസ്കരക്കുറുപ്പിന്റെ ഭരണകാലം. രാഷ്ട്രീയമായും സാമൂഹ്യമായും ത്വരിതഗതിയിലുള്ള പരിവർത്തനങ്ങൾക്കാണ് ഈ ഘട്ടം സാക്ഷ്യം വഹിക്കുന്നത്. ഐതിഹ്യങ്ങൾക്കും പാരമ്പര്യ-യാഥാസ്ഥിതികതയ്ക്കുമപ്പുറം ചരിത്രസത്യങ്ങൾ അന്വേഷിക്കാനുള്ള ശ്രമം *ശ്രീ കൂടൽമാണിക്യം ചരിത്രാന്വേഷണം* എന്ന തന്റെ കൃതിയിൽ അദ്ദേഹം നടത്തിയിട്ടുണ്ട്. പുരോഗമനപരമായ ആശയങ്ങളോടൊപ്പം കുലശേഖരപ്പെരുമാളോടുള്ള കൂറും ഈ കൃതിയിൽ പ്രകടമാണ്. 1921 മുതൽ ഭാസ്കരക്കുറുപ്പിന്റെ രക്ഷാധികാരത്തിൽ ഇരിങ്ങാലക്കുടയിൽനിന്നും സദ്ഗുരു എന്ന ഒരു അദ്ധ്യാത്മിക മാസികയും പുറത്തിറങ്ങിയിരുന്നു (നോ. 4.10.3).

ഭാസ്കരക്കുറുപ്പിനെക്കുറിച്ച് പത്തൊമ്പതാം നൂറ്റാണ്ടിന്റെ കേരളത്തിൽ പി. ഭാസ്കരനുണ്ണി അഭിപ്രായപ്പെടുന്നത് ശ്രദ്ധേയമാണ്, “അദ്ദേഹത്തെ ഞാൻ കാണുകയും സംസാരിക്കുകയും ചെയ്തിട്ടുണ്ട്. തച്ചുടയക്കൈമളുടെ ബ്രഹ്മചര്യത്തെ ചൊല്ലിയുണ്ടായ കേസിന്റെ കാര്യത്തെക്കുറിച്ചും ഞങ്ങൾ ആ അവസരത്തിൽ സംസാരിക്കുകയുണ്ടായി.

എകരം കുറഞ്ഞ് ഒത്തവണ്ണത്തിൽ ആർഷചൈതന്യം സ്ഫുരിക്കുന്ന മുഖത്തോടെ നീട്ടി വളർത്തിയ താടിയോടെ നിൽക്കുന്ന ആ മാന്യശ്രീമാന്റെ രൂപം ഇപ്പോഴും എന്റെ മനസ്സിലുണ്ട്. ഞാൻ കണ്ടുസംസാരിക്കുമ്പോൾ വയസ്സ് തൊണ്ണൂറ്റിരണ്ടായി. ആരോഗ്യത്തിന് കുറവില്ല. 1105 -ൽ കൊച്ചി കോവിലകത്ത് സംബന്ധക്കാരനായ ഇരിങ്ങാലക്കുട ഗ്രാമത്തിൽപ്പെട്ട ഒരു നമ്പൂതിരിയെക്കൊണ്ട് റസിഡന്റിനു കൊടുപ്പിച്ച ആക്ഷേപ ഹർജിയിൽ ജീവിച്ചിരിപ്പുള്ള തച്ചുടയകൈമളെക്കുറിച്ചുണ്ടായ ആക്ഷേപങ്ങൾ മൂന്നാണ് - 1. സർക്കീട്ട് പോകുന്നു 2. പുതിയ കെട്ടിടമുണ്ടാക്കി താമസിക്കുന്നു 3. വിവാഹിതനായിരിക്കുന്നു. പ്രമാണം, കീഴ്നടപ്പ്, യുക്തി ഇവയെ അടിസ്ഥാനമാക്കി എന്റെ പ്രവൃത്തി ശരിയാണെന്ന് സ്ഥാപിക്കാൻ ഞാൻ ഒരുക്കമാണെന്നും അദ്ദേഹം അറിയിക്കുകയുണ്ടായി... ഒരു യോഗാതിരിപ്പാടിനുണ്ടായിരിക്കേണമെന്നു നാം സങ്കല്പിക്കുന്ന എല്ലാവിധ തേജസ്സുമുള്ള ആ മഹാപുരുഷനോട് യാത്രപറഞ്ഞു പിരിയുമ്പോൾ, ക്ഷേത്രവും രാജാക്കന്മാരും ഈ ഇരുപതാംനൂറ്റാണ്ടിലെ ഉത്തരാർദ്ധവും പിന്നിട്ട വേളയിൽ എത്രയോ മാറിപ്പോയിരിക്കുന്നു എന്ന ചിന്തയായിരുന്നു മനസ്സുനിറയെ" (2000:838-9).

രണ്ടാമത്തെ കൈമൾ 1509 -ൽ സ്ഥാനഭ്രഷ്ടനാക്കപ്പെടുന്നത്, നിർദ്ദിഷ്ടമായ ബ്രഹ്മചര്യത്തെ അനുഷ്ഠിക്കാൻ സാധിക്കാതിരുന്നതിനാലാണ്. ജൈനസന്യാസിയുടേതാണ് തച്ചുടയകൈമൾ സ്ഥാനമെന്നചിന്തയുമുണ്ട്. ഈ അഭിപ്രായങ്ങളെ ഭാസ്കരക്കുറുപ്പ് ചോദ്യംചെയ്യുന്നു. സപ്തർഷികൾ പലരും ഗൃഹസ്ഥാശ്രമികൾകളാണെന്നും ആംഗ്ലിക്കൻ സഭയിലെ പുരോഹിതന്മാർ വിവാഹിതരാണെന്നും തച്ചുടയകൈമൾ ബ്രഹ്മചാരിയായിരിക്കണമെന്ന് ക്ഷേത്രനിയമങ്ങൾ അനുശാസിക്കുന്നില്ലെന്നും പറഞ്ഞുകൊണ്ട് തനിക്കെതിരായി റസിഡന്റിനരികിലെത്തിയ ആക്ഷേപങ്ങൾ അദ്ദേഹം വാദിച്ച് ജയിച്ചു (ശശിഭൂഷൻ, 2019:524).

പ്രസിദ്ധമായ കുട്ടംകുളം സമരത്തിൽ തച്ചുടയകൈമളായ ഭാസ്കരക്കുറുപ്പിന്റെ നിലപാട് സമരാനുകൂലമായിരുന്നു. അദ്ദേഹം ഇക്കാര്യം പരസ്യമായി പ്രസ്താവിച്ചത് യാഥാസ്ഥിതിക സവർണ്ണമേധാവിത്വത്തിന്റെ ശത്രുതയ്ക്ക് കാരണമായി. തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശനവിളംബരം കഴിഞ്ഞ് പന്ത്രണ്ട് വർഷത്തിനുശേഷമാണ് ക്ഷേത്രപരിസരത്തുകൂടെയുള്ള സഞ്ചാരസ്വാതന്ത്ര്യത്തിനായി കുട്ടംകുളം സമരം നടക്കുന്നതെന്നോർക്കണം. സ്വാഭാവികമായും തിരുവിതാംകൂർ നിയമിച്ച ഇരിങ്ങാലക്കുട തച്ചുടയകൈമളും അത്തരമൊരു പുരോഗമന ആശയം പ്രകടിപ്പിച്ചു എന്ന് കരുതാം. എന്താ

യാലും ശരി തച്ചുടയക്കൈമളുടെ അഭിപ്രായം കുട്ടംകുളം സമരത്തിന് വിറേകിയ ഒന്നായിരുന്നു എന്ന് *ഇന്നലെ നടന്നവഴികൾ* എന്ന കൃതിയിൽ ആരോമലുണ്ണി രേഖപ്പെടുത്തുന്നു (1998:168). "എന്തായാലും കുറേക്കാലത്തേക്ക് ഇരിങ്ങാലക്കുട ക്ഷേത്രപരിസരം വിവേകാനന്ദസ്വാമികളുടെ ഭ്രാന്താലയമാക്കേണ്ടിയിരുന്നില്ല" എന്നാണ് *ശ്രീ കൂടൽമാണിക്യം ചരിത്രാന്വേഷണം* എന്ന കൃതിയിൽ ഭാസ്കരക്കുറുപ്പ് അഭിപ്രായപ്പെടുന്നത്. സ്വാമി വിവേകാനന്ദൻ കേരളത്തെ ഭ്രാന്താലയമെന്ന് വിളിക്കുന്നത് ജാതിവിവേചനത്തിന്റെ പേരിലാണല്ലോ. അദ്ദേഹം തുടർന്നെഴുതുന്നു, "ഞാൻ കോൺഗ്രസ് അനുഭാവിയാണെന്ന് നിശ്ചയിച്ച് ദിവാൻ സി.പി.ക്കും അന്നത്തെ റസിഡന്റിനും എന്നോട് അപ്രീതിയുണ്ടായിരുന്നു. ക്ഷേത്രപ്രവേശനകാര്യത്തിൽ ഇവിടുത്തെ ക്ഷേത്രത്തിന് പങ്കുവഹിക്കുവാൻ സൗകര്യമുണ്ടായിരുന്നില്ല. എന്നാൽ തിരുവിതാംകൂർ ക്ഷേത്രപ്രവേശനത്തോട് സഹകരിച്ചവരോട് എതിരുമില്ലായിരുന്നു. ആചാരങ്ങൾ മാറി വരുന്ന കാലം ആകയാൽ ഇതെല്ലാം നിരോധിക്കുന്നത് ബുദ്ധിപൂർവ്വമല്ല" (തച്ചുടയക്കൈമൾ, 1989:39). തിരുവിതാംകൂറിലെ രാഷ്ട്രീയനിലപാടുകൾക്ക് ഒപ്പം നിൽക്കുകയായിരുന്നു കൈമളെന്ന് വിലയിരുത്തുമ്പോഴും കാലോചിതവും യുക്തിപരവുമാണ് ഇത്തരം അഭിപ്രായങ്ങൾ.

ക്ഷേത്രജീവനക്കാരും ഭാസ്കരക്കുറുപ്പുമായുണ്ടായ സ്പർദ്ധ വലിയ പ്രക്ഷോഭങ്ങൾക്ക് കാരണമായി. 1970 -ലാണ് തച്ചുടയക്കൈമൾക്കെതിരായ അവസാന സമരം നടന്നത്. മേൽശാന്തിയടക്കം മുപ്പതോളം പേരെ അകാരണമായി പിരിച്ചുവിട്ടു എന്നാരോപിച്ച് ജീവനക്കാർ സംഘടിതരായി സമരം ചെയ്തു. ഈ സംഭവത്തെക്കുറിച്ച് ആരോമലുണ്ണി രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്, "അഡ്വക്കറ്റ് കെ.ആർ. തമ്പാൻ പ്രസിഡന്റും എൻ.പി. ആരോമലുണ്ണി സെക്രട്ടറിയുമായി പിരിച്ചുവിട്ടവരുടെ ഒരു യൂണിയൻ രൂപീകരിച്ച് ദേവസ്വം ഓഫീസിനു മുൻപിൽ സത്യാഗ്രഹസമരം തുടങ്ങി. യൂണിയൻ രൂപീകരണത്തോടൊപ്പം യൂണിയൻ നേതൃത്വം മുൻകൈ എടുത്ത് കൂടൽമാണിക്യം ക്ഷേത്രസംരക്ഷണ സമിതിയും രൂപീകരിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിലെ പ്രഥമ പ്രിൻസിപ്പലായ ഡോ. കെ.എൻ. പിഷാരടി (അദ്ദേഹം ഇരിങ്ങാലക്കുട സ്വദേശിയാണ്), പ്രമുഖ സോഷ്യലിസ്റ്റ് നേതാവ് പുതൂർ അച്യുതമേനോൻ, കോഴിക്കോട് സാമൂതിരി കോവിലകത്തെ അംഗവും ഇരിങ്ങാലക്കുടയിലെ പൗരമുഖ്യനുമായിരുന്ന ഉണ്ണി നായർ (യു.കെ. നായർ), ഡെപ്യൂട്ടി കളക്ടർ (റിട്ടയേർഡ്) കെ.പി. കൃഷ്ണൻകുട്ടി മേനോൻ എന്നിവർ കൂടൽമാണിക്യം ക്ഷേത്രസംരക്ഷണ സമിതിയിലെ അംഗങ്ങളായിരുന്നു.

പിരിച്ചുവിട്ടവരെ തിരിച്ചെടുക്കണമെന്നും തച്ചുടയക്കൈമളുടെ ധൂർത്ത് അവസാനിപ്പിക്കണമെന്നും കൂടൽമാണിക്യക്ഷേത്രത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും തച്ചുടയക്കൈമൾസ്ഥാനം നിർത്തലാക്കണമെന്നും ഉള്ള ആവശ്യങ്ങൾ പ്രക്ഷോഭത്തിന്റെ ഫലമായി ഉയർന്നുവന്നു. കൂടൽമാണിക്യക്ഷേത്രം ഗവൺമെന്റ് ഏറ്റെടുക്കണം എന്നതായിരുന്നു മറ്റൊരു മുഖ്യ ആവശ്യം" (1998:169). യൂണിയന്റെ നേതൃത്വത്തിലുള്ള സത്യാഗ്രഹ സമരം രൂക്ഷമാവുകയും പ്രശ്നപരിഹാരത്തിനായി രാഷ്ട്രീയതല ഇടപെടലുകൾ നടക്കുകയും ചെയ്തു.

ഇതിനിടയിൽ യൂണിയൻ ഹൈക്കോടതിയെ സമീപിച്ച് അനുകൂലമായ വിധി നേടിയെടുത്തു. എന്നാൽ, നൂറ്റാണ്ടുകൾക്ക് മുമ്പുള്ള രാജവിളംബരത്തിന്റെ പിൻബലത്തിൽ ഭാസ്കരക്കുറുപ്പ് ഹൈക്കോടതി വിധിയെ നിരാകരിക്കുകയാണുണ്ടായത്. സി. അച്യുതമേനോൻ ആയിരുന്നു അന്നത്തെ മുഖ്യമന്ത്രി. പ്രശ്നപരിഹാരത്തിനായി അദ്ദേഹവും ശ്രമം നടത്തിയെങ്കിലും, ഒരു ഓഡിനൻസിലൂടെയല്ലാതെ കൂടൽമാണിക്യം ഭരണം ഏറ്റെടുക്കാനാവില്ലെന്ന നിയമോപദേശമാണ് അദ്ദേഹത്തിന് ലഭിച്ചത്. ഇതിനിടയിൽ, അഖിലേന്ത്യ യുവജന ഫെഡറേഷന്റെ ഇരുന്നൂറോളം പ്രവർത്തകർ കൈമൾ താമസിച്ചിരുന്ന ദേവസ്വം ഓഫീസ് കയ്യേറ്റം ചെയ്തു. പിൻവാതിലിലൂടെ തൊട്ടടുത്തുള്ള ഭാര്യാഗൃഹത്തിൽ അഭയം തേടുകയായിരുന്നു അദ്ദേഹം. പിന്നീട് ഉത്സവാഘോഷങ്ങൾക്ക് ചടങ്ങുകൾ നിർവഹിക്കാൻ മാത്രമേ കൈമൾ ക്ഷേത്രത്തിലെത്താറുള്ളൂ. തുടർഭരണം ലഭിച്ച അച്യുതമേനോൻ ഗവൺമെന്റ് കൂടൽമാണിക്യം ദേവസ്വം ഏറ്റെടുക്കുന്നതിനായുള്ള ഓർഡിനൻസ് മന്ത്രിസഭയിൽ കൊണ്ടുവരികയും നിയമമാക്കുകയും ചെയ്തു. പഴയ രാജകീയവിളംബരത്തിന്റെ അവകാശ അധികാരങ്ങളും തച്ചുടയക്കൈമൾ എന്ന സ്ഥാനവും ഇതിലൂടെ ഇല്ലാതായി. ആത്മീയ ആചാര്യൻ എന്ന നിലയിൽ ഭാസ്കരക്കുറുപ്പ് തുടരുകയും അദ്ദേഹത്തിന്റെ മരണത്തോടെ തച്ചുടയക്കൈമൾ വാഴ്ചയ്ക്ക് തിരശ്ശീല വീഴുകയും ചെയ്തു.

1971 മുതൽ തൃശ്ശൂർ ജില്ലാകളക്ടർക്ക് അധികാരം കൈമാറി. കളക്ടർക്കുവേണ്ടി ഒരു അഡ്മിനിസ്ട്രേറ്റർ ആണ് ക്ഷേത്രത്തിന്റെ ഭരണകാര്യങ്ങൾ നിർവ്വഹിച്ചിരുന്നത്. കൂടൽമാണിക്യം ദേവസ്വം ജീവനക്കാരനായിരുന്ന പി. ശ്രീധരൻ നമ്പൂതിരിപ്പാട് ആ കാലം ഓർക്കുന്നത് ഇപ്രകാരമാണ്, "ശ്രീ കൂടൽമാണിക്യം ദേവസ്വം ആക്ട് 7/71 നിലവിൽ വന്നു. ദേവസ്വം ഭരണം ഒരു മാനേജിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായി.

H.R. & C.E. അസിസ്റ്റന്റ് കമ്മീഷണറെ അഡ്മിനിസ്ട്രേറ്ററായും ഔദ്യോഗിക അംഗങ്ങൾക്ക് പുറമേ സർവ്വശ്രീ അച്യുതമേനോൻ, കെ.ആർ. തമ്പാൻ, കേശവൻ വൈദ്യർ തുടങ്ങിയ പ്രമുഖർ കമ്മിറ്റി അംഗങ്ങളായി ഉള്ള ആദ്യത്തെ മാനേജിംഗ് കമ്മിറ്റി നിലവിൽ വന്നു. അച്യുതമേനോൻ, കെ.ആർ. തമ്പാനുമായി ആലോചിച്ചും യോജിച്ചും ജീവനക്കാരെയെല്ലാം തിരിച്ചെടുക്കാനും K.S.R. നടപ്പാക്കാനും എല്ലാ സർക്കാർ ആനുകൂല്യങ്ങളും കൊടുക്കാനും തീരുമാനമെടുത്തു. ശ്രീ അച്യുതമേനോന്റെ നേതൃത്വത്തിൽ സർവ്വശ്രീ കെ.കെ. തമ്പാൻ, പനമ്പിള്ളി രാഘവമേനോൻ, പരമേശ്വരൻ മേനോൻ, കുരിയക്കാട്ടിൽ കൃഷ്ണൻകുട്ടി മേനോൻ, ടി.സി. മാധവമേനോൻ എന്നിവരടങ്ങുന്ന ശക്തമായ ഒരു ക്ഷേമസമിതിയുണ്ടാക്കി ക്ഷേത്രകാര്യങ്ങൾ നാട്ടുകാരുടെ സഹകരണത്തോടെ മുന്നോട്ടു കൊണ്ടുപോകുവാൻ തീരുമാനിച്ചു" (പുളൂർ അച്യുതമേനോൻ ജന്മശതാബ്ദി സ്മരണിക, 2010:79). ഇപ്പോൾ ക്ഷേത്രത്തിന്റെ ഭരണനിർവ്വഹണം നടത്തുന്നത് സർക്കാർ നിർദ്ദേശിക്കുന്ന ഒരു സമിതിയാണ്. 2018 മുതൽ 2024 വരെ പ്രതീപ് മേനോൻ പ്രസിഡന്റായ കമ്മിറ്റിയാണ് ഭരണം നിർവ്വഹിച്ച് വന്നത്. 2024 മാർച്ചിൽ സി.കെ. ഗോപിയുടെ നേതൃത്വത്തിലുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അധികാരമേറ്റു.

### 2.7.6 മറ്റുക്ഷേത്രങ്ങൾ

പെരുമകൊണ്ട് പ്രസിദ്ധമാണ് കൂടൽമാണിക്യക്ഷേത്രമെങ്കിലും ഇരിങ്ങാലക്കുടയെന്ന പ്രദേശത്തിന്റെ ആധ്യാത്മിക ആവശ്യങ്ങൾക്കായി ഒട്ടനവധി ക്ഷേത്രങ്ങളും മൂർത്തികളും വേറെയുമുണ്ട്.

#### ചെറുതൃക്കോവിൽ സുബ്രഹ്മണ്യക്ഷേത്രം

കൂടൽമാണിക്യക്ഷേത്രത്തിനടുത്ത് ഇരിങ്ങാലക്കുട നടയിലാണ് സുബ്രഹ്മണ്യസ്വാമി ക്ഷേത്രം സ്ഥിതിചെയ്യുന്നത്. കൈമുക്ക് മനവകയായിരുന്നു ഈ ക്ഷേത്രം. പിന്നീട് ക്ഷേത്രം നടത്തിപ്പ് ദുഷ്കരമായിത്തീർന്നു. ക്ഷയോൻമുഖമായ ക്ഷേത്രം 1940 -കളിൽ തമിഴ് ബ്രാഹ്മണരുടെ സഹായത്താലാണ് നടത്തിവന്നിരുന്നത്. മുരുകേശ്വരനോട് തമിഴർക്കുള്ള വിശ്വാസമാവാം സുബ്രഹ്മണ്യസ്വാമി ക്ഷേത്രനടത്തിപ്പ് ഏറ്റെടുക്കാൻ അവരെ പ്രേരിപ്പിച്ചത്. ഇരിങ്ങാലക്കുട നടയിൽ, ഇന്നത്തെ ബസ് സ്റ്റാന്റിനും കുട്ടംകുളത്തിനും ഇടയിലുള്ള പ്രദേശം ഇക്കാലയളവിൽ തമിഴ് ബ്രാഹ്മണരുടെ അഗ്രഹാരമാ

യായിരുന്നു. കോലമിട്ട മുറ്റം ഇന്നും പഴമക്കാരുടെ ഓർമ്മയിലുണ്ട്. പിന്നീട് ചെറുതു ക്കോവിൽ ക്ഷേത്രം അണിമംഗലംമന ഏറ്റെടുക്കുകയും ക്ഷേത്രപുനരുദ്ധാരണം സാധ്യമാക്കുകയും ചെയ്തു. നിലവിൽ അണിമംഗലം തറവാട്ടുകാരാണ് ഇവിടെ ക്ഷേത്രഭരണ സമിതി അംഗങ്ങൾ.

മിഥുനമാസത്തിലെ അനിഴംനാളിലെ പ്രതിഷ്ഠാദിനവും മകരമാസത്തിലെ പൂയം നാളിലെ ഉത്സവവുമാണ് ക്ഷേത്രത്തിലെ ആഘോഷങ്ങളിൽ പ്രധാനം. കാവടിയാട്ടത്തോടെ കെങ്കേമമായി ആഘോഷിച്ചിരുന്ന തൈപ്പൂയോത്സവം ഇന്ന് ക്ഷേത്രംവക ആഘോഷം മാത്രമായാണ് നടന്നുവരുന്നത്. ബാലസുബ്രഹ്മണ്യസ്വാമിയും ഗണപതിയും മൂർത്തികളായ ഇവിടെ പാലഭിഷേകവും പാൽപ്പായസവും പ്രധാന വഴിപാടുകളാണ്. എല്ലാ മലയാളമാസവും ഷഷ്ഠിദിവസം പ്രത്യേക പൂജകളുണ്ട്.

## പുറ്റങ്ങൽ ഗുരുനാഥസ്വാമിക്ഷേത്രം

ഇരിങ്ങാലക്കുട നടയിൽനിന്ന് വടക്ക് മാറി എ.കെ.പി. ജംഗ്ഷനു സമീപമാണ് പുറ്റങ്ങൽ ക്ഷേത്രം. ക്ഷേത്രോൽപത്തിയെ സംബന്ധിച്ചുള്ള ഐതിഹ്യം ശ്രദ്ധേയമാണ്. ചെന്ത്രാപ്പിന്നി ദേശത്തുള്ള ഒരു ഗുരുവും ശിഷ്യനും മഹാരാജാവിന്റെ മാർഗ്ഗമധ്യേ സഞ്ചരിച്ചു എന്ന കാരണത്താൽ രാജാവിന്റെ അപ്രീതിക്കു പാത്രമായിരുന്നു. അയിത്തം ദീക്ഷിക്കേണ്ട ശിഷ്യൻ അടുത്തുവന്നതുമൂലം, രാജാവ് അദ്ദേഹത്തിന് വധശിക്ഷ വിധിച്ചു. എങ്കിൽ വധശിക്ഷ ഇരുവർക്കും നൽകണമെന്നായി ഗുരുവിന്റെ ആവശ്യം. ഇതുകേട്ട് കോപിഷ്ഠനായ രാജാവ് ഇരുവരെയും വാളിനിരയാക്കാൻ കല്പിക്കുന്നു. ഗുരുനാഥനാകട്ടെ മരിക്കുന്നതിനു മുൻപ് ഇരുവർക്കും ചേർന്ന് ഒരു പൂജ ചെയ്യണമെന്ന ആഗ്രഹം പ്രകടിപ്പിച്ചു. ഇതനുസരിച്ച് പൂജ ചെയ്തുകൊണ്ടിരിക്കുമ്പോൾ ഗുരുവും ശിഷ്യനും അപ്രത്യക്ഷരാവുകയും അവിടെ രണ്ട് പുറ്റുകൾ പൊന്തിവരികയും ചെയ്തു. രാജസേവകർ മൺപുറ്റിന് ഉള്ളിലേക്ക് വാൾ കുത്തിയിറക്കിയ അപ്പോൾ അവിടെനിന്നും രക്തം പ്രവഹിച്ചു. ഗുരുശിഷ്യന്മാർ മൺപുറ്റുകളായി തീർന്ന ഇടമാണത്രേ ഇന്നത്തെ പുറ്റങ്ങൽ ക്ഷേത്രം. തീണ്ടാപ്പാടകലെ നിർത്തിയിരുന്ന തങ്ങളിലും ഈശ്വരചൈതന്യം കുടികൊള്ളുന്നുണ്ടെന്ന കീഴാളന്റെ അവകാശപ്രഖ്യാപനം ഈ ഐതിഹ്യത്തിൽ തെളിഞ്ഞു കാണാം.

ഗുരുനാഥനെയും ശിഷ്യനെയും കൂടാതെ നനദുർഗ്ഗ, നാഗരാജാവ് എന്നീ മൂർത്തികളെയും ഇവിടെ പ്രതിഷ്ഠിച്ചാരാധിക്കുന്നു. കരിക്ക്, അവൽ, മലർ, ശർക്കര എന്നിവകൊണ്ടുള്ള വീതുവെപ്പാണ് ഇവിടത്തെ പ്രധാന പൂജ. കുംഭമാസത്തിലെ അവസാന വെള്ളിയാഴ്ചയാണ് ഇവിടെ പൂരം. ആനയെഴുന്നള്ളിപ്പ് കൂടാതെ തെയ്യം, തിറ, കാളകളി, തുള്ളൽ തുടങ്ങിയവയും അരങ്ങേറുന്നു. രണ്ടു നേരം നിത്യപൂജ ഉള്ള ഈ ക്ഷേത്രത്തിന്റെ ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നത് പ്രത്യേക ട്രസ്റ്റിന് കീഴിലാണ്. ചുറ്റിലുമുള്ള സവർണ്ണർക്കും സവർണ്ണക്ഷേത്രങ്ങൾക്കുമിടയിൽ കീഴാളജനതയുടെ പ്രാർത്ഥനകൾ ഇത്തരം മൂർത്തികളിലൂടെ സാക്ഷാത്കരിക്കപ്പെടുന്നു.

## കാരുകുളങ്ങര ക്ഷേത്രം

പെരുമ്പടപ്പ് സ്വരൂപത്തിലെ മൂലതാവഴിയായിരുന്ന ചാഴൂർ കോവിലകത്തിന്റെ പരദേവതയെ പ്രതിഷ്ഠിച്ചിരിക്കുന്ന ഇടമാണ് നരസിംഹസ്വാമിക്ഷേത്രം. ഇരിങ്ങാലക്കുട പട്ടണത്തിൽനിന്നും വടക്കുമാറി താണിശ്ശേരി ചുങ്കം വഴിയിൽ കാരുകുളങ്ങര എന്ന പ്രദേശത്താണ് ക്ഷേത്രംസ്ഥിതി ചെയ്യുന്നത്. കൂടൽമാണിക്യക്ഷേത്രത്തോളം പഴക്കം അവകാശപ്പെടുന്നുണ്ടെങ്കിലും കാലാന്തരത്തിൽ ക്ഷേത്രകാര്യങ്ങൾ നോക്കിനടത്താൻ കഴിയാത്ത സാഹചര്യം കോവിലകത്തിന് വന്നുചേർന്നു. ആ ഘട്ടത്തിൽ ദൊഡ്ഡമന നാരായണൻ എമ്പ്രാന്തിരിയാണ് ക്ഷേത്രപൂജകൾ നടത്തിയിരുന്നത്. കാലാകാലങ്ങളായി കൂടൽമാണിക്യക്ഷേത്രത്തിനു ലഭിച്ചിരുന്ന അമിതപ്രാധാന്യം ഒരുപക്ഷേ ഇത്തരം ക്ഷേത്രങ്ങളുടെ പ്രാധാന്യവും വരവും കുറഞ്ഞിരിക്കാം. ഒടുവിൽ നിത്യപൂജ തന്നെ മുടങ്ങുമെന്ന സ്ഥിതി വന്നപ്പോഴാണ് കോവിലകം അവകാശികൾ ക്ഷേത്രം എൻ.എസ്.എസ്. ട്രസ്റ്റിന് കൈമാറുന്നത്. ലക്ഷ്മി, നരസിംഹം, അയ്യപ്പൻ എന്നീ പ്രതിഷ്ഠകളുള്ള ക്ഷേത്രത്തിന്റെ പുനരുദ്ധാരണം ട്രസ്റ്റിനു കീഴിൽ സാധ്യമാവുകയും ആറാട്ട് കേമമായി ആഘോഷിക്കുകയും ചെയ്യുന്നു.

മീനമാസത്തിലെ അനിഴംനാൾ മുതൽ അഞ്ചു ദിവസം നീണ്ടുനിൽക്കുന്ന ഉത്സവം തിരുവോണനാളിലെ ആറാട്ടോടെയാണ് അവസാനിക്കുന്നത്. പ്രസാദ ഊട്ട്, ഉത്സവബലി, കലവറനിറയ്ക്കൽ തുടങ്ങിയവ കൂടാതെ വ്യത്യസ്ത കലാപരിപാടികളും ഉത്സവത്തിന്റെ ഭാഗമായി നടത്തിവരുന്നു. അഷ്ടമിരോഹിണിയും പൂജവെപ്പും, നരസിംഹജയന്തിയും ഇവിടത്തെ വിശേഷദിവസങ്ങളാണ്.

## കണ്ഠേശ്വരത്തെ വിഷ്ണു -ശിവക്ഷേത്രങ്ങൾ

കൂടൽമാണിക്യക്ഷേത്രത്തിന്റെ പടിഞ്ഞാറുഭാഗത്തായി കണ്ഠേശ്വരം എന്ന സ്ഥലത്ത്, ഒരേ ഭരണസമിതിയുടെ മേൽനോട്ടത്തിൽ, അടുത്തടുത്തായി സ്ഥിതിചെയ്യുന്ന രണ്ട് ക്ഷേത്രങ്ങളാണ് ബ്രഹ്മകുളങ്ങര ശ്രീ മഹാവിഷ്ണുക്ഷേത്രവും ശ്രീകണ്ഠേശ്വരം ശിവക്ഷേത്രവും. പോണല്ലൂർ മനക്കാരുടെ വകയായിരുന്ന രണ്ട് ക്ഷേത്രങ്ങളും തൃപ്പയ്യ ദേവസ്വത്തിന് തൃപ്പടിദാനം നൽകുകയായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യഘട്ടത്തിൽ ക്ഷയോൻമുഖമായി കിടന്നിരുന്ന ക്ഷേത്രങ്ങൾ പ്രദേശവാസികളുടെ നേതൃത്വത്തിൽ പുനർനിർമ്മിക്കപ്പെട്ടു. മൂന്ന് ഏക്കർ സ്ഥലത്ത് സ്ഥിതിചെയ്യുന്ന വിഷ്ണുക്ഷേത്രത്തിന്റെ ഒന്നര ഏക്കറോളം വരുന്ന സ്ഥലം ക്ഷേത്രക്കുളമാണ്. കൃഷ്ണസങ്കൽപ്പത്തോടെയുള്ള മഹാവിഷ്ണു മുഖ്യപ്രതിഷ്ഠയായ ക്ഷേത്രത്തിൽ ഉപമൂർത്തിയായി ബ്രഹ്മരക്ഷസ്സാണുള്ളത്. ശ്രീകൃഷ്ണജയന്തി ഇവിടെ കേമമായി ആഘോഷിക്കുന്നു. പാർവ്വതി സങ്കൽപ്പത്തോടെയുള്ള ശിവനോടൊപ്പം ഗണപതിയും അയ്യപ്പനും ഉപമൂർത്തികളായ ശിവക്ഷേത്രത്തിന് പുനർനിർമ്മാണവേളയിലും കാര്യമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല. മഹാശിവരാത്രിയാണ് ഇവിടെ പ്രധാനമായും ആഘോഷിക്കുന്നത്. പ്രദേശവാസികളടങ്ങുന്ന പതിനഞ്ചംഗസമിതിയാണ് ഇരു ക്ഷേത്രങ്ങളുടെയും ഭരണം നിർവ്വഹിക്കുന്നത്.

## കക്കാട്ട് ശിവക്ഷേത്രം

ദ്രാവിഡസംസ്കാരത്തിന്റെ സൂചനകളുള്ള ക്ഷേത്രം എന്ന നിലയിലാണ് കക്കാട് ശിവക്ഷേത്രം വ്യത്യസ്തമാകുന്നത്. ദേവീപ്രതിഷ്ഠയായിരുന്ന ക്ഷേത്രം കാലപ്പഴക്കത്തിൽ നശിച്ചുപോവുകയും പിൽക്കാലത്ത് ശിവക്ഷേത്രമായി രൂപാന്തരപ്പെടുകയുമായിരുന്നു എന്നാണ് പറയപ്പെടുന്നത്. വൃത്താകൃതിയിലുള്ള ശ്രീകോവിലായിരുന്നു ക്ഷേത്രത്തിലേത് എന്നത് ശ്രദ്ധേയമാണ്. പിന്നീടത് എട്ടുവട്ടം ശ്രീകോവിലാക്കി മാറ്റി. ഇരിങ്ങാലക്കുടയുടെ ജൈന -ബൗദ്ധപാരമ്പര്യങ്ങളോട് ചേർത്തുവായിക്കാവുന്ന പ്രത്യേകതകൾ ക്ഷേത്രത്തിലുണ്ട്. 1981 -ലാണ് പ്രദേശവാസികൾ ക്ഷേത്രം ഏറ്റെടുക്കുന്നത്. അഷ്ടമംഗല്യപ്രശ്നവിധിപ്രകാരം ദേവിയുടെ പുനഃപ്രതിഷ്ഠ നടത്തി. കുംഭമാസത്തിലെ ശിവരാത്രിയും ദേവിയുടെ പ്രതിഷ്ഠാദിനവും ദേശവിളക്കും ഇവിടെ വിശേഷദിവസങ്ങളായി ആഘോഷിച്ചുവരുന്നു.

കാട്ടുങ്ങച്ചിറ എസ്.എൻ. നഗറിൽ കക്കാട്ട് ശിവക്ഷേത്രത്തിനടുത്തായി സ്ഥിതി ചെയ്യുന്ന കേശവൻകുളങ്ങര മഹാവിഷ്ണുക്ഷേത്രവും ജീർണ്ണോൻമുഖമായ അവസ്ഥയിൽ നാട്ടുകാർ ഏറ്റെടുത്ത് പുന:പ്രതിഷ്ഠ നടത്തി സംരക്ഷിക്കുകയായിരുന്നു. മഹാവിഷ്ണുവിനെ കൂടാതെ ഗണപതി, അയ്യപ്പൻ, ദുർഗ്ഗ, നാഗരാജാവ് എന്നീ ആരാധനാമൂർത്തികളുണ്ടിവിടെ.

## കളത്തുംപടി ദുർഗ്ഗാദേവിക്ഷേത്രം

രാപ്പാൾ മഠത്തിൽവീട്ടുകാരുടേതായിരുന്ന ശ്രീ ദുർഗ്ഗാദേവിക്ഷേത്രം, കൂടൽമാണിക്യക്ഷേത്രത്തിന് തെക്കുഭാഗത്തായിട്ടാണ് സ്ഥിതി ചെയ്യുന്നത്. ഇവിടെ ക്ഷേത്രപ്രതിഷ്ഠയെ സംബന്ധിച്ച് ഒരു ഐതിഹ്യം നിലനിൽക്കുന്നുണ്ട്. കൂടൽമാണിക്യക്ഷേത്രസ്ഥാപനത്തിന് മുൻപേ മലേക്കുടി നമ്പിടി ആശാൻ എന്ന വ്യക്തി ഭഗവാന്റെ അരുളപ്പാടനുസരിച്ച് പ്രതിഷ്ഠിച്ച് ആരാധിച്ചതാണ് ദുർഗാദേവിയെ എന്ന് വിശ്വസിച്ചുവരുന്നു. ഭദ്രകാളി, ശിവൻ, പാർവ്വതി, ഗണപതി, ശാസ്താവ്, ബ്രഹ്മരക്ഷസ് എന്നീ ദൈവങ്ങളെയും ക്ഷേത്രത്തിൽ ആരാധിക്കുന്നു. നാഗപൂജയും ഇവിടെ പ്രധാനമാണ്. എൻ.എസ്.എസ്. കരയോഗത്തിന്റെ മേൽനോട്ടത്തിലാണ് ഇന്ന് ക്ഷേത്രത്തിലെ പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

## നനദുർഗ്ഗാ നവഗ്രഹക്ഷേത്രം

നവഗ്രഹങ്ങളെ ആരാധിക്കുന്ന ഇരിങ്ങാലക്കുടയിലെ ഏകക്ഷേത്രമാണ് ചെട്ടിപ്പറമ്പിൽ സ്ഥിതിചെയ്യുന്ന വെട്ടിക്കര നനദുർഗ്ഗാ നവഗ്രഹക്ഷേത്രം. നവഗ്രഹങ്ങളെ കൂടാതെ ദുർഗ്ഗാദേവി, ഭദ്രകാളി, സരസ്വതി, ഗണപതി, അയ്യപ്പൻ, നാഗങ്ങൾ എന്നീ ദേവകളെയും ഇവിടെ ആരാധിച്ചുവരുന്നു. പ്രദേശവാസികൾ തിരഞ്ഞെടുത്ത ഒരു കമ്മിറ്റിയാണ് ക്ഷേത്രഭരണം നടത്തുന്നത്. ത്രിസന്ധ്യയ്ക്ക് നടത്തുന്ന പൂമൂടലാണ് ക്ഷേത്രത്തിലെ പ്രധാന വഴിപാട്. വിനായക ചതുർത്ഥി, നവരാത്രി, മണ്ഡലപൂജ, രാമായണമാസാചരണം, മകരച്ചൊവ്വ, ഇരുപത്തെട്ടുച്ചാൽ തുടങ്ങിയ വിശേഷദിവസങ്ങൾ എല്ലാം ഇവിടെ ആഘോഷിക്കപ്പെടുന്നു.

## അയ്യങ്കാവ് ഭഗവതിക്ഷേത്രം

കൂടൽമാണിക്യക്ഷേത്രത്തിന്റെ കീഴേടമാണ് അയ്യങ്കാവ് ഭഗവതിക്ഷേത്രം. ക്ഷേത്ര നിർമ്മാണത്തിന് മുമ്പ് ഇവിടെ ഒരു കാവ് ഉണ്ടായിരുന്നെന്നും പറയ - പുലയവിഭാഗ ത്തിൽപ്പെട്ട ആളുകൾ ഇവിടെ വന്ന് ആരാധനനടത്തിയിരുന്നു എന്നും കരുതപ്പെടുന്നു. മീനമാസത്തിലെ താലപ്പൊലിയാണ് ഇവിടുത്തെ ഏറ്റവും വിശേഷപ്പെട്ട ആഘോഷം. താലപ്പൊലി ദിവസം ഇരിങ്ങാലക്കുടയിലെ ഊളക്കാട് പ്രദേശത്തുനിന്നുള്ള പറയ - പുലയവിഭാഗത്തിൽപ്പെട്ട ആളുകൾ സംഘംചേർന്ന് ഇവിടെ ചില ആചാരങ്ങൾ അനു ഷ്ഠിക്കുന്നു. അന്ന് അർദ്ധരാത്രിയിൽ അവർ നീളമുള്ള കാലോട് കൂടിയ, കുരുത്തോ ലകൊണ്ട് അലങ്കരിച്ച ഓലക്കുടയുമായി വ്രതശുദ്ധിയോടുകൂടി ക്ഷേത്രത്തിലെ നടപ്പു രയിൽ എത്തുന്നു. സ്ത്രീകൾ മുടിയഴിച്ചിട്ട് ആടുകയും പാടുകയും ചെയ്യുന്നു. അത്താഴപൂജ കഴിഞ്ഞ് ചുറ്റമ്പലത്തിനകത്ത് കയറി കോവിലിനു വലംവച്ചശേഷമാണ് അവർ തിരിച്ചു പോകുന്നത്. തലമുറകളായി നടക്കുന്ന ഈ ചടങ്ങ് ക്ഷേത്രവും ദളിത് വിഭാഗക്കാരുമാ യുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു.

അയ്യപ്പപ്രതിഷ്ഠയ്ക്കായി തീർത്ത ശ്രീകോവിലിൽ ഭഗവതിയെ കുടിയിരുത്തേണ്ടി വന്നതിനെക്കുറിച്ച് അയ്യൻചിരുകണ്ടനുമായി ബന്ധപ്പെട്ട ഐതിഹ്യം നിലവിലുണ്ട് (നോ. 2.5). കൊലചെയ്യപ്പെട്ട അയ്യൻ ചിരുകണ്ടന്റെ കുലദേവതയായിരുന്ന ഭഗവ തിയെ നാട്ടുകാർ അയ്യപ്പപ്രതിഷ്ഠയായി തീർത്ത ശ്രീകോവിലിൽ പ്രതിഷ്ഠയ്ക്ക് മുമ്പുതന്നെ കുടിയിരുത്തി എന്നാണ് ഐതിഹ്യം. മതിലിനപ്പുറത്ത് ശാസ്താവിനെയും പ്രതിഷ്ഠിച്ചി രിക്കുന്നു. വാൽക്കണ്ണാടിയുടെ രൂപത്തിലാണ് ദേവീപ്രതിഷ്ഠ. മതിൽക്കെട്ടിന് പുറത്ത് ക്ഷേത്രത്തിലെ മൺമറഞ്ഞുപോയ കോമരങ്ങളെയും പ്രതിഷ്ഠിച്ചിരിക്കുന്നു എന്ന പ്രത്യേ കതയുമുണ്ട്.

ക്ഷേത്രനവീകരണപ്രവർത്തനങ്ങൾക്ക് തട്ടകക്കാരുടെ 101 അംഗ കമ്മിറ്റി യാണ് പ്രവർത്തിച്ചുവരുന്നത്. ഇടക്കാലത്ത് ക്ഷേത്രത്തിലെ സാമ്പത്തികസ്ഥിതി ദയനീയമായിരുന്നു. വളരെ ചെറിയൊരു ശ്രീകോവിലും ചുറ്റമ്പലവും നടപ്പുരയുമുള്ള ഒരു പഴയ ക്ഷേത്രമായിരുന്നു ഇവിടം. തൊണ്ണൂറുകൾക്കുശേഷമാണ് ക്ഷേത്രപുനരു ദ്ധാരണം സാധ്യമായത്. ഇന്ന് ഏഴുദിവസം നീണ്ടുനിൽക്കുന്ന വിശേഷാൽ പൂജ കളും കലാപരിപാടികളുമായിട്ടാണ് താലപ്പൊലി ഉത്സവം നടത്തിവരുന്നത്. അയ്യ

പ്പൻകാവ് ലോപിച്ചാണ് അയ്യങ്കാവ് എന്ന പേര് വന്നത് എന്ന് കരുതുന്നവരുണ്ട്. എന്നാൽ അയ്യൻ + കാവ് > അയ്യങ്കാവ് ആയി എന്ന് കരുതുകയാണ് കൂടുതൽ ഉചിതം. കേരളത്തിൽ എത്രയോ അയ്യപ്പക്ഷേത്രങ്ങളുണ്ട്. അവയൊന്നും അയ്യങ്കാവുകളായി മാറിയിട്ടില്ല. അയ്യൻ ചിരുകണ്ടൻ എന്ന പേരിനോടാണ് ഇതിന് കൂടുതൽ സാദൃശ്യം. അയ്യൻ ചിരുകണ്ടൻ ബുദ്ധമത വിശ്വാസിയായിരുന്നുവെന്നും അതുകൊണ്ടുതന്നെ അദ്ദേഹത്തെ കീഴ്ജാതിക്കാരനായിട്ടാണ് പരിഗണിച്ചിരുന്നതെന്നും കരുതുന്നു. ക്ഷേത്രത്തോടു ചേർന്നുള്ള പാടശേഖരം നഗരവൽക്കരണത്തിന്റെ ഭാഗമായി ജനവാസമേഖലയായി മാറി. സാമൂഹ്യരാഷ്ട്രീയരംഗത്ത് ശ്രദ്ധേയമായ അയ്യങ്കാവ് മൈതാനം ഇവിടെയാണ് സ്ഥിതിചെയ്യുന്നത്.

## വിശ്വനാഥപുരം ക്ഷേത്രം

കേരളത്തിലെ സാമൂഹ്യപരിഷ്കർത്താക്കളിൽ നെടുനായകസ്ഥാനമാണ് ശ്രീനാരായണഗുരുവിന്റേത്. സവർണ്ണക്ഷേത്രങ്ങളിൽ പ്രവേശനം നിഷേധിക്കപ്പെട്ടിരുന്നവർക്കായി, സ്വന്തമായി ക്ഷേത്രം നിർമ്മിക്കുക എന്ന അദ്ദേഹത്തിന്റെ ആഹ്വാനം ഉൾക്കൊണ്ടാണ് ഇരിങ്ങാലക്കുടയിൽ വിശ്വനാഥപുരംക്ഷേത്രം യാഥാർഥ്യമാകുന്നത്. മലബാർ സമരങ്ങൾ, വൈക്കം സത്യാഗ്രഹം എന്നിങ്ങനെ ശ്രദ്ധേയമായ നവോത്ഥാനശ്രമങ്ങളുടെ കാലമാണ് കേരളത്തെ സംബന്ധിച്ചിടത്തോളം 1920 -കൾ. ഇതേ കാലയളവിൽ തന്നെയാണ് ജാതിമതഭേദമെന്യേ ക്ഷേത്രാചാരങ്ങൾ പാലിക്കുന്ന ആർക്കും പ്രവേശിക്കാവുന്ന വിശ്വനാഥപുരം ക്ഷേത്രത്തിനുള്ള പ്രാരംഭനടപടികൾ ആരംഭിക്കുന്നതും.

കൂടൽമാണിക്യക്ഷേത്രഭാരവാഹികളിൽനിന്നും പ്രബലരായ ക്രിസ്ത്യൻസമുദായ അംഗങ്ങളിൽനിന്നും ശക്തമായ എതിർപ്പുകൾ നേരിടേണ്ടി വരികയും അതുമൂലം ക്ഷേത്രനിർമ്മാണത്തിനുള്ള അപേക്ഷ മാറ്റിവെക്കുകയും ചെയ്തതായി 'ഇരിങ്ങാലക്കുട മാന്വൽ' രേഖപ്പെടുത്തുന്നു. "തുടർന്ന് അന്നത്തെ കൊച്ചി ദിവാനായിരുന്ന സർ വിജയരാഘവനാചാരി അന്വേഷണങ്ങൾ നടത്തുകയും പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കാനായി ഉദ്യോഗസ്ഥ പ്രമുഖരടക്കമുള്ള കമ്മിറ്റിയെ നിയമിക്കുകയും ചെയ്തു. ഈഴവരെ പ്രതിനിധീകരിച്ച് മാമൻ മോഹൻ കമ്മിറ്റിയംഗമായിരുന്നു. ഈഴവർ ആവശ്യപ്പെട്ട സ്ഥലത്ത് ക്ഷേത്രം പണിയാൻ അനുമതി നൽകരുതെന്നും ചില വ്യവസ്ഥകളിൻമേൽ

മറ്റൊരു സ്ഥലത്ത് ക്ഷേത്രം പണിയാമെന്നും കമ്മിറ്റി റിപ്പോർട്ട് നൽകി. എന്നാൽ, കമ്മിറ്റി റിപ്പോർട്ട് അംഗീകരിക്കാൻ സമുദായാംഗങ്ങൾ തയ്യാറായില്ല. പിന്നീട് പുതിയ ദിവാൻ നാരായണമേനോന്റെയും അന്നത്തെ റസിഡന്റ് കോട്ടന്റെയും അന്വേഷണത്തിനുശേഷം ഈഴവർ നിർദ്ദേശിച്ച സ്ഥലത്തുതന്നെ ക്ഷേത്രം പണിയാൻ അനുമതി ലഭിച്ചു. പ്രശസ്ത യുക്തിവാദിയും സാമൂഹ്യപരിഷ്കർത്താവുമായിരുന്ന എം.സി. ജോസഫിന്റെ സന്ദർഭോചിതമായ ഇടപെടൽ ക്ഷേത്രനിർമ്മാണാനുമതി കൂടുതൽ വേഗത്തിലാക്കാൻ സഹായിച്ചു" (2018:1004). 1925 -ലാണ് ദിവാൻ നാരായണമേനോൻ ക്ഷേത്രത്തിന് തറക്കല്ലിടുന്നത്. 1928 -ലാണ് ക്ഷേത്രത്തിന്റെ പ്രതിഷ്ഠകർമ്മങ്ങൾ നിർവഹിക്കപ്പെടുന്നത്. നാരായണഗുരുവിന്റെ നിർദ്ദേശാനുസരണം അദ്ദേഹത്തിന്റെ ശിഷ്യനായ ബോധാനന്ദ സ്വാമികളാണ് മകരമാസത്തിലെ പുണർതം നക്ഷത്രത്തിൽ ആ കർമ്മം നിർവഹിച്ചത്. ബാലമുരുകനാണ് ക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠ. ഗണപതി, അയ്യപ്പൻ, ദേവി എന്നീ ഉപപ്രതിഷ്ഠകളുമുണ്ട്.

കൊല്ലാട്ടിൽ കൃഷ്ണന്റെയും സുഹൃത്തുക്കളുടെയും നേതൃത്വത്തിൽ ക്ഷേത്രനിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചതുകൊണ്ടാകാം ജനങ്ങൾക്കിടയിൽ 'കൊല്ലാട്ട്യമ്പലം' എന്നൊരു പേര് ഈ ക്ഷേത്രത്തിനുണ്ട്. ഇരിങ്ങാലക്കുടക്കാർക്കിടയിൽ 'താഴത്തെ പള്ളി' എന്നും ഈ ക്ഷേത്രം അറിയപ്പെടുന്നുണ്ട്.

മകരമാസത്തിലെ ഷഷ്ഠി, വിശ്വനാഥപുരം ക്ഷേത്രത്തിലെ എന്നല്ല, ഇരിങ്ങാലക്കുട ദേശത്തിന്റെത്തന്നെ ഉത്സവമാണ്. പുല്ലൂർ, തുറവൻകാട്, ടൗൺ പടിഞ്ഞാട്ടുമുറി, കോമ്പാറ എന്നിങ്ങനെ നാലു വിഭാഗങ്ങളായാണ് കാവടികൾ എത്തിച്ചേരുന്നത്. രാവിലെയും വൈകിട്ടും എട്ട് മണിയ്ക്കിറങ്ങുന്ന പാൽക്കാവടിയും ഭസ്മക്കാവടിയും (പൂക്കാവടിയും പീലിക്കാവടിയും) 2.30 ഓടെയാണ് ക്ഷേത്രത്തിൽ പ്രവേശിക്കുന്നത്. നാല് വിഭാഗങ്ങളാണ് ഉള്ളതെങ്കിലും ഓരോ വിഭാഗങ്ങളിൽനിന്നും പല സെറ്റുകളായി പല ഇടങ്ങളിൽനിന്നാണ് കാവടിയിറങ്ങുന്നത്. ക്ഷേത്രത്തിന്റെ കിഴക്കുഭാഗത്തുനിന്നെത്തുന്ന കാവടികൾ തുറവൻകാട്, പുല്ലൂർ ആനുരുളി, നാല് സെന്റ് തുടങ്ങിയ പ്രദേശങ്ങളിലൂടെ ആദ്യം ക്ഷേത്രസന്നിധിയിലെത്തുന്നു. ടൗൺ പടിഞ്ഞാട്ടുമുറി വിഭാഗമാകട്ടെ, ലിസി കോൺവെന്റ് ഭാഗത്ത് നിന്നാരംഭിച്ച്, ആസാദ് റോഡ്, ക്രൈസ്റ്റ് കോളേജ്, എ.കെ.പി. ജംങ്ഷൻ വഴിയും മറ്റൊരു സെറ്റ് പുറ്റിങ്ങൾ അമ്പലവഴിയിൽനിന്നും നടയിലൂടെയും കാരുകുളങ്ങരയിൽനിന്നും പുറപ്പെടുന്ന കാവടികൾ ശാന്തിനികേതൻ സ്കൂൾ

വഴി കൂടൽമാണിക്യക്ഷേത്രത്തിനു മുന്നിലൂടെയും ഠാണാവിൽ ഒത്തുചേർന്ന് ക്ഷേത്രത്തി ലേക്ക് തിരിക്കുന്നു. കോമ്പാറ ഭാഗത്തുനിന്നുള്ള കാവടികൾ, നടവരമ്പ്, ഐക്കരക്കുന്ന് പ്രദേശങ്ങളിൽനിന്ന് വന്ന് കോമ്പാറ, ചന്തക്കുന്ന് ഠാണാവിലൂടെ ക്ഷേത്രത്തിലേയ്ക്കെ ത്തുന്നു.

ആചാരങ്ങളേക്കാൾ ആഘോഷങ്ങൾക്കാണ് ഇവിടെ കൂടുതൽ പ്രാധാന്യം ലഭി ക്കുന്നത്. പൂക്കാവടികളുടെ വൈവിധ്യം ശ്രദ്ധേയമാണ്. അതിനായി പൂക്കാവടി കെട്ടു ന്നതിൽ വിദഗ്ധരായ ആളുകളെ സംഘടിപ്പിച്ച് ഓരോ വിഭാഗക്കാരും പ്രത്യേകം പ്ര ത്യേകം കാവടികൾ തയ്യാറാക്കുന്നു. തങ്ങളുടെ 'സെറ്റ്'കൂടുതൽ മികച്ചതാവാനുള്ള മത്സരബുദ്ധി ഓരോ വിഭാഗക്കാരും പ്രദർശിപ്പിക്കും. മേളങ്ങളുടെ താളത്തിനൊപ്പം കാവടികൾ മാത്രമല്ല, കാഴ്ചക്കാരും ചുവടുവച്ചുകൊണ്ട് അതിൽ അലിഞ്ഞു ചേരുന്ന കാഴ്ച മനോഹരമാണ്. പൂക്കാവടികളും പീലിക്കാവടികളും കൂടാതെ ദേവീദേവന്മാരുടെ നിശ്ചലദൃശ്യങ്ങൾ, കുമ്മാട്ടി, ഉടുക്കുപാട്ട്, പുരാണേതിഹാസങ്ങളുടെ ചിത്രീകരണങ്ങൾ അടങ്ങിയ ടാബ്ലോകൾ എല്ലാം ഷഷ്ഠി ആഘോഷങ്ങൾക്ക് മിഴിവേകുന്നു.

ഷഷ്ഠിയിൽ പങ്കെടുക്കുന്നതിനായി ഇന്ത്യക്കകത്തും പുറത്തുമുള്ള ഇരിങ്ങാലക്കുട ക്കാർ വീടുകളിൽ എത്തിച്ചേരാൻ ശ്രമിക്കാറുണ്ട്. വളരെ വൈകാരികമായാണ് അവർ ഈ ആഘോഷത്തെ കാണുന്നത്. മത്സ്യമാംസാദിവിഭവങ്ങൾക്കുപുറമേ വ്യത്യസ്ത പലഹാരങ്ങളും വീടുകളിൽ തയ്യാറാക്കും. റവയും ശർക്കരയും പാളയൻകോടൻ പഴവും ചേർത്ത് എണ്ണയിൽ വറുത്തെടുക്കുന്ന ഉണ്ണിയപ്പം ഇതിൽ പ്രധാനമാണ്.

പൊതുവിടങ്ങളിലെ ഇത്തരം ആഘോഷങ്ങളിൽ സ്ത്രീപ്രാതിനിധ്യം താരതമ്യേന കുറവാണ്. അടുക്കളയുടെയും അഥിതി സൽക്കാരത്തിന്റെയും ഇടയിൽനിന്ന്, പൊതു വിടത്തിലേക്ക് സ്ത്രീകൾ ഇറങ്ങിത്തുടങ്ങുന്നതേയുള്ളൂ. അതുകൊണ്ടുതന്നെയായിരി ക്കണം മേളത്തിനൊപ്പം താളം ചവിട്ടുന്ന സത്രീകൾ കൗതുകക്കാഴ്ചയാവുന്നത്. സാമൂ ഹ്യമാധ്യമങ്ങൾ അത് ആഘോഷമാക്കാറുമുണ്ട്.

ഇരിങ്ങാലക്കുട നഗരാതിർത്തിയിലുള്ള മേൽപ്പറഞ്ഞ ക്ഷേത്രങ്ങൾ കൂടാതെ കുടുംബ - സമുദായക്ഷേത്രങ്ങൾ വേറെയുമുണ്ട്. ഗുരുകാരണവൻമാരെയും അമ്മദൈ വങ്ങളെയും നാഗങ്ങളെയും പൂജിക്കുന്ന വെച്ചാരാധകളാണതിലേറെയും. തൈവള പ്പിൽ ഭഗവതിക്ഷേത്രം, ചൂലിക്കാറ്റിൽ ഭഗവതി വിഷ്ണുമായക്ഷേത്രം, മുപ്പരത്തി ഭഗവ

തിക്ഷേത്രം, തേറാട്ടിൽ രുധിരമാല ഭഗവതിക്ഷേത്രം, വെട്ടത്ത് ശ്രീ ഭഗവതിക്ഷേത്രം എന്നിവിടങ്ങളിലെല്ലാം അമ്മദൈവങ്ങളുടെ വിവിധ ഭാവങ്ങളെ ആരാധിച്ചുവരുന്നു. പഴയകാലങ്ങളിൽ കാരണവന്മാർ വെച്ചാരാധിച്ചിരുന്ന മൂർത്തികളെ പിന്നീട് ക്ഷേത്രം പണിത് അതിലേക്ക് ആവാഹിച്ചിരുത്തുകയായിരുന്നു. മുപ്പരത്തി ഭഗവതിയെ ആദ്യകാലങ്ങളിൽ മുല്ലത്തറയിൽ ആയിരുന്നു ആരാധന നടത്തിയിരുന്നത്. നൂറ്റമ്പതോ ഇരുനൂറോ വർഷത്തെ പഴക്കമാണ് ഈ ക്ഷേത്രങ്ങൾ അവകാശപ്പെടുന്നത്. എളന്തോളി ധർമ്മദൈവക്ഷേത്രത്തിൽ മുത്തപ്പൻ, ദേവി, പൊന്നമ്പലസ്വാമി, വിഷ്ണുമായ, വീരഭദ്രൻ, കരിങ്കുട്ടി, നാഗങ്ങൾ എന്നീ മൂർത്തികളെ ആരാധിക്കുന്നു. ഇരിങ്ങാലക്കുട മഠത്തിക്കരയിലെ ധർമ്മദൈവക്ഷേത്രം, ഒരുകാലത്ത് ആയോധന കളരിയായിരുന്നു എന്ന് പറയപ്പെടുന്നു. ടിപ്പുവിന്റെ പടയോട്ടകാലത്ത് ഈ പ്രദേശങ്ങൾ ആക്രമിക്കപ്പെട്ടുവെങ്കിലും കളരിയെ മാത്രം ഒഴിവാക്കിയത്രേ.

### 2.7.7 ചെട്ടിയാർ സമുദായം

തമിഴ്നാട്ടിൽനിന്നും കേരളത്തിലെത്തിയ വാണിയ - വൈശ്യവിഭാഗമാണ് ചെട്ടിയാർ സമുദായം. ഇരിങ്ങാലക്കുടയിൽ ഇവർ എന്നാണ് എത്തിയത് എന്നതിനെ സംബന്ധിച്ച് കൃത്യമായ അറിവില്ല. അഞ്ചോ ആറോ തലമുറമുൻപ് വന്നു ചേർന്നിരിക്കാം എന്നാണ് ഗോപിനാഥ ചെട്ടിയാർ അഭിപ്രായപ്പെടുന്നത്[22]. ഇവരിൽ കഴിഞ്ഞ തലമുറയിലെ ആളുകൾവരെ തമിഴ് സംസാരിക്കുമായിരുന്നു. ഗോപിനാഥ ചെട്ടിയാരുടെ അപ്പ, ചെല്ലപ്പ ചെട്ടിയാരും അപ്പാപ്പൻ രംഗനാഥചെട്ടിയാരും ഇരിങ്ങാലക്കുടയിൽ ജനിച്ച് വളർന്നവരാണ്. ഇന്ന് ഇരിങ്ങാലക്കുടയിൽ നൂറ്റി എൺപതോളം വീട്ടുകാരും അഞ്ഞൂറിലധികം വ്യക്തികളും വണിക - വൈശ്യവിഭാഗത്തിലുണ്ട്. ചക്കിൽ എണ്ണയാട്ടി വിൽക്കുന്നവരാണ് ഇവർ. രണ്ട് കാളകളുടെ സഹായത്തോടെ ആട്ടാൻ കഴിയുന്ന മരച്ചക്കാണ് ഇവർക്ക് ഉണ്ടായിരുന്നത്. ഇരുപത്തിരണ്ട് വർഷം മുൻപുവരെ ഈ കുലത്തൊഴിൽ ചെയ്തിരുന്നതായി ഗോപിനാഥചെട്ടിയാർ ഓർക്കുന്നു. പിന്നീട് മരച്ചക്ക് കേട് വന്നാൽ നന്നാക്കാൻ അറിവുള്ള ആശാരിമാർ ഇല്ലാതെ വന്നതോടെയാണ് ഈ തൊഴിൽ ഉപേക്ഷിക്കേണ്ടി വന്നത്. അപ്പ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം ചക്കിന്റെ മരം മരണാവശ്യത്തിനായി ഉപയോഗപ്പെടുത്തി.

[22] ഗോപിനാഥ ചെട്ടിയാർ, 58 വയസ്സ്, വേങ്ങാശ്ശേരി വീട്, പൊറത്തിശ്ശേരി, ഇരിങ്ങാലക്കുട

ഇവിടുത്തെ നെൽപ്പാടങ്ങളിൽ വിളവെടുപ്പ കഴിഞ്ഞാൽ ഒഴിവുള്ള കാലം എള്ള് കൃഷി ചെയ്തിരുന്നു. ഈ എള്ളാണ് വലിയ തോതിൽ ശേഖരിച്ച് ആട്ടി എണ്ണയാക്കിയിരുന്നത്. കൊപ്ര ആട്ടി വെളിച്ചെണ്ണയെടുക്കുന്നതിനും ചക്കുകൾ ഉപയോഗപ്പെടുത്തിയിരുന്നു. കൂടാതെ ഓടക്കെണ്ണ, പൂവട്ടെണ്ണ, മരോട്ടിയെണ്ണ, ഉങ്ങെണ്ണ, കരിങ്ങോട്ടെണ്ണ എന്നിങ്ങനെ അഞ്ചുതരം എണ്ണകൾ ആയുർവ്വേദ മരുന്നുകൾക്കായി ആട്ടിയെടുക്കും. കപ്പലണ്ടി, പുന്നക്കുരു എന്നിവയും ആട്ടിയെടുത്തിരുന്നു. സോപ്പ് നല്ലതുപോലെ പതയുന്നതിന്ന് പുന്നക്കുരു എണ്ണയാണ് ഉപയോഗിച്ചിരുന്നത്.

മാരിയമ്മൻവിശ്വാസത്തിന്റെ പിൻതുടർച്ചക്കാരാണ് ചെട്ടിയാർ വിഭാഗക്കാർ. ഇരിങ്ങാലക്കുട ചെറുതുക്ക് റോഡിന് സമീപമുള്ള ശ്രീശാരദാംബാൾ മാരിയമ്മൻക്ഷേത്രം അമ്മാപറമ്പിൽ തറവാട്ടുകാരുടെ രക്ഷാധികാരത്തിലാണുള്ളത്. രമേഷ് ചെട്ടിയാരാണ് ഇപ്പോഴത്തെ രക്ഷാധികാരി. നൂറ് വർഷത്തിലതികം പഴക്കം അവകാശപ്പെടുന്ന മാരിയമ്മൻ ക്ഷേത്രത്തിലെ ആഘോഷങ്ങൾ കേരളീയ ഉത്സവങ്ങളിൽനിന്ന് വ്യത്യസ്തമാണ്. കരകാട്ടം, അഗ്നിപ്രവേശം, മഞ്ഞൾ നീരാട്ട് എന്നിവ മാരിയമ്മൻ കോവിലിലെ സവിശേഷതയാണ്. സത്യകരകം നിറച്ച് ഉടുക്ക് പാട്ട്, നാദസ്വരം എന്നിവയുടെ അകമ്പടിയോടെയാണ് പറയെടുപ്പ് ക്ഷേത്രത്തിൽ പ്രവേശിക്കുന്നത്. തമിഴ്നാട്ടിലെ സമയപുരം എന്ന നാട്ടിലാണ് മാരിയമ്മൻവിശ്വാസത്തിന്റെ ഉത്ഭവം എന്ന് കരുതുന്നു. കൊറോണക്കാലത്തിനു ശേഷം ഉണ്ടായ സാമ്പത്തികമാന്ദ്യം ക്ഷേത്രനടത്തിപ്പിനെ സാരമായി ബാധിച്ചിട്ടുണ്ട് എന്ന് രമേഷ് ചെട്ടിയാർ വിലയിരുത്തുന്നു.[23]

ചെട്ടിയാർ വിഭാഗത്തിൽപ്പെടുന്ന മറ്റൊരുകൂട്ടർ തട്ടാൻമാരാണ്. തമിഴ്നാട്ടിലെ തിരുനൽവേലി പ്രദേശത്തുനിന്നും ഇരിങ്ങാലക്കുടയിൽ വന്ന് താമസമാക്കിയ ഒരു കുടുംബത്തിന്റെ പിൻതുടർച്ചക്കാരാണ് ഇവർ. കൊരുമ്പിശ്ശേരിയിലെ വിശ്വകുല ശ്രീമാരിയമ്മൻ ക്ഷേത്രം ഈ കുടുംബക്കാരുടേതാണ്. വർഷങ്ങൾക്ക് മുമ്പ് ഈ ക്ഷേത്രം ക്ഷയോന്മുഖമായിരുന്നു. എന്നാൽ കോയമ്പത്തൂരിൽ പോയി സ്വർണപ്പണി ചെയ്ത് പണം ഉണ്ടാക്കിവന്ന വിശ്വാസികൾ 1987 -ൽ ക്ഷേത്രം പുതുക്കി പണിയുകയായിരുന്നു. തട്ടകത്തിലെ ദേവിയാണ് ഇവിടെ പ്രതിഷ്ഠ. പ്രധാന ദേവീപ്രതിഷ്ഠ കൂടാതെ മാരിയമ്മൻ, ഗണപതി, സുബ്രഹ്മണ്യൻ, ശിവശക്തി, നാഗരാജാവ്, നാഗയക്ഷിയമ്മൻ, വീരഭദ്രസ്വാമി, ഭൈരവസ്വാമി, ഗുരുനാഥന്മാർ, കറുപ്പസ്വാമി, ചേച്ചിയമ്മൻ എന്നിവർ മൂർ

[23] രമേഷ് ചെട്ടിയാർ, 47 വയസ്സ്, അമ്മാപറമ്പിൽ വീട്, ഇരിങ്ങാലക്കുട

ത്തികളാണ്. ധനുമാസം എട്ടാം തീയതി ഉത്സവം ആരംഭിക്കുന്നു. ഉത്സവാഘോഷങ്ങളുടെ ഭാഗമായി അഗ്നിപ്രവേശം, കുങ്കുമപ്പറ, മഞ്ഞൾപ്പറ, ചുറ്റുവിളക്ക്, നിറമാല എന്നീ ചടങ്ങുകൾ ഉണ്ട്. നവരാത്രിയോട് അനുബന്ധിച്ചുള്ള ബൊമ്മക്കൊലുവും ഇവിടുത്തെ പ്രത്യേകതയാണ്. മുരളീധരൻ ആചാരി, തോപ്പിൽ വേണു ആചാരി, ഗോപാലകൃഷ്ണൻ ആചാരി എന്നിവർ ഇപ്പോൾ ക്ഷേത്രഭാരവാഹികളാണ്.

ഇരിങ്ങാലക്കുടയിലെ ഗാന്ധിഗ്രാമിലുള്ള മാരിയമ്മൻ ക്ഷേത്രം തൊട്ടിയൻ വിഭാഗക്കാരുടേതാണ്. മാലകെട്ട് കുലത്തൊഴിലായിട്ടുള്ളവരാണ് ഇവർ. ശബരിമലയ്ക്കും മറ്റും പോകുന്നവർ അണിയുന്ന മാല, തൊട്ടിയൻ സമുദായാംഗങ്ങളാണ് കെട്ടിയുണ്ടാക്കുന്നത്. ഇവിടുത്തെ മാരിയമ്മൻ ക്ഷേത്രത്തിന് 200 വർഷത്തോളം പഴക്കമുള്ളതായി പറയുന്നു. കുംഭമാസത്തിലെ പൂരം നക്ഷത്രത്തിൽ കൂടൽമാണിക്യം ക്ഷേത്രത്തിൽനിന്നും സത്യകരകം നിറച്ച് വാദ്യമേളങ്ങളോടെ കനലാട്ടം നടത്തി ആഘോഷിക്കുന്നു. പൊങ്കാല നിവേദ്യവും മഞ്ഞൾ നീരാട്ടോടുകൂടിയ ആറാട്ടും ഇവിടെയുണ്ട്.

വെള്ളിക്കുടത്തിൽ ആര്യവേപ്പിന്റെ ഇല നിറയ്ക്കുന്ന ചടങ്ങാണ് സത്യകരകം നിറയ്ക്കുക എന്നത്. തറവാടുകളിൽ മാരിയമ്മയെ പ്രതിഷ്ഠിക്കുന്നതും വേപ്പിന്റെ കടക്കൽ ആണ്. അഗ്നിപ്രവേശം അഥവാ കനലാട്ടം എന്നത് കേരളത്തിന് തീരെ പരിചിതമല്ലാത്ത ആചാരമാണ്. മാരിയമ്മ അഗ്നിയിൽ തപസ്സനുഷ്ഠിച്ചതിന്റെ ഓർമ്മയ്ക്കാണ് ഈ ആചാരം നടത്തുന്നത്. ഇരുപത്തിയേഴ് കാലടി നീളത്തിൽ കോൽപുളിയുടെ വിറകിട്ട് കത്തിച്ച് കനൽ നിരത്തുന്നു. സത്യകരകം നിറച്ച് താളമേളങ്ങളുടെ അകമ്പടിയോടെ കറുപ്പസ്വാമി ആദ്യം കനലിൽ പ്രവേശിക്കും. കറുപ്പസ്വാമി ഇറങ്ങി അഗ്നി തണുപ്പിക്കും എന്നാണ് വിശ്വാസം. തുടർന്ന് അനുഗാമികളും കനലിലൂടെ ഇറങ്ങി നടക്കുന്നു. അഗ്നിപ്രവേശത്തിനു ശേഷമാണ് മഞ്ഞൾ നീരാട്ട്. ക്ഷേത്രത്തിലേക്ക് വഴിപാടായി ലഭിച്ച മഞ്ഞൾ വലിയ വാർപ്പിലെ വെള്ളത്തിലിട്ട് തിളപ്പിച്ചതിനുശേഷം ആര്യവേപ്പിലയുടെ കെട്ട് ഇതിൽ മുക്കിയെടുത്ത് കറുപ്പസ്വാമിയും അനുഗാമികളും കുളിക്കുന്നതാണ് മഞ്ഞൾ നീരാട്ട്.

കറുപ്പസ്വാമി മാരിയമ്മയുടെ മൂത്ത മകനാണ് എന്നാണ് വിശ്വാസം. മാരിയമ്മൻ ക്ഷേത്രത്തിലെ വിശ്വാസമനുസരിച്ച് കോമരമാണ് കറുപ്പസ്വാമി. ഇരിങ്ങാലക്കുടയിൽ പ്രധാനമായും കോമരമാകുന്നത് വേങ്ങശ്ശേരിപ്പറമ്പിൽ ഗോപിനാഥൻ ആണ്.

അറുപത്തിമൂന്ന് വയസ്സാണ് അദ്ദേഹത്തിന് ഇപ്പോൾ. കറുപ്പസ്വാമിയുടെ വീട്ടിൽ ആര്യ വേപ്പിന്റെ കടയ്ക്കൽ മാരിമ്മൻ പ്രതിഷ്ഠയുമുണ്ട്. പന്ത്രണ്ട് വർഷം കൂടുമ്പോൾ ഇവിടെ പുന:പ്രതിഷ്ഠ നടത്തും. ചെട്ടിയാർ വിഭാഗത്തിലുള്ള പുതിയ തലമുറ വിദ്യാഭ്യാസം നേടുകയും സമൂഹത്തിലെ വിവിധ തുറകളിൽ ജോലി ചെയ്യുകയും ചെയ്യുന്നു. അവർ ഇന്നും ഇവിടുത്തെ സംസ്കാരത്തിന്റെത്തന്നെ ഭാഗമായി നിലനിൽക്കുന്നുണ്ട്.

ഇരിങ്ങാലക്കുടയിലെ കുടുംബക്ഷേത്രങ്ങൾ പരിശോധിച്ചാൽ ഒട്ടുമിക്കവയും ഇന്നുകാണുന്ന രൂപത്തിലേക്ക് എത്തിയത് കഴിഞ്ഞ ഇരുപതോ ഇരുപത്തഞ്ചോ വർഷത്തിനുള്ളിൽ മാത്രമാണ് എന്നുള്ളത് ശ്രദ്ധേയമാണ്. കൂടൽമാണിക്യം ഒഴിച്ചുള്ള മറ്റു ക്ഷേത്രങ്ങളാകട്ടെ അവയുടെ പ്രതാപകാലം വീണ്ടെടുക്കപ്പെട്ടത് ഇരുപതാം നൂറ്റാണ്ടിന്റെ അവസാന കാലത്ത് മാത്രമാണ്. എസ്.എൻ.ഡി.പി.യും എൻ.എസ്.എസ്.ഉം പോലുള്ള സമുദായസംഘടനകൾ അതിന് നേതൃത്വം വഹിക്കുകയും ചെയ്യുന്നു. വാണിജ്യമേഖലയിലെ വളർച്ചയും ഇരിങ്ങാലക്കുടയിലെ പ്രവാസികളിൽനിന്നെത്തിയ സമ്പത്തുമെല്ലാം തങ്ങളുടെ തട്ടകത്തിലെ ക്ഷേത്രപുനരുദ്ധാരണത്തിനായി വിനിയോഗിക്കപ്പെട്ടു എന്ന് കാണാം. ജാതീയമായ അതിർവരമ്പുകൾ മറികടക്കാനുള്ള നവോത്ഥാനകാല ശ്രമങ്ങൾ ഉച്ചനീചത്വങ്ങളെ പ്രതിരോധിക്കാൻ സഹായകമായിട്ടുണ്ട് (നോ. 4.4).

## ഗൗഡസാരസ്വതബ്രാഹ്മണർ

കൊങ്കണി ഭാഷ സംസാരിക്കുന്ന ഹിന്ദു ബ്രാഹ്മണസമൂഹമാണ് ഗൗഡസാരസ്വത ബ്രാഹ്മണർ. ഗോവയിലെ ഔദ്യോഗിക ഭാഷയാണ് കൊങ്കണി. ഒരു നാടിന്റെ രാഷ്ട്രീയ ആധിപത്യം പിടിച്ചെടുക്കാൻ അവിടുത്തെ ഭാഷ ഇല്ലാതാക്കുക എന്ന അധിനിവേശയുക്തിയുടെ തിക്തഫലങ്ങൾ അനുഭവിച്ച ഭാഷയാണ് ഇത്. ഗോവയിലെ പോർച്ചുഗീസ് അധിനിവേശകാലത്ത് അന്നാട്ടുകാരായ ഗൗഡസാരസ്വത ബ്രാഹ്മണരെ മതം മാറ്റുന്നതിനും പോർച്ചുഗീസ് ഭാഷ സംസാരിക്കുന്നതിനും നിർബന്ധിച്ചുകൊണ്ടിരുന്നു. ഇത്തരം സമ്മർദ്ദങ്ങൾ ശക്തമായ ഘട്ടത്തിൽ തങ്ങളുടെ ഭാഷയും സംസ്കാരവും സംരക്ഷിക്കുന്നതിനായി അവിടെനിന്നും അവർ ഇന്ത്യയിലെ പല പ്രദേശങ്ങളിലേയ്ക്കായി പലായനം ചെയ്തു.

കേരളത്തിലെത്തിയ ഗൗഡസാരസ്വത ബ്രാഹ്മണർ പ്രധാനമായും കോഴിക്കോട്, കൊച്ചി, ആലപ്പുഴ, പുറക്കാട്, കൊടുങ്ങല്ലൂർ, വടക്കാഞ്ചേരി, മാള എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് താമസം തുടങ്ങി. കൂട്ടത്തിൽ ഏകദേശം നാൽപതോളം കുടുംബങ്ങൾ ഇരിങ്ങാലക്കുട പട്ടണത്തിലും നടവരമ്പ്, കാട്ടൂർ പ്രദേശങ്ങളിലുമായി താമസിക്കുന്നുണ്ട്. ഇരിങ്ങാലക്കുടയ്ക്കടുത്ത് മാളയിലും കൊടുങ്ങല്ലൂരിലുമാണ് ഗൗഡസാരസ്വത ബ്രാഹ്മണരുടെ ക്ഷേത്രങ്ങൾ ഉള്ളത്. വെങ്കിടാചലപതിയാണ് ഇവിടുത്തെ ആരാധനാമൂർത്തി. പൊ.വ. 1849 -ലാണ് കൊടുങ്ങല്ലൂരിൽ ക്ഷേത്രപ്രതിഷ്ഠ നടന്നത്. അവിടുത്തെ പെരുമ്പിള്ളി കമ്മത്ത് കുടുംബത്തിലെ കാരണവരായ ഗിരി കമ്മത്തിന് കൂടെക്കൂടെ സന്താനനാശമുണ്ടായ സാഹചര്യത്തിൽ പ്രശ്നം വയ്ക്കുകയും ബ്രഹ്മഹത്യാശാപമാണ് ദുഃഖകാരണമെന്ന് കാണുകയും ചെയ്തുവത്രേ. പരിഹാരമായി ക്ഷേത്രപ്രതിഷ്ഠ വിധിച്ചതിന്റെ ഫലമാണ് കൊടുങ്ങല്ലൂരിലെ ഗൗഡസാരസ്വതക്ഷേത്രം. കൃഷ്ണശിലയിൽ ശംഖ -ചക്ര - ഗദാ - പത്മ ചതുർബാഹുക്കളോടും, രുഗ്മിണി, സത്യഭാമ തുടങ്ങിയ ദേവിമാരോടും കൂടിയ വെങ്കിടാചലപതിയുടെ ശിലാവിഗ്രഹമാണ് ഇവിടെ പ്രതിഷ്ഠിച്ചിരിക്കുന്നത്.

ഭട്ട്, ഷേണായി, കമ്മത്ത്, പൈ തുടങ്ങി വ്യത്യസ്ത വിഭാഗങ്ങളുണ്ട് ഗൗഡസാരസ്വത ബ്രാഹ്മണർക്കിടയിൽ. മഠത്തിപറമ്പ് എന്ന വീട്ടുകാരാണ് ആദ്യമായി ഇരിങ്ങാലക്കുടയിൽ താമസമാക്കിയത്. ഇവരുടെ പിൻതലമുറക്കാരാണ് ഇരിങ്ങാലക്കുടയിലെ കൊങ്കണി വിഭാഗക്കാരിൽ അധികവും. കച്ചവടക്കാരായി എത്തിച്ചേർന്ന്, ഇവിടെ സ്ഥിരതാമസക്കാരായി മാറിയ മഠത്തിപ്പറമ്പുകാർക്കുവേണ്ടി പൂജ ചെയ്യുന്നതിനായാണ് ഭട്ട് വിഭാഗത്തിലുള്ളവർ ഇവിടെ എത്തുന്നത്. എന്നാൽ പരമ്പരാഗത തൊഴിലുകൾ നിലനിർത്തുന്നവർ ഇന്ന് വളരെ കുറവാണ്. സമൂഹത്തിലെ വ്യത്യസ്ത ഇടങ്ങളിൽ ജോലി ചെയ്യുന്ന ഇവർ ഇന്ന് ഇരിങ്ങാലക്കുടക്കാരായി മാറി. എങ്കിലും അവരുടെ വീട്ടിൽ ഇന്നും സംസാരഭാഷ കൊങ്കണിയാണ്. തങ്ങളുടെ മാതൃഭാഷ കൊങ്കണിയാണ് എന്നവർ കരുതുന്നു. പുതിയ തലമുറ അത് സംസാരിക്കുകയും സംരക്ഷിക്കുകയും വേണം എന്ന് മുതിർന്നവർ നിർദ്ദേശിക്കുന്നു.

ഭാഷയിൽ മാത്രമല്ല, ആചാരങ്ങളിലും ആഘോഷങ്ങളിലും പ്രത്യേകതകൾ പുലർത്തുന്നവരാണ് ഗൗഡസാരസ്വത ബ്രാഹ്മണർ. രണ്ട് തലമുറ മുൻപ് വരെ എട്ട് - പന്ത്രണ്ട് വയസ്സിൽ വിവാഹം നടത്തിയിരുന്നു. എട്ട് ദിവസം നീണ്ടുനിൽക്കുന്നവയാണ്

വിവാഹ ചടങ്ങുകൾ. നാല് ദിവസം വരന്റെ വീട്ടിലും നാല് ദിവസം വധൂഗൃഹത്തിലു മാണ് ചടങ്ങുകൾ. ഋതുമതിയാകുന്നതുവരെ ഭർതൃമാതാവിനോടൊപ്പം കഴിയുന്ന വധു വിനെ എണ്ണതേച്ചുകുളിപ്പിച്ച് വാദ്യമേളങ്ങളോടെയാണ് പിന്നീട് വരനൊപ്പമയയ്ക്കുന്നത്. എന്നാൽ ഇന്ന് ഒറ്റ ദിവസം മാത്രം നീളുന്ന ഒരു ചടങ്ങായി മാറി ഗൗഡസാരസ്വത വിവാഹവും. വിവാഹവേളയിൽ വധൂവരൻമാരെ ദേവീദേവൻമാരായാണ് കരുതുന്നത്. അതുകൊണ്ടുതന്നെ വിവാഹച്ചടങ്ങുകൾ കഴിഞ്ഞ് വധൂവരൻമാർ ഭക്ഷണം കഴിച്ചതിനു ശേഷം മാത്രമേ വിരുന്നുകാർക്ക് വിളമ്പുമായിരുന്നുള്ളൂ. ഈ രീതികൾക്കെല്ലാം മാറ്റം വന്നിരിക്കുന്നുവെങ്കിലും സസ്യാഹാരമേ കഴിക്കൂ എന്ന നിബന്ധന പൊതുവിൽ പാലി ക്കുന്നവരാണ് അവർ.

ഗൗഡസാരസ്വത ബ്രാഹ്മണരുടെ ഭക്ഷണത്തിൽ പരിപ്പ് ഒരു പ്രധാന ഘടക മാണ്. സോയി ഭജ്ജില്ലി ഘസ്സി, സുർണ്ണാ ഘസ്സി, ധ്വി ഘസ്സി തുടങ്ങിയവ അതിന് ഉദാഹരണമാണ്. കൂടാതെ ചേമ്പിലയും അധികമായി ഉപയോഗിക്കുന്ന രീതിയുണ്ട്. ഗജ്ബജ്, അൾവതി, തേര്യാ ഭജ്ജി തുടങ്ങിയ കറികളിലും പത്രട (താളപ്പം) എന്ന പലഹാരത്തിലും ചേമ്പില അവശ്യവസ്തുവാണ്. അരി, നാളികേരം, മഞ്ഞൾ, മുളക്, കായം തുടങ്ങിയ കൂട്ടുകൾ അരവ് കുറച്ചെടുത്ത് താളിലയിൽ അലകുകളായി പരത്തി അടുക്കുകളാക്കി ആവിയിൽ വേവിച്ചെടുക്കുന്നതാണ് പത്രട. ഗൗഡസാരസ്വത ബ്രാഹ മണരുടെ മധുരപലഹാരങ്ങളും ഏറെ ശ്രദ്ധേയമാണ്. ലഡു, പേട, സുഖിയൻ എന്നിവ അവയിൽ പ്രധാനം തന്നെ. പുംസവനം എന്നറിയപ്പെടുന്ന സീമന്ത പലഹാരങ്ങൾ മണവാട്ടിക്ക് ഇശനിലയിൽ വിളമ്പുന്ന പതിവുണ്ട്. മണവാട്ടിയുടെയും തോഴിയുടെയും മുമ്പിൽ ഇലയിട്ട് നിലവിളക്ക് കത്തിച്ച് വയ്ക്കും. എന്നിട്ട് ഉണ്ടൊ, മണ്ടൊ, മണ്ടാറൊ, നെവ്റി, പുർഡൊ എന്നീ അഞ്ച് പലഹാരങ്ങൾ വിളമ്പുന്ന ചടങ്ങാണിത്. ഇരിങ്ങാ ലക്കുടക്കാരിയായ അഞ്ജന വിനോദ് ഭട്ട് വിവിധ ടെലിവിഷൻ പാചകമത്സരങ്ങളിൽ വേറിട്ട കൊങ്കണി രുചികൾ അവതരിപ്പിച്ചുകൊണ്ട് സമ്മാനർഹയായിട്ടുണ്ട്. പഞ്ചഗ ദായി പായസം അവതരിപ്പിച്ചുകൊണ്ടാണ് അവർ ഏറെ ശ്രദ്ധേയയായത്. ഗോത മ്പ് നുറുക്ക്, കടലപ്പരിപ്പ്, ചെറുപരിപ്പ്, പച്ചതേങ്ങ, ശർക്കര തുടങ്ങിയവയുടെ പ്ര ത്യേകത രസക്കൂട്ടാണ് ഈ പായസത്തെ രുചികരമാക്കുന്നത്. ജന്മാഷ്ടമി ദിവസം ശ്രീ കൃഷ്ണന് നിവേദ്യമായും വിവാഹം, ഉപനയനം തുടങ്ങിയ ആഘോഷങ്ങളിലും പഞ്ചഗ ദായി പായസം ഉണ്ടാക്കുന്ന പതിവുണ്ട്.

കേരളത്തിലെ ഭാഷാന്യൂനപക്ഷമായ ഗൗഡസാരസ്വതബ്രാഹ്മണരുടെ ജീവി താനുഭവങ്ങൾ സാഹിത്യത്തിലൂടെ അവതരിപ്പിച്ച എഴുത്തുകാരനാണ് വി. കൃഷ്ണവാദ്യാർ. ആലപ്പുഴയിൽ ജനിച്ച അദ്ദേഹം നാൽപതിലധികം വർഷമായി ഇരിങ്ങാലക്കുട പേഷ്കാർറോഡിലുള്ള പുത്തൻ മഠം വീട്ടിലാണ് താമസം. 1979 -ൽ മാമൻ മാപ്പിള അവാർഡിനർഹമായ അദ്ദേഹത്തിന്റെ *ഭട്മാം* എന്ന നോവൽ ഏറെ ശ്രദ്ധേയമായിരുന്നു. ഭട്മാം എന്നാൽ പൂജാരി എന്നർത്ഥം. *അറിയപ്പെടാത്തവർ, ദെവ്ളി, പുരാവൃത്തം, കലാവതി, വാമനം* എന്നിവ അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ്. *ദ്ദർപതി, ദെവ്ളി* എന്നീ നോവലുകൾ കൊങ്കണിയിലാണ് എഴുതിയത്. *ലോട്ടറി കിട്ടു, വിദ്യമോൾ, കണ്ണൂട്ടിയുടെ സ്വന്തം ഡാലു* എന്നിവ വാദ്യാരുടെ ബാലസാഹിത്യകൃതികളാണ്. ദേവനാഗരി ലിപിയാണ് കൊങ്കണി എഴുതാനായി ഉപയോഗിക്കുന്നത്. അദ്ദേഹത്തിന്റെ *ബാലു* എന്ന കൊങ്കണി നോവൽ കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരത്തിന് തിരഞ്ഞെടുക്കപ്പെട്ടു. ഉപജീവനത്തിനായി സ്ക്രാപ്പ് ശേഖരിക്കുന്ന കൊങ്കണിബാലന്റെ കഥ പറയുന്ന കൃതിയാണിത്.

തങ്ങളുടെ ഭാഷയും സംസ്കാരവും സംരക്ഷിക്കുവാൻ ശ്രമിക്കുന്നതോടൊപ്പം വന്നുചേർന്ന നാടിന്റെ സംസ്കാരത്തെ സ്വീകരിക്കാനും അംഗീകരിക്കാനും ഇവർക്കു സാധിക്കുന്നു. അതുകൊണ്ടുതന്നെ ഗൗഡസാരസ്വതബ്രാഹ്മണരുമായി അടുത്തിടപഴകുന്നവർക്കുമാത്രമേ അവരെ തിരിച്ചറിയാൻ സാധിക്കുകയുള്ളൂ. അല്ലാത്തപക്ഷം അവരും സാധാരണ ഇരിങ്ങാലക്കുടക്കാരാണ്.

## 2.8 ഇരിങ്ങാലക്കുടയുടെ ക്രൈസ്തവപാരമ്പര്യം

പ്രാദേശികചരിത്രത്തിന്റെ രൂപീകരണത്തിൽ മതങ്ങൾ വഹിക്കുന്ന പങ്ക് നിർണായകമാണ്. *മതത്തോട് ഒരു ചരിത്രകാരന്റെ സമീപനം* (A Historians Approach to Religion) എന്ന ആർനോൾഡ് ടോയൻബിയുടെ കൃതിയെ ഉദ്ധരിച്ചുകൊണ്ട് പുതുശ്ശേരി രാമചന്ദ്രൻ അഭിപ്രായപ്പെടുന്നത് ശ്രദ്ധേയമാണ്, "അതിയുക്തിവാദത്തിന്റെ അതിപ്രസരം ഇല്ലാതെ സമചിത്തതയാർന്ന അപഗ്രഥനമാണ് മതപ്രശ്നങ്ങളെ വിലയിരുത്തുമ്പോൾ ചരിത്രകാരൻ സ്വീകരിക്കേണ്ടത്" (2007:lxxix). വിശ്വാസങ്ങളും ഐതിഹ്യങ്ങളും കെട്ടുകഥകളും ചരിത്രസത്യങ്ങളും കൂടിക്കുഴഞ്ഞ അവസ്ഥയിലാണ് കേരളത്തി

ന്റെ ക്രൈസ്തവസഭാചരിത്രം വ്യവഹരിച്ചു പോരുന്നത്. സംസ്കാരചരിത്രത്തിൽ ശ്രദ്ധേയമായ സ്ഥാനമാണ് ഇത്തരം പഠനങ്ങൾക്കുള്ളത്.

വൈദേശിക വ്യാപാരത്തിനൊപ്പം കടന്നുവന്ന വൈദേശികമതങ്ങളും ആദ്യമെത്തിയത് തുറമുഖനഗരമായിരുന്ന മുസ്സരിസിലാണ്. പ്രാചീനകൃതികൾ മുസ്സരിസ് എന്നും മുരചിപത്തനമെന്നും മറ്റും വ്യവഹരിക്കുന്ന ഇന്നത്തെ കൊടുങ്ങല്ലൂരിൽനിന്ന് വടക്കു മാറി സ്ഥിതി ചെയ്യുന്ന പട്ടണപ്രദേശമാണ് ഇരിങ്ങാലക്കുട. ഇരിങ്ങാലക്കുടയിൽ ക്രിസ്ത്യാനികൾക്ക് ഒരു ദേവാലയം സ്ഥാപിതമാകുന്നത് പൊ.വ. 1845 -ൽ മാത്രമാണ്. അതുവരെ മാപ്രാണം, വെളയനാട്, താഴേക്കാട് തുടങ്ങിയ സമീപപ്രദേശങ്ങളാണ് ക്രൈസ്തവസങ്കേതങ്ങളായി നിലനിന്നിരുന്നത്. തള്ളപള്ളി എന്നറിയപ്പെടുന്ന ഈ ദേവാലയങ്ങളിൽ പുരാതനമായ നസ്രാണിപാരമ്പര്യത്തിന്റെ അനുരണനങ്ങൾ ഇന്നും നിലനിൽക്കുന്നതായി കാണാം.

വടക്ക് കരുവന്നൂർപുഴ, കിഴക്ക് മുരിയാട്കായൽ, പടിഞ്ഞാറ് കാക്കത്തിരുത്തി പുഴ, തെക്ക് കൊടുങ്ങല്ലൂർ കായൽ തുടങ്ങി ജലഗതാഗതത്തിന് അനുയോജ്യമായ ഭൂപ്രദേശങ്ങളായിരുന്നു ഇവിടങ്ങളിലേത്. ഈ ജലാശയങ്ങൾ കീഴോട്ടൊഴുകി കായലിൽ വന്നുചേർന്ന് അഴിമുഖത്തുകൂടി സമുദ്രത്തിൽ പതിച്ചിരുന്നതിനാൽ ജലമാർഗ്ഗം കൊടുങ്ങല്ലൂർ തുറമുഖത്തേക്ക് കച്ചവടസാധനങ്ങൾ കൊണ്ടുപോകുന്നതിനോ വഴിയാത്രക്കാർക്ക് പോക്കുവരവ് നടത്തുന്നതിനോ പ്രയാസമുണ്ടായിരുന്നില്ല. കൊടുങ്ങല്ലൂർ തുറമുഖവുമായി കച്ചവടബന്ധങ്ങൾ സ്ഥാപിച്ചിരുന്ന വിദേശികളായ യഹൂദൻമാരും ക്രിസ്ത്യാനികളും ഈ കാരണത്താൽ ഇവിടെ താമസിച്ചുപോരുകയും കാലങ്ങൾക്കു ശേഷം കുടിയേറ്റക്കാരായി മാറുകയും ചെയ്തു (ഇരിങ്ങാലക്കുട രൂപത ചരിത്രത്തിലൂടെ 1978 - 2009). ഇരിങ്ങാലക്കുടയുടെ ക്രൈസ്തവജീവിതത്തിന് തികച്ചും അനുയോജ്യമായിരുന്നു ഈ ജലഗതാഗത മാർഗ്ഗങ്ങൾ.

കൃഷിക്കനുയോജ്യവും ജലലഭ്യത ഏറിയതുമായ ഈ പ്രദേശങ്ങൾ ഉൾനാടൻ കാർഷികവിളകൾക്കും സവിശേഷമാണ്. വിഭവോൽപാദനരംഗത്തും ക്രൈസ്തവർ ശ്രദ്ധകേന്ദ്രീകരിച്ചിരുന്നു. കൂടൽമാണിക്യം ദേവസ്വംവക നെൽവയലുകളിൽ അധികവും പാട്ടത്തിനെടുത്ത് കൃഷി ചെയ്തിരുന്നത് കൃഷിപ്പണിയിൽ വിദഗ്ധരായ ക്രിസ്ത്യാനികളാ

യിരുന്നുവെന്ന്, ക്രൈസ്തവരുടെ കുടുംബചരിത്രങ്ങൾ അവകാശപ്പെടുന്നു.[24] ക്രിസ്ത്യാനികൾക്ക് കൃഷിഭൂമി പാട്ടത്തിനു നൽകിയതിന്റെ രേഖകൾ കൂടൽമാണിക്യം ക്ഷേത്രം ആർക്കെയ്വ്സിൽ ലഭ്യമാണ്. "സാമ്പത്തികരംഗത്ത് കൃഷിയുടെ മഹത്വം അംഗീകരിക്കാനും നവീനാശയങ്ങൾ പരീക്ഷിക്കാനും മുന്നിട്ടുനിന്നതും ക്രൈസ്തവപൈതൃകത്തിന്റെ ഭാഗമായി വിലയിരുത്തപ്പെടേണ്ടതുണ്ട്. നാണ്യവിളകളുടെ കൃഷിയിലും പുതിയ പ്രദേശങ്ങൾ കൃഷിയിടങ്ങളാക്കുന്നതിലും സുറിയാനികൾ മുൻപന്തിയിൽനിന്നു. അതിനു കാരണം പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിലും കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കത്തിലും നിലനിന്ന അന്തരീക്ഷമാണ്. ബ്രാഹ്മണരും ക്ഷത്രിയരും കൃഷിക്കാർ ആയിരുന്നില്ല. നായന്മാർ മാടമ്പിത്തവും വ്യവഹാരകൗതുകവുംകൊണ്ട് കൃഷി ശ്രദ്ധിച്ചതുമില്ല" എന്ന് ഡോ. ഡി. ബാബുപോൾ വിലയിരുത്തുന്നു (2013:710). ബാക്കിവന്ന ഈഴവർക്കോ അവർണർക്കോ ആകട്ടെ കാര്യമായി മുടക്കാൻ മുതലോ കൃഷിയിറക്കാൻ സ്വന്തം മണ്ണോ ഉണ്ടായിരുന്നില്ല. സ്വഭാവികമായും ഒമ്പത്, പത്ത് നൂറ്റാണ്ടുകളിൽത്തന്നെ ക്രിസ്ത്യാനികൾ ഇവിടെവന്നു താമസമാക്കി എന്ന് വേണം കരുതാൻ.

## 2.8.1 മാപ്രാണം കുരിശുപള്ളി

കേരളത്തിലെ പുരാതന ദേവാലയങ്ങളിൽ ഒന്നാണ് മാപ്രാണം മാർശ്ലീവാപള്ളി അഥവാ കുരിശുപള്ളി. പൊ.വ. 928 ആണ് ദേവാലയ നിർമ്മാണകാലമായി കണക്കാക്കുന്നത്. പൊളിച്ചുനീക്കിയ പഴയപള്ളിയുടെ മുഖവാരത്തിൽ കാടക്കണ്ണൻ വെട്ടുകലിൽ പൊ.വ. 928 എന്ന് കൊത്തിവെച്ചിരുന്നു. തൃശ്ശൂർ രൂപത ആദ്യമായി ഒരു വൈദിക പഞ്ചാംഗം പ്രസിദ്ധീകരിച്ചപ്പോൾ അന്ന് നിലവിലുണ്ടായിരുന്ന പള്ളികളുടെ സ്ഥാപിത വർഷം പഞ്ചാംഗത്തിൽ രേഖപ്പെടുത്തിയത് വരാപ്പുഴരൂപതയിൽ സംരക്ഷിക്കപ്പെട്ടിരുന്ന രേഖകളെ അവലംബമാക്കിയാണ്. അവിടെയും ഇതേ വർഷം തന്നെ ആവർത്തിക്കുന്നു.

പല കാലങ്ങളിലായി പള്ളിക്കെട്ടിടം പുനർനിർമാണത്തിന് വിധേയമായിട്ടുണ്ട്. 1989 -ലെ നിർമ്മാണവേളയിൽ പറമ്പിലെ മണ്ണ് മാറ്റിയപ്പോൾ, ഇപ്പോൾ നിൽക്കുന്ന പള്ളിയുടെ തെക്ക് വശത്തും വടക്ക്പടിഞ്ഞാറ് വശത്തും പ്രാചീനപള്ളി ഉണ്ടാ

[24] ആലപ്പാട്ട് പാലത്തിങ്കൽ തറവാട്ട് ചരിത്രം ഭാഗം 1, 2001, ഹിസ്റ്ററി കമ്മിറ്റി ആലപ്പാട്ട് പാലത്തിങ്ങൽ തറവാട്ട് യോഗം,കാട്ടൂർ.

യിരുന്നുവെന്ന് വ്യക്തമായിട്ടുണ്ട്. പള്ളി പൊളിച്ചപ്പോൾ പള്ളിയുടെ മുറ്റത്തുനിന്ന് പന്ത്ര ണ്ടോളം വലിയ മൺജാറകൾ കണ്ടെടുത്തു. പഴയ ദേവാലയാവശിഷ്ടങ്ങളിൽ അധി കവും തേക്കിൻ തടിയിലാണെങ്കിലും ഇവിടുത്തെ പ്രധാന പ്രതിഷ്ഠയായ സ്ലീവാകുരിശ് വരിക്കപ്ലാവിന്റെ കാതൽകൊണ്ടാണ് നിർമ്മിച്ചിട്ടുള്ളത്. പഞ്ചലോഹങ്ങൾകൊണ്ടല ങ്കരിച്ച കുരിശ് ചിന്തേരു ചെയ്തിട്ടില്ല എന്നത് ശ്രദ്ധേയമാണ്. മരംകൊണ്ടുള്ള പ്രതിഷ്ഠ യാണെങ്കിൽ അത് വരിക്കപ്ലാവിന്റെ കാതൽകൊണ്ട് നിർമ്മിക്കുക എന്നത് ഹൈന്ദവ ക്ഷേത്രങ്ങളുടെ രീതിയാണ്. കൂടാതെ, സ്വർണ്ണമോ വെള്ളിയോ ലഭ്യമാണെന്നിരിക്കെ പഞ്ചലോഹങ്ങളാൽ അലങ്കരിക്കുക എന്നതും തീർത്തും കേരളീയം തന്നെ. ഹൈന്ദ വാചാരങ്ങളിൽ ഇഴചേർന്ന ഒരു കാലഘട്ടത്തിന്റെ സംഭാവനയാണ് ഈ ശ്ലീവാകുരിശ് എന്ന് ജനങ്ങൾ വിശ്വസിക്കുന്നു.

പുരാതനപള്ളികളിൽ മാത്രം കണ്ടുവരുന്ന പ്രസംഗപീഠത്തിന് (പുൾപിറ്റ്) അറു നൂറിലധികം വർഷം പഴക്കം കണക്കാക്കപ്പെടുന്നു (നോ. അനുബന്ധം 1.7.1). ഒറ്റ ത്തടി തേക്കുകൊണ്ട് പണിതീർത്ത കലാരൂപങ്ങളുടെ ശീലാന്തി (ബീം), തേക്കിൻത ടിയിൽ തീർത്തിട്ടുള്ള ആനകൾ, ഇറ്റാലിയൻ മണി, കൊച്ചിരാജാവിന്റെ കയ്യൊപ്പും മുദ്രയും ഉള്ള താളിയോലകൾ തുടങ്ങി അനവധി വസ്തുക്കൾ പള്ളിയുടെ പ്രാചീനതയ്ക്ക് തെളിവായി സൂക്ഷിച്ചുവരുന്നു. "പുതിയപള്ളി പണിതുടങ്ങുന്നതിനു മുമ്പ് പള്ളി മേപ്പൂട്ടിലു ണ്ടായിരുന്ന ആലവട്ടം വെൺചാമരം ചെമ്പോലകൾ എന്നിങ്ങനെ പലതും നഷ്ടപ്പെട്ടു പോയിട്ടുണ്ട്. നഷ്ടപ്പെട്ടവ പലതും സഭാമന്ദിരങ്ങളിൽ ആഡംബര വസ്തുക്കളായി കാഴ്ച സ്ഥാനം പിടിച്ചിട്ടുണ്ട് എന്ന് പഴമക്കാർ പറയാറുണ്ട്" (ജോൺസൺ എടത്തിരുത്തി ക്കാരൻ, 2013:107). കൊച്ചിരൂപതയുടെ പദ്രുവാദോ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുള്ളതും 350 വർഷങ്ങൾക്ക് മുൻപ് തയ്യാറാക്കപ്പെട്ടത് എന്ന് കരുതുന്നതുമായ ഒരു ഭൂപടത്തിൽ ഈ ദേവാലയത്തെ 'ചർച്ച് മഹാപൂക്കോണ'മെന്ന് രേഖപ്പെടുത്തിയിരിക്കുന്നു (നോ. അനുബന്ധം 1.7).[25]

മാപ്രാണം കുരിശുപള്ളിയിയെ കേരളത്തിലെ മറ്റ് ദേവാലയങ്ങളിൽനിന്ന് വ്യ ത്യസ്തമാക്കുന്ന മറ്റൊരു ഘടകം, വത്തിക്കാൻ ആധികാരികമായി നൽകിയിരുന്ന തിരുശേഷിപ്പുകളാണ് (നോ. അനുബന്ധം 1.7.2).

[25] സ്നേഹഗീതം, 2006, ഹോളിക്രോസ് ചർച്ച്, മാപ്രാണം

- പൊ.വ. 625 -ൽ ഹെറോക്ലിസ് ചക്രവർത്തി പേർഷ്യയിൽനിന്ന് വീണ്ടെടുത്ത വി.കുരിശിന്റെ തിരുശേഷിപ്പ് (എ.ഡി 1887 സെപ്റ്റംബർ 21 -ന് ലഭിച്ചു)
- പീഡാനുഭവയാത്രാമധ്യേ വേറോനിക്കാ ക്രിസ്തുവിന്റെ തിരുമുഖം തുടച്ചപ്പോൾ ത്തുവാലയിൽ പതിഞ്ഞ തിരുരക്തത്തിന്റെ തിരുശേഷിപ്പ് (1883 ജൂലൈ 13 -ന് ലഭിച്ചു).
- കുരിശുമരണത്തിനുശേഷം റോമൻ സൈനികൻ മിശിഹായുടെ പാർശ്വത്തിൽ കുത്തിയപ്പോൾ കുന്തത്തിൽ പതിഞ്ഞ രക്തത്തിന്റെ തിരുശേഷിപ്പ് (1888 ജൂലൈ 13 -ന് ലഭിച്ചു).

എന്നിവയാണവ. ലോകത്തിൽ തന്നെ വളരെ അപൂർവ്വം പള്ളികൾക്ക് മാത്രമേ ഈ തിരുശേഷിപ്പുകൾ ലഭ്യമായിരുന്നുള്ളൂ. എന്നാൽ, 2010 നവംബർ 30 -ന് ഇവ മോഷ്ടിക്കപ്പെട്ടു. അതോടൊപ്പം ഉണ്ടായിരുന്ന പഞ്ചലോഹനിർമ്മിതമായ കുരിശ് ഇളക്കി മാറ്റിയതല്ലാതെ മോഷ്ടാക്കൾ കൊണ്ടുപോയില്ല എന്നതും ശ്രദ്ധേയമാണ്. സാമ്പത്തികലാഭമല്ല മോഷണത്തിന് പിന്നിലുള്ളതെന്ന് അതിൽനിന്നും ഊഹിക്കാം.

കേരളത്തിലെ പഴയ പ്രധാനപള്ളികളെക്കുറിച്ച് പള്ളിപ്പാട്ടുകൾ ഉണ്ടായിരുന്നു. "പഴമക്കാർ മാപ്രാണം പള്ളിയെക്കുറിച്ചുള്ള പള്ളിപ്പാട്ട് വേദോപദേശക്ലാസുകളിൽ പഠിക്കുവാൻ ഉണ്ടായിരുന്നതായി പറയുന്നുണ്ട്. കേരളസംസ്ഥാന പിറവിക്കു മുമ്പുള്ള നാളുകളിൽ ഹൈസ്കൂൾ തലത്തിൽ മാപ്രാണത്തെക്കുറിച്ച് പഠിക്കാൻ ഉണ്ടായിരുന്നതായി പറയുന്നു. പള്ളിപ്പാട്ടുകൾ സാമാന്യത്തിലധികം പുരാതനങ്ങളും ചരിത്രദൃഷ്ട്യാ വിലയേറിയ രേഖകളും ആണ്. ഈ പാട്ടുകളിൽ പള്ളി പണിചെയ്യിച്ച കുടുംബക്കാരെ പറ്റിയും സ്ഥലം ദാനംചെയ്ത രാജകുടുംബത്തെക്കുറിച്ചും പരാമർശങ്ങൾ കാണുന്നു" (ജോൺസൺ എടത്തിരുത്തിക്കാരൻ, 2013:109). പള്ളിപ്പാടൻ എന്ന പേരിലറിയപ്പെടുന്ന കുടുംബങ്ങൾ മാപ്രാണത്തുണ്ട്. അവർ പള്ളിപ്പാട്ടുകൾ പാടി ഉപജീവനം നടത്തിയവരായിരുന്നത്രേ. ഇരിങ്ങാലക്കുട, പനംകുളം, പല്ലിശ്ശേരി, കാറളം, മൂർക്കനാട്, കരുവന്നൂർ, പൊറത്തിശ്ശേരി, കുഴിക്കാട്ടുകോണം തുടങ്ങിയ ഇടവകകളെല്ലാം കാലാന്തരത്തിൽ മാപ്രാണം തള്ളപള്ളിയിൽനിന്ന് പിരിഞ്ഞു പോയവരാണ്.

### 2.8.2 താഴെക്കാട് മുത്തപ്പൻ

കേരളചരിത്രത്തിൽ ശ്രദ്ധേയമായ സ്ഥാനം നേടിയ താഴേക്കാട് ശിലാരേഖ (നോ. അനുബന്ധം 1.3, 1.3.1, 1.3.2) സംരക്ഷിച്ചുപോരുന്ന ഇടം എന്ന നിലയിൽ ഏറെ ശ്രദ്ധേയവും പ്രധാനവുമാണ് വി.സെബസ്ത്യാനോസിന്റെ ദേവാലയം. താഴെക്കാട് മുത്തപ്പൻ എന്നാണ് പ്രദേശവാസികൾ വിശ്വാസപൂർവ്വം ഇവിടത്തെ പ്രതിഷ്ഠയെ പറഞ്ഞുവരുന്നത്. പള്ളിക്ക് മുന്നിലുള്ള കുരിശിന്റെ തറയിൽ സ്ഥാപിതവർഷമായി പൊ.വ. 800 എന്ന് കാണുന്നു. പതിനെട്ടാം നൂറ്റാണ്ടിൽ ടിപ്പുവിന്റെ പടയോട്ടവുമായി ബന്ധപ്പെട്ട് താഴേക്കാടും പരിസരവും സൈന്യം കൊള്ളയടിച്ചു എന്നും വി. സെബസ്ത്യാനോസിന്റെ രൂപം ഇഞ്ചക്കാട്ടിൽ എറിയപ്പെട്ടു എന്നും ഇന്നാട്ടുകാർ വാമൊഴിയായി പറഞ്ഞുവരുന്ന കഥയാണ്. 1917 -ലാണ് പള്ളിയുടെ പുനർനിർമ്മാണം നടന്നത്.

രാജസിംഹനെന്ന ചേരരാജാവിന്റേതാണ് (പൊ.വ. 1023 -1043) താഴേക്കാട്ട് രേഖ. രാജസിംഹപെരുമാനടികൾ താഴെക്കാട്ടു ഏർപ്പെടുത്തിയ (മണിഗ്രാമക്കാരായ) വണിക്കുകൾക്ക് ഊരാളർ സർവസമ്മതമായി പീടിക കെട്ടുവാൻ നൽകിയ സ്ഥലം: ചെറുപള്ളി അതിരിൽ പടിഞ്ഞാറു പേരാലിനു വടക്കും കരപ്പള്ളിക്കു കിഴക്കു കീഴ്ത്തിരു കോയിൽവക ദേവഭൂമിക്ക് തെക്കും ഉള്ള സ്ഥലമാണിത്. ഇതിനകത്ത് ഊരാള തടുക്കുകയോ - താമസിക്കുകയോ പീടികമേ - പ്രവേശിക്കുകയോ പാടില്ല. വ്യവസ്ഥ ലംഘിക്കുന്നവർ അച്ഛനെക്കൊന്ന് അമ്മയെ ഭാര്യയാക്കി സ്വീകരിക്കുന്ന പാപം ചെയ്തവരാകും... എന്നിങ്ങനെ പുതുശ്ശേരി രാമചന്ദ്രൻ ശാസനത്തെ വിശദീകരിക്കുന്നു (2007:92). അക്കാലത്ത് നാടുവാഴികളും രാജാക്കന്മാരും ക്രൈസ്തവർക്ക് വാണിജ്യപരമായ സൗകര്യങ്ങൾ ചെയ്തു കൊടുത്തതിന്റെ തെളിവായി ഈ ശിലാഫലകം ചരിത്രത്തിൽ ഇടംനേടുന്നു.

ഇവ്വൂ(രിൽ) ... മണിക്കിരാമത്താർ (ആന) ചാത്തമ് വടുക്കൻ ഇരവി ചാത്തനു മിവർകളിരുവർക്കു മിരണ്ടുമുറിപ്പിടികൈ (യാ) ലിറൈ യില്ലൈ ... (നോ. അനുബന്ധം 1.3).

ഇവിടെ പരാമർശിക്കപ്പെടുന്ന മണിഗ്രാമക്കാരായ ചാത്തൻ വടുക്കൻ ഇരവി ചാത്തൻ എന്നീ പേരുകൾ ശ്രദ്ധേയമാണ്. വ്യക്തിനാമങ്ങളിൽനിന്നും മതഭേദങ്ങൾ തിരിച്ചറിയാൻ തുടങ്ങിയത് യൂറോപ്യന്മാരുടെ കടന്നുവരവിന് ശേഷം മാത്ര

മാണ്. തുടർന്ന് ഇരുപത്തിരണ്ടാമത്തെ വരിയിൽ കച്ചവടത്തിനായി നൽകിയ പീടികമുറികൾക്ക് മറ്റെല്ലാ നികുതികളും ഒഴിവാക്കി നൽകിയെങ്കിലും ഓണനെല്ല് നൽകണമെന്ന് നിഷ്കർഷിക്കുന്നു. ഓണനെല്ലിനോടൊപ്പം പടയണി എന്ന പദവും പരാമർശിക്കപ്പെടുന്നു. ഓണത്തെപ്പറ്റിയുള്ള പ്രാചീനരേഖകളിലൊന്നാണിത്. ഇന്നെന്നപോലെ അന്നും ഓണം മലയാളിയുടെ ദേശീയോത്സവമായിരുന്നു എന്ന് വേണം കരുതാൻ.[26] പ്രദേശത്തെ പത്ത് അമ്പലങ്ങൾക്ക് നടുവിലാണ് ഈ ദേവാലയം. തൊട്ടടുത്തുതന്നെയുള്ള ശിവക്ഷേത്രത്തിൽ തൊഴാനെത്തുന്നവർ മുത്തപ്പന്റടുത്തുവന്ന് പ്രാർത്ഥിച്ച് നേർച്ചയിടും. പള്ളി കണക്കെഴുത്തുകാർ കാലങ്ങളായി മേനോൻ കുടുംബത്തിൽപ്പെട്ടവരാണ് എന്നത് ശ്രദ്ധേയമാണ്.

മുത്തപ്പന്റെ തിരുനാളിനോടനുബന്ധിച്ച് പറയസമുദായക്കാർ നടത്തിവരുന്ന വട്ടമുടിക്കെട്ട്, കുതിരകളി, കോൽക്കളി എന്നീ ആചാരങ്ങൾ ശ്രദ്ധേയമാണ്. തിരുനാളിന് കൊടികയറിയാലുടനെ വട്ടമുടിക്കെട്ടുമായി ഇവർ തറതെണ്ടാൻ പോകുന്നു. പെരുന്നാളിന് കൊടികയറിയ വിവരം നാട്ടുമുഴുവൻ അറിയിക്കുകയാണ്. വ്രതമെടുത്ത് മദ്ദളത്തിന്റെയും ചെണ്ടയുടെയും സഹായത്തോടെ ചെയ്യുന്ന ഈ ആചാരം പ്രധാന തിരുനാൾ ദിവസം പ്രദക്ഷിണം ഇറങ്ങുന്നതിനു മുമ്പ് പള്ളിയുടെ നടയിൽ വന്നാണ് അവസാനിക്കുക. പെരുന്നാളിന്റെ പ്രദക്ഷിണത്തിലാണ് കുതിരകളിയും കോൽക്കളിയും അരങ്ങേറുക. മുള, വൈക്കോൽ, വെള്ളത്തുണി, കുരുത്തോല എന്നിവകൊണ്ട് കുതിരയുടെ രൂപം ഉണ്ടാക്കി വാദ്യമേളത്തോടുകൂടി നടത്തുന്നതാണ് കുതിരകളി. കുതിര നട കേറുമ്പോൾ താഴെക്കാട് മുത്തപ്പനെ പ്രകീർത്തിച്ചുകൊണ്ട് പാടുന്നു,

താഴേക്കാട്ടപ്പാ, പൊന്നും കുരിശുമുത്തപ്പാ
താഴേക്കാട് പൊന്നും പള്ളീ
പൊന്നും കുരിശുമുത്തപ്പാ
മുത്തപ്പന്റെ കരത്തടിയാരെ
മുത്തപ്പന്റെ നടകേറാനേ
കുതിരകളിയാണ് മുത്തപ്പാ തേര്കൊട്ക്കണ നേരം
പൊന്നാര പൊന്നു മുത്തപ്പാ തേരിറങ്ങിക്കണ നേരം

[26] https://kesariweekly.com/37565/

മുടികളി കളിയല്ല മുത്തപ്പാ,താളം ചവിട്ടണ് മുത്തപ്പാ..."[27]

കോൽക്കളിയിൽ, ചെണ്ടയുടെ പിന്നണിയോടെ ചുരുങ്ങിയത് പത്തുപേരെങ്കിലും ഉണ്ടായിരിക്കും. പള്ളി അധികാരികളുടെ അനുവാദത്തോടെ ഈ കലാരൂപങ്ങൾ ഇന്നും ഇവിടെ അരങ്ങേറുന്നു. മുത്തി, മുത്തപ്പൻ തുടങ്ങിയ പ്രയോഗങ്ങളും അമ്മദൈവ സങ്കൽപങ്ങളും ദ്രാവിഡബോധ്യങ്ങളുടെ ഭാഗമാണ്.

## 2.8.3 വെളയനാട്ടമ്മ

വെളയംകോട് കായൽ പ്രദേശം വിളവിന്റെ നാടാവുകയും കാലക്രമേണ വെളയനാടായി മാറുകയും ചെയ്തതിന്റെ വാമൊഴി ചരിത്രമാണ് ഇന്നാട്ടുകാർക്ക് പറയാനുള്ളത്. പള്ളിയുടെ പ്രാചീനത തെളിയിക്കാൻ ലിഖിത രേഖകളുടെ അഭാവം വിലങ്ങുതടിയാകുന്നു. എങ്കിലും, 1971 -ൽ പുതിയപള്ളി വരുന്നതിനുമുമ്പ് ആരാധന നടത്തിയിരുന്ന ദേവാലയം ഇന്നും പഴമയോടെ സൂക്ഷിക്കുന്നു എന്നത് ശ്രദ്ധേയമാണ്. കൊറ്റനെല്ലൂരിൽ ചെറിയ റോമോ - സിറിയൻ പള്ളി ഉള്ളതായി ലെഫ്റ്റനന്റ് കോണർ പറയുന്നത് വെളയനാട് ദേവാലയത്തെക്കുറിച്ചായിരിക്കണം (1994:248). വെളയനാട് പള്ളിയുടെ ഭാഗമായിരുന്ന കൊറ്റനല്ലൂരിൽ ഒരു ദേവാലയം ഉണ്ടാകുന്നത് 1957 -ൽ മാത്രമാണ്. എ.ഡി 900 -ൽത്തന്നെ വെളയനാട് ഒരു ദേവാലയം സ്ഥാപിതമായിരുന്നതായി കരുതപ്പെടുന്നു. കൊടുങ്ങല്ലൂരിൽനിന്ന് കുടിയേറിപ്പാർത്തവരായിരിക്കണം ഇവിടത്തെ ആദിമ ക്രിസ്ത്യാനികൾ.

വെളയനാട് ഒരു ദേവാലയം സ്ഥാപിതമായതിനു കാരണമായി അയ്യൻചിരുകണ്ടനുമായിബന്ധപ്പെട്ട ഐതിഹ്യം അയ്യൻചിരുകണ്ടൻ എന്ന ഭാഗത്ത് സൂചിപ്പിച്ചിട്ടുണ്ട് (നോ. 2.5). പാർലമെൻറിൽ മുകുന്ദപുരത്തെ പ്രതിനിധീകരിച്ചിരുന്ന ലോനപ്പൻ നമ്പാടൻ, *സഞ്ചരിക്കുന്ന വിശ്വാസി* എന്ന ആത്മകഥയിൽ, അയ്യർചിരുകണ്ടരാജാവിന്റെ കഥ വിവരിച്ചതിനു ശേഷം ഇപ്രകാരം രേഖപ്പെടുത്തുന്നു, “ഇതോടെ മുകുന്ദപുരം ചരിത്രത്തിൽ സ്ഥാനം നേടുകയായിരുന്നു. മുകുന്ദപുരം അമ്പലപ്പറമ്പിലും പരിസരത്തും ഇന്നും പൗരാണികതയുടെ അവശിഷ്ടങ്ങൾ മണ്ണിനടിയിലുണ്ട്. അതിപുരാതനമായ വെളയനാട് പള്ളി സ്ഥാപിക്കുന്നതിനു സൗജന്യ സ്ഥലം കല്പിച്ചനുവദിച്ചത് അക്കാല

[27] താഴെക്കാട് പള്ളിയിലെ വി. കരിശുമുത്തപ്പന്റെ ചരിത്രം, 2005, ചരിത്രകമ്മിറ്റി, സെന്റ്. സെബാസ്റ്റ്യൻ ചർച്ച്, താഴെക്കാട്

ത്തായിരുന്നു" (2012:98). കടുപ്പശ്ശേരി, തുമ്പൂർ, കൊറ്റനല്ലൂർ, കുതിരത്തടം, കല്ലംകുന്ന്, അവിട്ടത്തൂർ, ഊരകം, നടവരമ്പ് തുടങ്ങിയ പ്രദേശങ്ങൾക്ക് മാതൃദേവായമായിരുന്നത് വെളയനാടാണ്.

## 2.8.4 നേർച്ചകാഴ്ചകളിലെ കേരളീയത

പള്ളിയുടെ നട മുട്ടുകുത്തി കയറുന്ന രീതി ദേവാലയങ്ങളിൽ ഇന്നും ഭക്തിയോടെ നിർവഹിക്കുന്നു. ഹൈന്ദവക്ഷേത്രങ്ങളിലെ ശയനപ്രദക്ഷിണത്തോട് സാദൃശ്യം തോന്നുന്ന ഈ ആചാരം 'ഉദ്ദിഷ്ടകാര്യത്തിനു വേണ്ടിയും ഉപകാരസ്മരണ'യായും നടത്തിവരുന്നു. കൂടാതെ നേർച്ചവെടി, കുട്ടുറക്കൽ, തുലാഭാരം, അടിമയിരുത്തൽ തുടങ്ങിയ വഴിപാടുകളും ഇവിടങ്ങളിലുണ്ട്. മാപ്രാണം കരിശുമുത്തപ്പന് മെഴുകുതിരി നേർച്ചയാണ് പ്രധാനം. ആൾ തൂക്കത്തിലുള്ള മെഴുകുതിരി നേർച്ച ഇവിടെ സാധാരണമാണ്. താഴെക്കാട് മുത്തപ്പനാകട്ടെ 'കുരുവും ചുളയും' ആണ് നേർച്ച. അരിമാവുകൊണ്ട് ഉരുട്ടി ഉണ്ടാക്കുന്ന ഇത് ഭക്ഷ്യയോഗ്യവും രുചികരവുമാണ്. ശരീരാവയവങ്ങൾക്കുണ്ടാകുന്ന വൈകല്യങ്ങൾക്കാശ്വാസം ലഭിക്കാനാണ് ഈ നേർച്ച വഴിപാട്. ചിങ്ങം അഞ്ച് കഴിഞ്ഞുവരുന്ന പുത്തരിത്തിരുന്നാളിൽ, തങ്ങളുടെ നിറവിളവിനുള്ള നന്ദിസൂചകമായി വെളയനാട്ടമ്മയ്ക്ക് നെൽക്കതിർ കാഴ്ചവെക്കുന്ന രീതി ഇന്നും ഈ പ്രദേശങ്ങളിലുണ്ട്. ജാതിമതഭേദമില്ലാതെയാണ് പ്രദേശവാസികൾ ഈ നേർച്ചകാഴ്ചകളിൽ പങ്കാളികളാകുന്നത്. കാർഷികസംസ്കാരവുമായി ഇഴചേർന്നു നിൽക്കുന്ന പൈതൃകമാണ് ഓണം, വിഷു തുടങ്ങിയ ആഘോഷങ്ങൾക്കുള്ളത്. ഇത്തരം കേരളീയപാരമ്പര്യങ്ങൾ ക്രൈസ്തവരും നിലനിർത്തുന്നു. ഇങ്ങനെ ഹൈന്ദവ - ക്രൈസ്തവ കൊടുക്കൽ വാങ്ങലുകൾക്ക് ധാരാളം ഉദാഹരണങ്ങൾ ഇവിടെയുണ്ട്.

എന്നാൽ, താരതമ്യേന പുതിയ പള്ളികളിൽ ഇത്തരം വഴിപാടുകൾ ഇല്ല എന്നതും ശ്രദ്ധേയമാണ്. തങ്ങൾ മറ്റൊരു സംസ്കാരത്തിന്റെ പിന്തുടർച്ചക്കാരാണ് എന്ന ചിന്ത ക്രൈസ്തവരിൽ വളർത്തിയെടുക്കുന്നതിൽ കോളനിവാഴ്ച ഒരു പരിധിവരെയെങ്കിലും വിജയിച്ചിട്ടുണ്ട് എന്ന് വേണം കരുതാൻ. ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനകൾ അതിന് തെളിവാണ് (സ്കറിയ സക്കറിയ, 1998:58-66). ഒരുകാലത്ത് ക്ഷേത്രമാതൃകയിലായിരുന്ന പള്ളികൾ ഇന്ന് റോമൻ വാസ്തുവിദ്യയിൽ രൂപകല്പന

ചെയ്യുന്നതും പാശ്ചാത്യസംസകാരത്തെ അനുകരിക്കാൻ ശ്രമിക്കുന്നതും ക്രൈസ്തവ സ്വത്വരൂപീകരണത്തിനുള്ള ശ്രമങ്ങളായി വിലയിരുത്താം.

### 2.8.5 ഇരിങ്ങാലക്കുട ചന്തയും ക്രിസ്ത്യാനികളും

1790 മുതൽ 1805 വരെ കൊച്ചി ഭരിച്ചിരുന്ന രാജാ രാമവർമ്മ എന്ന ശക്തൻ തമ്പുരാന്റെ പ്രത്യേക താൽപര്യപ്രകാരമാണ് ഇരിങ്ങാലക്കുട ഗ്രാമം വാണിജ്യപരമായി വളർന്നത്. ഇരിങ്ങാലക്കുടചന്തയെക്കുറിച്ച് വാർഡ് ആന്റ് കോണർ രേഖപ്പെടുത്തുന്നുണ്ട്.[28] കൊച്ചിയേയും തൃശ്ശൂരിനേയും പരസ്പരം ബന്ധിപ്പിക്കാൻ കഴിയുന്ന ഒരു പ്രധാന ഗതാഗത മാർഗ്ഗമായിരുന്നു ഇരിങ്ങാലക്കുട. അതുവഴി കരുപ്പടന്ന ചെന്നാൽ, ജലമാർഗ്ഗം എളുപ്പത്തിൽ എറണാകുളത്തെത്താം.[29] ഇരിങ്ങാലക്കുടയിൽനിന്നും ആറ് മൈൽ മാത്രം അകലെ സ്ഥിതി ചെയ്യുന്ന കരുപ്പടന ആദ്യകാലത്തെ പ്രധാന ജലമാർഗ്ഗമായിരുന്നതെന്ന് തൃശ്ശൂർ ഗസറ്റിയർ അടയാളപ്പെടുത്തുന്നു (1962:617). ഈ സാധ്യത മനസ്സിലാക്കിയിട്ടാവകണം, ഇരിങ്ങാലക്കുടയിൽ ഒരു ചന്തസ്ഥാപിതമായത്.

ജലമാർഗ്ഗം കൊച്ചിയിൽനിന്നും കരുപ്പടന്നയിലെത്തുന്ന ചരക്കുകളുടെ ആദ്യ വിപണിയായി ഇരിങ്ങാലക്കുട. ഇരിങ്ങാലക്കുട ചന്തയും തുടങ്ങിയത് ശക്തന്തമ്പുരാൻ തന്നെയാണെന്ന് 993 മകരം 24 -ന് അന്നത്തെ ദിവാനായിരുന്ന നഞ്ചപ്പയ്യർ, കേണൽ മൺട്രൊയ്ക്ക് അയച്ച ഒരു എഴുത്തിൽനിന്ന് മനസ്സിലാക്കാം. നഞ്ചപ്പയ്യയുടെ എഴുത്ത് ഇങ്ങനെയാണ് - '...ഈ ചന്ത തൃശ്ശൂരനു തീപ്പെട്ട മഹാരാജാവായിട്ടു പെട്ടകളും കെട്ടി അന്നുമുതൽ ഇന്നുവരെ ചന്തകുറവു കൂടാതെ നടന്നുവരുന്നു. ആ ചന്ത കൊണ്ടു ക്ഷേത്രത്തിനു അശുദ്ധിയും ഇല്ല. ഉണ്ടെന്നു തച്ചുടയകൈമെള്ളുക്കു എഴുതി അയപ്പാൻ യാതൊരു സംഗതിയും ഇല്ല' (നോ. അനുബന്ധം 1.12). ഇരിങ്ങാലക്കുട ചന്തകൊണ്ട് കൂടൽമാണിക്യക്ഷേത്രത്തിന് അശുദ്ധിയുണ്ടാകുന്നു എന്ന കൈമളുടെ പരാതിയാണ് ഈ എഴു

[28] It consists of a long wide street or Bazar, whose houses, often hovels placed at distant intervals, gives it a deserted aspects and it is only during the time of its market, a periodical one being held here every Saturday, that it wears a more lively appearance. Christians form a large share of its population except in the vicinity of the Pagoda whose Precincts they must not approach (Ward and Conner, 1994:248)

[29] which is only intersected by one large communication passing direct from Kurroopuddoonay to Punnuncoullum, where the river is passed by means of a Jungar (planks laid traversely on too small boats and which railed in forms a convenient stage) This is a part of the large road leading from Cochin to Trichoor (Ward and Conner, 1994:250).

ത്തിന് കാരണമായത്. ഇരിങ്ങാലക്കുടയിൽ ഒരങ്ങാടി വളർന്നുവരികയും ചുറ്റുമുള്ള ഗ്രാമങ്ങളിൽനിന്നും ക്രിസ്ത്യാനികൾ ഇവിടേക്ക് കുടിയേറി പാർക്കുകയും ചെയ്തു.

### 2.8.6 അയിത്തമില്ലാത്ത ക്രിസ്ത്യാനി

ജാതിപരമായ ഉച്ചനീചത്വങ്ങളും അയിത്തവും കൊടികുത്തി വാണിരുന്ന കാലമായിരുന്നു അത്. പറയനും പുലയനും ക്ഷേത്രപരിസരത്തെ പൊതുവഴി പോലും നിഷിദ്ധമായിരുന്ന അക്കാലത്ത്, കൂടൽമാണിക്യക്ഷേത്രത്തിലെ അനുദിന ആവശ്യങ്ങൾക്ക് വേണ്ടുന്ന കാർഷികവിഭവങ്ങൾ യഥാവസരം എത്തിച്ച് നൽകിയിരുന്നത് ക്രിസ്ത്യാനികളായ വ്യാപാരികളായിരുന്നു. ക്ഷേത്രത്തിലേക്ക് മാത്രമല്ല പരിസരപ്രദേശത്തെ നമ്പൂതിരി ഗൃഹങ്ങളിലേക്ക് അങ്ങാടിവാണിഭങ്ങൾ എത്തിച്ചു നൽകിയിരുന്നതും ക്രിസ്ത്യാനികളായിരുന്നു. രസകരമായ മറ്റൊരു വസ്തുത പലചരക്കുസാധനങ്ങൾ ഇല്ലങ്ങളിൽ എത്തിച്ചാൽ മാത്രം പോരാ അവ 'തൊട്ടു ശുദ്ധ'മാക്കി കൊടുക്കുകയും വേണം.

> 'തൈലാദി വസ്തുക്കളശുദ്ധമായാൽ
> പൈലോത് തൊട്ടാലത് ശുദ്ധമാകും'

എന്നൊരു ചൊല്ലുതന്നെ ഇവിടെയുണ്ട്. "എന്റെ ചെറുപ്പത്തിൽ ഞാൻ നേരിട്ട് കണ്ടിട്ടുണ്ട്, അങ്ങാടിയിൽനിന്ന് വാങ്ങിക്കൊണ്ടുവന്നിരുന്ന പുകയില, വെളിച്ചെണ്ണ എന്നീ സാധനങ്ങൾ, എന്റെ ബന്ധത്തിൽപ്പെട്ട ഒരാളെക്കൊണ്ട്, നടവരമ്പത്തുള്ള ഒരു നമ്പൂതിരി മനക്കാർ തൊട്ടുവിക്കുന്നത്. മനയുടെ നാലിറയത്തു നിരത്തിവെക്കുന്ന ആ സാധനങ്ങൾ നടുമുറ്റത്തു ചെന്നുനിന്ന് അദ്ദേഹം തൊട്ടു കൊടുക്കുകയായിരുന്നു. അതോടെ ആ വസ്തുക്കൾ മനയുടെ അന്തപുരത്തിലേക്ക് കൊണ്ടുപോവുകയും ചെയ്തു" എന്ന് ജോർജ്ജ് നെല്ലായി രേഖപ്പെടുത്തുന്നു (2009:20).

കഴിഞ്ഞ തലമുറയിലുള്ളവർക്ക് ഓർക്കാൻ കഴിയുന്ന കാലഘട്ടത്തിൽ പോലും കൂടൽമാണിക്യക്ഷേത്രത്തിലെ നാലുഭാഗത്തും ഉണ്ടായിരുന്ന കാവൽപുരകളിൽ രാപകൽ കാവൽനിന്നിരുന്നത് ക്രൈസ്തവരായിരുന്നു എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇന്നത്തെ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് ഇരിക്കുന്ന സ്ഥലത്തും നഗരത്തിന്റെ ഹൃദയഭാഗത്തെ ഠാണാവിലും അത്തരം കാവൽപ്പുരകൾ ഉണ്ടായിരുന്നു. അല്പം വടക്കുമാറി കാട്ടൂരിന് അടുത്ത് ഒരു സ്ഥലം ഇന്നും കാവൽപ്പുര എന്ന പേരിലാണ്

അറിയപ്പെടുന്നത്. ആളുകൾ പറഞ്ഞുപഴകി ചില്ലക്ഷരത്തിന് ലോപം വന്ന്, ഇന്നത് കാവുപുരയായി മാറിയിട്ടുണ്ട്. 'ഈച്ചയ്ക്കും പൂച്ചയ്ക്കും ക്രിസ്ത്യാനിക്കും അയിത്തമില്ലെന്ന' ചൊല്ലിനെ അക്ഷരാർത്ഥത്തിൽ അന്വർത്ഥമാക്കുകയാണ് ഇരിങ്ങാലക്കുടയിലെ സാമൂഹ്യവ്യവസ്ഥ.

## 2.8.7 ഇരിങ്ങാലക്കുട ദേവാലയം

ഇരിങ്ങാലക്കുടയിൽ ക്രൈസ്തവരുടെ എണ്ണം വർദ്ധിച്ചതോടെ, അവരുടെ അദ്ധ്യാത്മിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് അവിടെത്തന്നെ ഒരു പള്ളി വേണമെന്ന അഭിപ്രായമുയർന്നു. കൃഷിയും വ്യാപാരവും കൊണ്ട് സാമ്പത്തികനില വളർന്നതും ഇത്തരമൊരു ആഗ്രഹത്തിന്ന് ആക്കം കൂട്ടി. ഇരിങ്ങാലക്കുട ദേവാലയത്തിനായി സമർപ്പിച്ച അപേക്ഷകളിലൊന്ന് *ഇരിങ്ങാലക്കുടരൂപത ചരിത്രത്തിലൂടെ* എന്ന കൃതിയിൽ ചേർത്തിട്ടുള്ളത് ഇപ്രകാരമാണ്, "ഞങ്ങടെ എടവക പള്ളികൾ ഞങ്ങടെ കമ്പൊളം വിട്ട അകലപ്പെട്ട സ്ഥലങ്ങളിൽ ആകുന്ന പ്രകാരവും ഞങ്ങടെ കമ്പൊളത്തിൽ പള്ളി ഇല്ലായ്കയാൽ ആത്മകടത്തൊടു കൂടി ഏറിയ ആളുകളും പൈതങ്ങളും അപായം വന്നിരിക്കുന്നു എന്നും ഞങ്ങളെ കമ്പൊളത്തിൽ വസൂരിദീനം കൊണ്ടു പലം അപായം വന്നിരിക്കുന്ന ശവങ്ങൾ പള്ളിയിൽ എത്തിച്ച അടക്കിക്കണ്ടതിന്ന് വളരെ പ്രയാസമായിട്ടും വന്നിരിക്കുന്നു എന്നും അതിനാൽ ഉള്ള ബുദ്ധിമുട്ടുകൊണ്ടും മറ്റും വളരെ സങ്കടത്തൊടു കൂടി..." (2009:123) എന്നാണ് കൊ.വ. 1020 തുലാമാസം 15 -ന് ദിവാന് സമർപ്പിച്ച ഹർജിയിൽ പറഞ്ഞിരിക്കുന്നത്. കോമ്പാറകുന്നത്ത് പള്ളി പണിയുവാൻ അനുവാദത്തിനായി അന്നത്തെ കൊച്ചി മഹാരാജാവായിരുന്ന രാമവർമ്മതമ്പുരാന്, അപേക്ഷ സമർപ്പിച്ചെങ്കിലും പറയൻകുന്നത്ത് (പാറക്കുന്നത്ത്) സ്ഥാപിക്കുവാനാണ് കൽപ്പന ലഭിച്ചത്. ഇതിൽ അസംതൃപ്തരായ ജനം വീണ്ടും നിവേദനം നൽകി. "ഇരിങ്ങാലക്കുട കമ്മൊളളത്തിൽ ഇരിക്കും വിളയനാട കൽപ്പറമ്പ മാപ്രാണം ഈ മൂന്നു പള്ളി എടവകക്കാരായ പള്ളിപ്പാട്ട് കുഞ്ഞുവർക്കിയും ഒല്ലൂക്കാരൻ പറഞ്ചുവും ഇസ്തരു ഉക്കുറുപാലു ലോനയും ആലേങ്ങാടൻ പയിലോതും ചക്കച്ചാംപറമ്പിൽ വാറപ്പനും തെക്കേതലക്കൽ പൈലോതും കിഴക്കേപീടികയിൽ കുഞ്ഞുവറീതും അവരാൻ ലോനയും ഊടൻ വാറുണ്ണിയും പൊഴലി പറമ്പിൽ വറിയതും കുറ്റിക്കാടൻ അന്തോണിയും വെള്ളാനിക്കാരൻ പാവുവും കവുങ്ങൻ കുഞ്ഞും ശേഷം കമ്പൊളക്കാരെല്ലാവരും കൂടി..."യാണ്

ഈ സങ്കടഹർജി എഴുതി ബോധിപ്പിക്കുന്നത്. ഇവരിൽ ബഹുഭൂരിപക്ഷം കുടുംബങ്ങളും ഇന്നും ഇരിങ്ങാലക്കുടയുടെ കമ്പോള വ്യവസായരംഗത്ത് തുടരുന്നവരാണ്. "ഇരിങ്ങാലക്കുട ഠാണാവിന്നും തെക്കുവടക്കുള്ള വെട്ടുവഴിക്കു കിഴക്കുവശം എങ്കിലും മേൽ എഴുതിയ കുന്നിൽ വെട്ടുവഴിക്ക പടിഞ്ഞാറവശം പാട്ടാളിയുടെ പേരിൽ പതിപ്പിച്ച കാട വെട്ടിച്ച കിടക്കുന്ന പറമ്പ് എങ്കിലും പള്ളി വക്കുന്നതിന്ന മാത്രം ഞങ്ങൾക്കതരെണ്ടതിന്ന ഒരു കല്പന ഉണ്ടായി രെക്ഷിക്കണമെന്നും ബോദിപ്പിക്കുന്നു" (2009:123). കൊ.വ. 1020 തുലാം മാസം 15 -നാണ് ഈ നിവേദനം സമർപ്പിക്കുന്നത്. അതേ വർഷം തന്നെ 1845 -ൽ ദിവാൻ ശങ്കരവാര്യർ, ജനങ്ങളുടെ ആവശ്യം ന്യായമാണെന്ന് രാജാവിനെ അറിയിക്കുന്നു. തുടർന്നാണ് കോമ്പാറക്കുന്നത്തോ പറയൻകുന്നത്തോ പള്ളി പണിയുവാൻ രാജാവിൽനിന്ന് അനുവാദം ലഭിക്കുന്നത്.

തടസ്സവാദങ്ങൾ പിന്നെയും തുടർന്നു. ദേവസ്വത്തിൽനിന്നും എതിർപ്പുകളുണ്ടായി. എങ്കിലും അന്നത്തെ റസിഡന്റായിരുന്ന കല്ലൻ സായ്പ്പ് തുടരന്വേഷണങ്ങൾ നടത്തുകയും, ഒടുവിൽ തന്റെ കയ്യിലിരുന്ന വടിയൂന്നി പള്ളിക്ക് സ്ഥാനം നിർണ്ണയിക്കുകയും ചെയ്യുന്നു. അങ്ങനെ 1845 -ൽ ഇന്ന് കൊടിമരം നിൽക്കുന്നതിന് അൽപം പിടഞ്ഞാറ് മാറി സെന്റ്. ജോർജ്ജിന്റെ നാമധേയത്തിൽ ഇരിങ്ങാലക്കുടയിലെ ആദ്യത്തെ പള്ളി സ്ഥാപിതമായി.[30]

പള്ളിയുടെ നിർമ്മാണത്തെക്കുറിച്ച് ടി.എ. റപ്പായി രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്, "ഓലയും മുളയും ഉപയോഗിച്ച് കിഴക്കുപടിഞ്ഞാറായി തീർത്ത ഒരു കുതിരപ്പന്തി നെടുമ്പുര അഥവാ ദീർഘദൂര കുതിരപ്പന്തി പന്തൽ. ചുറ്റും പനമ്പുകൊണ്ടു മറച്ചു; കാറ്റും വെളിച്ചവും കടക്കുവാൻ പഴുതുകളിട്ടു; നെടുമ്പുരയുടെ പടിഞ്ഞാറ് ഭാഗത്ത് സാമാന്യം വലിയൊരു പഴുത്; അതിനു പനമ്പ് കൊണ്ടുതന്നെ വാതിൽ; അതാണ് ആനവാതിൽ; അതിനുമുകളിൽ ത്രികോണാകൃതിയിൽ പനമ്പുകൊണ്ടു മറച്ചു. അതിനുമുകളിൽ മരംകൊണ്ട് ഒരു കുരിശ്; കിഴക്കുവശം പിറകിൽ മുഴുവനും പനമ്പുകൊണ്ടു മറച്ചു. അകത്തു കിഴക്കേ അറ്റത്ത് മരംകൊണ്ടുണ്ടാക്കിയ ഒരു നീളൻ മേശ. മേശയുടെ നടുവിൽ ചതുരാകൃതിയിൽ ഒരു കുഴി, ബലിക്കല്ല് പതിക്കുവാൻ; അതാണ് ബലിപീഠം അഥവാ അൾത്താര. ബലിപീഠത്തിനും പിറകിൽ പനമ്പുകൊണ്ടുള്ള മറയിൽ ഒരു കുരി

[30] റപ്പായി ടി.എ, ഇരിങ്ങാലക്കുട സെന്റ്. തോമസ് കത്തീഡ്രൽ ചരിത്രം, 2004:സെന്റ്. തോമസ് കത്തീഡ്രൽ, ഇരിങ്ങാലക്കുട

ശുരൂപം നാട്ടിയിട്ടു. തറ വെള്ളമൊഴിച്ചു തല്ലി ഒതുക്കി ചാണകമിട്ടു മെഴുകി" (2004:18). ആദ്യ ദേവാലയത്തിന്റെ ഏകദേശരൂപമാണിത്.

പത്തൊമ്പതാം നൂറ്റാണ്ടിലെ ആദ്യപകുതിയിൽ നിർമ്മിക്കപ്പെട്ടതെങ്കിലും, തേക്കിന്റെയും വീട്ടിയുടെയും പ്ലാവിന്റെയുമെല്ലാം തടിയിൽ നിർമ്മിച്ച മാപ്രാണത്തെ മാതൃദേവാലയത്തോട് താരതമ്യപ്പെടുത്തിയാൽ വളരെ ദരിദ്രമായൊരു സാഹചര്യമായിരുന്നു ഇരിങ്ങാലക്കുടയിലേത്. എങ്കിലും സ്വന്തമായ ദേവാലയം എന്ന കാര്യത്തിൽ പ്രദേശവാസികൾ ഏറെ അഭിമാനിച്ചിരുന്നു. ഒരു പതിറ്റാണ്ടിനു ശേഷം 1860 -ൽ, കുറച്ച് വീതിയും നീളവും കൂട്ടി പള്ളിയെ പുതുക്കി നിർമ്മിച്ചു. പനമ്പു തട്ടികയ്ക്കു പകരം മണ്ണു കൊണ്ടുള്ള ചുമരും ഉത്തരവും കഴുക്കോലും ഉപയോഗിച്ചുള്ള മേൽക്കൂരയും ഉണ്ടാക്കി ഓലമേഞ്ഞു.

1858 -ൽ വി. ഗീവർഗ്ഗീസിന്റെ നാമധേയത്തിൽ ഒരു ദർശനസഭ സ്ഥാപിച്ചു. ഇവരുടെ നേതൃത്വത്തിൽ ആരംഭിച്ച, ആഴ്ചക്കുറികളും മാസക്കുറികളും പുനർനിർമ്മാണത്തിന് സാമ്പത്തിക സഹായമായി. ഇടവക ജനങ്ങളുടെ അധ്വാനം പള്ളിയുടെ നിർമ്മാണത്തിനായി ഉപയോഗിക്കുക എന്നത് അന്നും ഇന്നും പ്രാവർത്തികമാക്കുന്ന ഒരു രീതിയാണ്. തങ്ങളുടെ പ്രയത്നത്തിന്റെ ഫലമാണ് ഇടവക ദേവാലയം എന്നതിൽ അവർ ഏറെ അഭിമാനിച്ചിരുന്നു. മാപ്രാണത്തുനിന്നോ വെളയനാട്ടുനിന്നോ വൈദികനെ കുതിരവണ്ടിയിൽ കൊണ്ടുവന്നാണ് ഞായറാഴ്ച കുർബ്ബാന നടത്തിയിരുന്നത്.

കുറ്റിക്കാടുകളും ഒറ്റയടിപ്പാതകളും നിറഞ്ഞ ഇരിങ്ങാലക്കുട പ്രദേശത്ത് പാമ്പുകളുടെ ഉപദ്രവം ധാരാളമായിരുന്നുവത്രേ. പാമ്പിന്റെ വായിലേക്ക് കുന്തമിറക്കുന്ന ഗീവർഗ്ഗീസ് പുണ്യവാളന്റെ ചിത്രം ശ്രദ്ധേയമാണ്. പള്ളി പ്രസംഗങ്ങളിൽനിന്നും ഈ വിശുദ്ധന്റെ വീരചരിതങ്ങൾ ജനങ്ങളെ ആകർഷിച്ചിട്ടുണ്ട്. അതുകൊണ്ടായിരുന്നിരിക്കണം ഇരിങ്ങാലക്കുടയ്ക്ക് സ്വന്തമായി ഒരു ദേവാലയം ഉണ്ടായപ്പോൾ 'സെന്റ്. ജോർജ്ജ് ചർച്ച്' (വി. ഗീവർഗ്ഗീസിന്റെ നാമധേയത്തിലുള്ള ദേവാലയം) എന്ന് പേരിട്ടത്. കൃഷിയും കച്ചവടവും പുരോഗമിച്ചതിലൂടെ പ്രദേശവാസികളുടെ സാമ്പത്തിക നില ഉയരുകയും സമ്പന്നമായൊരു ആധ്യാത്മിക സ്ഥാപനത്തിനായി ശ്രമം തുടരുകയും ചെയ്തു.

## സെന്റ്. മേരീസ് ദേവാലയം

വരാപ്പുഴ രൂപതയിലെ തൃശ്ശൂർ ഭാഗത്തുണ്ടായിരുന്ന ഇടവകകൾ പദ്രുവാദോ ഭരണത്തിന് വിധേയമായിരുന്നു. കേരളത്തിലെ കത്തോലിക്കാസഭയുടെമേൽ പോർച്ചുഗീസ് രാജാവിന് ഉണ്ടായിരുന്ന സംരക്ഷണാധികാരത്തെയാണ് പദ്രുവാദോഭരണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ആധ്യാത്മികഭരണം മാർപാപ്പയും സാമ്പത്തിക അധികാരം പോർച്ചുഗീസ് ഗവൺമെന്റും നടത്തിവന്നു. എന്നാൽ പോർച്ചുഗീസ് മെത്രാന്മാർ ഇവിടെ അവരുടെ ലത്തീൻ റീത്ത് സ്ഥാപിക്കാൻ ശ്രമങ്ങൾ നടത്തിക്കൊണ്ടിരുന്നു. അതിനായി സുറിയാനി വിഭാഗക്കാരെ പലവിധത്തിൽ ഉപദ്രവിക്കുകയും ചെയ്തു. ഈ ഭരണക്രമത്തോട് തദ്ദേശീയർക്ക് പൊതുവേ എതിർപ്പായിരുന്നു. അവർ അന്ത്യോഖ്യ പാത്രിയാക്കീസിന് നിരന്തരം നിവേദനങ്ങൾ സമർപ്പിച്ചു. അങ്ങനെ അവിടെനിന്നും മേലൂസ് എന്ന വൈദികനെ അഭിഷേകം ചെയ്ത് കേരളത്തിലേക്കയച്ചു.

1874 ഒക്ടോബർ ഏഴാം തീയതി മേലൂസ് തൃശ്ശൂരിലെത്തി. ഇവിടുത്തെ ഭൂരിഭാഗം ഇടവകക്കാരും മേലൂസിനെ അംഗീകരിച്ചു. അദ്ദേഹം മാർപാപ്പയാൽ നിയുക്തനായിരുന്നു എന്നാണ് അവർ ധരിച്ചത്. എന്നാൽ ഒല്ലൂർ പള്ളിക്കാർക്ക് സംശയം തോന്നി. അവർ റോമിലേക്ക് നേരിട്ട് കത്തെഴുതി. മേലൂസിന്റെ വരവ് മാർപാപ്പയുടെ അനുവാദത്തോടെയല്ല എന്ന് ഒമ്പതാം പീയൂസ് മാർപാപ്പ അറിയിച്ചു. ഇതോടെ വരാപ്പുഴ മെത്രാപ്പോലീത്ത ലയോനാർഡ് മേലൂസിനോട് കേരളംവിട്ട് പോകാൻ ആവശ്യപ്പെട്ടു. എന്നാൽ മേലൂസ് അതിന് കൂട്ടാക്കിയില്ല. ഇതനുസരിച്ച് 1874 ഒക്ടോബർ 25 -ാം തീയതി വരാപ്പുഴ മെത്രാപ്പോലീത്ത മേലൂസിനെ മഹറോൻ ചൊല്ലി (സഭയിൽനിന്ന് പുറത്താക്കി). അങ്ങനെ മേലൂസും അദ്ദേഹത്തെ അംഗീകരിച്ചവരും ശീശ്മക്കാരായി (Schism). സഭയിലെ വിഭജനം എന്നാണ് ശീശ്മ എന്ന വാക്കിനർത്ഥം (റപ്പായി, 1997:20 -1). മേലൂസും കൂട്ടരും ശീശ്മയാണ് എന്നത് സംബന്ധിച്ച വിജ്ഞാപനം കേരളത്തിലെ എല്ലാ പള്ളികളിലേക്കും വരാപ്പുഴ രൂപതയിൽനിന്നും അറിയിപ്പ് ലഭിച്ചു. ഇരിങ്ങാലക്കുട പള്ളിയിലും ഈ അറിയിപ്പ് കിട്ടി. എന്നാൽ ഇടവകക്കാരിൽ അധികം പേരും മേലൂസിനെ അംഗീകരിച്ചിരുന്നതിനാൽ വരാപ്പുഴ മെത്രാന്റെ നിർദ്ദേശത്തെ അവർ പരിഗണിച്ചില്ല. അദ്ദേഹത്തെ അംഗീകരിച്ചിരുന്ന ബഹുഭൂരിപക്ഷത്തിന്റെ നിയന്ത്രണത്തിലായി സെന്റ്. ജോർജ്ജ് പള്ളി.

അതേസമയം, മേല്പൂസിനെ ശക്തമായി എതിർത്തിരുന്ന ഇരിങ്ങാലക്കുടയിലെ ചിറയത്ത് തെക്കേത്തല, ചിറമ്മേൽ അവറാൻ, മാളിയേക്കൽ വെള്ളാനിക്കാരൻ, ചിറയത്തു കാറളത്തുകാരൻ എന്നീ നാല് തറവാട്ടുകളിൽപ്പെട്ട പതിമൂന്ന് കുടുംബക്കാർ വരാപ്പുഴ മെത്രാപ്പോലീത്തയുടെ സഹകരണത്തോടെ മറ്റൊരു ദേവാലയം സ്ഥാപിച്ചു. പരിശുദ്ധ കന്യകാമറിയത്തിന്റെ നാമത്തിൽ ഇന്ന് സ്തംഭം നിൽക്കുന്നതിന്റെ മുൻപിലായി പനമ്പും ഓലയും കൊണ്ട് അവർ തങ്ങളുടെ ആരാധനാലയത്തിന് രൂപം കൊടുത്തു. വെള്ളാനിക്കാരൻ യോഹന്നാൻ എന്ന വൈദികനാണ് ഇവർക്ക് നേതൃത്വം നൽകിയത്.

1877 -ൽ വരാപ്പുഴയിൽനിന്ന് ഒരു വൈദികൻ വന്ന് അവിടെ ആദ്യമായി ദിവ്യബലി അർപ്പിച്ചു. വരാപ്പുഴനിന്ന് മാസത്തിലൊരിക്കലോ രണ്ടുമാസം കൂടുമ്പോഴോ മാത്രമാണ് ഒരു വൈദികൻ വന്ന് ഈ ഓല ഷെഡ്ഡിൽ ദിവ്യബലി അർപ്പിച്ചിരുന്നത്. മറ്റ് അവസരങ്ങളിൽ സെന്റ്. മേരീസ് ഇടവകക്കാർ മാപ്രാണം പള്ളിയിലാണ് ആദ്ധ്യാത്മിക ആവശ്യങ്ങൾ നിർവഹിച്ചത്. ദേവാലയം സ്ഥാപിക്കുന്നതിന് വേണ്ട ഔദ്യോഗിക അനുമതി ലഭിക്കുന്നതിനുവേണ്ടി വരാപ്പുഴ മെത്രാപ്പോലീത്തയും ഇടവകക്കാരായ 13 വീട്ടുകാരും ശ്രമങ്ങൾ നടത്തിക്കൊണ്ടിരുന്നു. ഒടുവിൽ 1880 അവസാനത്തോടെയാണ് കൊച്ചിരാജാവായ രാമവർമ്മ തമ്പുരാന്റെ അനുവാദത്തോടെ പള്ളിപുതുക്കി പണിതത്. ഈ ദേവാലമാണ് ഇന്ന് 'കിഴക്കേപള്ളി' എന്നറിയപ്പെടുന്ന സെന്റ്. മേരീസ് പള്ളി.

1881 ഫെബ്രുവരി 9 -ാം തിയതി മാപ്രാണം വികാരിയായിരുന്ന ചിറ്റിലപ്പിള്ളി പൗലോസ് കത്തനാർ വെഞ്ചിരിപ്പ് നടത്തുകയും വെള്ളാനിക്കാരൻ യോഹന്നാനച്ചൻ കുർബ്ബാന അർപ്പിക്കുകയും ചെയ്തു. ക്രിസ്തുവിനെ തറച്ച കുരിശിന്റെ അല്പഭാഗമടങ്ങിയ തിരുശേഷിപ്പ് വരാപ്പുഴ മെത്രാനായിരുന്ന മാർ സ്ലീനോ തിരുമേനി ദേവാലയത്തിന് നൽകി. ഇത് ഇന്നും ഇവിടെ ഭക്ത്യാദരങ്ങളോടെ പൂജിച്ച് വരുന്നു.

1920 -ൽ പുനർനിർമ്മിച്ചതാണ് ഇന്ന് കാണുന്ന ദേവാലയം. മാർപ്പാപ്പയുടെ പ്രതിനിധിയായ പീറ്റർ പിസാനിയാണ് പുതുക്കി പണിത ദേവാലയത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവ്വഹിച്ചത്. വയനാട്ടു ഗീവർഗ്ഗീസച്ചന്റേയും പുളിയ്ക്കൽ അബ്രാഹം അച്ചന്റേയും നേതൃത്വത്തിലാണ് ദേവാലയ പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടന്നത്.

അന്നത്തെ സെമിത്തേരി ഇന്ന് സ്തംഭം നിൽക്കുന്നതിന്റെ തെക്കുഭാഗത്തായിരുന്നു. ഇന്നും മരിച്ചവരുടെ ഓർമ്മദിവസമായ നവംബർ 2 -ന് ഈ ഭാഗത്ത് കുടി ഹന്നാ വെള്ളം തളിക്കുന്ന പതിവുണ്ട്.

റോമിന്റെ ശക്തമായ സമ്മർദ്ദഫലമായി 1877 മാർച്ച് 23 -ാം തീയതി അന്ത്യോഖ്യ പാത്രിയാർക്കീസ് മേലൂസിനെ മടക്കി വിളിച്ചു. 1882 മാർച്ച് അഞ്ചാം തീയതി അദ്ദേഹം സ്വദേശത്തേക്ക് മടങ്ങി. മേലൂസ് മെത്രാൻ റോമിൽനിന്നും അയയ്ക്ക പ്പെട്ടവനാണെന്നത് അസത്യമായിരുന്നു എന്ന് മനസ്സിലാക്കിയ സെന്റ്. ജോർജ്ജ് ഇടവകാഗംങ്ങൾ വരാപ്പുഴ മെത്രാന്റെ നേതൃത്വം അംഗീകരിച്ച് മാതൃസഭയിലേയ്ക്ക് തിരി ച്ചെത്തി. എങ്കിലും കുറേ നാളത്തേയ്ക്ക് തൊട്ടടുത്തടുത്തായ രണ്ട് ഇടവകകളായിത്തന്നെ ഈ ദേവാലയങ്ങൾ നിലകൊണ്ടു.

## കപ്പേളകൾ

ആദ്യകാലങ്ങളിൽ പള്ളിക്കകത്തുതന്നെ കപ്പേള[31] സ്ഥാപിക്കുന്ന പതിവുണ്ടായിരുന്നു. പ്രധാന അൾത്താരയിൽ ദിവ്യബലി അർപ്പിച്ചു കഴിഞ്ഞാൽ വിശുദ്ധ കുർബ്ബാന സ്ഥാപി ച്ചിരുന്നത് കപ്പേളയിലാണ്. ദിവ്യബലിക്കുശേഷം വൈദികൻ വിശുദ്ധകുർബ്ബാന വച്ചി ട്ടുള്ള കുസ്തോദി കാപ്പയുടെ തലപ്പുകൊണ്ട് മൂടി മുത്തുക്കുടയുടെ കീഴിൽ കത്തിച്ചുപിടിച്ച മെഴുകുതിരിയുടെ അകമ്പടിയോടെ കൊണ്ടുപോയി കപ്പേളയിലെ സക്രാരിയിൽ വയ്ക്കു കയാണ് പതിവ്. അതുകൊണ്ടുതന്നെ ഏറ്റവും മനോഹരമായി പള്ളിയകത്തെ കപ്പേള നിർമ്മിക്കുന്ന രീതി നിലനിന്നിരുന്നു. ഇന്ന് വിശുദ്ധ കുർബ്ബാന പ്രധാന അൾത്താരക്കു ള്ളിൽ തന്നെയുള്ള സക്രാരിയിൽ പ്രതിഷ്ഠിക്കുകയാണ് ചെയ്യുന്നത്. ഇതുകൂടാതെ പരി. മറിയത്തിന്റെയും മറ്റു വിശുദ്ധന്മാരുടെയും നാമധേയത്തിലുള്ള കപ്പേളകളാണ് ഇടവ കാതിർത്തിക്കുള്ളിൽ പലയിടത്തായി സ്ഥാപിക്കുന്നത്. ഈ വിശുദ്ധരോടുള്ള വിശ്വാ സവും മധ്യസ്ഥ പ്രാർത്ഥനയുമാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

ഇരിങ്ങാലക്കുടയിൽ, പള്ളിക്കകത്തും കവാടത്തോട് ചേർന്നും ഉള്ള കപ്പേളകൾ കൂടാതെ പത്തോളം കപ്പേളകൾ വ്യത്യസ്ത ഇടങ്ങളിലായി സ്ഥിതിചെ യ്യുന്നുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ നിർമ്മിക്കപ്പെട്ടവയാണ് ഇവയിലേറെയും. കുരിശങ്ങാടിയിലെ തിരുഹൃദയകപ്പേള ദേവാലയസ്ഥാപനത്തിനു

[31] ക്രിസ്ത്യൻ പള്ളിയുടെ കീഴിലുള്ള ചെറു ആരാധനാലയങ്ങളാണ് കപ്പേള.

മുമ്പ് പോർച്ചുഗീസുകാർ പണികഴിപ്പിച്ചതാണ് എന്ന് *ഇരിങ്ങാലക്കുട സെന്റ്. തോമസ് കത്തീഡ്രൽ ചരിത്രം* എന്ന ഗ്രന്ഥത്തിൽ ടി.എ. റപ്പായി രേഖപ്പെടുത്തുന്നു (2004:65). ഈ കപ്പേളയുടെ നെറുകയിലെ കുരിശ് വെട്ടുകല്ലിൽ തീർത്തതായിരുന്നു. അത് കേടു വന്നപ്പോൾ കോൺക്രീറ്റിൽ വാർത്തു. വലിയ കുരിശോടുകൂടിയ ഈ കപ്പേളയാണ് കുരിശങ്ങാടിക്ക് ആ പേരു നൽകിയത്. ഇരുവശത്തുനിന്നും സ്ഥലമെടുത്ത് റോഡ് വീതി കൂട്ടിയതിനാൽ റോഡിന്റെ നടുവിലായിട്ടാണ് ഇന്ന് കപ്പേള സ്ഥിതിചെയ്യുന്നത്.

മാർക്കറ്റ് റോഡിന്റെ കിഴക്കേ അറ്റത്തുള്ള ഇരട്ടകപ്പേളകളും പടിഞ്ഞാറേ ചന്തയ്ക്ക് അഭിമുഖമായി നിത്യാരാധന കേന്ദ്രത്തിന്റെ തെക്കു കിഴക്കേ മൂലയിൽ സ്ഥിതിചെയ്യുന്ന വി. അന്തോണീസിന്റെ കപ്പേളയും 1934 -നു മുൻപേ പണികഴിപ്പിച്ചതായി പറയുന്നു. ഈ അടുത്തകാലംവരെ ചന്തദിവസങ്ങളിൽ ഇവിടെ പൊതുജനങ്ങൾക്ക് സംഭാരം നൽകി വന്നിരുന്നു. ഒരു വ്യക്തി സെന്റ്. മേരീസ് പള്ളിയിൽ കൊടുത്തേൽപ്പിച്ച സംഖ്യയുടെ ആദായംകൊണ്ടാണ് സംഭാരവിതരണം നടത്തിയിരുന്നത്. തെക്കു ഭാഗത്ത് ഉണ്ടായിരുന്ന വി. ഗീവർഗ്ഗീസിന്റെ കപ്പേള പൊളിച്ചുമാറ്റി അവിടെ 'പിയാത്ത' പണിതീർത്തു. തെക്കേ അങ്ങാടിയിലെ റപ്പായേൽ മാലാഖയുടെ കപ്പേള സ്ഥലവാസികൾ പിരിവെടുത്ത് പണികഴിപ്പിച്ചിട്ടുള്ളതാണ്. വണക്കമാസത്തിരുന്നാൾ ഗംഭീരമായി ഇവിടെ ആഘോഷിച്ചുവരുന്നു. ചെട്ടിപ്പറമ്പിലെ വിശുദ്ധ അന്തോണിസിന്റെ കപ്പേള സന്താനലബ്ധിക്ക് വേണ്ടി ഒരു വ്യക്തി 1932 -ൽ പണികഴിപ്പിച്ചതാണ്. ക്രൈസ്റ്റ് റോഡിലും കുത്തുപറമ്പിലും അന്തോണീസ് പുണ്യവാളന്റെ നാമധേയത്തിൽ കപ്പേളകളുണ്ട്.

കോമ്പാറയിലെ പ. കന്യകാമറിയത്തിന്റെ കപ്പേളയ്ക്ക് 75 വർഷത്തെ പഴക്കമുള്ളതായി പറയുന്നു. കാട്ടുങ്ങച്ചിറയിൽ കന്യാമറിയത്തിന്റെയും സെബസ്ത്യാനോസിനെയും കപ്പേളകളുണ്ട്. മഠത്തിക്കരയിലെ വി. കൊച്ചുത്രേസ്യയുടെ കപ്പേള 1928 -ൽ പണികഴിപ്പിച്ചതാണ്. പല കാലങ്ങളിലായി ഈ കപ്പേളകളുടെയെല്ലാം പുനരുദ്ധാരണവും നടന്നിട്ടുണ്ട്. സാധാരണ ജനങ്ങൾ തങ്ങളുടെ ആത്മീയവും ഭൗതികവുമായ ആവശ്യങ്ങളും അപേക്ഷകളുമായി ഇവിടങ്ങളിൽ എത്തിച്ചേരുന്നു. നല്ല കച്ചവടത്തിനും സമൃദ്ധമായവിളവിനും സന്താനലാഭത്തിനും തുടങ്ങി നല്ല ജീവിതപങ്കാളിയെ ലഭിക്കുന്നതിനും പരീക്ഷ വിജയത്തിനും വരെ ഇന്നിവിടെ മെഴുകുതിരികൾ അർപ്പിക്കപ്പെടുന്നുണ്ട്.

പ്രേഷിതപ്രവർത്തനരംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് ഇരിങ്ങാലക്കുടയിൽ ഉണ്ടായിട്ടുള്ളത്. 1949 -ൽ പുരുഷന്മാർക്കുവേണ്ടി ആരംഭിച്ച വൃദ്ധമന്ദിരമാണ് ഹൗസ് ഓഫ് പ്രൊവിഡൻസ്. മലബാർ മിഷിനറി ബ്രദേഴ്സിന്റെ പ്രവർത്തനങ്ങളാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നത്. അവശരായ വൃദ്ധർക്ക് നിർലോഭമായ സേവനം ഇവിടെ ലഭ്യമാകുന്നു. 1976 -ൽ വൃദ്ധരായ സ്ത്രീകൾക്കുവേണ്ടി ശാന്തിസദനം ആരംഭിക്കുന്നു. മർത്താ ഭവൻ സഹോദരിമാരുടെ സേവനം ഇതിനായി ലഭ്യമാക്കി. 1988 -ൽ ചാരിറ്റി സഹോദരിമാരുടെ നേതൃത്വത്തിൽ ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കുവേണ്ടി ആരംഭിച്ചതാണ് പ്രതീക്ഷാഭവൻ സ്കൂൾ. ഇവിടെ കോൺവെന്റും ഹോസ്പിറ്റലും തൊഴിൽ പരിശീലനകേന്ദ്രവും സ്ഥിതി ചെയ്യുന്നു. ബുദ്ധിമാന്ദ്യമുള്ള യുവതികൾക്ക് ഒരു അഭയകേന്ദ്രം എന്ന നിലയിലാണ് സാന്ത്വനസദനം 2003 -ൽ പ്രവർത്തനമാരംഭിച്ചത്. സെന്റ്. തോമസ് കത്തീഡ്രലിന്റെ ഇരുപത്തിയഞ്ചാം വാർഷികസ്മാരകം ആയിട്ടായിരുന്നു ഈ സംരംഭം. ഷ്വേൺ സ്റ്റാർട്ട് സഹോദരിമാരാണ് ഇവിടെ സേവനമനുഷ്ഠിക്കുന്നത്.

## 2.8.8 ഇരിങ്ങാലക്കുട രൂപത

കേരളത്തിലെ ക്രൈസ്തവസഭ തങ്ങളുടേതായ ആചാരാനുഷ്ഠാനങ്ങളിലും സ്വയംഭരണ സംവിധാനത്തിലുമാണ് ആദ്യകാലത്ത് കഴിഞ്ഞു വന്നിരുന്നത്. ആ രീതിയിൽ വൈദേശികനിഷ്ഠകളോ ഇടപെടലുകളോ ഉണ്ടായിരുന്നില്ല. പോർച്ചുഗീസുകാരുടെ വരവോടെ സ്ഥിതിഗതികൾ മാറിമറിഞ്ഞു. പദ്രുവാദോ (രക്ഷാധികാരം) ഭരണം സ്ഥാപിതമായതോടെ പള്ളികളിൽ പുരോഹിതരെ നിയമിക്കാനുള്ള അധികാരം പോലും പോർച്ചുഗൽ രാജാവിനായി. തങ്ങൾക്ക് കേരളീയരായ മെത്രാനെ വേണമെന്നും തദ്ദേശീയമായ അഭിലാഷങ്ങൾ സംരക്ഷിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കരിയാറ്റിൽ മല്പാനും പാറേമാക്കൽ തോമാ കത്തനാരും മറ്റും നടത്തിയ റോമായാത്ര കേരളക്രൈസ്തവചരിത്രത്തിന്റെ ഭാഗമാണ്. വർത്തമാന പുസ്തകമെന്ന യാത്രാവിവരണ ഗ്രന്ഥത്തിൽ തോമാകത്തനാർ, സുറിയാനി ക്രിസ്ത്യാനികളുടെ ജീവിതത്തേയും ഭാവിയേയും സംബന്ധിച്ച കാഴ്ചപ്പാടുകളും അവതരിപ്പിക്കുന്നുണ്ട്. അതുവരെ ജസ്യൂട്ട് മെത്രാൻമാരോ അഡ്മിനിസ്റ്റേറ്റർമാരോ ആണ് ഭരണം നടത്തിയിരുന്നത്. കൊടുങ്ങല്ലൂർ ഭരണാധികാരികൾ പുത്തൻചിറയിലും, മലബാർ വികാരി അപ്പസ്തോലിക്ക വരാപ്പുഴയിലുമാണ് താമസിച്ചിരുന്നത് (*ഇരിങ്ങാലക്കുട രൂപത ചരിത്രവഴിയിലൂടെ*, 2009:16). പുത്തൻചിറ പള്ളിക്ക്

അകത്തുള്ള മെത്രാപ്പോലീത്തമാരുടെ കബറിടങ്ങൾ ഈ ഭൂതകാലങ്ങളെ ഓർമ്മപ്പെടുത്തുന്നു.

1887 -ലാണ് ലെയോ പതിമൂന്നാമൻ മാർപാപ്പ സുറിയാനി ക്രിസ്ത്യാനികൾക്കായി തൃശ്ശൂർ, കോട്ടയം എന്നീ വികാരിയാത്തുകൾ സ്ഥാപിക്കുന്നത്. അവിടെയും ലത്തീൻ മെത്രാൻമാരെയാണ് സഭാഭരണം ഏൽപ്പിച്ചത്. വീണ്ടും 1896 -ൽ തൃശ്ശൂർ, എറണാകുളം, ചങ്ങനാശ്ശേരി എന്നിങ്ങനെ മൂന്ന് വികാരിയാത്തുകളായി പുനർവിഭജിക്കുകയും തദ്ദേശീയരായ മെത്രാൻമാരെ നിയമിക്കുകയും ചെയ്യുന്നു. യോഹന്നാൻ മേനാച്ചേരി എന്ന വൈദികൻ തൃശ്ശൂർ രൂപതയുടെ ആദ്യ തദ്ദേശീയ വികാരി അപ്പസ്തോലിക്കയായി.

ഭരണസൗകര്യാർത്ഥം തൃശ്ശൂർ രൂപതയുടെ വിഭജനത്തെക്കുറിച്ചുള്ള ചർച്ചകൾ നടക്കുകയും പാലക്കാട് രൂപത 1974 -ൽ സ്ഥാപിതമാവുകയും ചെയ്തു. കൊടുങ്ങല്ലൂർ ആസ്ഥാനമായി ഇരിങ്ങാലക്കുട രൂപത സ്ഥാപിക്കാനുള്ള ശ്രമങ്ങൾ നടന്നുവെങ്കിലും സീറോ മലബാർ സഭയ്ക്ക് കൊടുങ്ങല്ലൂർ ആസ്ഥാനമായൊരു രൂപത സ്ഥാപിക്കാൻ അനുവാദം ലഭിച്ചില്ല. തുടർന്ന് 1978 -ലാണ് ഇരിങ്ങാലക്കുട ആസ്ഥാനമായി രൂപത സ്ഥാപിക്കുന്നതിന് പോൾ ആറാമൻ മാർപാപ്പ അനുവാദം നൽകുന്നത്. ഇതിൻപ്രകാരം ഇരിങ്ങാലക്കുട രൂപതയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളെക്കുറിച്ച് രൂപതാസ്ഥാപന ബൂള (Trichuriensis Eparchiae) യിൽ ഇപ്രകാരം പറയുന്നു, "ഇപ്പോൾ നിലവിലുള്ള തൃശ്ശൂർ രൂപതയിൽനിന്ന് കൊടുങ്ങല്ലൂർ താലൂക്ക് മുഴുവനും മുകുന്ദപുരം താലൂക്കിന്റെ ഭൂരിഭാഗവും, ചാലക്കുടി പുഴയുടെ വടക്കുഭാഗത്തുള്ള പറവൂർ, ആലുവ താലൂക്കുകളുടെ ചെറിയ ഭാഗങ്ങളും വേർതിരിച്ചുൾക്കൊള്ളിച്ചുകൊണ്ട്, പുതിയൊരു രൂപത 'ഇരിങ്ങാലക്കുട' എന്നപേരിൽ നിശ്ചയദാർഢ്യത്തോടെ നാം ഇതിനാൽ രൂപീകരിക്കുന്നു" (ഇരിങ്ങാലക്കുടരൂപത ചരിത്രത്തിലൂടെ, 2009:36). ഇതോടൊപ്പം പ്രഥമ രൂപതാധ്യക്ഷനായി ജയിംസ് പഴയാറ്റിൽ എന്ന വൈദികനെ നിയമിക്കുകയും ചെയ്തു.

രൂപത നടത്തിപ്പിനാവശ്യമായ ഭൗതികസാഹചര്യങ്ങൾ തയ്യാറാക്കുക എന്നത് ഒരു വെല്ലുവിളിയായിരുന്നു. പുതിയ മെത്രാന് മാതൃരൂപത നാല് ലക്ഷം രൂപയും ഒരു കാറും സമ്മാനമായി നൽകി. കൂടാതെ നടത്തറ റബർ എസ്റ്റേറ്റ് മൂന്നായി ഭാഗിച്ച് ഒരു ഭാഗം പാലക്കാടിനും ഒരു ഭാഗം ഇരിങ്ങാലക്കുടയ്ക്കും ലഭിച്ചു. തൃശ്ശൂർ രൂപത

യുടെ വകയായിരുന്ന സെന്റ്. തോമസ് കോളജിലും ജൂബിലി മിഷൻ ആശുപത്രിയിലും ഇരു രൂപതകൾക്കും തുല്യ അവകാശം ഉണ്ടായിരിക്കും എന്ന് പറഞ്ഞെങ്കിലും അത് പ്രായോഗികമായില്ല (*ഇരിങ്ങാലക്കുടരൂപത ചരിത്രത്തിലൂടെ*, 2009:54).

രൂപതാകാര്യാലയവും മറ്റു സജ്ജീകരണങ്ങളും ഒരുക്കുന്നതിന്റെ ആദ്യപടി യായി സെന്റ്. ജോർജ്ജ്, സെന്റ്. മേരീസ് ഇടവകകളെ സംയോജിപ്പിച്ചു. സെന്റ്. ജോർജ്ജ് ദേവാലയം, സെന്റ്. തോമസ് കത്തീഡ്രലായും സെന്റ്. മേരീസ് പള്ളി, തിരുഹൃദയ ആദ്ധ്യാത്മിക കേന്ദ്രമായും മാറി. അങ്ങനെ സെന്റ്. മേരീസ് പള്ളി യുടെ വൈദിക മന്ദിരത്തിൽ മെത്രാൻ വസതിയും രൂപതാകാര്യാലയവും പ്രവർത്ത നമാരംഭിച്ചു. സെന്റ്. തോമസ് കത്തീഡ്രലിന്റെ എതിർഭാഗത്തായി രൂപതാകാര്യാ ലയവും മെത്രാൻ വസതിയും സ്ഥാപിതമാകുന്നത് 1982 -ലാണ്. “പൗരോഹിത്യാർ ത്ഥികളായ യുവാക്കളുടെ പരിശീലനത്തിനു വേണ്ടി ഒരു മൈനർ സെമിനാരി നിർമ്മി ക്കണം” (*ഇരിങ്ങാലക്കുടരൂപത ചരിത്രത്തിലൂടെ*, 2009:36) എന്ന് രൂപതയുടെ സ്ഥാപന ബുളയിൽ നിർദ്ദേശിച്ചിരിക്കുന്നതനുസരിച്ച് അതിനായുള്ള ശ്രമങ്ങളും ഇതോടൊപ്പം തന്നെ ആരംഭിച്ചിരുന്നു. അതിനായി എ.കെ.പി. ജങ്ഷനടുത്ത് 3.23 ഏക്കർ ഭൂമി തീറു വാങ്ങുകയും സെമിനാരിയുടെ ശിലാസ്ഥാപനം 1981 -ൽ നടത്തുകയും ചെയ്തു. 1984 -ലെ പുതിയ അധ്യയനവർഷത്തിൽ സെമിനാരിയിൽ വിദ്യാർഥികളെ പ്രവേശിപ്പിച്ചു തുടങ്ങി. വിവിധ സന്യാസിനി സഭകളും ഇന്ന് ഇരിങ്ങാലക്കുട കേന്ദ്രമായി പ്രവർത്തി ക്കുന്നുണ്ട്.

## ഭരണസംവിധാനം

രൂപതാഭരണത്തിൽ മെത്രാനാണ് പരമാധികാരി. അദ്ദേഹത്തിന്റെ അപ്രമാദിത്യം അംഗീകരിച്ചുകൊണ്ട് മറ്റു വൈദികരുടെ സഹായത്തോടെ ഭരണം നിർവഹിക്കുന്നു. ഇക്കാര്യത്തിൽ മെത്രാനെ ഏറ്റവുമധികം സഹായിക്കുന്നത് വികാരി ജനറാളൻമാ രാണ്. സിഞ്ചെല്ലൂസ് എന്നും പ്രോട്ടോ സിഞ്ചെല്ലൂസ് എന്നും അറിയപ്പെടുന്ന രണ്ട് പേരാണ് ഈ സ്ഥാനം നിർവ്വഹിക്കുന്നത്. പ്രൊട്ടോ സിഞ്ചെല്ലൂസിന് രൂപതയുടെ മുഴുവൻ ഭരണനിർവ്വഹണാധികാരമാണുള്ളത്. സിഞ്ചെല്ലൂസിനാകട്ടെ, രൂപതയുടെ കീഴിലുള്ള ചെന്നൈ മിഷൻ, ഭക്തസംഘടനകൾ, പ്രസ്ഥാനങ്ങൾ, കോർപ്പറേറ്റ് എഡ്യൂ ക്കേഷൻ ഏജൻസി, എൻജിനീയറിങ് കോളേജ്, ടി.ടി.ഐ., രൂപത അംഗങ്ങളായ

സെമിനാരി വിദ്യാർഥികളുടെ പരിശീലനം തുടങ്ങിയവയിലാണ് ശ്രദ്ധകേന്ദ്രീകരിക്കേണ്ടത്.

രൂപത കച്ചേരിയിലെ നടപടികൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് ചാൻസലർമാരും അവരുടെ സഹായത്തിനായി വൈസ് ചാൻസലർമാരും ഉണ്ടായിരിക്കും. സാമ്പത്തികകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി രൂപതാദ്ധ്യക്ഷൻ നിയമിക്കുന്ന വൈദികനാണ് പ്രൊക്കുറേറ്റർ (ഫൈനാൻസ് ഓഫീസർ). അദ്ദേഹത്തിനും ഒരു സഹായിയുണ്ട്. രൂപതയ്ക്ക് പൊതുവായി ഒരു സെക്രട്ടറിയും മെത്രാന് പ്രൈവറ്റ് സെക്രട്ടറിയുമുണ്ട്. ഇതിനെല്ലാം പുറമേ രൂപതാഭരണത്തിൽ ഫലപ്രദമായി മെത്രാനെ സഹായിക്കുന്നതിനായി വൈദികസമിതിയിൽനിന്നുതന്നെ തിരഞ്ഞെടുക്കുന്ന ഒരു ആലോചനസംഘവും ഉണ്ട്. ഇതിനെല്ലാം പുറമെയാണ് പാസ്റ്ററൽ കൗൺസിൽ ഉള്ളത്. ഈ സമിതിയിൽ മെത്രാനും വൈദികരും സന്യാസിനിമാരും അൽമായരും ഉൾപ്പെടുന്നു.

## അരമനക്കോടതി

രൂപതയെ സംബന്ധിക്കുന്ന നീതിനിർവ്വഹണവും നിയമനിർമ്മാണവും നിർവ്വഹിക്കുന്നത് മേലധ്യക്ഷനായ മെത്രാനാണ്. ഇതിനദ്ദേഹത്തെ സഹായിക്കുന്നത് സഭാനിയമപ്രകാരം സ്ഥാപിക്കപ്പെട്ട കോടതികളാണ്. കോടതികൾ രണ്ട് വിധമുണ്ട്, സ്ഥിരാടിസ്ഥാനത്തിലുള്ള കോടതികളും പ്രത്യേക ആവശ്യങ്ങൾക്കായി രൂപീകൃതമാകുന്ന കോടതികളും. വിവാഹമോചനമാവശ്യപ്പെടുന്ന കേസുകൾക്കും പള്ളിയോഗവുമായി ബന്ധപ്പെട്ട കേസുകൾ പരിഗണിക്കുന്ന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനും സ്ഥിരാടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്ന കോടതികളാണുള്ളത്. എന്നാൽ വിശുദ്ധരുടെ നാമകരണത്തിനായുള്ള അന്വേഷണ കോടതികളും (Enquiry Commissions) വൈദികരുടെ തിരുപ്പട്ട ഡിസ്പെൻസേഷൻ ആവശ്യങ്ങൾക്കായി സ്ഥാപിക്കപ്പെടുന്ന കോടതികളും മറ്റും പ്രത്യേക ആവശ്യങ്ങൾക്കനുസരിച്ച് മാത്രം സ്ഥാപിക്കപ്പെടുന്ന സംവിധാനങ്ങളാണ്. സഭയുടെ പൊതുവായ നിയമങ്ങളുടെയും സീറോ മലബാർ സഭയുടെ പ്രത്യേക നിയമങ്ങളുടെയും രൂപത നിയമാവലിയുടെയുമെല്ലാം അടിസ്ഥാനത്തിൽ ചിട്ടപ്പെടുത്തിയിട്ടുള്ള സംവിധാനമാണ് ഈ കോടതികളുടേത്.

നാല് ഫൊറോനകളും എൺപത് ഇടവകകളുമായി ആരംഭിച്ച ഇരിങ്ങാലക്കുട രൂപതയിൽ ഇന്ന്, 80 ഫൊറോനകളും 129 ഇടവകകളുമുണ്ട്. പ്രഥമ മെത്രാനായിരുന്ന മാർ ജെയിംസ് പഴയാറ്റിലിനു ശേഷം അദ്ദേഹത്തിന്റെ പിൻഗാമിയായി മാർ പോളി കണ്ണൂക്കാടൻ രൂപതയെ നയിക്കുന്നു. ഇരിങ്ങാലക്കുട രൂപത വിദ്യാഭ്യാസ - ജീവകാരുണ്യസ്ഥാപനങ്ങൾക്ക് വലിയ പ്രാധാന്യമാണ് നൽകിവരുന്നത്. ആധ്യാത്മികതക്കൊപ്പം കൃത്യമായ സാമൂഹ്യ ഇടപെടലുകൾ നടത്താനും ഇരിങ്ങാലക്കുടയിലെ ക്രൈസ്തവസഭയ്ക്ക് സാധിക്കുന്നു എന്നത് ശ്രദ്ധേയമാണ്. അതുകൊണ്ടുതന്നെയാണ് ഇരിങ്ങാലക്കുടയുടെ സാംസ്കാരിക മണ്ഡലത്തിൽ കൃത്യമായ സ്ഥാനം നേടാൻ ഇവിടുത്തെ ക്രൈസ്തവർക്ക് സാധിച്ചത്.

1944 -ലാണ് സെന്റ്. ജോർജ്ജ് ദേവാലയത്തിന് ഫൊറോന പദവി ലഭിക്കുന്നത്. ഇരിങ്ങാലക്കുട രൂപത നിലവിൽ വന്നതോടെയാണ്, ദേവാലയം പേര് മാറി സെന്റ് തോമസ് കത്തീഡ്രൽ എന്നാകുന്നത്. 2021 -ലെ കണക്കനുസരിച്ച് 3270 കുടുംബങ്ങളും 14035 അംഗങ്ങളുമാണ് ഈ ഇടവകയിലുള്ളത്.

## സോഷ്യൽ ആക്ഷൻ ഫോറം

രൂപതയുടെ ഔദ്യോഗിക സാമൂഹ്യസേവന പ്രസ്ഥാനമായ സോഷ്യൽ ആക്ഷൻ ഫോറത്തിന്റെ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. ഭവനനിർമ്മാണം, പുനരധിവാസ പ്രവർത്തനങ്ങൾ, പ്രകൃതിവിഭവസംരക്ഷണം, ഇൻഷുറൻസ് പദ്ധതികൾ, ജലവിഭവസംരക്ഷണം, ജൈവകൃഷി പ്രോത്സാഹനം, മാതൃക മുയൽ വളർത്തൽ കേന്ദ്രം, ഗ്രാമശ്രീ സ്വാശ്രയസംഘങ്ങൾ, സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ, സീനിയർ സിറ്റിസൺസ് ക്ലബ്ബ്, തൊഴിൽ സംരംഭകത്വ പരിശീലനങ്ങൾ തുടങ്ങിയ ഒട്ടനവധി പ്രവർത്തനങ്ങളാണ് ഇവർ നടത്തുന്നത്. കൊറ്റനല്ലൂരിലുള്ള ആശാനിലയം, കൃപാഭവൻ, പ്രകൃതി, പുളിയിലക്കുന്നിലെ സാൻജോ ഐ.ടി.സി., എടക്കുളത്തെ ആശാഭവൻ നഴ്സറി ആന്റ് ടൈലറിങ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങളെല്ലാം ഈ ലക്ഷ്യത്തെ മുൻനിർത്തിയാണ് പ്രവർത്തിക്കുന്നത്.

ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള ഭവനങ്ങൾ പരിശീലനകേന്ദ്രങ്ങൾ, വൃദ്ധസദനങ്ങൾ, ആശുപത്രികൾ, പാലിയേറ്റീവ് കെയർ, അനാഥാലയങ്ങൾ തുടങ്ങി ഒട്ട

നവധി സ്ഥാപനങ്ങൾ രൂപതയുടേതായിട്ടുണ്ട്. ബ്ലസ് എ ഹോം എന്ന കുടുംബക്ഷേമപദ്ധതിയിലൂടെ സാമ്പത്തിക സഹായങ്ങളും ചെയ്തു വരുന്നു. കുടുംബ പ്രേഷിതപ്രവർത്തനങ്ങളുടെ ഭാഗമായി പാസ്റ്ററൽ ആനിമേഷൻ സെന്റർ ഫോർ സ്റ്റഡീസ് (PACS) ന്റെ നേതൃത്വത്തിൽ യുവതീയുവാക്കൾക്കായി നടത്തുന്ന വിവാഹ ഒരുക്ക ക്ലാസ്സുകൾ, സാമൂഹ്യക്ഷേമം മുൻനിർത്തിയാണ് നടത്തുന്നത്. ആളൂർ ബെറ്റർ ലൈഫ് മൂവ്മെന്റ് (B.L.M) കാമ്പസിൽ നവചൈതന്യയുടെ നേതൃത്വത്തിൽ നടത്തിവരുന്ന ലഹരി മോചന പരിശീലനക്യാമ്പിൽ ഡോക്ടർമാർ, സാമൂഹ്യപ്രവർത്തകർ, മനശ്ശാസ്ത്രപരിശീലനം നേടിയവർ, ആത്മീയഗുരുക്കന്മാർ തുടങ്ങിയവരുടെ സേവനങ്ങൾ ലഭ്യമാക്കുന്നു.

## 2.8.9 പിണ്ടിപ്പെരുന്നാൾ

ആഗോള കത്തോലിക്കാ സഭയിൽ ക്രിസ്തുമസും ദനഹാതിരുന്നാളും ഈസ്റ്ററുമാണ് പ്രധാനമായും ആഘോഷിക്കുന്നത്. ഇതിൽ ദനഹാ തിരുന്നാളിന്റെ ആരംഭത്തെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങളാണുള്ളത്. ജനുവരി 6 ന് ആഘോഷിക്കുന്ന ദനഹാ തിരുനാളിനെ കേരളത്തിന്റെ വടക്കൻ ഭാഗങ്ങളിൽ പിണ്ടികുത്തി പെരുന്നാളെന്നും തെക്കൻ ദിക്കുകളിൽ രാക്കുളിപെരുന്നാളിനും വിളിക്കാറുണ്ടായിരുന്നു.[32] ദനഹ എന്ന പദത്തിന് ഉദയം എന്നാണർത്ഥം. പ്രത്യക്ഷവൽക്കരണം, ആവിഷ്കാരം, വെളിപാട്, എന്നെല്ലാം ഇതിന് വ്യാഖ്യാനങ്ങളും നൽകാറുണ്ട്. യേശുവിന്റെ ജോർദ്ദാൻ നദിയിലെ മാമോദിസയുടെ ഓർമ്മയാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നതെന്ന് കരുതുന്നവരുണ്ട്. എന്നാൽ യേശുവിന്റെ ജനനവേളയിൽ കിഴക്കുനിന്നുള്ള ജ്ഞാനികളുടെ സന്ദർശന തിരുനാളായാണ് കേരളസഭയിൽ ഈ ദിവസം ആഘോഷിക്കുന്നത്. ജനുവരി 6 മുതൽ വലിയ നോമ്പ് വരെയുള്ള കാലമാണ് സീറോ മലബാർ സഭയിൽ ദനഹക്കാലമായി ആചരിക്കുന്നത്. ഇരിങ്ങാലക്കുടയിൽ പള്ളി സ്ഥാപിക്കുന്നതിന് വളരെക്കാലം

[32] ജോർദ്ദാൻ നദിയിൽ വെച്ച് യേശു സ്നാനമേറ്റതിനെ അനുസ്മരിക്കുന്ന കർത്താവിന്റെ മാമോദീസ പെരുന്നാളായി പൗരസ്ത്യസഭകൾ ഈ ദിനം ആചരിക്കുന്നു. ജനുവരി 6 -ന് തലേരാത്രിയിൽ വീട്ടുമുറ്റത്ത് വാഴപ്പിണ്ടികൾ കുഴിച്ചുവെച്ച് അവയിൽ ഈർക്കിലുകൾ കുത്തിവച്ച് ദീപങ്ങൾ തെളിയിക്കുകയും അതിനു ചുറ്റും എൽപ്പയ്യ (ദൈവം പ്രകാശമാകുന്നു) എന്ന് പറഞ്ഞ് പ്രദക്ഷിണം വെച്ചിരുന്ന ആചാരത്തിൽനിന്നാണ് ഈ പെരുന്നാളിന് 'പിണ്ടിപെരുന്നാൾ' അല്ലെങ്കിൽ 'പിണ്ടികുത്തിപെരുന്നാൾ' എന്ന പേരുണ്ടായത്. തെക്കൻ കേരളത്തിലെ പൂർവ്വിക ക്രിസ്ത്യാനികൾ യേശുവിന്റെ ജ്ഞാനസ്നാനം അനുസ്മരിച്ച് അന്നേദിവസം പുലർച്ചെ എഴുന്നേറ്റ് അടുത്തുള്ള കുളത്തിലോ നദിയിലോ പോയി ആചാരക്കുളി നടത്തുന്ന പ്രാദേശികരീതിയിൽനിന്നാണ് 'രാക്കുളിപ്പെരുന്നാൾ' എന്ന പേരുണ്ടായത്. ഈ പതിവുകളിൽ ചെലവ ഇപ്പോഴും നിലനിൽക്കുന്നുണ്ട്

മുമ്പു മുതലേ ഇവിടത്തെ ക്രൈസ്തവർ അരിപ്പാലത്തുകാരെ[33] അനുകരിച്ച് പൂജരാജാക്കന്മാരുടെ സന്ദർശനത്തിരുന്നാൾ ആഘോഷിച്ചിരുന്നതായി ടി.എ. റപ്പായി രേഖപ്പെടുത്തുന്നു, "അവർ പിണ്ടികുത്തി, പന്തംകത്തിച്ച് പിണ്ടിയിൻമേൽ കുത്തും. പിണ്ടിയുടെ നെറുകയിൽ പാത്രത്തിൽ എണ്ണക്കീടം വച്ച് കത്തിക്കും. രാത്രിയിൽ എല്ലാവരും ഒന്നുചേർന്ന്, ഈശോയുടെരൂപം പ്രായമുള്ള ആരെങ്കിലും കയ്യിൽ പിടിച്ച് പാട്ടുപാടി ക്രൈസ്തവർ താമസിക്കുന്ന തെരുവുകളിൽ കൂടി നടക്കും. വൈദികരില്ല; രൂപക്കൂടില്ല; പട്ടുകുടയുമില്ല; ചൈതന്യവും അരൂപിയും ഭക്തിയുമുണ്ട്. ഇതായിരുന്നുവത്രേ അവരുടെ തിരുന്നാളാഘോഷവും പ്രദക്ഷിണവും" (2004:73). സെന്റ്. ജോർജ്ജിന്റെ പേരിൽ ഇടവക സ്ഥാപിതമായി എങ്കിലും ഇടവക മധ്യസ്ഥന്റെ തിരുന്നാളിനേക്കാൾ പണ്ടുമുതലേ ആഘോഷിച്ചു വന്നിരുന്ന പൂജരാജാക്കന്മാരുടെ സന്ദർശനത്തിരുന്നാളിനാണ് ഇരിങ്ങാലക്കുടയിൽ പ്രാധാന്യം നൽകിയിരുന്നത്.

1896 -ൽ ഇരിങ്ങാലക്കുടയിൽ കോളറ പടർന്നുപിടിച്ചു. ദിവസേനയെന്നോണം വളരെയധികം ജനങ്ങൾ മരിച്ചു. ഈ പ്രതിസന്ധിഘട്ടത്തിൽ അന്ന് പള്ളി വികാരിയായിരുന്ന സെബാസ്റ്റ്യൻ പയ്യപ്പിള്ളി അച്ചൻ, ജനങ്ങളിൽ വളരെയധികം സ്വാധീനം ചെലുത്തി. ഇതേക്കുറിച്ച് ടി.എ. റപ്പായി രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്, "അച്ചൻ രാവിലെ ദിവ്യബലി അർപ്പിച്ചതിനുശേഷം ഒരു കപ്പ് കാപ്പിയും കുടിച്ച്, ചെയ്യനിൽ ഘടിപ്പിച്ചിട്ടുള്ള ചെപ്പിൽ വി.കുർബ്ബാന നിറച്ചു കഴുത്തിലിട്ട് ചെറിയ സഞ്ചിയിൽ രോഗിലേപനം നൽകുന്നതിനുവേണ്ട സാമഗ്രികളുമെടുത്ത് കുതിരപ്പുറത്തു

[33] ഇരിങ്ങാലക്കുടയ്ക്കടുത്തുള്ള അരിപ്പാലം കേന്ദ്രമാക്കിയ പോർച്ചുഗീസ് അനുഭാവികളായ ലത്തീൻകാർ ഈ ദിവസം വളരെ പ്രധാനമായി കണ്ടിരുന്നു. ഇരിങ്ങാലക്കുട പട്ടണത്തിൽനിന്നും ഏകദേശം 10 കിലോമീറ്റർ തെക്കുപടിഞ്ഞാറായി മതിലകത്തോട് ചേർന്ന് സ്ഥിതിചെയ്യുന്ന പ്രദേശമാണ് അരീപ്പാലം. ലത്തീൻ കത്തോലിക്കരാണ് ഇവിടുത്തെ താമസക്കാരിൽ അധികവും. കോട്ടപ്പുറം ലത്തീൻരൂപതയിലെ പ്രധാന ദേവാലയമാണ് അരീപ്പാലം തിരുഹൃദയ പള്ളി. മുസിരിസിനോട് ചേർന്ന് കിടക്കുന്ന മതിലകം, പൂമംഗലം, പടിയൂർ പ്രദേശങ്ങളിൽ പോർച്ചുഗീസുകാർ എത്തപ്പെട്ടത് ഏകദേശം 1540 കാലഘട്ടത്തിലാണ്. 1541 -ൽ കോട്ടപ്പുറം സെന്റ്. തോമസ് കോട്ടയോട് ചേർന്ന് ലത്തീൻ വിദ്യാർത്ഥികളെ രൂപപ്പെടുത്തുന്നതിനായി സെന്റ്. ജെയിംസ് സെമിനാരി പണിതു. അതോടൊപ്പം സുറിയാനി വൈദികരെ പരിശീലിപ്പിക്കുന്നതിനായി മറ്റൊരു സെന്റ്. തോമസ് സെമിനാരി പൂക്കോട് (ഇന്നത്തെ അരീപ്പാലം) പ്രദേശത്തും പണിതതായി പറയപ്പെടുന്നു. ഭാരതത്തിന്റെ ദ്വിതീയ അപ്പസ്തോലൻ എന്ന് അറിയപ്പെടുന്ന വി. ഫ്രാൻസിസ് സേവ്യയർ, പുത്തൻപാനയുടെ രചയിതാവായ അർണോസ്പാതിരി തുടങ്ങിയവർ ഈ സെമിനായി സന്ദർശിച്ചിട്ടുള്ളതായി കരുതുന്നു. ഇവിടം പിന്നീട് ടിപ്പുവിന്റെ ആക്രമണത്താൽ തകർക്കപ്പെടുകയായിരുന്നു എന്നാണ് നാട്ടറിവ്. ഏതായാലും ഇക്കാലത്തൊന്നും ഇവിടെ ഒരു ദേവാലയം ഉണ്ടായിരുന്നില്ല. അരീപ്പാലം പള്ളിയുടെ മാതൃദേവാലയമായ മതിലകം പള്ളി പണിയുന്നതുതന്നെ 1767 -ലാണ്. (ഫാ. ജെ.ജെ. മുട്ടിക്കൽ, ഹിപ്പാലസ് കൊടുങ്ങല്ലൂർ -കോട്ടപ്പുറത്തിന്റെ നേർചിത്രം, 2021:255 -62), (ജോർജ്ജ്, കിഴക്കേ മാട്ടുമ്മൽ, 71 വയസ്സ്).

കയറും. രോഗമുണ്ടെന്ന് അറിയുന്ന വീടുകളിലെല്ലാം ഒരു ഭയവും കൂടാതെ കയറിച്ചെല്ലും. കുമ്പസാരിക്കാവുന്നവരെ കുമ്പസാരിപ്പിക്കും; വി.കുർബ്ബാന സ്വീകരിക്കാൻ കഴിയുന്നവർക്ക് ഈശോയെ നൽകും; രോഗീലേപനം (അന്ന്, അന്ത്യകൂദാശ അഥവാ ഒടുക്കത്തെ ഒപ്രുശുമ) നൽകാവുന്നവർക്കെല്ലാം അതു നൽകും; അത്യാവശ്യം സാമ്പത്തിക സഹായം ചെയ്യും; മരുന്നും നൽകും. ക്രിസ്ത്യാനികളുടെ വീടുകളിൽ മാത്രമല്ല, ഹൈന്ദവരുടെ വീടുകളിലും അദ്ദേഹം പോകുമായിരുന്നു. ഏറ്റവും സ്നേഹത്തോടും ബഹുമാനത്തോടും കൂടിയാണ് അവർ അദ്ദേഹത്തെ സ്വീകരിച്ചിരുന്നത്. 'കത്തനാര് അച്ചൻ' വന്നു പോയി ഇനി ഞങ്ങളുടെ വീട്ടിൽ സൂക്കേട് ഉണ്ടാവില്ല, അവർ പറയുമായിരുന്നു" (2004:76 -77). ഈ വൈദികന്റെ നിർദ്ദേശപ്രകാരമാണ് പിണ്ടിപ്പെരുന്നാളിനൊപ്പം പകർച്ചവ്യാധികളുടെ മധ്യസ്ഥനായ വി. സെബസ്ത്യാനോസിന്റെ തിരുന്നാളും നടത്തുവാൻ തുടങ്ങിയതത്രേ. തുടർന്നാണ് പിണ്ടിപ്പെരുന്നാളിൽ അമ്പു പ്രദക്ഷിണം ഒരു പ്രധാന ചടങ്ങായി മാറിയത്.

ജനുവരി 5, 6 തീയതികളിൽ നടത്തിവന്നിരുന്ന പെരുന്നാൾ 1953 മുതൽ, ആ തീയതി കഴിഞ്ഞു വരുന്ന ഞായറാഴ്ചയിലേക്ക് മാറി. ബുധനാഴ്ചയാണ് കൊടികയറ്റം. ശനി, ഞായർ, തിങ്കൾ എന്നിങ്ങനെ മൂന്നു ദിവസമായിട്ടാണ് ഇന്ന് ആഘോഷങ്ങൾ. ദനഹാതിരുന്നാളും വി. സെബസ്ത്യാനോസ്, വി. ഗീവർഗ്ഗീസ് തുടങ്ങിയവരുടെ തിരുന്നാളുകളും സംയുക്തമായാണ് ഈ ദിവസങ്ങളിൽ കൊണ്ടാടുന്നത്. കൊടികയറ്റത്തിന്റെ അന്നുമുതൽ തിരുന്നാൾ വിളംബരം ചെയ്ത് നഗാരമടിച്ചുകൊണ്ടുള്ള കാളവളി ആചാരമായി തുടർന്നു വരുന്നു (നോ. അനുബന്ധം 1.9). വീടുകൾക്കു മുൻപിൽ കിട്ടാവുന്നതിൽ ഏറ്റവും വണ്ണം കൂടിയ പിണ്ടി കുഴിച്ചിട്ട് അലങ്കരിക്കുന്ന പതിവ് അന്നും ഇന്നും തുടർന്നുവരുന്നു. ആദ്യകാലങ്ങളിൽ പിണ്ടിയുടെ ചുറ്റും അടിമുതൽ മുകളിലേക്ക് ചിരാത് പിടിപ്പിച്ച് എണ്ണയൊഴിച്ച് തിരിയിട്ട് കത്തിക്കുകയായിരുന്നുവെങ്കിൽ ഇന്ന് ഇലക്ട്രിക് ലൈറ്റുകളാൽ അലങ്കൃതമാണ് അവ. ഏറ്റവും വലുതും ഭംഗിയേറിയതുമായ പിണ്ടിക്ക് സമ്മാനം നൽകുന്ന പതിവുള്ളതുകൊണ്ടുതന്നെ പ്രദേശവാസികൾ മത്സരബുദ്ധിയോടെ ഇതിൽ പങ്കെടുക്കുന്നു. മത്സരത്തിൽ പങ്കെടുക്കാത്ത കുടുംബങ്ങളും വ്യത്യസ്ത നിറങ്ങളിലുള്ള കടലാസുകൾകൊണ്ട് നിർമ്മിച്ച പൂക്കളാൽ പിണ്ടികൾ അലങ്കരിക്കുന്നു.

തലേദിവസത്തെ രാത്രിപ്രക്ഷിണം ശ്രദ്ധേയമായിരുന്നു. കൊളുത്തുവിളക്കും പന്തക്കുഴയും പിടിച്ച് നടക്കുന്നവരും വിളക്കിൽ എണ്ണയൊഴിക്കാൻ അങ്ങോട്ടുമി ങ്ങോട്ടും ഓടി നടക്കുന്നവരും വാദ്യക്കാരുടെ മുൻപിൽ തലയാട്ടി താളത്തിനൊപ്പം തുള്ളുന്നവരും ഇരുവശവും പട്ടുകുടകളേന്തിയവരുമായി പോകുന്നതുമായ പ്രദക്ഷിണ കാഴ്ച രസകരമാണ്. പൂജരാജാക്കന്മാരെ അനുസ്മരിപ്പിച്ചുകൊണ്ട് രാജാക്കന്മാരുടെ വേഷമിട്ട മൂന്നുപേർ കുതിരകളുടെ പുറത്ത് മുന്നിലും അരുളിക്ക [34] പിടിച്ച വൈദികർ പിറകിലുമായി പ്രദക്ഷിണത്തിനുണ്ടാകും. കാലാന്തരത്തിൽ തലേദിവസത്തെ രാത്രി പ്രദക്ഷിണം നിറുത്തൽ ചെയ്തു. ഇന്നത് അമ്പെഴുന്നള്ളിപ്പാണ്. വി. സെബസ്ത്യാനോ സിനെ ഡയനീഷ്യസ് ചക്രവർത്തി അമ്പുതറച്ചതിന്റെ പ്രതീകമായാണ് രാത്രി അമ്പ് പ്രദക്ഷിണത്തിന് എഴുന്നള്ളിക്കുന്നത്. വ്യത്യസ്ത നിറത്തിലുള്ള മാലബൾബുകളാലും എൽ.ഇ.ഡി. ലൈറ്റുകളാലും അലങ്കൃതമായ തേരുകൾ മനോഹരമായ കാഴ്ചയാണ്. ചെണ്ടമേളങ്ങൾ, ബാന്റ് സെറ്റുകൾ, നാസിക് ഡോൾ തുടങ്ങിയവയാൽ താളമുഖരി തമായിരിക്കും അന്തരീക്ഷം. വ്യത്യസ്തങ്ങളായ പടക്കങ്ങളാലും ലാത്തിരി പൂത്തിരി കമ്പിത്തിരികളാലും ആകാശം വർണ്ണാഭമായിരിക്കും. കെങ്കേമമായാണ് ഇരിങ്ങാല ക്കുടക്കാർ പ്രദക്ഷിണം നടത്തുന്നത്. കുടുംബയൂണിറ്റുകളുടെ അടിസ്ഥാനത്തിലുള്ള അമ്പെഴുന്നള്ളിപ്പ് കൂടാതെ തിങ്കളാഴ്ച അങ്ങാടിയമ്പും നടത്തുന്നു. ഇരിങ്ങാലക്കുടയിൽ അന്ന് പ്രാദേശിക അവധിദിനമാണ്. വലിയങ്ങാടി, തെക്കേ അങ്ങാടി, കുരിശങ്ങാടി, കാട്ടുങ്ങച്ചിറ എന്നിങ്ങനെ ഓരോ സമൂഹങ്ങൾ തിരിഞ്ഞാണ് അമ്പു നടത്തുന്നത്.

പള്ളിയിൽ ശനിയാഴ്ച കുർബ്ബാനയ്ക്കുശേഷം രൂപക്കൂട് ആഘോഷമായി എഴുന്ന ള്ളിച്ച് പന്തലിൽ വയ്ക്കും. രൂപം തൊട്ടുമുത്തുന്നതും നേർച്ചയിടുന്നതുമെല്ലാം അവിടെ യാണ്. ബാന്റുസെറ്റ്കാരുടെ മത്സരവായനയുണ്ടാവും. തിരുനാൾദിവസമായ ഞായ റാഴ്ച ആഘോഷമായ പാട്ടുകുർബ്ബാനയുണ്ട്.

ഉച്ചകഴിഞ്ഞാണ് രൂപക്കൂടുകളുമേന്തി പ്രദക്ഷിണമിറങ്ങുന്നത്. ആദ്യകാല ങ്ങളിൽ പ്രദക്ഷിണം പള്ളിയിൽനിന്നിറങ്ങി വടക്കോട്ട് പോയി ഠാണാവുകൂടി ആൽത്ത റയിലാണ് എത്തിയിരുന്നത്. 1990 മുതൽ പ്രദക്ഷിണവഴിയിൽ അല്പം മാറ്റം വരു ത്തി. ഇന്ന് പള്ളിയിൽ നിന്നിറങ്ങുന്ന പ്രദക്ഷിണം തെക്കോട്ട് പോയി ചെട്ടിപ്പറമ്പ്

[34] വിശുദ്ധ കുർബ്ബാനയും (ഓസ്തി), വിശുദ്ധരുടെ തിരുശേഷിപ്പുകളും മറ്റും സൂക്ഷിക്കുന്ന പേടകമാണ് അരുളിക്ക അല്ലെങ്കിൽ അരളിക്ക. റോമൻ കത്തോലിക്ക സഭയിൽ വിശുദ്ധ കുർബ്ബാന എഴുന്നള്ളിച്ചു കൊണ്ടു പോകുന്നത് അരുളിക്കയിൽ വെച്ചുകൊണ്ടാണ്.

കൂടി പാർക്ക് റോഡിലൂടെ തെക്കേ അങ്ങാടിയിൽ പ്രവേശിച്ച് ആൽത്തറയിൽ എത്തു ന്നു. ആൽത്തറയ്ക്കപ്പുറത്ത് കൂടൽമാണിക്യക്ഷേത്രനട വഴിയിലേക്ക് പ്രദക്ഷിണം പ്രവേശിക്കാറില്ല. തിരിച്ച് വലിയങ്ങാടിയിലെ ചന്തപ്പുര, തെക്കേ അങ്ങാടി എന്നിവിടങ്ങളിൽ പോയി മടങ്ങുകയാണ് പതിവ്. ഠാണാവിലെത്തുന്ന പ്രദക്ഷിണം വീണ്ടും തെക്കോട്ട് തിരിഞ്ഞ് പള്ളിയുടെ മുന്നിലൂടെ ചന്തക്കുന്നിലേക്ക് കയറുന്നു. തെക്കേ അങ്ങാടിയിലേക്ക് കടന്ന് കിഴക്കോട്ട് പോയി ഇരട്ടകപ്പേളയുടെ കയറ്റം കയറി കുരിശങ്ങാടിയിലെത്തി. തുടർന്ന് സ്പിരിച്ചാലിറ്റി സെന്ററിലെ സ്തംഭത്തിന്റെ മുന്നിൽ കൂടി പള്ളിപ്പറമ്പിലേക്ക് കയറുന്നു. മുത്തുക്കുടകളും കുരിശും ബാന്റ്മേളങ്ങളും ഇടവകജനങ്ങൾ മുഴുവനും അണിനിരക്കുന്ന മനോഹരമായൊരു കാഴ്ചയാണിത്. തിരുനാൾ പ്രദക്ഷിണവും തുടർന്നുള്ള വെടിക്കെട്ടും കാണുന്നതിനായി ഇരിങ്ങാലക്കുടയുടെ പരിസരപ്രദേശങ്ങളിൽനിന്നെല്ലാം മതഭേദമെന്യേ അനവധി ആളുകൾ എത്തിച്ചേരുന്നു. പിണ്ടിപ്പെരുന്നാളിന് പുതുവസ്ത്രങ്ങൾ ധരിക്കുക എന്ന ശീലം ഇരിങ്ങാലക്കുടക്കാർക്കുണ്ട്. ഇവിടെ വസ്ത്രവ്യാപാരരംഗത്ത് ഏറ്റവും തിരക്കുള്ളകാലമാണിത്.

1844 -45 കാലഘട്ടത്തിലും 1950 -51 കളിലുമുണ്ടായ വസൂരിബാധയും 1896 -ലെ കോളറയും രോഗാതുരമായൊരു ഭീതിതകാലത്തിന്റെ ഓർമ്മയാണ് ഇരിങ്ങാലക്കുടക്കാർക്ക്. അതുകൊണ്ടുതന്നെ വീടുകളിൽ 'അമ്പെടുക്കുക' എന്നുള്ളത് പകർച്ചവ്യാധികളിൽനിന്നും അടുത്ത തിരുന്നാൾവരെയെങ്കിലുമുള്ള സംരക്ഷണമായി വിശ്വാസികൾ കരുതുന്നു. വീടിന്റെ പരിസരങ്ങളിൽ പാമ്പിനെ കണ്ടാലുടനെ ഗീവർഗീസ് പുണ്യവാളന് കോഴിയെ നേർച്ച നേരുന്നു. അതുമൂലം പാമ്പിന്റെയും മറ്റ് ഇഴജന്തുക്കളുടെയും ശല്യം ഇല്ലാതാകുന്നു എന്നാണ് വിശ്വാസം.

## ദുക്റാന തിരുന്നാൾ

സെന്റ്. ജോർജ്ജ് ദേവാലയം സെന്റ്. തോമസ് കത്തീഡ്രലായതിനുശേഷമാണ് ഇടവക മധ്യസ്ഥന്റെ ഓർമ്മദിവസമായ സെന്റ്. തോമസ് ദിനം ആചരിച്ചുവരുന്നത്. സഭയിൽ ദുക്റാന എന്നാണ് ഈ ദിവസം അറിയപ്പെടുന്നത്. തമിഴ്നാട്ടിലെ മൈലാപ്പൂരിൽ വച്ച് പൊ.വ. 72 ജൂലൈ 3 -നാണ് സെന്റ്. തോമസ് മരണപ്പെട്ടത് എന്ന് വിശ്വസിക്കുന്നു. വളരെ പ്രാധാന്യത്തോടെയാണ് ഇരിങ്ങാലക്കുടയിൽ ഈ ദിവസം ആചരിച്ചുവരുന്നത്. പ്രാർത്ഥനകളും ശ്രാദ്ധസദ്യയുമാണ് അന്നത്തെ പ്രധാന വിശേഷം. സമീ

പപ്രദേശങ്ങളിൽനിന്ന് അനവധിയാളുകൾ ഇവിടെ ശ്രാദ്ധമുണ്ണുന്നതിനായി എത്തുന്നു. 2004 ജൂലൈ 3 മുതലാണ് ഇരിങ്ങാലക്കുടയിൽ ദുക്റാന തിരുന്നാൾ ഊട്ടു തിരുന്നാളായി ആഘോഷിക്കാൻ തുടങ്ങിയത്. കാട്ടുപോത്തിന്റെ തുട വിറയ്ക്കുന്നത്ര കോരിച്ചൊരിയുന്ന മഴയാണ് ആ ദിവസത്തിന്റെ പ്രത്യേകതയായി പഴമക്കാർ പറഞ്ഞു വരുന്നത്. രൂപതയിൽനിന്നും തോമാശ്ലീഹായുടെ തീർത്ഥാടനകേന്ദ്രമായ അഴീക്കോട്ടേക്ക് പദയാത്ര സംഘടിപ്പിക്കുന്ന രീതിയും ഈ അടുത്തകാലത്തായി ആരംഭിച്ചിട്ടുണ്ട്.

പ്രാദേശികമായ ഇത്തരം ആഘോഷങ്ങൾക്ക് പുറമേ സഭയുടെ മറ്റു തിരുനാളുകളും ഇവിടെ ഉത്സാഹപൂർവ്വം ആഘോഷിക്കുന്നു. ക്രിസ്തുമസിനോടനുബന്ധിച്ച് സി.എൽ.സി. എന്ന സംഘടന ഒരുക്കുന്ന മെഗാ ഹൈടെക് കരോൾ മത്സരം ഇത്തരത്തിൽ ശ്രദ്ധേയമാണ്. സമീപ പ്രദേശങ്ങളിലെ ഇടവകകളിൽനിന്നെല്ലാം വ്യത്യസ്ത ടാബ്ലോയും ഗായകരും മാർഗ്ഗംകളിക്കാരുമെല്ലാമായി ഒരു ഘോഷയാത്രയാണത്. ചുവപ്പും വെള്ളയും കുപ്പായം ധരിച്ച ക്രിസ്മസ് പാപ്പാമാരും കലമാൻ (Reindeer) തെളിക്കുന്ന തേരും (sledge) പൂജരാജാക്കൻമാരും ഉണ്ണിയേശുവിനെ എടുത്തുനിൽക്കുന്ന മേരിയും ഔസേപ്പുമെല്ലാം ടാബ്ലോയെ മനോഹരമാക്കുന്നു. ബസ് സ്റ്റാന്റ് പരിസരത്തുനിന്നും ആരംഭിച്ച് പള്ളിയിൽ എത്തിച്ചേരുന്ന രീതിയിലാണ് കരോൾ മത്സരം ഒരുക്കുന്നത്.

## പെരുന്നാൾ വിഭവങ്ങൾ

പള്ളിപ്പെരുന്നാളിന് ദിവസങ്ങൾക്ക് മുൻപേ തുടങ്ങും പെരുന്നാൾ പലഹാരമുണ്ടാക്കാനുള്ള സ്ത്രീകളുടെ തിരക്ക്. അച്ചപ്പം, കുഴലപ്പം, ഉണ്ണിയപ്പം, അവുലോസുണ്ട തുടങ്ങിയ പതിവുപലഹാരങ്ങൾ ദിവസങ്ങൾക്ക് മുൻപേ ഉണ്ടാക്കി വയ്ക്കും. കള്ളപ്പം (വട്ടേപ്പം) തലേന്ന് രാത്രി പച്ചരിയും നാളികേരവും തെങ്ങിൻ കള്ളും ചേർത്ത് കലക്കി വയ്ക്കും. വെളുപ്പിനേ ഉണർന്ന് ഇത് ആവിയിൽ വേവിച്ചെടുക്കും. ഇത്തരം പലഹാരങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിൽ ഇരിങ്ങാലക്കുടയിലെ സ്ത്രീകൾ മിടുക്കികളാണെന്നാണ് നാട്ടുസംസാരം. കുടിൽവ്യവസായം എന്ന നിലയിൽ അച്ചപ്പവും കുഴലപ്പവും കള്ളപ്പവുമെല്ലാം വിൽപനചെയ്യുന്നവർ ഇവിടെയുണ്ട്. ജനുവരിയിലെ പെരുന്നാളാണ് പലഹാര കച്ചവടത്തിന് 'സീസൺ'. സഹായത്തിനായി ബന്ധുവീടുകളിൽനിന്നുള്ള സ്ത്രീകളും ഈ സമയങ്ങളിൽ ഇരിങ്ങാലക്കുടയിൽ എത്തിച്ചേരാറുണ്ട്. കൂടാതെ ജനനം, വിവാഹം,

മരണം തുടങ്ങിയ അവസരങ്ങളിലെല്ലാം പലഹാരങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. വയറുകാണൽ[35], അലമാരി പലഹാരം[36], വാലായ്മ പലഹാരം[37] തുടങ്ങിയ പേരുകളിൽ ധനിക -ദരിദ്രഭേദമെന്യേ തങ്ങളുടെ കഴിവുപോലെ ഈ ചടങ്ങുകൾ നിർവ്വഹിക്കുന്നു.

പലതരം ഇറച്ചികളും മത്സ്യങ്ങളും രുചിഭേദങ്ങളോടെ പെരുന്നാൾ ദിവസങ്ങളിൽ തീൻമേശയിലെത്തുന്നു. പിണ്ടിപ്പെരുന്നാൾ ആഘോഷത്തെ ഇന്നസെന്റ് *ഞാൻ ഇന്നസെന്റ്* എന്ന കൃതിയിൽ രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്, "കള്ളുകുടിക്കുക, വിരുന്നുകാരായിട്ടെത്തുന്നവർക്ക് വാങ്ങി കൊടുക്കുക. പലഹാരവും ഇറച്ചിയുമൊക്കെ ഇഷ്ടാനുസരണം ഉണ്ടാക്കുക. ആവോളം അത് വെട്ടി വിഴുങ്ങുക. പിന്നീട് പെരുന്നാളിനൊപ്പമുള്ള പ്രദക്ഷിണത്തിൽ കൂടുക" (2008:30). വിശേഷ അവസരങ്ങളിൽ ഏറ്റവുമധികം മദ്യം വിൽക്കപ്പെടുന്ന ഇടങ്ങളിൽ ഇരിങ്ങാലക്കുട മുൻപന്തിയിലാണ് എന്നകാര്യം ശ്രദ്ധേയമാണ്. തിരുന്നാളുകൾ (വിശുദ്ധ ദിവസം), പെരുന്നാളുകൾ (വലിയ ദിവസം) മാത്രമായി മാറുന്നു എന്ന് പരിഭവിക്കുന്നതിന്റെ കാരണങ്ങളിലൊന്ന് ഇതാണ്. കാറ്ററിങ് ഭക്ഷണത്തിലേക്കും ബേക്കറി പലഹാരങ്ങളിലേക്കും താൽപര്യം കൂടി വരുന്നുണ്ടെങ്കിലും ബഹുഭൂരിപക്ഷം അടുക്കളകളും പെരുന്നാൾ ദിനങ്ങളിൽ സജീവമാണ്.

മെയ് മാസത്തിലെ വണക്കമാസാചരണത്തിന്റെ അവസാന ദിവസം ചക്ക 'പുഴുക്കും പാച്ചോറും' ഉണ്ടാക്കി കുടുംബസമേതം ഇരുന്ന് കഴിക്കുന്ന പതിവുണ്ട്. വലിയ നോമ്പിലെ പാതി നോമ്പുദിവസമാണ് 'ഇൻഡേറിയപ്പം' ഉണ്ടാക്കുന്നത്. ആവിയിൽ വേവിച്ചെടുക്കുന്ന ഇൻഡേറിയപ്പത്തിനു മുകളിൽ തലേവർഷത്തെ കുരുത്തോല[38] കുരിശാകൃതിയിൽ പതിപ്പിക്കുന്നു. തുടർന്ന് കുടുംബത്തിലെ മുതിർന്ന വ്യക്തി അത് മുറിച്ചെടുത്ത് കുടുംബാംഗങ്ങൾക്ക് പ്രാർത്ഥനയോടെ നൽകും. മറ്റൊരു വിശേഷപ്പെട്ട വിഭവം കൽത്തപ്പമാണ്. അരിയും ഉഴുന്നും നാളികേരക്കൊത്തും ചേർത്ത് പാകം ചെയ്തെടുക്കുന്ന കൽത്തപ്പം പെസഹാ വ്യാഴാഴ്ച രാത്രിയിൽ പാൽ കുറുക്കിയതിനൊപ്പമാണ് കഴിക്കുന്നത്. ഇടുക്കി, കോട്ടയം ഭാഗങ്ങളിൽനിന്നും ഇങ്ങോട്ടെത്തിയ പലഹാ

[35] ഗർഭിണിയായ സ്ത്രീക്ക് ഏഴാം മാസത്തിൽ സ്വന്തം വീട്ടിൽനിന്നും ഒമ്പതാം മാസത്തിൽ ഭർതൃവീട്ടിൽനിന്നും പലഹാരങ്ങൾ കൊണ്ടുവന്ന് നൽകുന്ന ചടങ്ങാണിത്. ഈ പലഹാരത്തിൽനിന്ന് അയൽ വീടുകളിലേയ്ക്കും ബന്ധുവീടുകളിലേയ്ക്കും പകർന്ന് നൽകുന്ന പതിവുമുണ്ട്

[36] വിവാഹശേഷം വധുവിന് സമ്മാനമായി നൽകുന്ന അലമാരിക്കൊപ്പം പലഹാരങ്ങൾ നൽകുന്ന രീതിയാണിത്

[37] മരിച്ച വീട്ടിലേക്ക് ബന്ധുക്കൾ നൽകുന്ന പലഹാരം

[38] ഓശാന ദിവസം പള്ളിയിൽ വിതരണം ചെയ്യുന്ന തെങ്ങിന്റെ കുമ്പിലെ ഓലയാണ് കുരുത്തോല

രമാണ് കൽത്തപ്പം. ആദ്യകാലങ്ങളിൽ പാൽ കുറുക്കിയത് (അരിപ്പൊടി നാളികേരപ്പാലിൽ കുറുക്കിയെടുക്കുന്നു) മാത്രമാണ് പെസഹാ വ്യാഴാഴ്ച ആചാരത്തിന്റെ ഭാഗമായി ഉപയോഗിച്ചിരുന്നത്.

ഓശാന ശനിയാഴ്ചയിലെ കൊഴക്കട്ടയാണ് മറ്റൊരു പലഹാരം. ശർക്കരയിൽ വിളയിച്ചെടുത്ത നാളികേരം അരിമാവിനകത്തു വച്ച് ആവിയിൽ വേവിച്ചെടുക്കുന്നു. കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് പ്രാർത്ഥിച്ചതിനുശേഷം വീട്ടിലെ മുതിർന്നവ്യക്തി മറ്റുള്ളവർക്ക് കൊഴക്കട്ട വിതരണം ചെയ്യുന്നു. ഇത് അയൽവീടുകളിലെ മറ്റു മതസ്ഥരായവർക്ക് പകർന്നുനൽകുന്ന പതിവുണ്ട്. ഭക്ഷണ വിഭവങ്ങളിലെ മതഭേദങ്ങൾ ഇന്ന് വളരെ കുറവാണ്.

## 2.9 ഇരിങ്ങാലക്കുടയിലെ ഇസ്ലാംമതം

ജൂത ക്രൈസ്തവമതങ്ങൾക്കെന്ന പോലെ ഇസ്ലാം മതത്തിനും ആഥിത്യമേകിയത് കൊടുങ്ങല്ലൂരാണ്. ഇന്ത്യയിലെ ആദ്യത്തെ ഇസ്ലാം ദേവാലയം കൊടുങ്ങല്ലൂരിലെ ചേരമാൻ ജുമാ മസ്ജിദ് ആണ്. കൊടുങ്ങല്ലൂരിന് വളരെ അടുത്ത പ്രദേശമാണ് ഇരിങ്ങാലക്കുടയെങ്കിലും ഇവിടേക്ക് മുസ്ലീംങ്ങൾ എത്തിയത് കൊടുങ്ങല്ലൂരിൽനിന്നല്ല എന്നത് ശ്രദ്ധേയമോണ്.

### 2.9.1 റാവുത്തർ

ഇരിങ്ങാലക്കുടയിലെ ഇസ്ലാം ജനവിഭാഗങ്ങളിൽ അധികവും റാവുത്തർ വിഭാഗക്കാരാണ്. തിരുനൽവേലി, ഏർവാടി, പാളയംകോട് എന്നിവിടങ്ങളിൽനിന്നും ഇവിടെയെത്തിയ റാവുത്തർമാർ, എന്ന് മുതലാണ് ഇവിടെ താമസമാക്കിയതെന്നതിനെ സംബന്ധിച്ച് കൃത്യമായ അറിവില്ല. പാളയംകോട്ടുകാരൻ ബാവറാവുത്തരും കുടുംബവുമാണ് ഇരിങ്ങാലക്കുടയിലെ ആദ്യകാല ഇസ്ലാം മതവിശ്വാസികൾ എന്ന് *ഇരിങ്ങാലക്കുട മാന്വൽ* രേഖപ്പെടുത്തുന്നു (2018:1017). ഇരിങ്ങാലക്കുട പട്ടണത്തോട് ചേർന്നുള്ള കാട്ടുങ്ങച്ചിറയിലെ മുഹ്യദ്ദീൻ ജുമാ മസ്ജിദ് ഇദ്ദേഹം പണികഴിപ്പിച്ചതാണ്.

തുർക്കി പാരമ്പര്യമുള്ള തമിഴ് മുസ്ലീംങ്ങളാണ് റാവുത്തർമാർ. ദക്ഷിണേന്ത്യയിലേക്കുള്ള ഇവരുടെ ആഗമനത്തെ സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങളാണ് നില

വിലുള്ളത്. പൊ.വ. 1299 മുതൽ 1319 വരെ ഡൽഹി ഭരിച്ച അലാവുദ്ദീൻ ഖിൽജി അഫ്ഗാനിയായിരുന്നെങ്കിലും തുർക്കി വംശജനായിരുന്നു. ഇദ്ദേഹത്തിന്റെ കാലത്താണ് മാലിക് കാഫൂറിന്റെ നേതൃത്വത്തിൽ ഖിൽജി സൈന്യം കന്യാകുമാരിയിലും മധുരയിലും എത്തിച്ചേരുന്നത്. തുർക്കിവംശജനായ അലാവുദ്ദീന്റെ സൈന്യത്തിലുണ്ടായിരുന്ന തുർക്കി അടിമകളെ, പിന്നീട് വന്ന ഹിന്ദുരാജാക്കന്മാർ തങ്ങളുടെ അശ്വഭടന്മാരാക്കുന്നു. തിരുവിതാംകൂർ, കായംകുളം രാജാക്കന്മാരും ഇവരുടെ സേവനം ഉപയോഗപ്പെടുത്തി. ഈ സൈനികർ പിന്നീട് ഈ ഭാഗങ്ങളിൽ തന്നെ ജീവിക്കുകയും അവിടുത്തെ സ്ത്രീകളെ വിവാഹം കഴിക്കുകയും ചെയ്തു.

യുദ്ധങ്ങളില്ലാതായപ്പോൾ കുടുംബം പോറ്റാൻ മറുവഴികൾ തേടി. യൂറോപ്യൻ, അറേബ്യൻ വ്യാപാരികളുടെ വാണിജ്യകേന്ദ്രങ്ങളായ തിരുനൽവേലി, മധുര, തെങ്കാശി, കായംകുളം, പന്തളം, പുനലൂർ എന്നിവിടങ്ങളിൽ ചരക്കുകൾ വാങ്ങിയും വില്പന നടത്തിയും ഇവർ ജീവിതം കരുപ്പിടിപ്പിച്ചു. ഏലം, ഇഞ്ചി, കുരുമുളക്, കശുവണ്ടി എന്നിവയും ഇവർ വ്യാപാരം ചെയ്തു. തമിഴ്നാട് - കേരളചരക്കുപാതയായിരുന്നു ഇവരുടെ വ്യാപാരവഴി. അങ്ങനെയാണ് ഇവർ കേരളത്തിലെത്തുന്നത് എന്ന് കരുതുന്നു. ഈ സൈനികരിൽ ചിലരും തുർക്കിയിൽനിന്ന് കച്ചവടാവശ്യാർഥം കേരളം - തമിഴ്നാട് മേഖലകളിൽ എത്തിയവരും തദ്ദേശീയ മുസ്‌ലിംകളുമായി ഇടപഴകി ജീവിച്ചു. ഇവരാണ് തുലുക്കർ എന്ന് തമിഴ്നാട്ടിലും റാവുത്തർ എന്ന് കേരളത്തിലും അറിയപ്പെടുന്ന സമുദായത്തിന്റെ മുൻഗാമികൾ.

കൊടുങ്ങല്ലൂരിലെത്തിയപോലെ തമിഴ്നാട്ടിലും ഇസ്‌ലാമിക പ്രബോധനത്തിനായി മുസ്‌ലീങ്ങൾ എത്തിയിട്ടുണ്ടെന്നും അവരുടെ പിൻഗാമികളാണ് റാവുത്തർ എന്നും മറ്റൊരു വീക്ഷണമുണ്ട്. കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, കൊല്ലം, പാലക്കാട് ജില്ലകളിലാണ് കേരളത്തിലെ റാവുത്തർ കുടുംബങ്ങൾ കൂടുതലുള്ളത്.[39] കേരളചരിത്രഗവേഷണ കൗൺസിലിന്റെ *റാവുത്തർമാരുടെ മുന്നൂറു വർഷം* എന്ന ചരിത്രപുസ്തകം അവരെക്കുറിച്ചറിയാൻ ഏറെ സഹായകമാണ്.

വാണിജ്യാവശ്യാർത്ഥമാണ് ഇവർ ഇരിങ്ങാലക്കുടയിലും എത്തിച്ചേർന്നത്. ഇരിങ്ങാലക്കുടയുടെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ഠാണാവ് മുതൽ കാട്ടുങ്ങച്ചിറ വരെയുള്ള ഭാഗം റാവുത്തരങ്ങാടി എന്ന് അറിയപ്പെട്ടിരുന്നു. കൊച്ചിയിൽനിന്നും

[39] https://www.google.com/amp/s/khadikaram.wordpress.com/2012/07/16

വാങ്ങിയ പാത്രങ്ങൾ, കണ്ണാടി എന്നിവ ഇരിങ്ങാലക്കുടയിൽ കൊണ്ടുവന്ന് കച്ചവടം നടത്തി. കണ്ണടവ്യാപാരം, തുകൽകച്ചവടം, ചായപ്പീടിക, വസ്ത്രവ്യാപാരം, മാംസം മലഞ്ചരക്ക് വ്യാപാരങ്ങൾ എന്നിവയും ഇവർ നടത്തിയിരുന്നു. ഇന്ന് പുതിയ തലമുറ കച്ചവടത്തേക്കാളുപരി മറ്റ് തോഴിൽ മേഖലകളിൽ വ്യാപരിക്കുന്നുണ്ട്. പുരോഗമന ചിന്താഗതിക്കാരാണ് ഇരിങ്ങാലക്കുടയിലെ ഇസ്ലാം വിഭാഗങ്ങളിൽ ഏറെയും. ഉയർന്ന വിദ്യാഭ്യാസം നേടിയ അവർ സർക്കാർ - സ്വകാര്യസ്ഥാപനങ്ങളിലും ജോലികൾ നേടി യിട്ടുണ്ട്. പ്രവാസികളായ മുസ്ലീമുകളും കുറവല്ല. സാമ്പത്തിക - സാമൂഹികരംഗത്ത് മുൻ പന്തിയിലെത്താൻ ഇതവരെ സഹായിക്കുന്നു.

കേരളത്തിലെത്തി നൂറ്റാണ്ടുകൾ പിന്നിടുമ്പോഴും ഇവരുടെ വീടുകളിൽ മുതിർന്ന തലമുറയിലുള്ളവർ പരസ്പരം സംസാരിക്കാനായി തമിഴ്കലർന്ന മലയാളഭാഷയാണ് ഉപയോഗിക്കുന്നത്. എന്നാൽ മറ്റു വിഭാഗങ്ങളോട് ഇടപഴകേണ്ടി വരുമ്പോൾ ശുദ്ധമായ മലയാളം ഉപയോഗിക്കാൻ പുതിയ തലമുറയിലുള്ളവർക്ക് ബുദ്ധിമുട്ടില്ല. റാവു ത്തർമാർ പിതാവിനെ അത്ത എന്നാണ് സംബോധന ചെയ്യുന്നത്. ഇരിങ്ങാലക്കുട യിലും ഈ വിളിപ്പേര് തന്നെയാണ് പിൻതുടരുന്നത്. തമിഴിൽ അത്തൈ എന്നാണ് ഈ പദം പ്രയോഗിക്കുന്നത്. അമ്മയെ സൂചിപ്പിക്കാൻ കേരളത്തിലെ ഇസ്ലാം വിഭാഗ ക്കാർ ഉപയോഗിക്കുന്ന ഉമ്മ എന്ന വാക്കല്ല, അമ്മ എന്ന് തന്നെയാണ് റാവുത്തർമാർ വിളിക്കുന്നത്. റാവുത്തർക്കിടയിലെ പഴയ പരമ്പരയിൽ ഉള്ള സ്ത്രീകളുടെ ചട്ടയും മുണ്ടും വേഷവിധാനം തുർക്കിഷ് രീതികളെ അനുസ്മരിപ്പിക്കുന്നു. നീളൻ തൊപ്പിയും ജൂബയും റാവുത്തർമാരുടെ ഇഷ്ടവേഷങ്ങളാണ്. വിശേഷാവസരങ്ങളിൽ മാത്രമാണ് ഇന്ന് ഇത്തരം വേഷങ്ങൾ ഉപയോഗിക്കുന്നത്.[40]

## 2.9.2 ദക്നി വിഭാഗക്കാർ

റാവുത്തർമാരെ കൂടാതെ ഇരിങ്ങാലക്കുടയെ സ്വദേശമായി സ്വീകരിച്ചിട്ടുള്ള മറ്റൊരു ജനവിഭാഗമാണ് പട്ടാണികൾ എന്നറിയപ്പെടുന്ന ദക്നി മുസ്ലീംങ്ങൾ. ഉറുദു സംസാരി ക്കുന്ന ഹനഫി വിഭാഗക്കാരാണിവർ. ടിപ്പുവിന്റെ ആഗമനത്തോടെയാണ് ഇവിടെ ഉറുദു സംസ്കാരം ആരംഭിച്ചതെന്ന് കരുതുന്നു. ടിപ്പുവിന്റെ സൈനികരുടെ പിൻമുറക്കാ രിൽപെട്ടവരാണ് ഈ നാട്ടുകാരിൽ ഭൂരിഭാഗം എന്നും ടിപ്പുവിന്റെ അംഗരക്ഷകരും

[40] നാസർ, 58 വയസ്സ്, പുളിമൂട്ടിൽ വീട്, ഇരിങ്ങാലക്കുട

സൈനികരും ഇവിടെ സ്ഥിരതാമസമാക്കുകയും പിന്നീടങ്ങോട്ട് ഭാഷയും സംസ്കാരവും വ്യാപിപ്പിക്കുകയുമായിരുന്നു എന്നതാണ് ചരിത്രം.[41]

ഭാഷയിലെന്നതുപോലെ ഭക്ഷണത്തിലും വസ്ത്രത്തിലും ആചാരങ്ങളിലും ആഘോഷങ്ങളിലും ഉത്തരേന്ത്യൻ മാതൃക പിന്തുടരുന്നവരാണ് ദക്നി വിഭാഗക്കാർ. വിശേഷദിവസങ്ങളിൽ മത്സ്യമാംസാദി വിഭവങ്ങൾക്ക് പുറമേ പച്ചരിച്ചോറും ദാൽക റിയും ഒഴിച്ചുകൂടാനാകാത്തതാണ്. ഗോതമ്പുമാവുകൊണ്ട് ഉണ്ടാക്കിയ ഭക്ഷണമാണ് അത്താഴത്തിനായി ഉപയോഗിക്കുന്നത്. അക്നി പുലാവും പാൽ ചേർത്ത കസ്കിസ് സർബത്തും ഫലൂദയും നോമ്പ് തുറക്കുന്നതിനുള്ള ഇഷ്ടവിഭവങ്ങളിൽ പെടും. സേവ് കുർമ്മയാണ് മറ്റൊരു വിശേഷഭക്ഷണം.

സാധാരണ വസ്ത്രങ്ങൾക്കു പുറമേ കുർത്തയും പൈജാമയും പുരുഷന്മാരുടെ ഇഷ്ട വസ്ത്രങ്ങളാണ്. സ്ത്രീകൾക്കാകട്ടെ ചുരിദാർ കുർത്തയാണ് നിത്യോപയോഗത്തിലു ള്ളത്. ഉത്തരേന്ത്യൻ രീതിയെ പിന്തുടർന്നാണ് കേരളത്തിലെ മറ്റു വിഭാഗങ്ങളിലുള്ള സ്ത്രീകളും സൗകര്യപ്രദമായ വസ്ത്രമായി ചുരിദാർ ഉപയോഗിച്ചു തുടങ്ങിയത്. മാതാപിതാ ക്കളെ സംബോധന ചെയ്യുന്ന കാര്യത്തിലും കേരളത്തിലെ മുസ്ലീംങ്ങളിൽനിന്ന് വ്യത്യ സ്തരാണ് ദക്നി വിഭാഗക്കാർ. മാതാവിനെ അമ്മി എന്നും പിതാവിനെ അബ്ബ എന്നുമാണ് വിളിക്കുന്നത്.

കാട്ടുങ്ങച്ചിറയിലെ മുഹ്യുദീൻ ജുമാ മസ്ജിദ് കൂടാതെ ഇരിങ്ങാലക്കുടയിലുള്ള മറ്റൊരു പള്ളി ഠാണാവിൽ സ്ഥിതിചെയ്യുന്ന ടൗൺ ജുമാ മസ്ജിദാണ്. എ.കെ.പി. ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന സെയ്ത്തുനാ ജുമാമസ്ജിദ് ഒരു വിദേശമലയാളി പണിക ഴിപ്പിച്ച് നാടിന് സമർപ്പിച്ചതാണ്. 1977 -ൽ സ്ഥാപിതമായ ആസാദ് റോഡിലെ നിസ്കാ രപ്പള്ളി കാട്ടുങ്ങച്ചിറ ജുമാമസ്ജിദിന് കീഴിലാണ് പ്രവർത്തിച്ചുവരുന്നത്.

വെള്ളിയാഴ്ചകളിലെയും മറ്റു വിശേഷദിവസങ്ങളിലെയും പ്രാർത്ഥനകളിൽ പ്ര ദേശവാസികൾ നിഷ്ഠയോടെ പങ്കെടുക്കുന്നു. മുഹമ്മദ് നബിയുടെ ജന്മദിനാഘോഷത്തി ന്റെ ഭാഗമായി നബിദിന റാലി സംഘടിപ്പിക്കുന്ന പതിവുണ്ട്, ഇരിങ്ങാലക്കുടയിൽ. ജുമാ മസ്ജിദും, മുസ്ലിം ജുമാ അത്ത് കമ്മിറ്റിയും സംയുക്തമായാണ് റാലി സംഘടിപ്പി ക്കാറുള്ളത്. മദ്രസ വിദ്യാർത്ഥികളടക്കം നൂറുകണക്കിന് വിശ്വാസികൾ ഇതിൽ പങ്കെടു

[41] https://www.utharadesam.com/2019/06/09

ക്കുന്നു. റാണാവ് ടൗൺ ജുമാ മസ്ജിദിൽനിന്ന് ആരംഭിക്കുന്ന റാലി, കാട്ടിങ്ങച്ചിറ ജുമാ മസ്ജിദിലാണ് സമാപിക്കുന്നത്. തുടർന്ന് മൗലൂദ് പാരായണവും അന്നദാനവും മറ്റും നടത്തുകയും ചെയ്യാറുണ്ട്.

സാമൂഹ്യ - സാംസ്കാരിക സംഘടനയായ മുസ്ലിം സർവീസ് സൊസൈറ്റി (M.S.S.)യുടെ ഇരിങ്ങാലക്കുട യൂണിറ്റ് വളരെ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന ഒരു സേവന - സന്നദ്ധസംഘടനയാണ്. ഇസ്ലാമിന്റെ പഞ്ചസ്തംഭങ്ങളിലൊന്നായ സക്കാത്ത് നൽകുക എന്ന നിയമത്തെ അക്ഷരാർത്ഥത്തിൽ പാലിക്കുന്നതിന് ഇത്തരം സംഘടനകൾ സഹായകമാകുന്നു.

## 2.10 ടിപ്പുവിന്റെ പടയോട്ടം

ശക്തൻ തമ്പുരാന്റെ (1790 -1805) കാലത്താണ് മൈസൂർ സുൽത്താനായ ടിപ്പുവിന്റെ പടയോട്ടം കൊച്ചിരാജ്യത്ത് ഉണ്ടാകുന്നത്. ഹൈദറിന്റെ മലബാർ ആക്രമണം മുതൽ തന്നെ അദ്ദേഹത്തോട് എതിർക്കാൻ ശക്തിയില്ലെന്ന് ശക്തൻതമ്പുരാൻ മനസ്സിലാക്കിയിരുന്നു. അദ്ദേഹം ടിപ്പുവിനെ ചെന്നുകണ്ട് സമാധാന സന്ധിയിൽ ഏർപ്പെടുകയും അതുകൊണ്ട് ഗുണം ഉണ്ടാവുകയും ചെയ്തതായി പുത്തേഴത്ത് രാമൻ മേനോൻ വിലയിരുത്തുന്നു, “ടിപ്പുവും പടയും കൊച്ചിയിൽക്കൂടി വന്നത് യുദ്ധത്തിനായിട്ടല്ല. ബന്ധുനിലയ്ക്കും സ്നേഹഭാവത്തിലുമാണ്. തന്നിമിത്തം മൈസൂർപട കൊച്ചിയിൽ ഒരു നാശവും ദ്രോഹവും വരുത്തിയിട്ടുള്ളതായി ചരിത്രം രേഖപ്പെടുത്തിയിട്ടില്ല. ടിപ്പുവും സന്നാഹങ്ങളും തൃശ്ശൂരെത്തി, വടക്കുന്നാഥൻ ക്ഷേത്രത്തിലാണ് താമസിച്ചത്. സന്യാസിമഠങ്ങളിൽ ടിപ്പുവിന്റെ ആൾക്കാർ പാർത്തതായും പറയപ്പെടുന്നുണ്ട്. മുസ്ലിം നിവാസത്താൽ ക്ഷേത്രപരിസരവും മഠങ്ങളും ചുറ്റുപാടുകളും ‘അശുദ്ധമാക്കപ്പെട്ടു’ വെങ്കിലും സ്ഥലങ്ങൾക്കു നാശനഷ്ടങ്ങൾ ഒന്നും അവർ മനപ്പൂർവ്വം സംഭവിപ്പിച്ചിട്ടില്ല” (1974:114). മലബാറിലെ സാമൂതിരിപ്പാട് ഉൾപ്പെടെയുള്ള എല്ലാ രാജാക്കന്മാരും രാജ്യമില്ലാത്തവരായിട്ടും കൊച്ചി അവശേഷിച്ചത് ശക്തൻ തമ്പുരാന്റെ ഈ ദീർഘവീക്ഷണത്തിന്റെ പരിണതഫലം ആയിരുന്നു എന്ന് പുത്തേഴത്ത് രാമൻ മേനോൻ കൂട്ടിച്ചേർക്കുന്നു. എന്നാൽ, ഇതേ കൃതിയിൽ തന്നെ കൂടൽമാണിക്യത്തിലെ കൂത്തമ്പലവും ക്ഷേത്രവും ഒക്കെ

ന്നെ ടിപ്പുവിന്റെ പാളയക്കാലത്ത് അഗ്നിക്കിരയായി പോയി എന്ന് അദ്ദേഹം പറയുന്നു (1974:490).

1766 -ൽ തിരുവിതാംകൂർ നിർമ്മിച്ചു നൽകിയ ഇരിങ്ങാലക്കുടയിലെ കൂത്ത മ്പലവും കൂടൽമാണിക്യക്ഷേത്രവും ടിപ്പുവിന്റെ ആക്രമണങ്ങൾക്കു വിധേയമായിട്ടുണ്ട് എന്ന ചിന്ത പ്രബലമാണ് (വേണുഗോപാലൻ ടി.ആർ., 2012:195). മാപ്രാണം, താഴേക്കാട്, വെളയനാട് തുടങ്ങിയ ഇടങ്ങളിലെല്ലാം ടിപ്പുവിന്റെ പടയോട്ടക്കാലത്തെ അനുഭവങ്ങളെക്കുറിച്ച് കഥകളുണ്ട്. ഭ്രഷ്ട്കല്പിക്കപ്പെട്ട ഒരു നമ്പൂതിരിയുടെ പ്രേര ണയാൽ ഇരിങ്ങാലക്കുട പ്രദേശത്തെ ഇല്ലങ്ങളും ക്ഷേത്രങ്ങളും ടിപ്പു കൊള്ളചെയ്തു എന്ന് പറയപ്പെടുന്നു. എന്നാൽ കുരിശുമുത്തപ്പന്റെ ശക്തിയെക്കുറിച്ച് കേട്ട് ഭയന്ന് മാപ്രാണം പള്ളിയെ ഒഴിവാക്കിയ കഥയാണ് മാപ്രാണം ദേശക്കാർക്ക് പറയാനുള്ളത് (*സ്നേഹഗീതം*, 2006:31). ടിപ്പുവിന്റെ ആക്രമണത്താൽ പള്ളിയും രൂപങ്ങളും നശിപ്പി ക്കപ്പെട്ടതിന്റെയും തുടർന്ന് പുനരുദ്ധരിച്ചതിന്റെയും കഥകളാണ് താഴെക്കാടും വെളയ നാടും പറഞ്ഞുവയ്ക്കുന്നത് (നോ. അനുബന്ധം 1.8).

1789 ഡിസംബർ 29 -ാം തീയതി 7000 പടയാളികൾ ഉള്ള ഒരു സൈന്യത്തോടു കൂടി ടിപ്പു നെടുംകോട്ട[42] ആക്രമിച്ചു എന്ന് ശ്രീധരമേനോൻ രേഖപ്പെടുത്തുന്നു (1999:396). ടിപ്പുവിനെ ഏറെ ബുദ്ധിമുട്ടിച്ച നെടുംകോട്ടയുടെ കൂടുതൽ ഭാഗവും സ്ഥിതിചെയ്യുന്നത് ഇരിങ്ങാലക്കുട ഉൾപ്പെടുന്ന മുകുന്ദപുരം താലൂക്കിലാണ്. കൊടുങ്ങല്ലൂർ കായലിന്റെ കിഴക്കേ തീരത്തെ കൃഷ്ണൻകോട്ടയിൽനിന്ന് അമ്പഴക്കാട് ഗ്രാമത്തിൽ കൂടി കിഴക്കോ ട്ട് നീങ്ങി ചാലക്കുടിപ്പുഴയിൽ ചെന്നു മുട്ടുന്ന നെടുംകോട്ടയുടെ വലിയൊരു ഭാഗം ഇവി ടെയുണ്ട്. ആ നിലയ്ക്ക് ഈ പ്രദേശങ്ങളിൽ ടിപ്പുവിന്റെ പട നീങ്ങി എന്നകഥയെ തീർ ത്തും അവഗണിക്കാനാവില്ല. വെളയനാടിന് തൊട്ടടുത്ത് കിടക്കുന്ന പ്രദേശം കുതി രത്തടം എന്നാണ് അറിയപ്പെടുന്നത്. ടിപ്പുവിന്റെ കുതിരപ്പട വിശ്രമിച്ചിരുന്ന ഇടമാ ണിത് എന്ന് തലമുറകൾ പറഞ്ഞുവരുന്നു. ടിപ്പു ആരാധനാലയങ്ങൾ കൊള്ളചെയ്തിരു ന്നു എന്നത് ബ്രിട്ടീഷ് ചരിത്രകാരന്മാരുടെ ഭാവനാസൃഷ്ടി മാത്രമാണെന്ന ചർച്ച നില നിൽക്കുമ്പോഴും, വിശ്വാസസമൂഹം അംഗവൈകല്യം സംഭവിച്ച വിഗ്രഹങ്ങൾ ചൂണ്ടി

[42] ശത്രുസൈന്യത്തെ പ്രതിരോധിക്കാനായി കൊച്ചിയും തിരുവിതാംകൂറും ചേർന്ന്, മണ്ണും കല്ലും കൊണ്ട് നിർമ്മിച്ച 56 കി. മീ. നീളമുള്ള വൻമതിലാണിത്. പടിഞ്ഞാറ് കൃഷ്ണൻ കോട്ട മുതൽ കിഴക്ക് സഹ്യപർവ്വതനിരകൾവരെ ഇത് നീണ്ടുകിടക്കുന്നു. തിരുവിതാംകൂർ ദളവ അയ്യപ്പൻ മാർത്താണ്ഡപി ള്ളയുടെയും കൊച്ചിമന്ത്രിയായ കോമി അച്ചന്റെയും നേതൃത്വത്തിൽ പണിത കോട്ട, ഡച്ച് സൈന്യാ ധിപനായിരുന്ന ഡിലനോയ് ആണ് രൂപകൽപ്പന ചെയ്തത്.

ക്കാട്ടി തങ്ങളുടെ കഥകൾക്ക് അടിസ്ഥാനം ഉറപ്പിക്കുന്നു. ഈ പ്രദേശങ്ങളിൽ വിശേഷമായി ആഘോഷിക്കുന്ന 'അമ്പുതിരുന്നാളിന്റെ' പ്രാർത്ഥനകളിൽ പ്രധാനമായ ഒരു ഭാഗം പഞ്ഞം, പട, വസന്ത മുതലായ ആപത്തുകളിൽനിന്നും കാത്തുരക്ഷിക്കണേ... എന്നാണ്. തലമുറകൾ കൈമാറിവരുന്ന ഈ പ്രാർത്ഥനയിലെ പട ടിപ്പുവിന്റെ പടയോട്ടം തന്നെ എന്ന് കരുതുന്നു. താഴെക്കാട് പ്രചരിക്കുന്ന നാടൻപാട്ടുകളിൽ ശ്രദ്ധേയമായൊരുഭാഗം ഇങ്ങനെയാണ്,

പാക്കനാരേ പാക്കനാരേ പാക്കത്തി പെറ്റ മകനെ
നിന്നുടെ തിരുനെറ്റിലും എന്തണടയാളം
പണ്ടുപണ്ടു പടപോയകാലം കോലംകെട്ടിച്ചടയാളം
പാക്കനാരേ പാക്കനാരേ പാക്കത്തിപെറ്റ മകനെ
നിന്നുടെ കഴുത്തിലും എന്തണടയാളം
പണ്ടുപണ്ടു പടപോയകാലം മാർതാലികെട്ടിച്ചടയാളം
പാക്കനാരേ പാക്കനാരേ പാക്കത്തി പെറ്റ മകനെ
നിന്നുടെ കയ്യിൻമേൽ എന്തണടയാളം
പണ്ടുപണ്ടു പടപോയകാലം കയ്യാമ്മുകുടി കളിച്ചടയാളം...

(താഴെക്കാട് പള്ളിയിലെ വി.കുരിശുമുത്തപ്പന്റെ ചരിത്രം, 2005)

ടിപ്പുവിന്റെ പടയോട്ടം മതസ്ഥാപനങ്ങൾക്ക് എത്രമാത്രം നാശനഷ്ടങ്ങൾ ഉണ്ടാക്കി എന്നതിനപ്പുറം സാധാരണ ജനങ്ങളെ അത് എത്രമാത്രം ബാധിച്ചു എന്ന പഠനങ്ങൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. എന്തായാലും, ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ ഇത് സാധാരണക്കാരന്റെ ദൈനംദിനജീവിതത്തെ ബാധിച്ചിരുന്നു എന്ന കാര്യം നിസ്തർക്കമാണ്. അതുകൊണ്ടുതന്നെയാണ് അവർ തങ്ങളുടെ പാട്ടുകളിലും പ്രാർത്ഥനകളിലും പടയെ പേടിച്ചിരുന്നതായി അടയാളപ്പെടുത്തുന്നത്.

ഇരിങ്ങാലക്കുടയിലെ ജാതീയമായവൈവിധ്യം സാംസ്കാരികമായ വൈവിധ്യത്തെതന്നെയാണ് രേഖപ്പെടുത്തുന്നത്. ദേശനാമത്തിന്റെ വ്യാഖ്യാനത്തിലടക്കം ഇതിന്റെ സൂചനകൾ ഉണ്ടായിരുന്നു. അത് കാണിക്കുന്നത് വ്യത്യസ്ത സാംസ്കാരികധാരകളുടെ ഇടപെടൽ കേവലം പുതിയ കാലത്ത് ഉണ്ടായതല്ല എന്ന് കൂടിയാണ്. ഇരിങ്ങാലക്കുടയുടെ ഭൂമിശാസ്ത്രപശ്ചാത്തലം പരിശോധിച്ചാൽ വ്യതിരിക്തമായൊരു പ്രദേശ

മാണ് ഇത് എന്ന് വ്യക്തമാകും. ചെറിയകുന്നിൻപ്രദേശവും തൊട്ടടുത്ത് ചെളിനിറഞ്ഞ പാടവും അതോടുചേർന്ന് മണൽഭൂമിയും കാണാം. ഈ പശ്ചാത്തലം ഇവിടുത്തെ സാം സ്കാരികഭൂമികയെ രൂപപ്പെടുത്തുന്നതിലും വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇതേ വ്യതിരിക്തതതന്നെയാണ് ഇവിടുത്തെ സമൂഹരൂപീകരണത്തിലും കാണാനാകുന്നത്.

പലകാലങ്ങളിൽ വ്യത്യസ്തസമൂഹങ്ങളെ ഉൾക്കൊളാൻ ഇരിങ്ങാലക്കുടയ്ക്കായി. എല്ലാവർഷവും കൂടൽമാണിക്യക്ഷേത്രോത്സവത്തിന് ആശംസകളുമായി ഇരിങ്ങാല ക്കുട രൂപതാബിഷപ്പ് എത്തിച്ചേരാറുണ്ട്. ദേവസ്വം അംഗങ്ങളുമായുള്ള അദ്ദേഹത്തി ന്റെ കൂടിക്കാഴ്ച അഹിന്ദുക്കൾക്ക് പ്രവേശനമില്ല എന്ന പലകയ്ക്ക് മുന്നിൽനിന്നാണ് എന്നു മാത്രം. തിരിച്ചും പിണ്ടിപ്പെരുന്നാളിനും നബിദിനാഘോഷങ്ങൾക്കും പരസ്പരം എല്ലാമ താചാര്യൻമാരും ആശംസകൾ നേരുന്ന പതിവുണ്ട്. ഇവിടുത്തെ സാധാരണക്കാരെ സംബന്ധിച്ചാകട്ടെ കൊല്ലാട്ടി ഷഷ്ഠിയും പിണ്ടിപ്പെരുന്നാളും കൂടൽമാണിക്യത്തിലെ ഉത്സവത്തിന്റെ പത്ത് നാളുകളും പ്രാദേശികോത്സവംതന്നെയാണ്. തങ്ങളുടെ സുഹൃ ത്തുക്കൾക്കായി നോമ്പുതുറവിരുന്നുകൾ ഒരുക്കുന്ന പതിവും ഇവിടെയുണ്ട്.

മതസൗഹാർദ്ദത്തോടെ കഴിയുന്നപ്രദേശം എന്ന് പറയുമ്പോഴും ഇടകലർന്ന് ജീവിക്കുന്നരീതി കുറവാണ്. കൂടൽമാണിക്യക്ഷേത്രപരിസരമാണ് നമ്പൂതിരി, നായർ തുടങ്ങിയ വിഭാഗങ്ങളിലെ ആളുകൾ താമസിക്കുന്നത്. ഷൺമുഖം കനാൽ - ചേലൂർ ഭാഗങ്ങളിലാണ് ദളിത് വിഭാഗത്തിലെ ജനങ്ങളെ കൂടുതലും കാണാനാവുക. വലി യങ്ങാടി, ചന്തക്കുന്ന് ഭാഗങ്ങളിൽ ക്രിസ്ത്യാനികളും കാട്ടുങ്ങച്ചിറയിലേക്ക് കടന്നാൽ ഇസ്ലാംമതവിശ്വാസികളും കൂട്ടമായി താമസിക്കുന്നു. ഇവരെക്കൂടാതെ കേരളത്തിലെ മറ്റിടങ്ങളിൽനിന്നും തൊഴിൽസംബന്ധമായി ഇവിടെയെത്തി ഇരിങ്ങാലക്കുടക്കാ രായി മാറിയവരും ഉണ്ട്. ഇവരെല്ലാം ചേരുന്ന സമ്മിശ്രമായൊരു സംസ്കാരത്തിന്റെ തുറവി ഇരിങ്ങാലക്കുടയ്ക്ക് ഇന്ന് അവകാശപ്പെടാനാകും. ഈ സാമൂഹിക അന്തരീ ക്ഷം ഇരിങ്ങാലക്കുടയുടെ വൈജ്ഞാനിക പാരമ്പര്യത്തെ നിർമ്മിച്ചത് എങ്ങനെയെ ന്ന് അടുത്ത അധ്യായത്തിൽ ചർച്ചചെയ്യുന്നു.

# അദ്ധ്യായം 3

# വൈജ്ഞാനിക പാരമ്പര്യം

ഓരോ കാലഘട്ടത്തിലും മനുഷ്യൻ ആർജ്ജിച്ചെടുത്ത അനുഭവങ്ങളുടെ ആകെത്തുകയാണ് വിജ്ഞാനം. അതിർവരമ്പുകൾ ഇല്ലാത്ത ഒന്നാണത്. പല കാലങ്ങളിൽ, പല ദേശങ്ങളിൽ, പല ഭാഷകളിൽ നടന്ന അന്വേഷണത്തിന്റെ ഫലമാണവ. ഉത്ഭവകേന്ദ്രങ്ങളിൽ വിജ്ഞാനം തിരിച്ചറിയപ്പെടാതെ പോകുമ്പോൾപോലും അതേ അറിവ് പുതിയ ഇടങ്ങളിൽ കണ്ടെത്തുകയും പ്രചരിക്കുകയും ചെയ്തുകൊണ്ടിരുന്നു. എങ്കിലും ഓരോ പ്രദേശത്തും വിജ്ഞാനം അതിന്റെ തനത് രൂപത്തിൽ നിലനിർത്തുന്നുണ്ട്. സാമൂഹ്യഘടനയുമായും അധികാരവുമായും അവയ്ക്ക് അഭേദ്യമായ ബന്ധമുണ്ട്. എങ്കിലും നിത്യജീവിതത്തിൽ ഉപയോഗ്യമല്ലാത്തവ മനുഷ്യർ നിരാകരിക്കുകതന്നെ ചെയ്യും. വാമൊഴിയിലൂടെ പകർന്നു വന്നവയായിരിക്കാം അറിവിന്റെ ആദ്യകാല വിനിമയങ്ങൾ. തുടർന്ന് രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയുമെല്ലാം സഹായത്താൽ വളർന്ന വിദ്യാപീഠങ്ങളുടെ വ്യവസ്ഥാപിതസമൂഹത്തിലേക്ക് അവ കടന്നുവരുന്നു. നളന്ദയും തക്ഷശിലയും വാരണാസിയും വിക്രമശിലയുമടക്കമുള്ള സർവ്വകലാശാലകൾ ലോകോത്തര നിലവാരമുള്ള വിജ്ഞാനകേന്ദ്രങ്ങളായിരുന്നു. വലിയ ഗ്രന്ഥപ്പുരകളാലും പണ്ഡിതരായ അധ്യാപകരാലും സമ്പന്നമായ ഇത്തരം ഇടങ്ങൾ തേടി വിദേശരാജ്യങ്ങളിൽനിന്ന് നിരവധിയാളുകൾ എത്തിച്ചേർന്നു. കേരളത്തിലാക

ട്ടെ ക്ഷേത്രസങ്കേതങ്ങളെ കേന്ദ്രീകരിച്ചാണ് വിദ്യാകേന്ദ്രങ്ങൾ വളർന്നുവന്നത്. ശാല എന്നറിയപ്പെട്ടിരുന്ന ഇവയും രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും സഹകരണത്താലാണ് പ്രവർത്തിച്ചിരുന്നത്. ആശയോൽപാദനത്തിന്റെ പ്രധാന ഇടമായിരുന്നു ശാലകൾ. മൂഴിക്കുളം, തിരുവല്ല, കാന്തള്ളൂർ, പാർത്ഥിവപുരം, ശ്രീവല്ലഭപുരം, എന്നിവിടങ്ങളിലെ ശാലകളെക്കുറിച്ച് അറിവ് ലഭിക്കുന്നത് ക്ഷേത്രരേഖകളിൽനിന്നും ശാസനങ്ങളിൽനിന്നുമാണ്.

ഗണിതം, ജ്യോതിഷം, വൈദ്യം, വാസ്തുവിദ്യ തുടങ്ങിയ വൈജ്ഞാനികമേഖലകളിലെല്ലാം മികച്ച ഗ്രന്ഥങ്ങളും പണ്ഡിതരും കേരളത്തിൽ പിറവിയെടുത്തിട്ടുണ്ട്. അവയിലധികവും സംസ്കൃതഗ്രന്ഥങ്ങളായിരുന്നു. വൈജ്ഞാനികമണ്ഡലത്തിൽ ബ്രാഹ്മണർക്കുണ്ടായിരുന്ന പ്രാധാന്യം വ്യക്തമാണ്. അഥവാ, അവയാണ് രേഖപ്പെടുത്തപ്പെടുകയോ പഠിക്കപ്പെടുകയോ ചെയ്തിട്ടുള്ളത്. ജ്യോതിശാസ്ത്രത്തെക്കുറിച്ചുള്ള അറിവ് കൃഷിക്കനുയോജ്യമായ കാലാവസ്ഥ പ്രവചനത്തിന് സഹായകമായി. ജ്യോതിശ്ശാസ്ത്രത്തെക്കുറിച്ചുള്ള അറിവും അത് ഉപയോഗിച്ചുകൊണ്ട് ബ്രാഹ്മണർ നടത്തിയ തീർപ്പുകളും സമൂഹനിയന്ത്രണത്തിന്റെ പ്രധാന ഘടകവും അറിവിന്റെ സമാഹരണവും ബ്രാഹ്മണരുടെ കുത്തകയായി മാറുന്നതിന് കാരണമായി (കെ.എൻ. ഗണേഷ്, 1997:268).

ഗണിതശാസ്ത്രത്തിന്റെയും ജ്യോതിശാസ്ത്രത്തിന്റെയും രംഗത്ത് വലിയ സംഭാവനകളാണ് ഭാരതം ലോകത്തിനു നൽകിയിരിക്കുന്നത്. *ദേവകേരളം, ശുക്രകേരളം, വരരുചി കേരളം, കേരളീയസൂത്രം* തുടങ്ങിയ അതിപ്രാചീനങ്ങളായ കൃതികളുടെ തുടർച്ചയായാണ് കൂടുതൽ അന്വേഷണങ്ങളും പരിഷ്കരണങ്ങളും ഉണ്ടായിട്ടുള്ളത്. ചാന്ദ്രവാക്യങ്ങൾ[1] കേരളത്തിൽ പ്രചാരത്തിൽ വന്നത് വരരുചിയിലൂടെയാണ് എന്ന് കരുതുന്നു. പ്രാചീന കേരളചരിത്രത്തിൽ വരരുചി എന്ന പേരിൽ ഒന്നിലധികം വ്യക്തികളുണ്ട്. (വിനോദ് എ., 2019:27) ഭാരതീയ ഗണിതശാസ്ത്രജ്ഞരിൽ പ്രഥമസ്ഥാനം ആര്യഭടന്റേതുതന്നെ. ഗ്രഹങ്ങളുടെ ചലനത്തെക്കുറിച്ച് വ്യക്തമാക്കുന്ന ആര്യഭടീയത്തെ അടിസ്ഥാനമാക്കിയാണ് പഞ്ചാംഗം തയ്യാറാക്കിയിട്ടുള്ളത്. ഇദ്ദേഹം പാടലീപുത്രത്തിൽ (ബീഹാർ) കുസുമപുരം എന്ന ദേശത്ത് വച്ചാണ് ഈ കൃതി രചിച്ചത് എന്ന കാര്യത്തിൽ എതിരഭിപ്രായമില്ലെങ്കിലും, ജന്മംകൊണ്ട് ആര്യഭടൻ കേരളീയനാണ് എന്ന ചിന്ത പ്രബലമാണ് (പേർഷ്യൻ

[1] ഒരു ദിവസത്തിൽ നിശ്ചിത കാലയളവിലേക്കുള്ള ചന്ദ്രന്റെ സ്ഥാനങ്ങൾ ലളിതമായി ഓർത്തുവെക്കാൻ സഹായിക്കുന്ന പദ്യശകലങ്ങളാണ് ചാന്ദ്രവാക്യങ്ങൾ. എ. വിനോദ്, 2019:27.

ചിന്തകനായിരുന്ന അൽബിറൂനി താരിഖ് അൽ ഹിന്ദ് എന്ന കൃതിയിൽ കുസുമപുരത്തെ ആര്യഭടൻ എന്നാണ് പ്രയോഗിച്ചിരിക്കുന്നത്) ആര്യഭടൻ ജനിച്ചത് പൊ.വ. 476 -ൽ ഉത്തരകേരളത്തിലെ ഒരു ബ്രാഹമണഗ്രാമത്തിലാണെന്ന് പ്രൊഫ. കെ. രാമകൃഷ്ണ പിള്ള വിലയിരുത്തുന്നു (1995:56). ആര്യഭടൻ എന്നത് ആര്യഭട്ടതിരിയുടെ വകഭേദമാണെന്ന അഭിപ്രായവും ഇല്ലാതില്ല.[2]

പൊ.വ. ഒമ്പതാം നൂറ്റാണ്ടിൽ സ്ഥാണുരവിപ്പെരുമാളുടെ സദസ്യനായിരുന്ന ശങ്കരനാരായണന്റെ കാലം മുതൽക്കെങ്കിലും വളർന്നുവന്നതാണ് കേരളത്തിലെ ജ്യോതിർഗണിത പാരമ്പര്യം എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇക്കാലത്ത് മഹോദയപുരത്ത്, വിപുലമായ ഒരു ഗോളനിരീക്ഷണശാലയും (നക്ഷത്രബംഗ്ലാവ്) ജലചക്രവും ഉണ്ടായിരുന്നതായി അദ്ദേഹം രേഖപ്പെടുത്തുന്നു. കേരളത്തിലെ, സൂക്ഷ്മമായി പറഞ്ഞാൽ മഹോദയപുരത്തെ, ജ്യോതിശാസ്ത്രത്തിന്റെ അഭിവൃദ്ധി വ്യക്തമാക്കുന്ന കൃതിയാണിത്. പൊ.വ. 869 ആണ് ശങ്കരനാരായണീയത്തിന്റെ രചനാകാലം. മഹോദയപുരത്തെ ജ്യോതിശാസ്ത്രത്തിന്റെ അഭിവൃദ്ധി വ്യക്തമാക്കുന്ന കൃതിയാണിത്.

> "ഗോളാൻ മഹോദയപുരേ രവിവർമ്മ ദേവ -
> സംബന്ധ യന്ത്രവലയങ്കിത രാശിചക്രാൽ
> ഭാനോ: കുളീരദശ ഭാഗഗതേ തുലാന്ത്യം
> ലഗ്നം മയാ വിദിതമാശു വദേഹ കാലം"
> "ശ്രീമൻ മഹോദയപുരേ കുലശേഖരേണ
> കർത്തും സഭാം കുശലശില്പി ഭിരഭ്യ രാജ്ഞാ
> ആജ്ഞപ്തമാശു സമമണ്ഡലരുദ്ധസൂര്യ -
> ച്ഛായാവശാൽ കഥയ ശക്ര ജലേശസൂത്രം" (ഉള്ളൂർ, 1979:194)

തുടങ്ങിയ വരികൾ മഹോദയപുരത്തെ രവിവർമ്മ കുലശേഖരൻ സ്ഥാപിച്ച നക്ഷത്രബംഗ്ലാവിനെക്കുറിച്ച് വ്യക്തമാക്കുന്നു. 15 - 16 നൂറ്റാണ്ടാവുമ്പോഴേക്കും ഈ വിജ്ഞാനശാഖ അസാധാരണമായ വളർച്ചനേടിക്കഴിഞ്ഞിരുന്നു എന്ന് രാഘവവാരിയരും രാജൻ ഗുരുക്കളും ചേർന്നെഴുതിയ *കേരളചരിത്രം* രണ്ടാം ഭാഗത്തിൽ വിലയിരുത്തു

[2] https://www.google.com/amp/s/www.mathrubhumi.com/mobile/technology/science/some -calculations -on -aryabhatta -1.3583399 - ആര്യഭട്ടന്റെ ജന്മം കേരളത്തിലോ അതോ ഉത്തരേന്ത്യയിലോ? കണക്കുകൂട്ടലുകൾ ഇങ്ങനെ...#സാജു ചേലങ്ങാട് 19 Feb 2019, 04:17 PM IST

ന്നത് ശ്രദ്ധേയമാണ്. “പാശ്ചാത്യ - പൗരസ്ത്യപരിഷ്കൃതികൾ തമ്മിലേർപ്പെട്ട സംസ്കാരസമ്പർക്കത്തിന്റെ ഫലമായി ഈ ഗ്രന്ഥങ്ങളും ഇവയിലെ വിജ്ഞാനവും വലിയൊരളവോളം പടിഞ്ഞാറൻ നാടുകളിലേക്കെത്തിയത് നമ്മുടെ ചിന്താവിഷയമായ കാലത്താണ്. അങ്ങനെ കടലേറിച്ചെന്ന വിജ്ഞാനം പാശ്ചാത്യസമൂഹത്തിൽ വിജ്ഞാനത്തിന്റെ പുതിയ മേഖലകളിലേക്കുള്ള വികാസത്തിനു നിമിത്തമായി എന്ന് കരുതുന്നതിൽ തെറ്റില്ല. യൂറോപ്യൻ നവോത്ഥാനകാലത്തെത്തുടർന്നു സാധ്യമായ ജ്യോതിശാസ്ത്രവും ജ്യോതിർഗണിതവും ചുരുങ്ങിയത് ഒരു സഹസ്രാബ്ദത്തിനും മുമ്പുതന്നെ ഇന്ത്യയിൽ സിദ്ധമായ ജ്ഞാനമായി കഴിഞ്ഞിരുന്നു. അക്കാര്യം വ്യക്തമാക്കുന്ന ധാരാളം ഇന്ത്യൻ ജ്യോതിർഗണിതഗ്രന്ഥങ്ങൾ ഇന്ന് ലോകപ്രസിദ്ധമാണ്.

ജ്യോതിർഗണിതത്തിൽ 14 -15 നൂറ്റാണ്ടുകളിലെ കേരളത്തിന്റെ സംഭാവന പരിശോധിച്ചാൽ അത് ഡിഫറൻഷ്യൽ കാൽക്കുലസിനോടടുത്ത് എത്തിയിരുന്നുവെന്ന് മനസ്സിലാവും. ലിബ്നിസിനും ഗ്രിഗറിക്കും ശേഷം മാത്രമാണല്ലോ ഐസക് ന്യൂട്ടന് സ്വന്തം പവർസീരീസുമായി പ്രപഞ്ചഗണിതത്തിൽ വലിയ മുന്നേറ്റം ഉണ്ടാക്കാനായത്. ആ സൈദ്ധാന്തിക ഗണിതവിജ്ഞാനം രണ്ടുമൂന്നു നൂറ്റാണ്ടു മുമ്പുതന്നെ ഇരിങ്ങാലക്കുടയിലെ മാധവന്റെയും നീലകണ്ഠന്റെയും ജ്യേഷ്ഠദേവന്റെയും മറ്റും കൃതികളിൽ കാണുന്നുണ്ട്” (2012:217). ഇനിയും മഹോദയപുരത്തെ നക്ഷത്രബംഗ്ലാവ് കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന അജ്ഞാതരായ എത്രയോ ഗണിത - ജ്യോതിശാസ്ത്രജ്ഞർ ഉണ്ടായിരുന്നിരിക്കാം. പൊ.വ. 1200 -ന് മുമ്പ് ജീവിച്ചിരുന്ന ഈ പൂർവ്വസൂരികളുടെ പിൻതുടർച്ചയിലാണ് ഗണിത - ജ്യോതിശാസ്ത്രമേഖലയിൽ അമൂല്യസംഭാവനകൾ നൽകിയ ഗുരുശിഷ്യപരമ്പര കേരളത്തിൽ വളർന്നുവന്നത്. കേരളസ്കൂൾ ഓഫ് മാത്തമാറ്റിക്സ് എന്ന് പാശ്ചാത്യർ വിശേഷിപ്പിക്കുന്ന ഈ ഗുരുശിഷ്യ പരമ്പരയുടെ സ്ഥാപകൻ എന്ന സ്ഥാനമാണ് ഇരിങ്ങാലക്കുട ദേശത്തെ മാധവാചാര്യനുള്ളത്.

## 3.1 സംഗമഗ്രാമമാധവൻ

ഗണിത -ജ്യോതിശാസ്ത്രപഠനമേഖലകൾക്ക് കേരളം നൽകിയ സംഭാവനകളിൽ ഏറ്റവും ശ്രദ്ധേയമാണ് ഇരിഞ്ഞാടപ്പള്ളി മാധവന്റേത്. വിദ്യാമാധവനിൽനിന്ന് ഭിന്നനായ ഈ ആചാര്യനെ ‘സംഗമഗ്രാമമാധവൻ’ എന്ന പേരിൽ ആപ്തൻമാർ വ്യ

വഹരിക്കുന്നു എന്ന് ഉള്ളൂർ *കേരളസാഹിത്യ ചരിത്ര*ത്തിൽ, രേഖപ്പെടുത്തുന്നു (1979:110). സംഗമഗ്രാമം ഇരിങ്ങാലക്കുട ആണെന്ന് നേരത്തേ വ്യക്തമാക്കിയിട്ടുണ്ട് (നോ. 2.2.1). മാധവന്റേതായി കണ്ടെത്തിയിട്ടുള്ള *വേണ്വാരോഹം* എന്ന കൃതിയിലെ പതിമൂന്നാം ശ്ലോകത്തിലാണ് അദ്ദേഹം തന്റെ ഗൃഹനാമം സൂചിപ്പിക്കുന്നത്.

"ബകുളാധിഷ്ഠിതത്വേന
വിഹാരോ യോ വിശേഷ്യതേ
ഗൃഹനാമാനി സോ (അ) യം സ്വാത്
നിജനാമാനി മാധവ:"

വേണ്വാരോഹത്തിന് തൃക്കണ്ടിയൂർ അച്യുതപ്പിഷാരടി ഗദ്യത്തിൽ തയ്യാറാക്കിയ വ്യാഖ്യാനത്തിൽ ഈ വരികളെ വിശദമാക്കുന്നത് ഇപ്രകാരമാണ്, യാതൊരു ഗൃഹം ബകുളാധിഷ്ഠിതത്വംകൊണ്ട് വിശേഷിക്കപ്പെടുന്നത് - ബകുളം = ഇരഞ്ഞി; വിഹാരം = പള്ളി, ഇരഞ്ഞി നിന്ന പള്ളി എന്ന് ഇല്ലപ്പേർ. ഇരഞ്ഞി നിന്ന പള്ളി കാലക്രമത്തിൽ ഇരിഞ്ഞാടപ്പള്ളിയായി മാറിയിരിക്കാം എന്നാണ് പണ്ഡിതമതം (ഉള്ളൂർ, 1979:111). ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷനിൽനിന്നും ഏകദേശം അര കിലോമീറ്റർ പടിഞ്ഞാറ് ഭാഗത്തായി ഇരിഞ്ഞാടപ്പള്ളി മനയും ഒരു ശ്രീകൃഷ്ണ ക്ഷേത്രവുമുണ്ട്. മാധവന്റെ ജീവിതകാലം പൊ.വ. 1340 -നും 1425 -നും ഇടയിലാണെന്നാണ് ഇതേക്കുറിച്ച് പഠനം നടത്തിയ പ്രൊഫ. കെ.വി. ശർമ വിലയിരുത്തുന്നത്. മാധവന്റെ കൃതികളായ *സ്ഫുടചന്ദ്രാപ്തി*യുടേയും *അഗണിത ഗ്രഹചാര*യുടെയും രചനാകാലംയഥാക്രമം പൊ.വ. 1400 ഉം 1418 ഉം ആണെന്ന് കണക്കാക്കുന്നു. "നീലകണ്ഠസോമയാജി (1444 -1545) തന്റെ ആര്യഭടീയം ഭാഷ്യത്തിൽ, ദൃക്ഗണിതത്തിന്റെ ഉപജ്ഞാതാവായ വടശ്ശേരി പരമേശ്വരൻ നമ്പൂതിരി (1360 -1460) മാധവന്റെ ശിഷ്യനാണെന്ന് പറയുന്നുണ്ട്. പരമേശ്വരൻ ദൃക്ഗണിതം പൂർത്തിയാക്കിയത് 1430 ആണെന്ന് കണക്കാക്കപ്പെടുന്നു" (വിനോദ് എ., 2019:25). "പരമേശ്വരസ്തു രുദ്രപരമേശ്വരാത്മജന രായണമാധവാദിഭ്യോ ഗോളവിദിഭ്യോ ഗണിതഗോളയുക്തീ രപി ബാല്യ ഏവ സമ്യഗ് ഗൃഹീത്വാ ദൃഗണിതം കാരണം ചകാരാ" എന്ന് കേളല്ലൂർ ചോമാതിരി ആര്യഭടീയഭാഷ്യത്തിൽ പറയുന്നതിൽനിന്ന് ദൃഗ്ഗണിതകാരനു രുദ്രൻ എന്ന പ്രധാന ആചാര്യനു പുറമേ പരമേശ്വരപുത്രനായ നാരായണൻ, മാധവൻ (സംഗമഗ്രാമമാധവൻ) മുതലായി ജ്യോതിശാസ്ത

വിഷയത്തിൽ വേറെയും ഗുരുക്കന്മാർ ഉണ്ടായിരുന്നു എന്ന് വിശദമാക്കുന്നു എന്നാണ് ഉള്ളൂർ രേഖപ്പെടുത്തുന്നത് (1979:114). ഏതായാലും ദൃഗ്ഗണിതപദ്ധതിയുടെ രൂപീകരണ സമയത്ത് മാധവൻ ജീവിച്ചിരുന്നു എന്ന് വേണം കരുതാൻ.

പ്രാചീന കയ്യെഴുത്തുഗ്രന്ഥങ്ങൾ കണ്ടെത്തി പ്രസിദ്ധീകരിക്കുന്നതിൽ ദത്തശ്രദ്ധനായ പ്രൊഫ. കെ.വി. ശർമ്മ 1956 -ലാണ് *വേണ്വാരോഹം* എന്ന മാധവാചാര്യരുടെ കൃതി കണ്ടെത്തി വ്യാഖ്യാനത്തോടെ അവതരിപ്പിക്കുന്നത്. തൃപ്പൂണിത്തുറ സംസ്കൃത കോളേജാണ് ഇതിന്റെ പ്രസിദ്ധീകരണം നിർവ്വഹിച്ചത്. വേണു എന്ന വാക്കിന് മുള എന്നാണർത്ഥം. മുളയുടെ ഇരുവശവുമുള്ള കമ്പിൽ കൂടി കയറിപ്പോകുന്നതുപോലുള്ള ഗണിത സമ്പ്രദായമാണിത്. ഇങ്ങനെ ചന്ദ്രന്റെ ഓരോ സമയത്തെയും ചലനവേഗതയും സ്ഥാനവും നിർണയിക്കാനുള്ള മാർഗമാണ് *വേണ്വാരോഹം* എന്ന ഗ്രന്ഥം അവതരിപ്പിക്കുന്നത്. 1403 -ൽ കണ്ടെത്തിയ ഈ സമ്പ്രദായം ആധുനിക രീതിയോട് ഏറ്റവും അടുത്തു നിൽക്കുന്നു എന്നത് ശ്രദ്ധേയമാണ്. "മുൻഗാമികളായിരുന്ന വരരുചി, ഹരിദത്തൻ എന്നിവർ കണ്ടെത്തിയ രീതിയിലെ പ്രായോഗികബുദ്ധിമുട്ടുകൾ തിരിച്ചറിഞ്ഞ് അവ ലഘൂകരിക്കുകയും കൂടുതൽ കൃത്യതയാർന്ന ഒരു മാർഗ്ഗം സംഭാവനചെയ്യുകയും ചെയ്തതാണ് മാധവന്റെ ഈ ഗ്രന്ഥത്തിനുള്ള വൈശിഷ്ട്യം. ഏതു സ്ഥലത്തും ഏതുകാലത്തും രാപകൽ ഭേദമില്ലാതെ ചന്ദ്രസ്ഫുടം കണക്കാക്കാൻ ഇത് സഹായിക്കും എന്നതും ഏറെ ശ്രദ്ധേയമാണ്" എന്ന് എ. വിനോദ് വിലയിരുത്തുന്നു (2019:31). തിഥിയും (ഒരു ചാന്ദ്രിക ദിനം) നക്ഷത്രവും തെറ്റുകൂടാതെ കണ്ടെത്തുന്നതിനും ചന്ദ്രമാർഗ്ഗം സൂക്ഷ്മമായി അറിയുന്നതിനുമുള്ള രീതിശാസ്ത്രമാണ് മുളയളവിലൂടെ മാധവൻ പ്രതിപാദിക്കുന്നത്. അരമണിക്കൂർ ഇടവിട്ട് ചന്ദ്രന്റെ രൂപമാറ്റവും സ്ഥിതിഗതികളും കണക്കാക്കുന്നതിന് വേണ്വാരോഹമാർഗ്ഗത്തിലൂടെ സാധ്യമാണ്. ചാന്ദ്രപഠനത്തിനായി അദ്ദേഹം ഉപയോഗപ്പെടുത്തി എന്ന് കരുതുന്ന രണ്ട് കരിങ്കൽ പാളികൾ ഇരിങ്ങാടപ്പള്ളി ശ്രീകൃഷ്ണക്ഷേത്രാങ്കണത്തിൽ ഇപ്പോഴും കാണാം (നോ. അനുബന്ധം 1.14.1).

*വേണ്വാരോഹ*ത്തിന് വ്യാഖ്യാനമെഴുതിയ അച്യുതപിഷാരടി, മേൽപുത്തൂർ നാരായണഭട്ടതിരിയുടെ ഗുരുവാണെന്നും *കരണോത്തരം*, *ഉപരാഗക്രിയാക്രമം*, *ഹോരാസാരോച്ചയം*, *ഗോളദീപിക*, *ജാതകാഭരണം* തുടങ്ങിയ ജ്യോതിഷകൃതികളുടെയും കർത്താവാണെന്നും ഉള്ളൂർ വിലയിരുത്തുന്നു (1979:111).

മാധവൻ താൻ ചമച്ചുള്ള വേണ്വാരോഹത്തിനച്യുതൻ
ഭാഷാ വ്യാഖ്യാനമുണ്ടാക്കീ നേത്ര നാരായണാജ്ഞയാ (ഉള്ളൂർ, 1979:111)

എന്ന അച്യുതപിഷാരടിയുടെ വാക്കുകളിൽനിന്ന് നേത്രനാരായണനെന്ന് അപരനാമമുള്ള ആഴ്‌വാഞ്ചേരി തമ്പ്രാക്കളുടെ നിർദ്ദേശാനുസരണമാണ് ഈ വ്യാഖ്യാനം നിർമ്മിച്ചത് എന്ന് വ്യക്തമാകുന്നു.

മാധവന്റെ രചനയായി പൂർണ്ണരൂപത്തിൽ ലഭ്യമായിട്ടുള്ളത് *വേണ്വാരോഹം* മാത്രമാണ്. എന്നാൽ അദ്ദേഹത്തിന്റെ ശിഷ്യരോ പിൻഗാമികളോ ആയ നീലകണ്ഠൻ, ജേഷ്ഠദേവൻ, നാരായണൻ, ശങ്കരവാര്യർ തുടങ്ങിയവർ ഉദ്ധരിക്കുന്ന ശ്ലോകങ്ങളിൽനിന്നും മാധവാചാര്യരുടെ ഒട്ടധികം കൃതികളെക്കുറിച്ച് നമുക്ക് അറിവ് ലഭിക്കുന്നു. മാധവന്റെ കൃതികളെക്കുറിച്ച് പഠനം നടത്തിയ പ്രൊഫ. കെ.വി. ശർമ എട്ട് പ്രധാനകൃതികളാണ് അദ്ദേഹത്തിന്റേതായി രേഖപ്പെടുത്തുന്നത്. വേണ്വാരോഹത്തെ കൂടാതെ *ഗോളവാദം, മധ്യമനയനപ്രകരം, മഹാജ്യ നയനപ്രകരം, ലഗ്നപ്രകരം, സ്ഫുടചന്ദ്രാപ്തി, അഗണിത ഗ്രഹചാര, ചന്ദ്രവാക്യാനി* എന്നിവയാണവ.

### 3.1.1 ഗണിത സംഭാവനകൾ

അനന്തശ്രേണികൾ ഉപയോഗിച്ച്, പരിമിതമായ പദങ്ങൾകൊണ്ട് ഫലം കണ്ടെത്തുന്ന ഗണിതസമ്പ്രദായങ്ങൾ ഉപയോഗപ്പെടുത്തി എന്നതാണ് മാധവന്റെ ഏറ്റവും വലിയ സംഭാവനയായി വിലയിരുത്തുന്നത്. ഗണിതാപഗ്രഥനരംഗത്ത് വലിയ മാറ്റത്തിന് ഇത് കാരണമായി. വൃത്തത്തിന്റെ പരിധിയും വ്യാസവും തമ്മിലുള്ള അനുപാതമായ $\pi$ എന്ന സംഖ്യയുടെ മൂല്യത്തിന്റെ വില പതിനൊന്ന് സ്ഥാനത്തേക്ക് ശരിയായി പറഞ്ഞുവയ്ക്കുന്നു അദ്ദേഹം. മാധവനെ ഉദ്ധരിച്ചുകൊണ്ട് ശങ്കരവാര്യർ തന്റെ ക്രിയക്രമകാരിയിലും യുക്തിദീപികയിലും $\pi$ യുടെ അനന്തശ്രേണിയെ അവതരിപ്പിക്കുന്നു. മാധവൻ അനന്തശ്രേണി കണ്ടെത്തിയതിന്റെ യുക്തി ജ്യേഷ്ഠദേവന്റെ യുക്തിഭാഷയിൽ വിശദമാക്കുന്നുണ്ട്. ആധുനിക ഗണിതസങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള വിശദീകരണം കെ.വി. ശർമ്മയും അവതരിപ്പിക്കുന്നു.

മാധവന്റെ സംഭാവനകളിൽ അമൂല്യമായ മറ്റൊന്നാണ് ത്രികോണമിതീയ വാക്യങ്ങളുടെ വികാസത്തിൽ അനന്തശ്രേണികളുടെ പ്രയോഗസാധ്യത ഉപയോഗ

പ്പെട്ടത്താനും ത്രികോണമിതി ഏകദങ്ങളുടെ വില നിർണ്ണയിക്കാനുമുള്ള ശ്രമം. ആധുനികഗണിതത്തിന്റെ പിതാവായി മാധവനെ പരിഗണിക്കപ്പെടുന്നതിന്റെ കാരണവും ഇതുതന്നെയാണ്. ജ്യേഷ്ഠദേവന്റെ *യുക്തിഭാഷ*യിലും പുതുമന സോമയാജിയുടെ *കരണപദ്ധതി*യിലും ശങ്കരവാര്യരുടെ *യുക്തിഭാഷ*യിലുമെല്ലാം മാധവനെ ഉദ്ധരിച്ചുകൊണ്ടുതന്നെ സൈൻ, കോ സൈൻ ശ്രേണികള അവതരിപ്പിക്കുന്നുണ്ട്. വളരെ കൃത്യമായ ഒരു സൈൻ പട്ടികയാണ് മാധവൻ തയ്യാറാക്കിയിരിക്കുന്നത്. ജ്യേഷ്ഠദേവൻ മലയാളത്തിലെഴുതിയ *യുക്തിഭാഷ* എന്ന ഗണിതഗ്രന്ഥത്തിൽ മാധവന്റേതായി ചർച്ച ചെയ്യുന്ന ഗണിതസിദ്ധാന്തങ്ങൾ ഇവയാണ്,

1. $\pi$ -യുടെ മൂല്യം
2. $\pi$ -യുടെ മൂല്യത്തിനായുള്ള അനന്തശ്രേണി
3. അന്ത്യസംസ്കാരം (Error Correction Method)
4. അനുയോജ്യസംവേദനത്തിനായി ശ്രേണി മാറ്റുന്ന രീതി
5. Sine, cosine അനന്തശ്രേണികളുടെ നിർധാരണം
6. Tangent -ന്റെ വിലോമശ്രേണി ഉപപത്തി (വിനോദ് എ., 2019:55)

### 3.1.2 തമസ്കരിക്കപ്പെട്ട മാധവൻ

അധിനിവേശം രാഷ്ട്രീയാധികാരത്താൽ മാത്രമല്ല തമസ്കരണങ്ങളാലും അപരവല്ക്കരണങ്ങളാലും കൂടിയാണ് തങ്ങളുടെ ദൗത്യം തുടർന്നുവന്നത്. അതിൽ പ്രബലമായിരുന്നു യൂറോകേന്ദ്രിതമായ ശാസ്ത്രവീക്ഷണം. കലനഗണിതം (കാൽക്കുലസ്) തുറന്നിട്ട സാധ്യതകൾ അനന്തമായിരുന്നു എന്നതുകൊണ്ടുതന്നെ അതിന്റെ പിതൃത്വത്തെ ചൊല്ലിയുള്ള അവകാശവാദങ്ങളും കുറവായിരുന്നില്ല. മാധവന്റേതായി *യുക്തിഭാഷ*യിൽ അവതരിപ്പിക്കുന്ന ത്രികോണമിതി ഏകദങ്ങളുടെ (Sin, Cos, Tan) അനന്ത ശ്രേണിയിൽ ആദ്യത്തെ രണ്ടെണ്ണം ന്യൂട്ടന്റെ ഘാതകശ്രേണികൾ എന്ന പേരിലും മൂന്നാമത്തേത് ഗ്രിഗറിയുടെ പേരിലുമാണ് അറിയപ്പെടുന്നത്. 17 -ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഐസക് ന്യൂട്ടനെക്കാളും (1642 -1727) ജയിംസ് ഗ്രിഗറിയെക്കാളും (1638 - 1675) മൂന്നുനൂറ്റാണ്ടുകൾക്കു മുൻപേ ഗണിതശാസ്ത്ര ചിന്തകളെ അപരിമേയത

(irrational) യിൽനിന്നും പരിമേയത (rational) കളിലേക്ക് നയിച്ച മാധവൻ കളത്തിന് പുറത്താണ്.[3] മാധവന്റെ പ്രധാന കണ്ടെത്തലുകളെയും യൂറോപ്യൻ അവകാശവാദങ്ങളുടെയും കുറിച്ച് എ. വിനോദ് തന്റെ കൃതിയിൽ പട്ടികപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്,

| | മാധവന്റെ സംഭാവന | യൂറോപ്യൻ അവകാശവാദം |
|---|---|---|
| 1 | Sine, Cosine അനന്തശ്രേണികൾ | ന്യൂട്ടന്റെ ഘാതശ്രേണികൾ |
| 2 | Tangent അനന്തശ്രേണി | ടെയ്‌ലർ ശ്രേണി |
| 3 | Inverse Tangent നുള്ള അനന്തശ്രേണി | ഗ്രിഗറി ശ്രേണി |
| 4 | $\pi$ യുടെ അനന്തശ്രേണി | ലെബനീസ് ശ്രേണി |
| 5 | $\pi/4$ അനന്തശ്രേണി | ഓയ്‌ലർ ശ്രേണി |
| 6 | ഏത് കോണിലുമുള്ള അനന്തശ്രേണി | ഗ്രിഗറി ശ്രേണി |
| 7 | Sine, Cosine ഏകദങ്ങൾക്കുള്ള രണ്ടാം കൃതി അപരിമേയശ്രേണികൾ | ടെയ്‌ലർ ശ്രേണി |
| 8 | ഘനഘാത പരിമേയശ്രേണികൾ | ടെയ്‌ലർ - ഗ്രിഗറി ശ്രേണി |
| 9 | തുടർഭിന്നങ്ങളുടെ അനന്തശ്രേണി | ലെഗ്രാഞ്ചേ, ടെയ്‌ലർ ശ്രേണി |
| 10 | അനന്തശ്രേണികളുടെ സംവ്രജനം | കോഷി സിദ്ധാന്തം |
| 11 | അനന്തശ്രേണികളുടെ പരിമേയസന്നിഘടകങ്ങൾ | കോഷി സിദ്ധാന്തം |
| 12 | അസംപത രേഖാശ്രേണികളുടെ അവതരണം | റോബർ വാൾ, ഫെർമാറ്റ് സിദ്ധാന്തം |

പട്ടിക 3.1: (എ.വിനോദ്, 2019:57)

ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ ഉദ്യോഗസ്ഥനായിരുന്ന ചാൾസ് എം. വിഷിന്റെ പഠനങ്ങളിലൂടെയാണ് മാധവാചാര്യരെയും അദ്ദേഹത്തിന്റെ ശിഷ്യപരമ്പരയെയും കുറിച്ച് പാശ്ചാത്യലോകം അറിയുന്നത്. കേരളീയഗണിതപദ്ധതിയെ പഠനവിധേയമാക്കിയ *സദ്രത്നമാല* എന്ന കൃതിയുടെ കർത്താവായ ശങ്കരവർമ്മയുമായുള്ള അടുപ്പമാണ് ഇത്തരമൊരു പഠനത്തിന് വിഷിനെ പ്രേരിപ്പിച്ചത്. എന്നാൽ 1833 -ൽ, തന്റെ മുപ്പത്തിയെട്ടാം വയസ്സിൽ ചാൻസ് അകാലത്തിൽ മരിച്ചു. അദ്ദേഹത്തിന്റെ സഹോദരനായ ജെ.എൽ. വിഷിന്റെ ശ്രമഫലമായാണ് ഈ ലേഖനങ്ങൾ പ്രസിദ്ധീകരിക്കപ്പെടുന്നത്. റോയൽ ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ഗ്രേറ്റ് ബ്രിട്ടൺ ആൻഡ് അയർലൻഡ് 1834 -ലാണ് ഇവ പ്രസിദ്ധീകരിച്ചത്. കാൽക്കുലസിനും ആധുനിക ഗണിതശാസ്ത്രത്തിനും തുടക്കംകുറിച്ചത് മാധവനാണെന്ന് ചാൾസ് വിഷ് വിലയിരുത്തുന്നു.

[3]However, it is now generally recognized that the origin of the analysis and derivations of certain infinite series, notably those relating to the arctangent, sine, and cosine, are not to be found in Europe but in an area in South India that now falls within the state of Kerala. From a region of about a thousand square kilometers north of Cochin, during the period between the fourteenth and sixteenth centuries, there emerged discoveries in infinite series that predate similar work of James Gregory, Newton, and Leibniz by at least two hundred years (George Gheverghese Joseph, 2000:419).

പക്ഷേ, വിഷിന്റെ കണ്ടെത്തലുകൾ അന്നത്തെ കൊളോണിയൽ ചിന്തയ്ക്ക് നിരക്കാത്ത തിനാൽ അവഗണിക്കപ്പെടുകയാണ് ഉണ്ടായത്.

യൂറോകേന്ദ്രിതമായ ശാസ്ത്രവീക്ഷണത്തെ തച്ചുടയ്ക്കാൻ പര്യാപ്തമായിരുന്ന മാഞ്ച സ്റ്റർ യൂണിവേഴ്സിറ്റിയിലെ ഗണിതശാസ്ത്രജ്ഞനും ഗവേഷകനുമായ ഡോ. ജോർജ്ജ് ഗീവർഗീസ് ജോസഫിന്റെ ശ്രമങ്ങൾ. ആഫ്രിക്കയിലെ തദ്ദേശീയർക്കിടയിൽ പ്രവർ ത്തിക്കുമ്പോൾ നീഗ്രോ വംശജയായ ഒരു വിദ്യാർത്ഥിനി, സർ ഗണിതശാസ്ത്രത്തിൽ ഞങ്ങളുടേതായി ഒന്നുമില്ലേ? എല്ലാം യൂറോപ്യൻമാരുടേതാണോ എന്ന് ചോദിക്കുക യുണ്ടായി. ഇതാണ് യൂറോപ്പിതരഗണിതപഠനങ്ങളെക്കുറിച്ചുള്ള അന്വേഷണത്തിന് ജോർജ്ജ് ജോസഫിന് പ്രേരണയായത്. ഇന്ത്യ, ചൈന, ആഫ്രിക്ക, സൗത്ത് അമേ രിക്ക എന്നിവിടങ്ങളിലുണ്ടായ ഗണിതശാസ്ത്ര വളർച്ചയുടെ ചരിത്രമാണ്, *ദ ക്രസ്റ്റ് ഓഫ് ദ പീകോക്ക് -നോൺ യൂറോപ്യൻ റൂട്ട്സ് ഓഫ് മാത്തമാറ്റിക്സ്* (The Crest of the peacock Non - European Roots of Mathematics) എന്ന കൃതി അന്വേഷിക്കു ന്നത്. കേരളത്തിലെ ഗണിതശാസ്ത്രപഠനങ്ങളുടെ ചരിത്രമന്വേഷിക്കുന്ന അദ്ദേഹത്തി ന്റെ ഗവേഷണപഠനങ്ങൾ ശ്രദ്ധേയമാണ്. *എ പാസ്സേജ് ടു ഇൻഫിനിറ്റി: മെഡീവിയൽ ഇൻഡ്യൻ മാത്തമാറ്റിക്സ് ഫ്രം കേരള ആന്റ് ഇറ്റ്സ് ഇംപാക്ട്* (A Passage to Infinity: Medevial Indian Mathematics from Kerala and its impact) എന്ന കൃതിയിൽ മധ്യകാല കേരളീയഗണിതത്തിന്റെ പുനരാവിഷ്കാരമാണ് യൂറോപ്പിൽ ഉണ്ടായിട്ടുള്ളതെ ന്ന് ജോർജ്ജ് ജോസഫ് വിലയിരുത്തുന്നു.[4]

ഭാരതത്തിന് ക്രിസ്തുവർഷാരംഭകാലത്തുതന്നെ വൈദേശികബന്ധങ്ങൾ നില നിന്നിരുന്നു. കച്ചവടത്തിനു വന്ന വിദേശികൾ ഇവിടുത്തെ സുഗന്ധവിളകൾ മാത്ര മല്ല വൈജ്ഞാനികസമ്പത്തും സ്വാംശീകരിച്ചിരുന്നു എന്നുവേണം കരുതാൻ. ഭാസ്ക രാചാര്യരുടെ *സിദ്ധാന്തശിരോമണി*യിലെ ലീലാവതി എന്ന ഭാഗം അക്ബറുടെ കാല

[4]Two powerful tools contributed to the creation of modern mathematics in the seventeenth century: the discovery of the general algorithms of calculus, and the development and application of infinite -series techniques. When introduced to calculus, one is often told that the names normally associated with the development of the subject are Newton and Leibniz. The other, less well -known stream, the discovery and applications of infinite - series, is often downplayed despite its importance in the development of modern mathematics. Historically, the two streams tended to reinforce each other in their simultaneous development by each extending the range of application of the other (George Gheverghese Joseph, 2000:418)

ത്ത് പേർഷ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഷാജഹാന്റെ പുത്രനായ ദാരാ ഷുക്കോവ് ഉപനിഷത്തുക്കൾ വിവർത്തനം ചെയ്തിരുന്നു. വിഷ്ണു ശർമ്മന്റെ *പഞ്ചതന്ത്രം കഥകൾ* അറബി, ഗ്രീക്ക്, സിറിയൻ തുടങ്ങി ഒട്ടധികം ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

ഇരിങ്ങാലക്കുടയ്ക്ക് സമീപമുള്ള കൊടുങ്ങല്ലൂർ (മഹോദയപുരം) പ്രസിദ്ധമായ വാണിജ്യകേന്ദ്രവും തുറമുഖനഗരവുമായിരുന്നു. വാസ്കോ ഡി ഗാമയെ പിന്തുടർന്ന് ഇവിടെ എത്തിയ പാതിരിമാർ ഭാഷയും വ്യാകരണവും നിഘണ്ടുക്കളും മാത്രമല്ല ആയുർവ്വേദവും ജ്യോതിശാസ്ത്രവും ഗണിതവും തത്വശാസ്ത്രവുമെല്ലാം സ്വായത്തമാക്കി. മതപ്രചാരണാർത്ഥം കേരളത്തിലെത്തിയ ജസ്യൂട്ട് പാതിരിമാർ ഗണിതശാസ്ത്രത്തിലെ അനന്തശ്രേണി യൂറോപ്പിനു പരിചയപ്പെടുത്തിയിരിക്കാനുള്ള സാധ്യതയെക്കുറിച്ച് ജോർജ്ജ് ജോസഫ് ഊന്നിപ്പറയുന്നു.[5]. "1560 -നും 1650 -നും ഇടയ്ക്ക് ഭാരതീയ ഗണിത - ജ്യോതിശാസ്ത്രപഞ്ചാംഗവിജ്ഞാനം റോമിൽ കേന്ദ്രീകരിച്ചശേഷം സമീപ ഇറ്റാലിയൻ സർവകലാശാലയായ പാദുവയിലേക്കും പിസയിലേക്കും വ്യാപിച്ചിരിക്കാനാണ് സാധ്യത. കാവിലിയേറി, ഗലീലിയോ എന്നിവരിലൂടെയും പാദുവായിലെ നിത്യസന്ദർശകനായിരുന്ന ജെയിംസ് ഗ്രിഗറി മുതലായവയിലൂടെയും ഇത് കൂടുതൽ വ്യാപിച്ചിരിക്കാനും സാധ്യതയുണ്ട്"എന്ന് വിനോദ് ചൂണ്ടിക്കാട്ടുന്നു (2019:59). മൂലസ്രോതസ്സുകൾ വെളിപ്പെടുത്താത്ത യൂറോപ്യൻ രീതി, യൂറോപ്പിതരഗണിതശാസ്ത്രനേട്ടങ്ങളുടെ അപരവല്ക്കരണം കൂടുതൽ എളുപ്പമുള്ളതാക്കി.

---

[5]The information gathering and transmission activities of the Jesuit missionaries are thus not in doubt. In addition, after the 1580 annexation of Portugal by Spain and subsequent loss of funding from Lisbon, the rationale for transmission acquired another dimension, that of profit. Whatever the nature of the profit, intellectual or material, the motivation may have been sufficient for the learned Jesuits to have acquired (or at the very least read and understood) the relevant manuscripts containing Kerala mathematics (George Gheverghese Joseph, 2000:442).

The rulers of Cochin came from a scholarly family who were reputed to be knowledgeable about the mathematical and astronomical works of medieval Kerala, at least to the extent that they were aware of the methods for astrological prediction and of the manuscripts that contained these methods. They were in possession of a large number of manuscripts on astrology and astronomy and were known for a tradition of helping other rulers. Thus, the royal family could itself have been a possible source of knowledge for the Jesuits… Given this close relationship with the kings of Cochin, the Jesuits' desire to acquire local knowledge, and the royal family's contiguity to the works on Indian astronomy, it is quite possible that the Jesuits may have gained access to key manuscripts of the Kerala school via the royal household (George Gheverghese Joseph, 2000:443)

ഭാരതീയഗണിതസംഭാവനകളെ ലോകത്തിനു മുന്നിൽ അവതരിപ്പിക്കുന്നതിൽ ബംഗാളിയായ വിഭൂതിഭൂഷൺ ദത്തയുടെ, *The History of Hindu Mathamatics – A Source Book* എന്ന പുസ്തകത്തിന് ശ്രദ്ധേയമായ സ്ഥാനമുണ്ട്. ചരിത്രത്തിൽ ഭാരതീയഗണിതത്തിന്റെ പ്രാധാന്യം രേഖപ്പെടുത്താൻ ശ്രമിച്ച സി.ടി. രാജഗോപാൽ, രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ മാത്തമാറ്റിക്സ് എന്ന സ്ഥാപനത്തിന്റെ മേധാവിയായിരുന്നു. *സ്ക്രിപ്റ്റ മാത്തമാറ്റിക്ക* എന്ന ഗണിതജേർണലിൽ അദ്ദേഹം പ്രസിദ്ധീകരിച്ച Neglected Chapters of Hindu Mathematics, On the Hindu proof of Gregory Series തുടങ്ങിയ പ്രബന്ധങ്ങൾ ഏറെ പരിഗണനാർഹമാണ്. റോയൽ ഏഷ്യാറ്റിക് സൊസൈറ്റിയുടെ ബംഗാൾ ഘടകത്തിലൂടെ The Sine and Cosine Power Series in Hindu Mathematics എന്ന പേരിലും പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. ഡോ. ടി.എ. സരസ്വതിയമ്മയുടെ Geometry in Ancient and Medieval India യും ഇവിടെ എടുത്തു പറയേണ്ട കൃതിയാണ്. കെ.വി. ശർമയുടെ പ്രവർത്തനങ്ങൾ കേരളീയ ഗണിതപദ്ധതിയെയും മാധവാചാര്യരെയും ഗണിതശാസ്ത്ര സമക്ഷം അവതരിപ്പിക്കുന്നതിൽ വലിയ പങ്കുവഹിച്ചു. ഹോഷിയാപൂർ സർവ്വകലാശാലയിലെ വിശ്വേശ്വരാനന്ദ സംസ്കൃത വിദ്യാപീഠത്തിൽ മാർഗദർശക് എന്ന നിലയിൽ പ്രവർത്തിച്ചിരുന്ന കാലത്ത് അമ്പതിലധികം പുസ്തകങ്ങളാണ് അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുള്ളത്.

### 3.1.3 മാധവന്റെ ശിഷ്യപരമ്പര

പൂർവ്വസൂരികൾ മുന്നോട്ടുവച്ച ആശയങ്ങളുടെ അടിത്തറയിൽനിന്നുകൊണ്ടാണ് പതിനാലാം നൂറ്റാണ്ടിൽ സംഗമഗ്രാമമാധവൻ തന്റെ ഗണിത-ജ്യോതിശാസ്ത്രനിലപാടുകൾ അവതരിപ്പിക്കുന്നത്. തുടർന്ന് ഏകദേശം മൂന്നു നൂറ്റാണ്ടിലധികം കാലം അദ്ദേഹത്തിന്റെ ശിഷ്യപരമ്പരയിലൂടെ ആ പഠനങ്ങൾ പുരോഗതി പ്രാപിച്ചു. മാധവന്റെ കണ്ടെത്തലുകളെക്കുറിച്ച് നമുക്ക് ലഭ്യമായ അറിവുകളിൽ അധികവും ഇവരുടെ കൃതികളിലാണുള്ളത്.

മാധവാചാര്യരുടെ പ്രമുഖ ശിഷ്യൻ വടശ്ശേരി പരമേശ്വരൻ നമ്പൂതിരിയാണ്. ഇദ്ദേഹം മാധവനിൽനിന്നാണ് ഗണിതം അഭ്യസിച്ചത് എന്ന് പരമേശ്വരന്റെ ശിഷ്യനായ നീലകണ്ഠൻ അഭിപ്രായപ്പെടുന്നു. ആലത്തൂർ ഗ്രാമത്തിൽ ജനിച്ച ഇദ്ദേഹ

ത്തിന്റെ ദൃഗ്ഗണിതം എന്ന കൃതി വളരെ ശ്രദ്ധേയമാണ്. കൊല്ലവർഷം 606 (എ.ഡി 1431) ആണ് രചനാകാലം എന്ന് കൃതിയിൽനിന്ന് വ്യക്തമാണ്. ഏഴാം നൂറ്റാണ്ടിൽ തിരുനാവായിൽ വച്ച് അംഗീകരിക്കപ്പെട്ട പരഹിതഗണിതത്തിലെ പോരായ്മകൾ പൂരിപ്പിക്കുകയായിരുന്നു അദ്ദേഹം ദൃഗ്ഗണിതത്തിലൂടെ. ഗോളദീപികയിലാകട്ടെ, ഗഗോള ജ്യോതിശാസ്ത്രം, സൂര്യന്റെ നിഴലുകൾ, ഭൂമിയുടെ ചുറ്റളവ് നിർണയിക്കാനുള്ള വഴികൾ തുടങ്ങിയ വിഷയങ്ങളാണ് പ്രതിപാദിക്കുന്നത്. പരമേശ്വരന്റെ പുത്രനായ ദാമോദരനും പ്രമുഖ പണ്ഡിതനായിരുന്നു.

കേളല്ലൂർ ചോമാതിരി എന്നറിയപ്പെടുന്ന നീലകണ്ഠസോമയാജി, പരമേശ്വരൻ നമ്പൂതിരിയുടെയും അദ്ദേഹത്തിന്റെ മകൻ ദാമോദരന്റെയും ശിഷ്യനായിരുന്നു. തനിക്ക് വിദ്യപകർന്നു നൽകിയവരെക്കുറിച്ച് അദ്ദേഹം തന്റെ കൃതികളിൽ സ്മരിക്കുന്നുണ്ട്. *ആര്യഭടീയഭാഷ്യ*ത്തിലെ ഗണിതപാദാന്തത്തിൽനിന്നുള്ള പ്രസ്താവന ഉള്ളൂർ ഉദ്ധരിക്കുന്നുണ്ട് (1979:131) ദൃഗ്ഗണിതകാരനായ പരമേശ്വരൻ നമ്പൂതിരിയുടെ പുത്രൻ ദാമോദരൻ ജ്യോതിശാസ്ത്രത്തിലും രവി നമ്പൂതിരി വേദാന്തത്തിലും ഗുരുക്കന്മാരായിരുന്നു എന്ന് അദ്ദേഹം പറയുന്നു. 'സമുദാഹൃതമാധവാദിഗണിതജ്ഞാചാര്യകൃതയുക്തിസമുദായേ...' എന്നിങ്ങനെ മാധവാചാര്യരെയും അദ്ദേഹം അവിടെ ഓർക്കുന്നു. *തന്ത്രസംഗ്രഹം* എന്ന കൃതിയിൽ നീലകണ്ഠസോമയാജി സംഗമഗ്രാമമാധവന്റെ പ്രമുഖസിദ്ധാന്തങ്ങൾ ഉദ്ധരിക്കുന്നു. ചാപം, വൃത്തപരിധി, സൈൻ, കോ സൈൻ എന്നിവയ്ക്കുള്ള അനന്തശ്രേണികൾ *തന്ത്രസംഗ്രഹ*ത്തിൽ ചർച്ച ചെയ്യുന്നുണ്ട്.

ദാമോദരന്റെ മറ്റൊരു ശിഷ്യനായ ജ്യേഷ്ഠദേവൻ, നീലകണ്ഠ സോമയാജിയുടെ *തന്ത്രസംഗ്രഹ*ത്തിന് മലയാളത്തിൽ എഴുതിയ വ്യാഖ്യാനമാണ് യുക്തിഭാഷ. മധ്യകാല മലയാളഗദ്യത്തിലാണ് ഈ കൃതി രചിക്കപ്പെട്ടിരിക്കുന്നത് എന്നത് ഏറെ ശ്രദ്ധേയമാണ്. ഭാരതീയ ഭാഷകൾക്ക് ശാസ്ത്രവിജ്ഞാനത്തെ പകർത്താൻ കഴിവില്ലെന്ന് വിലയിരുത്തിയ കൊളോണിയൽ ബോധത്തിനുള്ള മറുപടിയാണിത്. പതിനാറാം നൂറ്റാണ്ടിൽ ജ്യേഷ്ഠദേവൻ തന്റെ ഗുരുപരമ്പരയിലെ മാധവൻ, പരമേശ്വരൻ, നീലകണ്ഠ സോമയാജി തുടങ്ങിയവരുടെ കണ്ടുപിടുത്തങ്ങൾ യുക്തിസഹമായ തെളിവുകളോടെ അവതരിപ്പിക്കുന്നു. പദ്യരൂപത്തിൽ എഴുതപ്പെട്ട ജേഷ്ഠദേവന്റെ മറ്റൊരു മലയാള കൃതിയാണ് *ദൃക്കരണം*. വടശ്ശേരി പരമേശ്വരന്റെ ദൃഗ്ഗണിതപദ്ധതിയാണ് ഇതിൽ വിവരിക്കുന്നത്. ജേഷ്ഠദേവന്റെ ശിഷ്യനായ അച്യുതപിഷാരടിയാണ് മാധവാചാര്യരുടെ

*വേണ്വാരോഹ*ത്തിനുള്ള മലയാളവ്യാഖ്യാനം തയ്യാറാക്കിയിരിക്കുന്നത്. ജ്യോതിശാസ്ത്ര പണ്ഡിതനായ തൃപ്പണിക്കര പൊതുവാളും മേൽപ്പത്തൂർ നാരായണഭട്ടതിരിയും ഇദ്ദേഹ ത്തിന്റെ ശിഷ്യരായിരുന്നു.

നീലകണ്ഠ സോമയാജിയുടെ ശിഷ്യനാണ് ചൊവ്വര ചിത്രഭാനു. പരമേശ്വര ന്റെ ദൃഗ്ഗണിതത്തെ അടിസ്ഥാനമാക്കി *കരണാമൃതം* എന്ന പേരിൽ അദ്ദേഹമെഴുതിയ ഗ്രന്ഥത്തിൽ പഞ്ചാംഗഗണിതത്തിനു വേണ്ട അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തി യിരിക്കുന്നു. നീലകണ്ഠസോമയാജിയുടെയും ജ്യേഷ്ഠദേവന്റെയും ചിത്രഭാനുവിന്റെയും ശിഷ്യനാണ് ശങ്കരവാര്യർ. ഇദ്ദേഹം എഴുതിത്തുടങ്ങിയ ഭാസ്കരാചാര്യരുടെ ലീലാവതീ ഭാഷ്യം പൂർത്തിയാക്കിയത് നാരായണൻ എന്ന പണ്ഡിതനാണ്. നാരായണൻ നീല കണ്ഠന്റെയും ചിത്രഭാനുവിന്റെയും ശിഷ്യനാണ് എന്ന് കരുതുന്നു.

ഇനിയും അദൃശ്യതയിൽപ്പെട്ടുപോയ എത്രയോ പണ്ഡിതർ ഇക്കൂട്ടത്തിലു ണ്ടാകാം. കാലം കാത്തുവെച്ച ചില അറിവുകൾ മാത്രം പഴമയുടെയും അധിനിവേശ ത്തിന്റെയും പ്രതിബന്ധങ്ങളെ തരണം ചെയ്ത്, നാടിന് അഭിമാനമായി നിലനിൽക്കുന്നു.

### 3.1.4 മാധവഗണിതകേന്ദ്രം

ഗണിതശാസ്ത്രരംഗത്തെ ആചാര്യനായിരുന്ന സംഗമഗ്രാമമാധവനെ പുതിയ തലമുറയി ലേക്ക് പകർന്നു നൽകുക എന്ന ലക്ഷ്യത്തോടെയാണ് 2012 -ൽ ഇരിങ്ങാലക്കുടയിൽ മാധവഗണിതകേന്ദ്രം ആരംഭിക്കുന്നത്. ഇവിടെ നിലനിന്നിരുന്ന ഗണിതവിജ്ഞാന സംസ്കാരം അന്യംനിന്നു പോകാതിരിക്കുന്നതിന് ഇത്തരം സംഘടനകൾ നിർണ്ണായക മാണ്. ഇവിടെ നടന്നുവരുന്ന ചർച്ചകളും സമ്മേളനങ്ങളും കേരളീയ ഗണിതപാരമ്പര്യ ത്തെ കൂടുതലറിയാൻ സഹായകമാണ്. ഗണിതശാസ്ത്രരംഗത്ത് സംഭാവനകൾ നൽകി യവരെ തിരഞ്ഞെടുത്ത് ആദരിച്ചുവരുന്നതാണ് ഗണിതകേന്ദ്രത്തിന്റെ മറ്റൊരു പ്രവർ ത്തനം. ദേശീയ ഗണിതദിനമായ ഡിസംബർ 22 -നാണ് പുരസ്കാരം സമർപ്പിക്കുക പതിവ്. ഇരിങ്ങാലക്കുട സെന്റ്. ജോസഫ്സ് കോളേജിലെ പുരാരേഖസംരക്ഷണ ഗവേ ഷണകേന്ദ്രത്തിന്റെ നേതൃത്വത്തിൽ മാധവകൃതികളെ കണ്ടെത്തി സംരക്ഷിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. അതിന്റെ ഭാഗമായി കോളേജിൽ 'ഇദം ന മമ' എന്ന ഒരു ഉദ്യാനം സജ്ജമാക്കിയിട്ടുണ്ട്. ഇവിടുത്തെ അധ്യാപികയായ ലിറ്റി ചാക്കോ *സംഗമഗ്രാ*

*മമാധവന്റെ രണ്ടുകൃതികൾ* എന്ന പേരിൽ ഒരു സ്വതന്ത്രഗവേഷണപഠനം പ്രസിദ്ധീകരിച്ചിരിക്കുന്നു. *വേണ്വാരോഹ*ത്തിന്റെ താളിയോല പകർപ്പും അച്യുതപിഷാരടിയുടെ വ്യാഖ്യാനവും ലഗ്നപ്രകരണത്തിന്റെ ലഭ്യമായ താളിയോലകളുമാണ് ആമുഖ പഠനത്തോടൊപ്പം ഈ കൃതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

നിർമ്മിതബുദ്ധിയുള്ള (ആർട്ടിഫിഷൽ ഇന്റലിജൻസ്) റോബോട്ടുകളെ സൃഷ്ടിക്കുന്നതിന്റെ അടിസ്ഥാനഘടകമായി പ്രവർത്തിക്കുന്നത് സംഗമഗ്രാമമാധവന്റെ ഗണിതസിദ്ധാന്തങ്ങളാണെന്ന് ഡേറ്റ സയൻസ് ആർട്ടിഫിഷൽ ഇന്റലിജൻസ്, ക്വാണ്ടം കംപ്യൂട്ടിങ് എന്നിവയിൽ ഗവേഷണം നടത്തുന്ന സന്തോഷ് കൃഷ്ണൻ പറയുന്നു. പുനെയിൽ ജോലി ചെയ്യുന്ന സന്തോഷ് കൃഷ്ണൻ ഒരു സംരംഭകൻ കൂടിയാണ്. നിർമ്മിതബുദ്ധിയുടെ അടിസ്ഥാനഘടകം ആർട്ടിഫിഷൽ ന്യൂറൽ നെറ്റ് വർക്കാണ്. അതിന്റെ ഗണിതമാണ് കാൽക്കുലസ്. ഈ മേഖലയിൽ ലോകത്തേറ്റവും കൂടുതൽ ഉപയോഗിക്കുന്നത് 14 -ാം നൂറ്റാണ്ടിൽ ഇരിങ്ങാലക്കുട കല്ലേറ്റുംകരയിൽ ജീവിച്ചിരുന്ന സംഗമഗ്രാമമാധവന്റെ സിദ്ധാന്തങ്ങളാണ്.

മാധവന്റെ സംഭാവനകളുടെ ആഴം ഇനിയും ശാസ്ത്രലോകം അറിഞ്ഞുകൊണ്ടിരിക്കുകയാണെന്ന് സാരം. ഇവിടെ സംഗമമാധവന്റെ പേരിൽ ഗണിതശാസ്ത്രപഠനകേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചുകഴിഞ്ഞു. കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയവുമായി ബന്ധപ്പെട്ട് ഈ പദ്ധതി മുന്നോട്ടു കൊണ്ടുപോകുന്നതായി ഇരിങ്ങാലക്കുടയുടെ എം.എൽ.എ.യും ഉന്നത വിദ്യാഭ്യാസവകുപ്പ് മന്ത്രിയുമായ ഡോ.ആർ. ബിന്ദു പറഞ്ഞു.

## ഇരിഞ്ഞാടപ്പിള്ളി മന

ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷൻ സ്ഥിതിചെയ്യുന്ന കല്ലേറ്റുങ്കരയിലാണ് ഇരിഞ്ഞാടപ്പിള്ളി മന. മാധവാചാര്യരുടെ അച്ഛനമ്മമാരെക്കുറിച്ചോ ഗുരുക്കന്മാരെക്കുറിച്ചോ അറിയാൻ ഇതുവരെ സാധിച്ചിട്ടില്ല. അദ്ദേഹത്തിന്റെ കൃതികൾ പൂർണരൂപത്തിൽ ലഭ്യമല്ലാത്തതായിരിക്കാം അതിന്റെ കാരണം. 1941 -ലുണ്ടായ ഒരു വലിയ കാറ്റിൽ മനയുടെ ഒരു മാളിക തകരുകയും ഒട്ടേറെ താളിയോലഗ്രന്ഥങ്ങൾ നശിക്കുകയും ചെയ്തതായി പറയുന്നു. ഈ മനയിലെ പുതിയതലമുറ രണ്ട് താവഴികളിലായി ഇവിടെ

തുടരുന്നുണ്ട്. കഴിഞ്ഞ തലമുറകൾ മാധവൻ എന്ന പൂർവ്വസൂരിയേയും അദ്ദേഹത്തിന്റെ പാണ്ഡിത്യത്തെയും തിരിച്ചറിയാതെ പോയിരിക്കാം. എന്നാൽ ഇന്ന് ഗണിതശാസ്ത്രലോകത്തിന് തങ്ങളുടെ പൂർവ്വികൻ നൽകിയ സംഭാവന എന്തെന്ന കൃത്യമായ ബോധ്യം ഇവർക്കുണ്ട്. സ്വദേശത്തുനിന്നും വിദേശത്തുനിന്നും ഒട്ടനവധി ഗവേഷകർ മാധവഗൃഹം തേടി കല്ലേറ്റുങ്കരയിൽ എത്തിച്ചേരുന്നു. ഇവിടത്തെ ശ്രീകൃഷ്ണക്ഷേത്രം ടിപ്പുവിന്റെ പടയാളികൾ അഗ്നിക്കിരയാക്കിയിട്ടുള്ളതായി പരിസരവാസികൾ പറയുന്നു. മാധവാചാര്യർ ചാന്ദ്രപഠനത്തിനായി ഇവിടം ഉപയോഗപ്പെടുത്തിയിരുന്നു.[6]

## ഡോ. കെ. രാധാകൃഷ്ണൻ

ഐ.എസ്.ആർ.ഒ.യുടെ മുൻ ചെയർമാനും ബഹിരാകാശശാസ്ത്രജ്ഞനുമാണ് ഡോ. കെ. രാധാകൃഷ്ണൻ. ഇരിങ്ങാലക്കുടയിലെ കോപ്പിള്ളിൽ വീട്ടിൽ 1949 -ലാണ് അദ്ദേഹം ജനിച്ചത്. ഇരിങ്ങാലക്കുട നാഷണൽ ഹൈസ്കൂൾ, ക്രൈസ്റ്റ് കോളേജ്, തൃശ്ശൂർ എഞ്ചിനീയറിങ് കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി. 2000 -ലാണ് ഖരഗ്പൂർ ഐ.ഐ.ടി.യിൽനിന്നും ഇന്ത്യൻ ഭൗമനിരീക്ഷണ സംവിധാനം കൈകാര്യം ചെയ്യുന്നതിനുള്ള ചില സങ്കേതങ്ങൾ (Some Strategies for the Management of Indian Earth Observation System) എന്ന വിഷയത്തിൽ ഡോ. കെ. രാധാകൃഷ്ണൻ ഡോക്ടറേറ്റ് നേടുന്നത്.

വിക്രം സാരാഭായ് സ്പേസ് സെന്ററിൽ ഏവിയോണിക്സ് എഞ്ചിനീയറായാണ് അദ്ദേഹം ഔദ്യോഗികജീവിതം ആരംഭിക്കുന്നത്. എസ്.എൽ.വി. - 3 (SLV -3), എ.എസ്.എൽ.വി. (ASLV), പി.എസ്.എൽ.വി. (PSLV) എന്നിവയുടെ ഏവിയോണിക്സ് സിസ്റ്റങ്ങളുടെ സിസ്റ്റം പ്ലാനിംഗ്, ടെക്നോളജി മാനേജ്മെന്റ് എന്നിവയിൽ അദ്ദേഹം പ്രവർത്തിച്ചു. വിക്രം സാരാഭായ് സ്പേസ് സെന്ററിന്റെ അധ്യക്ഷനായിരുന്ന അദ്ദേഹം 2009 -ലാണ് ഇന്ത്യൻ ബഹിരാകാശഗവേഷണകേന്ദ്രത്തിന്റെ (ഐ.എസ്.ആർ.ഒ.) ചുമതലയേൽക്കുന്നത്. 2014 -വരെ ആ പദവിയിൽ തുടർന്നു. ഇന്ത്യാ ഗവൺമെന്റിന്റെ ബഹിരാകാശവകുപ്പ് സെക്രട്ടറിയായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ബഹിരാകാശ ഗവേഷണരംഗത്ത് ഇന്ത്യയുടെ ശ്രദ്ധേയമായ നേട്ടമായിരുന്നു മംഗള്യാൻ പദ്ധതി. ആദ്യശ്രമത്തിൽ തന്നെ മംഗൾയാൻ ചൊവ്വയുടെ ഭ്രമണപഥത്തിലെത്തി

[6] രാം രാജ്, 57 വയസ്സ്, കല്ലേറ്റുംകര

ക്കാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ ഔദ്യോഗികജീവിതത്തിലുണ്ടായ വലിയ നേട്ടമായിരുന്നു. 2014 -ൽ രാജ്യം പത്മവിഭൂഷൻ നൽകി അദ്ദേഹത്തെ ആദരിച്ചു. ഇരിങ്ങാലക്കുടക്കാരിയായ കിഴക്കേവളപ്പിൽ പത്മിനിയെയാണ് അദ്ദേഹം വിവാഹം ചെയ്തിരിക്കുന്നത്. ശാസ്ത്രരംഗത്ത് മാത്രമല്ല കലാരംഗത്തും പ്രതിഭ തെളിയിച്ചിട്ടുള്ള വ്യക്തിയാണ് ഡോ. കെ. രാധാകൃഷ്ണൻ. അദ്ദേഹം മികച്ച കഥകളി നടനും കർണാടക സംഗീതജ്ഞനുമാണ്.

### അനുരാധ കൃഷ്ണൻ

ഇരിങ്ങാലക്കുട നടവരമ്പിലെ ഡോ. കൃഷ്ണന്റെ മകളായ അനുരാധ മംഗള്യാൻ പദ്ധതിയുടെ ഭാഗമായിരുന്നു. മംഗള്യാൻ പദ്ധതിയിലെ മൂന്ന് 'സ്പേയ്സ് ഗേൾസി'ൽ ഒരാളായ അനുരാധയാണ് മംഗള്യാൻ ചൊവ്വയുടെ ഭ്രമണപഥത്തിലെത്തി എന്ന് ലോകത്തെ അറിയിച്ചത്. ഇപ്പോൾ ഐ.എസ്.ആർ.ഒ.യിൽ ചീഫ് സൈന്റിസ്റ്റായി ജോലിചെയ്യുന്നു.

## 3.2 ചികിത്സാപാരമ്പര്യം

പ്രകൃതിയോടിണങ്ങി ജീവിതമാരംഭിച്ച മനുഷ്യന്റെ എല്ലാവിധ ശാരീരിക അസ്വസ്ഥതകൾക്കും പ്രകൃതിതന്നെ ഉത്തരം നൽകിയിരുന്നു. രോഗത്തിന് മരുന്നായും ശരീരത്തിന് ഭക്ഷണമായും അവ നമ്മൾ ഉപയോഗപ്പെടുത്തി. അനുഭവം നൽകിയ അറിവുകളിലൂടെയാണ് ഔഷധങ്ങളെ മനുഷ്യൻ തിരിച്ചറിഞ്ഞത്. ഈ അറിവുകൾ തലമുറകളിലൂടെ കൈമാറി വന്ന് 'അമ്മൂമ്മവൈദ്യ' മായി ഉപയോഗിക്കുന്നു. ഗൃഹവൈദ്യമെന്നും പാരമ്പര്യവൈദ്യമെന്നുമെല്ലാം അറിയപ്പെട്ട നാടോടിവൈദ്യം ആധുനിക വൈദ്യശാസ്ത്രത്തിലെ കടന്നുകയറ്റത്തിനിടയിലും അടിപതറാതെ ഇന്നും നിലനിൽക്കുന്നു. "അനുഷ്ഠാനവിശുദ്ധിയോടെ സംരക്ഷിക്കപ്പെടുന്ന പരിസ്ഥിതിയും അതിനെ ഉപയോഗപ്പെടുത്തുന്ന ചൂഷണമില്ലാത്ത മനശ്ശാസ്ത്രവും എല്ലാകാലത്തും നാടോടിവൈദ്യത്തിന്റെ ശക്തിയും സൗന്ദര്യവുമായിരുന്നു. മിതവ്യയവും ലാളിത്യവും ഒത്തുചേർന്ന പാർശ്വഫലങ്ങളില്ലാത്ത ആരോഗ്യസംരക്ഷണമാർഗ്ഗം കൂടിയാണ് നാടോടിവൈദ്യം"എന്ന് ഡോ. എൻ. അജിത് കുമാർ വിലയിരുത്തുന്നു (2013:1393). വൈദ്യമെന്നത് അന്യമായ ഒരറിവായിരുന്നില്ല, നാട്ടറിവ് തന്നെയായിരുന്നു. തൊടിയിലെ മുക്കുറ്റിയും മുത്തങ്ങയും കറ

ന്തോട്ടിയും മാത്രമല്ല നന്ത്യാർവട്ടവും ചെമ്പരത്തിയും തുളസിയുമടക്കം ഔഷധങ്ങളാണ്. പനിയും തലവേദനയും വയറുവേദനയും നീർക്കെട്ടും തുടങ്ങി ചെറിയ മുറിവും പ്രാണീ വിഷബാധയുമടക്കമുള്ള രോഗങ്ങൾക്ക് ഈ അമ്മൂമ്മചികിത്സ വീട്ടിൽത്തന്നെ ചെയ്യു ന്നു. ചുക്ക് കാപ്പിയും തുളസിനീരും പനിക്കൂർക്കയും മുത്തങ്ങകഷായവും ആടലോടക പ്ര യോഗവും തുടങ്ങി മുതിർന്ന തലമുറയുടെ നാട്ടറിവുകൾ വൈവിധ്യപൂർണ്ണമാണ്. അണു നാശനശേഷിയുള്ള (antiseptic) മുക്കുറ്റിയും പുളിയിലയും അവരുടെ തിരിച്ചറിവുക ളാണ്.

നാടോടിചികിത്സാരീതിയെ പ്രാകൃതികം എന്നും അഭൗമം എന്നും രണ്ടായി തിരി ക്കാം എന്ന് ഡോ. രാഘവൻ പയ്യനാട് *ഫോക്‌ലോർ* എന്ന കൃതിയിൽ അഭിപ്രായപ്പെ ടുന്നു (2014:375). പ്രാകൃതിക ചികിത്സ മരുന്നിനെ ആശ്രയിക്കുന്ന രീതിയാണ്. അഭൗ മത്തിനെ മാന്ത്രികം എന്നും മതപരം എന്നും രണ്ടായി തിരിക്കുന്നു അദ്ദേഹം. മരുന്നും മന്ത്രവും എന്ന് ചേർത്ത് പറയുന്ന ഒരു ശൈലി ഭാഷയിലുണ്ട്. മരുന്നിനൊപ്പം ഈശ്വ രാനുഗ്രഹവും എന്ന ചിന്ത ഏതുകാലത്തും സജീവമാണ്. കണ്ണേറ് തട്ടിയാൽ ഉഴിഞ്ഞിടു ന്നതും കരയുന്ന കുഞ്ഞിനെ കയ്യിലെടുത്തു മന്ത്രം ജപിച്ചു ഊതുന്നതും നാവുദോഷം വരാ തിരിക്കാൻ കുഞ്ഞിന്റെ കവിളിൽ കറുത്ത പൊട്ടുതൊടുന്നതുമെല്ലാം പലതരം വിശ്വാസ ങ്ങളുടെ ഭാഗമാണ്.

ഇരിങ്ങാലക്കുടയിലെ ക്രിസ്ത്യാനികൾക്കിടയിലും ഈശ്വരസാന്നിധ്യം പകച്ചർ വ്യാധികളെ ഇല്ലാതാക്കും എന്ന ചില വിശ്വാസങ്ങളുണ്ട്. *ഇരിങ്ങാലക്കുട സെന്റ്. തോമസ് പള്ളിയുടെ ചരിത്രം* എന്ന കൃതിയിൽ ടി.എ. റപ്പായി 1896 -ൽ ഇരിങ്ങാലക്കു ടയിൽ അതിഭയങ്കരമായ കോളറ പടർന്നുപിടിച്ചതിനെക്കുറിച്ച് രേഖപ്പെടുത്തുന്നുണ്ട്. വളരെയധികം ജനങ്ങൾ മരിച്ചു. ദിവസേന ഓരോവീട്ടിലും രണ്ടും മൂന്നും മരണങ്ങൾ ഉണ്ടായിട്ടുണ്ട്. അന്ന് സെന്റ്. ജോർജ്ജ് പള്ളിവികാരി ബഹു. സെബാസ്റ്റ്യൻ പയ്യപ്പി ള്ളി അച്ചനായിരുന്നു. അദ്ദേഹം രാവിലെ ദിവ്യബലി അർപ്പിച്ചതിനു ശേഷം മാലയിൽ ഘടിപ്പിച്ചിട്ടുള്ള ചെപ്പിൽ വി. കുർബ്ബാന നിറച്ചു കഴുത്തിലിട്ട്, ചെറിയ സഞ്ചിയിൽ രോഗീ ലേപനം നൽകുന്നതിനുവേണ്ട സാമഗ്രികളുമെടുത്ത് കുതിരപ്പുറത്ത് കയറി രോഗമുള്ള വീടുകളിൽ ചെല്ലും. രോഗീലേപനം മാത്രമല്ല മരുന്നും അത്യാവശ്യം സാമ്പത്തികസ ഹായവും അദ്ദേഹം ചെയ്തിരുന്നു. 'കത്തനാരച്ചൻ വന്നുപോയി, ഇനി ഞങ്ങളുടെ വീട്ടിൽ സൂക്കേടുണ്ടാവില്ല' എന്ന് നാട്ടുകാർ പറയുമായിരുന്നു (എ. റപ്പായി, 2004:76-7).

ചില വിശ്വാസങ്ങൾക്ക് പിൻബലം നൽകുന്ന ഐതിഹ്യങ്ങളും പുരാവൃത്തങ്ങളും പ്രചാരത്തിൽ ഉണ്ടാകും. അത്തരത്തിലുള്ള വളരെ പ്രബലമായ ഒരു വിശ്വാസ മാണ് വസൂരിയുമായി ബന്ധപ്പെട്ടുള്ളത്. മാരിയമ്മയാണ് വസൂരിയുടെ ദേവത എന്ന വിശ്വാസം പ്രബലമാണ്. 1951 -ൽ ഇരിങ്ങാലക്കുടയിൽ വസൂരിരോഗം പടർന്നു പിടി ച്ചു. രോഗബാധിതരെ ജീവനോടെ കുന്നിൻമുകളിൽ ഉപേക്ഷിച്ചു പോകുന്ന ഘട്ടമു ണ്ടായി. വസൂരിരോഗം വിതറുന്ന യക്ഷിയുടെയും അവരെ ഭയപ്പെടുത്തി ഓടിക്കാനെ ത്തുന്ന സെബസ്ത്യാനോസ് പുണ്യവാളന്റെയും കഥ അമ്മാമ പറഞ്ഞു കേട്ടതായി ഇന്ന സെന്റ് തന്റെ ആത്മകഥയിൽ സ്മരിക്കുന്നുണ്ട് (2008:31). രോഗബാധകളിൽനിന്നും രക്ഷിക്കുന്ന സെബസ്ത്യാനോസിന്റെ അമ്പ് തിരുന്നാൾ ആഘോഷിക്കുന്നതും ഇത്തരം വിശ്വാസങ്ങളുടെ തുടർച്ച തന്നെ.

ഇരിങ്ങാലക്കുടയിലെ ഹൈന്ദവവിശ്വാസികൾ പ്രധാനമായും വസൂരിമാലയെ ആരാധിക്കുന്നത് കൊടുങ്ങല്ലൂരിലെ ശ്രീ കുരുംബ ഭഗവതി ക്ഷേത്രത്തിലാണ്. ഇരിങ്ങാ ലക്കുട പട്ടണത്തിൽനിന്നും ഏകദേശം 16 കി.മീ. തെക്ക് ഭാഗത്തായിട്ടാണ് കൊടുങ്ങ ല്ലൂർ ഭഗവതിക്ഷേത്രം സ്ഥിതിചെയ്യുന്നത്. ക്ഷേത്രത്തിനുപുറത്ത് പടിഞ്ഞാറെ നടയിൽ മറ്റൊരു പ്രതിഷ്ഠയാണ് വസൂരിമാലയുടേത്.

രേഖപ്പെടുത്തപ്പെടാത്ത അറിവുകൾ വാമൊഴിയിലൂടെ കൈമാറി വന്നു. പഴഞ്ചൊല്ലുകളും ശൈലികളും ഇതിനായി ഉപയോഗിക്കപ്പെട്ടു എന്നതും ശ്രദ്ധേയ മാണ്.

മൂക്ക് വെള്ളം ചുക്ക വെള്ളത്തിനാലെ

കണ്ണിൽ കുരുവിന് കൈവിരൽ മരുന്ന്

ദുഷ്ടനില്ലേ വ്രണമുണക്കരുത്

ഉപവാസം ജ്വരത്തിങ്കലുപകാരം

കുറുന്തോട്ടിക്കും വാതമോ

തുടങ്ങിയവ ചില ഉദാഹരണങ്ങൾ മാത്രം. മുറിവൈദ്യൻ ആളെക്കൊല്ലുമെന്നും മാറാൻ തേച്ചത് വ്രണമാകരുത് എന്നും കൂടി ഓർമ്മപ്പെടുത്തുന്നുണ്ട് നമ്മുടെ നാട്ടുചൊല്ലുകൾ. ഓരോ ഭൂപ്രദേശവും അവിടങ്ങളിൽ ലഭ്യമായ പച്ചമരുന്നുകൾ ചേർത്ത് ഔഷധക്കൂട്ടു കളും ഒറ്റമൂലികളും കണ്ടെത്തുന്നു. പ്രദേശികമായ അവയുടെ പേരുകളും വ്യത്യസ്തമാ

യിരിക്കും. കാലത്തിനും ദേശത്തിനും ശാരീരികാവസ്ഥതകൾക്കും അനുസരിച്ചാണ് ഔഷധപ്രയോഗങ്ങൾ എന്നതും ശ്രദ്ധേയമാണ്.

അമ്മൂമ്മചികിൽസക്ക് അനുഗതമായി വന്നവരാണ് നാട്ടുവൈദ്യൻമാർ. പഠന ങ്ങളുടെ പിൻബലമില്ലാതെത്തന്നെ പാരമ്പര്യമായി കൈമാറി വന്ന അറിവുകളും ഒറ്റമൂലിപ്രയോഗങ്ങളുംകൊണ്ട് പ്രസിദ്ധരായ വിഷവൈദ്യന്മാരും ബാലചികിത്സകരും മർമ്മാണിചികിത്സകരുമുണ്ട് നാട്ടിൻപുറങ്ങളിൽ. പ്രാചീന ചികിത്സാഗ്രന്ഥങ്ങളും ഇവരിൽ ചിലർക്കെങ്കിലും സഹായമായിരുന്നു. കാലത്തിന്റെ അവഗണനകൾ മറിക ടന്നുകൊണ്ട് വളരെ ചുരുക്കം നാട്ടുവൈദ്യന്മാരാണ് ഇന്ന് ഇരിങ്ങാലക്കുടയിൽ ഉള്ളത്. പുതിയ തലമുറ ആയുർവ്വേദഗ്രന്ഥങ്ങളുടെയും അക്കാദമിക് പഠനങ്ങളുടെയും സഹായ ത്തോടെ പുതിയ കാലത്തിന്റെ ശാരീരിക അസ്വാസ്ഥ്യങ്ങളെ പ്രതിരോധിച്ചു കൊണ്ട് നിലനിൽക്കുന്നവരാണ്.

ഇരിങ്ങാലക്കുടയിൽ വേലർ വിഭാഗത്തിലുള്ളവരാണ് നാട്ടുവൈദ്യരിൽ അധി കവും. തൊഴിലിന്റെ അടിസ്ഥാനത്തിൽ സമുദായങ്ങൾ രൂപപ്പെട്ടിരുന്ന സംഘകാലം മുതൽ തന്നെ വേലർ വൈദ്യവൃത്തി ചെയ്തിരുന്നതായി കരുതുന്നു. അത്രയും പാരമ്പ ര്യം തങ്ങളുടെ തൊഴിലിനുണ്ടെന്ന് വേലസമുദായക്കാരും വിശ്വസിക്കുന്നു[7]. ദൈവങ്ങ ളെക്കൂടി ചികിത്സിച്ച് സുഖപ്പെടുത്തുന്നവരത്രേ വേലൻമാർ. കാളിയും ദാരികനുമായുള്ള യുദ്ധത്തിൽ മുറിവേറ്റ കൊടുങ്ങല്ലൂരമ്മക്ക് ചികിത്സ നൽകുന്നത് വേലരാണ്. ഈ വിശ്വാ സത്തിന്റെ ഭാഗമായി കൊടുങ്ങല്ലൂർകാവിലെ സ്ഥാനികളാകാനുള്ള അവകാശം വേല സമുദായക്കാർക്ക് ലഭിച്ചു.

### 3.2.1 നാട്ടുവൈദ്യം

നാടോടിവൈദ്യത്തിൽനിന്ന് വ്യത്യസ്തമായി കേരളത്തിൽ പ്രചാരത്തിലിരുന്ന ആയുർവ്വേദരീതിയെ ജനകീയവൈദ്യം എന്ന് വിളിക്കാമെന്ന് രാഘവൻ പയ്യനാട് അഭിപ്രായപ്പെടുന്നു (2014:381). നാടുനീങ്ങിയ വംശമാണ് നാട്ടുവൈദ്യന്മാർ എന്ന് ഇരിങ്ങാലക്കുടക്കാരനായ കെ.വി. രാമനാഥൻ തന്റെ ഓർമ്മക്കുറിപ്പിൽ രേഖപ്പെ ടുത്തുന്നു, "പാരമ്പര്യമായി ലഭിച്ച അറിവിന്റെ ബലത്തിൽ ചികിത്സ നടത്തിയിരുന്ന

[7] ശിവപാർവ്വതി പുത്രനായ, വേൽ ആയുധമായുള്ള, സുബ്രഹ്മണ്യനിൽനിന്നാണ് സമുദായോത്ഭവം എന്ന് പുരാവൃത്തം

ഈ വൈദ്യന്മാരുടെ കൈവശം ഒരുപാട് ഒറ്റമൂലികളുണ്ടായിരുന്നു. ഒരുപാടു പ്രയോഗങ്ങളുണ്ടായിരുന്നു. അവരധികവും അടിയാളവർഗ്ഗത്തിൽ പെട്ടവരായിരുന്നു. ചിലർ വൈദ്യത്തിനുപുറമേ മന്ത്രവാദവും ആഭിചാരവുമൊക്കെ കൈമുതലാക്കിയിരുന്നു" (2009:20). ഇത്തരം അറിവുകളിൽ പലതും പാരമ്പര്യമായി മാത്രം കൈമാറിവരികയും സ്വന്തം കുടുംബത്തിലെ പിൻതലമുറയ്ക്ക് മാത്രം ലഭ്യമാക്കപ്പെട്ട രഹസ്യവിജ്ഞാനമായി മാറുകയും ചെയ്തിട്ടുണ്ട്.

## ഇക്കോരക്കുട്ടി വൈദ്യർ

1950 -കൾ മുതൽത്തന്നെ ഇരിങ്ങാലക്കുടയിലെ നാട്ടുചികിത്സാരംഗത്ത് പേരെടുത്ത വൈദ്യനായിരുന്നു ഇക്കോരക്കുട്ടി വൈദ്യർ. മാളിയേക്കപറമ്പിൽ ഇക്കോരക്കുട്ടിവൈദ്യർ എന്നാണ് മുഴുവൻ പേര്. ഇദ്ദേഹത്തിന്റെ പിതൃക്കളിലാരോ മാളയിൽനിന്നും ഇരിങ്ങാലക്കുടയിൽ വന്ന് താമസമാക്കിയതിനാലാണ് ഈ വീട്ടുപേരിൽ അറിയപ്പെടുന്നത്. തെയ്യം മുത്തച്ഛൻ എന്ന പൂർവ്വികനിൽനിന്നുമാണ് വൈദ്യപാഠങ്ങൾ തലമുറകളിലൂടെ കൈമാറിവന്നതെന്നാണ് ഇവർ വിശ്വസിക്കുന്നത്. തങ്ങളുടെ വൈദ്യകുലത്തിന്റെ ഗുരുനാഥനായ തെയ്യം മുത്തച്ഛനെ ഇന്നും മാളിയേക്കൽ പറമ്പിൽ തറവാട്ടിൽ വെച്ചാരാധന നടത്തുന്നുണ്ട്. ഗുരുപൂജയ്ക്ക് തുല്യമാണ് ഈ ആരാധന. വേലർ വിഭാഗത്തിൽപ്പെട്ട ഇവർ വൈദ്യവൃത്തിയോടൊപ്പം ജ്യോത്സ്യവും മാന്ത്രികവും കൈകാര്യം ചെയ്തിരുന്നു. രോഗിയുടെ നാളും സമയവും സമയദോഷവും നോക്കിയാണ് ചികിത്സ നടത്തിയിരുന്നത്. സമയം നന്നല്ലെന്ന് കണ്ടാൽ, 'ഇത്രദിവസം കഴിഞ്ഞുവരൂ എന്നിട്ട് ചികിത്സയാരംഭിക്കാം' എന്ന് നിർദ്ദേശിച്ച് തിരിച്ചയയ്ക്കുകയും ചെയ്തിരുന്നു. ഇക്കോരക്കുട്ടി വൈദ്യരെത്തേടി ഇരിങ്ങാലക്കുടയിലെ മാത്രമല്ല പരിസരപ്രദേശങ്ങളിലെ രോഗികളും എത്തിച്ചേർന്നിരുന്നു. ട്രാവൻകൂർ - കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ അനുമതിയോടെയാണ് ഇക്കോരക്കുട്ടി വൈദ്യർ ചികിത്സ നടത്തിയിരുന്നത്.

അദ്ദേഹത്തിന്റെ മകനായ ഗംഗാധരൻ വൈദ്യരും വിദഗ്ധനായ ആയുർവ്വേദ ചികിത്സകനായിരുന്നു. ചികിത്സയ്ക്ക് ആവശ്യമായ മരുന്നുകളെല്ലാം അദ്ദേഹം സ്വയം തയ്യാറാക്കുകയാണ് പതിവ് എന്നതും ശ്രദ്ധേയമാണ്. എള്ളെണ്ണയും ആവണക്കെണ്ണയും നെയ്യും മറ്റുമരുന്നുകൂട്ടുകളും ചേർത്ത് കൃത്യമായ പാകത്തിൽ കുഴമ്പുകൾ തയ്യാറാക്കുക, ക്യാപ്സൂൾ രൂപത്തിൽ ആക്കുന്ന വില്വാദി, ശ്വാസാനന്ദം തുടങ്ങിയവ

നിഴലിൽ ഉണക്കി എടുക്കുന്ന പാരമ്പര്യരീതികളിൽ നിഷ്കർഷ പുലർത്തുക, അരി ഷ്ടക്കൂട്ടുകൾ ഭരണികളിൽ കെട്ടി സൂക്ഷിച്ച് കൃത്യമായ സമയങ്ങളിൽ ഉപയോഗി ക്കുക തുടങ്ങിയ രീതികൾ മുറപോലെ തുടർന്നുവരുന്നു. ഇരിങ്ങാലക്കുട നടയിൽ സ്ഥിതിചെയ്യുന്ന ജനത ഫാർമസി ഈ വൈദ്യപാരമ്പര്യത്തെ ഇന്നും പിന്തുടരുന്നു. തെയ്യം മുത്തച്ഛന്റെ ഒമ്പതാം തലമുറയാണ് തന്റേതെന്ന് ഗംഗാധരൻ വൈദ്യരുടെ മകനും ജനത ഫാർമസിയുടെ ഇപ്പോഴത്തെ ഉടമയുമായ ഗോപാലകൃഷ്ണൻ പറയുന്നു[8]. എന്നാൽ പുതിയതലമുറയിൽ ആരും വൈദ്യചികിത്സ തുടരുന്നില്ല. അരിഷ്ടം പോലുള്ള ആയുർവ്വേദമരുന്നുകൾക്ക് എക്സൈസ് നിയമങ്ങൾ പലപ്പോഴും തടസ്സമാകുന്നു. നാട്ടു വൈദ്യങ്ങൾക്ക് ഡി.എം.ഒ. (District Medical Officer) യുടെ ലൈസൻസ് ലഭ്യമാ ക്കുക എന്നതും അത്ര എളുപ്പമല്ല. ഇത്തരം തടസ്സങ്ങളെല്ലാം മറികടന്ന് നാട്ടുവൈദ്യചി കിത്സ തുടരാൻ കഴിയാതെ പുതിയതലമുറ മറ്റ് തൊഴിൽ മേഖലകളെ ആശ്രയിക്കുക യാണ്.

## ദാമോദരമേനോനും കിട്ടുവൈദ്യരും

ഇരിങ്ങാലക്കുടയിലെ ഏറെ പ്രശസ്തനായ ബാലചികിത്സകനാണ് ഇല്ലിക്കുളത്ത് ദാമോദരമേനോൻ. കുഞ്ഞുങ്ങൾക്കായി 'ബാലസഞ്ജീവനി' എന്ന മരുന്ന് അദ്ദേഹം സ്വ ന്തമായി നിർമ്മിച്ച് നൽകി. സൗമ്യനായ അദ്ദേഹം കുട്ടികളെ സ്നേഹപൂർവ്വം പരിചരിച്ചി രുന്നു. ഇരിങ്ങാലക്കുട ബസ് സ്റ്റാന്റിനു സമീപത്തെ ധന്വന്തരി എന്ന വൈദ്യശാല ഇദ്ദേ ഹത്തിന്റേതായിരുന്നു. ദാമോദരമേനോന്റെ പിൻതലമുറയിൽനിന്ന് ആരും വൈദ്യവൃ ത്തിയിലേക്ക് പ്രവേശിച്ചിരുന്നില്ലെങ്കിലും ശിഷ്യനായ കിട്ടുവൈദ്യർ ഈ മേഖലയിൽ പ്ര ശസ്തനായി.

വൈദ്യവൃത്തി കുലത്തൊഴിലായി സ്വീകരിച്ച വേലവിഭാഗത്തിൽപ്പെടുന്ന നാട്ടു ചികിത്സകനാണ് കിട്ടുവൈദ്യർ. വൈദ്യപാരമ്പര്യം ഉണ്ടെങ്കിൽ പോലും ഇദ്ദേഹം വൈദ്യം പരിശീലിച്ചത് ദാമോദരമേനോനിൽനിന്നുമാണ്. വൈദ്യരോടൊപ്പം ചേർ ന്ന് പച്ചമരുന്നുകൾ ശേഖരിക്കുകയും കൃത്യമായി പാകപ്പെടുത്തുകയും ചെയ്യുന്ന രീതി അദ്ദേഹം സ്വായത്തമാക്കി. ഒട്ടനവധി പച്ചമരുന്നുകളെക്കുറിച്ചുള്ള അഗാധമായ അറിവ് ഇദ്ദേഹത്തിനുണ്ടായിരുന്നു. ബാലചികിത്സാരംഗത്താണ് കിട്ടുവൈദ്യർ ഏറെ

[8] ഗോപാലകൃഷ്ണൻ, മാളിയേക്കപ്പറമ്പിൽ വീട്, ഇരിങ്ങാലക്കുട. 58 വയസ്സ്, നാട്ടുവൈദ്യൻ

പ്രശസ്തനായത്. ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയിലുള്ള കിട്ടുവൈദ്യരുടെ വീട് തേടി ദൂരദേശത്തുനിന്നു പോലും ആളുകൾ എത്തിച്ചേർന്നു. ഇദ്ദേഹത്തെക്കുറിച്ച് കെ.വി. രാമനാഥൻ *ഓർമ്മയിലെ മണിമുഴക്കം* എന്ന ആത്മകഥയിൽ ഇപ്രകാരം രേഖപ്പെടുത്തുന്നു, “ഞങ്ങൾക്കൊരു കിട്ടു വൈദ്യനുണ്ടായിരുന്നു. ഇടയ്ക്കിടെ വീട്ടിൽവരും. ഇറയത്തിന്റെ വക്കത്തെ ഇരിക്കൂ. കാൽ കീഴ്പോട്ട് തൂക്കിയിടും. എന്തെങ്കിലും അസുഖങ്ങളുണ്ടെങ്കിൽ മരുന്നുതരും. സ്ഥിരമായി മുണ്ടിൽ പൊതിഞ്ഞ് കക്ഷത്തിൽ വയ്ക്കുന്ന പിച്ചളച്ചെല്ലത്തിൽ പല തരം ഗുളികകളും ചൂർണങ്ങളും ലേഹ്യങ്ങളുമൊക്കെയുണ്ടാവും. കിട്ടുവൈദ്യനെ മറക്കാനാവില്ല. വൃത്തിയായ വേഷം. കുളിച്ച് ഭസ്മവും ചന്ദനവുമൊക്കെ സമൃദ്ധമായി പൂശിയിരിക്കും. തലയിൽ കുടുമ ഒഴികെയുള്ള ഭാഗം ഷേവുചെയ്ത് ശുദ്ധമാക്കിയിരിക്കും. രോഗവിവരങ്ങൾ പറയാൻ തുടങ്ങിയാൽ നീട്ടിനീട്ടിയൊരു മൂളലുണ്ട്. ഒരു കരച്ചിലിന്റെ ഛായയാണതിന്. ഒരുവിധം രോഗങ്ങളൊക്കെ കിട്ടുവൈദ്യന്റെ പൊടിക്കൈകൾകൊണ്ട് സുഖപ്പെടാറുണ്ട്” (2009:21). തന്റെ ഒടിയിലെ കഴല കിട്ടുവൈദ്യർ സുഖപ്പെടുത്തിയതിനെക്കുറിച്ചും കെ.വി. രാമനാഥൻ ഓർക്കുന്നു. പ്രാണൻവരെ കയ്ക്കുന്ന കഷായസേവയ്ക്കുശേഷം അരി അരച്ച കുറുക്കി കുഴമ്പാക്കി ശീലയിൽ പരത്തി കഴലമേൽ പതിച്ചിടുന്നു. പത്തിയിടുക എന്നാണിതിനെ പറയുന്നത്. വൈകാതെ കഴല പൊട്ടി ചലമൊഴുകി പോവുകയും വീർമത കുറഞ്ഞ് വേദന ശമിപ്പിക്കുകയും ചെയ്തു. ഇത്തരത്തിൽ സാധാരണക്കാരായ ജനങ്ങൾക്കിടയിൽ വലിയ വിശ്വാസമാണ് കിട്ടുവൈദ്യർക്ക് ഉണ്ടായിരുന്നത്.

1962 -ലാണ് ശശിധര ഫാർമസി എന്നപേരിൽ ഇരിങ്ങാലക്കുട നടയിൽ ബസ്സ്റ്റാൻഡിന് സമീപം പച്ചമരുന്നുകളുടെ വില്പനകേന്ദ്രം കിട്ടുവൈദ്യർ ആരംഭിക്കുന്നത്. ഇന്നും അപൂർവ്വ പച്ചമരുന്നുകളുടെ ശേഖരവുമായി ഈ സ്ഥാപനം ഇരിങ്ങാലക്കുട നടയിൽ തുടർന്നുവരുന്നു. തൊടിയിലും പറമ്പുകളിലും കാണപ്പെടുന്ന പച്ചമരുന്നുകളെക്കുറിച്ചുള്ള സാമാന്യധാരണപോലും പുതിയതലമുറയ്ക്ക് അന്യമായിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിലാണ് ഇത്തരം സ്ഥാപനങ്ങളുടെ പ്രസക്തി. കിട്ടുവൈദ്യരുടെ മകനായ ശശിധരനാണ് ഇന്ന് ഈ സ്ഥാപനം നടത്തി വരുന്നത്. കുലത്തൊഴിലാണെങ്കിൽപോലും വൈദ്യവൃത്തി തുടരാനില്ലെന്ന് ഇദ്ദേഹം പറയുന്നു. പുതിയ കാലത്തിന്റെ രാഷ്ട്രീയ - സാമൂഹ്യസാഹചര്യങ്ങൾ പാരമ്പര്യവൈദ്യത്തോട് പുലർത്തുന്ന അസഹിഷ്ണുതയാണ് ഇതിന്റെ കാരണം. ചികിത്സാരീതികളെയും മരുന്നുകൂട്ടുകളെയും

പച്ചമരുന്നുകളെയുംക്കുറിച്ചുള്ള ധാരണ, അമ്മ കാർത്ത്യായനിയിൽനിന്നുമാണ് താൻ നേടിയെടുത്തിട്ടുള്ളതെന്ന് ശശിധരൻ ഓർക്കുന്നു. അച്ഛനോടൊപ്പം തന്നെ അമ്മയ്ക്കും നാട്ടുമരുന്നുകളെക്കുറിച്ചുള്ള കൃത്യമായ അറിവുണ്ടായിരുന്നു. ദൂരെ ഇടങ്ങളിൽനിന്നുള്ള മരുന്ന് കുറിപ്പടികൾ ഇരിങ്ങാലക്കുടയിൽ എത്തിച്ചേരുന്നത് ഈ അറിവിന്റെ ഫലമായാണ്. ഒരു കഷായക്കൂട്ടിന്റെ ഇലകൾ ഒറ്റ ദിവസം തന്നെ പറിക്കേണ്ടതുണ്ട്. ഇതിനായി കൈപ്പമംഗലം മൂന്നുപീടിക തുടങ്ങിയ പ്രദേശങ്ങളിലെ പറമ്പുകളേയും തോട്ടുകളേയും കൊടകര, മറ്റത്തൂർകുന്ന്, കോടാലി, വെള്ളിക്കുളങ്ങര, തുടങ്ങിയ ഇടങ്ങളിലെ കുന്നിൻ ചെരിവുകളേയുമെല്ലാമാണ് ആശ്രയിക്കുന്നത്. ഈ കുടുംബത്തിലെ പുതിയ തലമുറ പച്ച മരുന്നുകളെക്കുറിച്ച് സാമാന്യധാരണ നേടിയിട്ടുണ്ടെങ്കിലും തൊഴിലിനായി തിരഞ്ഞെടുത്തത് നേഴ്സിങ്ങാണ്[9].

## പുല്ലൂരച്ചൻ

വിഷവൈദ്യത്തിന് പേരുകേട്ട നാട്ടുചികിത്സകനാണ് ബ്രദർ ആന്റണി ഇഞ്ചക്കൽ എന്ന പുല്ലൂരച്ചൻ. അങ്കമാലി - മുക്കന്നൂർ നെട്ടാറ സ്വദേശിയാണ് അദ്ദേഹം. സി.എം.ഐ. സഭയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ച അച്ചന്റെ കർമ്മരംഗം വൈദ്യവൃത്തിയായിരുന്നു. സി.എം.ഐ. സഭ ആരംഭകാലം മുതൽത്തന്നെ വിഷചികിത്സയ്ക്ക് പ്രധാന്യം നൽകിയിരുന്നു. തലോർ ആശ്രമത്തിൽ താമസിക്കുന്ന കാലത്താണ് ആശ്രമത്തോട് ചേർന്നുള്ള വിഷചികിത്സപഠനകേന്ദ്രത്തിൽ ബ്രദർ ആന്റണി അധ്യയനം ആരംഭിക്കുന്നത്. ബ്രദർ ആൻജലൂസ്, ബ്രദർ തോമസ് ഗ്രിഗറി എന്നിവരായിരുന്നു അവിടുത്തെ ഗുരുക്കന്മാർ. തലശ്ശേരിയിലെ ഫാ. റാഫേൽ തറയിലും ആചാര്യതുല്യനാണ്. സി.എം.ഐ. സഭയുടെ മാന്നാനം, പുതുപ്പള്ളി, കോഴിക്കോട് തുടങ്ങിയ ആശ്രമങ്ങളിലെല്ലാം ഇത്തരം ചികിത്സാലയങ്ങൾ ഉണ്ടായിരുന്നു.

വിഷമിറക്കാനുള്ള പല അപൂർവ്വ മരുന്നുകളും ഉണ്ടാക്കിയെടുക്കേണ്ട രീതികൾ അച്ചൻ തലൂരിൽനിന്നും സ്വായത്തമാക്കി. വിഷബാധയേറ്റാൽ പ്രയോഗിക്കേണ്ട രസവും മനയോലയും നീർവാളക്കുരുവും മറ്റുമരുന്നുകളും ചേർന്ന കൂട്ട് തൊണ്ണൂറ് നാഴിക (ഒന്നര ദിവസം) കൈവിടാതെ അരകല്ലിൽ അരച്ചെടുത്ത് രോഗിക്ക് കൊടുക്കേണ്ട രീതി പരിശീലിച്ചെടുത്തു. വൈദികപഠനത്തിനുശേഷം ഒന്നര കൊല്ലത്തോളം തൃശ്ശൂർ

[9] ശശിധരൻ, ഇരിങ്ങാലക്കുട. 60 വയസ്സ്, പച്ചമരുന്ന് വില്പനക്കാരൻ

എൽത്തുരുത്ത് ആശ്രമത്തിലെ പരിശീലനകാലത്ത് താൻ പഠിച്ച വിദ്യകൾ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ഉറപ്പിച്ചതിനുശേഷമാണ് അച്ചൻ പുല്ലൂർ ആശ്രമത്തിൽ ചികിത്സ ആരംഭിക്കുന്നത്. ചാലക്കുടി ഇരിങ്ങാലക്കുട റോഡിലാണ് പുല്ലൂർ ആശ്രമം സ്ഥിതി ചെയ്യുന്നത്. 1976 -ൽ അച്ചൻ പുല്ലൂരിലെത്തിയെങ്കിലും 1979 -ലാണ് ചികിത്സ ആരംഭിക്കുന്നത്.

ഇക്കാലത്ത് രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ പാമ്പുകടിയേറ്റ ആളുകൾ പുല്ലൂരിലേക്ക് എത്തിത്തുടങ്ങി. ആന്റിവെനം (antivenom) പോലുള്ള പുതിയ ചികിത്സാരീതികൾ പരിസരപ്രദേശങ്ങളിലുള്ള ആശുപത്രികളിൽ ലഭ്യമല്ലാതിരുന്ന ഘട്ടത്തിൽ ഇത്തരം നാട്ടുചികിത്സകരാണ് ജനങ്ങളുടെ ആശ്രയമായിരുന്നത്. മുറിവ് പരിശോധിക്കുമ്പോൾത്തന്നെ കടിവായുടെ പ്രത്യേകതയനുസരിച്ച് കടിച്ചത് ഏതിനം പാമ്പാണ് എന്ന് തിരിച്ചറിയാൻ അച്ചന് സാധിച്ചിരുന്നു. അത് ചികിത്സാനിർണ്ണയവും എളുപ്പമാക്കി. കടിയേറ്റാലുടനെ നൽകുന്ന മരുന്നുകളെല്ലാം ഏകദേശം ഒന്നു തന്നെയായിരുന്നു. പിന്നീടാണ് ഓരോ പാമ്പിന്റെയും പ്രത്യേകതയനുസരിച്ച് കഷായങ്ങളിലും മറ്റു മരുന്നുകളിലും മാറ്റങ്ങൾ വരുത്തുന്നത്. ഈ ഘട്ടത്തിൽ രാത്രി മുഴുവൻ ഉറക്കമൊഴിച്ചിരുന്ന് രോഗിയുടെ പുരോഗതി നിരീക്ഷിക്കുമായിരുന്നു അച്ചൻ.

തേള്, പഴുതാര, കടന്നൽ, എട്ടുകാലി തുടങ്ങിയവയുടെ വിഷബാധയ്ക്കും അച്ചന്റെ അടുത്ത് ചികിത്സയുണ്ട്. പേവിഷബാധയ്ക്ക് ചികിത്സിക്കാറുണ്ടെങ്കിലും ഇപ്പോഴത് ചെയ്യാറില്ലെന്ന് അദ്ദേഹം പറയുന്നു. കാരണം അത്തരം ചികിത്സകൾ രോഗിയെ ആശ്രയിച്ചിരിക്കും. തൊണ്ണൂറു ദിവസത്തെ പത്ഥ്യങ്ങളും മറ്റും കൃത്യമായി പാലിച്ചില്ലെങ്കിൽ ദുരന്തം സംഭവിച്ചേക്കാം. അലോപ്പതിയിൽ കൃത്യമായ ചികിത്സ ലഭ്യമായിരിക്കെ ഇപ്പോൾ അതുതന്നെയാണ് അദ്ദേഹം നിർദ്ദേശിക്കാറുള്ളത്. മഞ്ഞപ്പിത്തത്തിനും പാരമ്പര്യവൈദ്യത്തിൽ മരുന്ന് ലഭ്യമാണെങ്കിലും ഇത് ലിവറിനെ ബാധിക്കുന്ന അസുഖമായതിനാൽ ഇതിനും അച്ചൻ വിദഗ്ധചികിത്സ നിർദ്ദേശിക്കാറാണ് പതിവ്.

ഇന്ന് വിഷചികിത്സയിൽ പുതിയ രീതികൾ വന്നുകഴിഞ്ഞു. അതുകൊണ്ടുതന്നെ ഇപ്പോൾ ചികിത്സയ്ക്കെത്തുന്നവരിൽ അധികം പേരും ആസ്മ, കഫക്കെട്ട്, ചുമ, ടോൺസ്ലൈറ്റിസ് (tonsillitis) കിഡ്നി സ്റ്റോൺ, തൈറോഡ്, അലർജി തുടങ്ങിയ രോഗങ്ങൾ പിടിപെട്ടവരാണ്. എത്ര വലിയ 'നീർവിഴ്ച' യിലും അതിരാവിലെ തലക

ളിച്ച് വരാൻ അച്ചൻ ആവശ്യപ്പെട്ടും. മരുന്ന് പ്രയോഗിക്കുന്നതിന് മുമ്പുതന്നെ രോഗികളുമായി സംസാരിച്ച് അവരുടെ ആത്മവിശ്വാസം വർധിപ്പിക്കുന്ന അച്ചന്റെ ശൈലി ശ്രദ്ധേയമാണ്. ചില പ്രത്യേകതരം ഇലകൾ തന്റെ മേശയിൽനിന്നെടുത്ത് കൈവെള്ളയിലിട്ട് തിരുമ്മി നീരെടുത്ത് രോഗിയുടെ നിറയിലൊഴിക്കും. ഇത് തുടർച്ചയായി മൂന്ന് ദിവസം ചെയ്യണം. ടോൺസ്സ്ലറ്റിസിന് ചികിത്സിക്കുമ്പോൾ സൂര്യോദയത്തിനു മുമ്പേ മരുന്ന് തൊണ്ടയിൽ പുരട്ടണം. അതിന് ആവശ്യമായ മരുന്നുകൾ അദ്ദേഹം സ്വയം കൃഷി ചെയ്ത് ഉത്പാദിപ്പിക്കുകയാണ് ചെയ്യുന്നത്. പാരമ്പര്യചികിത്സയിലെ ഒറ്റമൂലികൾ പലർക്കും അറിവുള്ളതാണെങ്കിലും താൻ പ്രയോജനപ്പെടുത്തുന്ന മരുന്ന് ഏതെന്ന് അവർ പുറത്തു പറയാറില്ല. പറഞ്ഞാൽ ഫലം കുറയും എന്നാണ് വിശ്വാസം. പല ചികിത്സാരീതികളും വേരറ്റുപോകുന്നതിന്റെ കാരണം അതാണെന്ന് അച്ചൻ വിലയിരുത്തുന്നു.

അമിത ചെലവില്ലാത്ത മരുന്നുകളും പാർശ്വഫലങ്ങളില്ലാത്ത ചികിത്സാരീതിയുമാണ് ഈ വൈദ്യരച്ചനെ സാധാരണക്കാർക്ക് പ്രിയങ്കരനാക്കുന്നത്. 1979 മുതൽ ആരംഭിച്ച പുല്ലൂരച്ചന്റെ ചികിത്സാലയത്തിൽ മരുന്നിന് പണമോ ഫീസോ പതിവില്ല. ചികിത്സയ്ക്ക് എത്തുന്നവർ അറിഞ്ഞു നൽകുന്ന പണം ആശ്രമത്തിലെ പാവപ്പെട്ട കുട്ടികളുടെ പഠനാവശ്യങ്ങൾക്കായി ചെലവഴിക്കുന്നു.

## പടിയൂര് മൂപ്പൻ

ടി.ബി. ബാലകൃഷ്ണൻ വൈദ്യർ എന്ന പടിയൂര് മൂപ്പൻ വൈദ്യം ജീവിതവൃത്തിയായി സ്വീകരിച്ചിരുന്ന വ്യക്തിയായിരുന്നില്ല. കാസർകോട്ടുകാരനായ കളരി അഭ്യാസി കുഞ്ചു ഗുരുക്കളിൽനിന്നാണ് വൈദ്യർ മർമ്മവിദ്യ അഭ്യസിച്ചത്. കൂടാതെ പാരമ്പര്യമായി അച്ഛന്റെ അമ്മയിൽനിന്നും കേട്ടറിഞ്ഞ നാട്ടറിവുകളും അദ്ദേഹം ഉപയോഗപ്പെടുത്തി. കൈകാലുകൾക്കും നട്ടെല്ലിനും അസ്ഥികൾക്കും ഉണ്ടാകുന്ന ഉളുക്ക്, ഒടിവ്, ചതവ് പോലുള്ള അസുഖങ്ങളെ തന്റെ കൈവിരലുകളുടെ വൈദഗദ്ധ്യംകൊണ്ട് കുഴമ്പിട്ട് ഉഴിഞ്ഞ് സുഖപ്പെടുത്താൻ അദ്ദേഹത്തിനു സാധിച്ചിരുന്നു.

ആദ്യകാലത്ത് രോഗികൾ, വൈദ്യർ ജോലി ചെയ്തിരുന്ന ഇടത്തിൽ ചെന്നാണ് അദ്ദേഹത്തെ സന്ദർശിച്ചിരുന്നത്. സൂക്ഷ്മമായ പരിശോധനയിലൂടെ രോഗത്തിന്റെ

യഥാർത്ഥ സ്ഥിതി നിർണ്ണയിക്കുകയാണ് വൈദ്യർ ആദ്യം ചെയ്യുക. തുടർന്ന് രോഗിയെ സാന്ത്വനിപ്പിച്ചതിനുശേഷം സാവധാനം കുഴമ്പിട്ട് ഉഴിയാൻ ആരംഭിക്കും. പതുക്കെ പതുക്കെ തുടങ്ങുന്ന ഉഴിച്ചിൽ പിന്നീട് വേഗത്തിലാകും. അപ്പോഴാണ് അദ്ദേഹത്തിന്റെ കൈവിരലുകളുടെ കരുത്ത് രോഗിയറിയുക. വേദനകൊണ്ട് രോഗി ഉറക്കെ കരഞ്ഞെന്നിരിക്കും. എങ്കിലും നടക്കാൻ കഴിയാത്ത രോഗി ഉഴിച്ചിലിനുശേഷം പൂർണ്ണ ആരോഗ്യവാനായി തിരിച്ചു പോകുന്നതായാണ് അനുഭവം. പടിയൂര് മൂപ്പന്റെ പ്രശസ്തി വളരെ പെട്ടെന്നാണ് നാടറിഞ്ഞത്. പിന്നീട് അദ്ദേഹത്തിന് മറ്റു ജോലികൾക്ക് പോകാൻ കഴിയാതെയായി. ഇരിങ്ങാലക്കുടയ്ക്ക് ചുറ്റുമുള്ള ഒരുപാട് ദേശങ്ങളിൽനിന്ന് ആളുകൾ അദ്ദേഹത്തെ തേടിയെത്തി. പ്രായാധിക്യത്തിലും അദ്ദേഹം മകന്റെ സഹായത്താൽ ചികിത്സയും ഉഴിച്ചിലും തുടർന്നു വന്നിരുന്നു. വൈദ്യരുടെ മരണശേഷം മകൻ രഘുനാഥൻ ഈ ചികിത്സാപാരമ്പര്യം തുടരുന്നു.

## നാട്ടുവൈദ്യത്തിലെ സ്ത്രീസാന്നിധ്യം

പാരമ്പര്യ നാട്ടുവൈദ്യചികിത്സയിൽ സ്ത്രീകൾ വളരെ വിരളമാണ്. എന്നാൽ, ഏറ്റവുമധികം ഒറ്റമൂലി പ്രയോഗങ്ങളും മറ്റും വീടുകളിൽ ചെയ്തുവരുന്നത് സ്ത്രീകളാണുതാനും. അവർ സ്വന്തം പേരുകളാൽ അറിയപ്പെടാതെ അമ്മമാരും അമ്മൂമ്മമാരും മാത്രമായി യവനികയ്ക്ക് പുറകിലാണ്. എന്നാൽ ഇരിങ്ങാലക്കുടയിൽ വൈദ്യവൃത്തി തൊഴിലായി സ്വീകരിച്ച സ്ത്രീസാന്നിധ്യവുമുണ്ട്. പ്രഗൽഭയായ വിഷചികിത്സകയായിരുന്നു ഇരിങ്ങാലക്കുട കൊറോളിമഠത്തിലെ ലക്ഷ്മിക്കുട്ടിയമ്മ. ലക്ഷ്മിക്കുട്ടിയമ്മയ്ക്ക് ശേഷം ശിഷ്യയായ പയ്യാറ്റിൽ ലക്ഷ്മിക്കുട്ടിയമ്മ കൊറോളിമഠം എന്ന പേരിൽ തന്നെ മറ്റൊരു ചികിത്സാകേന്ദ്രം ആരംഭിച്ചു. വിഷചികിത്സ മാത്രമല്ല മഞ്ഞപ്പിത്തചികിത്സയും ഇവിടെ സാധാരണമായിരുന്നു. കൊറോളി മഠത്തിൽ സ്വന്തമായി ഔഷധസസ്യങ്ങൾ നട്ടുവളർത്തുന്നു. പശുവിൻപാലിലും മഞ്ഞൾപ്പൊടിയിലും ഔഷധക്കൂട്ടുകൾ ചേർത്താണ് ഇവർ പ്രധാനമായും ഉപയോഗിച്ചിരുന്നത്. കൊറോളി മഠത്തിന്റെ ചികിത്സയിൽ പത്ഥ്യത്തിന് വളരെ പ്രാധാന്യമുണ്ടായിരുന്നു. വിരുദ്ധാഹാരങ്ങൾക്ക് ശരീരത്തിലുണ്ടാക്കാൻ കഴിയുന്ന ദോഷഫലങ്ങളെക്കുറിച്ച് അവർക്ക് നല്ല ധാരണയുണ്ടായിരുന്നു. ലക്ഷ്മിക്കുട്ടിയമ്മയെത്തുടർന്ന് അവരുടെ മകൾ പി. വിജയകുമാരിയാണ് ഇന്ന് ഈ പാരമ്പര്യം തുടർന്നു

വരുന്നത്. 2021 -ൽ ഈ ചികിത്സാകേന്ദ്രം ഇരിങ്ങാലക്കുട നഗരത്തിൽനിന്നും പുതുക്കാട് പ്രദേശത്തേക്ക് മാറ്റി സ്ഥാപിച്ചു.

മഞ്ഞപ്പിത്ത ചികിത്സയിൽ പ്രഗൽഭയായ മറ്റൊരു നാട്ടുചികിത്സകയായിരുന്നു പുത്തില്ലത്ത് മനയിലെ സാവിത്രി അന്തർജ്ജനം. അലോപ്പതി ചികിത്സയും ആധുനിക സൗകര്യങ്ങളും ലഭ്യമല്ലാതിരുന്ന കാലഘട്ടത്തിൽ പല അസുഖങ്ങൾക്കും ഇവരുടെ പക്കൽ ചികിത്സയുണ്ടായിരുന്നു എന്നത് ശ്രദ്ധേയമാണ്.

## സി.ആർ. കേശവൻ വൈദ്യർ

ജന്മംകൊണ്ട് തൊടുപുഴക്കാരനും കർമ്മംകൊണ്ട് ഇരിങ്ങാലക്കുടക്കാരനുമായ വ്യക്തിയാണ് സി.ആർ. കേശവൻ വൈദ്യർ. മീനച്ചിൽ താലൂക്കിലെ രാമപുരം കൊണ്ടാട്ടുകര ദേശത്താണ് 1905 -ൽ കേശവൻ ജനിക്കുന്നത്. അച്ഛൻ ചുള്ളിക്കാട്ട് രാമനും അമ്മ കുഞ്ഞിളച്ചിയും. കൃഷിയിലും കച്ചവടത്തിലും നായാട്ടിലും തൽപരനായ അച്ഛൻ മർമ്മചികിത്സാവിദഗ്ധനും കൂടിയായിരുന്നു. എന്നാൽ വൈദ്യർ രണ്ടാം ക്ലാസിൽ പഠിക്കുന്ന പ്രായത്തിൽ അച്ഛൻ മരിച്ചു. അമ്മയും അമ്മാവന്മാരും നാട്ടുചികിത്സയിൽ, പ്രത്യേകിച്ച് വിഷചികിത്സയിൽ പ്രാവീണ്യമുള്ളവരായിരുന്നു. കേശവനാകട്ടെ ഏഴാം ക്ലാസ് വിദ്യാഭ്യാസം പൂർത്തിയാക്കി അധ്യാപകനായാണ് തന്റെ ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത്. എന്നാൽ സ്ഥിരതയില്ലാത്ത ഒരു തൊഴിലായിരുന്നു അന്നത്. ഗ്രാൻഡ് സ്കൂളിലും സർക്കാർ സ്കൂളിലും അധ്യാപകനായി മാറിമാറി പ്രവർത്തനം തുടരുന്നതിനിടയിൽ സാമൂഹ്യസേവനവും ശ്രീനാരായണഗുരുവിന്റെ ആശയങ്ങളും അദ്ദേഹത്തെ ആകർഷിച്ചു. 1930 -ൽ മരങ്ങാട് സ്വദേശിയായ കാർത്യായനിയെ വിവാഹം കഴിച്ചു. എന്നാൽ സാമ്പത്തിക പരാധീനതകൾ മൂലം നാടുവിട്ട കേശവൻ ആദ്യം കോട്ടയത്തെത്തി. സുഹൃത്തായ എം.പി. അപ്പന്റെ ജേഷ്ഠൻ എം. ഗംഗാധരനോടൊപ്പം തിരുവനന്തപുരത്ത് താമസിക്കുകയും തുടർന്ന് കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിൽ ചുറ്റി നടന്നതിനുശേഷം അരുവിപ്പുറത്ത് എത്തിച്ചേരുകയും ചെയ്തു. അവിടെ ക്ഷേത്രത്തിനടുത്തുള്ള സത്രത്തിലാണ് താമസിച്ചിരുന്നത്. ക്ഷേത്രദർശനവും വായനയുമായി ജീവിച്ചിരുന്ന നാളുകളായിരുന്നു അത്. ആ കാലഘട്ടത്തിൽത്തന്നെ ഷണ്മുഖവിലാസം പ്രസ്സിൽ പോയി കമ്പോസിംഗ് പഠിച്ചു. ഹിന്ദിയും ആധാരം എഴുത്തും ഈ ഘട്ടത്തിലാണ് അദ്ദേഹം സ്വായത്തമാക്കുന്നത്. പക്ഷേ ഇവിടങ്ങളിലൊന്നും തന്റെ ജീവിതപന്ഥാവ്

കണ്ടെത്താൻ അദ്ദേഹത്തിനായില്ല. അസംതൃപ്തമായ ആ യാത്ര അവസാനിച്ചത് തൃശ്ശൂരിലെ കൂർക്കഞ്ചേരി സിദ്ധവൈദ്യാശ്രമത്തിലാണ്.

1935 -ലാണ് കേശവൻ കൂർക്കഞ്ചേരി സിദ്ധവൈദ്യാശ്രമത്തിലെ രാമാനന്ദസ്വാമികളുടെ ആശ്രമത്തിൽ എത്തിച്ചേരുന്നത്. തൃപ്പൂണിത്തുറയിൽ വച്ച് ധർമ്മതീർത്ഥസ്വാമികളിൽനിന്നാണ് രാമാനന്ദ സ്വാമികളെപ്പറ്റി കേശവന് അറിവ് ലഭിക്കുന്നത്. എന്ത് ക്ലേശം സഹിച്ചും രാമാനന്ദ സ്വാമികളിൽനിന്ന് വൈദ്യം പഠിക്കാൻ കേശവൻ തയ്യാറായിരുന്നു. അതത്ര എളുപ്പമായിരുന്നില്ല. ഗുരുവിന്റെ പ്രവർത്തനങ്ങൾ ശ്രദ്ധാപൂർവ്വം വീക്ഷിച്ച് കാര്യങ്ങൾ സ്വയം ഗ്രഹിക്കണമായിരുന്നു. ആശ്രമത്തിലെ കലവറ സൂക്ഷിപ്പുകാരനായും വൈദ്യശാലയിലെ കമ്പൗണ്ടറായും മാനേജരായുമെല്ലാം വിവിധ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചു.

രസം, ഗന്ധം, പാഷാണം തുടങ്ങിയ ധാതുദ്രവ്യങ്ങളും തങ്കം, വെള്ളി, ഉരുക്ക് തുടങ്ങിയ ലോഹങ്ങളും സ്ഫുടം ചെയ്തെടുത്ത് ചികിത്സ നടത്തുന്ന രീതി കേശവൻ സ്വായത്തമാക്കി. ആയുർവ്വേദഗ്രന്ഥങ്ങളിലും തമിഴ് വൈദ്യഗ്രന്ഥങ്ങളിലും അദ്ദേഹം പഠനം നടത്തി. ക്രമേണ സ്വാമികളില്ലാത്ത സമയത്ത് ആശ്രമത്തിൽ എത്തുന്ന രോഗികൾക്ക് വൈദ്യർ മരുന്ന് നിർദ്ദേശിക്കാൻ തുടങ്ങി. അങ്ങനെ ചുള്ളിക്കാട്ട് രാമൻ മകൻ കേശവൻ സി.ആർ. കേശവൻ വൈദ്യരായി (സാനു എം.കെ., 1988:190).

കേശവൻ വൈദ്യരുടെ ചികിത്സാനൈപുണ്യത്തിന് ചില അനുഭവസാക്ഷ്യങ്ങൾ കേശവൻ വൈദ്യർ ശതാഭിഷേകം ഉപഹാരഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നു. കൂർക്കഞ്ചേരിയിലെ ഒരുയർന്ന സർക്കാരുദ്യോഗസ്ഥന്റെയും ഭാര്യയുടെയും അനപത്യദുഃഖം വൈദ്യരുടെ ചികിത്സയുടെ ഫലമായി ഇല്ലാതായി. അവർക്ക് സന്താനലാഭമുണ്ടായി. മറ്റൊരിക്കൽ ഇരിങ്ങാലക്കുടയിലെ ഒരു ഉന്മാദരോഗിയെ കേശവൻവൈദ്യർ ചികിത്സിച്ച് സുഖപ്പെടുത്തി. ആ രോഗിയുടെ ബന്ധുക്കളും സ്കൂൾ ഇൻസ്പെക്ടറായിരുന്ന തത്തംപള്ളി കുഞ്ഞുണ്ണി മേനോൻ, പി.കെ. കുമാരൻ തുടങ്ങിയ സുഹൃത്തുക്കളും ഇരിങ്ങാലക്കുടയിൽ ഒരു വൈദ്യശാല തുടങ്ങുന്നതിനായി നിർബന്ധിച്ചു. രാമനാഥസ്വാമികളുടെ അനുഗ്രഹത്തോടെ അദ്ദേഹം ഇരിങ്ങാലക്കുടയിൽ വൈദ്യശാല ആരംഭിച്ചു. ഇക്കാര്യം വിജ്ഞാപനം ചെയ്തത് മുൻമന്ത്രിയായിരുന്ന അഡ്വ. കെ.ടി. അച്യുതനാണ്. “സുപ്രസിദ്ധ വൈദ്യൻ ബ്രഹ്മശ്രീ രാമാനന്ദജിയുടെ മേൽനോട്ടത്തിലും സി. ആർ.

കേശവൻ വൈദ്യർ (രജിസ്റ്റേഡ് മെഡിക്കൽ പ്രാക്ടീഷ്ണർ) അവറുകളുടെ ചുമതലയിലും 1115 മിഥുനം പതിനെട്ടാം തീയതി തിങ്കളാഴ്ച പകൽ 3 മണിക്ക് ഇരിങ്ങാലക്കുട ശ്രീനാരായണ ഭക്തസമുദായോദ്ധാരണി സമാജം ആപ്പീസ് സ്ഥലത്ത് ഒരു സിദ്ധവൈദ്യാശ്രമം തുറക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു" (സാന്ദ എം.കെ., 1988:191) എന്നായിരുന്നു ആ വിജ്ഞാപനം. രാമാനന്ദ സ്വാമികൾ രണ്ടാഴ്ചയിലൊരിക്കൽ ഇവിടെ വന്ന് പരിശോധന നടത്തിയിരുന്നു. 1942 -ൽ വരന്തരപ്പിള്ളിയിലും വൈദ്യശാലയുടെ ഒരു ശാഖ ആരംഭിച്ചു.

### 3.2.2 ആയുർവ്വേദം

വ്യത്യസ്ത ചികിത്സാസമ്പ്രദായങ്ങളിൽ ഏറ്റവും പഴക്കം ചെന്നതും പ്രകൃതിയോട് ചേർന്ന് നിൽക്കുന്നതുമായ ഒരു രീതിയാണ് ആയുർവ്വേദത്തിന്റേത്. രോഗിയെയും രോഗി ഉൾപ്പെടുന്ന സമൂഹത്തെയും അവിടുത്തെ പ്രകൃതിയെയും സമഗ്രമായി വിലയിരുത്തി ചികിത്സ നൽകുന്ന വൈദ്യശാസ്ത്രം എന്ന പ്രത്യേകതയുമുണ്ട് ആയുർവ്വേദത്തിന്. ഇരിങ്ങാലക്കുടക്കാർ ആയുർവ്വേദചികിത്സക്കായി പ്രധാനമായും ആശ്രയിച്ചിരുന്നത് ഒല്ലൂരിലെ തൈക്കാട്ട് മൂസ്സിന്റെ വൈദ്യശാലയെയാണ്. സാമൂതിരിയുടെ രാജവൈദ്യന്മാരെന്ന് കരുതുന്ന അഷ്ടവൈദ്യകുടുംബങ്ങളിൽ ഒന്നാണ് തൈക്കാട്ട് മൂസ്സിന്റേത്. ശക്തൻ തമ്പുരാന്റെ പിന്തുണയാൽ ഇവർ കൊച്ചിരാജ്യത്തിലെ തൃശ്ശൂരിനടുത്ത് ഒല്ലൂർ എന്ന പ്രദേശത്ത് താമസമാക്കി. ഇരിങ്ങാലക്കുടയിൽനിന്നും ഏകദേശം പന്ത്രണ്ട് കിലോമീറ്റർ വടക്ക് ഭാഗത്തായാണ് ഒല്ലൂരിലെ എസ്.എൻ.എ. ഔഷധശാലയുള്ളത്. ഇതിന്റെ ഒരു ശാഖ ഇരിങ്ങാലക്കുട ഠാണാവിൽ പ്രവർത്തിക്കുന്നുണ്ട്.

1972 -ലാണ് ഇരിങ്ങാലക്കുടയിൽ സർക്കാർ ആയുർവ്വേദ ആശുപത്രി സ്ഥാപിതമാകുന്നത്. സിവിൽ സ്റ്റേഷൻ റോഡിൽ എ.കെ.പി. ജംഗ്ഷന് സമീപമാണ് ഈ സ്ഥാപനം സ്ഥിതിചെയ്യുന്നത്. ആലേങ്ങാടൻ വാറുണ്ണി എന്ന ഇരിങ്ങാലക്കുടയിലെ വ്യവസായിയാണ് ഈ ആശുപത്രിക്കായി സ്ഥലവും കെട്ടിടവും സർക്കാരിലേക്ക് സംഭാവന ചെയ്തത്. ആരംഭത്തിൽ മൂന്ന് ഡോക്ടർമാരും നാല് പാരാമെഡിക്കൽ ജീവനക്കാരുമാണ് ഉണ്ടായിരുന്നത്. ജനകീയാസൂത്രണപദ്ധതിയുടെ കാലത്ത് ആശുപത്രി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിലായി. ഇപ്പോൾ ഇരിങ്ങാലക്കുട നഗരസഭയാണ് ഇതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. 1994 -ൽ

ഈ സ്ഥാപനം മുപ്പത് കിടക്കകളുള്ള ആശുപത്രിയായി ഉയർത്തപ്പെട്ടു. നേത്രചികിത്സയ്ക്കായാണ് ആളുകളധികവും ഇവിടെ എത്തിച്ചേരുന്നത്. ആയുർവ്വേദമരുന്നുകളുടെ വില ഇന്ന് സാധാരണക്കാരനെ ഏറെ ബുദ്ധിമുട്ടിക്കുന്നുണ്ട്. ഇതിനൊരു വലിയ പരിഹാരമാണ് എ.വി.എം. ഗവ. ആയുർവ്വേദ ആശുപത്രിയിലെ സൗജന്യ ചികിത്സ. ആറ് ഡോക്ടർമാരും ഇരുപത്തിരണ്ട് ജീവനക്കാരുമായി ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രിയായി ഇത് വളർച്ച പ്രാപിച്ചു.

കൂടൽമാണിക്യം ദേവസ്വം കേരളസർക്കാരിന്റെ ഭരണാനുമതിയോടെ 2022 -ലാണ് സംഗമേശ്വര ആയുർവ്വേദഗ്രാമം എന്ന ചികിത്സാലയം ആരംഭിച്ചത്. ക്ഷേത്രത്തിന്റെ കിഴക്കേ നടയിൽ കൊട്ടിലായ്ക്കൽ പറമ്പിലാണ് ആശുപത്രി സ്ഥിതിചെയ്യുന്നത്. ആശുപത്രിയിലെത്തി ചികിത്സതേടാൻ ബുദ്ധിമുട്ടുള്ള വയോധികരെയും ഭിന്നശേഷിക്കാരെയും വീട്ടിൽ ചെന്ന് ചികിത്സിക്കാനുള്ള സാഹചര്യം ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. ജെറിയാട്രി കെയർ വിഭാഗത്തിന്റെ സേവനം ഇതിനായി ലഭ്യമാക്കുന്നു. രോഗികളുടെ ഗൃഹസന്ദർശനം, അടിയന്തര ഘട്ടങ്ങളിലെ വൈദ്യസഹായം, പ്രാഥമിക ആരോഗ്യ സംരക്ഷണത്തിനുള്ള ഔഷധങ്ങളുടെ വിതരണം, രോഗികളുടെ പുനരധിവാസം എന്നിങ്ങനെ വിവിധ പദ്ധതികൾ ഇതിലൂടെ ലക്ഷ്യമിടുന്നു. നാലമ്പല തീർത്ഥാടനകാലത്ത് ഫസ്റ്റ് എയ്ഡ് കൗണ്ടർ പ്രവർത്തിച്ചുകൊണ്ട് ദീർഘദൂരയാത്ര ചെയ്തു വരുന്ന അവശരായ രോഗികൾക്ക് പ്രാഥമികചികിത്സ നൽകുന്നു.

1989 -ൽ എ.എം. പീതാംബരനാണ് ഔഷധചന്ദ്രിക എന്ന ആയുർവ്വേദ മരുന്നുവിൽപ്പനകേന്ദ്രം ആരംഭിച്ചത്. ഇരിങ്ങാലക്കുട നടയിലെ ഐ.ടി.സി. ബാങ്ക് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഔഷധചന്ദ്രികയിൽ ജീവനവേദ ഹെൽത്ത്കെയർ എന്ന പേരിൽ പഞ്ചകർമ്മ ചികിത്സാകേന്ദ്രവും ആരംഭിച്ചിട്ടുണ്ട്. എസ്.എൻ.എ. ഔഷധശാലയുടെ മരുന്നുകളും മറ്റ് ആയുർവ്വേദമരുന്നുകളും ലഭ്യമാകുന്ന ഇടമാണ് സൂരജ് ഔഷധാലയ. മാമ്പിള്ളി സണ്ണിയുടെ ഉടമസ്ഥതയിൽ 1993 -ലാണ് ഠാണാവിൽ ഈ ഔഷധശാല ആരംഭിച്ചത്. പിന്നീടുണ്ടായ ശ്രീ നാരായണ ആയുർവ്വേദ ഫാർമസി, കവിരാജ് ഹെർബൽസ് ആന്റ് ക്ലിനിക്ക്, ദി ഡിവൈൻ ഷോപ്പ്, വൈദ്യരത്നം ഔഷധശാല, ശ്രീ സായ് ഹെർബൽസ്, ജീവലയ ഓർഗാനിക് ഹെൽബൽസ് എന്നിവയാണ് ഇരിങ്ങാലക്കുട പട്ടണത്തിലെ പ്രധാന ആയുർവ്വേദ മരുന്നുശാലകൾ.

### 3.2.3 ആധുനിക വൈദ്യം

യൂറോപ്യന്മാരുടെ കടന്നുവരവോടെയാണ് പാശ്ചാത്യചികിത്സാരീതികൾ ആരംഭിക്കു ന്നത്. കേരളത്തിൽ ഡച്ചുകാർ പള്ളിപ്പുറത്ത് ആരംഭിച്ച കുഷ്ഠരോഗാശുപത്രിയാണ് ഇക്കാര്യത്തിലുള്ള ആദ്യ ചുവടുവയ്പ്പുകളിലൊന്ന്. രാജഭരണകാലം തൊട്ടുതന്നെ സാമൂഹികാരോഗ്യരംഗത്ത് കേരളം ശ്രദ്ധപതിപ്പിച്ചിരുന്നു. റാണി ഗൗരി പാർ വ്വതി ഭായിയുടെ താൽപര്യത്തിൽ തിരുവിതാംകൂറിൽ തൈക്കാട് ചെറിയ ഇംഗ്ലീഷ് ഡിസ്പെൻസറി ആരംഭിച്ചതാണ് കേരളത്തിലെ തദ്ദേശീയ ആശുപത്രി സംരംഭങ്ങ ളുടെ തുടക്കം. കൊച്ചിയിലാകട്ടെ അഞ്ചപ്പയ്യ ദിവാനായിരുന്നപ്പോഴാണ് ഇംഗ്ലീഷ് വൈദ്യശാഖ ആരംഭിക്കുന്നത്. പിന്നീട് ദിവാൻ ശങ്കരവാര്യർ തുടങ്ങിവച്ച ധർമ്മാശുപ ത്രികളാണ് അലോപ്പതിചികിത്സ ജനകീയമാക്കുന്നത്.

താഴ്ന്നവരുമാനക്കാരായ ജനങ്ങൾക്ക് ആശ്രയമായിരുന്നു ധർമ്മാശുപത്രി സംവിധാനം. സാമ്പത്തികമായി കുറച്ച് ഉയർന്ന സ്ഥിതിയിലുള്ളവരെ സംബന്ധിച്ചി ടത്തോളം അത്യാവശ്യ ഘട്ടങ്ങളിൽ ഡോക്ടറെ വീട്ടിൽകൊണ്ടുവരുന്ന രീതിയാണ് ഇരിങ്ങാലക്കുടയിൽ ഉണ്ടായിരുന്നത്. “കുടുംബഡോക്ടർമാർ ഇടയ്ക്കിടെ വീട്ടിൽ വരും. കാറില്ലാത്തവർ റിക്ഷാവണ്ടിയിലാണു വരിക. ഡോക്ടറുടെ പെട്ടി എടുത്തു വീട്ടിലേക്ക് കൊണ്ടുവരണം. പോകുമ്പോൾ കൂടെചെന്ന് വണ്ടിയിൽ കൊണ്ടുവയ്ക്കണം. ചികിത്സ മിക്കവാറും വീട്ടിൽത്തന്നെ കഴിയും. ആസ്പത്രിയിൽ പോക്ക് അത്ര നിവൃത്തിയില്ലെ ങ്കിലേ പതിവുള്ളൂ” എന്ന് കെ.വി. രാമനാഥൻ ഓർക്കുന്നു (2009:21). പൊ.വ. 1897 -ലാണ് ഇരിങ്ങാലക്കുടയിൽ ധർമ്മാശുപത്രി ആരംഭിക്കുന്നത്. “ഇരിങ്ങാലക്കുടയിലെ പഴയതലമുറ ആധുനിക വൈദ്യശാസ്ത്രത്തിന്റെ ആദ്യപാഠങ്ങൾ ഏറ്റുവാങ്ങുന്നതും തിരിച്ചറിയുന്നതും ഈ ആശുപത്രിയിലൂടെയായിരുന്നു. കോളറയും വസൂരിയും സൃഷ്ടിച്ച മരണക്കയങ്ങൾ നീന്തിക്കടക്കാൻ ഇരിങ്ങാലക്കുടയെ സഹായിച്ചതിൽ ഈ ആശു പത്രി വഹിച്ച പങ്ക് ചെറുതല്ല. സ്വാതന്ത്ര്യത്തിനുശേഷം പതുക്കെപ്പതുക്കെ ഈ ആശുപത്രി വികസനത്തിന്റെ പുതിയ ചുവടുവെപ്പുകൾ നടത്തി. അലോപ്പതി ചികി ത്സാരീതികൾ ഒരു ജനതയുടെ ജീവിതരീതിയായി പരിണമിച്ച കാലഘട്ടത്തിൽ വിവ രണാതീതമായ പ്രതിബദ്ധതയോടെയാണ് ഈ ആശുപത്രി നിലകൊണ്ടത്”എന്ന് *ഇരിങ്ങാലക്കുട മാന്വൽ* രേഖപ്പെടുത്തുന്നു (2018:1115). കർഷകരും തൊഴിലാളികളുമായ

ഇവിടുത്തെ സാധാരണ ജനങ്ങൾ, ആധുനിക വൈദ്യശാസ്ത്രത്തെ ഉപയോഗപ്പെടുത്തു ന്നത് ഇവിടം മുതലാണ്.

മാതൃ - ശിശുസംരക്ഷണത്തിൽ കൃത്യമായ ഇടപെടലുകളാണ് ഈ ആശുപ ത്രി നടത്തിയിട്ടുള്ളത്. വീടുകളിൽ വയറ്റാട്ടികളുടെ സംരക്ഷണത്തിൽ നടത്തിയിരുന്ന പ്രസവം, ആശുപത്രിയിലേക്ക് മാറുന്നു. പ്രസവാനന്തരമുള്ള മാതൃശിശുസംരക്ഷണം ഇതിലൂടെ സാധ്യമായി. ചെറിയ ഒ.പി. വിഭാഗം മാത്രമായി ആരംഭിച്ച ആശുപത്രി പിന്നീട് താലൂക്ക് ആശുപത്രിയായി. ഇന്ന് ആധുനിക സംവിധാനങ്ങളോടെ മികച്ച ഗവൺമെന്റ് ജനറൽ ആശുപത്രിയായിട്ടാണ് ഇത് പ്രവർത്തിച്ച് വരുന്നത്. ഠാണാ വിനുസമീപം റെയിൽവേ സ്റ്റേഷൻ റോഡിൽ രോഗികൾക്ക് എത്തിച്ചേരാൻ ഏറ്റവും സൗകര്യപ്രദമായ ആറ് ഏക്കർ സ്ഥലത്താണ് ആശുപത്രി സ്ഥിതിചെയ്യുന്നത്.

ഗവൺമെന്റ് ആശുപത്രിയെ കൂടാതെ ഇരിങ്ങാലക്കുടയിലൊരു ആതുരാലയം സ്ഥാപിതമാകുന്നത് 1945 -ലാണ്. ഡോ. സി.ഐ. ഇട്ടിക്കുരുവിന്റെ നേതൃത്വത്തിൽ ആരംഭിച്ച മെറീന ഹോസ്പിറ്റൽ ഇവിടുത്തെ മധ്യവർഗ്ഗവിഭാഗക്കാർക്കിടയിൽ പ്രചാരം നേടി. 1967 -ൽ ഫാ. പോൾ ചിറ്റിലപ്പിള്ളിയുടെ നേതൃത്വത്തിൽ ആരംഭിച്ച ആശുപത്രി യാണ് പുല്ലൂരിലെ തിരുഹൃദയ മിഷൻ ആശുപത്രി. ഇരിങ്ങാലക്കുടയിലേയും പരിസര പ്രദേശങ്ങളിലേയും ജനങ്ങൾക്ക് കൂടുതൽ മികച്ച ആരോഗ്യസംരക്ഷണസംവിധാന ങ്ങൾ ഇതുവഴി ലഭ്യമായി. ഡോ. റെജീസ്, ഡോ. സി. ഇമ്മാക്കുലേറ്റ് എന്നിവരാ യിരുന്നു ഇവിടുത്തെ ആദ്യകാല ഡോക്ടർമാർ. 1978 -ലാണ് ഡോ. എം.വി. വാറു ണ്ണിയുടെ നേതൃത്വത്തിൽ മനോരോഗചികിത്സ ആരംഭിക്കുന്നത്. ഇരിങ്ങാലക്കുടയെ സംബന്ധിച്ചിടത്തോളം ഇതൊരു വലിയ ചുവടുവയ്പായിരുന്നു. പുല്ലൂരിൽ തുടങ്ങുകയും പിന്നീട് ഇരിങ്ങാലക്കുട അങ്ങാടിയിലേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്ത ഇ.എസ്.ഐ. ഡിസ്പെൻസറി 1970 -ലാണ് ആരംഭിക്കുന്നത്. ഡോ. സി.ഐ. ആന്റണി, ഡോ. കെ. പത്മനാഭൻ എന്നിവരായിരുന്നു ഇവിടത്തെ ആദ്യകാല ഡോക്ടർമാർ. ഡോ. മാർട്ടിൻ എബ്രഹാമിന്റെ ഉടമസ്ഥതയിലുള്ള ഇ.എൻ.ടി. ഹോസ്പിറ്റൽ 1984 -ലാണ് ആരംഭി ക്കുന്നത്. അയ്യങ്കാവ് ക്ഷേത്രത്തിന് എതിർവശത്തുള്ള ഈ സ്ഥാപനം ചെവി, മൂക്ക്, തൊണ്ട എന്നീ അവയവങ്ങളുടെ രോഗനിർണയവും ചികിത്സയും ചെയ്തുവരുന്നു.

ഫാ. ജോസ് ആട്ടോക്കാരൻ സ്ഥാപിച്ച സെന്റ്. വിൻസെന്റ് ഡയബറ്റിസ് റിസേർച്ച് സെന്റർ ആന്റ് ഹോസ്പിറ്റൽ 1986 -ലാണ് പ്രവർത്തനം തുടങ്ങുന്നത്. പ്രമേഹരോഗികളുടെ ചികിത്സയും പരിചരണവും ലക്ഷ്യം വച്ചുള്ള ചാരിറ്റബിൾ ആശുപത്രിയാണിത്. ജോസച്ചന്റെ മരണശേഷം ഈ സ്ഥാപനം സെന്റ്. മാർത്താ സന്യാസിനി സഭ ഏറ്റെടുത്തു. കോലോത്തുംപടിയിൽ സ്ഥിതിചെയ്യുന്ന കോ -ഓപ്പറേറ്റീവ് ആശുപത്രി സഹകരണസ്ഥാപന സംവിധാനത്തിലാണ് ആരംഭിച്ചത്. 1995 -ലാണ് എം.പി. ജാക്സൺ പ്രസിഡന്റും ഇ. ബാലഗംഗാധരൻ വൈസ് പ്രസിഡന്റും, കെ.കെ. ജോണി സെക്രട്ടറിയുമായി ആശുപത്രി പ്രവർത്തനമാരംഭിക്കുന്നത്. ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഇരിങ്ങാലക്കുടയിലെ മറ്റൊരു ആതുരാലയമാണ് മെട്രോ ഹെൽത്ത് കെയർ ആശുപത്രി. 2010 -ൽ ആരംഭിച്ച ഈ സ്ഥാപനം ഇന്ന് കൂടുതൽ സൗകര്യങ്ങളോടെ ഇരിങ്ങാലക്കുട വൺവേ റോഡിൽ സ്ഥിതി ചെയ്യുന്നു. മുരളി ദത്തൻ മാനേജരായ മെട്രൊ ഹെൽത്ത് കെയർ ആശുപത്രി, പങ്കാളിത്ത ഉടമസ്ഥതയിലാണ് പ്രവർത്തിക്കുന്നത്.

ഇവയ്ക്കെല്ലാം പുറമേ നേത്ര - ദന്തരോഗ ചികിത്സാലയങ്ങളുടെ എണ്ണത്തിലും പ്രവർത്തന മികവിലും ഒട്ടും പുറകിലല്ല ഇരിങ്ങാലക്കുട. നേത്രരോഗ വിദഗ്ധനായ ഡോ. കെ.വി. തോമസാണ് നേത്ര കണ്ണാശുപത്രി ആരംഭിക്കുന്നത്. ഇത് പിന്നീട് നേത്ര ഐ കെയർ സെന്റർ എന്നപേരിൽ വിപുലമായ സജ്ജീകരണങ്ങളും ആധുനിക സംവിധാനങ്ങളുമായി പ്രവർത്തിച്ചുവരുന്നു. ഇരിങ്ങാലക്കുട ഠാണാവിൽ പ്രവർത്തിക്കുന്ന ഡീൻസ് ഹൈടെക് ഐ ക്ലിനിക് ഡെന്റൽ ക്ലിനിക് മെഡിക്കൽസ് ആന്റ് ഒപ്റ്റിക്കൽസ് എന്ന സ്ഥാപനം നേത്ര - ദന്തരോഗങ്ങൾക്ക് ഒരുപോലെ ചികിത്സ ലഭ്യമാകുന്ന ഇടമാണ്. 1980 -ൽ ഡോ. പി.ജെ. അബ്ദുൾ റസാഖിന്റെ ഉടമസ്ഥതയിലാണ് ഈ സ്ഥാപനം പ്രവർത്തനമാരംഭിക്കുന്നത്. അഹല്യ ഫൗണ്ടേഷൻ ട്രസ്റ്റിന് കീഴിൽ പ്രവർത്തിക്കുന്ന മറ്റൊരു കണ്ണുചികിത്സാകേന്ദ്രമായ അഹല്യ ഫൗണ്ടേഷൻ ഐ ഹോസ്പിറ്റൽ, ഇരിങ്ങാലക്കുടയിലെ കാട്ടുങ്ങച്ചിറയിലാണ് സ്ഥിതിചെയ്യുന്നത്.

ആറോളം ദന്തരോഗ ആശുപത്രികളാണ് ഇരിങ്ങാലക്കുട പട്ടണത്തിനകത്തുള്ളത്. ഇതിൽ ഡോ. പ്രൈസ് തുടങ്ങിവെച്ച പ്രസി ഡെൻറൽ ക്ലിനിക് 1950 -കളിൽ തന്നെ ഇവിടെ ആരംഭിച്ചിരുന്നു. അദ്ദേഹത്തെ തുടർന്ന് 1986 മുതൽ ഡോ. പ്രസന്നകുമാർ ഈ സ്ഥാപനം ഏറ്റെടുത്ത് മുന്നോട്ടു കൊണ്ടുപോയി. ഇരിങ്ങാലക്കുട കത്തീ

ഡ്രൽ പള്ളിക്കു സമീപമുള്ള കെയർവെൽ ഡെന്റൽ കെയർ ഡോ. സെയ്ഫു ആന്റണിയുടേതാണ്. 1992 മുതൽ ഇതിവിടെ പ്രവർത്തിക്കുന്നു. ഡോ. കെ.വി. സിറിൾ ആരംഭിച്ച സിറിൾസ് ഡെന്റൽ ക്ലിനിക് തൃശ്ശൂർ റോഡിലെ സി.കെ.കെ. കോംപ്ലക്സിൽ 1993 മുതലുണ്ട്. 2008 -ൽ ഡോ. അനീഷ് ബാബു നക്കര കോംപ്ലക്സിൽ ആരംഭിച്ച ദന്താശുപത്രിയാണ് ആലിബാബ മൾട്ടി -സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്. ഇത് പിന്നീട് ഡോ. മെർജീന ഫെലാസിൽ ഏറ്റെടുത്തു. 2011 -ൽ അക്കര ബിൽഡിംഗിൽ ആരംഭിച്ച ഡോ. സിത്താര സ്പെഷാലിറ്റി സെന്ററിൽ പ്രഗത്ഭരായ അഞ്ച് ഡോക്ടർമാരുടെ സേവനങ്ങൾ ലഭ്യമാണ്.

## മരുന്നുവിൽപനശാലകൾ

ചികിത്സാരംഗത്തുണ്ടായ നാടിന്റെ പുരോഗതി ഒട്ടനവധി മെഡിക്കൽ ലാബുകളുടേയും മരുന്നുകടകളുടേയും വരവിന് വഴിതെളിയിച്ചു. ആശുപത്രികൾക്ക് അകത്തുള്ളവ കൂടാതെ പത്തോളം മെഡിക്കൽ ലാബുകളാണ് ഇരിങ്ങാലക്കുട പട്ടണത്തിലുള്ളത്. ഠാണാവിലെ ഗവൺമെന്റ് ആശുപത്രിയ്ക്ക് സമീപമുള്ള ഇതിഹാസ് ക്ലിനിക്കൽ ലബോറട്ടറിയാണ് ഇരിങ്ങാലക്കുടയിലെ ലബോറട്ടറികളിൽ ആദ്യത്തേത്. 1978 -ൽ ടി.വി. സത്യന്റെയും വർഗീസിന്റെയും ഉടമസ്ഥതയിലാണ് ഇത് ആരംഭിച്ചത്. ഇവിടെനിന്നും കുറച്ചു നീങ്ങി മെറീന ആശുപത്രിക്ക് സമീപമാണ് ഡോക്ടേഴ്സ് ഡയഗ്നോസ്റ്റിക് ലബോറട്ടറി ആരംഭിച്ചത്. 1999 -ൽ ഇ.ജി. വിജയന്റെ ഉടമസ്ഥതയിലാണ് ഈ ലബോട്ടറി പ്രവർത്തിച്ചുവരുന്നത്. 2001 -ൽ മെഡിടെക് കമ്പ്യൂട്ടറൈസ്ഡ് ക്ലിനിക്കൽ ലബോറട്ടറി ആരംഭിച്ചതും ഗവൺമെന്റ് ആശുപത്രിക്ക് സമീപം തന്നെയാണ്. കണ്ണൂക്കാട്ടിൽ അജയകുമാറാണ് ഇതിന്റെ ഉടമസ്ഥൻ. തുടർന്ന് വിശ്വാസ് ലാബ് ആന്റ് പോളിക്ലിനിക്, സ്പെഷ്യാലിറ്റി ഡയഗ്നോസ്റ്റിക് സെന്റർ, തൈറോകെയർ ആരോഗ്യലാബ്, നീതി ഓപ്റ്റിക്കൽസ് ആന്റ് ക്ലിനിക്കൽ ലബോറട്ടറി, മെഡിലാബ്സ്, യൂണികെയർ ക്ലിനിക്കൽ ലബോറട്ടറി, യുണൈറ്റഡ് പോളിക്ലിനിക് തുടങ്ങിയ പരിശോധന കേന്ദ്രങ്ങളും ഇരിങ്ങാലക്കുടയുടെ ആരോഗ്യപരിചണമേഖലയിൽ സജീവമായി.

ഇരിങ്ങാലക്കുട ഗവൺമെന്റ് ആശുപത്രിയെ കേന്ദ്രീകരിച്ചാണ് അലോപ്പതി മരുന്നുശാലകൾ അധികവും ആരംഭിച്ചിട്ടുള്ളത്. 1945 മുതൽ തന്നെ ഇരിങ്ങാലക്കുടയിലുള്ള മരുന്നുവില്പനശാലയാണ് പോളിസൺസ് മെഡിക്കൽസ്. ഠാണാവിൽ കെ.പി.

പോളി ആരംഭിച്ച ഈ സ്ഥാപനം ഇപ്പോൾ അദ്ദേഹത്തിന്റെ മകൻ കെ.പി. പോൾ ആണ് നടത്തിക്കൊണ്ടുവരുന്നത്. കൂടാതെ റോയൽ മെഡിക്കൽസ്, ന്യൂ അജന്ത മെഡിക്കൽസ് എന്നീ സ്ഥാപനങ്ങൾ ഗവൺമെന്റ് ആശുപത്രിക്ക് മുൻവശത്തായി 1986 -ൽ പ്രവർത്തനമാരംഭിച്ചു. 1987 -ൽ തുടങ്ങിയ സംഗം മെഡിക്കൽസ് ബസ് സ്റ്റാന്റിനു സമീപത്താണ് സ്ഥിതി ചെയ്യുന്നത്. ലക്ഷ്മി മെഡിക്കൽസ്, ന്യൂ ബ്രദേഴ്സ് മെഡിക്കൽസ്, കരുണ മെഡിക്കൽസ്, മരിയ മെഡിക്കൽസ്, പ്രിൻസ് മെഡിക്കൽസ് എന്നീ മരുന്ന് വിൽപനശാലകളും ഇരിങ്ങാലക്കുടയുടെ ആരോഗ്യമേഖലയുടെ ഭാഗമായി മാറിക്കഴിഞ്ഞിരിക്കുന്നു. ഇരിങ്ങാലക്കുട സർവീസ് സഹകരണ ബാങ്കിന്റെ ഉടമസ്ഥതയിലും പീപ്പിൾസ് കോ -ഓപ്പറേറ്റീവ് ബാങ്കിന്റെ ഉടമസ്ഥതയിലും സോഷ്യൽ വെൽഫെയർ കോ -ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഉടമസ്ഥതയിലുമായി നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ ജനനീതി, ജനപ്രിയ എന്നീ പേരുകളിലും മരുന്നുവിൽപ്പനശാലകളുണ്ട്.

## ഡോ. വി.പി. ഗംഗാധരൻ

അന്തർദേശീയ തലത്തിൽ പ്രശസ്തനായ അർബുദരോഗ ചികിത്സകനാണ് ഡോ. വി.പി. ഗംഗാധരൻ. ഇരിങ്ങാലക്കുട വടവട്ടത്ത് സരസ്വതി അമ്മയുടെയും എം.എൻ. പത്മനാഭൻ നായരുടെയും മകനായാണ് അദ്ദേഹം ജനിച്ചത്. നാഷണൽ ഹൈസ്കൂൾ, ക്രൈസ്റ്റ് കോളേജ്, എറണാകുളം മഹാരാജാസ് കോളേജ് എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിനുശേഷം 1978 -ൽ കോട്ടയം മെഡിക്കൽ കോളേജിൽനിന്ന് എം.ബി.ബി.എസ്. ബിരുദം കരസ്ഥമാക്കി. ഡൽഹി ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽനിന്നും റേഡിയോതെറാപ്പിയിൽ എം.ഡി., കോട്ടയം മെഡിക്കൽ കോളേജിൽനിന്ന് ജനറൽ മെഡിസിനിൽ എം.ഡി., ചെന്നൈ അഡയാർ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് മെഡിക്കൽ ഓങ്കോളജിയിൽ ഡി.എം. എന്നീ ബിരുദങ്ങൾ അദ്ദേഹം കരസ്ഥമാക്കി. 1989 -ൽ തിരുവനന്തപുരം ആർ.സി.സി.യിൽ മെഡിക്കൽ ഓങ്കോളജി മേധാവിയായി പ്രവർത്തിച്ച അദ്ദേഹം, ഇപ്പോൾ കോട്ടയം കാരിത്താസ് കാൻസർ സെന്റർ, കൊച്ചിയിലെ ലേക് ഷോർ ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ മെഡിക്കൽ ഓങ്കോളജി മേധാവിയായി സേവനമനുഷ്ഠിക്കുന്നു. മജ്ജ മാറ്റിവയ്ക്കൽ ചികിത്സയുമായി ബന്ധപ്പെട്ട 1995 -ൽ യു.എസ്. -ലെ വാഷിങ്ടൺ

ഡി.സി.യിൽനിന്നും 1997 -ൽ യു.കെ.യിൽനിന്നും ട്രെയിനിങ്ങ് നേടി. ഡോക്ടർ ഗംഗാധരന്റെ നേതൃത്വത്തിലാണ് കേരളത്തിലെ ആദ്യത്തെ രക്തകോശസെൽ മാറ്റിവയ്ക്കൽ നടന്നത്. ഡോ. കെ. ചിത്ര താരയാണ് അദ്ദേഹത്തിന്റെ ഭാര്യ.

രോഗികളോട് സഹാനുഭൂതിയോടെയുള്ള പെരുമാറ്റമാണ് അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നത്. മനുഷ്യന്റെ ദുഃഖങ്ങൾ ഏറെ കാണുന്ന അദ്ദേഹം തന്റെ അത്തരം അനുഭവങ്ങളെ കോർത്തിണക്കിക്കൊണ്ട് എഴുതിയ പുസ്തകമാണ് *ജീവിതമെന്ന അത്ഭുതം*. ക്യാൻസർ രോഗികൾക്ക് മാനസികവും ശാരീരികവും സാമ്പത്തികവുമായ സഹായം നൽകുന്ന കൊച്ചിൻ ക്യാൻസർ സൊസൈറ്റിയുടെ സ്ഥാപകനുമാണ് അദ്ദേഹം.

### ഡോ. സി.കെ. രവി

പ്രശസ്ത നേത്രരോഗ ചികിത്സകനായ ഡോ. സി.കെ. രവി, സി.ആർ. കേശവൻ വൈദ്യരുടെയും കാർത്യായനിയമ്മയുടെയും മകനാണ്. ഇരിങ്ങാലക്കുട ബോയ്സ് സ്കൂൾ, ക്രൈസ്റ്റ് കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിനു ശേഷം, തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്ന് എം.ബി.ബി.എസ്. ബിരുദവും മദ്രാസ് മെഡിക്കൽ കോളേജിൽനിന്ന് നേത്രരോഗ ശാസ്ത്രത്തിൽ എം.എസ്. ബിരുദവും ഡി.ഒ.ആർ.സി.പി.എസ്. എന്നിവയും നേടി. എസ്.എൻ. ചന്ദ്രിക എജ്യൂക്കേഷൻ ട്രസ്റ്റിന്റെ ചെയർമാനായ അദ്ദേഹം മാപ്രാണം ലാൽ മെമ്മോറിയൽ ആശുപത്രിയുടെ ഡയറക്ടറുമാണ്. ചെന്നൈ ആശാൻ മെമ്മോറിയൽ അസോസിയേഷൻ ആൻഡ് എജ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷന്റെ പ്രസിഡന്റും കോയമ്പത്തൂർ എസ്.എൻ.ജി. എജ്യൂക്കേഷൻ ട്രസ്റ്റിന്റെ മാനേജിംഗ് ട്രസ്റ്റിയും മദ്രാസ് യൂണിവേഴ്സിറ്റിയിലെ മലയാളവിഭാഗം ഉപദേശക സമിതി അംഗവുമാണ് ഡോ. സി.കെ. രവി. പരന്ന വായനയ്ക്കുടമയായ അദ്ദേഹത്തിന്റെ *ഞാനെന്ന ഭാവം* എന്ന പുസ്തകം ആത്മകഥാസാഹിത്യകൃതികളെ പഠനവിധേയമാക്കുന്നു.

## 3.2.4 ഹോമിയോ ചികിത്സ

പാർശ്വഫലങ്ങളില്ലാത്ത ചികിത്സാരീതി എന്ന നിലയിലാണ് ഹോമിയോപ്പതിക്ക് ജനങ്ങളുടെ ഇടയിൽ പ്രചാരം ലഭിച്ചത്. 1970 -കളിലാണ് ഹോമിയോപ്പതി ഇരി

ങ്ങാലക്കുടയിൽ പ്രചരിച്ചു തുടങ്ങിയതെന്ന് *ഇരിങ്ങാലക്കുട മാന്വൽ* രേഖപ്പെടുത്തുന്നു. തമിഴ്നാട്ടിൽനിന്നും ഹോമിയോപ്പതി പഠിച്ചിറങ്ങിയ ചെറുപ്പക്കാരായ ഡോക്ടർമാരിലൂടെയാണ് ഹോമിയോപ്പതിയുടെ സാധ്യതകളെ ഇരിങ്ങാലക്കുടക്കാർ അറിഞ്ഞുതുടങ്ങിയത് (*ഇരിങ്ങാലക്കുട മാന്വൽ*, 2018:1119). ഇവിടെ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നത് 1999 -ലാണ്. കണ്ഠേശ്വരം കെ.എസ്.ആർ.ടി.സി. ഓഫീസിന് എതിർവശത്തായി ഇരിങ്ങാലക്കുട നഗരസഭാ കെട്ടിടത്തിലാണ് ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നത്. സുരക്ഷിതവും ലളിതവും ശാസ്ത്രീയവും ചെലവ് കുറഞ്ഞതുമായ മാർഗ്ഗം എന്ന നിലയിലാണ് ഈ ചികിത്സാരീതി പ്രചാരം നേടുന്നത്. ഇരിങ്ങാലക്കുട നഗരത്തിൽ ഇന്ന് സ്വകാര്യ ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്.

2003 -ലാണ് ഹോമിയോ മരുന്നുകളുടെ വില്പനശാല ഇരിങ്ങാലക്കുടയിൽ ആരംഭിക്കുന്നത്. എച്ച്.എച്ച്. ഹോമിയോസ് എന്ന പേരിൽ ഷേർളി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഈ സ്ഥാപനം ഇരിങ്ങാലക്കുട നടയിൽ ബസ്സ്റ്റാൻഡിന് സമീപം വി.ആർ.എസ്. കോംപ്ലക്സിലാണ് പ്രവർത്തിക്കുന്നത്. മെയിൻ റോഡിലുള്ള കെ.എൽ. ഫ്രാൻസിസ് പെട്രോൾപമ്പിന് എതിർവശത്തായി എ.ജെ. ഹോമിയോ എന്ന പേരിൽ പുതിയൊരു ഹോമിയോ മരുന്നുവിൽപനശാലകൂടി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആദ്യകാലങ്ങളിൽ ജനങ്ങൾ ഹോമിയോ ചികിത്സയെപ്പറ്റി വേണ്ടത്ര ബോധവാന്മാരായിരുന്നില്ല എന്ന് ഷേർളി ഓർമ്മിക്കുന്നു[10]. എന്നാൽ ഇന്ന് വളരെയധികം ആളുകൾ ഹോമിയോ മരുന്നുകളെ ആശ്രയിക്കുന്നുണ്ട്. ദിവസേന 30 -35 ആളുകൾ മരുന്നു വാങ്ങുന്നതിനായി ഇവിടെ എത്തിച്ചേരുന്നു. ചുമ, അലർജി, തുമ്മൽ, ജലദോഷം, പനി തുടങ്ങിയ രോഗങ്ങൾക്കാണ് ഏറ്റവുമധികം മരുന്ന് വിൽക്കപ്പെടുന്നത്. നവജാതശിശുക്കൾ മുതൽ പ്രായമായവർ വരെ ഹോമിയോമരുന്നുകളെ ആശ്രയിച്ചു വരുന്നു. ഇരിങ്ങാലക്കുട നടയിലുള്ള എച്ച് & എച്ച് ക്ലിനിക്ക്, കാട്ടൂർ റോഡിലുള്ള പത്മ ഹോമിയോ ക്ലിനിക്ക്, ചന്തക്കുന്നിലുള്ള അനുഗ്രഹ ഹോമിയോ ക്ലിനിക്ക് തുടങ്ങിയവ ഇരിങ്ങാലക്കുടയിലെ ഹോമിയോചികിത്സാകേന്ദ്രങ്ങളാണ്. ഡോ. ശ്രീവൽസൻ, ഡോ. ചന്ദ്രൻ, ഡോ. ഡിംപിൾ, ഡോ. ദീപ ശ്രീകുമാർ, ഡോ. പ്രമോദ് ചന്ദ്രൻ, ഡോ. സിന്ധു തുടങ്ങിയവർ ഇരിങ്ങാലക്കുട കേന്ദ്രമായി പ്രവർത്തിക്കുന്ന ഹോമിയോ ഡോക്ടർമാ

[10] ഷേർളി പോളി, ഇടപ്പിള്ളി വീട്, കൊറ്റനെല്ലൂർ. 52 വയസ്സ്

രാണ്. ഹോമിയോ വൈദ്യശാഖയുടെ പഠനത്തിലും ഇന്ന് ഇരിങ്ങാലക്കുടയിലെ പുതിയതലമുറ ആകൃഷ്ടരാണ് എന്നത് ശ്രദ്ധേയമാണ്.

## 3.3 വാസ്തുവിദ്യ

നാലുചുമരും മേൽക്കൂരയും നൽകുന്ന സുരക്ഷിതത്വമാണ് വീട് എന്ന സങ്കല്പത്തിനടിസ്ഥാനം. പക്ഷികൾ ലഭ്യമായ അസംസ്കൃതവസ്തുക്കൾകൊണ്ട് മനോഹരമായ കൂടുകൾ നിർമ്മിക്കുന്നു. ജന്മസിദ്ധമായ കഴിവിനൊപ്പം അനുഭവജ്ഞാനവും അവർക്കതിന് സഹായകമാകുന്നുണ്ടാകണം. ആ കിളിക്കൂടുകൾ അവരുടെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നുമുണ്ട്. അവയുടെ നിർമ്മാണ വൈദഗ്ധ്യമാകട്ടെ അതിശയിപ്പിക്കുന്നതാണ്. മരച്ചില്ലകളിലും ഗുഹാന്തർ ഭാഗങ്ങളിലും അഭയം തേടിയിരുന്ന മനുഷ്യന്റെ ക്രമാനുഗതമായ വളർച്ചയായിരുന്നിരിക്കണം വാസ്തുവിദ്യ എന്ന സാങ്കേതികജ്ഞാനത്തിലേക്ക് എത്തിച്ചേരാൻ ഇടയായത്. വാസ്തു എന്ന സംസ്കൃതപദത്തിന് പാർപ്പിടം എന്നാണർത്ഥം. കെട്ടിടനിർമ്മാണരീതിയെയാണ് വാസ്തുവിദ്യ എന്ന പദംകൊണ്ട് കുറിക്കുന്നത്. കെട്ടി ഉണ്ടാക്കുന്നവയാണ് കെട്ടിടങ്ങൾ. ആരാധനാലയങ്ങൾ, കൊട്ടാരങ്ങൾ, കൂത്തമ്പലങ്ങൾ, കച്ചവടസ്ഥാപനങ്ങൾ, കാര്യാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കളിയിടങ്ങൾ തുടങ്ങി നിർമ്മിതിയുടെ പുതിയ അർത്ഥതലങ്ങൾ ഈ പദം ഇന്ന് ഉൾക്കൊള്ളുന്നുണ്ട്. വാസ്തുവിദ്യാസംബന്ധമായി നമുക്ക് ലഭ്യമായിട്ടുള്ള *തന്ത്രസമുച്ചയം*, *മനുഷ്യാലയ ചന്ദ്രിക*, *വാസ്തുവിദ്യ*, *ശില്പരത്നം* തുടങ്ങിയ സംസ്കൃതകൃതികൾ ഈ കലാവിദ്യയുടെ മികവും പ്രാവീണ്യതയും രേഖപ്പെടുത്തുന്നു. *തന്ത്രസമുച്ചയ*ത്തിൽ ക്ഷേത്രനിർമ്മാണത്തെക്കുറിച്ചും *മനുഷ്യാലയചന്ദ്രിക*യിൽ ഗൃഹനിർമ്മാണത്തെക്കുറിച്ചുമാണ് പ്രതിപാദിക്കുന്നത്.

ദേവാലയങ്ങളുടേതായാലും മനുഷ്യാലയങ്ങളുടേതായാലും നിർമ്മിതസ്ഥാനം കണ്ടെത്തുന്നതിൽ വലിയ പ്രാധാന്യമാണുള്ളത്. ഹൈന്ദവാചാരങ്ങളിൽ മാത്രമല്ല, ക്രൈസ്തവ-ഇസ്ലാംവിശ്വാസികൾക്കിടയിലും വീടിന് സ്ഥാനനിർണ്ണയം നടത്തുന്ന പതിവുണ്ട്. *കൈക്കണക്കുകളും അടങ്ങൽപട്ടികയും* എന്ന കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാടിന്റെ കൃതിയാണ് ഇന്ന് ഏറെയും വാസ്തുനിർണ്ണയനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നത്. കൊടകര പത്മനാഭൻ, തൃപ്രയാർ കിട്ടാചാര്യൻ, അദ്ദേഹത്തിന്റെ മകൻ

ഉണ്ണി ആചാര്യൻ തുടങ്ങിയവർ ഇരിങ്ങാലക്കുടയിലും പരിസരപ്രദേശങ്ങളിലും വീടുകൾക്ക് സ്ഥാനനിർണ്ണയം നടത്തുന്നതിൽ ഏറെ പ്രശസ്തരാണ്. ശശി, രാജേന്ദ്ര തിലകൻ, അശോകൻ തുടങ്ങി പ്രാദേശികമായി ഇരിങ്ങാലക്കുടയിൽ സ്ഥാനനിർണ്ണയം നടത്തുന്ന തച്ചുശാസ്ത്രവിദഗ്ധരുമുണ്ട്.

## 3.3.1 ഗൃഹനിർമ്മാണം

ഇരിങ്ങാലക്കുടയിൽ, ഓടിട്ട വീടുകളായിരുന്നു ധനികരുടേത്. ഓലമേഞ്ഞ പുരകളാകട്ടെ സാധാരണക്കാരന്റേതും. പുര എന്ന വാക്കുതന്നെ അനാർഭാടമായ വീട് എന്ന ചിന്തയാണ് ഉണർത്തുന്നത്. ജാതിവ്യവസ്ഥ നിലനിന്നിരുന്ന ഘട്ടത്തിൽ വേഷവിധാനത്തിൽ എന്നപോലെ ഭവനം കൊണ്ടും ജാതി തിരിച്ചറിയാൻ സാധിക്കുമായിരുന്നു. കൊട്ടാരവും കോവിലകവും രാജാവിന് സ്വന്തം. മാളികയും ഇല്ലവും മനയും മഠവുമെല്ലാം ആഢ്യൻമാർക്ക് മാത്രം സാധ്യമാകുന്നതാണ്. ശൂദ്രന്റേത് ചെറ്റകളും കുപ്പകളും കുടിലുകളുമായിരുന്നു. ഓടു മേയാൻ പ്രത്യേകം അനുവാദം വേണമായിരുന്നു. തട്ടിടാനുള്ള അവകാശം, ചെമ്പുകൊണ്ടു പണിയുവാനുള്ള അവകാശം മുതലായവ നാടുവാഴികൾക്കും പ്രമുഖ ജന്മിമാർക്കും ക്ഷേത്രങ്ങൾക്കുമായിരുന്നു. സാധാരണക്കാർക്ക് കല്ലുകൊണ്ടോ ഓടുകൊണ്ടോ പണിയാൻ അവകാശമുണ്ടായിരുന്നില്ല. കെട്ടിടനിർമ്മാണത്തിൽ സമൂഹത്തിലെ ഉച്ചനീചത്വം പ്രതിഫലിച്ചു. തച്ചുശാസ്ത്രവൈദഗ്ധ്യത്തിന്റെ കുത്തക ഉപരിവർഗ്ഗത്തിനായിരിക്കുമെന്ന് ഉറപ്പുവരുത്തുകയും ചെയ്തു (ഗണേഷ് കെ.എൻ., 1997:270).

ഓലമേഞ്ഞ പുരകൾ വർഷാവർഷം പുതുക്കി പണിയേണ്ടിവന്നിരുന്നു. ഇരിങ്ങാലക്കുടയിലും പരിസരപ്രദേശങ്ങളിലും പുരകെട്ട് ഒരാഘോഷം തന്നെയായിരുന്നു. കേരളത്തിൽ പൊതുവേ ഇതുതന്നെയായിരുന്നു സ്ഥിതി എന്ന് പി. ഭാസ്കരനുണ്ണി രേഖപ്പെടുത്തുന്നുണ്ട്, "എത്ര വമ്പനും ഒറ്റയ്ക്ക് ഒരു പുര മേഞ്ഞുകെട്ടാൻ കഴിയില്ല. അതിനു മറ്റുള്ളവരുടെ സഹായം കൂടിയേ കഴിയൂ. വർഷംപ്രതി വേനൽക്കാലത്താണ് പുര മേയുക. പതിവ് തെറ്റിയാൽ, അടുത്ത മഴയ്ക്ക് വെള്ളം വീടിനകത്താവും. ഈ ദുരിതത്തെ സാമൂഹ്യ ദുരിതമായി കാണാനും അതിന് ഒരുമിച്ചുതന്നെ പ്രതിവിധി ചെയ്വാനും കരയോഗങ്ങൾ സന്നദ്ധമായിരുന്നു എന്നുള്ളതാണ് മർമ്മസ്പൃക്കായഭാഗം. ഒരാൾ മറ്റുള്ളവർക്കുവേണ്ടി, മറ്റുള്ളവർ ഒരാൾക്കുവേണ്ടി എന്ന സിദ്ധാന്തത്തിന്റെ പ്രായോഗി

കമായ നിറവേറ്റലാണ് ഈ കെട്ടിമേയൽ" (2000:85). പരസ്പരസഹകരണത്തിന്റെ ഒരു വലിയപാഠം തന്നെയാണ് പുരമേയൽ. ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയില ധികം കാലംവരെയും ഈ പുരമേയൽ ആഘോഷമായി നടന്നതിനെക്കുറിച്ച് വീട്ടിലെ മുതിർന്നവർ പറയുന്നത് കേട്ടിട്ടുണ്ട്. *കൊച്ചിരാജ്യചരിത്ര*ത്തിൽ ഇക്കാര്യം ഇപ്രകാരം രേഖപ്പെടുത്തുന്നു, "ഓരോ വീട്ടുകാരും മറ്റുള്ളവരുടെ പുരകെട്ടു കഴിച്ചു കൊടുക്കണം. പുര കെട്ടിനുള്ള ഓല തയ്യാറായാൽ വീട്ടിലുള്ളവർ പോയി ശേഷം വീട്ടുകാരെ ക്ഷണിക്കും. പിറ്റേദിവസം നേരത്തെ കരക്കാർ ചെന്നു പുരയുടെ ഓല പൊളിച്ചു അടിച്ചു നന്നാക്കി പുതിയ ഓലകൊണ്ടു മേഞ്ഞുകൊടുക്കും. കരക്കാർക്ക് ഈ വകയിൽ പ്രതിഫലമായി ഒന്നും കൊടുക്കുകയില്ല. മുറുക്കുവാൻ വെറ്റില, അടക്ക, ചുണ്ണാമ്പ്, പുകയില, ദാഹ നിവൃത്തിക്കു സംഭാരം, പാനകം ഇതുകൾ തയ്യാറുണ്ടായിരിക്കും. ഉച്ചയ്ക്ക് കഞ്ഞിയുടെ വട്ടവും വൈകുന്നേരം സദ്യയും ഉണ്ട് " (1989:581 -3). ഇന്ന് എന്തിനും അന്യസംസ്ഥാന (അതിഥി) തൊഴിലാളികളെ ആശ്രയിക്കുന്ന പുതിയ തലമുറയ്ക്ക് ഇതൊരു അതിശയക രമായ സംസ്കാരചരിത്രം തന്നെയാണ്.

നാല് ഭാഗത്തേക്കും ചരിഞ്ഞ പുരയുടെ മേൽക്കൂരയ്ക്ക് പാകത്തിൽ മുറിച്ചെടുത്ത, അടയ്ക്കാവാരികൊണ്ട് ചട്ടക്കൂടുകൾ ഉണ്ടാക്കും. ഇവയെ ബന്ധിപ്പിക്കാനായി തെങ്ങി ന്റെ പൊതുമ്പ് വള്ളികളാക്കി ചീന്തിയെടുത്താണ് ഉപയോഗിച്ചിരുന്നത്. തുടർന്ന് നേരത്തേ മെടഞ്ഞ് വച്ച ഓലകൾ കൃത്യമായി പാകത്തിൽ അടുക്കി മേയുകയാണ് ചെയ്യുന്നത്. മഴയേയും മഞ്ഞിനേയും വെയിലിനേയും പ്രതിരോധിക്കാൻ പാകമായിരു ന്നു ഓലമേഞ്ഞ പുരകൾ. മുളകൊണ്ടോ അടയ്ക്കാമരംകൊണ്ടോ തൂണുകൾ രൂപപ്പെടു ത്തും. കളിമണ്ണുകൊണ്ട് ഉറപ്പിച്ച ഇഷ്ടികകളുടെ ചുമരുകളായിരുന്നു. അല്ലാത്തപക്ഷം, ഓലകൊണ്ടുതന്നെ നാല് ഭാഗവും മറയ്ക്കുകയും മുറികൾ വേർതിരിക്കുകയും ചെയ്തു. നില മാകട്ടെ ചാണകം മെഴുകി മിനുസപ്പെടുത്തിയിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയാകുമ്പോഴേക്കും കൂടുതൽ ആളുകൾ ഓടിട്ട വീടുകൾ പണിയാൻ തുടങ്ങി. ഇരിങ്ങാലക്കുടയിൽ വലിയങ്ങാടി മുതൽ കൊല്ലാട്ടി അമ്പലം വരെയുള്ള റോഡരികിൽ ഓടിട്ട ഇരുനിലകളോടു കൂടിയ വീടുകൾ ധാരാളമു ണ്ടായിരുന്നു. അവയിൽ ചിലതെങ്കിലും പഴമയുടെ ഭംഗി നഷ്ടപ്പെടാതെ ഇന്നും സംര ക്ഷിച്ച് പോരുന്നുണ്ട്. ലിറ്റിൽ ഫ്ലവർസ്കൂളിന് മുൻപിലെ എം.സി. ജോസഫിന്റെ വീട്, ചാലക്കുടി റോഡിലെ കണ്ടംകുളത്തി തറവാട് തുടങ്ങിയവ ശ്രദ്ധേയങ്ങളാണ്.

ഓടിട്ട ഒറ്റനിലവീടാണെങ്കിലും മരത്തിന്റെ മേൽതട്ടാണ് (Ceiling) പതിവ്. അതിലേയ്ക്ക് കയറിച്ചെല്ലാൻ കഴിയുംവിധം മരം കൊണ്ടുള്ള കോണിയും ഉണ്ടായിരുന്നു. ഗൃഹനിർമ്മാണവസ്തുക്കളിൽ പ്രധാനം മരം തന്നെയായിരുന്നു. കഴക്കോലുകളും ഉത്തരവും വളയങ്ങളും ജനറൽവാതിലുകളും കട്ടിളകളും തുടങ്ങി ഭിത്തികൾപോലും മരത്തിൽ നിർമ്മിക്കുന്ന രീതി പ്രചാരത്തിലിരുന്നു. തേക്ക്, ഈട്ടി, പ്ലാവ് തുടങ്ങിയ വൃക്ഷങ്ങളുടെ കാതലുള്ള ഭാഗമാണ് ഇതിനായി ഉപയോഗിക്കുക. ഇരിങ്ങാലക്കുടയിൽ അധികവും പ്ലാവിന്റെ കാതലാണ് ഉപയോഗിച്ചിരുന്നത്.

ഓടു മേയാനായി രൂപപ്പെടുത്തുന്ന മേൽക്കുരയുടെ ചട്ടക്കൂട് ശ്രദ്ധേയമാണ്. ഉത്തരത്തിലും മോന്തായങ്ങളിലുമായി കഴക്കോലുകൾകൊണ്ട് വളബന്ധങ്ങൾ ഉണ്ടാക്കി ബന്ധിച്ച് ദൃഢപ്പെടുത്തുന്ന തച്ചന്മാരുടെ കരവിരുത് അതിശയിപ്പിക്കുന്നതാണ്. കർക്കശവും കൃത്യവുമായ കൈ കണക്കുകളും ആനുപാതികതയിലൂന്നിയ അംശക്രമവുമായി ചേർന്ന ഗണിതസമ്പ്രദായം ഇതിന് അനുബന്ധമായി നിൽക്കുന്നു. ചെരിഞ്ഞ മേൽക്കുരയ്ക്കൊപ്പം ചുമർ ഭിത്തികളിൽനിന്ന് പുറത്തേക്ക് നീട്ടിയിടുന്ന കഴക്കോൽ ചാട്ടം മഴചാറ്റലിനെയും വെയിലിനെയും പ്രതിരോധിക്കാൻ സഹായകമാണ്. പ്രധാന മേൽക്കുരയ്ക്കു മുമ്പിലെ ത്രികോണാകൃതിയിലുള്ള മുഖപ്പുകൾ മനോഹരങ്ങളാണ്. ഇവയ്ക്ക് തടിത്തൂണുകളുടെ താങ്ങും ഉണ്ട്. വലിയ മരത്തൂണുകളോട് കൂടിയ വരാന്തകളും. മുറികളിൽ സ്വാഭാവികമായ വായുപ്രവാഹത്തിനായി ജനൽ വാതിലുകൾ നേർരേഖയിൽ വിന്യസിക്കുന്നു.

ഇരിങ്ങാലക്കുടയിലെ വളരെ പ്രശസ്തമായ നാലുകെട്ടാണ് താണിശ്ശേരിയിൽ സ്ഥിതി ചെയ്യുന്ന നെടുമ്പുള്ളി തരണനെല്ലൂർ മന. നാലുകെട്ടിനോട് ചേർന്ന് ഒരു പത്തായപ്പുരയുമുണ്ട്. ഇരുന്നൂറ് വർഷത്തിനടുത്ത് പഴക്കം ഈ കെട്ടിടസമുച്ചയത്തിനുണ്ട് എന്നാണ് കരുതുന്നത്. ആദ്യകാലത്ത് രണ്ടേ മുക്കാൽ ഏക്കറിൽ സ്ഥിതിചെയ്ത പന്ത്രണ്ടുകെട്ടായിരുന്നു മന. നാലര ഏക്കർ ഭൂമിയിൽ നിറഞ്ഞുനിന്നിരുന്ന കച്ചേരി, ഊട്ടുപുര, പത്തായപ്പുരകൾ, തൊഴുത്ത് എന്നിവ വേറെയും. അക്കാലത്ത് മുറ്റം അടിക്കാൻ മാത്രം പതിനാറ് കുടുംബങ്ങൾക്ക് അവകാശമുണ്ടായിരുന്നത്രേ.

മനോഹരമായ ദീപസ്തംഭമാണ് മനയിലേക്ക് കയറിച്ചെല്ലുമ്പോൾ ആദ്യം കാണുക. മുകളിലേക്ക് ഉയർത്തിക്കെട്ടാത്ത രീതിയിലുള്ള നാലുകെട്ടാണിത്. ത്രിമാ

നരുപത്തിലുള്ള മേൽക്കൂരകൾ സവിശേഷ ശ്രദ്ധയാകർഷിക്കുന്നതാണ്. ശ്രീകൃഷ്ണ ചിത്രം ആലേഖനം ചെയ്തിട്ടുള്ള പടിപ്പുരവാതിൽ കടന്നുചെന്നാൽ പൂമുഖത്തെത്തും. മരത്തിൽ കടഞ്ഞെടുത്ത അഴികളാണ് പൂമുഖത്തെ മനോഹരമാക്കുന്നത്. മേൽ ത്തട്ടാകട്ടെ കൊത്തുപണികളാൽ അലങ്കരിച്ചിരിക്കുന്നു. 172 താമരകളാണ് അവിടെ കൊത്തിവച്ചിരിക്കുന്നത്. കൂടാതെ ബ്രഹ്മാവ്, തപസ്സിരിക്കുന്ന അർജ്ജുനൻ, ഗണപതി, അഷ്ടദിക്പാലകർ എന്നിവരുമുണ്ട്. ഉള്ളിലേക്ക് കയറുന്ന വാതിലിന്റെ മുകളിൽ പലകയിൽ ശ്രീപത്മനാഭചിത്രം കൊത്തിവച്ചിരിക്കുന്നു. അഞ്ച് കിടപ്പുമുറികൾ, തളങ്ങൾ, വലിയ നടുമുറ്റം, അടുക്കള എന്നിവ കൂടി ഉൾപ്പെടുന്നതാണ് ഈ നാലുകെട്ട്. പത്തായപ്പുരയിലും എട്ടോളം മുറികൾ ഉണ്ട്. നടുമുറ്റത്തോടുചേർന്നുള്ള തട്ടിന്മേൽ പത്മ നാഭസ്വാമിക്ഷേത്രത്തിലെ ആറാട്ടിന്റെ ചിത്രണം ഉണ്ട്. കൂടാതെ ഗീതോപദേശവും മറ്റു മൂർത്തികളെയും കൊത്തിവച്ചിരിക്കുന്നു. തടികളിൽ കടഞ്ഞെടുത്ത തൂണുകൾ മനോ ഹരമായ കാഴ്ചയാണ്. ചുറ്റിലുമുള്ള കിളിവാതിലുകൾ പുറംകാഴ്ചകൾക്കുള്ള സൗകര്യം മാത്രമല്ല കാറ്റും വെളിച്ചവും അകത്തേക്ക് പ്രവേശിക്കുന്നതിനുകൂടി സഹായകമാണ്. നടുമുറ്റത്തേക്ക് തുറക്കുന്ന മുറികളും രണ്ടറ്റവും മുഖപ്പുകളുള്ള ചെരിഞ്ഞ മേൽക്കൂരയും ശ്രദ്ധേയമാണ്. നാലുകെട്ടുകളെ സുഖവാസ സ്ഥാനങ്ങളാക്കുന്നത് താപനിലയനു സരിച്ച് അതിനകത്തെ വായുപ്രവാഹത്തിന്റെ അളവ് കൂടുതലായതിനാലാണെന്ന് ഡോ. പി.വി. ഔസേപ്പ് വിലയിരുത്തുന്നു. “സൂര്യന്റെ കിരണങ്ങൾ നേരിട്ട് നടുമുറ്റത്ത് പതിക്കുമ്പോൾ അതിനകത്തെ വായുമണ്ഡലം ഒന്നാകെ ചൂടാകുന്നു. ഇപ്രകാരം ചൂടാകുന്ന വായു വികസിച്ച് കനംകുറഞ്ഞ് നേരെ തുറന്നുകിടക്കുന്ന മേലോട്ട് ഉയരുന്നു. വായു ഉയർന്ന് പോയ ഇടം നാലുകെട്ടിന്റെ പാർശ്വങ്ങളിൽനിന്നു വരുന്ന കാറ്റുകൊ ണ്ട് നിറയുന്നു. ഈ ഭാഗം വീണ്ടും വീണ്ടും ചൂടാക്കുമ്പോൾ വായു മേലോട്ട് ഉയർന്ന് കാറ്റ് രൂപപ്പെടുന്നു. ഈ പ്രക്രിയ നിരന്തരം ഉണ്ടാകുന്നതിനാൽ നാലുകെട്ടിലെ വാസം ഏറ്റവും ഹൃദ്യമാകുന്നു” (2006:141-2). വായുസഞ്ചാരം ഗൃഹനിർമ്മാണത്തിൽ ഏറെ പ്രധാനം തന്നെയാണ്. തരണനെല്ലൂർ മനയുടെ നിർമ്മാണവൈദഗ്ധ്യവും കരകൗശലവും ശ്രദ്ധേയമാണ്.

പത്തൊമ്പതാം നൂറ്റാണ്ടിനുശേഷം കേരളീയരുടെ ജീവിതരീതിയിൽ വലിയ മാറ്റങ്ങളാണ് സംഭവിച്ചത്. സാമൂഹ്യക്രമത്തിലും സാംസ്കാരികതലത്തിലുമുണ്ടായ പരി വർത്തനം മൂലം കുടിൽ, ഇല്ലം, കോവിലകം തുടങ്ങിയ പേരുകൾ മാറി വീട് എന്ന

പൊതു സംജ്ഞയിലേക്ക് എത്തിച്ചേർന്നു. സമ്പത്തിക സ്ഥിതിയനുസരിച്ചുള്ള വ്യത്യസ്ത ഗൃഹനിർമ്മാണരീതികൾ സ്വീകരിച്ചു. സാമൂഹ്യപരിഷ്കരണത്തിന്റെ ഫലമായി പുതിയ ചിന്താധാരകൾ വാസ്തുവിദ്യയിലും കടന്നുവന്നു. ആകൃതി ആവശ്യത്തെ അനുഗമിക്കുന്നു (form follows function) എന്നൊരു ആശയം തന്നെ നവീനവാസ്തുവിദ്യ അവതരിപ്പിക്കുന്നുണ്ട്. വ്യവസായികമായി ഉത്പാദിപ്പിക്കുന്ന ഗ്ലാസ്, സ്റ്റീൽ, ഫൈബർ തുടങ്ങിയവ നിർമ്മാണസാമഗ്രികളായി കടന്നുവന്നു. കെട്ടിടനിർമ്മാണവസ്തുക്കളുടെ ലഭ്യതയ്ക്കനുസരിച്ചാണ് ഓരോ കാലത്തും ഓരോ ദേശത്തും ഗൃഹനിർമ്മാണം സാധ്യമായിട്ടുള്ളത്. മണ്ണുപൊത്തിയ പുല്ലുമേഞ്ഞ വീടുകളിൽനിന്നും മരങ്ങളും ഓടും വെട്ടുകല്ലുകളും പ്രയോജനപ്പെടുത്തിയ നാലുകെട്ടുകളിലേക്കും തുടർന്ന് കമ്പിയും സിമന്റും മണലും ചേർത്ത് രൂപപ്പെടുത്തിയ കോൺക്രീറ്റ് കെട്ടിടങ്ങളിലേക്കുമുള്ള ഗൃഹനിർമ്മാണത്തിന്റെ ക്രമാനുഗതമായ മാറ്റം ഇരിങ്ങാലക്കുടയിലും ദൃശ്യമാണ്. വീടിന്റെ തറകളിൽ ഇഷ്ടികകൾ പാകുന്നതാണ് നമ്മുടെ കാലാവസ്ഥയ്ക്ക് ഏറെ ഗുണകരമായിട്ടുള്ളത്. എങ്കിലും റെഡ് ഓക്സൈഡ്, മൊസൈക്ക് തുടങ്ങിയ രീതികൾ ഇവിടെ സാധാരണമായിരുന്നു. ഇന്നത് വിലകൂടിയ മാർബിളിനും ഗ്രാനൈറ്റിനും വഴിമാറിയിരിക്കുന്നു.

പഞ്ചായത്ത് - വില്ലേജ് കാര്യാലയങ്ങളിൽനിന്നുമുള്ള അനുവാദത്തോടെ കോൺക്രീറ്റ് കെട്ടിടങ്ങളാണ് ഇന്ന് രൂപകൽപ്പന ചെയ്യുന്നത്. അതിൽതന്നെ സാമ്പത്തിക സൗകര്യങ്ങളും പ്രവാസനിക്ഷേപങ്ങളും വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. കാലാവസ്ഥയ്ക്കും ഭൂപ്രകൃതിയുടെ സവിശേഷതകൾക്കുമുപരിയായി പടിഞ്ഞാറൻ നിർമ്മാണരീതികളെ അനുകരിക്കാനുള്ള ഭ്രമം കൂടുതലായി കാണുന്നു.

### 3.3.2 ക്ഷേത്രനിർമ്മിതി

കേരളീയജീവിതത്തോട് അഭേദ്യബന്ധം പുലർത്തുന്ന ഇടമാണ് ക്ഷേത്രം. കേരളത്തിലെ ക്ഷേത്രങ്ങൾ വാസ്തുശാസ്ത്രഗ്രന്ഥങ്ങൾ നിഷ്കർഷിക്കുന്ന നിയമങ്ങളെ കൃത്യമായി പാലിച്ചിരുന്നു. അതവഗണിച്ചാൽ ഈശ്വരകോപത്തിനു കാരണമാകുമെന്നും അനർത്ഥങ്ങൾ സംഭവിക്കുമെന്നുമാണ് ജനങ്ങളുടെ വിശ്വാസം. കേരളം പല ദേശങ്ങളായി വിഭജിക്കപ്പെട്ടിരുന്ന കാലഘട്ടത്തിലും ക്ഷേത്രങ്ങളിലെ വാസ്തുശില്പനിർമ്മാണത്തിൽ ഒരു ഏകീകരണസ്വഭാവം നിലനിർത്തുന്നതിന് ഇത് കാരണമായിട്ടുണ്ട്. ഓരോ

പ്രദേശങ്ങളിലെയും ജനങ്ങളുടെ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ അവസ്ഥകളെ ക്ഷേത്രം പ്രതിനിധാനം ചെയ്യുന്നു.

*ആർക്കിടെക്ച്ചർ സർവ്വേ ഓഫ് ടെമ്പിൾസ് ഓഫ് കേരള* (1978) എന്ന കൃതിയിൽ എച്ച്. സർക്കാർ കേരളത്തിലെ ക്ഷേത്രനിർമിതികളെ മൂന്ന് ഘട്ടങ്ങളായി തിരിക്കുന്നു. പൊ.വ. 800 -നും 1000 -നും ഇടയിലും, 1001 -നും 1300 -നും ഇടയിലും 1301 -നും 1800 -നും ഇടയിലുമാണവ. 'സ്റ്റഡി ഓഫ് ടെമ്പിൾസ് ഇൻ എറണാകുളം ആൻഡ് തൃശ്ശൂർ ഡിസ്ട്രിക്ട് ഓഫ് കേരള അപ് ടു 1700 എ.ഡി' എന്ന ഗവേഷണ പ്രബന്ധത്തിൽ മുൻ വിഭജനരീതിയെ അംഗീകരിച്ചു കൊണ്ടാണ് തുടർ ഗവേഷണം നടത്തുന്നത്. പൊ.വ. 800 -ന് മുൻപുള്ള കാലം കാവുകളുടേയിരുന്നു എന്നുവേണം കരുതാൻ. അവിടെ പ്രകൃതിക്കും അതിലെ ജീവജാലങ്ങൾക്കും പ്രാധാന്യം നൽകുന്ന ഒരിടത്തിൽ ഉയർന്ന തറയിൽ പ്രതിഷ്ഠിച്ച കൽവിഗ്രഹങ്ങളായിരുന്നു ആരാധനാ മൂർത്തികൾ. ജൈവവൈവിധ്യത്തെ സംരക്ഷിക്കുന്ന പ്രകൃതിദത്ത ആരാധനാലയങ്ങളായിരുന്നു കാവുകൾ. എട്ടാം നൂറ്റാണ്ടിനു ശേഷമായിരുന്നിരിക്കണം ശ്രീകോവിലോടുകൂടിയ ക്ഷേത്രം എന്ന സങ്കൽപത്തിലേക്ക് എത്തിച്ചേരുന്നത്. കാവുകൾ രൂപാന്തരം പ്രാപിച്ചാണ് ക്ഷേത്രങ്ങളായി പരിണമിച്ചത് എന്ന ചിന്തയും ഉണ്ട്. കേരളത്തിലെ മഹാക്ഷേത്രങ്ങളെല്ലാം ഏകദേശം പത്താം നൂറ്റാണ്ടിനു ശേഷമാണ് ഇന്നു കാണുന്ന രൂപത്തിലേക്ക് പരിവർത്തനപ്പെട്ടത് എന്ന് കരുതാം. കേരളീയക്ഷേത്രങ്ങളുടെ വാസ്തുവിദ്യയിൽ ജൈന -ബുദ്ധസ്വാധീനവും തള്ളിക്കളയാനാവില്ല.[11] ആദിശങ്കരാചാര്യരുടെ കാലത്ത് ഇവിടെ വേദിക്ചിന്ത അഭിവൃദ്ധി പ്രാപിക്കുകയും ബുദ്ധ ജൈന ആരാധനാലയങ്ങൾ ഹൈന്ദവക്ഷേത്രങ്ങളായി

[11] In spite of the absence of architectured monuments there is conclusive hope of the influence of the Buddhist school on Kerala architecture of letter periods. The circular temples basically follow the shapes of the Buddhist Stupas, the dome shaped mounds. The aspidal temples are modelled in the pattern of Chaitya window seen repeated in the decorative moulding of the Thorana around the temple shrine is clearly a Buddhist motif adopted in Hindu style, according to Percy Brown. Basically throna is a gateway provided in the palisade seen in the vertical and horizontal members of the vilakku madam which is a feature seen only in the Kerala temples of the post Buddhist period. In it's most primitive form this construction is seen in the hypaethral temples enshrining trees and later on the outer walls of the shrines proper. With the stylistic development of the Hindu temple this form of palisade is removed from the shrine structure (Srikovil) and taken as a separate edifce beyond the temple cloister (chuttambalam). (Balagopal T.S. Prabhu, 1999)

പരിവർത്തനം ചെയ്യുകയുമാണ് ഉണ്ടായതെന്ന് ഡോ. ബിനു മോൾ ടോം വിലയിരുത്തുന്നു (2013:1342).

തച്ചരാൽ പണി നടത്തിയേറ്റവും മെച്ചമാം
വിധമിതൊക്കെയീ ദ്വിജർ,
ഉച്ച സുവിഹാര ഭാഷ കല്പിച്ച മട്ടിവയിങ്കലുണ്ടുപോൽ
നാളെവേ പണികഴിപ്പിച്ച തച്ചർ കമ്മാളർ
ബുദ്ധമത ബദ്ധരായ് വരാം"

എന്ന കുഞ്ഞിക്കുട്ടൻതമ്പുരാന്റെ വരികളും ബിനു മോൾ ടോം ഉദ്ധരിക്കുന്നുണ്ട് (2013:1342). ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രവും ഒരുകാലത്ത് ജൈനക്ഷേത്രമായിരുന്നു എന്ന ചിന്ത ചരിത്രകാരന്മാർക്കിടയിൽ ഉണ്ട് (നോ. 2.3).

തന്ത്രസമുച്ചയവിധിപ്രകാരം തീർത്ഥസ്ഥാനങ്ങളുടെ തീരത്തോ വനാന്തരർഭാഗത്തോ മറ്റോ തിരഞ്ഞെടുക്കുന്ന ഭൂമിയാണ് ക്ഷേത്രനിർമ്മാണത്തിന് ഉപയോഗിക്കുന്നത്. പുഴകൾ പരസ്പരം സന്ധിക്കുന്ന ഇടം ക്ഷേത്രനിർമ്മാണത്തിന് ഏറ്റവും അനുയോജ്യമാണ് എന്നും സൂചനയുമുണ്ട്. കൂടൽമാണിക്യക്ഷേത്രത്തിന്റേത് ഇത്തരമൊരു പുണ്യഭൂമിയാണ് എന്നൊരു വിശ്വാസം നിലനിൽക്കുന്നുണ്ട്. ചാലക്കുടി പുഴയും കുറുമാലിപ്പുഴയും സന്ധിച്ചിരുന്ന ഇടമാണ് കൂടൽമാണിക്യക്ഷേത്രസന്നിധി എന്നതിനെക്കുറിച്ച് സ്ഥലനാമവിവരണത്തിൽ സൂചിപ്പിക്കുന്നുണ്ട് (നോ. 2.2.1).

ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രത്തിൽനിന്നും ഒമ്പത് -പത്ത് നൂറ്റാണ്ടുകളിലെ ശാസനങ്ങൾ ലഭ്യമായിട്ടുണ്ട് എന്നതുകൊണ്ടുതന്നെ ക്ഷേത്രനിർമ്മാണത്തിന് അതിനേക്കാൾ പഴക്കം അനുമാനിക്കാം. എന്നാൽ പലഘട്ടങ്ങളിലായി ക്ഷേത്രപുനർനിർമ്മാണം നടന്നിട്ടുണ്ട്. പതിനെട്ടാം നൂറ്റാണ്ടിൽ ടിപ്പുവിന്റെ പടയോട്ടക്കാലത്ത് ക്ഷേത്രം അഗ്നിക്കിരയാക്കപ്പെടുകയും കൂത്തമ്പലം അടക്കമുള്ള ഭാഗങ്ങൾ പുനർനിർമ്മിക്കുകയും ചെയ്തതായി പറയപ്പെടുന്നു. 1919 മാർച്ച് ആറിന് രേഖപ്പെടുത്തപ്പെട്ട ശിലാലിഖിതത്തിൽ വഞ്ചീശ്വനായ തിരുവിതാംകൂർ മഹാരാജാവ് ശ്രീമൂലം തിരുനാൾ (1885 -1924) തേനിന്റെ അടപോലെ (ദീപാളി ഗേഹം) മനോഹരമായ വിളക്കുമാടം നിർമ്മിച്ചതായി പറയുന്നു.[12] ക്ഷേത്രത്തിലെ പ്രധാനഭാഗമായ ശ്രീകോവിലിലാണ്

[12]Santhosh E., 2018, Expansion of temple structures of late medieval Kerala: Five newly discovered epigraph from the Midlands of Thrissur)

ദേവപ്രതിഷ്ഠ നടത്തുന്നത്. കൂടൽമാണിക്യക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ഭഗവത് വിഗ്രഹം ചതുർബാഹുവായ മഹാവിഷ്ണുവിന്റേതാണ്. വിഗ്രഹത്തിന്റെ ഇടതുഭാഗത്തുള്ള മുകളിലെ കയ്യിൽ സുദർശനചക്രവും, താഴെ പാഞ്ചജന്യം എന്ന ശംഖുമാണ്. വലതുഭാഗത്തെ മുകളിലെ കയ്യിൽ അക്ഷരമാലയും താഴെ കൗമോദകി എന്ന ഗദയും ധരിച്ചിരിക്കുന്നു. ശിരസ്സിൽ കിരീടത്തിന് പകരം ജഡാധാരിയാണ് പ്രതിഷ്ഠാവിഗ്രഹം എന്നത് കൂടൽമാണിക്യദേവനെ മറ്റ് ക്ഷേത്രങ്ങളിൽനിന്ന് വ്യത്യസ്തമാക്കുന്നു. ഗർഭഗൃഹം എന്നറിയപ്പെടുന്ന ഇവിടം സാധാരണയായി വൃത്താകൃതിയിലോ ചതുരാകൃതിയിലോ ഗജപൃഷ്ഠാകൃതിയിലോ ആണ് നിർമ്മിക്കുന്നത്. കേരളീയമായ ദ്രാവിഡരീതിയാണ് ഇതെന്നു പറയാം. കൂടൽമാണിക്യം ക്ഷേത്രശ്രീകോവിൽ ഗജപൃഷ്ഠാകൃതിയിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. കോണാകൃതിയിലുള്ള ശ്രീകോവിലിന്റെ മേൽക്കൂരയും ക്ഷേത്രമണ്ഡപവും ചെമ്പോല മേഞ്ഞിരിക്കുന്നു. ചതുരാകൃതിയിലുള്ള ശ്രീകോവിലുകളാണെങ്കിൽ അവയുടെ മേൽക്കൂര പിരമിഡാകൃതിയിലായിരിക്കും. മരംകൊണ്ടുള്ള മേൽക്കൂരയുടെ ചട്ടക്കൂട് സാങ്കേതികത്തികവോടെയാണ് പണിതീർത്തിരിക്കുന്നത്. ശ്രീകോവിലിനു മുന്നിലുള്ള ഭാഗമാണ് സോപാനം. ഇവിടെ സോപാനത്തിന്റെ അതേശിലകൾ കൊണ്ടുതന്നെയുള്ള ദ്വാരപാലകരേയും കാണാം. സോപാനത്തിന് മുകൾഭാഗത്തെ താഴികക്കുടം പിച്ചളകൊണ്ടുള്ളതാണ്. ശ്രീകോവിലിനു മുന്നിലായി ഭക്തർക്ക് സ്രാഷ്ടാംഗപ്രണാമം നടത്തുന്നതിനുള്ള നമസ്കാരമണ്ഡപം അല്പം ഉയർത്തി കെട്ടിയ നിലയിലാണ് സ്ഥിതിചെയ്യുന്നത്.

വാസ്തുശാസ്ത്രഗ്രന്ഥങ്ങൾ നിഷ്കർഷിക്കുന്ന അളവനുസരിച്ചുള്ള ശ്രീകോവിലിന്റെ ഒന്നോ ഒന്നരയോ ഇരട്ടി അകലത്തിലാണ് ചുറ്റമ്പലം പണിയുന്നത്. നാലമ്പലം എന്നും അറിയപ്പെടുന്ന ഈഭാഗം ശ്രീകോവിലിനു ചുറ്റുമായി കെട്ടിയുയർത്തിയ സ്ഥലമാണ്. ചുറ്റമ്പലത്തിലെ ഒരുവശത്തായി തിടപ്പിള്ളി എന്നറിയപ്പെടുന്ന ചെറിയ പാചകശാല കാണാം. നിവേദ്യങ്ങൾക്കും മറ്റുമായി കരുതുന്ന അരി, പഞ്ചസാര, നെയ്യ്, എണ്ണ എന്നിവ സൂക്ഷിക്കുന്ന മുളയരി എന്നറിയപ്പെടുന്ന, പത്തായപ്പുരയും ഇവിടെയാണ്. അകത്തെ പ്രാകാരത്തിന്റെ പുറം ഭിത്തിയിൽ ചെറിയ വിളക്കുകൾ തെളിയിക്കുന്നത് മനോഹരമായ കാഴ്ചയാണ്. ചുറ്റമ്പലത്തിന് പുറത്താണ് വിളക്കുമാടം സ്ഥിതി ചെയ്യുന്നത്.

വാതിൽമാടം വഴിയാണ് അമ്പലത്തിലേക്ക് പ്രവേശിക്കുന്നത്. വിളക്കുമാടത്തിന് പുറത്ത് ശ്രീകോവിലിന് നേരെയായി കൊടിമരം സ്ഥിതിചെയ്യുന്നു. ഇവയെല്ലാം സംരക്ഷിക്കുന്നത് ഗോപുരത്തോടുകൂടിയ ക്ഷേത്രമതിൽക്കെട്ടാണ്. കൂടൽമാണിക്യം ക്ഷേത്രത്തിലെ നടപ്പുരയും ഗോപുരവും ഓടുമേഞ്ഞ് ഭംഗിയാക്കിയിരിക്കുന്നു. രണ്ട് നടപ്പുരകളാണ് ക്ഷേത്രത്തിനുള്ളത്.

ക്ഷേത്രത്തിൽ പ്രദക്ഷിണം പൂർത്തിയാകണമെങ്കിൽ തീർത്ഥക്കുളവും കൂത്തമ്പലവും കൂടെ പ്രദക്ഷിണത്തിൽ ഉൾപ്പെടുത്തണം എന്ന് വിശ്വസിച്ചുവരുന്നു. ക്ഷേത്രമതിൽക്കെട്ടിനു പുറത്തുള്ള കുട്ടൻകുളം തച്ചുശാസ്ത്രവിദഗ്ധനായ കുട്ടൻ വാര്യർ പണികഴിപ്പിച്ചതാണെന്നാണ് വിശ്വാസം. ദീർഘചതുരാകൃതിയിലുള്ള ഈ കുളത്തിൽ സൂര്യോദയത്തിലോ അസ്തമനസമയത്തോ നിഴൽ വീഴാത്ത വിധത്തിലാണ് നിർമ്മിച്ചിരുന്നതത്രേ (നോ. 2.7.2).

## 3.3.3 കൂത്തമ്പലം

വാസ്തുവിദ്യാപരമായി മികവുറ്റ കൂത്തമ്പലങ്ങളിൽ ഒന്നാണ് ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രത്തിലേത്. ക്ഷേത്രത്തിന്റെ ശ്രീകോവിലിനു മുൻപിൽ ദേവന്റെ വലതുഭാഗത്തായി തെക്കുകിഴക്ക് ഭാഗത്ത് വടക്കോട്ട് അഭിമുഖമായിട്ടാണ് കൂത്തമ്പലം സ്ഥിതിചെയ്യുന്നത്. കൂത്ത് -കൂടിയാട്ടം മുതലായവ അവതരിപ്പിക്കുന്ന രംഗവേദിയാണിത്. ഘടനയിലും മനോഹാരിതയിലും മികവുറ്റ ഈ കൂത്തമ്പലം ആചാരപരമായ പ്രാധാന്യംകൊണ്ടും വേറിട്ടു നിൽക്കുന്നു. പൊ.വ. 1768 -ലാണ് ഇന്ന് കാണുന്ന കൂത്തമ്പലം സ്ഥാപിച്ചത്. ഭരതമുനിയുടെ *നാട്യശാസ്ത്ര*ത്തിലും 15 -ാം നൂറ്റാണ്ടിൽ ചേന്നാസ് നാരായണൻ നമ്പൂതിരിപ്പാട് എഴുതിയ *തന്ത്രസമുച്ചയ*ത്തിലും പറഞ്ഞുവച്ച നിയമങ്ങൾക്ക് അനുസരിച്ചാണ് ഇത് നിർമ്മിക്കപ്പെട്ടിട്ടുള്ളത്.

ഭരതമുനിയുടെ *നാട്യശാസ്ത്ര*ത്തിലെ രണ്ടാം അധ്യായമായ മണ്ഡപവിധിയിലാണ് നാട്യഗൃഹലക്ഷണങ്ങളെക്കുറിച്ച് വിവരിക്കുന്നത്. കൂത്തമ്പലനിർമ്മിതിക്കായി സ്ഥലം തിരഞ്ഞെടുക്കേണ്ടതിനെയും കർമ്മങ്ങൾ അനുഷ്ഠിക്കേണ്ടതിനെയും കുറിച്ച് മണ്ഡപവിധിയിൽ ഭരതമുനി കൃത്യമായി വിവരിക്കുന്നുണ്ട് (1984:108). വികൃഷ്ടം, ചതുരശ്രം, ത്ര്യശ്രം എന്നിങ്ങനെ മൂന്ന് തരം രംഗവേദികളെക്കുറിച്ച് അവിടെ പറയുന്നു. ദീർ

ഘചതുരാകൃതിയിലുള്ളത് വികൃഷ്ടവും സമചതുരാകൃതിയിൽ ചതുരശ്രവും മുക്കോണാകൃതിയിൽ ത്ര്യശ്യവും ഉണ്ടായിരിക്കും. വലിപ്പത്തിന്റെ അടിസ്ഥാനത്തിൽ ഇവയ്ക്ക് മൂന്നിനും ജ്യേഷ്ഠം, മദ്ധ്യം, കനിഷ്ഠം എന്നിങ്ങനെ മൂന്ന് അളവുകളുമുണ്ട്. നൂറ്റെട്ട് കോലാണ് വലുത് (ജ്യേഷ്ഠം), അറുപത്തിനാല് കോല് ഇടത്തരം (മദ്ധ്യം), മുപ്പത്തിരണ്ട് കോല് ചെറുത് (കനിഷ്ഠം) എന്നിവയാണ് അളവുകൾ. മദ്ധ്യമമായ - അറുപത്തിനാല് കോൽ നീളമുള്ള കൂത്തമ്പലങ്ങൾ ആണ് ഏറ്റവും നല്ലത് എന്ന് ഭരതമുനി തന്നെ നിർദേശിക്കുന്നുണ്ട്. നടവാക്യങ്ങളും ഗീതങ്ങളുമെല്ലാം സുഖമായി കേൾക്കാനും മുഖഭാവങ്ങൾ വ്യക്തമായി കാണാനും ഇത് സഹായകരമാവും. മദ്ധ്യമമായ ഇടത്തരം കൂത്തമ്പലമാണ് കൂടൽമാണിക്യക്ഷേത്രത്തിലേത്. കൂത്തമ്പലത്തിന് 21 മീറ്റർ നീളവും 15.8 മീറ്റർ വീതിയുമാണ് ഉള്ളത്. ആകെ ഉയരമാകട്ടെ 15.45 മീറ്ററും മേൽക്കൂരയുടെ മാത്രം ഉയരം 12.98 മീറ്ററുമാണ്. ചാക്യാരുടെയും മിഴാവിന്റെയും ശബ്ദം ആവശ്യമായ മുഴക്കത്തോടെ കൂത്തമ്പലത്തിനകത്ത് ലഭ്യമാക്കുന്നതിന് ഈ സജ്ജീകരണങ്ങൾ ഏറെ സഹായകമാണ്. അകത്തളങ്ങളെ വലയം ചെയ്യുന്ന അരമതിലും ബാക്കിഭാഗം മരത്തിന്റെ അഴികളിട്ട ചട്ടക്കൂടുമാണുള്ളത്. ആവശ്യമായ കാറ്റും വെളിച്ചവും അകത്തേക്ക് പ്രവേശിക്കുന്നതിന് ഇത് സഹായകമാകുന്നു. ദീപവിതാനവും ശബ്ദസജ്ജീകരണവും വളരെ ശ്രദ്ധാപൂർവ്വമാണ് കൂത്തമ്പലത്തിൽ ക്രമീകരിച്ചിരിക്കുന്നത്. ശബ്ദത്തിനോ വെളിച്ചത്തിനോ വേണ്ടി ആധുനിക സംവിധാനങ്ങളൊന്നും തന്നെ ഇവിടെ ഉപയോഗപ്പെടുത്തുന്നില്ല. രംഗവേദിയുടെ മധ്യഭാഗത്ത് കത്തിച്ചുവച്ച മൂന്ന് തിരിയിട്ട നിലവിളക്കാണ് കൂത്തമ്പലത്തിനകത്ത് പ്രകാശം നൽകുന്നത്. ഒരു മീറ്ററാണ് ഈ നിലവിളക്കിന്റെ ഉയരം.

ക്ഷേത്രത്തിന്റെ കിഴക്കേഗോപുരനടയിൽ കൂടി പ്രവേശിക്കുമ്പോൾ ഇടതുഭാഗത്തായി കോവിലിന് അഭിമുഖമായിട്ടാണ് കൂത്തമ്പലത്തിന്റെ നില. പുറകിലെ അണിയറയിൽനിന്നും രംഗത്തിലേക്ക് ഒരു പ്രവേശനദ്വാരം ഉണ്ട്. അണിയറയ്ക്കു നേരെയായി ജനങ്ങൾക്ക് പ്രവേശിക്കാൻ ഒരു പ്രവേശനകവാടവുമുണ്ട്. രംഗാഭിമുഖമായിട്ടാണ് രണ്ടാമത്തെ പ്രവേശനദ്വാരമുള്ളത്. ദാരുശില്പകലയുടെ അതിശയിപ്പിക്കുന്ന മനോഹാരിതയാണ് കൂത്തമ്പലനിർമ്മിതിയിൽ കാണാനാകുന്നത്. മണ്ഡപധാരണത്തിന് കൊടുക്കുന്ന ഉത്തരം താങ്ങുന്ന തൂണുകൾ ശില്പാലംകൃതമാണ്. ദീർഘചതുരാകൃതിയിലുള്ള കൂത്തമ്പലത്തിന്റെ മേൽക്കൂരയെ താങ്ങിനിർത്തുന്നത് രണ്ടു നിരകളിലായി 42 തൂണുകളാണ്. കൊത്തുപണികളാൽ അലംകൃതമായ ഈ തൂണുകൾ കാഴ്ചയിൽ

മനോഹരമാണ്. രംഗവേദിയാകട്ടെ നാല് തൂണുകളാൽ വേർതിരിച്ച നിർത്തിയിരിക്കുന്നു. മേൽക്കൂരയിലെ അകത്തളങ്ങളെ അലങ്കരിക്കുന്ന ദാരുശില്പങ്ങൾ കൂത്തമ്പലത്തിന്റെ മനോഹാരിതയ്ക്ക് മാറ്റുകൂട്ടുന്നു. അഷ്ടദിക്പാലകരെക്കൂടാതെ രാമായണത്തിലെയും മഹാഭാരതത്തിലെയും രംഗങ്ങളാണ് ഇവിടെ കൊത്തിവച്ചിരിക്കുന്നത്. പുറമേനിന്നു നോക്കിയാൽ പിരമിഡ് ആകൃതിയിൽ കാണപ്പെടുന്ന മേൽക്കൂരയാണ് കൂത്തമ്പലത്തിന്റേത്. മേൽക്കൂരയുടെ ഈ ആകൃതി കഠിനമായ ചൂടിൽനിന്നും മഴയുടെ ഈർപ്പത്തിൽ നിന്നും അകത്തളങ്ങൾക്ക് സംരക്ഷണം നൽകുന്നു. ചെമ്പുമേഞ്ഞ ഇതിന്റെ മുകളിൽ മനോഹരമായ മൂന്ന് മകുടങ്ങളുണ്ട്.

ഇന്ത്യ ഗവൺമെന്റിന്റെ കീഴിലുള്ള വിവേകാനന്ദ ട്രസ്റ്റ് 3.50 കോടി രൂപ ചെലവഴിക്കുകയും ആർക്കിയോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ സമയബന്ധിതമായി പണികൾ പൂർത്തിയാക്കുകയും ചെയ്തു. കേരളത്തിലെ പഴക്കം ചെന്ന കൂത്തമ്പലങ്ങളിൽ ഒന്നാണ് ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രത്തിലേത്. ക്ഷേത്രത്തിലെ ശ്രീകോവിലിനു സമാനമായി അത്രയും പ്രാധാന്യത്തോടെയാണ് കൂത്തമ്പലത്തേയും പരിഗണിക്കുന്നത്. കൂത്തമ്പലത്തെക്കൂടി വലയം ചെയ്യുമ്പോഴേ ക്ഷേത്രപ്രദക്ഷിണം പൂർത്തിയാകൂ എന്ന് വിശ്വാസിക്കുന്നത് അതുകൊണ്ടാണ്.

### 3.3.4 ക്രൈസ്തവദേവാലയങ്ങൾ

കേരളത്തിലെ ആദിമക്രിസ്ത്യാനികൾ ഹൈന്ദവപശ്ചാത്തലമുള്ളവരായിരുന്നു. അവരുടെ ആരാധനാലയങ്ങൾക്ക് ക്ഷേത്രങ്ങൾ തന്നെയായിരുന്നിരിക്കണം ആദ്യമാതൃകയും. 1498 -ൽ കേരളത്തിലെത്തിയ വാസ്കോഡഗാമ സാമൂതിരിയെ സന്ദർശിക്കാനുള്ള യാത്രയ്ക്കിടയിൽ ക്രിസ്തീയ ദേവാലയം എന്ന ധാരണയിൽ ഒരു ക്ഷേത്രത്തിൽ കയറി മുട്ടുകുത്തി പ്രാർത്ഥിച്ചതായി ഒരു കഥയുണ്ട് (എസ്.കെ. വസന്തൻ, 2009:225). ഒരുപക്ഷേ, ഹൈന്ദവ-ക്രൈസ്തവ ആരാധനാലയങ്ങൾ തമ്മിലുണ്ടായിരുന്ന സമാനതയാവാം ഇതിനു കാരണം. പുരാതന ദേവാലയങ്ങളുടെ അവശേഷിപ്പുകൾ ഇത് സൂചിപ്പിക്കുന്നുമുണ്ട്. പാലയൂരും പറവൂരും കടമറ്റത്തും മറ്റുമുള്ള പള്ളികൾ ഇതിനുദാഹരണമാണ്. എന്നാൽ പോർച്ചുഗീസുകാരുടെ വരവോടെ ദേവാലയങ്ങളുടെ കേരളീയ മാതൃകകൾക്ക് മാറ്റം സംഭവിച്ചു. ദേവാലയനിർമ്മിതിയിൽ പുതുമ വരുത്തിയ ആദ്യദേവാലയം ഫോർട്ടുകൊച്ചിയിലേതാണ്. ജൂതത്തെരുവിൽ പണികഴിച്ച ഇതി

ന്റെ നിർമാണകാലം പൊ.വ. 1510 ആണ്. പഴയ ദേവാലയങ്ങളുടെ മുഖപ്പുകളിൽ പാശ്ചാത്യ വാസ്തുശില്പനിർമ്മിതിയുടെ വ്യത്യസ്തതകൾ ദൃശ്യമായിത്തുടങ്ങി. പോർച്ചുഗീസുകാരെത്തുടർന്ന് ഡച്ചുകാരും ഇംഗ്ലീഷുകാരും തങ്ങളുടേതായ സംഭാവനകൾ ദേവാലയ വാസ്തുശില്പ നിർമിതിക്ക് നൽകിയിട്ടുണ്ട്. "കേരളത്തിലേക്ക് കുടിയേറിയ ആദിമ സിറിയൻ ക്രിസ്ത്യാനികൾ പശ്ചിമേഷ്യയിലെ ചില സമ്പ്രദായങ്ങൾ ഇവിടത്തെ ക്രൈസ്തവദേവാലയ വാസ്തുകലയിൽ ഉൾപ്പെടുത്തി. തത്ഫലമായി വ്യവസ്ഥിതമായ അകത്തളങ്ങളുള്ള പള്ളികൾ നിർമ്മിക്കുവാൻ തുടങ്ങി. അങ്ങനെ വ്യത്യസ്തമായ ഒരു ക്രൈസ്തവദേവാലയവാസ്തുകല ഉത്ഭവിക്കുകയും ചെയ്തു"എന്ന് ഡോ. ബിനുമോൾ ടോം അഭിപ്രായപ്പെടുന്നു (2013:1349). ശ്രീകോവിലിനു പുറത്ത് വിശ്വാസികളെക്കൂടി ഉൾക്കൊള്ളുന്ന ഒരു ദേവാലയസങ്കല്പം ഉരുത്തിരിഞ്ഞുവന്നത് ഇത്തരത്തിലാകണം.

കേരളീയവാസ്തുവിദ്യയിൽ ഗോഥിക് ശൈലിയുടെ സ്വാധീനം വർദ്ധിച്ചതോടെയാണ് ക്രിസ്തീയ ദേവാലയങ്ങൾക്ക് നാട്ടുപാരമ്പര്യത്തിൽനിന്ന് വ്യത്യസ്തമായ രൂപഭാവങ്ങൾ കൈവന്നത്.

1845 -ലാണ് ഇരിങ്ങാലക്കുടയിൽ ആദ്യമായി ദേവാലയം സ്ഥാപിതമാകുന്നത്. തദ്ദേശവാസികളുടെ നിരന്തരമുള്ള അഭ്യർത്ഥനപ്രകാരം അന്നത്തെ ബ്രിട്ടീഷ് റസിഡന്റായിരുന്ന കല്ലൻ സായ്പ് സ്ഥലത്തെത്തി പള്ളി പണിയാൻ അനുയോജ്യമായ ഇടം കണ്ടെത്തുന്നു. ഇന്നത്തെ കൊടിമരം നിൽക്കുന്നതിന്റെ അല്പം പടിഞ്ഞാറ് മാറി കയ്യിലിരുന്ന വടിയൂന്നി അദ്ദേഹം പള്ളിക്ക് സ്ഥാനം നിർണ്ണയിച്ചു. ഇരിങ്ങാലക്കുട ദേവാലയത്തിന് സ്ഥാനനിർണ്ണയം നടത്തുന്നത് ഒരു മതാധിപനല്ല ഭരണാധിപനാണ് എന്ന പ്രത്യേകതയും ഇതിനുണ്ട്. മുളയും പനമ്പും ഉപയോഗിച്ച് നിർമ്മിച്ച ആദ്യ ദേവാലയത്തെക്കുറിച്ച് രണ്ടാം അധ്യായത്തിൽ വിവരിച്ചിട്ടുണ്ട് (നോ. 2.8.7). 1885 -ലാണ് പള്ളി പുതുക്കി പണിയാൻ ആരംഭിക്കുന്നത്. റോമനസ്ക്ക് (Romanesque) വാസ്തുശില്പമാതൃകയിലാണ് പള്ളി രൂപകല്പനചെയ്തത്. കമാനാകൃതിയാണ് ഈ നിർമ്മിതിയുടെ സവിശേഷത. 1897 -ൽ പണി പൂർത്തീകരിച്ച ഇരിങ്ങാലക്കുട ദേവാലയം പലഘട്ടങ്ങളിൽ നവീകരണ പ്രവർത്തനങ്ങൾക്ക് വിധേയമായിട്ടുണ്ട്. കാലാനുസൃതമായ സൗകര്യങ്ങളും സംരക്ഷണവും എന്നതിനപ്പുറമുള്ള പുനർനിർമ്മാണം നടന്നിട്ടുമില്ല.

മുഖമണ്ഡപം എന്നറിയപ്പെടുന്ന നടപ്പുരയിൽ കയറി പ്രവേശനകവാടത്തിലൂടെ യാണ് ദേവാലയത്തിലേയ്ക്ക് പ്രവേശിക്കുന്നത്. ആദ്യകാലങ്ങളിൽ മാമോദീസത്തൊട്ടി ഇവിടെയാണ് സ്ഥാപിച്ചിരുന്നത്. ഇന്ന് പല ദേവാലയങ്ങളിലും നടപ്പുരയുടെ സ്ഥാനം പള്ളിക്കകമായിത്തന്നെ മാറിത്തുടങ്ങിയിട്ടുണ്ട്. 1960 -ലാണ് ഇരിങ്ങാലക്കുട പള്ളി ക്ക് നടപ്പുര നിർമ്മിക്കുന്നത്. ഏകദേശം 186 ച.മീറ്റർ വലിപ്പത്തിലുള്ള നടപ്പുര പള്ളി യകത്തിന്റെ ഒരു ഭാഗംതന്നെയായാണ് നിൽക്കുന്നത്. ഇവിടെനിന്ന് ജനങ്ങൾക്ക് കുർബ്ബാനയിൽ പങ്കുചേരാൻ സാധിക്കും. കുമ്പസാരത്തിനുള്ള സൗകര്യവും ഇവിടെ യാണ് ഏർപ്പെടുത്തിയിരിക്കുന്നത്. വലിയ മരത്തടിയിലുള്ള പ്രവേശനകവാടത്തെ ആനവാതിൽ എന്നാണ് പഴയ തലമുറയിലുള്ളവർ ഇന്നും പറയുന്നത്. ചതുരാകൃതി യിലും കമാനമാതൃകയിലും (arch) ആനവാതിലുകൾ കാണാം. ഇരിങ്ങാലക്കുട പള്ളി യുടെ മുഖവാരിക്ക് മാറ്റുകൂട്ടത്തക്ക വിധത്തിൽ മനോഹരമായാണ് നടപ്പുരയുടെ മുഖവാ രിയും നിർമ്മിച്ചിരിക്കുന്നത്. കൊത്തുപണികളോടുകൂടിയ ആനവാതിലും ഇരുവശങ്ങ ളിലും പള്ളവാതിലുകളുമുണ്ട് നടപ്പുരയ്ക്ക്. മുഖവാരിക്ക് നടുവിലായി വലിയൊരു എടുപ്പും ഇരുഭാഗങ്ങളിലും ചെറിയ ഈരണ്ട് എടുപ്പുകളുമുണ്ട്. ഇവയുടെ മുകൾഭാഗം ത്രികോ ണാകൃതിയിലാണ് നിർമ്മിച്ചിട്ടുള്ളത്. ത്രികോണത്തിന്റെ അരികുവശത്ത് സിമന്റിൽ വാർത്ത പൂക്കളുണ്ട്.

തെക്കിനിയേടത്ത് അന്തോണിയച്ചന്റെ കാലത്താണ് അൾത്താരയുടെയും നടപ്പുരയുടെയും പണിനടന്നിട്ടുള്ളത്. അദ്ദേഹത്തിന്റെ കലാമർമ്മജ്ഞത പള്ളിയുടെ ബാഹ്യമോടിയിലും ദൃശ്യമാണ്. നടപ്പുരയുടെ മുഖവാരിക്കു പുറകിലായിട്ടാണ് ദേവാലയ ത്തിന്റെ മുഖവാരി കാണാനാകുന്നത്. കലാപരമായി പണിതീർത്ത തൂണുകളും ചിത്രപ്പ ണികളുമാണ് അതിനുള്ളത്. മുകളിൽ ചുമരിലെ ഇരുവശത്തെയും അരികുകൾ അർദ്ധ വൃത്താകൃതിയിൽ പണിതീർത്ത അറ്റം, നടുവിൽ സ്ഥാപിച്ചിരിക്കുന്ന കുരിശിൽ കൊണ്ടു വന്നു മുട്ടിച്ചിരിക്കുന്നു. നീളമുള്ള വെട്ടുകല്ല് പൂപോലെ ചെത്തി അരികുകളിൽ ഉറപ്പിച്ചി ട്ടുണ്ട്. വെട്ടുകല്ലിൽ തീർത്ത കുരിശാണ് ഏറ്റവും മുകളിൽ കാണുന്നത്. ആദ്യകാല വെള്ളക്കുമ്മായക്കൂട്ടിൽ മിനുക്കിയെടുത്ത ഇവിടം ഇന്നും ഒരു കോട്ടവും കൂടാതെ മനോ ഹരമായി നിലനിൽക്കുന്നു. അന്നത്തെ കുമ്മായക്കൂട്ടിന് ചേരുവകളിൽ കോഴിമുട്ടയുടെ വെള്ളയും ചേർത്തിരുന്നുവത്രേ (റപ്പായി ടി.എ., 2004:37). നടപ്പുരയുടെ മുഖവാരിയിൽ

തോമാശ്ലീഹയുടെയും പള്ളിയുടെ മുകളിൽ വി. ഗീവർഗ്ഗീസിന്റെയും രൂപങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

ആനവാതിൽ മുതൽ മദ്ബഹ വരെ 27 മീറ്റർ നീളമുണ്ട്. ഹൈക്കല എന്ന് പറയുന്ന ഇവിടെയാണ് വിശ്വാസികൾ പ്രാർത്ഥനകളിൽ പങ്കുകൊള്ളാനായി നിൽക്കുന്നത്. പള്ളിക്കകം എന്നേ ഇതിനെ സാധാരണക്കാർ പറയാറുള്ളൂ. ക്രിസ്തുവിന്റെ കുരിശുമരണത്തെയും അത്ഭുതപ്രവർത്തികളെയും അനുസ്മരിപ്പിക്കുന്ന ചിത്രങ്ങൾകൊണ്ട് അകത്തെ ചുമരുകൾ മനോഹരമാക്കി. ഒരാൾ പിടിച്ചാൽ വട്ടമെത്താത്തത്ര വലിപ്പമുള്ള മനോഹരമായ തൂണുകളാണ് ഇവിടത്തെ മറ്റൊരു പ്രത്യേകത. പലനിറത്തിലുള്ള ചില്ലു ജാലകങ്ങൾ പള്ളിക്കകത്തെ കൂടുതൽ ആകർഷകമാക്കി. ഇരുവശത്തുമുള്ള തൂണുകളുടെ ഇടയിലെ വീതി 7 മീറ്ററാണ്. പടിഞ്ഞാറെ അറ്റത്തും കിഴക്കേ അറ്റത്തുള്ളതൊഴിച്ച് ഇരുഭാഗത്തും 110 സെന്റീ മീറ്റർ ചതുരത്തിലുള്ള 4 പട്ടംതൂണുകൾ എട്ടെണ്ണം വീതമുണ്ട്. അടിയിൽനിന്ന് ഒരു മീറ്റർ ഉയരം ഒഴിച്ച് ബാക്കി മേലോട്ടുള്ള ഭാഗം നാലു മൂലയും 30 സെന്റീ മീറ്റർ ചെത്തിയിട്ടുള്ളതാണ് നാലുപട്ടം എന്ന് പറയുന്നത്. ഓരോ തൂണിന്റെയും മുകൾഭാഗം വൃത്തവളയങ്ങളാൽ ബന്ധിതമാണ്. അതിന്റെ മുകളിലായി ഏകദേശം ഒന്നര മീറ്റർ ഉയരത്തിൽ മുക്കാൽ മീറ്റർ വണ്ണത്തിലാണ് ചുമർ നിർമ്മിച്ചിരിക്കുന്നത്. ഈ ചുമരുകൾക്ക് മുകളിലായി വൃത്തവളയബന്ധിതമായ തൂണുകളുണ്ട്. തൂണുകളുടെ ഇടയിൽ ഒരു മീറ്റർ ഉയരത്തിൽ ക്രാസികൾകൊണ്ട് അലങ്കരിച്ചിരിക്കുന്നു. ആദ്യകാലത്ത് മരംകൊണ്ടാണ് ഇവ നിർമ്മിച്ചിരുന്നത്. ഇന്ന് ഇരുമ്പ് ഗ്രില്ലുകളാണ് ഇവിടെയുള്ളത്. വൃത്തവളയത്തിന് മുകളിലായി ഏകദേശം രണ്ടര മീറ്റർ ഉയരത്തിൽ ചുമരുകളും അതിൽ ഉത്തരവുമുണ്ട്. ഉത്തരത്തിന് ഒരു മീറ്റർ താഴെ കളർ ഗ്ലാസ് ഇട്ടിട്ടുള്ള വെന്റിലേറ്ററുകളാണ്. തറ മുതൽ ഉത്തരം വരെ ഏകദേശം 15 മീറ്റർ ഉയരമുണ്ട് (റപ്പായി ടി.എ., 2004:29).

ചുമരുകളും തൂണുകളും വൃത്തവളവുമെല്ലാം വെട്ടുകല്ലിൽ കൽക്കുമ്മായം ഉപയോഗിച്ചാണ് പണിതീർത്തിരിക്കുന്നത്. ചെത്തിമിനുക്കിയ വെട്ടുകല്ല് കുമ്മായം ചേർത്ത് ആർച്ച് പണിയും. നടുവിൽ ആണിക്കല്ല് (eystone) ഇറക്കി മുറുക്കും. പള്ളിപ്പറമ്പിൽ തന്നെ കക്കനീറ്റിയാണ് കുമ്മായം നിർമ്മിച്ചിരുന്നത്. കക്കയുടെ വളരെ കുറച്ച് അവശിഷ്ടങ്ങൾ ഇന്നും ആ മണ്ണിൽ ചേർന്നു കിടപ്പുണ്ട്. വെട്ടുകല്ലുകൾ ചേർത്തുപിടിപ്പിക്കുന്നതിനുള്ള കുമ്മായക്കൂട്ട് നിർമ്മിക്കുന്നതെങ്ങനെയെന്ന് ടി.എ. റപ്പായി വിവരിക്കുന്നത്

ശ്രദ്ധേയമാണ്, "ഒരു പാട്ട വെള്ളക്കുമ്മായവും രണ്ടുപാട്ട മണലും നാലുപാട്ട കൽപ്പൊടിയും കൂട്ടിയോജിപ്പിച്ച് തടമുണ്ടാക്കുന്നു. ഇതിൽ പാകത്തിനു വെള്ളമൊഴിച്ച് ഇടിച്ചു ചേർക്കും. അതു പാകമാകുമ്പോൾ തടയിൽനിന്നു കോരി പുറത്ത് കൂനപോലെ കൂട്ടിയിടും. കൂനയുടെ നെറുകയിൽ ഒരു കുഴിയുണ്ടാക്കി അതിൽ വെള്ളമൊഴിച്ചിടും. നാലോ അഞ്ചോ ദിവസം കഴിയുമ്പോൾ കൂനപൊളിച്ചു തടയിട്ടു വെള്ളമൊഴിച്ച് ഇടിച്ചു ചേർക്കും. വീണ്ടും പുറത്ത് കൂനപോലെ കൂട്ടിയിടും. രണ്ടാം പ്രാവശ്യം കൂനകൂട്ടുമ്പോൾ വെട്ടിയുടെ ഇല ഇടയ്ക്കിടയ്ക്കു വിതറിയിടും. കൂനയുടെ നെറുകയിൽ കുഴിച്ച് വെള്ളമൊഴിച്ചിടും. മൂന്നു നാലു ദിവസം കഴിയുമ്പോൾ കൂന പൊളിച്ച് തടയിലിട്ടു വെള്ളമൊഴിച്ച് ഇടിച്ചുചേർക്കും. വൃത്തവളയം പണിയുവാൻ ഈ പ്രക്രിയ മൂന്നോ നാലോ പ്രാവശ്യം ആവർത്തിച്ച കുമ്മായമാണ് ഉപയോഗിക്കുക" (2004:30). ഇത്തരത്തിൽ കുമ്മായം ഇടിച്ചു ചേർക്കുന്നതിന് കാളയെ ഉപയോഗിച്ചിരുന്നു. ചക്കിൽ എണ്ണയാട്ടുന്നതിന് കാളയെ ഉപയോഗിക്കുന്നതു പോലെയുള്ള ഒരു സംവിധാനമാണ് കുമ്മായം അരച്ചുചേർക്കുന്നതിനും ഏർപ്പെടുത്തിയിരുന്നത്.

ഭിത്തികൾ അകലാതിരിക്കാനായി ഉത്തരത്തിന് താഴെ ചതുരത്തിലുള്ള മരബീമുകൾ തെക്കുവടക്കായി ഇട്ടിട്ടുണ്ട്. അതിന്റെ മുകളിൽ കനംകുറഞ്ഞ രണ്ടു മരബീമുകൾ മധ്യത്തിൽനിന്ന് തുല്യ അകലത്തിൽ കിഴക്കുപടിഞ്ഞാറായി സ്ഥാപിച്ചിട്ടുണ്ട്. ഇതിലുള്ള കൊളുത്തിലാണ് വിദേശനിർമ്മിതമായ ഗ്ലോബുകൾ നാട്ടിയിരുന്നത്. പള്ളിയകത്ത് വെളിച്ചം നൽകിയിരുന്ന ഇവ അകത്തളങ്ങളെ കൂടുതൽ മനോഹരമാക്കിയിരിക്കുന്നു. ഈ ഗ്ലോബുകളിൽ തിരി തെളിയിക്കുന്ന രീതിയും ശ്രദ്ധേയമാണ്. ഗ്ലാസ്സിൽ വെളിച്ചെണ്ണ ഒഴിക്കും. വാഴയണ കഷ്ണമാക്കി തുളച്ചു തിരിനൂലിട്ടു ഗ്ലാസിൽ വയ്ക്കും. ഈ ഗ്ലാസ്സുകൾ ഗ്ലോബിനുള്ളിൽ വച്ചാണ് കത്തിക്കുന്നത്. നീണ്ട അറ്റം വളഞ്ഞ ഒരു പൈപ്പിനുള്ളിൽ മെഴുകിൽ മുക്കിയ തിരിനൂലുചുറ്റി കത്തിച്ചാണ് ഗ്ലാസിലെ തിരി തെളിയിക്കുന്നതും അണയ്ക്കുന്നതും. 1947 -ൽ വൈദ്യുതി വിളക്കുകൾ വന്നപ്പോൾ ഗ്ലോബുകളെല്ലാം എടുത്തുമാറ്റി (ടി.എ. റപ്പായി, 2004:34) പള്ളിയകത്തെ ചുമരിൽ കുരിശിന്റെ വഴിയുടെ പതിനാല് രൂപങ്ങൾ പതിച്ചിട്ടുണ്ട്.

പള്ളിയകത്ത് തൂണുകളുടെ വശങ്ങളിലായി മുപ്പത്തിരണ്ട് മീറ്റർ നീളത്തിലും മൂന്ന് മീറ്റർ വീതിയിലും രണ്ട് ഇടനാഴികളുണ്ട്. ഇവയുടെ ചുമരിൽ ഹന്നാൻ വെള്ളത്തൊട്ടികളാണ്. ആദ്യകാലത്ത് ഈ ഇടനാഴിക്കുമുന്നിലായി നാലഞ്ചു മീറ്റർ വിട്ട് ക്രാസ്സി

വച്ച് തിരിക്കുകയും അവിടെ അൾത്താരകൾ സ്ഥാപിക്കുകയും ചെയ്തിരുന്നു. ബലിപീഠത്തെ സൂചിപ്പിക്കുന്നതിനാണ് അൾത്താര എന്ന ലത്തീൻ പദം ഉപയോഗിക്കുന്നത്. ദീർഘചതുരാകൃതിയിൽ അലങ്കരിച്ച മേശയാണിത്. കുർബ്ബാന ക്രമത്തിലുള്ള വ്യത്യാസമനുസരിച്ച് ഒന്നോ രണ്ടോ മേശകൾ മദ്ബഹയിൽ കാണാം. ഹൈക്കലയും മദ്ബഹയും ഇടയിലായി കെസ്തോമ എന്നറിയപ്പെടുന്ന ഗായക വേദിയുണ്ട്. ഹൈക്കലയിൽനിന്നും ഒരു പടി ഉയർന്നതായിരിക്കണം കെസ്തോമ. ഇരിങ്ങാലക്കുട പള്ളിയിൽ വടക്കുവശത്തെ അൾത്താരയുടെ മുകളിൽ ചുമരിനോട് ചേർന്ന് വലിയൊരു കുരിശുരൂപം സ്ഥാപിച്ചു. ഇവിടെയായിരുന്നു ഗായകസംഘത്തിന്റെ സ്ഥാനം. തെക്കുഭാഗത്തെ അൾത്താരയിൽ കന്യകാമറിയത്തിന്റെ രൂപമാണ് വച്ചിരുന്നത്. പിന്നീടുവന്ന പരിഷ്കാരങ്ങളിൽ സ്ഥലസൗകര്യത്തിനും മറ്റുമായി അൾത്താരകൾ ഉപേക്ഷിക്കുകയായിരുന്നു. കൂടുതൽ വിശ്വാസികളെ ഉൾക്കൊള്ളാവുന്ന തരത്തിൽ ഇടനാഴികൾ പ്രധാന അൾത്താരയിലേക്ക് ശ്രദ്ധകേന്ദ്രീകരിക്കതക്ക രീതിയിൽ സജ്ജീകരിച്ചു. ഇടനാഴിയുടെ മുകളിൽ തട്ടുകളുണ്ട്. മദ്രാസ് ടെറസ്സ് എന്നറിയപ്പെടുന്ന ഇതിന്റെ നിർമ്മാണം ശ്രദ്ധേയമാണ്. തുലാങ്ങൾകൊണ്ടുനിർമ്മിച്ച തട്ടിൽ പലകയും കഴിയും ഇല്ല. പ്രത്യേകതരം ഇഷ്ടികകൾ വെള്ളക്കുമ്മായ മിശ്രിതത്തിൽ ഒട്ടിച്ചു ചേർത്താണ് തട്ട് നിർമ്മിച്ചിരിക്കുന്നത്. പള്ളിയകത്ത് മധ്യഭാഗത്തായി തെക്കുവടക്ക് ഒരു മീറ്റർ ഉയരത്തിൽ മരംകൊണ്ടുള്ള ഒരു ക്രാസി പിടിപ്പിച്ചിരുന്നു. ഇതിനടുത്താണ് പുഷ്പം എന്നറിയപ്പെട്ടിരുന്ന പ്രസംഗപീഠം സ്ഥിതിചെയ്തിരുന്നത്. പ്രസംഗം എല്ലാവർക്കും ഒരുപോലെ കാണുകയും കേൾക്കുകയും ചെയ്യുന്നതിനു വേണ്ടിയായിരുന്നു ഈ സജ്ജീകരണം ഒരുക്കിയിരുന്നത്. മൈക്കു വന്നപ്പോൾ പുഷ്പം ഉപയോഗശൂന്യമായി എടുത്തു മാറ്റി.

പുരോഹിതൻ ബലിയർപ്പിക്കാനായി നിൽക്കുന്ന ഇടത്തെയാണ് മദ്ബഹ എന്ന സുറിയാനി വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്. കളിമണ്ണിലും മരത്തിലും തീർത്ത പ്രതിമകൾകൊണ്ട് മദ്ബഹ അലങ്കരിച്ചു. ഇരിങ്ങാലക്കുട സെന്റ്. തോമസ് കത്തീഡ്രലിന്റെ മദ്ബഹ, 1897 -ലെ നിർമ്മാണത്തിന് ശേഷവും പുനരുദ്ധാരണത്തിന് വിധേയമായിട്ടുണ്ട്. 1941 -ലും 1956 -ലും മദ്ബഹയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി. കിഴക്കുപടിഞ്ഞാറ് നാലര മീറ്ററും തെക്കുവടക്ക് ഏഴു മീറ്ററും അളവുകളാണ് മദ്ബഹയ്ക്കുള്ളത്. അതിന്റെ മുകൾഭാഗം മുഴുവനും വിശാലമായ വൃത്തവലയമാണ്. വൃത്തവലയത്തിന്റെ കിഴക്കേ അറ്റം മദ്ബഹയുടെ പിന്നിലുള്ള വലിയ ചുമരിൽ താങ്ങി നിൽക്കുന്നു.

വിശ്വാസികൾ നിൽക്കുന്നിടത്തുനിന്നും മൂന്ന് പടികൾ മുകളിലാണ് മദ്ബഹ സ്ഥിതിചെയ്യുന്നത്. ആദ്യത്തെ പടിയിൽ ഈരണ്ട് മെഴുകുതിരിക്കാലുകളും രണ്ടാമത്തേതിൽ നാലു മെഴുകുതിരിക്കാലുകൾ വീതവും മൂന്നാമത്തെ പടിയിൽ അലങ്കാരത്തിനായി മരത്തിൽ കൊട്ടുത്തിട്ടുള്ള കലാരൂപങ്ങളും വച്ചിരുന്നു. ബലിപീഠത്തിനരികിൽ വെള്ളം, വീഞ്ഞ്, ഓസ്തി തുടങ്ങിയ പൂജാവസ്തുക്കൾ വയ്ക്കുന്നതിനായി ഒരു വട്ടമേശ ഇട്ടിരുന്നു. പള്ളിയകത്തേതുപോലുള്ള നാലുപട്ടം തൂണുകൾ മദ്ബഹയിലും ഉണ്ടായിരുന്നു. മദ്ബഹയുടെ പുറകിലുള്ള ചുമരിൽ മുകളിലായി മാതാവിന്റെയും വി. ഔസേപ്പിന്റെയും വി. ഗീവർഗ്ഗീസിന്റെയും പ്രതിമകൾ പ്രതിഷ്ഠിച്ചിരുന്നു. മൂന്നു രൂപങ്ങളും വാതിലുകളുള്ള രൂപക്കൂടിനകത്താണ് സ്ഥാപിച്ചിരുന്നത്. 'കൂടുതുറന്നു കുർബ്ബാന' നടത്തുമ്പോൾ മാത്രമാണ് ഇവയുടെ വാതിലുകൾ തുറന്ന് ഇരുവശത്തും ഘടിപ്പിച്ചിട്ടുള്ള സ്റ്റാൻഡിലെ തിരികൾ കത്തിച്ചിരുന്നത്. അന്നത്തെ സഭാനിയമമനുസരിച്ച് മദ്ബഹയെ മുഴുവനും മറയ്ക്കുതക്ക വിധത്തിൽ വിരി ഇട്ടിരുന്നു. ഈ രീതി പിന്നീട് റോമൻ കത്തോലിക്കസഭയിൽനിന്നും എടുത്തു മാറ്റി.

ലളിതമായി പണിതീർത്ത ഈ മദ്ബഹ 1941 -ൽ നവീകരിച്ചു. വടക്കൂട്ടു യാക്കോബച്ചനാണ് ആധുനിക രീതിയിലുള്ള മദ്ബഹ രൂപകല്പന ചെയ്തത്. പുതിയ അൾത്താര സിമന്റിലാണ് പണിതത്. മദ്ബഹയുടെ മുകളിലെ കമാനാകൃതിയിൽ രണ്ട് ദ്വാരമിട്ട് ചില്ലോട് വച്ച് കൂടുതൽ വെളിച്ചം അകത്തേക്ക് ലഭിക്കുന്നതിന് സാഹചര്യമുണ്ടാക്കി. തിരുഹൃദയത്തിന്റെ രൂപവും കൂടെ ചേർത്ത് നാല് രൂപക്കൂടുകൾ മദ്ബഹയിൽ നിർമ്മിച്ചു. അൾത്താരയിൽ വീണ്ടും പരിഷ്കരണങ്ങൾക്ക് ശ്രമിച്ചത് 1956 -ലാണ്. മദ്ബഹയുടെ മുന്നിലുണ്ടായിരുന്ന രണ്ടുവശത്തെയും വെട്ടുകൽത്തൂണുകളുടെ സ്ഥാനത്ത് വിസ്താരം കുറഞ്ഞ കോൺക്രീറ്റ് തൂണുകൾ പണിതു. കിഴക്കുപടിഞ്ഞാറായി വലിയ കോൺക്രീറ്റ് ബീമുകൾ ഇരുവശത്തും വാർത്തു. തുടർന്നാണ് മുകൾ ഭാഗത്തിന് ഒരു കോട്ടവും സംഭവിക്കാത്ത രീതിയിൽ വശങ്ങളിൽ നടുവിലായി നിന്നിരുന്ന വിസ്താരമേറിയ വെട്ടുകൽത്തൂണുകൾ പൊളിച്ചുമാറ്റിയത്. ഇതിലൂടെ അവിടെ ഏറെ സ്ഥലം ലഭിച്ചു. മുൻഭാഗത്തേക്ക് കുറച്ച് ഇറക്കി പണിയുകകൂടെ ചെയ്തപ്പോൾ പള്ളിയകത്തിന്റെ നീളം അത്രയും കുറഞ്ഞു. അർദ്ധവൃത്താകൃതിയിലായിരുന്ന മദ്ബഹയുടെ ക്രാസികൾ ചതുരാകൃതിയിലാക്കി പുനർനിർമ്മിച്ചു.

പുതിയ മദ്ബഹയുടെ ശിൽപ -ചിത്രകലാനിർമ്മിതി എടുത്തുപറയത്തക്ക താണ്. രണ്ട് പടവുകളിലായി ആറ് രൂപക്കൂട്ടുകളാണ് അൾത്താരയിലുള്ളത്. താഴ ത്തെ നിരയിൽ വടക്കുവശത്തെ കൂട്ടിൽ വി. തോമാശ്ലീഹായുടെ രൂപവും തിരുശേഷിപ്പും സ്ഥാപിച്ചിരിക്കുന്നു. നടുവിൽ വി. ഗീവർഗ്ഗീസിന്റെയും തെക്കേ കൂട്ടിൽ വി. സെബസ്ത്യാ നോസിന്റെയും രൂപങ്ങളുണ്ട്. മുകളിലെ നിരയിൽ വടക്കേ കൂട്ടിൽ കന്യകാമറിയവും നടുവിൽ തിരുഹൃദയരൂപവും തെക്കെ കൂട്ടിൽ വി. ഔസേപ്പുമാണ്. കാൽവരി മലയുടെ ചിത്രങ്ങൾ വരച്ചിട്ടുള്ള കാൻവാസുകൊണ്ട് മധ്യഭാഗം അലങ്കരിച്ചിരിക്കുന്നു. അതിനു മുൻപിലായി ക്രൂശിതരൂപവും ഉണ്ട്. ക്രൂശിതരൂപത്തിന് താഴെയാണ് സ്വർണ്ണവർണ്ണാ ലംകൃതമായ സക്രാരിയുടെ സ്ഥാനം. മദ്ബഹയുടെ മുകളിൽ മൂന്നു ഭാഗത്തും ചുമർ നീള ത്തിൽ വെട്ടി രണ്ടു ജനാലകൾ വച്ച് ഗ്ലാസ് ഇട്ടിരിക്കുന്നത് വെളിച്ചം ധാരാളമായി ലഭി ക്കുന്നതിന് സഹായകമായി. ജനാലകൾക്ക് താഴെയായി തെക്കുവശത്ത് പിറവിയു ടെയും വടക്കുവശത്ത് ഉയർപ്പിന്റെയും ചുമർചിത്രങ്ങളുണ്ട്.

പള്ളിയുടെ മുകളിൽ മദ്ബഹ മുഴുവൻ ഉൾക്കൊള്ളിച്ചുകൊണ്ട് വലിയ ഡോം പണിതിട്ടുണ്ട്. ഡോമിന് മുകളിലായി വലിയ കുരിശ് നിലകെട്ടി തറയിട്ടു വാർത്തുറപ്പി ക്കുകയായിരുന്നു. ഡോമിൽ അതു മാത്രമേ വാർക്കയായുള്ളൂ. കുരിശിന്റെ തറയിൽ നിന്ന് നാലുമൂലകളിലുമുള്ള തൂണുകളിലേക്ക് ഈരണ്ടു കനത്ത കമ്പികൾ വളച്ചിട്ടതിനു ശേഷം അവയെ ഉള്ളിലാക്കി ഇഷ്ടികകൊണ്ടു പണിത കുരിശിന്റെ തറയിൽ കൊണ്ടുവ ന്ന് മുട്ടിച്ചു. തുടർന്ന് ഓരോ കള്ളിയും നാടൻ ഇഷ്ടികകൾ സിമന്റ് കുഴമ്പിൽ അടക്കി പഴുതടച്ചു. മൂല പണിയുന്നതിനോ കല്ലുകൾ പഴുതടക്കുന്നതിനോ യാതൊരുതരത്തി ലുമുള്ള അച്ചുകളും ഉപയോഗിച്ചിട്ടില്ല (റപ്പായി ടി.എ., 2004:47). മദ്ബഹായുടെ നടു വിലായി ഏറ്റവും പ്രധാന ഭാഗത്ത് തിരുവോസ്തി സൂക്ഷിക്കുന്ന സ്ഥലമാണ് സക്രാരി. ഇതൊരു പോർച്ചുഗീസ് പദമാണ്. പോർച്ചുഗീസുകാരുടെ വരവിനുശേഷമാണ് സക്രാ രിയിൽ തിരുവോസ്തി സൂക്ഷിക്കുന്ന പതിവ് കേരളത്തിൽ തുടങ്ങിയത്. കേരളത്തിലെ വ്യത്യസ്ത സഭകളിലെല്ലാം തന്നെ സക്രാരി ഉപയോഗിക്കുന്ന രീതി ഇന്ന് നിലവിലുണ്ട്. മദ്ബഹയ്ക്ക് പുറകിലായി സങ്കീർത്തി എന്നൊരിടമുണ്ട്. ഇവിടെയാണ് ബലിയർപ്പണ ത്തിനായി വൈദികരും ശുശ്രൂഷികളും തയ്യാറെടുക്കുന്നത്.

ദേവാലയത്തിന്റെ പുറത്ത് ഇരുവശങ്ങളിലും കിഴക്കുപടിഞ്ഞാറായി വരാന്ത കളുണ്ട്. വെട്ടുകല്ലുകൊണ്ടുള്ള അരമതിലും തൂണുകളും വരാന്തയെ മനോഹരമാ

ക്കുന്നു. വിശേഷദിവസങ്ങളിൽ പള്ളിയകത്ത് സ്ഥലമില്ലെങ്കിൽ വരാന്തയിലിരുന്ന് കുർബ്ബാനയർപ്പിക്കുന്നതിനു സഹായകമാകുന്ന രീതിയിലാണ് ഇവയുടെ നിർമ്മാണം. മൂന്നു നിലകളാണ് ദേവാലയത്തിനുള്ളത്. രണ്ടാമത്തെ നിലയിൽ പലനിറത്തിലുള്ള കല്ലുകൾ പതിച്ച ജനാലകൾ നിരനിരയായി നിൽക്കുന്നു. ഓട്ടു മേച്ചിൽപ്പുറം പ്രാവുകളുടെ വിഹാരവേദിയാണ്.

പള്ളിക്കകത്ത് ബാൽക്കണിയുടെ മുകളിലാണ് ആദ്യകാലത്ത് പള്ളിമണി നാട്ടിയിരുന്നത്. ഇതുമൂലം ബാൽക്കണിയുടെ മുകളിലെ ചുമരിൽ പൊട്ടു വീണതിനാൽ പള്ളിക്ക് കോട്ടം തട്ടാത്ത വിധത്തിൽ തൊട്ടടുത്തുതന്നെ ഒരു മണിമാളിക പണികഴിപ്പിച്ചിട്ടുണ്ട്. 1948 -ലാണ് ഇതിന്റെ നിർമ്മാണം പൂർത്തിയായത്. 1996 -ൽ പള്ളിയുടെ 150 -ാം വാർഷിക സ്മാരകമായി തെക്കുകിഴക്കുഭാഗത്തായി പള്ളിയകത്തോടു ചേർന്ന് ഏകദേശം 155 ചതുരശ്രമീറ്റർ വിസ്തീർണ്ണത്തിൽ ഒരു ഹാൾ പണിതീർത്തു. രൂപത ആസ്ഥാനമായ ഇരിങ്ങാലക്കുടയിലെ പള്ളിയിൽ കൂടുതൽ ആളുകളെ ഉൾക്കൊള്ളുന്നതിന് ഇതു വളരെ സഹായകരമാണ്.

ഇരിങ്ങാലക്കുട കത്തീഡ്രൽ ദേവാലയത്തെ വ്യത്യസ്തമാക്കുന്ന മറ്റൊരു പ്രധാനഘടകമാണ് പള്ളിയകത്തെ കപ്പേള. ആദ്യകാലങ്ങളിൽ വിശുദ്ധ കുർബ്ബാന സ്ഥാപിച്ചിരുന്നത് ഈ കപ്പേളയിലാണ്. വൈദികൻ ബലിയർപ്പിച്ചതിനുശേഷം കുസ്തോദി[13] കാപ്പയുടെ തലപ്പുകൊണ്ടു മൂടി മുത്തുകുടയുടെ കീഴിൽ കത്തിച്ചുപിടിച്ച മെഴുകുതിരിയുടെ അകമ്പടിയോടെ കപ്പേളയിലെ സക്രാരിയിൽ കൊണ്ടുപോയി വയ്ക്കും. അത്രയും പവിത്രമായി കരുതുന്ന ഇടമായതുകൊണ്ടുതന്നെ പള്ളിയേക്കാൾ മനോഹരമായിട്ടാണ് കപ്പേള പണികഴിപ്പിച്ചിട്ടുള്ളത്. 1920 - നവംബറിൽ അന്നത്തെ ദലഗാദപ്പസ്തോലിക്കയായിരുന്ന പീറ്റർ പിസാനി കപ്പേളയ്ക്കു കല്ലിട്ടു. ഏകദേശം 160ച. മീറ്റർ വിസ്തീർണ്ണത്തിൽ ഗോഥിക് ശില്പകലാ മാതൃകയിലാണ് ഇത് നിർമ്മിതമായിരിക്കുന്നത്. കമ്പിയഴികളിട്ട നടവാതിലും ഇടത്തും വലത്തുമുള്ള ചെറിയ വാതിലുകളും സൂച്യാഗ്രത്തോടുകൂടിയതാണ്.

കപ്പേളയുടെ മുകളിൽ തൂണുകളുടെ മധ്യത്തിലായി മൂന്ന് ചിത്രങ്ങളുണ്ട്. യേശുവും സമരിയക്കാരി സ്ത്രീയുമാണ് ഒരു ചിത്രത്തിൽ. മറ്റൊന്നിൽ ഒലിവുമലയിലെ പ്രാർത്ഥനയും മൂന്നാമത്തേതിൽ യേശു കുരിശോട്ടുകൂടി നിലത്തു വീഴുന്നതുമാണ്.

[13] ഓസ്തി - ഗോതമ്പ് മാവുകൊണ്ടുള്ള നേർത്ത അപ്പം

കപ്പേളയ്ക്കകം രണ്ടുവശത്തും നാലുവീതം ഉരുണ്ട തൂണുകളുണ്ട്. തൂണുകളുടെ അടിഭാഗം ഒരു മീറ്റർ ഉയരത്തിൽ എട്ടുപട്ടമാണ്. വെട്ടുകല്ലിൽ പണിതീർത്ത ഇവ വെള്ളക്കുമ്മായ ക്കൂട്ടിൽ തേച്ചുമിനുക്കിയിരിക്കുന്നു. മിനുസമാർന്ന തടിയൻ തൂണുകൾ കപ്പേളക്കകത്തെ മനോഹരമായ കാഴ്ചയാണ്. ഈ തൂണുകളുടെ അടിഭാഗത്ത് ഒരു മീറ്റർ ഉയരത്തിൽ ചിത്രവേലകളോട് കൂടിയ വിദേശനിർമ്മിത പോർസിലേൻ (Porcelain) ഇഷ്ടിക മനോഹരമായി പതിച്ചിട്ടുണ്ട്. അൾത്താരയുടെ താഴെയുള്ള പടികളിലും ഈ ഇഷ്ടിക തന്നെയാണ് പതിച്ചിരിക്കുന്നത്. മദ്ബഹയുടെ താഴെ വിരിച്ചിരിക്കുന്നതും വിലകൂടിയ വിദേശനിർമ്മിത ഇഷ്ടിക തന്നെ. അഷ്ടകോണാകൃതിയിലാണ് കപ്പേളയുടെ മദ്ബഹ പണിതീർത്തിരിക്കുന്നത്. ചിത്രാലംകൃതമാണ് ഇവിടം. പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ എഴുന്നള്ളി വരുന്ന ചിത്രമാണ് നേരെ മുകളിൽ കാണുന്നത്. തുടർന്ന് എട്ടു കോണുകളിലും വ്യത്യസ്ത ചിത്രങ്ങളുണ്ട്. ഉയർത്തെഴുന്നേൽക്കുന്ന ക്രിസ്തു, പഴയനിയമ ത്തിലെ പെസഹാ ഭക്ഷണം, ക്രിസ്തുവിന്റെ രൂപാന്തരണം, കാനാൻ ദേശത്തേക്കുള്ള യാത്രയ്ക്കിടയിൽ സ്വർഗ്ഗത്തിൽനിന്നും മന്നാ വർഷിക്കുന്നു, ഉല്പത്തി പുസ്തകത്തിലെ മെൽക്കിസെദ്ദെക്കിന്റെ ബലി, ക്രിസ്തു അപ്പം വർദ്ധിപ്പിക്കുന്നു, കാനായിലെ വിവാഹ വിരുന്ന്, അബ്രാഹത്തിന്റെ ബലിയർപ്പണം എന്നിവയാണ് ആ ചിത്രങ്ങൾ. 1936 -ൽ വരച്ചിട്ടുള്ള ഈ ചിത്രങ്ങൾക്ക് ഇന്നും മങ്ങലേറ്റിട്ടില്ല. പച്ചിലകളുടെ ചാറും പ്രത്യേകതരം മണ്ണും അരച്ചുചേർത്താണത്രേ ഈ ചായക്കൂട്ടുകൾ ഉണ്ടാക്കിയിരിക്കുന്നത് (റപ്പായി ടി.എ., 2004:63). എല്ലാവർഷവും ഉണക്കത്തുണികൊണ്ട് തുടയ്ക്കുന്നതല്ലാതെ മറ്റൊരു നവീകരണവും ഇവിടെ നടത്തിയിട്ടില്ല. സീറോ മലബാർ സഭയിലെ ഇരിങ്ങാലക്കുട രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ. ജെയിംസ് പഴയാറ്റിലിന്റെ കബറിടം ഇവിടെയാണ്. 2016 -ലാണ് അദ്ദേഹം മരണമടയുന്നത്. തദ്ദേശീയവും വൈദേശിക വുമായ വാസ്തുശില്പകലയുടെ മനോഹരമായ സമ്മേളനമാണ് ഇരിങ്ങാലക്കുടയിലെ ദേവാലയനിർമ്മിതിയിൽ ദൃശ്യമാകുന്നത്.

## സെന്റ്. മേരീസ് ദേവാലയം

മേലൂസ് ശീശ്മ ജനങ്ങൾക്കിടയിൽ കലഹങ്ങൾക്ക് കാരണമായെങ്കിലും ഇരിങ്ങാല ക്കുട പട്ടണത്തിൽ മറ്റൊരു ദേവാലയംകൂടെ നിർമ്മിതമാകുന്നതിന് അത് കാരണ മായി (നോ. 2.8.7). പൊ.വ. 1898 -ലാണ് സെന്റ്. മേരീസ് ദേവാലയത്തിന്റെ

പണി ആരംഭിക്കുന്നത്. ഗോഥിക് ശില്പകലയിലാണ് ദേവാലയം രൂപകല്പന ചെയ്തിരിക്കുന്നത്. ഉയർന്ന ഗോപുരങ്ങളും സ്തൂപങ്ങളും കളർഗ്ലാസ്സുകളും ഈ കലാശില്പത്തെ സവിശേഷമാക്കുന്നു. വാതിലുകളുടെയും ജനലുകളുടെയും മുകൾഭാഗം സൂച്യാഗ്രമായിരിക്കും. അതിൽ മരത്തിന്റെ ചട്ടക്കൂട് നിർമ്മിച്ച് കളർ ഗ്ലാസ് ഇട്ടിരിക്കും. ഇതിന് നേതൃത്വം നൽകിയത് ഫാ. ഗീവർഗീസ് വലിയാറ്റും ഫാ. അബ്രാഹാം പുളിക്കനുമായിരുന്നു. പൊ.വ. 1920 -ലാണ് ഇന്ന് കാണുന്ന സെന്റ്. മേരീസ് ദേവാലയത്തിന്റെ പണി പൂർത്തിയാവുന്നത്. ആനവാതിൽ മുതൽ മദ്ബഹവരെയുള്ള പള്ളിയുടെ നീളം 25 മീറ്ററും വീതി 13 മീറ്ററുമാണ്. ചുമരിന്റെ വീതി 72 സെന്റി മീറ്ററാണ് (ഒരു കോൽ). 16 തൂണുകളാണ് പള്ളിയകത്ത് ഇരുവശങ്ങളിലായുള്ളത്. ഓരോ തൂണിനും 43 സെന്റി മീറ്റർ വ്യാസമുള്ള എട്ട് തൂണുകൾ വട്ടത്തിൽ കൂട്ടിച്ചേർത്താണ് ഒരു കരിങ്കൽ തൂണ് നിർമ്മിച്ചിരിക്കുന്നത്. അങ്ങനെ ചേർത്തുവച്ച ഒരു തൂണിന് 2.7 മീറ്ററോളം വട്ടമുണ്ട്. വാതിലുകൾ പോലെതന്നെ മനോഹരമായ ജനലുകളാണ് ഇരുഭാഗങ്ങളിലുമുള്ളത്. രണ്ടാമത്തെ വാതിൽ കഴിഞ്ഞ് രണ്ടു വശത്തും ഓരോ കപ്പേളകളുണ്ട്. കട്ട്ളയുടെ ഉയരം 2.4 മീറ്ററും വീതി 1.4 മീറ്ററുമാണ്. കട്ട്ളയുടെ അടിഭാഗം കരിങ്കല്ലിലാണ് പണിതിരിക്കുന്നത്. ജനലയുടെ വാതിൽ തേക്കിൻതടിയിൽ ചട്ടപൂട്ടി അഴിവെട്ടിയിറക്കി മനോഹരമാക്കിയിരിക്കുന്നു. അഴിയുടെ നടുത്തണ്ടിൽ പിടിച്ച് മേലോട്ടും കീഴോട്ടും പൊക്കുകയും താഴ്ത്തുകയും ചെയ്യാം. ആനവാതിലിന്റെ വീതി 2.1 മീറ്ററാണ്.

ആനവാതിലിന്റെ ഇരുവശങ്ങളിലും വലിയ മണിമാളികയുണ്ട്. മണിമാളികകളിലേക്ക് കയറാൻ ഗോവണികളുണ്ട്. ഏകദേശം 97 സെന്റി മീറ്റർ വണ്ണമുള്ള ചുമരിൽ അഷ്ടകോണാകൃതിയിലാണ് മണിമാളിക പണിതുയർത്തിയിരിക്കുന്നത്. ചുറ്റിലും ഗോഥിക് മാതൃകയിലുള്ള ജനലുകൾ ഉണ്ട്. ജനലുകളുടെ സൂച്യാഗ്രം കളർചില്ലുകളാൽ മനോഹരമാക്കിയിരിക്കുന്നു. ചുമരിന്റെ മുകളിൽ വീതിയും കനവുമുള്ള തുലാഗ്രങ്ങൾകൊണ്ട് സ്തൂപിക നിർമ്മിച്ചിരിക്കുന്നു. ഇതിന്റെ പുറംഭാഗം ചെമ്പ് കൊണ്ട് പൊതിഞ്ഞിട്ടുണ്ട്. ഇവിടെ സ്ഥാപിച്ചിരിക്കുന്ന മൂന്നുമണികളും ഫ്രാൻസിൽ നിർമ്മിച്ചവയാണ്. മൂന്നിലും ഓരോ കുരിശ് രൂപമുണ്ട്. അവയുടെ താഴെ ST. MARY'S CHURCH, IRINJALAKUDA എന്നെഴുതിയിട്ടുണ്ട്. അതിന്റെ താഴെ 1926 എന്നും കാണാം. ഏകദേശം നാല് കിലോമീറ്ററോളം ദൂരം വരെ മണിയടിയുടെ ശബ്ദം കേൾക്കാം. മണിമാളികയുടെ അടിഭാഗത്തായി ഓരോ ചെറിയ വാതിലുണ്ട്. അതിനടുത്ത്

മാമോദിസതൊട്ടിൽ കാണാം. അതിനുമുകളിൽ പള്ളിയകത്തിന്റെ അറ്റത്ത് ക്രാസി യോട്ടുകൂടിയ ഒരു തട്ടുണ്ട്. കുതിരപ്പന്തി മേൽപ്പുരയിൽ ഓടുമേഞ്ഞിരിക്കുകയാണ്. ഈ മേൽപ്പുരയിൽ മനോഹരമായ പ്രാവിൻ കൂടുകളും കാണാം. ഏകദേശം 30 സെന്റീമീ റ്റർ ചതുരത്തിലുള്ള ഏഴ് മരബീമുകൾ കിഴക്ക പടിഞ്ഞാറായി ഇട്ട് പള്ളിയുടെ ഉൾഭി ത്തികളെ ബന്ധിപ്പിച്ചിരിക്കുന്നു. അതിനുമുകളിൽ ഏഴ് ചെറിയ ബീമുകളുമുണ്ട്.

ബാംഗ്ലൂരിൽനിന്നും വന്ന വിദഗ്ധരായ കൊത്തുപണിക്കാരാണ് സെന്റ്. മേരീസ് പള്ളിയുടെ അൾത്താര പണിതിരിക്കുന്നത്. ബലിപീഠത്തിനുമുകളിൽ മൂന്ന് സ്റ്റെപ്പുകളും അതിനുമുകളിൽ കലാശില്പവുമായാണ് അൾത്താര പണിതിരിക്കുന്നത്. നാല് തൂണുകളും അതിൽ പടർന്നുകയറുന്ന മുന്തിരിവള്ളിയും മുന്തിരിക്കുലയും കലാ ശില്പത്തിൽ കൊത്തിവച്ചിരിക്കുന്നു. നാലു തൂണുകളുടെ ഇടയിൽ മൂന്നു രൂപക്കൂടുകൾ. ഓരോ കൂടിന്റെയും മുകളിൽ രണ്ട് മാലാഖമാർ ഓരോ പതാകപിടിച്ച് നിൽപ്പുണ്ട്. മറിയത്തിന്റെ കൂടിന് മുകളിൽ സുറിയാനിയിൽ ശ് ലാം ലേക് മറ് യം (മറിയമേ സ്തുതി) എന്നെഴുതിയിരിക്കുന്നു. ഈ കൂടുകൾക്ക് മുകളിൽ ത്രിത്വത്തിന്റെ പ്രതീകമായി പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിവരുടെ പ്രതീകാത്മക രൂപങ്ങളാണ്. അതിനും മുക ളിലായി രണ്ട് മാലാഖമാർ ഒരു കിരീടം താങ്ങിനിൽക്കുന്നു. അതിന്മേൽ REGINA CAELORUM (queen of heaven) എന്നെഴുതിയിട്ടുണ്ട്. ഇവയ്ക്കെല്ലാം മുകളിലായി ഒരു കുരിശ് കാണാം. ഇവയെല്ലാം അടങ്ങുന്ന ശില്പത്തിന്റെ അരികുവശങ്ങളിൽ മാലാ ഖമാർ പൂമാല പിടിച്ചുനിൽക്കുന്നു. ഇവയോരോന്നും മരത്തിൽ പണിതെടുത്ത് ചേർത്ത് പിടിപ്പിച്ചിരിക്കുകയാണ്.

ബലിപീഠത്തിന്റെ അടിയിലായി ഇരുവശങ്ങളിലും കുരിശും നടുവിൽ ബൈബി ളിന്റെ രൂപവുമാണ് പണിതിരിക്കുന്നത്. ഈ കുരിശുകളിൽ മുന്തിരിക്കുലയും ഗോത മ്പുകതിരുകളും ചേർന്ന ശില്പരൂപമാണുള്ളത്. ബലിപീഠവും അതിന് മുകളിലെ കലാ ശില്പവുമെല്ലാം സ്വർണ്ണനിറമാണ്. ജർമ്മനിയിൽനിന്നും വരുത്തിയ പേപ്പർ പെയി ന്റാണ് ഇതിനായി ഉപയോഗിച്ചിരിക്കുന്നത്. ഏകദേശം ഒന്നര സെന്റി മീറ്റർ വീതിയും ഒമ്പതു സെന്റിമീറ്റർ നീളവുമുള്ള തുണ്ടുകടലാസാണ് ഇത് എന്ന് ടി.എ. റപ്പായി രേഖ പ്പെടുത്തുന്നു (1997:37). ഈ തുണ്ടുകടലാസിന്റെ ഒരു വശം സ്വർണ്ണവർണ്ണവും മറുവശം വെള്ള നിറവുമായിരിക്കും. ഈ കടലാസ് വെള്ളത്തിൽ മുക്കി വെള്ളനിറം പുറത്തു കാണത്തക്ക വിധം കലാരൂപത്തിൽ ഒട്ടിക്കുന്നു. ഒരു നിമിഷം കഴിഞ്ഞ് കടലാസി

ന്റെ തലയ്ക്കൽ പിടിച്ച് വലിക്കുന്നു. ചായം കലാരൂപത്തിമേൽ പതിഞ്ഞുകഴിഞ്ഞിരിക്കും. ഇങ്ങനെയാണ് ബലിപീഠത്തിന്റെ അടിമുതൽ മുകൾ വരെ നിറം കൊടുത്തിട്ടുള്ളത്. നൂറുവർഷത്തിലധികം പഴക്കമുള്ള ഈ പെയിന്റിങ് ഇന്നും കേട്ടുകൂടാതെ നിലനിൽക്കുന്നു എന്നത് ശ്രദ്ധേയമാണ്. മദ്ബഹയുടെ ഉൾവശം വെള്ളച്ചാന്തുകൊണ്ട് തേച്ചുമിനുക്കി അതിൻമേൽ ചിത്രങ്ങൾ വരച്ചിരിക്കുന്നു. മണലും കുമ്മായവും പശയും വെട്ടി എന്ന ചെടിയുടെ ഇലയും ചേർത്ത് ദിവസങ്ങളോളം പാകപ്പെടുത്തിയാണ് വെള്ളച്ചാന്ത് തയ്യാറാക്കിയിരിക്കുന്നത്. അതിനുമുകളിൽ മംഗളവാർത്ത മുതൽ മറിയത്തിന്റെ സ്വർഗ്ഗാരോഹണം വരെയുള്ള സംഭവങ്ങളെല്ലാം മനോഹരമായി ചിത്രണം ചെയ്തിരിക്കുന്നു. പള്ളിയുടെ കിഴക്കും പടിഞ്ഞാറും പള്ള ഭാഗങ്ങളിൽ ഓരോ കപ്പേളകൾ വീതമുണ്ട്. എട്ടുപട്ടം ആകൃതിയിലാണ് അതിന്റെ മേൽപ്പുര.

1997 -ൽ സെന്റ്. മേരീസ് പള്ളി നിത്യാരാധന കേന്ദ്രമാക്കി മാറ്റിയപ്പോൾ വീണ്ടും ചില അറ്റകുറ്റപ്പണികൾ ചെയ്തു കൂടുതൽ പുതുമയുള്ളതാക്കി. കിഴക്കേ കപ്പേള കൂടുതൽ വിസ്തൃതമാക്കി. ചുമരിൽ കരിങ്കൽ പാളികൾ പതിപ്പിച്ച് മനോഹരമാക്കി. സക്രാരിയും സിംഹാസനവും പുതുക്കിപ്പണിതു. 2001 മാർച്ച് 10 -ന് ദിവ്യകാരുണ്യ കപ്പേള മാർ വർക്കി വിതയത്തിൽ വെഞ്ചിരിച്ചു. പള്ളിപ്പറമ്പിലെ പടിഞ്ഞാറേ പള്ളിയുടെ തെക്ക് ഭാഗം മുതൽ വടക്കേപടിയുടെ കിഴക്കേഭാഗം വരെ അർദ്ധവൃത്താകൃതിയിൽ കുരിശിന്റെ വഴിയുടെ 14 സ്ഥലങ്ങളിൽ രൂപങ്ങൾ 2001 -ൽ സ്ഥാപിച്ചു. പിറകിലായി ജപമാലയിലെ 20 രഹസ്യങ്ങളുടെ രൂപങ്ങൾ 2002 -ൽ സ്ഥാപിച്ചിട്ടുണ്ട്. റോസറി ഗാർഡൻ എന്നറിയപ്പെടുന്ന ഇവിടെ ഇഷ്ടിക വിരിച്ച് മനോഹരമായ നടപ്പാതയുണ്ടാക്കി.

## ക്രൈസ്റ്റ് ചാപ്പൽ

ഹൈന്ദവ - ഇസ്ലാം ആരാധനാലയങ്ങളെ അപേക്ഷിച്ച് വാസ്തുകലയിൽ കൂടുതൽ പരീക്ഷണങ്ങൾ നടത്തിയിട്ടുള്ളത് ക്രിസ്തീയദേവാലയങ്ങളാണ്. ആകൃതിയിൽ വ്യവസ്ഥാപിതമായൊരു നിഷ്കർഷ ക്രിസ്തീയദേവാലയങ്ങൾ പുലർത്തുന്നില്ല എന്നത് ശ്രദ്ധേയമാണ്. തൃശ്ശൂർജില്ലയിലെത്തന്നെ എറവ് എന്ന സ്ഥലത്ത് 1983 -ൽ നിർമ്മിതമായ കപ്പല് പള്ളി ഇതിന് മികച്ച ഉദാഹരണമാണ്. നങ്കൂരമിട്ടിരിക്കുന്ന ഒരു കപ്പലിന്റെ മാതൃകയിലാണ് ആ പള്ളിയുടെ നിർമ്മാണം. വൃത്താകൃതിയിലും ദീർഘവൃത്താകൃതിയിലും

അണ്ഡാകൃതിയിലും കുരിശിന്റെ മാതൃകയിലുമെല്ലാം ദേവാലയങ്ങളുണ്ട്. പുതിയ കാലത്തിന്റെ നിർമ്മാണസാമഗ്രിയായ കോൺക്രീറ്റ് ഉപയോഗിച്ച് ഏതുരൂപവും വാർത്തെടുക്കാനാവും എന്നതും ഇതിന് കാരണമാണ്. ഇത്തരത്തിൽ വൃത്താകൃതിയിൽ നിർമ്മിച്ചെടുത്ത ദേവാലയമാണ് ക്രൈസ്റ്റ് ചാപ്പൽ.

ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിനോട് ചേർന്നാണ് സി.എം.ഐ. വൈദികരുടെ ആശ്രമവും ചാപ്പലും സ്ഥിതി ചെയ്യുന്നത്. ഇടവക ദേവാലയങ്ങളിൽനിന്ന് വ്യത്യസ്തമായി താരതമ്യേന ചെറിയ ആരാധനാലയങ്ങളാണ് ഇത്തരം ചാപ്പലുകൾ. തൂണുകളില്ലാതെ 75 അടി വ്യാസത്തിലാണ് ഈ ദേവാലയം നിർമ്മിച്ചിരിക്കുന്നത്. കക്കയുടെ പുറംതോടിന്റെ (shell) മാതൃകയിലുള്ള മേൽക്കൂരയുടെ രൂപകല്പന മനോഹരമാണ്. മേൽക്കൂരയെ ചുമരുമായി ബന്ധിപ്പിക്കുന്ന പന്ത്രണ്ട് വളവുകൾ (curves) ആണുള്ളത്. അകം കാഴ്ചയിൽ കൂടാരം എന്ന് തോന്നിക്കുന്ന ദേവാലയത്തിനു ചുറ്റും കമാനാകൃതിയിലുള്ള പത്ത് വാതിലുകളുണ്ട്. സങ്കീർത്തിയിലേക്ക് തുറക്കുന്ന ഒരു വാതിൽ വേറെയും. തേക്കിൻതടിയിൽ പണിതെടുത്ത രണ്ട് കതകുകൾ വീതമുള്ള വാതിലുകളാണവ. കമാനാകൃതിയിൽ തന്നെയുള്ള ജനലുകൾ പതിനാറെണ്ണമുണ്ട്. തറനിരപ്പിൽനിന്നും രണ്ടടി മാത്രം ഉയരത്തിലാണ് ഇവയുടെ സ്ഥാനം. ജനാലകൾക്കിടയിലുള്ള ഇരുമ്പഴികൾക്ക് കാസയുടെ രൂപമാതൃകയാണ് നൽകിയിട്ടുള്ളത്. ബാൽക്കണിയിലാകട്ടെ മുപ്പത്തിയാറ് ഇരുമ്പഴിയിട്ട ജനലുകളും അതിനുമുകളിൽ എട്ട് വൃത്താകൃതിയിലുള്ള ചില്ലു ജാലകങ്ങളുമുണ്ട്. മേൽക്കൂരയെ ചുമരുമായി ചേർത്തുനിർത്തുന്ന പന്ത്രണ്ട് ബീമുകൾക്കിടയിലുള്ള സ്ഥലവും ചില്ലുകളാൽ മറച്ചിരിക്കുന്നതുകൊണ്ട് അകത്തേക്ക് കൂടുതൽ പ്രകാശം കടന്നുവരുന്നു. ബാൽക്കണിയിലേക്ക് കയറാനുള്ള പടികൾ പുറത്ത് വരാന്തയിൽനിന്നാണ് സജ്ജീകരിച്ചിരിക്കുന്നത്.

മൊസൈക്ക്കൊണ്ട് മിനുസപ്പെടുത്തിയ തറനിരപ്പിൽനിന്നും മൂന്ന് പടികൾ ഉയരത്തിലാണ് മദ്ബഹയുടെ സ്ഥാനം. തേക്കിൻതടിയിൽ തീർത്ത പാനലുകൾകൊണ്ട് മദ്ബഹയുടെ ചുമരുകൾ മനോഹരമാക്കിയിരിക്കുന്നു. സക്രാരിയും ക്രൂശിതരൂപവും കാണപ്പെടുന്നത് മരംകൊണ്ട് പാനൽ ചെയ്ത ഒറ്റച്ചുമരിലാണ്. അതിൽ പിച്ചളയിൽ തീർത്ത നക്ഷത്രരൂപങ്ങളും കാണാം. മദ്ബഹയുടെ ഇരുഭാഗങ്ങളിൽ രണ്ടു രൂപക്കൂടുകളിലായി പ. മറിയത്തെയും വി. ജോസഫിനെയും പ്രതിഷ്ഠിച്ചിരിക്കുന്നു. കൂടാതെ വി. ചാവറ ഏലിയാസച്ചന്റെയും ക്രിസ്തുരാജന്റെയും രൂപങ്ങളുമുണ്ട്. മറ്റ് ആർഭാടങ്ങൾ

ഒന്നുമില്ലാതെ ലളിതമാണ് അകം കാഴ്ചകൾ. വരാന്തയാൽ ചുറ്റപ്പെട്ട പള്ളിയുടെ പുറം കാഴ്ച കൗതുകകരമാണ്. ഇരുപത്തിയൊന്ന് തൂണുകൾക്കിടയിലുള്ള ചുമരിന്റെ പ്രതലം മേൽക്കൂരയിലോ താഴെ നിലത്തോ തൊടാതെ പുറത്തേക്ക് ഉന്തിനിൽക്കുന്ന ഇരുപത് കമാനങ്ങളാൽ ചുറ്റപ്പെട്ടതാണ്.

ഫാ. ഡോ. കലിസ്റ്റസ് മാളിയേക്കലച്ചനാണ് ചാപ്പലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. മദ്രാസിലും എറണാകുളത്തും കേന്ദ്രങ്ങളുള്ള എൻ.ജി. ജോർജ്ജ് ആൻഡ് അസോസിയേഷൻ എന്ന നിർമ്മാണക്കമ്പനിയാണ് ക്രൈസ്റ്റ് ചാപ്പലിന്റെ രൂപരേഖ തയ്യാറാക്കി, പണി പൂർത്തീകരിച്ചത്. 1969 ജൂൺ 13 -ന് ശിലാസ്ഥാപനം നിർവഹിച്ച ദേവാലയം 1971 മെയ് 25 -ന് വെഞ്ചിരിച്ചു.

## 3.3.5 മുസ്ലീം ദേവാലയങ്ങൾ

മുഹമ്മദ് നബിയുടെ കാലം മുതൽ തന്നെ പൊതുവേ ലളിതമായ ശില്പകലാവിദ്യയാണ് മുസ്ലിം ദേവാലയ നിർമ്മാണത്തിനായി പ്രയോജനപ്പെടുത്തിയിട്ടുള്ളത്. പ്രതിമ-ശില്പ-ചിത്രവേലകളെല്ലാം ഇസ്ലാമിക തത്വങ്ങൾക്ക് എതിരായതിനാൽ അവ ദേവാലയനിർമ്മിതികളിൽനിന്ന് ഒഴിവാക്കപ്പെട്ടു. ദേവാലയനിർമ്മിതിക്കായി തദ്ദേശീയമായ വാസ്തുകലയെക്കൂടി അവർ ഉപയുക്തമാക്കി. തുർക്കിഷ്, പേർഷ്യൻ, മൊറോക്കോ (മൂറിഷ്) തുടങ്ങിയ ഇടങ്ങളിലെ വാസ്തുനിർമ്മിതികൾ ലോകശ്രദ്ധ നേടിയവയാണ്.

ചരിത്രസ്മാരകം എന്ന നിലയിൽ മലയാളികൾ എന്നും അഭിമാനത്തോടെ ഉയർത്തിക്കാട്ടാറുള്ള ഒന്നാണ് ചേരമാൻ ജുമാ മസ്ജിദ്. ഇരിങ്ങാലക്കുടയ്ക്ക് വളരെ അടുത്ത പ്രദേശമായ കൊടുങ്ങല്ലൂരിലെ ഈ മുസ്ലീം ദേവാലയം ഇന്ത്യയിലെത്തന്നെ ആദ്യത്തെ മുസ്ലീം ദേവാലയമാണ് എന്ന് കരുതപ്പെടുന്നു. ചേരമാൻ ജുമാ മസ്ജിദ് ക്ഷേത്രമാതൃകയിലാണ് നിർമ്മിച്ചിരിക്കുന്നത്. നിലവിളക്ക് കൊളുത്തുകയും കുട്ടികളെ എഴുത്തിനിരുത്തുകയും ചെയ്യുന്ന മുസ്ലിം ദേവാലയം എന്ന പ്രത്യേകതയും ഇവിടെയുണ്ട്. കാലാനുസൃതമായ പുതുക്കിപ്പണിയലുകളും ഇസ്ലാമിക-പേർഷ്യൻ വാസ്തുശൈലിയിലേക്കുള്ള ചുവട് മാറ്റവും ചേരമാൻ ജുമാ മസ്ജിദിനും സംഭവിച്ചു. മിനാരങ്ങളും താഴികക്കുടങ്ങളുമായി ഒരുഭാഗം പുനർനിർമ്മിച്ചുവെങ്കിലും മുഖവാരം ഇന്നും തനിമയോടെ സംരക്ഷിച്ചുവരുന്നു.

## മുഹിയുദ്ദീൻ ജുമാമസ്ജിദ്

കാട്ടുങ്ങച്ചിറയിലെ ആദ്യ മുസ്ലീം ദേവാലയം ഏകദേശം 250 വർഷങ്ങൾക്കു മുമ്പെങ്കിലും പണികഴിപ്പിച്ചിട്ടുള്ളതാണ് എന്ന് കരുതുന്നു. തുടക്കത്തിൽ ഇതൊരു ചെറിയ പള്ളി ആയിരുന്നു. ഓരോ കാലത്തും പള്ളി പടിപടിയായി നവീകരിച്ച് ആരാധന നടത്തിവന്നു. 2017 -ലാണ് ഇന്ന് കാണുന്ന രൂപത്തിലുള്ള പള്ളിയുടെ നിർമ്മാണോദ്ഘാടനം നടന്നത്. പേർഷ്യൻ വാസ്തുവിദ്യാരീതിയിലാണ് മുഹിയുദ്ദീൻ ജുമാമസ്ജിദ് രൂപകല്പന ചെയ്തിരിക്കുന്നത്. ഒരു വലിയ ഹാളും ചുമരിൽ അർദ്ധവൃത്താകൃതിയിലുള്ള മിഹ്റാബും, അഭിമുഖമായി നിൽക്കേണ്ട ദിശയെ സൂചിപ്പിക്കുന്ന കിബ്ലയുമാണ് ഇവിടെയുള്ളത്. വെള്ളിയാഴ്ചകളിലും മറ്റു വിശേഷങ്ങളിലും പ്രാർത്ഥനയ്ക്കായി ഉസ്താദ് നിൽക്കുന്ന ഇടമാണ് മിഹ്റാബ് (Mihrab). മിംബർ (Mimber) അർദ്ധവൃത്താകൃതിയിലുള്ള പ്രസംഗപീഠമാണ്. തേക്കും സ്റ്റീലുമാണ് ഇവയുടെ നിർമ്മാണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം മെക്കയുടെ ദിശ പടിഞ്ഞാറായതുകൊണ്ട് പടിഞ്ഞാറോട്ട് അഭിമുഖമായിനിന്നാണ് ഇവിടെ വിശ്വാസികൾ പ്രാർത്ഥിക്കുന്നത്. തേക്കിൻതടിയാണ് വാതിലുകളും ജനാലകളും നിർമ്മിച്ചിരിക്കുന്നത്. 2500 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഈ ആരാധനാലയത്തിന് നാല് മിനാറുകളാണുള്ളത്. മുസ്ലീം ദേവാലയങ്ങളെ ഒറ്റനോട്ടത്തിൽ തിരിച്ചറിയുന്ന ശില്പകലാരൂപമാണ് മിനാരങ്ങൾ. ഉയർന്ന ഈ സ്തൂപങ്ങളിലാണ് ബാങ്ക് വിളിക്കാനുള്ള ഉച്ചഭാഷിണി ഘടിപ്പിക്കുന്നത്. ഉച്ചഭാഷിണികൾ ഇല്ലാതിരുന്ന കാലത്തും ബാങ്കൊലി ദൂരെ ദിക്കുകളിൽ കേൾക്കുന്നതിന് ഉയർന്നുനിൽക്കുന്ന മിനാരങ്ങൾ സഹായകമായിരുന്നു. ഷഡ്ബുജാകൃതിയിലുള്ള മുഹിയുദ്ദീൻ ജുമാ മസ്ജിദിന്റെ ഈ ഗോപുരങ്ങൾക്ക് 25 മീറ്ററാണ് ഉയരം. മുകളിൽ കോണാകൃതിയിലുള്ള കിരീടംകൊണ്ട് അലങ്കരിച്ചിരിക്കുന്നു. കൂടെ മൂന്ന് വലിയ ഡോമുകളും കാണാം. നടുവിലെ വലിയ ഡോമിന് 4 മീറ്ററും വശങ്ങളിലെ ഡോമിന് 3 മീറ്ററും വ്യാസമാണുള്ളത്. മേലടവുള്ള വരാന്തകൾകൊണ്ട് ചുറ്റപ്പെട്ട അകവും മരത്തടിയിൽ കൊത്തുപണികൾകൊണ്ട് നിർമ്മിച്ച പ്രസംഗപീഠവും മേൽക്കൂരകളുമെല്ലാം കേരളത്തിന്റെ തനതായ വാസ്തുകലയെ ഇസ്ലാമിക വാസ്തുകലയുമായി ചേർത്തുവച്ചതിന്റെ സൂചനയാണ്. നിസ്കാരത്തിനുമുമ്പുള്ള ശരീര ശുദ്ധിക്കായി തയ്യാറാക്കിയിരിക്കുന്ന വലിയ ടാങ്ക് ശ്രദ്ധേയമാണ്. 2. 20 മീറ്റർ വീതിയും 6 മീറ്റർ നീളവും 2 മീറ്റർ ആഴവുമാണ്

ഇതിനുള്ളത്. പ്രവേശനകവാടം മുതൽ തൂണുകൾ കൊണ്ട് മനോഹരമാക്കിയിട്ടുണ്ട്. തുർക്കി രീതിയിലുള്ള കാർപെറ്റുകൊണ്ടാണ് നിലം അലങ്കരിച്ചിരിക്കുന്നത്. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി കേരളീയ ശൈലിയേക്കാൾ ഇസ്ലാമിക പേർഷ്യൻ മാതൃക പള്ളിയുടെ പുറംമോടിയിൽ പ്രകടമാണ്.

## 3.4 താന്ത്രിക പാരമ്പര്യം

ക്ഷേത്രാചാരങ്ങളുടെയും പൂജാദികർമ്മങ്ങളുടെയും നടത്തിപ്പ് തന്ത്രിമാരാണ് നിർവ്വഹിച്ചുവരുന്നത്. ഓരോ ക്ഷേത്രത്തിനും പ്രത്യേകം തന്ത്രികുടുംബങ്ങൾ ഈ അവകാശം പാരമ്പര്യമായി കൈമാറിവരുന്നു. എന്നാൽ കൂടൽമാണിക്യക്ഷേത്രത്തെ സംബന്ധിച്ചിടത്തോളം ഈ അവകാശം ഒരു ബ്രാഹ്മണകുടുംബത്തിൽ മാത്രം ഒതുങ്ങുന്നില്ല. ആദ്യകാലത്ത് തരണനെല്ലൂർ, അണിമംഗലം മനകൾക്കായിരുന്നു താന്ത്രിക അവകാശം. പിന്നീട് തരണനെല്ലൂർമന നെടുമ്പിള്ളി, കിടങ്ങശ്ശേരി, തെക്കിനിയേടത്ത്, വെളുത്തേടത്ത് എന്നിങ്ങനെ നാല് ശാഖകളായി പിരിഞ്ഞു. ക്ഷേത്രാധികാരികളുടെ തീരുമാനപ്രകാരം പിന്നീട് നകരമണ്ണ് മനയേയും താന്ത്രികസ്ഥാനത്തേക്ക് ഉയർത്തി. അങ്ങനെ ആറ് മനകൾക്കാണ് ഇപ്പോൾ കൂടൽമാണിക്യക്ഷേത്രത്തിന്റെ താന്ത്രികാവകാശം. പുത്തില്ലം എന്ന ബ്രാഹ്മണകുടുംബത്തിനാണ് മേൽശാന്തിസ്ഥാനത്തിന് അവകാശമുള്ളത്.

കേരളത്തിലെ അനവധിക്ഷേത്രങ്ങളിൽ തന്ത്രാവകാശമുള്ള കുടുംബമാണ് തരണനല്ലൂരിന്റേത്. കേരളത്തിൽ നമ്പൂതിരിഗ്രാമങ്ങൾ സൃഷ്ടിച്ച പരശുരാമനാണ് ക്ഷേത്രപ്രതിഷ്ഠ നടത്താനും താന്ത്രികസമ്പ്രദായം സൃഷ്ടിച്ച് അത് പിന്തുടരാനും ആന്ധ്രയിലെ നെല്ലൂർ എന്ന ഗ്രാമത്തിൽനിന്നും ബ്രാഹ്മണരെ കേരളത്തിലേക്ക് കൊണ്ടുവന്നത് എന്നാണ് ഐതിഹ്യം. കരകവിഞ്ഞു നിൽക്കുന്ന കാവേരിയുടെ മറുകരയിൽനിന്നും രണ്ട് ബ്രാഹ്മണരോട് ഇക്കരയിലേക്ക് കടന്നുവരാൻ പരശുരാമൻ ആവശ്യപ്പെടുന്നു. സ്വന്തം തപശക്തിയാൽ ഒരാൾ ജലോപരിതലത്തിലൂടെയും മറ്റേയാൾ താഴെ മണ്ണിൽ കൂടിയും ഇപ്പുറം കടന്നത്രേ. മുകളിൽകൂടി വന്ന പരമ്പരയ്ക്ക് തരണനല്ലൂർ എന്നും താഴെ ഭൂമിയിലൂടെ വന്ന പരമ്പരയ്ക്ക് താഴമൺ എന്നും പേര് നൽകുകയും പരശുരാമപദ്ധതി പ്രകാരം താന്ത്രികഗ്രന്ഥം നൽകുകയും ചെയ്തു. *കേരളമാഹാത്മ്യ*ത്തിലെ ദേവപ്രതിഷ്ഠ,

തന്ത്രപ്രദാനം തുടങ്ങിയ അധ്യായങ്ങളിൽ തരണനെല്ലൂർതന്ത്രിമാരെക്കുറിച്ച് വിശദ മായി പറയുന്നുണ്ട്.

തിരുവനന്തപുരം പത്മനാഭസ്വാമിക്ഷേത്രത്തിൽ വലിയ സ്ഥാനമാണ് തരണ നല്ലൂർ മനക്കാർക്കുള്ളത്. ഇരിങ്ങാലക്കുട ഗ്രാമക്കാരായ നെടുമ്പുള്ളി തരണനല്ലൂർ മനക്കാരാണ് മുറജപം, ഭദ്രദീപം തെളിയിക്കൽ തുടങ്ങിയ ചടങ്ങുകളിൽ പ്രമുഖസ്ഥാനം വഹിക്കുന്നത്. ആയില്യം തിരുനാൾ മഹാരാജാവ് തിരുവിതാംകൂർ ഭരണം നിർവഹി ക്കുന്ന കാലത്താണ് നെടുമ്പുള്ളി തരണനെല്ലൂർമന നിർമ്മിച്ചുനൽകിയത്. പത്മനാഭൻ എന്ന പേരാണ് ഈ കുടുംബക്കാർക്കിടയിൽ കൂടുതൽ ആവർത്തിച്ചു വരുന്നത്. ആയി ല്യം തിരുനാൾ മഹാരാജാവും ചിത്തിരത്തിരുന്നാൾ രാജാവും നെടുമ്പിള്ളി തരണല്ലൂർമ നയിൽ സന്ദർശനം നടത്തിയിട്ടുണ്ട്. ജന്മി പരമ്പരയായിരുന്ന ഇവർക്ക് ഇരിങ്ങാലക്കു ടയിലും തൃശ്ശൂരിലും മാത്രമല്ല തിരുവിതാംകൂറിലും ധാരാളം ഭൂസ്വത്തുക്കൾ ഉണ്ടായിരുന്നു.

തങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾ ഇന്നും അനുവർത്തിച്ചു വരുന്നവരാണ് തരണ നല്ലൂർ മനക്കാർ. ഇരിങ്ങാലക്കുടയിലെ നെടുമ്പിള്ളി തരണനല്ലൂർ മനയിൽ ഇന്നും വലിയ സർപ്പക്കാവുണ്ട്. എല്ലാ വർഷവും ഇവിടെ സർപ്പപൂജ നടത്തിവരുന്നു. അടു ക്കളതേവാരം തുടങ്ങി നമ്പൂതിരിഗൃഹത്തിൽ നടക്കുന്ന എല്ലാ ചടങ്ങുകളും ഇവിടെ മുറ തെറ്റാതെ നടന്നുവരുന്നു.

അനവധി പുരാതനഗ്രന്ഥങ്ങളുടെ അമൂല്യശേഖരം ഇവർ സൂക്ഷിക്കുന്നുണ്ട്. വേദ - ശാസ്ത്ര - സംസ്കൃതവിഷയങ്ങളിൽ അസാമാന്യ പാണ്ഡിത്യമാണ് ഇവിടുത്തെ നമ്പൂതി രിമാർക്കുള്ളത്. കേരള സർവകലാശാലയുടെ സംസ്കൃതവിഭാഗത്തിന്റെ ചുമതലയുണ്ടാ യിരുന്ന പത്മനാഭൻ ഗോവിന്ദൻ നമ്പൂതിരിപ്പാട്, വേദപണ്ഡിതനും തന്ത്രിപ്രമുഖനുമായ നെടുമ്പിള്ളി തരണനെല്ലൂർ പത്മനാഭൻ നമ്പൂതിരിപ്പാട്, ക്ഷേത്രങ്ങളുടെ പ്രവർത്തനം ജനകീയമാക്കുന്നതിന് മുൻകയ്യെടുത്ത തന്ത്രിപ്രമുഖനായ നെടുമ്പിള്ളി രാമൻ നമ്പൂതി രിപ്പാട് എന്നിവർ അവരിൽ ചിലരാണ്.

പാരമ്പര്യത്തിന്റെയും യാഥാസ്ഥിതികതയുടെയും നടുവിൽ നിൽക്കുമ്പോഴും അവയെ തിരുത്തി കാലാനുസൃതമായ മാറ്റങ്ങൾ താന്ത്രികമേഖലയിൽ വരുത്തുക എന്ന വലിയ ഉത്തരവാദിത്വം നിർവഹിച്ച വ്യക്തിയാണ് തരണനല്ലൂർ പത്മനാഭൻ നമ്പൂതിരിപ്പാട്. താന്ത്രിക അധികാരം പുരുഷാധിപത്യത്തിന്റേതാണ് എന്നാണ് കരു

തിയിരുന്നത്. വേദവും മന്ത്രവും തന്ത്രവുമെല്ലാം പുരുഷന്മാർ മാത്രം കൈകാര്യം ചെയ്തിരുന്ന മേഖലയാണ്. എന്നാൽ തന്ത്രശാസ്ത്രത്തിൽ സ്ത്രീക്ക് സർവ്വപ്രാമാണ്യം ഉണ്ട് എന്ന് അദ്ദേഹം വിലയിരുത്തി. യാഥാസ്ഥിതികരുടെ എതിർപ്പുകളെ വകവയ്ക്കാതെ അദ്ദേഹം ഒരു ഏഴാം ക്ലാസ് വിദ്യാർത്ഥിനിയെക്കൊണ്ട് ഭദ്രകാളി പ്രതിഷ്ഠ നടത്തിച്ചു. 2010 -ൽ ഇരിങ്ങാലക്കുടയിലെ കാട്ടൂർ തരണനെല്ലൂർമനയിലെ ജ്യോത്സനയാണ് കാട്ടൂർ പൊഞ്ഞനം പൈങ്കണ്ണിക്കാവ് ക്ഷേത്രത്തിൽ ഭദ്രകാളിപ്രതിഷ്ഠ നടത്തിയത്. താന്ത്രികശാസ്ത്രത്തിൽ ഒരിടത്തും സ്ത്രീക്ക് ഇത്തരം കാര്യങ്ങൾ നിഷിദ്ധമാണെന്ന് പറഞ്ഞിട്ടില്ലെന്ന് അദ്ദേഹം വിലയിരുത്തി. താന്ത്രികാചാരങ്ങളെക്കുറിച്ച് അറിയാൻ എത്തുന്നവരുടെ ജാതിയോ മതമോ നോക്കാതെയാണ് പത്മനാഭൻ നമ്പൂതിരിപ്പാട് അവരെ സ്വീകരിച്ചിരുന്നത്. കെ.എസ്.ഇ.ബി.യിൽ എൻജിനീയറായ തൃശ്ശൂർ സ്വദേശിനി പത്മിനി ലക്ഷ്മികാന്തന് താന്ത്രികദീക്ഷ നൽകി അദ്ദേഹം. ക്രിസ്തുമത വിശ്വാസിയായ ഒരു യുവാവും നമ്പൂതിരിപ്പാടിൽനിന്നും താന്ത്രികദീക്ഷ സ്വീകരിക്കുകയുണ്ടായി. സ്കൂൾവിദ്യാഭ്യാസമില്ലാത്ത അദ്ദേഹം ഇംഗ്ലീഷ് സുഗമമായി കൈകാര്യം ചെയ്യുകയും ഇംഗ്ലീഷ് പരിഭാഷയിലുള്ള ഗ്രന്ഥങ്ങൾ വായിച്ച് ഹൃദിസ്ഥമാക്കുകയും ചെയ്യുന്നു. കമ്പ്യൂട്ടർ പരിജ്ഞാനത്തിലും അദ്ദേഹം സ്വയം പര്യാപ്തത കൈവരിച്ചിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. മന്ത്രതന്ത്രാദികളെക്കുറിച്ചുള്ള നിരവധി താളിയോലഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ ശേഖരത്തിലുണ്ട്.

ഭദ്രകാളിയെ പ്രാണപ്രതിഷ്ഠ ചെയ്ത ആദ്യ പെൺകുട്ടി എന്ന ഖ്യാതി നേടിയ തന്ത്രിയാണ് ജ്യോത്സന പത്മനാഭൻ. അഴീക്കോട് അക്കിയത്ത് ശിവക്ഷേത്രം തന്ത്രിയായ തരണനല്ലൂർ പത്മനാഭൻ അപ്പനമ്പൂതിരിപ്പാടിന്റെയും കാട്ടൂർ അർച്ചനയുടെയും മകളാണ് ജ്യോത്സന. ബി.എ. സംസ്കൃതം വേദാന്തം പരീക്ഷയിൽ രണ്ടാം റാങ്ക് നേടിയ ജോത്സന വേദാന്തത്തിൽ ഉപരിപഠനവും നടത്തി.

## 3.4.1 കാമകോടി യജൂർവേദപാഠശാല

കൂടൽമാണിക്യക്ഷേത്രത്തിന്റെ കിഴക്കേനടയിലുള്ള നെടുമ്പള്ളി തരണനല്ലൂർ മഠത്തിലാണ് കാമകോടി യജൂർവേദപാഠശാല പ്രവർത്തിക്കുന്നത്. ഇവിടുത്തെ ഭൂരിപക്ഷം ബ്രാഹ്മണകുടുംബാംഗങ്ങളും പാരമ്പര്യമായി യജൂർവ്വേദപഠനം നടത്തിവരുന്നു. ഭൂപരിഷ്കരണനിയമം പ്രാബല്യത്തിൽ വന്നതോടെ വേദസംരക്ഷണത്തിന്റെ ഗുരുകുലങ്ങ

ളായി വർത്തിച്ചിരുന്ന ബ്രാഹ്മണകുടുംബങ്ങൾക്ക് വേദസംരക്ഷണം ബാധ്യതയായി മാറി. ഈ കാലഘട്ടത്തിൽ സമാധിയായ കാഞ്ചി കാമകോടി പീഠാധിപതി ശങ്കരാചാര്യ ജയേന്ദ്രസരസ്വതി സ്വാമികളും വേദപണ്ഡിതനായ നെടുമ്പുള്ളി തരണനല്ലൂർ പത്മനാഭൻ നമ്പൂതിരിപ്പാടും തമ്മിൽ കാണുവാനുള്ള സാഹചര്യം ഉണ്ടായി. ഇരിങ്ങാലക്കുടയിലെ വേദശ്രൗതപാരമ്പര്യത്തെപ്പറ്റി അടുത്തറിയാവുന്ന ജയേന്ദ്രസരസ്വതി സ്വാമികൾ ഇരിങ്ങാലക്കുടയിൽ ഒരു വേദപാഠശാല ആരംഭിക്കണമെന്ന് ആവശ്യപ്പെടുകയായിരുന്നു. അതിനുവേണ്ട സാമ്പത്തികസഹായവും അദ്ദേഹം വാഗ്ദാനം ചെയ്തു. 1972 -ൽ ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രത്തിന് മുന്നിലുള്ള ബ്രഹ്മസ്വം മഠത്തിൽ കാമകോടി യജുർവേദപാഠശാല പ്രവർത്തനം ആരംഭിച്ചു. ശബ്ദപ്രധാനമായ വേദത്തിന്റെ ഉച്ചാരണവൈശിഷ്ട്യം നിലനിർത്തുക എന്നതായിരുന്നു സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം. ഏഴുവർഷംകൊണ്ട് കൃഷ്ണയജുർവ്വേദ തൈത്തിരീയസംഹിതയിലും തൈത്തിരീയശാഖയിലും അധ്യയനം നടത്തുന്നതോടൊപ്പം ആധുനിക വിദ്യാഭ്യാസത്തിനും ഇവിടെ സൗകര്യമൊരുക്കിയിട്ടുണ്ട്. കേരളീയ സമ്പ്രദായത്തിൽ നടക്കുന്ന സോമയാഗം, അതിരാത്രം എന്നീ സങ്കീർണ്ണങ്ങളായ ശ്രൗതകർമ്മങ്ങൾക്ക് നേതൃത്വം നൽകുന്നതും ഋത്വിക്കുകളായി പ്രവർത്തിക്കുന്നതും ഇവിടത്തെ പൂർവ്വവിദ്യാർത്ഥികളാണ്. ഉജ്ജയിനി, കാഞ്ചീപുരം, വാരണാസി, മുംബൈ, അവധൂതദത്തപീഠം, മൈസൂർ തുടങ്ങി ഭാരതത്തിൽ നടക്കുന്ന വേദസമ്മേളനങ്ങളിലും വേദപരീക്ഷകളിലും ഇവിടുത്തെ വിദ്യാർഥികൾ പ്രശംസാവഹമായ പ്രകടനം കാഴ്ചവയ്ക്കുന്നു. അണിമംഗലത്ത് നാരായണൻ നമ്പൂതിരി പ്രസിഡന്റും പന്തൽ വൈദികൻ ശങ്കരൻ നമ്പൂതിരി സെക്രട്ടറിയുമായി പാഠശാല പ്രവർത്തിച്ചുവരുന്നു.

## 3.5 വിദ്യാഭ്യാസം

ചലനാത്മകമാണ് വിദ്യാഭ്യാസം. ദേശകാലങ്ങളുടെ അഭിരുചികൾക്കും അവബോധങ്ങൾക്കുമനുസരിച്ച് അത് നിരന്തരം മാറ്റത്തിന് വിധേയമാകുന്നു. കാലഘട്ടത്തിന്റെ മാറ്റങ്ങൾക്കും ചിന്താരീതികൾക്കുമനുസരിച്ച് ഒട്ടേറെ വിദ്യാഭ്യാസപരിഷ്കാരങ്ങൾക്ക് കേരളം സാക്ഷ്യം വഹിക്കുകയുണ്ടായി. മനുഷ്യരുടെ, അവർ ജീവിക്കുന്ന സമൂഹങ്ങളുടെ, കൂട്ടായ അനുഭവങ്ങളുടെ ഉൽപ്പന്നമാണ് ഓരോ കാലഘട്ടത്തിലും സമാഹരിക്ക

പ്പെടുന്ന അറിവ് എന്നും അത് അധികാരവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നും കെ.എൻ. ഗണേഷ് വിലയിരുത്തുന്നു (1997:260). ഓരോ കാലഘട്ടവും സമാഹരിച്ച അറിവുകൾ വ്യത്യസ്തമാണ് സമൂഹത്തിന്റെ വ്യത്യസ്തതലങ്ങളിലുള്ള അധികാരഘടനകളെ നിലനിർത്താനും ശക്തിപ്പെടുത്താനും വിദ്യാഭ്യാസത്തെ ഉപയോഗപ്പെടുത്തിയിരുന്നു.

ഗുരുകുല വിദ്യാഭ്യാസവും വേദാധ്യയനവുമെല്ലാം സവർണ്ണ അധികാരവിഭാഗങ്ങൾക്ക് മാത്രം സാധ്യമായിരുന്ന ഒരു ഘട്ടത്തിൽനിന്നും സാർവ്വത്രികവിദ്യാഭ്യാസം എന്ന തലത്തിലേക്ക് എത്തിച്ചേരുന്നത് കഴിഞ്ഞ നൂറ്റാണ്ടിൽ മാത്രമാണ്. ബ്രാഹ്മണർ ക്ഷേത്രങ്ങളോട് ചേർന്ന് നിലനിന്ന വേദപാഠശാലകളിലും സഭാമഠങ്ങളിലും അധ്യയനം നടത്തിവന്നു. വേദപഠനത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതായിരുന്നു അവരുടെ വിദ്യാഭ്യാസം. തൃശ്ശൂർ, കുമ്പളം, ഇരിങ്ങാലക്കുട, പെരുവനം, ചൊവ്വണ്ണൂർ എന്നിവിടങ്ങളിലെ സഭാമഠങ്ങൾ വേദപഠനകേന്ദ്രങ്ങളായിരുന്നു. നായർസമുദായത്തിലുള്ളവർ കുലധർമ്മമായ കളരി അഭ്യാസത്തിലും താഴ്ന്നജാതി എന്ന് വിളിക്കപ്പെട്ടവർ കുലത്തൊഴിലും അഭ്യസിച്ചു. അറിവിന്റെ ഉത്പാദനവും പ്രസരണവും ഒരു വിഭാഗത്തിന്റെ മാത്രം അവകാശം എന്ന നിലയിലേക്ക് ചുരുങ്ങി.

ഇരിങ്ങാലക്കുടക്കടുത്തുള്ള തൃക്കണാമതിലകത്ത് ഒരു സർവ്വകലാശാലതന്നെ ഉണ്ടായിരുന്നതായി കരുതുന്നു. *കൈലനാഥോദയം ചമ്പു*വിലും *ശിവവിലാസം*, *ശുകസന്ദേശം* തുടങ്ങിയ കാവ്യങ്ങളിലും ഇതേപ്പറ്റി പരാമർശങ്ങൾ ഉണ്ട്.

ക്രിസ്ത്യൻ മിഷനറിമാർ വിദ്യാഭ്യാസത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചതോടെ കേരളത്തിലെ വിദ്യാഭ്യാസരംഗം വിപ്ലവകരമായ മാറ്റത്തിനാണ് സാക്ഷ്യം വഹിച്ചത്. ആധുനിക രീതിയിലുള്ള വിദ്യാഭ്യാസം ഇരിങ്ങാലക്കുടയിൽ ആരംഭിക്കുന്നത് 1862 -ൽ സെന്റ്. ജോർജ്ജ് പള്ളിയുടെ നേതൃത്വത്തിലാണ്. പിന്നീട് ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ച് കെ.എൻ. പിഷാരടി രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധേയമാണ്, “ഇപ്പോഴത്തെ ഹൈസ്കൂൾ 1901 -ൽ ലോവർ സെക്കന്ററി സ്കൂൾ മാത്രം ആയിരുന്നു. ഏറെ താമസിയാതെ ഹൈസ്കൂൾ ആയി ഉയർത്തി. സ്കൂളിന്റെ മുൻവശത്തുള്ള വലിയ കെട്ടിടം ആയിടയ്ക്ക് പണിയിച്ചതാണ്. പെൺകുട്ടികളുടെ സ്കൂൾ കുട്ടംകുളത്തിന്റെ വടക്കുഭാഗത്തുള്ള കെട്ടിടത്തിൽ ആയിരുന്നു. പിന്നീട് ഇപ്പോഴുള്ള സ്ഥലത്തേക്ക് മാറുകയും ഒരു മാതൃക ഹൈസ്കൂൾ ആയി പരിണമിക്കുകയും ചെയ്തു. നാഷണൽ

ഹൈസ്കൂളും കോൺവെന്റ് ഹൈസ്കൂളും ക്രൈസ്റ്റ് കോളേജും നിലവിൽ വന്നതോടുകൂടി വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരു വിധം പൂർത്തിയായി. കോളേജ് ഉണ്ടായതുകൊണ്ട് ഹൈസ്കൂളിന് ശേഷമുള്ള പഠനത്തിന് പുറം ദിക്കുകളിൽ പോകേണ്ടതായ ആവശ്യമില്ലാതായി. 1909 ഡിസംബർ മാസത്തിലായിരുന്നു മദിരാശി സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ ഉണ്ടായിരുന്ന അവസാന മെട്രിക്കുലേഷൻ പരീക്ഷ. 1911 മാർച്ച് മാസത്തിലായിരുന്നു ആദ്യത്തെ എസ്.എസ്.എൽ.സി. പരീക്ഷ. അതിനു വിധേയരായവരിൽ എന്റെ സഹപാഠികളും ഞാനും പെടും. മറ്റെല്ലായിടത്തും എന്നപോലെ പഠിപ്പിന്റെ സമ്പ്രദായത്തിലും പാഠ്യവിഷയങ്ങളിലും ഇടയ്ക്കിടെ ഭേദഗതികൾ ഉണ്ടായിരിക്കുന്നുണ്ട്. സ്കൂളുകളുടെ നിയന്ത്രണത്തിന് ഒരു ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ഓഫീസ് ഇരിങ്ങാലക്കുട ഉള്ളതും ഈ ഘട്ടത്തിൽ അനുസ്മരിക്കുന്നു" (2013:15). ഗവ. ബോയ്സ് സ്കൂൾ മുതലിങ്ങോട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചാണ് അദ്ദേഹം പരാമർശിക്കുന്നത്.

### 3.5.1 പള്ളിക്കൂടം

കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ വികാരി ജനറൽ ആയിരുന്നു ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. അദ്ദേഹം പള്ളിക്കൊപ്പം ഒരു പള്ളിക്കൂടം എന്ന ആശയം മുന്നോട്ട് വയ്ക്കുകയും അതിനായി ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്തു. 1864 -ൽ വികാരി ജനറൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം പള്ളി അനുവദിക്കണമെങ്കിൽ പള്ളിക്കൂടം വേണം എന്ന് നിർബ്ബന്ധിക്കുകയും ചെയ്തു. 1860 -ൽ ഇരിങ്ങാലക്കുട സെന്റ്. ജോർജ്ജ് പള്ളിയുടെ പണി പൂർത്തിയായപ്പോൾത്തന്നെ സ്കൂൾ കെട്ടിടത്തിന്റെ പണിയാരംഭിച്ചു. 1862 -ൽ വിദ്യാലയം പ്രവർത്തിച്ചു തുടങ്ങി. ഇതാണ് ഇരിങ്ങാലക്കുടയിലെ ആദ്യത്തെ ഔപചാരികവിദ്യാഭ്യാസ സ്ഥാപനം. രണ്ട് കെട്ടിടങ്ങളാണ് ഇതിനായി പണികഴിപ്പിച്ചത്. ഇപ്പോൾ കൊടുങ്ങല്ലൂർ റോഡിൽനിന്ന് പള്ളിയിലേക്ക് വാഹനങ്ങൾ കയറുന്ന വഴിയുടെ വടക്ക് ഭാഗത്ത് ഒരു കെട്ടിടവും അതിന്റെ കിഴക്ക് ഭാഗത്ത് ഒരു പാട്ടു മുറിയും പണിതു. തെക്ക് ഭാഗത്തായി ഇതേ രൂപത്തിൽ തന്നെ മറ്റൊരു കെട്ടിടവും പണി തീർത്തു. എന്നാൽ വിദ്യാലയങ്ങളുടെ പ്രവർത്തനം തുടർന്നുകൊണ്ട് പോകുന്നതിനുള്ള സാമ്പത്തികസ്ഥിതി പള്ളിക്കുണ്ടായിരുന്നില്ല. അധ്യാപകർക്ക് ശമ്പളം പള്ളിയിൽനിന്ന് കൊടുക്കണമായിരുന്നു. ഗവൺമെന്റ് ഗ്രാന്റുകളൊന്നും ലഭ്യമല്ല. ഈ ഘട്ടത്തിൽ പള്ളി അധികൃതർ വിദ്യാലയനടത്തിപ്പ് സർക്കാരിന് വാടക അടി

സ്ഥാനത്തിൽ കൈമാറി. ഗവ.എൽ.പി. സ്കൂൾ മുകുന്ദപുരം എന്ന പേരിലാണ് സ്കൂൾ പ്രവർത്തനം തുടർന്നത്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെയായി ഈ പള്ളിക്കൂടം പ്രവർത്തിച്ചു വന്നു.

വിദ്യാലയത്തിന്റെ നടത്തിപ്പുകൊണ്ട് പള്ളിക്ക് സാമ്പത്തികനേട്ടമൊന്നും ഉണ്ടായിരുന്നില്ല. കിട്ടുന്ന വാടക അറ്റകുറ്റപ്പണികൾക്ക് പോലും തികയുകയില്ല. എങ്കിലും ജാതിമതഭേദമെന്യേ ഇന്നാട്ടിലെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നേടാൻ ഇവിടം സഹായകമായി. അന്ന് പ്രൈമറി ക്ലാസുകളിൽ നാലണ (25 -പൈസ) യാണ് ഫീസ്. ഇവിടെനിന്ന് പുറത്തുവരുന്ന കുട്ടികൾക്ക് തെറ്റുകൂടാതെ മലയാളം എഴുതാൻ കഴിയും എന്നത് തന്റെ അനുഭവമാണ് എന്ന് ടി.എ. റപ്പായി രേഖപ്പെടുത്തുന്നു (2004:101). പള്ളിയുടെ സാമ്പത്തികനില മെച്ചപ്പെട്ടതിനു ശേഷം സ്കൂൾ തിരിച്ചു കിട്ടാനായി പള്ളി മാനേജ്മെന്റ് സർക്കാരിൽ അപേക്ഷ സമർപ്പിച്ചു. പെൺകുട്ടികളുടെ വിദ്യാലയമാണ് പള്ളിക്ക് നൽകിയത്. എങ്കിലും രണ്ടിടത്തും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി വിദ്യാലയങ്ങൾ പ്രവർത്തനം തുടർന്നു. പള്ളിയുടെ നേതൃത്വത്തിലുള്ള വിദ്യാലയം സെന്റ്. മേരീസ് ഹയർ സെക്കന്ററി സ്കൂളായി രൂപാന്തരപ്പെട്ടു.

## സെന്റ്. മേരീസ് സ്കൂൾ

1922 -ൽ തുടങ്ങിയ പ്രൈമറി വിദ്യാലയത്തിൽ എം.ഒ. പൗലോസ് മാളിയേക്കൽ, കെ.ജെ. ലാസർ കള്ളിക്കാടൻ, ടി.എൽ. വർഗീസ് തെക്കേക്കര തുടങ്ങിയവരാണ് അധ്യാപകരായി ഉണ്ടായിരുന്നത്. സാമ്പത്തിക ബുദ്ധിമുട്ട് മൂലം വിദ്യാലയത്തിന്റെ പ്രവർത്തനം പൂർണമായും നിന്നുപോകുന്ന അവസ്ഥയിലെത്തി. അധ്യാപകർ മറ്റു ജീവനമാർഗ്ഗങ്ങൾ തേടിപ്പോവുകയും ചെയ്തു. തുടർന്ന് കുറച്ചുകാലത്തേക്ക് വിദ്യാലയത്തിന്റെ പ്രവർത്തനം പൂർണ്ണമായും നിലച്ചുപോയി. സ്കൂൾ വീണ്ടും തുറക്കുന്നതിനായി ഇരിങ്ങാലക്കുടയിലെ ക്രൈസ്തവർ ആഗ്രഹിച്ചില്ലെങ്കിലും അതത്ര എളുപ്പമായിരുന്നില്ല. അന്ന് കൊച്ചി രാജ്യത്തെ വിദ്യാഭ്യാസ ഡയറക്ടറായിരുന്ന ഐ.എൻ. മേനോൻ സ്വകാര്യ സ്കൂളുകൾ അനുവദിക്കുന്നതിൽ വിമുഖനായിരുന്നു. പിന്നീട് ദിവാൻ പി. ശങ്കരൻ നമ്പ്യാർ താൽക്കാലിക വിദ്യാഭ്യാസ ഡയറക്ടറായി നിയമിതനായ ഘട്ടത്തിലാണ് പഴയ സ്കൂളിന്റെ തുടർച്ചയെന്നോണം സെന്റ്. മേരീസ് മിഡിൽ സ്കൂൾ തുടങ്ങാൻ അനുവാദം ലഭി

ക്കുന്നത്. വിദ്യാഭ്യാസകാര്യങ്ങളിൽ കൂടുതൽ ഉദാരമായ നിലപാട് സ്വീകരിക്കുന്ന വ്യക്തിയായിരുന്നു ശങ്കരൻ നമ്പ്യാർ. ഗവൺമെന്റ് നിർദ്ദേശമനുസരിച്ച് വിദ്യാലയത്തിന്റെ പേര് സെന്റ്. മേരീസ് അപ്പർ പ്രൈമറി സ്കൂൾ എന്നാക്കി. 1943 -ൽ നാലര ക്ലാസ്സും അടുത്തവർഷം തന്നെ അഞ്ചാം ക്ലാസ്സും ആരംഭിച്ചു. മലയാളം നാലാം ക്ലാസ് കഴിഞ്ഞു വരുന്നവർക്ക് ഇംഗ്ലീഷ് പഠിക്കുന്നതിനുള്ള സൗകര്യത്തിനുവേണ്ടി നടത്തുന്ന ക്ലാസ് ആണ് നാലര ക്ലാസ് അഥവാ പ്രിപ്പാരട്ടറി ക്ലാസ്സ് (റപ്പായി ടി.എ., 2004:73). കെ.പി. വർഗീസ്, മകുടൻ മേരി, തോട്ടാൻ ബ്രിജിത്ത്, സി.എൽ. ജോസഫ് മാസ്റ്റർ, എ.കെ. ജോസഫ് മാസ്റ്റർ എന്നിവരായിരുന്നു ആദ്യകാല അധ്യാപകർ. അന്ന് ഏഴാം ക്ലാസിലാണ് പൊതുപരീക്ഷ എഴുതേണ്ടിയിരുന്നത്. 1946 -ൽ സെന്റ്. മേരീസ് സ്കൂളിൽ പൊതുപരീക്ഷയെഴുതിയ മുഴുവൻ വിദ്യാർത്ഥികളും വിജയിച്ചു. ഇരിങ്ങാലക്കുട രൂപതയുടെ രൂപീകരണത്തെ തുടർന്ന് സെന്റ്. മേരീസ് ഇടവകയും സെന്റ്. ജോർജ്ജ് ഇടവകയും ഒന്നായി സെന്റ്. തോമസ് കത്തീഡ്രൽ എന്ന പേര് സ്വീകരിച്ചു. തൽഫലമായി 1978 മുതൽ സ്കൂൾ പുതിയ മാനേജ്മെന്റിന് കീഴിലായി. കത്തീഡ്രൽ പള്ളിയുടെ പരിസരത്തായി ഹൈസ്കൂളിനാവശ്യമായ പുതിയ കെട്ടിടം പണിതു. 1984 -ലാണ് ഇവിടെ എട്ടാം ക്ലാസ് ആരംഭിക്കുന്നത് 1987 -ൽ ഈ വിദ്യാലയത്തിലെ ആദ്യ പത്താം ക്ലാസ് കുട്ടികൾ ജയിച്ചിറങ്ങി. പി.ജെ. ഫ്രാൻസിസ് മാസ്റ്ററായിരുന്നു ഹൈസ്കൂളിലെ ആദ്യ ഹെഡ്മാസ്റ്റർ. 2000 -ൽ സെന്റ്. മേരീസ് ഹയർ സെക്കന്ററി സ്കൂളും പ്രവർത്തനം ആരംഭിച്ചു. മൂന്നേക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന വിദ്യാലയത്തിന് വിശാലമായ ഒരു കളി സ്ഥലവുമുണ്ട്. സിനിമനടൻ ടൊവിനോ തോമസ് 2004 -2005 അധ്യയനവർഷത്തിൽ ഇവിടത്തെ സ്കൂൾ ലീഡറായിരുന്നു.

### 3.5.2 ഗവൺമെന്റ് സ്കൂളുകൾ

സാർവ്വത്രിക വിദ്യാഭ്യാസം എന്നത് ഒരു നവോത്ഥാനകാല പ്രതീക്ഷയായിരുന്നു. സാമ്പ്രദായികചിന്തകളിൽനിന്നും വ്യത്യസ്തമായി ജാതിവർണ്ണവർഗ്ഗഭേദങ്ങൾ കടന്നു വരാത്ത വിദ്യാഭ്യാസം അത്യന്താപേക്ഷിതമായിരുന്നു താനും. ബ്രിട്ടീഷ് ഇന്ത്യയിൽ വിദ്യാഭ്യാസത്തിന് നൽകിയ പ്രാമുഖ്യം ഭരണതലത്തിൽ സാർവ്വത്രിക വിദ്യാഭ്യാസം സാധ്യമാകുന്നതിന് സഹായകമായി. ഇരിങ്ങാലക്കുടയെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് സ്കൂളുകൾക്ക് നാന്ദി കുറിക്കുന്നത് മുകുന്ദപുരം എൽ.പി. സ്കൂളാണ്. വാടക

ക്കെട്ടിടത്തിലാണ് ഇന്നും മുകുന്ദപുരം സ്കൂൾ പ്രവർത്തിക്കുന്നത്. പ്രധാനാധ്യാപികയെ കൂടാതെ അഞ്ച് അധ്യാപകരും ഒരു പാചകക്കാരിയുമാണ് ഇവിടെ സേവനമനുഷ്ഠിക്കുന്നത്. ഇരിങ്ങാലക്കുടയിലെ പുതിയ തലമുറയ്ക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകിക്കൊണ്ട് മുകുന്ദപുരം ലോവർ പ്രൈമറി സ്കൂൾ ഇരുപത്തി ഒന്നാംനൂറ്റാണ്ടിലും പ്രവർത്തനം തുടരുന്നു.

## ഗവ. മോഡൽ ബോയ്സ് സ്കൂൾ

ഇരിങ്ങാലക്കുടയുടെ വിദ്യാഭ്യാസചരിത്രത്തിൽ പ്രഥമവും പ്രധാനവുമായ ഒരു ഇടമാണ് ഗവ. മോഡൽ ബോയ്സ് സ്കൂളിന്റേത്. നാടിന്റെ പുരോഗതിയിൽ പങ്കാളികളായ ഒരു തലമുറയെ വാർത്തെടുക്കുന്നതിന് ഈ സ്ഥാപനം വഹിച്ച പങ്ക് ചെറുതല്ല. 1872 -ലാണ് മോഡൽ ബോയ്സ് സ്കൂൾ പ്രവർത്തനമാരംഭിക്കുന്നത്. സാമൂഹ്യപരിവർത്തനത്തിന്റെ ദശാസന്ധിയിൽ ഇരിങ്ങാലക്കുടയുടെ നവോത്ഥാനചിന്തകൾക്ക് ആക്കം കൂട്ടുന്നതിന് ഒരു പൊതുവിദ്യാഭ്യാസസ്ഥാപനം അനിവാര്യമായിരുന്നു. ജാതി -മത -വർഗ്ഗ -ഭേദചിന്തകൾക്കതീതമായി ഒരുകൂട്ടം പുരോഗമനചിന്താഗതിക്കാരായ തലമുറയെ വാർത്തെടുക്കുന്നതിന് ഇവിടുത്തെ വിദ്യാഭ്യാസത്തിന് സാധിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രത്തിലും ബോയ്സ് സ്കൂളിലെ വിദ്യാർഥികൾ ഇടം നേടി.

കൊച്ചിപ്രവിശ്യയിലെ അപ്പർ സെക്കന്ററി സ്കൂളുകളുടെ പ്രവർത്തനം നിയന്ത്രിച്ചിരുന്ന എ.എഫ്. സീലി എന്ന യൂറോപ്യനായിരുന്നു സ്കൂളിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചത്. വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ നോമിനിയായിരുന്നു അദ്ദേഹം. ഇരിങ്ങാലക്കുടയുടെ ഹൃദയഭാഗം എന്ന് പറയാവുന്ന പ്രധാനറോഡിൽ, നടയ്ക്കും ഠാണാവിനും ഇടയിലുള്ള മൂന്ന് ഏക്കർ ഭൂമിയിലാണ് സ്കൂൾ സ്ഥിതിചെയ്യുന്നത്. ചുറ്റുമുള്ള ഗ്രാമങ്ങളിൽനിന്നെല്ലാം വിദ്യാഭ്യാസത്തിനായി വിദ്യാർഥികൾ ഇവിടെ എത്തിച്ചേർന്നു. സവർണ്ണ-അവർണ്ണഭേദമില്ലാതെ പഠിക്കാൻ അവസരം ഉണ്ടായിരുന്നു എങ്കിലും ആദ്യകാലത്ത് ദളിത് വിദ്യാർത്ഥികളുടെ എണ്ണം വളരെ കുറവായിരുന്നു. ആ കാലഘട്ടത്തിൽ യു.പി., ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള ഏക ആശ്രയമായിരുന്നു ഈ സ്കൂൾ. കെ.വി. രാമനാഥൻ തന്റെ ഓർമ്മക്കുറിപ്പിൽ വിദ്യാലയം ആദ്യമായി കണ്ട രംഗം ഇങ്ങനെ വിവരിക്കുന്നു, “വിശാലമായ ഒരങ്കണം. ചുറ്റും കെട്ടിടങ്ങൾ. പട്ടുകുറ്റൻ ഇരട്ട ഉരുളൻ തൂണുകൾ നിരന്നുനിൽക്കുന്ന ഇരുനിലമാളികയാണ്. ഒരുവശ

ത്ത് നോക്കിയാൽ നോട്ടം എത്താത്ത ഗ്രൗണ്ട്. ഇങ്ങനെ ഒരുസ്കൂളോ!" (2009:43). മുറുക്കാനും നെറ്റിയിൽ ഭസ്മക്കുറിയും നടുക്ക് ഒരു ചന്ദനപൊട്ടും ചെവിയിൽ തുളസിക്കതിരുമുള്ള ഹെഡ്മാസ്റ്റർ ധർമ്മരാജയ്യരേയും അദ്ദേഹം തെളിമയോടെ വിവരിക്കുന്നു. കോട്ടിട്ട് അതിനുമുകളിൽ ടൈ കെട്ടിവരുന്ന അധ്യാപകരും മുണ്ടും ഷർട്ടും മാത്രം ധരിച്ച വരുന്നവരും അക്കൂട്ടത്തിലുണ്ട്. അന്ന് തികഞ്ഞ ദേശീയബോധത്തിന്റെ ചിഹ്നമായിരുന്ന ഖദർ ധരിച്ചിരുന്ന വി.കെ. രാമൻ മേനോൻ മാസ്റ്റർ പലതുകൊണ്ടും വ്യത്യസ്തനായിരുന്നു എന്നും കെ.വി. രാമനാഥൻ പറയുന്നു. സ്വയം ഉണ്ടാക്കുന്ന സനാതന സോപ്പ് മാത്രമേ ആ ദേശസ്നേഹി ഉപയോഗിക്കു (2009:43).

മലയാളിക്ക് പ്രിയപ്പെട്ട കവി വൈലോപ്പിള്ളി ശ്രീധരമേനോൻ ഈ വിദ്യാലയത്തിലെ പ്രധാന അധ്യാപകനായിരുന്നു. അദ്ദേഹത്തെ കൂടാതെ ഇ.എം. ഹരിഹരൻ, നമ്പ്യാരുവീട്ടിൽ നാരായണമേനോൻ, പാലാഴി ഗോവിന്ദൻകുട്ടി മേനോൻ തുടങ്ങിയ പ്രഗൽഭരായ അധ്യാപകർ ഇവിടെ സേവനമനുഷ്ഠിച്ചിട്ടുണ്ട്. എസ്. ആനന്ദകൃഷ്ണ അയ്യർ ആയിരുന്നു പ്രഥമ പ്രധാന അധ്യാപകൻ. ഗവ. മോഡൽ ബോയ്സ് സ്കൂളിൽനിന്നും പഠിച്ചിറങ്ങിയ വിദ്യാർത്ഥികൾ സമൂഹത്തിന്റെ വ്യത്യസ്ത തുറകളിൽ ശ്രദ്ധേയരാണ്. കൊച്ചി പ്രധാനമന്ത്രിയായിരുന്ന ഇക്കണ്ട വാര്യർ, തൃശ്ശൂർ ബിഷപ്പ് മാർ ജോസഫ് കുണ്ടുകുളം, കോൺഗ്രസ് നേതാവും ഗാന്ധിയനുമായിരുന്ന ഐ.എം. വേലയുദ്ധൻ, കെ.വി. രാമനാഥൻ എന്നിവർ അവരിൽ ചിലർ മാത്രമാണ്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായ ക്വിറ്റ് ഇന്ത്യ സമരത്തിന്റെ തുടക്കമായിരുന്നു 1942 -ൽ നടന്ന ആഗസ്റ്റ് സമരം. ബോയ്സ് സ്കൂളിലെ വിദ്യാർഥികളെയും ഈ കാലഘട്ടം ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലേക്ക് ആകർഷിച്ചു. ആഗസ്റ്റ് സമരത്തിൽ അവരും പങ്കാളികളായി. മാറാത്ത് ശിവരാമൻ, കണ്ടംകുളത്തി കുഞ്ഞവര, തുരുത്തി ഗോപി, നാരായണൻകുട്ടി, കൃഷ്ണദാസ്, കെ.പി. പോളി തുടങ്ങിയവരുടെ നേതൃത്വത്തിൽ ഇവിടെ നടത്തിയ സമരം ബെഞ്ചേറ് സമരം എന്ന പേരിൽ പിന്നീട് പ്രസിദ്ധമായി (നോ. 4.4.8).

സ്കൂളിന്റെ സുവർണ്ണകാലത്ത് എഴുപതോളം അധ്യാപകരും മൂവായിരത്തോളം വിദ്യാർത്ഥികളും ഇവിടെയുണ്ടായിരുന്നു. 1983 -ൽ ബോയ്സ് സ്കൂളിൽ വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം ആരംഭിച്ചു. എ. ജിനേഷ് ആയിരുന്നു പ്രഥമ പ്രിൻസിപ്പൽ. 1998 -ലാണ് ഹയർസെക്കന്ററി വിഭാഗം ആരംഭിക്കുന്നത്. ആദ്യകാലത്ത് പ്രവർത്തിച്ചിരുന്ന എൽ.പി. സ്കൂൾ പിന്നീട് നിർത്തലാക്കി. യു.പി., ഹൈസ്കൂൾ തലത്തിലുള്ള

വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായി. ഹൈസ്കൂൾ വരെ ആൺകുട്ടികൾക്ക് മാത്രമാണിവിടെ പ്രവേശനമുള്ളത്. ഇന്ന് ഒമ്പത് അധ്യാപകരും നൂറിൽ താഴെ വിദ്യാർത്ഥികളുമാണ് ഹൈസ്കൂൾ തലത്തിലുള്ളത്. ഹയർസെക്കൻഡറി വിഭാഗത്തിൽ അഞ്ഞൂറിനടുത്തും വൊക്കേഷണൽ ഹയർ സെക്കൻഡറിൽ ഇരുന്നൂറോളം വിദ്യാർത്ഥികളും പഠിതാക്കളാണ്. പുതിയ സ്കൂൾ കെട്ടിടവും ആധുനിക സൗകര്യങ്ങളും വിദ്യാലയത്തെ പുതിയ കാലത്തിനൊപ്പം മുന്നോട്ടുകൊണ്ടുപോകുന്നു.

## ഗവ. ഗേൾസ് സ്കൂൾ

സാമൂഹികപരിവർത്തനത്തിൽ സ്ത്രീകൾക്ക് വലിയ പ്രാധാന്യമുണ്ട്. അതുകൊണ്ടുതന്നെ പെൺകുട്ടികൾക്ക് മാത്രമായി ഒരു വിദ്യാഭ്യാസസ്ഥാപനം തുടങ്ങുക എന്നത് കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു. കോവിലകത്തെ പെൺപള്ളിക്കൂടമാണ് പിന്നീട് ഗവ. ഗേൾസ് ഹയർ സെക്കന്ററി വിദ്യാലയമായി വളർച്ച പ്രാപിച്ചതത്രേ (*ഇരിങ്ങാലക്കുട മാന്വൽ*, 2019:958). ഇരിങ്ങാലക്കുടയിലെ മൂന്നുപീടിക റോഡിൽ ചെട്ടിപ്പറമ്പിലുള്ള മൂന്നേക്കർ സ്ഥലത്താണ് വിദ്യാലയം സ്ഥിതിചെയ്യുന്നത്.

1940 -കളിൽ ഏഴാം ക്ലാസുവരെ പഠിക്കാനുള്ള സംവിധാനമേ ഗേൾസ് സ്കൂളിൽ ഉണ്ടായിരുന്നുള്ളൂ. പെൺമക്കൾ ഇവിടെ പഠിക്കുക എന്നത് അന്തസ്സിന്റെയും ആഭിജാത്യത്തിന്റെയും അടയാളമായി കണ്ടിരുന്ന ഒരു കാലമുണ്ടായിരുന്നു ഇരിങ്ങാലക്കുടക്കാർക്ക്. 1969 -ൽ എൽ.പി. വിഭാഗം വേർപ്പെട്ട് മറ്റൊരു പ്രധാനാധ്യാപകന്റെ നേതൃത്വത്തിൽ സ്വതന്ത്രമായി പ്രവർത്തിക്കാൻ തുടങ്ങി. സ്കൂളിലെ പ്രഥമ ഹെഡ്മാസ്റ്റർ ഇഗ്നേഷ്യസ് എന്ന അധ്യാപകനും പ്രഥമ വിദ്യാർത്ഥിനി സി.കെ. വത്സലയും ആയിരുന്നു. ഗേൾസ് സ്കൂളിൽ ഹൈസ്കൂൾ കൂടാതെ ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസവും ഇന്ന് ലഭ്യമാണ്. സ്കൂൾതലത്തിൽ ഇരുന്നൂറിൽ താഴെ വിദ്യാർഥികളാണ് ഇവിടെ അധ്യയനം നടത്തുന്നത്. വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ നൂറ്റി അറുപതിനടുത്തും ഹയർസെക്കൻഡറി തലത്തിൽ അഞ്ഞൂറോളം വിദ്യാർത്ഥികളും ഇവിടെ പഠിക്കുന്നു.

### 3.5.3 മിഷിനറി വിദ്യാലയങ്ങൾ

ചർച്ച് മിഷൻ സൊസൈറ്റി (സി.എം.എസ്.) എന്ന ക്രിസ്ത്യൻ മിഷിനറിമാരുടെ നേതൃത്വത്തിൽ 1882 -ൽ ആരംഭിക്കുകയും ഇന്നും പ്രവർത്തനം തുടരുകയും ചെയ്യുന്ന വിദ്യാലയമാണ് സി.എം.എസ്. ലോവർ പ്രൈമറി സ്കൂൾ. ഇരിങ്ങാലക്കുട ഠാണാവിൽ സ്ഥിതി ചെയ്യുന്ന ഇവിടെ മൂന്നാം ക്ലാസ്സുവരെയാണ് ആരംഭത്തിൽ ഉണ്ടായിരുന്നത്. സി.എം.എസ്. മിഷിനറി സഭാംഗങ്ങളാണ് ആദ്യകാലത്ത് ഇവിടെ അധ്യാപകരായിരുന്നത്. അന്ന് അധ്യാപകർക്ക് ശമ്പളം നൽകിയിരുന്നതും മിഷനറി മാനേജ്മെന്റ് തന്നെയായിരുന്നു. കേരളത്തിൽ അച്ചടിയുടെയും വിദ്യാഭ്യാസത്തിന്റെയും രംഗത്ത് ഏറെ മുന്നേറ്റങ്ങൾക്ക് സി.എം.എസ്.സഭാംഗങ്ങൾ കാരണമായിട്ടുണ്ട്. ലണ്ടനിലെ ചർച്ച മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിലാണ് കേരളത്തിലെ ആദ്യ കോളേജും മലയാളത്തിലെ ആദ്യ അച്ചടിശാലയും ആരംഭിക്കുന്നത്. സി.എം.എസ്. സഭാംഗമായ ബെഞ്ചമിൻ ബയ്‌ലിയുടെ നേതൃത്വം ഇതിന് സഹായകമാവുകയും ചെയ്തു.

1885 - മുതൽ ഇരിങ്ങാലക്കുടയിലെ സി.എം.എസ്. സ്കൂളിൽ നാലാം ക്ലാസ്സും തുടങ്ങി. 1947 -ൽ സ്വതന്ത്ര ഇന്ത്യയിലെ തങ്ങളുടെ എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളും തദ്ദേശീയ മിഷനറി സമൂഹമായ ചർച്ച് ഓഫ് സൗത്ത് ഇന്ത്യ (സി.എസ്.ഐ.)യ്ക്ക് കൈമാറി. കൊച്ചി തൃശ്ശൂർ കോർപ്പറേറ്റ് മാനേജ്മെന്റാണ് വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നത്. പുതിയ കാലത്തെ വിദ്യാലയങ്ങളുടെ രംഗപ്രവേശനം ഇത്തരം സ്ഥാപനങ്ങളുടെ സ്ഥിതി മോശമാക്കി. 1980 -കളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായി. എൺപതുകളുടെ അവസാനം ആയപ്പോഴേക്കും നാല് ക്ലാസുകളിലും ഓരോ ഡിവിഷനുകൾ മാത്രമായി.

### ലിറ്റിൽ ഫ്ലവർ കോൺവെന്റ് സ്കൂൾ

കേരളത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തിന്റെ വിദ്യാഭ്യാസ ഉന്നമനത്തിനു വേണ്ടി അക്ഷീണം പ്രയത്നിച്ച വ്യക്തിയാണ് ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. അദ്ദേഹം 1866 -ൽ ഇന്ത്യയിലെത്തന്നെ ആദ്യ സന്യാസിനി സമൂഹമായ കർമ്മലീത്താ സന്യാസിനി സഭ (സി.എം.സി.) കൂനമ്മാവിൽ സ്ഥാപിച്ചു. ജാതിവ്യവസ്ഥ മാത്രമല്ല ലിംഗവിവേചനവും സാമൂഹ്യമായ അപരവൽക്കരണങ്ങൾക്ക് കാരണമായിരുന്നു. സ്ത്രീ

സമൂഹത്തെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരാനുള്ള പ്രധാന മാർഗ്ഗം വിദ്യാഭ്യാസമാണെന്ന് അദ്ദേഹം കരുതി. മഠത്തിനോട് ചേർന്ന് ഒരു ബോർഡിങ് സ്കൂൾ സ്ഥാപിച്ചു. അത്തരം പ്രവർത്തനങ്ങളുടെ തുടർച്ചയെന്നോണമാണ് 1923 ഏപ്രിൽ 14 -ന് കർമലീത്ത സന്യാസിനി സഭയുടെ നേതൃത്വത്തിൽ ലിറ്റിൽഫ്ലവർ കോൺവെന്റ് സ്കൂൾ ഇരിങ്ങാലക്കുടയിൽ ആരംഭിക്കുന്നത്. പെൺകുട്ടികൾക്ക് മാത്രമായുള്ള വിദ്യാലയമാണ് ലിറ്റിൽ ഫ്ലവർ സ്കൂൾ.

ഠാണാവിലെ വാടകക്കെട്ടിടത്തിൽ ലോവർ പ്രൈമറി ക്ലാസ്സായിരുന്നു ആദ്യം തുടങ്ങിയത്. 1926 മെയ് 31 ആയപ്പോഴേക്കും പൂർണ്ണസജ്ജമായ പ്രൈമറി സ്കൂൾ ആയി അത് വളർന്നു. 1935 മുതൽ 1941 വരെ കൊച്ചി ദിവാനായിരുന്ന ഷൺമുഖം ചെട്ടി സ്കൂൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. 1944 ജൂൺ ഏഴിനാണ് ഇവിടെ ഹൈസ്കൂൾ ക്ലാസുകൾ ആരംഭിക്കുന്നത്. ഇന്ന് മൂവായിരത്തിലധികം പെൺകുട്ടികൾ വിദ്യ അഭ്യസിക്കുന്ന സ്ഥാപനമാണിത്. തൃശ്ശൂർ ജില്ലയിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഏറ്റവുമധികം വിദ്യാർത്ഥികളെ പരീക്ഷയ്ക്കിരുത്തി പൂർണവിജയം നേടിയതിനുള്ള 1981, 1990, 1993, 1999 എന്നീ വർഷങ്ങളിലെ അവാർഡ് കരസ്ഥമാക്കിയത് ഇരിങ്ങാലക്കുട ലിറ്റിൽഫ്ലവർ സ്കൂളാണ്.

1982 -ലെ അധ്യാപകർക്കുള്ള ദേശീയ അവാർഡ് നേടിയത് അന്ന് ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് ആയിരുന്ന സി. മേരി ജസ്റ്റിൻ ആണ്. കൂടാതെ സ്കൂളിലെ സംസ്കൃത അധ്യാപികയായിരുന്ന ഇന്ദിര ടീച്ചർക്ക് സംസ്കൃത അധ്യാപകർക്കുള്ള അവാർഡ്, സി. ഫ്ലോൻസിന് ഇരിങ്ങാലക്കുട വിദ്യാഭ്യാസ ജില്ലയുടെ ആചാര്യ ശ്രേഷ്ഠ അവാർഡ്, പ്യൂൺ കെ.കെ. ജോയ്സിന് ഇരിങ്ങാലക്കുട വിദ്യാഭ്യാസ ജില്ലയുടെ സേവനമിത്ര അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ ഈ വിദ്യാലയത്തെ തേടിയെത്തിയിട്ടുണ്ട്. പ്രശസ്ത ചിത്രകാരി കവിത ബാലകൃഷ്ണൻ ലിറ്റിൽ ഫ്ലവർ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിനിയാണ്.

### ഡോൺ ബോസ്കോ ഇംഗ്ലീഷ് മീഡിയം സ്കൂൾ

കേരളത്തിലെ സലേഷ്യൻ സഭയുടെ പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന ജോൺ വെഡ് എസ്.ഡി.ബി. യുടെ താല്പര്യപ്രകാരമാണ് ഇരിങ്ങാലക്കുടയിൽ 1962 -ൽ ഡോൺ ബോസ്കോ സ്കൂൾ ആരംഭിക്കുന്നത്. അന്നത്തെ തൃശ്ശൂർ ബിഷപ്പായിരുന്ന റവ.

ജോർജ്ജ് ആലപ്പാട്ടിന്റെ ക്ഷണപ്രകാരമാണ് ഫാ. വെഡ് ഇരിങ്ങാലക്കുടയിലെത്തു ന്നത്. പ്രദേശവാസികളായ ഒട്ടനവധി പേരുടെ പ്രയത്നത്തിന്റെ ഫലമാണ് ഈ വിദ്യാലയം. തങ്ങളുടെ നാട്ടിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. അന്നത്തെ മുൻസിപ്പൽ ചെയർമാനായിരുന്ന എം.പി. കൊച്ചു ദേവ സ്സി, വ്യവസായിയായ കെ.എൽ. ഫ്രാൻസിസ്, സേവനസന്നദ്ധരായ വി.പി. ദേവസ്സി പോക്കത്ത്, ടി.ടി. ജോൺ, ലോനപ്പൻ തളിയത്ത്, പൊട്ടക്കൽ ഇട്ടിക്കുരു, എം.സി. പോൾ, സി.ഒ. ജേക്കബ്, കുരിയപ്പൻ കൊട്ടുവളപ്പിൽ, കെ.പി. ജോണി, സെന്റ്. മേരീസ് പള്ളി വികാരിയായിരുന്ന ഫാ. ജോർജ്ജ് ചെറുപ്പണത്ത്, സെന്റ്. ജോർജ്ജ് പള്ളി വികാരിയായിരുന്ന ആന്റണി തെക്കിനിയത്ത് എന്നിവർ ഇതിനായി അക്ഷീണം പ്രയത്നിച്ചവരിൽ ചിലരാണ്.

മുൻസിപ്പാലിറ്റി വാടകയില്ലാതെ വിട്ടുനൽകിയ ഷെഡ്ഡിലായിരുന്നു ക്ലാസുകൾ ആരംഭിച്ചത്. പിന്നീട് പ്രദേശവാസികൾ സംഭാവനയായി നൽകിയ 40,000 രൂപകൊ ണ്ട് പട്ടണത്തിന്റെ തെക്ക് ഭാഗത്തായി 11 ഏക്കർ വയൽഭൂമി വാങ്ങി. വൈദികരുടെ താമസത്തിനും ബലിയർപ്പണത്തിനുമായി കുഞ്ഞുവറീത് തളിയത്ത് എന്ന വ്യക്തി സ്വ ന്തം ചെലവിൽ ഒരു വീട് നിർമ്മിച്ചു നൽകി. തുടർന്നും നാട്ടുകാരുടെ സഹായസഹകര ണത്തോടെ സ്കൂൾ കെട്ടിടങ്ങളും ബോർഡിങ് സൗകര്യങ്ങളും ലഭ്യമാക്കി. ഫാ. ആൻഡ്രൂ ദൊരൈരാജ് ആയിരുന്നു ആദ്യത്തെ റെക്ടറും പ്രധാനാധ്യാപകനും. 1963 -ൽ പ്രവർ ത്തനം ആരംഭിച്ച എൽ.പി. സ്കൂളിൽ മൂന്ന് അധ്യാപകരും 15 വിദ്യാർത്ഥികളുമാണ് ഉണ്ടായിരുന്നത്. 1971 ആയപ്പോഴേക്കും പുതിയ കെട്ടിടം പണിത് വിദ്യാർത്ഥികളെ ബോർഡിങ്ങിൽ പ്രവേശിപ്പിച്ചു തുടങ്ങി. 1996 -ലാണ് ഹൈസ്കൂളിനായുള്ള പുതിയ നാലു നിലകെട്ടിടത്തിന്റെ പണി പൂർത്തിയായി പ്രവർത്തനം തുടങ്ങുന്നത്. 2002 -ൽ ഹയർ സെക്കന്ററി വിഭാഗവും ആരംഭിച്ചു. 2002 -ൽ തന്നെയാണ് ഐ.സി.എസ്.ഇ. സിലബ സിലുള്ള സെൻട്രൽ സ്കൂളും ഇവിടെ ആരംഭിക്കുന്നത്.

ഇന്ന് ഡോൺ ബോസ്കോ ഹയർസെക്കന്ററി സ്കൂൾ, സെൻട്രൽ സ്കൂൾ, എൽ.പി. സ്കൂൾ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി മൂവായിരത്തോളം കുട്ടികൾ ഇവിടെ പഠി ക്കുന്നു. വിദ്യാർത്ഥികളുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിനായി ഡോൺബോസ്കോ സ്കൂളിൽ സജ്ജമാക്കിയിരിക്കുന്ന ഭൗതികസൗകര്യങ്ങൾ ശ്രദ്ധേയമാണ്. ഷട്ടിൽ കോർ ട്ട്, ബാസ്കറ്റ്ബോൾ കോർട്ട്, ടേബിൾ ടെന്നീസ് റൂം, ഫിറ്റ്നസ് ജിം സെന്റർ, 1200 പേർ

ക്കിയിരിക്കുന്ന ഇൻഡോർ സ്റ്റേഡിയം, 3400 ചതുരശ്ര അടി വലിപ്പത്തിലുള്ള നീന്തൽ കുളവും തൽസംബന്ധമായ സൗകര്യങ്ങളും ഉൾക്കൊള്ളുന്ന അക്വാട്ടിക് കോംപ്ലക്സ് എന്നിവ വിദ്യാലയത്തെ വ്യത്യസ്തമാക്കുന്നു. റോളർ സ്കേറ്റിങ്, ചെസ്സ്, നീന്തൽ, കരാട്ടേ തുടങ്ങിയ വ്യത്യസ്ത കായിക ഇനങ്ങളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു.

## ലിസ്യു കോൺവെന്റ് സ്കൂൾ

ഇരിങ്ങാലക്കുട നഗരത്തിന്റെ വടക്കേ അതിർത്തിയായ കാട്ടുങ്ങച്ചിറയിലാണ് ലിസ്യു കോൺവെന്റ് സ്കൂൾ സ്ഥിതിചെയ്യുന്നത്. ഫ്രാൻസിലെ അലൻസോണയിലുള്ള ലിസ്യു എന്ന പ്രദേശത്തെ ലെബിസോണ എന്ന ഭവനത്തിൽ ജീവിച്ചിരുന്ന പുണ്യവതിയാണ് തെരേസ ഡി ലിസ്യു. കേരളത്തിൽ വി. കൊച്ചുത്രേസ്യ എന്നറിയപ്പെടുന്ന ഈ പുണ്യവതിയുടെ ദേശനാമമാണ് ലിസ്യു കോൺവെന്റ് സ്കൂൾ സ്വീകരിച്ചിരിക്കുന്നത്. കർമലീത്ത സന്യാസിനി സമൂഹാംഗമായ വി. കൊച്ചുത്രേസ്യയുടെ സഭാംഗങ്ങളാണ് ഈ വിദ്യാലയത്തിന്റെ ഭരണസാരഥ്യം വഹിക്കുന്നത്.

ഇരിങ്ങാലക്കുട ലിറ്റിൽ ഫ്ലവർ സ്കൂളിനോട് ചേർന്ന് പ്രവർത്തിച്ചിരുന്ന ലിസ്യു കോൺവെന്റ് 1964 -ലാണ് കാട്ടുങ്ങച്ചിറയിലേക്ക് മാറ്റി സ്ഥാപിച്ചത്. ആദ്യത്തെ നാലു വർഷം പെൺകുട്ടികൾക്ക് മാത്രമായിരുന്നു പ്രവേശനം. ആദ്യ ബാച്ചിൽ 35 കുട്ടികളാണ് ഉണ്ടായിരുന്നത്. 1968 മുതൽ ആൺകുട്ടികളും പെൺകുട്ടികളും പഠിതാക്കളായി. അന്നത്തെ പ്രൊവിൻഷ്യൽ മദർ പേഷ്യൻസ്, ലോക്കൽ സുപ്പീരിയർ മദർ ഗ്രിഗറി, ടി.ടി.എ. പ്രധാനാധ്യാപികയായിരുന്ന സല്ലർമിൻ എന്നിവർ സ്കൂൾ സ്ഥാപിക്കുന്നതിനായി പരിശ്രമിച്ചു. സി. റീനാറ്റയായിരുന്നു ആദ്യത്തെ പ്രധാനാധ്യാപിക.

1984 -ൽ ആനന്ദപുരത്ത് സ്ഥാപിതമായിരുന്ന സെന്റ്. ജോസഫ് കോൺവെന്റ് ഇ.എം.എച്ച്. സ്കൂൾ ലിസ്യു കോൺവെന്റ് ക്യാമ്പസിലേക്ക് മാറ്റി സ്ഥാപിച്ചതോടെയാണ് ഇവിടെ ഹൈസ്കൂൾ പഠനത്തിന് അവസരമുണ്ടാകുന്നത്. 1999 -ൽ പത്താം ക്ലാസിലെ ആദ്യ ബാച്ച് വിദ്യാർത്ഥികൾ പരീക്ഷയെഴുതി. സി. ഫ്ളവറിക് ആയിരുന്നു ഹൈസ്കൂളിലെ ആദ്യ പ്രധാനാധ്യാപിക.

## ക്രൈസ്റ്റ് വിദ്യാനികേതൻ

സി.എം.ഐ. സഭയുടെ ആഭിമുഖ്യത്തിൽ ക്രൈസ്റ്റ് എജ്യൂക്കേഷൻ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് (രജി.നമ്പർ 449/എസ്.ആർ.ഒ./ഇ.കെ.എം./2002) ആണ് ക്രൈസ്റ്റ് വിദ്യാനികേതൻ ആരംഭിക്കുന്നത്. ക്രൈസ്റ്റ് ആശ്രമത്തിന്റെ സുപ്പീരിയർ ആയിരുന്ന ഫാ. എസ്തോസ് തോട്ടാന്റെ നേതൃത്വത്തിലാണ് സ്കൂളിനായുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചത്. ഫാ. ജോസ് സെയിൽസ്, ഫാ. ജോൺ കൊള്ളന്നൂർ എന്നിവരും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ക്രൈസ്റ്റ് കോളേജിന്റെ ജൂനിയർ ഹോസ്റ്റൽ സ്കൂൾ കെട്ടിടമാക്കി മാറ്റി. ഇരിങ്ങാലക്കുടയിലെ ജനങ്ങളുടെകൂടെ താല്പര്യാർത്ഥം ഇന്ത്യൻ കൗൺസിൽ ഓഫ് സെക്കൻഡറി എജ്യൂക്കേഷൻ (ഐ.സി.എസ്.ഇ) സിലബസ് പ്രകാരമാണ് പാഠ്യപദ്ധതി തയ്യാറാക്കിയത്. 247 കുട്ടികളും 14 അധ്യാപകരുമായാണ് സ്കൂൾ ആരംഭിക്കുന്നത്.

സ്കൂളിന്റെ പ്രാരംഭ പ്രിൻസിപ്പൽ ആയിരുന്ന ഫാ. വിൽസൻ ജോസഫ് തറയിൽ 2017 വരെ ഈ വിദ്യാലയത്തിൽ തന്റെ സേവനം തുടർന്നു. 2005 -ൽ സെന്റ് ജോസഫ് ബ്ലോക്കിലേക്കും 2006 ഫെബ്രുവരി 21 -ന് സ്വന്തമായി നിർമ്മിച്ച പുതിയ കെട്ടിടത്തിലേക്കും സ്കൂൾ മാറ്റി സ്ഥാപിക്കുന്നു. അന്നത്തെ കേരള ഗവർണർ ആർ. എൽ. ഭാട്ടിയയാണ് ക്രൈസ്റ്റ് വിദ്യാനികേതൻ സ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ചത്. 2006 -ൽ 14 വിദ്യാർത്ഥികളുടെ ആദ്യ ബാച്ച് ഐ.സി.എസ്.ഇ. ബോർഡ് പരീക്ഷ എഴുതി 100% വിജയം കൈവരിച്ചു . 2007 -ൽ ഡൽഹിയിലെ സി.ഐ.എസ്.സി. (Council for the Indian School Certificate Examinations) ൽനിന്ന് സ്ഥിരമായ അഫിലിയേഷൻ ലഭിച്ചു. 2008 -ൽ ഐ.സി.എസ്.ഇ., ഐ.എസ്.സി. പരീക്ഷാകേന്ദ്രമായി ക്രൈസ്റ്റ് വിദ്യാനികേതനെ കൗൺസിൽ അംഗീകരിച്ചു. ഇന്ന് 2500 വിദ്യാർത്ഥികളും 200 ഓളം ജീവനക്കാരും ഈ വിദ്യാലയത്തിനുണ്ട്.

ആഴ്ചയിൽ രണ്ട് പിരീഡ് കുട്ടികളുടെ അഭിരുചിയനുസരിച്ച് സംഗീതം, നൃത്തം, ചിത്രരചന, സംഗീതോപകരണങ്ങൾ, യോഗ, കരാട്ടെ എന്നിവയിൽ പരിശീലനം നൽകുന്നു. 'ചാവറ കലാക്ഷേത്ര' എന്ന പേരിൽ ഒരുവിഭാഗം ഇതിനായി പ്രവർത്തിക്കുന്നു. കൂടാതെ ഓരോ വർഷവും പ്രാദേശിക കലാകാരന്മാരെയും കായികതാര

ങ്ങളെയും ആദരിക്കുന്നതിനായി 'കലാസന്ധ്യ'യും 'കായികസായാഹ്ന'വും സംഘടിപ്പിക്കുന്ന പതിവുമുണ്ട്. കായികവിദ്യാഭ്യാസത്തിനും ഏറെ പ്രാധാന്യം നൽകുന്ന സ്ഥാപനമാണിത്. അതിനായി ഇൻഡോർ സ്റ്റേഡിയം, ക്രൈസ്റ്റ് ഇന്റർനാഷണൽ അക്വാട്ടിക് കോംപ്ലക്സ്, ഇന്റർനാഷണൽ ഫിറ്റ്നസ് സെന്റർ, ഷട്ടിൽ കോർട്ട്, ടെന്നീസ് കോർട്ട്, ബാസ്കറ്റ് ബോൾകോർട്ടുകൾ, ഫുട്ബോൾ ഗ്രൗണ്ട് തുടങ്ങിയ വിപുലമായ സൗകര്യങ്ങൾ വിദ്യാർത്ഥികൾക്കായി ഒരിക്കിയിട്ടുണ്ട്. 2008 -ൽ 'വിഷൻ ഇന്ത്യ' ഫുട്ബോൾ കോച്ചിംഗ് സെന്റർ ആയി ക്രൈസ്റ്റ് വിദ്യാനികേതനെ 'ഫിഫ' അംഗീകരിച്ചു. ഒരു സ്വകാര്യസ്കൂളിന് ഇത്തരമൊരു അംഗീകാരം ലഭിക്കുന്നത് ഇതാദ്യമായാണ് എന്നത് ശ്രദ്ധേയമാണ്. 2007 -ൽ അഖിലകേരള അത്‌ലറ്റിക് മീറ്റ്, ഇരുപത്തിയാറാമത് കേരള സ്റ്റേറ്റ് ഐ.സി.എസ്.ഇ., ഐ.എസ്.ഇ. കൾച്ചറൽ മീറ്റ്, 2011 -ൽ അഖിലേന്ത്യ ബാസ്കറ്റ്ബോൾ ടൂർണമെന്റ്, 2013 -ൽ ഓൾ കേരള ഇന്റർ സ്കൂൾ നീന്തൽ മത്സരം തുടങ്ങി ഒട്ടനവധി മത്സരങ്ങൾക്ക് ആതിഥേയത്വം വഹിക്കാനും ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്.

## 3.5.4 കോവിലകം സ്കൂളും സംഗമേശ്വരവിലാസവും

1891 -ൽ തൃപ്പൂണിത്തറ കോവിലകത്തിന്റെ മേൽനോട്ടത്തിൽ കൂടൽമാണിക്യക്ഷേത്രത്തിനടുത്തുള്ള വലിയതമ്പുരാൻ കോവിലകത്ത് പ്രവർത്തിച്ചുവന്ന ബാലികാപാഠശാലയാണ് കോവിലകം സ്കൂൾ. കോവിലകത്തെ പെൺകുട്ടികൾക്ക് പഠിക്കാനായി തുടങ്ങിവച്ച ഈ വിദ്യാലയത്തിൽ പിന്നീട് നായർ മുതലായ വിഭാഗത്തിലെ പെൺകുട്ടികൾക്കും പ്രവേശനം അനുവദിച്ചു. ഏഴാം ക്ലാസ് വരെ പഠിക്കാനുള്ള സൗകര്യമാണ് കോവിലകം സ്കൂളിൽ ഉണ്ടായിരുന്നത്.

വലിയതമ്പുരാൻ കോവിലകം ശക്തൻ തമ്പുരാൻ പണികഴിപ്പിച്ചിട്ടുള്ളതാണ്. അമ്പലത്തിനടുത്ത് ക്ഷേത്രത്തേക്കാൾ ഉയരത്തിൽ ഇരുനിലമാളിക പണിയരുത് എന്ന വിശ്വാസംമൂലം ഇരിങ്ങാലക്കുടയിലെ വലിയതമ്പുരാൻ കോവിലകം ഒരുനില ഉയരത്തിൽ മണ്ണിട്ട് തറകെട്ടി ഉയർത്തി അതിന്റെ മുകളിലാണ് മാളിക പണിതത്. ശക്തൻ തമ്പുരാന് കൂടൽമാണിക്യം ഉത്സവം കാണാൻ പണിതതാണത്രേ ഇത്. കോവിലകത്തിന്റെ പടിക്കൽ പാറാവുകാരും കുതിരപ്പട്ടാളവും നിന്നിരുന്നു (രാമനാഥൻ കെ.വി., 2009:49).

കോവിലകംവളപ്പിന്റെ വടക്കേഭാഗത്ത് കരിങ്കൽ മതിലിനോടുചേർന്നുള്ള ഊട്ടു പുരയിലാണ് സ്കൂൾ പ്രവർത്തിച്ചിരുന്നത്. തന്റെ അമ്മ (കൊച്ചുകുട്ടിയമ്മ) അവിടെ വിദ്യാർത്ഥിയും പിന്നീട് അധ്യാപികയുമായിരുന്നു എന്ന് കെ.വി. രാമനാഥൻ മാസ്റ്റർ ഓർക്കുന്നു (2009:50). അന്ന് ഏഴാം ക്ലാസിൽ പൊതുപരീക്ഷയായിരുന്നു. പരീക്ഷ എഴുതാൻ തൃശ്ശൂരിൽ പോകണം. യാത്രാസൗകര്യങ്ങളുടെ അപര്യാപ്തതമൂലം വിദ്യാർത്ഥികൾ തലേദിവസംതന്നെ തൃശ്ശൂരിലെത്തി ബന്ധുവീടുകളിലോ മറ്റോ താമസിക്കുകയായിരുന്നു പതിവ്. അന്ന് ഏഴാം ക്ലാസ് പാസായാൽ അധ്യാപകജോലി ലഭിക്കുമായിരുന്നു. അങ്ങനെ ആ പരിസരത്തുള്ള ഒരുപാട് പെൺകുട്ടികൾ പഠിച്ച് പരീക്ഷയെഴുതി ടീച്ചർമാരായി. രാമനാഥൻ മാസ്റ്ററുടെ അമ്മ അങ്ങനെ അധ്യാപികയായ വ്യക്തിയാണ്. അവരുടെ ആദ്യനിയമനം കോവിലകം സ്കൂളിലായിരുന്നു.

കോവിലകം വളപ്പിൽനിന്നും സ്കൂൾ പിന്നീട് പുതിയ കെട്ടിടത്തിലേക്കുമാറ്റി. ആ സ്കൂൾകെട്ടിടം നിർമ്മിക്കാൻ വേണ്ട കല്ലും മരവും ശേഖരിച്ചത് കൂടൽമാണിക്യക്ഷേത്രത്തിന്റെ ഊട്ടുപുരയുടെ ഒരു ഭാഗം പൊളിച്ചിട്ടാണത്രേ. അന്ന് പൊളിച്ച ഊട്ടുപുരയുടെ സ്ഥാനം കൂടൽമാണിക്യക്ഷേത്രത്തിൽ ഇന്നും ഒഴിഞ്ഞുകിടപ്പുണ്ട്. ക്ഷേത്രത്തിന്റെ തെക്കേഗോപുരത്തിനും കലാപരിപാടി നടക്കുന്ന സ്റ്റേജിനും ഇടയിലുള്ള മതിൽക്കെട്ടിന് താഴെ പഴയഊട്ടുപുരയുടെ കൽക്കെട്ടിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴും കാണാം. പുതിയ കെട്ടിടത്തിൽ ആരംഭിച്ച വിദ്യാലയത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനമുണ്ടായിരുന്നു.

കോവിലകം സ്കൂൾ എന്നാണ് നിന്നുപോയത് എന്ന കാര്യത്തിൽ വ്യക്തതയില്ല. ഈ സ്കൂൾകെട്ടിടം പിന്നീട് റേഷനരി സൂക്ഷിച്ചുവെക്കുന്ന ഇടമായും, ഇലക്ട്രിസിറ്റിയുടെ സെക്ഷൻ ഓഫീസായും, പി.ഡബ്ല്യു.ഡി. ഓഫീസായും എല്ലാം മാറിയതായി രാമനാഥൻ മാസ്റ്റർ പറയുന്നു. 1932 -ൽ ജനിച്ച അദ്ദേഹത്തിന്റെ കുട്ടിക്കാലത്ത് ഈ വിദ്യാലയം പ്രവർത്തിച്ചിരുന്നില്ല.

1935 -ൽ സാമൂഹ്യപ്രവർത്തകരുടെ സഹായത്തോടെ ആരംഭിച്ച വിദ്യാലയമാണ് സംഗമേശ്വരവിലാസം സ്കൂൾ. കൂടൽമാണിക്യക്ഷേത്രത്തിന് വടക്കുപടിഞ്ഞാറുഭാഗത്തായി പ്രവർത്തിച്ചിരുന്ന സംഗമേശ്വരവിലാസം സ്കൂൾ സംസ്കൃതപഠനത്തിനായാണ് ആരംഭിച്ചത്. പിന്നീട് സംഗമേശ്വരവിലാസം ഇംഗ്ലീഷ് മീഡിയം സ്കൂൾ ആയി

അതുമാറി. കെ.വി. രാമനാഥൻ മാസ്റ്റർ ഈ സ്കൂളിലാണ് പ്രാഥമികവിദ്യാഭ്യാസം നേടിയത്. തന്റെ വിദ്യാലയത്തെക്കുറിച്ച് രാമനാഥൻ മാസ്റ്റർ ഓർക്കുന്നത് ഇപ്രകാരമാണ്, “നാലാം ക്ലാസുവരെ പഠിച്ചത് വീടിനടുത്തുള്ള ഓലമേഞ്ഞ ചുമരുകളില്ലാത്ത സംഗമേശവിലാസം ഇംഗ്ലീഷ് സ്കൂളിൽ. ഇംഗ്ലീഷ് മീഡിയം സ്കൂളല്ല. അന്ന് പ്രൈമറി സ്കൂൾ രണ്ടുതരമായിരുന്നു. ഇംഗ്ലീഷ് ഒരു വിഷയമായി പഠിപ്പിക്കുന്നതും അതില്ലാത്തതും. മലയാളം മാത്രമുള്ള സ്കൂളുകളിൽ പഠിച്ചുവരുന്നവർക്ക് ഹൈസ്കൂളിൽ അഞ്ചാം ക്ലാസിനു മുമ്പ് ഒരു വർഷം നാലര ക്ലാസിൽ പഠിക്കണം” (2009:42). സംഗമേശവിലാസം സ്കൂൾ വലിയൊരു വീട്ടുപറമ്പിലായിരുന്നു എന്നും അദ്ദേഹം ഓർക്കുന്നുണ്ട്.

സംഗമേശ്വരവിലാസം സ്കൂളിൽ ആദ്യകാലത്ത് ഹരിജനങ്ങൾക്ക് പ്രവേശനം ഇല്ലായിരുന്നു. ഗാന്ധിജിയുടെ ഇരിങ്ങാലക്കുട സന്ദർശനത്തെ തുടർന്ന് അയിത്തത്തിനും അനാചാരങ്ങൾക്കും എതിരെയുള്ള പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി. ആ ഘട്ടത്തിൽ സംഗമേശ്വരവിലാസം സ്കൂളിൽ അവരെ ചേർക്കാൻ മാനേജ്മെന്റ് തീരുമാനിച്ചു. അസ്വസ്ഥരായ സവർണ്ണരക്ഷിതാക്കൾ അവരുടെ കുട്ടികളെ സ്കൂളിൽ വിടാതെയായി. സ്കൂളിലാകെ രണ്ടു കുട്ടികൾ മാത്രം. തൊട്ടടുത്ത് സംബന്ധമുണ്ടായിരുന്ന ഒരു നമ്പൂതിരി, തനിക്ക് അയിത്തമാകാതെ സംബന്ധത്തിനു പോകാൻ കഴിയുന്നില്ല എന്നു പറഞ്ഞ് ബ്രിട്ടീഷുകാരനായ കൊച്ചിദിവാന് കത്തയച്ചു. എങ്കിൽ താങ്കൾക്ക് സംബന്ധം മാറ്റാവുന്നതാണ് എന്ന മറുപടിയാണ് നമ്പൂതിരിക്ക് ലഭിച്ചതത്രേ (കെ.വി. രാമനാഥൻ, 2013:33). അയിത്തോച്ചാടനത്തിൽ ബ്രിട്ടീഷ് ഗവൺമെന്റ് ഇടപെട്ടതിന്റെ ഇരിങ്ങാലക്കുടയിലെ ഉദാഹരണമാണ് നമ്പൂതിരിക്ക് ലഭിച്ച മറുപടി. ഏതായാലും കുറച്ചുകഴിഞ്ഞ് കുട്ടികൾ വീണ്ടും സ്കൂളിലേക്ക് എത്താൻ തുടങ്ങി.

സ്കൂളിന്റെ പ്രവർത്തനം നിന്നുപോകുന്ന ഒരുഘട്ടം വന്നപ്പോൾ വി.കെ. മേനോൻ സ്കൂളിന്റെ മേൽനോട്ടം ഏറ്റെടുത്തു. 1951 മുതൽ നാഷ്ണൽ ഹൈസ്കൂളിന്റെ ഭാഗമായി പ്രവർത്തിച്ചുവന്ന ലോവർ പ്രൈമറി സ്കൂൾ 1961 -ൽ നാഷണൽ സ്കൂൾ എൽ.പി. വിഭാഗം ആയി പ്രത്യേകം ഹെഡ്മിസ്ട്രസിന്റെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്നു.

## നാഷ്ണൽ ഹയർ സെക്കന്ററി സ്കൂൾ

1935 -ൽ ഇരിങ്ങാലക്കുടയിലെ ജനങ്ങളുടെ സാംസ്കാരിക പുരോഗതിക്കുവേണ്ടി പ്രദേശത്തെ സാമൂഹ്യ പ്രവർത്തകർ ആരംഭിച്ച സംസ്കൃതപാഠശാലയാണിത്. 1939 -ലാണ് ലോവർ പ്രൈമറി മുതലുള്ള വിദ്യാഭ്യാസം ഇവിടെ ആരംഭിക്കുന്നത്. സ്കൂളിന്റെ നിലനിൽപ്പിനും പുരോഗതിക്കും സുരക്ഷിതമായ കൈകളിൽ ഭരണസാരഥ്യം എത്തിപ്പെടേണ്ടത് അത്യാവശ്യമാണെന്ന ഒരുഘട്ടം വന്നുചേർന്നു. വി.കെ. കൃഷ്ണമേനോൻ ആണ് സുഹൃത്തുക്കളുടെ നിർബന്ധത്തിന് വഴങ്ങി 1944 -ൽ സ്കൂൾ ഏറ്റെടുക്കുന്നത്. ടി. നാരായണമേനോൻ, വി.പി. ശ്രീധരമേനോൻ തുടങ്ങിയ പ്രഗൽഭരായിരുന്നു വിദ്യാലയത്തിന്റെ ആദ്യകാല അധ്യാപകർ. 1946 -ൽ ഇതൊരു ഹൈസ്കൂളായി വളർന്നു. 1948 -ലാണ് ആദ്യ ബാച്ച് വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷയെഴുതുന്നത്. ആൺകുട്ടികൾ മാത്രം പഠിതാക്കളായിരുന്ന നാഷ്ണൽ സ്കൂളിൽ 1983 മുതലാണ് പെൺകുട്ടികൾക്കും പ്രവേശനം നൽകിത്തുടങ്ങിയത്. 1988 -ൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകളും ആരംഭിച്ചു. കേരളസർക്കാർ ഹയർ സെക്കന്ററി സമ്പ്രദായം നടപ്പിലാക്കിയതിന്റെ ഭാഗമായി 1998 -99 അധ്യായന വർഷം മുതൽ നാഷണൽ സ്കൂളും ഹയർസെക്കന്ററി സ്കൂളിലായി വളർന്നു. ഇന്ന് എൽ.പി. വിഭാഗം മുതൽ ഹയർസെക്കൻഡറി തലംവരെ രണ്ടായിരത്തിലധികം വിദ്യാർഥികൾ പഠിക്കുന്ന സ്ഥാപനമാണിത്. ഇപ്പോൾ വി.കെ. കൃഷ്ണമേനോന്റെ ഇളയപുത്രി രുഗ്മിണി രാമചന്ദ്രനും മരുമകൻ വി.പി.ആർ. മേനോനുമാണ് ഈ സ്ഥാപനത്തെ മുന്നോട്ടു നയിക്കുന്നത്. എം. ശിവശങ്കര മേനോൻ, കെ.വി. രാമനാഥൻ തുടങ്ങിയ അധ്യാപകരുടെ നേതൃത്വവും വിദ്യാലയത്തിന്റെ വളർച്ചയ്ക്ക് മുതൽക്കൂട്ടായിരുന്നു.

കേരളീയകലകളുടെ പരിപോഷണത്തിനാവശ്യമായ പ്രവർത്തനങ്ങൾ ആർട്ട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഇവിടെ നടന്നുവരുന്നു. പ്രശസ്തരും പ്രതിഭാശാലികളുമായ പൂർവ്വവിദ്യാർത്ഥികളാണ് വിദ്യാലയത്തിന്റെ ഏറ്റവും വലിയ സമ്പത്ത്. ഇന്ത്യൻ ബഹിരാകാശ ഗവേഷണകേന്ദ്രത്തിന്റെ മുൻ അധ്യക്ഷൻ ഡോ.കെ. രാധാകൃഷ്ണൻ, ചലച്ചിത്ര പിന്നണിഗായകൻ ജയചന്ദ്രൻ, അഭിനേതാവ് ഇന്നസെന്റ്, നോവലിസ്റ്റ് ആനന്ദ്, അമ്മന്നൂർ കുട്ടൻചാക്യാർ, കാർട്ടൂണിസ്റ്റ് എം. മോഹൻദാസ്, ഡോ. വി.പി. ഗംഗാധരൻ, സുരേഷ് ടി. വൈദ്യനാഥൻ തുടങ്ങി 2022 -ലെ ഐ.എ.എസ്.

റാങ്ക് ജേതാവ് ഹരി കല്ലിക്കാട്ട് വരെ നാഷ്ണൽ സ്കൂളിന് അഭിമാനാർഹമായ നീണ്ടനിര തന്നെയുണ്ട്.

## സംഗമേശ്വര എൻ.എസ്.എസ്. ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ

നായർ സർവീസ് സൊസൈറ്റിയുടെ മുകുന്ദപുരം താലൂക്ക് യൂണിയന്റെ നേതൃത്വത്തിൽ 1977 -ലാണ് സംഗമേശ്വര എൻ.എസ്.എസ്. ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിക്കുന്നത്. അന്നത്തെ എൻ.എസ്.എസ്. യൂണിയൻ പ്രസിഡന്റായിരുന്ന പി. രാമൻനായരുടെയും സെക്രട്ടറി ശങ്കരപ്പിള്ളയുടെയും മറ്റ് കമ്മിറ്റി അംഗങ്ങളുടെയും ശ്രമഫലമായാണ് കേരളസിലബസിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്ന ചിന്ത യാഥാർത്ഥ്യമാകുന്നത്. വടക്കേക്കര ചന്ദ്രശേഖരൻ എന്ന വ്യക്തിയുടെ വസതിയിലാണ് സ്കൂൾ പ്രവർത്തനമാരംഭിച്ചത്. രണ്ടു വർഷങ്ങൾക്കുശേഷം കൂടൽമാണിക്യം ദേവസ്വം കെട്ടിടത്തിലേക്ക് ഇത് മാറ്റി സ്ഥാപിച്ചു. തുടർന്നാണ് എൻ.എസ്.എസ്.ന്റെ മുൻപ്രസിഡന്റായിരുന്ന രാമൻകുട്ടി മേനോൻ സ്കൂളിനായി തന്റെ മൂന്ന് ഏക്കർ സ്ഥലം സംഭാവന നൽകുന്നത്. നഗരത്തിന്റെ തെക്ക് പടിഞ്ഞാറ് ഭാഗത്തായി കാക്കത്തിരുത്തി റോഡിൽ കേരള ഫീഡ്സിനു സമീപമാണ് ഈ സ്ഥലം സ്ഥിതിചെയ്യുന്നത്. 1986 -ൽ സ്കൂൾ കെട്ടിടത്തിന്റെ പണി പൂർത്തിയായി. എൽ.പി, യു.പി. വിഭാഗങ്ങളിലായി തുടങ്ങിയ വിദ്യാലയം 2004 മുതൽ ഹൈസ്കൂളായി ഉയരുകയും തുടർച്ചയായി 100% വിജയം നേടുകയും ചെയ്തു. സി.വി.കെ. വാര്യർ ആയിരുന്നു ഇവിടത്തെ ആദ്യ പ്രധാനാധ്യാപകൻ. തുടർന്ന് ദ്രൗപതി ജി. നായർ, ഇ. അപ്പുക്കുട്ടമേനോൻ, പി. ശശിധരൻ, പി. വിനയൻ, കെ.എസ്. ഗീത എന്നിവരും പ്രധാനാധ്യാപകരായി. അതത് കാലത്തെ എൻ.എസ്.എസ്. താലൂക്ക് യൂണിയൻ പ്രസിഡന്റാണ് സ്കൂൾ മാനേജരാകുന്നത്.

ഒരു ഘട്ടത്തിൽ രണ്ടായിരത്തിൽ താഴെവരെ വിദ്യാർഥികൾ ഇവിടെ പഠിച്ചിരുന്നു. എന്നാൽ 2023 -24 അക്കാദമിക വർഷത്തിൽ ഇവിടെ വിദ്യാർത്ഥികളുടെ എണ്ണം 50 -ൽ താഴെയായി കുറഞ്ഞു. ആധുനികസൗകര്യങ്ങളോടെയുള്ള സ്കൂളുകളുടെ വളർച്ച ഇവിടെ കുട്ടികൾ കുറയാൻ കാരണമായതായി അധികൃതർ വിലയിരുത്തുന്നു. എന്തായാലും 2024 മാർച്ച് മാസത്തോടെ ഈ വിദ്യാലയത്തിന്റെ പ്രവർത്തനം പൂർണ്ണമായും നിലച്ചു. ഇവിടുത്തെ വിദ്യാർഥികൾ മറ്റ് സ്കൂളുകളിൽ പ്രവേശനം നേടുകയും ചെയ്തു.

### 3.5.5 എസ്.എൻ. വിദ്യാലയങ്ങൾ

ശ്രീനാരായണ ഭക്തരിൽ ശ്രദ്ധേയമായ സ്ഥാനമാണ് ഇരിങ്ങാലക്കുടയിലെ പ്രമുഖവ്യവസായിയും സാമൂഹ്യപരിഷ്കർത്താവുമായ സി.ആർ. കേശവൻ വൈദ്യർക്കുള്ളത്. വിദ്യകൊണ്ട് പ്രബുദ്ധരാവുക എന്ന നാരായണഗുരുവിന്റെ വാക്കുകളിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് ഗുരുവിന്റെത്തന്നെ നാമധേയത്തിൽ അദ്ദേഹം രൂപംകൊടുത്ത വിദ്യാഭ്യാസസ്ഥാപനമാണ് എസ്.എൻ സ്കൂൾ. 'വിദ്യകൊണ്ട് സ്വാതന്ത്ര്യം സ്വാശ്രയംകൊണ്ട് ഐശ്വര്യം' എന്നതാണ് ഈ വിദ്യാലയത്തിന്റെ ആപ്തവാക്യം. 1963 ഏപ്രിൽ മാസത്തിലാണ് എസ്.എൻ. വിദ്യാലയസമുച്ചയത്തിന് പ്രാരംഭം കുറയ്ക്കുന്നത്. കാട്ടുപിടിച്ചുകിടന്നിരുന്ന ഒരു കുന്നിൻപ്രദേശമായിരുന്നു കാട്ടുങ്ങച്ചിറയിലെ ഇന്നത്തെ എസ്.എൻ.നഗർ എന്നറിയപ്പെടുന്ന സ്കൂൾ പരിസരം. അവിടെയാണ് പതിനാല് ഏക്കർ വിസ്തൃതിയുള്ള വിദ്യാലയസമുച്ചയം നിലനിൽക്കുന്നത്. ഓലമേഞ്ഞ ഒരു ഷെഡ്ഡിലാണ് എൽ.പി. സ്കൂൾ ആരംഭിച്ചത്. എസ്.എൻ. - ചന്ദ്രിക എഡ്യൂക്കേഷൻ ട്രസ്റ്റിന്റെ കീഴിൽ ശ്രീനാരായണ ടീച്ചർ ട്രെയിനിങ് സ്കൂളാണ് ആദ്യ സംരംഭം. ട്രെയിനിങ് സ്കൂളിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി 1964 ജൂൺ മാസത്തിൽ പ്രൈമറി സ്കൂൾ ആരംഭിച്ചു. എസ്.എൻ. സ്കൂളിൽ പഠിച്ച കുട്ടികളുടെ തുടർപഠനത്തെക്കൂടെ കണക്കിലെടുത്ത് ഹൈസ്കൂൾ ക്ലാസ്സുകളും തുടങ്ങി. എസ്.എൻ. ഹൈസ്കൂളിന്റെ ശിലാസ്ഥാപനം പ്രശസ്ത തെന്നിന്ത്യൻ സിനിമാനടനായിരുന്ന ജെമിനി ഗണേശനാണ് നിർവഹിച്ചത്.

ഹൈസ്കൂൾ ഉദ്ഘാടനം ചെയ്തതാകട്ടെ, അന്നത്തെ മുകുന്ദപുരം താലൂക്കിനെ പ്രതിനിധീകരിച്ചിരുന്ന ലോകസഭാംഗമായ പനമ്പിള്ളി ഗോവിന്ദമേനോനായിരുന്നു. എം.എ. ശിവരാമകൃഷ്ണൻ എന്ന പ്രഗൽഭനായ പ്രധാനാധ്യാപകന്റെ നേതൃത്വത്തിൽ ഈ വിദ്യാഭ്യാസസ്ഥാപനങ്ങൾ വളർന്നുവന്നു. രാഷ്ട്രപതിമാരായ വി.വി. ഗിരി, ആർ. വെങ്കിട്ടരാമൻ എന്നിവർ ഈ വിദ്യാലയം സന്ദർശിച്ചിട്ടുണ്ട്.

കേരളത്തിൽ, പ്രീഡിഗ്രി കോളേജുകളിൽനിന്ന് വേർപ്പെടുത്തി സ്കൂളുകളിൽ ഹയർ സെക്കൻഡറി സമ്പ്രദായം തുടങ്ങുന്നതിനുള്ള ശ്രമങ്ങൾ നടന്ന ആദ്യഘട്ടത്തിൽ തന്നെ ഇരിങ്ങാലക്കുടയിലെ എസ്.എൻ. സ്കൂളിൽ ഹയർ സെക്കൻഡറി തുടങ്ങാനായി എന്നത് ശ്രദ്ധേയമാണ്. 1991 -ൽ സയൻസ് വിഭാഗത്തിലുള്ള 50 കുട്ടികളുടെ ഒരു

ബാച്ചാണ് അനുവദിച്ചത്. ഇന്ന് മൂന്ന് ബാച്ചുകളിലായി 458 വിദ്യാർത്ഥികൾ ഇവിടെ പ്ലസ് ടു പഠിക്കുന്നു.

ചെറുകഥാകൃത്ത് അശോകൻ ചെരുവിൽ, നോവലിസ്റ്റും തിരക്കഥാകൃത്തും അധ്യാപകനുമായ പി.കെ. ഭരതൻ, മുൻ വിദ്യാഭ്യാസ ഉപജില്ലാ ഓഫീസർ ബാലകൃഷ്ണൻ അഞ്ചത്ത്, ഡി.വൈ.എസ്.പി. പി.ആർ. ബിജോയ്, അഭിനേതാവായ പി.ആർ. ജിജോയ്, മജീഷ്യൻ ഡോ. പി.എം. ഷഫാദ് തുടങ്ങി അഭിനേത്രി ആതിര പട്ടേൽ വരെയുള്ള ഒട്ടനവധി പ്രമുഖരെ വാർത്തെടുക്കാനും ഈ വിദ്യാലയത്തിന് സാധിച്ചു.

## ശാന്തിനികേതൻ പബ്ലിക് സ്കൂൾ

ശ്രീനാരായണഗുരുവചനങ്ങളിൽനിന്ന് പ്രചോദനമുൾക്കൊണ്ടാണ് 1993 -ൽ ഇരിങ്ങാലക്കുടയിൽ ശ്രീനാരായണ എജ്യൂക്കേഷൻ സൊസൈറ്റി സ്ഥാപിതമാകുന്നത്. സി.ആർ. കേശവൻ വൈദ്യർ തന്നെയായിരുന്നു ഈ സൊസൈറ്റിയുടെ സ്ഥാപക ചെയർമാൻ. അഡ്വ. കെ.ആർ. അച്യുതൻ, എം.കെ. സുബ്രഹ്മണ്യൻ, പ്രൊഫ. ആർ.കെ. നന്ദകുമാർ, എം.കെ. വിജയൻ, കെ.കെ. കൃഷ്ണാനന്ദബാബു, വി.എസ്. വാസുദേവൻ, അഡ്വ. പി.ഇ. ജനാർദ്ദനൻ എന്നിവരുൾപ്പെട്ട ഇരുപത്തിയൊന്ന് അംഗങ്ങളാണ് സ്ഥാപകസമിതിയിലുണ്ടായിരുന്നത്. നാരായണഗുരുവിന്റെ അനുയായികളായിരുന്നവരുടെ ഇടയിൽ സാമൂഹികസമ്പർക്കങ്ങളും സൗഹൃദവും പരസ്പരബന്ധവും വളർത്തിയെടുക്കുന്നതിന് ഇത്തരമൊരു സൊസൈറ്റിയുടെ രൂപീകരണംകൊണ്ട് സാധിച്ചു. കൂടുതൽ സേവനാധിഷ്ഠിത പ്രവർത്തനങ്ങൾ ലക്ഷ്യം വച്ചുകൊണ്ടാണ് വിദ്യാഭ്യാസമേഖലയിലേക്ക് ഈ സൊസൈറ്റി പ്രവർത്തനം വ്യാപിപ്പിച്ചത്.

കുവൈറ്റ് യുദ്ധത്തെ തുടർന്ന് ഗൾഫ് മേഖലകളിൽനിന്ന് ഒരുപാട് കുടുംബങ്ങൾക്ക് നാട്ടിലേക്ക് തിരിച്ചുപോരേണ്ടതായി വന്നു. ഈ സാഹചര്യത്തിൽ അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം തുടരുന്നതിന് സെട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യുക്കേഷൻ (CBSE) പാഠ്യപദ്ധതി പ്രകാരമുള്ള വിദ്യാലയം ആവശ്യമായി വന്നു. ഇരിങ്ങാലക്കുടയിലെ സി.ബി.എസ്.ഇ. സ്കൂളുകളുടെ കുറവ് പരിഹരിക്കുക പ്രാദേശികമായ ഒരാവശ്യമായിരുന്നു. അങ്ങനെയാണ് ശ്രീനാരായണ എഡ്യുക്കേഷൻ സൊസൈറ്റി, ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റി ആക്ട് 1995 പ്രകാരം

രജിസ്ട്രേഷൻ നമ്പർ 423/1993 -ൽ രജിസ്റ്റർ ചെയ്യുന്നത്. 1994 ജൂൺ 14 -ന് അന്ന ത്തെ കേരള വനംവകുപ്പ് മന്ത്രിയായിരുന്ന കെ.പി. വിശ്വനാഥനാണ് സ്കൂൾ ഉദ്ഘാടനം ചെയ്തത്. സൊസൈറ്റിയുടെ ആദ്യ വൈസ് ചെയർമാനായിരുന്ന കാട്ടിക്കുളം ഭരത ന്റെ കെട്ടിടത്തിലാണ് ക്ലാസ്സുകൾ ആരംഭിച്ചത്. ഇരിങ്ങാലക്കുട ബസ് സ്റ്റാൻഡിനും ടൗൺഹാളിനും ഇടയിലായിരുന്നു ഈ കെട്ടിടം. മേജർ പി.സി. രാമകൃഷ്ണനാണ് സ്കൂളി ന്റെ ആദ്യ അഡ്മിനിസ്ട്രേറ്റർ. നേതൃത്വത്തിന്റെ കാര്യക്ഷമമായ പ്രവർത്തനംമൂലം സ്കൂൾ അഭിവൃദ്ധി പ്രാപിച്ചു. തുടർന്ന് ശ്രീ നാരായണ സൊസൈറ്റിയുടെ നേതൃത്വത്തിൽതന്നെ ബസ്സ്റ്റാൻഡിന് ഒരു കിലോമീറ്റർ മാറി കാട്ടൂർ റോഡിന്റെ വടക്കുഭാഗത്ത് ആറര ഏക്ക റോളം സ്ഥലം വാങ്ങി. പ്രദേശത്തെ ഏറ്റവും പ്രശസ്തനായ എൻജിനീയർ പ്രൊഫ. ഇ.കെ ഈപ്പനാണ് കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി മേൽനോട്ടം നിർ വഹിച്ചത്.

2001 -ലാണ് സി.ബി.എസ്.ഇ.യുടെ ആദ്യ അഫിലിയേഷൻ ലഭിക്കുന്നത്. 2005 -ൽ ഹയർസെക്കന്ററി അഫിലിയേഷൻ ലഭിച്ചു. 2006 -ലാണ് പത്താം ക്ലാസ് വിദ്യാർത്ഥികളുടെ ആദ്യ ബാച്ച് ബോർഡ് പരീക്ഷയെഴുതുന്നത്. 2008 -ൽ സീനിയർ സെക്കന്ററി വിദ്യാർത്ഥികളും പരീക്ഷയെഴുതി ഉന്നതവിജയം കരസ്ഥമാക്കി. 2020 -ൽ സി.ബി.എസ്.ഇ. ദേശീയതലത്തിൽ സംഘടിപ്പിച്ച കഥപറയൽ മത്സര ത്തിൽ ഈ വിദ്യാലയത്തിലെ വിദ്യാർഥിനിയായ നന്ദന ജയചന്ദ്രൻ മൂന്നാം സ്ഥാനം നേടി. മൂന്നാമത് സത്യജിത്ത് റേ ഇന്റർനാഷണൽ ഷോർട്ട് ഫിലിം /ഡോക്യുമെന്ററി ഫെസ്റ്റിവലിൽ മികച്ച ബാലതാരമായി തിരഞ്ഞെടുക്കപ്പെട്ട വൈഗ കെ. സജീവ് ശാന്തിനികേതനിലെ വിദ്യാർഥിനിയാണ്.

### 3.5.6 പാഠ്യ-പാഠ്യേതരപ്രവർത്തനങ്ങൾ

വ്യക്തിഗതവും സാമൂഹ്യവുമായ ജീവിതത്തിന്റ സമഗ്രവികസനം വിദ്യാഭ്യാസത്തിലൂടെ ലക്ഷ്യമാക്കുന്നുണ്ട്. കൊളോണിയൽകാല വിദ്യാഭ്യാസത്തിന് ഉദ്യോഗസ്ഥരെ സൃഷ്ടി ക്കുക എന്നതിനപ്പുറമുള്ള കർമ്മപരിപാടികൾ ഉണ്ടായിരുന്നില്ല. എന്നാൽ വിദ്യാർത്ഥി കളുടെ അഭിരുചിക്കനുസൃതമായ കൗതുകങ്ങൾ വർദ്ധിപ്പിക്കുന്നതിന് പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങൾ ഇന്ന് സജ്ജമാണ്. പുതിയ ലോകക്രമത്തിൽ അറിവിന്റെ ഉറവി ടങ്ങളും ലഭ്യതയുടെസ്വഭാവവും മാറുന്നതിനനുസരിച്ച് ഇരിങ്ങാലക്കുടയിലെ വിദ്യാല

യങ്ങളിലും ഭൗതികസൗകര്യങ്ങളിൽ പുതുമ വന്നുകഴിഞ്ഞു. കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ്സ്മുറികൾ, സയൻസ് ലാബുകൾ, വിദ്യാർത്ഥികളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ പ്രവർത്തിക്കുന്ന ലൈബ്രറി തുടങ്ങിയവയെല്ലാം വിദ്യാർത്ഥികളുടെ വളർച്ചയ്ക്ക് ഏറെ സഹായകമാണ്.

പത്രങ്ങളും ആനുകാലികങ്ങളുമടങ്ങുന്ന ലൈബ്രറിയുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് വേണ്ടി ഉച്ചസമയത്തെ ഇടവേളയിൽ റീഡിങ് റൂം സംവിധാനം സജീവമായി പ്രവർത്തിച്ചുവരുന്നു. ജന്മദിനം ആഘോഷിക്കുമ്പോൾ വായനശാലയിലേക്ക് ഒരു പുസ്തകംകൂടെ നൽകുന്നരീതി കുട്ടികൾക്കിടയിലുണ്ട്. സ്കൗട്ട്, ഗൈഡ്സ്, എൻ.സി.സി., ബാൻഡ് ട്രൂപ്പ്, ക്ലബ് പ്രവർത്തനങ്ങൾ തുടങ്ങിയ പാഠ്യേതരപ്രവർത്തനങ്ങളും സാമൂഹ്യബോധമുള്ള പുതിയതലമുറയെ വളർത്തിയെടുക്കുന്നത് സഹായകരമാണ്. ക്ലാസ് മാഗസിൻ, വിദ്യാരംഗം കലാസാഹിത്യ വേദി, മലയാളം അസോസിയേഷൻ, ഇംഗ്ലീഷ് അസോസിയേഷൻ, ഗണിത ക്ലബ്, ടൂറിസം ക്ലബ്ബ്, ഹെൽത്ത് ക്ലബ്, ഔഷധസസ്യകൃഷിയും പരിപാലനവും തുടങ്ങി ഒട്ടനവധി പാഠ്യേതര പ്രവർത്തനങ്ങൾക്കും സ്കൂളുകൾ വേദിയാകുന്നു. ഇവയുടെയെല്ലാം പ്രവർത്തനങ്ങളുടെ ഭാഗമായി അനവധി ബോധവൽക്കരണക്ലാസ്സുകളും സംഘടിപ്പിക്കുന്നു. റോഡ് നിയമങ്ങളും മൂല്യാധിഷ്ഠിത വിദ്യാഭ്യാസവും പരിസ്ഥിതി സംരക്ഷണവുമെല്ലാം ഇത്തരം ക്ലാസുകളുടെ വിഷയങ്ങളാണ്. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സഹകരണത്തോടെ ദേശീയദിനങ്ങളും ബഷീർദിനം പോലുള്ള മറ്റ് ഓർമ്മദിവസങ്ങളും അവയുടെ പ്രാധാന്യം ചൂണ്ടിക്കാട്ടത്തക്കവിധത്തിൽ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പങ്കാളിത്തത്തോടെ നടത്തിവരുന്നു. പരിസ്ഥിതിദിനം, ലഹരിവിരുദ്ധദിനം എന്നിവ ആചരിക്കുകവഴിയും സാമൂഹ്യബോധമുള്ള വിദ്യാർത്ഥികളെ വാർത്തെടുക്കാൻ സാധിക്കുന്നു.

വിദ്യാർത്ഥികളുടെ കലാസാഹിത്യ - കരകൗശല നൈപുണികളെ വളർത്തിയെടുക്കുന്നതിനാവശ്യമായ മത്സരങ്ങളും പ്രോത്സാഹനങ്ങളും പാഠ്യേതരപ്രവർത്തനങ്ങളുടെ ഭാഗമായുണ്ട്. വിദ്യാർത്ഥികളുടെ സാങ്കേതികജ്ഞാനം വികസിപ്പിക്കുന്നതിനും വിവരനിർമ്മിതിയിലും പഠനപ്രവർത്തനങ്ങളുടെ നടത്തിപ്പിലും അധ്യാപകർക്കൊപ്പം വിദ്യാർത്ഥികളെയും പ്രാപ്തമാക്കുക എന്ന ഉദ്ദേശത്തോടെ സ്കൂൾതലത്തിൽ നടത്തിവരുന്ന ഐ.സി.ടി. കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിലൂടെ തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് വിദഗ്ധപരിശീലനം നൽകുന്നു. സ്കൗ

ട്ട്, ഗൈഡ്സ്, ജൂനിയർ റെഡ്ക്രോസ് സംഘടനകളുടെ പ്രവർത്തനങ്ങളിലൂടെ വ്യക്തി എന്ന നിലയിലും പൗരൻ എന്നനിലയിലും പുതിയ തലമുറയെ വളർത്തിയെടുക്കുന്നു. ഗാന്ധിയൻ ചിന്തകൾ വിദ്യാർത്ഥികളിലേക്ക് എത്തിക്കുന്നതിനായി ഗാന്ധി ദർശൻ എന്ന സംഘടന ഇവിടെ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. പ്രശ്നോത്തരി, ഉപന്യാസമത്സരങ്ങൾ, സേവനവാരാചരണം എന്നിവ ഗാന്ധിദർശൻ പ്രവർത്തനങ്ങളുടെ ഭാഗമാണ്. സോഷ്യൽ അവയർനസ് പ്രോഗ്രാം (SAP) കരിക്കുലത്തിന്റെ ഭാഗമാണ്. ജലസംരക്ഷണത്തിന്റെ പ്രാധാന്യം ഓർമ്മപ്പെടുത്തുന്നതിനായുള്ള സംഘടനയാണ് ബ്ലൂ ആർമി. കേരള പോലീസിന്റെ സഹകരണത്തോടെ 2010 -11 അധ്യയന വർഷം മുതൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് (S.C.P.) സംവിധാനം ഇരിങ്ങാലക്കുടയിലെ സ്കൂളുകളിൽ നടപ്പിലാക്കി.

### 3.5.7 ഭിന്നശേഷി വിദ്യാലയം

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കായി ആരംഭിച്ച സ്ഥാപനമാണ് പ്രതീക്ഷ ട്രെയിനിങ് സെന്റർ. 1986 -ൽ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റീസ് സന്യാസിനി സഭയാണ് പ്രതീക്ഷ ഭവൻ ആരംഭിച്ചത്. സമൂഹം പലപ്പോഴും മുഖ്യധാരയിൽനിന്നും മാറ്റിനിർത്തിയ കുട്ടികളെ പുനഃരധിവസിപ്പിക്കുകയാണ് ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. ഭിന്നശേഷിക്കാരായ 250 കുട്ടികളെ പരിശീലിപ്പിക്കാനും നൂറ് കുട്ടികൾക്ക് താമസസൗകര്യം നൽകാനും ഈ പരിശീലനകേന്ദ്രത്തിന് കഴിയുന്നു. ഇവിടെ 25 അധ്യാപകരും 19 അനധ്യാപകരും സേവനമനുഷ്ഠിക്കുന്നുണ്ട്. 2004, 2005 വർഷങ്ങളിൽ സംസ്ഥാനത്തെ ഏറ്റവും മികച്ച സ്പെഷ്യൽ സ്കൂളിനുള്ള അവാർഡ് പ്രതീക്ഷ ട്രെയിനിങ് സെന്ററിനാണ് ലഭിച്ചത്. കൂടാതെ ഇവിടുത്തെ മൂന്ന് അധ്യാപകർക്ക് സംസ്ഥാനത്തെ ഏറ്റവും മികച്ച സ്പെഷ്യൽ സ്കൂൾ അധ്യാപകർക്കുള്ള അവാർഡും ലഭിച്ചിട്ടുണ്ട്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ഹാൻഡികാപ്ഡിന്റെ സിലബസാണ് പ്രതീക്ഷ ട്രെയിനിങ് സെന്റർ പരിശീലനത്തിനായി ഉപയോഗിക്കുന്നത്. അക്കാദമിക് പഠനം, ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, സെൻസറി ടെക്നിക്സ്, സംഗീതം, നൃത്തം, ചിത്രരചന, പെയിന്റിംഗ്, കളികൾ, ക്രാഫ്റ്റ്, കായിക വിനോദങ്ങൾ തുടങ്ങിയവയെല്ലാം ഈ പരിശീലനങ്ങളിൽ ഉൾപ്പെടുന്നു. ഇവിടുത്തെ അധ്യാപക - രക്ഷാകർതൃസംഘടന വിദ്യാർത്ഥികളുടെ ക്ഷേമത്തിനുവേണ്ടി സജീവമായി പ്രവർത്തിക്കുന്നു.

### 3.5.8 ഉന്നതവിദ്യാഭ്യാസം

ഇരിങ്ങാലക്കുടയിലെ ഔപചാരിക വിദ്യാഭ്യാസത്തിന്റെ ചരിത്രം 1860 -കളിൽ ആരംഭിക്കുന്നുണ്ട്. 1950 -കൾ ആയപ്പോഴേക്കും ഇരിങ്ങാലക്കുടയിലും പരിസരങ്ങളിലുമായി നാൽപതിലധികം ഹൈസ്കൂളുകളിൽനിന്ന് ആയിരത്തി അഞ്ഞൂറിലധികം വിദ്യാർത്ഥികൾ വർഷാവർഷം പുറത്തിറങ്ങിത്തുടങ്ങി. എന്നാൽ ഹൈസ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനുള്ള അവസരം ഇരിങ്ങാലക്കുടയിൽ ഉണ്ടായിരുന്നില്ല. എറണാകുളം മഹാരാജാസ് കോളേജിലും തൃശിനാപ്പിള്ളി സെന്റ്. ജോസഫ് കോളേജിലും തൃശ്ശൂർ സെന്റ്. തോമസ് കോളേജിലുമായിരുന്നു അവർ ഉപരിപഠനത്തിനായി എത്തിച്ചേർന്നത്. അന്നത്തെ യാത്രാസൗകര്യങ്ങളുടെയും മറ്റും പരിമിതിക്കുള്ളിൽനിന്നുകൊണ്ട് ഇതത്ര എളുപ്പമായിരുന്നില്ല. സാമ്പത്തികനില കുറഞ്ഞവർക്ക് അസാധ്യവുമായിരുന്നു. അതുകൊണ്ടുതന്നെ ഇവിടുത്തെ വിദ്യാർത്ഥികളുടെ തുടർപഠനസാധ്യത പൗരപ്രമുഖരുടെ ഇടയിൽ ചർച്ചയായി. അന്നത്തെ ജനാഭിലാഷത്തെക്കുറിച്ച് കോളേജ് ധനശേഖരകമ്മിറ്റിയുടെ കൺവീനറായിരുന്ന കെ.എൽ. ഫ്രാൻസിസ് ഓർക്കുന്നത് ഇപ്രകാരമാണ്, "ആ അഭീഷ്ടത്തിനു മുൻപിൽ വർഗീയത തലപൊക്കിയില്ല; രാഷ്ട്രീയകാര്യങ്ങൾ സ്പർശിച്ചില്ല. സാമുദായികമോ ജാതീയമോ ആയ യാതൊരു മത്സരബുദ്ധിയും കൂടാതെ എല്ലാ ജനനേതാക്കന്മാരും ഒത്തുചേർന്ന്, ഉദ്ദേശം ഒരു വ്യാഴവട്ടത്തിനുമുമ്പ് അന്നത്തെ ഗവൺമെന്റിനെ സമീപിക്കുകയുണ്ടായി, ഗവൺമെന്റ് വക ഒരു കോളേജ് സ്ഥാപിച്ചു കിട്ടുവാൻ (1957:1). എന്നാൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നതിന് പ്രൈവറ്റ് ഏജൻസികളെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് അന്നത്തെ ഗവൺമെന്റ് സ്വീകരിച്ചത്. അതുകൊണ്ടുതന്നെ ആ ഉദ്യമത്തിനായി നിരവധി കോളേജുകൾ നാടിന്റെ നാനാഭാഗത്തും സ്ഥാപിച്ച് വിജയകരമായ പ്രവർത്തനം നടത്തിവന്നിരുന്ന കർമ്മലീത്ത സഭക്കാരെ സമീപിക്കാൻ അവർ തീരുമാനിച്ചു. അങ്ങനെ ഒരു നിവേദകസംഘം സി.എം.ഐ. സഭയെ സമീപിച്ചു.

നായർ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഇരിങ്ങാലക്കുടയിൽ ഒരു കോളേജ് തുടങ്ങുക എന്ന ഉദ്ദേശത്തോടുകൂടി ചങ്ങനാശേരിയിൽനിന്നും എൻ.എസ്.എസ്.ന്റെ ചില പ്രതിനിധികൾ ഇരിങ്ങാലക്കുടയിലെത്തി ഏതാനും

നാട്ടുകാരുമായി ചർച്ച നടത്തിയിരുന്നതായി സി.കെ. ഗോപിനാഥൻ നായർ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ അവരിൽനിന്നും അനുകൂലമായ പ്രതികരണം ഉണ്ടായില്ല. അങ്ങനെ ആ സംരംഭം ഉപേക്ഷിക്കേണ്ടിവന്നു (സി.കെ. ഗോപിനാഥൻ നായർ, 2023:189).

## ക്രൈസ്റ്റ് കോളേജ്

1831 -ൽ സ്ഥാപിതമായ സി.എം.ഐ. (Carmelites of Mary Emmaculate) എന്ന ക്രൈസ്തവ മതപുരോഹിതസഭ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കാണ് പ്രാധാന്യം നൽകിയത്. 1953 -ൽ സി.എം.ഐ. സഭ കോട്ടയം, കൊച്ചി, തൃശ്ശൂർ എന്നിവിടങ്ങളിലായി യഥാക്രമം സെന്റ്. ജോസഫ്, സേക്രഡ് ഹാർട്ട്, ദേവമാത എന്നിങ്ങനെ മൂന്ന് പ്രവിശ്യകളായി തിരിച്ച് സാമൂഹ്യസേവനം വിപുലമാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു.

1954 മുതൽ ദൈവമാതാപ്രവിശ്യയിൽ കോളേജ് ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ തുടങ്ങി. അതിനായി ഫാ. ഗബ്രിയേൽ [14] ആണ് നിയോഗിക്കപ്പെട്ടത്. അദ്ദേഹം ദൈവമാതാപ്രവിശ്യയിലെ പ്രധാനപട്ടണങ്ങളായ കുന്നംകുളം, ഇരിങ്ങാലക്കുട, ചാലക്കുടി എന്നിവിടങ്ങൾ സന്ദർശിച്ച് കോളേജ് സ്ഥാപനത്തിനുള്ള ജനങ്ങളുടെ പ്രതികരണം അന്വേഷിച്ചു. കുന്നംകുളം, ചാലക്കുടി പ്രദേശങ്ങളിൽനിന്ന് വ്യത്യസ്തമായി, വളരെ ആവേശത്തോടെയാണ് ഇരിങ്ങാലക്കുടക്കാർ പ്രതികരിച്ചത്. അവർ അതിനോടകംതന്നെ സ്വന്തമായി ഒരു കലാലയം എന്ന ആശയത്തിനായി പ്രവർത്തിച്ചു തുടങ്ങിയിരുന്നു.

ഇരിങ്ങാലക്കുടക്കാരുടെ ആവശ്യം ദേവമാതാ പ്രവിശ്യാകൗൺസിലിന്റെ പരിഗണനാ വിഷയമായി. എന്നാൽ കർക്കശമായ നിലപാടാണ് കൗൺസിൽ സ്വീകരിച്ചത്. ദാനമായി അമ്പത് ഏക്കർ സ്ഥലവും ഒരുലക്ഷം രൂപയും ലഭിച്ചതിനുശേഷമേ

[14] മദ്രാസ് പ്രസിഡൻഷ്യൽ കോളേജിൽനിന്ന് സുവോളജിയിൽ ഓണേഴ്സ് ബിരുദം നേടിയ, ഗവേഷണ താൽപരനായ അധ്യാപകനായിരുന്നു ഫാ. ഗബ്രിയേൽ. 1949 -ലാണ് അദ്ദേഹം എറണാകുളം തേവര കോളേജിൽ ബയോളജി വിഭാഗം തലവനായി എത്തിച്ചേരുന്നത്. അവിടെനിന്നും ലഭിച്ച അധ്യാപന - ഗവേഷണ മികവ് അദ്ദേഹത്തിന് വലിയ പരിചയസമ്പത്ത് നേടിക്കൊടുത്തു. അധ്യാപനം ക്ലാസ് മുറിയിലും ലബോറട്ടറിയിലും മാത്രമായി ഒതുക്കി നിർത്തിയില്ല ഫാ. ഗബ്രിയേൽ. കടലോരങ്ങളിലും കായലോരങ്ങളിലും ചുറ്റിസഞ്ചരിച്ച് ജന്തുക്കളെ അവരുടെ സ്ഥായിസ്ഥാനങ്ങളിൽ കണ്ടെത്തി നിരീക്ഷിക്കുന്ന രീതി അദ്ദേഹം അവലംബിച്ചു. ഇതിന്റെ ഭാഗമായാണ് കപ്പൽ തുളക്കുന്ന ഒരു പുതിയ ജീവിയെ കണ്ടെത്തിയത്. മദ്രാസ് സർവ്വകലാശാലയിൽ ഗവേഷണം നടത്തിയിരുന്ന ഡോ. ബാലകൃഷ്ണൻ നായർ ആ ജീവിക്ക് ബാങ്കിയ ഗബ്രിയേല എന്ന പേര് നൽകിയത് ഗബ്രിയേലച്ചനോടുള്ള ബഹുമാനാർത്ഥമാണ്.

ഇതിലേക്ക് ഇറങ്ങാവൂ എന്ന നിബന്ധനയാണ് കൗൺസിൽ മുന്നോട്ടുവച്ചത് (ശങ്കുണ്ണി ടി.ആർ., 2007:23) 1954 -ൽ ഇത്രയും വലിയൊരു തുക സമാഹരിക്കുക എന്നത് എളുപ്പമായിരുന്നില്ല. വ്യക്തമായ യാതൊരു മറുപടിയും നൽകാൻ കഴിയാതെയാണ് നിവേദകസംഘം തിരിച്ചുപോന്നത്. എങ്കിലും ഫാ. ക്ലമൻസിന്റെയും ഫാ. ഗബ്രിയേലിന്റെയും പ്രത്യേക താൽപര്യത്തിൽ ദേവമാതാ പ്രൊവിൻഷ്യലുകാർ ക്രൈസ്റ്റ് കോളേജിന്റെ സ്ഥാപനം എന്ന ഉത്തരവാദിത്വം ഏറ്റെടുത്തു (നോ. അനുബന്ധം 1.15). കോളേജ് സ്ഥാപനത്തിന് മുന്നോടിയായി ഈ പ്രസ്ഥാനത്തോട് താൽപര്യമുണ്ടായിരുന്ന സെറാഫിയച്ചനെ കല്ലൂരിൽനിന്ന് പുല്ലൂരിലേക്ക് കൊണ്ടുവന്നു.

കോളേജ് സ്ഥാപനത്തിനായി, അഡ്വ. രാമകൃഷ്ണ അയ്യർ അധ്യക്ഷനും കെ.എൽ. ഫ്രാൻസിസ് സെക്രട്ടറിയുമായി ഒരു ജനകീയ കമ്മിറ്റി രൂപീകരിച്ചു. കോളേജിനാവശ്യമായ സ്ഥലം പട്ടണത്തിനുള്ളിലെ മങ്ങാടിക്കുന്നിൽ വാങ്ങി. അവിടുത്തെ കുടികിടപ്പുകാരെ ഒഴിപ്പിച്ച് പുനരധിവസിപ്പിച്ചു. കുശവവിഭാഗത്തിൽപ്പെട്ടവരായിരുന്നു അവരിൽ അധികവും. അവരുടെ പിൻമുറക്കാരിൽ പലരും ഇന്നും ക്രൈസ്റ്റ് കോളേജിലെ വിവിധ തസ്തികകളിലെ ജീവനക്കാരാണ്. മുനിസിപ്പാലിറ്റി വകയായി ഉണ്ടായിരുന്ന പതിനേഴ് ഏക്കർ സ്ഥലവും വിട്ടുകൊടുത്തു. എം.പി. കൊച്ചുദേവസ്സി ചെയർമാനായിരുന്ന മുനിസിപ്പൽ കൗൺസിൽ എം.സി. പോൾ അവതരിപ്പിച്ച പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ആവശ്യത്തിനായി സ്ഥലം വിട്ടുനൽകയായിരുന്നു (നോ. അനുബന്ധം 1.16). മങ്ങാടിക്കുന്നിൽ ഒരു ശ്മശാനം നിലനിന്നിരുന്നു. വസൂരിവന്നു മരിച്ചവരെ അടക്കിയിരുന്ന ഈ ശ്മശാനം, കുറച്ച് കിഴക്കുമാറി ഊളക്കാട് എന്ന പ്രദേശത്ത് അഞ്ചേക്കർ സ്ഥലം വാങ്ങി മാറ്റിസ്ഥാപിച്ചു. ജനകീയകമ്മിറ്റി ആദ്യഘട്ടത്തിൽ 68,000 രൂപയാണ് സമാഹരിച്ചത്. ധനശേഖരണകമ്മിറ്റി പ്രസിദ്ധീകരിച്ച സംഭാവനലിറ്റിൽ ഒരു രൂപ മുതൽ അയ്യായിരം രൂപവരെ സംഭാവന ചെയ്തവരുടെ പേരുവിവരങ്ങൾ അടങ്ങിയിട്ടുണ്ട്. 1957 ഒക്ടോബർ 13 -നാണ് ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നത്. മൊത്തം 68 ഏക്കർ സ്ഥലത്തായിരുന്നു കോളേജ് ക്യാമ്പസ്. ഇത് നാട്ടുകാരുടെ പണമാണ് എന്ന് ഫാ. ഗബ്രിയേൽ പറയുന്നു (ശങ്കുണ്ണി ടി.ആർ., 2007:24). ആദ്യകാലത്ത് പണം മുൻകൂറായി നൽകി സഹായിച്ചത് പുല്ലൂർ ഭവനത്തിലെ സുപ്പീരിയർ ആയിരുന്ന സെറാഫിം അച്ചനായിരുന്നു. അച്ചൻതന്നെയാണ് അക്കാലത്ത് നിർമ്മാണ പ്രവർത്തനത്തിന് നേതൃത്വം കൊടുത്തിരുന്നതും. തുടർന്ന് ഫാ. വെർജിൻ

ഇതിനായി നിയോഗിക്കപ്പെട്ടു. പിന്നീട് നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നുകൂടി ഊർജി തമാക്കുന്നതിനായി ഫാ. ഡിസ്മാസിനെ സഭ നിയമിച്ചു. ക്രൈസ്റ്റ് കോളേജ് നിർമ്മാണത്തിൽ ഏറ്റവും അധികം പ്രവർത്തിച്ചത് സെറാഫിം അച്ചനും ഡിസ്മാസ് അച്ചനുമായിരുന്നു. ഡിസ്മാസച്ചന്റെ നൈസർഗികമായ എഞ്ചിനീയറിങ് വൈദഗ്ധ്യവും അധ്വാനവും ക്രൈസ്റ്റ് കോളേജിന്റെ നിർമ്മാണത്തിന് വളരെ ഗുണം ചെയ്തിട്ടുണ്ട്. പോൾ പോത്തൻ, ഇ.ജി. പണിക്കർ എന്നീ പ്രഗൽഭരായ എഞ്ചിനീയർമാരാണ് കോളേജിന്റെ പ്ലാനും സ്കെച്ചും തയ്യാറാക്കിയത്. 1955 ഒക്ടോബർ 24 -ന് സി.എം.ഐ. സഭയുടെ സുപ്പീരിയർ ജനറൽ ആയിരുന്ന ഫാ. മാവൂരുസ് കോളേജിന്റെ പ്രധാന കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തി.

1955 -ൽ ട്രാവൻകൂർ യൂണിവേഴ്സിറ്റിയിലേക്ക് കോളേജിനുള്ള അനുവാദത്തിനായി എഴുതി. ആ വർഷംതന്നെ സിൻഡിക്കേറ്റ് അംഗമായ ടി.സി. ശങ്കരമേനോൻ സ്ഥലപരിശോധന നടത്തി അംഗീകാരം നൽകി. 1956 ജൂൺ 16 -ന് ക്രൈസ്റ്റ് കോളേജ് പ്രവർത്തനം തുടങ്ങി (നോ. അനുബന്ധം 1.17). ഫാ. ക്ലമെൻസ് മാനേജരും ഫാ. ഗബ്രിയേൽ ആദ്യ പ്രിൻസിപ്പലുമായി നിയമിതരായി. 41 വയസ്സായിരുന്നു അന്ന് ഫാ. ഗബ്രിയേലിന്റെ പ്രായം. പ്രീ യൂണിവേഴ്സിറ്റിയിലേക്കുള്ള മൂന്ന് ഡിവിഷനുകളിലായി 244 വിദ്യാർത്ഥികളും 14 അധ്യാപകരുമാണ് അന്ന് കോളേജിൽ ഉണ്ടായിരുന്നത്. കോളേജ് കെട്ടിടത്തിന്റെ ആദ്യഘട്ടപണികൾ പൂർത്തിയാക്കി, 1957 ഒക്ടോബറിൽ അന്നത്തെ ഗവർണറായിരുന്ന ബി. രാമകൃഷ്ണറാവു ഔപചാരിക ഉദ്ഘാടനം നിർവഹിച്ചു. മുകുന്ദപുരം താലൂക്കിലെ ആദ്യ കോളേജ് ആയിരുന്നു ഇത്.

വളരെ താമസിക്കാതെ പ്രഗൽഭരായ അധ്യാപകർ, വലിയ ഗ്രന്ഥശേഖരം, ഹോസ്റ്റൽ സൗകര്യങ്ങൾ, കായികപരിശീലനത്തിനുള്ള ഇടങ്ങൾ, കലാപരമായ മികവുകൾക്ക് നൽകുന്ന പ്രോത്സാഹനം തുടങ്ങി വിദ്യാർത്ഥികളുടെ സർവ്വോൻമുഖമായ വളർച്ചയ്ക്കുവേണ്ട സൗകര്യങ്ങൾ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കലാലയം കൈവരിച്ചു. 1957 -ൽ ബിരുദ കോഴ്സുകൾ ആരംഭിച്ചു. കെമിസ്ട്രി, കോമേഴ്സ്, സുവോളജി, ഇക്കണോമിക്സ് വിഭാഗങ്ങളാണ് ആദ്യം ആരംഭിച്ചത്. അരുവാമുദം അയ്യങ്കാർ ഇംഗ്ലീഷ് വിഭാഗത്തിന്റെയും എ.സി. ജോസഫ് കെമിസ്ട്രി വിഭാഗത്തിന്റെയും ശേഷഗിരി റാവു കോമേഴ്സ് വിഭാഗത്തിന്റെയും മേധാവികളായി. ഫാ. ഗബ്രിയേൽ സുവോളജി വിഭാഗത്തിന്റെ നേതൃത്വം

ഏറ്റെടുത്തു. 1960 -ൽ കെമിസ്ട്രി, സുവോളജി, കോമേഴ്സ് വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും ആരംഭിച്ചു.

പ്രീ -യൂണിവേഴ്സിറ്റി കോഴ്സിനുപകരം രണ്ട് വർഷത്തെ പ്രീ -ഡിഗ്രി കോഴ്സ് യൂണിവേഴ്സിറ്റിയിൽ 1964 -ലാണ് ആരംഭിച്ചത്. കേരളയൂണിവേഴ്സിറ്റിയുടെ കീഴിലായിരുന്ന ക്രൈസ്റ്റ് കോളേജ് 1968 -ൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഭാഗമായി. 2000 -ൽ പ്രീ -ഡിഗ്രി കോഴ്സ് കോളേജിൽനിന്ന് പൂർണ്ണമായും വേർപ്പെടുത്തി. 2005 -ജൂൺ മാസത്തിലാണ് ക്രൈസ്റ്റ് കോളേജിലെ ആദ്യത്തെ സ്വാശ്രയ കോഴ്സ് (Self financing), കോമേഴ്സ് വിഭാഗത്തിൽ ആരംഭിക്കുന്നത്. 2015 -ൽ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് സ്വയംഭരണ അവകാശം നേടി. 240 വിദ്യാർത്ഥികളും 14 അധ്യാപകരുമായാണ് ക്രൈസ്റ്റ് കോളേജ് പ്രവർത്തനമാരംഭിക്കുന്നത്. ഇന്ന് ബിരുദതലത്തിൽ 8 എയ്ഡഡ് ഡിഗ്രി കോഴ്സുകളും 20 സ്വാശ്രയ കോഴ്സുകളും ബിരുദാനന്തര ബിരുദതലത്തിൽ 8 എയ്ഡഡ് കോഴ്സുകളും 9 സ്വാശ്രയ കോഴ്സുകളും ക്രൈസ്റ്റ് കോളേജിൽ ഉണ്ട്. ഇന്റഗ്രേറ്റഡ് വൊക്കേഷണൽ കോഴ്സുകൾ വേറെയും. കൂടാതെ, 7 ഗവേഷണ വിഭാഗങ്ങളുമുണ്ട്.

നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC) കോളേജുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി ഗ്രേഡിങ് നൽകുന്ന സംവിധാനം നിലവിൽ വന്നതിനു ശേഷം 2003 -ലാണ് ക്രൈസ്റ്റ് കോളേജിലേയ്ക്ക് ആദ്യസന്ദർശനം നടത്തുന്നത്. ഫാ. ഫ്രാൻസിസ് കുരിശ്ശേരി പ്രിൻസിപ്പൽ ആയിരുന്ന സമയത്ത് അവർ കോളേജ് സന്ദർശിക്കുകയും B++ എന്ന ഗ്രേഡ് കോളേജിന് ലഭിക്കുകയും ചെയ്തു. പിന്നീട് 2010 -ലും 2016 -ലും ഫാ. ഡോ. ജോസ് തെക്കൻ പ്രിൻസിപ്പലായിരുന്ന കാലത്താണ് നാക്ക് എ ഗ്രേഡ് നേടുന്നത്. നാലാമത്തെ സന്ദർശനം 2022 ഒക്ടോബറിലാണ് നടന്നത്. ഇതിൽ പ്രിൻസിപ്പൽ ഫാ. ഡോ. ജോളി ആൻഡ്രൂസിന്റെ നേതൃത്വത്തിൽ A++ എന്ന ഗ്രേഡ് നേടാൻ കോളേജിന് സാധിച്ചു. അതേ വർഷംതന്നെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന സംസ്ഥാന സമിതിയുടെ (SACC - State Assessment and Accreditation Centre) വിലയിരുത്തലിൽ A+ ഗ്രേഡ് നേടുകയും ചെയ്തു. 2017 -ലെ നിർഫ് റാങ്കിങ്ങിൽ (NIRF - National Institutional Ranking Framework) കേരളത്തിലെ കോളേജുകളിൽ ഒന്നാം സ്ഥാനത്ത് എത്താൻ ക്രൈസ്റ്റ് കോളേജിന് സാധിച്ചിരുന്നു.

വിദ്യാർത്ഥികളുടെ അക്കാദമികേതര വളർച്ചയിലും കോളേജ് ശ്രദ്ധചെലുത്തി (നോ. 3.6). കായികമേഖലയിലുണ്ടായിരുന്ന മുൻതൂക്കം കലാരംഗത്തും നിലനിർത്തു ന്നതിനുവേണ്ടിയാണ് ആർട്ട്സ് കേരള എന്ന കലാസംഘടന 1974 -ൽ പ്രദേശവാസി കളുടെ സഹകരണത്തോടെ ആരംഭിക്കുന്നത്. കേരളത്തിലെ മുഴുവൻ കലാലയങ്ങളി ലേയും വിദ്യാർത്ഥികൾക്ക് പങ്കെടുക്കാവുന്ന തരത്തിൽ മത്സരങ്ങൾ സംഘടിപ്പിച്ചിരു ന്നു. മൂന്നുദിവസം നീണ്ടുനിൽക്കുന്ന കലാമത്സരങ്ങൾ, ആദ്യകാലത്ത് സെന്റ്. ജോസ ഫ്സ് കോളേജിലും പിന്നീട് അയ്യങ്കാവ് മൈതാനത്തിലുമാണ് നടത്തിയിരുന്നത്. മറ്റുവേ ദികൾ വിദ്യാർത്ഥികൾക്ക് ലഭ്യമായിത്തുടങ്ങിയതിനാൽ ആർട്സ് കേരളയുടെ പ്രവർ ത്തനം നിലച്ചുതുടങ്ങി. ഒട്ടുമിക്ക വർഷങ്ങളിലും ഡി -സോൺ, ഇന്റർസോൺ മത്സര ങ്ങളിൽ ആദ്യസ്ഥാനങ്ങൾ കരസ്ഥമാക്കാൻ കോളേജിന് സാധിച്ചിട്ടുണ്ട്.

1960 -ലാണ് ക്രൈസ്റ്റ് കോളേജ് പൂർവ്വവിദ്യാർത്ഥി സംഘടന ആരംഭിക്കു ന്നത്. കോളേജിന്റെ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായി ഇടപെടാൻ ഈ സംഘ ടനയ്ക്ക് സാധിക്കുന്നുണ്ട്. കവി കെ. സച്ചിദാനന്ദൻ, ഗായകൻ പി. ജയചന്ദ്രൻ, ഐ.എസ്.ആർ.ഒ. മുൻ ചെയർമാൻ ഡോ. കെ. രാധാകൃഷ്ണൻ, സമുദ്രഗവേഷകനായ പി.എൻ. വിനയചന്ദ്രൻ, വ്യവസായി കൊച്ചൗസേഫ് ചിറ്റിലപ്പിള്ളി, കാൻസർ ചികി ത്സകൻ ഡോ. വി.പി. ഗംഗാധരൻ, സംസ്ഥാന പോലീസ് മേധാവിയായിരുന്ന ടി.പി. സെൻകുമാർ, നിയമസഭാംഗമായ മാണി സി. കാപ്പൻ, മുൻ നിയമസഭാംഗമായ വിൻ സെന്റ് എം.പി., സാമൂഹ്യപ്രവർത്തകനായ വിശ്വനാഥൻ മാണിക്കൻ, പരിസ്ഥിതിപ്ര വർത്തകനായ സി.ആർ. നീലകണ്ഠൻ തുടങ്ങി ഒട്ടേറെ പ്രമുഖർ ഇരിങ്ങാലക്കുട ക്രൈ സ്റ്റ് കോളേജിലെ പൂർവ്വവിദ്യാർത്ഥികളാണ്.

മലയാള സിനിമാരംഗത്തും പ്രശസ്തരായവരെ സമ്മാനിക്കാൻ ക്രൈസ്റ്റ് കോളേ ജിന് സാധിച്ചിട്ടുണ്ട്. മാള അരവിന്ദൻ, ടി.വി. ചന്ദ്രൻ, ഇടവേള ബാബു, കമൽ, പി. രാജീവ്, ജിജോയ്, ജോജു ജോർജ്ജ്, ജിജു അശോകൻ, ടോം ഇമ്മട്ടി, ശ്രുതി ശരണ്യം, അദിതി രവി, സൗമ്യ മേനോൻ, മാളവിക മേനോൻ തുടങ്ങിയവർ അവരിൽ ചിലരാണ്. നിറം, പുതിയമുഖം, ഇഷ്ടം, പോക്കിരി രാജ, അപൂർവ്വരാഗം, മഴവിൽക്കൂടാരം, ദോസ്ത്, ജൂലൈ 4, ഡി കമ്പനി, മഴത്തുള്ളിക്കിലുക്കം, ട്വന്റി:20, കാര്യസ്ഥൻ, 2018 തുടങ്ങിയ സിനിമകളുടെ ചിത്രീകരണത്തിന് ഈ ക്യാമ്പസ് വേദിയായിട്ടുണ്ട്.

പ്രകൃതിസംരക്ഷണം, ഊർജ്ജസംരക്ഷണം തുടങ്ങിയ മേഖലകളിലും ക്രൈസ്റ്റ് കോളേജ് തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റുന്നു. ബദൽ ഊർജ്ജമാർഗ്ഗങ്ങൾ (Solar energy) പിന്തുടരുന്നതിനുള്ള കേരളസംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന്റെ (KSEB) പുരസ്കാരവും ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള കേരള വനംവകുപ്പിന്റെ വനമിത്ര പുരസ്കാരവും ക്രൈസ്റ്റ് കോളേജ് നേടിയെടുത്തത് ഇതിലൂടെയാണ്.

## സെന്റ്. ജോസഫ്സ് കോളേജ്

ക്രൈസ്റ്റ് കോളേജിൽ ആൺകുട്ടികൾക്ക് മാത്രമാണ് പ്രവേശനം ഉണ്ടായിരുന്നത്. ഇവിടെനിന്നും ആദ്യ ഡിഗ്രി ബാച്ച് പുറത്തുവന്നപ്പോൾ മുതൽ പെൺകുട്ടികൾക്കും ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യം സ്വന്തം പ്രദേശത്തുതന്നെ ലഭിക്കണമെന്ന ആഗ്രഹം ഇന്നാട്ടുകാരിൽ വളർന്നു. അതിനായി പലരെയും സമീപിച്ചു. ലിറ്റിൽഫ്ലവർ സ്കൂൾ നടത്തിയിരുന്ന സി.എം.സി. സിസ്റ്റേഴ്സിന് തൃശ്ശൂരിൽ സെന്റ്. മേരീസ് കോളേജ് ഉള്ളതിനാൽ വീണ്ടും ഒരു കോളേജ് സ്ഥാപിക്കാൻ താല്പര്യമില്ലായിരുന്നു. കെ.പി. ജോൺ, ഹോളിഫാമിലി കോൺഗ്രിയേഷന്റെ മദർ സുപ്പീരയറുമായി ഈ വിഷയം ചർച്ചചെയ്തു. കോളേജ് അനുവദിക്കുന്നതിനായി ഗവൺമെന്റിലേക്ക് അപേക്ഷ സമർപ്പിച്ചു. എന്നാൽ ആ വർഷം ഗവൺമെന്റ് തലത്തിൽ കോളേജുകൾ ഒന്നുംതന്നെ അനുവദിച്ചില്ല (വിനോദ് വി.വി., 1999:48).

1961 -ൽ നാട്ടുകാർ കോളേജ് അധികൃതരെ സമീപിച്ച് ഇവിടെ പെൺകുട്ടികൾക്കും പ്രവേശനം നൽകണമെന്ന ആശയം അവതരിപ്പിച്ചു. ഈ ആശയത്തോട് ഫാ. ക്ലമൻസിനും ഫാ. ഗബ്രിയേലിനും അനുഭാവമാണ് ഉണ്ടായിരുന്നത്. എന്നാൽ ആശ്രമസംഘം ഇതിൽ താൽപര്യം കാണിച്ചില്ല. ഈ കാലഘട്ടത്തെ ഫാ. ഗബ്രിയേൽ ഓർത്തെടുക്കുന്നത് ഇപ്രകാരമാണ്: "പെൺകുട്ടികൾക്കും ഒരു കോളേജ് വേണമെന്ന് ഒരാശ എന്റെ ഉള്ളിൽ തുടിച്ചിരുന്നു. ബോംബെയിൽ ഉള്ള സെന്റ്. സോഫിയ കോളേജ് അധികൃതരെ കൊണ്ടുവരാൻ ഇതിനിടയിൽ ഞാൻ ഒരു ശ്രമം നടത്തി. പക്ഷേ സാധിച്ചില്ല. ഈ അവസരത്തിലാണ് ഇന്ത്യ - ചൈന യുദ്ധം പൊട്ടി പുറപ്പെട്ടന്നത്. കോളേജിലേക്ക് വിദ്യാർഥികളുടെ ക്രമാതീതമായ ഒരു പ്രവാഹം ഉണ്ടായിരുന്നു. നിലവിലുള്ള വനിതാകോളേജുകൾക്ക് വർദ്ധിച്ച ആവശ്യം നിറവേറ്റാൻ ആയില്ല. ഈ പശ്ചാത്തലത്തിൽ പഴയ കോളേജുകൾക്ക് പുതിയ ഡിവിഷനുകൾ അനുവദിക്കാൻ

സർവ്വകലാശാലയുടെ ഭാഗത്തുനിന്ന് അനുകൂലമായ ഒരു നീക്കം ഉണ്ടെന്ന് മനസ്സിലാക്കിയ ഞങ്ങൾ, നാട്ടിലെ ഏതാനും പ്രതിനിധികളെ കൂട്ടിക്കൊണ്ട് തിരുവനന്തപുരത്ത് എത്തി വൈസ് ചാൻസലർ ശ്രീ. സാമുവൽ മത്തായിയെ കണ്ടു. ക്രൈസ്റ്റ് കോളേജിൽ പെൺകുട്ടികൾക്കായി പ്രത്യേക ഡിവിഷനുകൾ തുടങ്ങാൻ അനുവാദം വാങ്ങി. അങ്ങനെ ക്രൈസ്റ്റ് കോളേജിന്റെ ഭാഗമായി 1963 -ൽ വനിതാ കോളേജ് ആരംഭിച്ചു" (ശങ്കുണ്ണി ടി. ആർ., 2007:31).

ഗബ്രിയേൽ അച്ചന്റെ കുശാഗ്രബുദ്ധിയാണ് ഇത്തരമൊരു സംരംഭത്തിന് കാരണമായത്. ഇതത്ര എളുപ്പമായിരുന്നില്ല. പ്രായോഗികതലത്തിൽ വളരെയധികം പ്രശ്നങ്ങളിൽ തരണം ചെയ്താണ് ഇത്തരമൊരു ആശയം യാഥാർത്ഥ്യമാക്കി എടുത്തത്. യൂണിവേഴ്സിറ്റിയുടെയും സി.എം.ഐ. സഭയുടെയും അംഗീകാരം നേടേണ്ടിയിരുന്നു. സി.എം.ഐ. സഭയുടെ നിയമപ്രകാരം അക്കാലത്ത് വൈദികർ പെൺകുട്ടികളെ പഠിപ്പിക്കാൻ പാടില്ലായിരുന്നു. ജനറാളച്ചൻ മുതലിങ്ങോട്ട് പലരെയുംകണ്ട് കാര്യങ്ങൾ ബോധ്യപ്പെടുത്താൻ അന്നത്തെ മുൻസിപ്പൽ ചെയർമാനായിരുന്ന, കെ.പി. ജോണിനും കൂട്ടർക്കും ഒട്ടേറെ ഓടിനടക്കേണ്ടതായി വന്നു. പുതിയ വനിതാഡിവിഷൻ അനുവദിച്ചു കിട്ടിയാൽ അത് ഒരു വർഷത്തിനകം ഹോളിഫാമിലി സിസ്റ്റേഴ്സ് ഏറ്റെടുക്കാമെന്ന് സമ്മതിച്ചു. തുടർന്ന് കെ.പി. ജോൺ ചെയർമാനായി ഇരുപതംഗ കമ്മിറ്റി രൂപീകരിച്ചു. കമ്മിറ്റിയംഗങ്ങൾ ഓരോരുത്തരും ആയിരം രൂപവീതം കയ്യിൽനിന്നും എടുത്ത് ഇരുപതിനായിരം രൂപ സ്വരൂപിച്ചു.

തിരുവനന്തപുരത്തുനിന്നും അനുവാദം ലഭിച്ച് ഒരാഴ്ചയ്ക്കുള്ളിൽ ഠാണാവിലെ പള്ളിവക കെട്ടിടത്തിൽ വനിതാവിഭാഗം ക്ലാസ്സുകൾ ആരംഭിച്ചു. പുതിയ ഡിവിഷൻ അനുവദിച്ച് വന്നപ്പോഴേക്കും അധ്യയന വർഷം ആരംഭിച്ചിരുന്നു. മറ്റിടങ്ങളിൽ ക്ലാസ്സുകൾ തുടങ്ങിയിരുന്നതിനാൽ വിദ്യാർത്ഥികളെ കിട്ടേണ്ട ബുദ്ധിമുട്ടും നേരിട്ടു. പരിചയസമ്പന്നരായ അധ്യാപകരും ആവശ്യമായിരുന്നു. വളരെ കരുതലോടെയുള്ള നീക്കങ്ങളുടെ ഫലമായി, ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിലെ പ്രൊഫസറും ഇരിങ്ങാലക്കുടക്കാരിയുമായ റോസ് വില്യംസിനെ ഇവിടേയ്ക്ക് കൊണ്ടുവരുന്നതിന് ചങ്ങനാശ്ശേരി ബിഷപ്പിന്റെ സഹായത്തോടെ സാധിച്ചു. അവരെ വനിതാവിഭാഗത്തിന്റെ നടത്തിപ്പ് ചുമതല ഏൽപ്പിച്ചു. തൃശ്ശൂർ സേക്രഡ് ഹാർട്ടിൽനിന്നും ഡെപ്യൂട്ടേഷനിൽ കൊണ്ടുവന്ന സി.ജെ. മേരി ടീച്ചറെ ഓഫീസ് കാര്യങ്ങളും ഏൽപിച്ചു. ക്രൈസ്റ്റ് കോളേജിലെ

ഓഫീസ് സ്റ്റാഫായിരുന്ന കുറുപ്പിന്റെ സേവനവും ഉപയോഗപ്പെടുത്തി. അവിടുത്തെത ന്നെ അധ്യാപകർ വനിതാവിഭാഗത്തിലും ക്ലാസ്സുകളെടുത്തു.

ആ വർഷം തൃശ്ശൂർ സെന്റ്. മേരീസ് കോളേജിൽ ചേർന്നിരുന്ന, ഇരിങ്ങാലക്കു ടയിലും പരിസരങ്ങളിലുമായി ഉണ്ടായിരുന്ന ഇരുപതോളം പെൺകുട്ടികൾ ഇവിടേയ്ക്ക് മാറിചേർന്നു. അവരുടെ ഒരു ടേമിലെ ഫീസ് വിട്ടുകൊടുത്ത് അവരെ ഇരിങ്ങാലക്കു ടയിൽ ചേരാൻ സെന്റ്. മേരീസ് കോളേജ് പ്രിൻസിപ്പൽ അനുവദിക്കുകയായിരുന്നു. പള്ളിവകയായിരുന്ന ബിഷപ്പ് വാഴപ്പിള്ളി മെമ്മോറിയൽ കെട്ടിടത്തിൽ തുടങ്ങിയ ക്ലാ സ്സുകൾ പിന്നീട് റെയിൽവേസ്റ്റേഷൻ റോഡിലേക്ക് മാറി. കെ.പി. ജോണിന്റെ സ്ഥ ലത്ത് താൽക്കാലിക കെട്ടിടം പണികഴിപ്പിച്ചാണ് അങ്ങോട്ട് മാറിയത്. അമ്പതിനാ യിരത്തിലധികം രൂപ അന്ന് നാട്ടുകാർ സഹായമായി നൽകിയിരുന്നു. കോളേജിന്റെ നല്ലരീതിയിലുള്ള നടത്തിപ്പ് ഈ സംരംഭം ഏറ്റെടുക്കുന്നതിന് ഹോളി ഫാമിലി സിസ്റ്റേ ഴ്സിന് ധൈര്യം നൽകി. വി. മറിയം ത്രേസ്യായുടെ മാർഗ്ഗം പിൻതുടരുന്ന അവർ സ്കൂൾ വിദ്യാഭ്യാസരംഗത്ത് ശ്രദ്ധേയരായിക്കഴിഞ്ഞിരുന്നു. 1918 -ൽ കുഴിക്കാട്ടുശ്ശേരി സെന്റ്. മേരീസ് സ്കൂൾ സ്ഥാപിച്ച് ആ രംഗത്ത് തങ്ങളുടെ പാടവം തെളിയിച്ചിരുന്നു.

1964 -ൽ ഹോളിഫാമിലി സിസ്റ്റേഴ്സ് കോളേജിനായി അപേക്ഷിക്കുകയും അനു വാദം നേടുകയും ചെയ്തു. നാട്ടുകാരുടെ സാമ്പത്തികസഹായത്തോടെ ആലേങ്ങാടൻ വാറുണ്ണിയുടെ ഓയിൽ മിൽ നിന്നിരുന്ന സ്ഥലവും ചുറ്റുപാടും വിലയ്ക്കുവാങ്ങി. സമീപ ത്തായി കെ.എൽ. ഔസേപ്പ് നടത്തിവന്നിരുന്ന അച്ചാറ് കമ്പനി ഒഴിഞ്ഞു കൊടു ത്തു. ഈ ഷെഡ്ഡുകളിലാണ് ആദ്യകാല ക്ലാസ്സുകൾ നടത്തിയത്. പിന്നീടത് സിസ്റ്റേ ഴ്സിനു താമസിക്കാനുള്ള കോൺവെന്റായി ഉപയോഗിച്ചു. ഹോളിഫാമിലി കോളേജ് എന്നാണ് പുതിയ കലാലയത്തിന് പേര് കരുതിയിരുന്നതെങ്കിലും, ബിഷപ്പ് ജോർ ജ്ജ് ആലപ്പാട്ടിന്റെ നിർദ്ദേശാനുസരണം ഫാ. ജോസഫ് വിതയത്തിലിന്റെ ഓർമ്മ യ്ക്കായി സെന്റ്. ജോസഫ്സ് എന്ന പേര് സ്വീകരിക്കുകയായിരുന്നു. ഹോളിഫാമിലി സന്യാസസഭ വി. മറിയം ത്രേസ്യ സ്ഥാപിച്ചപ്പോൾ അവർക്ക് പിന്തുണവും പ്രചോദ നവും നൽകി ആത്മീയഗുരു എന്ന നിലയിൽ വർത്തിച്ച വ്യക്തിയാണ് ഫാ. ജോസഫ് വിതയത്തിൽ.

ക്രൈസ്റ്റ് കോളേജിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയ പോൾ പോത്തനും ഇ.ജി. പണിക്കരുമായിരുന്നു സെന്റ്. ജോസഫ്സ് കോളേജിന്റെയും നിർമ്മിതിയിൽ മുഖ്യ പങ്കു വഹിച്ചത്. ഗബ്രിയേലച്ചന്റെ നിർദ്ദേശങ്ങളും ഉണ്ടായിരുന്നു. കോളേജിന്റെ മുൻവശത്ത് ഇപ്പോൾ ഫൗണ്ടൻ സ്ഥാപിച്ചിരുന്ന സ്ഥലത്തുകൂടി കിഴക്കുനിന്ന് പടിഞ്ഞാറോട്ട് കനാലും അതിനപ്പുറം ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ സ്ഥലവുമായിരുന്നു. കോളേജ് നിർമ്മാണസമിതിയുടെ ശ്രമഫലമായി ഈ സ്ഥലം അവരിൽനിന്നും വാങ്ങി ഗാന്ധിഗ്രാമിൽ പകരം ഭൂമി നൽകി. കനാൽ ഗതി തിരിച്ചുവിട്ട് കോളേജിന് മുൻപിൽ സൗകര്യപ്രദമായ സ്ഥലമൊരുക്കി. അങ്ങനെ സെന്റ്. ജോസഫ്സ് കോളേജ് സ്ഥാപനത്തിനു വേണ്ട സഹായങ്ങൾ ചെയ്തു കൊടുത്തതോടൊപ്പം വനിതാ വിഭാഗത്തിനായി ഉപയോഗിച്ചിരുന്ന ഫർണിച്ചറും ലൈബ്രറിയും അയ്യായിരം രൂപയും നൽകിക്കൊണ്ട് ക്രൈസ്റ്റ് കോളേജ് അധികൃതൽ പിൻമാറി. (വിനോദ് വി.വി., 1999:51-3) അമേരിക്കയിലെ വിവിധ സർവ്വകലാശാലകളിൽനിന്ന് ഉന്നത വിദ്യാഭ്യാസം നേടിയ സിസ്റ്റേഴ്സ് ആയിരുന്നു സെന്റ്. ജോസഫ്സ് കോളേജിന്റെ പ്രധാന ചുമതലകൾ നിർവ്വഹിച്ചത്. സി. ഫ്രാങ്കോ പ്രിൻസിപ്പലായും സി. ലൊറേറ്റ വൈസ് പ്രിൻസിപ്പലായും ചുമതലയേറ്റു. സി. കബ്രീനി, സി. അംബ്രോസ്, സി. ജോഷ്വ, സി. ബിയാങ്ക എന്നിവരെക്കൂടാതെ, പ്രൊഫസർമാരായ റോസ് വില്യംസ്, കുഞ്ഞന്നം, മീനാക്ഷി തമ്പാൻ, അംബിക വർമ്മ, ഏലിയാമ്മ, സെലിൻ, നമ്പീശൻ പരമേശ്വരവാര്യർ, കൃഷ്ണയ്യർ, ജോസഫ്, ജോർജ്ജ് കുരുവിള തുടങ്ങിയവരും ആദ്യകാല അധ്യാപകരായി.

ഇന്ന് എയ്ഡഡ് - സെൽഫിനാൻസ് വിഭാഗങ്ങളിലായി മൂവായിരത്തിലധികം വിദ്യാർഥികൾ സെന്റ്. ജോസഫ്സ് കോളേജിൽ പഠിതാക്കളായിട്ടുണ്ട്. 2016 -ലാണ് സെന്റ്. ജോസഫ്സ് കോളേജിന് സ്വയംഭരണാവകാശം ലഭ്യമാകുന്നത്. നാക്ക് (NAAC) ഗ്രേഡിങ്ങിൽ 2013 -ൽ A ഗ്രേഡും 2023 -ൽ A++ ഗ്രേഡും നേടാൻ കോളേജിന് സാധിച്ചു. 2024 -25 അധ്യയനവർഷത്തിൽ നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുമ്പോൾ, 24 ബിരുദ കോഴ്സുകളാണ് ഇവിടെയുള്ളത്. കൂടാതെ, 14 ബിരുദാനന്തര ബിരുദ കോഴ്സുകളും ഒരു ഇന്റഗ്രേറ്റഡ് കോഴ്സും കോളേജിലുണ്ട്.

ജസ്റ്റിസ് എം.ആർ. അനിത, നോവലിസ്റ്റും ഡോക്ടറുമായ ഖദീജ മുംതാസ്, ഉന്നതവിദ്യാഭ്യാസ സാമൂഹികനീതി വകുപ്പ് മന്ത്രി ആർ. ബിന്ദു, ഇന്ത്യൻ ഇൻഷുറൻസ് ഇൻഡസ്ട്രിയിലെ പ്രഥമ വനിത ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ആലീസ്

ജി. വൈദ്യൻ, കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻസ് മേധാവിയും അവതാരികയുമായ രേഖാ മേനോൻ, ബഹിരാകാശ വകുപ്പിലെ അഡ്വാൻസ്ഡ് ഡാറ്റാ പ്രോസസ്സിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പി.വി. രാധാദേവി, ന്യൂയോർക്കിലെ സിറ്റി യൂണിവേഴ്സി റ്റിയിൽ ക്രിമിനൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റിലെ ഡോ. ധന്യ ബാബു, ജോഹന്നാസ്ബർ ഗിലെ സ്കൂൾ ഓഫ് ഇക്കണോമിക്സ് ആൻഡ് ഫിനാൻസ് പ്രൊഫസറായ ഡോ. ഉമ കൊല്ലംപറമ്പിൽ, നർത്തകിയായ ഉഷ സുരേഷ് ബാലാജെ തുടങ്ങിയവർ ജോസ ഫ്സ് കോളേജിലെ ശ്രദ്ധേയരായ പൂർവ്വവിദ്യാർത്ഥികളിൽ ചിലരാണ്.

## സമാന്തരസ്ഥാപനങ്ങൾ

ഇരിങ്ങാലക്കുടയിലെ ആദ്യകാല ട്യൂട്ടോറിയൽ സ്ഥാപനമാണ് അഥീന കോളേജ്. 1971 -ൽ കെ. ബാലകൃഷ്ണനാണ് ഈ സംരംഭത്തിന് തുടക്കം കുറിച്ചത്. ആൽത്തറയ്ക്ക് സമീപം ആരംഭിച്ച കോളേജ് രണ്ടുവർഷത്തിനുശേഷം മെയിൻ റോഡിലെ രഞ്ജി സ്റ്റു ഡിയോയ്ക്കടുത്ത് പ്രവർത്തനം തുടർന്നു. പെൺകുട്ടികളുടെ പഠനത്തിനായി ആരംഭിച്ച സെന്റ്. ജോസഫ്സ് കോളേജിൽ പഠനത്തിനായി അപേക്ഷിക്കുന്ന മുഴുവൻ വിദ്യാർഥി കൾക്കും സീറ്റ് നൽകാൻ കഴിയാത്ത സാഹചര്യത്തിലാണ് സെന്റ്. ജോസഫ്സ് സ്റ്റഡി സെന്റർ എന്ന ആശയം മുന്നോട്ടു വരുന്നത്. 1974 -ൽ ഇരിങ്ങാലക്കുട കോമ്പാറയി ലാണ് കോളേജ് ആരംഭിക്കുന്നത്.

1980 -ലാണ് തരണനല്ലൂർ രാമൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ നമ്പൂതി രീസ് കോളേജ് ആരംഭിക്കുന്നത്. ആരംഭകാലത്ത് കൂടൽമാണിക്യക്ഷേത്രത്തിന്റെ വടക്കുപടിഞ്ഞാറുഭാഗത്ത് മാരാർ റോഡിന് സമീപത്തെ കെട്ടിടത്തിലാണ് കോളേജ് പ്രവർത്തിച്ചിരുന്നത്. എസ്.എസ്.എൽ.സി., പ്രീഡിഗ്രി ക്ലാസുകൾ ആയിരുന്നു ആദ്യ കാലത്ത് നടത്തിയിരുന്നത്. 1994 - മുതൽ ഡിഗ്രി ക്ലാസുകൾ ആരംഭിച്ചു. 2010 -ൽ പി.ഡബ്ല്യു.ഡി. റോഡിൽ മഹാത്മാഗാന്ധി റീഡിങ് റൂമിന് സമീപം, നമ്പൂതിരീസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ എജ്യുക്കേഷൻ എന്ന പേരിൽ കോളേജ് പ്രവർത്തനം തുട രുന്നു. തരണനല്ലൂർ എഡ്യുക്കേഷൻ ആൻഡ് കൾച്ചറൽ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ ഇപ്പോൾ ഡിഗ്രി, പി.ജി. കോഴ്സുകൾ പഠിപ്പിച്ചു വരുന്നു.

1984 -ൽ ഠാണാവിലെ ജോസ് ലാൻഡ് ബിൽഡിങ്ങിലാണ് സ്റ്റഡൻസ് പി.ജി. സെന്റർ പ്രവർത്തനമാരംഭിക്കുന്നത്. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ ഓഫ് ക്യാമ്പസ് അക്കാദമിക് പ്രോഗ്രാമിനുള്ള അംഗീകൃത കോളേജുകളിൽ ഒന്നായിരുന്ന സ്റ്റഡൻസ് പി.ജി. സെന്റർ.

ചെമ്മണ്ണൂർ ഗ്രൂപ്പിന്റെ ചെമ്മണ്ണൂർ അക്കാദമി 2001 -ലാണ് ഇരിങ്ങാലക്കുടയിൽ പ്രവർത്തനം ആരംഭിച്ചത്. മഹാത്മാഗാന്ധി, കാലിക്കറ്റ്, ഭാരതീയർ യൂണിവേഴ്സിറ്റികളുടെ കോഴ്സുകൾ ഇവിടെ നടത്തിയിരുന്നു.

2002 -ൽ ഇരിങ്ങാലക്കുട കാത്തലിക് സെന്ററിലാണ് ജ്യോതിസ് കോളേജ് ആരംഭിച്ചത്. ജ്യോതിസ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് സർവ്വീസസിന്റെ നേതൃത്വത്തിൽ സി.എം.ഐ. സന്യാസി സമൂഹത്തിന്റെ സഹകരണത്തോടെയാണ് കോളേജ് പ്രവർത്തിക്കുന്നത്. കോമേഴ്സ്, മാനേജ്മെന്റ്, ഇൻഫർമേഷൻ ടെക്നോളജി തുടങ്ങിയ മേഖലകളിൽ ഉയർന്നനിലവാരമുള്ള വിദ്യാഭ്യാസമാണ് ഈ കലാലയം ലക്ഷ്യം വയ്ക്കുന്നത്. പ്രൊഫ. എ.എം. വർഗ്ഗീസ് പ്രിൻസിപ്പലായും ജോസ് ജെ. ചിറ്റിലപ്പിള്ളി ചെയർമാനായും കോളേജിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നു.

2013 - ൽ ഇരിങ്ങാലക്കുട പി.ഡബ്ല്യു.ഡി. റോഡിലാണ് തരണനെല്ലൂർ ആർട്സ് ആൻഡ് സയൻസ് കോളേജ് ആരംഭിച്ചത്. തരണനല്ലൂർ എജ്യൂക്കേഷൻ ആന്റ് കൾച്ചറൽ സൊസൈറ്റിയുടെ കീഴിലാണ് ഈ കോളേജും പ്രവർത്തിക്കുന്നത്. 2016 -ൽ താണിശ്ശേരിയിലേക്ക് മാറ്റി സ്ഥാപിച്ച കോളേജിന്റെ ചെയർമാൻ തരണനല്ലൂർ രാമൻ നമ്പൂതിരിപ്പാട്ടും സെക്രട്ടറി കെ.പി. ജാതവേദനുമാണ്.

## 3.5.9 തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

ഒരു പ്രത്യേക തൊഴിലിൽ പ്രവർത്തിക്കാൻ വേണ്ട പ്രാഗത്ഭ്യം നൽകുക എന്ന ലക്ഷ്യത്തോടെയാണ് തൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. ഇരിങ്ങാലക്കുടയിൽ സ്വകാര്യമേഖലയിലാണ് ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. തൊഴിലിൽ പ്രായോഗികപരിശീലനം നൽകുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ നിരവധി വിദ്യാർത്ഥികൾക്ക് കേരളത്തിനകത്തും പുറത്തും തൊഴിൽ നേടുന്നതിന് സഹായകമായിട്ടുണ്ട്.

## അധ്യാപക പരിശീനകേന്ദ്രങ്ങൾ

ഹിന്ദിഭാഷയുടെ പ്രചാരണത്തിന് പ്രാമുഖ്യം നൽകിക്കൊണ്ട് ഹിന്ദി പ്രേമിമണ്ഡൽ എന്ന സ്ഥാപനം ഇരിങ്ങാലക്കുടയിൽ പ്രവർത്തിച്ചിരുന്നു. ഇത് പിന്നീട് ഹിന്ദി പ്രചാർ മണ്ഡൽ എന്ന് പുനർനാമകരണം ചെയ്തു. ലിറ്റിൽഫ്ലവർ സ്കൂളിലെ ഹിന്ദി അധ്യാപിക യായിരുന്ന നാരായണിക്കുട്ടിയമ്മയാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. ഹിന്ദിഭാഷയിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് ഈ സ്ഥാപനം ഏറെ സഹായകമായി. ദക്ഷിണഭാരത ഹിന്ദി പ്രചാരസഭ നടത്തിവരുന്ന ഹിന്ദിപരീക്ഷകൾ ജയിച്ച ഇവിടുത്തെ നിരവധി പൂർവ്വവിദ്യാർത്ഥികൾ കേരളത്തിലെ വിവിധ വിദ്യാലയ ങ്ങളിൽ അധ്യാപകമാരായി. ആറ് സെന്റ് സ്ഥലവും കെട്ടിടവും ഹിന്ദി പ്രചാർ മണ്ഡ ലത്തിന് സ്വന്തമായുണ്ട്. അഡ്വ. കെ.കെ. തമ്പാന്റെ ഭാര്യ രാജകുമാരിയമ്മയാണ് ഈ ഭൂമി ദാനമായി നൽകിയത്. ഇവിടെ കെട്ടിടം നിർമ്മിക്കുന്നതിനായി സി.ആർ. കേശവൻ സഹായം നൽകുകയും ചെയ്തു.

സി.ആർ. കേശവൻ വൈദ്യരുടെ ദീർഘവീക്ഷണത്തിൽ 1963 -ൽ ആരംഭിച്ച അധ്യാപക പരിശീലന സ്ഥാപനമാണ് ശ്രീനാരായണ ടീച്ചർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂ ട്ട് (S.N.T.T.I.). സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്നവരെയും അധ്യാപനത്തിന്റെ ലോകത്ത് എത്തിക്കുക എന്ന ആശയമാണ് കേശവൻ വൈദ്യർ ക്ക് ഇത്തരം ഒരു സ്ഥാപനം ആരംഭിക്കുന്നതിന് പ്രേരണയായത്.

അധ്യാപക പരിശീലനത്തിനായി ആരംഭിച്ച മറ്റൊരു സ്ഥാപനമാണ് ലിസ്യൂ കോൺവെന്റ് ടീച്ചർ ട്രെയ്നിങ് ഇൻസ്റ്റിറ്റ്യൂട്ട്. 1954 ലിറ്റിൽഫ്ലവർ സ്കൂളിന്റെ ഭാഗമായി ആരംഭിച്ച ഇൻസ്റ്റിറ്റ്യൂട്ട് സ്ഥലപരിമിതി മൂലം 1964 -ൽ ലിസ്യൂ സ്കൂൾ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുകയായിരുന്നു. ആരംഭകാലത്തെ ടീച്ചർ ട്രെയിനിങ് കോഴ്സിന്റെ കരി ക്കുലം മാറ്റി ടി.ടി.സി. കോഴ്സ് ഡിപ്ലോമ ഇൻ എജ്യുക്കേഷൻ എന്ന പാഠ്യപദ്ധതിയാണ് ഇവിടെ പരിശീലനത്തിനായി ഉപയോഗിക്കുന്നത്.

തരണനല്ലൂർ എജ്യുക്കേഷൻ ആൻഡ് കൾച്ചറൽ സൊസൈറ്റിയുടെ കീഴിലുള്ള നമ്പൂതിരീസ് കോളേജിൽ 2007 -മുതൽ കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ എന്ന പേരിൽ ബി.എഡ്. കോളേജ് ആരംഭിച്ചു. ഫിസിക്കൽ സയൻസ്, നാച്ചുറൽ സയൻസ്, സോഷ്യൽ സയൻസ്, ഇംഗ്ലീഷ്, സംസ്കൃതം കോഴ്സുകൾ ഇവിടെ പഠിപ്പിച്ചു വരുന്നു.

## സാങ്കേതിക വിദ്യാഭ്യാസം

സാങ്കേതികമേഖലകളിൽ തൊഴിൽനേടുന്നതിന് സഹായകമായ വിദ്യാഭ്യാസം ഇരിങ്ങാലക്കുടയിൽ ലഭ്യമായിരുന്നു. ചെട്ടിപ്പറമ്പിൽ പ്രവർത്തിക്കുന്ന പി.എൻ.എസ്. കോളേജ് ഓഫ് എൻജിനീയറിങ് ആന്റ് കെ.ടി.ഇ.എസ്. (പ്രൈ.) ഐ.ടി.ഐ, റിട്ടയേഡ് ആർമി എൻജിനീയർമാരായ അച്യുതൻ മേനോൻ, ഭാസ്കരമേനോൻ എന്നിവർ ചേർന്ന് 1972 -ൽ ആരംഭിച്ചതാണ്. ഇപ്പോൾ ഇൻഡസ്ട്രിയൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് ആയി ഈ സ്ഥാപനം പ്രവർത്തിച്ചു വരുന്നു. ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഫിറ്റർ, ഓട്ടോമൊബൈൽ, മെക്കാനിക്കൽ - ഇലക്ട്രിക്കൽ എൻജിനീയറിങ്, ഇലക്ട്രോണിക്സ് ആന്റ് ടെലികമ്മ്യൂണിക്കേഷൻ, എ.സി. ആന്റ് റഫ്രിജറേഷൻ, സിവിൽ എഞ്ചിനീയറിംഗ്, ഓട്ടോകാഡ്, ടോട്ടൽ സ്റ്റേഷൻ സർവ്വേ എന്നീ കോഴ്സുകൾ ഇവിടെ പരിശീലിപ്പിക്കുന്നു.

1973 -ൽ ഇരിങ്ങാലക്കുട മുൻസിപ്പൽ ബിൽഡിങ്ങിൽ എ.കെ. ശങ്കരന്റെ ഉടമസ്ഥതയിൽ പ്രവർത്തനമാരംഭിച്ച സ്ഥാപനമാണ് ബ്രൈറ്റ് ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്. ആദ്യകാലത്ത് ടൈപ്പ് റൈറ്റിങ് ആൻഡ് ഷോട്ട് ആൻഡ് ഇൻസ്റ്റിറ്റ്യൂട്ട് ആയിപ്രവർത്തിച്ചിരുന്ന ഇവിടെ, കമ്പ്യൂട്ടർ ഓൺലൈൻ സൗകര്യങ്ങളും നിലവിൽവന്നു.

ഇരിങ്ങാലക്കുടയിലെ പ്രശസ്ത സാങ്കേതിക വിദ്യാഭ്യാസസ്ഥാപനമാണ് ലൂണാ ഇൻസ്റ്റിറ്റ്യൂട്ട്. 1979 -ൽ ചെട്ടിപ്പറമ്പിൽ എ.എ. മുഹമ്മദ് അലിയാണ് ലൂണ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചത്. ഓട്ടോമൊബൈൽ, എയർകണ്ടീഷനിങ് ആൻഡ് റഫ്രിജറേഷൻ, ഇലക്ട്രോണിക്സ് റേഡിയോ ആൻഡ് ടെലിവിഷൻ എൻജിനീയറിങ് തുടങ്ങി രണ്ടുവർഷം ദൈർഘ്യമുള്ള കോഴ്സുകളാണ് ഇവിടെ പഠിപ്പിക്കുന്നത്. പഠനം പൂർത്തിയാക്കുന്നവർക്ക് കേരള ഗവൺമെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ ഇൻ എൻജിനീയറിങ് (കെ.ജി.സി.ഇ.) സർട്ടിഫിക്കറ്റുകൾ നൽകുന്നു.

1996 -ൽ ഇരിങ്ങാലക്കുട നടയിടെ എസ്.ബി.ഐ ബാങ്കിന് മുകളിലാണ് എയ്സ് കമ്പ്യൂട്ടർ എഡ്യുക്കേഷൻ എന്ന സ്ഥാപനം ആരംഭിച്ചത്. 2009 -ൽ ഠാണാ റമ്പിൽ ബിജുരാജിന്റെ നേതൃത്വത്തിൽ എയ്സ് കോളേജ് ഫോർ ടെക്നിക്കിൽ എഡ്യുക്കേഷൻ എന്ന പേരിൽ പുന:പ്രവർത്തനം ആരംഭിച്ചു. മൾട്ടിമീഡിയ ഡിപ്ലോമ കോഴ്സ്, ഡിജിറ്റൽ ഫോട്ടോഗ്രാഫി ഫിലിം എഡിറ്റിംഗ്, ഫാഷൻ ഡിസൈനിങ്, ഗ്രാഫിക്

ഡിസൈനിങ് തുടങ്ങി എല്ലാവിധ കമ്പ്യൂട്ടർ മൾട്ടിമീഡിയ കോഴ്സുകളും ഇവിടെ പഠിപ്പിക്കുന്നു.

പാപ്പ പാച്ചേരിയും രാജു സുന്ദരവും ചേർന്ന് 2000 -ൽ ആരംഭിച്ച സ്ഥാപനമാണ് ഭാരത് ടെക്നിക്കൽ എൻജിനീയറിങ് കോളേജ്. ഠാണാവിലെ അൽ അമീൻ ബിൽഡിങ്ങിൽ 2000 -ലാണ് ഈ സ്ഥാപനം ആരംഭിച്ചത്. സിവിൽ എഞ്ചിനീയറിങ്, റഫ്രിജറേഷൻ, റേഡിയോ ആന്റ് ടെലിവിഷൻ എൻജിനീയറിങ് തുടങ്ങിയ കോഴ്സുകൾ ഇവിടെ പരിശീലിപ്പിക്കുന്നു.

2002 -ൽ പ്രവർത്തനമാരംഭിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ എജ്യുക്കേഷൻ സെന്റർ (ഐ -ടെക് ഡിസൈനിങ്ങ്) ഞാറ്റുവെട്ടി പ്രവീൺസ് എന്ന ആളുടെ ഉടമസ്ഥതയിൽ ഉള്ളതാണ്. ഫാഷൻ ഡിസൈനിങ് ബ്യൂട്ടീഷൻ കോഴ്സ്, മോണ്ടിസോറി ടി.ടി.സി., ബി.എസ്.സി. കോസ്റ്റ്യൂം ആന്റ് ഫാഷൻ ഡിസൈനിങ്, കട്ടിങ് ആന്റ് ടൈലറിംഗ്, മ്യൂറൽ പെയിൻറിങ് തുടങ്ങിയവയിൽ ഇവിടെ പരിശീലനം നൽകിവരുന്നു.

ഇരിങ്ങാലക്കുടപട്ടണത്തിലെ ഏക എൻജിനീയറിങ് കോളേജ് ആണ് ക്രൈസ്റ്റ് എൻജിനീയറിങ് കോളേജ്. 2015 -ൽ ആരംഭിച്ച കോളേജ്, ക്രൈസ്റ്റ് എജ്യുക്കേഷൻ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റിന് കീഴിലാണ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരം, എ.പി.ജെ. അബ്ദുൽ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുമായി ക്രൈസ്റ്റ് എഞ്ചിനീയറിങ് കോളേജ് അഫിലിയേറ്റഡ് ചെയ്തിരിക്കുന്നു. എ.ഐ.സി.ടി.ഇ.യുടെ അംഗീകാരമുള്ള കോളേജാണിത്. സിവിൽ എഞ്ചിനീയറിങ്, കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിങ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിങ്, മെക്കാനിക്കൽ എൻജിനീയറിങ് എന്നീ ബി.ടെക് കോഴ്സുകൾ ഇവിടെയുണ്ട്.

ഇവയ്ക്ക് പുറമേ ആദ്യകാലങ്ങളിൽ സ്വകാര്യവിദ്യാഭ്യാസമേഖലയിൽ സജീവമായിരിക്കുകയും, പിന്നീട് കാലഘട്ടത്തിന്റെ മാറ്റത്തിനിടയിൽ ഇല്ലാതാവുകയും ചെയ്ത ചില ട്യൂട്ടോറിയൽ കോളേജുകളും ട്യൂഷൻ സെന്ററുകളുമുണ്ട്. വിക്ടറി ട്യൂട്ടോറിയൽ കോളേജ്, കേംബ്രിഡ്ജ് കോളേജ്, ലേണേഴ്സ് കോളേജ്, ശ്രീനാരായണ വനിത കോളേജ്, എൻ.എസ്.എസ്. ആർട്സ് കോളേജ്, കോപ്പറേറ്റീവ് കോളേജ്, യൂണിവേഴ്സൽ കോളേജ് തുടങ്ങിയവ ഇത്തരത്തിൽ സമാന്തര വിദ്യാഭ്യാസരംഗത്ത് ശ്രദ്ധേയമായ സ്ഥാനം നേടിയിരുന്നു. സർക്കാർ - എയ്ഡഡ് വിദ്യാഭ്യാസമേഖലയിൽ

സീറ്റ് വർദ്ധിച്ചതോടെ സമാന്തര വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പ്രസക്തി കുറഞ്ഞുവന്നു. വിദ്യാർത്ഥികളുടെ കുറവുമൂലം ഇവയുടെ പ്രവർത്തനം അവസാനിപ്പിക്കേണ്ടതായും വന്നു.

ഇരിങ്ങാലക്കുടയിലെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ വളർച്ചയിൽ സാധാരണ ജനങ്ങളുടെ അക്ഷീണപ്രയത്നം ഉണ്ടായിട്ടുണ്ട്. ഇവിടുത്തെ ജനപ്രതിനിധികൾ നൽകുന്ന തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങളിലൊന്ന് ഇരിങ്ങാലക്കുടയെ വിദ്യാഭ്യാസത്തിന്റെ കേന്ദ്രമാക്കി (educational hub) മാറ്റാൻ ശ്രമിക്കും എന്നാണ്. പൊതുവിദ്യാഭ്യാസത്തിന്റെ പുരോഗതി ഇരിങ്ങാലക്കുടയെ ആധുനീകരണത്തിലേക്ക് നയിക്കുന്നതിൽ ശ്രദ്ധേയമായ പങ്കുവഹിച്ചിട്ടുണ്ട്.

## 3.6 കായികപാരമ്പര്യം

ആരോഗ്യകരമായ ജീവിതരീതി ആ പ്രദേശത്തിന്റെ കായികസംസ്കാരത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. ഇരിങ്ങാലക്കുടയിലും പരിസരങ്ങളിലുമുള്ള സാധാരണക്കാർ പോലും ഇതിൽ ശ്രദ്ധാലുക്കളാണ്. സായാഹ്നങ്ങളിലും പുലർകാലങ്ങളിലും ഇരിങ്ങാലക്കുടയിലെ തെരുവുകളിലും മൈതാനങ്ങളിലും നീന്തൽക്കുളങ്ങളിലും അവർ തങ്ങളുടെ കായികക്ഷമതയുടെ സംരക്ഷണത്തിനായി എത്തുന്നത് സ്ഥിരംകാഴ്ചയാണ്. നടത്തവും ഓട്ടവും നീന്തലും മാത്രമല്ല ഫുട്ബോൾ, ക്രിക്കറ്റ്, ഷട്ടിൽ, വോളിബോൾ, ഹാൻഡ് ബോൾ തുടങ്ങിയ കളികളിലും അവർ വ്യാപൃതരാണ്. അയ്യങ്കാവ് മൈതാനം, ക്രൈസ്റ്റ് കോളേജ് മൈതാനങ്ങൾ എന്നിവിടങ്ങളാണ് ഇതിന്റെ പ്രധാനകേന്ദ്രങ്ങൾ.

### 3.6.1 കായികതാരങ്ങൾ

വ്യായാമം എന്നതിലുപരി കായികവിനോദങ്ങളെ വളരെ ഗൗരവത്തോടെ കാണുകയും നിരന്തരപരിശീലനത്തിലൂടെ ദേശീയ - അന്തർദേശീയ തലങ്ങളിൽ വരെ ചെന്നെത്തുകയും ചെയ്ത ഇരിങ്ങാലക്കുടക്കാരുണ്ട്. ഇന്ത്യൻ ഫുട്ബോൾ ടീമിലെ ഡിഫൻഡറായി കളിച്ചിരുന്ന ഒ. ചന്ദ്രശേഖരൻ ഇരിങ്ങാലക്കുടയിലെ ഓടമ്പുള്ളി വീട്ടിൽ 1935 -ലാണ് ജനിച്ചത്. ഇരിങ്ങാലക്കുട ബോയ്സ് ഹൈസ്കൂളിലെ വിദ്യാഭ്യാസത്തിനു ശേഷം ഫുട്ബോൾ കളിക്കാനുള്ള മോഹവുമായാണ് അദ്ദേഹം എറണാകുളം മഹാ

രാജാസ് കോളേജിൽ എത്തുന്നത്. കേരളപിറവിക്കുമുമ്പേ തിരു - കൊച്ചി സംസ്ഥാനത്തിനുവേണ്ടി സന്തോഷ് ട്രോഫി ഫുട്ബോൾ കളിച്ചിട്ടുണ്ട് ചന്ദ്രശേഖരൻ. എറണാകുളം മഹാരാജാസ് കോളേജിൽ ഡിഗ്രി അവസാനവർഷ വിദ്യാർത്ഥിയായിരിക്കുമ്പോഴാണ് അദ്ദേഹം തിരുവനന്തപുരത്ത് സന്തോഷ് ട്രോഫിക്ക് വേണ്ടിയുള്ള തിരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതും അവസരം നേടുന്നതും. 1954 -ൽ ആണത്. അന്ന് ബോംബെ ടീമിൽ ഉണ്ടായിരുന്ന മലയാളിയായ പാപ്പനാണ് ചന്ദ്രശേഖരനെ ബോംബെയിൽ കളിക്കാനായി ക്ഷണിക്കുന്നത്. അമേരിക്കൻ പെട്രോൾ കമ്പനിയായ കാൽടെക്സിൽ ജോലി ലഭിച്ചെങ്കിലും കളിയിലായിരുന്നു അധികശ്രദ്ധയും. 1959 -ൽ തന്റെ ഇരുപത്തിനാലാം വയസ്സിൽ അദ്ദേഹം ദേശീയടീമിൽ ഇടംനേടി. പിന്നീട് പത്തുവർഷത്തിലധികം മഹാരാഷ്ട്ര ടീമിന്റെയും ഇന്ത്യൻ ടീമിന്റെയും അവിഭാജ്യ ഘടകമായിരുന്നു ചന്ദ്രശേഖർ. 1964 -ൽ അദ്ദേഹം മഹാരാഷ്ട്ര ടീമിന്റെ നായകനായിരിക്കുമ്പോഴാണ് അവർ സന്തോഷ് ട്രോഫി കിരീടം നേടുന്നത്. ആ നിലയ്ക്ക് കേരളത്തിനുവേണ്ടിയല്ലെങ്കിലും, സന്തോഷ് ട്രോഫി നേടിയ ആദ്യമലയാളിയാണ് അദ്ദേഹം. 1960 -ലെ റോം ഒളിമ്പിക്സിലും 1964 -ലെ സമ്മർ ടോക്കിയോ ഒളിമ്പിക്സിലും ഇന്ത്യയെ പ്രതിനിധീകരിച്ച് അദ്ദേഹം മികച്ചപ്രകടനമാണ് കാഴ്ചവച്ചത്. 1962 -ലെ ജക്കാർത്ത ഏഷ്യൻ ഗെയിംസിൽ കൊറിയയെ 2 - 1 ന് തോൽപ്പിച്ച് ഇന്ത്യൻ ടീം കിരീടം നേടിയപ്പോഴും ഒ. ചന്ദ്രശേഖരൻ അതിന്റെ ഭാഗമായിരുന്നു. 1964 -ലെ എ.എഫ്.സി. ഏഷ്യൻ കപ്പ്, മെർദെക്കാ ടൂർണമെന്റ് എന്നിവയിലും അദ്ദേഹം ഇന്ത്യക്കുവേണ്ടി കളിച്ചു. 2015 മുതൽ വാർദ്ധക്യസഹജമായ അസുഖങ്ങൾക്കും മറവിരോഗത്തിനും വിധേയനായ അദ്ദേഹം 2021 -ൽ തന്റെ 86 -ാം വയസ്സിൽ മരണമടഞ്ഞു. കഴിഞ്ഞ നൂറ്റാണ്ടിലെ കേരളത്തിലെ മികച്ച 10 കായികതാരങ്ങളിൽ ഒരാളായി ഒ. ചന്ദ്രശേഖരൻ തിരഞ്ഞെടുക്കപ്പെട്ടിരുന്നു. ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഫുട്ബോളിന് നൽകിയ സംഭാവനകളെ മാനിച്ച് എറണാകുളത്തെ ഇൻഡോർ സ്റ്റേഡിയത്തിന് അദ്ദേഹത്തിന്റെ പേര് നൽകിക്കൊണ്ട് സംസ്ഥാനസർക്കാർ ആദരിച്ചു.

ഇന്ത്യയുടെ ദേശീയ യൂത്ത് ഫുഡ്ബോൾ ടീമിനെ നയിച്ച ഇരിങ്ങാലക്കുടക്കാരനാണ് ഡോ. എം.ഐ. മുഹമ്മദ് ബഷീർ. 1973 -ൽ കേരളം ആദ്യമായി സന്തോഷ് ട്രോഫി നേടിയപ്പോൾ ആ ടീമിലെ അംഗമാകാനും മുഹമ്മദ് ബഷീറിന് സാധിച്ചിരുന്നു. വിക്ടോറിയകോളേജിലെ പ്രീഡിഗ്രി വിദ്യാഭ്യാസത്തിനുശേഷമാണ് അദ്ദേഹം മെഡി

ക്കൽ കോളേജ് പഠനത്തിൽ പ്രവേശിക്കുന്നത്. ഇന്ന് ഗൾഫിൽ ഡോക്ടറായി ജോലി ചെയ്യുന്നു.

### 3.6.2 ക്ലബ്ബുകൾ

ഒളിമ്പ്യൻ സ്പോർട്സ് ക്ലബ്ബിന്റെ സംഘാടനം ഇരിങ്ങാലക്കുടയുടെ കായികരംഗത്തെ എടുത്തുപറയേണ്ട ഒരു സംഭവമാണ്. എം.പി. ജാക്സന്റെ നേതൃത്വത്തിൽ ആരംഭിച്ച ഈ സ്പോർട്സ് ക്ലബ് ഒട്ടേറെ ഫുട്ബോൾ കളിക്കാർക്ക് വേദിയായിരുന്നു. നന്ദകുമാർ, ജോസ് മുയലൻ, കോച്ചേരി ജോൺസൺ, മുഹമ്മകദ് സലിം, തോമസ് കെ.എ., അജി തോമസ്, ബിജു ജോണി, അശോകൻ സി.പി. തുടങ്ങി നിരവധി കളിക്കാർക്ക് ജന്മം നൽകാൻ ഈ കാലയളവിൽ ക്ലബ്ബിന് സാധിച്ചു. ഇരിങ്ങാലക്കുടയിലെ ക്രിക്കറ്റ് ക്ലബ്ബുകളും ഇത്തരത്തിൽ പരാമർശമർഹിക്കുന്നവയാണ്. യങ്സ്റ്റേഴ്സ്, പാർക്ക്, കൗണ്ടി തുടങ്ങിയ ക്രിക്കറ്റ് ക്ലബ്ബുകൾ ഇവിടെ പ്രവർത്തിച്ചിരുന്നു. വലിയ പ്രാധാന്യത്തോടെ നടത്തിവന്നിരുന്ന ഗോപി മെമ്മോറിയൽ ക്രിക്കറ്റ് ടൂർണ്ണമെന്റ് ഇടക്കാലത്ത് നിന്നുപോയിരുന്നെങ്കിലും 2024 -ൽ പുനരാരംഭിച്ചു എന്നത് ശ്രദ്ധേയമാണ്. പ്രശസ്തരായ ഒട്ടേറെ ക്രിക്കറ്റ് താരങ്ങളുടെ വളർച്ചയ്ക്ക് പ്രോത്സാഹനമായായിരുന്നു ഈ ടൂർണമെന്റ്. റിലയൻസ് ലോകകപ്പിനായുള്ള ഇന്ത്യൻ ക്യാമ്പിൽ അംഗമായിരുന്ന ബെന്നി (വർഗീസ് ജോസ്)യെപോലുള്ള ക്രിക്കറ്റ് കളിക്കാരെ ഇരിങ്ങാലക്കുടയിൽനിന്നും വളർത്തിക്കൊണ്ടുവരാൻ സഹായകമായത് ഈ ടൂർണമെന്റാണ്. ബെന്നിയെ കൂടാതെ രാജേഷ്, ചന്ദ്രൻ, ഹരിഹരൻ, മനോജ് ഭാസി, ബോസ്, സോജു ജോസ്, അജിത് കെ.കെ., അജയ് മേനോൻ, വിദ്യാധരൻ തുടങ്ങി ഇരിങ്ങാലക്കുടയിലെ പ്രശസ്തരായ മറ്റു കളിക്കാർക്കും പ്രോത്സാഹനമായിരുന്നു ഗോപി മെമ്മോറിയൽ ടൂർണമെന്റ്.

### 3.6.3 കായികവിദ്യാഭ്യാസം

ഇരിങ്ങാലക്കുടയിലെ വിദ്യാലയങ്ങളും കലാലയങ്ങളും കായികരംഗത്തെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിന്റെ ആരംഭകാലത്തുതന്നെ കായികമേഖലയുടെ വളർച്ചയും ആരംഭിച്ചിരുന്നു. വിദ്യാഭ്യാസത്തിൽ കായികവിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം തിരിച്ചറിഞ്ഞ ഫാ. ഗബ്രിയേൽ,

വൈകുന്നേരങ്ങളിൽ കുട്ടികളെ കളിക്കളത്തിൽ എത്തിക്കുന്നതിനും അനുയോജ്യമായ രീതിയിൽ കളിക്കളം ഒരുക്കുന്നതിനും മുന്നിട്ടിറങ്ങി. ഫുട്ബോളിൽ അക്കാലത്തെ സോൺ വിജയികളായിരുന്നു ക്രൈസ്റ്റ് കോളേജ്. ഈ പാരമ്പര്യം തുടർന്നു പോരുന്നതാണ്, കോളേജിന്റെ നേതൃത്വത്തിൽ സ്ഥാപിതമായ കണ്ടംകുളത്തിലോനപ്പൻ ട്രോഫിക്കുവേണ്ടിയുള്ള ഫുട്ബോൾ ടൂർണമെന്റ്. 1957 -ൽ ആരംഭിച്ച ടൂർണമെന്റ് ഇന്നും തുടർന്നുവരുന്നു.

1967 -ലാണ് ഓൾഡ് സ്റ്റുഡൻസ് വോളിബോൾ ടൂർണമെന്റ് ആരംഭിച്ചത്. 57 വർഷങ്ങൾക്കിപ്പുറവും ഈ ടൂർണമെന്റ് ഗൗരവത്തോടെ നടത്തുന്നതിന് കോളേജിന്റെ കായികവിഭാഗത്തിന് സാധിക്കുന്നു എന്നത് ശ്രദ്ധേയമാണ്. സ്ഥിരം ഗാലറിയോടുകൂടിയ ട്രാക്ക് എന്ന ചിന്തയുടെ സാക്ഷാത്കാരമായിരുന്നു 1974 -ൽ പണി പൂർത്തിയായ സ്റ്റേഡിയം ഗ്രൗണ്ട്. കോളേജിന്റെ വടക്കേ അറ്റത്താണ് 400 മീറ്റർ ട്രാക്ക് സ്ഥിതിചെയ്യുന്നത്. അന്നത്തെ ഫീൽഡ് മാർഷൽ സാം മനീക്ഷായാണ് സ്റ്റേഡിയത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. ആ വർഷത്തെ യൂണിവേഴ്സിറ്റി അത്‌ലറ്റിക് മീറ്റും ഇതോടൊപ്പം നടന്നു. 1975 -ലെ സംസ്ഥാന അത്‌ലറ്റിക് മീറ്റും ഇവിടെയാണ് നടന്നത് (വിനോദ് വി.വി., 1999:55). 1980 -ൽ സംസ്ഥാന സ്പോട്സ് കൗൺസിലിന്റെ അനുമതിയോടെ സ്പോട്സ് ഹോസ്റ്റൽ ആരംഭിക്കുന്നു. ദേശീയ - അന്തർദേശീയ തലങ്ങളിൽ പ്രഗൽഭരായ കളിക്കാരെ വാർത്തെടുക്കുന്നതിന് ഈ സാഹചര്യവും നിമിത്തമായി.

കേരള - ഇന്ത്യൻ ടീമുകളുടെ പരിശീലകരായിരുന്ന ഐ.എൽ. ജോസ്, ടി.കെ. ചാത്തുണ്ണി, എം. പീതാംബരൻ, ജ്യോതി പി.ബി. തുടങ്ങി പ്രഗൽഭരായ പരിശീലകർ ക്രൈസ്റ്റ് കോളേജ് ഫുട്ബോൾ ടീമിനെ പരിശീലിപ്പിച്ചു. അർജ്ജുന അവാർഡ് ജേതാവും അന്താരാഷ്ട്ര താരവുമായ സിറിൽ സി. വെള്ളൂർ, എൻ.സി. ചാക്കോ, അലക്സ് കുര്യൻ, എ.ബി. ജോൺ, ജോർജ്ജ് സെബാസ്റ്റ്യൻ, പ്രദീപ് കെ.പി. തുടങ്ങിയ താരങ്ങൾ ക്രൈസ്റ്റിന്റെ സംഭാവനയാണ്. 1990 -ലാണ് ബി.എസ്സ്.സി. ഫിസിക്കൽ എജ്യൂക്കേഷൻ വിഭാഗം ക്രൈസ്റ്റിൽ ആരംഭിക്കുന്നത്. പിന്നീട് 1994 -ൽ ബി.പി.എഡ്. കോഴ്സായി ഇത് വളർന്നു. കേരളത്തിനകത്തും പുറത്തും ജോലി ചെയ്യുന്ന ഒട്ടനവധി കായിക അധ്യാപകർ ഇവിടെനിന്നും പഠിച്ചിറങ്ങി.

ഗാലറിയോട്ടുകൂടിയ ഫുട്ബോൾ ഫീൽഡ്, ഹോക്കി ഫീൽഡ്, മൂന്ന് വീതം വോളിബോൾ ബാസ്കറ്റ്ബോൾ കോർട്ടുകൾ, ടെന്നീസ് കോർട്ട്, നെറ്റ് ബോൾ കോർട്ട്, ഹാൻഡ്ബോൾ കോർട്ട്, ക്രിക്കറ്റ് ഫീൽഡ്, ഖോ ഖോ കോർട്ട്, മൾട്ടി ജിം വിത്ത് വെയ്റ്റിങ് ലിഫ്റ്റ്, ജംബിങ് പിറ്റ്, കബഡി ജൂഡോ ഹോൾ കണ്ടീഷനിംഗ് ഹാൾ ടേബിൾ ടെന്നീസ് ഹാൻഡ് ബോൾ കോർട്ട് തുടങ്ങിയ നൂതന സൗകര്യങ്ങളോടെയുള്ള കായികപരിശീലനവേദികൾ ക്രൈസ്റ്റ് കോളേജിൽ സജ്ജീകരിച്ചിട്ടുണ്ട്. ആദ്യകാലത്ത് കുതിരസവാരി പഠിപ്പിന്നതിനുള്ള സൗകര്യവും ഇവിടെ ഉണ്ടായിരുന്നു. ക്രൈസ്റ്റ് കോളേജിലെ കായികാധ്യാപകനായ സോണി കെ. ജോൺ ഇന്ത്യൻ ആർച്ചറി ടീമിന്റെ സൈക്കോളജിസ്റ്റാണ്.

ഇരിങ്ങാലക്കുട സെന്റ്. ജോസഫ്സ് കോളേജും കായികപ്പെരുമയിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. കേരളത്തിലെ വനിതകളുടെ വോളിബോൾ ടീമുകളിൽ ശ്രദ്ധേയമായ ഒന്നാണ് സെന്റ്. ജോസഫ്സിന്റേത്. നാടിനുവേണ്ടി മികച്ച താരങ്ങളെ വാർത്തെടുക്കാൻ ഈ കോളജിനായി. ഇന്ത്യകണ്ട ഏറ്റവും മികച്ച വനിത വോളിബോൾ കളിക്കാരിൽ ഒരാളായ സലോമി സേവ്യറെ മുൻനിരയിലേക്ക് കൊണ്ടുവന്നത് ഈ കലാലയമാണ്. രാജലക്ഷ്മി, ദീപിക ബാബുരാജ്, അഞ്ജു ബാലകൃഷ്ണൻ, ജീനാ മാത്യു തുടങ്ങിയവർ വോളിബോളിലും സിന്ധു ശ്രീധരൻ, സുഷമാ രവീന്ദ്രൻ, പി.സി. തുളസി എന്നിവർ ഷട്ടിൽ ബാഡ്മിന്റണിലും ഇന്ത്യയെ പ്രതിനിധീകരിച്ചിട്ടുണ്ട്. കോളേജിലെ ആധുനികസൗകര്യങ്ങളോടുകൂടിയ ഇൻഡോർ സ്റ്റേഡിയവും മറ്റ് കായിക സൗകര്യങ്ങളും ഇവിടുത്തെ വിദ്യാർഥികളെ കായികമേഖലയിൽ ഉയർന്നു വരുന്നതിന് സഹായിക്കുന്നു.

ഇരിങ്ങാലക്കുടയിലെ ക്രൈസ്റ്റ് വിദ്യാനികേതനും ഡോൺബോസ്കോ സ്കൂളും കായികവിദ്യാഭ്യാസത്തിന് ഏറെ പ്രാധാന്യം നൽകുന്നുണ്ട്. ബാസ്കറ്റ്ബോൾ, ടേബിൾ ടെന്നീസ്, ഹാൻഡ് ബോൾ തുടങ്ങിയവയിൽ ഡോൺ ബോസ്കോ സ്കൂളിന്റെ മേൽക്കൈ എടുത്തു പറയത്തക്കതാണ്. ക്രൈസ്റ്റ് വിദ്യാനികേതന്റെ ആരംഭകാലത്തുതന്നെ കായികവിദ്യാഭ്യാസത്തിന് ഏറെ പ്രാധാന്യം നൽകിയിരുന്നു. കായികപരിശീലകൻ കൂടിയായിരുന്ന സ്കൂൾ പ്രിൻസിപ്പൽ ഫാ. വിൽസൺ തറയിൽ ഇതിനായി പ്രത്യേകം താല്പര്യമെടുത്തു. വിപുലമായ ഇൻഡോർ സ്റ്റേഡിയത്തിനകത്താണ് ടെന്നിസ് കോർട്ടും ബാസ്കറ്റ്ബോൾ കോർട്ടും സജ്ജമാക്കിയിരിക്കുന്നത്. നീന്തൽക്കുളത്തോടൊപ്പം ആധുനിക

സൗകര്യങ്ങളോടെയുള്ള അക്വാട്ടിക് കോംപ്ലക്സാണ് ഇവിടുത്തേത്. വിദ്യാർത്ഥികളെ കൂടാതെ പൊതുജനങ്ങളും ഈ സൗകര്യം ഉപയോഗപ്പെടുത്തുന്നു. വിദ്യാലയങ്ങളും കലാലയങ്ങളും കായികപരിശീലനത്തിനുനൽകുന്ന പ്രാധാന്യവും പ്രചോദനവുമാണ് ഇരിങ്ങാലക്കുടയുടെ കായികപാരമ്പര്യത്തിന്റെ നിലനിൽപ്പ്.

### 3.6.4 നീന്തൽ സംസ്കാരം

ഇരിങ്ങാലക്കുടയുടെ കായികഭൂപടത്തിൽ വളരെ ശ്രദ്ധേയമായ സ്ഥാനമാണ് അവിട്ടത്തൂർ ലാൽ ബഹദൂർ ശാസ്ത്രി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിനുള്ളത്. ഇവിടെ പാഠ്യേതരപ്രവർത്തനങ്ങളുടെ ഭാഗമായി താല്പര്യമുള്ള എല്ലാ വിദ്യാർത്ഥികൾക്കും നീന്തൽ പരിശീലനം നൽകിവരുന്നു. നാട്ടിൻപുറത്തെ ഒരു സാധാരണ കുളമായ ഓങ്ങിച്ചിറയിൽനിന്നും നിരവധി നീന്തൽതാരങ്ങളെ വളർത്തിയെടുക്കാൻ ഈ വിദ്യാലയത്തിലെ കായികാധ്യാപകർക്കായി. 1946 -ൽ സ്ഥാപിതമായ ഈ വിദ്യാലയത്തിൽ കഴിഞ്ഞ അമ്പത് വർഷത്തോളമായി നീന്തൽ പരിശീലനം നൽകുന്നുണ്ട്. സംസ്ഥാന പുരസ്കാരംവരെ നേടിയ ഘട്ടത്തിൽ പഞ്ചായത്ത് ഇടപെട്ട് കുളം നവീകരിക്കുകയും 50 മീറ്റർ പൂളാക്കി, പടവുകൾ നിർമ്മിച്ചുനൽകുകയും ചെയ്തു. കാലാകാലങ്ങളിൽ വേളൂക്കരഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇവിടെ നവീകരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

കഴിഞ്ഞ പത്തുവർഷത്തിലധികമായി തുടർച്ചയായി ജില്ലാതലചാമ്പ്യൻമാരാണ് അവിട്ടത്തൂർ സ്കൂൾ. ഇക്കാലയളവിനുള്ളിൽ സംസ്ഥാനതലത്തിൽ അറുപത്തിനാലും ദേശീയതലത്തിൽ പതിനാലും നീന്തൽ താരങ്ങളെ വളർത്തിയെടുക്കാൻ ഈ ചെറിയഗ്രാമത്തിന് സാധിച്ചു. അതിൽത്തന്നെ ഐ.സി. രാജു അന്തർദേശീയതലത്തിൽ എത്തിച്ചേർന്ന നീന്തർതാരമാണ്. സാഫ് ഏഷ്യൻ ഗെയിംസിൽ മെഡൽ നേടാൻ അദ്ദേഹത്തിന് സാധിച്ചു. സംസ്ഥാനത്തെയും രാജ്യത്തെയും പ്രതിനിധീകരിച്ച് മെഡൽനേടാൻ പ്രാപ്തരായ താരങ്ങളിൽ അധികംപേരും കേരള പോലീസിലും റെയിൽവേയിലും ഉദ്യോഗസ്ഥരാണ്.

ഇത്തരമൊരു നീന്തൽ സംസ്കാരത്തിന് ഈ ഗ്രാമത്തിൽ മുൻകൈയെടുത്തത് കായികാധ്യാപകരായിരുന്ന ഡേവിസ് കോങ്കോത്തും കെ.എൽ. ജോസുമാണ്. 1977

-ലാണ് കെ.എൽ. ജോസ് മാസ്റ്റർ അവിട്ടത്തൂർ സ്കൂളിലെ കായികാധ്യാപകനായി ജോലിയിൽ പ്രവേശിക്കുന്നത്. അഞ്ച് കായിക ഇനങ്ങളുടെ റഫറി ടെസ്റ്റ് പാസ്സായി ട്ടുള്ള ജോസ് മാസ്റ്റർ ക്രൈസ്റ്റ് ഇന്റർനാഷ്ണൽ സ്വിമ്മിങ് അക്കാദമിയുടെ ചീഫ് അഡ്മിനി സ്റ്റേറ്റർ ആയി പ്രവർത്തിച്ചു വരുന്നു.

ഒരറിവും സമ്പൂർണ്ണമല്ല. കാലഘട്ടങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് തിരുത്ത ലുകളും പുതുക്കലുകളുമായി കാലാനുസൃതമാറ്റങ്ങളോടെ അത് വളർന്നുകൊണ്ടേയിരി ക്കും. വിജ്ഞാനം പുനർനിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്നത് ഒരു തിരിച്ചറി വാണ്. എങ്കിലും പൂർവ്വസൂരികൾ നടത്തിയ സത്യാന്വേഷണത്തിന്റെ തുടർച്ചയിൽനിന്നു കൊണ്ടു മാത്രമേ ഏതു വൈജ്ഞാനികപദ്ധതിക്കും മുന്നോട്ടുള്ളയാത്ര സാധ്യമാവുകയു ള്ളൂ. വിജ്ഞാനം നൽകുന്ന തിരിച്ചറിവ് മനുഷ്യനെ തന്റെ ചുറ്റുപാടുകളെ നിർമ്മിക്കാനും മാറ്റിയെടുക്കാനുമുള്ള അവസരമാണ് നൽകുന്നത്. ഈ അവസരം ഉപയോഗപ്പെടുത്തു ന്നതിലൂടെ ആ നാടിന്റെ ആധുനീകരണം സാധ്യമാകും.

## അദ്ധ്യായം 4

# ഇരിങ്ങാലക്കുടയുടെ ആധുനികീകരണം

കാലാനുസൃതമായി മനുഷ്യൻ നേടിയെടുത്ത വിജ്ഞാനം, തന്റെ ചുറ്റുപാടുകളെ നിർമ്മിക്കാനും മെച്ചപ്പെടുത്താനുമുള്ള അവസരം നൽകുന്നു. രാഷ്ട്രീയ -സാമൂഹ്യ -സാങ്കേതിക മേഖലകളിൽ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. ആധുനീകരണം ഒരു സാമൂഹികാനുഭവമാണ്. സാമൂഹികഘടനയിൽനിന്നും ഭൂബന്ധങ്ങളിൽനിന്നുമാണ് അവിടുത്തെ സാമൂഹികവ്യവസ്ഥയും മനുഷ്യബന്ധങ്ങളും രൂപപ്പെടുന്നത്. ഫ്യൂഡൽ സാമൂഹ്യവ്യവസ്ഥിതിയിൽ ഓരോ ജാതിവിഭാഗത്തിന്റെയും, ഉപജീവനത്തിന്റെയും അതിജീവനത്തിന്റെയും മാർഗ്ഗങ്ങൾ എന്തായിരുന്നു എന്ന അന്വേഷണം സവിശേഷശ്രദ്ധ ആകർഷിക്കുന്നതാണ്. പ്രാദേശികമായി രൂപപ്പെട്ട കൂട്ടായ്മകളുടെ പരിണാമസ്വഭാവം എന്തായിരുന്നു എന്ന് തിരിച്ചറിയുമ്പോഴാണ് ആ ഇടത്തിന്റെ ആധുനീകരണത്തെ കണ്ടെത്താനാവുക. ശ്രേണീകൃതമായ ജാതിവ്യവസ്ഥയെ മറികടക്കാനുള്ള ശ്രമങ്ങൾ സമരങ്ങളായിത്തന്നെമാറുന്നുണ്ട്. അത്തരം ഇടപെടലുകൾ സമൂഹത്തിൽ ഉണ്ടാക്കിയിട്ടുള്ള പ്രതികരണങ്ങൾ അന്വേഷിക്കുന്നത് ആ സമൂഹത്തിന്റെ ആധുനീകരണത്തെ തിരിച്ചറിയാൻ സഹായകമാകും.

കൃഷി, വ്യവസായം, സാമൂഹികബന്ധങ്ങൾ, നിയമനിർമ്മാണം, ഗതാഗതം, ധനവിനിയോഗം തുടങ്ങിയ മേഖലകളിലെല്ലാം മാറ്റങ്ങൾ സംഭവിക്കുന്നു. ഈ മാറ്റങ്ങ

ളെയാണ് ഇവിടെ ആധുനികീകരണം എന്ന വാക്കുകൊണ്ട് കുറിക്കുന്നത്. ഇതിന്റെ ഭാഗമായി ആ സമൂഹത്തിന്റെ ലോകബോധംതന്നെയും പരിണമിച്ചു എന്നുവരാം. ജനാധിപത്യബോധവും മതനവീകരണചിന്തകളും യുക്തിബോധവുമെല്ലാം ഇതിന്റെ അനന്തരഫലങ്ങളാണ്.

രാഷ്ട്രീയവും സാമൂഹ്യവുമായ കാരണങ്ങൾ ദേശത്തെ നിർമ്മിക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. അതോടൊപ്പം ശാസ്ത്രസാങ്കേതികവിദ്യയുടെ വളർച്ചയും മാറ്റങ്ങൾക്ക് മുതൽക്കൂട്ടാകുന്നു. ഇതുവഴി വ്യക്തിയും അവരെ ഉൾക്കൊള്ളുന്ന പ്രദേശവും കാലത്തിനനുസരിച്ച് നവീകരിക്കപ്പെടുന്നു. കൃഷി, വ്യവസായം തുടങ്ങിയ മേഖലകളിലുണ്ടായ മാറ്റങ്ങൾ ഇരിങ്ങാലക്കുടയുടെ പരിവർത്തനത്തിന് കാരണമായതെങ്ങനെ എന്ന അന്വേഷണം ഏറെ പ്രസക്തമാണ്. സാമ്പത്തിക മുന്നേറ്റങ്ങൾ സാമൂഹ്യവീക്ഷണത്തെയും സ്വാധീനിക്കുന്നു.

## 4.1 കൃഷി

കേരളീയ സമൂഹത്തിലും സമ്പദ്‌വ്യവസ്ഥയിലും നിർണ്ണായക സ്വാധീനം ചെലുത്തുന്ന ഒന്നാണ് കാർഷികവൃത്തി. ജീവസന്ധാരണോപാധി എന്ന നിലയിൽ പ്രാചീനകാലം മുതലേ കൃഷി മനുഷ്യജീവിതത്തിന്റെ ഭാഗമാണ്. അലഞ്ഞുനടന്നിരുന്ന മനുഷ്യൻ സാമൂഹ്യസ്വഭാവമുള്ള ഒരു ജീവിതസമ്പ്രദായം ആരംഭിച്ചതിനും പ്രധാനകാരണം കൃഷി തന്നെ. പ്രകൃതിയുമായി ഇണങ്ങി ജീവിച്ചിരുന്ന അവർ പ്രകൃതിപ്രതിഭാസങ്ങളെയും കാലാവസ്ഥാമാറ്റങ്ങളെയും തിരിച്ചറിയുകയും മണ്ണിൽ വിത്തിറക്കി വിളകൊയ്യാൻ പരിചയിക്കുകയും ചെയ്തു. ഭക്ഷ്യോല്പാദനത്തിന് മാത്രമല്ല സംസ്കാരരൂപീകരണത്തിനും അത് കാരണമായി. വിശ്വാസങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, ഭാഷ, സാമുദായിക ക്രമം തുടങ്ങിയതെല്ലാം ഈ കാർഷികസംസ്കൃതിയുടെ ഭാഗമായി രൂപപ്പെട്ടുവന്നവയാണ്. സഹ്യപർവ്വതത്തിനും അറബിക്കടലിനും ഇടയിൽ കിടക്കുന്ന ഈ ഭൂവിഭാഗത്തിന്റെ കിടപ്പും കാലാവസ്ഥയും മണ്ണിന്റെ ഗുണമേന്മയും കൃഷിക്ക് അനുയോജ്യമാണ്.

കേരളത്തിലെ പരമ്പരാഗത ബ്രാഹ്മണഗ്രാമങ്ങളുടെ വിതരണരീതി പരിശോധിച്ചാൽ അവയെല്ലാം പുഴയോരങ്ങളിലാണ് രൂപപ്പെട്ടുവന്നിട്ടുള്ളത് എന്ന് കാണാം. നീർനിലങ്ങളും ഫലഭൂവിഷ്ഠമായമണ്ണും ഉള്ള പ്രദേശങ്ങളാണവ. ഇരുപുഴകളുടെ സംഗമ

സ്ഥാനമായിരുന്ന ഇരിങ്ങാലക്കുട എന്ന ചിന്ത പ്രബലമാണ്. ബ്രാഹ്മണരുടെ ജീവനോപാധി പ്രധാനമായും കാർഷികസമ്പത്തായിരുന്നു. കേരളത്തിൽ അത് നെൽകൃഷിയുമായി ബന്ധപ്പെട്ട വിഭവങ്ങളുമായിരുന്നു (രാഘവാരിയർ, രാജൻഗുരുക്കൾ, 1991:113). നദീതടങ്ങളുടെ ഫലഭൂവിഷ്ഠതയും ഫലപ്രദമായ മഴയുടെലഭ്യതയും കാർഷികോത്പാദനത്തിന് സഹായകമായി.

ബ്രാഹ്മണഗ്രാമങ്ങൾ എങ്ങനെ ഉയർന്നുവന്നു എന്നതിനെ സംബന്ധിച്ച് കൃത്യമായ വിവരങ്ങളില്ല. ബ്രാഹ്മണകുടിയേറ്റങ്ങളായി കരുതുന്ന അറുപത്തിനാല് ഗ്രാമങ്ങളിൽ മുപ്പത്തിരണ്ടെണ്ണം മലനാട്ടിലും ബാക്കി മുപ്പത്തിരണ്ടെണ്ണം തുളുനാട്ടിലുമാണ്. ഇവയെല്ലാം നൂറുമേനി വിളയുന്ന നെൽപാടശേഖരങ്ങളാണ് എന്നത് ശ്രദ്ധേയമാണ്. ബ്രാഹ്മണഗ്രാമങ്ങളുടെ പ്രവർത്തനം കർഷകരുടെ ആവാസകേന്ദ്രങ്ങൾ എന്ന നിലയിൽ വളർച്ച പ്രാപിച്ചു. വിസ്തൃതിയിൽ ഏതാണ്ട് മൂന്നിൽ രണ്ട് ഭാഗവും ഉൾക്കൊള്ളുന്ന ഇടനാടൻ പ്രദേശത്താണ് കേരളത്തിലെ നെൽവയലുകൾ സ്ഥിതി ചെയ്യുന്നത്. കൃഷിയുടെ സംഘാടനത്തിൽ ബ്രാഹ്മണർ വരുത്തിയ പുതിയ രീതികൾ പുതിയ കാർഷികസമുദായങ്ങളുടെ വികാസത്തെ സഹായിച്ചുവെന്ന് വിലയിരുത്തപ്പെടുന്നു (ഗണേഷ് കെ.എൻ., 1992:46). കൃഷിയുടെ സാങ്കേതികജ്ഞാനത്തെ തിരിച്ചറിഞ്ഞ ബ്രാഹ്മണരുടെ പ്രധാനപ്പെട്ട സംഭാവന ഉൽപ്പാദനരംഗത്തെ ആസൂത്രണവും നിയന്ത്രണവുമായിരുന്നു. ജ്യോതിശാസ്ത്രപരമായ ജ്ഞാനവും പഞ്ചാംഗഗണനത്തിന് അവർക്ക് സഹായകമായി. ക്ഷേത്രങ്ങളുടെ നടത്തിപ്പിനാവശ്യമായ വരുമാനം ക്രമീകരിക്കുന്നതിന്റെ ഭാഗമായി കന്നിമാസത്തിലും മകരമാസത്തിലും വിള വെട്ടുകന്ന രീതിയും ബ്രാഹ്മണർ കൊണ്ടുവന്നതാകാം (ഗണേഷ് കെ.എൻ., 1992:69). നാട്ടുകളിൽനിന്നും തികച്ചും വ്യത്യസ്തമായി ഇത്തരം ഗ്രാമങ്ങളുടെ പൂർണ്ണാധികാരം ബ്രാഹ്മണരിൽ കേന്ദ്രീകൃതമായി. ക്ഷേത്രകേന്ദ്രിതമായൊരു ജീവിതവ്യവസ്ഥയായിരുന്നു ഈ ഗ്രാമങ്ങളുടേത്.

കേരളത്തിലെ പരമ്പരാഗത ക്ഷേത്രങ്ങളധികവും നമ്പൂതിരിമാരുടെ നിയന്ത്രണത്തിന് കീഴിലായിരുന്നു.[1] സ്വന്തമായ ബ്രഹ്മസ്വം ജന്മഭൂമികൾ ദേവസ്വമായി പകർന്നു

[1]A very important fact about the Brahmana settlements in Kerala is that they were essentially temple -centered and that the temple was synonymous with the Brahmana settlement and vice versa. The temple committee was the village assembly and it looked after the affairs of the property belonging to the temple and the Brahmana settlers (Kesavan Veluthat, 2013 :27).

കൊടുത്ത് ഉണ്ടായവയാണ് ഈ ക്ഷേത്രങ്ങളുടെ ഭൂസ്വത്ത് എന്ന് പി.കെ. ബാലകൃഷ്ണൻ അഭിപ്രായപ്പെടുന്നു. "ഈ ക്ഷേത്രങ്ങൾ സമ്പൂർണ്ണാധികാരമുള്ള നമ്പൂതിരി ഊരായ്മ യുടെകീഴിൽ നിലനിന്നിരുന്നവയും ആത്മീയപരമാധികാരത്തോടൊപ്പം സമ്പൂർണ്ണമായ രാഷ്ട്രീയപരമാധികാരം കൂടിയുണ്ടായിരുന്ന 'മത – രാഷ്ട്രീയ' സംയുക്തസ്ഥാപനങ്ങളുമാ യിരുന്നു. പ്രധാന ക്ഷേത്രങ്ങൾക്കെല്ലാം വ്യക്തമായ അതിരുകളുള്ള ക്ഷേത്രസങ്കേത ങ്ങളുണ്ടായിരുന്നു" (2008:58-9).

കൂടൽമാണിക്യക്ഷേത്രത്തിൽനിന്നും ലഭ്യമായ രേഖകളിലും വമ്പിച്ച ഭൂസ്വത്ത് ദാനമായി ലഭിച്ചിട്ടുള്ളതായി കാണാം. ഭാസ്കരരവിയുടെ ലിഖിതത്തിൽ പോട്ടയിലെ സങ്കേതഭൂമി, ഭാസ്കരനമ്പിനാർ ക്ഷേത്രത്തിനു നൽകുന്നു. കൂടൽമാണിക്യക്ഷേത്രത്തിന് അമ്പതിനായിരം പറ നെൽവയലുകളും മുപ്പതിനായിരം പറമ്പുകളും ഉണ്ടായിരുന്ന തായി ബി. ശ്യാമ വിലയിരുത്തുന്നു (1999:73). ക്ഷേത്രസമ്പത്തിൽ അധികവും ദാനമാ യിരുന്നു. കാരമുക്കിൽ ദത്തൻ നാരായണൻ തീട്ട് അനുസരിച്ച്, തറവാട്ടിൽ കൂടൽമാ ണിക്യത്തിന്റെ ക്ഷോപം കണ്ടിരിക്കുന്നതിനാൽ അവിടുത്തെ സ്വത്തിന്റെ വലിയൊരു ഭാഗം കൂടൽമാണിക്യദേവസ്വത്തിലേക്ക് ദാനം നൽകിയിരിക്കുന്നു; "നമ്മുടെ തറവാട് ജൻമം നൽകിയിരിക്കുന്ന ചുണ്ടൽ നാട്ടിൽ ആളൂര് ദേശത്ത് ഉള്ള നിലം പറമ്പുകളും ക്ഷേത്രങ്ങളിൽ പൊൻമല ക്ഷേത്രവും ആളൂര് ഭഗവതിക്ഷേത്രവും ഈ ക്ഷേത്രങ്ങളിലെ വസ്തുവകകളും ആളടിയാര് മുതലായതും ഇത് കൂടാതെ ഉദ്ദേശമായ പൊറവൂര് ദേശത്തും പെരുമണ്ണ് ദേശത്തും കണ്ടിയൂര് ദേശത്തും പതിഞ്ഞിട്ടുള്ള വസ്തുക്കളും കണ്ടിയൂര് ക്ഷേത്ര ത്തിൽ കാരായ്മ സമുദായവും കൂടി ഇന്നെ ദിവസം തൃപ്പടിയിൻമേൽ എന്നന്നേക്കും ദേവ സ്വത്തിൽ അനുഭവിക്കതക്കവണ്ണം" എന്നാണ് പറഞ്ഞിരിക്കുന്നത് (തച്ചുടയകൈമൾ, 1966:60-1).

കൊല്ലവർഷം 996 -ലെ ഗ്രന്ഥവരിയെ ഉദ്ധരിച്ചുകൊണ്ട്, കൂടൽമാണിക്യക്ഷേ ത്രസങ്കേതത്തിന് പതിനെട്ടര ചേരിക്കലം ദേശങ്ങൾ ഉണ്ടായിരുന്നതായി ബി. ശ്യാമ രേഖപ്പെടുത്തുന്നു (1999:124-5). പനയംകുളങ്ങര, കണ്ടഴിയൂര്, കാരപ്പൊറ്റ, പുല്ലൂന്നി, പോട്ട, രാപ്പാൾ, ന്താലിമഠം, മൂലോത്ത് മഠം, ആളൂർ, എടനാട്, പടിയൂർ, വാരികാട, ഇരി ങ്ങാലക്കട, മനവലശ്ശേരി, വരന്തരപ്പള്ളി, കാഞ്ഞിരാട്ട, കാക്കത്തുരുത്തി, തേവർകാട് എന്നിങ്ങനെയാണ് ആ ദേശങ്ങൾ. ഇതിൽ അരദേശം എന്നറിയപ്പെടുന്നത് തിരുവി താംകൂറിന്റെ ഭാഗമായിരുന്ന പുത്തൻചിറയാണ്.

രാജസ്ഥാനം അപ്രധാനമായിരുന്ന ആ കാലഘട്ടത്തിൽ കൃഷിഭൂമിയുടെ പൂർണാധികാരം ഊരാളന്മാരായ നമ്പൂതിരിമാരിൽ നിക്ഷിപ്തമായി. ക്ഷേത്രങ്ങളിലേക്ക് വന്നുചേർന്നിരുന്ന വമ്പിച്ച ഭൂസ്വത്തിന്റെ നടത്തിപ്പുകാർ എന്ന നിലയിൽ സാമ്പത്തിക മേധാവിത്വം ക്ഷേത്രാധികാരികളായ നമ്പൂതിരിമാർക്കായിരുന്നു. കൂടാതെ ക്ഷേത്രജോലികൾക്കായി നിയമിക്കപ്പെട്ടിരുന്ന ശാന്തി, കഴകം, കൂത്ത്, വാദ്യം, മഹാഭാരത പാരായണം തുടങ്ങിയവയ്ക്ക് നിയമിക്കപ്പെട്ടിരുന്നവർക്ക് പ്രതിഫലമായി 'വിരുത്തി' എന്ന പേരിൽ ഭൂസ്വത്ത് തന്നെയാണ് നൽകിയിരുന്നത്. എന്നാൽ ഇവരാരും നേരിട്ട് കൃഷി ചെയ്യുന്നവരല്ല. കൃഷിഭൂമി കാരാളർക്ക് പാട്ടത്തിനേൽപ്പിക്കുകയാണ് ചെയ്യുന്നത്. കൃഷിയുമായി ബന്ധപ്പെടുന്ന പണിയാൾ കൂട്ടായ്മകൾക്കാകട്ടെ കാരാളർക്ക് താഴെയാണ് അന്നത്തെ സാമൂഹ്യവ്യവസ്ഥിതി നൽകിയിരുന്ന സ്ഥാനം. ഉല്പാദനത്തിലെ അടിസ്ഥാനമാത്രകളിലെ അംഗങ്ങളാണവർ. ആളടിയാർ എന്നറിയപ്പെട്ടിരുന്ന ഇവർ പുലയരാണ്. ഇവരുടെ പ്രതിഫലത്തെക്കുറിച്ചോ ഉൽപ്പന്നത്തിനു മേലുള്ള അവകാശങ്ങളെക്കുറിച്ചോ ലിഖിതങ്ങളിൽനിന്ന് വ്യക്തമല്ല. അത്തരം അവകാശങ്ങൾ അവർക്ക് അനുവദിക്കപ്പെട്ടിരുന്നില്ല എന്നത് തന്നെയാവാം അതിന്റെ കാരണം (രാഘവവാരിയർ, രാജൻ ഗുരുക്കൾ, 2018:118-9). അടിയാളരുടെ അധ്വാനത്തെ ചൂഷണം ചെയ്യുന്ന സാമൂഹ്യവ്യവസ്ഥിതിക്കാണ് ഈ ഘട്ടത്തിലെ കേരളചരിത്രം സാക്ഷ്യം വഹിച്ചത്.

വിഭവസമാഹരണഘട്ടത്തിൽ അടിയാളരിൽനിന്ന് വിഭവം കാരാളരിലെത്തുന്നു. അവിടെനിന്നും പാട്ടമായി ക്ഷേത്രങ്ങളിലേക്കും ഊരാളരിലേക്കും എത്തിച്ചേരുന്ന രീതിയാണ് നിലനിന്നിരുന്നത്. കേരളത്തിലെ പല ക്ഷേത്രങ്ങളിൽനിന്നും ലഭ്യമായിട്ടുള്ള ശിലാലിഖിതങ്ങളിലും ചെപ്പേടുകളിലും വിഭവസമാഹരണത്തിന്റെയും വിതരണത്തിന്റെയും രീതികൾ സാന്ദർഭികമായി പരിഗണിച്ചു കാണാം. "മഹാക്ഷേത്രങ്ങളിലൊന്നായ തിരുവല്ലയിലേക്ക് വന്നുചേർന്ന നെല്ലിന്റെ കണക്ക് അവിടുത്തെ ചെപ്പേടുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് ക്ഷേത്രത്തിലെ കെടാവിളക്കിനും നിത്യനിവേദ്യത്തിനുമായി മാത്രം വരുന്ന നെല്ല് ഇരുപത്തേഴായിരത്തി ഒരുനൂറ്റഞ്ച് പറയാണ്. വലിയൊരു ക്ഷേത്രത്തിന്റെ ഈ വരുമാനം പൊതുനിലവാരമായി കണക്കാക്കേണ്ടതില്ല. എങ്കിലും തൃക്കാക്കര, ഇരിങ്ങാലക്കുട, മൂഴിക്കുളം മുതലായ മഹാക്ഷേത്രങ്ങളുടെ വരുമാനവും ഇതിൽനിന്ന് ഏറെയൊന്നും വ്യത്യസ്തമാ

യിരിക്കാൻ ഇടയില്ല. കേരളത്തിന്റെ നെല്ലറകളായ നദീതടങ്ങളിലെ ബ്രാഹ്മണക്ഷേത്രങ്ങളുടെ കാര്യമാണിത്. പരമ്പരാഗത ഗ്രാമക്ഷേത്രങ്ങളെല്ലാം തന്നെ നെല്ല് വരുമാനത്തിന്റെ കാര്യത്തിൽ സമ്പന്നങ്ങളാണ്" എന്ന് കേരളചരിത്രം രേഖപ്പെടുത്തുന്നു (2000:120). തെക്കേമലബാറിലും തൃശ്ശൂർ, എറണാകുളം ജില്ലകളിലും മധ്യതിരുവതാംകൂറിലുമായാണ് നെൽവയലുകൾ അധികവും കാണപ്പെടുന്നത്.

ദേശപ്പാട്ടം, വെറും പാട്ടം, കാണപ്പാട്ടം എന്നിങ്ങനെ വിവിധ അവകാശങ്ങൾ ഇരിങ്ങാലക്കുട ദേവസ്വത്തിന് ക്ഷേത്രംവക നിലങ്ങളിലും പറമ്പുകളിലും ഉണ്ടായിരുന്നു. "ദേവസ്വം വക ദെശവഴികളിലും അല്ലാതെ ഉള്ള പറമ്പുകളിലും കൊമ്പു ചക്ക കൊലഅടക്ക തൊട്ടക്കുല പനമുറി പൊതങ്ങൾ ആതിയായിട്ടുള്ള മെലനുഭവങ്ങൾ ഒക്കെയും ശോധനചെയ്ത് എഴുതി കണ്ട അതെ തുദെശത്തെ പാട്ടമാളിമാരെ ഏല്പിച്ച ആവക മുതലും മുതൽകുട്ടിന്നു ദെവസ്വം അടിയാര കുടിയാര എടപെട്ടുള്ള കാര്യങ്ങൾ വഴി പെഴ പുരുഷാന്തരം ആതി ആയിട്ടുള്ളത് തീർക്കെണ്ടതിന്ന് അവരവരുടെ അവസ്ഥ പൊലെയും പിഴയുടെ അവസ്ഥ പൊലെയും പെരുമ്പാട്ടമാളിയും തിരുത്തിക്കാട്ടു നായരും കൂടി ബൊധിപ്പിച്ച ചെയ്യിപ്പിച്ച ആ വക മുതല് കണക്കിൽ മുതൽകുട്ടി പറ്റി കൊള്ളണം" എന്നാണ് ഗ്രന്ഥവരിയിൽ കാണുന്നത് (ശ്യാമ ബി.,1999:121) പാട്ടം അളക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥനാണ് പാട്ടമാളി എന്നറിയപ്പെടുന്നത്.

## 4.1.1 ഭൂമിശാസ്ത്രം

തൃശ്ശൂർ ജില്ലയിലെ കോൾപാടങ്ങൾ എക്കൽ മണ്ണിനാൽ സമൃദ്ധമാണ്. നദീതീരങ്ങളിൽ വന്നടിയുന്ന ഫലഭൂയിഷ്ഠമായ ഈ മണ്ണ് കൃഷിക്കനുയോജ്യമാണ്. പെരിയാറിനും കരുവന്നൂർ പുഴയ്ക്കും ഇടയിലായി ചെമ്മണ്ട, ഇരിങ്ങാടിക്കൂടൽ, ആവട്ടിപുത്തൂർ, പറവൂർ, ഐരാണിക്കുളം, മൂഴിക്കുളം, കുഴവൂർ, അടവൂർ, ചെങ്ങനാട്, ഇളിഭ്യം, ഉളിയന്നൂർ, കഴതനാട് എന്നിങ്ങനെ പന്ത്രണ്ട് ഗ്രാമങ്ങളാണ് ഉണ്ടായിരുന്നത്. ഇങ്ങനെ പെരിയാറിനു സമീപം ഉയർന്നുവന്ന ഗ്രാമങ്ങളുടെ കൂട്ടത്തിലാണ് ഇരിങ്ങാലക്കുടയുടെ സ്ഥാനം. ഇരിങ്ങാലക്കുട പ്രദേശത്തെ സവിശേഷമാക്കുന്ന ഒന്നാണ് അവിടുത്തെ ഭൂമിശാസ്ത്രം. കൂടൽമാണിക്യക്ഷേത്രത്തിന്റെ പടിഞ്ഞാറ് ഭാഗം മണൽ അധികമുള്ള പ്രദേശമാണ്. സ്ഥലനാമചരിത്രത്തിൽ ഇക്കാര്യം ചർച്ച ചെയ്യുന്നുണ്ട് (നോ. 2.2.1). ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ ഭൂമിശാസ്ത്രവിഭാഗം മേധാവിയായിരുന്ന ഡോ. എസ്. ശ്രീകുമാർ

ഇരിങ്ങാലക്കുടയുടെ ഭൂപ്രദേശത്തെപ്പറ്റി നടത്തിയ പഠനത്തിൽ മുരിയാട് കായൽ പ്ര ദേശങ്ങളടക്കം ഒരുകാലത്ത് പുഴയായിരുന്നു എന്ന നിഗമനത്തിൽ എത്തുകയുണ്ടായി. ഗവേഷണ പഠനത്തിന്റെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ നടത്തിയ പര്യവേഷണ ത്തിൽ ജലജീവികളുടെ അവശിഷ്ടങ്ങളിൽ കണ്ടെത്തിയതായി അദ്ദേഹം സാക്ഷ്യപ്പെ ടുത്തുന്നു (2013:71).

## 4.1.2 പാടശേഖരങ്ങൾ

എക്കൽ മണ്ണും കളിമണ്ണും കാണപ്പെടുന്ന ഈ ഭൂപ്രദേശം നെൽകൃഷിക്ക് അനുയോ ജ്യമായിരുന്നു. *ചിരിക്കുപിന്നിൽ* എന്ന ആത്മകഥയിൽ ഇന്നസെന്റ് തന്റെ നാടിനെ ഇങ്ങനെ അടയാളപ്പെടുത്തുന്നു, “കാവുകളും കുളങ്ങളും കൂടൽമാണിക്യക്ഷേത്രവും കുരി ശുചൂടി നിൽക്കുന്ന പള്ളികളും പൂരങ്ങളും പിണ്ടിപ്പെരുന്നാളും തഴച്ചു വളരുന്ന തൊടി കളും കൃഷിനിറഞ്ഞ വയലുകളുമുള്ള ഒരത്ഭുത ദേശമായിരുന്നു എന്റെ കുട്ടിക്കാലത്തെ ഇരിങ്ങാലക്കുട. വീട്ടിലിരുന്ന് ചെവിയോർത്താൽ വയലിൽ കന്നുപൂട്ടുന്നതിന്റെ ശബ്ദം കേൾക്കാം. ഞാറ്റുപാട്ടിന്റെ നേരിയ ഈണം കേൾക്കാം. പാടത്തെ ചെളിയുടെ മണം വരും. പച്ചനിറത്തിലുള്ള വരമ്പിൽ വെള്ള കൊക്കുകൾ നിരന്നിരിക്കും. ഇരുകരയിലും തെങ്ങിൻനിരകൾ. എല്ലാം ചേരുമ്പോൾ പാടത്ത് ഒരു നൃത്തമാണ് നടക്കുന്നത് എന്ന് എനിക്ക് തോന്നിയിട്ടുണ്ട്” (2017:53). സമൃദ്ധമായവിളവ് ലഭിച്ചിരുന്ന ഇരിങ്ങാലക്കുട യിലെ പാടശേഖരങ്ങളെ പരിചയപ്പെടേണ്ടതുണ്ട്.

### കണ്ണംപൊയ്യച്ചിറ

ഇരിങ്ങാലക്കുട പട്ടണത്തിൽനിന്ന് തെക്ക് മാറി ഏതാണ്ട് 1.5 ച.കി.മീ. വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന പ്രദേശമാണ് കണ്ണംപൊയ്യച്ചിറ. വേളൂക്കര പഞ്ചായത്തിലെ മൂന്ന് - നാല് വാർഡുകളിലായാണ് ഇത് സ്ഥിതിചെയ്യുന്നത്. ജ്യോതി, ഉമ തുടങ്ങിയ നെൽ വിത്തുകൾ ഉപയോഗിക്കുന്ന ഇവിടം ഒരുപ്പൂ കൃഷിയാണുള്ളത്. മഴയാണ് പ്രധാന ജലസ്രോതസ്സ്. ഏപ്രിൽ - മെയ് മാസങ്ങളിൽ കൃഷിയിറക്കുകയും സെപ്റ്റംബറിൽ കൊയ്തെടുക്കുകയും ചെയ്യുന്ന സമ്പ്രദായമാണ് ഇവിടെയുള്ളത്. എന്നാൽ ഇന്നിവിടെ കൂടുതൽ പ്രദേശവും തരിശായി കിടക്കുകയാണ്.

## നടവരമ്പ് പാടശേഖരം

ഇരുന്നൂറ് ഏക്കറോളം സ്ഥലത്തായി വ്യാപിച്ചുകിടക്കുന്ന കൃഷിയിടമാണിത്. വേളൂക്കര പഞ്ചായത്തിലെ പതിനെട്ടാം വാർഡിലാണ് ഈ സ്ഥലം സ്ഥിതിചെയ്യുന്നത്. ആദ്യകാലങ്ങളിൽ മൂന്ന് പൂവ് കൃഷിയിറക്കിയിരുന്നെങ്കിലും ഇന്നിവിടെ മുണ്ടകൻ കൃഷിയും പുഞ്ചകൃഷിയുമാണ് പ്രാധാന്യം നൽകുന്നത്. പുഞ്ചകൃഷിയോടാണ് കൃഷിക്കാർക്ക് കൂടുതലും താൽപര്യം. കണ്ണംപൊയ്യച്ചിറയിൽനിന്ന് ലഭിക്കുന്നവെള്ളം പുഞ്ചകൃഷിയെ കൂടുതൽ എളുപ്പമുള്ളതാക്കുന്നു. ചില അപൂർവ്വസമയങ്ങളിൽ വിരിപ്പുകൃഷിയും ചെയ്തുവരുന്നു. ഉമ, ജ്യോതി, രമണിക തുടങ്ങിയ നെൽവിത്തുകളാണ് ഇവിടെ പ്രധാനമായും ഉപയോഗിക്കുന്നത്. ആദ്യകാലങ്ങളിൽ വിത്ത് വിതയ്ക്കാറാണ് പതിവെങ്കിലും ഇപ്പോൾ ഞാറ് നടുന്ന രീതിയാണുള്ളത്.

ഈ പാടശേഖരത്തിന് നടുവിലായി സ്ഥിതിചെയ്യുന്ന മനുഷ്യനിർമ്മിത തുരുത്താണ് 'കുന്ന്' എന്നറിയപ്പെടുന്നത്. നെല്ലൂർമനയുടെ ഭാഗമായിരുന്ന പാടം, കൃഷിചെയ്യാൻ വേണ്ടി മണ്ണ് ഒരു ഭാഗത്തേക്ക് കൂട്ടിയിട്ടതിന്റെ ഫലമായി രൂപപ്പെട്ടതാണ് ഈ കുന്ന്. ഇവിടുത്തെ കാരണവൻമാരുടെ കഠിനാധ്വാനത്തിന്റെ പ്രതീകമാണിത്. പാറപ്പുറത്ത് തറവാട്ടിലെ കാരണവരായ ചാത്തനും ചേരിയും മക്കളും കൂടി അടുത്തുള്ള പാടത്തുനിന്ന് മണ്ണ് തലച്ചുമടായി കൊണ്ടുവന്ന് പൊക്കിയെടുത്തതാണ് ഈ തുരുത്ത്. രണ്ട് പൂവ് കൃഷി ചെയ്തിരുന്ന ഇവിടെ കൂടുതൽ കൃഷിയിറക്കുന്നതിനായാണ് ഇവർ ഇപ്രകാരം മണ്ണ് മാറ്റിയതത്രേ. 120 സെന്റ് സ്ഥലമാണ് ഇവിടെയുള്ളത്.

മനുഷ്യനിർമ്മിതമായ ഇത്തരമൊരു തുരുത്ത് കേരളത്തിൽ അപൂർവ്വമാണ്. ഇതിന് 150 വർഷത്തിലധികം പഴക്കമുണ്ട്. ഇപ്പോൾ ഇവിടെ ചാത്തന്റെയും ചേരിയുടെയും രണ്ടാംതലമുറക്കാർ താമസിച്ചുവരുന്നു. പക്ഷികളുടെ ആവാസകേന്ദ്രമായ ഈ കുന്നിൽ 52 വർഷത്തിലധികം പഴക്കമുള്ള മരങ്ങളുണ്ട്. താഴെ നിറയെ മത്സ്യമുള്ള രണ്ട് കുളങ്ങളുണ്ട്. 22 വർഷം മുൻപാണ് ഇവിടെ കറണ്ട് എത്തിയത്. നാലുവശങ്ങളും നെൽപ്പാടങ്ങളാൽ ചുറ്റപ്പെട്ടു കിടക്കുന്നതുകൊണ്ട് വർഷക്കാലത്ത് ചുറ്റും വെള്ളം നിറയും. ഈ സമയത്ത് അവരുടെ യാത്ര ചങ്ങാടത്തിലാണ്. 2018 -ലെ വെള്ളപ്പൊക്കത്തിൽ ചുറ്റുപാടും വെള്ളം നിറഞ്ഞുവെങ്കിലും കുന്നിലേക്ക് വെള്ളം കയറിയില്ല.[2]

[2] ഉണ്ണി, 56 വയസ്സ്, നടവരമ്പ്.

## ചുമട്ടുതാങ്ങി അഥവാ അത്താണി

ഗതാഗതസൗകര്യങ്ങൾ നിലവിൽ വരുന്നതിനു മുൻപ് ദീർഘദൂരം ചരക്കുകൾ തലച്ചുമടായി കൊണ്ടുപോകുന്നവർ ഇടയ്ക്ക് ചുമടിറക്കി വച്ച് വിശ്രമിക്കുന്നതിനായി നാട്ടിൻപുറത്ത് പാതയോരങ്ങളിൽ സ്ഥാപിച്ചിരുന്ന വലിയ കരിങ്കല്ലുകളാണ് ചുമട്ടുതാങ്ങി അഥവാ അത്താണി. ഏകദേശം അഞ്ചര അടി ഉയരത്തിൽ ലംബമായി നാട്ടിയിട്ടുള്ള രണ്ട് കല്ലുകൾക്ക് മുകളിൽ തിരശ്ചീനമായി മറ്റൊരു കല്ല് വച്ചാണ് ഇവ നിർമ്മിക്കുന്നത്. ചുമട് പരസഹായം കൂടാതെ ഇറക്കി വയ്ക്കാനുള്ള ഉപാധിയായിരുന്നു ഇത്. നടവരമ്പ് പാടശേഖരത്തിനടുത്തായി വേളൂക്കര പഞ്ചായത്തിലെ പതിനെട്ടാം വാർഡ് നടവരമ്പ് വൈക്കര ദേശത്ത് 1132 -ൽ (പൊ.വ. 1957) സ്ഥാപിതമായ ചുമട്ടുതാങ്ങിയുണ്ട്. കാളത്തുപറമ്പിൽ അന്നമ്മ വക എന്ന് അതിൽ രേഖപ്പെടുത്തിയിരിക്കുന്നു. നടവരമ്പ് പാടശേഖരത്തിലെ വരമ്പുകളിലൂടെ ഇരിങ്ങാലക്കുടചന്തയിലേക്ക് തലച്ചുമട്ടുമായി യാത്രചെയ്തിരുന്ന കച്ചവടക്കാർക്ക് ഇത് സഹായകമായിരുന്നു. ഈ ചുമട്ടുതാങ്ങി ചരിത്രത്തിന്റെ അവശേഷിപ്പുകളിലൊന്നാണെന്ന് തിരിച്ചറിഞ്ഞ പ്രദേശവാസികളാണ് അതിന്റെ സംരക്ഷണത്തിന് മുൻകയ്യെടുത്തത്.

## പുഞ്ചപ്പാടം

പടിയൂർ, പൂമംഗലം പഞ്ചായത്തുകളിലും ഇരിങ്ങാലക്കുട നഗരസഭാപ്രദേശങ്ങളിലുമായി വ്യാപിച്ച് കിടക്കുന്ന നൂറ് ഏക്കറിലധികം വിസ്തൃതിയുള്ള പാടശേഖരമായിരുന്നു പുഞ്ചപ്പാടം. മുണ്ടകൻ, വിരിപ്പ്, പുഞ്ച എന്നിങ്ങനെ മൂന്ന് പൂ കൃഷി ചെയ്തിരുന്ന ഇവിടുത്തെ കൂടുതൽ ഇടങ്ങളും ഇന്ന് തരിശായി കിടക്കുകയാണ്. 1980 - ലാണ് പുഞ്ചപ്പാടത്ത് അവസാനമായി കൃഷി ചെയ്തതെന്ന് പഴമക്കാർ ഓർക്കുന്നു.[3] ഷൺമുഖം കനാൽ വന്നതോടെ പാടം രണ്ടായി വിഭജിക്കപ്പെട്ടു. കനാലിൽനിന്നുള്ള ഉപ്പുവെള്ളം കയറി കൃഷിനശിച്ചു. കച്ചവടാവശ്യങ്ങൾക്കും പുരയിടത്തിനുമായി വയൽനികത്തി. കുറേ ഭാഗം നിലം മണ്ണിട്ടുനികത്തി തെങ്ങുവച്ച് ചിറയാക്കി.

[3] ജിനരാജദാസ്, 71 വയസ്സ്, കൊമ്പത്ത് വീട്, എടക്കുളം

## പെരുവല്ലിപ്പാടം

കൂടൽമാണിക്യക്ഷേത്രത്തിന്റെ തെക്കുപടിഞ്ഞാറ് ഭാഗത്തുനിന്നും തുടങ്ങി, കെ.എസ്.ആർ.ടി.സി., ചേലൂർ, ഷണ്മുഖം കനാൽവരെ വിസ്തൃതമായി കിടക്കുന്ന പാടശേഖരമാണ് പെരുവല്ലിപ്പാടം. ഒരുകാലത്ത് ഇരിങ്ങാലക്കുടയുടെ പ്രധാന ധാന്യകേന്ദ്രമായിരുന്നു ഇവിടം. എന്നാൽ അരനൂറ്റാണ്ട് മുൻപ് തന്നെ വിവിധ ആവശ്യ ങ്ങൾക്കായി ഈ നിലങ്ങൾ ഉപയോഗിച്ചതുമൂലം ഇവിടെ കൃഷി നിലച്ചുപോയി. ഇന്നിത് ഓരോ ചെറിയ നിലങ്ങൾ മാത്രമായി മാറി. അതാകട്ടെ കൃഷി ചെയ്യാതെ തരിശിട്ടിരിക്കുകയുമാണ്.

## ചെളിയൻ പാടം

ചെളി കൂടുതലുള്ള ഇടം എന്ന അർത്ഥത്തിലാണ് ചെളിയൻ പാടം എന്ന് പേര് ഈ പാടശേഖരത്തിന് വന്നുചേർന്നിരിക്കുന്നത്. ഞാറിക്കുളത്തിലെ വെള്ളമുപയോഗിച്ച് കൃഷി ചെയ്തിരുന്ന ഇരുപത്തഞ്ച് ഏക്കറോളം വിസ്തൃതിയുള്ള പാടമായിരുന്നു ഇത്. പൂതംകുളം മുതൽ കാട്ടൂർ റോഡ് വരെ നീണ്ടുകിടന്നിരുന്ന ഈ നെൽവയലുകൾ ഇന്ന് കോൺക്രീറ്റ് കെട്ടിടങ്ങളാൽ നിറഞ്ഞിരിക്കുന്നു.

## മാരിയമ്മൻ കോവിൽ പാടശേഖരം

മാരിയമ്മൻ കോവിലിന്റെ വടക്കുഭാഗം മുതൽ ചുങ്കം താണിശ്ശേരി റോഡുവരെ ഉണ്ടാ യിന്നിരുന്ന പാഠശേഖരമാണിത്. വിരിപ്പും മുണ്ടകനും കൂടാതെ പച്ചക്കറികളും എള്ളും കൃഷി ചെയ്തിരുന്ന ഈ പാടശേഖരവും ഇന്ന് പഴമക്കാരുടെ ഓർമ്മകളിൽ മാത്രമാണു ള്ളത്. കാഞ്ഞിരത്തോട് മുതൽ താണിശ്ശേരി വരെ പാഠത്തിന് നടുവിലൂടെ ഉണ്ടായി രുന്ന വലിയ വരമ്പ് ഇപ്പോൾ പൊതുവഴിയായി മാറിയിരിക്കുന്നു.

## വിളക്കുപാടം

ഇരിങ്ങാലക്കുട നഗരത്തിന്റെ വടക്കു - കിഴക്ക് ഭാഗത്തായി മുരിയാട് കായലുമായി ബന്ധപ്പെട്ട് കിടക്കുന്ന പാടശേഖരമാണ് വിളക്കുപാടം. നൂറ് ഏക്കറിലധികം വിസ്തൃ തിയുണ്ടായിരുന്ന ഈ കൃഷിയിടം ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷന്റെ പിൻഭാഗ

ത്ത് കൈപ്പിള്ളിത്തറ മാടായിക്കോണം എന്നിവിടങ്ങളിലായിരുന്നു. വേനൽക്കാലത്ത് ഇവിടെ കൃഷിക്കായി വെള്ളം ചിറകെട്ടി സംരക്ഷിച്ചുവന്നു. പൊക്കാളി നെൽകൃഷിയാണ് സാധാരണയായി ചെയ്തുവരുന്നത്. മണലെടുപ്പുമൂലം മുരിയാട് കായലിൽനിന്നുള്ള തോടുകൾ വരണ്ടു. ജലക്ഷാമം രൂക്ഷമായത് ഇവിടത്തെ കൃഷി നിലയ്ക്കാൻ കാരണമായി. വിവിധ സംഘടനകളും ക്ലബ്ബുകളും സംയുക്ത കർഷകസമിതികളും പലപ്പോഴായി ഇവിടെ കൃഷി ഇറക്കാൻ ശ്രമിക്കുന്നുണ്ട്. എങ്കിലും വയൽനികത്തൽ വിളക്കുപാടത്തെയും ഇല്ലാതാക്കിക്കൊണ്ടിരിക്കുകയാണ്.

## കൈപ്പുള്ളിത്തറ പാടശേഖരം

ഇരിങ്ങാലക്കുട, മാപ്രാണം നമ്പ്യാങ്കാവ്, കൈപ്പുള്ളിത്തറ എന്നീ ഭാഗങ്ങളിലായി വ്യാപിച്ചുകിടക്കുന്ന പാടശേഖരമാണിത്. വിരിപ്പുകൃഷി ചെയ്തിരുന്ന ഇവിടെ വർഷത്തിലധികവും വെള്ളം കയറി കിടക്കുന്നതിനാൽ അത് പമ്പ് ചെയ്ത് കളഞ്ഞതിനുശേഷമാണ് കൃഷിയിറക്കാൻ സാധിക്കുക. ഇവ കൂടാതെ കൊച്ചിപ്പാടം, വലിയകോണം പാടശേഖരം, കല്ലേലി പാടം തുടങ്ങിയ പാടശേഖരങ്ങളും ഇരിങ്ങാലക്കുടയെ ധാന്യ സമൃദ്ധമാക്കിയിരുന്നു.

അമൂല്യമായ പ്രകൃതിവിഭവങ്ങളാൽ സമ്പന്നമാണ് കോൾപാടങ്ങൾ. ഇരിങ്ങാലക്കുടയോട് ചേർന്നുകിടക്കുന്ന മുരിയാട് പഞ്ചായത്തിലെ കോൾപാടങ്ങൾ ഏറെ ശ്രദ്ധേയമാണ്. കരുവന്നൂർ പുഴയുടെ പ്രളയജലം സ്വീകരിക്കുന്ന എക്കൽ സമതലങ്ങളാണ് ഇവ. കേരളത്തിലെ മറ്റു പാടശേഖരങ്ങളിൽ ശരാശരി രണ്ട് ടൺ നെല്ലു വിളഞ്ഞിരുന്ന കാലത്ത് കോൾപാടത്ത് ഹെക്ടറിൽ നാലു മുതൽ അഞ്ച് ടൺ വരെ വിളവ് ലഭിച്ചിട്ടുണ്ട് എന്ന് ഇവിടങ്ങളിൽ പഠനം നടത്തിയ ഭൗമശാസ്ത്രജ്ഞനായ ഡോ.എസ്. ശ്രീകുമാർ നിരീക്ഷിക്കുന്നു. എന്നാൽ യാതൊരു നിയന്ത്രണവുമില്ലാത്ത കളിമൺ ഖനനം ഈ പ്രദേശത്തെയാകെ മാറ്റിമറിച്ചിരിക്കുന്നു. ഏഴ് മീറ്ററിൽ അധികം വരുന്ന ഗർത്തങ്ങൾ പോലും ഇതുമൂലം രൂപപ്പെട്ടിട്ടുണ്ട്. വളരെ ആഴത്തിലുള്ള അശാസ്ത്രീയമായ ഖനനം ഇവിടുത്തെ ജലവിതാനത്തെയും ജലത്തിന്റെ ലവണാംശത്തിന്റെ തോതിനെയും ബാധിക്കുന്നു എന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു (ശ്രീകുമാർ എസ്., 2013:66). ഇത്തരത്തിൽ കേരളത്തിലുടനീളം നെൽവയലുകൾ കടുത്ത ഭീഷണി നേരിടുന്നുണ്ട്.

മണലും കളിമണ്ണും ഖനനം ചെയ്ത് വൻഗർത്തങ്ങളായി രൂപാന്തരപ്പെട്ട പ്രദേശങ്ങളിൽ ചുറ്റും ഉയർന്നു നിൽക്കുന്ന പ്രദേശത്തുനിന്നും മണ്ണ് ഇളക്കി ഒരേ നിരപ്പിൽ ആക്കേണ്ടത് അത്യാവശ്യമാണ്. കാർഷികമേഖലയിലെ വിദഗ്ധരുടെ അഭിപ്രായമനുസരിച്ച് അങ്ങനെ രൂപാന്തരപ്പെടുത്തുന്ന പാടശേഖരങ്ങളിൽ വീണ്ടും നെൽകൃഷി നടത്താം.

ഇരിങ്ങാലക്കുടയിലെ പാടശേഖരങ്ങളുടെ വിസ്തൃതി നാൾക്കുനാൾ കുറഞ്ഞു വരികയാണ്. കഴിഞ്ഞ എഴുപത് വർഷത്തിനുള്ളിൽ നെൽവയലുകൾ മൂന്നിലൊന്നായി കുറഞ്ഞു. സമൃദ്ധമായ വിളവ് ലഭിച്ചിരുന്ന ഈ പ്രദേശങ്ങളിൽ ഉണ്ടായ ജനസാന്ദ്രതയും കച്ചവടക്കണ്ണുകളും നെൽവയലുകൾ നികത്തപ്പെടുന്നതിന് കാരണമായി. നഗരപ്രദേശത്തിന്റെ ത്വരിതഗതിയിലുള്ള വളർച്ചയും വികസന പ്രവർത്തനങ്ങളും ഇതിന് ആക്കം കൂട്ടി.

വയൽ നികത്തപ്പെടുന്നതിന് സാമൂഹികവും സാമ്പത്തികവുമായ കാരണങ്ങളുണ്ട്. സാമ്പത്തികഭദ്രത ഉറപ്പു വരുത്താൻ നെൽകൃഷിക്കാകുന്നില്ല എന്നതാണ് പ്രധാന കാരണമായി കൃഷിക്കാർ പറയുന്നത്. കൃഷിയിറക്കുന്നതിന് ആവശ്യമായി വരുന്ന വമ്പിച്ച ചെലവുകളും തൊഴിലാളി ദൗർബല്യവും മറ്റൊരു കാരണമാണ്. കാലാവസ്ഥവ്യതിയാനങ്ങളും പ്രകൃതിക്ഷോഭങ്ങളും മൂലം പലപ്പോഴും പ്രതീക്ഷിച്ച വിളവ് ലഭിക്കുന്നില്ല. കുറയുന്ന വിപണിവില മറ്റൊരു കാരണമായി കർഷകർ ചൂണ്ടിക്കാട്ടുന്നു. അന്യസംസ്ഥാനങ്ങളിൽനിന്ന് എത്തുന്ന അരി കുറഞ്ഞ വിലയിൽ ലഭ്യമാണെന്നിരിക്കെ, വർദ്ധിച്ച ചെലവിൽ ഉൽപ്പാദിപ്പിക്കുന്ന ഇവിടുത്തെ ജൈവ ഉൽപ്പന്നങ്ങൾക്ക് വിപണിസാധ്യത കുറയുകയാണ്. അതുകൊണ്ടുതന്നെ അധ്വാനത്തിനനുസരിച്ച് ലാഭം ഉണ്ടാക്കാൻ കഴിയാത്ത കൃഷിയോട് പുതിയ തലമുറയ്ക്ക് ആഭിമുഖ്യം കുറയുന്നു.

നെൽകൃഷി സാമ്പത്തികമായി വിജയമാകുന്നില്ല എന്നുകണ്ട് ഭൂരിപക്ഷം ഭൂവുടമകളും തങ്ങളുടെ കൃഷിയിടങ്ങൾ നാണ്യവിളത്തോട്ടങ്ങളായി പരിവർത്തിപ്പിക്കുകയോ കൂടുതൽ ആദായകരമായ മറ്റു കൃഷികളിലേക്ക് മാറുകയോ ചെയ്യുന്നു. ഭൂമി തരംമാറ്റൽ നടപടികളും കുറവല്ല.

### 4.1.3 നാണ്യവിളകളും ഭക്ഷ്യവിളകളും

മാപ്രാണം, പൊറത്തിശ്ശേരി, ചെമ്മണ്ട, പുല്ലൂർ, കോമ്പാറ തുടങ്ങിയ സ്ഥലങ്ങൾ പൊതുവേ ചെങ്കൽപ്രദേശമാണ്. ചുവന്ന മണ്ണും ചരലുമാണ് ഇവിടത്തെ പ്രത്യേകത. തെങ്ങ്, കവുങ്ങ്, ജാതി, വാഴ എന്നിവയായിരുന്നു ഇത്തരം ഇടങ്ങളിലെ പ്രധാന കൃഷി. കരിമ്പുംതണ്ടിൽ പടർത്തിയ കുരുമുളകും വെറ്റിലയും ഇവിടങ്ങളിൽ ധാരാളമായി കാണപ്പെടുന്നു.

#### തെങ്ങ്

കുന്നിൻപ്രദേശം, ചരിവുള്ള പ്രദേശം, സമതലങ്ങൾ, പാടങ്ങൾ എന്നിങ്ങനെ ഇരിങ്ങാലക്കുടയുടെ ഭൂപ്രദേശത്തെ വേർതിരിക്കാം. ഇതിൽ സമതലങ്ങളിലും ചെരിഞ്ഞ പ്രദേശങ്ങളിലുമാണ് തെങ്ങ് അധികമായി കൃഷി ചെയ്യുന്നത്. തെങ്ങിൻതോപ്പ് എന്ന് തന്നെ പറയാവുന്ന പറമ്പുകൾ ഇവിടങ്ങളിലുണ്ട്. പുരയിടങ്ങളിലും നെൽവയലുകൾക്കരികിലെ മൺതിട്ടകളിലും തെങ്ങുകളുണ്ട്. വീടിന് ചുറ്റും അല്പം സ്ഥലമാണ് ഉള്ളതെങ്കിൽ പോലും വീട്ടാവശ്യത്തിനുള്ള തെങ്ങ് നട്ടുവളർത്താൻ വീട്ടുടമസ്ഥർ ശ്രമിക്കുന്നു എന്നത് ശ്രദ്ധേയമാണ്.

ഇരിങ്ങാലക്കുടക്കാരുടെ ഭക്ഷണങ്ങളിലെ ഒരു പ്രധാന ഘടകമാണ് നാളികേരം. തേങ്ങ എന്ന പേരാണ് ഇവിടങ്ങളിൽ കൂടുതലായി ഉപയോഗിക്കുന്നത്. നാളികേരംചേർത്ത കറികളും പലഹാരങ്ങളും ഇല്ലാത്ത ഒരു ദിവസം ഇരിങ്ങാലക്കുടയിലെ ജനങ്ങൾക്ക് ഇല്ല എന്നുതന്നെ പറയാം. അരിപ്പൊടിയും നാളികേരപ്പാലും തെങ്ങിൻകള്ളും ചേർത്ത കള്ളപ്പം അഥവാ വട്ടേപ്പം ഇരിങ്ങാലക്കുടയിലെ ക്രിസ്ത്യാനികൾക്കിടയിലെ വിശേഷ പലഹാരമാണ്. നാളികേരം ചേർത്ത പുട്ടിനും ഇലയടയ്ക്കും നാലുമണി പലഹാരങ്ങളിൽ പ്രഥമസ്ഥാനമാണുള്ളത്.

തെങ്ങ് കൃഷിയിലൂടെ വളർന്നുവന്ന അനുബന്ധ തൊഴിൽമേഖലയായ വെളിച്ചെണ്ണ വ്യവസായം ഇരിങ്ങാലക്കുടയുടെ ആധുനീകരണത്തിൽ മുഖ്യപങ്കുവഹിച്ചിട്ടുണ്ട്. തേങ്ങാപിണ്ണാക്ക് കാലിത്തീറ്റയായും ഉപയോഗിക്കുന്നു. നാളികേരപ്രിയതയും വെളിച്ചെണ്ണയുടെ ഉപയോഗവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നാളികേരത്തിന്റെ വിലയിൽ വർദ്ധനവ് ഉണ്ടാകുന്നുണ്ട്.

തെങ്ങുകയറ്റം ഈ മേഖലയിലെ മറ്റൊരു തൊഴിലിടമാണ്. എന്നാൽ പുതിയ തലമുറ ഈ തൊഴിൽ ചെയ്യാൻ താല്പര്യം പ്രകടിപ്പിക്കുന്നില്ല. തൊഴിലാളി ദൗർലഭ്യം കൂലിവർദ്ധനവിനും കാരണമായിട്ടുണ്ട്. ഇന്ന് കീടബാധകൾ തെങ്ങ് കൃഷിയുടെ വ്യാപനം തടയുന്നു. തണ്ട്പുഴവും ചീവീട്ടും തെങ്ങിനെ ഇല്ലാതാക്കുന്നു. ഇവിടങ്ങളിൽ ഏറ്റവുമധികം തെങ്ങിനെ ബാധിക്കുന്ന വൈറസാണ് മണ്ഡരി. അതുകൊണ്ടു തന്നെ ലഭ്യമാകുന്ന തേങ്ങയുടെ എണ്ണത്തിലും വലിപ്പത്തിലും ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. കൂലിയും വിളവിന്റെ ആദായവും തമ്മിൽ ഒത്തുപോകാത്ത സാഹചര്യവും നിലനിൽക്കുന്നുണ്ട്. ഇതെല്ലാം കേരകർഷകരെ കൃഷിയിൽനിന്ന് പിന്തിരിപ്പിക്കുന്നതിന് കാരണമാകുന്നു. രണ്ടു പതിറ്റാണ്ടുകൾ മുമ്പുവരെ പറമ്പിലെ തെങ്ങിന്റെ എണ്ണം നോക്കി സ്ഥലം ഉടമയുടെ സാമ്പത്തികസ്ഥിതി നിർണയിക്കാമായിരുന്നു. ജനസാന്ദ്രത ഏറുന്നതിനനുസരിച്ച് തെങ്ങുകൾ മുറിച്ചുമാറ്റി വീട് നിർമ്മിക്കുന്നു.

## കവുങ്ങ്

ഇരിങ്ങാലക്കുടയിൽ തെങ്ങിന്റെ ഇടവിളയായാണ് കവുങ്ങുകൾ അധികമായി കാണപ്പെടുന്നത്. കവുങ്ങിൻ തോട്ടങ്ങളും ഇല്ലാതില്ല. അടയ്ക്കയ്ക്കും അടയ്ക്ക ഉൽപ്പന്നങ്ങൾക്കും ഉണ്ടാകുന്ന വിപണിസാധ്യത തന്നെയാണ് ഈ കൃഷിയെ നിലനിർത്തുന്നത്. വിളഞ്ഞ് പഴുത്ത അടയ്ക്കയാണ് ഉപയോഗയോഗ്യമായിട്ടുള്ളത്. ഹൈന്ദവാചാരങ്ങളിൽ, വിശേഷ അവസരങ്ങളിൽ ദക്ഷിണയായി വെറ്റിലയോടൊപ്പം അടയ്ക്കയും നൽകുന്നു. നാലും കൂട്ടിമുറുക്കുക എന്നൊരു പ്രയോഗവും ശീലവുമുണ്ട് പഴമക്കാർക്ക്. വെറ്റില, പുകയില, ചുണ്ണാമ്പ്, അടയ്ക്ക എന്നിവയാണ് ഇതിലെ നാലു കൂട്ടുകൾ. ഇതിൽ വെറ്റില കവുങ്ങിൽതന്നെ പടർത്തി കൃഷി ചെയ്തുവരുന്നു. ഇടവിളകൃഷിയായ വെറ്റില പ്രാദേശിക വാണിജ്യത്തെയാണ് പ്രധാനമായും ലക്ഷ്യമാക്കുന്നത്. പഴയ തറവാട്ടുകളിലെ വെറ്റിലച്ചെല്ലത്തിൽ നാലുംകൂട്ടിമുറുക്കാനുള്ളവ സ്ഥിരമായി കാണും. ഇതിന്റെ ലഹരിയുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെറിച്ചുള്ള ബോധ്യവും ഇല്ലാതില്ല. പ്രദേശത്തെ അങ്ങാടിയിൽ മുറുക്കാൻ കടകൾ ധാരാളമായി ഉണ്ടായിരുന്നെങ്കിലും ലഹരിയുടെ പുതിയസാധ്യതകൾ മുറുക്കാൻകടകളുടെ ഭാവത്തിലും മാറ്റം വരുത്തിയിട്ടുണ്ട്.

പ്ലാസ്റ്റിക് ഉപയോഗം ശീലമാകുന്നതിന് മുമ്പ് കവുങ്ങിൻപാള വീട്ടുകളിൽ നിത്യോപയോഗ വസ്തുവായിരുന്നു. പാടത്ത് പണിയെടുക്കുമ്പോൾ പാളത്തൊപ്പി

യായും വെള്ളംകോരാനുള്ള തൊട്ടിയായും വിശറിയായും കവുങ്ങിൻപാളകൾ ഉപയോഗിച്ചിരുന്നു. കുട്ടികൾ ജനിച്ചാൽ തൊടിയിലിറങ്ങി ഏറ്റവും നല്ല പാള നോക്കിയെടുത്ത് വൃത്തിയാക്കി അതിലാണ് അവരെ കുളിപ്പിച്ചിരുന്നത്. ഇന്ന് പാളകൊണ്ട് ഉപയോഗിച്ച് ഉപേക്ഷിക്കുന്ന താൽക്കാലിക പാത്രങ്ങൾ ഉണ്ടാക്കുന്നുണ്ട്.

## കുരുമുളക്

മലയാളിയുടെ കറുത്ത സ്വർണ്ണമാണ് എന്ന് തലമുറകൾ പറഞ്ഞുവരുന്ന ഒരു വിളവാണ് കുരുമുളക്. പ്രാചീനകാലം മുതൽ കേരളത്തിന് വിദേശനാണ്യം നേടിത്തന്നിരുന്ന കുരുമുളക് ഇരിങ്ങാലക്കുടയിൽ വ്യാപകമായി കൃഷിചെയ്തിരുന്നു. തെങ്ങിലും കവുങ്ങിലും ഇടവിളയായും പറമ്പിന്റെ അതിരുകളിൽ കരിശിൻ തണ്ടിലും ധാരാളമായി കുരുമുളകു ചെടികൾ പടർത്തി വിളവെടുക്കുന്നു. ജലാംശം അധികമുള്ള മണ്ണാണ് കുരുമുളക് കൃഷിക്ക് അനുയോജ്യം. നീർവാഴ്ചയുള്ള ഇരിങ്ങാലക്കുടയുടെ ഭൂമിയിൽ കുരുമുളക് ധാരാളം വിളവ് നൽകി. ഉൾനാടൻ ജലാശയമാർഗ്ഗങ്ങളും മുസരിസ്സ് തുറമുഖത്തിന്റെ സാമീപ്യവും കുരുമുളകിന് വിപണി കണ്ടെത്താൻ കർഷകരെ സഹായിച്ചു. തിരുവാതിര ഞാറ്റുവേലയാണ് കുരുമുളക് തൈ നടുന്നതിന് അനുയോജ്യം. താങ്ങുമരത്തിന് താഴെയായി കുരുമുളക് ചെടിയുടെ തണ്ടിൽനിന്നും മുറിച്ചെടുത്ത ചെന്തലകളാണ് നട്ടുപിടിപ്പിക്കുന്നത്. കുരുമുളകുചെടിയിൽ തിരിയിടുകയും മഴവെള്ളത്തിലൂടെ പരാഗണം നടത്തുകയും ചെയ്യുന്ന വിളയാണിത്.

കറിക്കൂട്ടുകളിൽ എരിവ് മസാലയായും മരുന്നുകൂട്ടുകളിൽ ഔഷധമായും കുരുമുളക് ഇന്നാട്ടുകാർക്കിടയിൽ ഉപയോഗത്തിലുണ്ട്. നീർവീഴ്ചപനിക്ക് സാധാരണയായി ഉപയോഗിക്കുന്ന ചുക്കുകാപ്പിയിലെ ഒരു പ്രധാന ഔഷധക്കൂട്ടാണ് കുരുമുളക്. ഇന്ന് അറേബ്യൻ ഭക്ഷണങ്ങളിലാണ് കൂടുതൽ കുരുമുളക് ഉപയോഗിച്ചുവരുന്നത്. അറേബ്യൻ ഭക്ഷണപ്രിയം പ്രദേശവാസികൾക്കിടയിൽ ഏറി വരികയുമാണ്. എങ്കിലും പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന കുരുമുളകിന്റെ ചെറിയൊരു ഭാഗം മാത്രമേ ഇവിടത്തുകാർ ഉപയോഗിക്കുന്നുള്ളൂ. ഭൂരിഭാഗവും കയറ്റുമതിക്കായി വിപണിയിലെത്തുകയാണ് ചെയ്യുന്നത്. പകരം മറ്റു സംസ്ഥാനങ്ങളിൽനിന്നു കൊണ്ടുവരുന്ന വറ്റൽ മുളക് ഉണക്കിപ്പൊടിച്ച് ഇവിടെ ഉപയോഗിക്കുന്നു. ഭക്ഷണരുചിക്കൂട്ടായി മാത്രമല്ല ശൈത്യ

നാട്ടുകളിൽ, മൃഗമാംസം കെട്ടുപോവാതെ സൂക്ഷിക്കുന്നതിനും കുരുമുളക് ഉപയോഗിക്കുന്നുണ്ട്.

## ജാതി

സുഗന്ധവിളകളിൽ പ്രധാനമാണ് ജാതി. മുസരിസ് തുറമുഖം വഴി കയറ്റി അയയ്ക്കപ്പെട്ട ജാതിക്കായ്കളിൽ നല്ലൊരു ശതമാനം ഇരിങ്ങാലക്കുടയിലേതു പ്രാന്തപ്രദേശങ്ങളിലേതുമായിരുന്നു. ചൂടും ഈർപ്പവും ഒരുപോലെ കലർന്ന കാലാവസ്ഥയാണ് ജാതികൃഷിക്ക് ആവശ്യമായിട്ടുള്ളത്. ജലസേചനസൗകര്യങ്ങൾ ജാതിക്കൃഷിയിൽ പ്രധാനമാണ്. എന്നാൽ വെള്ളം കെട്ടിക്കിടക്കുന്നത് ദോഷകരമായി ബാധിക്കുകയും ചെയ്യും. അതുകൊണ്ടുതന്നെ 2018 -ലെ വെള്ളപ്പൊക്കത്തിൽ പഴക്കം ചെന്ന ജാതിമരങ്ങൾ പോലും വളരെയധികം നശിച്ചുപോയി.

പുരയിടങ്ങളോട് ചേർന്നുള്ള പറമ്പുകളിലാണ് ജാതി അധികവും കൃഷി ചെയ്യുന്നത്. തെങ്ങിനും കവുങ്ങിനും ഇടവിളയായാണ് വീട്ടുപറമ്പുകളിൽ ജാതികൃഷി കാണപ്പെടുന്നത്. ജാതിക്ക് ആവശ്യമായ വെയിൽ ലഭിക്കുന്നതിന് ഇത് സഹായകമാകുന്നു. ഒരു പറമ്പിൽ ആൺജാതികളിൽ ഒന്നോ രണ്ടോ മാത്രം നിലനിർത്തി മറ്റുള്ളവ മുറിച്ചു മാറ്റുന്നു. പരാഗണം കൃത്യമായി നടക്കുന്നതിനു വേണ്ടിയാണിത്. പെൺജാതികൾ മാത്രമാണ് ഫലം നൽകുന്നത്. ജാതിക്കായ്ക്കും അതിന്റെ പത്രിക്കും നല്ല വില ലഭിക്കുന്നതുകൊണ്ടുതന്നെ ജാതികൃഷിയിൽ കർഷകർ ശ്രദ്ധാലുക്കളാണ്. വിളവ് വേഗത്തിലും കൂടുതലായും ലഭിക്കുന്നതിന് ബഡ് ചെയ്ത തൈകൾ നടാൻ കർഷകർ താല്പര്യപ്പെടുന്നു. പറമ്പിനു ചുറ്റും തണലായും വേലിയായും നട്ടുന്ന ശീമക്കൊന്നയുടെയും മറ്റും തുകലാണ് ജാതിയുടെ കടകളിൽ തടമെടുത്ത് ഈർപ്പം നിലനിർത്തുന്നതിനായി ഉപയോഗിക്കുന്നത്. ജാതിക്കായും ജാതിപത്രിയും വിളവെടുത്ത് കൃത്യമായി ഉണക്കി ഇരിങ്ങാലക്കുട ചന്തയിൽ കൊണ്ടുപോയി വിൽക്കുന്നു. പ്രാദേശികവിപണിയിൽ ഇവയ്ക്ക് നല്ല വില ലഭിക്കുന്നുമുണ്ട്.

**വാഴ**

ഇരിങ്ങാലക്കുടയിലെ നനവും വളക്കൂറുള്ളതുമായ മണ്ണിന് അനുയോജ്യമായ കൃഷി യാണ് വാഴ. കണ്ണൻ, ഞാലിപ്പൂവൻ, പാളയംകോടൻ, പൂവൻ തുടങ്ങിയ ഇനം വാഴകൾ പുരയിടത്തിൽ സാധാരണമാണ്. വലിയ പരിചരണം ഒന്നും കൂടാതെ ഇത്തരം വാഴകൾ വിളവ് നൽകുന്നു. ചെറുപഴം എന്ന വിഭാഗത്തിലാണ് ഇവ ഉൾപ്പെടുന്നത്. പ്രഭാതഭക്ഷണത്തോടൊപ്പം പഴം കഴിക്കുന്ന രീതി ഇരിങ്ങാലക്കുടക്കാർക്ക് പ്രിയങ്കര മാണ്. പുട്ടും പഴവും, അവിലും പഴവും എല്ലാം ചേർന്നുപോകുന്ന ഭക്ഷണകൂട്ടുകളാണ്. ഉണ്ണിയപ്പം പോലെ എണ്ണയിൽ വറുത്തെടുക്കുന്ന പലഹാരങ്ങളിൽ ചെറുപഴം ഒരു പ്രധാന ഘടകമാണ്. വിലയും ആദായവും കൂടുതൽ ലഭിക്കുന്ന നേന്ത്രവാഴത്തോട്ടങ്ങൾ മനോഹരമായ കാഴ്ചയാണ്. വാണിജ്യാവശ്യങ്ങൾക്കായി വലിയ തോട്ടങ്ങളിൽ നേന്ത്ര വാഴകൾ കൃഷി ചെയ്തുവരുന്നു. ധാരാളം വെള്ളവും വളവും നല്ല പരിചണവും ആവശ്യ മുള്ള കൃഷിയാണിത്. നെൽപ്പാടങ്ങളോട് ചേർന്നുള്ള പറമ്പുകളിലാണ് നേന്ത്രവാഴ ക്യഷി കൂടുതലായും കാണപ്പെടുന്നത്.

വാഴയും വാഴയിലയും ഇരിങ്ങാലക്കുടയുടെ സംസ്കാരത്തിന്റെ ഭാഗമാണ്. തോട്ട ത്തിലെ ഏറ്റവും നല്ല വാഴക്കുല നോക്കി ആരാധനാലയങ്ങളിലേക്ക് കാഴ്ചനൽകുന്ന രീതി ഇവിടെയുണ്ട്. ഓണക്കാലത്ത് പരസ്പരം പങ്കുവയ്ക്കുന്ന പലഹാരങ്ങളിൽ പ്രധാന മാണ് പഴുത്ത വാഴക്കുലയും കായ വറുത്തതും ശർക്കര വരട്ടിയും. വാഴയുമായി ഇരിങ്ങാ ലക്കുടയെ ബന്ധിപ്പിക്കുന്ന പ്രധാന ആഘോഷമാണ് ക്രൈസ്തവർക്കിടയിലെ പിണ്ടി പ്പെരുന്നാൾ. പിണ്ടികുത്തിപ്പെരുന്നാൾ എന്നും ഇതിനു പേരുണ്ട്. പ്രദേശവാസികൾ ആവേശത്തോടെയാണ് ഏറ്റവും വലിയ പിണ്ടി കുത്തുന്നതിനായി മത്സരിക്കുന്നത്.

ശബരിമലയ്ക്കുള്ള കെട്ടുനിറ ആഘോഷത്തിന്റെ ഭാഗമായി വാഴപ്പോളകൾകൊ ണ്ട് മനോഹരമായ അമ്പലം നിർമ്മിച്ച് അയ്യപ്പൻവിളക്ക് നടത്തുന്ന രീതിയും ഉണ്ട്. ഇത്തരത്തിൽ പച്ചക്കറിയായി മാത്രമല്ല, വാണിജ്യാവശ്യങ്ങൾക്കും മതപരവും സാം സ്കാരികവുമായ വിശേഷാവസരങ്ങളിലും വാഴ ഇരിങ്ങാലക്കുടയുടെ ഭാഗമാണ്.

ഇവയ്ക്കെല്ലാം പുറമേ ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയും വീട്ടാവശ്യത്തിനും വാണി ജ്യാടിസ്ഥാനത്തിലും കൃഷി ചെയ്തുവരുന്നു. അടുക്കളത്തോട്ടത്തിലാകട്ടെ ചേന, ചേമ്പ്, മത്തൻ, കുമ്പളം, ചുരക്ക, ചീര, പയർ, പടവലം തുടങ്ങി അത്യാവശ്യം ഒരു വീട്ടി

ലേയ്ക്കാവശ്യമായ പച്ചക്കറികൾ വളർത്തിയെടുക്കുന്ന രീതിയുമുണ്ട്. ഒരു വീട്ടിൽ ഒരു വേപ്പിൻതൈ എങ്കിലും നട്ടുവളർത്തുന്നു. കൂടാതെ മാവ്, പ്ലാവ്, വാളൻപുളി, കുടപ്പുളി തുടങ്ങിയ ദീർഘകാലവിളകളുമുണ്ട്. താരതമ്യേന വരണ്ട മണ്ണുള്ള പ്രദേശങ്ങളിൽ കശു മാവിൻ തോട്ടങ്ങളുമുണ്ട്.

## പച്ചക്കുട പദ്ധതി

സമഗ്ര കാർഷികവികസന പദ്ധതി എന്ന നിലയിലാണ് 2022 -ൽ ഇരിങ്ങാലക്കുടയിൽ പച്ചക്കുടപദ്ധതി ആരംഭിച്ചത്. തരിശുരഹിത ഇരിങ്ങാലക്കുട എന്ന ആശയം മുന്നോട്ടുവച്ചുകൊണ്ട് മുഴുവൻ കാർഷികപ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി ഭക്ഷ്യോത്പ്പന്നങ്ങളോടൊപ്പം ശാസ്ത്രീയമായ ഉൽപ്പാദനം, വിപണനം എന്നിവയും അടിസ്ഥാനസൗകര്യവികസനവും പരിസ്ഥിതി സംരക്ഷണവും നടപ്പാക്കുകയാണ് ലക്ഷ്യം.

വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ - അർദ്ധസർക്കാർ വകുപ്പുകൾ, കർഷക കൂട്ടായ്മകൾ, പാടശേഖരസമിതികൾ, വായനശാലകൾ, സഹകരണ സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, യുവജന ക്ലബുകൾ, സ്വയംസഹായ സംഘങ്ങൾ, അയൽക്കൂട്ടങ്ങൾ എന്നിവരുടെയെല്ലാം സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. കോൾനിലങ്ങളുടെ വികസനം, പഴം പച്ചക്കറി സംസ്ക്കരണം, പച്ചക്കറികൃഷി വ്യാപനം, ഔഷധസസ്യകൃഷി, ക്ഷീര കർഷകർക്ക് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന - വിപണനത്തിനായി സംരംഭങ്ങൾ, കാർഷിക കർമ്മസേന, ജൈവവളം നിർമ്മാണകേന്ദ്രങ്ങൾ, മൽസ്യം - മാംസം എന്നിവയുടെ ഉൽപ്പാദനത്തിലെ സ്വയം പര്യാപ്തത എന്നിവയിലൂടെ തരിശുരഹിത ഇരിങ്ങാലക്കുട രൂപപ്പെടുത്തുകയാണ് പച്ചക്കുടപദ്ധതിയുടെ ലക്ഷ്യം.

## നാട്ടുചന്തകൾ

ഇടനിലക്കാരുടെ ചൂഷണങ്ങൾ ഇല്ലാതെ കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വിപണനം ചെയ്യുന്നതിനായി സ്വാശ്രയകർഷകസംഘങ്ങൾ ആഴ്ച ചന്തകൾ നടത്തുന്നു. കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് മാത്രമല്ല ഗുണ

മേന്മയുള്ള ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ഇത്തരം ചന്തകൾ സഹായകമാണ്. പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തത നേടുക എന്നതാണ് ആഴ്ച ചന്തകളുടെ ആത്യന്തികമായ ലക്ഷ്യം. പ്രാദേശികമായി വിഷരഹിത കാർഷിക ഉത്പന്നങ്ങൾ ജനങ്ങളിൽ എത്തുന്നു. സ്വാശ്രയ കർഷകസംഘങ്ങൾ വഴി പച്ചക്കറി ചന്തകൾ ഒരുക്കുകയും പ്രാദേശികവിപണി ലഭ്യമാക്കുകയും ചെയ്യുന്നതിന് ഇവിടെ സൗകര്യമുണ്ട്. ഇരിങ്ങാലക്കുടയിലെ ഐ.ആർ.സി. ക്ലബ് കെട്ടിടത്തിൽ എല്ലാ ശനി യാഴ്ചയും നാട്ടുചന്ത എന്ന പേരിൽ പച്ചക്കറികളും മറ്റ് മൂല്യവർദ്ധിത ഉൽപന്നങ്ങളും വിപണനം നടത്തുന്നു.

കാർഷികമേളകൾ നടത്തി കർഷകരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വിപണനം ചെയ്യാനുള്ള സൗകര്യങ്ങളും ഇവിടെയുണ്ട്. കർഷകരുടെയും ചെറുകിട സംരംഭങ്ങളു ടെയും കൂട്ടായ്മയാണ് 'നമ്മുടെ ചന്ത' എന്നത്. കർഷകരുടെ വാട്ട്സ് ആപ്പ് കൂട്ടായ്മകളും ഇത്തരത്തിൽ വിപണി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. വലിയ മുതൽമു ടക്കി നടത്തുന്ന എക്സിബിഷനും മറ്റും കർഷകർക്ക് നഷ്ടക്കച്ചവടങ്ങൾ ആയിമാറുമ്പോൾ ഇത്തരം മേളകൾ പ്രതീക്ഷ നൽകുന്നവയാണ്.

### 4.1.4 ജലസ്രോതസ്സുകൾ

ഇരിങ്ങാലക്കുട പൊതുവേ ജലദൗർലഭ്യം അനുഭവപ്പെടാത്ത പ്രദേശമാണ്. ക്ഷേത്രക്കു ളങ്ങളും സ്വകാര്യകുളങ്ങളും തോടുകളും കിണറുകളും കൊണ്ട് സമൃദ്ധമാണെന്നതാണ തിനു കാരണം. ഇവിടെ നഗരപ്രദേശത്തുമാത്രം ഇരുപത്തിയേഴോളം പൊതു കിണ റുകൾ ഉണ്ടായിരുന്നു. മുനിസിപ്പാലിറ്റി പാർക്കിലുള്ള കിണർ, ഊമൻ കുളത്തിന് സമീ പമുള്ള കിണർ, ബസ്സ്റ്റാൻഡിലും ടൗൺഹാൾ കോമ്പൗണ്ടിലും ചെട്ടിപ്പറമ്പ് കനാൽ ബേസിലും ഉള്ള കിണറുകൾ എന്നിവ അവയിൽ ചിലത് മാത്രം. പൊതുകിണ റുകൾ പലതും ആവശ്യമായ സംരക്ഷണമോ നവീകരണ പ്രവർത്തനങ്ങളോ ഇല്ലാതെ നാശൻമുഖമായ അവസ്ഥയിലാണ്. എങ്കിലും സാധ്യമായ എല്ലാ വീടുകളിലും ശുദ്ധജ ലത്തിനായി കിണറുകളെ ആശ്രയിക്കുന്നുണ്ട്. കിണറിന് സ്ഥാനമുള്ള പറമ്പുകൾ തിര ഞ്ഞെടുത്ത് വീടുവയ്ക്കാൻ ഇവിടത്തുകാർ ശ്രദ്ധിക്കുന്നു. പൈപ്പ് വെള്ളത്തിലേക്കും ഫ്ലാറ്റ് സംസ്കാരത്തിലേക്കുമുള്ള ചുവടുമാറ്റം ചെറിയരീതിയിൽ ഇരിങ്ങാലക്കുട പട്ടണത്തിലും വന്നെത്തിത്തുടങ്ങിയിട്ടുണ്ട്.

## കുളങ്ങൾ

ഇരിങ്ങാലക്കുടയെ ജലസമൃദ്ധമാക്കുന്നതിൽ ഇവിടുത്തെ കുളങ്ങൾ വലിയ പങ്കുവഹിക്കുന്നുണ്ട്. കൂടൽമാണിക്യക്ഷേത്രവുമായി ബന്ധപ്പെട്ട തീർത്ഥക്കുളവും തെക്കേക്കുളവും പടിഞ്ഞാറേ കുളവും കുട്ടംകുളവും ഇരിങ്ങാലക്കുടയുടെ ഭൂമിയെ നീർത്തടമാക്കി നില നിർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. ക്ഷേത്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രൂപംകൊണ്ടതാണ് തെക്കേക്കുളവും പടിഞ്ഞാറെക്കുളവും എന്ന് പറയപ്പെടുന്നു. ജാതിവിവേചനം ഈ കുളങ്ങളുടെ ഉപയോഗത്തിലും നിലനിന്നിരുന്നു.

ചെളിയൻ പാടത്തിനോട് ചേർന്നുനിൽക്കുന്ന ഞവരിക്കുളം മെയിൻ റോഡിൽ നിന്നും ബൈപ്പാസ് റോഡിലേക്ക് കടക്കുന്നതിന്റെ ഇടതുഭാഗത്തായിട്ടാണ് സ്ഥിതി ചെയ്യുന്നത്. ഞവരി എന്ന പേരിലുള്ള ചെടി ഈ കുളത്തിൽ ധാരാളമായി വളർന്നു നിന്നിരുന്നു. അങ്ങനെ നാട്ടുകാർ ഈ കുളത്തിനെ ഞവരിക്കുളം എന്ന് വിളിച്ചുവന്നു. ചെളിയൻ പാടത്ത് പണികഴിഞ്ഞ് കയറുന്ന കൃഷിക്കാർ തങ്ങളുടെ പണിയായുധങ്ങൾ കഴുകാനും പശുക്കളെ തേച്ചുരച്ചുകുളിപ്പിക്കാനും മറ്റും ഈ ചെടിയാണ് ഉപയോഗിച്ചിരുന്നത്. ഞവരിക്കുളവും അതിനോട് ചേർന്ന പാടവും 90 വർഷം മുൻപ് കാറളത്ത് തറവാട്ടുകാർ വിറ്റുപോയതാണ്. പിൽക്കാലത്ത് മുനിസിപ്പാലിറ്റി ഏറ്റെടുക്കുകയായിരുന്നു എന്ന് *ഇരിങ്ങാലക്കുട മാന്വൽ* രേഖപ്പെടുത്തുന്നു (2019:953). ഒരേക്കറോളം വിസ്തൃതമായ കുളമാണിത്.

തേൻകുളം, കേശവൻ കുളങ്ങര മഹാവിഷ്ണുക്ഷേത്രത്തോട് അനുബന്ധിച്ചുള്ളതാണ്. അരികുകൾ ഇടിഞ്ഞ് ജീർണ്ണാവസ്ഥയിലായ കുളം മുപ്പതുവർഷം മുൻപ് നഗരസഭ ഏറ്റെടുത്ത് അറ്റകുറ്റപ്പണികൾ തീർക്കുകയായിരുന്നു. ചുറ്റുമതിലും കൽപ്പടവുകളും കെട്ടി സംരക്ഷിച്ചുവരുന്ന ഈ കുളം ഏതാണ്ട് ഒന്നര ഏക്കറോളം വിസ്തൃതിയിലാണ് സ്ഥിതി ചെയ്യുന്നത്. തേൻകുളത്തിന്റെ കിഴക്കുഭാഗം പാടശേഖരമായിരുന്നെങ്കിലും ഇന്നിവിടം നികത്തപ്പെട്ട അവസ്ഥയിലാണ്.

ഒന്നേകാൽ ഏക്കർ വിസ്തൃതിയുണ്ടായിരുന്ന കോതകുളം, ഇരിങ്ങാലക്കുടയുടെ പടിഞ്ഞാറ് ഭാഗത്ത് ചേലൂർ പ്രദേശത്തിന്റെ വടക്കുപടിഞ്ഞാറായിട്ടാണ് സ്ഥിതിചെയ്യുന്നത്. താമരത്തമ്പലത്തിന് സമീപമാണിത്. നല്ല ആഴമുണ്ട് കോതകുളത്തിന്. ചേലൂരിലുള്ള നാൽപതിലധികം മനക്കാർ ഉപയോഗിച്ചിരുന്നതാണ് കോതകുളം. എന്നാൽ

ഇന്ന് നഗരസഭയുടെ സംരക്ഷണത്തിലാണ് കുളമുള്ളത്. ചേലൂരിൽത്തന്നെ ഇരിങ്ങാലക്കുട - എടതിരിഞ്ഞി റോഡിലാണ് കാട്ടിക്കുളം സ്ഥിതിചെയ്യുന്നത്. നാട്ടുകാർ കുളിക്കാനും അലക്കാനുമെല്ലാം ഉപയോഗിച്ചിരുന്ന ഈ കുളവും മുനിസിപ്പാലിറ്റിയുടെ അധീനതയിലാണ്. അറുപത് സെന്റോളം വിസ്തൃതിയുള്ള കാട്ടിക്കുളം ചുറ്റും കല്ലുകെട്ടി സംരക്ഷിച്ചു വരുന്നു.

ഇരിങ്ങാലക്കുട നഗരസഭയുടെ അതിർത്തിയിലാണ് പൂച്ചക്കുളം സ്ഥിതിചെയ്യുന്നത്. കാക്കത്തിരുത്തി റോഡിൽ ചേലൂർ കഴിഞ്ഞ് റോഡിനോട് ചേർന്നാണ് ഈ കുളമുള്ളത്. ഈ പ്രദേശവും പൂച്ചക്കുളം എന്നുതന്നെയാണ് അറിയപ്പെടുന്നത്. പൂച്ചിറക്കുളമാണ് പൂച്ചക്കുളമായി ലോപിച്ചത് എന്ന് പഴമക്കാർ പറയുന്നു. വർഷങ്ങൾക്കു മുൻപ് കച്ചവടക്കാർക്കും മറ്റും വിശ്രമകേന്ദ്രമായി ഈ കുളത്തിനടുത്ത് ഒരു വഴിയമ്പലവും ഉണ്ടായിരുന്നു. കാക്കത്തിരുത്തിയിൽനിന്നും കാൽനടയായി ഇരിങ്ങാലക്കുടയിലേക്ക് കച്ചവടത്തിനെത്തിയിരുന്നവർക്ക് ഇത് ഏറെ സഹായകമായി. എക്കാലവും ശുദ്ധജലം ലഭ്യമായിരുന്ന ഊമൻകുളം, ഇപ്പോഴും ജനങ്ങൾ ഉപയോഗിച്ച് വരുന്നുണ്ട്. ഊമൻ മനക്കാരുടേതായിരുന്ന ഈ കുളം പിന്നീട് ക്രിസ്തീയകുടുംബങ്ങൾക്ക് കൈമാറ്റപ്പെടുകയായിരുന്നു. സമീപവാസികളായ എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളും ഈ കുളം ഉപയോഗിക്കുന്നു. നാശോൻമുഖമായിത്തുടങ്ങിയ ഊമൻകുളം നഗരസഭ ഏറ്റെടുത്ത് സംരക്ഷിച്ചുവരുന്നു.

തുണിയലക്കുന്ന തൊഴിലാളികൾക്ക് വേണ്ടി പണിതീർത്തതെന്ന് കരുതപ്പെടുന്ന മണ്ണാത്തിക്കുളത്തിന് ഏകദേശം നൂറ് വർഷത്തിലധികം പഴക്കമുണ്ട്. ഇരിങ്ങാലക്കുട - കാട്ടൂർ റോഡിൽ നാഷ്ണൽ ഹൈസ്കൂളിന് സമീപമാണ് മണ്ണാത്തിക്കുളമുള്ളത്.

വേനലിൽ ഇവിടുത്തെ കിണറുകളിലെ ജലനിരപ്പ് നിലനിർത്തുന്നതിനും കാർഷിക ആവശ്യങ്ങൾക്കും ഈ കുളങ്ങൾ ഏറെ സഹായകമാണ്. മേൽപ്പറഞ്ഞ വിസ്തൃതമായ കുളങ്ങൾ കൂടാതെ നെൽപാടത്തോട് ചേർന്ന് നിൽക്കുന്ന ചെറിയതോടുകളും കുളങ്ങളും ധാരാളമുണ്ടായിരുന്നു ഇവിടെ. ഇന്നസെന്റ് തന്റെ ആത്മകഥയിൽ ഇക്കാര്യം രേഖപ്പെടുത്തുന്നുണ്ട്. സുഹൃത്തുക്കളോടൊപ്പം കല്ലേലി പാലത്തിനടുത്ത് ചൂണ്ടയിടാൻ പോയിരുന്ന രസകരമായ കുട്ടിക്കാലം മറക്കാനാകുന്നതല്ല ഇന്നസെന്റിന്. “കേൾക്കുമ്പോൾ ഒരു വലിയപാലം ആണെന്ന് തോന്നും അല്ലേ? പാടത്തിന്റെ

അടുത്തുള്ള തോടിനു കുറുകെയുള്ള ഒരു എട്ട് എം.എം. പാലം" (2008:40). കവുങ്ങിൻ തടികൊണ്ടുള്ള ഒറ്റവരി പാലങ്ങളാണ് അക്കാലത്ത് വയലിനോട് ചേർന്നുള്ള തോടുകളിൽ ഉപയോഗിച്ചിരുന്നത്. കുട്ടിക്കാലം മുതൽ തന്നെ പ്രകൃതിയിലെ ചരാചരങ്ങളെ അറിഞ്ഞു വളരുന്നതിന്റെ പ്രാഥമികപാഠങ്ങൾ ഈ ചൂണ്ടയിടലിലുണ്ട്. പ്രകൃതിയോടിണങ്ങിയും പ്രകൃതിയെ പ്രതിരോധിച്ചും മനസ്സിനെയും ശരീരത്തെയും പാകപ്പെടുത്തിയിരുന്നു അവർ. കല്ലേലിതോട്ടിലെ കുളി ഗൃഹാതുര ഓർമ്മകളിലൊന്നായി അദ്ദേഹം വിവരിക്കുന്നു. "വളരെ ദൂരെനിന്നു ഓടിവന്ന് വെള്ളത്തിൽ ചാടുക, മുങ്ങാംകുഴിയിടുക, എത്ര കൂടുതൽനേരം വെള്ളത്തിൽ മുങ്ങിക്കിടക്കുമെന്ന് തിട്ടപ്പെടുത്താൻ ഒരാളുനിന്നെണ്ണുക -ഇതൊക്കെയാണ് കലാപരിപാടികൾ" (2008:90). അവധിദിനങ്ങളിലെ കല്ലേലിതോട്ടിലെ കുളിയും, അടുത്തുള്ള പട്ടരുടെകുളത്തിലെ പതിവായുള്ള കുളിയും ആസ്വാദ്യകരം തന്നെ.

## ജലസേചനം

കാളയെയോ പോത്തിനെയോ ഉപയോഗിച്ച് ജലസേചനം നടത്തുന്ന സമ്പ്രദായം ഇരിങ്ങാലക്കുടപ്രദേശത്തും സാധാരണമായിരുന്നു. വേനൽക്കാലത്ത് ആഴമുള്ള കിണറുകളിൽനിന്ന് വെള്ളമെടുക്കുന്നതിന് കാളത്തേക്ക് വളരെ ഫലപ്രദമായ മാർഗ്ഗമായിരുന്നു. തേക്കകൂട്ടയായി ഒരു വലിയ ലോഹപാത്രമാണ് ഉപയോഗിച്ചിരുന്നത്. ഇന്ന് പാടങ്ങളിൽനിന്ന് കാളത്തേക്ക് തീർത്തും അപ്രത്യക്ഷമാവുകയും ആ സ്ഥാനം മോട്ടോർപമ്പുകൾ കയ്യടക്കുകയും ചെയ്തിരിക്കുന്നു. വീടുകളിലാകട്ടെ, കപ്പിയിൽ കയറിട്ട് കിണറ്റിൽനിന്നും പാളപാത്രത്തിലോ അലൂമിനിയം ബക്കറ്റിലോ വെള്ളം കോരിയെടുത്തിരുന്നു.

ആഴംകൂടിയ പാടങ്ങളിലെ വെള്ളംവറ്റിച്ച് കൃഷിക്ക് അനുയോജ്യമാക്കിയിരുന്ന മറ്റൊരു കാർഷികോപകരണമാണ് ജലചക്രം. മരംകൊണ്ടുണ്ടാക്കിയ ദളങ്ങളോട് കൂടിയ വൃത്താകൃതിയാണ് ജലചക്രത്തിനുള്ളത്. മുളകൊണ്ടുണ്ടാക്കിയ ഒരു തട്ടിന് മുകളിലിരുന്ന് ചക്രക്കാരൻ ജലചക്രം ചവിട്ടുകയായിരുന്നു പതിവ് എന്ന് സരോജനിയമ്മ [4] ഓർക്കുന്നു. പിന്നീട് വൈദ്യുതിയന്ത്രം ഘടിപ്പിച്ച ചക്രങ്ങളായും അത് മാറി. ഇതുകൂടാതെ

[4] സരോജനിയമ്മ, 80 വയസ്സ്, തെങ്ങിൽ വീട്, കൊരുമ്പിശ്ശേരി, ഇരിങ്ങാലക്കുട.

തുലാതേക്ക്, വേത്തുതേക്ക്, കയറ്റുകുട്ടതേക്ക് എന്നീ രീതികളും ജലസേചനത്തിനായി ഉപയോഗിച്ചിരുന്നു.

സ്വതന്ത്ര ഇന്ത്യയിൽ നടപ്പിൽവന്ന പഞ്ചവത്സരപദ്ധതികളിലെല്ലാം വളരെ പ്രാധാന്യത്തോടെയാണ് ജലസേചനത്തെ കൈകാര്യം ചെയ്തിരുന്നത്. യന്ത്രസഹായം ഉൽപാദനത്തെ വർദ്ധിപ്പിക്കുന്ന ഘട്ടമെത്തിയപ്പോഴേയ്ക്കും പാടങ്ങൾ പലതും നികത്തപ്പെട്ടു. എന്നിരിക്കലും, പോയ കാലത്തിന്റെ ഇത്തരം കാർഷികോപകരണങ്ങൾ പുതിയ തലമുറയ്ക്ക് കൗതുകകരം തന്നെയാണ്.

ഇരിങ്ങാലക്കുടയുടെ ജലദൗർബല്യമകറ്റുന്നതിൽ പ്രഥമസ്ഥാനമാണ് കരുവന്നൂർപുഴയ്ക്കുള്ളത്. നഗരപ്രദേശത്തുനിന്നും മാറി വടക്കുഭാഗത്തായി ഒഴുകുന്ന പുഴ ഈ പ്രദേശത്തെ ജലസമൃദ്ധമാക്കുന്നു. ഇവിടെനിന്നും കെ.എൽ.ഡി.സി. (കേരള ലാന്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്) കനാലുകൾവഴി സമീപപ്രദേശങ്ങളിലെല്ലാം വെള്ളമെത്തിക്കുന്നു. അപൂർവ്വ സസ്യജീവജാലങ്ങളുടെ ആവാസകേന്ദ്രമായ ഇവിടെനിന്നും പുഴമീൻ ചൂണ്ടയിട്ട് പിടിക്കുന്നതിലും ഇവിടുത്തുകാർ വിദഗ്ധരാണ്.

## കോൾനിലങ്ങൾ

ഇരിങ്ങാലക്കുടയുടെ ജലസമൃദ്ധിയെ നിലനിർത്തുന്നതിൽ മുരിയാട് കോൾനിലങ്ങൾ വഹിക്കുന്ന പങ്ക് ചെറുതല്ല. ഇവിടുത്തെ മണൽത്തിട്ടകൾ ഈ പ്രദേശത്തെ ജലസംഭരണികളാണ്. "ഓരോ മണൽത്തരിക്ക് ചുറ്റുമുള്ള രന്ധ്രങ്ങളിലാണ് (Pore Spaces) ഈ മണൽപാളികൾ ജലം സംഭരിക്കുന്നത്. ഈ ജലമാണ് വേനൽക്കാലത്ത് നമ്മുടെ കിണറുകളിലും കുളങ്ങളിലും കിനിഞ്ഞിറങ്ങുന്നത്. കെട്ടിനിൽക്കുന്ന ജലംതന്നെയാണ് ഭൂഗർഭജലവിതാനത്തെ ഉയർത്താൻ സഹായിക്കുന്നത്" എന്ന് ഡോ. എസ്. ശ്രീകുമാർ വിലയിരുത്തുന്നു (2013:67). എന്നാൽ കളിമൺഖനനവും മണൽവാരലും നിമിത്തം ഈ പ്രകൃതിദത്ത ജലസംഭരണികൾ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഇതുമൂലം സമീപപ്രദേശങ്ങളിലെ കിണറുകളിലെയും മറ്റും വെള്ളം ക്രമാതീതമായി കുറയുകയും ഉപ്പുവെള്ളം വേനൽക്കാലത്ത് കരപ്രദേശങ്ങളിലേക്ക് തള്ളിക്കയറുകയും ചെയ്യുന്നു. ആദ്യമാദ്യം ചെറിയ തോണികളിലാണ് മണൽ വാരിയിരുന്നതെങ്കിൽ ഇന്നത്

ശക്തിയേറിയ ഡീസൽ എഞ്ചിനുകളുടെ സഹായത്തോടെ വിസ്തൃതമായ പ്രദേശത്തെ മണൽപാളിയെ അപ്പാടെ നീക്കംചെയ്യുകയാണ്.

1995 -96 കാലഘട്ടത്തിൽ ശക്തമായ പൊതുജനപ്രതിരോധം മൂലം ഇവിടുത്തെ മണൽ വാരൽ നിയന്ത്രിക്കുവാൻ കഴിഞ്ഞിരുന്നു. നെൽപ്പാടങ്ങൾ വലിയവിലയ്ക്ക് പാട്ടത്തിനെടുത്ത് മണൽവാരൽ നടത്തുന്ന പലരും ഈ പ്രദേശത്തെ സ്ഥിരവാസക്കാരല്ല എന്ന് ഡോ. എസ്. ശ്രീകുമാർ ചൂണ്ടിക്കാട്ടുന്നു (2013:66). ഇതിനെക്കുറിച്ചുള്ള ഏതൊരു അന്വേഷണത്തെയും ശക്തമായി എതിർക്കുന്ന മാഫിയസംഘങ്ങളും അവിടെ ഇതിനകം രൂപംകൊണ്ട് കഴിഞ്ഞിരിക്കുന്നു.

വിസ്തൃതമായി കിടന്നിരുന്ന കോൾപ്പാടങ്ങൾക്ക് കുറുകെ ഉണ്ടായ റോഡുകളും ജലത്തിന്റെ സ്വാഭാവിക ഒഴുക്കിനെ പ്രതികൂലമായി ബാധിച്ചു. റോഡുകൾക്ക് ഇരുവശവും പാടങ്ങൾ നികത്തി കെട്ടിടങ്ങൾ നിർമ്മിക്കുന്നതും വലിയ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്. ജൈവസമ്പത്തിന്റെ വലിയ ശേഖരമാണ് ഇതുമൂലം നഷ്ടമായി കൊണ്ടിരിക്കുന്നത്. "മുരിയാട് കായലിന്റെ തെക്ക് വടക്ക് ഏകദേശം മധ്യഭാഗത്തുകൂടി പോകുന്ന നെടുംതോടിന്റെ വിവിധ ഭാഗങ്ങളിലെ ജലത്തിൽ 90ൽ പരം വിവിധ ജീവജാതിയിൽപ്പെട്ട സൂക്ഷ്മങ്ങളായ ശുദ്ധജല പായലുകളുണ്ടെന്ന് (Algae) ഈ പഠനം കാണിക്കുന്നു. ഇന്ന് വിപണിയിൽനിന്നും വിലകൊടുത്തു വാങ്ങിക്കുന്ന സമീകൃതാഹാരമായ സ്പൈറുലിനയുടെ (Spirulina) ജനുസ്സിൽ വരുന്ന രണ്ട് ജീവജാതിയിൽപ്പെട്ട പായലുകൾ ഇവിടെനിന്നും കണ്ടെത്തിയിട്ടുണ്ട്. ഇന്ന് ഉപയോഗം എന്തെന്ന് അറിയുന്നില്ലെങ്കിൽ തന്നെയും ഒരുപക്ഷേ സമീപഭാവിയിൽ മരുന്ന് അല്ലെങ്കിൽ പ്രധാന ആഹാരത്തിനോടൊപ്പം കഴിക്കാവുന്ന ആഹാരപദാർത്ഥമോ ഒക്കെ ആയി മാറാവുന്ന ഇത്തരം സസ്യജാലങ്ങൾ ഈ തണ്ണീർത്തടങ്ങളിൽ ധാരാളമായി കാണുന്നു എന്നതുകൊണ്ട് ഇവയെ സംരക്ഷിക്കേണ്ടതുണ്ട്" എന്ന് എസ്. ശ്രീകുമാർ രേഖപ്പെടുത്തുന്നു (2013:67). പായലുകളെക്കുറിച്ച് അദ്ദേഹം നടത്തിയ പഠനത്തിൽ കുടിക്കുവാനുപയോഗിക്കുന്ന ജലത്തിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ജൈവരാസീയഗുണങ്ങളുള്ള ഡെസ്മിഡ്സ് എന്ന പായലുകൾ ഇവിടെനിന്നും ധാരാളമായി കണ്ടെത്തുകയുണ്ടായി. മുരിയാട് കായലിലേത് ശുദ്ധജലമാണെന്ന് ഇത് വ്യക്തമാക്കുന്നു.

കായലിനോട് ചേർന്നുള്ള കരപ്രദേശങ്ങളാകട്ടെ ഔഷധഗുണമേറിയ സസ്യല താദികളാൽ സമ്പന്നമാണ്. ബ്രഹ്മി, കല്ലുരുക്കി, വിഷ്ണുക്രാന്തി, ആടലോടകം, വാതം കൊല്ലി, തഴുതാമ, സർപ്പഗന്ധി, ചന്ദനം തുടങ്ങിയവ കൂടാതെ വംശനാശഭീഷണി നേരി ടുന്ന ഡ്രൊസീറ എന്ന പ്രാണിപിടിയൻ സസ്യവും ഈ പ്രദേശത്ത് അപൂർവ്വമായി കാണപ്പെടുന്നുണ്ട്. പച്ചക്കറികളും ഫലവൃക്ഷങ്ങളും സുഗന്ധദ്രവ്യങ്ങളും ഇവിടങ്ങളിൽ കുറവല്ല.

## 4.1.5 മത്സ്യസമ്പത്ത്

മത്സ്യസമ്പത്തിനാൽ സമൃദ്ധമാണ് മുരിയാട് കോൾനിലങ്ങൾ. വാള, മുഷി, വരാൽ, കൂരി, ചെറുതും വലുതുമായ പരലുകൾ തുടങ്ങി വ്യത്യസ്ത ഇനത്തിൽപ്പെട്ട മത്സ്യങ്ങൾ ഇവിടെ ലഭ്യമാണ്. പാടശേഖരങ്ങളിലെ രാസവളപ്രയോഗങ്ങൾ മത്സ്യസമ്പത്തിനെ ദോഷകരമായി ബാധിക്കുന്നു. ഇരതേടുന്ന മത്സ്യങ്ങളുടെ ആഹാരത്തിലൂടെ അകത്തെ ത്തുന്ന കീടനാശിനികൾ അവയുടെ അണ്ഡ - ബീജ പ്രവർത്തനത്തെ പ്രതികൂല മായി ബാധിക്കുകയും, ഇത് പ്രജനനത്തിൽ വലിയ കുറവ് വരുത്തുകയും ചെയ്യുന്നു. കൂടാതെ തൊണ്ണൂറുകളിൽ കേരളത്തിലെ ശുദ്ധജലമത്സ്യങ്ങളെ ബാധിച്ച അഴുകൽരോ ഗവും മത്സ്യലഭ്യതയുടെ കുറവിന് കാരണമായി പറയുന്നുണ്ട്.

ബണ്ടുകൾ നിർമ്മിക്കുന്നതിനു മുൻപ് മലവെള്ളം നിർബാധം പാടങ്ങളിലേക്ക് ഒഴുകി നിറഞ്ഞിരുന്നു. ഈ സമയത്ത് പുഴയിലെ മത്സ്യങ്ങൾക്ക് കായലുകളിലേക്ക് എത്താൻ എളുപ്പമായിരുന്നു. എന്നാൽ ബണ്ട് നിർമ്മാണത്തോടെ മത്സ്യങ്ങളുടെ സഞ്ചാരപാതയിലുണ്ടായ പ്രതിബന്ധം അവയുടെ പ്രജനനത്തെയും വളർച്ചയെയും അതുവഴി മൽസ്യോത്പാദനത്തെയും പ്രതികൂലമായി ബാധിക്കും എന്ന് പഠനങ്ങൾ തെളിയിക്കുന്നു (ശ്രീകുമാർ എസ്. 2013:71). മത്സ്യസമ്പത്തിന്റെ സംരക്ഷണം ഭക്ഷ്യ സുരക്ഷയുടെക്കൂടി ഭാഗമാണ്.

ഇത്തരത്തിൽ കോൾനിലങ്ങളുടെ സംരക്ഷണം വൈവിധ്യപൂർണ്ണമായ സൂക്ഷ്മ ആവാസവ്യവസ്ഥയുടെ നിലനിൽപിന് അത്യന്താപേക്ഷിതമാണ്. ശുദ്ധജലം മനുഷ്യ രാശി നേരിടുന്ന വലിയ പ്രതിസന്ധിയാണ് എന്നിരിക്കെ ഇത്തരത്തിലുള്ള സ്വാഭാവിക ജലസംരക്ഷണമാർഗ്ഗങ്ങളെ നിലനിർത്തേണ്ടതുണ്ട്. വർഷംതോറും പെയ്തിറങ്ങുന്ന

മഴവെള്ളം കടലിലേക്കൊഴുകി ഉപയോഗശൂന്യമായിപ്പോകാതെ ശേഖരിച്ച് വേനൽക്കാലത്ത് അവ നമ്മുടെ കുളങ്ങളിലും കിണറുകളിലും എത്തിക്കാൻ ഇതുവഴി സാധിക്കും.

ഇരിങ്ങാലക്കുട പ്രദേശത്തിന്റെ പലയിടങ്ങളിലും കന്നിമാസത്തിൽത്തന്നെ ചിറകെട്ടിയിരുന്നു. ഇതുമൂലം കൊടുംവേനലായ മേടത്തിൽപോലും ജലദൗർബല്യം നേരിടേണ്ടി വന്നിരുന്നില്ല. എന്നാൽ അധികം ചിറകളും ഇന്ന് നാശോൻമുഖമായും നികത്തപ്പെട്ടും കഴിഞ്ഞിരിക്കുന്നു. നടവരമ്പ് ചിറയാണ് അവശേഷിക്കുന്ന ഒന്ന്. പുല്ലൂർ മിഷൻ ആശുപത്രിക്ക് സമീപം ഉണ്ടായിരുന്ന ചിറ, ചിറയേ അല്ലാതായി മാറിയിരിക്കുന്നു. ചിറകൾക്ക് ചുറ്റും ഉണ്ടായിരുന്ന വലിയ ആവാസവ്യവസ്ഥയും നഷ്ടപ്പെട്ടിരിക്കുന്നു. ഇത്തരം നീരുറവകളും ജലസ്രോതസ്സുകളും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ജനങ്ങൾ നിരന്തരം ഓർമ്മപ്പെടുത്തുന്നുണ്ട്.

മുരിയാട് പാടശേഖരങ്ങളിലെ മണലൂറ്റിനും കളിമൺ ഖനനത്തിനുമെതിരേ കർഷകർ നടത്തിയ സമരമായിരുന്നു മുരിയാട് കായൽ സമരം. 2007 -ൽ ആരംഭിച്ച ഈ സമരത്തിന്റെ ഫലമായിരുന്നു നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം. വർഗ്ഗീസ് തൊട്ടുപറമ്പിൽ, കെ.എ. കുഞ്ഞൻ, പി.സി. ആന്റണി എന്നിവർ ഈ സമരത്തിന് നേതൃത്വം നൽകിയവരിൽ ചിലരാണ്.

## 4.1.6 ഷൺമുഖം കനാൽ

ഏറ്റവും ചെലവുകുറഞ്ഞ ഗതാഗതമാർഗ്ഗമാണ് ജലഗതാഗതം. റോഡ് - റെയിൽ ഗതാഗതമാർഗ്ഗങ്ങൾ അഭിവൃദ്ധമാകുന്നതിന് മുമ്പ് യാത്രയ്ക്കും ചരക്കുനീക്കത്തിനും ജലഗതാഗതമാർഗ്ഗമാണ് അവലംബിച്ചിരുന്നത്. ഐക്യകേരളം രൂപീകൃതമാകുന്നതിനും എത്രയോ മുമ്പുതന്നെ തിരുവിതാംകൂറിനേയും കൊച്ചിയേയും മലബാറിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഉൾനാടൻ ജലമാർഗ്ഗങ്ങളുണ്ടായിരുന്നു. കൊല്ലം - എറണാകുളം - കോട്ടപ്പുറം, കൊടുങ്ങല്ലൂർ - പൊന്നാനി, പൊന്നാനി - കോഴിക്കോട് എന്നിവ ജലപാതമേഖലകളായിരുന്നു. കൊച്ചിയെ മലബാറുമായി ബന്ധിപ്പിച്ചിരുന്നത് കനോലികനാലായിരുന്നു. "ഈ കനാൽ വരുന്നതിനുമുമ്പ് കരുപ്പടന്നവരെ മാത്രമേ കൊച്ചിയിൽനിന്നുള്ള ജലമാർഗ്ഗം ഉണ്ടായിരുന്നുള്ളൂ. രാജ്യതലസ്ഥാനമായ കൊച്ചി

യിൽനിന്നുള്ള അവശ്യസാധനങ്ങൾ കരുപ്പടന്ന ജലമാർഗ്ഗം വഴിയും അവിടെനിന്ന് വടക്കൻ ഭാഗങ്ങളായ തൃശ്ശൂരിലേക്കും ചിറ്റൂരിലേക്കും ആലത്തൂരിലേക്കും കാളവണ്ടികൾ വഴിയും എത്തിച്ചിരുന്നതായും ചരിത്രരേഖകളിൽ കാണാം" എന്ന് ഹരി ഇരിങ്ങാലക്കുട 'ഷണ്മുഖം കനാൽ' എന്ന ലേഖനത്തിൽ പ്രതിപാദിക്കുന്നു" (2013:110). 1848 -ൽ മലബാർ ജില്ലാകളക്ടറായിരുന്ന എച്ച്.വി. കനോലി എന്ന ബ്രിട്ടീഷുകാരനാണ് ഈ കനാലിന് നേതൃത്വം നൽകിയത്. കോഴിക്കോട് മുതൽ കൊടുങ്ങല്ലൂർവരെയുള്ള വിവിധ പ്രകൃതിദത്ത ജലാശയങ്ങളെ കൂട്ടിയിണക്കിയാണ് കനോലി കനാൽ നിർമ്മിച്ചിരിക്കുന്നത്.

കനോലി കനാലിനെ കൊച്ചിരാജ്യവുമായി ബന്ധിപ്പിക്കുന്നത് ഷണ്മുഖം കനാലാണ്. ഗതാഗതത്തിന് അനുയോജ്യമായ കൃത്രിമജലാശയങ്ങളിൽ ശ്രദ്ധേയമാണ് ഇരിങ്ങാലക്കുടയിലെ ഷൺമുഖം കനാൽ. 1935 - 41 കാലഘട്ടത്തിൽ കൊച്ചിദിവാനായിരുന്ന ഷണ്മുഖംചെട്ടിയുടെ നഗരാസൂത്രണത്തിന്റെയും വാണിജ്യതാൽപര്യത്തിന്റെയും പ്രതീകമാണ് ഈ ജലപാത. 1936 - 40 കാലത്താണ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നത്. 1940 ജൂൺ 3 -ന് ഈ കനാൽ അദ്ദേഹം തന്നെ നാടിന് സമർപ്പിച്ചു. കനോലി കനാലിൽനിന്ന് ആരംഭിച്ച്, പൂമംഗലം - പടിയൂർ പഞ്ചായത്തുകളിലൂടെ കടന്ന് ഇരിങ്ങാലക്കുടയിലെ ചെട്ടിപ്പറമ്പ് വരെയാണ് കനാൽ എത്തിനിൽക്കുന്നത്. ആറ് കിലോമീറ്ററിലധികം നീളമുണ്ടതിന്.

കൊച്ചിയിൽനിന്നും കോഴിക്കോട്നിന്നുമുള്ള കച്ചവടം ഈ ജലപാതവഴി കൂടുതൽ സുഗമമായി. 15 മീറ്റർ വരെ ആഴം കനാലിനുണ്ടായിരുന്നു. അതിനാൽ ചരക്കു നിറച്ച വഞ്ചികളുടെ സഞ്ചാരം കൂടുതൽ എളുപ്പമായി. നിരവധി ബോട്ടുകളും വള്ളങ്ങളും ചരക്കുമായി ഇതുവഴി ഇരിങ്ങാലക്കുടയിലെത്തി. വാണിജ്യ -വ്യവസായരംഗത്ത് ഇരിങ്ങാലക്കുടപട്ടണത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നതിൽ വലിയപങ്കാണ് ഈ കനാലിനുള്ളത്. വെളിച്ചെണ്ണവ്യാപാരത്തിന് ഏറെ പേരുകേട്ട ഇടമാണ് ഇരിങ്ങാലക്കുട. മരച്ചക്കുകളിലാണ് ആദ്യകാലത്ത് എണ്ണയാട്ടിയിരുന്നത്. ഇതിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ഇവിടെയെത്തിക്കുന്നതിൽ ഷണ്മുഖം കനാൽ ഏറെ സഹായകമായി.

വളരെ പ്രതീക്ഷയോടെ തുടങ്ങിവെച്ച കനാൽ വലിയ വിജയമായി എന്ന് കണ്ട് ചില ഉദ്യോഗസ്ഥർ അസൂയാലുക്കളായിരുന്നതായി പഴമക്കാർ പറയുന്നു. ഇവർ

കനാൽ പ്ലാൻ പരാജയമായിരുന്നു എന്ന് തുടർന്നുവന്ന ഭരണാധികാരികളെ ധരിപ്പിക്കുന്നു. കൂടാതെ റോഡ് - റെയിൽ ഗതാഗതത്തിനുണ്ടായ വളർച്ചയും ഷണ്മുഖം കനാലിന്റെ പ്രാധാന്യം ക്രമേണ നഷ്ടപ്പെടുന്നതിന് കാരണമായി.

വളരെ ആസൂത്രിതമായി പണിതീർത്ത കനാലിന് ഇരുവശവും ചരക്ക് സൂക്ഷിക്കുന്ന ഗോഡൗണുകൾ നിർമ്മിക്കുന്നതിനായി സ്ഥലം നീക്കിവെച്ചിരുന്നു. എന്നാൽ ഈ സ്ഥലങ്ങൾ ഒന്നും ഇന്ന് സർക്കാർ അധീനതയിലല്ല. ഇവിടം ആളുകൾ കയ്യേറി വീടുകൾ വച്ചു. മാറിവരുന്ന സർക്കാരുകൾ അവർക്ക് പട്ടയവും നൽകി. ഇവിടെ ജനവാസം തുടങ്ങിയത് 1953 -ലാണ് എന്ന് പറയപ്പെടുന്നു. അന്ന് ഇരിങ്ങാലക്കുടയെ ബാധിച്ചിരുന്ന വസൂരി രോഗത്തിന്റെ പിടിയിലായ ശങ്കരൻ എന്ന വ്യക്തിയെയും കുടുംബത്തെയും ജന്മി കുടിയിറക്കിവിട്ടു. കെ.വി. ഉണ്ണി, പാറേമക്കാടൻ മാണിക്യൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ ഈ കുടുംബത്തെ കനാലിനു സമീപം കുടിൽ കെട്ടി താമസിപ്പിച്ചു. തുടർന്നാണ് ഇവിടേക്ക് കൂട്ടംകൂട്ടമായി കുടുംബങ്ങൾ ചേക്കേറാൻ തുടങ്ങിയത്.

ഇന്ന്, മണ്ണിടിഞ്ഞ് കനാലിന്റെ ആഴവും വീതിയും നഷ്ടപ്പെട്ടു. നഗരപ്രദേശത്തു നിന്നും മലിനജലം ഒഴുകിവന്നും കാട് കയറിയും സംരക്ഷണം ലഭിക്കാതെ കനാൽ നശിച്ചു. വേനൽമഴയിൽ വെള്ളംകയറിയ പാടശേഖരങ്ങളിലെ പുല്ല് അഴുകി അവിടെനിന്നും മലിനമായ ജലം ഇങ്ങോട്ട് ഒഴുകിയെത്തുന്നു. കനാലിലെ വെള്ളം കറുപ്പുനിറമായ അവസ്ഥയാണ്. ആഫ്രിക്കൻ പായലും കുളവാഴയും മറ്റും വളർന്ന് വെള്ളം ഒഴുകിപ്പോകാതെ കെട്ടിക്കിടക്കുന്നു. ഇത് സാംക്രമികരോഗങ്ങൾക്ക് കാരണമായേക്കാം എന്ന ഭീതി പരിസരവാസികളിലുണ്ട്. തുണിയലക്കാനും കുളിക്കുവാനും കനാലിനെ ആശ്രയിക്കുന്ന ജനങ്ങൾ ഇതുമൂലം ആശങ്കയിലാണ്.

ജനങ്ങളുടെ ആവശ്യം പരിഗണിച്ച്, വർഷങ്ങളോളം അവഗണിക്കപ്പെട്ട് കിടന്നിരുന്ന ഷണ്മുഖം കനാലിന്റെ പുനർനിർമ്മാണം 2006 -ലാണ് ആരംഭിക്കുന്നത്. ജലഗതാഗതത്തിന് സൗകര്യം ഒരുക്കി സംസ്ഥാനജലപാതയുമായി ബന്ധിപ്പിച്ചാൽ ഇവിടം വർഷകാല ടൂറിസത്തിന് അനുയോജ്യമായിരിക്കും എന്ന അഭിപ്രായം ഉയർന്നുവരുന്നുണ്ട്. അതിന്റെ ആദ്യഘട്ടമായി 2006 -ൽ 77 ലക്ഷം രൂപ ചെലവഴിച്ച് 1400 മീറ്റർ പുനർനിർമ്മിച്ചു. 2017 -ലാണ് രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. മലിനജലം നീക്കംചെയ്ത് കനാലിന്റെ ആഴം വർദ്ധിപ്പിച്ച് സംരക്ഷണഭിത്തി

കെട്ടി ബലപ്പെടുത്തുന്നു. ഏഴുകോടിരൂപയാണ് സംസ്ഥാന ഇറിഗേഷൻവകുപ്പ് ഇതിനായി നീക്കി വച്ചിരിക്കുന്നത്. നിർമ്മാണം പൂർത്തിയാകുന്നതോടെ കനാലിൽ ബോട്ട് സർവീസ് നടത്താൻ കഴിയും എന്നാണ് പ്രതീക്ഷിച്ചിരുന്നത്. നിർമ്മാണത്തിലെ അപാകതകൾ മൂലം പലയിടങ്ങളിലും പുനർനിർമ്മിച്ച ഭിത്തികൾ ഇടിഞ്ഞു പോകുന്നു. അതിനിടെ പൂമംഗലം പഞ്ചായത്ത് അതിർത്തിയിലുള്ള ഇടിഞ്ഞ ബണ്ട് റോഡുകൾ റീബിൽഡ് കേരള, നഗരസഞ്ചയനം തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കാനുള്ള ശ്രമങ്ങളും നടന്നുവരുന്നുണ്ട്.

## 4.2 വാണിജ്യം

പ്രാദേശികവും വൈദേശിയവുമായ വാണിജ്യത്തിന് അനുയോജ്യമായ ഇടമായിരുന്നു ഇരിങ്ങാലക്കുട. നഗരവൽക്കരണത്തിന്റെയും വാണിജ്യത്തിന്റെയും പ്രാധാന്യത്തിലേക്ക് ശ്രദ്ധക്ഷണിക്കുന്നവയാണ് ഇവിടെനിന്നും ലഭിച്ച ശിലാലിഖിതങ്ങൾ.[5] താഴെക്കാട് ലിഖിതത്തിന് ശേഷം അനേകം നൂറ്റാണ്ടുകൾ ലിഖിതതെളിവുകളുടെ അഭാവത്തിൽ ചരിത്രം അവ്യക്തമാണ്. എങ്കിലും കൃഷിക്കും കച്ചവടത്തിനും പ്രാമുഖ്യം ലഭിച്ച ഒരിടമായി ഇരിങ്ങാലക്കുട വളർന്നുവന്നു എന്നാണ് പിൽക്കാലത്തെ ഇരിങ്ങാലക്കുടയുടെ ചിത്രത്തിൽനിന്നും വ്യക്തമാകുന്നത്.

പോർച്ചുഗീസുകാരുടെ വരവിനു മുമ്പുവരെ കേരളതീരത്ത് നടന്ന വാണിജ്യത്തിൽ ക്രിസ്ത്യാനികൾ, ജൂതന്മാർ, അറബികൾ, മാപ്പിളമാർ, ചീനക്കാർ, ഗുജറാത്തിലെ വണിക്കുകൾ, തമിഴ് ചെട്ടിമാർ എന്നിവരെല്ലാം പരസ്പരം സംഘർഷങ്ങളില്ലാതെ സഹകരിച്ച് പ്രവർത്തിച്ചിരുന്നു (ഗംഗാധരൻ എം., 2013:2164). പതിനെട്ടാം

[5] A record of Irinjalakuda deals with the grand of land to four persons - Ayirakkarai kotai Kumaran, Uran Kumaran kotai, Nakan Kannan and Uran Kantan Kumaran - to establish a township called Baskarapura. They are started to have accepted the tendancy of the land set apart for the purpose. They are exempted from payments to the governor' s men and authorised to award punishment and collect fine as they choose. A record from Talakkad which mentions the privileges of manigramam people in the newly formed trading centre, states that they were authorised to collect taxes and tribute within the Nakara. They are also given to fix the prices Commodities. This kind of association of the mercantile guilds in the city with governmental work is fully in conformity with the political theory and practice of ancient India and especially the states of South India (M.G.S. Narayanan, *Perumals of Kerala*, 2013:207 -8).

നൂറ്റാണ്ടിൽ ശക്തൻ തമ്പുരാന്റെ കാലത്താണ് ഇരിങ്ങാലക്കുട ചന്ത സ്ഥാപിതമാകു ന്നതും വളർച്ച പ്രാപിക്കുന്നതും (നോ. 2.8.5). 1880 -കളിൽ ആലപ്പാട്ട് പാലത്തിങ്കൽ തറവാട്ടിലെ ലോനപ്പൻ എന്നയാൾ ഇരിങ്ങാലക്കുടയിലേക്ക് താമസം മാറ്റി അവിടെ ചന്തയിൽ കച്ചവടം ആരംഭിച്ചതായി ആലപ്പാട്ട് പാലത്തിങ്കൽ തറവാട്ട് ചരിത്രം രേഖ പ്പെടുത്തുന്നുണ്ട് (2021:2). ഇരിങ്ങാലക്കുടയെ ആധുനികീകരണത്തിലേക്ക് നയിച്ച ഒരു പ്രധാനഘടകമായിരുന്നു ചന്ത.

ഠാണാവിൽനിന്നും ബസ് സ്റ്റാന്റിലേക്ക് പോകുന്ന വഴിയിൽ ആർത്തറയ്ക്കടുത്ത് ഇന്നത്തെ വലിയങ്ങാടിയുടെ നടുക്കായാണ് ആദ്യം ചന്ത സ്ഥാപിതമായത്. ചന്തപ്പുര എന്നാണ് ഈ പ്രദേശം അറിയപ്പെടുന്നത്. പിന്നീട് സെന്റ്. തോമസ് കത്തീഡ്രലിന്റെ ഇടതുഭാഗത്തേക്ക് മാറ്റി സ്ഥാപിക്കുകയായിരുന്നു. ഇരിങ്ങാലക്കുടചന്ത നിൽക്കുന്ന പ്ര ദേശം ചന്തക്കുന്ന് എന്നാണ് അറിയപ്പെടുന്നത്. ഇരിങ്ങാലക്കുടയിലെയും സമീപപ്രദേ ശങ്ങളിലെയും വിഭവങ്ങളുടെ സമാഹരണത്തിനും പുനർവിതരണത്തിനുമായി സംവി ധാനം ചെയ്യപ്പെട്ട ഇടമായിരുന്നു ഈ ചന്ത.

കിഴക്കൻ പ്രദേശങ്ങളിലെ മലഞ്ചരക്ക് ഉൽപ്പന്നങ്ങളുടെ പ്രധാന വ്യാപാരകേ ന്ദ്രമായിരുന്നു ഇരിങ്ങാലക്കുട. ഈ അടുത്ത കാലംവരെ ആകാശവാണിയുടെ കമ്പോള നിലവാരത്തിൽ ഇരിങ്ങാലക്കുടയും ഉൾപ്പെട്ടിരുന്നു. സമീപപ്രദേശങ്ങളിലെ കാർഷി കവിഭവങ്ങളെക്കൂടാതെ തുണിത്തരങ്ങൾ, മൺപാത്രങ്ങൾ, നെയ്യെടുക്കുന്ന കുട്ട, മുറം, പായ, ചോറ്റുകുട്ട, മറ്റ് കരകൗശല വസ്തുക്കൾ തുടങ്ങി നിത്യോപയോഗ സാധനങ്ങ ളെല്ലാം ഇവിടെ ക്രയവിക്രയത്തിനായി എത്തിച്ചേർന്നു. കുര്യപ്പൻ എന്ന് പേരുള്ള, ഇന്നസെന്റിന്റെ അപ്പന്റെ അപ്പാപ്പന് ഇരിങ്ങാലക്കുട ചന്തയിൽ ഉപ്പ് കച്ചവടമായി രുന്നു എന്ന് അദ്ദേഹം കുറിക്കുന്നു (2008:63). അക്കാലത്ത് അഞ്ഞൂറോളം കാളവ ണ്ടികൾ ഇവിടെ എത്തിച്ചേർന്നിരുന്നതായി *ഇരിങ്ങാലക്കുട മാന്വൽ* രേഖപ്പെടുത്തുന്നു (2018:1018). കെട്ടിടങ്ങൾ ഇല്ലാതിരുന്ന കാലത്ത് തുറസ്സായ സ്ഥലങ്ങളിൽ നിരത്തി വച്ചാണ് അവ വാങ്ങുകയും വിൽക്കുകയും ചെയ്തിരുന്നത്.

ഗതാഗതസൗകര്യങ്ങളിൽവന്ന പുരോഗതി ഇരിങ്ങാലക്കുട അങ്ങാടിയെ കൂടുതൽ സജീവമാക്കി. ചന്തയിൽ കെട്ടിടങ്ങൾ വന്നു. ഇവയിൽ വ്യാപാരസ്ഥാ പനങ്ങളും പ്രവർത്തിച്ചുതുടങ്ങി. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽതന്നെ

ചന്തയിൽ പ്രവർത്തിച്ചു വരുന്ന പലചരക്ക് കച്ചവടസ്ഥാപനമാണ് ടി.കെ. റപ്പായി ആന്റ് സൺസ്. തെക്കേത്തല കുര്യപ്പൻ ആരംഭിച്ച കച്ചവടം ഇന്ന് ടി.എ. റോബിൻ ആണ് നടത്തിവരുന്നത്. ഇതേകാലഘട്ടത്തിൽ തന്നെ ആരംഭിച്ച മറ്റൊരു പലചരക്ക് കച്ചവടസ്ഥാപനമാണ് കെ.വി.കെ. ആന്റ് സൺസ്. ദീപക് ദാസ് കൈമാപറമ്പി ലാണ് ഇതിന്റെ ഉടമസ്ഥൻ. ഇന്ന് എഴുപത്തിയഞ്ചിലധികം വ്യാപാരസ്ഥാപനങ്ങൾ ഇരിങ്ങാലക്കുട ചന്തയിലുണ്ട്. പലചരക്ക്, പച്ചക്കറി, സ്റ്റേഷനറി, കെട്ടിടനിർമ്മാണ സാമഗ്രികൾ, വളം എന്നിവയാണ് പ്രധാന വിപണനവസ്തുക്കൾ.

ഇരിങ്ങാലക്കുട അങ്ങാടിയുടെ വളർച്ച ചന്തയിലെത്തുന്ന ആളുകളുടെ എണ്ണം കുറയുന്നതിന് കാരണമായിട്ടുണ്ട്. ഷോപ്പിംഗ് മാളുകളുടെയും വൻകിട കച്ചവടക്കാരു ടെയും സാന്നിധ്യം ചെറുകിട കച്ചവടക്കാരുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധി ച്ചു. എം.സി.പി., റിലയൻസ് ഫ്രഷ്, ചെമ്പകശ്ശേരി, ചെറാക്കുളം, മൂലൻസ് എന്നിങ്ങനെ അഞ്ചോളം സൂപ്പർ മാർക്കറ്റുകളുണ്ട് ഇരിങ്ങാലക്കുട പട്ടണത്തിൽ.

സമീപപ്രദേശങ്ങളിലെ ചെറുകിട കച്ചവടക്കാർ ഇന്നും ചന്തയെ ആശ്രയിക്കു ന്നു. ബുധനും ശനിയുമാണ് ഇരിങ്ങാലക്കുടയിലെ 'ചന്ത ദിവസങ്ങൾ'. ഈ ദിവ സങ്ങളിൽ ചുറ്റുപാടുമുള്ള കച്ചവടക്കാർ മൂന്നോ നാലോ ദിവസത്തേക്ക് ആവശ്യമായ പലചരക്ക് പച്ചക്കറികൾ ആദായവിലക്ക് വാങ്ങി ചെറുകിടവിൽപ്പനയ്ക്കായി ഉപയോ ഗിക്കുന്നു.

മുനിസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ മത്സ്യം, പച്ചക്കറികൾ, പഴവർഗങ്ങൾ, ഇറച്ചിക്കോഴി, ഉണക്ക മത്സ്യം എന്നിവയുടെ വിൽപ്പനയ്ക്കായി സായാഹ്ന ചന്തയുണ്ട്. 2006 -ലാണ് ഇത് പ്രവർത്തനമാരംഭിച്ചത്. ഇരിങ്ങാലക്കുട മുൻസിപ്പൽ ടൗൺഹാളി ന്റെ പിൻഭാഗത്താണിത്. ഉച്ചകഴിഞ്ഞ് മൂന്നുമണി മുതൽ ഒമ്പത് മണി വരെയാണ് സായാഹ്നചന്തയുടെ പ്രവർത്തന സമയം.

## ഭക്ഷണശാലകൾ

അങ്ങാടിയിലെ ഏറ്റവും ചെറിയ വാണിജ്യകേന്ദ്രങ്ങളായിരുന്നു പെട്ടിക്കടകളും തട്ടക ടകളും. റോഡരികിലെ പെട്ടി വലിപ്പത്തിലുള്ള ചെറിയമുറിയിൽ നടത്തുന്ന വ്യാപാര മാണ് പെട്ടിക്കടകളുടേത്. ബീഡി, സിഗരറ്റ്, വെറ്റിലപ്പാക്ക്, സോഡാപോലുള്ള പാനീ

യങ്ങൾ, മാഗസിനുകൾ, ലോട്ടറിടിക്കറ്റുകൾ എന്നിവയാണ് സാധാരണനിലയിൽ ഇവിടെ കച്ചവടം ചെയ്യുന്നത്. അതിരാവിലെ മുതൽ രാത്രി വൈകുംവരെ ഈ പെട്ടിക്കടകൾ പ്രവർത്തിക്കുന്ന പതിവുണ്ട്. കുറച്ചുവർഷങ്ങൾക്കു മുൻപുവരെ നൂറോളം പെട്ടിക്കടകൾ ഇരിങ്ങാലക്കുട നഗരപ്രദേശങ്ങളിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും ഇന്നത് ഇരുപത്തഞ്ചിൽ താഴെ മാത്രമായി ചുരുങ്ങിയിട്ടുണ്ട്. വികസനത്തിന്റെ പേരിലാണ് പലതും പൂട്ടേണ്ടി വന്നത്. കൂടാതെ ആഗോളവൽക്കരണത്തിന്റെ അനന്തരഫലങ്ങൾ ഇവരെയും ബാധിച്ചിട്ടുണ്ട്.

വഴിയോര ഭക്ഷണശാലകളാണ് തട്ടുകടകൾ. വെയിലാറുമ്പോൾ മുതൽ രാത്രി ഏറെ വൈകിയും പ്രവർത്തിക്കുന്ന ഇവ സാധാരണക്കാരന്റെ രുചിയിടങ്ങളിൽ ശ്രദ്ധേയമാണ്. ജോലി കഴിഞ്ഞ് പോകുന്ന തൊഴിലാളികളാണ് തട്ടുകട ഉപഭോക്താക്കളിലധികവും. ചെറിയ ഉന്തുവണ്ടിയിലാണ് തട്ടുകട സജ്ജീകരിക്കുന്നത്. മുട്ട വിഭവങ്ങൾക്കാണ് ഏറെ പ്രിയം. മത്സ്യമാംസങ്ങളോടൊപ്പം കൊള്ളി (കപ്പ) രുചികരമായി തയ്യാറാക്കി നൽകാൻ തട്ടുകടകൾക്കൊരു പ്രത്യേക കഴിവാണ്. കൊള്ളിയും ബോട്ടിയും, മുട്ടയും കൊള്ളിയും തട്ടുകടകളെ ആകർഷകമാക്കുന്ന പ്രധാന വിഭവങ്ങളാണ്. ദോശയും ചപ്പാത്തിയും ചമ്മന്തിയുമാണ് മറ്റ് ഭക്ഷണവിഭവങ്ങൾ. പുതിയ കാലത്ത് മാറി വന്ന ഭക്ഷണരീതികൾ തട്ടുകടകളെയും സ്വാധീനിച്ചിട്ടുണ്ട്. ചിലയിടങ്ങളിൽ ആട്ടിറച്ചിയും ആടിന്റെ തലച്ചോറും വരെ ലഭ്യമാണ്.

പത്തോളം തട്ടുകടകൾ നഗരാതിർത്തിയിൽ വിവിധ ഇടങ്ങളിലായുണ്ട്. ഠാണാവിലെ ഗവൺമെന്റ് ആശുപത്രിക്ക് മുന്നിലും മൃഗാശുപത്രിക്ക് മുന്നിലും പ്രവർത്തിക്കുന്ന തട്ടുകടകൾ, എ.കെ.പി. ജംഗ്ഷൻ ബസ് സ്റ്റോപ്പിന് സമീപം പ്രവർത്തിക്കുന്ന തട്ടുകട എന്നിവ ഏറെ പഴക്കം ചെന്നവയാണ്. ആളുകൾ കൂടുന്ന ബസ്സ്റ്റോപ്പുകൾക്കരികിലും കള്ളുഷാപ്പിനും ബാറുകൾക്കും സമീപത്തും തട്ടുകടകളുടെ പ്രവർത്തനം കൂടുതൽ സജീവമാണ്.

ഇരിങ്ങാലക്കുട നഗരാതിർത്തിയോട് ചേർന്ന് സ്ഥിതിചെയ്യുന്ന മാപ്രാണം കള്ള് ഷാപ്പ് ഇന്ന് ഏറെ പ്രസിദ്ധമായ ഒരു ഭക്ഷണശാലകൂടിയാണ്. കള്ള് ഷാപ്പ് എന്ന പതിവ് സങ്കൽപത്തിൽനിന്ന് വ്യത്യസ്തമാണ് മാപ്രാണം ഷാപ്പിനുള്ളത്. കുടുംബസമേതം വന്നിരുന്ന് കള്ളും വിഭവങ്ങളും ആസ്വദിക്കുന്ന ഇടമാണ് മാപ്രാണം ഷാപ്പ്.

കുരുമുളകിന്റെ എരിവ് മുന്നിട്ടുനിൽക്കുന്ന പ്രത്യേക രുചിക്കൂട്ടാണ് ഷാപ്പ് കറികൾക്കു ള്ളത്. ചൂര തലക്കറി, കരിമീൻ പൊള്ളിച്ചത്, കിളിമീൻ വറുത്തത് തുടങ്ങിയവ ഇവിടെ ലഭിക്കും. കാട, താറാവ്, മുയല്, പോർക്ക്, കൂന്തൽ, ആടിന്റെ തല, പോത്ത് എന്നീ മാംസ്യവിഭവങ്ങൾക്കും പ്രസിദ്ധമാണ് ഇവിടം. മാപ്രാണം ഷാപ്പിലെ കറിവെപ്പുകാ രനായി വന്ന ജോയ് തന്റെ പതിമൂന്നാം വയസ്സിലാണ് ഇരിങ്ങാലക്കുടയിൽ എത്തി ച്ചേർന്നത്. 41 വർഷങ്ങൾക്കിപ്പുറവും അദ്ദേഹം ഇരിങ്ങാലക്കുടയുടെയും സമീപപ്രദേ ശങ്ങളിൽ ജനങ്ങളുടെ രുചിഭേദങ്ങളെ സംതൃപ്തിയോടെ സൽക്കരിക്കുന്നു.

മാപ്രാണത്തുനിന്നും മൂന്നു കിലോമീറ്റർ കിഴക്കുമാറി കോൾനിലം പാടത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന പ്രാവിൻകൂട് ഷാപ്പും പ്രസിദ്ധമാണ്. എന്നാൽ ഇവിടം കൂടു തലും പുരുഷന്മാരുടെ ഇടമാണ്.

ഇരിങ്ങാലക്കുടയിലെ ഭക്ഷണശാലകളിൽ ഏറെ പഴക്കം അവകാശപ്പെടാ വുന്നത് കൊച്ചുഗോവിന്ദൻ നായർ ഹോട്ടലാണ്. 1940 -കളിലാണ് ആൽത്തറക്ക് സമീപം ഈ സ്ഥാപനം ആരംഭിക്കുന്നത്. പിന്നീട് 2009 മുതൽ ന്യൂ സ്റ്റാൻഡേർഡ് ഹോട്ടൽ എന്ന പേരിൽ ബസ് സ്റ്റാൻഡിലെ സെൻട്രൽ ബാങ്കിനുസമീപം പ്രവർ ത്തനം തുടരുന്നു. വെജിറ്റേറിയൻ വിഭവങ്ങൾ മാത്രം നൽകുന്ന ഈ ഹോട്ടൽ ടി. ഉണ്ണി കൃഷ്ണന്റെ ഉടമസ്ഥതയിലാണ് ഇപ്പോഴുള്ളത്.

1962 -ൽ ആരംഭിച്ച കൊളംബൊ ഹോട്ടൽ കഴിഞ്ഞ തലമുറയിലുള്ളവർക്ക് ഗൃഹാതുര ഓർമ്മയാണ്. പല രാഷ്ട്രീയ - സാമൂഹ്യ - സാഹിത്യ ചർച്ചകൾക്കും കൂടിച്ചേ രലുകൾക്കും ഇവിടം വേദിയാകാറുണ്ട്. ഇരിങ്ങാലക്കുട നടയിൽ ബസ്സ്റ്റാന്റിന് സമീപം ചിറ്റിലപ്പിള്ളി ലോനപ്പനാണ് ഈ ഹോട്ടൽ ആരംഭിച്ചത്. ഇപ്പോൾ അദ്ദേഹത്തിന്റെ മക്കളായ സി.എൽ. ജോസ്, സി.എൽ. ജോർജ്ജ് എന്നിവരാണ് ഈ സ്ഥാപനം നടത്തിവരുന്നത്. അക്കാലത്തെ ഏക ക്രിസ്ത്യൻ ഹോട്ടലായിരുന്നു ഇത്.

അയ്യങ്കാവ് മൈതാനത്തിന് സമീപം സിന്ധു തീയേറ്ററിന് എതിർവശത്തായി പ്രവർത്തിക്കുന്ന പ്രിയ ഹോട്ടലും 1962 -ൽ തന്നെയാണ് ആരംഭിച്ചത്. സാധാരണക്കാ രന്റെ രുചികളെ തൃപ്തിപ്പെടുത്തുന്ന ഈ സ്ഥാപനത്തിന്റെ ഉടമസ്ഥൻ സി.എൽ. ലോന പ്പനാണ്.

ഉടുപ്പി വുഡ്‌ലാന്റ് ഹോട്ടൽ 1977 -ൽ എസ്. മുരളീധരറാവുവാണ് ആരംഭിച്ചത്. വെജിറ്റേറിയൻ വിഭവങ്ങൾ മാത്രമാണ് ഇവിടെ ലഭിക്കുന്നത്. വെജിറ്റേറിയൻ വിഭവങ്ങൾക്ക് ഏറെ പ്രസിദ്ധമാണ് ഇരിങ്ങാലക്കുട.

1990 -കളിൽ ആരംഭിച്ച സ്വാമീസ് കാറ്ററിങ് അതിൽ പ്രധാനമാണ്. പാചക വിദഗ്ധനായ ദൊഡ്ഡമന കാരുകുളങ്ങര മഠം ഡി.എൻ. സുബ്രഹ്മണ്യൻ എമ്പ്രാന്തിരിയാണ് സംരംഭത്തിന്റെ സ്ഥാപകൻ. അദ്ദേഹത്തെ തുടർന്ന് മക്കളായ ഉദയനും ജയകൃഷ്ണനും ഈ സ്ഥാപനം തുടർന്നു കൊണ്ടുവരുന്നു. ഇവരുടെ ഉടമസ്ഥതയിലുള്ള സ്വാമീസ് ബേക്കറി മധുരപലഹാരരംഗത്ത് ശ്രദ്ധേയമായ സ്ഥാനം നേടിയിട്ടുണ്ട്.

ഇരിങ്ങാലക്കുട കിട്ടമേനോൻ റോഡിലുള്ള ബ്രാഹ്മിൻസ് കാറ്ററിംഗ് അപ്പുക്കുട്ടൻ ഇളയത് സ്ഥാപിച്ചതാണ്. മകനായ ഉണ്ണികൃഷ്ണൻ ഇളയത് ആ പാരമ്പര്യം തുടർന്നുവരുന്നു. കെ.എസ്.ഇ. ലിമിറ്റഡിന് സമീപമുള്ള സി.എസ്. ഇളയത് കാറ്ററിങ് ആൻഡ് ലഞ്ച് ഹോം 2008 -ലാണ് ആരംഭിക്കുന്നത്. ഇളയതിന്റെ കട എന്ന പേരിൽ പ്രസിദ്ധമാണ് ഇത്. സുബ്രഹ്മണ്യൻ ഇളയതും മകൻ ജയനാരായണനുമാണ് ഇതിന്റെ ഉടമസ്ഥർ.

കാറ്ററിംഗ് സർവീസും ഹോം ഡെലിവറിയും അടക്കമുള്ള ആധുനിക സംവിധാനങ്ങൾ ഇരിങ്ങാലക്കുടയിലെ ഒട്ടുമിക്ക ഹോട്ടലുകളിലും ഇന്ന് ലഭ്യമാണ്. പുതിയ കാലത്തിന്റെ രുചി വൈവിധ്യങ്ങളെ മാറിമാറി പരീക്ഷിക്കുന്നതിൽ ഇവിടുത്തെ ഭക്ഷണശാലകൾ പിന്നിലല്ല. രണ്ടായിരത്തിനുശേഷം ഹോട്ടലുകളുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടായി. എല്ലാവിധ മത്സ്യ വിഭവങ്ങളും അറബിക് - ചൈനീസ് രുചികളും ഇന്നാട്ടുകാരുടെ പ്രിയപ്പെട്ട ഭക്ഷണസംസ്കാരമായി മാറിയിരിക്കുന്നു. കോണ്ടിനെന്റൽ, ഗ്രിൽഡ്, നോർത്ത് ഇന്ത്യൻ വിഭവങ്ങൾക്കെല്ലാം ഇവിടെ ആവശ്യക്കാർ ഏറെയാണ്. ബർഗറിന് മാത്രമായുള്ള ഇടമാണ് ചന്തക്കുന്നിലെ മിസ്റ്റർ ബർഗർ. 2002 -ൽ ആരംഭിച്ച റിലാക്സ് ആൻഡ് ഗ്രാമ്യ റെസ്റ്റോറന്റ്, 2003 -ൽ തുടങ്ങിവച്ച വിംബീസ് ഫാസ്റ്റ് ഫുഡ് എന്നിവ ശ്രദ്ധേയങ്ങളാണ്. തുടർന്ന് 2015 -നു ശേഷമാണ് ആൽത്തറയ്ക്ക് അടുത്തുള്ള ഹോട്ടൽ വീനസ്, ക്രൈസ്റ്റ് കോളേജ് റോഡിലുള്ള ഹംദാസ് ഫുഡ് കോർട്ട്, കെ.എൽ. 45, ഹോട്ട് പോയിന്റ് റസ്റ്റോറന്റ് എന്നിവ ഇരിങ്ങാലക്കുടയിൽ വേരുറപ്പിച്ചത്.

1955 മുതൽ ചന്തക്കുന്നിൽ പ്രവർത്തിക്കുന്ന ജമുനാ ബേക്കറി മൊയലൻ ഡേവിസിന്റെ ഉടമസ്ഥതയിലുള്ളതാണ്. 1964 -ൽ ആരംഭിച്ച ഹണിമൂൺ സ്വീറ്റ്സ് എന്ന മധുരപലഹാരസ്ഥാപനം ഒരു ചെറുകിട കുടിൽവ്യവസായ യൂണിറ്റ് തന്നെയാണ്. ഇരിങ്ങാലക്കുടയിലെ ചെട്ടിപ്പറമ്പിലാണ് ഈ സ്ഥാപനം പ്രവർത്തിച്ചു വരുന്നത്. തൃശ്ശൂർ ജില്ലയിൽ മുഴവൻ ഹോൾസെയിലായും റീട്ടെയിൽ ആയും ഇവിടുത്തെ തേൻ നിലാവ് മിഠായികൾ കച്ചവടത്തിനായി വിതരണം ചെയ്യുന്നു. ജി. ലെനിൻ ആരംഭിച്ച ഈ യൂണിറ്റ് അദ്ദേഹത്തിന്റെ മകൻ എൽ. അശോകൻ തുടർന്നു വരുന്നു. ഡീൻസ് ബേക്കറി 1970 -ലാണ് പ്രവർത്തനമാരംഭിച്ചത്. പ്രിയ ബേക്കറി, നവ്യ ബേക്കറി, അരോമ ബേക്കേർസ്, റെയിൻബോ ഐസ്ക്രീം സൂപ്പർമാർക്കറ്റ്, കിംഗ്സ് ബേക്കേഴ്സ് ആൻഡ് കഫേ, അമൃതം ബേക്കറി, ഓണസ്റ്റ് ബേക്കറി, ബേക്ക് മാജിക് ഹണിമൂൺ സ്വീറ്റ്സ് ബേക്കറി സൂപ്പർമാർക്കറ്റ്, ജമുനാ ബേക്കറി തുടങ്ങിയവ മധുരപലഹാരരംഗത്ത് ശ്രദ്ധേയമായ സ്ഥാപനങ്ങളാണ്.

## വസ്ത്രശാലകൾ

പുലയമഹാസഭയുടെ സമ്മേളനത്തിന് സാരി ധരിച്ചെത്തിയതിന്റെ പേരിൽ അപമാനിക്കപ്പെട്ടവരുടെയും നാടാണ് ഇരിങ്ങാലക്കുട (നോ. 4.4.5). എന്നാൽ ജാതിഭേദം വസ്ത്രധാരണത്തിലും ദൃശ്യമായിരുന്ന കാലം ഇന്ന് പഴങ്കഥയാണ്. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനപാതിയിൽ വസ്ത്രസങ്കല്പങ്ങളിൽ വലിയ പരിവർത്തനങ്ങൾ വന്നുചേർന്നിട്ടുണ്ട്. വിദേശവസ്ത്രധാരണത്തോടുള്ള കൗതുകവും ഫാഷൻ വസ്ത്രങ്ങളുടെ വൈവിധ്യവും ഇരിങ്ങാലക്കുടയുടെ വസ്ത്രസംസ്കാരത്തേയും സ്വാധീനിച്ചു. ഇരിങ്ങാലക്കുടയിലെ വസ്ത്രവ്യാപാരത്തിന്റെ ആരംഭം ചന്തയിൽ തന്നെയായിരുന്നു. ഇന്നും സാധാരണക്കാരന്റെ വരുമാനത്തിന് സാധ്യമായവിധം തുണിത്തരങ്ങളും വസ്ത്രങ്ങളും ചന്തയിലെ കടകളിൽ ലഭ്യമാണ്.

വിപുലമായ ഫാഷൻ വസ്ത്രശേഖരവുമായി ടെക്സ്റ്റയിൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നത്, ജനത ടെക്സ്റ്റയിൽസ്, കണ്ടംകുളത്തി സിൽക്ക് ഹൗസ് തുടങ്ങിയ സ്ഥാപനങ്ങളുടെ വരവോടെയാണ്. ഇരിങ്ങാലക്കുടയുടെ വസ്ത്രവ്യാപാരരംഗത്ത് അന്നും ഇന്നും ഏറെ പ്രശസ്തമാണ് അക്കര ടെക്സ്റ്റയിൽസ്. ആന്റണി അക്കരക്കാരൻ ആന്റോ പീസ് ഗുഡ്സ് എന്ന പേരിൽ ഇന്നത്തെ ബസ്റ്റാന്റ് ഇരിക്കുന്ന സ്ഥലത്താണ് ആദ്യമായി വസ്ത്ര

വിപണന സ്ഥാപനം ആരംഭിക്കുന്നത്. പിന്നീട് ബസ് സ്റ്റാൻഡിന് സ്ഥലം എടുത്തു പോയപ്പോൾ പുളുർ അച്യുതമേനോന്റെ വീട് വാങ്ങിയാണ് അക്കര ടെക്സ്റ്റൈൽസ് എന്ന പേരിൽ പുന:രാരംഭിച്ചത്. അദ്ദേഹത്തിന്റെ മകൻ ബാബു ആന്റണിയാണ് ഇപ്പോൾ സ്ഥാപനത്തിന്റെ ഉടമസ്ഥൻ.

1982 -ൽ കെ.കെ. കൃഷ്ണാനന്ദ ബാബുവാണ് സ്മിതാസ് സാരീസ് ആന്റ് റെഡി വെയേഴ്സ് ആരംഭിക്കുന്നത്. ഇന്ന് പുരുഷൻമാർക്ക് മാത്രമായും സ്ത്രീകൾക്കും കുട്ടികൾ ക്കും പ്രത്യേകമായും മറ്റും വ്യത്യസ്തത പുലർത്തുന്ന ഒട്ടനവധി വസ്ത്ര വിപണനസ്ഥാപ നങ്ങൾ ഇരിങ്ങാലക്കുടയിലുണ്ട്. സണ്ണി സിൽക്സ്, പവിത്ര ടെക്സ്റ്റയിൽസ്, ലക്ഷ്മി മെൻസ് ഫാഷൻ, മുണ്ടുകട, രംഗീല, ആദം മാൻ മൾട്ടി ബ്രാൻഡഡ് ബോട്ടിക്, ഹണി ബി, യുണൈറ്റഡ് ഫാഷൻസ്, ചേറ്റുപുഴാസ് ഡ്രസ്സ് കളക്ഷൻസ് തുടങ്ങിയവയെല്ലാം അവയിൽ ചിലത് മാത്രമാണ്.

## സ്വർണ്ണം, വെള്ളി വ്യാപാരം

സ്വർണ്ണവ്യാപാരരംഗത്ത് ഇരിങ്ങാലക്കുടയിൽ സ്ഥാപിതമായ ഏറ്റവും പഴക്കംചെന്ന സ്ഥാപനങ്ങൾ വെള്ളാനിക്കാരൻ, തൊഴുത്തും പറമ്പിൽ, കൂനൻ, കാട്ട്ളാസ് എന്നി വരുടേത്. ലൈസൻസുള്ള ജ്വല്ലറി ഉടമകളായിരുന്നു ഇവർ. അന്ന് ജ്വല്ലറികൾക്ക് ലൈസൻസ് ലഭിക്കുക എളുപ്പമായിരുന്നില്ല. 1880 - ൽ ആന്റണി വെള്ളാനിക്കാരൻ ആരംഭിച്ച ജ്വല്ലറി ഇപ്പോൾ തോമസ് വെള്ളാനിക്കാരൻ നടത്തിവരുന്നു. ഇരിങ്ങാല ക്കുടയിലെന്നല്ല പരിസരപ്രദേശങ്ങളിലെല്ലാം ജനങ്ങൾക്ക് ഏറെ വിശ്വാസമായിരുന്ന സ്വർണ്ണവിപണന കേന്ദ്രമായിരുന്നു വെള്ളാനിക്കാരൻ ജ്വല്ലറി.

നൂറു വർഷത്തിലധികം പഴക്കമുള്ള മറ്റൊരു സ്വർണവ്യാപാരകേന്ദ്രമാണ് കാട്ട്ളാസ് ജ്വല്ലറി. 1887 -ൽ ബ്രഹ്മകുളത്ത് കാട്ട്ളാസ് ഇട്ട്യേര മകൻ പൗലോസ് ആണ് ഇതിന് ആരംഭം കുറിച്ചത്. 1967 മുതൽ കാട്ട്ളാസ് ജോസ് ആണ് ഈ സ്ഥാപനം നടത്തിവരുന്നത്. ഇരിങ്ങാലക്കുട മെയിൻ റോഡിലുള്ള കാട്ട്ളാസ് ജ്വല്ലറി ഒരു ഗ്രാം തങ്കത്തിൽ പൊതിഞ്ഞ ആഭരണങ്ങൾക്ക് പ്രസിദ്ധമാണ്. വെള്ളി ആഭരണങ്ങളും ഇവിടെ ലഭ്യമാണ്.

1953 -ൽ വെള്ളാനിക്കാരൻ വെള്ളിക്കട, എഫ്. ജോണി വെള്ളാനിക്കാരൻ സ്ഥാപിച്ചതാണ്. തൊണ്ണൂറുകൾക്ക് ശേഷം ജ്വല്ലറി രംഗത്തും വലിയ വളർച്ചയാണ് ഇരിങ്ങാലക്കുടയിൽ ഉണ്ടായിട്ടുള്ളത്. കല്ലട ഗോൾഡ് സിറ്റി, കല്ലിങ്ങപ്പുറം അമ്പിളി ജ്വല്ലേഴ്സ്, പ്രിയ ജ്വല്ലറി, മാളക്കാരൻ ജ്വല്ലറി, നിഷ ജ്വല്ലറി എന്നിവയും ഇരിങ്ങാലക്കുടയുടെ സ്വർണ്ണവിപണിയെ സജീവമാക്കുന്നു.

പുതിയ കാലത്തിന്റെ ഉപഭോക്തൃ താൽപര്യങ്ങളെ തൃപ്തിപ്പെടുത്തുന്ന ഇലക്ട്രോണിക്സ് വീട്ടുപകരണങ്ങൾ, ടൈൽ ഗ്രാനൈറ്റ് സാനിറ്ററി ഉൽപന്നങ്ങൾ, ഇന്റർനെറ്റ് കഫേകൾ, മൊബൈൽ ഷോപ്പുകൾ, ബ്യൂട്ടിപാർലറുകൾ, ഫിറ്റ്നസ് സെന്ററുകൾ തുടങ്ങിയ സജ്ജീകരണങ്ങൾ ഇരിങ്ങാലക്കുട പട്ടണത്തെ പരിഷ്കൃതമാക്കുന്നു.

## 4.3 വ്യവസായം

വ്യവസായവികസനം സമ്പദ്വ്യവസ്ഥയിൽ മാത്രമല്ല, സാമൂഹിക മാറ്റങ്ങൾക്കും കാരണമാകുന്നുണ്ട്. ദാരിദ്ര്യവും തൊഴിലില്ലായ്മയും പരിഹരിക്കുന്നതിനും ജീവിതനിലവാരം ഉയർത്തുന്നതിനും വ്യാവസായിക സ്ഥാപനങ്ങൾ സഹായകമാകുന്നു. ഇരിങ്ങാലക്കുടയുടെ ആധുനികീകരണത്തിൽ വ്യവസായങ്ങൾ വഹിച്ച പങ്ക് ചെറുതല്ല. വ്യവസായവും വൻകിടകമ്പനികളും രൂപമെടുക്കുന്നതിനു മുൻപേ ജീവിതോപാധി എന്ന നിലയിൽ കരകൗശല - കുടിൽവ്യവസായങ്ങൾ ഇവിടെ നിലനിന്നിരുന്നു. കുട്ടനെയ്ത്തും ബീഡിതെറുപ്പും തഴപ്പായ നെയ്ത്തും ഇവിടുത്തെ ജനജീവിതത്തിന്റെ ഭാഗമായിരുന്നു.

ഇരിങ്ങാലക്കുടയുടെ വാണിജ്യചരിത്രം എന്ന ലേഖനത്തിൽ ഇവിടുത്തെ വ്യവസായ പ്രമുഖനും കെ.എസ്.ഇ. ലിമിറ്റഡിന്റെ ചെയർമാനുമായിരുന്ന എം.സി. പോൾ ഇപ്രകാരം രേഖപ്പെടുത്തുന്നു. “മുന്നൂറ് വർഷം പഴക്കമുള്ള ഇരിങ്ങാലക്കുട ചന്ത, തൃശ്ശൂർ ജില്ലയിലെ ഏറ്റവും വലിയ ചന്തയായിരുന്നു. എണ്ണയാട്ടു വ്യവസായം, മേച്ചിലോട് വ്യവസായം, ഓട്ടുപാത്രനിർമ്മാണം എന്നിവയുടെ പ്രധാന കേന്ദ്രമായിരുന്നു ഇരിങ്ങാലക്കുടയും പരിസരപ്രദേശങ്ങളും. നല്ല നിലയിൽ പ്രവർത്തിക്കുന്ന പല പ്രിന്റിങ് പ്രസ്സുകളും ഇവിടെയുണ്ടായിരുന്നു. അയൽപ്രദേശങ്ങളെ അപേക്ഷിച്ച് ഈ മേഖലയിൽ നമ്മുടെ സ്ഥാനം വളരെ മുമ്പിലായിരുന്നു. ഈ രംഗത്തെ ടെക്നോളജിയിലുണ്ടായ അത്ഭുതകരമായ വളർച്ചയുടെ ചുവടൊപ്പിച്ച് പ്രിന്റിങ് മേഖലയിൽ നമുക്കു മുന്നോട്ടു പോകാൻ കഴി

ഞ്ഞിട്ടുണ്ടോ? അമ്പതു വർഷം മുമ്പുവരെ പ്രശസ്തമായ ബേക്കറികൾ ഇവിടെ ഉണ്ടായിരുന്നു. ഇന്ന് റൊട്ടി, ബിസ്കറ്റ് എന്നിവയുടെ നിർമ്മാണം ചെറുകിട മേഖലയിൽ പാടെ നിലച്ച മട്ടായിരിക്കുന്നു. ഇരിങ്ങാലക്കുടയിൽ മാത്രമല്ല, നാട്ടിലെല്ലായിടത്തും ഫർണിച്ചർ നിർമ്മാണരംഗത്തും ഈ നഗരത്തിനുണ്ടായിരുന്ന നേതൃസ്ഥാനം നഷ്ടപ്പെട്ടുകയായിരുന്നു. പടക്കത്തിന് പേരുകേട്ട സ്ഥലമാണ് ഇരിങ്ങാലക്കുട... ഇരിങ്ങാലക്കുട പപ്പടം ഒരുകാലത്ത് പ്രശസ്തമായിരുന്നു. പള്ളി - ആൽത്തറയ്ക്ക് ചുറ്റുമുള്ള നിരവധി ഗൃഹങ്ങളിൽ പപ്പട നിർമ്മാണം നല്ലനിലയിൽ കുടുംബവ്യവസായമായി നടന്നുവന്നിരുന്നു" (2013:61).

അവിട്ടത്തൂരിലെ നോബിൾ ബ്രഡ് കമ്പനി 1996 -ലാണ് ആരംഭിക്കുന്നത്. ചുരുങ്ങിയ കാലംകൊണ്ട് ഇവിടുത്തെ ബ്രഡ്, ബൺ, റസ്ക് തുടങ്ങിയ ഭക്ഷ്യവിഭവങ്ങൾ ജനപ്രിയമായി. പോൾ കൊടിയന്റെ ഉടമസ്ഥതയിലുള്ള ഈ സ്ഥാപനത്തിൽ സ്ത്രീകളടക്കം അറുപതോളം പേർ തൊഴിലെടുക്കുന്നു. ബ്രെഡ് ഉൽപ്പന്നങ്ങൾ കൂടാതെ മട്ട പൊടിയരി, മട്ട അവൽ, അരിപ്പൊടി തുടങ്ങിയ ഉൽപ്പന്നങ്ങളും വിപണിയിൽ എത്തിക്കുന്നുണ്ട്.

## പപ്പടനിർമ്മാണം

പപ്പടനിർമ്മാണം കുടിൽവ്യവസായം എന്ന നിലയിൽ ഇവിടെ നിലനിൽക്കുന്നുണ്ട്. നടവരമ്പ് പള്ളിക്ക് എതിർ വശത്തായി പണ്ടാരസമുദായത്തിൽപ്പെട്ട വീടുകളിൽ പപ്പടനിർമ്മാണം ഇന്നും പാരമ്പര്യരീതിയിൽ തുടരുന്നു. ഉണക്കാനിട്ടിരിക്കുന്ന പപ്പടങ്ങൾ അവിടെ സ്ഥിരം കാഴ്ചയാണ്. ചക്കിലാട്ടിയഎണ്ണ ശുദ്ധിയോടെ ഉത്പാദിപ്പിക്കുന്ന വണികവൈശ്യവിഭാഗങ്ങൾ ഇരിങ്ങാലക്കുടയിൽ സജീവമായിരുന്നു (നോ. 2.7.7).

## മേച്ചിലോട് വ്യവസായം

ഇരിങ്ങാലക്കുടയുടെ പ്രാന്തപ്രദേശങ്ങളിൽ മേച്ചിലോട് നിർമ്മാണം വലിയ വ്യവസായമായി വളർന്നിരുന്നു. പൊറത്തിശ്ശേരി, കരുവന്നൂർ പ്രദേശത്തുനിന്നും ധാരാളമായി ലഭിച്ചിരുന്ന അസംസ്കൃത വസ്തുവായ കളിമണ്ണ് ഇതിന് ഭൗതികസാഹചര്യമൊരുക്കി. ആളൂർ, മുരിയാട് മേഖലയിലും ഉണ്ടായിരുന്ന കളിമണ്ണിന്റെ സാന്നിധ്യം മേച്ചിലോട് -

ഇഷ്ടികവ്യവസായത്തെ ഈ പ്രദേശങ്ങളിൽ വളർത്തി. എന്നാൽ ഇന്ന് ഈ വ്യവ സായം തളർന്നു കഴിഞ്ഞിരിക്കുന്നു. കളിമണ്ണിന്റെ ലഭ്യത കുറഞ്ഞതിനാൽ ബാംഗ്ലൂരിൽ നിന്ന് ഇറക്കുമതി ചെയ്താണ് ഈ അടുത്ത കാലംവരെ കമ്പനികളിൽ നിർമ്മാണം നടന്നിരുന്നത്. ഓട്, സ്ക്വയർകട്ട, ഫ്ലോറിങ് ടൈൽ എന്നിവയുടെ നിർമ്മാണം തുടർ ന്ന് വന്നെങ്കിലും ഒട്ടേറെ യൂണിറ്റുകൾ ഉൽപാദനം നിർത്തി. പ്രവർത്തിക്കുന്നവ തന്നെ ലാഭകരമായല്ല നടന്നുപോകുന്നത്.

## മൺപാത്രനിർമ്മാണം

ഇരിങ്ങാലക്കുട ക്രൈസ്റ്റ്കോളേജ് ഇരിക്കുന്ന സ്ഥലത്ത് മുൻമ്പ് കുശവൻമാർ താമസി ച്ച് മൺപാത്രങ്ങൾ നിർമ്മിച്ചിരുന്നു. ഞവരിക്കുളത്തിനടുത്തുണ്ടായിരുന്ന ചാലിയം പാട ത്തുനിന്ന് കളിമണ്ണ് ശേഖരിച്ചാണ് ഇവർ തങ്ങളുടെ കുലത്തൊഴിൽ ചെയ്ത് വന്നത്. ചെളിയൻപാടം എന്നും ഈ സ്ഥലം അറിയപ്പെടുന്നുണ്ട്. ആദ്യകാലങ്ങളിൽ കൂടൽമാ ണിക്യക്ഷേത്രപരിസരം വൃത്തിയാക്കുന്ന ജോലികൾ ഈ കുശവവിഭാഗത്തിന് അവകാ ശപ്പെട്ടതായിരുന്നു. അന്ന് തങ്ങൾക്ക് പൂണൂൽ ഉണ്ടായിരുന്നതായും പിന്നീട് മൺപാ ത്രനിർമ്മാണത്തിനിടയ്ക്ക് അതൊരു തടസ്സമായതിനാൽ ഉപേക്ഷിക്കുകയായിരുന്നു എന്നും പറഞ്ഞു കേട്ടിട്ടുള്ളതായി ഷാബു മുത്രത്തിപറമ്പിൽ [6] പറയുന്നു. എന്നാൽ എന്നു മുതലാണ് ക്ഷേത്രത്തിലെ ഈ അവകാശങ്ങൾ ഇല്ലാതായത് എന്ന് കൃത്യമായ അറി വില്ല. ഏകദേശം 50 വർഷം മുൻപ് വരെ തങ്ങളുടെ വീട്ടുമുറ്റത്ത് മൺപാത്രനിർമ്മാണം നടന്നിരുന്നതായി അദ്ദേഹം ഓർക്കുന്നുണ്ട്. ക്രൈസ്റ്റ് കോളേജ് റോഡിന് തെക്കുഭാ ഗത്തായി ഇവർക്ക് വിഷ്ണുമായക്ഷേത്രമുണ്ട്. കോളേജ് നിർമ്മാണത്തിനായി ഈ ഭൂമി നൽകിയപ്പോൾ ഇവരിൽ പലർക്കും കോളേജിന്റെ വ്യത്യസ്ത മേഖലകളിൽ ജോലി ലഭി ച്ചു.

മുരിയാട് ചാലിക്കുളത്ത് മൺപാത്രങ്ങൾ നിർമ്മിക്കുന്ന കുശവവിഭാഗത്തിന്റെ സാന്നിധ്യമുണ്ടായിരുന്നു. മൺപാത്രങ്ങളുടെ അസംസ്കൃതവസ്തുവായ കളിമണ്ണ് എടു ത്തിരുന്ന സ്ഥലമാണ് ചാലിക്കുളമായി രൂപാന്തരപ്പെട്ടത്. ഇന്നും ഈ പ്രദേശത്ത് ധാരാളം കളിമൺപാത്രങ്ങളുടെ അവശിഷ്ടങ്ങളും പാത്രങ്ങൾ ചൂളക്ക് വെച്ചിരുന്ന കുഴി കളും കാണാൻ കഴിയും. “125 വർഷം മുമ്പുള്ള ബ്രിട്ടീഷുകാരുടെ സർവ്വേയിൽ ചാലി

[6] ഷാബു മുത്രത്തിപറമ്പിൽ, 56 വയസ്സ്, ഇരിങ്ങാലക്കുട.

ക്കുളത്തിന് കലാമനൈ ചാൽ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു സമൂഹത്തിനു വേണ്ടിയുള്ള മുഴുവൻ പാത്രങ്ങളും നിർമ്മിച്ചെടുക്കുകയും വിപണനം ചെയ്യുകയും ചെയ്ത കുശവവിഭാഗത്തിൽപ്പെട്ട ആ ജനസമൂഹം കാലത്തിന്റെ വലിയ പ്രവാഹത്തിൽ പതുക്കെ ആണ്ടുപോയി. അലുമിനിയം, സ്റ്റീൽ പാത്രങ്ങളുടെ വരവോടെ മൺപാത്രങ്ങൾ ആർക്കും വേണ്ടാതായി... ബ്രിട്ടീഷുകാർ പണിതീർത്ത നെല്ലായി റെയിൽവേ സ്റ്റേഷനടുത്തുള്ള പാലം കുശവൻ പാലം എന്നാണ് അറിയപ്പെടുന്നത്. അത് ഒരു വംശജീവിതത്തിന്റെ സ്മരണയാണ്. മുമ്പ് ഉണ്ടായിരുന്നവരും പിന്നീട് ഇല്ലാതാക്കപ്പെട്ടവരുമായ ഒരു കൂട്ടം മനുഷ്യരെ ചരിത്രം ഇങ്ങനെയാണ് സ്മരിക്കുക"എന്ന് *ഇരിങ്ങാലക്കുട മാന്വൽ* രേഖപ്പെടുത്തുന്നു (2018:530). കുശവവിഭാഗക്കാരുടെ പുതിയ തലമുറ തങ്ങളുടെ കുലത്തൊഴിൽ പാടേ ഉപേക്ഷിച്ച മട്ടാണ്. ജനജീവിതത്തിന്റെ വിവിധ തുറകളിൽ വ്യത്യസ്ത തൊഴിലുകൾ ചെയ്ത് അവർ കഴിഞ്ഞു വരുന്നു.

## തുകൽവ്യവസായം

ഇരിങ്ങാലക്കുടയിലെ തുകൽവ്യാപാരത്തിന് നൂറ് വർഷത്തിലേറെ പഴക്കം കണക്കാക്കുന്നുണ്ട്. പെരിയ തമ്പി റാവുത്തർ ആരംഭിച്ച കളക്കാട്ട് ലതേഴ്സ് എന്ന സ്ഥാപനം അദ്ദേഹത്തിന്റെ മകൻ ഷാഹുൽഹമീദ് ഏറ്റെടുത്തു. ചെറുകിട യൂണിറ്റുകൾക്ക് അസംസ്കൃത വസ്തുക്കൾ വിതരണം ചെയ്ത് തുകൽ ഉൽപ്പന്നങ്ങൾ നിർമ്മിച്ചിരിക്കുന്ന രീതിയാണ് ഇവിടെ നടന്നു വരുന്നത്. മികച്ച തുകൽ ഉൽപ്പന്നങ്ങളുടെ കയറ്റുമതിക്കാർ എന്ന് പേരെടുത്ത ഈ സ്ഥാപനം ഇപ്പോൾ കെ.എസ്. അബ്ദുൽ സമദ് ആണ് നടത്തിവരുന്നത്.

## 4.3.1 ഓട്ടുപാത്രനിർമ്മാണം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനകാലത്തുതന്നെ കുടിൽവ്യവസായം എന്ന രീതിയിൽ ഇരിങ്ങാലക്കുടയിൽ ഓട്ടുപാത്രനിർമ്മാണം ആരംഭിച്ചിരുന്നു. ഇരിങ്ങാലക്കുടക്ക് പുറത്ത് ഇരിങ്ങാലക്കുടയുടെ പേര് കേൾപ്പിച്ച ആദ്യ വ്യവസായം ഓട്ടുപാത്രങ്ങളുടേതാണ്. മൂശാരി സമുദായത്തിന്റെ കുലത്തൊഴിലാണ് ഓട്ടുപാത്രനിർമ്മാണം. എന്നാൽ ഈ തൊഴിലിൽ വൈദഗ്ധ്യം നേടിയ നാനാജാതി വിഭാഗക്കാർ ഇരിങ്ങാലക്കുടയിലുണ്ട്. അക്കാലത്ത് ഓട്ടുപാത്രങ്ങൾക്ക് ഗ്രാമപ്രദേശങ്ങളിലും നഗര പ്രദേശ

ങ്ങളിലും ആവശ്യക്കാർ ഏറെ ഉണ്ടായിരുന്നു. ഉണ്ണാനും വിളമ്പാനുംവരെ ഓട്ടുപാത്രങ്ങൾ ഉപയോഗിച്ചിരുന്നു. വിവാഹശേഷം ഭർതൃവീട്ടിലേക്ക് പോകുന്ന പെൺകുട്ടികൾക്ക് പാരിതോഷികമായി വലിയ ചെമ്പുകൾ, ഉരുളികൾ, കുടങ്ങൾ, കിണ്ടി, മൊന്ത, വിളക്കുകൾ തുടങ്ങിയവ നൽകുന്ന രീതി ഈ പ്രദേശങ്ങളിലുണ്ടായിരുന്നു. അടുക്കള കാണൽ എന്നാണ് ഈ ചടങ്ങിന് പറഞ്ഞുവന്നിരുന്നത്. ഇന്നത് ഫ്രിഡ്ജ്, ടെലിവിഷൻ, വാഷിങ് മെഷീൻ തുടങ്ങിയ ഇലക്ട്രിക് ഉപകരണങ്ങളിലേക്ക് വഴിമാറി.

## ആലേങ്ങാടൻ വെസ്സൽസ്

1896 കാലഘട്ടത്തിൽ ഇരിങ്ങാലക്കുടയിലെ ആലേങ്ങാടൻ തറവാട്ടുകാർ കുടിൽ വ്യവസായമായിട്ടാണ് ഓട്ടുപാത്രനിർമ്മാണം ആരംഭിച്ചത്. ചുരുങ്ങിയ കാലംകൊണ്ട് ഈ വ്യവസായം വിപുലമായിത്തുടങ്ങി. അതിനുമുമ്പ് ആലേങ്ങാടൻ തറവാട്ടിലെ എ.കെ. പൗലോസ്, മൂശാരിമാരിൽനിന്നും വാങ്ങിയ പാത്രങ്ങൾ വീടുകളിൽ എത്തിച്ച് വിൽപന നടത്തിവരികയായിരുന്നു. എ.കെ.പി. വെസ്സൽസ് എന്ന പേരിൽ ഠാണാവിൽ രണ്ട് സ്ഥാപനങ്ങളാണ് ആലേങ്ങാടൻ തറവാട്ടുകാർക്കുള്ളത്. പാത്രങ്ങളെക്കൂടാതെ ആരാധനാലയങ്ങളിലേയ്ക്ക് ആവശ്യമായ വലിയവിളക്കുകൾ, തൂക്കുവിളക്കുകൾ, ശില്പങ്ങൾ, മണികൾ, മറ്റ് കരകൗശലവസ്തുക്കൾ എന്നിവയെല്ലാം ഇവിടെ ലഭ്യമാണ്.

1962 -ലാണ് എ.കെ.പി. മെറ്റൽസ് ആൻഡ് അലോയ്ഡ് എന്ന വ്യവസായ യൂണിറ്റ് പ്രവർത്തനമാരംഭിക്കുന്നത്. 1960 - 65 കാലഘട്ടത്തിൽ ഇവർക്ക് ഓട്ടുപാത്രനിർമ്മാണത്തിനായി കേന്ദ്രത്തിൽനിന്ന് ചെമ്പിന്റെ ക്വാട്ട (വിഹിതം) ലഭിച്ചിരുന്നു. ഇവിടെ സ്റ്റെയ്ൻലെസ് സ്റ്റീൽ, ചെമ്പ്, അലുമിനിയം എന്നിവയുടെ ഷീറ്റുകൾ ഉരുക്കിയെടുത്ത് മെഷീനിൽ വച്ച് മുറിച്ച് ഷീറ്റുകളാക്കി വലിപ്പം ക്രമപ്പെടുത്തി പാത്രങ്ങളും മറ്റും നിർമ്മിച്ചുവരുന്നു. സ്റ്റീൽപാത്രങ്ങളുടെയും കുക്കറുകളുടെയും കമ്പോളത്തിലേക്കുള്ള കടന്നുവരവ് ചെമ്പുപാത്രങ്ങളുടെ വിപണനം ഏറെക്കുറെ ഇല്ലാതാക്കി. നിലവിൽ അമ്പലങ്ങളുടെ മേൽക്കൂര ചെമ്പുമേയുന്നതുൾപ്പെടെയുള്ള ചുരുക്കം ചില പ്രവർത്തനങ്ങൾക്ക് മാത്രമാണ് ചെമ്പ് ഷീറ്റുകൾ പ്രയോജനപ്പെടുത്തുന്നത്. കേരളത്തിൽ ഇത്തരത്തിലുള്ള ഫാക്ടറികൾ വളരെ അപൂർവമായിരുന്നു. ചെമ്പുപാത്രങ്ങളുടെ ഉപയോഗം കുറഞ്ഞതോടെ കമ്പനികൾ പലതും അടച്ചുപൂട്ടിയെങ്കിലും എ.കെ.പി. മെറ്റൽസ് ഇപ്പോഴും പ്ര

വർത്തനം തുടരുന്നു. എ.പി. ജോർജ്ജ്, ജോൺ ജോർജ്ജ് എന്നിവരാണ് ഇപ്പോൾ ഈ സ്ഥാപനം നടത്തിവരുന്നത് .

## നടവരമ്പ് ബെൽ മെറ്റൽസ്

ഓട്ടുപാത്രനിർമ്മാണരംഗത്ത് പ്രാധാനമായും രണ്ട് സ്ഥാപനങ്ങളാണ് നടവരമ്പിലുള്ളത്. മൂന്ന് മൂശാരിമാരെ വെച്ച് ചെറിയൊരു ആലയിൽ സുബ്രഹ്മണ്യ അയ്യർ തുടങ്ങിവച്ച സംരംഭമാണ് നടവരമ്പ് കൃഷ്ണ ബ്രദേഴ്സ് എന്ന ഓട്ടുപാത്രനിർമ്മാണ കമ്പനിയായി വളർന്നത്. തഞ്ചാവൂരിൽനിന്നും തൃശ്ശൂരിലേക്ക് കുടിയേറിയ ബ്രാഹ്മണകുടുംബാംഗമാണ് ഇദ്ദേഹം. പാണ്ടികശാല മഠം എന്നറിയപ്പെട്ട ആ കുടുംബത്തിന്റെ വീട്ടുവളപ്പിലാണ് ആദ്യമായി ആല ആരംഭിക്കുന്നത്. തുടർന്ന് കൂട്ടുകുടുംബവ്യവസ്ഥയിൽ ജീവിച്ചിരുന്ന മൂശാരി കുടുംബാംഗങ്ങളിൽനിന്നും അനേകം പേർ ഇവിടെ തൊഴിലാളികളായി വന്നു. ഇന്ന് ഈ സ്ഥാപനം കേരള ഖാദിബോർഡിന്റെ കീഴിലാണ് പ്രവർത്തിച്ചു വരുന്നത്.

ഒരു ഓണക്കാലത്ത് ബോണസിനെ ചൊല്ലിയുണ്ടായ തർക്കത്തെ തുടർന്ന് കൃഷ്ണ ബ്രദേഴ്സിൽനിന്ന് അഞ്ച് തൊഴിലാളികൾക്ക് പിരിഞ്ഞുപോരേണ്ടി വന്നു. കുലത്തൊഴിൽ നഷ്ടപ്പെട്ട ഇവരെ ചേർത്ത് നാരായണ സ്വാമിയും മകനായ പി.എൻ. കൃഷ്ണനും ചേർന്ന് നടവരമ്പ് കൃഷ്ണബെൽ വർക്കേഴ്സ് ഇന്റസ്ട്രിയൽ എന്ന സ്ഥാപനം ആരംഭിച്ചു. എൺപതുകളിൽ നൂറോളം തൊഴിലാളികളുണ്ടായിരുന്ന ഇവിടെ പിന്നീട് അടച്ചുപൂട്ടൽ ഭീഷണി നേരിട്ടു. തുടർന്ന് കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്താണ് ഇതിനൊരു പോംവഴി അന്വേഷിച്ച് സഹകരണ സംഘം എന്ന ആശയത്തിലേക്ക് എത്തിച്ചേർന്നത്. 1972 -ൽ നടവരമ്പ് ബെൽവിക്സ് ഒരു സഹകരണ സ്ഥാപനമെന്ന നിലയിൽ രജിസ്റ്റർ ചെയ്തു. ഇതുതന്നെയായിരിക്കണം കേരളത്തിലെ ഏക ഓട്ടുസാമഗ്രികളുടെ നിർമ്മാണ സഹകരണസംഘം. കൃഷ്ണപ്പ സ്വാമി എന്ന് വിളിപ്പേരുള്ള പി.എൻ. കൃഷ്ണനായിരുന്നു വളരെക്കാലം ഈ സംഘത്തിന്റെ പ്രസിഡന്റ്. പിന്നീട് അധികാരം പൂർണമായും തൊഴിലാളികളുടെ കയ്യിൽ എത്തിച്ചേർന്നു. ഇന്ന് സംഘത്തിന് 52 സെന്റ് സ്ഥലം സ്വന്തമായുണ്ട്.

നടവരമ്പിലെ തൃപ്പയ്യക്ഷേത്രത്തിന് സമീപമാണ് ഇത് സ്ഥിതി ചെയ്യുന്നത്. ഇവിടെ നിർമ്മിച്ച വെങ്കലമണികളും മറ്റ് കരകൗശലവസ്തുക്കളും ലോകപ്രശസ്തമാണ്.

ക്ഷേത്രങ്ങളിലേക്കും പള്ളികളിലേക്കും ആവശ്യമായ വ്യത്യസ്തതരം വിളക്കുകൾ, വിഗ്രഹങ്ങൾ, ചങ്ങലവട്ട, ദീപസ്തംഭം, പ്രഭാമണ്ഡലം, തിടമ്പ്, വീട്ടുകളിലേക്ക് ആവശ്യമായ ഉപകരണങ്ങൾ, ആയുർവ്വേദമരുന്നുകളുടെ നിർമ്മാണത്തിന് ആവശ്യമായ ഉരുളികൾ, വാർപ്പുകൾ, അലങ്കാരവസ്തുക്കൾ തുടങ്ങിയവയെല്ലാം ഇവിടെ നിർമ്മിച്ചെടുക്കുന്നു. ചെമ്പിനോടൊപ്പം കാൽഭാഗം വെള്ളീയവും ചേർത്ത് നിർമ്മിച്ചെടുക്കുന്ന നടവരമ്പിലെ ഓട്ടുപകരണങ്ങളുടെ ഗുണമേന്മയിൽ തർക്കമില്ല. ചെലവ് കൂടുതലാണെന്ന് മാത്രം.

അന്യംനിന്നുപോകുന്ന കരകൗശല തൊഴിലുകളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള കേന്ദ്രസർക്കാരിന്റെ പ്രോജക്ട് അനുസരിച്ച് നടവരമ്പ് ബെൽവിക്ലിൽ ഓട്ടുപാത്രനിർമ്മാണ തൊഴിൽപരിശീലനകേന്ദ്രം ആരംഭിച്ചിരുന്നു. മാസം 250 രൂപ സ്റ്റൈപ്പന്റ് നൽകിയായിരുന്നു തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് ഓട്ടുപാത്രനിർമ്മാണത്തിൽ പരിശീലനം നൽകിവന്നത്. പരിസരപ്രദേശങ്ങളിലെ പല വിഭാഗങ്ങളിലുമുള്ള ചെറുപ്പക്കാർ ഈ സാഹചര്യം പ്രയോജനപ്പെടുത്തി ഓട്ടുപാത്രനിർമ്മാണത്തിൽ പ്രാഗൽഭ്യം നേടി.

## ചെറാക്കുളം വെസ്സൽസ്

1978 -ൽ ചെറാക്കുളം തറവാട്ടുകാർ ഓട്ടുപാത്രനിർമ്മാണ രംഗത്തേക്ക് കടന്നുവന്നു. ഠാണാവിൽ തന്നെയാണ് ചെറാക്കുളം വെസ്സൽസ് എന്ന പേരിലുള്ള വിൽപനശാലയും പ്രവർത്തിക്കുന്നത്. വെള്ളാങ്ങല്ലൂർ, വെളയനാട്, പട്ടേപ്പാടം തുടങ്ങിയ ഇടങ്ങളിലെല്ലാം ചെറിയ കുടിൽവ്യവസായം എന്ന രീതിയിൽ ഇന്നും ഓട്ടുപകരണങ്ങളുടെ നിർമ്മാണം നടന്നുവരുന്നുണ്ട്. ഒട്ടുപകരണങ്ങളുടെ ഉപയോഗം ഒരു പരിധിവരെ കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ പഴയ ഓട്ടുപകരണങ്ങൾ വാങ്ങി ഉരുക്കി പുതിയവ ഉണ്ടാക്കുകയാണ് ഇന്ന് ചെയ്യുന്നത്. പല ഒട്ടുകമ്പനികളും ഹൈദരാബാദ് പോലുള്ള ഉത്തരേന്ത്യൻ ഇടങ്ങളിൽനിന്നും പാത്രങ്ങൾ ഇറക്കുമതി ചെയ്ത് ഇവിടെ വിൽപ്പന നടത്തുകയും ചെയ്യുന്നുണ്ട്.

### 4.3.2 ചന്ദ്രിക സോപ്പ്

ഇരിങ്ങാലക്കുടയിലെ വ്യാവസായോൽപന്നങ്ങളിൽ ലോകശ്രദ്ധ പിടിച്ചുപറ്റിയ ഉൽപ്പന്നമാണ് ചന്ദ്രിക സോപ്പ് . 1940 -ൽ സിദ്ധവൈദ്യാശ്രമം സ്ഥാപിച്ച സി.ആർ. കേശവൻ വൈദ്യർ, തനത് ആയുർവ്വേദ ഉത്പന്നങ്ങളും വിപണിയിൽ എത്തിച്ചിരുന്നു. ചന്ദ്രികാസവം, ചന്ദ്രിക ബാം, ചന്ദ്രിക ഔഷധ കാസ്റ്റർ ഓയിൽ, ചന്ദ്രിക കൺമഷി, ദേവസുധ, ബാലനിധി, രതിനിധി, നേത്രബിന്ദു, ബാലാമൃതം, പലതരം സിന്ദൂരങ്ങൾ, ചൂർണ്ണങ്ങൾ, ഗുളികകൾ, എണ്ണ, കുഴമ്പ്, തൈലങ്ങൾ, അരിഷ്ടാസവങ്ങൾ, രസായനങ്ങൾ, ഘൃതങ്ങൾ എന്നിവയെല്ലാം അതിൽ ഉൾപ്പെടും. എങ്കിലും ചന്ദ്രിക സോപ്പിന്റെ നിർമ്മാണമാണ് അദ്ദേഹത്തെ ലോകമറിയുന്ന വ്യവസായിയാക്കി മാറ്റിയത്.

വൈദ്യത്തിൽ ഗുരുവായിരുന്ന രാമാനന്ദസ്വാമികളുടെ ഒരു മരുന്നുകൂട്ടിനെ അടിസ്ഥാനമാക്കിയാണ് ചന്ദ്രിക സോപ്പ് നിർമ്മിച്ച് തുടങ്ങിയത്. ആരംഭത്തിൽ ചിലതരം ത്വക്ക് രോഗങ്ങൾക്കുള്ള പ്രതിവിധിയായാണ് ചന്ദ്രിക ഉപയോഗിച്ചിരുന്നത്. തുടർന്ന് ത്വക്ക് രോഗമില്ലാത്തവരും സ്നാനസോപ്പായി ഉപയോഗിക്കാൻ തുടങ്ങി. വ്യത്യസ്തമായ പരീക്ഷണങ്ങളിലൂടെ സോപ്പിന്റെ രൂപത്തിലും ഗുണത്തിലും മണത്തിലും മാറ്റങ്ങൾ വരുത്തി. ആയുർവ്വേദസിദ്ധാന്തങ്ങൾക്കപ്പുറം ആധുനിക ശാസ്ത്രത്തിലെ ചില തത്വങ്ങളും അദ്ദേഹം പ്രയോജനപ്പെടുത്തിയതായി വൈദ്യരുടെ ജീവചരിത്രകാരൻമാർ രേഖപ്പെടുത്തുന്നു (ഐ.എം. വേലായുധൻ, വേലായുധൻ പണിക്കശ്ശേരി, 1999:83).

കുടിൽ വ്യവസായം എന്ന നിലയിലാണ് ചന്ദ്രിക സോപ്പ് നിർമ്മാണം ആരംഭിച്ചത്. വളരെ ലളിതമായിരുന്നു നിർമ്മാണ രീതി. ഒരുപാട്ട വെളിച്ചെണ്ണയും അതിനുപാകത്തിൽ കാസ്റ്റിക് സോഡയും ചേർത്ത് ചെറിയ ഇരുമ്പ് വീപ്പയിൽ ഒഴിച്ച് തിളപ്പിക്കും. കൂടെ ആയുർവ്വേദ ഔഷധങ്ങളും എണ്ണകളും ചേർക്കും. മരക്കയിൽകൊണ്ട് ഇളക്കി പാകമാകുമ്പോൾ മരം കൊണ്ടുണ്ടാക്കിയ പെട്ടികളിൽ പകർത്തിവയ്ക്കും. ഒന്നോ രണ്ടോ ദിവസം കൊണ്ട് സോപ്പ് തണുത്ത് ഉറയ്ക്കും. തുടർന്ന് പെട്ടിയിൽനിന്ന് പുറത്തെടുത്ത് ചെറിയ കഷണങ്ങളാക്കി മുറിച്ചെടുക്കും. ഇവ ബെഞ്ചിൽ ഉറപ്പിച്ചിട്ടുള്ള ഡൈയിൽ വച്ച് കൊട്ടുവടി കൊണ്ട് അടിച്ച് രൂപപ്പെടുത്തും. പിന്നീട് ഇവ വൃത്തിയാക്കി വെണ്ണക്കടലാസിൽ പൊതിയും. സോപ്പുകട്ട കടലാസുപെട്ടിയിൽ വയ്ക്കുന്നതോടെ വിൽപ്പനയ്ക്ക് തയ്യാറാകും.

ആരംഭത്തിൽ കേശവൻ വൈദ്യരും കുടുംബാംഗങ്ങളും ചേർന്നാണ് ഈ തൊഴിലത്രയും ചെയ്തിരുന്നത്. സോപ്പുകട്ടങ്ങൾ ഇരുമ്പുപെട്ടിയിലാക്കി വിൽപ്പനയ്ക്കിറങ്ങിയിരുന്നതും വൈദ്യർതന്നെ ആയിരുന്നു. കാൽനടയായും ബസ്സിലും തീവണ്ടിയിലും യാത്ര ചെയ്ത് അദ്ദേഹം തന്റെ ഉൽപന്നം വിറ്റുവന്നു. ദുർഘടം നിറഞ്ഞ ആ കാലഘട്ടത്തിലെ പല അനുഭവങ്ങളും അദ്ദേഹത്തിന്റെ ജീവചരിത്രകാരൻമാർ രേഖപ്പെടുത്തുന്നുണ്ട്.

ഒരിക്കൽ ബസ്സിനകത്ത് സ്ഥലം കിട്ടാതെ പിന്നിലെ കോണിയിൽ പിടിച്ചുനിന്ന് തൊടുപുഴ മുതൽ പാലാവരെ യാത്ര ചെയ്യേണ്ടിവന്നിട്ടുണ്ട്. പാലായിൽ എത്തിയപ്പോൾ ശരീരം മുഴുവൻ റോഡിലെ പൊടി നിറഞ്ഞിരുന്നു. അക്കാലത്ത് റോഡുകൾ ടാർ ചെയ്തിരുന്നില്ല. മീനച്ചിലാറ്റിൽ ഇറങ്ങി തുണി അലക്കി കുളിച്ച് വസ്ത്രം ഉണങ്ങിയതിനുശേഷം യാത്ര തുടർന്നു. മറ്റൊരിക്കൽ തിരുവനന്തപുരം എക്സിബിഷനിൽ വിൽപ്പനയ്ക്കായി സോപ്പ് കൊണ്ടുപോയ വിവരം വൈദ്യരുടെ ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ്, "1945 ഒക്ടോബർ 30. കാലത്ത് 6.30 -ന് പുറപ്പെട്ടു. ഇരിങ്ങാലക്കുടയിൽനിന്നും കല്ലേറ്റുങ്കരയ്ക്ക് ബസ്സ് ചാർജ്, ലഗേജടക്കം 4 അണ. കല്ലേറ്റുങ്കര - ആലുവാ ട്രെയിൻ 6 അണ. ആലുവ - കോട്ടയം ബസ്സ് 2രൂപാ 8 അണ. കോട്ടയം - കൊട്ടാരക്കര ബസ്സ് 1 രൂപ. 6 അണ 6 പൈ. കൊട്ടാരക്കര - തിരുവനന്തപുരം ബസ്സ് 1 രൂപ. ലഗ്ഗേജ് ആകെ 7 രൂപ 9 അണ. തിരുവനന്തപുരം മുറിവാടക 1 രൂപ. ഭക്ഷണം, സംഭാവന 1 രൂ. 12 അണ 6 പൈ" (ഐ.എം. വേലായുധൻ, വേലായുധൻ പണിക്കശ്ശേരി, 1999:85).

ക്ലേശകരമായ ഇത്തരം യാത്രകൾക്കിടയിൽ പല ദുരിതങ്ങളും നേരിടേണ്ടിവന്നിട്ടുണ്ട്. തിരുവനന്തപുരത്തുനിന്നും തിരിച്ചുള്ള യാത്രയ്ക്കിടയിൽ, ഒഴിഞ്ഞ ഇരുമ്പുപെട്ടികളുമായി തിരുവനന്തപുരത്തുനിന്നും ആലുവയ്ക്ക് ബസ്സിൽ കയറി. ഇറങ്ങാൻ നേരം പെട്ടികളുടെ എണ്ണം കണക്കാക്കി ഒരു വലിയസംഖ്യ ലഗേജ് കൊടുക്കാൻ കണ്ടക്ടർ ആവശ്യപ്പെട്ടു. പെട്ടികൾ കാലിയാണെന്നും മൊത്തം തൂക്കം എടുത്താൽ ലഗേജ് ഈടാക്കാവുന്ന തൂക്കം കാണുകയില്ലെന്നും വൈദ്യർ പറഞ്ഞു. അവസാനം പെട്ടികൾ കൊണ്ടുപോയി തൂക്കം നോക്കി ലഗേജ് ചാർജ് ചെയ്യേണ്ടതില്ല എന്ന് വ്യക്തമാക്കി. പക്ഷേ ഈ തർക്കത്തിനിടയിൽ വടക്കോട്ടുള്ള തീവണ്ടി പോയിക്കഴിഞ്ഞിരുന്നു. രാത്രി ആലുവയിൽ തങ്ങുകയേ നിവൃത്തിയുള്ളൂ. ആ രാത്രിയെ വൈദ്യർ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു, "കടകളെല്ലാം അടച്ചിരുന്നു. നല്ല വിശപ്പ്. കുറച്ച് ചുറ്റിനടന്നപ്പോൾ തുറന്നുവെച്ചിരുന്ന ഒരു ചായക്കട കണ്ടു. അവിടെ ഭക്ഷണം കഴിച്ചു. നല്ല

ക്ഷീണം. കിടക്കാൻ ഒരിടം കിട്ടുമോ എന്ന് കടക്കാരനോട് അന്വേഷിച്ചു. വേണമെങ്കിൽ തട്ടിൻപുറത്ത് കിടക്കാം എന്ന് അയാൾ പറഞ്ഞു. അവിടെ കൊള്ളിക്കിഴങ്ങ് വെട്ടി ഉണക്കിയത് കൂട്ടിയിട്ടിരുന്നു. അതിന്റെ അരികിൽ ഉണ്ടായിരുന്ന ഒഴിഞ്ഞ സ്ഥലത്ത് ഒരു പായ വിരിച്ചു കിടന്നു. ക്ഷീണാധിക്യം മൂലം വേഗം ഉറങ്ങിപ്പോയി. പക്ഷേ, അധികം താമസിയാതെത്തന്നെ ഞെട്ടി ഉണർന്നു. ശരീരത്തിൽ വല്ലാത്ത ചൊറിച്ചിൽ. തീപ്പെട്ടിയുരസി മെഴുകുതിരി കത്തിച്ചു നോക്കിയപ്പോൾ നിറയെ മൂട്ടയാണ്. ശരീരം മുഴുവൻ മൂട്ടകടികൊണ്ട് ചുവന്നു വീർത്തിയിരിക്കുന്നു. കണ്ണിൽ കണ്ട മൂട്ടകളെയെല്ലാം പെറുക്കി ദൂരെ കളഞ്ഞു കിടന്നു. രക്ഷയില്ല. മൂട്ടകളുടെ പ്രവാഹം അവസാനിക്കാത്തതായിരുന്നു. രാത്രി ശിവരാത്രിയായി കഴിച്ചുകൂട്ടി" (ഐ.എം. വേലായുധൻ, വേലായുധൻ പണിക്കശ്ശേരി, 1999:85). പിറ്റേന്ന് കാലത്ത് തീവണ്ടിയിൽ ഇരിങ്ങാലക്കുടയിൽ എത്തിയെങ്കിലും നല്ല പനിയുണ്ടായിരുന്നു. പിന്നീട് എക്സ്റേ എടുത്തു നോക്കിയപ്പോഴാണ് ആ രാത്രി സമ്മാനിച്ച ക്ഷയരോഗത്തെക്കുറിച്ച് വ്യക്തമായത്. ഇപ്രകാരം വലിയ ത്യാഗങ്ങളുടെ ഫലമായാണ് അദ്ദേഹം ചന്ദ്രിക സോപ്പ് എന്ന ബ്രാൻഡിനെ ലോകറിയുന്ന ഒരു ഉൽപ്പന്നമായി വളർത്തിയെടുത്തത്.

1950 -കളിൽ എത്തിയപ്പോഴേക്കും ഔഷധസോപ്പ് നിർമ്മാണത്തിൽ പുതിയ ഉയരങ്ങൾ ചന്ദ്രിക സോപ്പിനെ തേടിയെത്തിയിരുന്നു. ആദ്യഘട്ടത്തിൽ ഇലയിൽ പൊതിഞ്ഞു നൽകിയിരുന്ന സോപ്പ് പിന്നീട് മനോഹരമായ കളർ കവറുകളിലേക്ക് മാറി. സോപ്പിന്റെ പ്രശസ്തി വർദ്ധിച്ചു. ആദ്യം കേരളത്തിലും പിന്നീട് തമിഴ്നാട്ടിലും സോപ്പിന്റെ ഔഷധഗുണത്തെക്കുറിച്ച് പ്രചാരം ലഭിച്ചു.

വലിയ മത്സരമുള്ള ഒരു ഉപഭോഗവസ്തു എന്ന നിലയിൽ ഈ പ്രചാരം അത്ര എളുപ്പം ലഭ്യമായതല്ല. ഉപഭോക്താക്കളുടെ അഭിരുചിക്ക് അനുസരിച്ച് പരസ്യങ്ങൾ നൽകുന്നതിൽ പ്രത്യേക വൈഭവം തന്നെയാണ് കേശവൻ വൈദ്യർ പ്രകടിപ്പിച്ചിരുന്നത്. ചന്ദ്രിക സോപ്പിന്റെ പ്രചാരത്തിനായി വൈദ്യർ ചെയ്തിട്ടുള്ള പരസ്യങ്ങളുടെ സ്വഭാവവും മാധ്യമവും വൈപുല്യവും ഗവേഷണ വിദ്യാർത്ഥികൾക്ക് ഫലപ്രദമായ ഒരു പഠനരംഗമാണ് എന്ന് *വൈദ്യരുടെ കഥ* എന്ന കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധേയമാണ്. മലയാളത്തിലെയും മറ്റ് ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിലെയും പ്രചാരമുള്ള പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹം പരസ്യങ്ങളിൽ നൽകി. സിനിമ തിയേറ്ററുകളിൽ സ്ലൈഡുകളും പ്രദർശിപ്പിച്ചു. മനോഹരമായ കലണ്ടറുകൾ പുറത്തിറക്കി.

“വള്ളം കളിക്കിടയിൽ ചന്ദ്രികയുടെ അലങ്കരിച്ച ബോട്ട് നിങ്ങളുടെ ശ്രദ്ധ പിടിച്ചെടുത്തേക്കാം. തൃശ്ശൂർപൂരത്തിൽ പ്രസിദ്ധമായ തെക്കോട്ടിറക്കം കാണാൻ നിങ്ങൾ ആകാംക്ഷയോടെ കാത്തുനിൽക്കുകയാണ് എന്നിരിക്കട്ടെ. പെട്ടെന്നൊരു ചെറുപൂരം പ്രദക്ഷിണ വഴിയിൽ കുടി നീങ്ങുന്നത് നിങ്ങൾ കാണുന്നു. ആനപ്പുറത്തിരിക്കുന്ന സുന്ദരി പിടിച്ചിരിക്കുന്നത് ചന്ദ്രികയുടെ തിടമ്പായിരിക്കും” (ഐ.എം. വേലായുധൻ, വേലായുധൻ പണിക്കശ്ശേരി, 1999:86).

കേരളകൗമുദി, ഗോമതി, സ്നേഹിതൻ തുടങ്ങിയ പത്രങ്ങൾക്കെല്ലാം അഭിപ്രായത്തിനായി സോപ്പ് അയച്ചുകൊടുക്കുകയും അവർ നല്ല അഭിപ്രായങ്ങൾ തങ്ങളുടെ പത്രങ്ങളിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇരിങ്ങാലക്കുട ഗവൺമെന്റ് ആശുപത്രിയിലെ സിവിൽ സർജനായിരുന്ന ഡോ. എച്ച്.എൻ. കമ്മത്ത് (1944) അടക്കമുള്ള പല ഡോക്ടർമാരും ഔഷധ സോപ്പ് എന്ന നിലയിൽ ചന്ദ്രികയ്ക്ക് സർട്ടിഫിക്കറ്റ് നൽകുകയും ത്വക്ക് രോഗങ്ങൾക്ക് ചന്ദ്രിക ഉപയോഗിക്കാൻ നിർദ്ദേശിക്കുകയും ചെയ്യാറുണ്ട്. കൂടാതെ സാഹിത്യകാരന്മാർ, രാഷ്ട്രീയ നേതാക്കൾ, സിനിമാതാരങ്ങൾ, സാമൂഹ്യപ്രവർത്തകർ, മതാചാര്യന്മാർ തുടങ്ങിയവരെല്ലാം പറഞ്ഞ നല്ല അഭിപ്രായങ്ങൾ അവരുടെ സമ്മതത്തോടെ വൈദ്യർ പ്രചരണത്തിനായി ഉപയോഗിച്ചിട്ടുണ്ട്. അതിലൊന്ന് മഹാകവി വള്ളത്തോൾ 1958 -ൽ വൈദ്യരുടെ വീട്ടിൽ അതിഥിയായി താമസിച്ചശേഷം മടങ്ങിച്ചെന്ന് എഴുതിക്കൊടുത്തയച്ച ആശംസയാണ്,

പേശലായുർവ്വേദ വിജ്ഞാനശാലിയും
കേശവവൈദ്യന്റെ സൽകീർത്തിചന്ദ്രികേ
ആശകൾ തോറും ചരിക്ക നറുമണം
വീശുന്നൊരത്ഭുത ചന്ദ്രികയായി നീ (ഐ.എം. വേലായുധൻ, വേലായുധൻ
പണിക്കശ്ശേരി, 1999:87)

വ്യവസായിക - വിദ്യാഭ്യാസ -കാർഷിക പ്രദർശനങ്ങളിലും ഒരു കുടിൽ വ്യവസായം എന്ന നിലയിലും ഔഷധസോപ്പ് എന്ന നിലയിലും ചന്ദ്രിക പ്രദർശിപ്പിച്ചിരുന്നു. ഇവിടങ്ങളിൽനിന്നെല്ലാം സ്വർണ്ണമെഡലുകളും ട്രോഫികളും നേടുകയും ചെയ്തു. മദ്രാസിലും ഡൽഹിയിലും ഇംഗ്ലണ്ടിലും നടന്ന ഇന്റർനാഷ്ണൽ ട്രേഡ് ഫെയറുകളിലും ചന്ദ്രിക സോപ്പ് പ്രദർശിപ്പിച്ചു.

രാജ്യവ്യാപകമായി ലഭിച്ച പ്രചാരവും വിപണിയും മൂലം ചന്ദ്രികയുടെ മറ്റുൽപ്പന്നങ്ങളെല്ലാം ഉത്പാദനം നിർത്തുകയും സോപ്പിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു. വൈകാതെ വൈദ്യരും പത്നിയും മാത്രം തൊഴിലാളികളായിരുന്ന സ്ഥാപനത്തിൽനിന്നും അനേകം തൊഴിലാളികളും ഉദ്യോഗസ്ഥന്മാരും നിർമ്മാണകേന്ദ്രങ്ങളും വില്പനകേന്ദ്രങ്ങളും ഏജൻസികളുമുള്ള ഒരു ബൃഹത് സ്ഥാപനമായി ചന്ദ്രിക വളർന്നു. 1957 -ൽ എറണാകുളത്ത് ലാൽ പ്രൊഡക്ട്സ് എന്ന പേരിലും 1958 -ൽ കോയമ്പത്തൂർ, പോത്തന്നൂർ എന്നിവിടങ്ങളിൽ ചന്ദ്രിക പ്രോഡക്റ്റ് എന്ന പേരിലും 1960 -ൽ ബാംഗ്ലൂരിൽ എസ്.വി. പ്രൊഡക്ട്സ് എന്ന പേരിലും ചന്ദ്രിക സോപ്പിന്റെ നിർമ്മാണത്തിനായി ഫാക്ടറികൾ തുറന്നു. മൈസൂരിലും തിരുപ്പതിയിലും യൂണിറ്റുകളുണ്ടായി.

1959 ഒക്ടോബർ 14 -ാം തിയതി സിംഗപ്പൂരിലേക്ക് 40 ഗ്രോസ്സ് സോപ്പ് അയച്ചുകൊണ്ടാണ് ചന്ദ്രിക സോപ്പിന്റെ കയറ്റുമതി ഉദ്ഘാടനം ചെയ്യപ്പെട്ടത്. ഇന്ന് സിംഗപ്പൂർ, മലേഷ്യ, ഗൾഫ് രാജ്യങ്ങൾ, ഇംഗ്ലണ്ട്, അമേരിക്ക, ഫ്രാൻസ്, ജർമ്മനി തുടങ്ങി ഇരുപത്തിയൊന്നിലധികം രാജ്യങ്ങളിലേക്ക് ചന്ദ്രിക സോപ്പ് കയറ്റി അയയ്ക്കുന്നു. 1978 മുതൽ 1982 വരെയുള്ള വർഷങ്ങളിൽ കയറ്റുമതിക്കുള്ള സ്റ്റേറ്റ് അവാർഡ് ചന്ദ്രികയ്ക്ക് ലഭിക്കുകയുണ്ടായി (സാനു എം.കെ., 1988:193).

ഇരിങ്ങാലക്കുടയിൽ ചന്തക്കുന്നിൽനിന്നും ചെട്ടിപ്പറമ്പിലേക്ക് പോകുന്നതിനിടയിൽ മുനിസിപ്പൽ ഓഫീസിന് സമീപത്താണ് ചന്ദ്രിക സോപ്പിന്റെ നിർമ്മാണശാല. സമീപത്തുകൂടി പോകുമ്പോൾ പോലും സോപ്പിന്റെ സുഗന്ധം ആസ്വദിക്കാം. വൈദ്യരുടെയും ഭാര്യയുടെയും മരണശേഷം മക്കളാണ് ചന്ദ്രിക സോപ്പിന്റെ സാരഥികൾ. 2011 മുതൽ ചന്ദ്രിക സോപ്പിന്റെ വിപണനം ഇന്ത്യയിൽ ഏറ്റെടുത്തിരിക്കുന്നത് വിപ്രോ എന്ന സ്ഥാപനമാണ്.

ചന്ദ്രിക സോപ്പിന്റെ വിജയവും അതുമൂലം കേശവൻ വൈദ്യർക്കുണ്ടായ സാമ്പത്തിക ലാഭവും ഇരിങ്ങാലക്കുടയുടെ സാംസ്കാരികചരിത്രത്തിൽ വലിയ പരിവർത്തനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ചന്ദ്രിക ട്രസ്റ്റ്, വിവേകോദയം മാസിക തുടങ്ങിയവയെല്ലാം അതിൽ ചിലത് മാത്രം.

### 4.3.3 വെളിച്ചെണ്ണ വ്യവസായം

വെളിച്ചെണ്ണ മില്ലുകളുടെ കേന്ദ്രമായിരുന്നു ഇരിങ്ങാലക്കുട. കൊച്ചിയിലെ വെളിച്ചെണ്ണ വ്യാപാരത്തിന്റെ വില നിർണ്ണയിക്കുന്നതിൽ ഇരിങ്ങാലക്കുടയിലെ വെളിച്ചെണ്ണ മില്ലുകൾ വലിയ പങ്കുവഹിച്ചിരുന്നു. ഷൺമുഖം കനാൽ ഈ വ്യവസായത്തിന്റെ വളർച്ചയ്ക്ക് ആക്കം കൂട്ടി. മുപ്പതിലധികം വെളിച്ചെണ്ണമില്ലുകൾ ഇരിങ്ങാലക്കുടയിലും പരിസരങ്ങളിലുമായി പ്രവർത്തിച്ചിരുന്നു.

തളിയത്ത് ഓയിൽ മില്ലിന് അന്ന് ഏറെ പ്രാധാന്യമുണ്ടായിരുന്നു. ട്രിച്ചിയിലും ചെന്നൈയിലും അവരുടെ വിപണനസ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നു. ഇവിടെ നിന്നും ലോറിയിലാണ് വെളിച്ചെണ്ണ അവിടങ്ങളിൽ എത്തിച്ചിരുന്നത്. പോപ്പുലർ ഓയിൽ മിൽ കേച്ചേരി പോളും എം.സി. പോളും ചേർന്ന് നടത്തിയ ഓയിൽ മിൽ എന്നിവ ഇരിങ്ങാലക്കുടയിൽ ഏറെ പ്രസിദ്ധമായിരുന്നു. ഊക്കൻ ഓയിൽ മിൽസ്, കല്ലട ഓയിൽ മിൽസ്, മേനോൻ ഓയിൽ മിൽസ്, കുനക്കാംപിള്ളി ഓയിൽ മിൽസ്, കല്ലുംകുന്ന് ഓയിൽ മിൽസ് എന്നിവ ഇന്നും ഇരിങ്ങാലക്കുടയിലെ ശ്രദ്ധേയമായ സ്ഥാപനങ്ങളാണ്.

വെളിച്ചെണ്ണ നിർമ്മാണരംഗത്ത് ഇരിങ്ങാലക്കുടയുടെ പേര് ലോകപ്രശസ്തമാക്കിയ സ്ഥാപനമാണ് കെ.പി.എൽ. ഓയിൽ മിൽസ്. 1941 -ൽ ആരംഭിച്ച കെ.പി. ലോനപ്പൻ സൺസ് റൈസ് ആൻഡ് ഓയിൽ മിൽസാണ് കെ.പി.എൽ. ഓയിൽ മില്ലായി മാറിയത്. ഇരിങ്ങാലക്കുടയിലെ പ്രമുഖ വ്യവസായിയായിരുന്ന കണ്ടംകുളത്തി പൈലോത് ലോനപ്പൻ ആണ് ഓയിൽ മില്ലിന്റെ സ്ഥാപകൻ. അദ്ദേഹത്തിന്റെ മരണശേഷം മക്കൾ ഈ സ്ഥാപനം ഏറ്റെടുക്കുകയും കെ.പി.എൽ. ഓയിൽ മിൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ കേരളത്തിലെ പ്രശസ്ത വ്യവസായസ്ഥാപനങ്ങളിൽ ഒന്നായി വളർത്തുകയും ചെയ്തു. കെ.എൽ. ഫ്രാൻസിസ് ആണ് സഹോദരങ്ങളുടെ പങ്കാളിത്തത്തോടെ ഇതിന് നേതൃത്വം നൽകിയത്. 1995 -ലാണ് കെ.പി.എൽ. ശുദ്ധി എന്ന ബ്രാൻഡഡ് വെളിച്ചെണ്ണ അവതരിപ്പിക്കുന്നത്. തുടർന്ന് വെർജിൻ കോക്കനട്ട് ഓയിൽ, കോക്കനട്ട് മിൽക്ക് പൗഡർ, എള്ളെണ്ണ, സൺഫ്ലവർ ഓയിൽ എന്നിവയും വിപണിയിൽ എത്തിച്ചു.

കെ.പി.എൽ.ന്റെ സഹോദരസ്ഥാപനമാണ് കെ.എൽ.എഫ് ഓയിൽ മിൽ. കേരളത്തിലും തമിഴ്നാട്ടിലും മില്ലുകളുള്ള ലിമിറ്റഡ് കമ്പനിയായി ഇത് വളർന്നു. കെ.എൽ. ഫ്രാൻസിസിന്റെ മകനായ പോൾ ഫ്രാൻസിസാണ് പിതാവിന്റെയും സഹോദരങ്ങളുടെയും സഹകരണത്തോടെ ഈ സ്ഥാപനം മുന്നോട്ടു കൊണ്ടു പോകുന്നത്.

## 4.3.4 കെ.എസ്.ഇ. ലിമിറ്റഡ്

ഇരിങ്ങാലക്കുടയിലെ വ്യവസായ പ്രമുഖരായിരുന്ന കെ.എൽ. ഫ്രാൻസിസ്, എം.സി. പോൾ, ടി.ഒ. പോൾ, എ.പി. ജോർജ്ജ് എന്നിവർ ചേർന്ന് 1963 -ൽ വെളിച്ചെണ്ണ ഉൽപാദനകേന്ദ്രം ആരംഭിച്ചു. 1972 -ൽ ഈ സ്ഥാപനം കേരള സോൾവെന്റ് എക്സ്ട്രാക്ഷൻ ലിമിറ്റഡ് എന്ന പേരിൽ വിപുലമായ സജ്ജീകരണങ്ങളോടെ പെരുവല്ലിപ്പാടത്ത് കമ്പനിയായി വളർച്ച പ്രാപിച്ചു. പ്രാരംഭകാലത്ത് ദിനംപ്രതി 40 മെട്രിക് ടണ്ണായിയിരുന്നു ഉൽപാദനശേഷി.

1976 -മുതൽ കാലിത്തീറ്റ ഉൽപാദനവും ആരംഭിച്ചു. തവിട്, പിണ്ണാക്ക്, ചോളം, പരുത്തി എന്നിവ ചേർന്ന സമീകൃതമിശ്രിതമാണ് കാലിത്തീറ്റ നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തുന്നത്. അങ്ങനെ കേരളത്തിന്റെ വ്യാവസായിക ഭൂപടത്തിൽ ഇരിങ്ങാലക്കുടയ്ക്ക് പ്രാമുഖ്യം നേടിക്കൊടുക്കത്തക്ക നിലയിലേക്ക് കെ.എസ്.ഇ. ലിമിറ്റഡ് വളർച്ച പ്രാപിച്ചു.

രണ്ടായിരത്തിലാണ് പാലിന്റെയും പാലുൽപന്നങ്ങളുടെയും ഉൽപാദന -വിതരണരംഗത്തേക്ക് കെ.എസ്.ഇ. കമ്പനി പ്രവേശിക്കുന്നത്. ഇവിടെ പാൽ സംഭരിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നതിനാവശ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. പാലിനൊപ്പം നെയ്യ്, തൈര്, സംഭാരം എന്നിവയും ലഭ്യമാണ്. 2002 -ൽ വെസ്റ്റ എന്ന ബ്രാൻഡിൽ പാലുല്പന്നമായ ഐസ്ക്രീമിന്റെ നിർമ്മാണവും വിപണനവും ആരംഭിച്ചു.

ഇന്ന് ഭക്ഷ്യ എണ്ണകൾ, കാലിത്തീറ്റ, പാലുല്പന്നങ്ങൾ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളായി കെ.എസ്.ഇ. ലിമിറ്റഡ് പ്രവർത്തിക്കുന്നു. കമ്പനിയുടെ പ്രാരംഭഘട്ടത്തിൽ മൂലധനസമാഹരണവുമായി ബന്ധപ്പെട്ട് ഏറെ ബുദ്ധിമുട്ടുകൾ അനുഭവിച്ചിരുന്നു. പി.വി. ദേവസി, കെ.എൽ. ഫ്രാൻസിസ് എന്നിവരുടെ ദീർഘവീക്ഷണത്തോടെയുള്ള നേതൃ

ത്വം കമ്പനിയെ വളർത്തി. പിന്നീട് എം.സി. പോൾ, എ.പി. ജോർജ്ജ്, ജോസ് പോൾ തളിയത്ത് എന്നിവരുടെ നേതൃത്വവും കാര്യക്ഷമമായി പ്രവർത്തിച്ചു.

ഇന്ന് 4500 ഓഹരി ഉടമകളുള്ള പബ്ലിക് ലിമിറ്റഡ് കമ്പനിയാണിത്. ഓഹരികൾ ബോംബെ എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്തിരിക്കുന്നു. കേരളം, തമിഴ്നാട്, കർണ്ണാടകം എന്നിവിടങ്ങളിൽ കെ.എസ്.ഇ. ലിമിറ്റഡിന് പ്ലാന്റുകളുണ്ട്. ഇരിങ്ങാലക്കുടയിൽ മാത്രം തൊള്ളായിരത്തോളം പേർക്ക് തൊഴിൽ നൽകാൻ കമ്പനിക്കാകുന്നു. ആയിരം കോടിയിലധികം വിറ്റുവരവും പതിനാറ് കോടിയോളം വാർഷിക അറ്റാദായവും ഇന്ന് കമ്പനിക്കുണ്ട്. ഇതിൽ എഴുപത്തിയഞ്ച് ശതമാനവും കാലിത്തീറ്റ വിപണനവുമായി ബന്ധപ്പെട്ടാണ് ലഭിക്കുന്നത്. ദീർഘകാലം കമ്പനിയുടെ മാനേജിങ്ങ് ഡയറക്ടറായിരുന്നു എം.സി. പോൾ. അദ്ദേഹത്തിന്റെ മരണശേഷമാണ് ഇന്നത്തെ എം.ഡി.യായ എ.പി. ജോർജ്ജ് ഈ സ്ഥാനത്തേക്ക് നിയുക്തനാകുന്നത്.

സാമൂഹ്യപ്രതിബദ്ധതയുടെ ഭാഗമായി കെ.എസ്.ഇ. ലിമിറ്റഡ് പൊതുജനങ്ങൾക്കായി ഒരു പാർക്കും ലൈബ്രറിയും സ്ഥാപിച്ചു. കമ്പനിയുടെ ആദ്യ ഉൽപാദന രജത ജൂബിലിയുടെ സ്മരണാർത്ഥം 1998 മാർച്ച് 29 -നാണ് പദ്ധതി പ്രഖ്യാപിക്കുന്നത്. 2000 ഏപ്രിൽ 2 -ന് ഇത് പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തു. ഇരിങ്ങാലക്കുടയിലുള്ള കെ.എസ്.ഇ. കമ്പനി ഓഫീസിനോട് ചേർന്നുള്ള അര ഏക്കറോളം സ്ഥലത്താണ് കെ.എസ്. പാർക്ക് സ്ഥിതി ചെയ്യുന്നത്. ഏകദേശം മൂവായിരം അടി വിസ്തീർണ്ണമുള്ള ലൈബ്രറികെട്ടിടത്തിൽ പത്രങ്ങളും മറ്റ് പ്രസിദ്ധീകരണങ്ങളും കൂടാതെ മൾട്ടിമീഡിയ സൗകര്യങ്ങളും കുട്ടികൾക്കുള്ള കളി ഉപകരണങ്ങളും ഒരുക്കിയിട്ടുണ്ട്. സാംസ്കാരികപരിപാടികൾക്കും മത്സരങ്ങൾക്കും മറ്റുമായി ഒരു തുറന്ന വേദി പാർക്കിൽത്തന്നെ സജ്ജമാണ്.

കുട്ടികളുടെ വ്യക്തിത്വവികസനത്തിനായി കെ.എസ്.ഇ. മാനേജ്മെന്റ് ആരംഭിച്ച സംഘടനയാണ് കർത്തവ്യ (Keyes Association for Regular Training and Voluntary Youth Activities - KARTAVYA) കർത്തവ്യയുടെ നേതൃത്വത്തിൽ കുട്ടികൾക്കായി വ്യത്യസ്ത മത്സരങ്ങളും വ്യക്തിത്വവികസന പരിപാടികളും നടത്തിവരുന്നു. ശിശുദിനത്തിന്റെ ഭാഗമായി ചിത്രരചനാമത്സരം, അവധിക്കാലത്ത് പ്രസംഗപരിശീലനം, ക്വിസ് മത്സരങ്ങൾ മറ്റു ക്ലാസുകൾ എന്നിവ അതിന്റെ ഭാഗമാണ്.

### 4.3.5 കശുവണ്ടി ഫാക്ടറി

പുല്ലൂർ - ആളൂർ എന്നീ പ്രദേശങ്ങളെ കേന്ദ്രീകരിച്ച് 1950 -കളിൽ കശുവണ്ടി വ്യവസായം മികച്ച രീതിയിൽ പ്രവർത്തിച്ചിരുന്നു. ഇരിങ്ങാലക്കുടയിലെയും പരിസരപ്രദേശങ്ങളിലെയും ആയിരക്കണക്കിന് സ്ത്രീ -പുരുഷതൊഴിലാളികൾക്ക് തൊഴിൽ നൽകിയിരുന്ന സ്ഥാപനങ്ങളായിരുന്നു അവ. എന്നാൽ ആഗോളവൽക്കരണം വാണിജ്യമേഖലയിൽ ഏൽപ്പിച്ച ആഘാതങ്ങളിൽ ഒന്നായിരുന്നു കശുവണ്ടിഫാക്ടറി മേഖലയിൽ ഉണ്ടായ തകർച്ച. ബ്രസീൽ പോലുള്ള രാജ്യങ്ങളിൽനിന്നും കശുവണ്ടിയുടെ ഇറക്കുമതി വർദ്ധിച്ചതോടെ ഇവിടുത്തെ കശുവണ്ടി ഫാക്ടറികൾക്ക് നിലനിൽപ്പില്ലാതെ വന്നു. ഉൽപാദന വിലയ്ക്ക് ആനുപാതികമായി ലോകവിപണിയിൽ വില ലഭിക്കാതെയായി. ഇതോടെ കശുവണ്ടി ഫാക്ടറുകളുടെ നിലനിൽപ്പ് പ്രതിസന്ധിയിലായി. സാധാരണക്കാരായിരുന്ന കശുവണ്ടിതൊഴിലാളികളുടെ ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടു. കൂലിവർദ്ധനവും മറ്റാനുകൂല്യങ്ങളും ലഭിക്കാതെ വരുമ്പോഴുണ്ടാകുന്ന തൊഴിലാളിസമരങ്ങളും ഫാക്ടറി പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്.

1950 -കളിലാണ് പൊട്ടയ്ക്ക ഇട്ടിക്കുരുവിന്റെ ഉടമസ്ഥതയിൽ പുല്ലൂരിലെ കശുവണ്ടി ഫാക്ടറി ആരംഭിക്കുന്നത്. പിന്നീടിത് ന്യൂ ഡീൽ ഇൻഡസ്ട്രീസ് എന്ന കമ്പനിക്ക് കൈമാറി. 1969 -ൽ കമ്പനി വളരെതുച്ഛമായ വിലയ്ക്ക് സംസ്ഥാന കശുവണ്ടി വികസനകോർപ്പറേഷന് നൽകുകയായിരുന്നു. ഇന്നും മുന്നൂറോളം തൊഴിലാളികളുമായി കോർപ്പറേഷന്റെ കീഴിൽ കമ്പനി പ്രവർത്തനം തുടരുന്നു. എന്നാൽ പ്രവർത്തനലാഭം കണ്ടെത്താൻ കഴിയാതെ വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ് ഈ സ്ഥാപനം.

1950 -കളിൽത്തന്നെ പൊട്ടയ്ക്ക ഇട്ടിക്കുരുവിന്റെ ഉടമസ്ഥതയിൽ മറ്റൊരു കമ്പനി ആനുരുളിയിൽ ആരംഭിച്ചിരുന്നു. നൂറുകണക്കിന് തൊഴിലാളികൾ പണിയെടുത്തിരുന്ന കമ്പനി പത്ത് വർഷത്തിന് ശേഷം അടച്ചുപൂട്ടേണ്ടതായി വന്നു. തളിയത്ത് കുടുംബക്കാരുടെ വകയായി മറ്റൊരു കശുവണ്ടി സംസ്കരണകേന്ദ്രം ഈ പ്രദേശത്ത് ആരംഭിച്ചിരുന്നു. സ്വന്തം വീടിനോട് ചേർന്ന കയ്യാലയിൽ ഏതാനും തൊഴിലാളികളുമായി തുടങ്ങിയ ചെറിയൊരു യൂണിറ്റ്, പിന്നീട് 500 തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനമായി വളർന്നു. 1969 -ൽ കൊല്ലം ആസ്ഥാനമായി പ്രവർത്തിക്കുന്ന വിജയല

ക്ഷ്മി കാഷ്യൂ കമ്പനിക്ക് തളിയത്ത് കുടുംബക്കാർ കമ്പനി കൈമാറി. എന്നാൽ ആയിരത്തോളം തൊഴിലാളികൾ ജോലി ചെയ്തിരുന്ന ഈ സ്ഥാപനം വർഷങ്ങളായി പൂട്ടിക്കിടക്കുകയാണ്. ആളൂരിലെ ഡെലീഷ്യസ് കാഷ്യൂ എന്ന കമ്പനിയും ഈ രംഗത്ത് ശ്രദ്ധേയമാണ്.

### 4.3.6 പടക്കനിർമ്മാണം

പ്രശസ്ത പടക്കനിർമ്മാതാക്കളായ ചാമ്പ്യൻസ് ഫയർവർക്സ് ഇരിങ്ങാലക്കുടയിലാണുള്ളത്. ചന്തക്കുന്നിൽ കത്തീഡ്രൽ പള്ളിയ്ക്ക് ഇടതു ഭാഗത്തായാണ് ഇത് സ്ഥിതിചെയ്യുന്നത്. തമിഴ്നാട്ടിലെ സ്വന്തം പടക്കനിർമ്മാണ ശാലയിൽനിന്നുമാണ് ഇവിടെ ഓലപ്പടക്കം, ഈർക്കിലിപ്പടക്കം, അമിട്ട്, ഗുണ്ട്, കമ്പിത്തിരി, ലാത്തിരി, പൂത്തിരി, തലച്ചക്രം പോലുള്ള ഫയർവർക്സുകൾ ഇരിങ്ങാലക്കുടയിൽ വിതരണം ചെയ്യുന്നത്. വിഷുവിനും പള്ളിപ്പെരുന്നാളിനും മറ്റാഘോഷങ്ങൾക്കും പടക്കങ്ങളും അനുബന്ധവസ്തുക്കളും ധാരാളമായി ഉപയോഗിക്കുന്ന ഇടമാണ് ഇരിങ്ങാലക്കുട. വിഷുവിനും ജനുവരിമാസത്തിലെ പെരുന്നാളുകൾക്കും ഉത്സവങ്ങൾക്കും നീണ്ടവരിയാണ് ചാമ്പ്യൻസ് ഫയർ വർക്സിന് മുൻപിൽ കാണാനാവുക. സമീപപ്രദേശങ്ങളിലെ ചെറുകിടകച്ചവടക്കാരും ഇവിടെനിന്നാണ് പടക്കങ്ങൾവാങ്ങി വിതരണം ചെയ്യുന്നത്. ചെമ്പന്റെകട എന്നാണ് നാട്ടുകാർ ഈ സ്ഥാപനത്തെ പറഞ്ഞുവരുന്നത്.

### 4.3.7 കൈത്തറി

ഇരിങ്ങാലക്കുടയ്ക്കടുത്ത് നടവരമ്പിൽ അർദ്ധസർക്കാർ സ്ഥാപനമായാണ് 1954 -ൽ കൈത്തറി നെയ്ത്തു വ്യവസായ സഹകരണ സംഘം രൂപവൽക്കരിക്കപ്പെട്ടത്. സ്കൂൾ യൂണിഫോമുകൾ, മുണ്ടുകൾ, തോർത്തുമുണ്ടുകൾ തുടങ്ങിയ കൈത്തറി ഉൽപ്പന്നങ്ങളുടെ ഉൽപാദനവും വിപണനവുമാണ് ഇവിടെ നടക്കുന്നത്. തിരുവനന്തപുരം ഡയറക്ടർ ഓഫ് ഹാൻഡ്ലൂം ആൻഡ് ടെക്സ്റ്റൈൽസിന്റെ കീഴിലാണ് ഈ സഹകരണ സംഘം പ്രവർത്തിക്കുന്നത്. പത്തിലധികം നെയ്ത്ത് തൊഴിലാളികൾ ഇവിടെ പ്രവർത്തിക്കുന്നു.

## 4.4 സമരപഥങ്ങളിലെ ഇരിങ്ങാലക്കുട

നവോത്ഥാനം എന്ന പദം വ്യത്യസ്ത അർത്ഥത്തിൽ സാന്ദർഭികമായി ഉപയോഗിച്ചു വരുന്ന ഒന്നാണ്. ചരിത്രത്തിന്റെ ഓരോ ഘട്ടത്തിലും നവോത്ഥാനത്തിന്റെ വ്യതിരിക്ത വീക്ഷണങ്ങൾ കണ്ടെത്താം. “പാശ്ചാത്യ ആധുനികതയുമായുള്ള സമ്പർക്കത്തിന്റെ ഫലമായി ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ പത്തൊമ്പതാം നൂറ്റാണ്ടിൽ ഉയർന്നു വന്ന മത സാമൂഹിക നവീകരണ യജ്ഞങ്ങളെയാണ്, ഇന്ത്യൻ നവോത്ഥാനം എന്ന് വിശേഷിപ്പിക്കാറ്” എന്ന പി.പി. രവീന്ദ്രന്റെ പ്രസ്താവന ശ്രദ്ധേയമാണ് (2017:77). ബംഗാളിൽ രാജാറാം മോഹൻ റോയിയുടെ നേതൃത്വത്തിൽ ആരംഭിച്ച നവോത്ഥാന ശ്രമങ്ങൾ പിന്നീട് ഇന്ത്യയുടെ ഇതരഭാഗങ്ങളിലേക്കും വ്യാപിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തേക്കാൾ കേരളത്തെ സ്വാധീനിച്ചത് ജാതീയമായ അസ്വാതന്ത്ര്യങ്ങളെക്കുറിച്ചുള്ള തിരിച്ചറിവായിരുന്നു. കേരളത്തിൽ ശക്തമായ കീഴാളമുന്നേറ്റങ്ങൾക്ക് കാരണമായി ത്തീർന്നത് ഈ സ്വാതന്ത്ര്യബോധമായിരുന്നു. വിദ്യാഭ്യാസത്തിന്റെ വ്യാപനവും പുതിയൊരു ലോകബോധത്തിന്റെ രൂപീകരണത്തിന് കാരണമായി.

പാരമ്പര്യനിരാസത്തിനും സാമൂഹികപരിഷ്കരണത്തിനും പശ്ചാത്തലമൊരുക്കാൻ, അയ്യങ്കാളി, വി.ടി. ഭട്ടതിരിപ്പാട്, ശ്രീനാരായണഗുരു, സഹോദരൻ അയ്യപ്പൻ, വാഗ്ഭടാനന്ദൻ, ബ്രഹ്മാനന്ദശിവയോഗി, ചട്ടമ്പിസ്വാമികൾ തുടങ്ങിയ നവോത്ഥാനനായകരുടെ നേതൃത്വം സഹായകമായി. സാമൂഹ്യപരിഷ്കരണത്തോടൊപ്പം ജാതികളുടെ ആന്തരികനവീകരണവും ഇവരുടെ ലക്ഷ്യമായിരുന്നു. കേരളചരിത്രത്തിന്റെ ബൃഹദാഖ്യാനങ്ങളിൽ ഒളിഞ്ഞും തെളിഞ്ഞും കടന്നുവരുന്നതാണ് ഈ നവോത്ഥാനകാലം. എന്നാൽ പ്രാദേശികമായ സൂക്ഷ്മാപഗ്രഥനത്തിൽ, ഏകശിലാത്മകമായൊരു നവോത്ഥാനചരിത്രമല്ല കേരളത്തിന്റേത് എന്ന് തിരിച്ചറിയാനാവും.

സാമൂഹികപരിണാമങ്ങൾക്ക് കാരണമാകുന്ന ചില വ്യക്തികളും ആഭ്യന്തരസമരങ്ങളും അവിടെ കടന്നുവരുന്നു. പ്രാചീനകേരളത്തിൽ തൊഴിലിനെ അടിസ്ഥാനമാക്കിയുള്ള ജാതിവിഭജനമാണ് നിലനിന്നിരുന്നതെന്ന് സംഘംകൃതികളെ അടിസ്ഥാനമാക്കി വിലയിരുത്തപ്പെടുന്നു. അയിത്തം ഒരിടത്തും ഉണ്ടായിരുന്നില്ല (മുരളി കവിയൂർ, 1999:170). ആര്യാധിനിവേശത്തിനുശേഷം ഇവിടെ ഉത്ഭവിച്ച ചാതുർവർണ്യവും ജാതിസമ്പ്രദായവും ബ്രാഹ്മണമേധാവിത്വവുമെല്ലാം സാമൂഹ്യവ്യവസ്ഥയുടെ ഭാഗമാകുന്നത്

പിന്നെയും നൂറ്റാണ്ടുകൾ കഴിഞ്ഞാണ്. ഭാഷയുടെ പരിവർത്തനഘട്ടത്തിൽ ലഭ്യമായ ലിഖിതരേഖകളിലെല്ലാം ജാതിവ്യവസ്ഥയുടെ സങ്കീർണ്ണത വ്യക്തമാണ്. എന്നാൽ അസഹ്യമായിത്തീർന്ന സവർണ്ണമേധാവിത്വത്തിനെതിരെ ഉണർന്ന കീഴാളന്റെ ചെറുത്തുനിൽപ്പിന്റെ ശക്തിയാണ് നവോത്ഥാനകേരളം കണ്ടുണർന്നത്.

### 4.4.1 താണിശ്ശേരി ലഹള

ഇരിങ്ങാലക്കുടയിൽ അവകാശങ്ങൾ നേടിയെടുക്കുന്നതിനും സാമൂഹ്യപരിഷ്കരണത്തിനും കാരണമായ സന്ദർഭങ്ങൾ ശ്രദ്ധേയമാണ്. ഈഴവർക്കിടയിൽ നിലനിന്നിരുന്ന അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും ഇല്ലായ്മചെയ്യുന്നതിനുള്ള ആഹ്വാനം നൽകിയവരിൽ ശ്രീനാരായണ ഗുരുവിന് പ്രഥമസ്ഥാനമാണ് ഉള്ളത്. അവയിലൊന്നായിരുന്നു പുലയടിയന്തിരത്തിൽ വരുത്തിയ പരിഷ്കാരങ്ങൾ. ബ്രാഹ്മണർ പത്ത് ദിവസത്തെ പുലയനുഷ്ഠിക്കുമ്പോൾ ശൂദ്രർ പതിനാറാം ദിവസം മാത്രമാണ് പുലയടിയന്തിരം നടത്തേണ്ടിയിരുന്നത്.

അക്കാലത്ത് കൊച്ചിയിലെ തീയ്യ മഹാസഭയ്ക്ക് നേതൃത്വം നൽകിയിരുന്നത് ശ്രീ നാരായണഗുരുവിന്റെ സന്യസ്തശിഷ്യരിൽ പ്രമുഖനായ ബോധാനന്ദ സ്വാമികളായിരുന്നു. 1903 -ൽ ശ്രീനാരായണഗുരുവും കുമാരനാശാനും പെരിങ്ങോട്ടുകരയിൽ എത്തിയപ്പോൾ സമീപവാസികൾ ആവേശകമായ വരവേൽപ്പ് നൽകി. ഗുരുവിന്റെ ആദർശങ്ങൾ പിന്തുടരുമ്പോഴും വ്യത്യസ്തമായി ചിന്തിച്ചിരുന്ന വ്യക്തിയാണ് ബോധാനന്ദസ്വാമികൾ. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ കായികമായ ചെറുത്തുനിൽപിനുകൂടി തയ്യാറായ ചെറുപ്പക്കാരുടെ സംഘം ഉണ്ടായിരുന്നു. ഇവർ പെരിങ്ങോട്ടുകരയിലും സമീപപ്രദേശങ്ങളായ തൃപ്രയാർ, ചിറക്കൽ, കാട്ടൂർ പ്രദേശങ്ങളിലും നടത്തിയ ചെറുത്തുനിൽപ്പുകൾ അയിത്തത്തിനെതിരായ പോരാട്ടങ്ങൾക്ക് പുതിയ മാനങ്ങൾ നൽകി. ബോധാനന്ദസ്വാമികളുടെ നേതൃത്വത്തിൽ രൂപീകരിച്ച ധർമ്മഭടസേന സവർണ്ണാധിപത്യത്തിനെതിരെ ചെറുത്തുനിൽപ്പിന് തയ്യാറായി. 1912 -ൽ തൃപ്രയാർ കലാപത്തിലും 1918 -ലെ പെരിങ്ങോട്ടുകര, ചിറക്കൽ പ്രദേശത്ത് നടന്ന ആറാട്ടുപുഴ പൂരം കലാപത്തിലും ധർമ്മഭടസേനയുടെ സാന്നിധ്യം ഉണ്ടായിരുന്നു (*ഇരിങ്ങാലക്കുട മാന്വൽ*, 2019:1183).

ആചാരപരിഷ്കരണത്തിന്റെ ഭാഗമായി പത്താം ദിവസം പുലയവസാനിപ്പിക്കാം എന്ന് ബോധാനന്ദസ്വാമികൾ ജനങ്ങളെ ഉദ്ബോധിപ്പിച്ചു. ഇതിന്റെ അനന്തരഫലമെന്നോണം ഇരിങ്ങാലക്കുട പട്ടണത്തോട് ചേർന്ന് നിൽക്കുന്ന താണിശ്ശേരി എന്ന പ്രദേശത്ത് ഒരു സംഭവമുണ്ടായി. മേനോത്തു കുഞ്ഞികൃഷ്ണൻ എന്ന ആൾ മരിച്ചതിന്റെ പത്താം ദിവസം പുല അവസാനിപ്പിക്കാൻ അദ്ദേഹത്തിന്റെ മകൻ മേനോത്ത് കുഞ്ഞയ്യപ്പനും കുടുംബവും തീരുമാനിച്ചു. അടിയന്തിരത്തിനുള്ള ഒരുക്കങ്ങൾ നടക്കുന്ന വിവരമറിഞ്ഞ് അന്നാട്ടിലെ നെടുമ്പുള്ളിമനയിലെ ജൻമി സവർണ്ണഹിന്ദുക്കളെ പ്രതിഷേധത്തിനായി സംഘടിപ്പിച്ചു. അടിയന്തിര ശ്രമങ്ങൾക്കെതിരെ പ്രതിഷേധിക്കുന്നതിനും ചടങ്ങ് തടസ്സപ്പെടുത്തുന്നതിനും ആയി അവർ ഒരുക്കങ്ങൾ കൂട്ടി. മേനോത്ത് കുഞ്ഞയ്യപ്പനാകട്ടെ സഹായത്തിനായി മുകുന്ദപുരം മജിസ്ട്രേറ്റിന് ഹർജി സമർപ്പിച്ചു. കൂടാതെ പെരിങ്ങോട്ടുകര, ചിറയ്ക്കൽ, കൂർക്കഞ്ചേരി, മുതലായ സ്ഥലങ്ങളിലെ പല മാന്യന്മാരെയും അടിയന്തര വീട്ടുകാർ സദ്യക്ക് ക്ഷണിച്ചിട്ടുണ്ടായിരുന്നു. അവരെല്ലാവരും ബോധാനന്ദസ്വാമികളുടെ നേതൃത്വത്തിൽ ചിറക്കൽനിന്നും കാൽനടയായി പുറപ്പെട്ടു (രാജൻ ഇ., 2016:77). "അക്കൂട്ടത്തിൽ ശങ്കരാനന്ദസ്വാമികൾ കെ.എസ്. പണിക്കർ തുടങ്ങി പല മാന്യന്മാരും ഉൾപ്പെട്ടിരുന്നു. അവർ വെള്ളാനി കുന്നിൻമേൽ എത്തിയപ്പോൾ തലശ്ശേരിയിൽ നായന്മാർ ലഹളക്ക് ഒരുങ്ങിയിട്ടുണ്ടെന്നും മറ്റും കേൾക്കുകയാൽ അവിടെ കുറേ നേരം വിശ്രമിക്കുകയും അനന്തരകരണീയത്തെ പറ്റി ചിന്തിക്കുകയും ചെയ്തതായി" ഇ. രാജൻ രേഖപ്പെടുത്തുന്നു (2016:77). അവിടെ വച്ച് കെ.എസ്. പണിക്കർ കേൾവിക്കാരിൽ ഉൻമേഷം ജനിപ്പിക്കുമാറ് ഒരു പ്രസംഗം നടത്തി. പ്രചോദിതരായ ധർമ്മഭടൻമാരോട് ബോധാനന്ദസ്വാമികൾ സംയമനം പാലിക്കുന്നതിനായി നിർദ്ദേശിച്ചിരുന്നു. "നാം സമാധാനമായി പോകണം. നമുക്കു നമ്മുടെ സമുദായ പരിഷ്കരണശ്രമത്തെ വിഘ്നം കൂടാതെ നടത്തേണ്ട ചുമതലയാണുള്ളത്. നാം ഒരാളെയും അനാവശ്യമായി ഉപദ്രവിച്ചു പോകരുത്. എന്നാൽ രക്ഷയെ അടിസ്ഥാനമാക്കി തടുത്തു നിൽക്കേണ്ട ഭാരം നമുക്കാണുള്ളത്" (രാജൻ ഇ., 2016:78). തുടർന്ന് അവർ വെള്ളാനിയിൽനിന്നും പഞ്ചായത്ത് വഴിയിലൂടെ പൊതുറോഡിലേക്ക് കടന്ന് മുന്നോട്ടു നടന്നു.

മേനോത്ത് ഭവനത്തെ ലക്ഷ്യമാക്കിയുള്ള യാത്ര അവിടെ എത്തുന്നതിനുമുമ്പു തന്നെ ഒരു കൂട്ടം നായൻമാർ തടഞ്ഞു. കായികബലത്തിലൂടെത്തന്നെ അവരുടെ എതിർപ്പുകളെ മറികടക്കേണ്ടിയിരുന്നു. അടുത്തുള്ള വേലിക്കുറ്റികളും മറ്റും പറിച്ചെടു

ത്താണ് സന്നദ്ധഭടന്മാർ അവരെ തടുക്കുവാൻ ശ്രമിച്ചത് ഒരു വലിയ ലഹളയാണ് അവിടെ നടന്നത്. താണിശ്ശേരി ലഹള എന്ന പേരിൽ ഇതറിയപ്പെട്ടു. പലർക്കും അടിയും കല്ലേറുകളും ഏൽക്കേണ്ടിവന്നു. മുറിവു പറ്റിയവരും കുറവല്ല. സമാധാനസം രക്ഷണത്തിനായി അയച്ചിരുന്ന ഉദ്യോഗസ്ഥന്മാർ സമയത്തിന് വരാഞ്ഞതിനാലാണ് ഇത്രയും വമ്പിച്ച ലഹള നടക്കാൻ ഇടയായത് എന്ന് ഈഴവർ മജിസ്ട്രേറ്റിനെ ധരിപ്പിച്ചു (രാജൻ ഇ., 2016:78).

1919 നവംബർ മാസത്തിലാണ് ഈ പ്രശ്നങ്ങൾ ഉടലെടുക്കുന്നത്. ഇതിനെക്കുറി ച്ച് 1920 ജനുവരി മാസത്തിൽ മിതവാദിയിൽ വന്ന വാർത്ത, *കേരളം ഇരുപതാം നൂറ്റാണ്ടി ന്റെ ആരംഭത്തിൽ* എന്ന കൃതിയിൽ ഭാസ്കരനുണ്ണി ചൂണ്ടിക്കാട്ടുന്നുണ്ട് (2005:503). താണി ശ്ശേരി ലഹളയെത്തുടർന്ന് ആചാരപരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിൽ ഇരിങ്ങാലക്കുട പ്രദേശങ്ങളിൽ ഉണ്ടായിരുന്ന സവർണ്ണരുടെ എതിർപ്പ് വലിയൊരളവോളം അവസാ നിച്ചു. എന്നാൽ ജാതീയമായ ഉച്ചനീചത്വങ്ങൾ തുടർന്നുകൊണ്ടേയിരുന്നു.

### 4.4.2 ജാതിക്കെതിരായ മുന്നേറ്റങ്ങൾ

1930 -ൽ എസ്. നീലകണ്ഠ അയ്യർ, പാലിയത്ത് കുഞ്ഞുണ്ണി അച്ചൻ എന്നിവരുടെ നേതൃത്വത്തിൽ ജാതിക്കെതിരെ സമരസന്നാഹങ്ങൾ ആരംഭിച്ചതായി കെ.വി. രാമ നാഥൻ രേഖപ്പെടുത്തുന്നുണ്ട്. "ഇവരുടെ നേതൃത്വത്തിൽ ഇരിങ്ങാലക്കുടിയിൽ ആരം ഭിച്ച ഹരിജൻ നിശാപാഠശാല ചരിത്രത്തിലെ ഒരു വഴിവിളക്കായി. ഈ പാഠശാല ഉദ്ഘാടനം ചെയ്തത് ഗാന്ധിജിയുടെ അനുയായിയായിരുന്ന കോണ്ട വെങ്കിടപയ്യ ആയിരുന്നു. പ്രശസ്ത വേദപണ്ഡിതനായിരുന്ന വാചസ്പതി പരമേശ്വരൻ മൂസ്സത്, കുട്ടി കളുടെ പേങ്ങൻ, കോരൻ, ചാത്തൻ, നടത്തിരി തുടങ്ങിയ പേരുകൾ മാറ്റി, കൃഷ്ണൻ, രാമൻ, ഗോവിന്ദൻ, നാരായണൻ എന്നൊക്കെയാക്കിമാറ്റി രജിസ്റ്ററിൽ ചേർക്കാൻ പ്രേരണ നൽകി. ഈ സംഭവം ഗാന്ധിയുടെ ഹരിജൻ പത്രത്തിലും മറ്റു പ്രധാന ദേശീയപത്രങ്ങളിലും പ്രസിദ്ധീകരിച്ചുവത്രേ!" (2013:32). ഇത്തരം സംഭവങ്ങൾ യാഥാസ്ഥിതികരെ അസ്വസ്ഥരാക്കുകയും അവർ വലിയതമ്പുരാൻ കോവിലകത്ത് ഒരു സമ്മേളനം വിളിച്ചു ചേർക്കുകയും ചെയ്തു.

കുടുമ (ശിഖ)യുള്ളവർക്ക് മാത്രമാണ് കോവിലകത്തേക്ക് പ്രവേശനം ഉണ്ടായിരുന്നത്. എസ്. നീലകണ്ഠ അയ്യർ തന്റെ കുടുമയുടെ പിൻബലത്തിൽ കോവിലകത്ത് പ്രവേശിക്കുകയും സമ്മേളനത്തിൽ ജാതിക്കെതിരായി പ്രസംഗിക്കുകയും ചെയ്തു. ഇത് യാഥാസ്ഥിതികരെ ക്ഷുഭിതരാക്കി. അവർ പോലീസിന്റെ സഹായത്തോടെ നീലകണ്ഠ അയ്യരെ മർദ്ദിച്ച് ഇറക്കിവിട്ടു. ഇതേസമയത്തുതന്നെ കിഴക്കേഗോപുരനടയിൽ ഒരു ജാതിവിരുദ്ധസമ്മേളനവും നടന്നിരുന്നു. അതിന്റെ പ്രവർത്തകർ അയിത്തപ്പിശാചിന്റെ കോലം വലിയതമ്പുരാൻ കോവിലകത്തിന്റെ പടിക്കലിട്ട് കത്തിച്ചതും സംഘർഷത്തിനിടയാക്കി (രാമനാഥൻ കെ.വി., 2013:32).

പാലിയത്ത് കുഞ്ഞുണ്ണി അച്ചന്റെ നേതൃത്വത്തിൽ നടന്ന മിശ്രഭോജനവും ഹരിജനസേവക് സംഘത്തിന്റെ പ്രവർത്തനവും യാഥാസ്ഥിതികരുടെ പ്രതിഷേധത്തിന് ഇടയാക്കിയിരുന്നു. പനമ്പിള്ളി ഗോവിന്ദമേനോൻ പ്രസിഡന്റും പാലിയത്ത് കുഞ്ഞുണ്ണി അച്ഛൻ സെക്രട്ടറിയും കൊറ്റായി ഗോപാലമേനോൻ, വട്ടപ്പറമ്പിൽ സീതമ്മ ടി. വാര്യർ തുടങ്ങിയവർ കമ്മിറ്റി അംഗങ്ങളുമായിട്ടാണ് ഹരിജന സേവക് സംഘം പ്രവർത്തിച്ചിരുന്നത് (രാമനാഥൻ കെ.വി., 2013:33). 1932 -ൽ ഗുരുവായൂർ ക്ഷേത്രപ്രവേശന ജാഥയ്ക്ക് വലിയ സ്വീകരണമാണ് ഇരിങ്ങാലക്കുടയിൽ ലഭിച്ചത്.

### 4.4.3 ഗാന്ധിജി ഇരിങ്ങാലക്കുടയിൽ

ജാതീയമായ അനാചാരങ്ങൾക്കെതിരെ സംഘർഷഭരിതമായിരുന്ന ഇരിങ്ങാലക്കുടയിലേക്ക്, 1934 ജനുവരി 17 -നാണ് ഗാന്ധിജി എത്തിച്ചേർന്നത്. അന്നേദിവസം അദ്ദേഹം തൃശ്ശൂരിലെ ഹരിജൻ ഗ്രാമങ്ങൾ സന്ദർശിക്കുകയും കൂർക്കഞ്ചേരി, പെരുവനം, ഇരിങ്ങാലക്കുട, ചാലക്കുടി എന്നീ പ്രദേശങ്ങളിലെ സ്വീകരണങ്ങളിൽ പങ്കെടുക്കുകയും ചെയ്തു (രാമചന്ദ്രൻ നായർ കെ., 2003:905). വട്ടപ്പറമ്പിൽ രാമൻ മേനോനായിരുന്നു സ്വീകരണ കമ്മിറ്റിയുടെ അധ്യക്ഷൻ അദ്ദേഹത്തിന്റെ സഹോദരൻ ബാലകൃഷ്ണ മേനോൻ, പി.എം. മാധവമേനോൻ, കൊറ്റായിൽ ഗോപാലകൃഷ്ണമേനോൻ തുടങ്ങിയവർ കമ്മിറ്റിയിൽ ഉണ്ടായിരുന്നു.

ക്രൈസ്റ്റ് കോളേജ് റോഡ് കാട്ടൂർ റോഡുമായി ചേരുന്നിടത്തിനടുത്തുള്ള പാടത്തായിരുന്നു സമ്മേളനം സംഘടിപ്പിച്ചത്. ഇന്ന് ഈ പാടങ്ങളെല്ലാം നികത്തപ്പെട്ടു

കഴിഞ്ഞു. ഗാന്ധിജിയുടെ പതിഞ്ഞ ശബ്ദം അതീവ നിശബ്ദതയോടെ നൂറുകണക്കിനാളുകൾ കാതോർത്തിരുന്നു കേട്ടു. മംഗളപത്രങ്ങൾ ഒന്നും സ്വീകരിക്കാത്ത ഗാന്ധിജി ഒരു ഹരിജൻ ബാലൻ സമർപ്പിച്ച മംഗളപത്രം സ്വീകരിച്ച് അതു ലേലം വിളിച്ചു. തട്ടിൽ ജോസഫ് എന്ന ഒരാൾ അത് എട്ടുറുപ്പികയ്ക്ക് ലേലം കൊണ്ടു. വട്ടപ്പറമ്പിൽ സുഭദ്ര മാരാത്ത്, രാജരാജേശ്വരി എന്നീ ബാലികമാർ തങ്ങളുടെ ആഭരണങ്ങൾ ഊരി ഗാന്ധിജിയുടെ പ്രവർത്തനങ്ങൾക്കായി നൽകി. അന്നേദിവസം ഗാന്ധിജി വിശ്രമിച്ചതും ഉച്ചഭക്ഷണം കഴിച്ചതും ഇരിങ്ങാലക്കുടയിലെ ഗവൺമെന്റ് വിശ്രമകേന്ദ്രത്തിലാണ് (രാമനാഥൻ കെ.വി., 2013:33). ഗാന്ധിജി ഇരിങ്ങാലക്കുട സന്ദർശിച്ചതിന്റെ ഓർമ്മയ്ക്കായി ഇരിങ്ങാലക്കുട ഗവൺമെന്റ് ഗസ്റ്റ് ഹൗസിന്റെ മുറ്റത്ത് ഗാന്ധിജിയുടെ പ്രതിമ സ്ഥാപിച്ചിട്ടുണ്ട്.

## 4.4.4 പറപ്രക്ഷോഭം

1936 -ലാണ് തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശന വിളംബരം നടപ്പിൽ വരുന്നത്. എന്നാൽ യാഥാസ്ഥിതിക ചിന്താഗതിക്കാരനായിരുന്ന കൊച്ചിരാജാവ് ഇതൊരു രാജ്യദ്രോഹമായിട്ടാണ് കണക്കാക്കിയത്. അതുകൊണ്ടുതന്നെ കൊച്ചിയിൽ അവർണ്ണന്റെ ക്ഷേത്രപ്രവേശനം കിട്ടാക്കനിയായി തുടർന്നു. കൊച്ചിരാജ്യത്ത് ക്ഷേത്രപ്രവേശനം എന്ന ആശയം പ്രചരിപ്പിക്കുന്നതിനായി സി. അച്യുതമേനോന്റെ നേതൃത്വത്തിൽ 1937 -ൽ ചെറുതുരുത്തി മുതൽ എറണാകുളം വരെ കാൽനടജാഥ നടത്തി. 25 പേരുണ്ടായിരുന്ന ജാഥയിൽ വി.ആർ. കൃഷ്ണൻ എഴുത്തച്ഛൻ, കെ.ആർ. വിശ്വംഭരൻ, കെ.ടി. അച്യുതൻ ആർ.എസ്. കൃഷ്ണയ്യർ, അമ്പാട്ട് ഇയ്യുക്കുട്ടി മേനോൻ കെ.കെ. പണിക്കർ, ടി.എസ്. ബന്ധു, മാടമ്പ് നാരായണൻ നമ്പൂതിരി, പിണ്ടിയത് മാധവൻ നായർ, പി. കുമാരൻ എഴുത്തച്ഛൻ, വി.കെ. നാരായണ ഭട്ടതിരി തുടങ്ങിയവരും പങ്കെടുത്തു. ഇവർക്കിടയിലും ഹരിജനവിഭാഗത്തിൽനിന്നുള്ളവരുടെ പേരുകൾ വിരളമാണ്.

കൊച്ചിയിലെ ക്ഷേത്രങ്ങളിൽ അധഃസ്ഥിതർക്ക് പ്രവേശനമുണ്ടായിരുന്നില്ല എന്ന് മാത്രമല്ല അവിടുത്തെ പറയെഴുന്നള്ളിപ്പിന് പൊതുനിരത്തുകളിൽനിന്ന് അവർണ്ണഹിന്ദുക്കളെ അകറ്റുന്ന സമ്പ്രദായവും നിലനിന്നിരുന്നു. ഇത് അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 1935 -ൽ കൊച്ചിനിയമസഭയിൽ ഒരു പ്രമേയം അവതരിപ്പിക്കുകയും പാസാക്കുകയും ചെയ്തു. എന്നാൽ കൊച്ചിരാജാവ് പ്രമേയം തള്ളിക്കളഞ്ഞു.

രാജാവിന്റെ ഈ നടപടിക്കെതിരെ കൊച്ചിക്ക് അകത്തും മലബാറിൽ പലയിടത്തും പ്രതിഷേധ പൊതുയോഗങ്ങൾ നടന്നു. ഈ അനീതിക്കെതിരെ ആദ്യമായി പ്രതികരിച്ചത് ബോധാനന്ദസ്വാമികളുടെ നാടായ കുറുമ്പിലാവിലാണ്. തൃപ്രയാർ ദേവന്റെ പൂരം ആറാട്ടുപുഴ പൂരത്തിനു പോകുമ്പോൾ വഴിയിലുള്ള ഈഴവർ ഓടി മാറണമായിരുന്നു. പ്രസവിച്ചു കിടക്കുന്ന സ്ത്രീകൾ അയിത്തം പാലിച്ച് വീടുകളിൽനിന്ന് ഒഴിഞ്ഞു പോകണം. തെങ്ങുകളിൽനിന്നും കള്ളുമാടങ്ങൾ ഇറക്കുകയും വേണം. എന്നാൽ പ്രബുദ്ധരായ കുറുമ്പിലാവിലെ യുവാക്കൾ ബോധാനന്ദ സ്വാമികളുടെ ആശിർവ്വാദത്തോടെ സവർണ്ണരെ വഴി തടയുകയും മർദ്ദിക്കുകയും ചെയ്തു. തുടർന്ന്, കുറുമ്പിലാവിലെത്തുമ്പോൾ മാത്രം തൃപ്രയാർ ദേവനും ഈഴവരും തമ്മിൽ അയിത്തമില്ലാതായി (ആരോമലുണ്ണി, 1998:161).

കൂടൽമാണിക്യക്ഷേത്രത്തിലെ ആറാട്ട് പോകുമ്പോഴും ഇതേ സ്ഥിതി തുടർന്നു. ക്രിസ്ത്യാനികളും മുസൽമാനും ആറാട്ട് അടുത്തുനിന്ന് കാണുമ്പോഴും ഈഴവനും പുലയനും വിളിപാട് അകലെ മാറിനിൽക്കണം. ഉത്സവത്തിന്റെ ഭാഗമായി ദേവചൈതന്യം ആവാഹിച്ചെത്തുന്ന തിടമ്പിനെ ഭക്തർ പറ വച്ച് സ്വീകരിച്ചിരുന്നു. എന്നാൽ അയിത്ത ജാതിക്കാർക്ക് ഇതിന് അവകാശമുണ്ടായിരുന്നില്ല. മാത്രമല്ല തിടമ്പുപോകുന്ന വഴിയിൽ നിൽക്കാനുള്ള അനുവാദവും ഇല്ലായിരുന്നു.

കൂടൽമാണിക്യദേവന്റെ എഴുന്നള്ളിപ്പിനെയും അയിത്താചാരത്തെയുംക്കുറിച്ച് എൻ.പി.ആരോമലുണ്ണി രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്, “1938 -ൽ ഇരിങ്ങാലക്കുട ആറാട്ട് റോഡിൽ (ഇന്നത്തെ ക്രൈസ്റ്റ് കോളേജ് റോഡ്) നടന്ന പ്രക്ഷോഭം കൊച്ചി രാജാവിനെയും ദിവാൻ ഷണ്മുഖം ചെട്ടിയെയും ഒട്ടൊന്നുമല്ല അലോസരപ്പെടുത്തിയത്. ക്രൈസ്റ്റ് കോളേജിനു മുന്നിലുള്ള വഴി ചെന്നവസാനിക്കുന്നത് പാറക്കുളം വഴി വയലിലാണ്. പാറക്കുളം വഴി വയലിൽനിന്നും കയറിവരുന്ന ആറാട്ടെഴുന്നള്ളിപ്പ് കിഴക്കോട്ട് നടന്ന് തൃശ്ശൂർ കൊടുങ്ങല്ലൂർ റോഡിലേക്ക് പ്രവേശിച്ച് വടക്കോട്ട് തിരിഞ്ഞ് വീണ്ടും കിഴക്കോട്ട് തിരിഞ്ഞ് തേൻകുളം, വിളക്കുപാടം വഴി രാപ്പാളിലേക്ക് പോവുകയാണ് പതിവ്. ഒന്നിടവിട്ട വർഷങ്ങളിൽ ഇതുവഴി ആറാട്ട് പോകും. ഒരു വർഷം ചാലക്കുടിപ്പുഴയിൽ ആണെങ്കിൽ അടുത്തവർഷം രാപ്പാളിൽ ആയിരിക്കും ആറാട്ട് മുങ്ങുക. പത്ത് ദിവസത്തെ കൂടൽമാണിക്യക്ഷേത്രോത്സവത്തിന്റെ സമാപന ദിവസമാണ് ആറാട്ടും ഇരിങ്ങാലക്കുടവെച്ച് സ്റ്റാൻഡിനടുത്തുള്ള ആൽത്തറയിൽ പള്ളിവേട്ടയും നടക്കുക. ആറാ

ട്ട് മുങ്ങാൻ പോകുന്ന പൂരം ഭൂപരിഷ്കരണ നിയമം നടപ്പാക്കുന്നതുവരെ കൂടൽമാണിക്യ ക്ഷേത്രഭൂമിയിലൂടെ മാത്രമേ സഞ്ചരിക്കുമായിരുന്നുള്ളൂ. ആറാട്ടിനു പോകാനായി നാട്ടുകാരുടെ വേലി വെട്ടിപ്പൊളിക്കുമായിരുന്നു. കുമ്പുവന്ന നെൽവയലിലൂടെയാണ് മൂന്ന് ആനകളും നൂറുകണക്കിന് പുരുഷാരവും ഉൾപ്പെടുന്ന പൂരം ആറാട്ട് മുങ്ങാൻ പോവുക. ആനകൾക്ക് ജനങ്ങൾ ചക്കയും ഓലയും നാളികേരവും നൽകും. അയിത്തജാതിക്കാർ ഈ കാണിക്കകൾ വെച്ച് ഓടി മാറണമായിരുന്നു" (ആരോമലുണ്ണി, 1998:162-3). ഈ ദുഃസ്ഥിതിയെ ചോദ്യം ചെയ്യാനുറച്ച പ്രതിഷേധക്കാർ പാറക്കുളത്തിനടുത്തുവച്ചും ക്രൈസ്റ്റ് കോളേജ് റോഡ് ആസാദ് റോഡിലേക്ക് സന്ധിക്കുന്നിടത്തുവച്ചും വഴിയിൽനിന്നും മാറാതെനിന്നു. ആ സംഘത്തെ നായർപട്ടാളം ദൂരേക്ക് തള്ളിമാറ്റി ഭീഷണിപ്പെടുത്തി ഓടിച്ചു. ക്രൈസ്റ്റ് റോഡിൽ (ആറാട്ട് റോഡ് കവല) കെ.ടി. അച്യുതൻ (മുൻ മന്ത്രി), പി.കെ. കുമാരൻ പാണംപറമ്പിൽ എന്നിവരുടെ നേതൃത്വത്തിൽ വലിയൊരു സംഘം യുവാക്കൾ അണിനിരന്നിരുന്നു. അവരെ ലാത്തിചാർജ്ജ് ചെയ്താണ് നീക്കം ചെയ്തത്. അന്നത്തെ എസ്.എൻ.ഡി.പി. യോഗം പ്രസിഡന്റ് അഡ്വ. കെ.ആർ. വിശ്വംബരൻ ഇതിനെതിരെ പത്രപ്രസ്താവനയിറക്കി. ഇത് രാജാവിനെയും ദിവാനെയും പ്രകോപിപ്പിക്കുന്നതിന് കാരണമായി. വിശ്വംബരനെതിരെ പ്രോസിക്യൂഷൻ നടപടികൾ തുടങ്ങി. സഹോദരൻ അയ്യപ്പൻ ദിവാനെ കണ്ട് സംസാരിക്കുകയും മാപ്പെഴുതിനൽകുകയും ചെയ്തതിനു ശേഷമാണ് തുടർ നടപടികൾ അവസാനിപ്പിച്ചത്.

പറപ്രക്ഷോഭത്തെ തുടർന്ന് ജനവികാരം ഉണർന്നപ്പോൾ ദിവാൻ ഷണ്മുഖം ചെട്ടി നിഷ്പക്ഷമെന്ന് തോന്നുമെങ്കിലും, സവർണ്ണർക്കനുകൂലമായി പുറപ്പെടുവിച്ച ഉത്തരവ് ഇപ്രകാരമായിരുന്നു, "പറ എഴുന്നള്ളിക്കൽ സംബന്ധിച്ച് കൊച്ചിനിയമസഭയിലുണ്ടായ ഒരു സൂചനാ ഉപക്ഷേപത്തെപറ്റി ഗവ. 1935 ഒക്ടോബർ 22 -ന് പുറപ്പെടുവിച്ച കൽപന ചില ഭാഗങ്ങളിൽ തെറ്റിദ്ധാരണകൾ ഉളവാക്കിയിട്ടുണ്ടെന്നകാര്യം ഗവ.ന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്നു. മഹാരാജാവിന്റെ പ്രജകളിലെ എല്ലാവിഭാഗങ്ങളും പൊതുനിരത്തുകൾ ന്യായമായി ഉപയോഗിക്കുന്നതിനെ തടയുവാൻ ഗവൺമെന്റിന് ആഗ്രഹമില്ലെന്നുള്ള കാര്യം വ്യക്തമാകുന്നതിന് ഗവ. ആഗ്രഹിക്കുന്നു. വാസ്തവത്തിൽ പൊതുനിരത്തുകളിൽനിന്നും ഏതെങ്കിലും അവസരത്തിൽ ഏതെങ്കിലും ഒരാളെ നീക്കം ചെയ്യുന്ന ഒരു നയം ഗവ. ഇതുവരെ സ്വീകരിച്ചിട്ടില്ല. എന്നാൽ പറ എഴുന്നള്ളിക്കൽ ഒരു സ്വകാര്യ ഘോഷയാത്രയാണെന്നുള്ളകാര്യം മനസ്സിലാ

ക്കേണ്ടിയിരിക്കുന്നു. ഏതെങ്കിലും ഒരാൾ കരുതിക്കൂട്ടി ഘോഷയാത്രയുമായി ഇടപെ ടുകയോ തടയുകയോ മറ്റുവല്ലബുദ്ധിമുട്ടുകളും ഉണ്ടാക്കുകയോ ചെയ്യുകയാണെങ്കിൽ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് അങ്ങനെയുള്ളവരുടെ കാര്യം ആലോചിക്കു ന്നതാണ്" (രാജൻ ഇ., 2016:68)

കൂടൽമാണിക്യക്ഷേത്രത്തിലെ ആറാട്ട് എഴുന്നള്ളിപ്പ് പൊതുനിരത്തിലെത്തിയ പ്പോൾ വഴിയരികിലൂടെ പോയിരുന്ന എസ്.എൻ.ഡി.പി. നേതാവ് കെ.ടി. അച്യുതനെ സവർണ്ണരും പോലീസും അസഭ്യം വിളിക്കുകയും ലാത്തിവീശി ഓടിക്കുകയും ചെയ്തു. ഏത്രർ എസ്.എൻ.ഡി.പി. സമ്മേളനത്തിൽ ക്ഷേത്രപ്രവേശന കാര്യം ഗൗരവമായി പരിഗണിക്കാൻ പ്രേരിപ്പിച്ചത് ഈ സംഭവമാണെന്ന് പയ്യപ്പിള്ളി ബാലൻ അനുമാനി ക്കുന്നുണ്ട് (2011:56).

അധഃസ്ഥിതവിഭാഗം അനുഭവിക്കുന്ന ദുരിതങ്ങൾ പല രീതിയിൽ പിന്നെയും തുടർന്നു. ഇരിങ്ങാലക്കുട സ്കൂളിൽ ഷർട്ട് ധരിച്ചെത്തിയ കെ.കെ. അയ്യപ്പൻ എന്ന എട്ടു വയസ്സുമാത്രം പ്രായമുള്ള കുട്ടിക്കെതിരെ സവർണ്ണർ പോലീസിൽ പരാതി നൽകി. അയ്യപ്പനെയും അവന്റെ അമ്മയെയും പോലീസ് സ്റ്റേഷനിലേക്ക് വിളിപ്പിച്ചു. അവിടെവ ച്ച് അയ്യപ്പന് മർദ്ദനമേൽക്കേണ്ടിയും വന്നു. ഇരിങ്ങാലക്കുടയിലെ പുരോഗമന ചിന്താ ഗതിക്കാരായ ചെറുപ്പക്കാർ നേതൃത്വം നൽകിയിരുന്ന പ്രോഗ്രസീവ് ക്ലബ്ബ് പ്രശ്നത്തിൽ ഇടപെട്ട് നോട്ടീസ് അച്ചടിച്ച് വിതരണം ചെയ്തു. ഇരിങ്ങാലക്കുടയിലെ തട്ടിൽ മെമ്മോ റിയൽ ഹാളിൽ വച്ച് നടന്ന പ്രതിഷേധയോഗത്തിൽ കൊച്ചിനിയമസഭാംഗമായിരുന്ന കെ.പി. വള്ളോൻ പ്രസംഗിച്ചിരുന്നു. പ്രശ്നം അദ്ദേഹം നിയമസഭയിൽ അവതരിപ്പിക്കു കയും ചെയ്തു (സുനിൽകുമാർ കെ.കെ., 2022:33).

### 4.4.5 പുലയമഹാസഭ

ഈഴവർക്ക് സംഘടനാശക്തി നൽകിയിരുന്നത് എസ്.എൻ.ഡി.പി. ആയിരുന്നെ ങ്കിൽ ഹരിജനങ്ങൾക്ക് സംഘബലം നൽകിയിരുന്നത് അയ്യങ്കാളിയുടെ നേതൃത്വത്തി ലുള്ള സാധുജന പരിപാലനസംഘമായിരുന്നു. എന്നാൽ തിരുവിതാംകൂറിന് പുറത്തേ ക്ക് ഇത്തരമൊരു നേതൃത്വം ഉണ്ടാകുന്നത് പുലയമഹാസഭയുടെ പ്രവർത്തനങ്ങളിലൂടെ യാണ്. കൃഷ്ണാദി ആശാന്റെ നേതൃത്വത്തിൽ 1913 -ൽ പുലയമഹാസഭ കൊച്ചിയിൽ

നടത്തിയ കായൽസമ്മേളനം, സംഘടിച്ച് ശക്തരാകണം എന്ന ബോധ്യം ദളിത് വിഭാഗത്തിൽ ഉണർത്തുന്നതിന് സഹായകമായി. അക്കാലത്ത് പുലയർക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്നു എങ്കിലും കൃഷ്ണാദി ആശാൻ രഹസ്യമായി പഠനം നടത്തുകയും പുലയകുട്ടികളെ അക്ഷരം അഭ്യസിപ്പിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ ആകൃഷ്ടരായ കുറച്ച് ചെറുപ്പക്കാരാണ് കൊച്ചിയിൽ പുലയസമ്മേളനം നടത്താൻ തീരുമാനിച്ചത്.

1940 -ലാണ് ഇരിങ്ങാലക്കുടയിൽ ആദ്യമായി കൊച്ചിപുലയമഹാസഭയുടെ സമ്മേളനം നടക്കുന്നത്. അയ്യായിരത്തോളം വരുന്ന പുലയയുവാക്കളും യുവതികളും അണിനിരന്ന ഈ സമ്മേളനം പുലയർക്ക് വലിയ ആത്മധൈര്യം നേടിക്കൊടുത്തു. ആ സമരം വിജയിപ്പിക്കുന്നതിൽ മുഖ്യപങ്കുവഹിച്ച പി.കെ. ചാത്തൻ മാസ്റ്റർ പുലയമഹാസഭയുടെ അനിഷേധ്യ നേതാവായി മാറുന്നത് ഈ സമ്മേളനത്തോടെയാണ് എന്ന് ഇ. രാജൻ രേഖപ്പെടുത്തുന്നു. "അതോടെ നൂറ്റാണ്ടുകൾ നിലനിന്ന അയിത്താചരണത്തിന്റെ പ്രാകാരങ്ങൾ ഭേദിക്കുവാൻ ശക്തരായ ഒരു ജനതയായി പുലയർ മാറിക്കഴിഞ്ഞിരുന്നു. വിദ്യാഭ്യാസംകൊണ്ടും സംഘടനാബോധംകൊണ്ടും പുലയർ ഉയർത്തെഴുന്നേറ്റിട്ടും അവരുടെ സഞ്ചാരസ്വാതന്ത്ര്യം തടഞ്ഞുകൊണ്ട് തീണ്ടൽ പലകകൾ പ്രധാന റോഡുകളിൽ സ്ഥാപിക്കപ്പെട്ടിരുന്നു. അയിത്തക്കോട്ടകളെ തകർത്തെറിയാനും സഞ്ചാരസ്വാതന്ത്ര്യം നേടാനും ക്ഷേത്രപ്രവേശനം നേടാനും പ്രാപ്തരായി പുലയർ വളർന്നുകഴിഞ്ഞിരുന്നു" (2016:88).

1946 മെയ് 30, 31 തിയതികളിൽ നടന്ന കൊച്ചിപുലയമഹാസഭയുടെ മുപ്പത്തിമൂന്നാം വാർഷികസമ്മേളനത്തിന് ഒരുക്കങ്ങൾ നടത്തിയത് പി.കെ. ചാത്തൻ മാസ്റ്ററുടെ നേതൃത്വത്തിലായിരുന്നു. സംഭവബഹുലമായിരുന്നു ഈ സമ്മേളനം. പുലയമഹാസഭയുടെ വാർഷികസമ്മേളനത്തിന്റെ പ്രചരണത്തിനും പണപ്പിരിവിനുമായി ഇറങ്ങിയ പുലയസ്ത്രീകൾക്ക് നേരെ സവർണ്ണർ മുറുക്കിത്തുപ്പി. ഇതൊരു പ്രകോപനം തന്നെയായിരുന്നു. കൂടൽമാണിക്യക്ഷേത്രപരിസരത്ത് വെച്ചായിരുന്നു അവർ ഈ അസഹിഷ്ണത പ്രദർശിപ്പിച്ചത്. കെ.വി. കാളി, കെ.കെ. അയ്യപ്പന്റെ ഭാര്യ കാളി, കെ.കെ. ചക്കി, പി.സി. കുറുമ്പ എന്നിവരടങ്ങിയതായിരുന്നു ആ പ്രചരണസംഘം. സാരിയും ബ്ലൗസും ധരിച്ചെത്തിയതാണ് മേലാളരെ പ്രകോപിപ്പിച്ചതെന്ന് *ഇന്നലെ നടന്ന വഴികളിൽ* ആരോമലുണ്ണി രേഖപ്പെടുത്തുന്നുണ്ട് (1998:174). അയിത്തജാതി

ക്കാർക്ക് പ്രവേശനമില്ലാതിരുന്ന റോഡിൽ പ്രവേശിച്ച എന്നതിനേക്കാൾ ആ സ്ത്രീക ളുടെ വേഷവിധാനവും കുസലില്ലായ്മയുമാണ് സവർണ്ണരുടെ പ്രകോപനത്തിന് ആക്കം കൂട്ടിയത് എന്ന് *പാലിയം സമരം* എന്ന കൃതിയിൽ പയ്യപ്പിള്ളി ബാലൻ രേഖപ്പെടു ത്തുന്നു, "ഇന്നലെവരെ തങ്ങളുടെ ചൊൽപ്പടിക്കും ഇംഗിതത്തിനും വിധേയരായിരുന്ന ഈ പെൺകുട്ടികൾ ഇന്ന് അവകാശബോധത്തോടെ സംഘടിതരായി സംഘബലം വർദ്ധിപ്പിക്കാൻ ഇറങ്ങിത്തിരിച്ചിരിക്കുന്നു. മുട്ടോളം എത്തുന്ന മുണ്ടുടുത്ത് വേണ്ടിവ ന്നാൽ ഒരു തോർത്ത് മാറത്ത് ഇട്ട് നടന്നവർ ആധുനികരീതിയിൽ സാരികൾ അണി ഞ്ഞ് തലയുയർത്തിപ്പിടിച്ച് തങ്ങളുടെ മുമ്പിൽ എത്തിയിരിക്കുന്നു" (2011:58). ഇതിനെ തുടർന്ന് എൻ.പി. വേലായുധന്റെ നേതൃത്വത്തിൽ പുലയയുവാക്കൾ ഈ വഴിയിലൂടെ സൈക്കിൾറാലി നടത്തി. പ്രകോപിതരായ സവർണ്ണമേധാവികൾ ഇവരെ തല്ലി ഓടിക്കുകയും വഴിയിൽ പുണ്യാഹം നടത്തുകയും ചെയ്തു. ഇതിന്റെ ചെലവ് ജാഥ നടത്തിയവർ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേസ് കൊടുത്തു. പുലയസ്ത്രീകൾ ക്ക് നേരെ ഉണ്ടായ അധിക്ഷേപത്തിനും പുലയയുവാക്കളുടെ സൈക്കിൾറാലിയുമായി ബന്ധപ്പെട്ടുണ്ടായ സംഘർഷത്തിലും പ്രതിഷേധം ശക്തമായിരുന്നു. പി.കെ. കുമാ രന്റെ നേതൃത്വത്തിൽ കുട്ടംകുളത്തേക്ക് മാർച്ച് ചെയ്ത എസ്.എൻ.ഡി.പി. യുവാക്കളെ പോലീസ് അറസ്റ്റ് ചെയ്യുകയും ക്രൂരമായി മർദ്ദിക്കുകയും ചെയ്തു (*ഇരിങ്ങാലക്കുട മാന്വൽ*, 20019:1183).

കാൽനടജാഥയായാണ് പുലയർ സമ്മേളനത്തിന് എത്തിച്ചേർന്നത്. തീണ്ടൽ പലക സ്ഥാപിക്കപ്പെട്ട ക്ഷേത്രപരിസരത്ത് പുലയയുവാക്കൾ നടത്തിയ സൈക്കിൾ റാലി അധികൃതരെ സംഭ്രമിപ്പിച്ചിരുന്നു. അതുകൊണ്ടുതന്നെ വലിയ പോലീസ് സന്നാഹത്തെ പുലയമഹാസഭയുടെ സമ്മേളനപരിസരത്ത് സജ്ജരാക്കിയിരുന്നു. പുലയസഭ പ്രസിഡന്റ് കെ.കെ. കണ്ണനെ സ്പെഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് വിളിച്ച് ക്ഷേത്രപരിസരത്ത് നിരോധനം നിലവിലുണ്ടെന്നും അത് ലംഘിച്ചുകൂടെന്നും താക്കീത് ചെയ്തു. അതുകൊണ്ടുതന്നെ മജിസ്ട്രേറ്റ് നിർദ്ദേശിച്ച വഴികളിലൂടെ മാത്രമേ ഘോഷ യാത്ര സഞ്ചരിച്ചുള്ളൂ (ഇ. രാജൻ, 2016:102).

അയ്യായിരത്തിലധികം പുലയർ പങ്കെടുത്ത ആ സമ്മേളനത്തിലും സ്ത്രീകൾ സാരിധരിച്ചാണ് എത്തിയിരുന്നത്. "വളരെ വൃത്തിയോടും പരിഷ്കൃതമായ രീതിയിലും വസ്ത്രധാരണം ചെയ്തുവന്നിരുന്ന പുലയപ്പെൺകുട്ടികളെ കണ്ടാൽ അവർ പുലയരാണെ

ന്നു തോന്നുകയേയില്ല. ഇത്രയധികം അധഃകൃതർ ആബാലവൃദ്ധം സമ്മേളിച്ച ഒരു യോഗം ഇതിനുമുമ്പ് കൊച്ചിയിൽ നടന്നിട്ടില്ല"എന്ന് ഇ. രാജൻ കുറിക്കുന്നു (2016:105). ഒരു വർഷത്തിനുള്ളിൽ സഞ്ചാരസ്വാതന്ത്ര്യം അനുവദിച്ചില്ലെങ്കിൽ കുട്ടംകുളം റോഡിൽ നിയമം ലംഘിച്ച് അവർണ്ണർ പ്രവേശിക്കും എന്ന പ്രമേയം സമ്മേളനത്തിൽ അവതരിപ്പിച്ച് പാസാക്കി (സുനിൽകുമാർ കെ.കെ., 2022:34).

പുലയ മഹാസമ്മേളനത്തിനായി കൊച്ചിയുടെ നാനാഭാഗത്തുനിന്നും ഇരിങ്ങാലക്കുടയിലേക്ക് എത്തിയ ജനസാഗരത്തെ കണ്ട് സി. അച്യുതമേനോൻ *സ്മരണയുടെ ഏടുകൾ* എന്ന ആത്മകഥയിൽ രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്, "കരിവീട്ടിയിൽനിന്നും കടഞ്ഞെടുത്ത പോലുള്ള മനുഷ്യരൂപങ്ങൾ പതിനായിരത്തോളം തടിച്ചുകൂടി പ്രകടനവും മറ്റും നടത്തിയത് വിശ്വസിക്കാൻ പറ്റാത്ത വിധമായിരുന്നു. എന്റെ ജീവിതത്തിൽ അപ്രകാരമൊരു ജാഥയും സമ്മേളനവും അതിനുമുമ്പോ പിമ്പോ കണ്ടിട്ടില്ല" (1975:51). ശുഭ്രവസ്ത്രധാരികളായി എന്നാണ് *ഇന്നലെ നടന്ന വഴികളും കുട്ടംകുളം സമരചരിത്ര*വുമെല്ലാം രേഖപ്പെടുത്തുന്നത്. പിന്നീട് നടന്ന കുട്ടംകുളം സമരത്തിന് പശ്ചാത്തലമൊരുക്കുന്നതിൽ പുലയമഹാസമ്മേളനം വലിയ പങ്കുവഹിച്ചു. അവഗണിക്കപ്പെട്ട ജനവിഭാഗത്തിന് മന:ശക്തിയും ഊർജ്ജവും നൽകുന്നതിന് ഇത്തരം സംഘടിതശ്രമങ്ങൾക്ക് സാധിച്ചിരുന്നു.

### 4.4.6 കുട്ടംകുളം സമരം

തിരുവിതാംകൂറിൽ 1936 -ൽ അവർണ്ണർക്ക് ക്ഷേത്രപ്രവേശനം സാധ്യമാകുന്നുണ്ട്. എന്നാൽ കൊച്ചിരാജ്യത്ത് 1946 -ലും ഇത് സാധ്യമായിരുന്നില്ല. ക്ഷേത്രത്തിൽ എന്നല്ല ക്ഷേത്രമതിലിനു പുറത്തുള്ള പൊതുനിരത്തിൽപ്പോലും അവർണ്ണർക്ക് സഞ്ചാരസ്വാതന്ത്ര്യമില്ലായിരുന്നു. ഇതിനായി പല ക്ഷേത്രപരിസരങ്ങളിലും തീണ്ടൽ പലകകൾ സ്ഥാപിക്കപ്പെട്ടു. ഈഴവർ, പറയർ, പുലയർ, കുറവർ, ചാന്നാൻ തുടങ്ങിയ വിഭാഗങ്ങളിലെ അവകാശബോധമുണർന്ന സമൂഹം ഇതിനെതിരെ ശക്തമായി ഇടപെടാൻ തീരുമാനിച്ചു.

ഇരിങ്ങാലക്കുടയ്ക്കടുത്തുള്ള കൊട്ടുങ്ങല്ലൂർ ഭഗവതിക്ഷേത്രത്തിനോട് ചേർന്ന നിരത്തിലൂടെ പ്രവേശനം നിഷേധിച്ച് തീണ്ടൽപലക സ്ഥാപിക്കപ്പെട്ടു. കോതപറമ്പ്

മുതൽ കര്യാപ്പിള്ളി വരെ കല്ലിട്ട് നന്നാക്കിയ കൊടുങ്ങല്ലൂർ പബ്ലിക് റോഡിന്റെ ചില ഭാഗങ്ങളിലാണ് പ്രവേശനം നിഷേധിക്കപ്പെട്ടത് (ഭാസ്കരനുണ്ണി പി., 2005:301-3). കൊച്ചിയിലെ പാലിയം ക്ഷേത്രപരിസരത്തും പൊതുവഴി അവർണ്ണർക്ക് നിഷേധിക്കപ്പെട്ടു.

ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രപരിസരത്തും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. 1911 -ലാണ് ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ കല്പന കൂടൽമാണിക്യക്ഷേത്രത്തിന്റെ കിഴക്കേനടയിലുള്ള കുട്ടംകുളം റോഡിൽ സ്ഥാപിക്കുന്നത്. "കൊച്ചി സംസ്ഥാനത്ത് ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് കോടതിയിൽനിന്ന് ക്രിമിനൽ നടപടി 125 -ാം വകുപ്പ് പ്രകാരം എല്ലാവരും അറിയുന്നതിനായി പരസ്യപ്പെടുത്തുന്നതെന്തെന്നാൽ കൂടൽമാണിക്യം ക്ഷേത്രത്തിന്റെ ചുറ്റുമുള്ള മതിൽക്ക് പുറമേക്കൂടിയും കുളത്തിന്റെ കിഴക്കും തെക്കും പടിഞ്ഞാറുമുള്ള വഴിയിൽ കൂടിയും ഹിന്ദുക്കളിൽ തീണ്ടൽ ജാതിക്കാർ സഞ്ചരിക്കുന്നതിനാൽ ക്ഷേത്രവും അതിനകത്തുള്ള തീർത്ഥക്കുളവും അശുദ്ധമാവുന്നതായും അതിനായി പലപ്പോഴും പുണ്യാഹത്തിനും മറ്റും ഇടവരുന്നതായും നമുക്ക് അറിവായിരിക്കുന്നതിനാൽ മേൽപ്പറഞ്ഞ വഴികളിൽ കൂടി തീണ്ടൽ ജാതിക്കാർ ഗതാഗതം ചെയ്തുപോകരുതെന്ന് നാം ഇതിനാൽ ഖണ്ഡിതമായി കൽപ്പിച്ചിരിക്കുന്നു" എന്നാണ് കുട്ടംകുളത്തോട് ചേർന്നുള്ള പൊതുനിരത്തിൽ സ്ഥാപിച്ചിരുന്ന തീണ്ടൽ പലകയിൽ എഴുതിവച്ചിരുന്നത് (*കുട്ടംകുളം സമരം എഴുപതാം വാർഷികം സ്മരണിക*, 2016:92). കുട്ടംകുളത്തിന്റെ തെക്കുവടക്കായി ഇപ്പോഴത്തെ ഗാന്ധിപാർക്കിന്റെ അരികിലൂടെയുള്ള വഴിയിലും മതിലിടവഴി പടിഞ്ഞാറേനട - തെക്കേനട എന്നിവിടങ്ങളിലും 'അവർണ്ണർക്ക് പ്രവേശനമില്ല'എന്ന ബോർഡുകൾ സ്ഥാപിച്ചിരുന്നു.

ക്ഷേത്രമതിലിനകത്ത് കടന്നാലും ചുറ്റമ്പലത്തിന് അകത്തേക്ക് കടന്നുകൂടാത്ത ചില ജാതിക്കാരുണ്ടായിരുന്നു. സോപാനത്തിന് അകത്ത് കയറി മണിയടിച്ച് തൊഴാൻ ബ്രാഹ്മണർക്കും ക്ഷത്രിയർക്കും മാത്രമാണ് അവകാശം. മേൽശാന്തി തീർത്ഥവും പ്രസാദവും കയ്യിൽ കൊടുത്തിരുന്നത് ബ്രാഹ്മണർക്കും ക്ഷത്രിയർക്കും മാത്രമാണ്. 1966 -ൽ ക്രൈസ്റ്റ് കോളേജിൽ അധ്യാപകനായെത്തിയ പി.കെ. ഗോപിനാഥൻ നായർ, അദ്ദേഹം ഇരിങ്ങാലക്കുടയിൽ താമസമാക്കിയ ശേഷം കൂടൽമാണിക്യക്ഷേത്രദർശനത്തിനെത്തിയ അനുഭവം വിവരിക്കുന്നുണ്ട്. ദർശനം കഴിഞ്ഞ് കിഴക്കേ വാതിലിൽ കൂടി വെളിയിലോട്ട് ഇറങ്ങാൻ ഭാവിച്ചപ്പോൾ അവിടെയുള്ള ഒരു ക്ഷേ

ത്രുപരികർമ്മി അതുവഴി പോകരുതെന്ന് വിലക്കി. കാരണം ചോദിച്ചപ്പോൾ അത് ബ്രാഹ്മണർക്കുള്ള വഴിയാണെന്നും മറ്റുള്ളവർക്ക് നിഷിദ്ധമാണെന്നുമായിരുന്നു മറുപടി. മറ്റൊരിക്കൽ സുഹൃത്തിനൊപ്പം ക്ഷേത്രദർശനത്തിയപ്പോൾ പൂജ കഴിഞ്ഞ് പൂജാരി രണ്ട് ഇലയിൽ പ്രസാദവുമായി വന്നു. ഒരു ഇലയിലെ പ്രസാദം സുഹൃത്തിന്റെ കയ്യിൽ കൊടുത്തു. മറ്റേത് കയ്യിൽ തരാതെ തറയിൽ വച്ചു. തന്റെ കഴുത്തിൽ പൂണൂൽ ഇല്ലാത്തതായിരുന്നു അതിന്റെ കാരണം എന്ന് അദ്ദേഹം വേദനയോടെ എഴുതുന്നു. ബ്രാഹ്മണ മേധാവിത്വത്തിന്റെ അവശിഷ്ടങ്ങൾ ഇന്നും കൂടൽമാണിക്യക്ഷേത്രത്തിൽ നിലനിൽക്കുന്നു എന്നതിന്റെ തെളിവായി അദ്ദേഹം ഇക്കാര്യം വിവരിക്കുന്നു (ഗോപിനാഥൻ നായർ സി.കെ., 2023:178). ഉത്സവകാലത്ത് നൽകുന്ന സദ്യ പൂണൂലിട്ടവർക്ക് മാത്രമായിരുന്നു. കുലീപനീതീർത്ഥത്തിൽ ഇറങ്ങി കുളിക്കാൻ ബ്രാഹ്മണർക്ക് മാത്രമേ അനുവാദമുള്ളൂ. അതും പുറമേ മുങ്ങിക്കുളിച്ച് ഓടി വന്നൊരു മുങ്ങൽ. ആ സ്ഥിതി ഇന്നും തുടരുന്നു. തുലാമാസത്തിലെ കറുത്തവാവിൻനാൾ ഉച്ചപൂജ കഴിഞ്ഞ് നേരത്തെ നടയടച്ച് തീർത്ഥം നായന്മാർക്കായി തുറന്നു കൊടുത്തിരുന്നു. ഈ ദിവസം തീർത്ഥത്തിൽ കുളിച്ചാൽ മോക്ഷം കിട്ടുമെന്ന വിശ്വാസത്തിന്റെ പേരിൽ ഒരുപാട് ആളുകൾ ഇതിനായി കുലീപനീ തീർത്ഥത്തിൽ എത്തിച്ചേർന്നു. ഇത് കഴിഞ്ഞ് വൈകുന്നേരം പുണ്യാഹം ചെയ്ത് ശുദ്ധിവരുത്തിയശേഷം മാത്രമേ നടതുറക്കുകയുള്ളൂ. ക്ഷേത്രത്തിൽ അവർണ്ണർക്ക് പ്രവേശനം അനുവദനീയമായതിനു ശേഷം ഈ സ്ഥിതി നിർത്തലാക്കി. 'പിന്നെ നായർക്ക് മാത്രമായി അനുവദിക്കാൻ സാധിക്കില്ലല്ലോ' എന്ന് കെ.വി. രാമനാഥൻ വിലയിരുത്തുന്നു (2013:32).

യാദൃച്ഛികമായി ഇരിങ്ങാലക്കട ക്ഷേത്രപരിസരത്ത് വന്നുപെടാൻ ഇടയായ ഒരു ഈഴവ യുവാവിന് അനുഭവിക്കേണ്ടിവന്ന ദുരന്തങ്ങൾ 1917ആഗസ്റ്റ് ലക്കം മിതവാദി പത്രത്തിൽ റിപ്പോർട്ട് ചെയ്തിരുന്നു.[7]

[7] കഴിഞ്ഞ മാസം 25 -ന് 'മലബാർ ഹിറാൾഡ്" എന്ന പത്രത്തിൽ ഒരു ബ്രിട്ടീഷ് തീയ്യൻ എഴുതിയ ഇംഗ്ലീഷു ലേഖനത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. ഞാൻ ബ്രിട്ടീഷ് ശീമയിൽ പെട്ടവനും ജാതിയിൽ ഒരു തീയ്യനും ആകുന്നു. ഉയർന്ന ജാതിക്കാരെന്നു പറഞ്ഞു വരുന്ന വർഗ്ഗക്കാരിൽനിന്നു കൊച്ചിശ്ശീമയിൽ എന്റെ സ്വജനങ്ങൾ അനുഭവിച്ചു പോരുന്ന ചില ജാതി ശല്യങ്ങളെ അനുഭവിപ്പാൻ എനിക്കും ഇയ്യിടെ നിർഭാഗ്യമുണ്ടായി. കഴിഞ്ഞ മാസത്തിൽ കൂടിയ കൊച്ചി ഈഴവ സമാജത്തിൽ എനിക്കും സന്നിഹിതനായാൽ കൊള്ളാമെന്ന ആഗ്രഹത്തോടുകൂടി ഞാനും തൃശ്ശിവപേരൂർക്ക് പുറപ്പെട്ടു. സംഗതിവശാൽ എനിക്ക് ഇരിങ്ങാലക്കട പോകേണ്ടതായി വന്നു. ഇരിങ്ങാലക്കക്കട എനിക്ക് അപരിചിതമാകകൊണ്ടു അൽപം ദിശഭ്രമം ഉണ്ടാവുകയും ഒടുവിൽ വഴിപിഴച്ച് കൂടൽമാണിക്യം ക്ഷേത്രത്തിന്റെ സമീപം പോകുന്ന നിരത്തിൽകൂടെ പോവാൻ സംഗതിയാവുകയും ചെയ്തു.

ഇത്തരം അസമത്വങ്ങൾക്കും അനീതികൾക്കുമെതിരെ ഒറ്റപ്പെട്ട പ്രതിഷേധങ്ങൾ ഉയർന്നിരുന്നു. മുൻസീഫ് കുമാര മേനോൻ എന്നയാളുടെ മകൻ അയ്യപ്പൻ സോപാനത്തിൽ കയറി മണിയടിച്ചു തൊഴുതു. അയ്യപ്പന് കടുത്ത ചൂരൽ പ്രയോഗം ഏൽക്കേണ്ടി വന്നത് സ്വന്തം അച്ഛന്റെ കയ്യിൽനിന്നാണ്. അയ്യപ്പൻ പിന്നീട് മിലിട്ടറിയിലെത്തി കേണൽ പദവി വരെ ഉയർന്നു. കാശ്മീർ യുദ്ധത്തിൽ വീരമൃത്യുവരിച്ചു എന്ന് കെ.വി. രാമനാഥൻ ഓർക്കുന്നു (2013:32).

എല്ലാ രാഷ്ട്രീയപാർട്ടികളും സാമുദായികസംഘടനകളും ക്ഷേത്രപ്രവേശനം എന്ന ലക്ഷ്യത്തിനായി ഒരുമിച്ച് പ്രവർത്തിക്കാൻ തീരുമാനിച്ചതിന്റെ ഫലമായിരുന്നു പി.കെ. ഡീവറെ സെക്രട്ടറിയാക്കിക്കൊണ്ട് രൂപീകൃതമായ 'ക്ഷേത്രപ്രവേശന കർമ്മസമിതി'. നമ്പൂതിരി യോഗക്ഷേമസഭ, നായർ കരയോഗം, പുലയമഹാസഭ, സാം

---

കുളത്തിന്റെ അടുത്തെത്തിയപ്പോൾ ഞാൻ കുറെ നിമിഷം അന്ധാളിച്ചു നിന്നുപോയി. അവിടെയുള്ള ഒരു മാന്യനോടു തീവണ്ടിയാപ്പീസിലേക്കുള്ള എളുപ്പവഴി ഏതാണെന്നന്വേഷിച്ചതിൽ 'എവിടെ നിന്നു വരുന്നു എന്നും ജാതി എന്താണെന്നും എന്നോട് ചോദിക്കുകയുണ്ടായി. ഞാൻ തീയ്യനാണെന്നു സുവ്യക്തം മറുപടി പറഞ്ഞു. എന്റെ ജാതി വെളിപ്പെട്ടമാത്രയിൽ അവിടെയുണ്ടായ കോലാഹലവും തിക്കും തിരക്കും ഒന്നു കാണേണ്ടതു തന്നെയാണ്. പെട്ടെന്ന് ഒരു ജനക്കൂട്ടം വന്ന് എന്നെ വളഞ്ഞ് നിന്നു. എത്രയും പാവനമായി കിടന്നിരുന്ന ആ പ്രദേശവും കുളവും എന്റെ സാമീപ്യം കൊണ്ടും എത്രയും ക്ഷണത്തിൽ അശുദ്ധമാക്കപ്പെട്ടുവെന്നു എനിക്ക് അപ്പഴേ മനസ്സിലായുള്ളു! തദവസരത്തിൽ എന്റെ മേൽപതിച്ച ശകാരവർഷങ്ങൾക്ക് കയ്യും കണക്കുമില്ല. ഈ ബഹളത്താൽ ആ സ്ഥലത്തേക്ക് ആകർഷിക്കപ്പെട്ട ചില ക്രിസ്തീയ യുവാക്കളുടെ വിലയേറിയ സഹായമില്ലായിരുന്നുവെങ്കിൽ എനിക്ക് കഠിനമായ ദേഹോപദ്രവവും ഏൽക്കേണ്ടിവരുമായിരുന്നുവെന്നും സമ്മതിച്ചേ കഴിയൂ. അതേ സമയത്തുതന്നെ ചിലർ ക്ഷേത്രക്കുളത്തിലേക്കും ചിലർ ക്ഷേത്രത്തിലേക്കും ബന്ധപ്പെട്ട് ഓടി "അതാ ക്ഷേത്രക്കുളം ഒരീഴവൻ അയിത്തമാക്കിയിരിക്കുന്നു അമ്പലത്തിൽ കടപ്പാനും ക്ഷേത്രത്തിൽ കുളിപ്പാനും പാടില്ല. പുണ്യാഹം ചെയ്തിട്ടു വേണം" എന്ന ഭേരി മുഴക്കി വിളംബരം ചെയ്തു കഴിഞ്ഞു.

എന്റെ ക്രിസ്തീയ സഹോദരങ്ങളുടെ പ്രേരണയാൽ ഒരു ക്ഷേത്രമോ കുളമോ മലിനപ്പെടണമെങ്കിൽ ഒരീഴവൻ എത്ര അടി സമീപിക്കണമെന്ന് അവിടെ ഒരു വാദമുണ്ടായി. ഒരീഴവനിൽനിന്ന് 30 അടി ദൂരത്തേക്ക് മാത്രമേ അവന്റെ മാലിന്യം വ്യാപിക്കുകയുള്ളൂ എന്ന് ഒരു വൃദ്ധ ബ്രാഹ്മണൻ തീർപ്പ് വിധിക്കുകയും അതിനനുസരിച്ച് അദ്ദേഹംതന്നെ ഒരു അളവുകോൽ എടുത്ത് എന്റേയും കുളത്തിന്റെയും മദ്ധ്യേയുള്ള ദൂരം അളന്നു നോക്കിയപ്പോൾ മാലിന്യപ്പെടുത്തുവാൻ കഴിയുന്ന ദൂരത്തിൽനിന്ന് 20 അടി അധികമാണ് കണ്ടത്.

ഈ അവസരത്തിൽ ദേവസ്വം ഹെഡ് എക്കൗണ്ടന്റും സ്ഥലത്തെത്തി. കുളം അശുദ്ധമാക്കിയത് ശുദ്ധിചെയ്യുവാൻ 1ക. 6ണ. ചെലവുണ്ടെന്നും അതുടനെ കൊടുത്തു പോവാനും എന്നോട് ആജ്ഞാപിച്ചു. എത്രയും വിനീതഭാവത്തിലും സ്വരത്തിലും ഞാൻ അവിടേക്ക് ഒരു അപരിചിതനാണെന്നും എന്റെ ആഗമനം മനഃപൂർവ്വമല്ലെന്നും ബോധിപ്പിച്ചു. അതുകൊണ്ടൊന്നും ഫലമുണ്ടായില്ല. മാപ്പ് തന്നാൽ കുളം ശുദ്ധമാകുകയില്ലെന്നു നിന്ദാസൂചകങ്ങളായ ചില വാക്കുകൾകൊണ്ടു എന്നെ അറിയിച്ചതിനാൽ പുണ്യാഹ സംഖ്യ കൊടുപ്പാൻ ഞാൻ നിർബന്ധിതനായി. തൽസമയത്ത് പോലീസുകാർ ഇല്ലാതിരുന്നത് എന്റെ ഭാഗ്യമായിരുന്നു എന്നു പറഞ്ഞു എന്നെ ആശ്വസിപ്പിക്കാൻ ആ ജനക്കൂട്ടത്തിൽ ചിലർ ഉണ്ടായില്ലെന്നില്ല. ഉണ്ടായിരുന്നുവെങ്കിൽ എന്നെ കഠിനമായി ദണ്ഡിപ്പിക്കുമായിരുന്നുവത്രെ!

പ്രിയ പത്രാധിപരേ! അതിഥി സൽക്കാരത്തിൽ എത്ര ഉത്സാഹശീലന്മാരാണ് ഇരിങ്ങാലക്കുടയിലെ ആ പരിശുദ്ധഹൃദയന്മാർ എന്നു നിങ്ങൾക്കുതന്നെ ഊഹിക്കാമല്ലോ. എന്റെ ദയനീയമായ അവസ്ഥയിൽ ആ ക്രിസ്തീയ യുവാക്കൾ ചെയ്ത ഉപകാരത്തിനു ഞാൻ എത്രയും കടപ്പെട്ടവൻ ആണെന്ന് ഈ സന്ദർഭത്തിൽ പറയേണ്ടിയിരിക്കുന്നു (രാജൻ ഇ., 2016:57 -8).

ബവസഭ, വാലസമുദായസഭ, പ്രജാമണ്ഡലം, കമ്മ്യൂണിസ്റ്റ് പാർട്ടി തുടങ്ങിയ സംഘ ടനകൾ സമിതിയിൽ അംഗങ്ങളായി. എന്നാൽ ആദ്യഘട്ടത്തിൽ കർമ്മസമിതിയുടെ പ്രവർത്തനങ്ങൾ വളരെ ദുർബലമായിരുന്നു. 1945 ആഗസ്റ്റ് 26 -ന് മാളയിൽ ചേർന്ന പ്രജാമണ്ഡലം പ്രവർത്തകസമിതി യോഗം എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം അനുവദിക്കണമെന്ന് കൊച്ചിരാജാവിനോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു. അയി ത്താചരണത്തിനെതിരായും സർവ്വസമുദായമൈത്രിക്കുവേണ്ടിയും പ്രചരണം നടത്തു ന്നതിന് കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്, ഇ. ഇക്കണ്ടവാരിയർ, എസ്. നീലകണ്ഠ അയ്യർ, കെ.പി. മാധവൻ നായർ, പുളൂർ അച്യുതമേനോൻ, പനമ്പിള്ളി ഗോവിന്ദ മേനോൻ, എം.കെ. രാജ, കെ.എൻ. നമ്പീശൻ എന്നിവരടങ്ങുന്ന ഉപസമിതിയെ തിര ഞ്ഞെടുത്തു.

1946 ജൂണിൽ എറണാകുളത്തുചേർന്ന പ്രജാമണ്ഡലം പ്രവർത്തകസമിതി ഇരി ങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രത്തിനുമുമ്പിലുള്ള റോഡ് പൊതുജനങ്ങൾക്ക് തുറ ന്നു കൊടുക്കുന്നതിനെക്കുറിച്ച് ക്ഷേത്രാധികാരിയായ തച്ചുടയക്കൈമളുമായി സംസാ രിക്കാൻ പുളൂർ അച്യുതമേനോൻ, വട്ടപ്പറമ്പിൽ രാമൻ മേനോൻ എന്നിവരെ ചുമതല പ്പെടുത്തി (പുളൂർ അച്യുതമേനോൻ ജൻമശതാബ്ദി സ്മരണിക, 2010:10). ഈ ഘട്ടത്തി ലാണ് കൊച്ചി പുലയമഹാസഭയുടെ വാർഷികസമ്മേളനം പി.കെ. ചാത്തൻ മാസ്റ്റ റുടെ നേതൃത്വത്തിൽ 1946 -ൽ ഇരിങ്ങാലക്കുടയിൽവച്ച് നടന്നത്. ഈ സമ്മേളനം അയിത്തവിരോധസമരങ്ങൾക്ക് കൂടുതൽ ഊർജ്ജം പകർന്നു. "ആ മാസത്തിൽ തന്നെ പ്രജാമണ്ഡലം കൗൺസിൽ പാർട്ടി ലീഡർ പനമ്പിള്ളി ഗോവിന്ദമേനോൻ, ദിവാൻ സർ ജോർജ്ജ് ബോഹിനെ സന്ദർശിച്ച് കൊ. വ. 1086 -ലെ ഡിസ്ട്രിക്ട് മജി സ്ട്രേറ്റിന്റെ കല്പനയ്ക്ക് അതെഴുതിയ തീയതി മുതൽ ആറുമാസത്തിലധികം നിയമസാധു തയില്ലെന്നും ഇപ്രകാരം ഒരു ശാശ്വതനിരോധനം നൽകുവാൻ ഗവൺമെന്റിനു പോലും അധികാരമില്ലെന്നും ധരിപ്പിച്ചു" (ആരോമലുണ്ണി എൻ.പി., 1998:174 -5). ഇരിങ്ങാല ക്കുടയിൽ സഞ്ചാരസ്വാതന്ത്ര്യത്തിനും ക്ഷേത്രപ്രവേശനത്തിനും വേണ്ടിയുള്ള പ്രക്ഷോഭ ങ്ങളെ നയിക്കുന്നതിന് പ്രജാമണ്ഡലം, എസ്.എൻ.ഡി.പി., യൂത്ത് കോൺഗ്രസ്, കമ്മ്യൂ ണിസ്റ്റ് പാർട്ടി, പുലയ മഹാസഭ മുതലായ അനേകം സംഘടനകൾ യോജിച്ച് ഒരു കർമ്മസമിതി രൂപീകരിച്ചിരുന്നു.

സമരാവേശം നാടെങ്ങും ചർച്ചയായിരിക്കുന്ന ഘട്ടത്തിലാണ് സി.പി.ഐ. നേതാവ് എം.കെ. കാട്ടുപറമ്പന്റെ നേതൃത്വത്തിൽ ചാലക്കുടിയിൽനിന്ന് 25 അംഗങ്ങളുടെ കാൽനടജാഥ ഇരിങ്ങാലക്കുടയിലേക്ക് പുറപ്പെട്ടത്. എന്നാൽ ജാഥ ഇരിങ്ങാലക്കുടയിൽ പ്രവേശിക്കാതിരിക്കാൻ നഗരാതിർത്തിയായ പുല്ലൂരിൽ പോലീസ് കാവൽ നിൽക്കുകയും അവിടെ നിരോധനാജ്ഞ പ്രഖ്യാപിക്കുകയും ചെയ്തു. നിയമം ലംഘിക്കരുതെന്ന കർമ്മസമിതിയുടെ അഭ്യർത്ഥന മാനിയ്ക്കപ്പെട്ടു. പിന്നീട് മുകുന്ദപുരം എസ്.എൻ.ഡി.പി. സെക്രട്ടറി പി.കെ. കുമാരന്റെ നേതൃത്വത്തിൽ കുട്ടംകുളം റോഡിലേക്ക് മാർച്ച് നടത്തുകയും പോലീസ് അവരെ അറസ്റ്റ് ചെയ്തത് മർദ്ദിക്കുകയുമുണ്ടായി. എങ്കിലും കുട്ടംകുളം റോഡിലെ തീണ്ടൽപലകകൾ ഭേദിച്ച് കൂടൽമാണിക്യക്ഷേത്രപരിസരത്തേക്ക് ഒരു ജനകീയ മാർച്ച് നടത്തണമെന്ന ചിന്ത അവർണ്ണർക്കിടയിൽ തീവ്രമായിരുന്നു.

ഇത്തരം ഒരു സാഹചര്യത്തിലാണ്, 1946 ജൂൺ 23 -ന് ഇരിങ്ങാലക്കുട അയ്യങ്കാവ് മൈതാനിയിൽ വച്ച് വിവിധ സമുദായസംഘടനകളും രാഷ്ട്രീയപാർട്ടികളും സംയുക്തമായി പൊതുസമ്മേളനം നടത്തുന്നത്. സ്വതന്ത്രഭാരത നൂതനചരിതം സ്വന്തം ചോരയിൽ എഴുതുന്നവരേ... എന്ന് തുടങ്ങുന്ന ഗാനത്തോടെയാണ് സമ്മേളനം ആരംഭിച്ചത് (സുനിൽകുമാർ കെ.കെ., 2022:34). ഇരിങ്ങാലക്കുട പ്രജാമണ്ഡലം നേതാവായ പുതൂർ അച്യുതമേനോൻ അധ്യക്ഷനായിരുന്നു. വട്ടപ്പറമ്പിൽ ശങ്കരൻകുട്ടി മേനോൻ, പി. ഗംഗാധരൻ, പി.കെ. ചാത്തൻ മാസ്റ്റർ എന്നിവരായിരുന്നു മറ്റു പ്രാസംഗികർ. 1911 -ൽ കൊച്ചിരാജാവിന്റെ നിർദ്ദേശപ്രകാരം സ്ഥാപിച്ച നിരോധന ഉത്തരവ് ഇപ്പോഴും നിലനിൽക്കുന്നുണ്ടോ എന്നറിയാൻ താൻ കുട്ടംകുളംറോഡിലേക്ക് പോവുകയാണ് എന്ന് പി. ഗംഗാധരൻ പ്രഖ്യാപിച്ചു. പി.കെ. ചാത്തൻ മാസ്റ്ററാകട്ടെ നിരോധന ഉത്തരവിനെ വെല്ലുവിളിച്ചു. നിയമലംഘനത്തെ അനുകൂലിക്കുന്നില്ല എന്ന് പറഞ്ഞ് പുതൂർ അച്യുതമേനോനും വട്ടപ്പറമ്പിൽ ശങ്കരൻ കുട്ടി മേനോനും മറ്റ് പ്രജാമണ്ഡലം പ്രവർത്തകരും പിന്മാറി.

യോഗത്തിനെത്തിയ ജനക്കൂട്ടം പി. ഗംഗാധരനെ അനുഗമിച്ച് കുട്ടംകുളം റോഡിലേക്ക് നടന്നടുത്തു. 'ചലോ ചലോ കുട്ടംകുളം' എന്ന മുദ്രാവാക്യം ജനങ്ങൾ ഉറക്കെ ആവർത്തിച്ചു കൊണ്ടിരുന്നു. പി. ഗംഗാധരനെയും പി.കെ. ചാത്തൻ മാസ്റ്ററെയും കൂടാതെ പി.കെ. കുമാരൻ, കെ.വി. ഉണ്ണി, എം.കെ. തയ്യിൽ, പി.സി. കുറുമ്പ,

കെ.സി. മാണി, എൻ.പി. വേലായുധൻ, കെ.ആർ. ഉണ്ണി, ചക്കി ടീച്ചർ, ശാരദ കുമാരൻ തുടങ്ങി പേരറിയുന്നവരും അറിയാത്തവരുമായ ഒട്ടനവധി പേർ അണിനിരന്ന ജാഥ നഗരവീഥികളിലൂടെ കുട്ടംകുളത്തിന് സമീപത്തേക്ക് നീങ്ങി. കുട്ടംകുളത്തിനടുത്ത് പാട്ട മാളി റോഡിൽ നിരോധനാജ്ഞ എഴുതിവച്ചിരുന്ന പലക മുമ്പേ എടുത്തു മാറ്റിയിരുന്നു. പി.ടി. ദേവസ്സിയും കെ.കെ. കുട്ടനും ചേർന്ന് ആ ബോർഡ് പൊക്കിയെടുത്ത് പി.കെ. കുമാരന്റെ ഉടമസ്ഥതയിലുള്ള കല്ലുവെട്ട് മടയിൽ ശവം മറവ് ചെയ്യുന്നതുപോലെ കുഴി ച്ചിട്ടു. എന്നിട്ട് അവിടെ ഒരു വിളക്കും കൊളുത്തിവച്ചുകൊണ്ട് തങ്ങളുടെ അമർഷവും പ്ര തിഷേധവും രേഖപ്പെടുത്തിയതായി കെ.കെ. സുനിൽകുമാർ വിവരിക്കുന്നുണ്ട് (2022:33). കെ.വി. ഉണ്ണിയുമായി നടത്തിയ അഭിമുഖത്തിലാണ് ഇക്കാര്യം വെളിപ്പെടുത്തുന്നത്.

നിരോധനമേഖലയുടെ അതിർത്തിയിൽ പോലീസ് സേനയോടൊപ്പം മജിസ്ട്രേ റ്റും കാവൽ നിന്നിരുന്നു. അന്നത്തെ ഡി.വൈ.എസ്.പി. സൈമൺ മാഞ്ഞൂരാനും മജി സ്ട്രേറ്റ് കൃഷ്ണൻകുട്ടി മേനോനും ഇൻസ്പെക്ടർ പി.വി. ശങ്കുണ്ണി മേനോനും ആയിരുന്നു എന്ന് *ഇന്നലെ നടന്ന വഴികളി*ൽ ആരോമലുണ്ണി രേഖപ്പെടുത്തുന്നു (1998:176). നിരോ ധിതമേഖലയിലേക്ക് കടക്കാൻ അനുവദിക്കില്ല എന്ന് പറഞ്ഞ് പോലീസ് പ്രതിരോധി ച്ചു. അങ്ങനെയെങ്കിൽ നിരോധന ഉത്തരവ് കാണിക്കണമെന്ന് പ്രക്ഷോഭകർ ആവശ്യ പ്പെട്ടു. പരസ്പരം ഉന്തും തള്ളുമായി. സംഘർഷത്തിനിടയിൽ പോലീസ് ലാത്തിച്ചാർജ് ആരംഭിച്ചു. ഭീകരമായ ഒരു നരനായാട്ടിനാണ് പിന്നീട് അവിടം വേദിയായത്.

ലാത്തിയും ബയണറ്റും ഉപയോഗിച്ചുകൊണ്ടുള്ള പോലീസിന്റെ നരവേട്ടയെ ചരിത്രകൃതികളും ജീവചരിത്രങ്ങളുമെല്ലാം വളരെ തീവ്രതയോടെയും വൈകാരികത യോടെയുമാണ് അവതരിപ്പിക്കുന്നത്. അയ്യങ്കാവ് മൈതാനിയിൽനിന്ന് കുട്ടംകുളത്തേ ക്ക് പ്രകടനമായെത്തി വഴിനടക്കാനുള്ള സ്വാതന്ത്ര്യം നിഷേധിക്കുന്ന ഉത്തരവ് കാണി ക്കണമെന്ന് ആവശ്യപ്പെട്ട സമരനേതാവ് പി. ഗംഗാധരനെ പോലീസുകാർ തള്ളി താഴെയിട്ട് ക്രൂരമായി മർദ്ദിച്ച് അവശനാക്കി. ഇതേക്കുറിച്ച് കുട്ടംകുളം സമരത്തിന്റെ എഴുപതാം വാർഷികത്തോടനുബന്ധിച്ച് വി.എസ്. വസന്തൻ, കെ.വി. ഉണ്ണിയു മായി നടത്തിയ അഭിമുഖത്തിൽ ഇപ്രകാരം പറയുന്നു, "അടിയേറ്റ് വീണതും തൊട്ടടുത്തു നിന്ന പോലീസുകാരന്റെ മുഖമടച്ച് ഞാൻ ആഞ്ഞടിച്ചു. പോലീസുകാരന്റെ ചെവിക്കല്ല് ഇളകി. പിന്നെ പറയാനുണ്ടോ പൂരം. പിന്നീടങ്ങോട്ട് പോലീസിന്റെ നരനായാട്ടായി രുന്നു. എന്നെയും ഗംഗാധരനെയും കയ്യാമം വെച്ച് അകലെയുള്ള പോലീസ് സ്റ്റേഷനി

ലേക്ക് നടത്തിക്കൊണ്ടുപോയി. അപ്പോഴും മർദ്ദനം തുടർന്നുകൊണ്ടിരുന്നു" (കുട്ടംകുളം സമരം എഴുപതാം വാർഷികം സ്മരണിക 2016:91). *പാലിയം സമരം* എന്ന കൃതിയിൽ പയ്യപ്പിള്ളി ബാലൻ ഇപ്രകാരം എഴുതുന്നു: "പി.ജി.യും മജിസ്ട്രേറ്റും പോലീസ് ഉദ്യോഗസ്ഥരും തമ്മിൽ വാഗ്വാദം നടന്നു. നിരോധനം ഇല്ലെന്ന് പി.ജി., ഉണ്ടെന്ന് ഉദ്യോഗസ്ഥന്മാർ. ഉണ്ടെങ്കിൽ കൽപ്പന കാണട്ടെ എന്ന് പി.ജി., ഗസറ്റിൽ ഉണ്ടെന്ന് ഉദ്യോഗസ്ഥന്മാർ. നിയമമെല്ലാം കോടതിയിൽ ആണെന്ന് പറഞ്ഞ് ഇരിങ്ങാലക്കുട പോലീസ് ഇൻസ്പെക്ടർ പി.ജി.യെ പിടിച്ചുതള്ളി. ജനക്കൂട്ടം ഇളകി. സ്ഥിതിഗതി വഷളാകുന്നു എന്ന് കണ്ട് പോലീസ് പി.ജി.യെയും കെ.വി. ഉണ്ണിയെയും അറസ്റ്റ് ചെയ്തു. കൈകൾ കൂട്ടിക്കെട്ടി ജനക്കൂട്ടം ഉന്തിത്തള്ളി കേറിവന്ന് പോലീസുമായി ഏറ്റുമുട്ടി. പി.ജി.യെയും ഉണ്ണിയെയും വലിച്ചിഴച്ച് ലോക്കപ്പിലാക്കി. ഇതിൽ പ്രതിഷേധിച്ച് യോഗംകൂടി പ്രസംഗിച്ച കുറ്റത്തിന് ചാത്തൻ മാസ്റ്ററെയും എം.കെ. തയ്യിലിനെയും അറസ്റ്റ് ചെയ്ത് ലോക്കപ്പിൽ കൊണ്ടുവന്ന് അതിക്രൂരമായി മർദ്ദിച്ചു" (2011:60).

പി. ഗംഗാധരന്റെ ജീവചരിത്രമെഴുതിയ വി.എൻ. പ്രസന്നൻ രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്, "പി. ഗംഗാധരനെയും പിന്നീട് സി.പി.ഐ.യുടെ പ്രമുഖനേതാവായ കെ.വി. ഉണ്ണിയെയും പോലീസ് വളഞ്ഞിട്ട് മർദ്ദിച്ചു. ഉണ്ണിയുടെ കയ്യിൽ ഉണ്ടായിരുന്ന കൊടിയുടെ പൊളിഞ്ഞഭാഗംകൊണ്ട് ഒരു പോലീസുകാരന്റെ നെറ്റിക്ക് മുറിവേറ്റിരുന്നു. ഇത് പോലീസിനെ കൂടുതൽ പ്രകോപിപ്പിച്ചു (സംഘർഷത്തിനിടയിൽ യാദൃശ്ചികമായി കൊടിയുടെ അഗ്രം പോലീസുകാരന്റെ നെറ്റിയിൽ കൊള്ളുകയായിരുന്നു). ഉണ്ണിയെ വലിച്ചിഴച്ചിട്ടു തല്ലുന്നത് പി.ജി. തടഞ്ഞു. പോലീസിന്റെ മർദ്ദനത്തിനെതിരെ പിടിച്ചുനിൽക്കാൻ പൂനയിൽവച്ച് ലഭിച്ച ആയുധപരിശീലനത്തിന്റെ അടവുകൾ പി.ജി.ക്ക് സഹായകമായി. പി.ജി.യേയും ഉണ്ണിയെയും മർദ്ദിച്ചശേഷം പോലീസ് മുണ്ടുകൊണ്ട് ഇരുവരുടെയും കൈകൾ പിന്നിലാക്കി കെട്ടി. സന്ധ്യക്കാണ് പി.ജി.യെയും ഉണ്ണിയെയും ശക്തമായ പോലീസ് കാവലിൽ ലോക്കപ്പിലേക്ക് കൊണ്ടുപോയത്. വഴിയരികിലെ വീടുകളുടെ വാതിലുകളും കടകളും അടച്ചിടാൻ പോലീസുകാർ നിർദ്ദേശം നൽകി. വഴിനീളെ ലാത്തിയും ബയണറ്റും കൊണ്ട് മർദ്ദിച്ചിരുന്നു. ലാത്തിയിൽ ബയണറ്റ് ഘടിപ്പിച്ചുകൊണ്ടുള്ള മർദ്ദനമുറ കൊച്ചിരാജ്യത്ത് ആദ്യമായി പരീക്ഷിച്ചത് ഇവിടെയായിരുന്നു. രാത്രി മുതിർന്ന ഉദ്യോഗസ്ഥനായിരുന്ന സൈമൺ മാഞ്ഞുരാൻ ലോക്കപ്പ് പൂട്ടി താക്കോലുമായി വീട്ടിൽപോയി. അന്ന് താക്കോൽ അവിടെവച്ച് പോയിരു

ന്നെങ്കിൽ പോലീസുകാർ ആ രാത്രി മുഴുവൻ പി.ജി.യെയും ഉണ്ണിയെയും മർദ്ദിക്കുമെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. അതുകൊണ്ടാണ് താക്കോൽ അദ്ദേഹം കൊണ്ടു പോയത് " (2016:64).

പോലീസ് ലാത്തിചാർജ്ജിൽ അനേകർക്ക് പരിക്കുപറ്റുകയും റോഡിൽ ചോര തളംകെട്ടി നിൽക്കുകയും ചെയ്തു. പി. ഗംഗാധരനേയും കെ.വി. ഉണ്ണിയേയും വിള ക്കുകാലിൽ കെട്ടിയിട്ട് തല്ലി. ജൂൺ 27 -ന് ജാമ്യത്തിൽ ഇറങ്ങിയ പി. ഗംഗാധരൻ നടത്തിയ പത്രപ്രസ്താവനയെക്കുറിച്ച് *കുട്ടംകുളം സമരചരിത്ര*ത്തിൽ ഇ. രാജൻ സൂചി പ്പിക്കുന്നുണ്ട്, "എന്നെയും ഉണ്ണിയെയും തോക്കിൻതണ്ടുകൊണ്ട് ഇടിച്ചു. ബയണറ്റുകൊ ണ്ട് കുത്തി. ഉണ്ണിയുടെ തുടയിൽ ഒരു മുറിവുണ്ട്. ലോക്കപ്പിൽവച്ച് ചാത്തനെയും കറു പ്പനെയും അടിച്ചു. ലോക്കപ്പിലെ ജീവിതം നീചമായിരുന്നു. ഷർട്ടിടാൻ സമ്മതിച്ചിരു ന്നില്ല. അർദ്ധനഗ്നരായി കയ്യാമം വെച്ചാണ് ഞങ്ങളെ തെരുവിൽകൂടി നടത്തിയത്" (2016:116).

സമരനേതാക്കളെ അറസ്റ്റുചെയ്തു നീക്കാതെ രാത്രിവരെ കെട്ടിയിട്ട് മർദ്ദിക്കാൻ കാരണമായി പോലീസ് പറഞ്ഞത് ഒരു കിംവദന്തിയായിരുന്നു. കൂടുതൽ ജാഥകൾ കുട്ടംകുളം പരിസരത്തേക്ക് വരുന്നുണ്ടെന്ന് ഒരു അഭ്യൂഹമുണ്ടായിരുന്നു. അങ്ങ നെയുണ്ടെങ്കിൽ അതുംകൂടി കഴിഞ്ഞ് സമരക്കാരെ കൊണ്ടുപോയാൽ മതിയെന്നും അതുവരെ അവരെ കെട്ടിയിടാം എന്നും പോലീസ് തീരുമാനിച്ചു. രാത്രി 10 മണിക്ക് ശേഷവും തുടർ പ്രതിഷേധങ്ങൾ ഒന്നും ഉണ്ടാവാത്തതിനാൽ അറസ്റ്റ് ചെയ്ത സമര ക്കാരെ ലോക്കപ്പ് ചെയ്യുകയായിരുന്നുവത്രേ.[8]

അറസ്റ്റ് ചെയ്ത നേതാക്കളെ ഇരിങ്ങാലക്കുട ലോക്കപ്പിൽനിന്നും പിറ്റേദിവസം തൃശ്ശൂർ സബ്ജയിലിലേക്ക് മാറ്റി. അടുത്ത ദിവസം ഈ നരനായാട്ടിനെതിരെ പ്രതി ഷേധിക്കാനായി സർവ്വകക്ഷിയോഗം ചേർന്നു. തുടർന്ന് എം.കെ. തയ്യിലിനെയും അറസ്റ്റ് ചെയ്തു. കെ.ടി. അച്യുതൻ വക്കീൽ എത്തിയാണ് അദ്ദേഹത്തെ ജാമ്യത്തിലെ ടുത്തത്. പിന്നീട് സമരത്തെ അനുകൂലിച്ച് സംസാരിച്ച പി.കെ. ചാത്തൻ മാസ്റ്ററെയും പോലീസ് അറസ്റ്റുചെയ്ത് ലോക്കപ്പിലിട്ട് മർദ്ദിച്ചു. പോലീസ് മർദ്ദനത്തിൽ പ്രതിഷേധി ച്ച് കെ.വി.കെ. വാര്യരുടെയും സുബ്രഹ്മണ്യ അയ്യരുടെയും നേതൃത്വത്തിൽ 'രാജവാഴ്ച അറബിക്കടലിൽ' എന്ന മുദ്രാവാക്യവുമായി ഇരിങ്ങാലക്കുടയിൽ നടത്തിയ പ്രകടന

[8]അഴിമുഖം. azhimukham.com/ ജിഷ. ജോർജ്ജ് / update 2018 -10 -25 11:03 GMT

ത്തെയും ഠാണാവിൽ വച്ച് പോലീസ് അതിക്രൂരമായി ഉപദ്രവിച്ചു. മാർച്ചിൽ കൊച്ചി രാജാവിനെ ജാതിപ്പിശാചെന്ന് ഉപമിച്ച് കെ.വി.കെ. വാര്യർ ചീത്ത വിളിച്ചു. അദ്ദേഹത്തെ രാജ്യദ്രോഹക്കുറ്റം ചുമത്തി ഇരിങ്ങാലക്കുട ലോക്കപ്പിൽ ഇട്ട് അതിക്രൂരമായി മർദ്ദിക്കുകയും ആറുമാസം ജയിലിലടയ്ക്കുകയും ചെയ്തു. മാർച്ച് കഴിഞ്ഞ് തിരിച്ച് ബസ്സിൽ എറണാകുളത്തേക്ക് പോവുകയായിരുന്ന സുബ്രഹ്മണ്യ അയ്യരെ, പോലീസ് അതിൽനിന്ന് പിടിച്ചിറക്കി നടുറോഡിലിട്ട് തലങ്ങും വിലങ്ങും അടിച്ചു (*കുട്ടംകുളം സമരം എഴുപതാം വാർഷികം സ്മരണിക*, 2016:63).

ഇരിങ്ങാലക്കുടയിൽ നടന്ന പോലീസ് അതിക്രമങ്ങൾക്കെതിരെ കൊച്ചിയിൽ മാത്രമല്ല മലബാറിലും വലിയ പ്രതിഷേധപ്രകടനങ്ങളും യോഗങ്ങളും നടക്കുകയുണ്ടായി (രാജൻ ഇ., 2016:121) കുട്ടംകുളം സമരത്തെ തുടർന്ന് പോലീസ് 33 പേർക്കെതിരെയാണ് കേസ് ചാർജ്ചെയ്തത്. അന്ന് സംഭവസ്ഥലത്ത് ഇല്ലാതിരുന്ന എം.ആർ. കണ്ണപ്പൻ വൈദ്യർക്കെതിരെയും കേസെടുത്തിരുന്നു. പിന്നീട് പനമ്പിള്ളി ഗോവിന്ദമേനോന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് കൊച്ചിയിൽ അധികാരത്തിൽ വന്നതിനുശേഷമാണ് ഈ കേസുകൾ പിൻവലിച്ചത്. തുടർ പ്രതിഷേധങ്ങൾക്ക് നേതൃത്വം നൽകിയവരിൽ ശ്രദ്ധേയരാണ് എൻ.ടി. രാമൻ, കോമ്പാറ കേശു, കെ.എം. പോൾ, വി.സി. റപ്പായി, ചാലക്കുടി മുഹമ്മദലി, എം.കെ. കാട്ടുപറമ്പൻ എന്നിവർ. ദൂരദേശങ്ങളിൽ നിന്നുപോലും സമരഭടന്മാർ ഇരിങ്ങാലക്കുടയിൽ എത്തിച്ചേർന്നിരുന്നു. 1946 ജൂലൈ 27 -ന് കൊച്ചിരാജ്യത്ത് ചരിത്രപ്രസിദ്ധമായ രാഷ്ട്രീയഹർത്താൽ ആചരിച്ചു. അയ്യങ്കാവ് മൈതാനിയിൽ നടന്ന മഹാപ്രതിഷേധസമ്മേളനത്തിൽ സഹോദരൻ അയ്യപ്പൻ സമരപ്രഖ്യാപനം നടത്തി. സമരങ്ങളുടെ പരിണതഫലമെന്നോണം കുട്ടംകുളം റോഡിൽ പിന്നീട് വഴിതടയുകയുണ്ടായിട്ടില്ല. ഈ സമരം കഴിഞ്ഞ് ഒരു വർഷത്തിനുള്ളിൽ കൊച്ചിരാജാവിന് ക്ഷേത്രപ്രവേശനം അനുവദിക്കേണ്ടിവന്നു (നോ. അനുബന്ധം 1.19).

കുട്ടംകുളത്തേക്ക് ജനകീയമാർച്ച് നടന്ന തീയതി പലരും വ്യത്യസ്തമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 1946 ജൂൺ 23 -നാണ് കുട്ടംകുളംസമരം നടന്നതെന്ന് ഇ. രാജൻ *കുട്ടംകുളം സമരചരിത്രം* എന്ന കൃതിയിൽ രേഖപ്പെടുത്തുന്നു. രേഖകളുടെ വെളിച്ചത്തിൽ അദ്ദേഹത്തിന്റെ കണ്ടെത്തലുകളാണ് കൂടുതൽ സ്വീകാര്യം. പി. ഗംഗാധരൻ ഓർമ്മ പിശകുകൊണ്ടായിരിക്കാം ജൂലൈ 6 എന്നെഴുതിക്കാണുന്നത്. ഇതിനെ അടി

സ്ഥാനമാക്കി എൻ.പി. ആരോമലുണ്ണി എഴുതിയ *ഇന്നലെ നടന്ന വഴികളി*ലും ഈ തെറ്റ് ആവർത്തിച്ചു. ഏതാണ്ടിക്കാലത്ത് പാലിയം സമരത്തിലും ഇടപ്പള്ളിപോലീസ് സ്റ്റേഷൻ ആക്രമത്തിലും പങ്കെടുത്ത പയ്യപ്പിള്ളി ബാലൻ അക്കാലത്തെ ദേശാഭിമാനിപത്രത്തെ അടിസ്ഥാനമാക്കി എഴുതിയ *പാലിയം സമരം* എന്ന ഗ്രന്ഥത്തിൽ കുട്ടംകുളം സമരം നടന്നത് ജൂൺ 24ന് ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ദേശാഭിമാനിപത്രത്തിൽ വന്ന ജൂൺ 24 -ലെ കമ്പി സന്ദേശമാണ് പയ്യപ്പിള്ളി ബാലൻ അടിസ്ഥാനമാക്കിയിരിക്കുന്നത് - അതിൽ ഇന്നലെ എന്ന് എഴുതിയിട്ടുള്ളത് അദ്ദേഹം ശ്രദ്ധിച്ചില്ല.

1946 ജൂലൈ 6 -നാണ് കുട്ടംകുളം സമരം നടന്നതെന്ന് എന്ന ധാരണ തെറ്റാണ്. ദേശാഭിമാനിപത്രത്തിൽ കുട്ടംകുളം സമരവാർത്ത പ്രസിദ്ധീകരിക്കുന്നത് ജൂൺ 26 -നാണ്. ഈ സമരത്തിൽ ഇ. ഗംഗാധരൻ ജാമ്യം കിട്ടി പുറത്തിറങ്ങുന്നത് ജൂൺ 27 -നാണ്. അദ്ദേഹം നടത്തിയ പത്രപ്രസ്താവന ജൂൺ 28 -ലെ ദേശാഭിമാനി പത്രത്തിൽ കൊടുത്തിട്ടുമുണ്ട്. മാത്രവുമല്ല, കുട്ടംകുളംസമരത്തിൽ പങ്കെടുത്തവർക്ക് നേരിടേണ്ടിവന്ന പോലീസ് അതിക്രമങ്ങൾക്കെതിരെ ജൂൺ 30 മർദ്ദനപ്രതിഷേധദിനമായി ആചരിക്കാൻ കൊച്ചി പാർട്ടി സെക്രട്ടറി സി. അച്യുതമേനോൻ ആഹ്വാനം ചെയ്യുന്നുമുണ്ട്. അതുകൊണ്ട് ജൂൺ 23 -ന് നടന്ന കുട്ടംകുളം സമരം ജൂലൈ 6 -നാണെന്ന ഒരു ഓർമ്മപ്പിശക് ചരിത്രരേഖകളുടെ വെളിച്ചത്തിൽ തിരുത്തേണ്ടതാണ്. (രാജൻ ഇ., 2016:124). കുട്ടംകുളം സമരത്തെ നിസ്സാരവൽക്കരിക്കാനുള്ള ഗൂഢശ്രമങ്ങൾ ചരിത്രകാരന്മാരിൽനിന്നുതന്നെ ഉണ്ടായിട്ടുണ്ട് എന്ന് ഇ. രാജൻ കുറ്റപ്പെടുത്തുന്നു.

നിഷ്പക്ഷവും സത്യസന്ധവുമല്ലാത്ത ചരിത്രസമീപനം കുട്ടംകുളം സമരത്തെ തമസ്കരിക്കുകയാണുണ്ടായത്. കേരളത്തിൽ പലകാലങ്ങളിൽ നടന്ന ചെറിയ സംഭവങ്ങളെപ്പോലും പർവ്വതീകരിക്കുമ്പോൾ ഒരു ജനതയുടെ സഞ്ചാരസ്വാതന്ത്ര്യത്തിനായി നടന്ന കുട്ടംകുളംപോലുള്ള ഉജ്ജ്വലസമരങ്ങൾ ചരിത്രത്തിന്റെ മുഖ്യധാരയിൽ എത്താതെ പോകുന്നു എന്ന് അദ്ദേഹം വിലയിരുത്തുന്നു (രാജൻ ഇ., 2016:148). വൈക്കം, ഗുരുവായൂർ സത്യാഗ്രഹങ്ങൾ ആഴ്ചകളോളം നീണ്ടുനിന്ന ആസൂത്രിതമായ പ്രക്ഷോഭമായിരുന്നു. അതുപോലെ സംഘടിതമായ ഒരു ചട്ടക്കൂടിൽനിന്നുകൊണ്ട് മുന്നൊരുക്കത്തോടെ നടത്തിയ സമരമായിരുന്നില്ല കുട്ടംകുളംസമരം. മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ട ഒരു സമൂഹത്തിന്റെ വിസ്ഫോടനാത്മകമായ പ്രതികരണമാ

യിരുന്നു അത്. കുട്ടംകുളംസമരം നൽകിയ ആത്മവീര്യമാണ് കൊടുങ്ങല്ലൂരിലെ ഗുണ്ടാ ആക്രമണത്തിനെതിരെയും പാലിയത്ത് വഴിതടയലിനെതിരെയും നടന്ന സമരങ്ങൾ.

### 4.4.7 അയ്യങ്കാവ് സമരം

1941 ജനുവരി 26 -ന് തൃശ്ശൂരിലെ പടിഞ്ഞാറെനടക്കാവിൽ പഴയതിരുവമ്പാടി ദേവസ്വം കെട്ടിടത്തിന്റെ തട്ടിൻമുകളിലാണ് കൊച്ചിരാജ്യപ്രജാമണ്ഡലം സ്ഥാപിക്കുന്നതിനായുള്ള കൂടിയാലോചനകൾ നടക്കുന്നത്. ബ്രിട്ടീഷുകാർ നേരിട്ടുഭരിക്കുന്ന ഇടങ്ങളിൽ മാത്രമേ സമരത്തിന് ഇറങ്ങേണ്ടതുള്ളൂ എന്ന ഗാന്ധിജിയുടെ നിർദ്ദേശമുള്ളതിനാൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ തൃശ്ശൂരിൽ ആരംഭിച്ചിരുന്നില്ല. എന്നാൽ ആ യോഗത്തിൽ കൊച്ചിയുടെ പല ഭാഗങ്ങളിൽനിന്നായി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തകർ പങ്കെടുത്തിരുന്നതായി ഇ. ഗോപാലകൃഷ്ണമേനോൻ *മായാത്ത ഓർമ്മകൾ* എന്ന ആത്മകഥയിൽ രേഖപ്പെടുത്തുന്നു (1984:19). ഫെബ്രുവരി 9 -ന് തൃശ്ശൂരിലെ മണികണ്ഠൻ ആൽത്തറയിൽവച്ച് പാർട്ടി പ്രഖ്യാപനവും ആദ്യപൊതുയോഗവും നടന്നു. എസ്. നീലകണ്ഠ അയ്യർ, വി.ആർ. കൃഷ്ണനെഴുത്തച്ഛൻ, ഇക്കണ്ട വാര്യർ, കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് തുടങ്ങിയവർ ചേർന്നാണ് ഈ രാഷ്ട്രീയസംഘടന രൂപീകരിച്ചത്. കൊച്ചിരാജാവിന്റെ സ്വേച്ഛാധിപത്യത്തിനെതിരായി സാധാരണ ജനങ്ങൾക്ക് തുല്യതയും രാഷ്ട്രീയ അധികാരങ്ങളും നേടിക്കൊടുക്കുകയായിരുന്നു സംഘടനയുടെ പ്രധാനലക്ഷ്യം. അതിനായി പ്രജാമണ്ഡലത്തിന്റെ പ്രാദേശിക കമ്മിറ്റികൾ രൂപീകരിക്കുകയും പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്തു. വിദ്യാഭ്യാസപുരോഗതി തൊഴിലാളികളുടെ ക്ഷേമം തുടങ്ങിയ വിഷയങ്ങളിലും പ്രജാമണ്ഡലം ശ്രദ്ധചെലുത്തി.

1942 -ൽ കൊച്ചി പ്രജാമണ്ഡലത്തിന്റെ ആദ്യവാർഷികയോഗം ഇരിങ്ങാലക്കുടയിൽവച്ച് നടത്താൻ തീരുമാനിച്ചു. ഈ സമ്മേളനത്തിൽ മൈസൂരിലെ സ്റ്റേറ്റ് കോൺഗ്രസ് നേതാവ് കെ.ടി. ഭാഷ്യം, മദ്രാസിലെ ഡെപ്യൂട്ടി സ്പീക്കറായിരുന്ന ലക്ഷ്മിപതി എന്നിവർ പ്രസംഗിക്കാമെന്ന് ഏറ്റിരുന്നു. ഇരിങ്ങാലക്കുടയിലെ സമ്മേളനത്തിന്റെ മുഖ്യചുമതല ഇ. ഗോപാലകൃഷ്ണമേനോനായിരുന്നു. വി.എസ്. മേനോൻ, അമ്പാടി ശങ്കരൻകുട്ടി മേനോൻ, എം.ടി. കൊച്ചുമാണി എന്നിവരും ഏതാനും ബീഡിത്തൊഴിലാളികളും അദ്ദേഹത്തിനൊപ്പമുണ്ടായിരുന്നു. സമ്മേളനത്തിന്റെ പ്രചരണത്തിനായി

നിത്യേനയെന്നോണം ജാഥകളും പൊതുയോഗങ്ങളും നടത്തി. ഈ പൊതുയോഗ ങ്ങളിൽ ഇരിങ്ങാലക്കുടയിലെ ബീഡിത്തൊഴിലാളികളുടെ സജീവ സാന്നിധ്യമുണ്ടായിരുന്നു. സമരഗാനങ്ങൾ പാടിക്കൊണ്ട് ഉശിരൻ മുദ്രാവാക്യങ്ങളും മുഴക്കി ഏഴും എട്ടും നാഴിക അകലെയുള്ള യോഗസ്ഥലത്തേക്ക് തങ്ങൾ മാർച്ച് ചെയ്തിരുന്നതായി ഇ. ഗോപാലകൃഷ്ണമേനോൻ രേഖപ്പെടുത്തുന്നു (1984:23). ഇത്തരമൊരു സാഹചര്യത്തിലാണ് കൊച്ചിദിവാനായിരുന്ന എ.എഫ്.ഡബ്ലിയു. ഡിക്സൺ സമ്മേളനം നിരോധിച്ചതായി പ്രഖ്യാപിക്കുന്നത്. പ്രജാമണ്ഡലം പാർട്ടിയാകട്ടെ ഈ നിരോധനം മൂലമുണ്ടായ സ്ഥിതിഗതികൾ വിലയിരുത്താനും ഭാവിപരിപാടികൾ ആസൂത്രണം ചെയ്യാനുമായി വിപുലമായ ഒരു യോഗം എറണാകുളത്ത് ചേർന്നു.

നിരോധനം ലംഘിക്കണോ വേണ്ടയോ എന്ന വിഷയത്തിൽ വലിയ വാദപ്രതിവാദങ്ങൾ പ്രവർത്തകർക്കിടയിൽ ഉണ്ടായി. “കേവലം ശൈശവദശയിൽ മാത്രമായിട്ടുള്ള പ്രജാമണ്ഡലം ആ അവസരത്തിൽ നിരോധനം ലംഘിക്കാനൊരുമ്പെടുന്നത് സംഘടനയെ ദുർബലപ്പെടുത്തുകയേയുള്ളൂവെന്ന് സമരവിരോധികൾ വാദിച്ചു. മർദ്ദനനടപടികളെ കൂസാത്ത സമരധീരന്മാരുടെ ഒരു സംഘടനയാണ് എന്ന് പ്രവർത്തിയിൽക്കൂടി തെളിയിച്ചാലല്ലാതെ പ്രജാമണ്ഡലത്തിന് ഭാവിയില്ലെന്നും നിരോധനത്തിനുമുമ്പിൽ ഭീരുത്വം കാണിച്ചാൽ കൊച്ചിൻ കോൺഗ്രസിന്റെയും സ്റ്റേറ്റ് കോൺഗ്രസിന്റെയും ഗതി തന്നെയായിരിക്കും പ്രജാമണ്ഡലത്തിനും ഉണ്ടാവുക എന്ന് യുവ പ്രവർത്തകരും വാദിച്ചു" എന്ന് ഇ. ഗോപാലകൃഷ്ണമേനോൻ രേഖപ്പെടുത്തുന്നു (1984:24). ഒടുവിൽ നിരോധനം ലംഘിക്കാനുള്ള തീരുമാനത്തിലാണ് എത്തിച്ചേർന്നത്.

ഒരു പ്രസിഡന്റിനെ അറസ്റ്റ് ചെയ്താൽ അടുത്ത പ്രസിഡന്റ് ആരായിരിക്കണം എന്ന കാര്യത്തിലും അവർക്കിടയിൽ ധാരണയുണ്ടായിരുന്നു. എന്നാൽ നിരോധനാജ്ഞ ലംഘിക്കുന്നതിനുമുമ്പുതന്നെ നേതൃസ്ഥാനത്ത് ഉണ്ടായിരുന്ന വി.എസ്. മേനോൻ, അമ്പാടിശങ്കരൻകുട്ടി മേനോൻ, കൊച്ചു മാണി തുടങ്ങിയ പ്രവർത്തകരെ ഇരിങ്ങാലക്കുട പോലീസ് അറസ്റ്റ് ചെയ്തു. അവരെ പിറ്റേന്ന് വിയ്യൂർ ജയിലിലേക്ക് മാറ്റി. 1942 ജനുവരി 9, 10, 11 തീയതികളിൽ സമ്മേളനം നടത്താനാണ് നിശ്ചയിച്ചിരുന്നത്. അതിനേക്കാൾ ഒരാഴ്ച മുൻപ് ഇ. ഗോപാലകൃഷ്ണമേനോൻ അടക്കമുള്ള പ്രവർത്തകർ അറസ്റ്റ് ചെയ്യപ്പെട്ടിരുന്നു (1984:25). ആ ദിവസങ്ങളിൽ ഇരിങ്ങാലക്കുട നഗരത്തിൽ വലിയപോലീസ് സന്നാഹത്തെയാണ് വിന്യസിപ്പിച്ചിരുന്നത്.

കൊച്ചിരാജ്യത്തിന്റെ പല ഭാഗങ്ങളിൽനിന്നായി പ്രജാമണ്ഡലം പ്രവർത്തകർ ഇരിങ്ങാലക്കുട ലക്ഷ്യമാക്കി നീങ്ങി. 9, 10 തീയതികളിലായി എത്തിയ അവരെയെല്ലാം പോലീസ് അറസ്റ്റ് ചെയ്തുനീക്കി. ഒമ്പതാം തീയതി ഉച്ചയ്ക്ക് നിരോധനം ലംഘിച്ച് സമ്മേളനം നടത്തുന്നതിന് വേണ്ടി പ്രജാമണ്ഡലം പ്രസിഡന്റ് എസ്. നീലകണ്ഠ അയ്യർ ഇരിങ്ങാലക്കുടയ്ക്ക് പുറപ്പെട്ടുവെങ്കിലും നഗരാതിർത്തിയിൽവച്ചുതന്നെ അദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടു. പാർട്ടിയുടെ ജനറൽസെക്രട്ടറി വി.ആർ. കൃഷ്ണൻ എഴുത്തച്ഛൻ സമരം സംബന്ധിച്ച് ഇന്ത്യയുടെ മറ്റുഭാഗങ്ങളിൽ പ്രചരണം നടത്തുന്നതിനുവേണ്ടി നിരോധനം ലംഘിക്കുന്നതിൽനിന്ന് മാറിനിന്നു. ജോയിന്റ് സെക്രട്ടറി ജി.എസ്. ധാരസിങ് മൂന്നാമത്തെ പ്രസിഡണ്ടായി നിശ്ചയിക്കപ്പെട്ടിരുന്നു. പക്ഷേ, അദ്ദേഹം നിയമം ലംഘിക്കാൻ എത്തിച്ചേർന്നില്ല.

സ്ഥിതിഗതികൾ പൊതുവേ ശാന്തമാണ് എന്ന് കരുതിയ ഗവൺമെന്റ് അറസ്റ്റ് ചെയ്തവരെ വിയ്യൂർ ജയിലിൽനിന്നും വിട്ടയച്ചു. പുറത്തിറങ്ങിയ ഇ. ഗോപാലകൃഷ്ണ മേനോൻ, വട്ടപ്പറമ്പിൽ ശങ്കരൻകുട്ടി മേനോൻ, എം.ടി. കൊച്ചു മാണി തുടങ്ങിയവർ വൈകാതെ ഒത്തുചേരുകയും പുതിയ സമരമുറകൾ ആവിഷ്കരിക്കുകയും ചെയ്തു. പ്രജാമണ്ഡലം പാർട്ടി നിരോധന ഉത്തരവിനെ സംരക്ഷിക്കുന്നതിനായി കാവൽനിന്നിരുന്ന നിയമപാലകരെ കബളിപ്പിച്ചുകൊണ്ട് അവർ അയ്യങ്കാവ് മൈതാനത്ത് എത്തി. "ജയിലിൽനിന്ന് പുറത്തുവന്നപ്പോൾ എന്റെ ആദ്യത്തെ ചിന്ത നിരോധനംലംഘിച്ച് പ്രചാമണ്ഡലസമ്മേളനം നിശ്ചിത പരിപാടിയനുസരിച്ച് എങ്ങനെയും നടത്തണമെന്നായിരുന്നു. ശ്രീ. വി. ശങ്കരൻകുട്ടി മേനോനുമായി ആലോചിച്ച് ഈ കാര്യം സംബന്ധിച്ച് പ്ലാൻ തയ്യാറാക്കി. വിയ്യൂരിൽനിന്നും അതിവേഗം നടന്ന് ഞങ്ങൾ തൃശ്ശൂരെത്തി. മാതൃഭൂമി ഓഫീസിൽനിന്ന് ബസ്ചാർജിന് ഒരു രൂപ വാങ്ങി ഇരിങ്ങാലക്കുടയ്ക്ക് ഞങ്ങൾ പുറപ്പെട്ടു. ടൗണിലേക്ക് പ്രവേശിക്കാതെ ഉദ്ദേശം മൂന്ന് നാഴിക വടക്ക് ഭാഗത്ത് മാപ്രാണം എന്ന സ്ഥലത്ത് ഞങ്ങൾ ബസ്സിറങ്ങി. അപ്പോഴേക്കും നാലുമണി കഴിഞ്ഞിരുന്നു. അഞ്ചുമണിക്കാണ് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുമെന്ന് പ്രഖ്യാപിക്കപ്പെട്ടിരുന്നത്. ഞങ്ങൾ ചില ഊടുവഴികളിൽകൂടി അയ്യങ്കാവ് മൈതാനത്തെ ലക്ഷ്യമാക്കി അതിവേഗം നടന്നു. അതിനിടയ്ക്ക് ഒരു ദേശീയപതാക സമ്പാദിച്ച ഞാനരയിൽ ചുറ്റികെട്ടി രഹസ്യമായി സൂക്ഷിച്ചിരുന്നു. ഞാനും വി.എസ്. മേനോനും അപ്പോഴേക്കും അവിടെ എത്തിയിരുന്ന എം.ടി. കൊച്ചുമാണിയുമടങ്ങിയതായിരുന്നു ഞങ്ങളുടെ സംഘം" എന്ന്

ഇ. ഗോപാലകൃഷ്ണമേനോൻ രേഖപ്പെടുത്തുന്നു (1984:26). പുതുർ അച്യുതമേനോന്റെ വീട്ടിലെത്തിയാണത്രേ അവർ ദേശീയപതാക സമ്പാദിച്ചത്.

മൈതാനത്തിലെത്തിയ മൂവരും ചേർന്ന് രാജവാഴ്ചയെ വെല്ലുവിളിച്ചുകൊണ്ട് ഭാരതമാതാവിനും മഹാത്മാഗാന്ധിക്കും പ്രജാമണ്ഡലം വാർഷികസമ്മേളനത്തിനും ജയ് വിളിച്ചു. കാവൽനിന്ന പോലീസുകാർ സമരക്കാരെ വളഞ്ഞിട്ട് മർദ്ദിച്ചു. പോലീസ് സ്റ്റേഷനിലേക്ക് ഇവർ വലിച്ചിഴയ്ക്കപ്പെട്ടു. ക്രൂരമായ പോലീസ് മർദ്ദനങ്ങൾക്കാണ് അന്നവർ ഇരയാക്കപ്പെട്ടതെങ്കിലും പിറ്റേന്നുതന്നെ പ്രജാമണ്ഡലത്തിനെതിരെ ഉണ്ടായിരുന്ന എല്ലാ നിരോധനവും പിൻവലിക്കപ്പെട്ടു. അറസ്റ്റിലായവരെയെല്ലാം നിരുപാധികം വിട്ടയയ്ക്കുകയും ചെയ്തു. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ ഇരിങ്ങാലക്കുടയുടെ പേരുകൂടി എഴുതിച്ചേർക്കപ്പെട്ട സമരങ്ങളിൽ അയ്യങ്കാവ് സമരവും പ്രാധാന്യമർഹിക്കുന്നു.

## 4.4.8 ബെഞ്ചേറ് സമരം

1942 ആഗസ്റ്റ് 6, 7 തിയതികളിൽ അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റി ബോംബെയിൽ യോഗം ചേർന്നു. ഈ യോഗത്തിലാണ് ജവഹർലാൽ നെഹ്റു ക്വിറ്റ് ഇന്ത്യാപ്രമേയം അവതരിപ്പിക്കുന്നത്. ഇന്ത്യയിലെ ബ്രിട്ടീഷ് ഗവൺമെന്റിനെ ചൊടിപ്പിച്ച സംഭവമാണിത്. ഇതിന്റെ പേരിൽ ഇന്ത്യയിലെ പലയിടങ്ങളിലായി ഗാന്ധിജി ഉൾപ്പെടെയുള്ള നിരവധി നേതാക്കൾ അറസ്റ്റിലായി. കൊച്ചിനാട്ടുരാജ്യത്തും ഇതിന്റെ അനുരണനങ്ങൾ ഉണ്ടായി. പലയിടങ്ങളിലും വിദ്യാർത്ഥികൾ ക്ലാസുകൾ ബഹിഷ്കരിച്ചു.

കൊച്ചിരാജ്യത്തെ പ്രമുഖമായ നാല് ഹൈസ്കൂളുകളിൽ ഒന്നായിരുന്ന ഇരിങ്ങാലക്കുട സർക്കാർ ബോയ്സ് സ്കൂളിലെ സ്വാതന്ത്ര്യബോധമുണർന്ന വിദ്യാർത്ഥികൾക്കും പ്രതികരിക്കാതിരിക്കാനായില്ല. സ്റ്റുഡൻസ് ഫെഡറേഷൻ എന്നും സ്റ്റുഡൻസ് നാഷണൽ ഓർഗനൈസേഷൻ എന്നും പേരായ രണ്ട് വിദ്യാർത്ഥി യൂണിയനുകളാണ് അന്നവർക്ക് നേതൃത്വം നൽകിയിരുന്നത്. വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ അന്നത്തെ പ്രധാനാധ്യാപകനായിരുന്ന ധർമ്മരാജ അയ്യർക്ക് പോലീസിന്റെ സഹായം തേടേണ്ടിവന്നു. മാരാത്ത് ശിവരാമൻ, കണ്ടംകുളത്തി

കുഞ്ഞവര, തുരുത്തി ഗോപി, നാരായണൻകുട്ടി, കൃഷ്ണദാസ്, കെ.പി. പോളി എന്നിവ രായിരുന്നു സമരത്തിന് മുൻപിൽ നിന്നിരുന്നവർ.

അന്ന് ആറാം ക്ലാസ് വിദ്യാർത്ഥിയായിരുന്ന കെ.വി. രാമനാഥൻ ആ ദിവ സങ്ങളെ ഓർക്കുന്നത് ഇപ്രകാരമാണ്, "സമരത്തിന്റെ കൊടുങ്കാറ്റിൽ സർക്കാർ ബോയ്സ് ഹൈസ്കൂൾ ഇളകിമറിഞ്ഞു. പഠിക്കൽ കിടന്നു പിക്കറ്റിങ്. മുദ്രാവാക്യങ്ങൾ. ഇരച്ചെത്തുന്ന പോലീസ് ഇടിവണ്ടികൾ. വെറും മണ്ണിലിരുന്ന് മഴയോ വെയിലോ കൂസാതെ പിക്കറ്റു ചെയ്യുന്ന കുട്ടികളെ തൂക്കിപ്പിടിച്ചെറിയുന്നു. വണ്ടിയിലിട്ട് മർദ്ദിക്കുന്നു. ജയിലിലേക്ക് കൊണ്ടുപോകുന്നു. സമരക്കാർ ജാഥയായി ക്ലാസ്സുകളിലേക്ക് കയറുന്നു. ആരെങ്കിലും കൂട്ടമണി അടിക്കുന്നു. ഞങ്ങളൊക്കെ അന്ന് നിശബ്ദസാക്ഷികൾ മാത്ര മാണ് (2009:44 -5). ഇത്തരത്തിൽ ഭീകരമായ പോലീസ് മർദ്ദനത്തിനിരയായി അകാല മരണമടഞ്ഞ വിദ്യാർത്ഥിയായിരുന്നു മാരാത്ത് ശിവരാമൻ.

ഒരു ദിവസം സ്കൂൾകെട്ടിടത്തിന്റെ രണ്ടാംനിലയിൽ കയറിനിന്ന് സമരക്കാർ മുദ്രാവാക്യം വിളിച്ചു തുടങ്ങി. താഴെയുള്ള കോണിയുടെ വാതിൽ അടച്ചശേഷം മുക ളിൽനിന്ന് ഡസ്കുകളും ബെഞ്ചുകളും പടികളിലൂടെ കീഴോട്ട് നിരക്കി വാതിൽ തുറക്കാൻ പറ്റാതാക്കി. നടുമുറ്റത്തുനിന്ന് സമരക്കാരെ പിന്തിരിപ്പിക്കാൻ ശ്രമിച്ച പോലീസുകാർ ക്കുനേരെ മുകളിൽനിന്ന് കയ്യിൽ കിട്ടിയതെല്ലാം എടുത്ത് വിദ്യാർത്ഥികൾ എറിഞ്ഞു. സമരത്തിൽ നേതൃത്വപരമായ പങ്കുവഹിച്ച കെ.പി. പോളി ഇപ്രകാരം രേഖപ്പെടു ത്തിയിരിക്കുന്നു, "പാപ്പാളിയുടെ നേതൃത്വത്തിൽ ഒരു വലിയ പോലീസ് സന്നാഹം തന്നെ രംഗത്തിറങ്ങി. അത് വിദ്യാർഥികളായ ഞങ്ങൾക്ക് കൂടുതൽ വീര്യം പകർ ന്നു. വിദ്യാലയത്തിന്റെ കൂറ്റൻ ഇരുനിലകെട്ടിടത്തിന്റെ മുകളിലെ നിലയിലായിരുന്നു ഹൈസ്കൂൾ ക്ലാസുകൾ. ഞങ്ങൾ ക്ലാസ്സ് മുറിയിലെ ബെഞ്ചുകളും ഡസ്കുകളും വലി ച്ചുകൂട്ടി മുകളിലേക്ക് കയറുന്ന കോണിയുടെ വാതിലടച്ചു. അവയെല്ലാം കോണിയി ലൂടെ തള്ളിയിട്ടു. ശക്തമായ മാർഗ്ഗതടസ്സം സൃഷ്ടിച്ചു. അധ്യാപകർക്കും പുറത്തുള്ള വിദ്യാർത്ഥികൾക്കും പ്രവേശിക്കുവാൻ കഴിയാതെയുമായി. ഹെഡ് മാസ്റ്റർ നിർദ്ദേശി ച്ചതനുസരിച്ച് പോലീസ് സ്കൂളിൽ കടന്നു. ഏണികൾവച്ച് മുകളിൽ കയറുവാൻ ശ്രമി ക്കുന്ന ഓരോ പോലീസുകാരന്റെയും തലയ്ക്കുനേരെ ഞങ്ങൾ ബെഞ്ചുകളും ഡെസ്കുകളും തൂക്കിയെറിയാൻ തയ്യാറായി ആട്ടിക്കൊണ്ടിരുന്നതുമൂലം പൊലീസ് നിസ്സഹായരായി. പോലീസും വിദ്യാർത്ഥികളും മുഖത്തോട് മുഖം എതിരുട്ടു" (2013 :138-9).

ഒടുവിൽ ഇ.എം. ഹരിഹരൻ മാസ്റ്റർ രംഗത്തെത്തിയാണ് പോലീസുമായി സംസാരിച്ച് വിദ്യാർത്ഥികളെ അനുനയിപ്പിച്ച് പുറത്തിറക്കിയത് എന്ന് കെ.വി. രാമനാഥൻ ഓർക്കുന്നു (2009:45). "വിദ്യാർത്ഥികളുടെ സംഘടിതമുന്നേറ്റം ഭയന്ന് പോലീസ് പിൻവാങ്ങി. ആ അവസരം പാഴാക്കാതെ ഞാൻ താഴെയിറങ്ങി സ്കൂൾ ഹെഡ് മാസ്റ്ററുടെ കൺമുന്നിൽവച്ച് കൂട്ടമണി അടിച്ചു. മുദ്രാവാക്യങ്ങൾ മുഴക്കി. അതോടെ താഴെ ക്ലാസ്സുകളിലെ അധ്യാപകരും ശേഷിച്ചിരുന്ന വിദ്യാർത്ഥികളും വിദ്യാലയം വിട്ടുപോയി. കൂട്ടമണി അടിച്ചതിന്റെ പേരിൽ സ്കൂളിൽനിന്നും ആദ്യമായി ഡിസ്മിസ് ചെയ്തത് എന്നെയായിരുന്നു. തുടർന്നുള്ള ദിവസങ്ങളിലും ക്ലാസ്സുകൾ നടത്തുന്നതിന് ഞങ്ങൾ സമ്മതിച്ചില്ല. സമരം തുടർന്നു. എന്നാൽ പോലീസാകട്ടെ വിദ്യാലയത്തിനകത്ത് പിന്നീട് പ്രവേശിച്ചതുമില്ല" എന്ന് കെ.പി. പോളി രേഖപ്പെടുത്തുന്നു (20013:139). രണ്ടാം ലോക മഹായുദ്ധം ആരംഭിച്ചതോടെ ക്വിറ്റിന്ത്യാ സമരത്തെത്തുടർന്നുള്ള വിദ്യാർത്ഥി പ്രക്ഷോഭങ്ങൾ നിർത്തിവയ്ക്കുകയാണ് ചെയ്തത്. 1942 -ലെ ആഗസ്റ്റ് സമരവുമായി ബന്ധപ്പെട്ട് ബോയ്സ് സ്കൂളിലെ പല വിദ്യാർത്ഥികളും സ്കൂളിൽനിന്ന് പുറത്താക്കപ്പെടുകയും പലർക്കും പഠിപ്പുനിർത്തേണ്ടി വരികയും ചെയ്തിട്ടുണ്ട്.

### 4.4.9 കർഷകസമരങ്ങൾ

ഇന്ത്യയിലെ കർഷകപ്രസ്ഥാനങ്ങൾക്ക് തുടക്കമാകുന്നത് 1929 -ൽ അഖില ഭാരതീയകിസാൻസഭ സ്ഥാപിതമാകുന്നതോടെയാണ്. കേരളത്തിലാകട്ടെ ഒരു സംഘടന എന്ന നിലയിൽ കർഷകസംഘം രൂപീകൃതമാകുന്നത് 1935 -ൽ കൊളച്ചേരി കർഷക സംഘമാണ്. എന്നാൽ, 1907 -ൽ അയ്യങ്കാളി നടത്തിയ കാർഷിക പണിമുടക്ക് സമരത്തിൽനിന്നെങ്കിലും കേരളത്തിലെ കർഷകസമരചരിത്രം നമുക്ക് ചിന്തിച്ചു തുടങ്ങിയേ പറ്റൂ.

1915 -ലാണ് കൊച്ചിയിൽ ആദ്യ ഭൂപരിഷ്കരണനിയമം നിലവിൽ വരുന്നത്. അതിൽ കാണക്കുടി ഒഴിപ്പിക്കുന്നതിനുള്ള കാരണങ്ങളും ഒഴിപ്പിക്കുന്ന വേളയിൽ ദേഹണ്ഡങ്ങൾക്ക് (ശാരീരിക അധ്വാനം) ജന്മി കൊടുക്കേണ്ട പ്രതിഫലവും വ്യവസ്ഥ ചെയ്തിരുന്നു. 1938 -ൽ എല്ലാ കാണക്കുടിയാൻമാർക്കും ഭൂമിയിൽ സ്ഥിരാവകാശം നൽകി. 1947 -ലാണ് ഒഴിപ്പിക്കൽ പൂർണ്ണമായും നിരോധിച്ചുകൊണ്ട് നിയമം വരുന്നത്. 1957 -ൽ ഐക്യകേരളത്തിലെ കാർഷികബന്ധനിയമം ഭൂമിയിൽ കുടികിടപ്പുകാരന് സ്ഥിരാ

വകാശം നൽകി. ചെറുകിട കൃഷിക്കാരെക്കൂടി കുടിയാൻ നിയമത്തിന്റെ വ്യാപ്തിയിൽ ഉൾപ്പെടുത്തി. മര്യാദപാട്ടത്തിന്റെ ആറിരട്ടി പതിനാറ് ഗഡുക്കളായി അടച്ചാൽ ഭൂമി കുടിയാന് തീറുവാങ്ങാം എന്ന് വ്യവസ്ഥവന്നു. കൈവശഭൂമിക്ക് പരിധി നിശ്ചയിച്ചു. ഭൂമിയിൽ കുടികിടപ്പുകാരന് സ്ഥിരാവകാശം നൽകുന്ന കാർഷികബന്ധനിയമം പാടത്ത് പണിയെടുത്തിരുന്ന കുടിയാന് എത്രമാത്രം പ്രയോജനകരമായി എന്നത് ഏറെ ചർച്ച ചെയ്യപ്പെട്ട വിഷയമാണ്. ഈ പശ്ചാത്തലത്തിലാണ് ഇരിങ്ങാലക്കുടയിലെ കർഷകസംഘങ്ങളിലേക്കും സമരങ്ങളിലേക്കും തിരിഞ്ഞുനോക്കുന്നത്.

പാട്ടകൃഷിഭൂമി കരമടച്ച് സ്വന്തമാക്കിയവർ പുത്തൻ ജന്മിമാരായി മാറുകയായിരുന്നു. കച്ചവടം നടത്തിയും മറ്റും കയ്യിൽ പണമുണ്ടായിരുന്ന ക്രിസ്ത്യാനികളായിരുന്നു ഇരിങ്ങാലക്കുടയിലെ ജന്മിമാരിൽ അധികവും. വരമ്പത്തും ചെളിയിലും പണിയെടുത്തിരുന്ന പറയനും പുലയനും തൽസ്ഥിതി തുടർന്നു. കർഷകസമരങ്ങൾ ബഹുജനപ്രക്ഷോഭങ്ങളുടെ രൂപത്തിൽ ശക്തമായി.

## ഉറുമ്പുംകുന്ന് നരബലി

1950 -ൽ ഇരിങ്ങാലക്കുട പോലീസ് രജിസ്റ്റർ ചെയ്ത ഒരു വ്യാജ കൊലപാതകക്കേസ്സാണ് ഉറുമ്പുംകുന്ന് നരബലി. ആളൂർ പഞ്ചായത്തിലെ ഉറുമ്പുംകുന്ന് എന്ന പ്രദേശമാണ് ഇത്തരമൊരു സമരമുഖത്തിന് വേദിയാകുന്നത്. പ്രദേശത്തെ പുലയകുടിയാന്മാർ രാപകൽ അധ്വാനിച്ചിട്ടും പട്ടിണി ബാക്കിയായി. ദേശീയ സ്വാതന്ത്ര്യസമരത്തിൽ നിന്ന് ലഭിച്ച ഊർജ്ജവും കമ്മ്യൂണിസ്റ്റ് കർഷകപ്രസ്ഥാനങ്ങളിൽനിന്ന് ലഭിച്ച പ്രചോദനവും അവരിലും സ്വത്വബോധം വളർത്തിയെടുത്തു. അധ്വാനത്തിനുള്ള കൂലി ചോദിക്കാൻ ഇതവരെ പ്രാപ്തരാക്കി. എന്നാൽ കൂലി കൂടുതൽ ചോദിക്കുന്ന കുടിയാനെ കള്ളക്കേസിൽ കുടുക്കുകയായിരുന്നു ജന്മിമാരുടെ രീതി. ലോക്കപ്പ് മർദ്ദനവും ജയിൽവാസവും നിത്യസംഭവമായി.

ഒരിക്കൽ അടയ്ക്കമോഷ്ടിച്ചു എന്ന കുറ്റത്തിന് നടത്തിരി അയ്യപ്പനെ അറസ്റ്റ് ചെയ്യുന്നതിനായി പോലീസ് അദ്ദേഹത്തിന്റെ കുടിലിലെത്തി. എന്നാൽ പോലീസും ജന്മിയുടെ ഗുണ്ടകളും വീടിനകത്ത് കയറുന്നത് അയ്യപ്പന്റെ അമ്മ കാളി തടഞ്ഞു. രോഷാകുലരായ ക്രിസ്ത്യൻ ജന്മിമാർ പുലയർക്കെതിരെ ഇരുപത്തിയഞ്ചിലധികം കള്ളക്കേസുക

ളുണ്ടാക്കി. ജന്മിമാരുടെ ദ്രോഹങ്ങളിൽ പൊറുതിമുട്ടിയ പുലയർ, അരീക്കാടൻ തോമൻ എന്ന ജന്മിയെ, വെളുത്തായി കുഞ്ഞിക്കുറുമ്പയുടെ വീടിന്റെ തൂണിൽ കെട്ടിയിട്ടു. പുലയർ നരബലിനടത്തി എന്ന വാർത്തയാണ് പ്രചരിച്ചത്. തുടർന്ന് പോലീസും ജന്മിയുടെ ഗുണ്ടകളും പ്രദേശത്തെത്തി. നേരത്തെ ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ പുരുഷന്മാർ സ്ഥലത്തുനിന്നും മാറിനിന്നെങ്കിലും ചാത്തുക്കുട്ടിയുടെ വീട്ടിൽ അഭയംതേടിയ സ്ത്രീകളെയും കുട്ടികളെയും അവർ വെറുതെ വിട്ടില്ല. അന്ന് കമ്മ്യൂണിസ്റ്റ് സഹയാത്രികനും നാട്ടുപ്രമാണിയുമായിരുന്ന എടത്താടൻ അയ്യപ്പൻകുട്ടി ഇടപെട്ടതിനെ തുടർന്നാണ് പോലീസ് പിന്തിരിഞ്ഞത്. തുടർന്നുണ്ടായ കേസുകളെല്ലാം വിചാരണയ്ക്കിടയിൽ അസത്യങ്ങളെന്ന് കണ്ട് തള്ളിപ്പോവുകയായിരുന്നു.

## ചാല് കൊയ്ത്തുസമരം

കേരള സ്റ്റേറ്റ് കർഷക തൊഴിലാളി യൂണിയന്റെ നേതൃത്വത്തിൽ നടന്ന ശ്രദ്ധേയമായ സമരങ്ങളിൽ ഒന്നാണ് ചാല് പാടത്തെ കൊയ്ത്തുസമരം. 1970 ആഗസ്റ്റ് മാസത്തിലാണ് സമരം നടക്കുന്നത്. ദിവസക്കൂലിയായി കിട്ടിയിരുന്ന അരപ്പറ നെല്ല് ഒരു പറയാക്കി വർദ്ധിപ്പിക്കണമെന്ന യൂണിയന്റെ ആവശ്യം അംഗീകരിക്കാൻ ജന്മിമാർ തയ്യാറായില്ല. കർക്കിടകകൊയ്ത്തു കഴിഞ്ഞ് അടുത്ത പൂവ് കൃഷിയിറക്കുന്നതിന് മുൻപുതന്നെ യൂണിയൻ കൂലിവർദ്ധനവ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ചാലിൽ അതിയൻ നെല്ല് വിളഞ്ഞുകിടക്കുമ്പോൾ കൊയ്യാനെത്തിയ അമ്മിണിയെ അരിക്കാടൻ ജോൺ എന്ന ജന്മി അതിന് അനുവദിക്കാതെ അപമാനിച്ചു പുറത്താക്കി. കർഷക തൊഴിലാളി യൂണിയൻ കൊയ്ത്തു സമരത്തിന് ആഹ്വാനം ചെയ്തു. സ്ത്രീകളും പുരുഷന്മാരും അടങ്ങുന്ന അറുപതോളം കർഷകത്തൊഴിലാളികൾ ടി.എസ്. മണിലാലിന്റെ നേതൃത്വത്തിൽ ജാഥയായി ചാല് പാടത്തെത്തി. എം.കെ. രാഘവൻ മടത്തിപറമ്പിൽ, പി.സി. വേലു, വർഗീസ് കുമരിക്കൽ, ടി.ആർ. സോമസുന്ദരം, സി.ഒ. സെബാസ്റ്റ്യൻ, സഖാവ് ഗോപാലൻ, എടത്താടൻ കുമാരൻ, ചുങ്കൻ വാവുണ്ണി, ടി.പി. കുഞ്ഞിയപ്പൻ, പറമ്പിക്കാടൻ രാമൻ, വേലൂർ ഔസേപ്പുണ്ണി, രാജൻ മാസ്റ്റർ തുടങ്ങിയ പാർട്ടി പ്രവർത്തകരും കർഷകത്തൊഴിലാളികളായ വിലാസിനി ചാത്തൻ, തെക്കേടത്ത് തങ്കമണി, കുഞ്ഞിക്കോരൻ, തെക്കേടത്ത് അമ്മിണി പേങ്ങൻ, നെയ്യേടത്തു കോരൻ ചാത്തൻ, ചിറ്റക്കര രാമൻ, പട്ടാടൻ

ഗംഗാധരൻ, തെക്കേടത്ത് കുറുമ്പൻ തുടങ്ങിയവരും ഇതിൽ പങ്കാളികളായവരിൽ ചില രാണ്.

സമരക്കാർ പാടത്തേക്ക് ഇറങ്ങുന്നതിനു മുമ്പുതന്നെ ജന്മിയുടെ ആളുകൾ കല്ലും മുളവടിയുമായി ലഹളക്കെത്തി. എണ്ണത്തിൽ കൂടുതലായിരുന്ന സമരക്കാർ കറ്റകൾ കൊയ്തെടുക്കുക തന്നെ ചെയ്തു. എന്നാൽ യൂണിയൻ ഓഫീസിൽ എത്തിച്ച കറ്റകൾ പോലീസും ജന്മിയും ചേർന്ന് പിടിച്ചെടുത്തു. ഏഴ് സ്ത്രീകളടക്കം 21 പേരെ പോലീസ് അറസ്റ്റ് ചെയ്തു. സമരക്കാർക്കെതിരെ 27 കേസുകൾ കൊടുങ്ങല്ലൂരിലെയും ഇരിങ്ങാലക്കുടയിലെയും കോടതികളിൽ ഉണ്ടായിരുന്നു. മധുരക്കറി വക്കീൽ എന്നറിയപ്പെട്ടിരുന്ന അഡ്വക്കേറ്റ് പി.എൽ. അന്തോണിയാണ് സമരക്കാർക്കുവേണ്ടി കേസുവാദിച്ചത്. ഒന്നരവർഷം നീണ്ടുനിന്ന കേസിൽ വിധി സമരക്കാർക്ക് അനുകൂലമായിരുന്നു.

## എടക്കുളം കർഷകസമരം

1960 - കളിൽ കർഷകസംഘത്തിന്റെ പിൻബലത്തോടെയാണ് എടക്കുളം കർഷകസമരം അരങ്ങേറുന്നത്. ജന്മികുടുംബാംഗമായ പുത്തൻവീട്ടിൽ കാവേരിയമ്മ തന്റെ കുടിയാനായ കുന്നത്തുപറമ്പിൽ അന്തോണിയെ പാട്ടകൃഷിയിൽനിന്നും ഒഴിവാക്കുന്നു. അന്തോണിയും കുടുംബവും കാവേരിയമ്മയുടെ വീട്ടുപടിക്കൽ സത്യാഗ്രഹമിരുന്നു. ഒരു മാസത്തോളം സമരം നീണ്ടുനിന്നിരുന്നു. കർഷകരുടെ ആത്മവീര്യം വളർത്തുന്നതിന് ഈ സമരവും വലിയ പങ്കുവഹിച്ചിട്ടുണ്ട്.

## നടവരമ്പ് കർഷകസമരം

എടക്കുളം സമരത്തിന്റെ തുടർച്ചയെന്നോണമാണ് നടവരമ്പ് സമരം നടക്കുന്നത്. 1961 സെപ്റ്റംബർ മാസത്തിൽ ആയിരുന്നു ഇത്. ഇ.എം.എസ്. സർക്കാർ കൊണ്ടുവന്ന കാർഷികബിൽ നടപ്പിലാക്കുന്നതിൽ കാലതാമസം നേരിട്ടു. ഈ ബിൽ അസ്ഥിരപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ സ്ഥാപിതതാല്പര്യക്കാരുടെ ഭാഗത്തുനിന്നും ഉണ്ടായി. ഇതേത്തുടർന്ന് കർഷകരുടെ കൈവശഭൂമിയുടെ രജിസ്റ്റർ ഉണ്ടാക്കാൻ സർക്കാർ തയ്യാറായില്ല. ഇതിന്റെ മറവിൽ രേഖയില്ലാത്ത കർഷകരെ ഒഴിപ്പിക്കുന്നതിന് ജന്മിമാർ നീക്കം തുടങ്ങി. അത്തരമൊരു നീക്കത്തെ തുടർന്നാണ് നടവരമ്പ് പരിയാടത്ത് നാരായണ

മേനോന്റെ ഭൂമി കൈവശംവച്ച് കൃഷിചെയ്തിരുന്ന ചാമിയോട് ഭൂമി ഒഴിയാൻ അദ്ദേഹം ആവശ്യപ്പെടുന്നത്. നടവരമ്പ് ചിറയുടെ പടിഞ്ഞാറെ ഭാഗത്തുള്ള അഞ്ച് ഏക്കറോളം സ്ഥലത്താണ് ചാമി കൃഷിചെയ്തിരുന്നത്. കർഷകസംഘത്തിന്റെ നിർദേശമനുസരിച്ച് കൃഷി ഇറക്കാൻതന്നെ ചാമി തീരുമാനമെടുത്തു. എന്നാൽ ചാമി കൈവശഭൂമിയിൽ കടക്കുന്നത് തടഞ്ഞുകൊണ്ട് ജന്മി കോടതിവിധി സമ്പാദിച്ചു. കൈവശഭൂമി നഷ്ടപ്പെടുത്താതെ കോടതിവിധി ലംഘിച്ച് കൃഷിയിറക്കാനായിരുന്നു കർഷകസംഘത്തിന്റെ തീരുമാനം.

കർഷകരും തൊഴിലാളികളും ചേർന്ന് 'ഭൂമി സംരക്ഷണസേന' ഉണ്ടാക്കുകയും നിലമൊരുക്കിനടുന്നതിന് തയ്യാറെടുക്കുകയും ചെയ്തു. വയൽവരമ്പിൽ അണിനിരന്ന നൂറുകണക്കിന് തൊഴിലാളികളെ സാക്ഷിനിർത്തി കെ.കെ. കോപ്പക്കുട്ടിയും ചാമിയും അദ്ദേഹത്തിന്റെ ഭാര്യ ചക്കിയും വയലിലിറങ്ങി ഞാറു നട്ടുതുടങ്ങി. പോലീസ് ഇവരെ അറസ്റ്റ് ചെയ്തുനീക്കിയപ്പോഴേക്കും മറ്റൊരു സംഘം ഞാറുമായിറങ്ങി. വിവിധ ഭാഗങ്ങളിൽനിന്ന് കൂടുതൽ കർഷകർ നടവരമ്പിലേക്ക് എത്തിത്തുടങ്ങിയതോടെ മർദ്ദന നടപടികളിൽനിന്ന് പോലീസ് പിന്മാറി.

നടവരമ്പ് പ്രദേശത്തുനിന്ന് മാത്രമല്ല കല്ലംകുന്ന്, വൈക്കര, ഐക്കരക്കുന്ന്, കോമ്പാറ തുടങ്ങിയ ഇടങ്ങളിൽനിന്നും ധാരാളം സ്ത്രീതൊഴിലാളികൾ ഈ സമരത്തിൽ പങ്കെടുത്തിട്ടുണ്ട്. എം.കെ. കുട്ടപ്പൻ, കോച്ചേരി ജോസ്, കെ.കെ. നാരായണൻ, കല്ലംകുന്ന് കൃഷ്ണൻ, കൈതയിൽ അച്യുതൻ, എം.സി. രാഘവൻ, കെ.കെ. പേങ്ങൻ, പി.കെ. മാണിക്കുട്ടി, എം.സി. കുഞ്ചാത്തൻ, ചാമക്കുന്ന് നാരായണൻ, വള്ളിക്കുട്ടി പങ്കോരൻ, കോവിലകത്ത് കുറുമ്പക്കുട്ടി, സുബ്രഹ്മണ്യൻ കല്ലംകുന്ന്, കാർത്തിക കുഞ്ഞൻ, തൃപ്പായി കോവിലകത്ത്, ചിറ്റക്കര വയറോണി, കോവിലകത്ത് ചാത്തൻ, ശങ്കരൻ കല്ലറക്കൽ, പെരുമ്പുള്ളി വേലായുധൻ, ചിന്നപ്പൻ മണിയാംപാടം, അമ്മുക്കുട്ടി, കുട്ടപ്പൻ എന്നിവർ സമരത്തിൽ പങ്കെടുത്തവരിൽ ചിലരാണ്. സമരക്കാരെ അറസ്റ്റുചെയ്ത് ജയിലിലാക്കി. ചാമിയുടെ അമ്മ നാരായണമേനോന്റെ വീട്ടുപടിക്കൽ കുടിൽകുത്തി സമരമാരംഭിച്ചു. സമരത്തിൽ പങ്കെടുത്ത കുഞ്ഞന്റെ ഭാര്യ കാർത്ത്യായനിയെ കൈക്കുഞ്ഞുമായാണ് ജയിലിലടച്ചത്.

ആറുമാസത്തോളം നീണ്ട ഈ സമരം, വിജയം കാണുമ്പോൾ മൂവായിര ത്തോളം പേർ അറസ്റ്റ് വരിച്ചതായി കണക്കാക്കപ്പെടുന്നു. കർഷകത്തൊഴിലാളി കളിൽ ആത്മവീര്യവും സ്വത്വബോധവും വളർത്തിയെടുക്കുന്നതിന് നടവരമ്പ് കർഷക സമരം വഴിതെളിച്ചിട്ടുണ്ട്. ചാമിക്ക് ഇഷ്ടമുള്ളിടത്ത് പത്ത് സെന്റ് ഭൂമി നൽകാൻ ജന്മി തയ്യാറായതോടെയാണ് സമരം പിൻവലിക്കപ്പെട്ടത്.

1957 -ൽ ഇ.എം.എസ്. സർക്കാർ കൊണ്ടുവന്ന ഭൂപരിഷ്കരണ നിയമം നടപ്പി ലാക്കാൻ കഴിയുംമുമ്പേ വിമോചനസമരത്തിന്റെ ഭാഗമായി സർക്കാരിനെ പിരിച്ചുവിട്ടു. വിമോചനസമരത്തിന് പിന്നിലെ അപ്രഖ്യാപിത കാരണങ്ങളിൽ ഒന്നാണ് ഭൂപരിഷ്കര ണനിയമം എന്ന വിലയിരുത്തലുകളും ഉണ്ടായിട്ടുണ്ട്. പിന്നീട് 1970 -ൽ സി. അച്യു തമേനോന്റെ ഭരണകാലത്താണ് ഭൂപരിഷ്കരണ നിയമം നടപ്പിലാക്കുന്നത്. എന്നിട്ടും കൈവശമുള്ള അധികഭൂമി വിട്ടുനൽകാൻ ഉടമകൾ തയ്യാറായിരുന്നില്ല. ഇതേ തുടർ ന്നാണ് എ.കെ.ജി.യുടെ നേതൃത്വത്തിൽ മിച്ചഭൂമിസമരം ആവശ്യമായിവന്നത്. കേരള ഭൂപരിഷ്കരണ നിയമപ്രകാരം 1971 ജനുവരി 1 -ന് ജന്മിത്വം അവസാനിക്കുന്നതുവരെ അത് തുടരുകയും ചെയ്തു. ഇത്തരം സമരങ്ങളുടെ ഫലമായാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ഗ്രാ മങ്ങളിൽ ശക്തമായ അടിത്തറയുള്ള ഒരു രാഷ്ട്രീയപാർട്ടിയായി വളർന്നത്. ഇരിങ്ങാ ലക്കുടയിലും പരിസരപ്രദേശങ്ങളിലും സമരത്തിന്റെ അനുരണനങ്ങൾ വളരെ ശക്ത മായി നിലനിന്നിരുന്നു. പ്രാദേശികമായ അത്തരം സമരങ്ങളെക്കുറിച്ച് ഇനിയും പഠന ങ്ങൾ നടക്കേണ്ടതുണ്ട്.

### 4.4.10 പെൺപോരാട്ടങ്ങൾ

സാമുദായിക പരിഷ്കരണപ്രസ്ഥാനങ്ങളിൽ പങ്കാളികളായിരുന്ന സ്ത്രീകളിൽ പ്രകടമാ യിരുന്ന ആത്മശക്തി ശ്രദ്ധേയമാണ്. പ്രത്യേകിച്ചും ദളിത് സ്ത്രീകളുടെ ശക്തവും സ്വത ന്ത്രവുമായ മനോബലം, അവരുടെ തിക്താനുഭവങ്ങളിൽനിന്നും സ്വയം ആർജിച്ചെടുത്ത താണ്. കേരളത്തിൽ എന്നല്ല ഇന്ത്യയിൽത്തന്നെ അവർണ്ണസ്ത്രീകളുടെ പോരാട്ടങ്ങൾ പലപ്പോഴും ചരിത്രരേഖകളിൽ വിസ്മരിക്കപ്പെടുകയാണ് ഉണ്ടായിട്ടുള്ളത്.

പുരുഷകേന്ദ്രിതമായ സാമൂഹ്യവ്യവസ്ഥ ഇന്നത്തെതിനേക്കാൾ ശക്തമായ 19 -ഉം 20 -ഉം നൂറ്റാണ്ടുകളിൽ സ്ത്രീമുന്നേറ്റങ്ങൾ പാർശ്വവൽക്കരിക്കപ്പെടുകയാണ്

ഉണ്ടായത്.  ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിലും മത -സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങളിലും സ്ത്രീകൾ വഹിച്ചപങ്ക് പലപ്പോഴും അറിയപ്പെടാതെ പോയി.  ജാതീയമായ വിലക്കുകൾക്കും അനാചാരങ്ങൾക്കുമെതിരെ പോരാടിയ സാമൂഹ്യപരിഷ്കർത്താക്കളുടെ കൂട്ടത്തിൽ വിദ്യാഭ്യാസം പോലും നിഷേധിക്കപ്പെട്ട കീഴാളസ്ത്രീകളുടെ പങ്ക് തമസ്കരിക്കപ്പെടുന്നത് നീതിയല്ല. ആൺകോയ്മയുടെ അത്തരം നടപ്പരീതികളെ ഉടച്ചെടുത്ത് പുനഃസൃഷ്ടിക്കേണ്ടത് സംസ്കാരപഠനത്തിന്റെ ദൗത്യമാണ്.  അത്തരമൊരു ചരിത്രാന്വേഷണത്തിൽ പുറന്തള്ളപ്പെട്ട പെണ്ണിന്റെ പോരാട്ടവീര്യങ്ങൾ തെളിഞ്ഞു വരും. ആധുനിക ഇരിങ്ങാലക്കുടയെ രൂപപ്പെടുത്തുന്നതിലും ഇത്തരം പെൺപോരാട്ടങ്ങളുടെ വീരചരിത്രം ശ്രദ്ധേയമാണ്.

## പി.സി. കുറുമ്പ

പാറപ്പുറത്തു വീട്ടിൽ ചാത്തന്റെയും കാളിയുടെയും മകളാണ് പി.സി. കുറുമ്പ. ഇരിങ്ങാലക്കുടയോട് ചേർന്ന് പുല്ലൂർ എന്ന ഗ്രാമത്തിലെ കർഷകത്തൊഴിലാളികളുടെ മകളായി ജനിച്ച കുറുമ്പ അന്നത്തെ നാട്ടുനടപ്പനുസരിച്ച് പതിമൂന്നാം വയസ്സിൽ ചാത്തൻ എന്ന യുവാവിനെ വിവാഹം ചെയ്തു. ഭർതൃവീട്ടിലെത്തിയശേഷമാണ് കുറുമ്പയുടെ ഐതിഹാസികജീവിതം ആരംഭിക്കുന്നത്. ഭർത്താവ് ചാത്തന്റെ അമ്മാവന്റെ മകനായ കെ.കെ. അയ്യപ്പൻ അന്നത്തെ കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രാദേശികനേതാവായിരുന്നു.  വിദ്യാഭ്യാസം അപ്രാപ്യമായിരുന്ന ദളിത് യുവതിയായ കുറുമ്പയെ സംബന്ധിച്ചിടത്തോളം ആ ബന്ധം പുരോഗമന ആശയങ്ങളുടെയും സ്വാതന്ത്ര്യബോധത്തിന്റെയും പുതിയൊരു ലോകം തുറന്നിടുകയായിരുന്നു.

കുട്ടംകുളം സമരത്തിൽ പങ്കെടുത്തതോടെയാണ് പി.സി.  കുറുമ്പ ശ്രദ്ധാകേന്ദ്രമാകുന്നത്.  ഭർത്താവ് ചാത്തനുമൊത്ത് അവർ സമരത്തിൽ പങ്കെടുത്തു.  സമരക്കാർക്കിടയിൽ പോലീസുകാർ ഒരു വര വരച്ചു. അതിനകത്തുള്ളവർക്കെതിരെ കേസെടുത്തു. വരയ്ക്കകത്ത് കുറുമ്പയും പുറത്ത് ചാത്തനും.  ചാത്തന്റെ പേരും കേസിൽ ഉൾപ്പെട്ടിരുന്നു. ഓരോരുത്തരുടെയും കാൽവെള്ളയിൽ 24 തവണ അടിക്കാനായിരുന്നു ഉത്തരവ്. അടികൊണ്ട് ഏകദേശം മൂന്നുമാസത്തോളം കാലിന്റെ അടിപഴുത്ത് നടക്കാൻ കഴിഞ്ഞില്ല. അഞ്ച് വർഷത്തോളം തുടർച്ചയായി ചികിത്സിക്കേണ്ടിവന്നു ഇവർക്ക്.

കുട്ടംകുളം സമരം എന്നത് ഉയർത്തെഴുന്നേൽപ്പിന്റെ ചരിത്രമാണെന്ന് കുറുമ്പ വിശ്വസിച്ചിരുന്നു. ഏതുതരം പീഡനങ്ങളും പോലീസ് മർദ്ദനങ്ങളും സഹിക്കാൻ അവർക്ക് മനോബലം നൽകിയതും ഈ വിശ്വാസം തന്നെയായിരിക്കണം. സമരാവേശത്തിന്റെ നിലയ്ക്കാത്ത ഓർമ്മകളുമായിട്ടാണ് അവർ അവസാന നാളുവരെ കഴിഞ്ഞതെന്ന് കുറുമ്പയുമായി അഭിമുഖം നടത്തിയിട്ടുള്ള എ. കൃഷ്ണകുമാരിയും വനിത കലാസാഹിതി തൃശ്ശൂർ ജില്ലാ സെക്രട്ടറി ലില്ലി തോമസുമെല്ലാം രേഖപ്പെടുത്തുന്നുണ്ട്. പ്രായപൂർത്തി വോട്ടവകാശവും ഭൂപരിഷ്കരണനിയമവും ആണ് അധഃകൃതരുടെ ജീവിതം മാറ്റിമറിച്ചതെന്ന് ഇവർ സാക്ഷ്യപ്പെടുത്തുന്നു, "പ്രായപൂർത്തി വോട്ടവകാശത്തിന് മുമ്പ് സവർണ്ണന്റെ വീടിന്റെ പടിക്കകത്തേക്ക് പ്രവേശനാനുമതി ഇല്ലാതിരുന്ന അവർണ്ണർ; രാജ്യത്തിന്റെ ഭരണത്തെനിയന്ത്രിക്കുന്ന അല്ലെങ്കിൽ ജനാധിപത്യത്തിൽ രാജാവെന്ന് പറയുന്ന വോട്ടവകാശമുള്ള പൗരനായി. അതോടെ അവരുടെ അയിത്തവും അകന്നു. അവർണ്ണന്റെ വീട്ടിൽ പോകാൻ സവർണ്ണൻ നിർബന്ധിതനായി. പ്രത്യേകിച്ചും തിരഞ്ഞെടുപ്പ് വേളയിലെങ്കിലും. ഇതാണ് ജനാധിപത്യത്തിന്റെ ശക്തിയായ വോട്ടിന്റെ വില - കുറുമ്പ പറയുകയുണ്ടായി" (2018:250). പുല്ലൂരിലെ കശുവണ്ടിഫാക്ടറി തൊഴിലാളിയായിരുന്ന കുറുമ്പ കൗമാരപ്രായം മുതൽ പുല്ലൂരിലും നടവരമ്പിലും പരിയാരത്തും നടന്ന കർഷകസമരങ്ങളിലും കുട്ടംകുളം, കൊടുങ്ങല്ലൂർ, പാലിയം തുടങ്ങിയ ഇടങ്ങളിലെ വഴിതടയൽ സമരങ്ങളിലും സജീവപങ്കാളിയായി. പരിയാരത്തേക്കും തൃശ്ശൂരിലേക്കുമെല്ലാം മഴനനഞ്ഞ് മുദ്രാവാക്യം വിളിച്ച് ആവേശത്തോടെ നടന്നാണ് യാത്രചെയ്തിരുന്നതെന്ന് അവർ ഓർക്കുന്നു. അന്ന് ബസ്സുകൾ കുറവായിരുന്നെന്നുമാത്രമല്ല, സമരക്കാരെ ബസ്സിൽ കയറ്റുകയുമില്ലായിരുന്നു. പാലിയംസമരത്തിൽ പങ്കെടുത്തതിന്റെ പേരിലുണ്ടായ കോടതി നടപടികൾക്കായി അഞ്ചുവർഷം കൊച്ചിയിൽ പോയി വരേണ്ടിവന്നു.

കൽക്കട്ട തീസിസിന്റെ പേരിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിരോധിച്ചതിനാൽ 1948 കാലഘട്ടത്തിൽ പരസ്യമായ പാർട്ടിപ്രവർത്തനം അസാധ്യമായിരുന്നു. ഈ സാഹചര്യത്തിൽ നേതാക്കൾക്ക് ഒളിവിൽ കഴിയാനുള്ള സഹായങ്ങൾ ചെയ്തുകൊടുക്കാനുള്ള ഉത്തരവാദിത്വം പാർട്ടി കുറുമ്പയേയും ഏൽപ്പിച്ചിരുന്നു. മുകുന്ദപുരം താലൂക്കിൽ നേതാക്കൾക്ക് ഒളിത്താവളം ഒരുക്കുന്നതിൽ ബന്ധുവായ പി.കെ. കുമാരനെ സഹായിച്ചുവെന്ന് ആരോപിച്ച് ഇരുവരേയും പോലീസ് അറസ്റ്റ് ചെയ്ത് ക്രൂരമർദ്ദനങ്ങൾക്ക് വിധേയരാക്കി.

ഇരിങ്ങാലക്കുട സബ് ജയിലിൽ ഒറ്റ സെല്ലിലാണ് ഇവരെ പാർപ്പിച്ചത്. ശാരീരിക മർദ്ദനത്തെ കൂടാതെ ഇരുവരെയും സഭ്യമല്ലാത്ത പ്രവർത്തിക്ക് നിർബന്ധി ക്കുകയും വിസമ്മതിച്ചപ്പോൾ ക്രൂരമായി മർദ്ദിക്കുകയും ചെയ്തു. പി.സി. കുറുമ്പയ്ക്കും പി.കെ. കുമാരനും ഉണ്ടായ അനുഭവം മറ്റാർക്കും ഉണ്ടായതായി അറിവില്ല. അതുവരെ ഒരാളോടും പ്രയോഗിച്ചിട്ടില്ലാത്ത പീഡനമുറകളാണ് അവരോട് സർക്കിൾ ഇൻസ്പെ ക്ടർ യു.പി.ആർ. മേനോന്റെ നേതൃത്വത്തിലുള്ള പോലീസ് നരാധമന്മാർ പ്രയോഗിച്ചത്. *മുൻപേ നടന്നവർ* എന്ന കൃതിയിൽ വി.എസ്. വസന്തൻ ഇതേക്കുറിച്ച് രേഖപ്പെടുത്തു ന്നത് ഇപ്രകാരമാണ്, "സ്റ്റേഷനിലെ ചെറിയഹാളിൽ കമ്പിറാന്തലിന്റെ അരണ്ട വെളി ച്ചത്തിൽ പി.കെ. കുമാരനെയും പി.സി. കുറുമ്പയെയും നഗ്നരാക്കിനിർത്തി, യു.പി.ആർ. മേനോൻ എന്ന നരാധമനായ പോലീസ് ഓഫീസർ ചെയ്യിച്ച രതിവൈകൃതം മനുഷ്യ കുലത്തിൽ പിറന്നവരാരും മറക്കില്ല. ജയിലിൽനിന്ന് പുറത്ത് വന്ന പി.കെ. കുമാരൻ മലയാറ്റൂർ രാമകൃഷ്ണൻ പത്രാധിപരായ 'ഇടതുപക്ഷം വാരിക'യ്ക്ക് നൽകിയ അഭിമുഖത്തി ലൂടെ ഈ വിവരം വിശദമായി പുറംലോകത്തെ അറിയിച്ചു" (2013:48). ഈ അഭിമുഖ ത്തിന്റെ പേരിൽ പോലീസ് പി.കെ. കുമാരനെതിരെ കേസ് നൽകുകയും വീണ്ടും ആറു മാസത്തെ തടവുശിക്ഷയ്ക്ക് വിധിക്കുകയും ചെയ്തു. തിരു -കൊച്ചി നിയമസഭാംഗമായി രുന്ന ഇ. ഗോപാലകൃഷ്ണമേനോൻ മുഖ്യമന്ത്രി പറവൂർ ടി.കെ. നാരായണപിള്ളയോട് കൈചൂണ്ടി രോഷാകുലനായി ഈ സംഭവം വിവരിച്ചപ്പോൾ സഭയിലെ മറ്റ് അംഗ ങ്ങൾ സ്തംബ്ധരായി ഇരിക്കുകയായിരുന്നു എന്ന് ഗോപാലകൃഷ്ണമേനോൻ, *മായാത്ത ഓർമ്മക*ളിൽ അനുസ്മരിക്കുന്നുണ്ട് (1984:23).

ജന്മിത്വത്തിനെതിരെ നടന്ന നടവരമ്പ് കർഷകസമരത്തിലും കർഷകത്തൊ ഴിലാളിയായ ചാമിക്ക് ധൈര്യം പകർന്ന് ആദ്യവസാനംവരെ കുറുമ്പയും ഉണ്ടായിരു ന്നു. എറണാകുളത്ത് നടന്ന കുടികിടപ്പ് അവകാശസമരത്തിലും കെ.വി. കാളിയോ ടൊപ്പം പി.സി. കുറുമ്പ പങ്കെടുത്തിരുന്നു. ഇരുവരും നിരവധി തവണ ഒരുമിച്ച് അറസ്റ്റി ലായിട്ടുണ്ട്. ക്ഷേത്രപ്രവേശനം, അയിത്താചരണം, ന്യായമായ പണിക്കൂലി, സമയ ക്രമീകരണം എന്നിവയുടെ നീതിയുക്തമായ നടത്തിപ്പിനായുണ്ടായ സമരങ്ങളിലെല്ലാം പി.സി. കുറുമ്പയുടെസജീവസാന്നിധ്യമുണ്ടായി.

പുലയമഹാസഭയുടെ പ്രവർത്തകനായ സുരൻ നടവരമ്പ് വെറ്റില മുറുക്കിയ ചിരി കാട്ടിച്ചിരിക്കുന്ന മുഖമുള്ള കുറുമ്പയമ്മായിയെ ഓർക്കുന്നു. സംഘർഷഭരിതമായ

ആ കാലത്തെക്കുറിച്ച് പി.സി. കുറുമ്പ പറഞ്ഞ അനുഭവങ്ങൾ സുരൻ നടവരമ്പ് വിവരിക്കുന്നുണ്ട്. പട്ടിണിയും ദാരിദ്ര്യവും കൊടികുത്തിവാണിരുന്ന കാലത്ത് കൂലിയെച്ചൊല്ലി കശുവണ്ടി കമ്പനി തൊഴിലാളികൾക്കിടയിൽ അമർഷമുണ്ടാവുകയും സമരം തുടങ്ങുകയും ചെയ്തു. ഈ സാഹചര്യത്തിൽ സമരാനുകൂലികളായ കമ്മ്യൂണിസ്റ്റുകാരെ കണ്ടെത്താനായി കഞ്ഞിവീഴ്ത്തു നടത്തി. ദരിദ്രരായ മുഴുവൻ ആളുകളും കഞ്ഞി വാങ്ങുവാൻ എത്തണമെന്നായിരുന്നു. എന്നാൽ, പി.സി. കുറുമ്പയും കുടുംബവും ഇതിൽ പങ്കെടുത്തില്ല. ഇത് പോലീസ് മർദ്ദനങ്ങൾക്കിടയാക്കിയെങ്കിലും സമരത്തെ തളർത്താനായില്ല. ഒരിക്കൽ എറണാകുളത്തുപോയി തിരിച്ചുവരുന്ന വഴി പോലീസുകാർ സമരവളണ്ടിയർമാർക്ക് ഭക്ഷണം വാങ്ങിനൽകി. എല്ലാവരും അത് സ്വീകരിച്ചെങ്കിലും കുറുമ്പ മാത്രം വാങ്ങിയില്ല. ഇവരിൽനിന്ന് ഒന്നും സ്വീകരിക്കാൻ താൻ തയ്യാറല്ലെന്ന് അവർ പറഞ്ഞത്രേ.

സമാനതകളില്ലാത്ത മാനസികവും ശാരീരികവുമായ ഇത്തരം സമരയാതനകളും പോലീസ് മർദ്ദനങ്ങളും അനുഭവിക്കേണ്ടിവന്നത് അവരുടെ യൗവനാരംഭത്തിൽ ആയിരുന്നു എന്നത് ശ്രദ്ധേയമാണ്. എന്നിട്ടും ജന്മിവിരുദ്ധവും ജാതിവിരുദ്ധവുമായ പോരാട്ടങ്ങളിൽനിന്നും അവരെ പിന്തിരിപ്പിക്കാൻ പോലീസ് മുറകൾക്കായിരുന്നില്ല. ശരീരം അനുവദിക്കുന്ന കാലത്തോളം അധ്വാനിച്ച് ജീവിച്ച അവർ പ്രത്യേകിച്ച് ഒരു പരാതിയും പറയാതെ നിശബ്ദയായി കഴിഞ്ഞുകൂടി. അവരുടെ അവസാന നാളുകളിലാണ് സ്വാതന്ത്ര്യസമര പെൻഷൻപോലും അനുവദിച്ചു കിട്ടിയത്.

കുറുമ്പ - ചാത്തൻ ദമ്പതികൾക്ക് ഒരു മകൻ ജനിച്ചുവെങ്കിലും അകാലത്തിൽ മരണപ്പെട്ടു. രണ്ട് സഹോദരന്മാരും രണ്ട് സഹോദരിമാരുമാണ് കുറുമ്പയ്ക്കുണ്ടായിരുന്നത്. പുല്ലൂരിലെ കശുവണ്ടി ഫാക്ടറി തൊഴിലാളിയായിത്തന്നെ വിരമിച്ച കുറുമ്പ പിന്നീട് സജീവരാഷ്ട്രീയ - സാമുദായികപ്രവർത്തനങ്ങളിൽനിന്ന് വിട്ടുനിന്നു. തൃശ്ശൂർ കേരളവർമ്മ കോളേജിലെ ചരിത്രവിഭാഗം വിദ്യാർത്ഥികൾ നടവരമ്പിലുള്ള കുറുമ്പയുടെ വീട്ടിൽ വരികയും അവരുടെ സേവനങ്ങളെ മുൻനിർത്തി അനുമോദിക്കുകയും പ്രശസ്തിപത്രം നൽകുകയും ചെയ്തു. കുറുമ്പയുടെ വീട്ടിൽ ഇന്നും വിദ്യാർത്ഥികളുടെ പ്രശസ്തിപത്രം കാണാം. 2013 ഏപ്രിൽ 3 -നാണ് അവർ മരിക്കുന്നത്. മരണാനന്തര ചടങ്ങുകൾക്ക് ശേഷം നടവരമ്പ് പൗരാവലിയുടെ നേതൃത്വത്തിൽ വലിയ അനുശോചനയോഗം ചേർന്ന് നാടിന്റെ ആദരമർപ്പിച്ചു. കുറുമ്പയുടെ തൊട്ടടുത്ത തലമുറപോലും വൈകിമാ

ത്രുമാണ് അവരുടെ ത്യാഗങ്ങളെ തിരിച്ചറിഞ്ഞിട്ടുള്ളത്. ജീവിതം തന്നെ സമരമാക്കി മാറ്റിയ ഈ വിപ്ലവകാരി ചരിത്രഗ്രന്ഥങ്ങളിലൊന്നും ഇടം നേടാതെപോയ സമരനായികയാണ്.

## കെ.സി. കാളി

അയിത്താചാരത്തിനെതിരെയുള്ള പോരാട്ടചരിത്രത്തിൽ വിസ്മരിപ്പിക്കപ്പെട്ട സ്ത്രീസാന്നിധ്യമാണ് കെ.സി. കാളിയുടേത്. പുല്ലൂരിലെ കെ.കെ. അയ്യപ്പന്റെ ഭാര്യയാണ് അവർ. പുലയ മഹാസഭയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി നടന്ന കുട്ടംകുളത്തിലേതടക്കമുള്ള പ്രതിഷേധസമരങ്ങളുടെ ഭാഗമായിട്ടുണ്ട് കാളി. എങ്കിലും, പാലിയം സമരവുമായി ബന്ധപ്പെട്ടാണ് കെ.സി. കാളിയുടെ പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടത്. എ.കെ.ജി.യുടെ നേതൃത്വത്തിൽ നടന്ന പാലിയം സമരത്തെ സംബന്ധിച്ചിടത്തോളം 1948 മാർച്ച് 9 സംഭവബഹുലമായിരുന്നു. വിവിധ പ്രദേശങ്ങളിൽനിന്ന് ജാഥയായി എത്തിയ സംഘങ്ങൾ കൊട്ടുങ്ങല്ലൂരിൽ ഒത്തുചേർന്ന് ചേന്ദമംഗലത്തേക്ക് നീങ്ങി. ഇവിടെവെച്ച് ചുറ്റുമുള്ളവർക്കെല്ലാം മർദ്ദനമേൽക്കുന്നതിനിടയിൽ കെ.സി. കാളി ക്ഷേത്രത്തിനകത്തു കയറി. അവിടെവെച്ച് 'അയിത്തം നശിക്കട്ടെ' എന്ന് മുദ്രാവാക്യം വിളിച്ചു. പോലീസുകാർ അവരെ മർദ്ദിച്ച് അവശയാക്കി. കൊച്ചിയിൽനിന്നും ജാഥനയിച്ചെത്തിയ എ.ജി. വേലായുധൻ പോലീസുകാരുടെ മർദ്ദനമേറ്റ് തളർന്നുവീണു. വീണിടത്ത് കിടന്നും 'അയിത്തം നശിക്കട്ടെ' എന്ന് മുദ്രാവാക്യം വിളിച്ച അദ്ദേഹത്തെ പോലീസുകാർ തോക്കിന്റെ പാത്തിയും ബയണറ്റുംകൊണ്ട് വീണ്ടും മർദ്ദിച്ചു. ചലനമറ്റ അദ്ദേഹത്തിനെ കാളിയുടെ സമീപത്ത് കൊണ്ടുവന്നിട്ടു. എ.ജി. വേലായുധന്റെ രക്തസാക്ഷിത്വം ലോകത്തെ അറിയിച്ചത് കാളിയാണ്.

പുലയമഹാസഭയുടെ വാർഷികസമ്മേളന പ്രചാരണത്തിനിറങ്ങിയ സ്ത്രീകളുടെ കൂട്ടത്തിലും ഇരിങ്ങാലക്കുടയിലും പരിസരങ്ങളിലുമായി ജന്മിത്വത്തിനെതിരെ നടന്ന സമരങ്ങളിലും കെ.സി. കാളിയുടെ സാന്നിധ്യമുണ്ടായിരുന്നു. എങ്കിലും ആരാലും അറിയപ്പെടാത്ത ദുരിതപൂർണ്ണമായ ജീവിതമായിരുന്നു അവരുടേത്.[9]

---

[9] https://www.deshabhimani.com/articles/paliyam-satyagraha/1078404

## കെ.വി. കാളി

കൈപ്പൂണിത്തറ കുറ്റിക്കാടൻ വീട്ടിൽ വള്ളോന്റെ മകളാണ് കെ.വി. കളി. ഇ.എസ്.എസ്.എൽ.സി. വിജയിച്ച അവർ സെയിൽസ് ടാക്സിൽ ഉന്നത ഉദ്യോഗ സ്ഥയായിരുന്നു. കാളിയുടെ സഹോദരി വള്ളിയമ്മ അധ്യാപികയായിരുന്നു.

കുട്ടംകുളം, പാലിയം തുടങ്ങി അയിത്തത്തിനെതിരെ ഇരിങ്ങാലക്കുടയിൽ നടന്ന സമരങ്ങളിലെല്ലാം കാളിയുടെ സാന്നിധ്യമുണ്ട്. കേരളരാഷ്ട്രീയത്തിൽ ശ്രദ്ധേ യനായ ചാത്തൻ മാസ്റ്ററുടെ ഭാര്യയാകുന്നതിനുമുമ്പേ അവർ പൊതുപ്രവർത്തകയായി രുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെട്ട കാലത്ത് പാർട്ടി പ്രവർത്തകർക്ക് ഒളി ത്താവളം ഒരുക്കുന്നതിൽ കാളിയും മുന്നിലുണ്ടായി. ഇതേക്കുറിച്ചുള്ള ഒരു സന്ദർഭം ഒർണ കൃഷ്ണൻകുട്ടി രേഖപ്പെടുത്തുന്നുണ്ട്. സമുദായ പ്രവർത്തനവുമായി പുലയസ്ത്രീകൾ സജീവമായി പ്രവർത്തിച്ചുകൊണ്ടിരുന്ന കാലം. അതിൽ മുൻനിര പ്രവർത്തകയായി രുന്നു കെ.വി. കാളി, അയ്യ, പേങ്ങി, പി.സി. കാർത്യായനി, കുഞ്ഞ, മറ്റൊരു കാളി തുടങ്ങിയവർ. ഈ ആറ് പെൺകുട്ടികളെയും പോലീസ് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി. അവർ ചാത്തൻ മാസ്റ്ററെയും മറ്റും ഒളിവിൽ താമസിപ്പിക്കുന്നതിന് സൗക ര്യമൊരുക്കിക്കൊടുത്തു എന്നാണ് ഇവരുടെ പേരിലുള്ള കുറ്റാരോപണം. മാസ്റ്ററെ പോലീസിന് അറസ്റ്റ് ചെയ്യാൻ കഴിയാത്തതുകൊണ്ടാണ് അദ്ദേഹത്തെ അന്വേഷി ച്ചുകൊണ്ടിരുന്ന പോലീസ് ഉദ്യോഗസ്ഥർ പുലയ യുവതികളെ അറസ്റ്റ് ചെയ്ത് കോട തിയിൽ ഹാജരാക്കിയത്. പോലീസിന്റെ അപേക്ഷ പ്രകാരം കോടതി അവരെ റിമാൻഡ് ചെയ്ത് ജയിലിൽ അടച്ചു. വിവരമറിഞ്ഞ് കെ.കെ. മാധവൻ യുക്തിവാദി എം.സി. ജോസഫ് എന്നിവർ പിറ്റേദിവസം കോടതിയിൽ ഹാജരായി അവരെ ജാമ്യ ത്തിലിറക്കി (2019:4-5). പിന്നീടാണ് ചാത്തൻ മാസ്റ്ററുടെയും കാളിയുടെയും വിവാഹം നടന്നത് (നോ. 4.4.11).

## ശാരദ കുമാരൻ

ആദ്യകാല കമ്മ്യൂണിസ്റ്റും മഹിളാസംഘത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചിട്ടുള്ള സമരനായികയുമാണ് ശാരദ കുമാരൻ. ശ്രീനാരായണഗുരുവിന്റെയും സഹോദരൻ അയ്യപ്പന്റെയും ആദർശങ്ങളിൽ ആകൃഷ്ടനായ ഈഴവനായ പി.കെ. കുമാരൻ

സാംബവ പെൺകുട്ടിയെ വിവാഹം കഴിക്കാൻ തീരുമാനിക്കുന്നു. അദ്ദേഹത്തിന്റെ അന്വേഷണങ്ങൾ ചെന്നെത്തിയത് അരണാട്ടുകര മത്തായിപുരം കോളനിയിൽ താമസിക്കുന്ന കളത്തിൽ ചക്കന്റെ മകൾ ശാരദ എന്ന യുവതിയിലാണ്. രണ്ട് വീട്ടുകാരുടെയും എതിർപ്പുകളെ മറികടന്നാണ് കുമാരൻ ശാരദയെ 1941 -ൽ വിവാഹം ചെയ്തത്. തുടർന്ന് ശാരദയും പി.കെ. കുമാരനോടൊപ്പം കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ സജീവമായി പ്രവർത്തിച്ചു.

ചാലക്കുടിക്ക് അടുത്തുള്ള പരിയാരത്ത് ആനമല കൂട്ടുകൃഷി പരസ്പര സഹായ സംഘം രൂപീകരിച്ച് സംയുക്തമായി കൃഷിയിറക്കുന്നതിന് കമ്യൂൺ ജീവിതം നയിച്ച കുമാരനൊപ്പം ശാരദയും ഉണ്ടായിരുന്നു. ഇരിങ്ങാലക്കുട മുൻസിപ്പൽ കൗൺസിൽ അംഗമായി ശാരദ കുമാരൻ പിന്നീട് പ്രവർത്തിച്ചിട്ടുണ്ട്. 1990 ഡിസംബറിലാണ് ശാരദ കുമാരൻ മരിക്കുന്നത്. സംഘർഷഭരിതമായ ജീവിതം അവരെ ശാരീരികമായും മാനസികമായും തളർത്തിയിരുന്നു (നോ. 4.4.11)

## 4.4.11 സമരനായകർ

ഇരിങ്ങാലക്കുടയുടെ സാമൂഹ്യപരിവർത്തനത്തിന് കാരണമായ ജാതിക്കെതിരായ സമരങ്ങളിലും നവോത്ഥാനചിന്തകളിലും മുൻനിരയിൽനിന്ന പൊതുപ്രവർത്തകരെ പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്. ഇതിൽ കലാ - സാംസ്കാരിക - രാഷ്ട്രീയ - പ്രസ്ഥാനങ്ങളുടെ ഭാഗമായി പ്രവർത്തിച്ചവരുമുണ്ട്. ചിലർ കേരളരാഷ്ട്രീയത്തിൽ ശ്രദ്ധേയരായി. മറ്റുചിലരാകട്ടെ ഒരു കാലത്തിനപ്പുറത്തേക്ക് ആരാലും അറിയപ്പെടാത്തവരുമായി.

### പുതുർ അച്യുതമേനോൻ

1910 -ൽ കിഴുത്താണിയിലെ പുത്തൂർ തറവാട്ടിലാണ് അച്യുതമേനോൻ ജനിച്ചത്. മൂലയിൽ കുഞ്ഞുകൃഷ്ണമേനോനും പുതുർ നാനി അമ്മയുമാണ് മാതാപിതാക്കൾ. ഇരിങ്ങാലക്കുട ഗവൺമെന്റ് ബോയ്സ് സ്കൂളിലെ വിദ്യാഭ്യാസത്തിനുശേഷം എറണാകുളത്ത് മഹാരാജാസ് കോളേജിൽ പഠിക്കാനെത്തിയ അച്യുതമേനോന് സുഹൃത്തുക്കളായി ലഭിച്ചത് ചങ്ങമ്പുഴ കൃഷ്ണപിള്ളയേയും വൈലോപ്പിള്ളി ശ്രീധരമേനോനേയുമാണ്.

കുറ്റിപ്പുറത്ത് കേശവൻ നായരായിരുന്നു അവരുടെ മലയാളം അധ്യാപകൻ. ഡിഗ്രി പഠനത്തിനുശേഷം മദ്രാസിലും തിരുവനന്തപുരം ലോ കോളേജിലുമായി നിയമബിരുദം കരസ്ഥമാക്കി. ബി.എൽ. പാസ്സായ ശേഷം 1937 -ൽ ഇരിങ്ങാലക്കുടയിൽ എം.സി. ജോസഫ് വക്കീലിനൊപ്പം പ്രാക്ടീസ് തുടങ്ങി. ചുരുങ്ങിയ കാലത്തിനുള്ളിൽ സ്വന്തമായി പ്രാക്ടീസ് തുടങ്ങാനും നല്ലൊരു അഭിഭാഷകൻ എന്ന അംഗീകാരം നേടാനും അദ്ദേഹത്തിന് കഴിഞ്ഞു. കിഴുത്താണിയിലെ പുരോഗമനവായനശാലയുടെ വാർഷികത്തോടനുബന്ധിച്ച് നടത്തിവന്നിരുന്ന പുരോഗമന സാഹിത്യസമ്മേളനങ്ങൾ തുടർച്ചയായി ഏഴുവർഷം നടത്തുന്നതിന് പ്രധാന പങ്കുവഹിച്ചത് അച്യുതമേനോനാണ്.

മദ്രാസിൽ പഠിക്കുന്ന സമയത്ത് സ്വാതന്ത്ര്യസമരത്തിന്റെ അലയൊലികൾ അദ്ദേഹത്തെയും തേടിയെത്തിയിരുന്നു. ആഡംബരവേഷങ്ങൾ ഉപേക്ഷിച്ച് ഖദർധാരിയായി. കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്, സി. അച്യുതമേനോൻ, പനമ്പിള്ളി ഗോവിന്ദമേനോൻ, എന്നിവരോടൊപ്പം ചേർന്ന് കൊച്ചി കോൺഗ്രസ് എന്ന സംഘടനയുമായി തിരഞ്ഞെടുപ്പിനെ നേരിടുകയും കാട്ടൂരിൽനിന്ന് കൊച്ചിൻ ലെജിസ്ലേറ്റീവ് അസംബ്ലിയിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. പിന്നീട് പ്രോഗ്രസ്സീവ് പാർട്ടി എന്ന പുതിയൊരു പാർട്ടിയുണ്ടാക്കി പ്രവർത്തനങ്ങൾ തുടർന്നു. 1942 ആഗസ്റ്റ് 15 -ന് തൃശ്ശൂർ മണികണ്ഠനാൽത്തറയിൽ നടന്ന പോലീസ് ലാത്തിചാർജിൽ അന്വേഷണമാവശ്യപ്പെട്ട് മറ്റ് പ്രവർത്തകരോടൊപ്പം അച്യുതമേനോനും നിയമസഭാംഗത്വം രാജിവച്ചു. താമസിയാതെ അദ്ദേഹം അറസ്റ്റ് ചെയ്യപ്പെടുകയും കരുതൽ തടവുകാരനാവുകയും ചെയ്തു. 1943 നവംബറിലാണ് ജയിൽ മോചനം സാധ്യമാകുന്നത്. പിന്നീട് കൊച്ചിരാജ്യപ്രജാമണ്ഡലത്തിന്റെ ഭാഗമാകുന്നു.

1945 -ൽ വീണ്ടും കാട്ടൂർ നിയോജക മണ്ഡലത്തിൽനിന്നും അദ്ദേഹം നിയമസഭയിലെത്തി. നിയമസഭാംഗം എന്നനിലയിലുള്ള പുതൂർ അച്യുതമേനോന്റെ പ്രവർത്തനങ്ങൾ ഇരിങ്ങാലക്കുട പട്ടണത്തിന്റെ വികസനത്തിന് സഹായകമായി. കാട്ടൂർ - കാക്കത്തുരുത്തി റോഡ്, കാറളം - മൂർക്കനാട് റോഡ്, വള്ളിവട്ടം - പടിയൂർ റോഡ് തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് അദ്ദേഹമാണ്. 1947 ആഗസ്റ്റ് 14 -ന് അർദ്ധരാത്രി എറണാകുളം മഹാരാജാസ് കോളേജിൽ ഏതാനും വിദ്യാർത്ഥികൾ ദേശീയപതാക ഉയർത്തി. കൊച്ചിരാജാവിന്റെ കീഴിലായി

രുന്ന കോളേജിൽനിന്ന് ഈ വിദ്യാർത്ഥികൾ പുറത്താക്കപ്പെട്ടു. നിരാഹാരസമരമാരംഭിച്ച വിദ്യാർത്ഥികളുടെ ഒത്തുതീർപ്പ വ്യവസ്ഥകൾ അംഗീകരിക്കാതിരുന്നതിൽ പ്രതിഷേധിച്ച് പ്രശ്നത്തിൽ ഇടപെട്ടിരുന്ന അച്യുതമേനോൻ നിയമസഭാംഗത്വം രാജിവച്ചു. പിന്നീട് ഇന്ത്യൻ സോഷ്യലിസ്റ്റ് പാർട്ടിയിൽ ചേർന്ന് പ്രവർത്തിച്ചെങ്കിലും അധികം താമസിയാതെ രാഷ്ട്രീയരംഗത്തുനിന്ന് പൂർണ്ണമായും പിൻമാറി.

തൊഴിലാളി സംഘടനാരൂപീകരണരംഗത്തും അദ്ദേഹം സജീവമായിരുന്നു. പനങ്കുളം - കരുവന്നൂർ ഓട്ടുകമ്പനി തൊഴിലാളി യൂണിയൻ പടുത്തുയർത്തിയതിൽ അദ്ദേഹം പങ്കാളിയായിരുന്നു. ബീഡിതൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് കരടുബിൽ സി. അച്യുതമേനോന്റെ നിർദ്ദേശപ്രകാരം കൊച്ചിനിയമസഭയിൽ അവതരിപ്പിച്ചത് പുതുരായിരുന്നു. കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ജീവനക്കാർക്ക് ഒരു സംഘടനയുണ്ടാക്കാൻ മുന്നിട്ടിറങ്ങിയതും പുത്തൂർ അച്യുതമേനോനായിരുന്നു. ഇരിങ്ങാലക്കുട കൂടൽമാണിക്യം ദേവസ്വം ജീവനക്കാരുടെ യൂണിയന്റെ ആദ്യ പ്രസിഡന്റ് അദ്ദേഹമാണ്.

കലാസാംസ്കാരികരംഗത്തും ശ്രദ്ധേയസാന്നിധ്യമായിരുന്നു പുതൂർ അച്യുതമേനോൻ. കോളേജ് വിദ്യാഭ്യാസകാലത്തും പിന്നീട് ഇരിങ്ങാലക്കുട മഹാത്മാഗാന്ധി വായനശാലയുടെ ധനശേഖരാർത്ഥം നടത്തിയ നാടകങ്ങളിലും അദ്ദേഹം അഭിനയിച്ചിട്ടുണ്ട്. കഥകളിയോട് പ്രത്യേക താൽപര്യമുണ്ടായിരുന്ന അച്യുതമേനോന്റെ വീട്ടിൽ ജൻമദിനം, വിവാഹം തുടങ്ങിയ ആഘോഷങ്ങൾക്കെല്ലാം കഥകളി നടത്തുക പതിവായിരുന്നു. വള്ളത്തോൾ നാരായണമേനോനുമായി ഉണ്ടായിരുന്ന സൗഹൃദം കേരള കലാമണ്ഡലവുമായി അദ്ദേഹത്തെ അടുപ്പിച്ചു. വള്ളത്തോൾ പുതൂരിന്റെ വീട്ടിൽ വന്ന് താമസിക്കുകയും ഉത്സവാഘോഷങ്ങളിൽ പങ്കെടുക്കുകയും പതിവായിരുന്നു എന്ന് വള്ളത്തോളിന്റെ ഇളയമകൾ വാസന്തി മേനോൻ ഓർക്കുന്നു (*പുതൂർ അച്യുതമേനോൻ ജൻമശതാബ്ദി സമരണിക*, 2010:32). 1953 -ൽ പുതൂർ അച്യുതമേനോന്റെ വീട്ടിൽ ചേർന്ന കഥകളി സ്നേഹികളുടെ അനൗപചാരികയോഗമാണ് ഉണ്ണായിവാര്യർ സ്മാരക കലാനിലയത്തിന്റെ രൂപീകരണത്തിന് കാരണമായത്. 1961 മുതൽ തുടർച്ചയായി പത്തുവർഷം കേരള സംഗീതനാടകഅക്കാദമി ഭരണസമിതി അംഗമായിരുന്ന അദ്ദേഹം 1965 -ൽ അതിന്റെ ഉപാദ്ധ്യക്ഷനുമായി. സുദൃഢമായ വ്യക്തിബന്ധങ്ങൾ സൂക്ഷിക്കുന്നതിലും അദ്ദേഹം ശ്രദ്ധാലുവായിരുന്നു. ആ ബന്ധങ്ങൾ ഇരിങ്ങാലക്കുട

യുടെ സാമൂഹ്യ - സാംസ്കാരിക പരിസരത്തിൽ ഉപയോഗപ്പെടുത്താനും അദ്ദേഹത്തിന് സാധിച്ചിരുന്നു. കിഴുത്താണി സാഹിത്യ സമ്മേളനവുല്ലാം അതിന്റെ പ്രതിഫലനമാണ്.

## പി.കെ. ചാത്തൻ മാസ്റ്റർ

ഇരിങ്ങാലക്കുട പട്ടണത്തിൽനിന്നും ഏകദേശം ആറ് കിലോമീറ്റർ വടക്ക് - കിഴക്ക് ഭാഗത്തായി സ്ഥിതിചെയ്യുന്ന മാടായിക്കോണം എന്ന ഗ്രാമത്തിൽ 1923 ഒക്ടോബർ 8 -നാണ് പി.കെ. ചാത്തൻ മാസ്റ്റർ ജനിക്കുന്നത്. പയ്യപ്പിള്ളിമനയ്ക്കലെ കൃഷിക്കാരായിരുന്ന കാവാലന്റെയും ചക്കിയുടെയും ഏഴുമക്കളിൽ നാലാമനാണ് അദ്ദേഹം. ജൻമിയുടെ വീട്ടുപേര് തന്നെ കുടിയാൻമാരും സ്വീകരിക്കുന്നരീതി അന്ന് നിലനിന്നിരുന്നു. അങ്ങനെയാണ് അദ്ദേഹം പയ്യപ്പിള്ളി കാവലൻ മകൻ ചാത്തൻ ആകുന്നത്.

മാപ്രാണം പള്ളിസ്കൂളിലും ഇരിങ്ങാലക്കുട ബോയ്സ് സ്കൂളിലുമായിരുന്നു വിദ്യാഭ്യാസം. അയിത്തം ആചാരമായിരുന്ന അക്കാലത്ത് ആ പുലയവിദ്യാർത്ഥിയുടെ പഠനം സുഗമമായിരുന്നില്ല. ചാത്തൻ മാസ്റ്റർ അക്കാലത്തെ ഓർക്കുന്നത് *കേരളത്തിലെ നവോത്ഥാനപ്രസ്ഥാനത്തിന്റെ ചരിത്രം* എന്ന കൃതിയിൽ ഇ. രാജൻ രേഖപ്പെടുത്തുന്നു, “അയിത്തം കൊടികുത്തി വാഴുന്ന കാലം. വഴിനടക്കാൻ അനുവാദമില്ല. നിഴലിനുപോലും അയിത്തമുണ്ടായിരുന്നു. പുലയൻ കണ്ണിൽപെട്ടാൽ തമ്പുരാന് വഴിമുടങ്ങും. അവർ പൊയ്ക്കഴിഞ്ഞാൽ ഞങ്ങൾക്ക് വഴിനടക്കാം. വഴിമാറാൻ അമാന്തിച്ചാൽ പുറംപൊളിയുന്ന അടി. അടിക്കുമ്പോൾ മാത്രം അയിത്തമാചരിച്ചിരുന്നില്ല. വീട്ടിൽ നിന്നും സ്ലേറ്റും പുസ്തകവും എടുത്ത് പുറപ്പെട്ട് അയിത്ത ജാതിക്കാർക്ക് വഴിമാറിക്കൊടുത്ത് വഴി ഒഴിഞ്ഞും വഴി ഒളിച്ചും സ്കൂളിൽ എത്തുമ്പോൾ രണ്ട് പീരിയഡ് കഴിഞ്ഞിരിക്കും” (2019:340). ഇന്നത്തെ പത്താം ക്ലാസിന് തുല്യമായ ഇ.എസ്.എൽ.സി. പരീക്ഷ പൂർത്തിയാക്കിയ അദ്ദേഹം എറണാകുളം മഹാരാജാസ് കോളേജിൽ ഉന്നതവിദ്യാഭ്യാസത്തിനായി ചേരുന്നു. താഴ്ന്നജാതിയിലുള്ള ഒരു വിദ്യാർത്ഥിയുടെ ഉന്നതവിദ്യാഭ്യാസം അക്കാലത്ത് അത്ര എളുപ്പമായിരുന്നില്ല. താമസത്തിനുപോലും ഇടം ലഭിച്ചില്ല. ഒരുപക്ഷേ ഈ സാഹചര്യം തന്നെയാവണം ചാത്തൻ മാസ്റ്ററുടെ ജീവിതത്തിൽ വഴിത്തിരിവായത്. അന്ന് ഹരിജൻ ഹോസ്റ്റലിൽ വാർഡനായിരുന്നത് കൊച്ചി നിയമസഭാംഗമായിരുന്ന കെ.പി. വള്ളോൻ എം.എൽ.സി.യാണ്. പി.കെ. ചാത്തനെ തന്റെ മുറിയിൽ താമസിച്ച് പഠിക്കാൻ അദ്ദേഹം അനുവദിച്ചു. ആ പരിചയം ചാത്തൻ മാസ്റ്ററുടെ ജീവി

ത്തിൽ വലിയ മാറ്റങ്ങൾക്ക് കാരണമായി. കൊച്ചി പുലയമഹാസഭയുടെ പ്രവർത്ത നങ്ങളുമായി അദ്ദേഹം ബന്ധപ്പെടുന്നത് അക്കാലത്താണ്.

അധഃസ്ഥിതവിഭാഗക്കാരുടെ ഒട്ടനവധി പ്രശ്നങ്ങളുമായി ഈ കാലയളവിൽ അദ്ദേഹം ബന്ധപ്പെട്ടു. സമസ്ത കൊച്ചിപുലയമഹാസഭയുടെ പ്രതിനിധിയായി ആദ്യം പി.സി. ചാഞ്ചനും തുടർന്ന് കെ.പി. വള്ളോനും തിരഞ്ഞെടുക്കപ്പെട്ടു. കെ.പി. വള്ളോന്റെ പ്രത്യേക താല്പര്യപ്രകാരമാണ് ഹരിജൻ വിദ്യാർഥികൾക്ക് താമസിച്ച് പഠിക്കാനായി ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നത്. അദ്ദേഹവുമായുള്ള സഹവാസം സംഘടനാപ്രവർത്തനങ്ങളിൽ ശ്രദ്ധാലുവാകുന്നതിന് ചാത്തൻ മാസ്റ്ററെ പ്രേരിപ്പിച്ചു.

പഠനം പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിലും അദ്ദേഹം പൊതുപ്രവർത്തനത്തിൽ സജീവമായി. പുലയ മഹാസഭയുടെ കൊച്ചിയിലെ നേതൃസ്ഥാനം വഹിച്ചിരുന്ന കൃഷ്ണാദി ആശാൻ ക്രിസ്തുമതം സ്വീകരിക്കുകയും കെ.പി. വള്ളോൻ ആകസ്മികമായി മരണപ്പെടുകയും ചെയ്ത സാഹചര്യത്തിൽ ചാത്തൻ മാസ്റ്റർ പുലയമഹാസഭയുടെ നേതൃത്വസ്ഥാനം ഏറ്റെടുക്കുന്നതിന് നിർബന്ധിതനായി. അദ്ദേഹം പുലയ മഹാസഭയുടെ സെക്രട്ടറി ആകുന്നതോടെയാണ് സംഘടനാപ്രവർത്തനങ്ങൾ തൃശ്ശൂർ, ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ തുടങ്ങിയ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നത്.

ചാത്തൻ മാസ്റ്റർ നേതൃപാടവം തെളിയിച്ച ആദ്യത്തെ സമരം സ്വദേശമായ മാടായികോണത്തുതന്നെയാണ് അരങ്ങേറിയത്. അവിടുത്തെ ജന്മിമാരായിരുന്ന പൊറ്റയിൽ, വെട്ടിയാട്ടിൽ എന്നീ തറവാട്ടുകാരുടെ കർഷകവിരുദ്ധനയങ്ങൾക്കെതിരെ തൊഴിലാളികൾ പാടത്തിറങ്ങാതെ സമരംനടത്തി. ഇരിങ്ങാലക്കുടയിൽവച്ച് നടന്ന പുലയമഹാസഭാ സമ്മേളനത്തിനും തുടർന്ന് കുട്ടംകുളം സമരത്തിലും നേതൃത്വപരമായ പങ്കുവഹിച്ചിരുന്നു അദ്ദേഹം. പുലയർ അനുഭവിക്കുന്ന പരാധീനതകളും അവഗണനയും ഒരു സാമൂഹ്യപ്രശ്നമല്ലെന്നും അതിന് രാഷ്ട്രീയപരിഹാരമാണ് ആവശ്യമെന്നും ചാത്തൻ മാസ്റ്റർ തിരിച്ചറിഞ്ഞിരുന്നു. തൃശ്ശൂരിലെ ചിറയ്ക്കൽ സ്കൂളിലും പെരുമ്പിലാവ് സ്കൂളിലും അധ്യാപകനായിരുന്ന അദ്ദേഹം രാഷ്ട്രീയപ്രവർത്തനവും ജോലിയും ഒന്നിച്ചു കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ മറ്റു ജീവിതമാർഗ്ഗങ്ങൾ ഒന്നുമില്ലെങ്കിലും ജോലി രാജിവെച്ചിറങ്ങി.

1954 -ലാണ് ചാത്തൻ മാസ്റ്റർ ഇരിങ്ങാലക്കുടയെ പ്രതിനിധീകരിച്ച് തിരു - കൊച്ചി നിയമസഭയിൽ എത്തുന്നത്. ഇരിങ്ങാലക്കുട ദ്വയാംഗ മണ്ഡലത്തിൽനിന്ന് കെ.കെ. ബാലകൃഷ്ണനോടൊപ്പം ജയിച്ചാണ് അദ്ദേഹം നിയമസഭാംഗമായത്. പിന്നീട് 1957 -ലെ ആദ്യ കേരളമന്ത്രിസഭയിൽ തദ്ദേശസ്വയംഭരണം, ഹരിജനക്ഷേമം, ഭവന നിർമ്മാണം എന്നീ വകുപ്പുകളുടെ മന്ത്രിയായി.

ദ്വയാംഗമണ്ഡലമായ ചാലക്കുടിയിൽനിന്നാണ് ചാത്തൻ മാസ്റ്റർ കേരളനിയമസഭയിൽ എത്തുന്നത്. പതിമൂന്നായിരത്തിലധികം വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് അദ്ദേഹം ജയിച്ചത്. പിന്നീട് 1971 -ലും 1977 -ലും കിളിമാന്നൂരിൽനിന്ന് ചാത്തൻ മാസ്റ്റർ കേരളനിയമസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടു. മന്ത്രി എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഇ. രാജൻ രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്, “പരിമിതവും ലഭ്യവുമായ വിഭവശേഷിവച്ച് നല്ലഭരണം കാഴ്ചവയ്ക്കാൻ മാസ്റ്റർക്ക് കഴിഞ്ഞിട്ടുണ്ട്. 2380 പട്ടികവിദ്യാർത്ഥികൾക്കും 2,15000 പട്ടികവർഗ്ഗവിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകാൻ കഴിഞ്ഞത് എടുത്തു പറയേണ്ടതാണ്. 396 ഹരിജൻവീടുകൾ വർഷംതോറും പണിയുന്നതിനും 5200 വീടുകൾ കെട്ടിമേയുന്നതിന് ധനസഹായം നൽകാനും കഴിഞ്ഞു. 12 പുതിയ ഹരിജൻ ഹോസ്റ്റലുകൾ തുറക്കുക വഴി 800 വിദ്യാർഥികൾക്ക് പുതുതായി ഹോസ്റ്റൽ സൗകര്യമുണ്ടായി. വരുമാനം കുറഞ്ഞവർക്ക് വീട് നിർമ്മാണത്തിനായുള്ള പല പദ്ധതികൾക്കും തുടക്കംകുറിക്കാൻ കഴിഞ്ഞു. വ്യവസായ തൊഴിലാളികൾക്ക് കൂട്ടായി വീട് നിർമ്മിച്ചു കൊടുക്കുന്നതിന്റെ ഭാഗമായിട്ടാണ് സീതാറാം മിൽ തൊഴിലാളികൾക്ക് നൂറ് വീടുകൾ പണിതു കൊടുക്കാൻ കഴിഞ്ഞത്” (2019:344).

പുലയരുടെ സാമൂഹ്യവും രാഷ്ട്രീയവുമായ ഉന്നമനത്തിനായി ജീവിതം കാഴ്ചവെച്ച അദ്ദേഹം കുട്ടംകുളം, പാലിയം തുടങ്ങിയ സമരങ്ങളിലെ സ്ത്രീസാന്നിധ്യമായിരുന്ന കെ.വി. കാളി എന്ന യുവതിയെയാണ് വിവാഹം ചെയ്തത്. സെയിൽസ് ടാക്സ് അസിസ്റ്റൻറ് കമ്മീഷണർ ആയിട്ടാണ് കെ.വി. കാളി ഔദ്യോഗിക ജീവിതത്തിൽനിന്ന് വിരമിച്ചത്. മോഹനൻ, രവീന്ദ്രനാഥൻ, സുമംഗലി, മുരളീധരൻ എന്നിങ്ങനെ നാലു മക്കളാണ് ഈ ദമ്പതികൾക്ക്. കെ.വി.കെ. വാര്യരുടെയും സി. അച്യുതമേനോന്റെയും ചില കൃതികളിൽനിന്ന് അദ്ദേഹത്തെക്കുറിച്ച് നമുക്ക് കൂടുതൽ അറിവ് ലഭിക്കുന്നു. സ്വയം രേഖപ്പെടുത്താനോ വെളിപ്പെടുത്താനോ ഇഷ്ടപ്പെടാത്ത വ്യക്തിത്വമായിരുന്ന അദ്ദേഹത്തി

ന്റേത്. ചരിത്രം രേഖപ്പെടുത്താൻ ആഗ്രഹിക്കാത്ത നേതാവായിരുന്നു ചാത്തൻ മാസ്റ്റർ എന്ന് ഒർണ്ണ കൃഷ്ണൻകുട്ടി *പുലയരുടെ ചരിത്രം ഒരു പഠനം* എന്ന കൃതിയിൽ രേഖപ്പെടുത്തുന്നുണ്ട് (2017:271). പകൽ സ്കൂൾ മാസ്റ്ററും രാത്രി ചാത്തൻ മാസ്റ്ററുമായിരുന്ന മനുഷ്യസ്നേഹിയായിരുന്നു അദ്ദേഹമെന്ന് *ചാത്തൻ മാസ്റ്റർ* എന്ന ജീവചരിത്രകൃതിയിലും ഒർണ കൃഷ്ണൻകുട്ടി രേഖപ്പെടുത്തുന്നുണ്ട്. 1988 -ൽ മരിക്കുന്നതുവരെ പി.കെ. ചാത്തൻ മാസ്റ്റർ സാമൂഹ്യസേവനം ജീവിതചര്യയായി സ്വീകരിച്ചു.

## പി.കെ. കുമാരൻ

ഇരിങ്ങാലക്കുട പാണംപറമ്പിൽ കുഞ്ഞിറ്റിയുടെയും ഇണ്ണൂലിയുടെയും മകനായി 1917 -ലാണ് പി.കെ. കുമാരൻ ജനിക്കുന്നത്. ഇരിങ്ങാലക്കുട ചന്തയിൽ പലചരക്ക് മൊത്തക്കച്ചവടക്കാരനായ കുഞ്ഞിറ്റിയുടെ കുടുംബം അന്നത്തെ നിലയിൽ ഭദ്രമായ സാമ്പത്തിക അടിത്തറയുള്ള അവസ്ഥയിലായിരുന്നു. നാലര ഏക്കർ വരുന്ന വിസ്തൃതമായ പറമ്പും രണ്ടുനിലവീടും സ്വന്തമായുണ്ട്. എന്നാൽ ഈ സുഖസൗകര്യങ്ങളിൽ മുഴുകി സ്വന്തംകാര്യം നോക്കിയുള്ള ജീവിതമായിരുന്നില്ല പി.കെ. കുമാരൻ തിരഞ്ഞെടുത്തത്. പിതാവിന്റെ മരണശേഷം കച്ചവടത്തിന്റെ ചുമതല ഏറ്റെടുത്ത് ഇരിങ്ങാലക്കുടയിലെ പ്രമുഖവ്യാപാരിയായി അദ്ദേഹം മാറുകയും ചെയ്തു.

തനിക്ക് ചുറ്റും ജീവിക്കുന്ന ഒരു വിഭാഗം ജനങ്ങൾ ദാരിദ്ര്യത്തിന്റെയും അവഗണനകളുടെയും നടുവിലാണെന്നത് അദ്ദേഹത്തെ അസ്വസ്ഥനാക്കി. ശ്രീനാരായണ ഗുരുവിന്റെയും സഹോദരൻ അയ്യപ്പന്റെയും ജാതിനശീകരണ ആദർശങ്ങളിൽ ആകൃഷ്ടനായ പി.കെ. കുമാരൻ ഒരു ഹരിജൻ യുവതിയെ വിവാഹം ചെയ്യുന്നു. അരണാട്ടുകര മത്തായിപുരം കോളനിയിലെ സാംബവകുടുംബാംഗമായ കളത്തിൽ ചക്കന്റെ മകൾ ശാരദയെയാണ് 1941 -ൽ അദ്ദേഹം വിവാഹം ചെയ്തത്. വീട്ടുകാരുടെ എതിർപ്പുകളെ മറികടന്ന് അരനൂറ്റാണ്ടുകാലം സന്തുഷ്ടമായ ദാമ്പത്യജീവിതവും പൊതുപ്രവർത്തനവും ഭംഗിയായി നിർവഹിച്ചു ഇരുവരും. സാമൂഹ്യപ്രവർത്തകനായ ഭർത്താവിന്റെ പാതതന്നെയാണ് ശാരദ കുമാരനും പിന്തുടർന്നത്.

1940 - മുതൽ പി.കെ. കുമാരൻ ദേശീയപ്രസ്ഥാനത്തിലും എസ്.എൻ.ഡി.പി.യിലും കമ്മ്യൂണിസ്റ്റ് പാർട്ടിയിലും സജീവമായിരുന്നു. ആദ്യകാല

കമ്മ്യൂണിസ്റ്റ് മഹിളാസംഘം പ്രവർത്തകയായ ശാരദ കുമാരനും ഒപ്പം ഉണ്ടായിരുന്നു. ഇരിങ്ങാലക്കുടയിലും പരിസരങ്ങളിലുമായിനടന്ന അനവധി സമരങ്ങളിൽ പങ്കാളി യാവുകയും പോലീസ് മർദ്ദനങ്ങൾ ഏറ്റുവാങ്ങുകയും ചെയ്യേണ്ടിവന്നിട്ടുണ്ട്. കുട്ടംകുളം, പാലിയം തുടങ്ങിയ ഇടങ്ങളിലെ സഞ്ചാരസ്വാതന്ത്ര്യസമരത്തിലും നടവരമ്പ്, മറ്റത്തൂർ തുടങ്ങിയ ഇടങ്ങളിലെ കർഷകസമരങ്ങളിലും അദ്ദേഹം നേതൃത്വപരമായ പങ്കുവഹി ച്ചു. വിവരണാതീതമായ പോലീസ് പീഡനങ്ങൾക്കാണ് അദ്ദേഹം വിധേയനായത്. ചാലക്കുടി പരിയാരത്ത് ആനമല കൂട്ടുകൃഷി പരസ്പരസഹായസംഘം രൂപീകരിച്ച് സംയുക്തമായി കൃഷിയിറക്കുന്നതിൽ പി.കെ. കുമാരനും ശാരദകുമാരനും നേതൃത്വം നൽകി. കാട് വെട്ടിത്തെളിച്ച് ഓലപ്പുര പണിത് അവിടെ കമ്മ്യൂൺ ജീവിതം നയിച്ചാണ് ഇക്കാര്യം നിർവഹിച്ചത്.

മുകുന്ദപുരം മേഖലയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെ ശക്തിപ്പെടുത്തുന്നതിനും പാർ ട്ടി നിരോധിക്കപ്പെട്ട അവസരത്തിൽ നേതാക്കൾക്ക് ഒളിത്താവളം കണ്ടെത്തി നൽകു ന്നതിലും പി.കെ. കുമാരൻ നേതൃത്വപരമായ മികവ് പുലർത്തി. പൊതുസമൂഹത്തിൽ അദ്ദേഹത്തിനുള്ള സ്വാധീനം ഇതിൽനിന്നും വ്യക്തമാണ്. ഇക്കാര്യത്തെക്കുറിച്ച് ഇ. ഗോപാലകൃഷ്ണമേനോൻ *മായാത്ത ഓർമ്മകൾ* എന്ന ആത്മകഥയിൽ രേഖപ്പെടുത്തു ന്നത് ശ്രദ്ധേയമാണ്, "മുകുന്ദപുരം താലൂക്കിൽ ഒട്ടാകെ ജനങ്ങളുടെ ഇടയിൽ പരക്കെ അംഗീകാരം ഉണ്ടായിരുന്ന സ. പി.കെ. കുമാരനായിരുന്നു, എന്റെ ഒളിവുകാലജീവി തത്തിൽ അധികകാലവും കഴിച്ചുകൂട്ടിയിട്ടുള്ള ആ താലൂക്കിൽ, എന്റെ ഏറ്റവും വലിയ സഹായിയും ഏറ്റവും അടുത്ത സഹപ്രവർത്തകനും. കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിക്ക പ്പെട്ട 40 - 50 കാലങ്ങളിൽ ഞാൻ പാർട്ടിയുടെ കൊടുങ്ങല്ലൂർ - മുകുന്ദപുരം മേഖലാ കമ്മിറ്റിയുടെ സെക്രട്ടറിയായിരുന്നു. ആ കാലത്ത് ഇ.എം.എസ്., അച്യുതമേനോൻ, കെ.വി.കെ. വാരിയർ, ജോർജ്ജ് ചടയംമുറി, പി. ഗംഗാധരൻ, പി.കെ. ചാത്തൻ മാസ്റ്റർ തുടങ്ങിയ പാർട്ടിനേതാക്കൾക്ക് ഒളിവിൽ താമസിക്കാനുള്ള സൗകര്യം ഉണ്ടാ ക്കി കൊടുക്കേണ്ട ബാധ്യത പാർട്ടികമ്മിറ്റിയുടെ സെക്രട്ടറി എന്ന നിലയിൽ എനി ക്ക് ഏറ്റെടുക്കേണ്ടി വന്നിട്ടുണ്ട്. ആ കടമ വളരെ കൃത്യനിഷ്ഠയോടുകൂടി നിർവഹിച്ചത് യഥാർത്ഥത്തിൽ പി.കെ. കുമാരനായിരുന്നു. ഓരോരുത്തർക്കും താമസിക്കാൻ പറ്റിയ വീടുകൾ ഒരു വിഷമവും കൂടാതെ കുമാരൻ കണ്ടുപിടിക്കുമായിരുന്നു" (1984:73). രണ്ടു വർഷത്തോളം ഒളിവുകാല പ്രവർത്തനം തുടർന്നെങ്കിലും 1950 ഓടെ മറ്റ് നേതാക്ക

ളോടൊപ്പം പി.കെ. കുമാരനും അറസ്റ്റ് ചെയ്യപ്പെട്ടു. അദ്ദേഹത്തിന്റെ മകൻ പി.കെ. ചന്ദൻ ലാൽ ഭീതിദമായ ആ ദിവസത്തെ ഇന്നും ഓർക്കുന്നു, "ഒരു ദിവസം ഉച്ചതിരിഞ്ഞ് നാലുമണിയായിക്കാണും. ഞങ്ങളുടെ ശ്രദ്ധയെ മറികടന്ന് ഒരു കൂട്ടം രക്ഷാസമിതി ആളുകളും നിരവധി പോലീസുകാരും ചേർന്ന് പറമ്പിന്റെ നാലുഭാഗത്തുനിന്നും വിസിലടിച്ച് വീടിനെ ലക്ഷ്യമാക്കി ഓടിവരുന്നു. അന്ന് പകൽ അച്ഛൻ വീട്ടിലുണ്ടായിരുന്നു. കൃത്യമായ സൂചനയോടെയാണ് പോലീസും സംഘവും വീടുവളഞ്ഞത്. അച്ഛൻ വീട്ടിൽ നിന്നും വടക്ക് ഭാഗത്തേക്ക് ഓടി. പോലീസ് പിന്തുടർന്ന് ലാത്തിയെറിഞ്ഞതോടെ കാലിൽതട്ടി താഴെവീണു. അവിടെയിട്ട് പോലീസ് തല്ലിച്ചതച്ചു. രണ്ടുകൈകളും കൂട്ടിക്കെട്ടി വീടിന്റെ മുറ്റത്തുകൊണ്ടു വന്നിരുത്തി. അതിനുശേഷം വാനിൽകയറ്റി പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയി" (വസന്തൻ വി.എസ്., 2013:20). സംഘർഷഭരിതമായിരുന്ന ഈ ജീവിതം ശാരദ കുമാരനെ ശാരീരികവും മാനസികവുമായി രോഗിയാക്കിത്തീർത്തു.

സ്വസ്ഥവും ശാന്തവുമായ ഒരു ജീവിതം അനിവാര്യമായി തീർന്നപ്പോഴാണ് 1966 -ൽ അദ്ദേഹവും കുടുംബവും ഇരിങ്ങാലക്കുടയിൽനിന്ന് കോടാലിയിലേക്ക് താമസം മാറ്റുന്നത്. ഏകദേശം പത്തുവർഷത്തോളം അവിടെ കൃഷിയും കർഷകസംഘം പ്രവർത്തനങ്ങളുമായി കഴിഞ്ഞു. 1976 -ൽ വീണ്ടും ഇരിങ്ങാലക്കുടയിലെ ഗാന്ധിഗ്രാമിൽവന്ന് താമസം തുടങ്ങി. യൗവനകാലത്തെ രാഷ്ട്രീയപ്രവർത്തനവും പോലീസ് മർദ്ദനവും പി.കെ. കുമാരനെയും ശാരീരികമായി തളർത്തിയിരുന്നു. 1990 -ൽ ശാരദ കുമാരൻ മരിച്ചതോടെ പൊതുരംഗത്തുനിന്ന് അദ്ദേഹം തീർത്തും മാറിനിന്നു. 2003 ജനുവരി 8 -നാണ് പി.കെ. കുമാരൻ മരണമടയുന്നത്.

1952 തിരുകൊച്ചി നിയമസഭാ തെരഞ്ഞെടുപ്പിൽ സി.പി.ഐ. സ്ഥാനാർത്ഥിയായി പനമ്പിള്ളി ഗോവിന്ദമേനോനെതിരെ ചാലക്കുടിയിൽനിന്നും മത്സരിച്ച് പി.കെ. കുമാരൻ പരാജയപ്പെട്ടിരുന്നു. ഇരിങ്ങാലക്കുട മുൻസിപ്പൽ കൗൺസിലർമാരായി ഇരുവരും പ്രവർത്തിച്ചിട്ടുണ്ട്. ചന്ദൻ ലാൽ, രണദിവെ, ശോഭന, മല്ലിക എന്നിങ്ങനെ നാലു മക്കളാണ് ഇവർക്ക് ഉണ്ടായിരുന്നത്.

## കെ.വി.കെ. വാരിയർ

ഗാന്ധിസത്തിനും മാർക്സിസത്തിനും പരസ്പരം ഉൾക്കൊള്ളാൻ പലതുമുണ്ടെന്നു വിശ്വസിച്ചിരുന്ന വ്യക്തിയാണ് കെ.വി.കെ. വാരിയർ. തെക്കേവാര്യത്ത് ശങ്കരൻകുട്ടിയുടെയും വടക്കേ വാര്യത്ത് പാറുക്കുട്ടിയുടെയും മകനായ അദ്ദേഹം 1919 -ൽ ഇരിങ്ങാലക്കുടയിൽ ജനിച്ചു. ഇരിങ്ങാലക്കുട ബോയ്സ് സ്കൂളിലും എറണാകുളം മഹാരാജാസ് കോളേജിലുമായി വിദ്യാഭ്യാസം നിർവഹിച്ച വാരിയർ, മദിരാശി ഗവ. ലോ കോളജിൽനിന്ന് നിയമബിരുദവും നേടി. അഭിഭാഷകവൃത്തിയെക്കാൾ ഇന്ത്യയുടെ അസ്വാതന്ത്ര്യവും സമൂഹത്തിലെ അസമത്വങ്ങളും ഉന്മൂലനം ചെയ്യുന്നതിലായിരുന്നു അദ്ദേഹത്തിന് താല്പര്യം. മാർക്സിസ്റ്റ് തത്വശാസ്ത്രത്തോടും ഗാന്ധിയൻ ദർശനങ്ങളോടും അദ്ദേഹം ആഭിമുഖ്യം പുലർത്തിയിരുന്നു. വിദ്യാർത്ഥിപ്രസ്ഥാനങ്ങളിലൂടെയാണ് വാരിയർ സ്വാതന്ത്ര്യസമരരംഗത്തിറങ്ങുന്നത്. തുടർന്ന് കമ്മ്യൂണിസ്റ്റ് ആശയങ്ങളിൽ ആകൃഷ്ടനായി. കുട്ടംകുളംസമരത്തിലെ പോലീസ് അതിക്രമങ്ങൾക്കെതിരെ ജാഥനയിക്കുകയും കൊച്ചിരാജാവിനെ രൂക്ഷമായി വിമർശിച്ചുകൊണ്ട് പ്രസംഗിക്കുകയും ചെയ്തതിന്റെ പേരിൽ പോലീസ് മർദ്ദനവും ജയിൽവാസവും അനുഭവിക്കേണ്ടിവന്നു.

1952 -ൽ നടന്ന തിരു - കൊച്ചി നിയമസഭാതെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാനാർത്ഥിയായി ഇരിങ്ങാലക്കുടയിൽനിന്ന് വിജയിച്ചു. ഈ നിയമസഭ കാലാവധി പൂർത്തിയാകുംമുമ്പേ പിരിച്ചുവിട്ടു. തുടർന്ന് 1957 -ലും 1960 -ലും നടന്ന തെരഞ്ഞെടുപ്പുകളിൽ സുഹൃത്തായ സി. അച്യുതമേനോനെ മത്സരിപ്പിച്ച് വിജയിപ്പിക്കുന്നതിൽ മുൻപിൽനിന്ന് പ്രവർത്തിച്ചതും കെ.വി.കെ. വാരിയരായിരുന്നു.

1957 -ൽ റവന്യൂ മന്ത്രിയായിരുന്ന കെ.ആർ. ഗൗരിയമ്മ അവതരിപ്പിച്ച ഭൂപരിഷ്കരണബിൽ രൂപംകൊടുക്കുന്നതിൽ നിർണ്ണായകസ്ഥാനമാണ് കെ.വി.കെ. വാരിയർക്കുണ്ടായിരുന്നത്. "പിന്നീട് സ. സി. അച്യുതമേനോന്റെ നേതൃത്വത്തിലുള്ള സർക്കാർ 1970 ജനുവരി ഒന്നിന് സമഗ്രമായ ഭൂപരിഷ്കരണനിയമം നടപ്പിലാക്കിയപ്പോൾ നടപടിക്രമങ്ങളിൽ ഉണ്ടായ ചില്ലറപ്രശ്നങ്ങൾ പരിഹരിക്കാൻ കെ.വി.കെ.യുടെ നിർദ്ദേശങ്ങൾ സഹായിച്ചിട്ടുണ്ട്. നിയമത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ആശയവ്യക്തത ഉണ്ടാക്കുന്നതിനും മാതൃഭൂമി ഉൾപ്പെടെയുള്ള പത്രങ്ങളിൽ തുടർച്ചയായി പ്രസിദ്ധീകരിക്കപ്പെട്ട ലേഖനപരമ്പരകൾ ഏറെ പ്രയോജനകരമായിരുന്നു. അച്യുതമേ

നോന്റെ നിർദ്ദേശപ്രകാരം ഈ വിഷയത്തിൽ ചില ലേഖനങ്ങൾ എഴുതി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിപ്ലവകരമായ സാമൂഹികമാറ്റങ്ങൾക്ക് ഇടയാക്കിയ നിയമനിർമ്മാണത്തിന് അദ്ദേഹത്തിന്റെ അമൂല്യമായ സംഭാവനകൾ വിസ്മരിക്കപ്പെട്ടത് ഖേദകരമാണ്" എന്ന് 'കെ.വി.കെ. വാരിയർ വിപ്ലവചിന്തയുടെ ആൾരൂപം' എന്ന ലേഖനത്തിൽ ഇ. ബാലഗംഗാധരൻ വിലയിരുത്തുന്നു (2013:39). ചുറ്റുമുള്ളവർക്ക് അഹിതമെങ്കിലും സ്വാഭിപ്രായം തുറന്നു പറയാനുള്ള ആർജ്ജവം പ്രകടിപ്പിച്ചിരുന്നു അദ്ദേഹം. കൂടൽമാണിക്യംക്ഷേത്രാധികാരിയായിരുന്ന തച്ചുടയക്കൈമകളുടെ സ്വേച്ഛാധിപത്യപരമായ നിലപാടുകൾക്കെതിരെ ക്ഷേത്രംജീവനക്കാർ നടത്തിയ സമരത്തിന് വാരിയർ പൂർണപിന്തുണ നൽകി. അദ്ദേഹം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പിളർപ്പിനുശേഷം പാർട്ടി അംഗത്വവും സ്ഥാനമാനങ്ങളും ഉപേക്ഷിച്ചു. തുടർന്ന് പല സംഘടനകളുമായും സഹകരിക്കുകയും ചർച്ചകളിൽ പങ്കെടുക്കുകയും ചെയ്തിരുന്നെങ്കിലും സജീവരാഷ്ട്രീയത്തിൽ പിന്നീട് ഉണ്ടായിരുന്നില്ല. നക്സൽ അനുകൂലികളായിരുന്ന കെ.വേണു, രാമചന്ദ്രൻ, ഉണ്ണിച്ചെക്കൻ തുടങ്ങിയവർ അദ്ദേഹത്തെ ഇടയ്ക്കിടെ സന്ദർശിച്ച് ചർച്ചകൾ നടത്തിയിരുന്നു. എ.കെ. ആന്റണിയുടെ നിർദ്ദേശപ്രകാരം വീക്ഷണം പത്രത്തിന്റെ പത്രാധിപസമിതി അംഗമായും കുറച്ചുകാലം അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട് (ബാലഗംഗാധരൻ ഇ., 2013:39).

കെ.വി.കെ. വാരിയർ തന്റെ സാമൂഹ്യപ്രതിബദ്ധതയ്ക്ക് അനുയോജ്യമായ സിവിൽ കേസുകൾക്കുവേണ്ടി മാത്രമേ കോടതികളിൽ ഹാജരായിരുന്നുള്ളൂ എന്നതിനാൽ പ്രാക്ടീസ് സാധാരണയിൽ കുറവായിരുന്നു. കേരളഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നതോടെ കേരളത്തിൽ കുടിയായ്മയും കുടികിടപ്പും സംബന്ധിച്ച വ്യവഹാരങ്ങളിൽ തീർപ്പുകൽപിക്കുന്നതിനായി നിരവധി ലാൻഡ് ട്രിബ്യൂണലുകൾ സ്ഥാപിക്കപ്പെട്ടിരുന്നു. മുകുന്ദപുരത്തെ ട്രിബ്യൂണലുകളിൽ ഏറ്റവും കൂടുതൽ വക്കാലത്ത് ലഭിച്ചത് കെ.വി.കെ.യ്ക്കായിരുന്നുവെങ്കിലും, അദ്ദേഹം എപ്പോഴും പാവപ്പെട്ട കുടിയാൻമാർക്കും കുടികിടപ്പുകാർക്കുംവേണ്ടിമാത്രം വാദിച്ചിരുന്നതിനാൽ നാമമാത്രമായ പ്രതിഫലമാണ് കിട്ടിയത്. യാതൊരു കാരണവശാലും ജന്മിയുടെയും വസ്തു ഉടമകളുടെയും വക്കാലത്ത് എടുക്കാൻ അദ്ദേഹം സന്നദ്ധനായിരുന്നില്ല.

മുകുന്ദപുരം - കൊടുങ്ങല്ലൂർ കാർഷികവികസനബാങ്കിന്റെ പ്രഥമഭരണസമിതി അംഗമായിരുന്നു അദ്ദേഹം. ഇരിങ്ങാലക്കുടയിലെ ഉണ്ണായിവാര്യർ സ്മാരക കലാനി

ലയത്തിന്റെ സ്ഥാപകസമിതി അംഗമായിരുന്ന അദ്ദേഹം കേരളീയകലകൾ ആസ്വദി ക്കുന്നതിലും പ്രോത്സാഹിപ്പിക്കുന്നതിലും താല്പരനായിരുന്നു.

അച്ഛന്റെ അനന്തിരവൾ കൂടിയായ അദ്ദേഹത്തിന്റെ ഭാര്യ അമ്മുക്കുട്ടി വാര സ്യാർ ഭർത്താവിന്റെ പൊതുജനസേവനങ്ങൾക്ക് ധാർമികപിന്തുണ നൽകി. ഈ ദമ്പതികൾക്ക് മക്കളില്ലായിരുന്നു. 1996 മെയ് 21ന് 77 -ാം വയസ്സിലാണ് കെ.വി.കെ. വാരിയർ മരിക്കുന്നത്. "ജീവിതാവസാനം വരെ എല്ലാ ഭരണവർഗ്ഗപീഡനങ്ങൾക്കും സ്വേച്ഛാധിപത്യത്തിനും എതിരെ കെ.വി.കെ. ആഞ്ഞടിച്ചുകൊണ്ടിരുന്നു. പൊരുതുന്ന എല്ലാ വിപ്ലവ പ്രസ്ഥാനങ്ങൾക്കും അദ്ദേഹം കൈത്താങ്ങായി. സമ്പന്നവർഗ്ഗത്തിന്റെ ധാർഷ്ട്യത്തെയും പൊങ്ങച്ചങ്ങളെയും അദ്ദേഹം തുറന്നുകാട്ടി. കമ്മ്യൂണിസ്റ്റ് പാർട്ടി പാർ ലമെന്ററി രാഷ്ട്രീയത്തിലൂടെ അതിന്റെ രാഷ്ട്രീയസത്തയിൽനിന്ന് അകന്നുപോകുന്നുവെ ന്ന് കെ.വി.കെ. എപ്പോഴും വിമർശിച്ചുകൊണ്ടേയിരുന്നു. ധീരവും നിസ്വാർത്ഥവുമായ നിലപാടുകളിലൂടെയാണ് കെ.വി.കെ. എന്ന അനശ്വര വിപ്ലവകാരി ഇരിങ്ങാലക്കുട രാഷ്ട്രീയചരിത്രത്തിൽ സ്ഥാനം പിടിക്കുന്നത്" എന്ന് *ഇരിങ്ങാലക്കുട മാന്വൽ* ഓർമ്മപ്പെ ടുത്തുന്നു (2019:18). സ്വാതന്ത്ര്യസമരസേനാനി എന്ന നിലയിലുള്ള കേന്ദ്ര - സംസ്ഥാന പെൻഷനുകളും താമ്രപത്രവും നൽകി രാജ്യം കെ.വി.കെ വാരിയരെ ആദരിച്ചിട്ടുണ്ട്.

## കെ.വി. ഉണ്ണി

ഇരിങ്ങാലക്കുട കല്ലുങ്ങൽ വേലാണ്ടി - കാളി ദമ്പതികളുടെ നാലാമത്തെ മകനാണ് കെ.വി. ഉണ്ണി. 1923 -ൽ ജനിച്ച അദ്ദേഹം ഇരിങ്ങാലക്കുട സി.എം.എസ്. സ്കൂളിൽനി ന്ന് പ്രാഥമിക വിദ്യാഭ്യാസം നേടി. തുടർന്ന് കുറച്ചുകാലം വൈദ്യം പഠിക്കുകയും ഠാണാ വിലെ ബന്ധുവിന്റെ സ്ഥാപനത്തിൽ കണ്ണ് ചികിത്സ നടത്തുകയും ചെയ്തിട്ടുണ്ട്.

ചെറുപ്പം മുതലേ കമ്മ്യൂണിസ്റ്റ് ആശയങ്ങളിലും ശ്രീനാരായണ പ്രസ്ഥാനത്തി ലുമെല്ലാം ആകൃഷ്ടനായിരുന്നു കെ.വി. ഉണ്ണി. കെ.വി.കെ. വാര്യരുടെ സ്വാധീനവും അതിന് കാരണമായിരുന്നു. ഇരിങ്ങാലക്കുടയിലെ നവോത്ഥാനനായകരിൽ ശ്രദ്ധേ യമായ സ്ഥാനമാണ് കെ.വി. ഉണ്ണിക്കുള്ളത്. ക്ഷേത്രാരാധനാസ്വാതന്ത്ര്യം, സഞ്ചാര സ്വാതന്ത്ര്യം, ന്യായമായകൂലി എന്നിവയ്ക്കുവേണ്ടി നടന്ന സമരങ്ങളിലും കർഷകസമര ങ്ങളിലുമെല്ലാം അദ്ദേഹം പങ്കാളിയായി. കുട്ടംകുളംസമരത്തിന്റെ ഭാഗമായി വിവരണാ

തീതമായ മർദ്ദനങ്ങൾക്കാണ് അദ്ദേഹം വിധേയനായത് (നോ. 4.4.6). കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെട്ട കാലത്ത് ഒളിവുജീവിതവും ജയിൽവാസവും അനുഭവിക്കേണ്ടി വന്നു.

1956 മുതൽ 1962 വരെ ഇരിങ്ങാലക്കുട നഗരസഭാംഗമായിരുന്നു അദ്ദേഹം. മുനിസിപ്പാലിറ്റിയിലെ തോട്ടിതൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ടാണ് ഉണ്ണി ട്രേഡ് യൂണിയൻ രംഗത്തേക്ക് കടന്നുവരുന്നത്. സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് മാറ്റി നിർത്തപ്പെട്ട ഒരു വിഭാഗത്തെ സംഘടിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചു എന്നത് ശ്രദ്ധേയമാണ്. നടവരമ്പിലെ ഓട്ടുനിർമ്മാണതൊഴിലാളി യൂണിയൻ, ഇരിങ്ങാലക്കുട പീടികത്തൊഴിലാളി യൂണിയൻ, ചെത്തുതൊഴിലാളി യൂണിയൻ എന്നിവയുടെ സംഘാടനത്തിലും സുപ്രധാന പങ്കാണ് കെ.വി. ഉണ്ണി വഹിച്ചിട്ടുള്ളത്. 2018 -ൽ മരണമടയുന്നതുവരെ അദ്ദേഹം ചെത്തുതൊഴിലാളി യൂണിയൻ പ്രസിഡന്റായിരുന്നു. ലീലയാണ് അദ്ദേഹത്തിന്റെ ഭാര്യ. പവിത്രൻ, ജ്യോതിഷ്, ഹാരിസ്, സിന്ധു, സ്വപ്ന എന്നിവർ മക്കളാണ്.

ഇരിങ്ങാലക്കുടയിലെ നവോത്ഥാനസമരനായകരിൽ അവസാന കണ്ണിയായിരുന്നു കെ.വി. ഉണ്ണി. ഉണ്ണിച്ചേട്ടൻ എന്ന് പുതിയതലമുറ സ്നേഹത്തോടെ വിളിക്കുന്ന അദ്ദേഹത്തിൽനിന്നാണ് ഇരിങ്ങാലക്കുടയുടെ എഴുതപ്പെടാത്ത സമരചരിത്രത്തെ തിരിച്ചറിയാൻ പുതിയതലമുറയ്ക്കായത്.

### എം.കെ. തയ്യിൽ

കുട്ടംകുളം സമരത്തിന്റെ നേതൃനിരയിൽ അണിനിരന്ന മറ്റൊരു വിപ്ലവകാരിയാണ് എം.കെ. തയ്യിൽ. മുരിയാട് തയ്യിൽ മാണി കറപ്പന്റെയും കോതയുടെയും മകനായി 1919 -ലാണ് അദ്ദേഹം ജനിച്ചത്. ബീഡിത്തൊഴിലാളിയായിട്ടാണ് അദ്ദേഹം ജീവിതമാരംഭിച്ചത്. എന്നാൽ വളരെ ചെറുപ്പത്തിൽത്തന്നെ ദേശീയപ്രസ്ഥാനത്തിൽ ആകൃഷ്ടനായിരുന്ന തയ്യിൽ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമാവുകയും ചെയ്തു. 1942 -ൽ ക്വിറ്റ് ഇന്ത്യസമരത്തിൽ പങ്കെടുത്തു. തുടർന്ന് കുട്ടംകുളം, പാലിയം സമരങ്ങളിൽ നേതൃത്വപരമായ പങ്കുവഹിച്ചുകൊണ്ട് നവോത്ഥാനപോരാട്ടങ്ങളിലും മുൻപന്തിയിൽ നിന്നു. സമരാവേശങ്ങൾക്കിടയിൽ ക്രൂരമായ പോലീസ് മർദ്ദനങ്ങൾക്കു വിധേയനാ

യിട്ടുണ്ട് എം.കെ. തയ്യിൽ. ദാരിദ്ര്യവും ദുരിതങ്ങളും ഏറെ അനുഭവിക്കുമ്പോഴും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തോട് നീതിപുലർത്തുകയും ഒളിവിൽകഴിയുകയും ചെയ്തു. 1964 -ൽ പാർട്ടി പിളർന്നപ്പോൾ സി.പി.ഐ. (എം) കെട്ടിപ്പടുക്കുന്നതിൽ നിർണായ പങ്കുവഹിച്ചു. 1996 -ൽ വീടിനടുത്തുള്ള റെയിൽപാളത്തിൽ ട്രെയിൻ തട്ടിയായിരുന്നു അദ്ദേഹത്തിന്റെ മരണം.

## കെ.ആർ. ഉണ്ണി

കുട്ടംകുളം സമരത്തിന്റെ തീവ്രത തൊട്ടറിഞ്ഞ പ്രവർത്തകനാണ് കെ.ആർ. ഉണ്ണി. 1929 -ൽ കുമ്പളപ്പറമ്പിൽ രാമന്റെ മകനായി കാട്ടൂരിൽ ജനിച്ചു. കുട്ടംകുളം സമരത്തിന്റെയും കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധനത്തിന്റെയുമെല്ലാം പേരിൽ ദീർഘകാലം ഒളിവിൽ കഴിയേണ്ടിവന്നിട്ടുണ്ട് അദ്ദേഹത്തിന്. പാർട്ടി രഹസ്യയോഗത്തിൽ പങ്കെടുത്തതിന്റെ പേരിലും ഒളിവിൽ കഴിഞ്ഞിരുന്ന നേതാക്കൾക്ക് കത്ത് കൈമാറിയതിന്റെ പേരിലും അറസ്റ്റ് വരിക്കുകയും ജയിൽവാസം അനുഷ്ഠിക്കുകയും ചെയ്തു. പിൽക്കാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടിയുമായുണ്ടായ അഭിപ്രായവ്യത്യാസം മൂലം ആർ.എം. മനയ്ക്കലാത്ത് ചെയർമാനായ സോഷ്യലിസ്റ്റ് പാർട്ടിയിൽ ചേർന്നുപ്രവർത്തിച്ചു. തുടർന്ന് കോൺഗ്രസ് രാഷ്ട്രീയത്തിലും സജീവമായി. 2014 -ലാണ് കെ.ആർ. ഉണ്ണി മരണമടയുന്നത്.

## കെ.സി. മാണി

പുലയ മഹാസഭയുടെ ജില്ലാതല നേതാവായിരുന്ന കെ.സി. മാണി പുല്ലൂർ കുഞ്ഞൻ പറമ്പിൽ ചക്കന്റെയും കുറുമ്പയുടെയും മകനാണ്. 1921 -ൽ ജനിച്ച അദ്ദേഹം നടവരമ്പ് ഗവൺമെന്റ് സ്കൂളിൽനിന്നാണ് പഠനം പൂർത്തിയാക്കുന്നത്. അയിത്തവിരുദ്ധ സമരങ്ങളിൽ നേതൃനിരയിൽ പ്രവർത്തിച്ച അദ്ദേഹം കുട്ടംകുളം സമരത്തിലും പങ്കെടുത്ത് മർദ്ദനത്തിനിരയായി. പുല്ലൂർ അമ്പലനട പ്രദേശത്തെ കോളനിരൂപീകരണത്തിനും റോഡ് നിർമ്മാണത്തിനും മുൻകയ്യെടുത്തു. കർഷകത്തൊഴിലാളി യൂണിയൻ പ്രസിഡന്റ്, ഇരിങ്ങാലക്കുട ഗവൺമെന്റ് ആശുപത്രി ഡെവലപ്മെന്റ് സൊസൈറ്റി കൺവീനർ, ആയുർവ്വേദ ആശുപത്രിവികസനകമ്മിറ്റി അംഗം, ജനമൈത്രി പോലീസ് സ്റ്റേഷൻ കൺവീനർ തുടങ്ങിയ നിലകളിൽ പൊതുരംഗത്ത് സജീവമായിരുന്നു കെ.സി. മാണി. 2006 -ലാണ് ആ ജനസേവകൻ മരണമടയുന്നത്.

## ഇ.എം. ഹരിഹരൻ മാസ്റ്റർ

മികച്ച അധ്യാപകനുള്ള രാഷ്ട്രപതിയുടെ പുരസ്കാരം കരസ്ഥമാക്കിയ ഇ.എം. ഹരിഹരൻ മാസ്റ്റർ ഏറെക്കാലം ഇരിങ്ങാലക്കുട ബോയ്സ് സ്കൂളിലെ അധ്യാപകനായിരുന്നു. 1960 -ൽ ചാലക്കുടി സർക്കാർ ബോയ്സ് സ്കൂളിൽ അധ്യാപകനായിരിക്കുമ്പോഴാണ് അദ്ദേഹത്തിന് ഈ പുരസ്കാരം ലഭ്യമാകുന്നത്. മികച്ച അധ്യാപകൻ എന്നനിലയിൽ മാത്രമല്ല അദ്ദേഹം ശ്രദ്ധേയനാകുന്നത്. ദേശീയപ്രസ്ഥാനത്തോടും നവോത്ഥാനമൂല്യങ്ങളോടും പ്രതിബദ്ധത പുലർത്തിക്കൊണ്ട് ഇരിങ്ങാലക്കുടയുടെ സാമൂഹ്യചരിത്രത്തെ സ്വാധീനിക്കാനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്.

ഇരിങ്ങാലക്കുടയിലെ ആദ്യ നഗരസഭകൗൺസിലിലെ നോമിനേറ്റഡ് അംഗമായിരുന്നു ഇ.എം. ഹരിഹരൻ. പട്ടണത്തിൽ ചായക്കടകളും ബാർബർഷാപ്പുകളും സവർണ്ണർക്കും അവർണ്ണർക്കും വെവ്വേറെയായിരുന്ന അക്കാലത്ത്. അങ്ങനെ നടത്തുന്നവർക്ക് മാത്രമേ മുനിസിപ്പാലിറ്റി ലൈസൻസ് നൽകിയിരുന്നുള്ളൂ. ഈ രീതി അവസാനിപ്പിച്ച് ജാതിഭേദമില്ലാതെ എല്ലാവർക്കും പ്രവേശനം നൽകുന്നവർക്ക് മാത്രം ലൈസൻസ് എന്ന പുരോഗമനപരമായ ആശയം കൗൺസിലിൽ അവതരിപ്പിച്ച് നടപ്പിലാക്കി എടുക്കുന്നതിൽ അദ്ദേഹം വിജയിച്ചു. അന്നത്തെ തിരു -കൊച്ചി രാജ്യത്ത് അതൊരു വിപ്ലവകരമായ നടപടിയായിരുന്നു. അയ്യങ്കാവ് പാടം ഏറ്റെടുത്ത് അവിടെ മുനിസിപ്പൽ മൈതാനം സാധ്യമാക്കുന്നതിൽ നേതൃത്വപരമായി ഇടപെടുന്നതും ഹരിഹരൻ മാസ്റ്ററാണ്. ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് ആരംഭിക്കുന്നതിനൊരിടം അന്വേഷിക്കുന്ന സമയത്ത് കൂടൽമാണിക്യക്ഷേത്രത്തിലെ തച്ചുടയകൈമളെ കണ്ട് സ്ഥലം ലഭ്യമാക്കുന്നതിന് പ്രയത്നിച്ചവരിൽ പ്രധാനസ്ഥാനമാണ് ഹരിഹരൻ മാസ്റ്റർക്കുള്ളത് (*ഇരിങ്ങാലക്കുട മാന്വൽ*, 2019:59). ക്വിറ്റ് ഇന്ത്യ സമരത്തിന്റെ ഭാഗമായി ബോയ്സ് സ്കൂളിൽ നടന്ന ബെഞ്ചേറ് സമരത്തിൽ മാസ്റ്ററുടെ ഇടപെടൽ വിദ്യാർഥികളെ അനുനയിപ്പിക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചിരുന്നു.

സായ്വ് എന്ന് സഖാക്കൾ വിളിച്ചിരുന്ന കാട്ടൂരിലെ കെ.കെ. മൊയ്തീൻകുഞ്ഞു സാഹിബ്, പി.പി. ദേവസ്സി തുടങ്ങിയവരും ഓർക്കേണ്ട സമരനായകർതന്നെ. 1950 -കളുടെ ആദ്യത്തിൽ പി.പി. ദേവസ്സിയെ പോലീസ് ക്രൂരമായി മർദ്ദിച്ചു, മരിച്ചെന്ന് കരുതി കനകമലയുടെ അടിവാരത്ത് ഉപേക്ഷിച്ചു. ബോധരഹിതനായി കിടന്ന അദ്ദേ

ഹത്തിൽ ജീവൻ ബാക്കിയുണ്ടെന്ന് തിരിച്ചറിഞ്ഞത് അവിടുത്തെ കർഷകതൊഴിലാളി കളാണ്. 1971 -ൽ ഇന്ത്യൻ പാർലമെന്റ് നടപ്പിലാക്കിയ മിസ (മെയിന്റനൻസ് ഓഫ് ഇന്ത്യ സെക്യൂരിറ്റി ആക്റ്റ്) പ്രകാരം 19 മാസക്കാലം അദ്ദേഹത്തിന് തടവുശിക്ഷ അനുഭ വിക്കേണ്ടതായും വന്നു.

## 4.5 ഇരിങ്ങാലക്കുട കോടതി

1860 മുതൽ 1879 വരെ കൊച്ചി ദിവാനായിരുന്നു തോട്ടക്കാട്ടു ശങ്കുണ്ണി മേനോൻ. പോലീസ് - നീതിന്യായ വകുപ്പുകളിൽ സേവനമനുഷ്ഠിച്ചുകൊണ്ടാണ് അദ്ദേഹം ഔദ്യോ ഗികജീവിതം ആരംഭിച്ചത്. അതുകൊണ്ടുതന്നെ നീതിന്യായവകുപ്പ് കാര്യക്ഷമമാക്കു ന്നതിൽ ശങ്കുണ്ണി മേനോൻ പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു. വക്കീലന്മാർക്കും ജഡ്ജിമാർക്കും കൃത്യമായ യോഗ്യതാപരീക്ഷ നിശ്ചയിച്ചു. എല്ലാ താലൂക്കുകളിലും പെറ്റി - സിവിൽ കേസുകൾ കേൾക്കാൻ മുൻസിഫ് കോടതികൾ ഏർപ്പെടുത്തി (ശ്രീ ധരമേനോൻ എ., 1999:448). ജീവപര്യന്തം തടവ്, വധശിക്ഷ എന്നിവയ്ക്ക് മഹാരാജാവി ന്റെ അനുവാദം വാങ്ങണം എന്ന് വ്യവസ്ഥ ചെയ്തിരുന്നു. കുറ്റം ചെയ്ത ഇംഗ്ലീഷുകാരെ ഇവിടെത്തന്നെ വിചാരണ ചെയ്ത് ശിക്ഷിക്കണമെന്ന് വാദിച്ചെങ്കിലും അത് നടപ്പിലാ യില്ല (വസന്തൻ എസ്.കെ., 2009:242). 1884 -ൽ ആണ് മുകുന്ദപുരം താലൂക്കിലെ ആദ്യത്തെ മുൻസിഫ് കോടതി സ്ഥാപിതമാകുന്നത്. ആദ്യകാലത്ത് നികുതിയടയ്ക്കാ ത്തതിന്റെ പേരിൽ ഒരു ദിവസം വെയിലത്ത് നിർത്തുന്ന ശിക്ഷ ഉണ്ടായിരുന്നുവത്രേ. തന്റെ അച്ഛന്റെ അച്ഛൻ അത്തരത്തിൽ ശിക്ഷ അനുഭവിച്ചിട്ടുള്ള വ്യക്തിയാണ് എന്ന് ഷാബു മുത്രത്തിപറമ്പിൽ പറയുന്നു. അന്ന് അഡൂർ എന്നറിയപ്പെട്ടിരുന്ന ഇന്നത്തെ അന്നമനട വില്ലേജിലാണ് കോടതി പ്രവർത്തനമാരംഭിച്ചത്. ഇത് പിന്നീട് ഇരിങ്ങാ ലക്കുട പട്ടണത്തിലേക്ക് മാറ്റി സ്ഥാപിക്കുകയായിരുന്നു.

1936 -ൽ 38 അംഗങ്ങളോട് കൂടിയാണ് ഇരിങ്ങാലക്കുട ബാർ അസോസി യേഷൻ ആരംഭിക്കുന്നത് (ശ്രീധരമേനോൻ, 1962:500). ക്ഷേത്രനടയിലെ ആലിനുസ മീപം ദേവസ്വം ഭൂമിയിലാണ് കോടതിസമുച്ചയം ആരംഭിച്ചത്. സമീപകാലത്ത് ഈ കെട്ടിടങ്ങൾ കാലപ്പഴക്കംകൊണ്ട് ജീർണ്ണാവസ്ഥയിലായിരുന്നു. ദേവസ്വംഭൂമി വിട്ടു

നൽകേണ്ടതായും വന്നു. പിന്നീട് 2005 -ലാണ് പൊറത്തിശ്ശേരിയിൽ സിവിൽ സ്റ്റേഷൻ കെട്ടിടത്തിലേക്ക് കോടതികളുടെ പ്രവർത്തനം മാറ്റുന്നത്.

പനമ്പിള്ളി ഗോവിന്ദമേനോൻ, കെ.ടി. അച്യുതൻ, കെ.വി.കെ. വാര്യർ, സി.കെ. രാജൻ, പി.കെ. ഇട്ടൂപ്പ്, പനമ്പിള്ളി രാഘവമേനോൻ, എം.സി. ജോസഫ്, കെ.കെ. തമ്പാൻ, കെ.വി. പുരുഷോത്തമൻ, കെ.ആർ. തമ്പാൻ, പുതൂർ അച്യുത മേനോൻ, ഡി. ഗോപാലകൃഷ്ണ അയ്യർ, വി.കെ. ഭാസ്കര മേനോൻ, എൻ.എസ്. രാമ കൃഷ്ണ അയ്യർ എന്നീ പ്രഗൽഭരായ അഭിഭാഷകർ ഇവിടെ പ്രവർത്തിച്ചിരുന്നു. അഭിഭാ ഷകവൃത്തിയിൽ മാത്രമല്ല ഇരിങ്ങാലക്കുടയുടെ സാമൂഹ്യസാംസ്കാരികരംഗത്തും നവോ ത്ഥാനമുന്നേറ്റങ്ങളിലും നിർണായക പങ്കുവഹിച്ചിട്ടുള്ളവരാണ് ഇവർ.

ഇരിങ്ങാലക്കുടയിൽ ഒരു അഡീഷണൽ ജില്ലാ കോടതി സ്ഥാപിക്കണമെന്ന ആവശ്യം 1946 - 47 കാലഘട്ടത്തിൽതന്നെ ഉയർന്നുവന്നിരുന്നു. ഇക്കാര്യത്തിനായി ശങ്കരൻകോത കർത്താവ് പ്രസിഡന്റായും കെ. നാരായണമേനോൻ കൺവീനറായും ഒരു നിവേദകസംഘം രൂപീകരിച്ചു. പക്ഷേ ആ നിവേദനം അംഗീകരിക്കപ്പെട്ടില്ല. എന്നാൽ 1949 -ലെ തിരു -കൊച്ചി സംയോജനത്തിനുശേഷം ഒരു സബ് കോടതി ഇരി ങ്ങാലക്കുടയ്ക്കായി അനുവദിച്ചു. അഭിഭാഷകനായിരുന്ന പനമ്പിള്ളി ഗോവിന്ദമേനായി രുന്നു അന്ന് തിരു - കൊച്ചിയുടെ മുഖ്യമന്ത്രി. 1955 ആഗസ്റ്റ് 18 -നാണ് പനമ്പിള്ളി ഗോവിന്ദമേനോന്റെയും ചീഫ് ജസ്റ്റിസ് കെ.ടി. കോശിയുടെയും സാന്നിധ്യത്തിൽ സബ് കോടതി ഉദ്ഘാടനം ചെയ്യപ്പെട്ടത്. മുല്ലോത്ത് നാരായണമേനോൻ ആയിരുന്നു ആദ്യ ത്തെ സബ് ജഡ്ജി (അച്യുതൻ കെ.ആർ., 2013:76). ആദ്യഘട്ടത്തിൽ മുകുന്ദപുരം, കൊടുങ്ങല്ലൂർ താലൂക്കുകളിലെ കോടതികൾ എറണാകുളം അഞ്ചിക്കൈമൾ ജില്ലാകോ ടതിയുടെ അധികാരപരിധിയിലായിരുന്നു.

1960 -ൽ തൃശ്ശൂർ ജില്ലാകോടതി സ്ഥാപിക്കപ്പെട്ടു. തുടർന്നാണ് എറണാകുളം ജില്ലാകോടതിയുടെ പരിധിയിൽ ആയിരുന്ന മുകുന്ദപുരം, കൊടുങ്ങല്ലൂർ താലൂക്കുക ളിലെ കേസുകൾ തൃശ്ശൂർ കോടതിയുടെ പരിധിയിലായത്. പിന്നീട് അഡീഷണൽ സബ് കോടതിയും അഡീഷണൽ മുൻസിഫ് കോടതിയും ഇരിങ്ങാലക്കുടയിൽ ആരം ഭിച്ചു. എറണാകുളത്തുനിന്നും തൃശ്ശൂരിൽനിന്നും നിരവധി അഭിഭാഷകർ ഇരിങ്ങാല ക്കുടയിൽ കേസുകൾ കൈകാര്യം ചെയ്യാനായി എത്തിയിരുന്നു. സുപ്രീംകോടതി

യിലെയും ഹൈക്കോടതിയിലെയും ന്യായാധിപന്മാരായി വിരമിച്ച കെ.കെ. മാത്യു, കെ.എസ്. പരിപൂർണ്ണൻ, പി. ഗോവിന്ദൻ നായർ, ജി.വി. വിശ്വനാഥയ്യർ, ടി. ചന്ദ്രശേഖരമേനോൻ, സി.കെ. ശിവശങ്കരപ്പണിക്കർ, കെ. സൂര്യനാരായണൻ, തൈക്കാട്ട് സുബ്രഹ്മണ്യയ്യർ, എസ്. നാരായണൻ പോറ്റി, കെ.കെ. ഉണ്ണി, പി.വി. അയ്യപ്പൻ, കെ.എം. കൃഷ്ണയ്യർ എന്നിവർ ഇരിങ്ങാലക്കുട കോടതിയിൽ അഭിഭാഷകരായി എത്തിയിരുന്നു (*ഇരിങ്ങാലക്കുട മാന്വൽ*, 2019:1139).

1993 -ൽ മോട്ടോർ ആക്സിഡൻറ് ക്ലെയിം ട്രിബ്യൂണൽ സ്ഥാപിക്കപ്പെട്ടു. ആൽത്തറയ്ക്ക് സമീപം പ്രവർത്തിച്ചുവരുന്ന കോടതികളിൽ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി ഒഴികെ മറ്റ് അഞ്ച് കോടതികളുടെയും പ്രവർത്തനങ്ങൾ 2005 -ൽ സിവിൽസ്റ്റേഷൻ കെട്ടിടത്തിലേക്ക് മാറ്റി. ഇരിങ്ങാലക്കുട കോടതിയുടെ 125 വർഷം പൂർത്തിയായതിന്റെ ആഘോഷങ്ങൾ ഒരു വർഷം നീണ്ടുനിന്ന പരിപാടികളോടെണ് സംഘടിപ്പിച്ചത്. ഈ സാഹചര്യത്തിലാണ് ഒരു അഡീഷണൽ ജില്ലാകോടതിയും കുടുംബകോടതിയും ഇരിങ്ങാലക്കുടയിലേക്ക് അനുവദിച്ചത്. കുടുംബകോടതി ആദ്യം പ്രവർത്തനമാരംഭിച്ചത് ടൗൺ കോ -ഓപ്പറേറ്റീവ് ബാങ്ക് കെട്ടിടത്തിലായിരുന്നു. തുടർന്ന് പൊറത്തിശ്ശേരിയിലെ സിവിൽ സ്റ്റേഷനോട് ചേർന്ന കോടതി സമുച്ചയത്തിലേക്ക് മാറ്റി. ഇന്ന് പോക്സോകോടതിയും പ്രത്യേകമായി ഇവിടെയുണ്ട്. ബൈപാസ് റോഡിനടുത്തായുള്ള പുതിയകെട്ടിടത്തിലാണ് ഇത് പ്രവർത്തിക്കുന്നത്.

വലപ്പാട് മുതൽ മലക്കപ്പാറ വരെ 130 കിലോമീറ്റർ നീണ്ടുകിടക്കുന്ന മുകുന്ദപുരം താലൂക്കും, കൊടുങ്ങല്ലൂർ താലൂക്കിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ഇരിങ്ങാലക്കുട കോടതിയുടെ പരിധിയിലാണ്. പുതുക്കാട്, മാള, ഇരിങ്ങാലക്കുട, ചാലക്കുടി, കൊടുങ്ങല്ലൂർ എന്നീ നിയോജകമണ്ഡലങ്ങൾ ഈ കോടതിയുടെ പരിധിയിൽപ്പെടുന്നു.

## 4.6 ഗതാഗതചരിത്രം

ഒരു പ്രദേശത്തിന്റെ ആധുനികീകരണത്തിൽ ഗതാഗതസൗകര്യങ്ങൾക്ക് സുപ്രധാനസ്ഥാനമാണുള്ളത്. തീരദേശത്തോട് അടുത്ത് കിടക്കുന്ന ഇരിങ്ങാലക്കുടയിൽ ഉൾനാടൻ ജലഗതാഗതം ഏറെ പ്രധാനമായിരുന്നു. *ഉണ്ണിയാടീചരിതം, കോകസന്ദേശം* തുടങ്ങിയ കൃതികളിൽ ഇരിങ്ങാലക്കുടയ്ക്ക് ചുറ്റുമായി ഒഴുകിയിരുന്ന ചൂർണ്ണിനദിയെയും

നന്ദിയാറിനെയും കുറിച്ചുള്ള വർണ്ണനകളുണ്ട്. ഇക്കാര്യം ചൂണ്ടിക്കാട്ടി, നൂറ്റാണ്ടുകൾക്ക് മുമ്പേ പെരിയാറിനു പുറമേ മറ്റു രണ്ടു നദികൾ കൂടി കൊടുങ്ങല്ലൂർ കായലിൽ പതിച്ചിരുന്നുവെന്ന് പി. നാരായണമേനോൻ ഊഹിക്കുന്നു (2021:45 -6). മുസരിസ്സ് തുറമുഖത്തിന് അടുത്ത് കിടക്കുന്നതുകൊണ്ടുതന്നെ ചരക്കുകഗതാഗതം ഇവിടെ പ്രാധാന്യമർഹിക്കുന്നു. തുടർന്ന് ഷണ്മുഖം കനാലിന്റെ വരവോടെ ജലമാർഗ്ഗമുള്ള ചരക്കുനീക്കം കുറേക്കൂടി സുഗമമായിരുന്നു.

കാൽനടയിൽനിന്ന് കാളവണ്ടിയിലേക്കും കുതിരവണ്ടിയിലേയ്ക്കും പിന്നീട് മോട്ടോർവാഹനങ്ങളിലേക്കുമുള്ള ഇരിങ്ങാലക്കുടയുടെ വളർച്ച പഴമക്കാരുടെ ഓർമ്മകളിലുണ്ട്. ഇരിങ്ങാലക്കുടയിലെ ഗതാഗതസൗകര്യങ്ങളെക്കുറിച്ച് 1960 -ൽ കെ.എൻ. പിഷാരടി എഴുതിയ ലേഖനത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു, “1901 -ൽ തെക്കൻ നാട്ടിൽനിന്നും ഇരിങ്ങാലക്കുട എത്തുന്നതിനുള്ള മാർഗ്ഗം കരുപ്പടന്ന വരെ വഞ്ചിക്കും അവിടെനിന്ന് കാളവണ്ടിക്കും ആയിരുന്നു. ഇരട്ടക്കാളവണ്ടിയായിരുന്നു അന്നത്തെ പ്രധാനവാഹനം. സ്വന്തം ആവശ്യത്തിന് ചെതലൻ മുതലായ ചില മുതലാളിമാരും വാടകയ്ക്ക് ഓടുവാൻ വേണ്ടി അങ്ങാടിയിൽ മറ്റുചിലരും കുതിരവണ്ടികൾ വാങ്ങി ഉപയോഗിച്ചിരുന്നു. 1903 -ൽ ആണ് ചെറുവണ്ണൂർ - എറണാകുളം തീവണ്ടി ഓടിത്തുടങ്ങിയത്. ടൗണിൽനിന്ന് നാലര നാഴിക അകലെയാണെങ്കിലും തീവണ്ടി നടപ്പിൽ വന്നത് വലിയ അനുഗ്രഹമായി. വഴിക്ക് ഇരുവശം വെച്ചിരിക്കുന്ന പ്ലാവുകൾ വലിയതായി എന്നതല്ലാതെ കല്ലേറ്റുങ്കരയ്ക്കുള്ള വഴിക്ക് ഇത്രയും കാലത്തിനിടയ്ക്ക് പറയത്തക്ക മാറ്റം ഒന്നും സംഭവിച്ചിട്ടില്ല. വീഥിയില്ലായ്മ വളവുകൾ കയറ്റം ഇറക്കം എന്നിവ മുൻപത്തെ പോലെത്തന്നെയാണ്. കാർ, ബസ്സ്, ലോറി മുതലായവ നടപ്പിൽ വന്നതോടുകൂടി ഗതാഗതസൗകര്യം പൂർത്തിയായി” (പിഷാരടി കെ.എൻ., 2013:15). കാർഷികഗ്രാമമായിരുന്ന ഇരിങ്ങാലക്കുടയുടെ ഇടവഴികളും ചെമ്മൺപാതകളും പാടവരമ്പുകളുമാണ് കരമാർഗ്ഗയാത്രകളെ സാധ്യമാക്കിയത്.

കാൽനട തന്നെയായിരുന്നു സാധാരണക്കാരന്റെ ആശ്രയം. ചെമ്മണ്ട, പൊറത്തിശ്ശേരി, കാക്കത്തുരുത്തി തുടങ്ങിയ പരിസരപ്രദേശങ്ങളിൽനിന്നെല്ലാം ആളുകൾ വീട്ടുപറമ്പിലുണ്ടായ പച്ചക്കറികളും കടപ്പുറത്തുനിന്നെടുത്ത മീനുകളുമായി കാൽനടയായാണ് ഇരിങ്ങാലക്കുട ചന്തയിൽ എത്തിച്ചേർന്നിരുന്നത് എന്ന് ഇന്നസെന്റ് തന്റെ ആത്മകഥയിൽ രേഖപ്പെടുത്തുന്നുണ്ട് (2008:26). പോത്തിൻവണ്ടികളും കാളവണ്ടി

കളും ചരക്കുഗതാഗതത്തിനായി ഉപയോഗിച്ചിരുന്നു. പാലക്കാട്ടുനിന്നും വെണ്ണീർ നിറച്ച് വരുന്ന പോത്തിൻ വണ്ടികൾ വീടിനു മുന്നിലുള്ള ചെമ്മൺപാതയിലൂടെ പോകുന്നത് ഇന്നസെന്റിന്റെ കുട്ടിക്കാലത്തെ കാഴ്ചകളിൽ ഒന്നാണ്. നാൽപ്പതിലധികം വരുന്ന പോത്തിൻ വണ്ടികൾക്ക് കീഴിൽ അരീക്കലാമ്പ് കത്തിച്ചു തൂക്കിയിട്ടിരിക്കും. കൂട്ടത്തിൽ ഏറ്റവും മുമ്പിലെ വണ്ടിക്കാരനൊഴികെ ബാക്കിയുള്ളവരൊക്കെ ഉറക്കമായിരിക്കും. "അരീക്കലാമ്പങ്ങാട് തൂക്കി റോഡിൽ ടക് - ടക് ശബ്ദമുണ്ടാക്കി ഈ പോത്തിൻ വണ്ടികൾ നിരനിരയായി പോകുന്ന ആ പോക്ക് കാണാൻ എന്തൊരു ശേല് "എന്നാണ് ഇന്നസെന്റ് കുറിക്കുന്നത് (2008:21). മറ്റൊരു വാഹനം റിക്ഷാവണ്ടിയായിരുന്നു. റിക്ഷാവണ്ടിയിൽ സ്കൂളിൽ വരുന്ന ബാലചന്ദ്രൻ എന്ന സുഹൃത്തിനെയും റിക്ഷാവണ്ടിക്കാരനായ നെയ്യൻ എന്ന ആളെയും ഓർക്കുന്നുണ്ട് ഇന്നസെന്റ്. അന്ന് ഇരിങ്ങാലക്കുടയിൽ മോട്ടോർവാഹനങ്ങൾ വളരെ വിരളമായിരുന്നു. "അന്ന് ഇരിങ്ങാലക്കുടതന്നെ അഞ്ചോ ആറോ കാറേ ഉള്ളോട്ടോ! ഒരു കാറു വരുന്നുണ്ടെങ്കിൽ അകലേന്ന് വരുമ്പോഴേ ഞങ്ങൾക്കറിയാം. അടുത്തെത്തിയാൽ പൂരത്തിനൊക്കെ ആർപ്പുവിളിക്കുമ്പോലെ ഞങ്ങൾ കൂടിനിന്ന് 'പൂയ് പൂയ്' എന്നു കൂവും" (2008:26) വാഹനങ്ങൾ വഴി തടഞ്ഞിട്ട് കാൽനടതന്നെ ബുദ്ധിമുട്ടായിത്തീർന്ന പുതിയ തലമുറയ്ക്ക് ഇതൊരു കൗതുകകരമായ അറിവാണ്.

ആയിരത്തി തൊള്ളായിരത്തി മുപ്പതുകളുടെ ഒടുവിലും നാല്പതുകളിലുമെല്ലാം സൈക്കിൾ ഉപയോഗിച്ച് തുടങ്ങിയിരുന്നു. സൈക്കിളിൽ ആദ്യം ഉണ്ടായിരുന്ന മണ്ണെണ്ണ വിളക്ക് പിന്നീട് ഡൈനാമോ വിളക്കിനു വഴിമാറി. സൈക്കിൾ സ്റ്റാന്റിലിട്ട് പിൻചക്രം തിരിച്ച് ഡൈനാമോ വിളക്ക് കത്തിക്കുന്നത് കുട്ടിക്കാലത്ത് ഒരു ആവേശമായിരുന്നു എന്ന് കെ.വി. രാമനാഥൻ ഓർക്കുന്നു. അദ്ദേഹത്തിന്റെ കുട്ടിക്കാലത്ത് മോട്ടോർവണ്ടികൾ അപൂർവ്വമായിരുന്നു. ഇരിങ്ങാലക്കുടയിൽ അന്ന് ആകെ ഉണ്ടായിരുന്നത് നാല് ടാക്സികളാണ്. അതും ക്യാൻവാസ് മേൽക്കൂരയുള്ളത്. ബസ് സ്റ്റാൻഡിനടുത്തുണ്ടായിരുന്ന പെട്രോൾ പമ്പ് പ്രവർത്തിപ്പിച്ചിരുന്നത് ഒരു കൈപ്പിടി ആട്ടിയാട്ടി തിരിച്ചിട്ടാണ് എന്നും അദ്ദേഹം ഓർക്കുന്നു (2009:28,29).

1860 -ലാണ് കേരളത്തിൽ റെയിൽ ഗതാഗതം ആരംഭിക്കുന്നത്. ഇരിങ്ങാലക്കുടക്കാർക്ക് ഈ സൗകര്യം ലഭ്യമാക്കുന്നത് 1902 -ൽ ഷൊർണ്ണൂർ - എറണാകുളം റെയിൽപാത സാധ്യമായപ്പോഴാണ്. പി. രാജഗോപാലാചാരി ദിവാനായിരിക്ക

മ്പോഴാണ് (1896 -1901) പാതയുടെ നിർമ്മാണം പൂർത്തിയാകുന്നത് (എ. ശ്രീധര മേനോൻ, 1999:448 -9). പട്ടണത്തിൽനിന്നും ആറ് കി.മീ. കിഴക്ക് മാറി, ആളൂർ പഞ്ചായത്തിലെ കല്ലേറ്റിൻകരയിലാണ് ഇരിങ്ങാലക്കുട റെയിൽവേസ്റ്റേഷൻ സ്ഥിതിചെയ്യുന്നത്. ഷൊർണ്ണൂർ - കൊച്ചി മേഖലയിലെ പ്രധാന റെയിൽവേ സ്റ്റേഷനുകളിൽ ഒന്നാണിത്. ദൂരദേശങ്ങളിലേക്കുള്ള ചരക്കുനീക്കവും യാത്രയും റെയിൽവേ സുഗമമാക്കി.

എറണാകുളത്തേക്കുള്ള തീവണ്ടി യാത്രയെപ്പറ്റി കെ.വി. രാമനാഥൻ ഓർക്കുന്നത് ഇപ്രകാരമാണ്, "ഞാൻ എറണാകുളത്തേക്ക് പഠിക്കാൻ പുറപ്പെട്ടുമ്പോഴേക്കും തീവണ്ടിയായി... തീവണ്ടി എറണാകുളത്തെത്താൻ രണ്ടോ രണ്ടരയോ മണിക്കൂറെടുക്കും. രണ്ടു ട്രാക്ക് ഇല്ലാത്തതിനാൽ എതിരെ വരുന്ന വണ്ടിക്ക് കടന്നുപോകാൻ ട്രാക്ക് മാറിക്കിടന്നും നിരങ്ങിയും ഞരങ്ങിയും എല്ലാസ്റ്റേഷനിലുംനിന്നും ഘ്രുമുഘ്രുമാ എന്ന് പുക വിട്ടും യാത്രക്കാരെ കരിവേഷമണിയിച്ചും - അങ്ങനെയൊക്കെയാണ് എറണാകുളത്ത് എത്തുക" (2009:49). ബസ് സർവ്വീസുകൾ വളരെ അപൂർവ്വമായിരുന്നു അക്കാലത്ത്. അതുകൊണ്ടുതന്നെ ദീർഘദൂരയാത്രകൾ ആവശ്യമുള്ള യാത്രക്കാർ അനുഭവിച്ചിരുന്ന ദുരിതത്തെക്കുറിച്ച് കെ.വി. രാമനാഥൻ ഇപ്രകാരം പറയുന്നു, "കല്ലേറ്റുംകര റെയിൽവേ സ്റ്റേഷനിലേക്ക് പി.എസ്.എൻ. വക ഒരു പ്രത്യേക ബസ്. തീവണ്ടിയുടെ സമയത്തിന് അതവിടെ ചെല്ലാൻപാകത്തിൽ ഇരിങ്ങാലക്കുടയിലെ ചെറിയ ബസ് സ്റ്റാൻഡിൽനിന്നു പുറപ്പെടും. ഡ്രൈവർ പണിക്കരെയും കണ്ടക്ടർ ഔസേപ്പിനെയും മറക്കാൻ പറ്റില്ല. സൗമ്യശീലരാണ് രണ്ടുപേരും. വളരെ പതുക്കെയേ ബസ്സ് വിടൂ. സർവ്വീസുകാലത്ത് ഒരപകടംപോലും അവർ ഒപ്പിച്ചിട്ടില്ലത്രേ. റെയിൽവേ സ്റ്റേഷനും ടൗണും തമ്മിൽ അഞ്ചാറു നാഴിക ദൂരമുണ്ട്. ആ ബസ്സു പോയാൽപ്പിന്നെ വല്ല കാലത്താവും ചാലക്കുടിയിൽനിന്നൊരു ബസ്സു വരിക. അതിനാൽ പി.എസ്.എൻ.-ഇൽ സ്ഥലം പിടിക്കാൻ തീവണ്ടിയിൽനിന്ന് ചാടിയിറങ്ങി ഒരോട്ടപ്പന്തയമുണ്ട്. ടിക്കറ്റ് കളക്ടറെയൊക്കെ തട്ടിമാറ്റിയാണ് ഓട്ടം. തീവണ്ടിയിലെ മറ്റ് യാത്രക്കാർ കൈയ്യടിച്ച് പ്രോത്സാഹിപ്പിക്കുന്നുണ്ടാകും" (2009:49). ഇന്ന് അഞ്ച് മിനിറ്റിൽ ഒരു ബസ്സ് എന്ന നിലയിൽ ഈ മേഖലയിൽ യാത്രാസൗകര്യം വിപുലമാണ്. 1941 കാലഘട്ടത്തിലെ ബസ്സിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഓർമ്മ ഇപ്രകാരമാണ്, "അന്നത്തെ ബസ്സിന് ഒരു ക്ലാസ് മുറിയുടെ ഛായയായിരുന്നു. നിരത്തിയിട്ട ചാരുബഞ്ചുകൾ. അഞ്ചെട്ടാളുകൾക്ക് തിങ്ങിയിരിക്കാം. ഇരുവശത്തും മറവൊന്നുമില്ല. റോഡിൽനിന്ന് നേരെ ഓരോ സീറ്റിലേക്കും കയറാം. അതിനു

പാകത്തിൽ നീളത്തിലൊരു ഫുട്ബോർഡ്. പിന്നീട് വലതുവശത്ത് ഒന്നോ രണ്ടോ പട്ടിക അടിച്ച് ഇടതുവശത്തുകൂടി മാത്രം കയറുക എന്നെഴുതിവച്ചു. മഴപെയ്താൽ കാറ്റടിച്ച് നനയാതിരിക്കാൻ കാൻവാസ് തിരശ്ശീലകൾ നിവർത്തിയിടും" (2009:42).

പൊതുജനങ്ങളുടെ യാത്രാവശ്യങ്ങൾ വർദ്ധിച്ചുവന്നു. 1960 കാലഘട്ടത്തിൽ ഇരിങ്ങാലക്കുട അറക്കപ്പാടൻ തോമസ് കുട്ടി സെന്റ്. തോമസ് ബസ് സർവീസ് ആരംഭിക്കുന്നു. അദ്ദേഹം സ്വന്തമായി ബസ്സ വാങ്ങി ഇരിങ്ങാലക്കുടയിൽനിന്നും പുതുക്കാട്ടേക്ക് സർവീസ് ആരംഭിക്കുകയായിരുന്നു. പിന്നീട് മക്കളായ വർഗ്ഗീസും കുട്ടപ്പനും ചേർന്ന് ബസ് സർവീസ് തുടർന്നു. പുതുക്കാട്, ആമ്പല്ലൂർ, വരന്തരപ്പിള്ളി, തുടങ്ങിയ സ്ഥലങ്ങളിലേയ്ക്കാണ് പ്രധാനമായും സർവീസ് നടത്തിയിരുന്നത്. ആറ് യാത്രാബസ്സുകളും ഒരു ടൂറിസ്റ്റ്ബസ്സും ഇവരുടെ ഉടമസ്ഥതയിൽ പ്രവർത്തിച്ചിരുന്നു.

1963 -ലാണ് ഇരിങ്ങാലക്കുട നഗരസഭ പ്രൈവറ്റ് ബസ് സ്റ്റാന്റ് പ്രവർത്തനമാരംഭിക്കുന്നത്. ക്ഷേത്രനടയിൽ ആൽത്തറയ്ക്ക് സമീപമാണ് ബസ് സ്റ്റാന്റ്. വളരെ കുറച്ചു വാഹനങ്ങൾ മാത്രമാണ് ആ ഘട്ടത്തിൽ ഉണ്ടായിരുന്നത്. കൽക്കരി ബസുകളായിരുന്നു അന്നത്തേത്. 1960 -കളുടെ ഒടുവിലായപ്പോഴേക്കും ഡീസൽ ബസ്സുകൾ നിരത്തുകളിൽ നിറഞ്ഞു. ഇന്ന് ഇരിങ്ങാലക്കുട പട്ടണത്തിലെ ഏറ്റവും തിരക്കേറിയ ഇടമാണ് ബസ്സ്റ്റാൻഡ് പരിസരം. മുന്നൂറിനടുത്ത് ബസ്സുകളും പതിനായിരത്തിലേറെ യാത്രക്കാരും ദിനംപ്രതി ഇവിടെ എത്തിച്ചേരുന്നുണ്ട്.

1987 -ലാണ് ഇരിങ്ങാലക്കുട കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് പ്രവർത്തനമാരംഭിച്ചത്. കൂടൽമാണിക്യക്ഷേത്രത്തിന്റെ പടിഞ്ഞാറുഭാഗത്തായി മുൻപ് നെൽവയലായിരുന്ന സ്ഥലത്താണ് ഇന്ന് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ നിൽക്കുന്നത്. പ്രാരംഭത്തിൽ പത്തോളം ബസ്സുകൾ മാത്രണ് ഇവിടെനിന്നും ഉണ്ടായിരുന്നത്. ഇന്ന് തമിഴ്നാട്, കർണ്ണാടകം തുടങ്ങിയ അയൽ സംസ്ഥാനങ്ങളിലേക്കുള്ള ദീർഘദൂര ബസ്സുകൾ ധാരാളമുണ്ട്. നാലമ്പലദർശനക്കാലത്ത് ഭക്തരുടെ സൗകര്യാർത്ഥം നാല് ക്ഷേത്രങ്ങളും ചുറ്റിവരുന്ന പ്രത്യേക സർവ്വീസുകളും പതിവുണ്ട്. എങ്കിലും പട്ടണപ്രദേശത്തുനിന്ന് അല്പംമാറി നിൽക്കുന്നതിനാൽ ഇവിടെ ഗതാഗതത്തിരക്ക് തീരെ കുറവാണ്.

ഇരിങ്ങാലക്കുടചന്തയുടെ വ്യാപാരാഭിവൃദ്ധിക്കും അവിടെ വരുന്നവരുടെ ഗതാഗതസൗകര്യങ്ങൾക്കും വേണ്ടി 1992 -ൽ ചന്തയിൽ ബസ് സ്റ്റാൻഡ് ആരംഭിച്ചുവെങ്കിലും

അടിസ്ഥാനസൗകര്യങ്ങളുടെ അഭാവവും പലതരം എതിർപ്പുകളും കാരണം അത് തുട രാനായില്ല.

മോട്ടോർ വാഹനങ്ങളുടെ എണ്ണം വർദ്ധിച്ചതോടെ റോഡ് വികസനവും അത്യാ വശ്യമായിത്തീർന്നു. മണ്ണ് വെട്ടുവഴികൾ ടാറിട്ട റോഡുകളായി മാറി. കൂടൽമാണി ക്യക്ഷേത്രനടയിൽനിന്നും കോൺക്രീറ്റ് ചെയ്ത റോഡായിരുന്നു ഇരിങ്ങാലക്കുടയിലെ പ്രധാന പൊതുവഴി. ഇന്ന് സംസ്ഥാനപാതകളായ തൃശ്ശൂർ - കൊടുങ്ങല്ലൂർ റോഡ്, മൂന്നു പീടിക - പോട്ട റോഡ് എന്നിവയാണ് ഈ പ്രദേശത്തുകൂടി കടന്നുപോകുന്ന പ്രധാന റോഡുകൾ. കൂടാതെ ക്രൈസ്റ്റ് കോളേജ് റോഡ്, ബൈപ്പാസ് റോഡ്, റെയിൽവേ സ്റ്റേഷൻ റോഡിൽനിന്നും ചന്തക്കുന്ന് വരെയുള്ള മാർക്കറ്റ് റോഡ്, ചെട്ടിപ്പറമ്പ് - ബസ്സ്റ്റാൻഡ് വൺവേ റോഡ്, ബസ് സ്റ്റാൻഡ് ജംഗ്ഷൻ മുതൽ കുട്ടംകുളം വരെയുള്ള കൂടൽമാണിക്യം ടെമ്പിൾ റോഡ് എന്നിവ പട്ടണത്തിനകത്തെ പ്രധാന റോഡുക ളാണ്. കൂടാതെ പി. ഡബ്ല്യൂ. ഡി. റോഡുകളായ കാട്ടൂർ റോഡ്, മാപ്രാണം - നന്തിക്കര റോഡ്, പുത്തൻതോട് - കാറളം റോഡ്, ഇരിങ്ങാലക്കുട – പൊറത്തിശ്ശേരി - ചെമ്മണ്ട റോഡ്, മാപ്രാണം ബ്ലോക്ക് - പൊറത്തിശ്ശേരി റോഡ്, എടക്കുളം റോഡ് എന്നിവ ഇരി ങ്ങാലക്കുടയെ സമീപപ്രദേശങ്ങളുമായി ചേർത്തുനിർത്തുന്നു. ദേശീയപാത 47 കടന്നു പോകുന്ന ചാലക്കുടിക്കുടിയിലേക്കും കല്ലേറ്റിൻകര റെയിൽവേ സ്റ്റേഷനിലേയ്ക്കുമുള്ള പാതയുടെ വികസനവും റെയിൽവേ മേൽപ്പാലവും ദീർഘദൂര യാത്രകൾ എളുപ്പമുള്ള താക്കി. 7.5 മീറ്ററിലധികം വീതിയുള്ള 33 റോഡുകൾ ഇന്നിവിടെയുണ്ട്. കൊടുങ്ങല്ലൂർ - തൃശ്ശൂർ സംസ്ഥാനപാത പുനർനിർമ്മിച്ചു വരുന്നു.

കരുപ്പടന, പുല്ലൂറ്റ്, കാക്കാത്തുരുത്തി, കരുവന്നൂർ തുടങ്ങിയ ഇടങ്ങളിലെ കടത്തുയാത്രകൾ പാലങ്ങൾക്കു വഴിമാറി. ഇത് റോഡ് ഗതാഗതത്തെ കൂടുതൽ സുഗമ മാക്കി. 1930 -കളുടെ ഒടുവിൽ ബ്രിട്ടീഷുകാരുടെ കാലത്താണ് കരുവന്നൂർ പാലത്തിന്റെ നിർമ്മാണം നടക്കുന്നത്. തൃശ്ശൂർ ഭാഗത്തേക്കുള്ള യാത്രകളെ സുഗമമാക്കിയ ഈ പാല ത്തിന്റെ നിർമ്മിതി ഇരിങ്ങാലക്കുടയുടെ വികസനത്തിൽ നിർണായകമായ പങ്കുവഹി ച്ചു. കാലപ്പഴക്കംമൂലം അപകടത്തിലായ ഈ പാലം പൊ.വ. 2000 ൽ പുതുക്കി നിർമ്മി ച്ചു. 1980 -ലാണ് കാക്കത്തുരുത്തി പാലത്തിന്റെ പണിപൂർത്തിയാകുന്നത്. തുടർന്നാണ് മൂന്നുപീടിക, പെരിഞ്ഞനം, കൈപ്പമംഗലം തുടങ്ങിയ പ്രദേശങ്ങളിലേക്ക് ഇരിങ്ങാലക്കു

ടയിൽനിന്നും ബസ് സർവീസുകൾ ആരംഭിച്ചത്. തീരദേശയാത്ര ഇതുമൂലം സുഗമമായി (*ഇരിങ്ങാലക്കുട മാന്വൽ*, 2018:1030 -1).

ചെട്ടിപ്പറമ്പ് - കോമ്പാറ ഭാഗത്തും ചേലൂർ - എടക്കുളം ഭാഗത്തുമുള്ള ഷണ്മുഖം കനാൽ പാലങ്ങൾ ശ്രദ്ധേയമാണ്. ഷണ്മുഖം കനാലിന്റെ നിർമ്മിതിയോടെ വേർപെട്ടുപോയ സ്ഥലങ്ങളിലേക്ക് കടക്കാനായി നിർമ്മിച്ച ചെറുപാലങ്ങൾ നശിച്ചുപോവുകയും 2007 -ൽ പുതിയപാലം പണിയുകയും ചെയ്തു. ഇരിങ്ങാലക്കുട - പൂമംഗലം, അരിപ്പാലം ഭാഗത്തേക്കുള്ള ഗതാഗതം ഇതുമൂലം എളുപ്പമുള്ളതായി. ഷണ്മുഖം കനാലിന്റെ ആരംഭകേന്ദ്രമായിരുന്ന ചെട്ടിപ്പറമ്പ് കോമ്പാറ ഭാഗത്ത്, ഇരുകരകളിലേക്കും കടക്കാനായി കൽപ്പടവുകളായിരുന്നു ഉണ്ടായിരുന്നത്. പിന്നീട് ഒന്നര മീറ്റർ വീതിയിൽ പണിത പാലം 2016 -ലാണ് വീതികൂട്ടി പുനർനിർമ്മിച്ചത്.

## 4.7 ഇരിങ്ങാലക്കുട നഗരസഭ

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽത്തന്നെ ജനാധിപത്യത്തിന്റെയും തദ്ദേശസ്വയംഭരണത്തിന്റെയും പ്രസക്തി കൊച്ചിരാജ്യത്ത് പരക്കെ അംഗീകരിക്കപ്പെട്ടിരുന്നു. പുരോഗമന ചിന്താഗതിക്കാരായ ഇരിങ്ങാലക്കുടക്കാർ തങ്ങളുടെ മേഖലയിൽ തദ്ദേശസ്വയംഭരണം ഏർപ്പെടുത്തണമെന്ന് അന്നത്തെ മഹാരാജാവിനോടും ദിവാൻ ആയിരുന്ന ആർ.കെ. ഷണ്മുഖം ചെട്ടിയോടും നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരുന്നു.

1936 ഫെബ്രുവരി 8 -ന് 355 -ാം നമ്പർ ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ് നോട്ടിഫിക്കേഷൻ വഴി ഇരിങ്ങാലക്കുട നഗരസഭ നിലവിൽവന്നു. മുകുന്ദപുരം താലൂക്കിലെ ആദ്യ നഗരസഭയാണിത്. നഗരസഭ ചെയർമാനായി എം.എ. വറീതാണ് അധികാരമേറ്റത്. കെ.ഐ. വാറുണ്ണി, കെ.ഐ. മാത്യു, എം.എഫ്. വർഗ്ഗീസ്, എൻ.എസ്. രാമകൃഷ്ണൻ, പി.ആർ. സംഗമേശ്വരയ്യർ, വി.കെ. ഭാസ്കരൻ മേനോൻ, വി. രാമൻ മേനോൻ, പി.എം. ഗംഗാധരൻ മേനോൻ, എ.എൻ. അന്തോണി, കെ.പി. ലോനപ്പൻ, കെ.എൻ. കുഞ്ഞുവറീത്, എം.ടി. ചാക്കോ, ജോർജ്ജ് ആട്ടോക്കാരൻ, ഇ.എം. ഹരിഹരൻ, പി.എം. ഷെയ്ക്ക് ഹുസൈൻ സാഹിബ് എന്നിവരായിരുന്നു മറ്റ് കൗൺസിൽ അംഗങ്ങൾ. എല്ലാ ജാതിയിൽപ്പെട്ട ജനങ്ങൾക്കും പ്രവേശനം അനുവദിക്കുന്നവർക്ക

മാത്രം ബാർബർ ഷോപ്പിനും ചായക്കടകൾക്കും ലൈസൻസ് നൽകുന്ന രീതി പ്രാബല്യത്തിൽ ആക്കുന്നത് ഈ കൗൺസിലിന്റെ കാലത്താണ്.

1938 -ലാണ് തിരഞ്ഞെടുപ്പിലൂടെ നഗരസഭാകൗൺസിലിനെ തിരഞ്ഞെടുക്കുന്നത്. കെ.ഐ. വാറുണ്ണിയായിരുന്നു നഗരസഭാ ചെയർമാൻ. ഈ കൗൺസിലിന്റെ തീരുമാനപ്രകാരമാണ് ഇരിങ്ങാലക്കുട മുനിസിപ്പൽ പാർക്കിനും ട്രെഞ്ചിങ് ഗ്രൗണ്ടിനും സ്ഥലമെടുത്തത്. കൂടാതെ ഷണ്മുഖം കനാലിന്റെ പണി ആരംഭിച്ചതും പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നു കൊടുത്തതും. കനാലിന്റെ ഉദ്ഘാടനദിവസം ഇരിങ്ങാലക്കുടയിലെ സർക്കാർ ഓഫീസുകൾക്കും പൊതുവിദ്യാലയങ്ങൾക്കും അവധിയായിരുന്നു.

എൻ.എസ്. രാമകൃഷ്ണയ്യരുടെ നേതൃത്വത്തിലാണ് 1941 -ൽ മൂന്നാമത്തെ നഗരസഭ കൗൺസിൽ അധികാരമേറ്റത്. രണ്ടാം ലോകമഹായുദ്ധത്തിന്റെ കാലമായിരുന്നു അത്. അവശ്യസാധനങ്ങൾക്ക് പൊതുവിപണിയിൽ വലിയ വിലക്കയറ്റം അനുഭവപ്പെട്ടു. ഈ സാഹചര്യത്തിൽ സാധാരണക്കാരന്റെ ബുദ്ധിമുട്ടുകളിൽ ഇടപെടാൻ നഗരസഭ തയ്യാറായി. മുൻസിപ്പൽ കൗൺസിലിൽനിന്ന് മൂലധനമിറക്കാതെതന്നെ പഞ്ചസാര വരുത്തി വീടുകളിൽ ഒരു ക്വാട്ട നിശ്ചയിച്ച് വിതരണം ചെയ്തു. ഇത്തരമൊരു റേഷൻപദ്ധതി നടപ്പിൽ വരുത്തി മറ്റു പ്രദേശങ്ങൾക്ക് കൂടി മാതൃകയാവുകയായിരുന്നു ഇരിങ്ങാലക്കുട നഗരസഭ.

അയ്യങ്കാവ് പാടം മണ്ണിട്ടുനിരത്തി അവിടെ കളിസ്ഥലമൊരുക്കിയതും പൊതുനിരത്തുകളിൽ ഇലക്ട്രിക് തെരുവ് വിളക്കുകൾ സ്ഥാപിച്ചതും 1945 -ൽ അധികാരത്തിലെത്തിയ കെ.ഐ. വാറുണ്ണിയുടെ നേതൃത്വത്തിലുള്ള നാലാമത്തെ നഗരസഭാ കൗൺസിലായിരുന്നു. 1948 -ൽ രൂപംകൊണ്ട അഞ്ചാമത്തെ കൗൺസിലിന്റെ നേതൃത്വത്തിലാണ് ഇരിങ്ങാലക്കുടയിലെ ബസ് സ്റ്റാന്റ് പരിസരം മുതൽ ഠാണാവ് വരെയുള്ള പ്രധാനറോഡ് കോൺക്രീറ്റ് ചെയ്തത്. കാട്ടൂരിലെ പി.പി. കാദർ സാഹിബ് ആണ് ഈ റോഡ് കോൺട്രാക്ട് എടുത്ത് പണി പൂർത്തീകരിച്ചത്. ഈ കോൺഗ്രീറ്റ് റോഡ് തന്നെയാണ് ഇന്നും ഇവിടെ നിലനിൽക്കുന്നത്. വി. രാമൻ മേനോനായിരുന്നു അന്നത്തെ നഗരസഭ ചെയർമാൻ.

1953 -ൽ നിലവിൽവന്ന ആറാമത്തെ നഗരസഭാ കൗൺസിലിന്റെ കാലത്താണ് ഇരിങ്ങാലക്കുടയിൽ ക്രൈസ്റ്റ് കോളേജ് സ്ഥാപിതമാകുന്നത്. ഇരിങ്ങാല

ക്കട ഒരു വിദ്യാഭ്യാസനഗരമായി ഉയർത്തുന്നതിൽ ക്രൈസ്റ്റ് കോളേജിന്റെ സ്ഥാപനം വലിയ പങ്കുവഹിച്ചിട്ടുണ്ട്. കോളേജിനായി സ്ഥലംകണ്ടെത്തുന്നതിനും ഗവൺമെന്റിൽ നിന്നും അനുവാദം നേടിയെടുക്കുന്നതിനും കൗൺസിൽ അംഗങ്ങൾ അക്ഷീണപ്രയത്നം ചെയ്തു. എം.പി. കൊച്ചുദേവസിയും ടി.ടി. ജോണും തുടർച്ചയായി ഈ ഘട്ടത്തിൽ കൗൺസിലിൽ ചെയർമാൻമാരായിരുന്നു.

1995 -ലാണ് ആദ്യമായി ഒരു സ്ത്രീ ഇരിങ്ങാലക്കുട നഗരസഭയുടെ ചെയർപേഴ്സനായെത്തുന്നത്. പ്രൊഫ. റോസ് വില്യംസ് ആണ് അന്ന് അധികാരമേറ്റത്. രണ്ടായിരത്തിനുശേഷം ഏഴോളം സ്ത്രീകൾ ആ സ്ഥാനത്തെത്തി എന്നത് ശ്രദ്ധേയമാണ്.

## 4.8 ധനകാര്യ സ്ഥാപനങ്ങൾ

അടിസ്ഥാനമാർഗ്ഗങ്ങളിലൂടെ ജനങ്ങൾക്ക് ആവശ്യമായ പണം നിക്ഷേപമായോ കടമായോ വിനിമയം ചെയ്യാനുള്ള മാർഗ്ഗമാണ് പ്രാദേശിക ധനകാര്യസ്ഥാപനങ്ങളിലൂടെ സാധ്യമാകുന്നത്. പണമിടപാട് സംബന്ധമായ കൊടുക്കൽ വാങ്ങലുകളും ചെറിയ സമ്പാദ്യശീലങ്ങളും ഇരിങ്ങാലക്കുടയെ ആധുനികതിലേക്ക് നയിച്ച ഘടകങ്ങളാണ്. ഇവിടുത്തെ സമ്പദ്വ്യവസ്ഥയെ മുന്നോട്ടു നയിച്ചതിൽ വലിയപങ്കാണ് ഇത്തരം ധനമിടപാട് സ്ഥാപനങ്ങൾക്കുള്ളത്. നിയമങ്ങളുടെ നിയന്ത്രണങ്ങളില്ലാതെ ത്തന്നെ ചെറിയ ചങ്ങാതിക്കൂട്ടങ്ങൾ പണം സ്വരൂപിക്കുന്ന രീതി നിലനിന്നിരുന്നു. കൂട്ടത്തിലെ ആവശ്യക്കാർക്ക് പണം നൽകുകയും സമയബന്ധിതമായി അവ തിരിച്ചടയ്ക്കുകയും ചെയ്തുവന്നു. പരസ്പരവിശ്വാസത്തിൽ അധിഷ്ഠിതമായ ഒരു ധനമിടപാട് സംവിധാനമായിരുന്നു അത്. 1927 മാർച്ച് 12 -ന് 658 രൂപ നിക്ഷേപത്തുകയുമായാണ് ഇരിങ്ങാലക്കുട കാത്തലിക് ബാങ്ക് ആരംഭിച്ചത്. 1927 സെപ്റ്റംബർ 23 -ന് ഇരിങ്ങാലക്കുട ബാങ്കും 1929 ഏപ്രിൽ 16 -ന് ക്രിസ്ത്യൻ പോപ്പുലർ ബാങ്കും പ്രവർത്തനമാരംഭിച്ചതായി തൃശ്ശൂർ ഗസറ്റിയർ രേഖപ്പെടുത്തുന്നു (ശ്രീധരമേനോൻ, 1962:354 -5).

### 4.8.1 കുറിക്കമ്പനികൾ

വളരെയധികം കുറിക്കമ്പനികൾ ഉള്ള ഇടമാണ് ഇരിങ്ങാലക്കുട. ഇവിടുത്തെ ചന്തയും വാണിജ്യ - വ്യവസായമേഖലയിലുണ്ടായ വളർച്ചയും ഇത്തരം ഇടപാടുകൾക്ക്

സാധ്യത വർദ്ധിപ്പിച്ചു. ഇരിങ്ങാലക്കുടചന്തയിൽ കച്ചവടാവശ്യങ്ങൾക്കായി കാലത്ത് കൈവായ്പയായി പണം നൽകുകയും വൈകിട്ട് ആ പണം തിരിച്ചു ലഭിക്കുകയും ചെയ്തിരുന്നു.

ആദ്യകാലത്ത് പരദേശബ്രാഹ്മണരാണ് പണം പണയത്തിൻമേലും മറ്റും വായ്പയായി (കടം) നൽകിയിരുന്നത്. പണയമായി സ്വർണ്ണം, വെള്ളി ആഭരണങ്ങളും ചെമ്പിന്റേയും ഓടിന്റേയും പാത്രങ്ങളും ഉരുപ്പടികളും സ്വീകരിച്ചിരുന്നു. പിന്നീട് ക്രിസ്ത്യാനികളും ഈ രംഗത്തേക്ക് കടന്നുവന്നു. "1858 -ൽ വി. ഗീവർഗ്ഗീസിന്റെ പേരിൽ ഒരു ദർശനസഭ സ്ഥാപിച്ചു. അതിന്റെ ആഭിമുഖ്യത്തിൽ പള്ളിയിൽനിന്ന് ആഴ്ചക്കുറികളും മാസക്കുറികളും തുടങ്ങി. സാധാരണ ജനങ്ങൾക്ക് വലിയൊരു ആശ്വാസമായിരുന്നു ഈ സംരംഭം. ഇടവക ജനങ്ങളുടെ എണ്ണം വർദ്ധിച്ചു. പള്ളി കുറച്ചുകൂടി വിപുലീകരിക്കണം. കുറിയിൽനിന്നും മറ്റുമായി കുറച്ചു പണം പള്ളിയുടെ കൈയ്യിലുണ്ട്" എന്ന് ടി.എ. റപ്പായി രേഖപ്പെടുത്തുന്നു (2004:19). അദ്ദേഹത്തിന്റെത്തന്നെ *ഇരിങ്ങാലക്കുട സെന്റ്. മേരീസ് പള്ളിയുടെ ചരിത്രം* എന്ന കൃതിയിൽ 1923 -നുശേഷമുള്ള പള്ളിയുടെ സാമ്പത്തികനിലയെപ്പറ്റി ഇപ്രകാരം പറയുന്നു, "പള്ളിയുടെ സാമ്പത്തികനില അത്രതന്നെ ഭദ്രമല്ല. വരാപ്പുഴരൂപതയുടെ ഉപദേശവും അനുവാദവും പ്രകാരം ഈ കാലഘട്ടത്തിൽ സെന്റ്. മേരീസ് പള്ളിയിൽ മാസക്കുറിയും ആഴ്ചക്കുറിയും തുടങ്ങി. അന്നു പരദേശബ്രാഹ്മണരുടെ കുത്തകാവകാശമായിരുന്നു കുറിയും ഹുണ്ടിക വ്യാപാരവുമൊക്കെ. പള്ളിയിൽനിന്ന് കുറിതുടങ്ങിയപ്പോൾ ധാരാളംപേർ കുറിയിൽ ചേരുവാൻ മുന്നോട്ടുവന്നു. ക്രിസ്ത്യാനികൾ മാത്രമല്ല ഹൈന്ദവരും മുസ്ലീങ്ങളും കുറിയിൽ ചേർന്നു. പള്ളിയുടെ സാമ്പത്തികസ്ഥിതി കുറേശ്ശെ മെച്ചപ്പെട്ടുവന്നു" (1997:26). ദേവാലയനിർമ്മാണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായുള്ള പണം ഈ രീതിയിൽ സമ്പാദിക്കാൻ പള്ളിക്ക് കഴിഞ്ഞിരുന്നു. പിന്നീട് ഈ രംഗത്ത് ക്രിസ്ത്യാനികൾക്ക് വ്യക്തമായ മുൻതൂക്കം ലഭിച്ചു.

പൂവൽക്കുറി, മാസക്കുറി, ആഴ്ച ചിട്ടി, പ്രതിമാസ ലേലചിട്ടി എന്നിങ്ങനെ പല രീതിയിലുള്ള ഇടപാടുകൾ നിലവിലിരുന്നു. ഇത് ഏതുതരം സാമ്പത്തികസ്ഥിതിയിലുള്ളവരെയും ആകർഷിക്കാൻ പര്യാപ്തമായിരുന്നു. കൃഷിയിറക്കുന്നതിന്, വളർത്തുമൃഗങ്ങളെ വാങ്ങുന്നതിന്, കച്ചവടം, വീട് നിർമ്മാണം, മക്കളുടെ വിവാഹം, വിദ്യാഭ്യാസം, തുടങ്ങിയ പലവിധ ആവശ്യങ്ങൾക്ക് സാധാരണക്കാരൻ കുറിക്കമ്പനികളെ ആശ്രയിച്ചു. ജനങ്ങളുടെ വിശ്വാസം നേടിയെടുക്കാൻ കഴിയുക എന്നുള്ളതാണ് ഇത്തരം സ്ഥാപ

നങ്ങളുടെ വിജയം. 1979-80 കാലഘട്ടമായപ്പോഴേക്കും കുറിക്കമ്പനികളുടെ കേന്ദ്രമായി ഇരിങ്ങാലക്കുട മാറി.

1982 -ൽ കേന്ദ്രചിട്ടിനിയമം പ്രാബല്യത്തിൽ വന്നതോടെ ഇരിങ്ങാലക്കുടയിലെ ബഹുഭൂരിപക്ഷം കുറിക്കമ്പനികളും അവരുടെ സേവനം നിർത്തലാക്കേണ്ട അവസ്ഥയുണ്ടായി. അമിതമായ പലിശയും അത് പിടിച്ചെടുക്കുന്നതിനുള്ള തിടുക്കവുംമറ്റും ചിലപ്പോൾ സാധാരണക്കാരന്റെ സുഗമമായ ജീവിതത്തെത്തന്നെ ബാധിക്കുന്ന അവസ്ഥകളും ഇല്ലാതില്ല.

നിലവിൽ എട്ടോളം കുറിക്കമ്പനികളാണ് ഇരിങ്ങാലക്കുട നഗരപ്രദേശത്തുള്ളത്. തൃശ്ശൂർ റോഡിൽ പ്രവർത്തിച്ചുവരുന്ന സുരാഗ് പ്രൈവറ്റ് ലിമിറ്റഡ് 1983 -ൽ ആരംഭിച്ച സ്ഥാപനമാണ്. ഠാണാവിലെ ഭാഗ്യം കുറീസ് 1993 -ലാണ് ആരംഭിച്ചത്. 1995 -ൽ ഓർമ്മ കുറീസും 1999 - ൽ പെനിൻസുല കുറീസും ക്രൈസ്റ്റ് കോളേജ് ജംഗ്ഷനിൽ തുടങ്ങി. ഠാണാവിലെ ചെറി കോംപ്ലക്സിലെ ലോയ്ഡ്സ് കുറീസ് (2000) മുനിസിപ്പൽ ബസ്സ്റ്റാന്റ് കെട്ടിടത്തിലെ ഇന്നോവ കുറീസ് (2006)ചെട്ടിപ്പറമ്പിലെ കൊറിയൻ ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് (2014) കത്തീഡ്രൽ ജംഗ്ഷനിലെ വലിയങ്ങാടി കുറീസ് (2007) എന്നിവയാണ് മറ്റ് കുറിക്കമ്പനികൾ.

### 4.8.2 സഹകരണ പ്രസ്ഥാനങ്ങൾ

1904 -ലാണ് ഇന്ത്യയിൽ സഹകരണപ്രസ്ഥാനം ഔദ്യോഗികമായി ആരംഭിക്കുന്നത്. 1912 -ൽ സഹകരണനിയമം നിലവിൽവന്നു. കൊച്ചിരാജ്യത്ത് ഇത് നടപ്പിൽ വരുന്നത് 1913 -ലാണ്. കൊച്ചി രാജ്യത്ത് 'പരസ്പരസഹായ റെഗുലേഷൻ' എന്നാണ് ഈ നിയമം അറിയപ്പെട്ടത്. ഇതനുസരിച്ച് ഇരിങ്ങാലക്കുടയിൽ 1918 -ൽ ടൗൺ സഹകരണ ബാങ്ക് രജിസ്റ്റർ ചെയ്തു. ഇവിടുത്തെ ക്രൈസ്തവ പുരോഹിതൻമാരുടെ ആശീർവ്വാദത്തോടെയാണ് ഈ സ്ഥാപനം രൂപംകൊണ്ടത്. ആദ്യ കാലത്ത് പരിമിതമായ ഓഹരി മൂലധനവും അംഗങ്ങളുമാണ് സഹകരണബാങ്കിൽ ഉണ്ടായിരുന്നത്. ഇരിങ്ങാലക്കുടയിലെ സമ്പന്നരായ ആളുകളുടെ സഹകരണം ബാങ്കിനുണ്ടായിരുന്നു. എങ്കിലും സാധാരണക്കാരുടെയും സ്ഥിരവരുമാനക്കാരുടെയും കുറികളും ചെറുകിടനി

ക്ഷേപങ്ങളുമാണ് ബാങ്കിനെ നിലനിർത്തിയത്. പിന്നീട് വ്യാപാരാവശ്യത്തിനുള്ള വായ്പകളും നൽകിത്തുടങ്ങി.

ബാങ്കിന്റെ ആദ്യകാല പ്രസിഡന്റുമാരിൽ ഒരാളാണ് അഡ്വ. എം.സി. ജോസഫ്. പിന്നീട് കെ.എൽ. ഔസേപ്പ്, അഡ്വ. എം.ജെ. മാത്തൻ, സി.എൽ. ആന്റണി തുടങ്ങിയ സാമൂഹ്യ - വ്യവസായ പ്രമുഖർ സഹകരണബാങ്കിന്റെ പ്രസിഡന്റുമാരായിരുന്നു. 1990 മുതൽ എം.പി. ജാക്സനാണ് ബാങ്ക് പ്രസിഡന്റ്. കൃത്യമായ നിയമാവലി രൂപപ്പെടുത്തുകയും അത് ചിട്ടയോടെ നടപ്പിലാക്കുകയും ചെയ്യാൻ ടൗൺ സഹകരണബാങ്കിന് കഴിഞ്ഞിരുന്നു. 1969 -ൽ പ്രാഥമിക കാർഷികേതര വായ്പസഹകരണസംഘമായും 1996 മുതൽ അർബൻ ബാങ്കായും മാറി. പ്രവർത്തനം തുടങ്ങി നൂറു വർഷത്തിലധികം പിന്നിടുമ്പോൾ റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ, ബാങ്കിംഗ് റെഗുലേഷൻ ആക്ടിന് കീഴിൽ കേരളത്തിലെ ഏറ്റവും വലിയ അർബൻ ബാങ്കുകളിൽ ഒന്നായി ഇന്നത് വളർന്നിരിക്കുന്നു.

1926 -ൽ പ്രവർത്തനമാരംഭിച്ച പീപ്പിൾസ് കോ - ഓപ്പറേറ്റീവ് ബാങ്ക് ഇന്നും മികവോടെ തുടർന്നു വരുന്നു. രാമസ്വാമി പിള്ളയായിരുന്നു പീപ്പിൾസ് സഹകരണ ബാങ്കിന്റെ ആദ്യപ്രസിഡന്റ്. തുടർന്ന് എം.സി. പോൾ, എൽ.വി. ജേക്കബ്, വി.ടി. ജോസഫ്, വി. നാരായണൻകുട്ടി മേനോൻ, പി.കെ. ജോണി, കെ.സി. ജോസ് എന്നിവർ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

സി.ആർ. കേശവൻ വൈദ്യർ പ്രസിഡണ്ടായി 1949 -ൽ പ്രവർത്തനം ആരംഭിച്ച ഇരിങ്ങാലക്കുട സർവ്വീസ് സഹകരണ ബാങ്ക് മികച്ച രീതിയിൽ ഇന്നും പ്രവർത്തനം തുടരുന്നു. ഇവിടുത്തെ കാർഷിക - വാണിജ്യമേഖലയുടെ ആഭിമുഖ്യത്തിൽ മികവുറ്റസേവനം ലഭ്യമാക്കാൻ ബാങ്കിന് സാധിച്ചിട്ടുണ്ട്.

1963 മുതൽ പ്രവർത്തിക്കുന്ന മുകുന്ദപുരം താലൂക്ക് സഹകരണകൺസ്യൂമർ സ്റ്റോർ ഇരിങ്ങാലക്കുടയിലെ ശ്രദ്ധേയമായ സഹകരണസ്ഥാപനമാണ്. സുഖസ്ഥാൻ മാധവമേനോൻ എന്നറിയപ്പെടുന്ന പി. മാധവമേനോനായിരുന്നു സംഘത്തിന്റെ ആദ്യകാല പ്രസിഡന്റ്. തുടർന്ന് കെ.ടി. ജോസഫ്, എം. ശിവശങ്കര മേനോൻ, വട്ടപ്പറമ്പിൽ ശങ്കരൻകുട്ടി മേനോൻ, മൂലയിൽ ശിവരാമമേനോൻ തുടങ്ങിയവർ സംഘ

ത്തിന്റെ പ്രസിഡന്റുമാരായിരുന്നിട്ടുണ്ട്. മാളിയേക്കൽ കുര്യൻ ജോസഫ് ആണ് ഇന്ന് സംഘത്തിന്റെ പ്രസിഡന്റ്.

ആദ്യകാലത്ത് കച്ചവടത്തിന്റെ ഭാഗമായി പലചരക്ക്, സിമന്റ്, കെ.എസ്. കാലിത്തീറ്റ ഏജൻസി, റേഷൻ കടകൾ തുടങ്ങിയവ സൊസൈറ്റിയുടെ കീഴിലായി പ്രവർത്തിച്ചിരുന്നു. സ്റ്റോറിന് അന്ന് അഞ്ചു ബ്രാഞ്ചുകൾ ഉണ്ടായിരുന്നു. ഒരുകാലത്ത് തുടർച്ചയായ നഷ്ടത്തിലേയ്ക്കെത്തിയിരുന്നു സംഘംപ്രവർത്തനങ്ങൾ. പിന്നീട് ബ്രാഞ്ചുകളെല്ലാം നിർത്തി. ഇരിങ്ങാലക്കുടനടയിലെ സ്വന്തം കെട്ടിടത്തിലാണ് ഇപ്പോൾ സംഘം പ്രവർത്തിക്കുന്നത്. കൃഷിവകുപ്പിന്റെ കീഴിലുള്ള സബ്സിഡിയോട് കൂടിയ കാലിത്തീറ്റ, നീതി ഗ്യാസ് സ്റ്റോർ, പഞ്ചായത്ത്/ മുൻസിപ്പാലിറ്റിയിലേക്കുള്ള ആശ്രയകിറ്റുകൾ, എം.ഡി.എസ്. എന്നിവയുടെ വിതരണം ഇപ്പോൾ സംഘത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമാണ്. സാമ്പത്തിക പരാധീനതകൾക്കിടയിലും ജനങ്ങളുടെസഹകരണം കൊണ്ട് പിടിച്ചുനിൽക്കാൻ ശ്രമിക്കുന്ന ഒരു ഉപഭോക്തൃസംഘമാണ് മുകുന്ദപുരം താലൂക്ക് സഹകരണകൺസ്യൂമർസ്റ്റോർ.

തൃശ്ശൂർ ജില്ലാസഹകരണബാങ്കിന്റെ ഇരിങ്ങാലക്കുട ശാഖ 1963 മുതൽ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. മുരിയാട്, ആളൂർ, പുല്ലൂർ, അവിട്ടത്തൂർ, കല്ലംകുന്ന്, കരുവന്നൂർ, ഇരിങ്ങാലക്കുട, എടതിരിഞ്ഞി, കാറളം എന്നിവിടങ്ങളിലായി പത്ത് പ്രൈമറി സഹകരണ സംഘങ്ങൾ ഈ സ്ഥാപനത്തിന് കീഴിൽ പ്രവർത്തിച്ചുവരുന്നു. കേരള ഗവൺമെന്റിന്റെ പുതിയ തീരുമാനപ്രകാരം 2019 മുതൽ ജില്ലാ സഹകരണ ബാങ്ക് സംസ്ഥാന സഹകരണ ബാങ്കിംഗ് മേഖലയുമായി ലയിച്ച് 'കേരള ബാങ്ക്' ആയി മാറി.

സഹകരണപ്രസ്ഥാനങ്ങൾ സഹകാരികളുടെ കൂട്ടായ പരിശ്രമത്തിന്റെയും നേതൃത്വത്തിന്റെയും ഫലമായിരിക്കണം എന്ന ചിന്തയിൽനിന്നാണ് സർക്കിൾ സഹകരണ യൂണിയൻ പ്രവർത്തനമാരംഭിക്കുന്നത്. 1969 -ലെ കേരള സഹകരണനിയമത്തിലും അതിനുമുൻപും സർക്കിൾ സഹകരണയൂണിയൻ രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് വ്യവസ്ഥയുണ്ടായിരുന്നു. കേരള സഹകരണനിയമപ്രകാരം ഒരു സർക്കിൾ സഹകരണയൂണിയൻ ഇരിങ്ങാലക്കുടയിൽ പ്രവർത്തനമാരംഭിക്കുന്നത് 1970 -കളിലാണ്.

സർക്കിൾ സഹകരണബാങ്കിന്റെ രൂപീകരണത്തോടെയാണ് ദീർഘകാല കാർഷികവായ്പ നൽകുന്നതിനുള്ള പ്രാഥമിക ഭൂപണയബാങ്ക് ഇരിങ്ങാലക്കുടയിൽ ആരംഭിക്കുന്നതിനുള്ള പരിശ്രമങ്ങൾ തുടങ്ങിയത്. മുകുന്ദപുരം / കൊടുങ്ങല്ലൂർ സഹകരണ ഭൂപണയബാങ്ക് എന്ന പേരിൽ ഒരു സംഘം ആരംഭിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ തുടങ്ങി. രജിസ്ട്രേഷനായി 56,000 രൂപ ഓഹരിയായി പിരിച്ചെടുക്കാൻ അവർക്ക് സാധിച്ചു. ഇതിനായി കെ.സി.എസ്. വാര്യരുടെ നേതൃത്വത്തിൽ കെ. കൃഷ്ണൻകുട്ടി മേനോൻ, കെ. ദിവാകര മേനോൻ, കെ.എ. തോമസ്, അഡ്വ. മൊയ്തീൻ കാട്ടകത്ത്, അഡ്വ. കെ.ആർ. തമ്പാൻ, പി.എൻ. നമ്പൂതിരി, വട്ടപ്പറമ്പിൽ ശങ്കരൻ കുട്ടി മേനോൻ, പി. ബാലകൃഷ്ണ മേനോൻ എന്നിവർ നടത്തിയ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. ഇന്ന് ഇരിങ്ങാലക്കുട സഹകരണകാർഷികഗ്രാമവികസന ബാങ്ക് എന്ന പേരിലാണ് ഇത് അറിയപ്പെടുന്നത്.

സഹകരണ ഡിപ്പാർട്ട്മെന്റിനു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് 1972 -ൽ ആരംഭിച്ച മുകുന്ദപുരം താലൂക്ക് ഹൗസിംഗ് സഹകരണസംഘം. ഭവനനിർമ്മാണ മേഖലയിൽ സാധാരണക്കാരെ സഹായിക്കുക എന്നതാണ് ഹൗസിംഗ് സഹകരണ സംഘത്തിന്റെ ലക്ഷ്യം.

1986 -ലാണ് മുകുന്ദപുരം താലൂക്ക് ഓട്ടോ സഹകരണസംഘം പ്രവർത്തനം ആരംഭിക്കുന്നത്. സ്പെയർ പാർട്സ് വിൽപ്പന, വർക്ക്ഷോപ്പ് തുടങ്ങിയ പ്രവർത്തനങ്ങളാണ് ആദ്യകാലത്ത് നടത്തിയിരുന്നത്. പിന്നീട് ഓട്ടോറിക്ഷ വായ്പ, ഇരുചക്രവാഹന വായ്പ, കമ്പ്യൂട്ടർ വായ്പ, ഗൃഹോപകരണ വായ്പ, വ്യക്തിഗത വായ്പ എന്നിവയും അംഗങ്ങൾക്ക് നൽകിവരുന്നു.

2005 -ലാണ് ഇരിങ്ങാലക്കുടയിൽ മൾട്ടിപർപ്പസ് കോ -ഓപ്പറേറ്റീവ് സൊസൈറ്റി ആരംഭിക്കുന്നത്. സാധാരണ ജനങ്ങൾക്കിടയിൽ സമ്പാദ്യശീലം വളർത്തുക, കാർഷികേതരമേഖലകളിൽ വികസനത്തിന് കളമൊരുക്കുക തുടങ്ങിയ ഉദ്ദേശങ്ങളോടെയാണ് സൊസൈറ്റി ആരംഭിച്ചത്.

അഡ്വ. എം.എസ്. അനിൽകുമാറിന്റെ നേതൃത്വത്തിൽ ഒരുകൂട്ടം സഹകാരികൾ 2013 -ൽ ആരംഭിച്ച സ്ഥാപനമാണ് സോഷ്യൽ വെൽഫെയർ കോ -ഓപ്പറേറ്റീവ് സൊസൈറ്റി. ദയ ചാരിറ്റബിൾ ട്രസ്റ്റുമായി ചേർന്ന് മരുന്നു വാങ്ങാൻ പണമില്ലാത്ത

നിരാലംബരായ രോഗികൾക്ക് പൂർണ്ണമായും സൗജന്യമായി മരുന്നുനൽകുന്ന ആർദ്രം എന്ന ജീവകാരുണ്യപദ്ധതിക്ക് സൊസൈറ്റി നേതൃത്വം നൽകിവരുന്നു. കൂടാതെ നീതി മെഡിക്കൽഷോപ്പ്, പൊറത്തിശ്ശേരിയിലെ നീതി സൂപ്പർമാർക്കറ്റ്, കിഴുത്താണിയിലെ ഖാദി സഹകരണസംഘം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്റ്റിച്ചിങ് സെന്റർ എന്നിവ സോഷ്യൽ വെൽഫെയർ കോ -ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഭാഗമാണ്.

2013 മുതൽ ഇരിങ്ങാലക്കുട മെയിൻ റോഡിൽ പ്രവർത്തിക്കുന്ന സ്ഥാപന മാണ് തൃശ്ശൂർ റീജണൽ അഗ്രികൾച്ചറൽ നോൺ അഗ്രികൾച്ചറൽ ഡെവലപ്മെന്റ് കോ -ഓപ്പറേറ്റീവ് സൊസൈറ്റി. പന്ത്രണ്ടോളം മാസത്തവണ നിക്ഷേപപദ്ധതികൾ സൊസൈറ്റിയിൽ നടന്നു വരുന്നുണ്ട്. കൂടാതെ വിവിധയിനം വായ്പകളും ഇവിടെ ലഭ്യ മാണ്. തൃശ്ശൂർ ഹാന്റി ക്രാഫ്റ്റ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ -ഓപ്പറേറ്റീവ് സൊസൈ റ്റി 2017 മുതൽ കാരുകുളങ്ങരയിൽ പ്രവർത്തിച്ചുവരുന്നു. ഹാൻഡ്ലൂം ഉത്പന്നങ്ങൾ നിർമ്മിക്കുകയും വിൽപ്പനനടത്തുകയുമാണ് ഇവിടെ ചെയ്യുന്നത്. ടി.ഡി. വാസുദേ വരുടെ നേതൃത്വത്തിൽ തൃശ്ശൂർജില്ലാ കെട്ടിടനിർമ്മാണതൊഴിലാളി സഹകരണസം ഘവും ഇവിടെയുണ്ട്.

മറ്റേത് മേഖലയിലും എന്നപോലെ സഹകരണസംഘങ്ങളുടെ കാര്യത്തിലും വനിതാസാന്നിധ്യം വളരെ സാവകാശമാണ് കടന്നുവന്നിട്ടുള്ളത്. വനിതകൾക്ക് ഭരണസമിതിയിൽ ഒരു സീറ്റ് സംവരണം ചെയ്യപ്പെട്ടതോടെയാണ് ഈ രംഗത്തേക്ക് വനിതകൾ സജീവമായി വന്നുതുടങ്ങിയത്. എന്നാൽ ഇത്തരം സംവരണങ്ങൾ ഒന്നു മില്ലാതിരുന്ന കാലത്ത് ഇരിങ്ങാലക്കുട പട്ടണത്തിനടുത്തുള്ള പുല്ലൂർ സഹകരണസം ഘത്തിന്റെ പ്രസിഡന്റായി നാണിക്കുട്ടിയമ്മയും ഇരിങ്ങാലക്കുട സർവ്വീസ് സഹകര ണസംഘത്തിന്റെ പ്രസിഡന്റായി വി.ആർ. ശ്രീദേവിയും പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ കേരളസംസ്ഥാന വനിതാസഹകരണ ഫെഡറേഷൻ ചെയർപേഴ്സനാണ് ഇരിങ്ങാല ക്കുടക്കാരി അഡ്വ. കെ.ആർ. വിജയ. മൂന്നു വനിതാസഹകരണസംഘങ്ങളാണ് ഇന്ന് ഇരിങ്ങാലക്കുടയിലുള്ളത്. വനിതകളുടെ സാമ്പത്തികവും രാഷ്ട്രീയവുമായ ഉന്ന മനമാണ് ഇത്തരം സംഘങ്ങളുടെ ലക്ഷ്യം. ടൈലറിംഗ് യൂണിറ്റ് വിപണന കേന്ദ്രങ്ങൾ, സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവ സംഘത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമാണ്.

കാലത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് പിടിച്ചുനിൽക്കാനാകാതെ വന്ന ചില സഹകരണ സ്ഥാപനങ്ങളും ഇവിടെ ഇല്ലാതില്ല. എഴുപതാം നമ്പർ മുകുന്ദപുരം താലൂക്ക് മൺപാത്ര കുടിൽ വ്യവസായ സഹകരണ സംഘം ഇതിൽ ശ്രദ്ധേയമാണ്. ഇരിങ്ങാലക്കുട കേന്ദ്രമായി പ്രവർത്തിച്ചു വന്നിരുന്ന സർക്കാർ ഉദ്യോഗസ്ഥ സഹകരണ സംഘം, ഇരിങ്ങാലക്കുട മെറ്റൽവർക്കേഴ്സ് സഹകരണ സംഘം, നടവരമ്പ് ഹാൻഡ്‌ലൂം സഹകരണസംഘം, നടവരമ്പ് മൾട്ടിപർപ്പസ് സഹകരണസംഘം, ഇരിങ്ങാലക്കുട ഹാൻഡ് ലൂം സഹകരണസംഘം എന്നിവയെല്ലാം ഇത്തരത്തിൽ കാലഗതിയെ പ്രാപിച്ചവയാണ്. കാലാകാലങ്ങളിൽ വരുന്ന രാഷ്ട്രീയ നേതൃമാറ്റങ്ങൾ പലപ്പോഴും കോ -ഓപ്പറേറ്റീവ് സൊസൈറ്റികളുടെ നടത്തിപ്പിനെയും ബാധിക്കാറുണ്ട്. ഇവയ്ക്കെല്ലാം പുറമേ കേരളത്തിൽ നിലവിലുള്ള ഏതാണ്ട് എല്ലാ ബാങ്കുകളുടെയും ഫിനാൻസ് സ്ഥാപനങ്ങളുടെയും ശാഖകൾ ഇരിങ്ങാലക്കുടയിൽ പ്രവർത്തിക്കുന്നുണ്ട്.

## 4.9 യുക്തിവാദപ്രസ്ഥാനം

യുക്തിബോധത്തിന്റെയും ശാസ്ത്രീയവീക്ഷണത്തിന്റെയും പിൻബലത്തിൽ സാമൂഹിക അസമത്വത്തിൽനിന്നും നാടിനെ രക്ഷിക്കാനാകുമെന്ന് യുക്തിവാദികൾ വിശ്വസിച്ചു. അന്ധവിശ്വാസജഡിലമായ മതവിശ്വാസത്തെ എതിർക്കുക എന്ന രീതിയാണ് ഇതിനായി യുക്തിവാദികൾ സ്വീകരിച്ചത്.

### 4.9.1 എം.സി. ജോസഫ്

ഇരിങ്ങാലക്കുടയുടെ ആധുനീകരണത്തിലും നവോത്ഥാനമുന്നേറ്റങ്ങളിലും യുക്തിവാദ ചിന്തകൾക്ക് വലിയ സ്ഥാനമുണ്ട്. ഇതിനായി മുന്നിൽനിന്ന് നയിച്ചവരിൽ പ്രധാനി അഡ്വ. എം.സി. ജോസഫ് ആണ്. സഹോദരൻ അയ്യപ്പനോടും വി.ടി. ഭട്ടതിരിപ്പാടിനോടും ചേർന്ന് തന്റെ മരണംവരെ അദ്ദേഹം യുക്തിവാദചിന്ത പ്രചരിപ്പിക്കുന്നതിനായി ശ്രമിച്ചുകൊണ്ടിരുന്നു. കുസുമം (പി.പി. ആന്റണി), സി. കൃഷ്ണൻ, സി.വി. കുഞ്ഞിരാമൻ, രാമവർമ്മത്തമ്പാൻ, കുറ്റിപ്പുഴ കൃഷ്ണപിള്ള തുടങ്ങിയ പല പ്രശസ്തരും അദ്ദേഹത്തോട് ചേർന്ന് പ്രവർത്തിച്ചിരുന്നു. എം.കെ. സാനു എഴുതിയ *യുക്തിവാദി എം.സി. ജോസഫ്*, ഇടമറുകിന്റെ *എം.സി. എന്ന മനുഷ്യൻ*, കുസുംഷലാൽ ചെറായിയുടെ *എം.സി.*

*ജോസഫ് എന്ന അപൂർവ്വമനുഷ്യൻ*, എം.സി. ജോസഫിന്റെ മകളായ ഡോ. അച്ചാപ്പിള്ള ജോസഫ് എഴുതിയ *ഒരു ഡോക്ടറുടെ ഡയറി* തുടങ്ങിയ കൃതികൾ എം.സി. ജോസഫിനെയും അദ്ദേഹത്തിന്റെ ജീവിതവീക്ഷണത്തെയും അടുത്തറിയാൻ ഏറെ സഹായകമാണ്.

എറണാകുളം തൃപ്പൂണിത്തുറയിലെ മൂക്കഞ്ചേരി വീട്ടിലാണ് എം.സി. ജോസഫ് ജനിച്ചത്. നിയമപഠനം പൂർത്തിയാക്കിയ എം.സി. ജോസഫ് ആദ്യം ചേർത്തലയാണ് തന്റെ പ്രവർത്തനമണ്ഡലമായി തിരഞ്ഞെടുത്തത്. എന്നാൽ ആ സമയത്ത് അവിടങ്ങളിൽ പടർന്നു പിടിച്ച മന്തുരോഗം അദ്ദേഹത്തെ അസ്വസ്ഥനാക്കി. ഏതെങ്കിലും ഒരു കൽപ്രദേശത്ത് താമസമാക്കാനുള്ള സുഹൃത്തായ ഡോക്ടറുടെ നിർദ്ദേശപ്രകാരമാണ് എം.സി. ജോസഫ് ഇരിങ്ങാലക്കട തന്റെ പ്രവർത്തനമണ്ഡലമായി തിരഞ്ഞെടുക്കുന്നത്. പിതൃസഹോദരപുത്രനായ എം.പി. ചെറിയാൻ അന്ന് ഇരിങ്ങാലക്കടയിൽ മജിസ്ട്രേറ്റ് ആയിരുന്നു എന്നതും അതിനൊരു കാരണമാണ്. “1914 അവസാനത്തോടെ എം.സി. ജോസഫ് ഇരിങ്ങാലക്കുടിയിൽ ഒരു വാടകവീട് എടുത്ത് കുടുംബസമേതം താമസമാക്കി. ഭാര്യയും ഒരു കുരുന്നു പെൺകുഞ്ഞുമടങ്ങുന്ന കുടുംബം. കരിങ്കല്ലും ചെങ്കല്ലും ഇടകലർന്ന നീർവാർച്ചയുള്ള മനസ്സിന് തൃപ്തിയേകുന്ന പ്രദേശം. ഇവിടെ വക്കീലായി മാത്രമായിരുന്നില്ല ജീവിതം നയിച്ചത്. പൊതുപ്രവർത്തകൻ, സഹകാരി, നിയമജ്ഞൻ, യുക്തിവാദി, ചിന്തകൻ അങ്ങനെ പല നിലകളിൽ അദ്ദേഹം പ്രവർത്തിച്ച് ജനശ്രദ്ധ നേടിയെടുത്തു. ദരിദ്രരായ കക്ഷികൾ നീതി ലഭിക്കേണ്ടവരാണെങ്കിൽ യാതൊരു വൈമനസ്യവും കാണിക്കാതെ ഫീസിളവിലും ചിലപ്പോൾ ഫീസ് വാങ്ങാതെത്തന്നെയും നീതി നേടിക്കൊടുത്ത സംഭവങ്ങളും ധാരാളം. ഏതു കേസ് ആയാലും കയ്യേറ്റാൽ അതിന്റെ ഏതറ്റംവരെയും ധർമ്മനിഷ്ഠയോടും പ്രതിപക്ഷബഹുമാനത്തോടും തികഞ്ഞ ആത്മാർത്ഥതയോടുംകൂടി കൈകാര്യം ചെയ്യുക എന്നത് അദ്ദേഹത്തിന് ജന്മനാൽ കിട്ടിയിട്ടുള്ള വ്യതിരിക്ത വ്യക്തിഗുണമാണെന്ന് പറയാം” എന്ന് *എം.സി. ജോസഫ് എന്ന അപൂർവ മനുഷ്യൻ* എന്ന കൃതിയിൽ കുസുംഷലാൽ ചെറായി രേഖപ്പെടുത്തുന്നു (2016:37). തൊഴിലിനോടുള്ള അദ്ദേഹത്തിന്റെ ആത്മാർത്ഥത കൊണ്ടാണ് യുക്തിവാദിയായിരുന്നിട്ടുകൂടി പള്ളിയുടെയും ക്ഷേത്രത്തിന്റെയുമെല്ലാം കേസുകൾ ഭാരവാഹികൾ എം.സി. ജോസഫിനെ ഏൽപ്പിച്ചത്.

സത്യത്തിന്റെയും നീതിയുടെയും പക്ഷത്ത് നിൽക്കുകയും ശാസ്ത്രീയസമീപനങ്ങളിലൂടെ കാര്യങ്ങളെ നോക്കിക്കാണുകയും ചെയ്ത അദ്ദേഹത്തിന്റെ രീതി പുതുതലമുറയെ ആകർഷിച്ചിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തോടൊപ്പം ജൂനിയർമാരായി പ്രവർത്തിക്കാൻ ആഗ്രഹിച്ചവർ ഏറെയാണ്. തിരു -കൊച്ചി മുഖ്യമന്ത്രിയും കേന്ദ്രമന്ത്രിയുമെല്ലാമായിരുന്ന പനമ്പിള്ളി ഗോവിന്ദമേനോൻ എം.സി. ജോസഫിന്റെ കൂടെ ഇരിങ്ങാലക്കുടയിൽ പ്രാക്ടീസ് ചെയ്തിട്ടുള്ള ആളാണ് എന്നത് ശ്രദ്ധേയമാണ്.

ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന് എന്ന സഹോദരൻ അയ്യപ്പന്റെ ഉദ്ബോധനം കേരളത്തിന്റെ പുതുതലമുറയെ ആകർഷിച്ച കാലമായിരുന്നു അത്. ഇരിങ്ങാലക്കുടയിൽ എത്തുന്നതിനുമുമ്പുതന്നെ സഹോദരൻ അയ്യപ്പനുമായി അദ്ദേഹം പരിചയപ്പെട്ടു. അയ്യപ്പന്റെ സമചിത്തതയും ശാസ്ത്രീയവീക്ഷണവും എം.സി. ജോസഫിനെ വളരെയധികം ആകർഷിച്ചു. എം.സി.യുമായി ചേർന്നുനിന്ന മറ്റൊരു ചിന്തകൻ കുറ്റിപ്പുഴ കൃഷ്ണപിള്ളയാണ്. മതവിശ്വാസങ്ങളെയും രാഷ്ട്രീയപ്രത്യയശാസ്ത്രങ്ങളെയും ചോദ്യം ചെയ്യുന്ന അദ്ദേഹത്തിന്റെ കൃതിയാണ് *വിചാരവിപ്ലവം.* അതിലെ ആശയങ്ങളവതരിപ്പിക്കാൻ അദ്ദേഹത്തിന് പ്രേരണനൽകിയ ഘടകങ്ങളിലൊന്ന് എം.സി. ജോസഫുമായുള്ള സമ്പർക്കമാണെന്ന് അവരുടെ സൗഹൃദത്തിന് സാക്ഷിയാകാൻ കഴിഞ്ഞിട്ടുള്ള എം.കെ. സാനു അഭിപ്രായപ്പെടുന്നു (2019:81). ഇവരുടെ സൗഹൃദസംഭാഷണങ്ങൾക്ക് വേദിയായിരുന്നത് ഇരിങ്ങാലക്കുടയിലെ സി.ആർ. കേശവൻ വൈദ്യരുടെ വീടാണ്. വി.ടി. ഭട്ടതിരിപ്പാടും എം.ആർ.ബി.യും ആ സൗഹൃദക്കൂട്ടത്തിൽ കൂടാൻ ഇരിങ്ങാലക്കുടയിൽ എത്തിച്ചേർന്നു. വൈദ്യരുടെ സോപ്പ് നിർമ്മാണത്തിനും വ്യവസായത്തിനും ആവശ്യമായ നിയമോപദേശവും പ്രായോഗികബുദ്ധിയും നിർദ്ദേശിക്കുന്നതിൽ എം.സി.യുടെ സഹായവും ലഭിച്ചു.

പൊതുപ്രവർത്തകനായ എം.സി. വ്യക്തിജീവിതത്തിൽ തന്റെ കുടുംബത്തോട് നീതിപുലർത്തിയിരുന്നു. കുടുംബാംഗങ്ങളുടെ വിശ്വാസങ്ങൾക്ക് എതിരുനിന്നില്ല. മക്കളുടെ സൺഡേ സ്കൂൾ പഠനവും കുടുംബപ്രാർത്ഥനയും അദ്ദേഹം തടഞ്ഞില്ല. എങ്കിലും മതവിശ്വാസങ്ങളുടെ നിരർത്ഥകത അവരെ പറഞ്ഞു ബോധ്യപ്പെടുത്താൻ ശ്രമിച്ചു. അതിന്റെ ഫലമായി അടിയുറച്ച ക്രിസ്തീയ വിശ്വാസത്തിൽ വളർന്നുവന്ന അദ്ദേഹത്തിന്റെ ഭാര്യപോലും പിന്നീട് അവിശ്വാസിയായി മാറി.

ഭാര്യയുടെ സഹായത്താൽ കൃത്യമായ വരവുചെലവ് കണക്കുകൾ സൂക്ഷിക്കുകയും അത് മക്കളെ ശീലിപ്പിക്കുകയും ചെയ്തിരുന്നു. അത്തരമൊരു സാധ്യതയിലേക്ക് അദ്ദേഹത്തെ എത്തിച്ചത് സാമ്പത്തികയുക്തിവാദം എന്ന ചിന്തയാണ്. സ്വന്തം അഭിപ്രായങ്ങൾ സയുക്തം തുറന്നു പറയുമ്പോഴും അത് മക്കളുടെ മേൽപോലും അടിച്ചേൽപ്പിക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നില്ല. നിത്യജീവിതത്തിൽ ആരോഗ്യ സംബന്ധിയ ചിട്ടകൾ സൂക്ഷിച്ചിരുന്നു എന്നതും ശ്രദ്ധേയമാണ്. ദിനചര്യകളെയും യുക്തിസഹമായി പാകപ്പെടുത്തിയിരുന്നു അദ്ദേഹം.

നിത്യജീവിതത്തിൽ എം.സി. പുലർത്തിയ യുക്തിചിന്തയ്ക്കുദാഹരണമായി എം.കെ. സാനു, അദ്ദേഹം താമസത്തിനായി തിരഞ്ഞെടുത്ത വീടുകൾ ചൂണ്ടിക്കാട്ടുന്നു. വരുമാനം പരിമിതമായിരുന്ന ആദ്യകാലത്ത് ഇരിങ്ങാലക്കുടയിൽ വാടകവീടുകളിലാണ് അദ്ദേഹം മാറിമാറി താമസിച്ചത്. പ്രേതബാധ ഉണ്ടെന്ന പേരിൽ ഒഴിഞ്ഞുകിടക്കുന്ന വീടുകൾ കുറഞ്ഞവാടകയ്ക്ക് ലഭിക്കുമായിരുന്നു. അദ്ദേഹവും കുടുംബവും അവിടെ താമസിച്ച് പ്രേതബാധയില്ലെന്ന് തെളിഞ്ഞു കഴിയുമ്പോൾ വാടകകൂട്ടും. അങ്ങനെ വരുമ്പോൾ അദ്ദേഹം കുറഞ്ഞ വാടകയ്ക്ക് ലഭിക്കുന്ന മറ്റൊരു വീട്ടിലേക്ക് താമസം മാറും.

ഭൂതപ്രേതാദികളും അത്ഭുതകൃത്യങ്ങളും മനുഷ്യമനസ്സിന്റെ വിലക്ഷണപ്രവർത്തനങ്ങളുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടതാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. മനഃശാസ്ത്രഗ്രന്ഥങ്ങളുടെ വായനയാണ് ഇതിനദ്ദേഹത്തെ സഹായിച്ചത്. പ്രശ്നങ്ങളെ ശാസ്ത്രീയമായി പരിശോധിക്കുകയും പഠിക്കുകയുമാണ് അദ്ദേഹം ചെയ്തത്. ഇരിങ്ങാലക്കുടയിൽ സ്വന്തമായി വീട് നിർമ്മിച്ചപ്പോഴും തച്ചുശാസ്ത്രപ്രകാരം ഏറ്റവും ദോഷകരമായ സ്ഥാനമാണ് അദ്ദേഹം തിരഞ്ഞെടുത്തത്.

ദൈവത്തിനും ദേവാലയത്തിനും എതിരായിരുന്ന എം.സി. ജോസഫ് ക്ഷേത്രനിർമാണത്തിനുവേണ്ടിയും പരിശ്രമിച്ചിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. "ഇരിങ്ങാലക്കുട പട്ടണത്തിലെ ഈഴവർ അവരുടെ വക ക്ഷേത്രം നിർമിക്കുന്നതിന് സർക്കാർ അനുവാദത്തിനായി അപേക്ഷിച്ചപ്പോൾ സവർണ്ണരും ക്രൈസ്തവരും അതിനെ എതിർത്തു. സവർണ്ണരുടെയും കത്തോലിക്കരുടെയും പെരുങ്കോട്ടയാണ് ഇരിങ്ങാലക്കുട. ധനസമൃദ്ധവും പ്രസിദ്ധവുമായ കൂടൽമാണിക്യക്ഷേത്രവും അതിന്റെ അധിപനായ തച്ചുടയക്കൈമളും ഇരിങ്ങാലക്കുടയാണ്. ആൾപ്പെരുപ്പവും പണക്കൊഴുപ്പുമുള്ള രണ്ട്

കത്തോലിക്ക പള്ളികൾ ഇരിങ്ങാലക്കുട പട്ടണത്തിലുണ്ട്. അവിടത്തെ ഈഴവസമുദായം ശക്തിഹീനമാണ്. അന്നത്തെ ദിവാൻ വിജയരാഘവ ആചാരി ഈഴവ സമുദായത്തോടനുഭാവമായിരുന്നു. എങ്കിലും മറ്റു രണ്ട് പ്രബലസമുദായങ്ങളുടെ ശക്തിമത്തായ എതിർപ്പിനെ അവഗണിച്ച് ഈഴവർക്ക് ക്ഷേത്രനിർമ്മാണത്തിന് അനുവാദം നൽകാൻ ദിവാന് കരുണ തോന്നിയില്ല" എന്ന് എം.കെ.സാനു കുറിക്കുന്നു (2019:97-8). ഇത്തരം ഒരു സാഹചര്യത്തിലാണ് രണ്ടു പള്ളികളുടേയും കോടതി വ്യവഹാരങ്ങൾ കൈകാര്യം ചെയ്തിരുന്ന എം.സി. ജോസഫ് അവരെ എതിർത്തുകൊണ്ട് ക്ഷേത്രസ്ഥാപനത്തിനായി അനുകൂലനിലപാട് എടുക്കുന്നത്.

ക്രിസ്ത്യാനികൾക്കും മുസ്ലീമുകൾക്കും സവർണ്ണ ഹിന്ദുക്കൾക്കും ആരാധനാലയങ്ങൾ ഉണ്ട് എന്നിരിക്കെ, ഈഴവർ അത് ആഗ്രഹിച്ചത് തെറ്റാണ് എന്ന് എം.സി. കരുതിയില്ല. ഈഴവർക്കൊപ്പം നിൽക്കാൻ അദ്ദേഹം തീരുമാനിച്ചു. ഇരിങ്ങാലക്കുടക്കാരനും എറണാകുളത്ത് ഹൈക്കോർട്ട് വക്കീലും പിന്നീട് ചീഫ് ജസ്റ്റിസുമായിരുന്ന വി.ഡി. ഔസേപ്പിനെക്കൊണ്ട് പള്ളിക്കാരെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കാൻ ശ്രമിച്ചു. എന്നാൽ പള്ളിക്കാർ അതിന് തയ്യാറായില്ല. സ്ഥലപരിശോധനയ്ക്കായി ദിവാൻ ഇരിങ്ങാലക്കുട വന്നപ്പോൾ എം.സി. ജോസഫാണ് ഈഴവരുടെ വാദങ്ങൾ അവതരിപ്പിച്ചത്. ഇതുമൂലം പള്ളിക്കാരുടെ കേസുകളും ഫീസും എം.സി.ക്ക് നഷ്ടമായി. പക്ഷേ ക്ഷേത്രനിർമ്മാണം സമുദായവൈര്യം വർദ്ധിപ്പിച്ചേക്കും എന്ന ചിന്തയിൽ അനുമതി നൽകാൻ ഗവൺമെന്റ് തയ്യാറായില്ല.

വിജയരാഘവാചാരി ദിവാനായ സമയത്ത് ഈഴവർ ഇതേ ആവശ്യം ആവർത്തിച്ചു. ക്ഷേത്രം അനുവദിക്കേണ്ടതിന്റെ ന്യായങ്ങൾ എം.സി. ജോസഫാണ് അദ്ദേഹത്തിന്റെ മുൻപിലും അവതരിപ്പിച്ചത്. ഇത്തവണ ക്ഷേത്രാനുമതി ലഭിക്കുകയും അങ്ങനെ സുബ്രഹ്മണ്യനെ ആരാധിക്കുന്ന കൊല്ലാട്ടി വിശ്വനാഥപുരം ക്ഷേത്രം യാഥാർത്ഥ്യമാവുകയും ചെയ്തു. എം.സി.യുടെ നീതിബോധമാണ് ഈ സംഭവം വെളിവാക്കുന്നത്. ആരാധനാലയങ്ങളോടുള്ള പ്രതിപത്തികൊണ്ടല്ല അദ്ദേഹം ഇതിന് അനുകൂലമായ നിലപാടെടുത്തത്. മറിച്ച് ഒരു സമുദായത്തോട് കാണിച്ച അവഗണനയാണ് അവരോടൊപ്പം നിൽക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ഇരിങ്ങാലക്കുടയുടെ നവോത്ഥാനചരിത്രത്തിൽ എം.സി. ജോസഫിന്റെ സ്ഥാനം ഉറപ്പിക്കുന്നതാണ് ഈ സംഭവം.

1981 ഒക്ടോബർ 26 -ന് തന്റെ തൊണ്ണൂറ്റിയഞ്ചാമത്തെ വയസ്സിലാണ് അദ്ദേഹം മരണമടയുന്നത്. മൃതദേഹം യാതൊരു മതാചാരങ്ങളും ഇല്ലാതെ മെഡിക്കൽ കോളേജ് വിദ്യാർഥികൾക്ക് പഠനത്തിനായി നൽകി. അദ്ദേഹത്തിന്റെ ആഗ്രഹം തിരിച്ചറിഞ്ഞ മക്കൾ അതിനു സമ്മതം നൽകുകയായിരുന്നു. വാക്കിലും പ്രവർത്തിയിലും യുക്തിവാദിയായിരുന്ന അദ്ദേഹത്തിന് ഉചിതമായ ആദരവാണ് ഇതിലൂടെ ലഭിച്ചത്. കേരളത്തിന്റെ സാമൂഹിക പരിവർത്തനത്തിൽ നിർണായകമായ പങ്കുവഹിച്ചവരിൽ ഒരാളാണ് എം.സി.. ഭ്രാന്തമായ അന്ധവിശ്വാസങ്ങളിലും ആഭിചാരസങ്കൽപങ്ങളിലും ജീവിതത്തിന്റെ സുഗമമായ ഗതിയെ പ്രതിസന്ധിയിലാക്കിയ ജനതയാണ് ഇവിടെ ഉണ്ടായിരുന്നത്. നവോത്ഥാനപ്രസ്ഥാനം ശക്തിപ്രാപിച്ചതോടെ സമൂഹമനസ്സിൽ കുറേമാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. ജാതിമതവിശ്വാസങ്ങൾക്കും ഈശ്വരനും എതിരെ എന്നതിനേക്കാൾ, സാമൂഹ്യസമത്വത്തിനുവേണ്ടിയുള്ള വിപ്ലവം തന്നെയാണ് എം.സി. ജോസഫ് നടത്തിയത്.

ജാതിമതങ്ങൾക്കതീതമായി മിശ്രവിവാഹത്തെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ 1917 -ൽ തന്നെ സഹോദരസംഘം നടത്തിയിരുന്നു. ജാതിമതകെട്ടുപാടുകളെ പരിഗണിക്കാതെ പ്രണയിച്ച കാമുകീകാമുകന്മാരാണ് ഏറെയും മിശ്രവിവാഹസംഘത്തെ സമീപിച്ചത്. നാട്ടിലും വീട്ടിലും നിൽക്കാൻ കഴിയാതെ നാടുവിടേണ്ടിവന്ന അവർക്ക് അഭയകേന്ദ്രമായിരുന്നു മിശ്രവിവാഹസംഘവും എം.സി. ജോസഫും. ധാർമികമായ പിന്തുണയും സുരക്ഷിതത്വവും നിയമോപദേശവും നൽകി എം.സി. അവരോടൊപ്പം നിന്നു. മിശ്രവിവാഹങ്ങൾ രഹസ്യമായല്ല പരസ്യമായിത്തന്നെയാണ് നടത്തേണ്ടത് എന്ന് അദ്ദേഹം വിശ്വസിച്ചു. എങ്കിൽ മാത്രമേ സമൂഹത്തിൽ ചലനങ്ങൾ സൃഷ്ടിക്കാൻ അതിനാവുകയുള്ളൂ. ജാതീയമായ അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും ഇല്ലായ്മ ചെയ്യാൻ അതുപകരിക്കും. സാമൂഹ്യവ്യവസ്ഥിതിയിലെ അസമത്വങ്ങൾക്കും അതൊരു പരിഹാരമാണെന്ന് അദ്ദേഹം കരുതി. 'മിശ്രവിവാഹ സംഘം ബുള്ളറ്റിൻ' എന്ന ആനുകാലികപ്രസിദ്ധീകരണത്തിന്റെ അക്കാലത്തെ ലക്കങ്ങളിൽ എം.സി. നടത്തിയ പ്രവർത്തനങ്ങളുടെ വിശദമായ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട് (കുസുംഷ ലാൽ, 2016:89).

## 4.9.2 യുക്തിവാദി മാസിക

കേരളനവോത്ഥാനത്തെ സാധ്യമാക്കുംവിധം മനുഷ്യമനസ്സിൽ ശാസ്ത്രീയാവബോധം വളർത്തുക എന്ന രീതിയാണ് എം.സി.യും സുഹൃത്തുക്കളും സ്വീകരിച്ചത്. ജോത്സ്യവും മന്ത്രവാദവും നിത്യജീവിതത്തിൽ ഉണ്ടാക്കുന്ന നഷ്ടങ്ങൾക്ക് കണക്കില്ല. കുട്ടിച്ചാത്തൻ പോലുള്ള വിശ്വാസങ്ങൾ വ്യക്തിബന്ധങ്ങളിൽ വിള്ളലുകൾ സൃഷ്ടിക്കുന്നു. സാമ്പത്തികനഷ്ടങ്ങൾ വേറെയും. മനുഷ്യജീവിതത്തിൽ ധാരാളം ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്രാഭാസമാണ് ജ്യോതിഷം എന്ന് അദ്ദേഹം വിശ്വസിച്ചു. ഇത്തരം ആശയങ്ങളെ ജനങ്ങളിലേക്ക് എത്തിക്കാൻ ശ്രമിച്ചതിന്റെ ഫലമായിരുന്നു യുക്തിവാദി എന്ന മാസിക.

സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ രാമവർമ്മ തമ്പാൻ, സി. കൃഷ്ണൻ, സി.വി. കുഞ്ഞിരാമൻ എന്നിവരുടെ സഹകരണത്തോടെയാണ് ഇതിനായുള്ള ശ്രമങ്ങൾ ആരംഭിച്ചത്. എം.പി. വർക്കി, സഹോദരൻ അയ്യപ്പൻ, പി.പി. ആന്റണി (കുസുമം), എം.പി. പാപ്പു, എം.എഫ്. തോമസ്, എം.സി. ജോസഫ് എന്നിവർ ചേർന്ന് കോഴിക്കോട് സി. കൃഷ്ണന്റെ വസതിയിൽ വച്ച് ആലോചനകൾ പൂർത്തിയാക്കി. എം. രാമവർമ്മ തമ്പാൻ, സി. കൃഷ്ണൻ, സി.വി. കുഞ്ഞിരാമൻ, കെ. അയ്യപ്പൻ, എം.സി. ജോസഫ് എന്നിവരുടെ കൂട്ടപത്രാധിപത്യത്തിൽ മിതവാദി പ്രസ്സിൽ നിന്നും സി. കൃഷ്ണൻ അച്ചടിച്ച് പ്രസിദ്ധീകരിക്കാമെന്നാണ് ഏറ്റിരുന്നത്. അത് സാധ്യമാകാതെ വന്നപ്പോൾ കെ. അയ്യപ്പന്റെ സഹോദരൻ പ്രസ്സിൽ യുക്തിവാദി മാസിക ആദ്യമായി അച്ചടിച്ചു, 1929 (1105 ചിങ്ങം1) ലായിരുന്നു ഇത്.

എതിർപ്പുകളെയും പരിഹാസങ്ങളെയും ഗൗനിക്കാതെ ആ സംരംഭം മുന്നോട്ടുപോയി. സഹോദരൻ അയ്യപ്പന്റെ ജോലിഭാരവും സാമ്പത്തികഭാരവും അധികമായപ്പോൾ ആ പ്രസിദ്ധീകരണം താനേറ്റെടുത്തു കൊള്ളാമെന്ന് എം.സി. ജോസഫ് അറിയിച്ചു. തുടർന്നാണ് 1931 ആഗസ്റ്റ് മുതൽ എം.സി. ജോസഫിന്റെ പത്രാധിപത്യത്തിൽ യുക്തിവാദി പ്രസിദ്ധീകൃതമാകുന്നത്. അന്ന് ഇരിങ്ങാലക്കുടയിലെ ഒട്ടുമിക്ക പ്രസ്സുകളിലും കയറിയിറങ്ങി യുക്തിവാദി അച്ചടിച്ച് കിട്ടുന്നതിനുവേണ്ടി ശ്രമിച്ചെങ്കിലും ക്രിസ്ത്യാനികളായ പ്രസ്സുടമകൾ അതിനു തയ്യാറായില്ല. തുടർന്ന് തൃശ്ശൂരിലെ കേരളോദയം പ്രസ്സിൽ നാലു ലക്കം അച്ചടിച്ചു. അവർ പിൻമാറിയപ്പോൾ അവിടെത്തന്നെയുള്ള സെന്റ്.

ആന്റണീസ് പ്രിന്റിംഗ് വർക്സിൽ അച്ചടി തുടർന്നു. പതിനെട്ട് ലക്കത്തോളം അവർ അച്ചടിച്ചു. പിന്നീട് മട്ടാഞ്ചേരിയിലെ സഹോദരൻ പ്രസ്സിലും തൃശ്ശൂരിലെ ഗുരുവിലാസത്തിലും അച്ചടി തുടർന്നു.

1972 ആയപ്പോഴേക്കും പ്രായാധിക്യം മൂലം എം.സി.ക്ക് തൃശ്ശൂർ വരെ പോയി വരിക പ്രയാസമായിത്തീർന്നു. ഉള്ളടക്കം പ്രസ്സിൽ ഏൽപ്പിക്കുവാനും തിരുത്തുവാനുമായി രണ്ടുപ്രാവശ്യം തൃശ്ശൂർവരെ പോകേണ്ടിയിരുന്നു. ഇതേത്തുടർന്ന് സുഹൃത്തായ സി.ആർ. കേശവൻ വൈദ്യർ മാസിക തന്റെ ചന്ദ്രിക പ്രസ്സിൽനിന്നും അച്ചടിച്ചു കൊടുക്കുവാൻ ഏർപ്പാട് ചെയ്തു. 1972 ജൂൺ മുതൽ 1974 ജൂലൈ വരെ ഇത് തുടർന്നു (സാനു എം.കെ., 1988:170-1, കുസുംഷ ലാൽ, 2016:75). 46 വർഷക്കാലം ഒരു ലക്കം പോലും മുടക്കമില്ലാതെ യുക്തിവാദി മാസിക പ്രസിദ്ധീകരിക്കാൻ കഴിഞ്ഞത് എം.സി. ജോസഫിന്റെ ഇച്ഛാശക്തി ഒന്നുകൊണ്ടുമാത്രമാണ്.

സ്വാതന്ത്ര്യബോധവും ഇച്ഛാശക്തിയും യുക്തിവാദികളിൽ മുന്നിട്ടുനിന്നു. "യുക്തിവാദി എം.സി.യുടെ ചിന്തകൾ അരനൂറ്റാണ്ടുകാലം കേരളത്തിന്റെ ധിഷണാമണ്ഡലത്തിൽ സാരമായ ചലനം സൃഷ്ടിച്ചിട്ടുണ്ട് എന്നത് നിസ്തർക്കമാണ്. യുക്തിവാദിയുടെ ഓരോ ലക്കത്തിലും കൊടുത്തുവരുന്ന ഒരു പരസ്യമുണ്ട്. അത് കേരളത്തിന്റെ ഏതു കോണിലായാലും ചാത്തൻ, പ്രേതം, ഭൂതം എന്നിങ്ങനെയുള്ളവ എത്രപഴക്കമുള്ളതായാലും മാറ്റിക്കൊടുക്കുമെന്നതായിരുന്നു. അതിങ്ങനെ: 'നിങ്ങളുടെ ആരുടെയെങ്കിലും വീട്ടിൽ ഭൂതപ്രേതാദികളുടെ ഉപദ്രവം ഉണ്ടോ? എത്രശക്തിയും പഴക്കമുള്ള ചാത്തൻ ശല്യമായാലും ശരി, അത്തരം ഉപദ്രവങ്ങളിൽനിന്നും മുക്തി നേടാം. എഴുതുക: എം.സി. ജോസഫ്, യുക്തിവാദി പത്രാധിപർ, ഇരിങ്ങാലക്കുട' ഇത്തരത്തിൽ ഒരു പരസ്യം കൊടുക്കാൻ, അതനുസരിച്ച് പ്രവർത്തിക്കാൻ തക്ക ചങ്കുറ്റമുള്ള ഒരു പുരോഹിതനെയോ ജ്യോത്സനെയോ മന്ത്രവാദിയെയോ എന്തിന്, ഒരു ആൾദൈവത്തേയോ ഇന്നേവരെ കാണാൻ കഴിഞ്ഞിട്ടുണ്ടോ" എന്നാണ് കുസുംഷ ലാൽ വിലയിരുത്തുന്നത് (2016 :80-1). *പുരോഗതി* (1947), *യുക്തിപ്രകാശം* (1966), *പ്രബോധനം* (1966), *ആശയസമരം* (1976), *തിരഞ്ഞെടുത്ത കുറിപ്പുകൾ* (1976), *ചിന്താവിപ്ലവം* (1976), *നാസ്തിക്യചിന്ത* (1977), *സ്വതന്ത്രചിന്ത* (1978), *കുട്ടിച്ചാത്തൻ* (1983), *എം.സി.യുടെ ലേഖനങ്ങൾ* (1991), *എം.സി.യുടെ ദർശനങ്ങൾ* (1995) എന്നിവയാണ് എം.സി. ജോസഫിന്റെ പ്രസിദ്ധീകൃതമായ കൃതികൾ. പാശ്ചാത്യകൃതികളുടെ വായനയിലൂടെയും സ്വന്തം ജീവിതാവബോ

ധത്തിലൂടെയും ആർജ്ജിച്ചെടുത്ത അറിവുകൾ അദ്ദേഹം ഈ കൃതികളിലൂടെ വെളിപ്പെ ടുത്തുന്നു.

## 4.10 മാധ്യമരംഗത്തെ ഇരിങ്ങാലക്കുട

ഇരുപതാം നൂറ്റാണ്ടിലെ ഇരിങ്ങാലക്കുടയുടെ പൊതുമണ്ഡലത്തെ നിർമ്മിക്കുന്നതിൽ അച്ചടി പ്രസിദ്ധീകരണങ്ങൾക്ക് വലിയപങ്കുണ്ട്. ഇരിങ്ങാലക്കുടയുടെ നവോത്ഥാന സാമൂഹ്യമുന്നേറ്റങ്ങളെ ശക്തമാക്കുന്നതിൽ ഗുണാത്മകസ്വാധീനം ചെലുത്താൻ അവയ്ക്കായി. സവർണ്ണേതരമായതെന്തും അകറ്റി നിർത്തപ്പെടേണ്ടതാണ് എന്നതായി രുന്നു ഒട്ടനവധി കാലം ഈ നാടിന്റെ മൂല്യബോധം. അവിടെനിന്നും ജനായത്തവൽ കൃതമായ ലോകബോധത്തെ രൂപീകരിച്ചെടുക്കുകയെന്ന ദൗത്യമാണ് പത്രമാധ്യമ സംരംഭങ്ങൾ അറിഞ്ഞോ അറിയാതെയോ ഏറ്റെടുത്തത്. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനഭാഗം ശ്രാവ്യ - ദൃശ്യമാധ്യമങ്ങളുടേതാണ്.

ഇരുപത്തിയൊന്നാം നൂറ്റാണ്ട് ആയപ്പോഴേക്കും നവമാധ്യമങ്ങൾ ഈ രംഗത്ത് ശ്രദ്ധേയമായ മുന്നേറ്റം നടത്തി. പത്രങ്ങളും റേഡിയോയും ടെലിവിഷനും പഴയ മാധ്യമ ങ്ങളായി. സൈബറിടത്തിൽ സംഭവിച്ച വിപ്ലവകരമായ മാറ്റം ഇരിങ്ങാലക്കുടയിലും പ്ര ത്യക്ഷമാണ്. ഇന്റർനെറ്റിന്റെ വിശാലമായ സാധ്യതകളെ പ്രയോജനപ്പെടുത്തിക്കൊ ണ്ട് തൽസമയവാർത്താ ചാനലുകളും ഓൺലൈൻ മാധ്യമങ്ങളും ഇന്ന് രംഗത്ത് സജീ വമാണ്. ഇരിങ്ങാലക്കുട നഗരത്തിൽ മാത്രമായി ഒമ്പതോളം ഓൺലൈൻ വാർത്താ മാധ്യമങ്ങൾ ഇന്നുണ്ട്. പ്രചാരത്തിൽ ഇരിക്കുന്ന എല്ലാ പത്രങ്ങൾക്കും ടെലിവിഷൻ റേഡിയോ ചാനലുകൾക്കും പുറമേയാണിത്. വികസന പ്രവർത്തനങ്ങൾ പരിസ്ഥി തിപ്രശ്നങ്ങൾ ദൈനംദിനജീവിതാവശ്യങ്ങൾ തുടങ്ങിയ പ്രാദേശികവും ജനകീയവുമായ വിഷയങ്ങളിൽ മാധ്യമങ്ങൾ കൂടുതൽ ജാഗ്രത പ്രകടിപ്പിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ പത്രങ്ങളിൽ പ്രാദേശിക എഡിഷനുകൾ വർദ്ധിക്കുകയും ഓൺലൈൻ ചാനലുകൾ ശ്ര ദ്ധേയമാവുകയും ചെയ്യുന്നു. സിറ്റിസൺ ജേർണലിസം പോലുള്ള പുതിയ രീതികൾക്ക് ഇന്ന് വലിയ സ്വീകാര്യതയാണ് ലഭിക്കുന്നത്. ഈ സാഹചര്യത്തിലാണ് ഇരിങ്ങാല ക്കുടയുടെ ആധുനീകരണത്തിന് കാരണമായ വാർത്താവിനിമയ സംവിധാനങ്ങളുടെ ചരിത്രമന്വേഷിക്കുന്നത്.

### 4.10.1 പത്രപ്രവർത്തനം

കേരളത്തിലെ പ്രാദേശിക പത്രപ്രവർത്തനത്തിന്റെ ചരിത്രം മുതൽതന്നെ ഇരിങ്ങാലക്കുടയിലും അത് ആരംഭിച്ചിരുന്നു. പ്രാദേശിക വിഷയങ്ങളിലുള്ള സൂക്ഷ്മാന്വേഷണമാണ് ഈ പത്രപ്രവർത്തനത്തിന്റെ കാതൽ. പ്രാദേശികസംഭവങ്ങളും പ്രദേശത്തിന്റെ ആവശ്യങ്ങളും അധികാരികളുടെയും സമൂഹത്തിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുന്ന ധർമ്മമാണ് ഇവർക്ക് നിർവഹിക്കാനുള്ളത്. രാഷ്ട്രീയമായും സാമൂഹ്യമായും മതപരമായും പ്രാധാന്യമുള്ള ഇടം എന്ന നിലയിൽ പ്രാദേശിക പത്രപ്രവർത്തനത്തിന് ഏറെ സാധ്യതകളാണ് ഇവിടെയുള്ളത്.

1940 -കൾ മുതൽത്തന്നെ പ്രാദേശിക പത്രപ്രവർത്തനം ഇരിങ്ങാലക്കുടയിൽ സജീവമായിരുന്നു. ഇവിടത്തെ നവോത്ഥാനസമരങ്ങളും രാഷ്ട്രീയവും - സാമൂഹ്യവുമായ വാർത്തകളും പത്രങ്ങളിൽ ഇടം നേടിയിരുന്നു. അന്നന്നത്തെ വാർത്തകൾ തപാലിലോ കമ്പി സന്ദേശമായോ പത്രം ഓഫീസുകളിൽ എത്തി പ്രസിദ്ധീകരിച്ച് വരാൻ മൂന്നോ നാലോ ദിവസത്തെ സമയമെടുക്കുമായിരുന്നു. തൽസമയവാർത്തകൾ അറിയുന്ന സമകാലത്ത് അത്തരം അറിവുകളും പ്രധാനം തന്നെ. ഒറ്റ എഡിഷൻ മാത്രമുള്ള പത്രങ്ങൾ തിരുവനന്തപുരത്തുനിന്നും ട്രെയിൻ മുഖേന ഇരിങ്ങാലക്കുടയിൽ എത്തുമ്പോൾ ചിലപ്പോൾ കാലത്ത് 10 മണിയെങ്കിലും കഴിഞ്ഞിരിക്കും. എങ്കിലും പത്രത്തിനും അതിലെ വാർത്തകൾക്കുമായി ഇവിടെത്തുകാർ കൗതുകത്തോടെ കാത്തിരുന്നിരുന്നതായി കേരളകൗമുദി പത്രറിപ്പോർട്ടറായ വി.ആർ. സുകുമാരൻ [10] ഓർക്കുന്നു. 1985 -നു മുൻപ് ഒറ്റ എഡിഷൻ മാത്രമുണ്ടായിരുന്ന കേരളകൗമുദി പത്രം 600 - 650 എണ്ണംവരെ ഇരിങ്ങാലക്കുടയിൽ വിറ്റഴിച്ചിരുന്നു. ചായക്കടകളിലും മറ്റും പത്രങ്ങൾക്കായി ഊഴം കാത്തിരുന്നും താളുകൾ വേർതിരിച്ചും വായിച്ചിരുന്ന തലമുറയായിരുന്നു അത്.

1960 -ൽ ഇരിങ്ങാലക്കുടയിൽ ജേണലിസ്റ്റ് അസോസിയേഷൻ രൂപം കൊണ്ടു. വി.കെ. രാമൻ മാസ്റ്റർ (കേരളകൗമുദി), ജോസ് കുരൻ (ജനയുഗം), ഐ. ദാമോദര മേനോൻ (മാതൃഭൂമി), വി. സംഗമേശ്വര അയ്യർ (മാതൃഭൂമി), പി.ആർ. ബാലൻ (ദേശാഭിമാനി), എം.കെ. അരവിന്ദാക്ഷൻ (മലയാള മനോരമ, ഇന്ത്യൻ എക്സ്പ്രസ്സ്), സി.എൽ. സെബാസ്റ്റ്യൻ (എക്സ്പ്രസ്സ്), കെ.എസ്. ജേക്കബ് (ദീപിക), സാനി താനാടൻ

[10] വി.ആർ. സുകുമാരൻ, വയസ്സ് 60, പത്രപ്രവർത്തകൻ, കേരളകൗമുദി, ഇരിങ്ങാലക്കുട.

(നവനാദം), മാധവമേനോൻ (ഗോമതി), ടി.എൻ. നമ്പൂതിരി (ജനയുഗം) തുടങ്ങിയവർ ജേണലിസ്റ്റ് അസോസിയേഷന്റെ രൂപീകരണത്തിൽ പങ്കുവഹിച്ച ആദ്യകാല അംഗ ങ്ങളിൽ ചിലരാണ്. പിന്നീട് മൂർക്കനാട് സേവ്യർ (മാതൃഭൂമി), കെ.സി. പോൾസൺ (മനോരമ), മൂലയിൽ വിജയകുമാർ (സ്വതന്ത്രമണ്ഡപം), വി.ആർ. സുകുമാരൻ (കേരള കൗമുദി), പോൾ ടി. ജോൺ (വാർത്താ സൗധം) തുടങ്ങിയവരും അസോസിയേഷനിൽ പ്രവർത്തിച്ചിരുന്നു.

ഇന്നത്തെ അപേക്ഷിച്ച് വിവരസാങ്കേതികവിദ്യകൾ അപര്യാപ്തമായിരുന്ന അക്കാലത്തും സാധ്യമായവിധം ഇരിങ്ങാലക്കുടയെ പുറംലോകത്തിനു മുൻപിൽ അവതരിപ്പിക്കാൻ ആദ്യകാല പത്രപ്രവർത്തകർക്ക് കഴിഞ്ഞിരുന്നു. തങ്ങളുടെ പ്രദേ ശത്തെ അടയാളപ്പെടുത്തുമ്പോഴും സ്വയം രേഖപ്പെടുത്തിയിട്ടില്ലാത്ത അവരെ പലരു ടെയും ഓർമ്മകളിൽനിന്നാണ് തിരിച്ചറിയാനാകുന്നത്. പത്രപ്രവർത്തകർ എന്ന നിലയിൽ മാത്രമല്ല ഇരിങ്ങാലക്കുടയുടെ രാഷ്ട്രീയ - സാമൂഹികമേഖലയിലും നിറസാന്നി ധ്യമായിരുന്നു ഇവരിൽ പലരും എന്നത് ശ്രദ്ധേയമാണ്.

കേരളകൗമുദി പത്രത്തിന്റെ റിപ്പോർട്ടറും ഏജന്റുമായിരുന്നു വി.കെ. രാമൻ മാസ്റ്റർ. ബസ് സ്റ്റാന്റിനുമുകളിലെ അദ്ദേഹത്തിന്റെ ഓഫീസിൽനിന്നും ഗോമതി, കേരളദേശം, ഫാദർ ജോസഫ് വടക്കനച്ചന്റെ തൊഴിലാളി തുടങ്ങിയ പത്രങ്ങളിലേ ക്കും വാർത്തകൾ നൽകിയിരുന്നു. മാതൃഭൂമി റിപ്പോർട്ടർ ആയിരുന്ന ഐ. ദാമോ ദരമേനോൻ ബാലചികിത്സകനും കൂടിയായിരുന്നു. പാട്ടമാളി റോഡിൽ താമസിച്ചി രുന്ന അദ്ദേഹം നഗരസഭ കൗൺസിലറായും ഇരിങ്ങാലക്കുടയെ പ്രതിനിധീകരിച്ചിട്ടു ണ്ട്. മാതൃഭൂമിയുടെതന്നെ വി. സംഗമേശ്വരയ്യർ അന്നത്തെ കോൺഗ്രസ് നേതാ വാണ്. മാതൃഭൂമി പത്രത്തിനുവേണ്ടി ഇരിങ്ങാലക്കുടയിൽനിന്നും ഷെയറുകൾ ശേഖരി ക്കുന്നതിനും മറ്റും മുൻകൈയെടുത്തിരുന്ന വ്യക്തിയാണ് അദ്ദേഹം. ദേശാഭിമാനി ലേഖ കനായിരുന്ന പി.ആർ. ബാലൻ മാസ്റ്റർ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സജീവപ്രവർത്തക നായിരുന്നു.

1989 -ലാണ് ഇരിങ്ങാലക്കുടയിൽ പ്രസ്സ് ക്ലബ് പ്രവർത്തനം ആരംഭിക്കുന്നത്. മുൻസിപ്പൽ കെട്ടിടത്തിലും പിന്നീട് ബസ് സ്റ്റാൻഡിന്റെ കിഴക്കുഭാഗത്തെ മുറിയിലും ആയിരുന്നു ആദ്യകാല പ്രസ്സ് ക്ലബ് ഓഫീസുകൾ. പതിനെട്ട് അംഗങ്ങളുമായി തുട

ങ്ങിയ പ്രസ്സ് ക്ലബ്ബിന്റെ ആദ്യകാല ഭാരവാഹികളായിരുന്നു കെ.സി. പോൾസൺ (പ്രസിഡന്റ്), വി.ആർ. സുകുമാരൻ (സെക്രട്ടറി), വിൽസൺ ചിറയത്ത് (ട്രഷറർ) എന്നിവർ. 2006 -ൽ ബസ് സ്റ്റാൻഡിന് പടിഞ്ഞാറ് ഭാഗത്തുള്ള നഗരസഭയുടെ പുതിയകെട്ടിടത്തിൽ ആധുനികസൗകര്യങ്ങളോടെയുള്ള ഓഫീസിന് തുടക്കമായി. വി.ആർ. സുകുമാരൻ, മൂലയിൽ വിജയകുമാർ എന്നിവർ രൂപീകരണകാലം മുതൽ ഇന്നും പ്രസ്സ് ക്ലബ് അംഗങ്ങളായി തുടരുന്നവരാണ്.

ആദ്യകാല പത്രപ്രവർത്തകരെ *ഇരിങ്ങാലക്കുട മാന്വൽ* സ്മരിക്കുന്നത് ശ്രദ്ധേയമാണ്, "ഇരിങ്ങാലക്കുടയുടെ പത്രപ്രവർത്തനചരിത്രം രേഖപ്പെടുത്തുമ്പോൾ നമുക്ക് മൂർക്കനാട് സേവ്യേട്ടനെക്കുറിച്ച് പരാമർശിക്കാതെ വയ്യ. ജീവിതകാലം മുഴുവൻ വാർത്തകൾക്ക് പിറകെ നടന്നലഞ്ഞ ഒരു മനുഷ്യൻ. ജനങ്ങളുടെ ആവശ്യങ്ങൾ ഏതുഭരണാധികാരിക്ക് മുന്നിലും തലയുയർത്തിപ്പിടിച്ച് കർമ്മധീരതയോടെ അവതരിപ്പിച്ചുകൊണ്ടിരുന്ന വിശ്രമമില്ലാത്ത പോരാളി ... പരിമിതമായ വാഹനസൗകര്യങ്ങൾ മാത്രം നിലനിന്നിരുന്ന അക്കാലത്ത് വൈകിക്കിട്ടിയ വാർത്തകളുമായി അദ്ദേഹം വൈകുന്നേരങ്ങളിൽ മാതൃഭൂമി ബ്യൂറോയിലേക്ക് വണ്ടികയറി. പിന്നെ പലപ്പോഴും പാതിരാത്രിയിലെ പത്രമടിച്ച് വിതരണത്തിനായി വരുന്നവണ്ടികളിൽ മടങ്ങി. പരാധീനതകളുടെയും നൊമ്പരങ്ങളുടെയും ദിനരാത്രങ്ങളെക്കുറിച്ച് ആരോടും അദ്ദേഹം പരാതി പറഞ്ഞില്ല. 2007 -ൽ ഈ ഭൂമിവിട്ടു പോകുന്നതുവരെ തന്റെ പത്രമാധ്യമത്തിലൂടെ അദ്ദേഹം ജനങ്ങൾക്ക് വേണ്ടി സംസാരിച്ചുകൊണ്ടിരുന്നു... ഇന്ത്യൻ എക്സ്പ്രസ്സിനു വേണ്ടിയും തൃശ്ശൂരിലെ എക്സ്പ്രസ്സ് പത്രത്തിനു വേണ്ടിയും റിപ്പോർട്ട് ചെയ്തുകൊണ്ടിരുന്ന എം.കെ. അരവിന്ദാക്ഷൻ മാഷെ ഇരിങ്ങാലക്കുടക്കാർക്ക് മറക്കുവാൻ കഴിയില്ല. നർമ്മമധുരമായ വാക്കുകളിലൂടെയാണ് അദ്ദേഹം തന്റെ സുഹൃത്തുക്കളോട് സംസാരിച്ചുകൊണ്ടിരുന്നത്. ഇരിങ്ങാലക്കുട നാഷണൽ ഹൈസ്കൂളിലെ ഹിന്ദി അധ്യാപകൻ എന്ന നിലയിൽ അദ്ദേഹം വിദ്യാർത്ഥികൾക്ക് ഏറെ പ്രിയങ്കരനായിരുന്നു ... ഇംഗ്ലീഷിലും മലയാളത്തിലും ഒരുപോലെ എഴുതുവാൻ പ്രാഗത്ഭ്യമുണ്ടായിരുന്ന വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. വാർത്തകളിൽ പാവപ്പെട്ട മനുഷ്യരോടുള്ള അവസാനിക്കാത്ത പ്രതിബദ്ധത മാഷ് കാത്തുസൂക്ഷിച്ചിരുന്നു. എത്ര മായ്ച്ചാലും ഇരിങ്ങാലക്കുടയുടെ സാമൂഹ്യഹൃദയത്തിൽനിന്ന് എം.കെ. അരവിന്ദാക്ഷൻ എന്ന മനുഷ്യന്റെ സൗരഭ്യത്തെ ആർക്കും തുത്തുകളയാനാകില്ല... മലയാള മനോരമയുടെ കെ.സി. പോൾസ

നേയും കേരളകൗമുദിയുടെ വി.ആർ. സുകുമാരനെയും ഇത്തരുണത്തിൽ സ്മരിച്ചേ മതിയാകൂ. വാർത്തകളുടെ വലിയ ആകാശം ഇരിങ്ങാലക്കുടയ്ക്ക് വേണ്ടി തുറന്നുവയ്ക്കുകയും വാർത്തകൾക്ക് പിറകെ നിരന്തരമായി അലയുകയും ചെയ്ത ഈ വലിയ പത്രപ്രവർത്തകർക്കു ഇരിങ്ങാലക്കുട മാനുവലിന്റെ ബിഗ് സല്യൂട്ട്... ദേശാഭിമാനിയുടെ മുൻലേഖകനായിരുന്ന സി.വി. രാമകൃഷ്ണൻ കമ്മ്യൂണിസ്റ്റ് പത്രപ്രവർത്തനത്തിന്റെ പരിധികളിലൂടെ സഞ്ചരിച്ച് കൊണ്ട് എന്നും പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളോട് ചേർന്നുനിന്ന വലിയ മനുഷ്യനാണ്... തൃശ്ശൂരിലെ ബ്യൂറോയിലേക്ക് വാർത്തകൾ എഴുതിയ കടലാസ് കുത്തിനിറച്ചബാഗുമായി ഒരു ചിരിയോടെ കടന്നുവരുന്ന രാമകൃഷ്ണേട്ടനെ പത്രപ്രവർത്തന രംഗത്തുള്ള ചിലരെങ്കിലും ഓർക്കുന്നുണ്ട്. തന്റെ വാർത്തകൾക്ക് എന്ത് സംഭവിക്കുന്നുവെന്ന അടങ്ങാത്ത ജിജ്ഞാസ സി.വി. എന്നും പ്രകടിപ്പിച്ചിട്ടുണ്ട്. മുംബൈയിൽ ദേശാഭിമാനി തലയിൽ ചുമന്നുവിറ്റ എന്നെ നിങ്ങൾ പത്രപ്രവർത്തനം പഠിപ്പിക്കേണ്ട എന്നായിരുന്നു ദേശാഭിമാനിയിലെ മുതിർന്ന സഖാക്കളോടുള്ള സി.വി.യുടെ മുന്നറിയിപ്പ്... ഓർക്കാൻ പത്രപ്രവർത്തനരംഗത്തെ ഒരു ജനയുഗം കൃഷ്ണൻകുട്ടിയേട്ടനും ഇരിങ്ങാലക്കുടയ്ക്കുണ്ട്... പത്രപ്രവർത്തകൻ എന്നതിനപ്പുറത്ത് ഒരു പത്രവിതരണക്കാരനായിരുന്നു കൃഷ്ണൻകുട്ടിയേട്ടൻ. എത്ര വൈകിയാലും ഇരിങ്ങാലക്കുടയുടെ പ്രാന്തപ്രദേശങ്ങളിൽ ദേശാഭിമാനിയും ജനയുഗവും ചുമന്നുകൊണ്ട് കൃഷ്ണൻകുട്ടിയേട്ടൻ എത്തുമായിരുന്നു. കൊച്ചിയിൽനിന്നെത്തുന്ന പത്രക്കെട്ടുകൾക്ക് വേണ്ടി ബസ് സ്റ്റാൻഡിൽ അക്ഷമനായി കാത്തിരിക്കുന്ന ജനയുഗം കൃഷ്ണൻകുട്ടിയേട്ടൻ പഴയകാല പത്രപ്രവർത്തനത്തിന്റെ ഒരടയാളമാണ്" (2019:1081).

2010 -ന് മുൻപ് വരെ പ്രസ്സ് ക്ലബിൽ അംഗങ്ങളായിരുന്നവരാണ്, ഷാജു ഓട്ടോക്കാരൻ (അൽ ഹിന്ദ്, ജനറൽ, ടെലഗ്രാഫ്), മനോജ് (ജന്മഭൂമി), എ.ടി.എൻ. നമ്പൂതിരി (ജന്മഭൂമി), കെ. ഉണ്ണികൃഷ്ണൻ (ജന്മഭൂമി), സായ്റാം (ജന്മഭൂമി), ജോസഫ് നരേപറമ്പിൽ (മംഗളം), വിൻസന്റ് ചിറയത്ത് (ദീപിക), സെബി മാളിയേക്കൽ (ദീപിക), തൗഫ് കരിം (ചന്ദ്രിക), ബിജു (ജനയുഗം), വർദ്ധനൻ പുളിക്കൽ (ജനയുഗം),റൗഫ് കരൂപ്പടന്ന (മാധ്യമം), വേണുഗോപാൽ ജി. (മാതൃഭൂമി), ഹരി ഇരിങ്ങാലക്കുട (മെട്രോ വാർത്ത), രത്നപാലൻ (വീക്ഷണം), കടലായി സലിം മൗലവി (സിറാജ്) പി.എം. ഷാഹുൽഹമീദ് (എക്സ്പ്രസ്സ്), ഷെല്ലി മുട്ടത്ത് (ജനറൽ) എന്നിവർ.

നിലവിൽ ഇരിങ്ങാലക്കുട പ്രസ്സ് ക്ലബ്ബിൽ അംഗങ്ങളായ പത്രലേഖകരാണ് വി.ആർ. സുകുമാരൻ (കേരളകൗമുദി), ഷോബി കെ. പോൾ (ദീപിക), കെ.സി. പ്രേമരാജൻ (ദേശാഭിമാനി), ഷാജൻ ചക്കാലക്കൽ (മംഗളം), ദിലീപ് ഹരിപുരം (ജന്മഭൂമി), കെ.എ. റിയാസുദ്ദീൻ (ചന്ദ്രിക), മിഥുൻ പോട്ടക്കാരൻ (ജനയുഗം), കെ.കെ. ചന്ദ്രൻ (മാധ്യമം), മെൽവിൻ ദേവസി (മനോരമ), കെ.ബി. ദിലീപ് (മാതൃഭൂമി), രാജീവ് മുല്ലപ്പിള്ളി (മെട്രോ വാർത്ത), ബെന്നറ്റ് തൗണ്ടശ്ശേരി (വീക്ഷണം), സതീശൻ പുല്ലൂർ (അൽ ഹിന്ദ്), ജോസ് മാമ്പിള്ളി (എക്സ്പ്രസ്സ്), ബിജു അക്കരക്കാരൻ (കേരള വാർത്ത), ജോണി വി. ആലങ്ങാടൻ (ജനറൽ), നവീൻ ഭഗീരഥൻ (ടെലഗ്രാഫ്) എന്നിവർ . കൂടാതെ രണ്ട് ഓൺ ലൈൻ റിപ്പോർട്ടർമാരും അഞ്ച് ന്യൂസ് ചാനൽ പ്രവർത്തകരും പ്രസ്സ് ക്ലബ് അംഗങ്ങളാണ്. അപേക്ഷ നൽകി മൂന്ന് വർഷമെങ്കിലും തുടർച്ചയായി പ്രവർത്തിക്കുന്ന മാധ്യമങ്ങൾക്ക് മാത്രമേ പ്രസ്സ് ക്ലബ്ബിൽ അംഗത്വം നൽകുന്നുള്ളൂ.

## 4.10.2 നവവാർത്താമാധ്യമങ്ങൾ

പ്രാദേശിക വാർത്താചാനലുകളും ഓൺലൈൻ വാർത്താചാനലുകളും ഇരിങ്ങാലക്കുടയിൽ സജീവമാണ്. ഈ പ്രദേശത്തെ വാർത്തകളും വിശേഷങ്ങളും തൽസമയം ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ നവമാധ്യമങ്ങൾ മത്സരിക്കുകയാണ്. ഉത്സവങ്ങളും പെരുന്നാളുകളും ആഘോഷങ്ങളും ജനകീയപ്രശ്നങ്ങളും തുടങ്ങി എല്ലാത്തരം വിശേഷവാർത്തകളും ലോകത്ത് എവിടെയുമുള്ള ഇരിങ്ങാലക്കുടക്കാരിലേക്കും എത്തിക്കാൻ സാധിക്കുന്നു. മുഖ്യധാരമാധ്യമങ്ങൾ അവഗണിക്കുന്ന വാർത്തകളിലേക്ക് കടന്നുചെല്ലാൻ പ്രാദേശികമാധ്യമങ്ങൾക്ക് സാധിക്കുന്നു എന്നതാണ് ഇത്തരം സംരംഭങ്ങളെ ശ്രദ്ധേയമാക്കുന്നത്.

കേരളത്തിലെ പ്രഥമ പ്രാദേശിക ഇന്റർനെറ്റ് വാർത്താമാധ്യമങ്ങളിൽ ഒന്നാണ് ഇരിങ്ങാലക്കുട ഡോട്ട് കോം. 1999 നവംബർ 18 -നാണ് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരൻ ഇരിങ്ങാലക്കുട ഡോട്ട് കോം ഉദ്ഘാടനം ചെയ്തത്. ഇന്റർനെറ്റും അനുബന്ധ സൗകര്യങ്ങളും സാധാരണക്കാരനിലേക്ക് എത്തിത്തുടങ്ങുന്ന കാലത്താണ് ഇരിങ്ങാലക്കുട ഡോട്ട് കോം എന്ന ആശയം ഉദയം ചെയ്യുന്നത്. സ്വാഭാവികമായും പുതുമയുള്ള ഈ സംവിധാനത്തിന് നിറഞ്ഞ സ്വീകാര്യ

തയാണ് ലഭിച്ചത്. 'ഇരിങ്ങാലക്കുട റേഡിയോ' യിലൂടെ വാർത്തകളും 'ഇരിങ്ങാലക്കുട ക്ലിക്ക്'ലൂടെ പരിസരപ്രദേശങ്ങളിലെ പ്രധാന ഫോൺനമ്പറുകളും ലഭ്യമായിരുന്നു.

കാഴ്ചയ്ക്ക് (Visual) കൂടുതൽ പ്രാധാന്യം വന്നപ്പോൾ ആരംഭിച്ച 'ഇരിങ്ങാലക്കുട ടി.വി.' ഉദ്ഘാടനം ചെയ്തത് അന്നത്തെ ആഭ്യന്തര മന്ത്രി കോടിയേരി ബാലകൃഷ്ണനാണ്. ഫെയ്സ്ബുക്ക് വാട്ട്സ് ആപ്പ് കൂട്ടായ്മയും ഇതിന്റെ ഭാഗമായുണ്ട്. കൂടാതെ ഇരിങ്ങാലക്കുട ഡോട്ട് കോമിന്റെ നേതൃത്വത്തിൽ എല്ലാവർഷവും 'ഞാറ്റുവേല ഉത്സവം' സംഘടിപ്പിച്ചിരുന്നു. 2018 -വരെ എട്ടുവർഷത്തോളം ഇത് തുടർച്ചയായി നടത്തിവന്നു. വിഷൻ ഇരിങ്ങാലക്കുട എന്ന സംഘടനയും ജ്യോതിസ്സ് കോളേജും ഈ സംരംഭത്തിൽ പങ്കാളികളായി. കലാസാംസ്കാരിക സാഹിത്യാദിവിഷയങ്ങൾക്കും ഇരിങ്ങാലക്കുട ഡോട്ട് കോം പ്രാധാന്യം നൽകി.

ഇരിങ്ങാലക്കുട പ്രസ്സ് ക്ലബ്ബിനുവേണ്ടി സമ്പൂർണ്ണ വാർത്ത വെബ്സൈറ്റുമായാണ് ഇരിങ്ങാലക്കുട ലൈവ് ഡോട്ട് കോം ആരംഭിച്ചത്. 2000 -ൽ ആരംഭിച്ച ഈ മാധ്യമസംരംഭത്തിന് ഒരു പുതിയ വാർത്താസംസ്കാരം രൂപപ്പെടുത്താൻ കഴിഞ്ഞു. കൂടാതെ മൊബൈൽ എസ്.എം.എസ്. വാർത്താസംവിധാനം, വാട്സ് ആപ്പ് വാർത്താ ഗ്രൂപ്പ്, ഫേസ്ബുക്ക് വാർത്താപേജ്, നഗരസഭ കൗൺസിൽ തൽസമയസംപ്രേക്ഷണം, പ്രാദേശിക ആഘോഷങ്ങൾ തൽസമയം തുടങ്ങിയവയെല്ലാം ഇരിങ്ങാലക്കുട ലൈവ് ഡോട്ട് കോമിന്റെ ഭാഗമായിരുന്നു.

2002 മുതൽ ഇരിങ്ങാലക്കുട ഠാണാവിൽ പ്രവർത്തിച്ചുവരുന്ന പ്രാദേശിക ചാനലാണ് സിറ്റി ചാനൽ. ഇരിങ്ങാലക്കുട പട്ടണത്തിലും സമീപപ്രദേശങ്ങളിലും ചാനലിന്റെ സംപ്രേഷണം ലഭ്യമാണ്. പ്രാദേശികവാർത്തകൾക്ക് പുറമെ വിനോദപരിപാടികളും ജനപ്രിയ സിനിമകളും ഇതുവഴി സംരക്ഷണം ചെയ്തുവരുന്നു. സിറ്റി കേബിൾ കമ്മ്യൂണിക്കേഷൻ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയാണ് ഇത് പ്രവർത്തിക്കുന്നത്. പി. ശ്രീനിവാസനാണ് സ്ഥാപനത്തിന്റെ ഡയറക്ടർ.

ദീർഘകാലമായി ഇരിങ്ങാലക്കുടയുടെ പ്രാദേശിക മാധ്യമരംഗത്ത് പ്രവർത്തിക്കുന്നവരാണ് നവീൻ ഭഗീരഥൻ, കെ. മനോജ്, പി. ശ്രീനിവാസൻ എന്നിവർ. ഇവരുടെ നേതൃത്വത്തിൽ ഇരിങ്ങാലക്കുട റവന്യൂ ഡിവിഷൻ പരിധിയിലെ വാർത്തകളും അനുബന്ധ പരിപാടികളും തൽസമയം ജനങ്ങളിലേക്ക് എത്തിക്കുന്ന

ഓൺലൈൻ ന്യൂസ് പോർട്ടലാണ് ഫസ്റ്റ് എഡിഷൻ ന്യൂസ് ഡോട്ട് ഇൻ. കൊടുങ്ങല്ലൂർ, ചാലക്കുടി, ഇരിങ്ങാലക്കുട, പുതുക്കാട്, കൈപ്പമംഗലം എന്നീ നിയമസഭാമണ്ഡലങ്ങളാണ് ഇരിങ്ങാലക്കുട റവന്യൂ ഡിവിഷന്റെ പരിധിയിൽ വരുന്നത്. വാർത്താ ചാനലുകൾക്ക് സമാനമായി വീഡിയോ പ്ലാറ്റ്ഫോമിൽ വൈവിധ്യമുള്ള വാർത്തകൾ നൽകാൻ ഈ മാധ്യമത്തിന് കഴിയുന്നു. സാഹിത്യം, സിനിമ, യാത്ര, വാണിജ്യം, ടെക്നോളജി, സ്പോർട്സ് തുടങ്ങിയ വിഷയങ്ങളിലുള്ള രചനകളും അഭിമുഖങ്ങളും പ്രാദേശികപരിപാടികളുടെ തൽസമയസംപ്രേഷണനവും ഇതുവഴി ജനങ്ങളിലേക്ക് എത്തുന്നു.

നമ്മുടെ ഇരിങ്ങാലക്കുട എന്ന ഫേസ്ബുക്ക് കൂട്ടായ്മയുടെ ഓൺലൈൻ മാധ്യമസംരംഭമാണ് ഇരിങ്ങാലക്കുട ടൈംസ്. നിലവിൽ 79,000 അംഗങ്ങളുള്ള ഇത് 2018 -ലാണ് പ്രവർത്തനം ആരംഭിക്കുന്നത്. 'പ്രതിബദ്ധത ജനങ്ങളോടുമാത്രം' എന്ന ആപ്തവാക്യവുമായാണ് ഇരിങ്ങാലക്കുട ടൈംസ് ജനങ്ങളിൽ എത്തുന്നത്. ചാലക്കുടി, കൊടുങ്ങല്ലൂർ, മാള, കൊടകര, പുതുക്കാട്, തൃശ്ശൂർ എന്നിവിടങ്ങളിൽ ഇരിങ്ങാലക്കുട ടൈംസിന് എഡിഷനുകൾ ഉണ്ട്. ലാഭവിഹിതം പൂർണമായും നമ്മുടെ ഇരിങ്ങാലക്കുട എന്ന ഫേസ്ബുക്ക് കൂട്ടായ്മ നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു. മികച്ച കവറേജിനുള്ള പ്രവാസി പുരസ്കാരം ഇരിങ്ങാലക്കുട ടൈംസിന് ലഭിച്ചിട്ടുണ്ട്. കൂടാതെ ചാരിറ്റബിൾ ട്രസ്റ്റ് ആയും രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. മെയിൻ റോഡിലുള്ള ധർമപോഷണ ബിൽഡിങ്ങിലാണ് ഇരിങ്ങാലക്കുട ടൈംസ് പ്രവർത്തിച്ചുവരുന്നത്. ജീസ് ലാസർ, ലിറ്റി ജോർജ്ജ് എന്നിവർ ചേർന്നാണ് ഇത്തരമൊരാശയത്തിന് രൂപകൽപ്പന നൽകിയത്.

നമ്മുടെ ഇരിങ്ങാലക്കുട എന്ന ഫെസ്ബുക്ക് കൂട്ടായ്മ സാമൂഹ്യസേവനരംഗത്ത് ക്രിയാത്മകമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ട്. താലൂക്ക് ആശുപത്രിയിലെ രോഗികൾക്ക് സൗജന്യ ഭക്ഷണം, കാക്കതുരുത്തി പടിയൂർ മേഖലയിലെ കുടുംബങ്ങൾക്ക് കുടിവെള്ള വിതരണം, നഗരത്തിലേക്ക് തിരക്കേറിയ ഇടങ്ങളിൽ കുടിവെള്ളത്തിനായി കൂജകൾ സ്ഥാപിക്കുക, വൃക്ഷത്തൈ വിതരണം, ഞവരിക്കുളം പുനരുജ്ജീവനം, ചന്തക്കുന്ന് ജംഗ്ഷനിലെ ബസ്സ് സ്റ്റോപ്പ് നിർമ്മാണം, ആംബുലൻസ് സേവനം തുടങ്ങിയവ നമ്മുടെ ഇരിങ്ങാലക്കുട കൂട്ടായ്മയുടെ ചില പ്രവർത്തനങ്ങളാണ്. ഇരിങ്ങാലക്കുടയിലെ തരിശായി കിടക്കുന്ന പതിനൊന്നര ഏക്കർ സ്ഥലത്ത് നമ്മുടെ ഇരിങ്ങാലക്കുടയുടെ

നേതൃത്വത്തിൽ പച്ചക്കറികൃഷി നടത്തിവരുന്നുണ്ട്. ഓണക്കാലത്തും വിഷുക്കാലത്തും ജൈവപച്ചക്കറികൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നു.

2012 -ൽ ഒരു കൂട്ടം സുഹൃത്തുക്കൾ ചേർന്ന് ഇരിങ്ങാലക്കുട എന്ന നഗരത്തെ അടുത്തറിയാനും വിവരങ്ങൾ പങ്കുവയ്ക്കുന്നതിനുംവേണ്ടി ഇരിങ്ങാലക്കുട എന്ന പേരിൽ ഒരു ഫേസ്ബുക്ക് പേജ് ആരംഭിച്ചു. പിന്നീട് കൂടുതൽ ആളുകളുമായി സൗഹൃദവലയം സൃഷ്ടിക്കണമെന്ന ഉദ്ദേശ്യത്തോടെ 2014 -ൽ മൈ ഐ.ജെ.കെ. (MY IJK) എന്ന ഫേസ്ബുക്ക് പേജും വെബ്സൈറ്റും ആരംഭിച്ചു. വാർത്താചാനൽ എന്നതിനേക്കാൾ ഇതൊരു സോഷ്യൽ വെൽഫെയർ അസോസിയേഷനാണ്. ചാരിറ്റി പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുക്കുന്ന മാധ്യമക്കൂട്ടായ്മയാണിത്. 2015 -ൽ ഓണപ്പൂക്കള മത്സരത്തിൽ പങ്കെടുത്തുകൊണ്ട് ഫേസ്ബുക്ക് കൂട്ടായ്മ എന്ന പേരിൽ പൊതുരംഗത്തിറങ്ങി. ഗാന്ധിജയന്തി ദിനത്തിൽ നമ്പൂതിരീസ് കോളേജ് വിദ്യാർഥികളുമായി ചേർന്ന് മഹാത്മാഗാന്ധി ലൈബ്രറി മുതൽ കുട്ടംകുളം പരിസരം വരെ റോഡും കാനയും വൃത്തിയാക്കി. സെന്റ്. ജോസഫ് കോളേജ്, ക്രൈസ്റ്റ് കോളേജ് എന്നിവിടങ്ങളിൽവച്ച് രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. തുടർന്നിങ്ങോട്ട് ഒട്ടനവധി ചാരിറ്റി പ്രവർത്തനങ്ങളാണ് മൈ ഐ.ജെ.കെ. ചാരിറ്റി ആൻഡ് സോഷ്യൽ വെൽഫെയർ അസോസിയേഷന്റെ നേതൃത്വത്തിൽ നടന്നിട്ടുള്ളത്.

2013 -ൽ ആരംഭിച്ച ഇരിങ്ങാലക്കുട ന്യൂസിൽ 849 അംഗങ്ങളാണുള്ളത്. ഇരിങ്ങാലക്കുട വി.ആർ.എച്ച്. കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ഇരിങ്ങാലക്കുട ലൈവ് 2016 - ലാണ് പ്രവർത്തനമാരംഭിച്ചത്. 2020 ഏപ്രിൽ ആരംഭിച്ച ഇരിങ്ങാലക്കുട വാർത്ത എന്ന ഓൺലൈൻ വാർത്ത ചാനലിൽ 6200 അംഗങ്ങളുണ്ട്. ഇരിങ്ങാലക്കുട വോയ്സ് മറ്റൊരു ഓൺലൈൻ മാധ്യമമാണ്. എ.സി.വി. സംപ്രേഷണവും ഇവരുടെ പ്രവർത്തനങ്ങളുടെ ഭാഗമാണ്. വാർത്താ ചാനൽ എന്നതിനേക്കാൾ അംഗങ്ങളുടെ കൂട്ടായ്മയാണ് ഇത്തരം സംരംഭങ്ങളുടെ വിജയം.

പൊതുസമൂഹത്തിലെ സ്ത്രീപ്രതിനിധാനം കരുത്തുറ്റതാക്കി തീർക്കുന്നതിലും മാധ്യമങ്ങൾക്ക് വലിയ സ്വാധീനം ചെലുത്താനായിട്ടുണ്ട്. എങ്കിലും ഇരിങ്ങാലക്കുട പ്രദേശത്തെ മാധ്യമപ്രവർത്തകർക്കിടയിൽ സ്ത്രീ പ്രതിനിധാനം കുറവാണ്.

### 4.10.3 പ്രസാധകസംരംഭങ്ങൾ

ഇരിങ്ങാലക്കുടയുടെ സാംസ്കാരികചരിത്രത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുള്ള ഒന്നാണ് ഇവിടുത്തെ പ്രസാധകസംരംഭങ്ങൾ. ആധുനിക ഇരിങ്ങാലക്കുടയെ രൂപപ്പെടുത്തുന്നതിൽ ചെറുതല്ലാത്ത പങ്കാണ് ഇവയ്ക്ക് വഹിക്കാനായിട്ടുള്ളത്. ഭാഷയും സാഹിത്യത്തിനുമെന്നപോലെ സാമൂഹ്യചിന്താഗതിയിലും പരിവർത്തനം സൃഷ്ടിക്കാൻ പ്രാപ്തമായിരുന്നു അവ.

#### സദ്ഗുരു മാസിക

തച്ചുടയക്കൈമളുടെ രക്ഷാധികാരത്തിൽ ഇരിങ്ങാലക്കുടയിൽനിന്ന് പ്രസിദ്ധീകരിച്ചിരുന്ന മാസികയാണ് സദ്ഗുരു. ചട്ടമ്പിസ്വാമികളും നീലകണ്ഠ തീർത്ഥപാദരും മറ്റും കൈമളുടെ കൊട്ടിലാക്കൽഭവനത്തിൽ വന്ന് തങ്ങുന്ന പതിവുണ്ടായിരുന്നു. കൂട്ടത്തിൽ പണ്ഡിതരും ഗവേഷകരും സന്യാസിമാരും അവിടെ വരികയും സാഹിത്യം, ചരിത്രം, ആധ്യാത്മികം തുടങ്ങിയ വിഷയങ്ങളിൽ ചർച്ചനടത്തുകയും ചെയ്തുവന്നു. കൊട്ടിലാക്കൽ ഭവനത്തിൽ കൈമളുടെ പ്രത്യേകതാല്പര്യപ്രകാരം വിശാലമായ ഒരു ഗ്രന്ഥശേഖരം ഉണ്ടായിരുന്നു. കൂടാതെ നിരവധി പുസ്തകങ്ങൾ തയ്യാറാക്കുകയും അവിടെനിന്ന് പ്രസിദ്ധീകരിക്കുകയും ചെയ്തു.

1921 -1934 കാലത്ത് തൃശ്ശൂർ ഇരിങ്ങാലക്കുട കേന്ദ്രീകരിച്ച് പുറത്തിറങ്ങിയിരുന്ന ഒരു അദ്ധ്യാത്മിക മാസികയാണ് സദ്ഗുരു. പലതും അന്നത്തെ അദ്ധ്യാത്മിക ചരിത്രഗവേഷണരംഗങ്ങളിൽ ചർച്ചാവിഷയമായി. ചട്ടമ്പിസ്വാമിയും അദ്ദേഹത്തെക്കുറിച്ചുള്ള *സദ്ഗുരു സർവ്വസ്വം* എന്ന ജീവചരിത്രകാവ്യവുമായിരുന്നു മാസികയ്ക്ക് ഈ പേരിടാൻ പ്രചോദനമായത്. ശ്രീവർദ്ധനത്തു കൃഷ്ണപിള്ളയായിരുന്നു മാസികയുടെ ആദ്യപത്രാധിപർ. പന്നിശ്ശേരി നാണുപിള്ള, ടി.സി. കല്യാണി അമ്മ, എം.വി. കർത്ത തുടങ്ങിയവർ വിവിധകാലങ്ങളിൽ ഇതിന്റെ പത്രാധിപസമിതിയിൽ ഉണ്ടായിരുന്നു.

സദ്ഗുരുവിന്റെ ആദ്യലക്കം 1921 മാർച്ച് - ഏപ്രിൽ മാസത്തിൽ പ്രസിദ്ധീകരിച്ചു. പതിമൂന്ന് വർഷത്തോളം ഈ മാസിക മുടങ്ങാതെ നടന്നു. 1927 -ൽ കൂടുതൽ വിഷയങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തു. മഹാകവി വള്ളത്തോൾ, കുട്ടമത്ത് കുഞ്ഞികൃഷ്ണകുറുപ്പ്, ഇളംകുളം കുഞ്ഞൻപിള്ള, ഉള്ളാട്ടിൽ ഗോവിന്ദൻ കുട്ടിനായർ, പന്നിശ്ശേരിൽ

നാണുപിള്ള, മൂലൂർ എസ്. പത്മനാഭപ്പണിക്കർ, ഗോവിന്ദൻകുട്ടി നായർ, ചെമ്പിൽ എം.പി. പണിക്കർ, മേരി ജോൺ തോട്ടം, ഡി. പത്മനാഭനുണ്ണി, പണ്ഡിറ്റ് കെ.പി. കുറുപ്പൻ, ചെന്നിത്തല കൃഷ്ണയ്യർ, ചട്ടമ്പിസ്വാമി, ശ്രീനാരായണഗുരു, നീലകണ്ഠതീർത്ഥ പാദർ, തീർത്ഥപാദ പരമഹംസർ, തച്ചുടയക്കൈമൾ, പറവൂർ കെ. ഗോപാലപിള്ള തുടങ്ങിയവർ ആയിരുന്നു പ്രധാന എഴുത്തുകാർ. മതം, ദർശനം, ചരിത്രം, സാമൂഹ്യപ രിഷ്കരണം തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് ഗൗരവമായ ചർച്ചകൾക്ക് മാസിക തുടക്കമിട്ടു. വള്ളത്തോളിന്റെ സ്വപ്നവാസവദത്തം, സിസ്റ്റർ മേരി ജോൺ തോട്ടത്തി ന്റെ എന്റെ ലോകപരിത്യാഗം എന്ന കവിത തുടങ്ങിയവ ആദ്യം പ്രസിദ്ധീകരിച്ചത് സദ്ഗുരുവിലാണ്. ചട്ടമ്പിസ്വാമിയുടെ *പ്രാചീനമലയാള*ത്തിന്റെ പലഭാഗങ്ങളും ആദ്യ മായി പ്രസിദ്ധീകരിച്ചത് സദ്ഗുരുവിലാണ്. അഗസ്ത്യൻ എന്ന തൂലികാ നാമത്തിലാണ് ചട്ടമ്പിസ്വാമികൾ എഴുതിയിരുന്നത്. ചട്ടമ്പി സ്വാമികളുടെ നിര്യാണത്തോടെ മാസിക യുടെ പ്രവർത്തനം നിലച്ചു.

## തീനാളം

കേരളത്തിന് പുറത്തുനിന്നും പ്രസിദ്ധീകരിച്ച മലയാള ദിനപത്രമായിരുന്നു തീനാളം. 1954 -ൽ കോയമ്പത്തൂരിൽനിന്നും പി.ആർ. ധർമ്മബന്ധുവിന്റെ പത്രാധിപത്യത്തി ലാണ് ഈ പത്രം പ്രസിദ്ധീകരിച്ചത്. തീവ്ര നക്സൽചിന്താപദ്ധതിയുടെ വക്താവും കർക്കശക്കാരനും ആയിരുന്നു പി.ആർ. ധർമ്മബന്ധു. പിന്നീട് 1956 മുതൽ തീനാളം ഇരിങ്ങാലക്കുടയിൽനിന്നും മാസികയായി പ്രസിദ്ധീകരിച്ചുതുടങ്ങി. സ്കൂളിൽ പഠി ക്കുന്ന കാലത്ത് ഇരിങ്ങാലക്കുടയിൽനിന്നു പ്രസിദ്ധീകരിച്ചിരുന്ന 'തീനാളം' മാസി കയിൽ തന്റെ കഥ പ്രസിദ്ധീകരിച്ചിരുന്നതായി പ്രമുഖ കഥാകൃത്തും ഇരിങ്ങാലക്കുട ക്കാരനുമായ അശോകൻ ചെരുവിൽ[11] ഓർക്കുന്നു. അദ്ദേഹത്തിന്റെ അച്ഛൻ സി.എ. രാജൻ മാസ്റ്ററുടെ സുഹൃത്തായിരുന്നു ധർമ്മബന്ധു. 1975 -ൽ അടിയന്തരാവസ്ഥക്കാ ലത്ത് സർക്കാറിനെതിരെ വന്നിരുന്ന തീവ്രമായ പ്രസ്താവനകൾ അധികാരികളുടെ എതിർപ്പിന് കാരണമായിരുന്നു. മാസിക അച്ചടിച്ചുകൊണ്ടിരുന്ന സെന്റ്. ജോർജ്ജ് പ്രസ്സിനെതിരെയും ഭീഷണിയുണ്ടായി. തുടർന്ന് 1976 -ൽ അച്ചടി വെള്ളാങ്ങല്ലൂരിലേ ക്ക് മാറ്റി. 1982 -ൽ നടവരമ്പിലാണ് തീനാളത്തിന് സ്വന്തമായി ഒരു പ്രസ്സ് ഉണ്ടാക്ക

[11] അശോകൻ ചെരുവിൽ, 67 വയസ്സ്, കഥാകൃത്ത്, കാട്ടൂർ

ന്നത്. 1982 - 1995 കാലത്ത് ദ്വൈവാരികയായും വാരികയായും മറ്റും പരിണമിച്ചെങ്കിലും ഒടുവിൽ മാസികയായിത്തന്നെ നിലനിന്നു. ധർമ്മബന്ധുവിന്റെ മരണശേഷം ചില അഭ്യുദയകാംക്ഷികൾ മാസിക പുറത്തിറക്കാൻ മുന്നോട്ടുവന്നെങ്കിലും കാഴ്ചപ്പാടിലെ വൈരുദ്ധ്യംമൂലം അതിന് വിരാമമിടേണ്ടിവന്നു. 2000 - ഓടെ തീനാളത്തിന്റെ പ്രസിദ്ധീകരണം പൂർണമായും നിലച്ചു. ഇരിങ്ങാലക്കുടയുടെ യുവമനസ്സുകളിൽ സമരതീക്ഷ്ണമായ അന്തരീക്ഷം ഉണർത്താൻ തീനാളം മാസികയ്ക്ക് കഴിഞ്ഞിരുന്നു.

## വിവേകോദയം

എസ്.എൻ.ഡി.പി. യുടെ മുഖപത്രമായ വിവേകോദയം മാസിക 1904 -ലാണ് തിരുവനന്തപുരത്തുനിന്നും ആരംഭിക്കുന്നത്. കുമാരനാശാനിലൂടെ തുടങ്ങി കെ. ദാമോദരനും കെ.എൻ. കുഞ്ഞുകൃഷ്ണനും ആർ. ശങ്കറുമെല്ലാം വിവേകോദയത്തിന്റെ പത്രാധിപരായിരുന്നിട്ടുണ്ട്. എന്നാൽ പ്രസിദ്ധീകരണം നിലച്ചുപോയ ഈ മാസിക പുനർജനിക്കുന്നത് 1967 -ൽ ഇരിങ്ങാലക്കുടയിലാണ്. ശ്രീനാരായണ ഗുരുവിന്റെ ശിഷ്യനും എസ്.എൻ.ഡി.പി. യുടെ സജീവ പ്രവർത്തകനുമായ സി.ആർ. കേശവൻ വൈദ്യരാണ് അതിനു കാരണമായത്. കേശവൻ വൈദ്യരുടെ സുഹൃത്തും സാഹിത്യപ്രവർത്തകനുമായിരുന്ന എം.കെ. സാനുവിന്റെ പത്രാധിപത്യത്തിലാണ് വിവേകോദയം ഇരിങ്ങാലക്കുടയിൽനിന്നും പ്രസിദ്ധീകരിച്ചത്. കേശവൻ വൈദ്യരുടെ ചന്ദ്രികപ്രസ്സിൽനിന്നും 1988 വരെ ഈ പ്രസിദ്ധീകരണം തുടർന്നു.

## ജന്മഭൂമി

1967 -ൽ പ്രസിദ്ധീകരണം ആരംഭിച്ച മറ്റൊരു പ്രസിദ്ധീകരണമാണ് ജന്മഭൂമി. നോവലിസ്റ്റ് രാജൻ ചിന്നങ്ങത്തും കാഥികൻ പറവൂർ സുകുമാരനുമാണ് ഇതിനു നേതൃത്വം നൽകിയത്. യുവസാഹിത്യകാരന്മാരുടെ കൃതികൾ പുറത്തിറക്കുകയായിരുന്നു ജന്മഭൂമിയുടെ മുഖ്യലക്ഷ്യം. കേശവദേവിന്റെ *മരണത്തിൽനിന്ന്*, പെരുമ്പടവത്തിന്റെ *നിലാവിന്റെ ഭംഗി* തുടങ്ങി ഇരുപത്തഞ്ചോളം പ്രസിദ്ധമായകൃതികൾ ജന്മഭൂമി പ്രസിദ്ധീകരിച്ചിരുന്നു. ഇരിങ്ങാലക്കുട മെയിൻ റോഡിലുള്ള കുറ്റിക്കാടൻ ബിൽഡിങ്ങിൽ ജന്മഭൂമി ബുക് സ്റ്റാളും പ്രവർത്തിച്ചു. ഇവിടെ മലയാളത്തിലെ ഒട്ടുമിക്ക പ്രസാധകരുടെയും പുസ്ത

കങ്ങൾ വിൽപ്പനയ്ക്ക് എത്തിയിരുന്നു. എങ്കിലും രണ്ടു വർഷത്തിനകം ജന്മഭൂമി നിന്നു പോവുകയാണുണ്ടായത്.

## വൺ ഇന്ത്യ

1973 ജൂൺ 15 -ന് ആരംഭിച്ച ഒരു ദേശീയ പാക്ഷിക (fortnightly) പത്രമാണ് വൺ ഇന്ത്യ (ONE INDIA). ദേശീയോദ്ഗ്രഥനത്തെ മുന്നിൽ കണ്ടുകൊണ്ടാണ് ഇത്തരം ഒരു സംരംഭം ആരംഭിക്കുന്നത്. ഇരിങ്ങാലക്കുട പാട്ടമാളിറോഡിൽ താമസിക്കുന്ന എ. വിജയൻ ആണ് വൺ ഇന്ത്യയുടെ പബ്ലിഷറും എഡിറ്ററും. രാഷ്ട്രം ശക്തമായാൽ സ്റ്റേറ്റും ശക്തമാകും എന്ന ചിന്തയാണ് ഇത്തരം ഒരു ദേശീയ മാധ്യമം പ്രസിദ്ധീകരിക്കുന്നതിന് എ. വിജയനെ പ്രേരിപ്പിച്ച ഘടകം. ജയപ്രകാശ് മൂവ്മെന്റ്, ബംഗ്ലാദേശ് യുദ്ധം തുടങ്ങിയ സംഭവവികാസങ്ങൾ അദ്ദേഹത്തെ സ്വാധീനിച്ച ഘടകങ്ങളാണ്. ഐക്യഭാരതത്തെ നിലനിർത്തേണ്ടത് പൗരന്റെ ഉത്തരവാദിത്തമാണ് എന്ന് അദ്ദേഹം വിശ്വസിച്ചു. അതുകൊണ്ടുതന്നെ നഷ്ടം സഹിച്ചും ഇതൊരു കർത്തവ്യമെന്ന നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ അദ്ദേഹം ഇന്നും തയ്യാറാണ്. ഇന്ത്യയുടെ ഐക്യത്തിനും ഭദ്രതയ്ക്കും ഉതകുന്ന വാർത്തകളും ചിന്തകളുമാണ് വൺ ഇന്ത്യയിലൂടെ പ്രസിദ്ധീകരിക്കുന്നത്. 1984 മുതൽ കുറേക്കാലം ഡൽഹിയിൽ ആയിരുന്ന പത്രാധിപർ എറണാകുളത്തുനിന്നും ഇതിന്റെ പ്രസിദ്ധീകരണം തുടർന്നു വന്നു. ഡെമ്മി ഫോളിയോ വലിപ്പത്തിലുള്ള വൺ ഇന്ത്യ ഇന്നും മുടങ്ങാതെ പ്രസിദ്ധീകരിക്കുന്നു.

## സംസാര പബ്ലിക്കേഷൻസ്

ഇരിങ്ങാലക്കുടയുടെ സ്വന്തം എഴുത്തുകാർ എന്നവകാശപ്പെടാവുന്ന മുരളീധരൻ മേനോത്ത്, ബാലകൃഷ്ണൻ അഞ്ചത്ത്, പി.കെ. ഭരതൻ, തുമ്പൂർ ലോഹിതാക്ഷൻ, പി. ഇന്ദുശേഖരൻ, വി.ജി. തമ്പി എന്നിവരുടെ കൂട്ടായ നേതൃത്വത്തിൽ ഉടലെടുത്ത പ്രസിദ്ധീകരണമാണ് സംസാര പബ്ലിക്കേഷൻസ്. 1980 -ലാണ് ഇത് ആരംഭിക്കുന്നത്. സംസ്കാരം, സാഹിത്യം, രാഷ്ട്രീയം തുടങ്ങിയ മേഖലകളിലുള്ള 19 പുസ്തകങ്ങളാണ് സംസാര പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ചത്. 1993 -നു ശേഷം പ്രവർത്തകരുടെ അഭാവവും അസൗകര്യങ്ങളും നിമിത്തം സംസാര പബ്ലിക്കേഷൻസിന്റെ പ്രവർത്തനങ്ങൾ നിന്നുപോയി. ഇതിന്റെ സഹോദരസംരംഭമായ സംസാര ബുക് സ്റ്റാൾ ഏകദേശം 20 വർഷത്തോളം

അൽ അമീൻ കോംപ്ലക്സിൽ പ്രവർത്തിച്ചിരുന്നു. സംസാര പബ്ലിക്കേഷൻസിൽനിന്നും പുറത്തിറങ്ങിയ *സംക്രമണ കഥകൾ*, *പുതു കവിതകൾ* തുടങ്ങിയ തുമ്പൂർ ലോഹിതാക്ഷൻ എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ച സമാഹാരത്തിൽ മലയാളത്തിലെ പ്രശസ്ത എഴുത്തുകാരുടെ രചനകൾ ആണുള്ളത്. *ഇന്ത്യൻ വിദ്യാഭ്യാസം പ്രശ്നങ്ങളും സമീപനങ്ങളും* (എഡി. മുരളീധരൻ മേനോത്ത്), *അസുരൻ* (നോവൽ -പി.കെ. ഭരതൻ) എന്നിവ മറ്റുചില കൃതികളാണ്. സംസാര ലൈബ്രറി ഗ്രന്ഥപരമ്പരയിൽനിന്നും മൂന്ന് ഘട്ടമായി പുറത്തിറങ്ങിയകൃതികൾ ശ്രദ്ധേയമാണ്. 1981 നവംബറിൽ പുറത്തിറങ്ങിയത് എട്ടു പുസ്തകങ്ങളാണ്. *താവളം* (ജി. ശങ്കരപ്പിള്ള), *ആത്മകഥ* (മാടമ്പ് കുഞ്ഞിക്കുട്ടൻ), *സന്തപ്തൻ* (ശ്രീകൃഷ്ണ അലനഹള്ളി), *അസാഹിതീയം* (വിഷ്ണുനാരായണൻ നമ്പൂതിരി), *പീഡനകാലം* (സച്ചിദാനന്ദൻ), *സമാന്തര സിനിമ* (എഡി:പി. ഇന്ദുശേഖരൻ), *ഗിൽഗമേഷ്* (കൽപ്പറ്റ ബാലകൃഷ്ണൻ), *നൂല്* (സുകുമാർ ക്കക്കഞ്ചേരി) എന്നിവയാണവ. 1982 - ൽ പ്രസിദ്ധീകരിച്ച രണ്ടാംഘട്ട പുസ്തകങ്ങളാണ്, *നാളെയുടെ കവിത* (സച്ചിദാനന്ദൻ), *ഒന്നങ്ങനെ ഒന്നിങ്ങനെ* (ടി.വി. കൊച്ചുബാവ), *ശാന്തിഗിരി* (ടി.എം. എബ്രഹാം), *മകടി* (പി. ബാലചന്ദ്രൻ) എന്നിവ. തുടർന്ന് 10 വർഷത്തെ ഇടവേളയ്ക്കുശേഷം 1992 -ൽ സംസാര കഥാപരമ്പര പ്രസിദ്ധീകരിച്ചു. *നാഗപടം* (ബാലകൃഷ്ണൻ അഞ്ചത്ത്), *മിഥുനതാളം* (പി.കെ. ഭരതൻ), *ആശ്വാസത്തിന്റെ ഒരില* (തുമ്പൂർ ലോഹിതാക്ഷൻ) എന്നിവയായിരുന്നു ആ കഥാപരമ്പരയിലെ പുസ്തകങ്ങൾ. ഇരിങ്ങാലക്കുടയുടെ സാഹിത്യലോകത്തെ സമ്പന്നമാക്കാൻ പര്യാപ്തമായിരുന്നു ഇവരുടെ പ്രവർത്തനങ്ങൾ.

## എസ്.എം. പബ്ലിക്കേഷൻസ്

1981 ഒക്ടോബറിൽ തുടക്കമിട്ട പ്രസിദ്ധീകരണ വിഭാഗമാണ് എസ്.എം. പബ്ലിക്കേഷൻസ്. റിട്ടയേഡ് അധ്യാപകനായ വി. ശങ്കരൻകുട്ടി മേനോന്റെ നേതൃത്വത്തിൽ നാൽപതോളം പുസ്തകങ്ങൾ ഇവിടെനിന്നും പുറത്തിറങ്ങി. വി.ടി. നന്ദകുമാർ, മൊയ്തു പടിയത്ത്, തോമസ് ടി. അമ്പാട്ട്, കാനം, ഏറ്റുമാനൂർ ശിവകുമാർ, രാജൻ ചിന്നങ്ങത്ത്, പി.കെ. ഭരതൻ എന്നിവരുടെ നോവലുകൾ എസ്.എം. പബ്ലിക്കേഷൻസ് പ്രസിദ്ധീകരിക്കുകയുണ്ടായി. കൂടാതെ വൈലോപ്പിള്ളി, സച്ചിദാനന്ദൻ തുടങ്ങിയവരുടെ കവിതാസമാഹാരങ്ങളും മരട് രഘുനാഥ്, മുഹമ്മദ് പുഴക്കര, മനത്തന ശ്രീനിവാസ്, സാവിത്രി ലക്ഷ്മണൻ എന്നിവരുടെ നാടകങ്ങളും പ്രസിദ്ധീകരിച്ചു. കെ. ഭീമൻ നായർ, കുഞ്ഞുണ്ണി

മാസ്റ്റർ എന്നിവരുടെ ബാലസാഹിത്യ കൃതികളും എസ്.എം. പബ്ലിക്കേഷൻസിൽനിന്നാണ് പുറത്തിറങ്ങിയത്. 1996 വരെ പ്രവർത്തനം തുടർന്ന ഇവിടെനിന്നും പുറത്തുവന്ന *ഒറ്റമൂലി* എന്ന പുസ്തകത്തിന്റെ ഒരു ലക്ഷം കോപ്പികളാണ് വിറ്റുപോയത്. പബ്ലിക്കേഷൻസിന്റെ ഭാഗമായി ആരംഭിച്ച എസ്.എം. ബുക്ക് സ്റ്റാൾ 2007 വരെ പ്രവർത്തിക്കുകയുണ്ടായി.

## കിരണം പ്രിന്റേഴ്സ്

1982 -ലാണ് കിരണം പ്രിന്റേഴ്സ് പ്രവർത്തനമാരംഭിക്കുന്നത്. പുല്ലൂർ പുളിഞ്ചോട്ടിലാണ് ഇതിന്റെ ആസ്ഥാനം. പ്രശസ്ത നോവലിസ്റ്റായ രാജൻ ചിന്നങ്ങത്തിന്റെ നേതൃത്വത്തിലാണ് കിരണം പ്രിന്റേഴ്സ് ആരംഭിച്ചത്. പ്രാരംഭഘട്ടത്തിൽ ബസ് ടിക്കറ്റ്, ബിൽ പുസ്തകങ്ങൾ എന്നിവയാണ് അച്ചടിച്ചിരുന്നത്. 1995 -ൽ ഇരിങ്ങാലക്കുടയിലെ ആദ്യത്തെ ഓഫ്സെറ്റ് പ്രസ്സായി അത് മാറി. 1986 -ൽ ഇവിടെനിന്നും മിനിറ്റ്സ് എന്ന ആഴ്ചപ്പതിപ്പ് പ്രസിദ്ധീകരിച്ചിരുന്നു. രാജൻ ചിന്നങ്ങത്തിന്റെ നോവലുകളും ഇവിടെനിന്നാണ് അധികവും പുറത്തുവന്നത്. 2013 -ൽ കിരണം പ്രിന്റേഴ്സ് പ്രവർത്തനം അവസാനിപ്പിച്ചു.

## വിന്നെക്സ്

മുരളീധരമേനോൻ നേതൃത്വത്തിൽ 1983 -ൽ ആരംഭിച്ച വിദ്യാഭ്യാസ പ്രസിദ്ധീകരണമാണ് വിന്നെക്സ്. പത്താം ക്ലാസിലെ പാഠഭാഗങ്ങൾ കുട്ടികൾക്ക് ഹൃദിസ്ഥമാക്കാൻ ഉദ്ദേശിച്ച് തയ്യാറാക്കിയ വിന്നെക്സ് ഇന്നത്തെ ലേബർ ഇന്ത്യയുടെ ഒരു പൂർവ്വമാതൃകയാണ്. സ്കൂൾ വിദ്യാർത്ഥികൾക്കായി നിനദം എന്ന വാരികയും ഇവിടെനിന്നും പ്രസിദ്ധീകരിച്ചിരുന്നു.

## നിശാഗന്ധി പബ്ലിക്കേഷൻസ്

എഴുത്തുകാരനായ ടി.സി. ജിജോയിയുടെ നേതൃത്വത്തിൽ 2000 ഫെബ്രുവരിയിൽ ആരംഭിച്ച പുസ്തകപ്രസിദ്ധീകരണശാലയാണ് നിശാഗന്ധി പബ്ലിക്കേഷൻസ്. ഇരിങ്ങാലക്കുട ടൗൺഹാളിൽ സുകുമാർ അഴീക്കോടാണ് ഇതിന്റെ ഉദ്ഘാടനം നിർവഹിച്ചത്. സ്ഥാപനത്തിന്റെ പ്രിന്റിംഗ് പ്രസ്സ് 2004 ഒക്ടോബറിൽ എം.എൻ. വിജയൻ

ഉദ്ഘാടനം ചെയ്തു. *മലയാളത്തിന്റെ അമ്മക്കഥകൾ* ആയിരുന്നു ഇവിടെനിന്നും പുറത്തിറങ്ങിയ ആദ്യപുസ്തകം. ഒട്ടനവധി ടൈറ്റിലുകൾ മലയാളത്തിലും ഇംഗ്ലീഷിലുമായി പുറത്തിറക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. മലയാളത്തിലെ ക്ലാസിക് കൃതികളുടെ നൂറുകണക്കിന് പരിഭാഷകൾ അവതരിപ്പിക്കാനായി. മലയാളത്തിൽ 8320 പേജുകളുള്ള *നിശാഗന്ധി വിശ്വവിജ്ഞാനകോശം* പത്ത് വാല്യങ്ങളായി പുറത്തിറക്കിയതിലൂടെ വിജ്ഞാനമേഖലയിൽ കരുത്തുറ്റ സാന്നിധ്യമറിയിക്കാൻ നിശാഗന്ധിക്ക് കഴിഞ്ഞു. ഇരിങ്ങാലക്കുടയുടെ പ്രാദേശിക ചരിത്രരചനയ്ക്ക് ഏറെ സഹായകമായ *ഇരിങ്ങാലക്കുട മാന്വൽ* 2018 -ലാണ് പ്രസിദ്ധീകൃതമായത്. 2018 -ലെ പ്രളയത്തെ അടക്കം രേഖപ്പെടുത്താൻ 1384 പേജുകളുള്ള ഈ കൃതിക്ക് കഴിഞ്ഞിട്ടുണ്ട്. രാഷ്ട്രീയം, മതം, കൃഷി, വ്യവസായം, വാണിജ്യം, വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം, സംസ്കാരം, പ്രവാസം, നിയമം, പൊതുജീവിതം എന്നീ മേഖലകളുമായി ബന്ധപ്പെട്ട ചരിത്രങ്ങളും മറ്റു കുറിപ്പുകളും ഉണ്ട്. ഏഴ് പഞ്ചായത്തുകളെയും നഗരസഭയെയും പ്രത്യേകം വേർതിരിച്ചാണ് വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട്ടും കണ്ണൂരും ദോഹയിലും ശാഖകളുള്ള ഈ പ്രസിദ്ധീകരണവിഭാഗത്തിന് കേരളത്തിലെത്തന്നെ മികച്ച പ്രസാധകസംരംഭമാണ്.

## ഒന്നിപ്പ്

ചിത്രകാരനും അധ്യാപകനുമായ പി.കെ. അനിൽകുമാറിന്റെ നേതൃത്വത്തിൽ 2015 മാർച്ച് 1 -ന് പ്രസിദ്ധീകരണം ആരംഭിച്ച മാസികയാണ് ഒന്നിപ്പ്. ശാസ്ത്രത്തിന്റെയും യുക്തിയുടെയും മതേതരമൂല്യങ്ങളുടെയും അടിസ്ഥാനത്തിൽ സമൂഹത്തെ പുതുക്കിപ്പണികയാണ് ഈ മാസികയുടെ ലക്ഷ്യം. ദളിത് -സ്ത്രീ -പരിസ്ഥിതി വിഷയങ്ങളിൽ കൃത്യമായ നിലപാട് ഉയർത്തിപ്പിടിക്കുന്നു ഒന്നിപ്പ് മാസിക. ഇതിനായി കേരളത്തിന്റെ അകത്തും പുറത്തുമുള്ള പ്രമുഖരായ സാമൂഹിക സാംസ്കാരിക പ്രവർത്തകർ, എഴുത്തുകാർ, ചരിത്രകാരന്മാർ, കലാപ്രവർത്തകർ തുടങ്ങി വിവിധ മേഖലകളിൽ നിന്നുള്ളവരുടെ സഹകരണം ഉറപ്പുവരുത്തുന്നു.

ഇനിയും, സച്ചിദാനന്ദൻ മുഖ്യപത്രാധിപരായ ജ്വാല, പട്ടാട്ട് കുമാരന്റെ പത്രാധിപത്യത്തിൽ ഇറങ്ങിയ അരുണോദയം, അരവിന്ദൻ കിഴത്താണിയുടെ സ്നേഹിതൻ, സാഹിതാനാടാന്റെ നവനാദം, ചന്ദ്രമോഹന്റെ ബൈ ആന്റ് സെൽ മിനിറ്റ്സ് ദൈ

വാരിക തുടങ്ങി ഒട്ടനവധി പ്രസിദ്ധീകരണങ്ങൾ ഇരിങ്ങാലക്കുടയുടെ സാംസ്കാരിക മണ്ഡലത്തിന്റെ നിറസാന്നിധ്യമായിരുന്നു. തുമ്പൂർ ലോഹിതാക്ഷന്റെ 'ഇരിങ്ങാലക്കുട യിലെ പ്രസാധകസംരംഭങ്ങൾ' എന്ന ലേഖനത്തിൽനിന്നാണ് പഴയകാല പ്രസാധ കസംരംഭങ്ങളുടെ വിവരങ്ങൾ അധികവും ലഭ്യമായത് (2013:80).

ഇരിങ്ങാലക്കുടയുടെ സാംസ്കാരികചരിത്രത്തിൽ നിർണായക സ്വാധീനം ചെലു ത്തിയിട്ടുള്ള ഒന്നാണ് ഇവിടുത്തെ പ്രസാധക സംരംഭങ്ങൾ. ആധുനിക ഇരിങ്ങാല ക്കുടയെ രൂപപ്പെടുത്തുന്നതിൽ ചെറുതല്ലാത്ത പങ്കാണ് ഇവയ്ക്ക് വഹിക്കാനായിട്ടുള്ളത്. ഭാഷയ്ക്കും സാഹിത്യത്തിനും എന്നപോലെ സാമൂഹ്യചിന്താഗതിയിലും പരിവർത്തനം സൃഷ്ടിക്കാൻ പ്രാപ്തമായിരുന്നു അവ.

ഇരിങ്ങാലക്കുടയുടെ കാർഷികമേഖല ഇന്ന് ഏറെ ശുഷ്കമാണ്. ഉള്ളവതന്നെ പരിരക്ഷിക്കാനുള്ള ചെറിയ ശ്രമങ്ങൾ നടന്നുവരുന്നു. വ്യവസായരംഗത്തെ വളർച്ച ഇവിടുത്തെ സാമ്പത്തികാവസ്ഥയെ പരിരക്ഷിക്കുന്നതിൽ ചെറുതല്ലാത്ത പങ്കുവഹി ക്കുന്നുണ്ട്. സാമൂഹ്യ - സാമ്പത്തികമേഖലകളിലെ സംഘർഷഭരിതവും സംഭവബ ഹുലവുമായ ഘട്ടങ്ങളിലൂടെയാണ് ഇരിങ്ങാലക്കുട കടന്നുപോയിട്ടുള്ളത് എന്ന് വ്യക്ത മാണ്. സാമൂഹികബന്ധങ്ങളിലും ധർമ്മബോധത്തിലും സമ്പദ്ഘടനയിലും മറ്റും ഉണ്ടാ കുന്ന വ്യതിയാനങ്ങൾ സാഹിത്യത്തിലും കലാസൃഷ്ടിയിലും പ്രകടമാകുന്നു. മാമൂലുകളെ ചോദ്യംചെയ്ത ആധുനികീകരണ പ്രക്രിയ ഇവിടുത്തെ കലയെയും സാഹിത്യത്തെയും എത്രമാത്രം സ്വാധീനിച്ചിരുന്നു എന്ന് അന്വേഷിക്കേണ്ടതുണ്ട്.

# അദ്ധ്യായം 5

# കലയും സാഹിത്യവും

കലാസാഹിത്യരംഗത്ത്, പ്രത്യേകാൽ ക്ഷേത്രകലാരംഗത്ത് അദ്വിതീയസ്ഥാനമാണ് ഇരിങ്ങാലക്കുടയ്ക്കുള്ളത്. കഥകളി, കൂടിയാട്ടം തുടങ്ങിയ കലാരൂപങ്ങൾ അതിന്റെ സാഹിതീയരൂപത്തിലും ആവിഷ്കാരപ്രകാരത്തിലും വളർന്നുവികസിച്ച ഒരിടം എന്ന സ്ഥാനം ഇരിങ്ങാലക്കുടയ്ക്കുണ്ട്. കലയും സാഹിത്യവും കാലദേശാനുവർത്തിയായ സംസ്കാരത്തെ സാക്ഷാത്കരിക്കുന്നു. അതതു കാലഘട്ടത്തിലെ സാമൂഹ്യജീവിതത്തിന്റെ സർഗ്ഗാത്മക ആവിഷ്കാരമാണത്. സമൂഹത്തിന്റെ വികസനത്തിൽ സുപ്രധാനപങ്കാണ് ഇവയ്ക്കുള്ളത്. പ്രത്യക്ഷമായോ പരോക്ഷമായോ സാമൂഹ്യപരിവർത്തനം സാധ്യമാക്കുന്നതിന് കലയും സാഹിത്യവും സഹായകമാകുന്നു. വൈവിധ്യമാർന്ന ഇടമാണിത്. അനുഷ്ഠാനത്തിന്റെ ഭാഗമായും അല്ലാതെയും കലാപ്രകടനങ്ങൾ പ്രത്യക്ഷപ്പെടുന്നു. ചിരിയും ചിന്തയും പ്രദാനംചെയ്യുന്ന കല അതത് സമൂഹത്തിന്റെ പരിച്ഛേദമാണ്. അനുഭവങ്ങളുടെ വൈവിധ്യവും ആഖ്യാനങ്ങളുടെ വ്യതിരിക്തതയും ഓരോ കലാസൃഷ്ടിയേയും ശ്രദ്ധേയമാക്കുന്നു. എഴുത്തുകാരന്റെ വ്യക്തിസ്വത്വവും സാഹിത്യഗതമായ സ്വത്വവും സമ്മേളിക്കുന്നത് കാലവും ദേശവും ഉണ്ടാക്കിയെടുത്ത ജീവിതദർശനത്തിലൂടെയാണ്.

## 5.1 കൂത്തും കൂടിയാട്ടവും

കേരളത്തിലെ കൂടിയാട്ടഗ്രാമമെന്ന് വിശേഷിപ്പിക്കപ്പെടാറുള്ള ഇടമാണ് ഇരിങ്ങാലക്കുട. ക്ഷേത്രകലകളാണ് കൂത്തും കൂടിയാട്ടവും. സംസ്കൃതനാടകങ്ങളുടെ കേരളീയമായ രംഗാവിഷ്കാരമായാണ് കൂടിയാട്ടം കേരളത്തിൽ വളർച്ചപ്രാപിച്ചത്. പ്രാചീനകാലം മുതൽതന്നെ ചാക്യാന്മാർ കുലത്തൊഴിലായി വ്രതാനുഷ്ഠാനങ്ങളോടെയാണ് ഇത് ചെയ്തുവന്നിരുന്നത്. ചാക്യാർ കുടുംബത്തിൽ ജനിച്ചാലും അരങ്ങേറ്റം എന്ന ചടങ്ങു നിർവ്വഹിച്ചാൽ മാത്രമേ ചാക്യാരായി അംഗീകാരം ലഭിക്കുകയുള്ളൂ. പല ക്ഷേത്രങ്ങളും വർഷംതോറും കൂത്തും കൂടിയാട്ടവും നടത്തുവാൻ പ്രത്യേകമായി ഭൂസ്വത്തുക്കളും മറ്റും കൊടുത്ത് ഓരോ കുടുംബങ്ങളെ അവകാശപ്പെടുത്തിയിട്ടുണ്ട്. “കൂടിയാട്ടം എന്ന സർവോൽകൃഷ്ട തീയേറ്റർ വളരെ ‘ജനകീയ’മല്ലാതിരുന്നിട്ടും രക്ഷപ്പെട്ടുപോരാനും പിൽക്കാലവളർച്ചയ്ക്ക് വഴിയൊരുക്കാനും നിദാനമായത് ചാക്യാർ - നമ്പ്യാർ കുടുംബങ്ങളുടെ ക്ഷേത്രാനുഷ്ഠാനബാധ്യത ഒന്നുകൊണ്ടുമാത്രമാണ് എന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്” എന്ന് വി. രാധാകൃഷ്ണൻ കുറിക്കുന്നു (2013:73). ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രത്തിൽ ഈ അവകാശം സിദ്ധിച്ചിട്ടുള്ളത് അമ്മന്നൂർ ചാക്യാർ കുടുംബത്തിനാണ്. ഇരിങ്ങാലക്കുടയിലേതു കൂടാതെ തിരുമൂഴിക്കുളം, കുരുവമ്പലം എന്നീ ക്ഷേത്രങ്ങളിലും കൂത്തിനും കൂടിയാട്ടത്തിനും സ്ഥിരാവകാശം അമ്മന്നൂർ കുടുംബത്തിനുണ്ട്. തൃശ്ശൂർ വടക്കുംനാഥക്ഷേത്രത്തിലെ അടിയന്തരം ആദ്യകാലത്ത് നടത്തിവന്നിരുന്നത് കുട്ടഞ്ചേരി കുടുംബമായിരുന്നു. എന്നാൽ ഇപ്പോൾ അത് അമ്മന്നൂർ ചാക്യാർകുടുംബമാണ് നിർവഹിക്കുന്നത്.

കേരളോൽപത്തിയോടനുബന്ധിച്ച് ആചാരാനുഷ്ഠാനങ്ങൾ നടപ്പിലാക്കാൻ കൊണ്ടുവന്ന തന്ത്രിമാരോടുകൂടി രണ്ട് ചാക്യാന്മാർ ഉണ്ടായിരുന്നു എന്നും അവരുടെ സന്തതികളാണ് പൊതിയിൽ ചാക്യാർ കുടുംബവും അമ്മന്നൂർ കുടുംബവും എന്ന വിശ്വാസം ഇവർക്കിടയിൽ നിലനിൽക്കുന്നുണ്ട് (മാർഗി മധു, 2007:99). ഈ കുടുംബം ആദ്യകാലത്ത് പട്ടാമ്പിക്കടുത്ത് അമ്മന്നൂർ എന്ന ദേശത്തായിരുന്നു. പിന്നീട് പടയോട്ടത്തിനുശേഷം മൂഴിക്കുളത്ത് അവർ താമസമായി. മൂഴിക്കുളത്തുനിന്നും ഒരു തായ്‌വഴി ഇരിങ്ങാലക്കുടയിലും എത്തിച്ചേർന്നു എന്ന് കരുതപ്പെടുന്നു.

അടിയന്തരക്കൂത്തുകൾ, കാഴ്ചക്കൂത്തുകൾ, വഴിപാട് കൂത്തുകൾ എന്ന് മൂന്നുതരം കൂത്തുകളുണ്ട്. കൊല്ലംതോറും നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നവ അടിയന്തരക്കൂത്തുകളും വിശേഷമായി നിശ്ചയിച്ച് നടത്തുന്നവ കാഴ്ചക്കൂത്തുകളും കാര്യസിദ്ധിക്കുവേണ്ടി മുൻകൂട്ടി നേർന്ന് നടത്തുന്നവ വഴിപാട് കൂത്തുകളുമാണ്. വിഷ്ണുക്ഷേത്രങ്ങളിൽ അംഗുലീയാങ്കത്തിനാണ് പ്രാധാന്യം. ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രത്തിൽ ഇടവമാസത്തിൽ തിരുവോണം തുടങ്ങി 28 ദിവസം പ്രബന്ധം കൂത്തും 12 ദിവസം അംഗുലീയാംഗം കൂത്തും ഒരു കൂടിയാട്ടവും വർഷംതോറും നടത്തേണ്ടതുണ്ട്. "ചാക്യാർ മഠത്തിലെ അമ്മന്നൂർ ചാക്യാരുടെ കുടുംബത്തിലേക്ക് കൂടൽമാണിക്യക്ഷേത്രത്തിൽ കൂത്തും കൂടിയാട്ടവും ശരിയായി നടത്തുന്നതിലേക്കായി കൂടൽമാണിക്യം ദേവസ്വത്തിൽനിന്നും ചില മുതലുകൾ ദാനം ചെയ്തിട്ടുള്ളതിനാലും; ആ വക മുതലുകളുടെയും ആ വക സേവനങ്ങൾക്കുള്ള പ്രതിഫലങ്ങളെയും അന്യാധീനപ്പെടുത്തുകയോ ഭാഗിക്കുകയോ ചെയ്യുന്നതിനെ നിരോധിക്കേണ്ടതിന് ആവശ്യമായിരിക്കുന്നതിനാലും..." എന്ന് തുടങ്ങുന്ന വിളംബരം 1946 ഡിസംബർ 21 -ന് (1122 ധനു 6) നടത്തിയിട്ടുള്ളതായി കാണാം. ഇരിങ്ങാലക്കുട, മനവലശ്ശേരി വില്ലേജുകളിലായി അനവധി ഏക്കർ നിലവും പറമ്പുകളും അമ്മന്നൂർ കുടുംബത്തിന് നൽകിയിട്ടുള്ളതായി രേഖയിൽനിന്ന് വ്യക്തമാണ് (നോ. അനുബന്ധം 1.18). അമ്മന്നൂർ മഠത്തിലെ ചാച്ചുചാക്യാരും വലിയ മാധവചാക്യാരുമാണ് ക്ഷേത്രത്തിലെ അടിയന്തരക്കൂത്തും കൂടിയാട്ടവും ചെയ്തു വന്നിരുന്നത്. കൂത്തമ്പലങ്ങളിൽ പുലരുവോളവും തിങ്ങിനിറഞ്ഞ കാണികൾ ഉറക്കം മറന്നിരുന്ന കാലമായിരുന്നു അത്. പാണ്ഡിത്യവും അഭിനയമികവും വാക്ചാതുരിയുംകൊണ്ട് ആസ്വാദകരെ പിടിച്ചിരുത്താൻ ചാച്ചുചാക്യാരെപ്പോലുള്ള നാട്യകലാചാര്യന്മാർക്ക് സാധിച്ചിരുന്നു.

### 5.1.1 അമ്മന്നൂർ മാധവചാക്യാർ

വെള്ളാരപ്പള്ളി മനക്കൽ പരമേശ്വരൻ നമ്പൂതിരിയുടെയും ഇരിങ്ങാലക്കുട അമ്മന്നൂർ ശ്രീദേവി ഇല്ലോടമ്മയുടെയും മകനായി 1917 മെയ് 13 -നാണ് അമ്മന്നൂർ മാധവൻ ജനിക്കുന്നത്. അമ്മാവൻമാരായ ചാച്ചുചാക്യാരിൽനിന്നും വലിയ മാധവചാക്യാരിൽനിന്നുമാണ് കൂടിയാട്ടത്തിന്റെ ബാലപാഠങ്ങൾ മാധവൻ അഭ്യസിക്കുന്നത്. ഏഴു വയസ്സിൽ തുടങ്ങിയ ഈ പഠനം അരങ്ങിലെത്തുന്നത് പതിനൊന്നാം വയസ്സിൽ തിരുമാന്ധാംകുന്ന് ഭഗവതി ക്ഷേത്രത്തിലാണ്. ബാലചരിതത്തിലെ സൂത്രധാരന്റെ വേഷ

മാണ് അരങ്ങേറ്റത്തിന് അവതരിപ്പിച്ചത്. കിടങ്ങൂർ രാമചാക്യാരുടെ ശിക്ഷണത്തിലും അദ്ദേഹം കൂത്തും കൂടിയാട്ടവും പരിശീലിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ മാന്തിട്ട കുഞ്ചുനമ്പൂതിരിയുടെയും അദ്ദേഹത്തിന്റ ഭാര്യ കൊച്ചിക്കാവ് തമ്പുരാട്ടിയുടെയും കീഴിൽ സംസ്കൃതവും വ്യാകരണവും അഭ്യസിച്ചു. കുഞ്ഞുണ്ണി തമ്പുരാനിൽനിന്നാണ് മാധവചാക്യാർ നാട്യശാസ്ത്രം കരഗതമാക്കിയത്.

കുട്ടിക്കാലത്ത് കൂടിയാട്ടകലാകാരനാകാൻ ആഗ്രഹിച്ചിരുന്ന വ്യക്തിയല്ല മാധവചാക്യാർ. ഇംഗ്ലീഷ് പഠിച്ച് സർക്കാർജോലി നേടാനായിരുന്നു അദ്ദേഹത്തിന് താൽപര്യം. എന്നാൽ അമ്മാവനായിരുന്ന വലിയ മാധവചാക്യാരുടെ അകാലമരണം, കുലധർമ്മമനുഷ്ഠിക്കാൻ അദ്ദേഹത്തെ നിർബന്ധിതനാക്കുകയായിരുന്നു. ഇതേക്കുറിച്ച് 'കലയുടെ അഗ്നിശുദ്ധി' എന്ന ലേഖനത്തിൽ കെ.വി. രാമനാഥൻ ഇപ്രകാരം എഴുതുന്നു, "അനുജനായ മാധവചാക്യാരുടെ അകാലമരണം ചാച്ചുചാക്യാരെ വല്ലാതെ തളർത്തി. തനിക്കുണ്ടായിരുന്ന താങ്ങാണ് ഒടിഞ്ഞുവീണത്. തന്നോടൊപ്പം നിൽക്കാനും തനിക്കുശേഷം ഈ പ്രവർത്തിയുമായി മുന്നോട്ടു പോകുവാനും ആരുണ്ട്? പ്രതീക്ഷയ്ക്ക് വക നൽകിയിരുന്ന അനന്തരവൻ മാധവന് (ഇന്നത്തെ പത്മഭൂഷൻ അമ്മന്നൂർ മാധവചാക്യാർ) വേണ്ടത്ര താല്പര്യമില്ലാതായിരിക്കുന്നു. കുറെയൊക്കെ പഠിച്ചശേഷം ആളുടെ ചിന്ത വഴിമാറി പോകുന്നുണ്ടോ എന്നൊരു ശങ്ക. ഇതുകൊണ്ടൊക്കെ എന്തു കാര്യം. മറ്റൊരമ്മാമനായ മാധവചാക്യാരെപ്പോലെ ഇംഗ്ലീഷ് പഠിച്ച് ബി.എ.എൽ.ടി. പാസ്സായി ഹൈസ്കൂൾ അധ്യാപകനാകുക. കോട്ടും തൊപ്പിയും ഒക്കെ ധരിച്ച് മാന്യനായി നടക്കുക. കൂത്തമ്പലത്തിനു പുറത്ത് അമ്പലമതിൽക്കെട്ടിനുപുറത്ത് കൂത്തിനും കൂടിയാട്ടത്തിനും എന്ത് സ്ഥാനം? ഇങ്ങനെയൊക്കെ ഒരു നിരാശാബോധമോ പരിഷ്കാരത്തിലേക്ക് കടന്നുപോകാനുള്ള വെമ്പലോ എന്തൊക്കെയോ മാധവചാക്യാരെ അലട്ടിയിരുന്നു. അനുജന്റെ ശവസംസ്കാരചടങ്ങുകൾക്കൊന്നും മുതിരാതെ തളർന്നു കിടക്കുന്ന ചാച്ചുചാക്യാരോട് ഒരു ബന്ധു ചോദിച്ചു. എന്തു കിടപ്പാ ഇത്? ഇനിയത്തെ കാര്യങ്ങൾ തുടങ്ങണ്ടേ? ചാച്ചുചാക്യാർ നെഞ്ചത്തടിച്ച് കരഞ്ഞുകൊണ്ട് ഒരു ചോദ്യം. എന്നെ സഹായിക്കാൻ ഇനി ആരാ? ഈ ചോദ്യത്തിന്റെ മുൾമുന ചെന്ന് തറച്ചത് മാധവചാക്യാരുടെ മനസ്സിൽ. താൻ നിന്നനിൽപ്പിൽ ഉരുകിപ്പോയെന്നാണ് അദ്ദേഹം പറയുന്നത്. പിന്നെ ഒരു തീരുമാനമെടുക്കാൻ താമസമുണ്ടായില്ല. ചാച്ചമ്മാന്റെ ദുഃഖത്തിന് പരിഹാരം കണ്ടേ തീരൂ. മറ്റൊരു വഴിയും തന്റെതല്ല" (2007:65-6). തുടർന്ന്

അദ്ദേഹം നടത്തിയ കഠിനപ്രയത്നത്തിന്റെ ഫലമാണ് ഇന്നറിയുന്ന പത്മഭൂഷൻ അമ്മന്നൂർ മാധവചാക്യാർ.

വർഷങ്ങളോളംനീണ്ട കഠിനപരിശ്രമത്തിലൂടെയാണ് വാക്കിലും രസാഭിനയത്തിലും അദ്ദേഹം പ്രാഗത്ഭ്യം നേടിയെടുത്തത്. അനുഭവസമ്പത്ത് അദ്ദേഹത്തിന് ആത്മവിശ്വാസമേകി. ഒരിക്കൽ പാലിയത്തമ്മയിൽനിന്നുണ്ടായ ദുരനുഭവം തന്റെ കലാജീവിതത്തിലുണ്ടാക്കിയ പരിവർത്തനത്തെക്കുറിച്ച് ദൂരദർശനു നൽകിയ ഒരഭിമുഖത്തിൽ അദ്ദേഹം പരാമർശിക്കുന്നുണ്ട്. 1941 -ൽ കൊച്ചിയിലെ ചേന്ദമംഗലത്ത് വിഷ്ണുവിന്റെ അമ്പലത്തിൽ പാലിയം വക 5 ദിവസത്തെ കൂത്ത് നിശ്ചയിച്ചിരുന്നു. പക്ഷേ ഒരു ദിവസം കഴിഞ്ഞ് കൂത്ത് മതിയാക്കാം എന്ന് പറഞ്ഞ് മൂന്ന് രൂപ പ്രതിഫലം പരിചാരകന്റെ കൈവശം പാലിയത്തു വലിയമ്മ കൊടുത്തയച്ചു. ആ പ്രതിഫലം കൈ നീട്ടി വാങ്ങാൻ പോലും വിസമ്മതിച്ച അദ്ദേഹത്തിന് യദൃശ്ചയാ പാലിയത്ത് കുഞ്ഞുണ്ണി അച്ഛൻ അഞ്ച് ദിവസം തികയ്ക്കാൻ മറ്റൊരവസരം നൽകുകയായിരുന്നു.[1] പിന്നെയും പന്ത്രണ്ട് ദിവസത്തേക്ക് കൂത്ത് നീട്ടുകയും ചെയ്തു. കൂത്തിന്റെ അവസാന ദിവസം വലിയമ്മതന്നെ അമ്മന്നൂരിനെ ഉച്ചഭക്ഷണത്തിന് കോവിലകത്തേക്ക് ക്ഷണിക്കുകയും അഞ്ചുരൂപയും രണ്ട് മുണ്ടും നൽകി ആദരിക്കുകയും ചെയ്തു. കൂടാതെ എല്ലാ കൊല്ലവും കൂത്തുനടത്താനുള്ള ക്ഷണവും ലഭിച്ചു.

വലിയമ്മയും പാലിയത്തച്ചനുമായിരുന്നു അമ്മന്നൂരിനെ പുടപാകം ചെയ്ത ഗുരുക്കന്മാർ എന്ന് ഡോ. കെ.ജി. പൗലോസ് വിലയിരുത്തുന്നു. "വീരരസത്തിന്റെ സ്ഥായി ഉത്സാഹമാണ്; ഉത്സാഹത്തിന്റെ ലക്ഷണം ഉൽക്കർഷേച്ഛയും. ഉയരുവാനുള്ള മോഹം അത്യുത്ക്കടമാവുമ്പോഴാണ് തികവിനും മികവിനുംവേണ്ടി കലാകാരൻ കഷ്ടപ്പെടുന്നത്. ഈ മനോഭാവമാണ്, പട്ടിക്കാംതൊടിയെ എന്നപോലെ, അമ്മന്നൂരിനെയും കൊടുങ്ങല്ലൂരിലെത്തിച്ചത്. പണ്ഡിതരാജൻമാരായ കുഞ്ഞിക്കാവ് തമ്പുരാട്ടിയും മാന്തിട്ട കുഞ്ചുനമ്പൂതിരിയുടെയും കീഴിൽ സംസ്കൃതശിക്ഷണം, ഭാഗവതർ കുഞ്ഞുണ്ണിത്തമ്പുരാന്റെ നേതൃത്വത്തിലുള്ള അഭിനയപാഠങ്ങൾ - ഇതൊക്കെ അമ്മന്നൂരിനെ വളർത്തിയ അപൂർവ അനുഭവങ്ങൾ ആയിരുന്നു. മറ്റൊരുതരത്തിൽ പറഞ്ഞാൽ ഒരു സാധാരണ അടിയന്തിരക്കാരനായി മാറിയേക്കാമായിരുന്ന അമ്മന്നൂരിനെ കൂടിയാട്ടത്തിന്റെ കുലപതിയാക്കി ഉയർത്തിയത് അരങ്ങിലെ അനുഭവങ്ങളും കളരിയിലെ ക്ലേശ

[1] https://www.youtube.com/watch?v=2r4qIG9C404

ങ്ങളുമായിരുന്നു" (2007:70). ആത്മവിശ്വാസം വളർത്തുന്നതിലും ഈ ഗുരുക്കൻമാരുടെ പരിചരണം സഹായകമായിട്ടുണ്ട്. തന്റെ കണ്ണുകൾ രസസ്ഫൂർത്തിക്ക് തടസ്സമാകുമോ എന്ന ആശങ്ക മാധവചാക്യാർക്കുണ്ടായിരുന്നു. 'കാഴ്ചക്കാരിലേയ്ക്ക് പകരാൻ കഴിയുന്നു ണ്ടല്ലോ. അത് തന്നെ ധാരാളം' എന്ന് പറഞ്ഞ് അദ്ദേഹത്തെ ആശ്വസിപ്പിച്ച് ആത്മ വിശ്വാസം പകർന്നത് ഭാഗവതർ കുഞ്ഞുണ്ണി തമ്പുരാനായിരുന്നു (കെ.ജി. പൗലോസ്, 2007:70).

കൂടിയാട്ടത്തിലെ സംസ്കൃതശ്ലോകങ്ങളെ മലയാളത്തിൽ വിസ്തരിച്ചവതരിപ്പിക്കു മ്പോൾ സാമൂഹ്യവിമർശനത്തിന് ലഭിക്കുന്ന അവസരങ്ങൾ അദ്ദേഹം പരമാവധി പ്രയോജനപ്പെടുത്തി. അകൃത്രിമമായ ഫലിതാവതരണത്തിലൂടെ അദ്ദേഹത്തിന്റെ വാക്കിന്റെ തിളക്കമറിഞ്ഞ സദസ്യർ ഏറെയാണ്. രാജവാഴ്ചയിൽ മാത്രമല്ല, ജനാ ധിപത്യകാലത്തും അതിന് പ്രസക്തിയുണ്ട് എന്നതിന് അദ്ദേഹത്തിന്റെ അവതരണ ങ്ങൾ സാക്ഷ്യം നൽകി. "ശ്രീ സി. അച്യുതമേനോൻ സന്നിഹിതനായ സദസ്സ്. അടിയന്തരാവസ്ഥയിലെ അതിക്രമങ്ങൾ മുഖ്യമന്ത്രിയെ അസ്വസ്ഥനാക്കിയിരുന്നുവെ ന്നും നിയന്ത്രണം അദ്ദേഹത്തിൽനിന്നും വഴുതി പോയിരുന്നുവെന്നും പ്രധാനമന്ത്രി യുടെ ഇഷ്ടത്തിന് വഴങ്ങാതെ ഗതിയില്ലാതായെന്നും മറ്റും ജനങ്ങൾ അടക്കം പറഞ്ഞി രുന്ന കാലം. കൂത്തിൽ ശ്രീകൃഷ്ണനെപ്പറ്റിയാണ് പറയുന്നത്. ദേവി പറയുന്നതൊ ക്കെ ഭഗവാൻ അനുസരിക്കുന്നു എന്ന് പറഞ്ഞുവന്ന് പര്യായങ്ങൾ മാറ്റി മാറ്റി പെട്ടെ ന്നൊരു ചോദ്യം: 'ഇന്ദിര പറഞ്ഞാൽ അച്യുതന്, പിന്നെ, കേൾക്കാതെ പറ്റുമോ?' തറച്ചൊരു നോട്ടം. അമർത്തിയൊരു ചിരി. ആയിരം ഭർത്സനത്തിന്റെ ഊക്ക് ഒറ്റ വാക്കിന്! (കെ.ജി. പൗലോസ്, 2007:74). അവിദഗ്ധർ അരോചകമാക്കിയേക്കാ വുന്ന വർണ്ണനകൾ മാധവചാക്യാർ അനശ്വരമാക്കിയിരുന്നതെങ്ങനെയെന്നും കെ.ജി. പൗലോസ് ഉദാഹരിക്കുന്നുണ്ട്.

അമ്മന്നൂരിന്റെ അശനം കേട്ടാൽ നിറഞ്ഞുണ്ട പ്രതീതിയാണ്. ഓരോ പന്തി യിൽനിന്ന് അടുത്തടുത്ത പന്തിയിലേക്ക് എത്തുമ്പോഴേക്കും കാണികളുടെ നാവിലും വെള്ളമൂറും. "പരിഹാസത്തെപോലും പരിഹാസ്യമാക്കുന്ന ഒരു ശൈലിയുണ്ട് അമ്മന്നൂ രിന്. പായസം വായിൽ നിറഞ്ഞ് താഴേക്കിറങ്ങാൻ ഇടമില്ലാതെ വരുമ്പോൾ പ്ലാവി ലകൊണ്ടത് കോരിക്കളഞ്ഞ് വീണ്ടും നിറയ്ക്കാൻ പറയുന്നിടത്തെ ഭാവമതാണ്. ഭുക്തി വധുവിനെ വർണ്ണിക്കുന്ന ആ പ്രസിദ്ധശ്ലോകത്തിൽ സഭ്യതയുടെ സീമലംഘിക്കാതെ

പറഞ്ഞൊപ്പിക്കാൻ അസാമാന്യമായ വൈദഗ്ധ്യംതന്നെ വേണം. പായസത്തെ സ്ത നത്തോടുപമിക്കുമ്പോൾ അനുഭവം വരുത്തുന്നത് വാക്കിലൂടെയല്ല, നോട്ടത്തിലൂടെയും ഭാവത്തിലൂടെയുമാണ്" (2007:75). ബാലിവധത്തിലെ ബാലി, ജഡായുവധത്തിലെ ജഡായു, തോരണയുദ്ധത്തിലെ ഹനുമാൻ, ശൂർപ്പണഖാംങ്കത്തിലെ ശൂർപ്പണഖ തുട ങ്ങി ഒട്ടനവധി വേഷങ്ങൾ അദ്ദേഹം അനശ്വരമാക്കി. കൈലാസോദ്ധാരണത്തിലെ പകർന്നാട്ടം ഏറെ ശ്രദ്ധേയമായിരുന്നു. പുഷ്പകവിമാനത്തിന്റെ വഴിതടഞ്ഞ കൈലാ സപർവ്വതത്തോടുള്ള രാവണന്റെ കോപം, ഗംഗയെ പ്രണയിച്ച ശിവനായുള്ള രൂപാ ന്തരണം, പാർവതീവിരഹം, പാർവതിയുടെ മൃദുലമായ മാനസികാവസ്ഥ - എല്ലാം അദ്ദേഹത്തിന്റെ കൈകളിൽ ഭദ്രമായിരുന്നു. ശ്വസനതലങ്ങളുടെ ഗതിവിഗതികളിൽ വരുത്തിയ അത്ഭുതപൂർവ്വമായ വ്യതിയാനങ്ങളിലൂടെ ബാലിയുടെ മരണരംഗം അവത രിപ്പിച്ച് രാജ്യാന്തരതലത്തിൽ പോലും ശ്രദ്ധേയമായ പ്രകടനം കാഴ്ചവയ്ക്കാൻ അദ്ദേഹ ത്തിന് കഴിഞ്ഞു. ഫ്രാൻസ്, സ്വിറ്റ്സർലാൻഡ്, ജപ്പാൻ, നെതർലാൻഡ്, ഇംഗ്ലണ്ട് തുടങ്ങി പാരീസിലെ യുനെസ്കോ കേന്ദ്രത്തിലടക്കം നിരവധി വിദേശവേദികളിലെ പ്രേ ക്ഷകർ ആ അഭിനയമികവ് വിസ്മയത്തോടെ കണ്ടു. അങ്ങനെ ലോകപൈതൃകപട്ടി കയിൽ യുനെസ്കോ അംഗീകരിച്ച ആദ്യ നൃത്തരൂപമായി കൂടിയാട്ടം.

ക്ഷേത്രമതിൽക്കെട്ടിന് പുറത്തുപോലും അനുവദനീയമല്ലാതിരുന്ന കലാ രൂപത്തെ ലോകവേദികളിൽ ആഘോഷമാക്കാൻ വേണു ജി.യുടെ സഹകരണ ത്തോടെ അമ്മന്നൂരിന് സാധിച്ചു. പരമ്പരാഗത ഇടങ്ങൾക്ക് പുറത്ത്, അതും കടൽ കടന്നുള്ള വിദേശയാത്രയ്ക്ക് അമ്മന്നൂർ ആദ്യമൊന്ന് മടിച്ചിരുന്നു. ഇരിങ്ങാലക്കുട യിലെ പുരോഗമന ചിന്താഗതിക്കാരായ സുഹൃത്തുക്കളുടെ സ്നേഹനിർബന്ധത്തിനു വഴങ്ങിയാണ് അദ്ദേഹം പാരീസിലെത്തിയതെന്ന് കെ.വി. രാമനാഥൻ ഓർക്കുന്നു.[2] ജാതീയതയും ക്ഷേത്രാചാരങ്ങളുമായി ഇഴുകിച്ചേർന്ന കുടുംബത്തിൽനിന്നുമാണ് അദ്ദേ ഹത്തിന്റെ കലാപരിസരം രൂപപ്പെട്ടിട്ടുള്ളത്. എങ്കിലും കൂടിയാട്ടം എന്ന കലാരൂപ ത്തിന്റെ മുന്നോട്ടുള്ള വളർച്ചയ്ക്ക് അത്തരം മാമൂലുകൾ തടസ്സമാകുന്ന ഘട്ടങ്ങളെയെല്ലാം മറികടക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. ആദ്യകാലത്ത് വിശ്വാസത്തിന്റെ പേരിൽ താൻതന്നെ എതിർത്തിരുന്ന വിദേശപര്യടനത്തിന് പോയതും കൂത്തമ്പലത്തിൽ അവസരോചിതമായി, പതിവില്ലാത്ത ഭാഗങ്ങളിൽ സ്ത്രീവേഷത്തെ ഉൾപ്പെടുത്തി

[2]https://indiaartreview.com/stories/part -2 -ammannur -madhava -chakyar -the -legend -who -lived -and -breathed -koodiyattam/

യതും അത്തരം മറികടക്കലുകൾക്ക് ഉദാഹരണമാണ് എന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. ചാക്യാരിതരസമുദായത്തിൽപ്പെട്ട ശിഷ്യരെ അംഗീകരിക്കാനും അഭ്യസിപ്പിക്കാനും അദ്ദേഹം തയ്യാറായി. കലയ്ക്കും ജാതീയതയ്ക്കും ഇടയിൽനിന്ന് കല തിരഞ്ഞെടുത്ത അമ്മന്നൂരിന്റെ നിലപാടുകളെയാണ് ഇത് വ്യക്തമാക്കുന്നത് (ഇന്ദു ഇടപ്പള്ളി, 2007:84). കൂത്തമ്പലത്തിന്റെ അതിരുകൾ ഇല്ലാതാക്കിയ കലാകാരനായി വരുംകാലം അദ്ദേഹത്തെ അടയാളപ്പെടുത്തും.

അമ്മാമന്റെ പേരിലുള്ള കളരിയിൽ താൻരൂപപ്പെടുത്തിയ ശിഷ്യരിലൂടെ ആയിരിക്കും അദ്ദേഹം ഇനി നമ്മുടെയിടയിൽ ജീവിക്കുന്നത് എന്ന് കെ.ജി. പൗലോസ് വിലയിരുത്തുന്നു. ആചാര്യനാകാൻ കഴിയുക എന്നത് നടന്റെ മഹാഭാഗ്യങ്ങളിൽ ഒന്നാണ് (2007:75). ശിഷ്യനും പിന്നീട് സഹപ്രവർത്തകനുമായ വേണു ജി. മുതൽ അനുജനായ മൂഴിക്കുളം കൊച്ചുകുട്ടൻ ചാക്യാർ, മരുമകനായ അമ്മന്നൂർ കുട്ടൻചാക്യാർ, മാർഗി മധു, മാർഗി നാരായണൻ, അമ്മന്നൂർ രജനീഷ്, ഉഷാ നങ്ങ്യാർ, സൂരജ് നമ്പ്യാർ, അപർണ്ണ നങ്ങ്യാർ, രഞ്ജിത് രാമചന്ദ്രൻ, കപില വേണു, സരിത കൃഷ്ണകുമാർ തുടങ്ങിയിങ്ങോട്ടുള്ള അദ്ദേഹത്തിന്റെ ശിഷ്യരിലൂടെ ഇരിങ്ങാലക്കുടയുടെ കലായശസ്സ് ലോകമറിഞ്ഞുകൊണ്ടിരിക്കുന്നു. 1981 -ൽ പത്മശ്രീയും 2002 -ൽ പത്മഭൂഷണും നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചു.

### 5.1.2 വേണു ജി.

തിരുവനന്തപുരം നെടുമങ്ങാട് ചിറ്റൂർ ഗോപാലൻ നായരുടെയും സുമതിക്കുട്ടിയമ്മയുടെയും മകനായി 1945 -ലാണ് വേണു ജി. ജനിക്കുന്നത്. പതിമൂന്നാംവയസ്സിൽ ചെങ്ങന്നൂർ രാമൻപിള്ളയുടെയും ഗുരു ഗോപിനാഥന്റെയും ശിഷ്യനായി കഥകളിദീക്ഷ സ്വീകരിച്ച കലാകാരനാണ് അദ്ദേഹം. എന്നാൽ വടക്കുംനാഥക്ഷേത്രത്തിൽവച്ച് അമ്മന്നൂർ മാധവചാക്യാരുടെ കൂടിയാട്ടം കാണാനിടയായ വേണു ജി. അതിൽ ആകൃഷ്ടനായി. അങ്ങനെ അമ്മന്നൂർ മാധവചാക്യാരുടെയും അമ്മന്നൂർ പരമേശ്വരചാക്യാരുടെയും ആദ്യത്തെ ചാക്യാരിതര ശിഷ്യനായി അദ്ദേഹം ഇരിങ്ങാലക്കുടയിൽ എത്തുന്നു.

നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ സംസ്കൃത നാടകാഭിനയത്തിന്റെ അനന്തസാധ്യതകൾ അദ്ദേഹത്തെ ആകർഷിച്ചു. 37 -ാം വയസ്സിൽ കാലിക്കറ്റ് സർവ്വകലാശാ

ലയിലെ സ്കൂൾ ഓഫ് ഡ്രാമ ആന്റ് ഫൈൻ ആർട്സിലെ സ്ഥിരംജോലി രാജിവച്ച വേണു, താമസം ഇരിങ്ങാലക്കുടയിലേക്ക് മാറ്റി. അമ്മന്നൂർ മാധവചാക്യാരുടെ പ്രിയ ശിഷ്യനായ അദ്ദേഹം, 1982 -ൽ അമ്മന്നൂർ ചാച്ചുചാക്യാർ സ്മാരക ഗുരുകുലത്തിന്റെ സ്ഥാപനത്തിൽ നേതൃത്വപരമായ പങ്കുവഹിച്ച വ്യക്തിയാണ്. തോരണയുദ്ധത്തിലെ രാവണൻ, ശൂർപ്പണഖാങ്കത്തിലെ ശൂർപ്പണഖ, കല്യാണസൗഗന്ധികത്തിലെ ഭീമനും ഹനുമാനും തുടങ്ങിയ ഒട്ടനവധി വേഷങ്ങളെ അദ്ദേഹം യാഥാർത്ഥ്യമാക്കി.

സ്വീഡൻ ആസ്ഥാനമായുള്ള വേൾഡ് തിയറ്റർ പ്രോജക്റ്റിന്റെ ഓണററി ഡയറക്ടർമാരിൽ ഒരാളായി അദ്ദേഹത്തെ നിയമിച്ചപ്പോൾ, കേരളത്തിന്റെ കലാരൂപങ്ങളെ അന്തർദേശീയമായി തുറന്നുകാട്ടുന്നതിനുള്ള മികച്ച അവസരമായി അതിനെ പ്രയോജനപ്പെടുത്തി. കാളിദാസശാകുന്തളത്തെ 11 മണിക്കൂർ നീണ്ടുനിൽക്കുന്ന നൃത്തശില്പമാക്കി സംവിധാനം ചെയ്തു. ഇത് നിരവധി അന്താരാഷ്ട്ര വേദികളിൽ അവതരിപ്പിക്കാനും അദ്ദേഹത്തിന്റെ സംഘത്തിന് സാധിച്ചു. *വിക്രമോർവശീയം, ഊരുഭംഗം* തുടങ്ങിയ കൃതികളും അദ്ദേഹം ഇത്തരത്തിൽ നൃത്തസംവിധാനം നിർവ്വഹിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ കളരിയിൽ രൂപംകൊണ്ട 'സ്വരവായു' എന്ന അഭിനയപരിശീലനപദ്ധതിയിൽ പഠനം നടത്തി കാലോചിതമായ മാറ്റങ്ങളോടെ 'നവരസസാധന'ക്ക് രൂപം നൽകി. 15 ദിവസത്തെ പാഠ്യപദ്ധതിയായി തയ്യാറാക്കിയ ഈ കോഴ്സ് നടനകൈരളിയുടെ നേതൃത്വത്തിൽ നടത്തിവരുന്നു. ഇന്ത്യയ്ക്കുള്ളിൽനിന്നും പുറത്തുനിന്നും ഈ രീതി സ്വായത്തമാക്കുന്നതിനായി കലാകാരൻമാർ ഇവിടെയെത്തുന്നു. കഥകളി, കൂടിയാട്ടം, മോഹിനിയാട്ടം തുടങ്ങിയ ക്ലാസിക്കൽ കലകൾ മാത്രമല്ല ഇതര രംഗകലകളായ പാവകഥകളി, തോൽപ്പാവക്കൂത്ത്, മുടിയേറ്റ്, കാക്കാരിശ്ശി നാടകം, കുമ്മാട്ടികളി, പടയണി തുടങ്ങിയ മറ്റുപല അവതരണ കലാരൂപങ്ങളും നാശത്തിന്റെ വക്കിലാണെന്ന് വേണു ജി. തിരിച്ചറിഞ്ഞു. അതുകൊണ്ടുതന്നെ അപൂർവ കലകളുടെ സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. ഇതോടെ കേരളത്തിലെ അവതരണകലാരൂപങ്ങളുടെ പ്രചാരകൻ എന്ന നിലയിൽ വേണു ജി. ശ്രദ്ധനേടി.

അവതാരകൻ എന്നനിലയിൽ മാത്രമല്ല, ലോകമെമ്പാടുമുള്ള രാജ്യങ്ങളിൽ അദ്ദേഹം സോദാഹരണ പ്രഭാഷണങ്ങളിലൂടെയും ഇത്തരം കലാരൂപങ്ങളുടെ പ്രാധാന്യം ലോകശ്രദ്ധയിൽ എത്തിച്ചു. യൂറോപ്പിലെ ഫ്രാൻസ്, സ്വിറ്റ്സർലൻഡ്, ഇറ്റലി, നെതർലാൻഡ്സ്, സ്വീഡൻ, ഗ്രീസ്, ജർമ്മനി, ഇംഗ്ലണ്ട്, പോളണ്ട്, സ്പെയിൻ തുടങ്ങിയ

രാജ്യങ്ങളിലും ഏഷ്യയിലെ സിംഗപ്പൂർ, ജപ്പാൻ, ചൈന, ശ്രീലങ്ക, ദക്ഷിണ കൊറിയ, മലേഷ്യ എന്നിവിടങ്ങളിലും അദ്ദേഹം ഈ കലാരൂപങ്ങളുമായി പര്യടനം നടത്തിയിട്ടുണ്ട്. 1979 -ൽ താഷ്കന്റിൽ നടന്ന ഏഷ്യൻ രാജ്യങ്ങളുടെ പപ്പറ്റ് തിയേറ്ററുകളുടെ ഇന്റർനാഷണൽ ഫെസ്റ്റിവലിൽ പാവക്കൂത്ത് അവതരിപ്പിച്ചു. പോളണ്ടിലെ പതിനൊന്നാമത് അന്താരാഷ്ട്ര പപ്പറ്റ് തിയേറ്റർ ഫെസ്റ്റിവലിലും 1986 -ൽ ജപ്പാനിൽ നടന്ന രണ്ടാമത്തെ ഏഷ്യൻ യുണിമാസ് റീജിയണൽ മീറ്റിംഗിലും അദ്ദേഹം പാവകഥകളി അവതരിപ്പിച്ചു.

കേരള സാഹിത്യ അക്കാദമി അവാർഡ് (1977), ഹോമി ബാബ ഫെല്ലോഷിപ്പ് (1985), ഗോഥെ ഇൻസ്റ്റിറ്റ്യൂട്ട് സ്കോളർഷിപ്പ് (1989), ഇന്ത്യൻ ഗവൺമെന്റ് ഓഫ് കൾച്ചർ ഡിപ്പാർട്ട്മെന്റ് സീനിയർ ഫെല്ലോഷിപ്പ് (1982) എന്നിങ്ങനെ ഒട്ടനവധി ബഹുമതികളും ഗവേഷണ ഫെല്ലോഷിപ്പുകളും അദ്ദേഹം നേടിയിട്ടുണ്ട്. കൂടിയാട്ടത്തിൽ, കേരളകലാമണ്ഡലം ഫെല്ലോഷിപ്പ് ലഭിക്കുന്ന ആദ്യ ചാക്യാരല്ലാത്ത വ്യക്തിയാണ് വേണു ജി.. 2023 -ലെ രംഗകലകൾക്കായുള്ള സമഗ്രസംഭാവനക്ക് നൽകുന്ന കേന്ദ്രസംഗീതനാടകഅക്കാദമിയുടെ പുരസ്കാരം വേണു ജി.ക്കാണ് ലഭിച്ചത്. മികച്ച എഴുത്തുകാരൻ കൂടിയായ അദ്ദേഹം രംഗകലകളുടെ സങ്കേതങ്ങളെക്കുറിച്ച് ഇരുപതോളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഭാരതീയ നൃത്തങ്ങളെ രേഖപ്പെടുത്തുവാനുള്ള പ്രഥമ നൊട്ടേഷൻ പദ്ധതിക്ക് രൂപം നൽകിയത് വേണു ജി.യാണ്. കൂടിയാട്ടം, കഥകളി, മോഹിനിയാട്ടം തുടങ്ങിയ നൃത്ത്യനാട്യകലകളിലെ കൈമുദ്രകളെ രേഖപ്പെടുത്തുകയും പ്രസിദ്ധീകരിക്കുകയും ചെയ്തു. *കഥകളിയിലെ കൈമുദ്രകൾ* എന്ന കൃതി 1977 - ൽ കേരള സംഗീത നാടക അക്കാദമി പ്രസിദ്ധീകരിച്ചു. ഇതിന്റെ ഇംഗ്ലീഷ് പതിപ്പായ *മുദ്രാസ് ഇൻ കഥകളി* (Mudras in Kathakali) 1984 -ൽ നടന കൈരളി പ്രസിദ്ധീകരിച്ചു. 1994 -ൽ *കഥകളി മുദ്ര നിഘണ്ടു* എന്ന പേരിൽ 587 മുദ്രകളുടെ സമാഹാരം കേരള സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ് പുറത്തിറക്കി. *പ്രൊഡക്ഷൻ ഓഫ് എ പ്ലേ ഇൻ കൂടിയാട്ടം* (PRODUCTION OF A PLAY IN KUTIYATTAM), *പപ്പട്രി ആന്റ് ലെസ്സർ - നോൺ ഡാൻസ് ട്രഡീഷൻസ് ഓഫ് കേരള* (PUPPETRY AND LESSER -KNOWN DANCE TRADITIONS OF KERALA), *തോൽപ്പാവക്കൂത്ത്: ഷാഡോ പപ്പറ്റ്സ് ഓഫ് കേരള* (TOLPAVA KOOTHU: SHADOW PUPPETS OF KERALA) തുടങ്ങിയവ അദ്ദേഹത്തിന്റെ കൃതികളിൽ ചിലതുമാത്രമാണ്. തോൽപ്പാവക്കൂത്തിനെക്കുറിച്ച് തയ്യാറാക്കിയ

മോണോഗ്രാഫ് കേന്ദ്ര സംഗീത നാടക അക്കാദമിയാണ് പ്രസിദ്ധീകരിച്ചത്. *രാമായണസംക്ഷേപം ആട്ടപ്രകാരം* അദ്ദേഹത്തിന്റെ രചനകളിൽ ശ്രദ്ധേയമാണ്. *അമ്മന്നൂർ മാധവചാക്യാർ എന്റെ കൂടിയാട്ടം സ്മരണകളിലൂടെ* എന്ന കൃതിയിലൂടെ വേണു ജി. തന്റെ ഗുരുനാഥനെ സ്മരിക്കുന്നു.

## യുനെസ്കോ വേദിയിൽ

യുനെസ്കോയുടെ (United Nations Educational, Scientific and Cultural Organization) ഏഷ്യൻ കൾച്ചറൽ സെന്ററിന്റെ വിദഗ്ധസമിതിയിലേക്ക് വേണു ജി. യെ തിരഞ്ഞെടുത്തത് കേരള കലാലോകത്തിനുലഭിച്ച വലിയ അംഗീകാരമാണ്. ആ അംഗീകാരം അദ്ദേഹം പ്രയോജനപ്പെടുത്തുകതന്നെ ചെയ്തു. യുനെസ്കോയുടെ ലോക പൈതൃകപട്ടികയിൽ ഉൾപ്പെട്ട ഇന്ത്യയിലെ ആദ്യ അഭിനയനൃത്തരൂപമാണ് കൂടിയാട്ടം. ഇത്തരമൊരു അംഗീകാരം കൂടിയാട്ടത്തിന് ലഭിക്കുന്നതിനായി വേണു ജി. നേതൃത്വപരമായ പങ്കുവഹിച്ചു.

2001 ഒക്ടോബർ 16 -ന് യുനെസ്കോയുടെ മുപ്പത്തി ഒന്നാമത് ജനറൽ കൗൺസിൽ പാരീസിൽവച്ച് നടത്തുന്നതിനോടനുബന്ധിച്ച് അമ്മന്നൂർ മാധവചാക്യാരും സംഘവും കൂടിയാട്ടം അവതരിപ്പിച്ചു. ആ ദിവസത്തെ അനുഭവവും അമ്മന്നൂരിന്റെ അഭിനയത്തികവും വേണു ജി. രേഖപ്പെടുത്തുന്നത് ഇങ്ങനെയാണ്, "യുനെസ്കോ ഹാൾ നിറഞ്ഞുകവിഞ്ഞിരുന്നു. ജനറൽ കൗൺസിൽ അംഗങ്ങൾക്കുപുറമേ പാരിസിൽ ഇന്ത്യൻ കലകളുമായി ബന്ധപ്പെട്ടവരെയും ക്ഷണിച്ചിരുന്നു. പി.കെ. നാരായണൻ നമ്പ്യാർ മിഴാവൊച്ചപ്പെടുത്തി. തുടർന്ന് രാജീവിന്റെയും ഹരിഹരന്റെയും മേളത്തിന്റെ പശ്ചാത്തലത്തിൽ മാധവചാക്യാർ അഭിവാദ്യം ചെയ്ത് പീഠം തൊട്ടുവണങ്ങി ഇരുന്നു. സാവധാനം ശ്രീ പരമശിവന്റെയും പാർവതിദേവിയുടെയും സങ്കൽപ്പത്തിൽ പുരുഷ - സ്ത്രീഭാവങ്ങൾ കാട്ടി മറ്റു ഭാവങ്ങളുടെ ഒരു തുടർച്ചകാട്ടി കരുണരസത്തിലേക്ക് വന്നപ്പോൾ ചാക്യാരുടെയും സദസ്സിന്റെയും കണ്ണുകൾ ഈറനണിഞ്ഞു. എല്ലാം ഉൾക്കൊള്ളുന്ന ശാന്തത്തിൽ അവസാനിച്ചപ്പോൾ അദ്ദേഹം നവരസങ്ങളിലൂടെ മനുഷ്യജീവിതം വരച്ചുകാട്ടുകയായിരുന്നു. ദീർഘനേരം നീണ്ടുനിന്ന കരഘോഷം നിലച്ചത് അടുത്ത ഇനമായ ശൂർപ്പണഖാങ്കത്തിന് യവനിക പിടിച്ചപ്പോഴാണ്" (2013:143). അമ്മന്നൂരിനെക്കൂടാതെ കലാമണ്ഡലം ശിവൻ നമ്പൂതിരി

(ശ്രീരാമൻ), ഉഷ നങ്ങ്യാർ (സീത) മാർഗി നാരായണൻ (ലക്ഷ്മണൻ) മാർഗി സതി (ലളിത) വേണു ജി. (ശൂർപ്പണഖ) എന്നിവരായിരുന്നു വേഷങ്ങൾ ചെയ്തിരുന്നത്. മിഴാവാചാര്യൻ പി.കെ. നാരായണൻ നമ്പ്യാർ, കലാമണ്ഡലം ഈശ്വരനുണ്ണി, രാജീവ്, ഹരിഹരൻ, ഉണ്ണികൃഷ്ണൻ, സുബ്രഹ്മണ്യൻ പോറ്റി തുടങ്ങിയവർ പശ്ചാത്തലമേളമൊരുക്കി. കലാമണ്ഡലം ശിവരാമനായിരുന്നു ചമയം. കൂടിയാട്ടത്തെക്കുറിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കി യുനെസ്കോക്ക് സമർപ്പിച്ച ഡോ. സുധാ ഗോപാലകൃഷ്ണനായിരുന്നു മുഖ്യസംഘാടക.

ക്ഷേത്രമതിൽക്കെട്ടിന് പുറത്തുപോലും അവതരിപ്പിക്കാത്ത ഒരു കാലമുണ്ടായിരുന്നു ഈ കലാരൂപത്തിന്. അവിടെനിന്നും വിദേശ അംഗീകാരങ്ങൾ നേടുന്ന ഒന്നായി കൂടിയാട്ടത്തെ വളർത്തിയെടുക്കുന്നതിൽ വേണു ജി. വഹിച്ച പങ്ക് ചെറുതല്ല. 'മാനവസംസ്കൃതിയുടെ വാമൊഴിരൂപത്തിലുള്ളതും അമൂർത്തവുമായ മഹാപൈതൃകങ്ങളുടെ പട്ടികയിലാണ് ' (the masterpiece of the oral and intangible heritage of humanity) യുനെസ്കോ കൂടിയാട്ടത്തെ ഉൾപ്പെടുത്തിയിരിക്കുന്നത്. ചൈനയിലെ കുഞ്ചു ഓപ്പറ, ഇറ്റലിയിലെ സിസിലിയൻ പാവകളി, ജപ്പാനിലെ നൊഗാകു തീയേറ്റർ എന്നിവയുൾക്കൊള്ളുന്ന ലോകത്തിലെ 19 അപൂർവ്വരംഗകലകളുടെ വിശദീകരണങ്ങളോടുകൂടി യുനെസ്കോ പ്രസിദ്ധീകരിച്ച ബ്രോഷറിന്റെ പുറംചട്ടയ്ക്കായി ഗുരു അമ്മന്നൂരിന്റെ ചിത്രം തിരഞ്ഞെടുത്തത് കൂടിയാട്ടത്തിന് ലഭിച്ച വലിയ ബഹുമതിയാണ് എന്ന് വേണു ജി. വിലയിരുത്തുന്നു (2013:143). കൂടിയാട്ടത്തിന്റെ മാത്രമല്ല ഇരിങ്ങാലക്കുടയുടെയും പ്രസക്തി ലോകോത്തരവേദികളിൽ നിറയുകയായിരുന്നു അതിലൂടെ.

## നടനകൈരളി

1975 -ൽ വേണു ജി. സ്ഥാപിച്ച പരിശീലന കളരിയാണ് നടനകൈരളി. കേരളത്തിലെ വൈവിധ്യമാർന്ന ക്ലാസിക്കൽ, നാടോടി, അനുഷ്ഠാനകലാരൂപങ്ങളുടെ വളർച്ചയ്ക്കും വികാസത്തിനും വലിയ സംഭാവനകളാണ് ഈ സ്ഥാപനം നൽകിയിട്ടുള്ളത്. അന്താരാഷ്ട്ര അംഗീകാരം നേടിയിട്ടുള്ള പരിശീലന കളരിയായ ഇവിടെ കൂടിയാട്ടം, പാവകഥകളി, മോഹിനിയാട്ടം തുടങ്ങിയവയാണ് പ്രാധാനമായും പരിശീലിപ്പിക്കുന്നത്. സാമ്പ്രദായിക പരിശീലനത്തോടൊപ്പം വ്യത്യസ്തവേഷങ്ങളുടെ അവതരണവും ഇവിടെ പതിവാണ്. കൂടാതെ ഗവേഷണ - പ്രസിദ്ധീകരണവിഭാഗവും നടനകൈരളിക്കുണ്ട്.

### 5.1.3 പുതിയ തലമുറ

അമ്മന്നൂർ ചാക്യാർമഠത്തിൽ ചന്ദ്രബാബുവിന്റെയും രാധയുടെയും മകനായി 1981 -ലാണ് രജനീഷ് ചാക്യാരുടെ ജനനം. കലാകുടുംബത്തിൽപ്പിറന്ന രജനീഷ് ചാക്യാർ, സ്കൂൾവിദ്യാഭ്യാസത്തോടൊപ്പം ഒമ്പതാംവയസ്സുമുതൽ അമ്മന്നൂർ ഗുരുകുലത്തിലെ വിദ്യാർത്ഥിയായി. കേന്ദ്രസംഗീതനാടക അക്കാദമിയുടെ ഫെല്ലോഷിപ്പോടുകൂടിയാണ് അദ്ദേഹം കുട്ടൻചാക്യാരുടെ കീഴിൽ പഠനം ആരംഭിച്ചത്. കൂടിയാട്ടത്തിലും ചാക്യാർ കൂത്തിലും മികവ് തെളിയിച്ച അദ്ദേഹം അമ്മന്നൂർ മാധവചാക്യാർ, അമ്മന്നൂർ പരമേശ്വരചാക്യാർ, വേണു ജി., ഉഷ നങ്ങ്യാർ എന്നിവരുടെ ശിഷ്യനാണ്. അമ്മന്നൂർ സംഘത്തോടൊപ്പം ഇന്ത്യയ്ക്കകത്തും പുറത്തും നിരവധി വേദികളിൽ അദ്ദേഹം തന്റെ കഴിവ് തെളിയിച്ചിട്ടുണ്ട്. അമ്മന്നൂർ ഗുരുകുലത്തിലെ അധ്യാപനവും കേരളകലാമണ്ഡലത്തിൽ കൂടിയാട്ടഗവേഷണവും അദ്ദേഹം തുടർന്നു വരുന്നു.

രജനീഷ് ചാക്യാരുടെ സഹോദരനായ കലാമണ്ഡലം രവികുമാർ 1984 - ലാണ് ജനിച്ചത്. അമ്മന്നൂർ ഗുരുകുലത്തിലെ കൂടിയാട്ടപരിശീലനം കൂടാതെ അദ്ദേഹം കേരള കലാമണ്ഡലത്തിൽനിന്നും മിഴാവ് അഭ്യസിച്ചു. പോളണ്ട്, അമേരിക്ക, ജർമ്മനി, സ്വിറ്റ്സർലഡ്, ഓസ്ട്രേലിയ, ന്യൂസിലാന്റ്, മലേഷ്യ, ഹോങ്കോങ്, ദുബായ്, പാരീസ് തുടങ്ങിയ വിദേശരാജ്യങ്ങളിൽ പരിപാടി അവതരിപ്പിക്കാനും അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. ഡൽഹി സ്കൂൾ ഓഫ് ഡ്രാമയിൽ അധ്യാപകനായിരുന്ന അദ്ദേഹം ഇപ്പോൾ പൈങ്കുളം രാമചാക്യാർസ്മാരക കലാപീഠത്തിൽ മിഴാവ് അധ്യാപകനാണ്.

ഇരിങ്ങാലക്കുട തെക്കേപെട്ടത്ത് രാമൻ നമ്പ്യാരുടെയും സാവിത്രിയുടെയും മകനാണ് സൂരജ് നമ്പ്യാർ. 1979 -ൽ ജനിച്ച അദ്ദേഹം പത്ത് വയസ്സുമുതൽതന്നെ അമ്മന്നൂർ കളരിയിൽ കൂത്തും കൂടിയാട്ടവും പരിശീലിക്കാൻ തുടങ്ങി. അമ്മന്നൂർ കുട്ടൻ ചാക്യാരുടെയും വേണു ജി.യുടെയും കീഴിൽ പരിശീലനം നേടിയിയിട്ടുള്ള സൂരജ്, അമ്മന്നൂർ മാധവചാക്യാരുടെയും ശിഷ്യനാണ്. 1991 -ലാണ് ഗുരുകുലത്തിൽ അരങ്ങേറ്റം കുറിച്ചത്. കൂത്തും കൂടിയാട്ടവും തൊഴിലായിത്തന്നെ സ്വീകരിച്ച അദ്ദേഹം ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള ഒരുപാട് വേദികൾ കയ്യടക്കി. അമ്മന്നൂർ ഗുരുകുലത്തിലെ അധ്യാപകനായ സൂരജ് നമ്പ്യാർ കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ഡ്രാമയിൽ ഗസ്റ്റ് അധ്യാപകനായും പ്രവർത്തിച്ചിട്ടുണ്ട്.

## 5.1.4 നങ്ങ്യാർക്കൂത്തും ഇരിങ്ങാലക്കുടയും

കൂടിയാട്ടത്തിലെ സ്ത്രീവേഷങ്ങൾ കൈകാര്യം ചെയ്തിരുന്നത് നമ്പ്യാർമഠങ്ങളിലെ സ്ത്രീക ളാണ്. നങ്ങ്യാരമ്മമാർ എന്ന് ഇവർ അറിയപ്പെട്ടു. പുരുഷന്മാർ അവതരിപ്പിച്ചിരുന്ന കൂത്തുപോലെത്തന്നെ സ്ത്രീകൾ കൈകാര്യം ചെയ്തിരുന്ന നങ്ങ്യാർക്കൂത്ത് വിശേഷപ്പെട്ട ഒരു ക്ഷേത്രകലയായി വളർന്നു. കൂടിയാട്ടത്തിൽനിന്നുമാണ് ഈ കലാരൂപവും ഉരു ത്തിരിഞ്ഞത്. കൂടിയാട്ടത്തിലെ സ്ത്രീകഥാപാത്രങ്ങളുടെ ചമയങ്ങൾതന്നെ ഇവിടെയും ആവർത്തിച്ചു. മൂകാഭിനയപ്രധാനമായ കാഴ്ചയുടെ കലയാണിത്. ഹസ്തമുദ്രകളിലൂ ടെയും സൂക്ഷ്മമായ മുഖാഭിനയത്തിലൂടെയുമാണ് സംവേദനം സാധ്യമാക്കുന്നത്.

ക്ഷേത്രമതിൽക്കകത്തെ കൂത്തമ്പലങ്ങളിൽ മാത്രം ഒതുങ്ങിയിരുന്ന നങ്ങ്യാർക്കൂ ത്ത്, സാമൂഹ്യമാറ്റങ്ങളെ ഉൾക്കൊണ്ട് ഇന്ന് പൊതുവേദികളിലും കലോത്സവങ്ങളിലും പ്രേക്ഷകരെ നേടിയെടുക്കുന്നു. ഇത്തരത്തിൽ നങ്ങ്യാർക്കൂത്തിനെ പുനരവതരിപ്പിക്കു ന്നതിൽ ഇരിങ്ങാലക്കുട അമ്മന്നൂർ ചാച്ചുചാക്യാർ സ്മാരക ഗുരുകുലത്തിന് വലിയ പങ്കു വഹിക്കാൻ സാധിച്ചിട്ടുണ്ട്. കളരിയിലെ ശിക്ഷണത്തിന് കണിശത പാലിച്ചിരുന്ന അമ്മന്നൂർ മാധവചാക്യാർ പെൺകുട്ടികളോട് കൂടുതൽ വാത്സല്യം പ്രകടിപ്പിച്ചിരുന്നു. സ്ത്രീവേഷങ്ങൾ അഭ്യസിപ്പിക്കുമ്പോൾ അദ്ദേഹം കുറച്ചുകൂടി മൃദുലമായ രീതി സ്വീകരിച്ചിരു ന്നതായി അദ്ദേഹത്തിന്റെ ശിഷ്യർ വിലയിരുത്തുന്നു (ഇന്ദു ഇടപ്പള്ളി, 2007:86). നമ്പ്യാർ മഠത്തിന് പുറത്തുനിന്നും ഒരു നടനകല എന്ന നിലയിൽ കലാകാരികൾ ഈ രംഗത്തേ ക്ക് കടന്നുവന്നു.

### കുഞ്ഞിപ്പിള്ളക്കുട്ടി നങ്ങ്യാരമ്മ

ഇരിങ്ങാലക്കുടയിലെ ആദ്യകാല നങ്ങ്യാർകൂത്ത് കലാകാരികളിൽ ശ്രദ്ധേയരാണ് കുഞ്ഞിപ്പിള്ളക്കുട്ടി നങ്ങ്യാരമ്മ (1904 - 1996). വില്വവട്ടം കൊച്ചുദാമോദരൻ നമ്പ്യാ രുടെയും കുഞ്ഞുക്കുട്ടി നങ്ങ്യാരമ്മയുടെയും മകളാണ് കുഞ്ഞിപ്പിള്ളക്കുട്ടി നങ്ങ്യാരമ്മ. പതിനൊന്നാം വയസ്സിൽ കൂടൽമാണിക്യക്ഷേത്രസന്നിധിയിൽ അരങ്ങേറ്റംകുറിച്ച അവരുടെ ആദ്യഗുരു അച്ഛനാണ്. സ്ത്രീകഥാപാത്രങ്ങൾക്ക് മാത്രമായി ആടാവുന്ന ചന്ദ നവല്ലി തുടങ്ങിയ ആക്കിത്തകളോടുകൂടിയ ക്രിയാഭാഗങ്ങൾ വലിയൊരു ഇടവേളയ്ക്കു ശേഷം അരങ്ങിൽ എത്തിച്ചത് കുഞ്ഞിപ്പിള്ളക്കുട്ടി നങ്ങ്യാരമ്മയിലൂടെയാണ്. കൊച്ചി

രാജ്യത്തെ നിരവധി ക്ഷേത്രങ്ങളിൽ കൂത്തും കൂടിയാട്ടവും അവതരിപ്പിച്ച അവർക്ക് 1992 -ൽ ഇരിങ്ങാലക്കുട അമ്മന്നൂർ ചാച്ചുചാക്യാർ പുരസ്കാരം, 1994 - 95 കാലത്ത് ഗുരുവായൂരപ്പൻ പുരസ്കാരം എന്നിവ നേടാനായി.

## സുഭദ്ര നങ്ങ്യാരമ്മ

സംസ്കൃതത്തിൽ പാണ്ഡിത്യമുണ്ടായിരുന്ന സുഭദ്ര നങ്ങ്യാരമ്മ (1917 - 1999) തന്റെ പതിനൊന്നാം വയസ്സിലാണ് കൂടൽമാണിക്യക്ഷേത്രസന്നിധിയിൽ അരങ്ങേറ്റം കുറിക്കുന്നത്. ഇരിങ്ങാലക്കുട വില്വാവട്ടം നമ്പ്യാർമഠത്തിൽ മഠസി നാരായണൻ നമ്പൂതിരിയുടെയും പാപ്പി നങ്ങ്യാരമ്മയുടെയും മകളാണ് സുഭദ്ര. സ്വന്തം ഗൃഹത്തിൽനിന്നുതന്നെയാണ് അവർ കൂടിയാട്ടം പരിശീലിച്ച് തുടങ്ങിയത്. കൂടിയാട്ടത്തിലെ സ്ത്രീകഥാപാത്രങ്ങളെക്കുറിച്ചും നങ്ങ്യാർകൂത്തിനെക്കുറിച്ചും അപാരപാണ്ഡിത്യമുണ്ടായിരുന്ന കലാകാരിയാണ് സുഭദ്ര നങ്ങ്യാരമ്മ.

## ഉഷ നങ്ങ്യാർ

സമകാലീന കലാകാരികളിൽ ശ്രദ്ധേയയാണ് ഉഷാ നങ്ങ്യാർ. ചാത്തക്കുടം കൃഷ്ണൻ നമ്പ്യാരുടെ മകളായി 1969 - ലാണ് ഉഷ നങ്ങ്യാരുടെ ജനനം. മിഴാവ് കലാകാരനായിരുന്ന അച്ഛന്റെ പ്രോത്സാഹനവും പൈങ്കുളം രാമചാക്യാരെന്ന ആദ്യഗുരുവിന്റെ ശിക്ഷണവും അവരുടെ കലാജീവിതത്തെ വളർത്തി. 1980 -ലാണ് ഇരിങ്ങാലക്കുട അമ്മന്നൂർ ചാക്യാർ മഠത്തിൽ കൂടിയാട്ടപഠനത്തിനായി എത്തിച്ചേരുന്നത്. മാധവചാക്യാരുടെയും കുട്ടൻചാക്യാരുടെയും പരമേശ്വരചാക്യാരുടെയും വേണു ജി.യുടെയുമെല്ലാം പ്രത്യേകവാത്സല്യത്തിലും ശിക്ഷണത്തിലും കഴിവുറ്റ കലാകാരിയായി മാറാൻ അവർക്ക് കഴിഞ്ഞു. ഗുരുകുലത്തിൽ കലാപഠനത്തോടൊപ്പം സ്കൂൾ, കോളേജ് വിദ്യാഭ്യാസവും തുടരാനായി. ഇപ്പോൾ കാലടി, സംസ്കൃത സർവ്വകലാശാലയിലെ കൂടിയാട്ടം അധ്യാപികയാണ് ഉഷാ നങ്ങ്യാർ. 2014 -ൽ കേരള സംഗീത നാടക അക്കാദമിയുടെ കലാശ്രീ പുരസ്കാരം ഉഷ നങ്ങ്യാർക്ക് ലഭിച്ചു.

മിഴാവ് കലാകാരനായ വി.വി.കെ. ഹരിഹരനെയാണ് ഉഷ നങ്ങ്യാർ വിവാഹം ചെയ്തത്. നമ്പ്യാർ സമുദായത്തിലെ സ്ത്രീകൾ ചാക്യാർ സമുദായത്തിൽനിന്ന് വിവാഹം

കഴിച്ചാൽ മാത്രമേ നങ്ങ്യാരമ്മ എന്ന സ്ഥാനം നിലനിന്നുകിട്ടൂ എന്നാണ് ജാത്യാചാരം. ഏഴ് വർഷത്തോളം തുടർച്ചയായി തൃശ്ശൂർ വടക്കുംനാഥക്ഷേത്രത്തിൽ കൂടിയാട്ടം അവതരിപ്പിച്ച ഉഷ നങ്ങ്യാർക്ക് നമ്പ്യാരെ വിവാഹം കഴിച്ചതുമൂലം പിന്നീട് ആ അവസരം നിഷേധിക്കപ്പെടുകയായിരുന്നു. ഇന്നും ഈ മേഖലയിൽ തുടരുന്ന ജാതീയതയ്ക്ക് ഉദാഹരണമാണിത്.

## സരിത കൃഷ്ണകുമാർ

അമ്മന്നൂർ ഗുരുകുലത്തിലെ വിദ്യാർത്ഥിയായിരുന്ന സരിത കൃഷ്ണകുമാർ, 1982 -ലാണ് ഇരിങ്ങാലക്കുടയിൽ ജനിച്ചത്. കുറ്റിപ്പുറം തെക്കേപ്പാട്ടത്ത് വീട്ടിൽ രാമൻനമ്പ്യാരുടെയും സാവിത്രിയുടെയും മകളാണ് സരിത. 10 വയസ്സ് മുതൽ കൂടിയാട്ടവും നങ്ങ്യാർ കൂത്തും അഭ്യസിച്ചുവരുന്നു. അമ്മന്നൂർ ഗുരുകുലത്തിൽത്തന്നെയാണ് അരങ്ങേറ്റം കുറിച്ചത്. ഒട്ടനവധി വിദേശരാജ്യങ്ങളിലും ഇന്ത്യയിലെ ഡൽഹി, ബോംബെ, ചെന്നൈ, ബാംഗ്ലൂർ, ഭോപ്പാൽ, ഹൈദരാബാദ് തുടങ്ങിയ ഇടങ്ങളിലും കൂടിയാട്ടം അവതരിപ്പിച്ചിട്ടുണ്ട് അവർ. ഇരിങ്ങാലക്കുട നാഷണൽ സ്കൂളിൽനിന്നും പുറനാട്ടുകര സംസ്കൃതകോളേജിൽ നിന്നും വിദ്യാഭ്യാസം പൂർത്തിയാക്കിയ സരിത, സംസ്കൃതസാഹിത്യത്തിൽ ബിരുദാനന്തരബിരുദധാരിയാണ്. ഗുരുകുലത്തിൽ കൂടിയാട്ടം അധ്യാപികയായും കലാനിലയത്തിൽ കഥകളിസാഹിത്യം അധ്യാപികയായും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പാരമ്പര്യകലയായ ബ്രാഹ്മണിപ്പാട്ട് പല ക്ഷേത്രങ്ങളിലും അടിയന്തരമായി അവതരിപ്പിക്കുന്നത് ഈ കലാകാരിയാണ്.

## കപില വേണു

കൂടിയാട്ടകലാകാരനായ വേണു ജി.യുടെയും നർത്തകിയായ നിർമ്മല പണിക്കരുടെയും മകളാണ് കപില. 1983 -ൽ ജനിച്ച കപില ഏഴാം വയസ്സു മുതൽ അമ്മന്നൂർ മാധവചാക്യാരുടെ കീഴിൽ കൂടിയാട്ടപഠനം തുടങ്ങി. സ്വന്തം മാതാപിതാക്കൾ തന്നെയാണ് കപിലയെ ലോകമറിയുന്ന കലാകാരിയാക്കി മാറ്റിയതിൽ പ്രധാന പങ്കു വഹിച്ചത്. ഉഷ നങ്ങ്യാരുടെയും കിടങ്ങൂർ രാമചാക്യാരുടേയും ശിക്ഷണം കലാരംഗത്ത് കൂടുതൽ കരുത്തുനൽകി. വേണു ജി.യുടെ സംവിധാനത്തിൽ അഭിജ്ഞാന ശാകുന്തളം കൂടിയാട്ടം അന്താരാഷ്ട്രവേദികളിൽ അവതരിപ്പിച്ചത് കപിലയാണ്. ഇന്ത്യയിലും

വിദേശത്തുമായി അനവധി വേദികളിൽ തന്റെ പിതാവിനോടൊപ്പം കപില കൂടിയാട്ടം അവതരിപ്പിച്ചു. അമ്മ നിർമ്മല പണിക്കരിൽനിന്ന് മോഹിനിയാട്ടവും ബാലൻ ഗുരുക്കളിൽനിന്ന് കളരിപ്പയറ്റും കലാമണ്ഡലം നാരായണൻ എമ്പ്രാന്തിരിയിൽനിന്ന് കഥകളി സംഗീതവും അവർ സ്വായത്തമാക്കിയിട്ടുണ്ട്. ഡൽഹി സ്കൂൾ ഓഫ് ഡ്രാമ, സിംഗപ്പൂർ ഇന്റലക്ച്വൽ തിയേറ്റർ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവടങ്ങളിൽ വിസിറ്റിങ് ഫാക്കൾട്ടിയായി അവർ പ്രവർത്തിച്ചു വരുന്നു. നിലവിൽ വേണു ജി. ആരംഭിച്ച നടനകൈരളിയുടെ ഡയറക്ടറും അമ്മന്നൂർ ഗുരുകുലത്തിലെ അധ്യാപികയുമാണ് കപില വേണു.

## അപർണ നങ്ങ്യാർ

അമ്മന്നൂർ മഠം എന്ന കൂടിയാട്ടകലാകുടുംബത്തിൽ ജനിച്ച കലാകാരിയാണ് അപർണ നങ്ങ്യാർ. മാധവചാക്യാരുടെ മരുമകനായ പരമേശ്വരചാക്യാർ എന്ന കുട്ടൻചാക്യാരുടെയും ഇന്ദിരനങ്ങ്യാരുടെയും മകൾ. 1984 -ലാണ് അപർണ്ണ നങ്ങ്യാരുടെ ജനനം. മാധവചാക്യാരുടെ അവസാനശിഷ്യഗണങ്ങളിൽ ഒരാളാണ് അപർണ. അച്ഛനായ കുട്ടൻചാക്യാരുടെയും ഉഷനങ്ങ്യാരുടെയും ശിക്ഷണത്തിൽ കൂടിയാട്ടപഠനം തുടർന്നു. പൈങ്കുളം കുടുംബാംഗമായ പരമേശ്വരചാക്യാരിൽനിന്നും സംസ്കൃതപാഠങ്ങൾ ഹൃദിസ്ഥമാക്കി. ചെറുപ്പംമുതലേ മുതിർന്ന കലാകാരന്മാരുടെ അവതരണങ്ങൾ സ്ഥിരമായി കാണാനും അവരെ പരിചയപ്പെടാനുമുള്ള അവസരം ലഭിച്ചു എന്നത് അപർണ നങ്ങ്യാരെ സംബന്ധിച്ചിടത്തോളം വലിയ മുതൽക്കൂട്ടാണ്. പത്താം വയസ്സിൽ ചേടി പുറപ്പാട് അവതരിപ്പിച്ചാണ് അപർണ അരങ്ങേറ്റം കുറിച്ചത്. പിന്നീട് ശൂപ്പണഖാങ്കത്തിലെ സീത, ബാലിവധത്തിലെ താര തുടങ്ങിയ ലളിതമായ വേഷങ്ങളിലൂടെ വളർന്നു. അഭിനയസാധ്യത ഏറെയുള്ള ലളിത, മലയവതി തുടങ്ങിയ വേഷങ്ങൾ അവർ നിഷ്പ്രയാസം കൈകാര്യം ചെയ്തു.

കൂടിയാട്ടത്തിലെ പ്രധാനവേഷങ്ങൾ എല്ലാംതന്നെ കൈകാര്യം ചെയ്യുന്ന അപർണ്ണ, നങ്ങ്യാർകൂത്ത് രംഗവേദിയിലും പ്രഗൽഭയാണ്. കൂടിയാട്ടങ്ങൾക്കൊപ്പം ഏകാഭിനയരംഗത്തും ഉയർന്ന രംഗബോധം പുലർത്താൻ അപർണ്ണയ്ക്കായി. പത്തടിയോളം പൊക്കത്തിൽനിന്ന് ഞാണിൻമേൽ കെട്ടി തൂങ്ങിയിറങ്ങുന്ന *നാഗാനന്ദ*ത്തിലെ കെട്ടിഞാലൽ എന്ന അതിസാഹസികമായ ക്രിയ അത്യധികം മനസ്സാന്നിധ്യത്തോടെ

വേദിയിൽ അവതരിപ്പിക്കാൻ അപർണയ്ക്ക് സാധിച്ചു. ഗുരുഭൂതരിൽനിന്നും ലഭിച്ച ശിക്ഷണമാണ് തന്നെ അതിന് പ്രാപ്തയാക്കിയത് എന്നവർ പറയുന്നു.

ഏകദേശം 150 വർഷങ്ങൾക്കുശേഷം ദശമക്കൂത്ത് എന്ന കലാരൂപം രംഗത്ത് അവതരിപ്പിച്ചത് അപർണ നങ്ങ്യാരാണ്. നങ്ങ്യാർ കൂത്തിൽനിന്ന് വ്യത്യസ്തമാണ് ദശമക്കൂത്ത്. ശ്രീകൃഷ്ണന്റെ ജീവിതത്തിലെ ആദ്യപകുതി മാത്രം നങ്ങ്യാർക്കൂത്തിൽ അവതരിപ്പിക്കുമ്പോൾ സ്വർഗ്ഗാരോഹണം വരെയുള്ള കഥ ദശമക്കൂത്തിലുണ്ട്. ചുടലക്കൂത്ത് എന്നുകൂടി പേരുള്ള ഈ കലാരൂപം, അക്കിത്തിരി ബ്രാഹ്മണന്റെ[3] മരണാനന്തര ചടങ്ങിലാണ് അവതരിപ്പിക്കുക. 2014 -ൽ ഇരിങ്ങാലക്കുട നടുവം മന നാരായണൻ നമ്പൂതിരിപ്പാടിന്റെ മരണാനന്തരചടങ്ങിലാണ് നൂറ്റാണ്ടുകൾക്ക് ശേഷം ദശമക്കൂത്ത് അരങ്ങേറിയത്. കുട്ടൻചാക്യാരിൽനിന്നും ഉഷനങ്ങ്യാരിൽനിന്നുമെല്ലാം കേട്ടറിഞ്ഞ അറിവുകളെ അടിസ്ഥാനമാക്കിയാണ് അപർണനങ്ങ്യാർ ദശമക്കൂത്ത് ചിട്ടപ്പെടുത്തിയത്.

ശ്രീകൃഷ്ണചരിത്രത്തിന്റെ വിപുലമായ അവതരണങ്ങൾ പലതവണ പൂർത്തിയാക്കാനും അംഗുലീയാംഗത്തിലെ അഞ്ഞൂറിലധികം വരുന്ന ശ്ലോകങ്ങൾ പാരായണം ചെയ്യാനും പരിശീലിപ്പിക്കാനും അവർക്ക് സാധിക്കുന്നു. സ്പിക്മാകെ (SPIC – MACAY, Society for the Promotion of Indian Classical Music And Culture Amongst Youth) വേദികളിലെ സജീവസാന്നിധ്യമാണവർ. സോദാഹരണ പ്രഭാഷണങ്ങളോടെ കൂടിയാട്ടത്തെ പുതിയ തലമുറയ്ക്ക് മുൻപിൽ അവതരിപ്പിക്കുന്നതിന് ഇത്തരം വേദികൾ ഏറെ ഗുണം ചെയ്യുന്നു. ഗുരുകുലത്തിലെ കൂടിയാട്ടസംഘത്തോടൊപ്പം നിരവധി ദേശീയ അന്തർദേശീയവേദികളിൽ രംഗാവതരണത്തിനായി അപർണ നങ്ങ്യാർക്ക് അവസരം ലഭിച്ചിട്ടുണ്ട്.

അമ്മന്നൂർ ഗുരുകുലത്തിലെ പരിശീലകയായിരുന്ന അവർ, സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കാലടി സംസ്കൃതസർവകലാശാലയിൽനിന്നും സംസ്കൃതത്തിൽ ബിരുദ - ബിരുദാനന്തരബിരുദങ്ങളും വേദാന്തത്തിൽ ഗവേഷണപഠനവും പൂർത്തിയാക്കി. ഇന്ന് കാലടി ശ്രീ ശങ്കര കോളേജിലെ സംസ്കൃതവിഭാഗം അധ്യാപികയായി ജോലി ചെയ്യ

[3] അതിരാത്രം എന്ന യാഗം ചെയ്ത ബ്രാഹ്മണരെയാണ് അക്കിത്തിരി എന്ന് വിളിക്കുന്നത്. സോമയാഗം ചെയ്ത സോമയാജികൾക്കുമാത്രമേ അതിരാത്രം ചെയ്യാൻ അവകാശമുള്ളൂ. കേരളത്തിൽ, ശുകപുരം, പെരുവനം, ഇരിങ്ങാലക്കുട എന്നീ ഗ്രാമങ്ങളിലെ വിധിക്കപ്പെട്ട ബ്രാഹ്മണകുടുംബങ്ങളിലെ നമ്പൂതിരിമാർക്കാണ് ഈ യാഗകർമ്മങ്ങൾ ചെയ്യാൻ അവകാശമുള്ളത്.

ന്നു. നങ്ങ്യാർകൂത്തിലെ കൃഷ്ണസങ്കല്പത്തിന്റെ പരിണാമത്തെക്കുറിച്ചും കൂടിയാട്ടത്തിലെ സ്ത്രീകളുടെ പങ്കിനെക്കുറിച്ചുമുള്ള ഗവേഷണങ്ങൾ അവർ ഇന്നും തുടർന്നുകൊണ്ടിരിക്കു ന്നു. ആധുനികകാലത്തും കലയെ അതിന്റെ യഥാർത്ഥരൂപത്തിൽ സംരക്ഷിക്കണമെ ന്ന് കരുതുന്ന കലാസ്നേഹികളുടെ കൂട്ടത്തിലാണ് അപർണ നങ്ങ്യാരുടെയും സ്ഥാനം. പാരമ്പര്യത്തിൽനിന്നുകൊണ്ടു വേണം പുതിയ കലാപരീക്ഷണങ്ങളും സാങ്കേതികവി ദ്യകളും പ്രയോജനപ്പെടുത്തേണ്ടത് എന്നവർ വിശ്വസിക്കുന്നു.

### ഗായത്രി പി.

പുതുതലമുറയിലെ കൂടിയാട്ടകലാകാരികളിൽ ശ്രദ്ധേയയാണ് ഗായത്രി. 1997 -ൽ പൊറ്റേക്കാട്ട് ഉണ്ണികൃഷ്ണന്റെയും ശ്രീദേവിയുടെയും മകളായാണ് ഗായത്രി ജനിച്ചത്. പത്തു വയസ്സു മുതൽ അമ്മന്നൂർ ഗുരുകുലത്തിൽ കൂടിയാട്ടവും നങ്ങ്യാർകൂത്തും അഭ്യസി ച്ചു തുടങ്ങി. കേന്ദ്രസർക്കാരിന്റെ സ്കോളർഷിപ്പോടെയാണ് ആറ് വർഷത്തെ പഠനം പൂർത്തിയാക്കി അരങ്ങേറ്റം കുറിച്ചത്. കേരളത്തിനകത്തും തമിഴ്നാട്, ആസ്സാം തുട ങ്ങിയ വിവിധ ഇടങ്ങളിലും കൂടിയാട്ടവേദികളിൽ ഗായത്രി അരങ്ങത്തെത്തിയിട്ടുണ്ട്. സ്കൂൾ കലോത്സവങ്ങളിലും അവർ തന്റെ സാന്നിധ്യമറിയിച്ചു.

അണിമംഗലത്ത് മനയിലെ പാർവ്വതി ശ്രീവല്ലഭനും വടക്കേപിഷാരത്ത് സാന്ദ്ര പിഷാരടിയും പുതുതലമുറയിൽ ശ്രദ്ധേയരായ കൂടിയാട്ട കലാകാരികളാണ്.

## 5.2 പാഠകം

കൂടൽമാണിക്യക്ഷേത്രോത്സവത്തിന്റെ ഭാഗമായാണ് പാഠകവും ഇവിടെ അരങ്ങേറു ന്നത്. ഉത്സവനാളുകളിൽ ക്ഷേത്രത്തിന്റെ പടിഞ്ഞാറേനടയിൽ ദിവസവും പാഠകം അവതരിപ്പിക്കുന്നു. കൂത്തിനും കൂടിയാട്ടത്തിനും പ്രസിദ്ധമായ ഇരിങ്ങാലക്കുടയിൽ പാഠകത്തിന് പ്രാധാന്യം ലഭിച്ചത് സ്വാഭാവികമാണ്. കൂത്തിന്റെ ലളിതമായൊരു വകഭേദം എന്നുതന്നെ പറയാം പാഠകാവതരണത്തെ. ലളിതമായ രംഗസജ്ജീകര ണത്തോടെ കത്തിച്ചുവച്ച നിലവിളക്കിനു മുന്നിൽ പുരാണകഥാകഥനമാണ് പാഠകാവ തരണം. തലയിലെ ചുവന്നപട്ടുകൊണ്ടുള്ളകെട്ടും ശരീരത്തിലെ ഭസ്മക്കുറികളും നെറ്റി യിലെ കുങ്കുമപ്പൊട്ടും മാലയുമാണ് അവതാരകന്റെ വേഷം. കൊടുങ്ങല്ലൂർ കോവില

കത്തെ നന്ദകുമാർ രാജയും കുറ്റമ്പിള്ളി സോമരാജൻപാടും വില്ലവട്ടത്ത് കൊച്ചുകുട്ടൻ നമ്പ്യാരും ചേരിക്കാട് നാരായണൻ നമ്പൂതിരിയും കൂടൽമാണിക്യം ക്ഷേത്രത്തിലെ പാഠക അവതാരകരായിരുന്നു.

## സി.പി. നാരായണൻ നമ്പൂതിരി

ഇരിങ്ങാലക്കുടയിലെ പാഠകകലാകാരന്മാരിൽ ശ്രദ്ധേയനാണ് സി.പി. നാരായണൻ നമ്പൂതിരി. ഇരിങ്ങാലക്കുടയുടെ സമീപഗ്രാമമായ കുഴിക്കാട്ടുകോണം ചേരിക്കാട്ടിലാണ് അദ്ദേഹത്തിന്റെ ഭവനം. രണ്ടാം വയസ്സിൽ ഗ്രഹണി ബാധിച്ച് അദ്ദേഹത്തിന് കാഴ്ച നഷ്ടപ്പെടുന്നു. ജീവിതത്തിന്റെ പ്രതിബന്ധങ്ങളെയെല്ലാം സധൈര്യം നേരിട്ട വ്യക്തിയാണ് നാരായണൻ നമ്പൂതിരി. പതിവായി ക്ഷേത്രത്തിൽ പോകുമായിരുന്ന നാരായണൻ നമ്പൂതിരി അവിടെനിന്നും കേട്ടുപഠിച്ചതാണ് പാഠകം. സ്വന്തം ഇല്ലത്തിൽ പാഠകകലയിൽ മുൻഗാമികൾ ആരും ഇല്ലാതിരുന്നിട്ടും ക്ഷേത്രാന്തരീക്ഷം അദ്ദേഹത്തിന് പ്രചോദനം നൽകി. പെരുവനം ദാമോദരൻ നമ്പ്യാർ, വല്ലച്ചിറ ശങ്കര വാര്യർ എന്നിവരായിരുന്നു അദ്ദേഹത്തിന്റെ ഗുരുക്കന്മാർ. ഗുരുവായൂർ തിരുവെങ്കിടം ക്ഷേത്രത്തിലായിരുന്നു നാരായണൻ നമ്പൂതിരിയുടെ അരങ്ങേറ്റം. തുടർന്ന് കേരളത്തിലെ വിവിധക്ഷേത്രങ്ങളിലെ പാഠകവേദികളിൽ നാരായണൻ നമ്പൂതിരി സാന്നിധ്യമറിയിച്ചു. മുപ്പതിലധികം വർഷങ്ങൾ കൂടൽമാണിക്യക്ഷേത്രത്തിൽ പാഠകാവതാരകനായിരുന്നു അദ്ദേഹം.

യാത്രകൾ ആസ്വദിച്ചിരുന്ന നാരായണൻ നമ്പൂതിരി മൂന്നുതവണ കൽക്കത്തയും നാലുപ്രാവശ്യം കാശിയും രണ്ട് തവണ ഗയയും ഓരോവട്ടം അലഹബാദും ഡെറാഡൂണും സന്ദർശിച്ചിട്ടുണ്ട്. കൽക്കത്തയിലെ പ്രസിദ്ധനായ അഡ്വക്കേറ്റും പാർലമെന്റേറിയനുമായിരുന്ന ഷാരൻ ഗുപ്ത, നാരായണൻ നമ്പൂതിരിയുടെ സുഹൃത്തായിരുന്നു. അദ്ദേഹത്തോടൊപ്പം രണ്ടുമാസം നാരായണൻ നമ്പൂതിരി കൽക്കത്തിൽ താമസിക്കുകയും ചെയ്തു. അന്ധനായ ഷാരൻ ഗുപ്ത പാർലമെന്റിലേക്ക് മത്സരിച്ചുവിജയിച്ചതും അദ്ദേഹത്തിന്റെ ഉജ്ജ്വല പ്രസംഗവും നാരായണൻ നമ്പൂതിരിയെ സ്വാധീനിച്ചു. നാരായണൻ നമ്പൂതിരി ഇരിങ്ങാലക്കുടയിൽ ആരംഭിച്ച അന്ധവിദ്യാലയത്തിന് ഷാരൻ ഗുപ്ത സാമ്പത്തിക സഹായം നൽകിയിരുന്നു (*സ്മൃതിപഥം*, 2013:183). ഒമ്പതാം ക്ലാസ് വിദ്യാർത്ഥിയായിരിക്കുമ്പോൾ ജവഹർലാൽ നെഹ്റുവിനെ തീൻ മൂർ

ത്തിഭവനിൽ സന്ദർശിക്കാനും സംസാരിക്കാനും അദ്ദേഹത്തിന് അവസരം ലഭിച്ചിട്ടുണ്ട്. ഇ.എം.എസ്. നമ്പൂതിരിപ്പാടുമായി സുഹൃദ്ബന്ധം സൂക്ഷിക്കാൻ അദ്ദേഹത്തിന് സാധിച്ചു. ആദ്യ കാലങ്ങളിൽ വളരെച്ചെറിയൊരു തുകയാണ് പാഠകാവതരണത്തിന് ലഭിച്ചിരുന്നത്. രോഗാതുരമായ അവസ്ഥയിലും അദ്ദേഹത്തെ സാമ്പത്തികബുദ്ധിമുട്ടുകൾ അലട്ടിയിരുന്നു. എങ്കിലും സാധ്യമായകാലംവരെ കൂടൽമാണിക്യത്തിലും ഗുരുവായൂർക്ഷേത്രത്തിലും പാഠകം മുടക്കാതിരിക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു.

## 5.3 കഥകളി

ക്ഷേത്രകേന്ദ്രീകൃമായ കലാരൂപങ്ങളിൽ പ്രധാനമാണ് കഥകളി. നിരവധി കഥകളി കലാകാരൻമാർക്കും കഥകളിപ്രേമികൾക്കും ജൻമംനൽകിയ നാടാണ് ഇരിങ്ങാലക്കുട. കൂടൽമാണിക്യത്തിലെ ഉത്സവത്തോടനുബന്ധിച്ചുള്ള കലാവതരണങ്ങളിൽ കഥകളിക്ക് പ്രത്യേക സ്ഥാനമുണ്ട്. "മുമ്പ് തിരുവിതാംകൂറിലും പിന്നീട് കൂടൽമാണിക്യം ദേവസ്വത്തിലും ഉദ്യോഗസ്ഥനായിരുന്ന കഥകളി തൽപരൻകൂടിയായ ശ്രീ. ശങ്കുണ്ണി മേനോനാണ് ഏഴുദിവസത്തെ മുഴുരാത്രി കഥകളി ഉത്സവപരിപാടിയുടെ ഭാഗമാക്കിയത്" എന്ന് വി. രാധാകൃഷ്ണൻ ഇരിങ്ങാലക്കുടയുടെ കഥകളിപാരമ്പര്യം എന്ന ലേഖനത്തിൽ രേഖപ്പെടുത്തുന്നു (2013:73). നെടുമ്പള്ളി മനക്കാരാണ് കൂടൽമാണിക്യം ക്ഷേത്രത്തിലെയും പത്മനാഭസ്വാമി ക്ഷേത്രത്തിലെയും തന്ത്രിമാർ. അതുകൊണ്ടുതന്നെ കളിസംഘാടനത്തിൽ തിരുവിതാംകൂറുമായുള്ള പരസ്പരസ്വാധീനം ഇവിടെ സംഭവിച്ചിരിക്കും. ഉണ്ണായിവാര്യരുടെ തിരുവിതാംകൂർ വാസത്തിനും ഈ സ്വാധീനം കാരണമായിട്ടുണ്ടോ എന്നത് ചിന്തനീയമാണ്. "പോട്ടയിൽ ഗോവിന്ദപ്പണിക്കർ, കാവുങ്ങൽ ഉണ്ണീരിപ്പണിക്കർ, നന്തിക്കര ചാത്തുപ്പണിക്കർ എന്നീ ആദ്യകാല പ്രമുഖനടൻമാർ കൂടൽമാണിക്യം ഉത്സവക്കളിയിൽ പങ്കെടുത്തതായി കേട്ടിട്ടുണ്ട്. നമ്പീശനും നെടുങ്ങാടിയും ക്ഷേത്രത്തിൽ കഥകളി ഗായകരായെത്തുന്നതിന് മുമ്പ് ഉണ്ണിത്താൻ സഹോദരൻമാർ കഥകളിക്കുപാടിയിരുന്നതായി വി. രാമനാഥൻ നമ്പ്യാർക്ക് കേട്ടറിവുണ്ട്" എന്നും വി. രാധാകൃഷ്ണൻ കൂട്ടിച്ചേർക്കുന്നു (2013:73). ഉണ്ണിത്താൻ സഹോദരൻമാർ എന്നറിയപ്പെട്ടിരുന്നത് ഇറവങ്കര ഉണ്ണിത്താനും സഹോദരൻ കൊച്ചുകുഞ്ഞുണ്ണിത്താനു

മാണ്. ഉണ്ണിത്താൻ 1915 മുതൽ വലിയകൊട്ടാരം കഥകളി ഭാഗവതരായും 1956 വരെ പത്മനാഭസ്വാമി ക്ഷേത്രത്തിൽ ഗായകനായും പ്രവർത്തിച്ച കലാകാരനാണ്.

ഇരിങ്ങാലക്കുടയിലെ കളിവേദികളിൽ കേരളത്തിലെ മികച്ച കലാകാരൻമാർ വേഷങ്ങൾ അവതരിപ്പിച്ചുവന്നു. ഉത്സവദിവസങ്ങളിൽ തുടർച്ചയായി എല്ലാദിവസവും കഥകളി അരങ്ങേറുന്നു. രാത്രി പന്ത്രണ്ടുമണിവരെയുള്ള മേളം കഴിഞ്ഞതിനുശേഷ മാണ് കഥകളി ആരംഭിക്കുന്നത്. ആദ്യ അരങ്ങായി സംഗമേശമാഹാത്മ്യം കഥകളി ഉണ്ടായിരിക്കും. പതിനെട്ടോളം ആട്ടക്കഥകൾ രചിച്ചിട്ടുള്ള കെ. നരേന്ദ്ര വാര്യരാണ് സംഗമേശമാഹാത്മ്യം കഥകളിയുടെ രചയിതാവ്. മറ്റു ദിവസങ്ങളിൽ പ്രാധാന്യമുള്ള ആട്ടക്കഥകൾ രംഗത്തെത്തും.

അവസാനദിവസമായ വലിയ വിളക്കിന്റെ അന്ന് ശ്രീരാമപട്ടാഭിഷേകമാണ് അവതരിപ്പിക്കുക എന്നത് കാലങ്ങളായി ആചാരംപോലെ നിലനിൽക്കുന്നു. അഞ്ച് മണിക്കൂറിലധികം നീണ്ടു നിൽക്കുന്ന അവതരണമാണിത്. ഒരുപക്ഷേ കേരളത്തിൽ ഇത്രയും ഗംഭീരമായി ശ്രീരാമപട്ടാഭിഷേകം കഥയവതരിപ്പിക്കുന്ന വേദികൾ വേറെ ഇല്ല. ഗുരു കുഞ്ചുക്കുറുപ്പ്, ചെങ്ങന്നൂർ രാമൻ പിള്ള, വെച്ചൂർ രാമൻ പിള്ള, വാഴേക്കട കുഞ്ചു നായർ, കുടമാളൂർ കരുണാകരൻ നായർ, കലാമണ്ഡലം കൃഷ്ണൻ നായർ, കുറിച്ചി കുഞ്ഞൻ പണിക്കർ, വെള്ളിനേഴി നാണു നായർ, കീഴ്പടം കുമാരൻ നായർ, കുറൂർ വാസു ദേവൻ നമ്പൂതിരി, പള്ളിപ്പുറം ഗോപാലൻ നായർ തുടങ്ങിയ പ്രഗത്ഭരായ കലാകാ രൻമാർ ഉത്സവനാളുകളിൽ അരങ്ങിലെത്തി. നീലകണ്ഠൻ നമ്പീശൻ, ഉണ്ണികൃഷ്ണക്കുറു പ്പ്, ശങ്കരൻ എമ്പ്രാന്തിരി, ഹരിദാസ് എന്നീ പാട്ടുകാരും കൃഷ്ണൻകുട്ടി പൊതുവാൾ, അപ്പു ക്കുട്ടി പൊതുവാൾ, ചന്ദ്രമന തുടങ്ങിയ മേളക്കാരും പോയകാലത്ത് വേദിയിലെത്തിയ വരിൽ പ്രമുഖരാണ് (*സ്മൃതിപഥം*, 2013:74).

പുത്തരി ഉത്സവത്തോടനുബന്ധിച്ചും ഭക്തരുടെ വഴിപാടായും കൂടൽമാണിക്യ ത്തിൽ കഥകളി അരങ്ങേറുക പതിവുണ്ട്. വലിയവിളക്കു ദിവസവും തൃപ്പുത്തരിക്കും ഉണ്ണായിവാര്യർ കലാനിലയത്തിന്റെ വഴിപാടായാണ് ശ്രീരാമപട്ടാഭിഷേകം അവത രിപ്പിച്ച് വരുന്നത്. ഇവിടെ പഠിച്ചുപോയവരും കലാനിലയത്തിൽവന്ന് ഇരിങ്ങാല ക്കുടയിൽ സ്ഥിരതാമസമാക്കിയവരും വളരെ ആവേശത്തോടെയാണ് ഈ രംഗത്ത്

പങ്കെടുത്തിരുന്നത്. മഹാകവി വള്ളത്തോൾ തന്നെ ഒരു വർഷം ഈ കളി കാണാൻ ക്ഷേത്രത്തിൽ എത്തിയിരുന്നു (*സ്മൃതിപഥം*, 2013:74).

ഇരിങ്ങാലക്കുടയിൽ കഥകളിയെ പരിപോഷിപ്പിക്കുന്നതിൽ കെ.എൻ. പിഷാരടി സ്മാരകകഥകളി ക്ലബ് വലിയ പങ്ക് വഹിക്കുന്നു. അഡ്വ. കെ.കെ. തമ്പാനാണ് ക്ലബിന്റെ സ്ഥാപക പ്രസിഡന്റ്. കഴിഞ്ഞ നാൽപ്പത്തിയഞ്ച് വർഷത്തിലധികമായി ഈ കലാപ്രസ്ഥാനം ഇരിങ്ങാലക്കുടയുടെ ഭാഗമാണ്. പ്രതിമാസ പരിപാടികളുടെ ഭാഗമായി ക്ലബ് അവതരണങ്ങൾ സംഘടിപ്പിക്കുന്ന പതിവുണ്ട്. കൂടാതെ മികച്ച കലാകാരൻമാരെ കണ്ടെത്തി കെ.എൻ. പിഷാരടി സ്മാരക അവാർഡും വർഷംതോറും നൽകിവരുന്നു. ഡോ. കെ.എൻ. പിഷാരടി, 1892 -ൽ ഇരിങ്ങാലക്കുടയിലാണ് ജനിച്ചത്. ഇരിങ്ങാലക്കുട ബോയ്സ് സ്കൂൾ, എറണാകുളം മഹാരാജാസ് കോളേജ് എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിനു ശേഷം മദ്രാസ് മെഡിക്കൽ കോളേജിൽനിന്ന് എം.ബി.ബി.എസ്, എം.ഡി. ബിരുദങ്ങൾ കരസ്ഥമാക്കി. രണ്ടാം ലോകമഹായുദ്ധക്കാലത്ത് സൈനികസേവനം ചെയ്തിട്ടുള്ള ഡോ. കെ.എൻ. പിഷാരടിയാണ് കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സ്ഥാപക പ്രിൻസിപ്പൽ. 1958 -ൽ കോഴിക്കോട് കഥകളി അസോസിയേഷൻ സ്ഥാപിച്ച അദ്ദേഹംതന്നെയാണ് തൃശ്ശൂർ കഥകളി ക്ലബ്ബിന്റെയും സ്ഥാപകപ്രസിഡന്റ്. 1965 -ൽ അദ്ദേഹം ഉണ്ണായിവാര്യർ സ്മാരകകലാനിലയത്തിന്റെ പ്രസിഡന്റ് പദവിയിലെത്തുന്നു. കഥകളിയുടെ വളർച്ചയ്ക്ക് അദ്ദേഹം നൽകിയ സംഭാവനകളെ മുൻനിർത്തിയാണ് ഇരിങ്ങാലക്കുടയിലെ കഥകളി പ്രേമികൾ കെ.എൻ. പിഷാരടിയുടെ പേരിൽ കഥകളി ക്ലബ്ബ് ആരംഭിക്കുന്നത്.

### 5.3.1 ഉണ്ണായിവാര്യർ സ്മാരകകലാനിലയം

കഥകളി എന്ന കലാരൂപത്തോട് ഇരിങ്ങാലക്കുടക്കാർക്കുള്ള പ്രത്യേക താൽപര്യത്തിന്റെ പ്രതിഫലനമാണ് കലാനിലയം. ഉണ്ണായിവാര്യർക്ക് ജന്മനാട് നൽകിയ ആദരവും കൂടിയാണ് അദ്ദേഹത്തിന്റെ പേരിൽ കലാനിലയം അറിയപ്പെടാൻ കാരണമായത്. 1953 -ൽ പുതൂർ അച്യുതമേനോന്റെ വീട്ടിൽകൂടിയ കഥകളി സ്നേഹികളുടെ അനൗപചാരികയോഗമാണ് ഉണ്ണായിവാര്യർ സ്മാരകകലാനിലയം രൂപീകരിക്കുന്നതിനുള്ള തീരുമാനമെടുക്കുന്നത്. പുതൂർ അച്യുതമേനോൻ പ്രസിഡന്റും അഡ്വ. കെ.കെ. തമ്പാൻ സെക്രട്ടറിയും പനമ്പിള്ളി രാഘവമേനോൻ ട്രഷററുമായി തിരഞ്ഞെടുക്കപ്പെട്ടു. നല്ല

കളിയരങ്ങുകൾ സംഘടിപ്പിക്കുക എന്ന പരിമിതമായ ലക്ഷ്യങ്ങളേ അന്നുണ്ടായിരുന്നുള്ളൂ. അതിനുള്ള ധനശേഖരാർത്ഥം ഇരിങ്ങാലക്കുട പയനിയർ തീയേറ്ററിൽവച്ച് രണ്ടു ദിവസത്തെ കഥകളി ടിക്കറ്റുവച്ച് നടത്തുകയും ചെയ്തു.

ഈ സമയത്താണ് നാഷണൽ ഹൈസ്കൂളിൽ വാർഷികത്തിന് കഥകളി അവതരിപ്പിക്കാൻ സ്കൂളിലെ അധ്യാപകർ തീരുമാനിച്ചത്. ഈ പരിശ്രമമാണ് പിന്നീട് ഉണ്ണായിവാര്യർ കലാനിലയത്തിന് മറ്റൊരു കാരണമായി എന്ന് പ്രൊഫ. വി.കെ. ലക്ഷ്മണൻ നായർ പറയുന്നു. അന്ന് വിദ്യാർത്ഥികളെ കുചേലവൃത്തം കഥകളി അഭ്യസിപ്പിക്കാനായി കലാകാരന്മാരെ ലഭിക്കാതെ ബുദ്ധിമുട്ടി. സ്വന്തമായി കഥകളി കലാകാരൻമാരില്ലാത്ത, കഥകളി കോപ്പില്ലാത്ത ഇരിങ്ങാലക്കുടയിൽ സ്കൂൾ വാർഷികത്തിന് നാട്ടുകാരുടെ സഹകരണത്തോടെ, കുചേലവൃത്തം അരങ്ങേറി. കെ.കെ. തമ്പാൻ, പനമ്പിള്ളി രാഘവമേനോൻ, പരമേശ്വരമേനോൻ, ഡോ. കെ.എൻ. പിഷാരടി, പുതുർ അച്ചുതമേനോൻ തുടങ്ങിയ പ്രമുഖർ കളികാണാനെത്തിയിരുന്നു. പുതുർ അച്യുതമേനോന്റെ മകൻ മോഹൻദാസ് ആണ് അന്ന് ശ്രീകൃഷ്ണനായി വേഷം കെട്ടിയത്. അന്നുമുതലാണ് ഇരിങ്ങാലക്കുടയിൽ ഒരു കഥകളി സ്ഥാപനം വേണമെന്ന ആശയത്തിന് തുടക്കമായതത്രേ (ലക്ഷ്മണൻ നായർ വി.കെ, 2014:76). കെ.എൻ. പിഷാരടി, അഡ്വ. കെ.കെ. തമ്പാൻ, പുതുർ അച്യുതമേനോൻ, അഡ്വ. നാണു മേനോൻ, ടി. ഗോവിന്ദൻകുട്ടി മേനോൻ, അഡ്വ. കെ.വി. കൃഷ്ണൻകുട്ടി വാര്യർ, അകവൂർ ഇരവി നമ്പൂതിരിപ്പാട്, എൻ.പി. ഭട്ടതിരിപ്പാട്, വട്ടപ്പറമ്പിൽ രാമൻ മേനോൻ, പി. രാമൻപിള്ള, അഡ്വ. കെ.കെ. കേശവൻ, ഡോ. എം. മാധവമേനോൻ, അഡ്വ എം. പരമേശ്വര മേനോൻ, സി. മാധവ മേനോൻ, എസ്.കെ. മേനോൻ, പി. തങ്കമണിയമ്മ, പനമ്പിള്ളി രാഘവ മേനോൻ, ഗുപ്തൻ നമ്പൂതിരി, തുടങ്ങി നിരവധി കലാസ്നേഹികളുടെയും നാട്ടുകാരുടെയും നിരന്തര പ്രയത്നംകൊണ്ടാണ് ഈ കലാസ്ഥാപനം സാധ്യമായത്. ടി.ഒ. പോൾ, എസ്.കെ. മേനോൻ, എൻ. ഭാസ്കരമേനോൻ, മാരാത്ത് കിട്ടമേനോന്റെ പിതാവ് ശങ്കുണ്ണി മേനോൻ, സി.ആർ. കേശവൻ വൈദ്യർ, അഡ്വ. എസ്.കെ. മേനോൻ, എം.സി. പോൾ, കാട്ടിക്കുളം ഭരതൻ, പ്രൊഫ. കെ. ലക്ഷ്മണൻ നായർ, കെ.എൻ. ഉണ്ണികൃഷ്ണൻ, പി.കെ. ഭരതൻ മാസ്റ്റർ, നരേന്ദ്ര വാര്യർ, കെ.വി. ചന്ദ്രൻ എന്നിവർ പല കാലങ്ങളിലായി കലാനിലയം ഭാരവാഹികളായും ഭരണസമിതി അംഗങ്ങളായും സ്ഥാപനത്തിന്റെ പുരോഗതിക്കായി പ്രയത്നിച്ചവരാണ്.

1955 -ലാണ് കലാനിലയം ആരംഭിക്കുന്നത്. ഉണ്ണായിവാര്യരുടെ ഭവനമായ അകത്തൂട്ട് വാരിയം നിന്നിരുന്ന സ്ഥലംതന്നെയാണ് ഇതിനായി തിരഞ്ഞെടുത്തത്. ഇവിടം കണ്ടെത്തി നൽകിയത് കൂടൽമാണിക്യക്ഷേത്രത്തിലെ തച്ചുടയക്കൈമളായി രുന്ന ഭാസ്കരക്കുറുപ്പാണ്. കെട്ടിടനിർമ്മാണം പൂർത്തിയാകുന്നതുവരെ കളരികൾ നടത്താൻ ക്ഷേത്രത്തിലെ ഊട്ടുപുരയിൽ സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിരുന്നു അദ്ദേഹം. തിരു -കൊച്ചി മുഖ്യമന്ത്രിയായിരുന്ന പനമ്പിള്ളി ഗോവിന്ദമേനോൻ കലാനി ലയത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. 1961 -ൽ കലാനിലയത്തിന്റെ പണി പൂർത്തി യായി. കേന്ദ്രസാംസ്കാരികവകുപ്പ് മന്ത്രിയായിരുന്ന ഹുമയൂൺ കബീർ കലാനിലയം കലാലോകത്തിന് സമർപ്പിച്ചു. 1965 -ൽ കലാനിലയത്തിന്റെ ഓഡിറ്റോറിയം അന്ന ത്തെ കേരള ഗവർണർ എ.പി. ജയിനാണ് ഉദ്ഘാടനം ചെയ്തത്. തുടക്കത്തിൽ കൊച്ചിൻ ദേവസ്വം ബോർഡും കൂടൽമാണിക്യം ദേവസ്വവും കലാനിലയത്തിനായി സാമ്പത്തിക സഹായങ്ങൾ ചെയ്തു വന്നിരുന്നു. 1982 -ൽ കെ. കരുണാകരൻ മുഖ്യമ ന്ത്രിയായപ്പോൾ കലാനിലയത്തിന് എയ്ഡഡ് സ്കൂൾ പദവി നൽകി. ജീവനക്കാർക്ക് സർക്കാർ സ്കെയ്‌ലിൽ ശമ്പളം ലഭ്യമാക്കുകയും ചെയ്തു. 1994 -ൽ വിദ്യാർത്ഥികൾക്കാ യുള്ള ഹോസ്റ്റൽ ഉദ്ഘാടനം ചെയ്തതും കെ. കരുണാകരൻ തന്നെ. 1997 -ൽ അതിഥി മന്ദിരവും കലാനിലയത്തോട് ചേർന്ന് നിർമ്മിച്ചു.

ഗുരുകുലസമ്പ്രദായത്തിൽ താമസിച്ചു പഠിക്കുന്നതിനുള്ള സൗകര്യങ്ങളാണ് കലാനിലയത്തിൽ ഒരുക്കിയിട്ടുള്ളത്. കഥകളിയുടെ സങ്കീർണ്ണമായ ചൊല്ലിയാട്ടങ്ങൾ സ്വായത്തമാക്കാനുള്ള അന്തരീക്ഷം ഇവിടെയുണ്ട്. കഥകളിവേഷവും കഥകളിസംഗീ തവും പഠിക്കുന്നതിന് ആറുവർഷമാണ് കാലാവധി. പുതിയ കഥകൾ ആട്ടക്കഥാരൂപ ത്തിൽ ചിട്ടപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളും കലാനിലയത്തിന്റെ നേതൃത്വത്തിൽ നടക്കു ന്നുണ്ട്. പത്മാവതീപരിണയം, കുമുദ്വതീപരിണയം, വിഷ്ണുമായചരിതം, ഷേക്സ്പിയർ നാടകങ്ങളായ *മാക്ബത്ത്, മെർച്ചന്റ് ഓഫ് വെനീസ്,* ലവിസ് കരോളിന്റെ *ആലീസി ന്റെ അത്ഭുതലോകം* തുടങ്ങിയ കഥകളെല്ലാം ഇത്തരത്തിൽ ഉപയോഗപ്പെടുത്തിയിട്ടു ണ്ട്. കഥകളിയെ സമകാലീനവും സജീവവുമാക്കി നിലനിർത്തുന്നതിൽ ഇത്തരം ശ്രമങ്ങൾ വലിയപങ്കുവഹിക്കുന്നു.

ചെണ്ട, മദ്ദളം തുടങ്ങിയ വാദ്യങ്ങൾ നാലുവർഷവും ചുട്ടി പഠിക്കുന്നതിന് മൂന്നുവർ ഷവുമാണ് വേണ്ടത്. ഈ ഡിപ്ലോമ കോഴ്സുകൾക്കെല്ലാം പോസ്റ്റ് ഗ്രാജുവേറ്റ് പഠനവും

ഇവിടെ സാധ്യമാണ്. ഏഴാം ക്ലാസ് ആണ് ഡിപ്ലോമ കോഴ്സിനുള്ള കുറഞ്ഞ വിദ്യാഭ്യാസയോഗ്യത. പരിശീലനവും താമസസൗകര്യവും സൗജന്യമായാണ് കലാനിലയം ഏർപ്പെടുത്തിയിട്ടുള്ളത്. ഇത് കൂടാതെ വിദ്യാർഥികൾക്ക് 1500 -രൂപ സ്റ്റൈപ്പന്റ് നൽകുന്നുണ്ട്. കഥകളി വിദ്യാർത്ഥികൾക്ക്, ഇന്ത്യാ ഗവൺമെന്റ് കൾച്ചറൽ വിങ്ങ് നൽകുന്ന സ്കോളർഷിപ്പിന് അർഹതയുണ്ട്. കഥകളി മാത്രമല്ല ശാസ്ത്രീയസംഗീതം, വയലിൻ, ഭരതനാട്യം, മോഹിനിയാട്ടം, കുച്ചുപ്പിടി എന്നീ കലകളും അഭ്യസിക്കാൻ കലാനിലയത്തിൽ സൗകര്യമുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണനയും ഉണ്ട്.

ഉണ്ണായിവാര്യർ കലാനിലയത്തിൽ അഭ്യസനം പൂർത്തിയാക്കിയവർ സ്വന്തം പേരിനോട് കലാനിലയം എന്ന പേരുകൂടി ചേർത്താണ് അറിയപ്പെടുന്നത്. അത് വലിയ അഭിമാനമായി അവർ കരുതുന്നു. 102 ആജീവനാന്ത അംഗങ്ങൾ അടങ്ങിയ ജനറൽ കൗൺസിലിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട 12 പേരാണ് കലാനിലയത്തിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. കൂടാതെ സാംസ്കാരിക വകുപ്പ് സെക്രട്ടറി, കേരള സംഗീതനാടക അക്കാദമി സെക്രട്ടറി, ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ആർ.ഡി.ഒ., കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ, ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി ചെയർപേഴ്സൺ, ഇരിങ്ങാലക്കുടയിലെ നിയമസഭാംഗം, പാർലമെന്റ് അംഗം എന്നിവർ പ്രത്യേകം ക്ഷണിക്കപ്പെട്ട അംഗങ്ങളാണ്. “ഉണ്ണായിവാര്യർ സ്മാരകകലാനിലയം ഒരു നവോത്ഥാനത്തിന്റെയും പുനരുദ്ധാരണത്തിന്റെയും ദിശയിലാണ് സഞ്ചരിക്കുന്നത് എന്നത് ഉണ്ണായിവാര്യർ എന്ന മഹാകവിയോടുള്ള ആദരാഞ്ജലിയാണ്. ഇരിങ്ങാലക്കുടയുടെ സൽക്കീർത്തിക്ക് അടിസ്ഥാനമായിട്ടുള്ള ഉണ്ണായിവാര്യർ എന്ന മഹാകവിയും അദ്ദേഹത്തിന്റെ മഹത്തായ കലാസൃഷ്ടിയായ നളചരിതവുമാണ് ഇരിങ്ങാലക്കുടക്കാർക്ക് ഉന്നത ശീർഷരായിരിക്കാനും അഭിമാനം നിലനിർത്താനും എന്നും കാരണമായിട്ടുള്ളത്” എന്ന് കലാനിലയത്തിന്റെ മുൻപ്രസിഡന്റായിരുന്ന പി.കെ. ഭരതൻ രേഖപ്പെടുത്തുന്നു (2013:115). ഇരിങ്ങാലക്കുടയിലെ കലാസ്നേഹികളുടെയും നാട്ടുകാരുടെയും കൂട്ടായ പ്രവർത്തനമാണ് ഇന്നും ഈ സ്ഥാപനത്തെ മഹിമചോരാതെ നിലനിർത്തുന്നത്. കേരളത്തിൽ കഥകളിയുടെ ആസ്വാദകർ കുറഞ്ഞുവരുന്ന ഘട്ടത്തിലും ആ കലാരൂപത്തെ സമകാലീനമാക്കി നിലനിർത്തുന്നതിൽ ഇരിങ്ങാലക്കുടയ്ക്ക് വലിയപങ്കുണ്ട്.

## കലാനിലയം രാഘവൻ

കലാനിലയത്തിലെ ആദ്യബാച്ച് വിദ്യാർത്ഥികളിലൊരാളാണ് കലാനിലയം രാഘവൻ. 1935 -ൽ കാവുംമുക്കിൽ നാരായണൻ നായരുടെയും ജാനകിയമ്മ യുടെയും മകനായി പത്തനംതിട്ടയിലാണ് രാഘവനാശാൻ ജനിച്ചത്. 1955 -ൽ കലാനിലയത്തിലെത്തിയ അദ്ദേഹം പിന്നീട് ഇരിങ്ങാലക്കുടക്കാരനായി മാറുകയായി രുന്നു. അദ്ദേഹത്തിന്റെ മകൾ ജയശ്രീ ഗോപി, അച്ഛന്റെ ശിക്ഷണത്തിൽ കഥകളിയും ഓട്ടൻതുള്ളലും സ്വായത്തമാക്കിയതു കൂടാതെ ഭരതനാട്യം, മോഹിനിയാട്ടം തുടങ്ങിയ നൃത്തരൂപങ്ങളിലും പ്രവീണയാണ്. സ്കൂൾ കലോത്സവങ്ങളിൽ സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനംനേടുകയും 1983 -ലെ സംസ്ഥാന കലാതിലകമാവുകയും ചെയ്തിട്ടുണ്ട്. കഥകളിയിൽ കത്തിവേഷമാണ് പ്രധാനമായും അവതരിപ്പിക്കാറുള്ളത്.

വാരണാസി സഹോദരന്മാർ എന്നറിയപ്പെട്ടിരുന്ന ചെണ്ടവിദ്വാനായ വാര ണാസി മാധവൻ നമ്പൂതിരിയും മദ്ദളവിദ്വാനായ വാരണാസി വിഷ്ണുനമ്പൂതിരിയും കലാ നിലയത്തിലാണ് ഉപരിപഠനം നടത്തിയത്.

## കലാനിലയം ഉണ്ണികൃഷ്ണൻ

കഥകളി ഭാഗവതരും സോപാനസംഗീതജ്ഞനുമായ തകഴി മാധവക്കുറുപ്പിന്റെയും രാധമ്മയുടെയും മകനാണ് കലാനിലയം ഉണ്ണികൃഷ്ണൻ, . അദ്ദേഹം 1960 -ലാണ് ഇരി ങ്ങാലക്കുടയിലെ കലാനിലയത്തിലെത്തുന്നത്. ചേർത്തല കുട്ടപ്പക്കുറുപ്പിന്റെയും കലാ നിലയം കൃഷ്ണൻകുട്ടി മാരാരുടെയും കീഴിൽ കഥകളിസംഗീതം അഭ്യസിച്ചുതുടങ്ങിയ അദ്ദേഹം വൈക്കം വേലപ്പൻ നായർ, കലാമണ്ഡലം ശങ്കരൻ എമ്പ്രാന്തിരി തുടങ്ങിയ വരുടെ ശിക്ഷണത്തിലും പഠനംതുടർന്നു. 1970 -ൽ കലാനിലയത്തിൽനിന്നും പഠനം പൂർത്തിയാക്കിയ കലാനിലയം ഉണ്ണികൃഷ്ണൻ കേരളകലാമണ്ഡലത്തിൽ 2003 -വരെ അധ്യാപകനായി തുടർന്നു. പിന്നീട് തിരുവനന്തപുരം മാർഗിയിൽ വിസിറ്റിങ് പ്രൊഫ സറായി.

## മാങ്ങാനം ഗോപാലകൃഷ്ണൻ നായർ

35 വർഷത്തോളം കൂടൽമാണിക്യക്ഷേത്രോത്സവത്തിന്റെ വലിയവിളക്ക് ദിവസം നടത്തുന്ന ശ്രീരാമപട്ടാഭിഷേകം കഥകളിയിൽ ശ്രീരാമവേഷം കെട്ടിയാടുവാൻ സാധിച്ചിട്ടുള്ള വ്യക്തിയാണ് മാങ്ങാനം ഗോപാലകൃഷ്ണൻ നായർ. അദ്ദേഹം 1961 -ലാണ് ഉണ്ണായിവാര്യർ സ്മാരകകലാനിലയത്തിൽ വിദ്യാർത്ഥിയായി എത്തുന്നത്. 1979 മുതൽ 2003 വരെ കലാനിലയത്തിൽ അധ്യാപകനായും അവസാന മൂന്നുവർഷം പ്രിൻസിപ്പാളായും സേവനമനുഷ്ഠിച്ചിട്ടുണ്ട് അദ്ദേഹം. വാഴേങ്കട കുഞ്ചു നായർ, കലാമണ്ഡലം കൃഷ്ണൻ നായർ, ചെങ്ങന്നൂർ രാമൻ നായർ, മാങ്കുളം വിഷ്ണു നമ്പൂതിരി തുടങ്ങിയ ആചാര്യന്മാർക്കൊപ്പവും ഇന്നത്തെ പ്രശസ്തകലാകാരന്മാർക്കൊപ്പവും പ്രവർത്തിക്കാൻ ഭാഗ്യം സിദ്ധിച്ചിട്ടുള്ള കലാകാരനാണ് ഗോപാലകൃഷ്ണൻ നായർ.

## കലാനിലയം ഗോപി

കഥകളിയിലെ ചിട്ടപ്രധാനമായ ഏത് വേഷവും രംഗത്ത് വിജയിപ്പിക്കുവാൻ സാധിച്ചിരുന്ന കലാകാരനാണ് കലാനിലയം ഗോപി. 1959 -ൽ ധന്വന്തരി നിവാസിൽ കുഞ്ഞുകൃഷ്ണൻ നായരുടെയും കാർത്യായനി അമ്മയുടെയും മകനായി തൃശ്ശൂരിലെ നെല്ലുവായിലാണ് അദ്ദേഹം ജനിച്ചത്. 1971 -ലാണ് ഇരിങ്ങാലക്കുട കലാനിലയത്തിൽ കഥകളി പഠനത്തിനായി എത്തിച്ചേർന്നത്. 1982 മുതൽ ഇരിങ്ങാലക്കുട ഉണ്ണായിവാര്യർ കലാനിലയത്തിൽ കഥകളി വേഷം അധ്യാപകനായി അദ്ദേഹം. കത്തി, വെള്ളത്താടി തുടങ്ങിയ ഇഷ്ടവേഷങ്ങളുമായി ഗോപിയാശാൻ ഇന്ത്യക്കകത്തും പുറത്തും കഥകളി അവതരിപ്പിച്ചിട്ടുണ്ട്. വന്ദേമാതരം, കഥകളിരൂപത്തിൽ ചിട്ടപ്പെടുത്തിയിട്ടുള്ള അദ്ദേഹം വിനോദ് വാര്യർ രചിച്ച ദുന്ദുഭി, മായാവിവധം, ജയചന്ദ്രചരിത്രം, മാർക്കണ്ഡേയചരിതം തുടങ്ങിയവയും കഥകളിരൂപത്തിൽ ചിട്ടപ്പെടുത്തിയിട്ടുണ്ട്.

## കലാനിലയം ഗോപിനാഥൻ

കല്ലുവഴിച്ചിട്ടയുടെ കാവലാൾ എന്നുവിശേഷിപ്പിക്കാവുന്ന കലാകാരനാണ് കലാനിലയം ഗോപിനാഥൻ. പാലക്കാട് വെള്ളിനേഴിയിലെ കർഷകകുടുംബത്തിൽ പിറന്ന ഗോപിനാഥൻ, 1981 -ലാണ് കലാനിലയത്തിൽ വിദ്യാർത്ഥിയായി എത്തിച്ചേരുന്നത്.

1995 മുതൽ അദ്ദേഹം അവിടെ അധ്യാപകനായും തുടർന്ന് കഥകളി വേഷം മേധാവിയുമായിത്തീർന്നു. കൂടൽമാണിക്യം ഉത്സവത്തിലെ ശ്രീരാമപട്ടാഭിഷേകം കഥകളിയിൽ കൂടുതൽ കാലം രാമവേഷം ചെയ്ത കലാകാരനാണ് അദ്ദേഹം. കഥകളിയെ പുതിയ തലമുറയിലേക്ക് എത്തിക്കാൻ ഏറെ പരിശ്രമിച്ചിട്ടുണ്ട് കലാനിലയം ഗോപിനാഥൻ. വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് വേഷങ്ങൾ പഠിപ്പിക്കാൻ ഗോപിനാഥനാശാൻ ശ്രമിച്ചിരുന്നു. സോദാഹരണപ്രഭാഷണങ്ങളിലൂടെ കഥകളിയെ പൊതുജനങ്ങളിലേക്ക് എത്തിക്കാനും അദ്ദേഹത്തിന് സാധിച്ചു. ദീപസ്തംഭം എന്ന ഹ്രസ്വചിത്രത്തിൽ കുഞ്ചൻ നമ്പ്യാരായി തൻമയത്വത്തോടെ അഭിനയിച്ചത് കലാനിലയം ഗോപിനാഥനാണ്. 2022 ഒക്ടോബർ 26 തീയതി തന്റെ അമ്പത്തിയഞ്ചാം വയസ്സിൽ അദ്ദേഹം അകാലത്തിൽ മരണമടഞ്ഞപ്പോൾ, അത് ഇരിങ്ങാലക്കുടയുടെ സാംസ്കാരിക പരിസരത്തിൽ ഒരു വിടവ് സൃഷ്ടിക്കുകതന്നെ ചെയ്തു.

## കലാനിലയം രാമകൃഷ്ണൻ

പ്രശസ്ത കഥകളിസംഗീതജ്ഞനും അധ്യാപകനുമായ കലാനിലയം രാമകൃഷ്ണൻ കലാമണ്ഡലത്തിലെ നാലുവർഷത്തെ പഠനത്തിനു ശേഷമാണ് ഇരിങ്ങാലക്കുട കലാനിലയത്തിൽ എത്തിച്ചേരുന്നത്. കലാമണ്ഡലം രവീന്ദ്രൻ, കലാമണ്ഡലം രാജേന്ദ്രൻ, കലാമണ്ഡലം നാരായണൻ എന്നിവരിൽനിന്നും കലാനിലയത്തിൽ കഥകളിസംഗീതം അഭ്യസിച്ചു. 2014 -മുതൽ കലാനിലയത്തിൽ അധ്യാപകനായി തുടരുന്നു.

## കലാനിലയം പരമേശ്വരൻ

ചുട്ടി കലാകാരൻമാരിൽ ശ്രദ്ധേയനാണ് കലാനിലയം പരമേശ്വരൻ. 1962 -ൽ കലാനിലയത്തിൽ വിദ്യാർത്ഥിയായാണ് പരമേശ്വരൻ എന്ന വിശ്വകർമ്മ സമുദായത്തിൽപ്പെട്ട യുവാവ് ഇരിങ്ങാലക്കുടയിലെത്തുന്നത്. എന്നാൽ ശില്പകലയിലും ചിത്രകലയിലും അദ്ദേഹത്തിനുണ്ടായിരുന്ന അഭിരുചി മൂലം ചുട്ടി കുത്താൻ അദ്ദേഹം സ്വയം പഠിക്കുകയായിരുന്നു. കലാനിലയത്തിൽ ചുട്ടികുത്താനെത്തിയ കങ്ങഴ മാധവനിൽനിന്നാണ് അദ്ദേഹം ചുട്ടിപ്പണിയുടെ കലയും ശാസ്ത്രവും അഭ്യസിച്ചത്. കലാനിലയത്തിൽ ഇടയ്ക്ക് വരാറുള്ള കോപ്പ് നിർമ്മാണവിദഗ്ധനായ രാമവാര്യരുടെ ശിക്ഷണവും പ്രോത്സാഹനവും പരമേശ്വരനെ മികച്ച കോപ്പ് പണിക്കാരനാക്കി. അങ്ങനെ കലാനിലയത്തിൽ

ആറുവർഷത്തെ കഥകളി വേഷം കോഴ്സ് പൂർത്തിയാക്കിയ ശേഷം 1968 -ൽ പരമേശ്വരനെ തേടിയെത്തിയത് കലാനിലയത്തിലെ ചുട്ടി അധ്യാപകന്റെ വേഷമായിരുന്നു. പത്മശ്രീ കലാമണ്ഡലം കൃഷ്ണൻനായരുടെ മുഖത്ത് നളവേഷമാണ് ആദ്യമായി പരമേശ്വരനാശാൻ ചുട്ടി കുത്തിയത് എന്നത് ശ്രദ്ധേയമാണ്. കടലാസ് ചുട്ടിയിൽ അരിക് മടക്കുന്ന രീതി ആവിഷ്കരിച്ചത് പരമേശ്വരന്റെ ഗുരുനാഥനായ കങ്ങഴ മാധവനായിരുന്നു. എല്ലാനിലയിലുമുള്ള കടലാസിലും അരികുമടക്കിയുള്ള ചുട്ടിയുടെ പരിഷ്കൃതരീതി പരമേശ്വരൻ ആശാന്റെ ഭാവനയിൽ രൂപപ്പെട്ടതാണ്. പുതിയ പരീക്ഷണങ്ങൾക്ക് മുതിരാനും അവ പൂർണ്ണമായി ശിഷ്യന്മാർക്ക് പകർന്നു നൽകാനുമുള്ള മനസ്സ് കലാനിലയം പരമേശ്വരനെ വ്യത്യസ്തനാക്കുന്നു.

## കലാനിലയം പ്രശാന്ത്

പ്രശസ്ത ചുട്ടികലാകാരനാണ് കലാനിലയം പ്രശാന്ത്. പാലക്കാട്ടുകാരനായ ഇദ്ദേഹം പതിനെട്ടാമത്തെ വയസ്സിലാണ് കലാനിലയത്തിൽ ചുട്ടിയും കോപ്പുപണിയും പഠിക്കാനായി എത്തിച്ചേർന്നത്. ഈ വിഷയത്തിൽ മൂന്ന് വർഷത്തെ ഡിപ്ലോമ കോഴ്സും ഒരു വർഷത്തെ പി.ജി. കോഴ്സും അദ്ദേഹം പൂർത്തിയാക്കി. ഇന്ത്യയിലുടനീളം ഇതരസംസ്ഥാനങ്ങളിലും ഈജിപ്റ്റിലും ഇദ്ദേഹം കഥകളി അവതരണവുമായി എത്തിച്ചേർന്നിട്ടുണ്ട്. 2004 -മുതൽ ഉണ്ണായിവാര്യർ കലാനിലയത്തിലെ അധ്യാപകനാണ് കലാനിലയം പ്രശാന്ത്.

## കലാനിലയം മനോജ്

ഇരിങ്ങാലക്കുട കളങ്കണ്ടത്ത് വീട്ടിൽ മണിയുടെയും നിർമ്മലയുടെയും മകനാണ് കലാനിലയം മനോജ്. 1999 മുതൽ അദ്ദേഹം കലാനിലയത്തിലെ വിദ്യാർത്ഥിയാണ്. കലാനിലയം ഗോപി ആശാന്റെയും കലാനിലയം ഗോപിനാഥനാശാന്റെയും കീഴിൽ പത്തു വർഷം കഥകളി അഭ്യസിച്ചു. ചൈന തുടങ്ങിയ ഇടങ്ങളിലും കഥകളി അവതരണവുമായി എത്തിച്ചേരാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. സ്കൂൾ ഓഫ് ഡ്രാമയിലും കലാനിലയത്തിലും താൽക്കാലിക അധ്യാപകനായി സേവനം ചെയ്തിട്ടുള്ള അദ്ദേഹം ഇപ്പോൾ സോൾവെന്റ് റോഡിലുള്ള തന്റെ വീട്ടിൽ കഥകളി അഭ്യസിപ്പിച്ചു വരുന്നു.

### ഹരികൃഷ്ണൻ

കലാനിലയം ഗോപിനാഥൻ ആശാന്റെ മകനായ ഹരികൃഷ്ണൻ ഏഴ വയസ്സ മുതൽ കഥകളി പഠനം ആരംഭിച്ചു. പതിനൊന്നാം വയസ്സിൽ കേന്ദ്രസർക്കാരിന്റെ സെൻട്രൽ കൾച്ചറൽ റിസോഴ്സ് ട്രെയിനിങ് സ്കോളർഷിപ്പോടെ കഥകളി പരിശീലനം നടത്തി. നാലുവർഷം തുടർച്ചയായി സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ ഒന്നാം സ്ഥാനം നേടിയ ഹരികൃഷ്ണനും അനുജൻ യദു കൃഷ്ണനും ഇരിങ്ങാലക്കുടയിലെ വളർന്നുവരുന്ന കഥകളി കലാകാരന്മാരിൽ ശ്രദ്ധേയരാണ്.

കലാനിലയം വാസു, കലാനിലയം രാജശേഖരപണിക്കർ, കലാനിലയം വാസു ദേവപണിക്കർ, കലാനിലയം അനിൽകുമാർ തുടങ്ങിയ അഭിനേതാക്കളും കഥകളി സംഗീതജ്ഞനായ കലാനിലയം രാജീവൻ, മദ്ദള കലാകാരന്മാരായ കലാനിലയം ഉണ്ണികൃഷ്ണൻ, കലാനിലയം ശ്രീജിത്ത് ശ്രീനിവാസൻ എന്നിവരും സമകാലീന ഇരിങ്ങാലക്കുടയിലെ കലാപാരമ്പര്യത്തെ മുന്നോട്ട നയിക്കുന്നവരാണ്.

## 5.4 വാദ്യകലകൾ

വാദ്യകലകൾക്ക് കേൾവികേട്ട ഇടമാണ് ഇരിങ്ങാലക്കുട. അഭിനയ - നൃത്തകലകൾക്കും ആഘോഷവേളകൾക്കും അകമ്പടിയായി വാദ്യകലകൾ ഉപയോഗപ്പെടുത്തുന്നു. പള്ളിപ്പെരുന്നാളിനും ക്ഷേത്രോത്സവങ്ങളിലും മേളം പ്രധാനമാണ്. കൂടൽമാണിക്യത്തിലാകട്ടെ പത്ത് ദിവസത്തെ ഉത്സവനാളുകളിൽമാത്രം 14 പഞ്ചാരിമേളവും 2 പാണ്ടിമേളവും 2 പഞ്ചവാദ്യവും പതിവുണ്ട്. കൊടിപ്പുറത്തുവിളക്കിന്റെ അന്ന് രാത്രി മുതൽ ഒമ്പതാം ദിവസം പള്ളിവേട്ടയുടെ അന്ന് കാലത്തുവരെയാണ് പഞ്ചാരിമേളമുള്ളത്. ശ്രീബലിയെഴുന്നള്ളിപ്പിനോടനുബന്ധിച്ച് രാവിലെയും വൈകീട്ടും ഒമ്പതുമണി മുതൽ ഏകദേശം മൂന്ന് മണിക്കൂറോളം അഞ്ചുകാലത്തിലും കൊട്ടിക്കയറുന്ന പഞ്ചാരിമേളം ഉത്സവക്കാഴ്ചകളിൽ പ്രധാനമാണ്. പള്ളിവേട്ടകഴിഞ്ഞും ആറാട്ട് കഴിഞ്ഞുമുള്ള തിരിച്ചെഴുന്നള്ളത്തിലാണ് പഞ്ചവാദ്യം പതിവുള്ളത്. ഉത്സവത്തിന്റെ ഒമ്പത് - പത്ത് ദിവസങ്ങളിലാണ് പാണ്ടിമേളം നടക്കുന്നത്. പാണ്ടിമേളം കുട്ടംകുളത്തിന്റെ പരിസരത്തുവച്ചാണ് നടക്കുക.

ബാന്റ് സെറ്റിനും പേരുകേട്ട ഇടമാണ് ഇരിങ്ങാലക്കുട. ഇരിങ്ങാലക്കുട ചന്തയിലുണ്ടായിരുന്ന സെന്റ് സെബാസ്റ്റ്യൻ ബാന്റ് കമ്പനിയും (നോ. അനുബന്ധം 1.10.1) അവരുടെ പരിശീലനവും പ്രകടനവും പഴമക്കാരുടെ ഓർമ്മകളിൽ ഇന്നുമുണ്ട്.

## 5.4.1 ചെണ്ടയും മേളവും

ഇരിങ്ങാലക്കുടയിലെയും പരിസരങ്ങളിലെയും ഒട്ടുമിക്ക ആഘോഷങ്ങൾക്കും മേളം പതിവുണ്ട്. കത്തീഡ്രൽ ദേവാലയമടക്കമുള്ള പള്ളികളിൽ പെരുന്നാളിനോടനുബന്ധിച്ച് ഓരോ യൂണിറ്റിൽനിന്നും മേളമുണ്ടാവും. പിണ്ടിപ്പെരുന്നാളിന്റെ അമ്പെഴുന്നള്ളിപ്പിലും തുടർന്ന് പള്ളിപ്പറമ്പിൽവച്ചും എല്ലാ യൂണിറ്റിലെയും വാദ്യക്കാർ മത്സരമികവോടെ നടത്തുന്ന അവതരണം ഗംഭീരമാണ്. കൊല്ലാട്ടിഷഷ്ഠിക്ക് വിവിധ കാവടി സെറ്റുകളും മേളക്കാരുടെ അകമ്പടിയോടെ താളംപിടിച്ചാണ് ക്ഷേത്രത്തിൽ പ്രവേശിക്കുന്നത്. അങ്ങാടിയിൽ കടകളുടെ ഉത്ഘാടനത്തിനും സ്ഥാപനങ്ങളിൽ വിശിഷ്ടാതിഥികളെ സ്വീകരിക്കുന്നതിനും പഞ്ചാരിമേളത്തിന്റെ സാന്നിധ്യമുണ്ട്. ഇരിങ്ങാലക്കുടയിലെ ഒട്ടനവധി ചെറുപ്പക്കാർക്ക് കല മാത്രമല്ല, ജീവിതോപാധി കൂടിയാണ് ചെണ്ടയും മേളവും.

### കലാമണ്ഡലം ശിവദാസ്

കേരളത്തിലും വിദേശത്തുമായി രണ്ടായിരത്തിലധികം ശിഷ്യസമ്പത്തുള്ള വാദ്യകലാകാരനാണ്, കലാമണ്ഡലം ശിവദാസ്. ശിഷ്യർ സ്നേഹപൂർവ്വം ശിവാശാൻ എന്ന് വിളിക്കുന്ന ശിവദാസൻ ആശാനാണ് ഇന്ന് ഉണ്ണായിവാര്യർ സ്മാരകകലാനിലയത്തിന്റെ പ്രിൻസിപ്പൽ. പാലക്കാട് ജില്ലയിലെ കൊല്ലങ്കോടാണ് ശിവദാസൻ ആശാൻ ജനിച്ചത്. വാദ്യകലയോടുള്ള താൽപര്യത്താൽ പതിനൊന്നാം വയസ്സുമുതൽ പല്ലശ്ശന കുഞ്ചുമണിമാരാരുടെ കീഴിൽ ചെണ്ടവാദനം അഭ്യസിക്കാനാരംഭിച്ചു. പതിമൂന്നാം വയസ്സിലാണ് അദ്ദേഹം തായമ്പകയിലൂടെയാണ് അരങ്ങേറ്റം കുറിക്കുന്നത്.

ശിവദാസിന്റെ കലാഭിരുചി തിരിച്ചറിഞ്ഞ കൊല്ലങ്കോട് വെങ്ങുവനാട് കോവിലകത്തെ വേണുഗോപാലവർമ്മ, കഥകളിക്കൊട്ട് പഠിക്കാൻ പ്രേരിപ്പിക്കുന്നു. പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം അദ്ദേഹത്തിന്റെ ശുപാർശക്കത്തുമായാണ് ശിവദാസ്

കലാമണ്ഡലത്തിലെത്തുന്നത്. കലാമണ്ഡലം കൃഷ്ണൻ കുട്ടിപ്പൊതുവാൾ, ചന്ദ്ര മന്നാടിയാർ, അച്ചുണ്ണിപ്പൊതുവാൾ, വാരണാസി നമ്പൂതിരി, കലാമണ്ഡലം ബലരാമൻ, കലാമണ്ഡലം അപ്പുമാരാർ, കലാനിലയം കുഞ്ചുണ്ണി എന്നിവരുടെ കീഴിലുള്ള നാലുവർഷത്തെ അഭ്യസനം അദ്ദേഹത്തെ മികച്ചവാദ്യകലാകാരനാക്കി.

കലാനിലയത്തിൽനിന്ന് പി.ജി. പഠനം പൂർത്തിയാക്കിയ ശിവദാസ് 1985 -മുതൽ അവിടെ അധ്യാപകനായി പ്രവേശിച്ചു. തൃശ്ശൂർ പാറമേക്കാവ് ദേവസ്വത്തിനു കീഴിൽ പ്രവർത്തിക്കുന്ന കലാക്ഷേത്രത്തിലും ചെണ്ട ആശാന്റെ പദവിയിൽ അദ്ദേഹം പ്രവർത്തിച്ചുവരുന്നു. ഇന്ത്യയിൽ മാത്രമല്ല അമേരിക്കയിലും അദ്ദേഹത്തിന് ശിഷ്യസമ്പത്തുണ്ട്. ഓൺലൈനായും അവിടെച്ചെന്നും അദ്ദേഹം പഠിപ്പിക്കുന്നു. തൃശ്ശൂർ പൂരം, പെരുവനം പൂരം, ആറാട്ടുപുഴ പൂരം, കൂടൽമാണിക്യം ഉത്സവം, ഏറ്റുമാനൂർ മഹാദേവക്ഷേത്രോത്സവം, കുട്ടനല്ലൂർ പൂരം, നെന്മാറ വല്ലങ്ങിവേല, ഉത്രാളിക്കാവ് പൂരം, അവിട്ടത്തൂർ ഉത്സവം, കൊടുങ്ങല്ലൂർ താലപ്പൊലി, കോഴിക്കോട് തളി ഉത്സവം എന്നിവിടങ്ങളിൽ മേളപ്രമാണിയാവാനും കൂട്ടുചെണ്ടക്കാരനാവാനും ഇതിനോടകം ശിവദാസൻ ആശാന് സാധിച്ചിട്ടുണ്ട്.

2010 -ൽ ഇരിങ്ങാലക്കുട കേന്ദ്രമായി വാദ്യകുലപതി പല്ലാവൂർ അപ്പുമാരാരെ അനുസ്മരിച്ചുകൊണ്ട് ആറു ദിവസമായി നടത്തുന്ന 'ദേശീയ പല്ലാവൂർ താളവാദ്യ മഹോത്സവം' എന്ന ആശയത്തിന് രൂപം നൽകിയത് ശിവാശാനാണ്. 'വാദ്യ കുലപതി പല്ലാവൂർ അപ്പുമാരാർസ്മാരക വാദ്യ ആസ്വാദകസമിതി' എന്ന പേരിൽ ഒരു ട്രസ്റ്റ് ആരംഭിച്ചു. കേരളസർക്കാരിന്റെ സാംസ്കാരിക - ടൂറിസംവകുപ്പുകളുടെ ധനസഹായത്തോടെ നടത്തിവരുന്ന ഈ വാദ്യമഹോത്സവത്തിലൂടെ, നിരവധി പ്രതിഭാധനരായ കലാകാരന്മാരെ ആദരിക്കുവാനും കലാപ്രകടനത്തിന് വേദിയൊരുക്കാനും സാധിച്ചു. കലാകാരൻ, സംഘാടകൻ, പ്രചാരകൻ എന്ന നിലയിൽ മാത്രമല്ല സാമൂഹ്യപ്രതിബദ്ധതയാർന്ന പ്രവർത്തനങ്ങളിലൂടെയും അദ്ദേഹം ഇരിങ്ങാലക്കുടയുടെ സാംസ്കാരികചരിത്രത്തിൽ ഇടംനേടുന്നു. ശിവാശാന്റെ ശിഷ്യരായ ഒട്ടനവധി ചെറുപ്പക്കാർക്ക് ജീവിതോപാധി നേടിക്കൊടുത്തു അദ്ദേഹം. കൂടാതെ പ്രളയം, കോവിഡ് 19 മഹാമാരി തുടങ്ങിയവയുടെ കാലത്ത് കലാകാരന്മാരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും അദ്ദേഹത്തിന് സാധിച്ചു. കേരള കലാമണ്ഡലത്തിന്റെയും കെ.എൻ. പിഷാരടിസ്മാരക കഥകളി ക്ലബ്ബിന്റെയും അവാർഡുകൾ അദ്ദേഹം നേടിയിട്ടുണ്ട്. കൂടാതെ 2002 -ൽ

ശിഷ്യരും ആസ്വാദകരും ചേർന്ന് സുവർണ്ണമുദ്ര നൽകി കലാമണ്ഡലം ശിവദാസിനെ ആദരിച്ചു. കലാമണ്ഡലം ശിവദാസ് എഴുതിയ *ചെണ്ട പഠനസഹായി*, *ഇലഞ്ഞിത്തറ പാണ്ടിമേളം* എന്നീ രണ്ടു പുസ്തകങ്ങൾ തൃശ്ശൂർ പാറമേക്കാവ് ദേവസ്വം പ്രസിദ്ധീകരിച്ചി ട്ടുണ്ട്.

## രവീന്ദ്രൻ വി.എം.

കൂടൽമാണിക്യക്ഷേത്രത്തിലെ അടിയന്തരാവകാശികളിൽ ഒരാളാണ് രവീന്ദ്രൻ വി.എം.. 1940 -ൽ വടക്കൂട്ട് മാരാത്ത് നാരായണൻ നമ്പൂതിരിപ്പാടിന്റെയും പാർവ്വതി വാരസ്യാരുടെയും മകനായാണ് അദ്ദേഹം ജനിച്ചത്. അമ്മാവനായ രാമമാരാരാണ് ആദ്യ ഗുരു. തുടർന്ന് ശ്രീനാരായണപുരം കലാനിലയം അപ്പുമാരാരുടെ കീഴിൽ ചെണ്ട അഭ്യസിച്ചു. എസ്.ബി.ടി.യിൽ പ്യൂണായി ജോലി ചെയ്യുമ്പോഴും തന്റെ കലയെ അദ്ദേഹം വളർത്തി. നിരവധി ക്ഷേത്രോത്സവങ്ങളിൽ മേളം അവതരിപ്പിച്ചു അദ്ദേഹം.

## കലാനിലയം ഉദയൻ നമ്പൂതിരി

മട്ടന്നൂരിൽ ജനിച്ച് മട്ടന്നൂർ ശങ്കരൻകുട്ടി മാരാരുടെയും അനുജൻ ശിവരാമമാരാരു ടെയും ശിഷ്യനായ കലാനിലയം ഉദയൻ നമ്പൂതിരി, 1990 -ലാണ് ഇരിങ്ങാലക്കുട കലാ നിലയത്തിൽ എത്തിച്ചേരുന്നത്. 1994 - വരെ അദ്ദേഹം കലാനിലയം കുഞ്ചുണ്ണി ആശാ ന്റെയും കലാമണ്ഡലം ശിവദാസന്റെയും ശിഷ്യത്വത്തിൽ കഥകളിക്കൊട്ട് അഭ്യസിച്ചു.

## കലാനിലയം കലാധരൻ

കലാനിലയം കുഞ്ചുണ്ണിയുടെയും കലാമണ്ഡലം ശിവദാസന്റെയും ശിഷ്യനായ വാദ്യ കലാകാരനാണ് കലാനിലയം കലാധരൻ. പന്ത്രണ്ടാം വയസ്സിൽ കലാനിലയ ത്തിൽ എത്തിയ അദ്ദേഹം ചെണ്ടയിൽ ബിരുദാനന്തര ബിരുദം നേടി. കേരള ത്തിലെ പ്രമുഖക്ഷേത്രങ്ങളിലെ ഉത്സവങ്ങളിൽ തായമ്പക നടത്തിയിട്ടുള്ള അദ്ദേഹം സൂര്യ ഫെസ്റ്റിവൽ, ഖജൂരാവോ തുടങ്ങിയ പരിപാടികളിലും പങ്കെടുത്തിട്ടുണ്ട്. ഇപ്പോൾ കൂടൽമാണിക്യക്ഷേത്രത്തിലെ ദേവസ്വം ബോർഡിൽ ജീവനക്കാരനാണ് അദ്ദേഹം. നന്തുണി, ഈഴറ തുടങ്ങിയ വാദ്യങ്ങളും വായിക്കാനറിയാവുന്ന മേളം കലാകാരനാണ്,

മനോജ് കോമ്പാറ. വലിയച്ഛനായ ശങ്കരനാണ് മനോജിന്റെ ഗുരു. തായമ്പക, പഞ്ചാരിമേളം, ശിങ്കാരിമേളം, പാണ്ടിമേളം എന്നിവയിലെല്ലാം അദ്ദേഹത്തിന് നൈപുണ്യമുണ്ട്.

ഇനിയും എണ്ണിയാൽ തീരാത്ത ചെണ്ടകലാകാരന്മാരുടെ കേന്ദ്രമാണ് ഇരിങ്ങാലക്കുട. സ്വതന്ത്രമായ മറ്റ് തൊഴിൽ മേഖലകളിൽ തുടരുമ്പോഴും തങ്ങളുടെ വാദ്യകല തുടരുന്ന കലാകാരന്മാർ ഇവിടെ ഏറെയാണ്. അജയ് മേനോൻ, ശ്യാം രാജ്, ശരത്ത്, സജു ചന്ദ്രൻ, സനോജ് കെ.കെ., ശ്രീജിത്ത് കെ. തുടങ്ങിയവർ അവരിൽ ചിലരാണ്.

### 5.4.2 മറ്റുവാദ്യങ്ങൾ

നാദസ്വരം, ഓടക്കുഴൽ, തബല, ഡ്രം, ഹാർമോണിയം, കീ ബോർഡ്, വയലിൻ തുടങ്ങിയ പൗരസ്ത്യവും പാശ്ചാത്യവുമായ ധാരാളം വാദ്യോപകരണങ്ങളിൽ വിദഗ്ധരായവരുടെ തട്ടകമാണ് ഇരിങ്ങാലക്കുട.

#### അപ്പു ഇരിങ്ങാലക്കുട

പ്രശസ്തനായ നാദസ്വരവിദ്വാനാണ് അപ്പു ഇരിങ്ങാലക്കുട. കല്ലുങ്ങപ്പറമ്പിൽ അപ്പുണ്ണിയുടെയും അമ്മുവിന്റെയും മകനായി 1932 -ലാണ് അദ്ദേഹം ഇരിങ്ങാലക്കുടയിൽ ജനിച്ചത്. ഇരിങ്ങാലക്കുട പരമു പണിക്കരാണ് അദ്ദേഹത്തിന്റെ ഗുരു. പതിനഞ്ചു വർഷത്തിലധികം കൂടൽമാണിക്യക്ഷേത്രത്തിലെ നിത്യ അടിയന്തിര ജീവനക്കാരനായിരുന്നു. കൂടാതെ കൊല്ലാട്ടി ക്ഷേത്രം, കൂർക്കഞ്ചേരി ക്ഷേത്രം, എടതിരിഞ്ഞി സുബ്രഹ്മണ്യസ്വാമി ക്ഷേത്രം തുടങ്ങി പരിസര പ്രദേശങ്ങളിലെ ഒട്ടനവധി ക്ഷേത്രങ്ങളിൽ അദ്ദേഹം നാദസ്വരം വായിച്ചിട്ടുണ്ട്. 2004 -ലാണ് അപ്പു ഇരിങ്ങാലക്കുട മരിച്ചത്.

#### കെ.കെ. പ്രഭാകരൻ

ഓടക്കുഴൽ വിദ്വാനായ കെ.കെ. പ്രഭാകരൻ, 1943 -ലാണ് ഇരിങ്ങാലക്കുടയിൽ ജനിച്ചത്. കോലത്താട്ടിൽ കറുപ്പന്റെയും പാറുക്കുട്ടിയുടെയും മകനാണ് അദ്ദേഹം. സഹോദരനായ അയ്യപ്പനിൽനിന്നാണ് ഓടക്കുഴൽ വായിക്കാൻ അദ്ദേഹം പഠിച്ചത്. ഓടക്കുഴൽ നിർമ്മാണത്തിലും വിദഗ്ധനായ പ്രഭാകരനെ കൈരളി ടി.വി. വേറിട്ട

കാഴ്ചകൾ എന്ന പരിപാടിയിലൂടെ പ്രേക്ഷകർക്ക് പരിചയപ്പെടുത്തിയിരുന്നു. ഓൾ ഇന്ത്യ റേഡിയോ, ദൂരദർശൻ എന്നിവിടങ്ങളിലും അദ്ദേഹം പരിപാടികൾ അവതരിപ്പിച്ചു.

## വിശാഖൻ ഇരിങ്ങാലക്കുട

പ്രഭാകരൻ ആശാന്റെ ശിഷ്യനായ വിശാഖൻ ഇരിങ്ങാലക്കുടയും ശ്രദ്ധേയനായ ഓടക്കുഴൽവിദ്വാനാണ്. നിരവധി വേദികളിൽ ഓടക്കുഴൽ വായിച്ചിട്ടുള്ള അദ്ദേഹം നടന കൈശികി, തൃശ്ശൂർ ജനാർദ്ദനൻ തുടങ്ങിയ സംഘങ്ങളോടൊപ്പം പ്രവർത്തിച്ചിട്ടുണ്ട്. ആകാശവാണി, ദൂരദർശൻ, സൂര്യ ടി.വി. തുടങ്ങിയ മാധ്യമങ്ങളിൽ ഓടക്കുഴൽ വായിച്ചിട്ടുള്ള വിശാഖൻ സിനിമാതാരങ്ങളായ വിനീത്, ഊർമ്മിള ഉണ്ണി, സംയുക്ത വർമ്മ, രചന നാരായണൻ കുട്ടി, കൃപ, പ്രതീപൻ, ലിയോണ ലിഷോയ് തുടങ്ങിയവരുടെ നൃത്ത പരിപാടികളിലും ഓടക്കുഴൽ വായിച്ചിട്ടുണ്ട്. 2016 -ൽ മരിച്ചു.

## ഷെയ്ഖ് അബ്ദുൾ ലത്തീഫ്

തബല, ഡ്രം എന്നീ വാദ്യകലകളിൽ പ്രശസ്തനാണ് ഷെയ്ഖ് അബ്ദുൾ ലത്തീഫ്. ഫാ. തോബിയാസിന്റെയും കൊടകര അംബുജാക്ഷന്റെയും ശിഷ്യനാണ് അദ്ദേഹം. മനക്കുളങ്ങര പറമ്പിൽ ഉസ്മാന്റെയും മുനവ്വർ ബീവിയുടെയും മകനായി 1959 -ലാണ് അബ്ദുൾ ലത്തീഫ് ഇരിങ്ങാലക്കുടയിൽ ജനിച്ചത്. സുഗതൻ പൊറത്തിശ്ശേരി, കൈപ്പുള്ളിത്തറ സുബ്രഹ്മണ്യൻ, സുഗതൻ മാള എന്നിവരോടൊപ്പം അദ്ദേഹം തബല വായിച്ചിട്ടുണ്ട്. ആസാദ് റോഡിലെ കലാഞ്ജലി തിയ്യേറ്റേഴ്സിനു വേണ്ടി എട്ട് വർഷത്തോളം പ്രവർത്തിച്ചിട്ടുണ്ട്.

## ഉണ്ണികൃഷ്ണൻ നടുവിൽ

സംഗീതസംവിധായകൻ വിദ്യാധരൻ മാസ്റ്ററുടെ കീഴിൽ നാലുവർഷം ട്രിപ്പിൾ ഡ്രം അഭ്യസിച്ച കലാകാരനാണ് ഉണ്ണികൃഷ്ണൻ നടുവിൽ. 1961 -ൽ നടുവിൽ മുറിയിൽ തങ്കപ്പന്റെ മകനായി കാട്ടുങ്ങച്ചിറയിലാണ് അദ്ദേഹം ജനിച്ചത്. ജാസ്സ് സംഗീതത്തിൽ വിദഗ്ധനായ അദ്ദേഹം ട്രിച്ചൂർ വേവ്സിലെ കലാകാരനായിരുന്നു. അമ്മാവന് പറ്റിയ

അമളി, സ്വാഗതം, കാർണിവൽ, തീർത്ഥം, ഭാര്യ അത്ര പോര എന്നീ സിനിമകൾക്ക് വേണ്ടി ജാസ്സ് വായിച്ചിട്ടുണ്ട്. റിയാസ് ഇരിങ്ങാലക്കുടയുടെ ഇശൽനില, ടി.സി.വി.യുടെ എന്നെ മറക്കരുത് എന്നീ ആൽബങ്ങൾക്ക് വേണ്ടി സംഗീതം ചെയ്തു. ഇരിങ്ങാലക്കട യിലെ വിവിധ സ്കൂളുകളിലും സോക്കോ കണ്ടംപററി ആർട്സ്, ഇരിങ്ങാലക്കട മ്യൂസിക് വേൾഡ്, തൃശ്ശൂർ കൊച്ചിൻ ഹീറോസ്, പാലക്കാട് ധ്വനി, ചേർപ്പ് ട്രിനിറ്റി എന്നിവിടങ്ങ ളിലും ക്ലാസ്സുകൾ എടുക്കുന്നുണ്ട് അദ്ദേഹം. കമുകറ പുരുഷോത്തമൻ, സി.ഒ. ആന്റോ, ഉണ്ണിമേനോൻ, ജി. വേണു ഗോപാൽ, ജാനകി ദേവി, ജയചന്ദ്രൻ തുടങ്ങിയ പ്രശസ്ത ഗായകരുടെ പരിപാടികൾക്കെല്ലാം ജാസ്സ് വായിച്ചിട്ടുണ്ട് ഉണ്ണികൃഷ്ണൻ നടുവിൽ.

## വിജയകുമാർ പൊറത്തിശ്ശേരി

ഹാർമോണിയം, കീ ബോർഡ്, വയലിൻ, ഗിറ്റാർ, തബല തുടങ്ങിയ വാദ്യങ്ങളിൽ മികവ് തെളിയിച്ചിട്ടുള്ള കലാകാരനാണ് വിജയകുമാർ പൊറത്തിശ്ശേരി. 1951 -ൽ അവിട്ടത്തൂർ വീട്ടിൽ നാരായണന്റെ മകനായാണ് അദ്ദേഹം ജനിച്ചത്. അച്ഛനിൽനി ന്ന് സംഗീതവും തൃശ്ശൂർ ഓർക്കസ്ട്രയിലെ ജോക്കിൻ മാസ്റ്ററിൽനിന്ന് ഹാർമോണിയവും കെ.ഒ. പോളിൽനിന്ന് കീബോർഡും അദ്ദേഹം പഠിച്ചെടുത്തു. കഥാപ്രസംഗങ്ങളിൽ പിന്നണി പാടിയും ഗാനമേള ട്രൂപ്പുകളിൽ സിനിമാസംഗീതങ്ങളാലപിച്ചും കുട്ടികളെ ഹാർമോണിയവും കീബോർഡും പഠിപ്പിച്ചും അദ്ദേഹം ഇരിങ്ങാലക്കുടയുടെ കലാരംഗ ത്തെ നിറസാന്നിധ്യമായുണ്ട്.

## പ്രദീപ് കോറശ്ശേരിയിൽ

ഹാർമോണിയത്തിലും വയലിനിലും വിദഗ്ധനാണ് പ്രദീപ് കോറശ്ശേരിയിൽ. പിതാവായ പ്രതാപ് സിങ്ങിൽനിന്നാണ് അദ്ദേഹം ഹാർമോണിയം അഭ്യസിച്ചത്. തുടർന്ന് പ്രശസ്ത വയലിനിസ്റ്റ് റെക്സ് മാസ്റ്ററുടെ കീഴിൽ വയലിൻ പരിശീലിച്ചു. സിവിൽ എഞ്ചിനീയറായിരുന്ന അദ്ദേഹം ഔദ്യോഗിക ജീവിതത്തിനുശേഷം വയലിൻ, അക്വാ സ്റ്റിക് പിയാനോ എന്നിവയിൽ പരിശീലനം നൽകിവരുന്നു.

### 5.4.3 മൃദംഗമേള

പ്ലാവിന്റെ തടിയിൽ തീർത്ത കുഴൽ ഭാഗത്തോടുകൂടിയ തുകൽ വാദ്യമാണ് മൃദംഗം. കർണാടകസംഗീതത്തിലെ താളാത്മകമായ അകമ്പടിയായാണ് മൃദംഗം ശ്രദ്ധയാകർഷിക്കുന്നത്. ഭരതനാട്യം, മോഹിനിയാട്ടം, ഓട്ടൻതുള്ളൽ തുടങ്ങിയ രംഗകലകൾക്ക് പിന്നണിയായും മൃദംഗം ഉപയോഗിക്കുന്നു. എന്നാൽ മൃദംഗമേള എന്ന ആശയം വികസിച്ചുവന്നത് ഇരിങ്ങാലക്കുടയിലാണ്. ഇരിങ്ങാലക്കുടയിലെ പ്രശസ്ത മൃദംഗകലാകാരനായ കൊരമ്പ് സുബ്രഹ്മണ്യൻ നമ്പൂതിരിയാണ്, മൃദംഗമേള എന്ന പുതിയൊരു കലാരൂപം ചിട്ടപ്പെടുത്തിയത്. മൃദംഗത്തിലെ പുതുക്കോട്ടശൈലി സ്വായത്തമാക്കിയ പഴനി സുബ്രഹ്മണ്യം പിള്ളയുടെ ശിഷ്യനാണ് ഇദ്ദേഹം. കേരളത്തിലെ പുതുക്കോട്ടശൈലിയുടെ പ്രചാരകനും കൊരമ്പ് സുബ്രഹ്മണ്യം നമ്പൂതിരിയാണ്. പെരുവനം ക്ഷേത്രത്തിലെ ജീവനക്കാരനായിരുന്നു സുബ്രഹ്മണ്യൻ നമ്പൂതിരി. 1975 -ലാണ് കൊരമ്പ് മൃദംഗകളരി സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ ആരംഭിക്കുന്നത്. കേരളത്തിലെ നിരവധി ക്ഷേത്രങ്ങളിലും ക്ഷണിക്കപ്പെട്ട സദസ്സുകളിലും മൃദംഗമേള അവതരിപ്പിക്കപ്പെട്ടു. സുബ്രഹ്മണ്യൻ നമ്പൂതിരിയെ തുടർന്ന് അദ്ദേഹത്തിന്റെ മകനും ശിഷ്യനുമായ വിക്രമൻ നമ്പൂതിരി മൃദംഗകളരിയുടെ നേതൃത്വം ഏറ്റെടുത്തു.

ഒരുക്കൂട്ടം കലാകാരന്മാരുടെ മൃദംഗതാളത്തിൽ സമന്വയിപ്പിച്ച കലാപ്രകടനമാണ് മൃദംഗമേള. മൂന്നു വയസ്സു മുതൽ 17 വയസ്സ് വരെയുള്ള, പത്ത് മുതൽ നൂറോ അതിലധികമോ കലാകാരന്മാർ ഒരുമിച്ചിരുന്ന് ഒരേതാളത്തോടെ മൃദംഗവാദനം ചെയ്യുകയാണിവിടെ. എളുപ്പത്തിൽ പഠിച്ചെടുക്കാവുന്ന രീതിയിലാണ് മൃദംഗ മേളയുടെ പാഠ്യ - പരിശീലന രീതി. മൃദംഗത്തിന്റെ ആദ്യപാഠങ്ങൾ മുതൽ മൃദംഗകച്ചേരിയിലെ കൊറപ്പും മോറയും[4] വരെ കുട്ടികൾക്ക് വായിക്കാനാവുന്നു. മൃദംഗത്തിന്റെ തനത് ശൈലിയിൽനിന്ന് മാറി, കർണാട്ടിക് ഹിന്ദുസ്ഥാനിശൈലികളും കേരളീയമായ മേളശൈലിയും മുഖ്യ ഇനങ്ങളായി സമന്വയിപ്പിച്ചാണ് മൃദംഗമേള രൂപകൽപ്പന ചെയ്തിരിക്കുന്നത്. സാധാരണക്കാർക്കും മൃദംഗവിദ്വാൻമാർക്കും ഒരുപോലെ ആസ്വാദ്യകരമാണ് മൃദംഗമേള. ഈ ലാളിത്യമാണ് മൃദംഗമേളയുടെ ജനപ്രീതിക്ക് കാരണം.

[4] കച്ചേരിയിലെ തനിയാവർത്തനത്തിനിടയിൽ മൃദംഗത്തിന്റെ താളക്രമത്തിലുണ്ടാകുന്ന ഉയർച്ച താഴ്ചകളാണ് കൊറപ്പും മോറയും

കൂടൽമാണിക്യക്ഷേത്രത്തിൽ ഉത്സവം കൊടിയേറിക്കഴിഞ്ഞാലുടൽ മൃദംഗമേള വഴിപാടായി അവതരിപ്പിക്കുന്ന പതിവുണ്ട്. കൊരമ്പ് വിക്രമൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ ചെമ്പൈ സംഗീതോത്സവത്തിൽ മൃദംഗമേള അവതരിപ്പിച്ചു വരുന്നു. കൂടാതെ പല ഉദ്ഘാടനങ്ങൾക്കും മൃദംഗമേള മുഖ്യ ഇനമായി മാറിക്കൊണ്ടിരിക്കുന്നു. 2018 -ൽ തൃശ്ശൂരിൽവച്ചുനടന്ന സംസ്ഥാന സ്കൂൾകലോത്സവത്തിന്റെ ഉദ്ഘാടനവേദിയിൽ മൃദംഗമേള അവതരിപ്പിച്ചിരുന്നു. ചെന്നൈ, ഡൽഹി എന്നിങ്ങനെ കേരളത്തിന് പുറത്തുള്ള കലാസദസ്സുകളിലും 'പുതിയ മുഖം' സിനിമയിലും കൊരമ്പ് മൃദംഗകളരിയിലെ കുട്ടികൾ മൃദംഗമേള അവതരിപ്പിച്ചിട്ടുണ്ട്.

സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ മറ്റൊരു മകനായ സുധാമൻ സുബ്രഹ്മണ്യൻ, ഇന്ത്യക്കകത്തും പുറത്തും പരിപാടികൾ അവതരിപ്പിച്ചുകൊണ്ട് ഈ കലയെ വളർത്തുന്നതിൽ വലിയ പങ്ക് വഹിച്ചു. സുധാമൻ ഗ്രൂപ്പ്, യു.എസ്.എ., യു.കെ., ഓസ്ട്രേലിയ, ഫ്രാൻസ്, ജർമ്മനി, ഇറ്റലി, സ്വിറ്റ്സർലൻഡ്, ഡെന്മാർക്ക്, കാനഡ, ശ്രീലങ്ക, റുമേനിയ, സൗത്ത് ആഫ്രിക്ക, തുടങ്ങി വ്യത്യസ്ത രാജ്യങ്ങളിൽ പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്. വർഷത്തിൽ എട്ടു മാസവും ഇന്ത്യയ്ക്ക് പുറത്ത് പരിപാടികൾ ചെയ്യുന്ന സംഘമാണ് ഇവരുടേത്.

### 5.4.4 ഇടയ്ക്കയും സോപാനസംഗീതവും

അനുഷ്ഠാനകലാരൂപം എന്ന നിലയിൽ സോപാനസംഗീതം ഏറെ ശ്രദ്ധേയമാണ്. ജയദേവന്റെ *ഗീതഗോവിന്ദ*ത്തിലെ കൃഷ്ണ - രാധകേളികളെ ഇരുപത്തിനാല് അഷ്ടപദിരാഗങ്ങളെ എട്ട് പദങ്ങളായി ചിട്ടപ്പെടുത്തിയാണ് സോപാനസംഗീതം ആലപിക്കുന്നത്. മാരാർ, പൊതുവാൾ വിഭാഗത്തിൽപ്പെട്ട ആളുകളാണ് പ്രധാനമായും ക്ഷേത്രങ്ങളിൽ വാദ്യാലാപനം നടത്തിവന്നിരുന്നത്. ക്ഷേത്രാങ്കണത്തിൽ സോപാനപ്പടിക്കരികിൽനിന്ന് ഇടയ്ക്കയിൽ കൊട്ടിപ്പാടുന്ന ഈ ഗാനാലാപനരീതിക്ക് കൊട്ടിപ്പാടിസേവ എന്നും പേരുണ്ട്.

## പി. നന്ദകുമാർ മാരാർ

പ്രശസ്ത സോപാനസംഗീതജ്ഞനും ഇടയ്ക്കകലാകാരനുമായ കൃഷ്ണൻകുട്ടിമാരാരുടെ മകനാണ് പി. നന്ദകുമാർ മാരാർ. 1968 -ൽ ജനിച്ച അദ്ദേഹത്തിന്റെ ആദ്യ ഗുരു അച്ഛൻ തന്നെയാണ്. കർണാടക സംഗീതത്തിലും ഇടയ്ക്കയിലും വീണയിലും നന്ദകുമാർ മാരാർ പ്രാവീണ്യം നേടിയിരുന്നു. ആലപ്പുഴ ചന്ദ്രശേഖരൻ നായർ, പാലക്കാട്ട് ആർ. രാജാമണി എന്നിവരുടെ കീഴിൽ മൃദംഗത്തിൽ ഉപരിപഠനം നടത്തി.

ഇടയ്ക്കയിൽ നിലാവ് സാധകം എന്ന പാരമ്പര്യരീതിയിലുള്ള അഭ്യാസക്രമം പൂർത്തീകരിച്ചിട്ടുണ്ട്. ഇടയ്ക്കയിൽ നിലാവ് സാധകം ചെയ്തിട്ടുള്ള വളരെ ചുരുക്കം ചില കലാകാരന്മാരിൽ ഒരാളാണ് നന്ദകുമാർ മാരാർ. 1997 ജൂലൈ 5 മുതൽ ഓഗസ്റ്റ് രണ്ടുവരെയാണ് അദ്ദേഹം ഈ സാധകം നിർവഹിച്ചത്. വാദ്യകലയ്ക്കായി ശാരീരികക്ഷമത വർദ്ധിപ്പിക്കുന്നതിന് വേണ്ടിയാണ് നിലാവ് സാധകം എന്ന രീതി ചെയ്തുവരുന്നത്. കൂടൽമാണിക്യക്ഷേത്രത്തിനു മുന്നിലെ ആൽത്തറയായിരുന്നു സാധകവേദി. ആകാശത്ത് ചന്ദ്രനെ കണ്ടുതുടങ്ങുമ്പോഴാണ് സാധകം ആരംഭിക്കുന്നത്. അമാവാസി കഴിഞ്ഞ് തൊട്ടടുത്തദിവസം എന്നാണ് കണക്ക്. ആദ്യദിവസം ഒരു നാഴിക (48 മിനിറ്റ്) രണ്ടാമത്തെ ദിവസം രണ്ട് നാഴിക പിന്നീട് നാല്, എട്ട് എന്നിങ്ങനെ നീളുന്ന സമയക്രമം. ഇത് 15 ദിവസംകൊണ്ട് 12 മണിക്കൂർ പൂർത്തിയാകുന്നു. പിന്നീട് അടുത്ത ദിവസം മുതൽ ഈ ക്രമം നേരെതിരിച്ച് വരുന്നു. ക്ഷമയും അർപ്പണബോധവും ആവശ്യമുള്ള സാധകരീതിയാണിത്.

കേന്ദ്രസർക്കാർ സാംസ്കാരിക വിഭാഗത്തിന്റെ സീനിയർ ഫെല്ലോഷിപ്പ് നേടിയിട്ടുള്ള അദ്ദേഹം ഓൾ ഇന്ത്യ റേഡിയോയിലെ എ ഗ്രേഡ് കലാകാരൻ എന്ന അംഗീകാരം നേടിയിട്ടുണ്ട്. ഇത് അദ്ദേഹത്തിന് ലഭിച്ചത് 2024 ജനുവരി ഒന്നിനാണ്. ഇരിങ്ങാലക്കുടയിലെ പുതുതലമുറയ്ക്ക് തന്റെ അറിവുകൾ പകർന്ന് നൽകുന്നതിലും ബദ്ധശ്രദ്ധനാണ് അദ്ദേഹം.

## രാജീവ് വാര്യർ

ഇരിങ്ങാലക്കുടയിലെ സോപാനസംഗീതത്തിൽ ശ്രദ്ധേയനായ രാജീവ് വാര്യർ 1985 -ലാണ് ജനിച്ചത്. വടക്കേവാരിയത്ത് കൃഷ്ണന്റെയും സതിയുടെയും മകനാണ് അദ്ദേഹം.

അഷ്ടപതിയിലും ഇടയ്ക്കയിലും കഴിവ് തെളിയിച്ചിട്ടുള്ള രാജീവ് അറിയപ്പെടുന്ന ചെണ്ട കലാകാരനും കൂടിയാണ്. കലാമണ്ഡലം ശിവദാസനാശാനും കലാനിലയം കുഞ്ചുണ്ണി യാശാനുമായിരുന്ന ഗുരുക്കൻമാർ. വാര്യർസമാജം ഹാളിൽ കുട്ടികളെ ചെണ്ടമേളവും തായമ്പകയും പഠിപ്പിച്ചുകൊണ്ട് ഇരിങ്ങാലക്കുടയിലെ പുതുതലമുറയിലേക്കും കലയുടെ ലോകം തുറന്നിടുകയാണ് അദ്ദേഹം.

## സലീഷ് നനദുർഗ്ഗ

രാജീവ് വാര്യരുടെ കീഴിൽ സോപാനസംഗീതം അഭ്യസിച്ച കലാകാരനാണ് സലീഷ് നനദുർഗ്ഗ. 1990 -ൽ ഗുരുവിലാസത്തിൽ സദാനന്ദന്റെയും ലീലയുടെയും മകനായാണ ദ്ദേഹം ജനിച്ചത്. ശിവദാസനാശാനുകീഴിൽ ചെണ്ടമേളവും കലാമണ്ഡലം അപർണ്ണ ടീച്ചറോടൊപ്പം ശാസ്ത്രീയസംഗീതവും അഭ്യസിച്ചിട്ടുണ്ട്. ഇപ്പോൾ വെട്ടിക്കര നനദുർഗ്ഗാ ക്ഷേത്രത്തിൽ അഷ്ടപദിയും കീർത്തനവും അവതരിപ്പിക്കുന്ന അദ്ദേഹം ചെന്നൈ അയ്യ പ്പക്ഷേത്രത്തിലും ആവണങ്ങാട്ട്, കാനാടിക്കാവ് തുടങ്ങിയ ഇടങ്ങളിലെ വിഷ്ണുമായക്ഷേ ത്രങ്ങളിലും സോപാനസംഗീതം കൊട്ടിപ്പാടാറുണ്ട്. കൂടൽമാണിക്യം ക്ഷേത്രത്തിന്റെ കിഴക്കേ നടയിൽ വച്ച് 15 മണിക്കൂർ തുടർച്ചയായി സോപാനസംഗീതം ആലപിച്ച് സലീഷ് നനദുർഗ്ഗ യൂണിവേഴ്സൽ വേൾഡ് റെക്കോർഡ് കരസ്ഥമാക്കി എന്നത് ശ്രദ്ധേ യമാണ്. 2024 ഫെബ്രുവരി 11 -ന് രാവിലെ അഞ്ചുമണി മുതൽ വൈകിട്ട് 8 മണി വരെ യാണ് അദ്ദേഹം ഇതിനായി സോപാനസംഗീതം ആലപിച്ചത്

## ആശ സുരേഷ്

പൊതുവേ പുരുഷമേധാവിത്വമേഖലയാണ് ക്ഷേത്രവാദ്യരംഗം. ഇവിടെ വ്യത്യസ്തയാ വുകയാണ് ആശ സുരേഷ് എന്ന ഇരിങ്ങാലക്കുടയിലെ കലാകാരി. ഇടയ്ക്ക കലാകാ രിയായ അവർ സുരേഷ് കുമാർ - രാജലക്ഷ്മി ദമ്പതികളുടെ മകളായി 1998 -ലാണ് ജനി ച്ചത്. ആറാം വയസ്സിൽ പി.നന്ദകുമാർ മാരാരുടെ ശിഷ്യയായാണ് ആശ ഈ രംഗ ത്തേയ്ക്കെത്തുന്നത്. കൂടൽമാണിക്യക്ഷേത്രസാമീപ്യംതന്നെയാണ് ആശയെ ഇടയ്ക്കക ലാകാരിയാക്കിയത്. സ്ഥിരമായി ക്ഷേത്രത്തിൽ തൊഴാൻ പോകുമ്പോൾ കണ്ടിരുന്ന ഇടയ്ക്ക എന്ന വാദ്യത്തോട് തോന്നിയ ആരാധനയാണ് രണ്ടാം ക്ലാസ് വിദ്യാർത്ഥിനി യായിരുന്ന തന്നെ കലാകാരിയാക്കിയത് എന്ന് അവർ പറയുന്നു. ഇന്ന് ആശയെ

പിന്തുടർന്ന് പെൺകുട്ടികൾ ഈ രംഗത്തേക്ക് താല്പര്യം കാണിച്ചു തുടങ്ങിയിട്ടുണ്ട്. ഈ കലാരൂപത്തെ പുതിയ തലമുറയിൽ ജനകീയമാക്കുന്നതിൽ ആശ സുരേഷ് വലിയ പങ്കു വഹിച്ചിട്ടുണ്ട്. ഇൻസ്റ്റഗ്രാം, ഫെയ്സ്ബുക്ക് തുടങ്ങിയ സാമൂഹമാധ്യമങ്ങളിൽ ഇരുന്നൂറിലധികം തത്സമയപരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട് അവർ. ഇരിങ്ങാലക്കുടയിലെയും പരിസരപ്രദേശങ്ങളിലെയും ക്ഷേത്രങ്ങളിൽ അതതിടങ്ങളിലെ ദേവസ്തുതി കീർത്തനങ്ങളോടെ പരിപാടിക്ക് ക്ഷണിച്ചുകൊണ്ട് സാമൂഹമാധ്യമങ്ങളിൽ പോസ്റ്റിടുന്ന അവരുടെ പുതിയരീതി ആസ്വാദകരെ ഏറെ ആകർഷിക്കുന്നു. അക്ഷരശ്ലോകം, നാരായണീയപാരായണം, കവിതാപാരായണം എന്നിവയിലും മികവു പുലർത്തുന്ന ആശ മികച്ച ചെണ്ട - പാഞ്ചാരിമേളം കലാകാരി കൂടിയാണ്.

## 5.5 ബ്രാഹ്മണിപ്പാട്ട്

ക്ഷേത്രാചാരങ്ങളിൽ സ്ത്രീകൾക്ക് പ്രാമുഖ്യമുള്ള കലാരൂപമാണ് ബ്രാഹ്മണിപ്പാട്ട്. അനുഷ്ഠാനകലയായ ബ്രാഹ്മണിപ്പാട്ട് നമ്പീശൻ കുടുംബങ്ങളിലെ സ്ത്രീകളാണ് അവതരിപ്പിക്കുന്നത്. ബ്രാഹ്മണിയമ്മ എന്നാണ് ഇവർ അറിയപ്പെടുന്നത്. ക്ഷേത്രങ്ങളിലും നമ്പൂതിരി ഇല്ലങ്ങളിലുമാണ് ബ്രാഹ്മണിപ്പാട്ട് അവതരിപ്പിക്കുന്നത്.

ലളിതസംഗീതത്തിലുള്ള അവതരണമാണ് ബ്രാഹ്മണിപ്പാട്ടിന്റേത്. ഇതിന് ശ്രുതിയും താളവുമില്ല, ഭക്തി മാത്രമേ ഉള്ളൂ. എങ്കിലും കേൾക്കാനുള്ള ഇമ്പത്തിനായി ഓരോരുത്തരും യുക്തിക്കനുസരണം നീട്ടിപ്പാടുന്നു എന്നാണ് പത്മിനി ബ്രാഹ്മണിയമ്മ വിലയിരുത്തുന്നത്. പുഷ്പകവൃത്തിമാത്രം ചെയ്തുവന്നിരുന്ന കുടുംബാംഗങ്ങൾക്ക് കാരണവർ മരിക്കാൻനേരം അന്ത്യശ്വാസം വലിക്കുമ്പോഴാണത്രേ ബ്രാഹ്മണിപ്പാട്ട് ചൊല്ലിക്കൊടുത്തത്. അതുകൊണ്ടാണ് നീണ്ട ഈണം ഇതിനു വന്നുചേർന്നത് എന്ന കഥയും നിലവിലുണ്ട്. ആദ്യകാലത്ത് തമിഴ്ച്ചുവയോടെയാണ് ബ്രാഹ്മണിപ്പാട്ട് ചൊല്ലി വന്നിരുന്നത്. ഇരിങ്ങാലക്കുടയുടെ സമീപഗ്രാമമായ പെരുവനത്ത് ജീവിച്ചിരുന്ന മഴമംഗലം നമ്പൂതിരിയാണ് ഈ പാട്ടുകളെ മലയാളത്തിലേക്ക് മാറ്റി പരിഷ്കരിച്ചത്.

ശിവന്റെ തൃക്കണ്ണിലെ അഗ്നിയിൽനിന്നും അവതരിച്ച ഭദ്രകാളി, ദാരികനെ വധിച്ചകഥയാണ് ബ്രാഹ്മണിപാട്ടിന്റെ ഇതിവൃത്തം. ഗണപതി - ഭഗവതി സ്തുതികൾക്ക്

ശേഷമാണ് ബ്രാഹ്മണിപ്പാട്ട് ആരംഭിക്കുന്നത്. ഇന്ന് ബ്രാഹ്മണിപ്പാട്ട് നിത്യേന അവതരിപ്പിക്കുന്ന കൊടുങ്ങല്ലൂർക്ഷേത്രംപോലുള്ള ഇടങ്ങളിൽ ഗണപതി - ഭഗവതി സ്തുതികൾക്ക് ശേഷം ദേവിയുടെ ജനനകഥ പാടി അവസാനിപ്പിക്കുകയാണ് പതിവ്. മറ്റ് ചിലയിടങ്ങളിൽ വിസ്തരിച്ച് അവതരിപ്പിക്കേണ്ടി വരുമ്പോൾ കേശാലങ്കാരവും ദാരികവധവുമെല്ലാം അവതരിപ്പിക്കുന്നു. പാട്ടിന് അകമ്പടിയായി പിച്ചളക്കിണ്ണത്തിൽ ചെറിയ കത്തികൊണ്ടാണ് താളം പിടിക്കുന്നത്. ഇന്നിപ്പോൾ ചിലയിടങ്ങളിൽ ക്ഷേത്രങ്ങളുടെ സാമ്പത്തികസ്ഥിതിയനുസരിച്ച് മാരാരുടെ ചെണ്ടവാദ്യമേളവും ഈ സമയം തന്നെ അരങ്ങേറുന്നു.

ബ്രാഹ്മിണിപ്പാട്ടുകൾ രേഖപ്പെടുത്തി വയ്ക്കുന്ന പതിവില്ല. പാടികേൾക്കുന്ന വരികൾ ഹൃദിസ്ഥമാക്കിയാണ് പാട്ടുകാർ ആലപിക്കുന്നത്. എന്നാൽ പുതുതലമുറയുടെ താല്പര്യക്കുറവുമൂലം നാശോന്മുഖമാകാൻ സാധ്യതയുള്ള കലാരൂപമാണിത്. അതുകൊണ്ടുതന്നെ 2003 -ൽ ശ്രീ പുഷ്പകസേവാസംഘം അറുപതോളം പാട്ടുകൾ സമാഹരിച്ച് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു.

ബ്രാഹ്മണിപ്പാട്ട് എന്ന കലാരൂപത്തിന്റെ വളർച്ചയ്ക്കും നിലനിൽപിനുംവേണ്ടി ഇരിങ്ങാലക്കുട നൽകിയ സംഭാവനകൾ ചെറുതല്ല. ദേവീക്ഷേത്രങ്ങളിലും ബ്രാഹ്മണഗൃഹങ്ങളിലും ശൂദ്രഗൃഹങ്ങളിലും ഒതുങ്ങിനിൽക്കാതെ എല്ലാപാട്ടുകളും ഒന്നിച്ച് ഒരൊറ്റ ദിവസംകൊണ്ട് ഭഗവതിപ്പാട്ട് എന്ന പേരിൽ അവതരിപ്പിക്കുക എന്ന സമ്പ്രദായം ഇരിങ്ങാലക്കുട ഗ്രാമത്തിലാണ് ആദ്യമായി ആരംഭിച്ചത്. അതിന് ഏതെല്ലാം പാട്ടുകൾ പാടണമെന്നുള്ള സമ്പ്രദായങ്ങളും ചിട്ടകളും നിയമങ്ങളും നടപ്പിലാക്കിയതും ഈ നാട്ടിലെ തെക്കേപ്പട്ടത്ത് ശങ്കരൻ നമ്പ്യാരാണ് എന്ന് പറയപ്പെടുന്നു (ഹിത ഈശ്വരമംഗലം, 2013:117). കൂടൽമാണിക്യക്ഷേത്രത്തിൽ അമ്പലവാസികളായ, പുഷ്പകവൃത്തി ചെയ്തുവന്നിരുന്ന നമ്പീശൻ സമുദായക്കാർക്ക് മാലപ്പുത്തൻ നൽകുന്ന ഒരു ചടങ്ങ് നിലനിൽക്കുന്നുണ്ട്. ത്രേതായുഗത്തിൽ രാമന്റെ പാദുകംവച്ച് പൂജിക്കുമ്പോൾ ആവശ്യമായ പുഷ്പങ്ങൾ നൽകിയത് നമ്പീശൻ സമുദായാംഗങ്ങളാണെന്നും അന്ന് പ്രതിഫലംനൽകാനില്ലാത്ത ഭരതൻ, നന്ദിഗ്രാമത്തിൽ പ്രതിഷ്ഠിക്കപ്പെടുമ്പോൾ പ്രതിഫലം നൽകാമെന്നും വാഗ്ദാനംചെയ്തു എന്ന വിശ്വാസത്തിലാണ് ഈ ചടങ്ങ് നടത്തുന്നത്. കൂടൽമാണിക്യക്ഷേത്രത്തിൽ വാതിൽമാടത്തിൽനിന്നാണ് ദേവീസ്തുതിയായ ബ്രാഹ്മണിപ്പാട്ട് ചൊല്ലുന്നത്. ആറാട്ടുദിവസമാണ് ബ്രാഹ്മണിപ്പാട്ടിന്റെ അവതരണം പ്രധാനമായും

നടക്കുന്നത്. ഇവിടെ ബ്രാഹ്മിണിപ്പാട്ട് അവതരിപ്പിക്കുക തെക്കേപെട്ടത്ത്, വടക്കേപെട്ടത്ത് എന്നീ കുടുംബക്കാർക്ക് അവകാശപ്പെട്ടതാണ്.

## ടി.പി. സാവിത്രി ബ്രാഹ്മണിയമ്മ

ഇരിങ്ങാലക്കുടയിലെ പ്രായംചെന്ന ബ്രാഹ്മണിപ്പാട്ട് കലാകാരികളിൽ ശ്രദ്ധേയയായിരുന്നു ടി.പി. സാവിത്രി ബ്രാഹ്മിണിയമ്മ. 16 -ാം വയസ്സിൽ വിവാഹിതയായി ഇരിങ്ങാലക്കുടയിലെത്തിയ അവർ ഭർതൃമാതാവിൽനിന്നാണ് ബ്രാഹ്മണിപ്പാട്ട് അഭ്യസിച്ചത്. പെരിഞ്ഞനം പള്ളിയിലമ്പലം, കല്ലടത്തൂർ അമ്പലം, ശംഖുകുളങ്ങര കാവ്, എന്നിങ്ങനെ ബ്രാഹ്മണിപ്പാട്ട് നടത്തുന്ന അപൂർവ്വം ക്ഷേത്രങ്ങളിലും വടക്കേടത്തുമന, കിടങ്ങശ്ശേരി മന, നെടുമ്പുള്ളി മന തുടങ്ങിയ നമ്പൂതിരി ഇല്ലങ്ങളിലും ഈ അനുഷ്ഠാനകല ഇവർ അവതരിപ്പിച്ചിട്ടുണ്ട്. 1998 -ൽ കേരള സംഗീതനാടക അക്കാദമി അവാർഡ് നൽകിക്കൊണ്ട് ബ്രാഹ്മണിയമ്മയെ ആദരിക്കുകയുണ്ടായി. സാവിത്രി ബ്രാഹ്മണിയമ്മയുടെ കാലശേഷവും കൊച്ചുമകളും കൂടിയാട്ടം കലാകാരിയുമായ സരിത കൃഷ്ണകുമാർ പുതുതലമുറയിൽ ഈ പാരമ്പര്യം തുടരുന്നു എന്നത് ശ്രദ്ധേയമാണ്. മുതിർന്ന തലമുറയ്ക്ക് ചെന്നെത്താൻ കഴിയാത്ത ഇടങ്ങളിൽ അടിയന്തിരങ്ങൾക്കായി ബ്രാഹ്മണിപ്പാട്ട് അവതരിപ്പിക്കുന്നത് ഇവരാണ്.

## എ.കെ. പത്മിനി ബ്രഹ്മിണിയമ്മ

ബ്രാഹ്മിണിപ്പാട്ട് എന്ന കലയെ ഇന്നും സംരക്ഷിച്ച് പോരുന്ന തലമുതിർന്ന മകലാകാരിയാണ് എ.കെ. പത്മിനി ബ്രാഹ്മിണിയമ്മ. എടനാട് ചൊവ്വര അല്ലിമംഗലത്ത് പുഷ്പകം കേശവൻ നമ്പീശന്റെയും ഉമാദേവി ബ്രാഹ്മണിയമ്മയുടെയും മകളാണ് പത്മിനിയമ്മ. ബ്രാഹ്മിണിപ്പാട്ടിന്റെ പ്രധാനഭാഗമായ പൊങ്ങൂരടി എന്ന അനുഷ്ഠാനകലയിലാണ് ഇവർ പ്രധാനമായും ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നത്. കൊടുങ്ങല്ലൂർ, പട്ടാമ്പി, പേരാമ്പ്ര, പൂനിലാർക്കാവ്, പുത്തുക്കാവ്, കൊടകര അഴകത്ത്, ചാലക്കുടി പാമ്പാക്കോട്ട്, താന്നിപ്പിള്ളി തുടങ്ങിയ ഇടങ്ങളിലെ ക്ഷേത്രങ്ങളിലും വടക്കേടത്തുമന, പാമ്പുമേക്കാട്ട് മന എന്നിവിടങ്ങളിലും ബ്രാഹ്മണിപ്പാട്ട് അവതരിപ്പിച്ചിട്ടുണ്ട് ഇവർ. പാമ്പുമേക്കാട് മകരം 10 -ന് എല്ലാ വർഷവും മുടങ്ങാതെ ബ്രാഹ്മണിപ്പാട്ട് നടത്തുന്ന പതിവുണ്ട്. 2010 -ൽ കേരള സംഗീതനാടകഅക്കാദമി ഗുരുപൂജ പുരസ്കാരം നൽകിയാണ്

പത്മിനി ബ്രാഹ്മണിയമ്മയെ ആദരിച്ചത്. യുവതികൾക്കായി പത്മിനി ബ്രാഹ്മണിയമ്മ ബ്രാഹ്മണിപ്പാട്ട് മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നു.

### സുധ വിജയൻ

പത്മിനി ബ്രാഹ്മണിയമ്മയുടെ ഭർതൃസഹോദരിയുടെ പുത്രിയാണ് സുധ വിജയൻ. ചേന്ദമംഗലം തെങ്കോടത്ത് പുഷ്പകം കൃഷ്ണൻ നമ്പീശന്റെയും ഉമാദേവി ബ്രാഹ്മണിയമ്മ യുടെയും മകളാണ് സുധാവിജയൻ. ഇരിങ്ങാലക്കട സി.കെ.കെ.എം. മെമ്മോറിയൽ സ്കൂളിൽ അധ്യാപികയായ അവർ പന്ത്രണ്ടാമത്തെ വയസ്സുമുതൽ ബ്രാഹ്മണിപ്പാട്ട് എന്ന കലയിൽ പരിശീലനം നേടിയിട്ടുണ്ട്. അമ്മ ഉമാദേവിയിൽനിന്നാണ് കലാകാരി ആകാനുള്ള പ്രചോദനം ലഭിച്ചത്. തിരുവൈരാണിക്കുളം, പാമ്പുമേക്കാട്ട്, പുത്തുകാവ്, പൂനിലാർകാവ്, വെട്ടുകുന്നത്തുകാവ് തുടങ്ങി നിരവധി ക്ഷേത്രങ്ങളിൽ അവർ ബ്രാഹ്മ ണിപ്പാട്ട് അവതരിപ്പിച്ചിട്ടുണ്ട്. പൊങ്ങുരി പെൺകൊടപ്പാട്ട് കതിരുപ്പാട്ട് എന്നിവയെ ല്ലാം ഇപ്പോഴും അവർ പലയിടങ്ങളിലായി അവതരിപ്പിച്ചു വരുന്നു.

അനുഷ്ഠാനങ്ങളുടെ ഭാഗമായി മാത്രം ഇന്നും നിലനിന്നുപോരുന്ന ഒരു കലയാണ് ബ്രാഹ്മണിപ്പാട്ട്. അടിയന്തിരങ്ങളെക്കൂടാതെ സന്താനലബ്ധിക്കും മറ്റു മായി വഴിപാട് നേർന്ന് ഭഗവതീസ്തോത്രമായ ബ്രാഹ്മണിപ്പാട്ട് നടത്തുന്ന രീതിയുമുണ്ട്. റേഡിയോ - ടെലിവിഷൻ ചാനലുകളിലും യൂട്യൂബിലുമെല്ലാം ബ്രാഹ്മണിപ്പാട്ട് അവത രിപ്പിച്ച് റെക്കോർഡ് ചെയ്യുന്ന രീതി ഇന്ന് നിലനിൽക്കുന്നുണ്ട്. പുതിയ തലമുറയ്ക്ക് ഇതിനോടുള്ള താൽപര്യം വളരെ കുറഞ്ഞുവരുന്നു.

## 5.6 തിരുവാതിരക്കളി

മതപരം എന്നതിനേക്കാൾ സാംസ്കാരികപ്രതിനിധാനം എന്ന നിലയിലേക്ക് പരിണ മിച്ച കലാരൂപമാണ് തിരുവാതിരക്കളി. പുരാണവുമായി ബന്ധപ്പെട്ട ശിവപാർവ്വതീ പ്രണയമാണ് തിരുവാതിരക്കളി പാട്ടിന്റെ കഥാസാരം. ധനുമാസത്തിലെ തിരുവാതിര നാളിൽ ആചാരപ്രകാരം ഈ കൈകൊട്ടിക്കളിപ്പാട്ട് സ്ത്രീകൾ കൊണ്ടാടുന്നു. എന്നാൽ ഓണക്കാലത്ത് മതഭേദമെന്യേ എല്ലാ വിഭാഗത്തിലുമുള്ള സ്ത്രീകൾ മലയാളിത്തമുള്ള ഒരു നൃത്തം എന്ന നിലയിൽ തിരുവാതിരയാടുന്നു. തങ്ങളുടെ തൊഴിലിടത്തിലും സുഹൃ

ത്ത് സദസ്സുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഓണക്കാലത്ത് തിരുവാതിര രംഗ ത്ത് അവതരിപ്പിക്കാറുണ്ട്.

ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് സ്റ്റേഡിയത്തിൽ 2015 -ൽ നടന്ന മെഗാതി രുവാതിര ഏറെ ശ്രദ്ധേയമായിരുന്നു. അഡ്വ. തോമസ് ഉണ്ണിയാടാൻ ഇരിങ്ങാലക്കുട എം.എൽ.എ. ആയിരുന്ന കാലഘട്ടത്തിൽ തുടർച്ചയായി നടത്തിവന്ന തനിമ എന്ന സാംസ്കാരികോത്സവത്തിന്റെ ഭാഗമായാണ് മെഗാതിരുവാതിര സംഘടിപ്പിക്കപ്പെട്ടത്. അയ്യായിരത്തിലധികം സ്ത്രീകൾ അണിനിരന്ന ഈ പരിപാടി ഏറ്റവുമധികം നർത്ത കിമാർ അണിനിരന്നു എന്ന നിലയിൽ സാർവ്വദേശീയ റെക്കോർഡായ ഗിന്നസ് പുസ്ത കത്തിൽ ഇടം നേടി. തിരുവാതിരനർത്തകിയായ ജിത ബിനോയ് ആയിരുന്നു ഈ പരിപാടിയുടെ കോഡിനേറ്റർ. മെഗാ തിരുവാതിരക്കളിയുടെ ഭാഗമായിരുന്ന സത്യക വിനയൻ ഭരതനാട്യം മോഹിനിയാട്ടം തുടങ്ങിയ കലകളിലും പ്രാവീണ്യയാണ്.

ഇരിങ്ങാലക്കുടയിലെ തിരുവാതിര കലാകാരികളിൽ ഏറ്റവും ശ്രദ്ധേയയാണ് സാവിത്രി അന്തർജനം. 1959ൽ ചെറുവക്കര മന കൃഷ്ണൻ നമ്പൂതിരിയുടെയും പാർവതി അന്തർജ്ജനത്തിന്റെയും മകളായാണ് അവർ ജനിച്ചത്. ചിറ്റൂർ ഗവൺമെന്റ് കോളേ ജിൽനിന്ന് സംഗീതത്തിൽ റാങ്കോടെ ബിരുദമെടുത്തു. ഞെരളത്ത് രാമപ്പൊതുവാളുടെ കീഴിൽ സോപാനസംഗീതത്തിൽ സ്കോളർഷിപ്പോടുകൂടി പഠനം നടത്തി. മുപ്പത് വർഷ ത്തോളം സംഗീത അധ്യാപികയായി സേവനമനുഷ്ഠിച്ച അവർക്ക് തിരുവാതിരക്കളി യുടെ സമഗ്ര സംഭാവനകളെ പരിഗണിച്ച് കേരള ഫോക്‌ലോർ അക്കാദമി അവാർഡ് ലഭിച്ചു. തിരുവാതിരപ്പാട്ടിലെ വൃത്തഗീതങ്ങളെക്കുറിച്ച് ഗവേഷണം നടത്തിയിട്ടുണ്ട് അവർ. 2024 സെപ്റ്റംബർ 21 -ന് ശാന്തിനികേതൻ പബ്ലിക്സ്കൂളിൽ വച്ച് 18 മണിക്കൂർ നീണ്ട പുരാവൃത്തം കൈകൊട്ടിക്കളി വൃത്തപ്പാട്ട് സാവിത്രി ടീച്ചറുടെ നേതൃത്വത്തിലാണ് അരങ്ങേറിയത്. ഇത് യു.ആർ.എഫ്. ലോകറെക്കോർഡിന് (Universal Records Forum) അർഹമായി.

## 5.7 ശാസ്ത്രീയനൃത്തം

മോഹിനിയാട്ടവും ഭരതനാട്യവും കുച്ചിപ്പിടിയുമെല്ലാം അഭ്യസിപ്പിക്കുകയും അവതരിപ്പി ക്കുകയും ചെയ്യുന്നവരുടെ ഇടംകൂടിയാണ് ഇരിങ്ങാലക്കുട. ക്ഷേത്രസാമീപ്യവും ആസ്വാ

ദകസമൃദ്ധിയും ഇത്തരം കലകളെ പരിപോഷിപ്പിക്കുന്നതിന് സഹായകമായി ഇവിടെയുണ്ട്. ക്ഷേത്രോത്സവത്തോടനുബന്ധിച്ച് പ്രശസ്തരായ നർത്തകികൾ വേദിയിലെത്തുക പതിവുണ്ട്.

## നിർമ്മല പണിക്കർ

കലാമണ്ഡലം കല്യാണിക്കുട്ടിയമ്മയുടെ ശിഷ്യയും വേണുജിയുടെ ഭാര്യയുമായ നിർമ്മല പണിക്കർ, ഇരിങ്ങാലക്കുടയിൽ ശാസ്ത്രീയനൃത്തത്തിന് പ്രാധാന്യം നൽകിയവരിൽ ശ്രദ്ധേയയാണ്. പിറവത്ത് ജനിച്ചുവളർന്ന നിർമല പണിക്കർ തൃപ്പൂണിത്തുറ ഫൈനാൻസ് കോളേജിൽനിന്നാണ് നൃത്തത്തിൽ പോസ്റ്റ് ഡിപ്ലോമ എടുത്തത്. തുടർന്ന് കല്യാണിക്കുട്ടിയമ്മയുടെയും പ്രൊഫ. സത്യഭാമയുടെയും കീഴിൽ കേരളകലാമണ്ഡലം ശൈലിയിലുള്ള മോഹിനിയാട്ടത്തിൽ ഉപരിപഠനം നടത്തി. മോഹിനിയാട്ടത്തിലെ ചൊൽക്കെട്ട്, രണ്ട് ജതിസ്വരം, അഞ്ച് വർണ്ണം, പദങ്ങൾ, തില്ലാന തുടങ്ങിയ അവരുടെ അവതരണങ്ങൾ ശ്രദ്ധേയമാണ്. പൊലി, ഇശൽ, ചന്ദനം, കുറത്തി തുടങ്ങിയ മോഹിനിയാട്ടഘടകങ്ങളെ പരിഷ്കരിച്ച് പുതിയ അവതരണങ്ങൾ നടത്താൻ നിർമ്മല പണിക്കർക്ക് കഴിഞ്ഞു.

നടനകൈരളിയുടെ സഹോദരസ്ഥാപനമായി 1971 -ൽ നിർമ്മല പണിക്കർ ആരംഭിച്ച നടനകൈശകി എന്ന നൃത്തവിദ്യാലയം നിരവധി നർത്തകരെ വാർത്തെടുത്തു. ഗുരുകുലരീതിയിലാണ് നടനകൈശകിയിൽ പഠനം നടത്തുന്നത്. ഇന്ത്യൻ നൃത്തകലയെക്കുറിച്ച് അനവധി വിദേശവേദികളിൽ ശില്പശാലകൾ സംഘടിപ്പിച്ചിട്ടുണ്ട് നിർമ്മല പണിക്കർ. കൂടാതെ വേണുജിയോടൊപ്പം രചിച്ച *ദ ലാസ്യ ഡാൻസ്, ദ ക്ലാസ്സിക്കൽ ഡാൻസ് തിയറ്റർ ഓഫ് നങ്ങ്യാർക്കൂത്ത്* എന്നീ കൃതികളും അവരുടേതായിട്ടുണ്ട്. മോഹിനിയാട്ടം എന്ന കലയുടെ നടനതന്ത്രങ്ങളെ വിലയിരുത്തിക്കൊണ്ട് നിർമ്മല പണിക്കർ മോഹിനിയാട്ടവും തിരുവാതിരക്കളിയും നങ്ങ്യാർകൂത്തും തമ്മിലുള്ള പൊതുസ്വഭാവം പഠനവിധേയമാക്കി. ചിലപ്പതികാരത്തിന്റെ ചുവടുപിടിച്ച് ആദ്യകാലനൃത്താഭിനയരീതികളെ കണ്ടെത്താനുള്ള അവരുടെ ഗവേഷണശ്രമങ്ങൾ ശ്രദ്ധേയമാണ്.

## പാർവ്വതി ശ്രീവല്ലഭൻ

അണിമംഗലത്ത് മനയിലെ ശ്രീവല്ലഭന്റെയും ബിന്ദുവിന്റെയും മകളായ പാർവതി ശ്രീവല്ലഭൻ നിർമ്മല പണിക്കരുടെ ശിഷ്യയാണ്. ആറുവയസ്സുമുതൽ മോഹിനിയാട്ടം അഭ്യസിക്കുന്ന പാർവതി നടനകൈശകിയിലാണ് അരങ്ങേറ്റം നടത്തിയത്. കേരള സംഗീതനാടകഅക്കാദമി, സൂര്യ ഫെസ്റ്റിവൽ, സ്വരലയ തുടങ്ങിയ അവതരണ ഇടങ്ങളിൽ പാർവ്വതി തന്റെ സാന്നിധ്യം അറിയിച്ചിട്ടുണ്ട്. കർണാടകസംഗീതാവതരണത്തിലും ശ്രദ്ധേയയാണ് പാർവ്വതി.

## സാന്ദ്രപിഷാരടി

നടന കൈശകിയിലെ മറ്റൊരു വിദ്യാർത്ഥിനിയായ സാന്ദ്ര പിഷാരടി, നിർമ്മല പണിക്കരുടെ കീഴിൽ പതിനേഴ് വർഷത്തോളം മോഹിനിയാട്ടം അഭ്യസിച്ചു. 2008 -ൽ അരങ്ങേറ്റംകുറിച്ച അവർ നടനകൈശകിയുടെ മോഹിനിയാട്ടം സംഘത്തോടൊപ്പം നിരവധി വേദികളിൽ നൃത്തം ചെയ്തു.

## പി.എൻ. കൃഷ്ണകുമാർ

ലാസ്യതരംഗിണി എന്ന പേരിൽ നൃത്തവിദ്യാലയം നടത്തുന്ന പി.എൻ. കൃഷ്ണകുമാർ മോഹിനിയാട്ട നർത്തകരിൽ ശ്രദ്ധേയനാണ്. പൊന്തേങ്കണ്ടത്ത് നാരായണൻകുട്ടി മേനോന്റെയും ദേവകിയമ്മയുടെയും മകനാണ് അദ്ദേഹം. കലാമന്ദിരം ജ്യോതിലക്ഷ്മി ടീച്ചറുടെയും കലാമണ്ഡലം ക്ഷേമാവതി ടീച്ചറുടെയും കീഴിൽ നൃത്തം അഭ്യസിച്ചിട്ടുള്ള കൃഷ്ണകുമാർ മികച്ച സ്റ്റേജ് പെർഫോമറാണ്. ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസിന്റെ 'എം പാനൽഡ്' ആർട്ടിസ്റ്റായ അദ്ദേഹം തിരുവനന്തപുരം ദൂരദർശൻ കേന്ദ്രത്തിൽ മോഹിനിയാട്ടം ബി ഗ്രേഡ് ആർട്ടിസ്റ്റാണ്.

## മീര നങ്ങ്യാർ

ഭരതനാട്യം നർത്തകിയായ മീര നങ്ങ്യാർ ആദ്യകാല കൂടിയാട്ടകലാകാരിയായിരുന്ന കുഞ്ഞിപ്പിള്ളക്കുട്ടി നങ്ങ്യാരമ്മയുടെ പേരക്കുട്ടിയാണ്. ഇരിങ്ങാലക്കുട വില്വവട്ടത്ത് നങ്ങ്യാർ മഠത്തിൽ അരവിന്ദന്റെയും ഗീതയുടെയും മകൾ. മൂന്നാം ക്ലാസ് മുതൽ കലാ

നിലയം ജ്യോതിലക്ഷ്മിയുടെ കീഴിൽ ഭരതനാട്യം, മോഹിനിയാട്ടം എന്നിവ പരിശീലിച്ചു. ചെന്നൈകലാക്ഷേത്രയിലെ നൃത്താഭ്യസനത്തിനുശേഷം കലൈ കാവേരി കോളേജിൽനിന്നാണ് ഭരതനാട്യത്തിൽ ബി.എഫ്.എ. ബിരുദം നേടിയത്. കലാമണ്ഡലം ക്ഷേമാവതി ടീച്ചർ, കലാക്ഷേത്രയിലെ നന്ദിനി നാഗരാജ്, ഗംഗാ തമ്പി, ഷീജിത്ത് കൃഷ്ണ, ലീല സാംസൺ എന്നിവരായിരുന്നു ഗുരുക്കന്മാർ. കലാക്ഷേത്രസംഘത്തോടൊപ്പം ഇന്ത്യയ്ക്കകത്തും കാനഡ, സിംഗപ്പൂർ, ബാങ്കോക്ക്, മൗറീഷ്യസ് തുടങ്ങിയ രാജ്യങ്ങളിലും ഭരതനാട്യം അവതരിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ നാട്ടിൽ നൃത്തവിദ്യാലയം നടത്തിവരുന്നു.

## ശ്രീലക്ഷ്മി ഗോവർദ്ധൻ

കുച്ചപ്പിടി നർത്തകിയായ ശ്രീലക്ഷ്മി ഗോവർദ്ധൻ, 1980 -ലാണ് ജനിച്ചത്. നാലുവയസ്സുമുതൽ നൃത്തം അഭ്യസിച്ചുതുടങ്ങിയ അവർ മഞ്ജു ഭാർഗവി എന്ന നൃത്താധ്യാപികയുടെ കീഴിൽ കുച്ചപ്പിടിയിൽ സാങ്കേതികപരിജ്ഞാനം നേടി. മറ്റൊരു ഗുരുവായ ശ്രീകല മേനോനൊപ്പം ഭരതനാട്യത്തിലും മോഹിനിയാട്ടത്തിലും ഉപരിപഠനം നടത്തി. 2001 മുതൽ കലാശ്രീ വൈജയന്തിയുടെ ശിക്ഷണത്തിൽ കുച്ചപ്പിടിയിൽ പ്രാവീണ്യം നേടി. ഉണ്ണായിവാരിയരുടെ ജീവിതം പ്രമേയമാക്കിയ പ്രിയമാനസം എന്ന സംസ്കൃതസിനിമയുടെ നൃത്തസംവിധാനം നിർവഹിച്ചത് ശ്രീ ലക്ഷ്മി ഗോവർദ്ധനനാണ്. ഇപ്പോൾ നടവരമ്പിൽ കുച്ചപ്പിടി നൃത്തവിദ്യാലയമായ അവന്തിക സ്പേസ് ഫോർ ഡാൻസ് എന്ന സ്ഥാപനം നടത്തിവരുന്നു.

## അനുപമ മേനോൻ

ഇരിങ്ങാലക്കുട പിണ്ടിയത്ത് ദിനമണിയുടെയും പുത്തൻ മാരാത്ത് പത്മിനിയമ്മയുടെയും മകളായ അനുപമ മോഹനിയാട്ടത്തിൽ അക്കാദമിക നേടിയ കലാകാരിയാണ്. കാലടി സംസ്കൃത സർവ്വകലാശാലയിൽനിന്ന് മോഹിനിയാട്ടത്തിൽ ബിരുദവും ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ഏൻറ് ഫൈൻ ആർട്ട്സിൽനിന്ന് ബിരുദാനന്തരബിരുദവും നേടി. മഹാത്മാഗാന്ധി സർവ്വകലാശാലയിൽനിന്ന് പെർഫോമിങ് ആർട്ടിൽ എം.ഫിൽ ബിരുദം നേടിയ അനുപമ യു.ജി.സി.യുടെ നെറ്റ് യോഗ്യതയും നേടിയിട്ടുണ്ട്.

ബോംബെ നളന്ദ യൂണിവേഴ്സിറ്റിയുടെ നൃത്യനിപുണ പുരസ്കാരം (2009), ഒറീസ സാംസ്കാരിക വകുപ്പിൻറെ പദ്മാവതി നൃത്യപ്രതിഭ പുരസ്കാരം (2015), കേന്ദ്ര സംഗീത നാടക അക്കാദമിയുടെ ഉസ്താദ് ബിസ്മില്ലാഖാൻ യുവ പുരസ്കാരം (2019), കലാസാഗർ പുരസ്കാരം (2021), സി.സി.ആർ.ടി. ജൂനിയർ ഫെല്ലോഷിപ് (2022) എന്നിവ നേടി. 2024 -ൽ ദൂരദർശൻ മോഹിനിയാട്ടത്തിൽ എ ടോപ് കലാകാരിയായി അംഗീകരിച്ചു.

മോഹിനിയാട്ടത്തിലെ വ്യത്യസ്ത സംഗീതധാരകൾ പ്രകടനത്തിൽ ഇടപെടുന്ന തെങ്ങനെ എന്ന വിഷയത്തിൽ കാലടി സംസ്കൃത സർവ്വകലാശാലയിൽ ഗവേഷണം നടത്തുന്നു.

## നൃത്തവിദ്യാലയങ്ങൾ

ശാസ്ത്രീയനൃത്താഭ്യസനത്തിനായി ചെറുതും വലുതുമായ അനവധി നൃത്താലയങ്ങൾ ഇരിങ്ങാലക്കുടയിൽ ഉണ്ട്. 1982 -ൽ ക്രൈസ്റ്റ് കോളേജ് ജംഗ്ഷനിൽ ആരംഭിച്ച കലാമണ്ഡലം യദുകുലം നൃത്തവിദ്യാലയം കളക്കാട്ട് സക്കീർ ഹുസൈന്റെ ഉടമസ്ഥതയിലുള്ളതാണ്. കലാമണ്ഡലം ക്ഷേമാവതി, ആർ.എൽ.വി. ആനന്ദ്, കലാനിലയം മോഹൻദാസ് എന്നിവരുടെ ശിഷ്യനായിരുന്നു സക്കീർ ഹുസൈൻ. ഭരതനാട്യം, മോഹിനിയാട്ടം, കുച്ചിപ്പിടി, കേരളനടനം, നാടോടിനൃത്തം തുടങ്ങിയവയെല്ലാം ഇവിടെ പരിശീലിപ്പിക്കുന്നു.

ഗവൺമെന്റ് ആശുപത്രിക്ക് മുൻവശത്തായി പ്രവർത്തിക്കുന്ന കൈരളി നാട്യകലാക്ഷേത്രം, മുരിയാട് മുരളീധരൻ മാസ്റ്ററാണ് ആരംഭിച്ചത്. 1982 -ൽ ആരംഭിച്ച ഈ സ്ഥാപനം കേരള സംഗീതനാടകഅക്കാദമിയുടെ അംഗീകൃത സ്ഥാപനമാണ്. ഇവിടെ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സ്ഥാപനത്തിന്റെ അംഗീകൃത സർട്ടിഫിക്കറ്റുകൾ നൽകിവരുന്നു.

കലാമണ്ഡലം പ്രജീഷടിച്ചറുടെ നേതൃത്വത്തിൽ ശ്രീഭരതം നൃത്തകലാക്ഷേത്രം, കല ഗോകുൽദാസ് നടത്തിവരുന്ന ഭരത് വിദ്യത് മണ്ഡൽ, പ്രീതി നീരജ് നടത്തി വരുന്ന നൃത്യതി എന്നിവ ശ്രദ്ധേയങ്ങളായ നൃത്തവിദ്യാലയങ്ങളാണ്.

## 5.8 ഓട്ടൻ തുള്ളൽ

കൂടൽമാണിക്യക്ഷേത്രോത്സവത്തിന്റെ രണ്ടാം നാളിലാണ് ശീവേലിക്കുശേഷം കിഴക്കേഗോപുരനടയിലെ സന്ധ്യാവേലപ്പന്തലിലാണ് ഓട്ടൻതുള്ളൽ അരങ്ങേറുന്നത്. ആദ്യകാലങ്ങളിൽ മൂന്നാം ദിവസമാണ് തുള്ളൽരൂപങ്ങൾ അരങ്ങേറുക പതിവ്. ആദ്യം ഓട്ടൻതുള്ളൽ പിന്നീട് ശീതങ്കൻ തുള്ളൽ, പറയൻ തുള്ളൽ എന്നിവ നടക്കും. എന്നാൽ ഇപ്പോൾ ഓട്ടൻതുള്ളൽ മാത്രമാണ് അരങ്ങേറുന്നത്. കല്യാണസൗഗന്ധികം, കിരാതം, രാമാനുജചരിതം, ഗണപതിപ്രാതൽ തുടങ്ങിയ കഥകളാണ് സാധാരണ അവതരിപ്പിക്കുന്നത്. കേരളത്തിൽ ഏറ്റവും പ്രശസ്തനായ തുള്ളൽ കലാകാരനായിരുന്ന മലബാർ രാമൻ നായർ കൂടൽമാണിക്യത്തിൽ തുള്ളൽ അവതരിപ്പിക്കാനായി എത്തിച്ചേരാറുണ്ട്. കേരളകലാമണ്ഡലത്തിൽ തുള്ളൽ കളരി ആരംഭിച്ചപ്പോൾ അവിടുത്തെ ആദ്യ അധ്യാപകനായത് അദ്ദേഹമാണ്. പിന്നീട് ഗുരുവായൂർ ശേഖരനും അദ്ദേഹത്തിന്റെ ശിഷ്യനായ കെ.പി. നന്ദിപുലവും ഇരിങ്ങാലക്കുടയിലെ വേദിയിലെത്തി.

കൂടൽമാണിക്യക്ഷേത്രത്തിൽ അരങ്ങേറ്റംകുറിച്ച തുള്ളൽ കലാകാരനാണ് കെ.പി. നന്ദിപുലം എന്ന കരുമാലി പത്മനാഭൻ. 1951 -ൽ ജനിച്ച അദ്ദേഹം 1976 -ൽ ഗുരുവായൂർശേഖരന്റെ ശിഷ്യനായി കലാജീവിതം ആരംഭിച്ചു. തുള്ളലും കുറത്തിയാട്ടവും അദ്ദേഹം അവതരിപ്പിച്ചിരുന്നു. പി.കെ. നീലകണ്ഠൻ എന്ന നന്ദിപുലം നീലകണ്ഠനും ഇരിങ്ങാലക്കുടയിൽ ഓട്ടൻതുള്ളൽ അവതരിപ്പിക്കാനായി എത്തിച്ചേരാറുണ്ട്.

2018 മുതൽ വെങ്കിടങ്ങ് ശ്രീമുരുകകലാക്ഷേത്രത്തിന്റെ നേതൃത്വത്തിലാണ് ഓട്ടൻതുള്ളൽ അവതരിപ്പിച്ചു വരുന്നത്. ഫോക്‌ലോർ അക്കാദമി അവാർഡ് ജേതാവായ കലാക്ഷേത്രയിലെ രാജീവ് വെങ്കിടങ്ങാണ് ഓട്ടൻതുള്ളൽ വേദിയിലെത്തുന്നത്. ഇരിങ്ങാലക്കുടയിലെ തുള്ളൽ കലാകാരൻമാരിൽ ശ്രദ്ധേയനാണ് മുരിയാട് മുരളീധരൻ. കൊല്ലാട്ടി അമ്പലത്തോട് ചേർന്നുള്ള എസ്.എൻ.വൈ.എസ്.എൽ. എന്ന നൃത്തവിദ്യാലയത്തിൽ അധ്യാപകരാണ് അദ്ദേഹവും ഭാര്യയും.

## 5.9 കുറത്തിയാട്ടം

കൂടൽമാണിക്യക്ഷേത്രോത്സവത്തിന്റെ ഭാഗമായാണ് കുറത്തിയാട്ടവും അവതരിപ്പിക്കു ന്നത്. കുറത്തിയാട്ടത്തിന് വടക്കൻ കുറത്തിയാട്ടമെന്നും തെക്കൻ കുറത്തിയാട്ടമെന്നും വകഭേദങ്ങളുണ്ട്. കുറവനും കുറത്തിയും വൃദ്ധനും നാട്ടുപ്രമാണിയുമാണ് വടക്കൻ കുറ ത്തിയാട്ടത്തിലെ പ്രധാനകഥാപാത്രങ്ങൾ. തൃശ്ശൂർപൂരത്തിന്റെ തിരക്കിൽ വേർപിരി യുന്ന കുറവനും കുറത്തിയും അന്വേഷിച്ച് കണ്ടുമുട്ടുന്നതാണ് ഇതിലെ പ്രമേയം. തെക്കൻ കുറത്തിയാട്ടത്തിലാകട്ടെ ദേവീദേവൻമാരാണ് കുറവൻ, കുറത്തി വേഷത്തിൽ എത്തു ന്നത്. ഹാസ്യകഥാപാത്രമായ മുത്തിയമ്മയും ഇവിടെയുണ്ട്. പാർവതിയെയും മഹാ ലക്ഷ്മിയെയും പ്രതിനിധീകരിക്കുന്ന കുറത്തികൾ രംഗത്തുവന്ന് ഭർത്താക്കന്മാരെ കുറ്റം പറയുന്നതും സരസ്വതിരൂപമായ കുറത്തിയെത്തി തർക്കം തീർക്കുന്നതുമാണ് ഇതിലെ ആദ്യരംഗം. രണ്ടാംരംഗത്തിൽ കുറവന്റെ വേഷത്തിലെത്തുന്ന ശിവൻ കുടിലിൽ എത്തി യപ്പോൾ കുറത്തിയെ കണ്ടില്ല. അന്വേഷിച്ചുനടന്ന് ഒടുവിൽ കാട്ടിൽവച്ച് കണ്ടുമുട്ടുന്നതും ഇവരുടെ പ്രണയകലഹവും ഒത്തുചേരലുമാണ് ഈ രംഗത്തെ മനോഹരമാക്കുന്നത്. ആദ്യകാലത്ത് രണ്ടുമണിക്കൂർവരെ നീണ്ടുനിന്നിരുന്ന കുറത്തിയാട്ടം ഇപ്പോൾ അരമ ണിക്കൂറായി ചുരുങ്ങി. കലാസമിതികളാണ് ഇന്നിത് ഏറ്റെടുത്ത് അവതരിപ്പിക്കുന്നത്.

## 5.10 പറയൻകൊട്ടുതുള്ളൽ

അനുഷ്ഠാനത്തിന്റെ ഭാഗമായിനടത്തുന്ന പാരമ്പര്യകലയാണ് പറയൻകൊട്ടുതുള്ളൽ. സാംബവസമുദായാംഗങ്ങളാണ് ഇത് നടത്തിവരുന്നത്. ഇരിങ്ങാലക്കുടയിൽ ചെലൂ ക്കാവ് ഭഗവതിക്ഷേത്രത്തിലെ ഭരണി ഉത്സവത്തിൽ പറയൻകൊട്ടുതുള്ളൽ അവതരി പ്പിക്കാനുള്ള പരമ്പരാഗത അവകാശം തറയിൽ ചന്ദ്രന്റെ കുടുംബത്തിനാണ്. കൂടാതെ കുറ്റമാലിക്കാവ് ഭഗവതി ക്ഷേത്രം, പൂവശ്ശേരിക്കാവ്, കൊടകര പുത്തുകാവ് തുടങ്ങിയ ക്ഷേത്രങ്ങളിലും ഇവരാണ് തുള്ളൽ അവതരിപ്പിക്കാറുള്ളത്. അപ്പനപ്പൂപ്പന്മാരായിത ന്നെ ഇത് തുടർന്നു വരുന്നതായി ചന്ദ്രൻ ടി.വി. പറയുന്നു.[5] വർഷത്തിലൊരിക്കൽ 41 ദിവസത്തെ വ്രതത്തിനുശേഷം കളംവരച്ച് പാട്ടോടുകൂടിയാണ് പറയൻകൊട്ടുതുള്ളൽ ആരംഭിക്കുന്നത്. ക്ഷേത്രങ്ങളെക്കൂടാതെ തറവാടുകളിലും വഴിപാടായി പറയൻകൊ

[5] ചന്ദ്രൻ ടി.വി., 60 വയസ്സ്, തറയിൽ വീട്, ചേലൂർ, ഇരിങ്ങാലക്കുട

ട്ടുതുള്ളൽ നടത്തുന്നപതിവുണ്ട്. തറവാട്ടുകാരണവർ ഒരു മാസം മുമ്പുവന്ന് ഏൽപ്പിച്ചു പോകും.

ദേവീചരിതമാണ് പാട്ടുകളുടെ കഥാസാരം. കാളി - ദാരികവേഷമാണ് ചെയ്യാറുള്ളത്. കുരുത്തോലകൊണ്ടുള്ള ഉടുത്തുകെട്ടും ചുവന്നപട്ടുകൊണ്ടുള്ള കച്ചയും തലയിൽ കിരീടവുമാണ് ഇവരുടെ വേഷം. ഇപ്പോൾ കുരുത്തോല ലഭിക്കാത്ത സാഹചര്യമുണ്ടാകുന്നതുകൊണ്ടുതന്നെ മയിൽപ്പീലികൊണ്ട് ഉടുത്തുകെട്ടുന്ന പതിവുമുണ്ട്. മദ്ദളത്തിന്റെ അകമ്പടിയോടെയാണ് പാട്ടുപാടുന്നത്. പാട്ടുകൾ തലമുറകൈമാറി കേട്ടുപഠിക്കുകയാണ് പതിവ്. മറ്റുതൊഴിലുകളിൽ ഏർപ്പെടുമ്പോഴും തങ്ങളുടെ പാരമ്പര്യകലയെ നിലനിർത്തി കൊണ്ടുപോകുന്നുണ്ട് ഇവർ. തറയിൽ വേലായുധന്റെയും ദേവുവിന്റേയും മകനാണ് ചന്ദ്രൻ. അദ്ദേഹത്തിന്റെ മക്കളായ അമലും അഖിലും ഈ കല തുടർന്നുവരുന്നു.

## 5.11 ഓണക്കളിയും നാടൻപാട്ടും

ഓണക്കളിയും നാടൻപാട്ടും അതിന്റെ തനത് അവസ്ഥയിൽ ഇന്ന് നിലനിൽക്കുന്നില്ല. നാടൻകലാരൂപങ്ങളായ ഇവ ഒരുകാലത്ത് കാർഷികസംസ്കൃതിയോടിണങ്ങി ജീവിച്ചിരുന്ന മനുഷ്യരുടെ തൊഴിലിന്റെയും ആചാരങ്ങളുടെയും ഭാഗമായി അനുവർത്തിച്ചുവന്നു. പ്രകൃതിയോടിണങ്ങി ജീവിച്ചിരുന്ന അവരുടെ സംഗീതവും താളബോധവും ഇത്തരം കലകളിൽ പ്രകടമായിരുന്നു. ഞാറ്റുവേലയും കൊയ്ത്തും മെതിയും സാമൂഹ്യജീവിതത്തെ നിയന്ത്രിച്ചിരുന്ന കാലമായിരുന്നു അത്. പഞ്ഞക്കർക്കിടകവും വേനലും വറുതിയും ആശങ്കകളായിരുന്ന കാലത്തെ നാടൻപാട്ടുകൾ പ്രതിഫലിപ്പിച്ചിരുന്നു.

സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ മാറ്റങ്ങൾ നാടൻകലാപ്രകടനങ്ങളെയും സ്വാധീനിച്ചു. ഒരു ഘട്ടത്തിൽ തീർത്തും അന്യമായി എന്ന് തോന്നിയിരുന്ന ഓണപ്പാട്ടുകളും നാടൻപാട്ടുകളും ഇന്ന് പുനരുജീവനത്തിന്റെ പാതയിലാണ്. മുപ്പത്തിയഞ്ച് വർഷങ്ങൾക്ക് മുൻപ്, തറയിൽ മുരളി എന്ന മുരളിയാശാൻ രൂപീകരിച്ച ഓണക്കളി ടീം ആണ് യങ് ചലഞ്ചേഴ്സ്. നാൽപത്തിയഞ്ച് അംഗങ്ങളാണ് യങ് ചലഞ്ചേഴ്സ് ടീമിൽ ഉണ്ടായിരുന്നത്. അന്ന് ഓണക്കാലത്ത് ഏകദേശം ഇരുപതോളം കളികൾവരെ ഒരു സംഘത്തിന് ലഭിച്ചിരുന്നു. ഇടക്കാലത്ത് നിർത്തിവെച്ച ഈ സംഘ

ത്തെ വർഷങ്ങൾക്കുശേഷം 'ട്യൂൺസ് ഇരിങ്ങാലക്കുട' എന്ന പേരിൽ പുനരുജ്ജീവിപ്പിച്ചത് ജി.വി. മണികണ്ഠനാണ്. ഓണക്കാലത്ത് ടെലിവിഷൻ ചാനലുകളിലുംമറ്റും സമയം ചെലവഴിച്ചിരുന്ന ഇരിങ്ങാലക്കുടയിലെ ജനങ്ങൾ വീണ്ടും ഓണക്കളികളുടെയും ഒത്തുചേരലുകളുടെയും ആഘോഷങ്ങളിലേക്ക് ഇറങ്ങിത്തിരിച്ചത് കൊറോണക്കാലത്തിന്റെ അടച്ചുപൂട്ടലുകൾക്ക് ശേഷമാണ്.

ഇരിങ്ങാലക്കുട പ്രദേശത്തെ ഒരു പ്രധാന ഓണക്കളിസംഘമാണ് ട്യൂൺസ് ഇരിങ്ങാലക്കുട. അറുപത് അംഗങ്ങളാണ് ഈ ഓണക്കളി സംഘത്തിൽ ഉള്ളത്. ഇപ്പോൾ സീസണിൽ മുപ്പതിലധികം ഇടങ്ങളിൽ കളി അവതരിപ്പിക്കാൻ അവസരം ലഭിക്കുന്നുണ്ട്. ഓണക്കളി മത്സരങ്ങൾ ഇന്ന് ക്ലബ്ബുകളുടെ നേതൃത്വത്തിൽ നടത്തിവരുന്നു. രാമായണകഥയെ ആസ്പദമാക്കിയുള്ള ഗാനങ്ങളാണ് ഓണക്കളിക്കായി ചിട്ടപ്പെടുത്തുന്നത്. അനി ഇരിങ്ങാലക്കുട, മുരളിയാശാൻ, സുരേന്ദ്രൻ എന്നിവർ ചേർന്നാണ് ഇതിനായി ഗാനരചന നിർവഹിക്കുന്നത്. അജേഷ് ഇരിങ്ങാലക്കുട, സുമൻ ഇരിങ്ങാലക്കുട എന്നിവർ ഈ ഗാനങ്ങൾക്ക് സംഗീതം നൽകുന്നു.

നാടൻപാട്ടുകൾക്ക് അതിന്റെ സ്വാഭാവിക ഇടങ്ങൾ ഇന്ന് ഇല്ല എന്നുതന്നെ പറയാം. എങ്കിലും ആസ്വാദകർക്ക് കുറവില്ലതാനും. കേരളത്തിലെത്തന്നെ ഏറ്റവും ജനപ്രിയമായ സംഗീതശാഖയാണിത്. സിനിമാ സംഗീതത്തിന്റെ സ്വാധീനവും ഇന്നത്തെ നാടൻപാട്ടുകൾക്കുണ്ട്. ഇരിങ്ങാലക്കുടയിൽ, നാടൻപാട്ടുകലാകാരന്മാരിൽ ഏറെ ശ്രദ്ധേയരായവരാണ് മുരളിയാശാൻ, കെ.എൻ. അയ്യപ്പക്കുട്ടി, രാജേഷ് തംബുരു, പ്രദീപ് ഇരിങ്ങാലക്കുട എന്നിവർ. കലാഭവൻ മണിയുമായി സഹകരിച്ച് മാരുതി കാസറ്റ്സിനുവേണ്ടി കലാഭവൻ കബീർ ഒരുക്കിയ നാടൻപാട്ടുകൾ കേരളത്തിൽ സംഗീതരംഗത്ത് പുതിയതരംഗങ്ങൾ സൃഷ്ടിച്ചിരുന്നു. ഇരിങ്ങാലക്കുടയോടു ചേർന്നുള്ള വെള്ളാങ്ങല്ലൂർ സ്വദേശിയാണ് കബീർ. മാരുതി കാസെറ്റ്സിന്റെ ആസ്ഥാനവും ഇവിടെത്തന്നെയാണ്.

കുറുങ്കുഴൽ വിദ്വാനായ ഉണ്ണികൃഷ്ണൻ മാപ്രാണം രചിച്ച്, കലാഭവൻ മണി പാടിയ നാടൻപാട്ടുകൾക്ക് വലിയ സ്വീകാര്യത ലഭിച്ചു. 'ഉമ്പായികുച്ചാണ്ട് പ്രാണൻ കത്ത്ണമ്മാ' തെക്കേപ്പുറത്തെ പ്ലാവുമ്മെന്റോ പ്പേ വരിക്കച്ചക്കീണ്ട്, 'കുഞ്ഞ പെണ്ണേ നങ്ങേലി

ഓടിവാടിയേ', 'എന്തുചിരി എന്തുകളി എന്റെ ഭഗവാനേ', 'തൊട്ടാ പിണങ്ങുമോ പൂവേ തൊട്ടാവാടി പൂവേ' തുടങ്ങിയ പ്രശസ്തമായപാട്ടുകൾ ഉണ്ണികൃഷ്ണന്റേതായുണ്ട്.

## 5.12 തിറവെള്ളാട്ട്

വിഷ്ണുമായക്ഷേത്രങ്ങളിൽ നടത്തിവരുന്ന ചടങ്ങാണ് തിറവെള്ളാട്ട്. ബ്രഹ്മവെള്ളാട്ട് തിറ എന്നും ഇതിന് പേരുണ്ട്. തിറവെള്ളാട്ട് നടത്താൻ അധികാരമുള്ള തിറമണ്ണാർ കുടുംബമായ കളംകോളിവീട് ഇരിങ്ങാലക്കുടയിലാണ്. തലമുറകളായി കൈമാറി വരുന്ന അനുഷ്ഠാനകലയാണിത്. കളംകോളി കൊച്ചമ്മോന്റെയും അമ്മുക്കുട്ടിയുടെയും മകനായ കെ.കെ. വാസുവിനാണ് ഇന്ന് തിറവെള്ളാട്ടിന് അധികാരമുള്ളത്. പ്രൈമറി ഹെൽത്ത് സെന്ററിൽ ഡ്രൈവറായുള്ള ജോലിക്കിടയിലും അദ്ദേഹം തന്റെ പാരമ്പര്യകല തുടർന്നുവന്നു. ഇരിങ്ങാലക്കുടയിലെ ഗാന്ധിഗ്രാം പ്രദേശത്ത് താമസിക്കുന്ന അദ്ദേഹം ഇരുപത്തേഴോളം ക്ഷേത്രങ്ങളിൽ തിറമണ്ണാനായി എത്തിച്ചേരുന്നു. അതിൽ ഏറ്റവും പ്രധാനമായത് ആവണങ്ങാട്ട് ക്ഷേത്രത്തിലേതാണ്.

തിറകുറിക്കുക എന്ന ചടങ്ങോടെയാണ് വെള്ളാട്ട് ആരംഭിക്കുന്നത്. തിറമണ്ണാൻ വന്ന് ഭഗവാന് തിറവെള്ളാട്ട് ഇന്ന ദിവസം ഇന്ന ഇന്ന ചടങ്ങുകളോടെ നടത്താം എന്നുള്ള കുറിപ്പെഴുതി ക്ഷേത്രത്തിലെ അധികാരികൾക്ക് കൈമാറുന്നതാണ് തിറകുറിക്കുക എന്ന ചടങ്ങ്. തിറകുറിച്ചു കഴിഞ്ഞാൽ തിരുവുത്സവത്തിന്റെ അന്ന് തിറമണ്ണാരും പരിവാരങ്ങളും ചേർന്ന് ക്ഷേത്രസന്നിധിയിലേക്ക് പ്രവേശിക്കുന്നു. മലനായാടി മലങ്കുറത്തി എന്നിവരുടെ വിഗ്രഹങ്ങളോടും വേഷഭൂഷാദികളോടും മേളത്തോടുംകൂടിയാണ് അവരുടെ വരവ്. കുടുംബത്തിലെ കാരണവൻമാർചേർന്ന് അവരെ ക്ഷേത്രത്തിലേക്ക് ആനയിക്കുന്നു. പ്രത്യേകം തയ്യാറാക്കിയ സ്ഥലത്ത് മലനായാടിയുടെയും മലങ്കുറത്തിയുടെയും വിഗ്രഹങ്ങൾവച്ച് പ്രത്യേക പൂജാദികർമ്മങ്ങൾ അനുഷ്ഠിക്കുന്നു. പിന്നീട് അലങ്കാരപൂജകൾ കഴിച്ച് അലങ്കരിച്ചരഥത്തിലോ തേരിലോ ഭഗവാനെ പുറത്തേക്ക് എഴുന്നള്ളിക്കുന്നു. ഈ സമയം ശിവൻ, പാർവതി, ഗണപതി, ഭൂതഗണങ്ങൾ എന്നിവരുടെ വേഷങ്ങൾ കെട്ടിയാടുന്നു. ചിന്ത, തള്ള, പട്ടര്, പൊട്ടിപ്പെണ്ണ് തുടങ്ങിയ വേഷങ്ങളും ഇവരോടൊപ്പം കൂടുന്നു. ഭഗവാന്റെ കളത്തിനുചുറ്റും പാനചാട്ടം എന്ന ചടങ്ങ് നടത്തുന്നു. തിണ്ടികക്കോഴി വരവാണ് അടുത്തചടങ്ങ്. മേളത്തോടുകൂടി

ഒരു കോഴിയെ വടിയിൽ ചേർത്തുകെട്ടി കൊണ്ടുവരികയും പുലി, സിംഹം തുടങ്ങിയ വേഷക്കാർ കോഴിയെ പിടിക്കാൻ വരുന്നതായി ഭാവപ്രകടനങ്ങൾ നടത്തുകയും ചെയ്യു ന്നു ഈ ചടങ്ങിൽ. പിന്നീട് അതിനെ കുരുതി നടത്തുന്നു. തുടർന്നാണ് സ്വാമിയുടെ പാട്ട് തുടങ്ങുന്നത്. ഭഗവാന്റെ ജനനചരിത്രവുംമറ്റും അവിടെ പ്രതിപാദിക്കും. പിന്നീട് മുത്ത പ്പൻ വരവ്, പട്ടര് വരവ്, തന്തയും തള്ളയുംവരവ് തുടങ്ങിയ രസകരമായ ചടങ്ങുകൾ നടക്കുന്നു. ചില തമാശകൾ പറയുകയും വൈദ്യങ്ങൾ ഉപദേശിക്കുകയും വഴക്കിടുകയും ചെയ്യുന്ന രീതിയാണ് ഇവയ്ക്കുള്ളത്. തിറപ്പാട്ടാണ് മറ്റൊരു പ്രധാനചടങ്ങ്. കലശം വെച്ച ഇടത്തുനിന്നും നാലു വേഷങ്ങൾ മറനീക്കി പുറത്തുവരുന്നു. വാഴയും കുരുത്തോ ലയും തീപ്പന്തങ്ങളുമെല്ലാമായി കൊട്ടിപ്പാടിയാണ് ഈ വേഷങ്ങൾ ഒറ്റയ്ക്കും കൂട്ടായും നൃത്തംചെയ്ത് ഭഗവാന്റെ രൂപക്കളത്തിൽ നൃത്തത്തിനായി എത്തിച്ചേരുന്നത്. കൂടെ എല്ലാവേഷങ്ങളും നൃത്തംചെയ്ത് അനുഗ്രഹം വാങ്ങി ഭഗവാനെ തിരിച്ച് ക്ഷേത്രത്തിലേ ക്ക് പ്രതിഷ്ഠിക്കുന്നു. പിന്നീടാണ് കലശം അവസാനിപ്പിച്ച് പരിതോഷികങ്ങൾ നൽകി തിറമണ്ണാനെ തിരിച്ചയക്കുന്നത്.

## 5.13 ശാസ്ത്രീയസംഗീതം

രംഗകലകൾക്കും വാദ്യകലകൾക്കും പേരുകേട്ട ഇരിങ്ങാലക്കുടയുടെ സാംസ്കാരികച രിത്രത്തിൽ സംഗീതത്തിനും സുപ്രധാന സ്ഥാനമുണ്ട്. കൂടൽമാണിക്യക്ഷേത്രത്തിൽ കച്ചേരിക്കെത്തിയ ദക്ഷിണാമൂർത്തിയെക്കുറിച്ച് പി. ജയചന്ദ്രൻ തന്റെ ആത്മകഥയിൽ ഇങ്ങനെ എഴുതുന്നു, "പണ്ട് ഞാൻ മദ്രാസിലേക്ക് വരുന്നതിന് എത്രയോമുമ്പ് ദക്ഷി ണാമൂർത്തിസ്വാമി എന്റെ വീട്ടിൽ വന്നിട്ടുണ്ട്. ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്ര ത്തിൽ വരാത്ത കലാകാരന്മാർ അക്കാലത്ത് വളരെചുരുക്കം ആയിരുന്നു. എപ്പോഴും കച്ചേരികളും കളിമേളവും ഒക്കെയായിരുന്നു. അവിടെ ഒരു പരിപാടിക്ക് എത്തിയ സ്വാ മിക്ക് വിശ്രമവുംമറ്റും ഞങ്ങളുടെ വീട്ടിലായിരുന്നു. രാമനാഥൻ മാഷും മറ്റും ഉണ്ടായിരു ന്നു. കസേരയിൽ ഇരിക്കാൻപറഞ്ഞിട്ടും സ്വാമി കൂട്ടാക്കിയില്ല. തറയിൽ ചമ്രംപടിഞ്ഞി രുന്നും കാലുകൾ നീട്ടിയിരുന്നും അദ്ദേഹം വിശ്രമിച്ചു. ചില ശ്ലോകങ്ങളും സ്തുതികളും പാടി" (2007:57 -8). ഇന്നും ക്ഷേത്രോത്സവത്തോടനുബന്ധിച്ച് പ്രശസ്തരായ കലാകാ രന്മാർ ഇവിടെയെത്തുന്നുണ്ട്.

## എൻ.സി. വസന്തകോകിലം

കുട്ടംകുളത്തിന്റെ കിഴക്കേപരിസരത്ത് താമസിച്ചിരുന്ന ഒഴിക്കമഠം ബ്രാഹ്മണകുടുംബത്തിൽ ജനിച്ച മികച്ച കർണാടകസംഗീതജ്ഞയാണ് എൻ.സി. വസന്തകോകിലം. 1919 -ലാണ് അവർ ജനിച്ചത്. കുട്ടിക്കാലത്ത് കാമാക്ഷി എന്നറിയപ്പെട്ടിരുന്ന അവരുടെ ജീവിതത്തിൽ സംഗീതത്തിന്റെ പശ്ചാത്തലം സൃഷ്ടിക്കുന്നതിൽ ഇരിങ്ങാലക്കുടയുടെ സാംസ്കാരികഅന്തരീക്ഷത്തിന് വലിയപങ്കുണ്ട്. പിന്നീട് നാഗപട്ടണത്തേയ്ക്കും മദ്രാസിലേയ്ക്കും താമസംമാറിയ അവരുടെ തുടർപഠനവും കച്ചേരികളും മദ്രാസ് കേന്ദ്രീകരിച്ചായിരുന്നു. 1940 മുതൽ 1950 വരെയുള്ള കാലഘട്ടത്തിൽ തമിഴ് സിനിമകളിൽ പാടി അഭിനയിച്ചുകൊണ്ട് ശ്രദ്ധേയയായിരുന്നു ഈ ഇരിങ്ങാലക്കുടക്കാരി. 1951 -ൽ തന്റെ മുപ്പത്തിരണ്ടാം വയസ്സിൽ ക്ഷയരോഗബാധിതയായാണ് അവർ മരണമടഞ്ഞത്.

## ഗായകപീതാംബരം

1923 -ൽ ഇരിങ്ങാലക്കുടയിലെ നടവരമ്പ് കോലോത്തുംപടിയിൽ ജനിച്ച ഗായകനാണ് പീതാംബരമേനോൻ. ഹൈക്കോർട്ട് ജഡ്ജിയായിരുന്ന പി. രാമൻ തമ്പിയുടെയും മാതൃപ്പിള്ളി അമ്മിണിയമ്മയുടെയും മകനാണ് അദ്ദേഹം. തിരുവിതാംകൂർ രാജവംശവുമായുള്ള ബന്ധമാണ് അദ്ദേഹത്തിന്റെ കലാപാരമ്പര്യം വളർത്തിയെടുക്കുന്നതിന് സഹായകമായത് (നോ. 5.15.4). തിരുവനന്തപുരം സ്വാതിതിരുനാൾ സംഗീത അക്കാദമിയിൽ ശെമ്മാങ്കുടിയുടെ പ്രിയശിഷ്യനായിരുന്നു അദ്ദേഹം. ഡിസ്റ്റിങ്ഷനോടുകൂടിയാണ് പീതാംബരൻ ഗാനഭൂഷണം പാസായത്. സംഗീതപരീക്ഷയിൽ കിട്ടിയ ഗായക എന്ന ബിരുദവും സ്വന്തം പേരിലെ പീതാംബരം എന്ന വാക്കും ചേർത്ത് ഉദയസ്റ്റുഡിയോക്കാർ ഗായകപീതാംബരം എന്ന പേരുനൽകി. ആകാശവാണിയിൽ എ ഗ്രേഡ് ആർട്ടിസ്റ്റ് ആയിരുന്നു പീതാംബരൻ.

പീതാംബരന്റെ സഹോദരൻ മധുസൂദനമേനോനും സംഗീതത്തിന്റെ വഴിയിൽ ത്തന്നെയായിരുന്നു. അദ്ദേഹത്തിന് ഗുരുവും വഴികാട്ടിയും ആയത് ഗായകപീതാംബരവും. ഇവരുടെ നേതൃത്വത്തിൽ 1951 -ൽ ഭാരതീയ സംഗീതകലാലയം സ്ഥാപിച്ചു. അഡ്വ.നാണു മേനോൻ, വർഗീസ് പുളിക്കൻ, സെബാസ്റ്റ്യൻ ജോസഫ് ഭാഗവതർ, ചെറുപറമ്പിൽ കൃഷ്ണൻകുട്ടി മേനോൻ, മധുസൂദന മേനോൻ തുടങ്ങിയവരുടെ സംഘം

അക്കാലത്ത് ഇവിടുത്തെ സംഗീത കലാപ്രവർത്തനത്തിന് നേതൃത്വം നൽകിയിരുന്നു (*സ്മൃതിപഥം*, 2013:94).

## എം.കെ. ജിനപാലൻ

ചെന്നൈ ഗവ. മ്യൂസിക് കോളേജിൽനിന്ന് സംഗീതവിദ്വാൻ കരസ്ഥമാക്കിയ ഗായകനാണ് എം.കെ. ജിനപാലൻ. സംഗീതത്തിൽ ഗോവിന്ദൻകുട്ടിപ്പണിക്കരുടെയും വയലിനിൽ വി.വി. സുബ്രഹ്മണ്യന്റെയും ശിഷ്യനാണ് ജിനപാലൻ. ചെന്നൈ ആശാൻ മെമ്മോറിയൽ സീനിയർ സെക്കൻഡറി സ്കൂളിലും ഇരിങ്ങാലക്കുട ഗായത്രി ഹാളിലും സംഗീതം, വയലിൽ എന്നിവ പഠിപ്പിച്ചിരുന്നു അദ്ദേഹം. ദുബായ്, മൗറീഷ്യസ്, അമേരിക്ക, ശ്രീലങ്ക, സിംഗപ്പൂർ എന്നിവിടങ്ങളിലും അദ്ദേഹം സംഗീതാധ്യാപകനായിരുന്നു.

## പി.എൻ. പ്രഭാവതി

പൊന്തേങ്കണ്ടത്ത് നാരായണൻകുട്ടിമേനോന്റെയും ജയദേവകിയമ്മയുടെയും മകളായ ഡോ. പി.എൻ. പ്രഭാവതി, ഇരിങ്ങാലക്കുടയിലെ സംഗീതജ്ഞരിൽ ശ്രദ്ധേയയാണ്. സംഗീത അധ്യാപിക കൂടിയായ അവർ മദ്രാസ് മ്യൂസിക് അക്കാദമിയിലെ വിദ്യാർത്ഥിയായിരുന്നു. മദ്രാസ് സംഗീത യൂണിവേഴ്സിറ്റിയിലെ ടീച്ചേഴ്സ് ട്രെയിനിങ് കോഴ്സ് റാങ്കോടെ ജയിച്ച പ്രഭാവതി 2006 -ൽ എം.ഫിൽ. നേടി. 'സാവേരി രാഗം - ഒരു പഠനം' എന്ന വിഷയത്തെ ആസ്പദമാക്കിയാണ് കാലടി സംസ്കൃത സർവ്വകലാശാലയിൽനിന്ന് അവർ ഗവേഷണബിരുദം കരസ്ഥമാക്കിയത്. 'ബ്രാഹ്മിണിപ്പാട്ട് - എ യൂണിക് മ്യൂസിക്കൽ റിച്വൽ ഓഫ് കേരള', 'ഹിസ്റ്ററി ഓഫ് സാവേരി', 'ഭാവ ഓഫ് സാവേരി ഇൻ കഥകളി സംഗീതം' എന്നിങ്ങനെ നിരവധി ഗവേഷണലേഖനങ്ങൾ അവരുടേതായിട്ടുണ്ട്.

## ശ്രീവിദ്യാ വർമ്മ

ഇരിങ്ങാലക്കുട ശാന്തിനിലയം പാലസിലെ രാജവർമ്മയുടെയും സതി വർമ്മയുടെയും മകളായ ശ്രീവിദ്യാ വർമ്മ, ശാസ്ത്രീയസംഗീതജ്ഞയും വീണ കലാകാരിയുമാണ്. കൃഷ്ണൻകുട്ടി മാരാർ, എ. അനന്തപത്മനാഭൻ, ഗോമതി ചിദംബരം എന്നിവരായിരുന്നു

ആദ്യകാല ഗുരുക്കന്മാർ. ചെന്നൈ മുടികൊണ്ടാൽ എസ്.എൻ. രമേശ് ഗുരുവിന്റെ കീഴിൽ വീണയിൽ ഉപരിപഠനം നടത്തുന്നുണ്ട് അവർ. വരവീണ സ്കൂൾ ഓഫ് മ്യൂസിക്സിന്റെ ഡയറക്ടറാണ് ശ്രീവിദ്യ വർമ്മ. ഇവരുടെ നേതൃത്വത്തിൽ ഇരിങ്ങാലക്കുട ചേമ്പർ ഓഫ് മ്യൂസിക് എന്ന പേരിൽ സംഗീതക്കൂട്ടായ്മകളും കച്ചേരികളും നടത്തുന്ന പതിവുണ്ട്.

## വേണു എം.സി.

1968 -ൽ ജനിച്ച വേണു എം.സി. എടതിരിഞ്ഞി മണപ്പുള്ളി ചാത്തന്റെയും കാളിയുടെയും മകനാണ്. പതിനെട്ടാം വയസ്സിൽ ശാസ്ത്രീയസംഗീതം അഭ്യസിച്ചു തുടങ്ങിയ അദ്ദേഹം പാലക്കാട് ചെമ്പൈ സംഗീതകോളേജിൽനിന്നാണ് അക്കാദമികപഠനം പൂർത്തിയാക്കിയത്. മങ്ങാട് കെ. നടേശൻ, കൃഷ്ണൻകുട്ടി മാരാർ, എ.ഇ. വാമനൻ നമ്പൂതിരി എന്നിവരുടെ കീഴിലും സംഗീതം അഭ്യസിച്ചിട്ടുണ്ട്. ആൽബങ്ങൾക്കുവേണ്ടി സംഗീതസംവിധാനം നിർവഹിക്കുകയും പാടുകയും ചെയ്തിട്ടുള്ള അദ്ദേഹം വിവിധ ഇടങ്ങളിൽ കച്ചേരികളും നടത്തിയിട്ടുണ്ട്. ഇരിങ്ങാലക്കുടയിലെ സംഗീതവിദ്യാലയങ്ങളായ മ്യൂസിക് വേൾഡ്, താളം മ്യൂസിക് അക്കാദമി എന്നിവിടങ്ങളിലെല്ലാം സംഗീതാധ്യാപകനായിരുന്നു വേണു. പിന്നീട് ബാംസുരി സംഗീതവിദ്യാലയം എന്ന സ്ഥാപനം ആരംഭിച്ചു.

## ടി.ജി. പ്രസന്നൻ

ഓണക്കളി, പരിചമുട്ട് കളി എന്നിവയുടെ ഗാനരചനയിയിൽ ശ്രദ്ധേയനായിരുന്ന ടി.എസ്. ഗണപതിയുടെ മകനാണ് ടി.ജി. പ്രസന്നൻ. രമേഷ് കെ. നാരായണന്റെ ശിഷ്യനാണ് പ്രസന്നൻ. ആൽബം കാസറ്റുകളിലും, ടെലിഫിലിമിലും താളം മ്യൂസിക് അക്കാദമി, ശിവരഞ്ജിനി, ജയചന്ദ്രൻ ഓർക്കസ്ട്ര, കൊച്ചിൻ ഗോൾഡൻ ബീറ്റ്സ് തുടങ്ങിയ ഓർക്കസ്ട്ര സംഘങ്ങൾക്കൊപ്പവും പാടിയിട്ടുണ്ട് അദ്ദേഹം.

## രമേഷ് പി.വി.

വോയ്സ് ഓഫ് എയ്ഞ്ചൽ എന്ന ഓർക്കസ്ട്രയുടെ കോർഡിനേറ്ററായ രമേഷ് പി.വി. മികച്ച ഗായകനുംകൂടിയാണ്. പയ്യപ്പിള്ളി വീട്ടിൽ വേലായുധന്റെയും വള്ളിയമ്മയുടെയും മകനായി 1973 -ലാണ് അദ്ദേഹം ഇരിങ്ങാലക്കുടയിൽ ജനിച്ചത്.

## രാംദാസ് വി.എസ്.

സിനിമാ സംഗീതസംവിധായകനും കീബോർഡ് പ്രോഗ്രാമറുമാണ് രാംദാസ് വി.എസ്. വട്ടപ്പറമ്പിൽ സുരേന്ദ്രനാഥിന്റേയും ലളിതയുടെയും മകനായി 1975 -ലാണ് അദ്ദേഹം ഇരിങ്ങാലക്കുടയിൽ ജനിച്ചത്. 1997 മുതൽ ആറ്റ്ലി ഓർക്കസ്ട്രയുടെ കീബോർഡ് കലാകാരനാണ്. മലയാളത്തിലെ ധാരാളം സിനിമകൾക്ക് പശ്ചാത്തല സംഗീതം നൽകിയിട്ടുള്ള രാംദാസാണ് ചെമ്പകമേ... എന്ന പ്രസിദ്ധ ആൽബത്തിന് സംഗീതം നൽകിയത്. ബർമ്മീസ് ഭാഷയിലെ മൂന്ന് സിനിമകൾക്ക് പശ്ചാത്തലസംഗീതവും തമിഴിലെ റൊമ്പനല്ലവൻ എന്ന സിനിമയ്ക്ക് സംഗീതസംവിധാനവും നിർവ്വഹിച്ചിട്ടുണ്ട് അദ്ദേഹം.

## ഹരി അഗ്നിശർമ്മൻ

ഇരിങ്ങാലക്കുട അയിനിപ്പിള്ളി മനയിലെ ഹരി അഗ്നിശർമ്മൻ, ജനിച്ചതും പ്രാഥമിക വിദ്യാഭ്യാസം നേടിയതും അമേരിക്കയിലാണ്. ചന്ദ്രമന നാരായണൻ നമ്പൂതിരി, പാലാ സി.കെ. രാമചന്ദ്രൻ, ഡോ. ബി.ശിവകുമാർ, ജെ. വെങ്കട്ടരാമൻ എന്നിവരാ യിരുന്നു ഗുരുക്കൻമാർ. വീണയിലും പ്രഗത്ഭനാണ് അദ്ദേഹം. ഇന്ത്യയിലും വിദേശ ത്തുമായി നിരവധി കച്ചേരികൾ അവതരിപ്പിച്ചിട്ടുള്ള ഹരി, ജയ്ഹിന്ദ് ചാനലിലെ സ്റ്റാർ സിംഗർ പരിപാടിയിലെ വിജയിയാണ്. കർണ്ണാട്ടിക് സംഗീതരംഗത്തും വിദഗ്ധനായ അദ്ദേഹം ഇന്ത്യയിലും വിദേശത്തുമായി ഒട്ടനവധി കച്ചേരികൾ നടത്തിയിട്ടുണ്ട്.

## സ്വർണ്ണ വിനയൻ

പിന്നണിഗാനരംഗത്ത് ശ്രദ്ധേയയായ സ്വർണ്ണ വിനയൻ, ഇരിങ്ങാലക്കുട ക്രൈസ്റ്റ് വിദ്യാനികേതനിലെ വിദ്യാർത്ഥിനിയായിരുന്നു. 1992 - ൽ ജനിച്ച അവർ വൻപുള്ളി

പറമ്പിൽ വിനയന്റേയും സുചിത്രയുടെയും മകളാണ്. ഷീബ പുഷ്കറിന്റെ കീഴിൽ പത്ത് വർഷത്തോളം കർണ്ണാടകസംഗീതവും തൃപ്പൂണിത്തറയിലെ ഉസ്താദ് ഹൈസ്ഖാന്റെ കീഴിൽ ഹിന്ദുസ്ഥാനി സംഗീതവും അവർ സ്വായത്തമാക്കി. ശ്രീ ഗുരുവായൂരപ്പൻ എന്ന ഭക്തിഗാന ഓഡിയോ സി.ഡി. യിലെ 'കൃഷ്ണ ഹരേ' എന്ന ഗാനം ആലപിച്ചത് സ്വർണ്ണയാണ്. ആനന്ദ് മധുസൂദനൻ സംഗീതസംവിധാനം നിർവ്വഹിച്ച പാ.വ. എന്നചിത്രത്തിലെ 'ദേ ഇതെന്തതാ' എന്നു തുടങ്ങുന്ന ഗാനവും നമസ്തേ ബാലി എന്ന ചിത്രത്തിലെ 'മുത്തോളം വളകളിൽ' എന്ന ഗാനത്തിന്റെ ഒരു ഭാഗവും ആലപിച്ചത് സ്വർണ്ണയാണ്. ഉപ്പും മുളകും എന്ന സീരിയലിലെ ടൈറ്റിൽ സോങ്, കൂടാതെ നിരവധി പരസ്യചിത്രങ്ങൾ എന്നിവയ്ക്ക് വേണ്ടിയും സ്വർണ്ണ ഗാനം ആലപിച്ചിട്ടുണ്ട്. മോളിആന്റി റോക്സ്, ഹൗ ഓൾഡ് ആർ യു, ചാർളി, എന്ന് നിന്റെ മൊയ്തീൻ തുടങ്ങിയചിത്രങ്ങളിലെ ബാക്ക് ഗ്രൗണ്ട് സ്കോർ, സോളോ ഇൻട്രൊഡക്ഷൻ എന്നിവയും സ്വർണ്ണ വിനയന്റേതായുണ്ട്.

## സംഗീതവിദ്യാലയങ്ങൾ

ഇരിങ്ങാലക്കുടയുടെ സംഗീതപാരമ്പര്യം നിലനിർത്തുന്നതിൽ ഇവിടുത്തെ സംഗീതവിദ്യാലയങ്ങൾക്ക് വലിയപങ്കുണ്ട്. ഇരിങ്ങാലക്കുടയിലെ തമ്പാൻ സ്മാരക കെട്ടിടത്തിൽ നടത്തിവരുന്ന സംഗീതവിദ്യാലയമാണ് ചിത്രാംബരി. പി.എ. സുഭാഷ് ആണ് ഈ സ്ഥാപനത്തിന്റെ ഉടമ. ശാസ്ത്രീയസംഗീതം, വായ്പ്പാട്ട്, വയലിൻ, ഓടക്കുഴൽ എന്നിവ ഇവിടെ പഠിപ്പിക്കുന്നുണ്ട്. ചെട്ടിപ്പറമ്പ് ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിന് എതിർവശത്തായി എസ്.എൻ.ഡി.പി. ശാഖ ഓഫീസ് ഹാളിൽ നടത്തിവരുന്ന താളം മ്യൂസിക് അക്കാദമി ശ്രദ്ധേയമാണ്. പ്ലാവിങ്കൽ പറമ്പിൽ സതീഷാണ് ഈ സ്ഥാപനത്തിന്റെ ഉടമ. കർണാടക സംഗീതത്തെ കൂടാതെ വയലിൻ, ഗിറ്റാർ, തബല, കീബോർഡ്, ജാസ്, ഡ്രംസ്, ഓടക്കുഴൽ, മൃദംഗം, ഇടയ്ക്ക തുടങ്ങിയ വാദ്യങ്ങളും ഭരതനാട്യം, മോഹിനിയാട്ടം, കുച്ചുപ്പിടി, കേരളനടനം തുടങ്ങിയ നൃത്തരൂപങ്ങളും ചിത്രരചനയും ഇവിടെ പരിശീലിപ്പിക്കുന്നു. 2015 മുതൽ കേരള സംഗീതനാടക അക്കാദമിയുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഇവിടെ സി.പി. ആനന്ദൻ മാസ്റ്ററാണ് പ്രധാനമായും ക്ലാസ്സുകൾ നയിക്കുന്നത്.

## 5.14 ശില്പ -ചിത്രകല

ശില്പ-ചിത്രകലാരംഗത്ത് വളരെ സജീവമായി ഇടപെടുന്ന ധാരാളം കലാ പ്രവർത്തകരുടെ നാട്ടുകൂടിയാണ് ഇരിങ്ങാലക്കുട.

### ആർട്ടിസ്റ്റ് മോഹൻദാസ്

ബാലപ്രസിദ്ധീകരണങ്ങളിലെ ചിത്രകഥാവരകളിലൂടെ മലയാളിയ്ക്ക് ഏറെ പ്രിയങ്കരനായ ചിത്രകാരനാണ് ആർട്ടിസ്റ്റ് മോഹൻദാസ്. 1952 -ൽ മാരാത്ത് സരസ്വതിയമ്മയുടെയും പള്ളിച്ചാടത്ത് ശിവശങ്കരമേനോന്റെയും മകനായാണ് അദ്ദേഹം ജനിച്ചത്. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം തൃശ്ശൂർ സ്കൂൾ ഓഫ് ആർട്സിൽനിന്നും ഡ്രോയിങ് കെ.ജി.ടി.ഇ. പാസ്സായി. പിന്നീട് മുംബൈ ബ്രിട്ടീഷ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയറിങ് ടെക്നോളജിയിൽനിന്ന് കാർട്ടൂണിങ് ന്യൂസ് പേപ്പർ മാഗസിൻ ഡിപ്ലോമ നേടി.

1970 -ലാണ് അദ്ദേഹം മുംബൈയിലെ അനന്ത പൈയുടെ രംഗരേഖ ഫീച്ചേഴ്സ് എന്ന കോമിക്സ് സിൻഡിക്കേറ്റിങ് എന്ന സ്ഥാപനത്തിൽ എത്തിച്ചേർന്നത്. മാതൃഭൂമി വരാന്തപ്പതിപ്പിലെ ശ്രീ. രാമു ശ്യാമു എന്ന ഇരട്ടക്കുട്ടികളുടെ ചിത്രകഥ ശ്രദ്ധേയമായിരുന്നു. മോഹൻദാസ് 1971 -ലാണ് കപീഷ് എന്ന കഥാപാത്രത്തെ സൃഷ്ടിക്കുന്നത്. തുടർന്ന് പൂമ്പാറ്റ, അമർചിത്രകഥ, ബാലരമ, ബാലമംഗളം, ബാലഭൂമി, തത്തമ്മ, കളിക്കുടുക്ക തുടങ്ങിയ നിരവധി ബാലപ്രസിദ്ധീകരണങ്ങൾ അദ്ദേഹത്തിന്റെ വരകളാൽ ശ്രദ്ധേയമായി. മൂവായിരത്തിലധികം തുടർചിത്രകഥകൾ ഇതിനകം മോഹൻദാസിന്റെ വരകളിലൂടെ ആകർഷകമായി. നവമാധ്യമരംഗത്തെ കാർട്ടൂൺവിപ്ലവം സാധ്യമാകുന്നതിനുമുമ്പേ ചിത്രകഥകളുടെ സങ്കല്പലോകം തലമുറകൾക്കുമുൻപിൽ തുറന്നു കാണിച്ചു മോഹൻദാസ്. മായാവി, ലുട്ടാപ്പി, ഡാകിനി, കുട്ടൂസൻ തുടങ്ങിയ കഥാപാത്രങ്ങളിലൂടെ നിരവധി തലമുറകളെ ഇദ്ദേഹം സ്വാധീനിച്ചു. ഇന്നും കുട്ടികൾക്കുവേണ്ടി ചിത്രരചന - ഡെമോൺസ്ട്രേഷൻ ക്ലാസുകൾ നടത്തിവരുന്നു മോഹൻദാസ്.

## രാജൻ കൃഷ്ണൻ

തിരുവനന്തപുരം ഫൈനാൻസ് കോളേജിൽനിന്നും ബറോഡ എം.എസ്. യൂണിവേഴ്സിറ്റിയിൽനിന്നും ചിത്രകലാപഠനം പൂർത്തിയാക്കിയ രാജൻ കൃഷ്ണൻ രാജ്യത്തിനകത്തും പുറത്തും നിരവധി ചിത്രപ്രദർശനങ്ങൾ നടത്തിയിട്ടുള്ള കലാകാരനാണ്. ബാലസാഹിത്യകാരനായിരുന്ന കെ.വി. രാമനാഥന്റെ മകൾ രേണുവിന്റെ ഭർത്താവായി ഇരിങ്ങാലക്കുടയിൽ എത്തിയ അദ്ദേഹം വാൾഡെൻ എന്ന പേരിൽ കലാപ്രവർത്തകർക്കായി ഒരു ഇടം തയ്യാറാക്കി.

## കെ.കെ. രാധാകൃഷ്ണൻ ആചാര്യ

ശില്പ - കരകൗശലവിദഗ്ധനായ കെ.കെ. രാധാകൃഷ്ണൻ ആചാര്യ, ചിരട്ടയിൽ മനോഹരമായ ചിത്രങ്ങളും ശില്പങ്ങളും നിർമ്മിക്കുന്നതിൽ ശ്രദ്ധേയനാണ്. 1952 -ൽ കിഴക്കേ പുരക്കൽ കെ.എ. കുട്ടൻ ആചാര്യയുടെയും നാണിക്കുട്ടിയുടെയും മകനായി ഇരിങ്ങാലക്കുട ശ്രീകണ്ഠേശ്വരത്താണ് അദ്ദേഹം ജനിച്ചത്. കഥകളി, ദേവീദേവന്മാരുടെ ശില്പങ്ങൾ, തൃശ്ശൂർ പൂരം, കൂടൽമാണിക്യം ഉത്സവം, യേശുവിന്റെ തിരുഹൃദയം എന്നിവ ചിരട്ടയിൽ മനോഹരമായ ശില്പങ്ങളായി അദ്ദേഹം നിർമ്മിച്ചു. തെങ്ങിന്റെ കൊതുമ്പ് ഉപയോഗിച്ചുള്ള കെട്ടുവള്ളങ്ങൾ ഉണ്ടാക്കുന്നതിൽ വിദഗ്ധനാണ് രാധാകൃഷ്ണൻ ആചാര്യ.

## വർഗ്ഗീസ് എടക്കാടൻ

1953 -ൽ ചിറ്റിലപ്പിള്ളി എടക്കാട് ദേവസ്സിയുടെയും മേരിയുടെയും മകനായി ജനിച്ച വർഗീസ് എടക്കാടൻ ഇരിങ്ങാലക്കുടയിലെ ശ്രദ്ധേയനായ ചിത്രകാരനാണ്. 1987 -ൽ ഇരിങ്ങാലക്കുടയിലെ ബാംബൂ ആർട്സ് എന്ന സ്ഥാപനത്തിലും എറണാകുളം ആർട്സ് ഫാക്ടറിയിലും ചിത്രകാരനായി അദ്ദേഹം ജോലി ചെയ്തിട്ടുണ്ട്.

## രാജേന്ദ്രൻ അമ്മനത്ത്

ധ്യാനശ്ലോകങ്ങൾക്കനുസരിച്ച് സങ്കല്പത്തിൽവരുന്ന ദൈവികരൂപങ്ങൾ ക്യാൻവാസിൽ വരച്ചെടുക്കുന്നതിൽ പ്രഗത്ഭനാണ് രാജേന്ദ്രൻ അമ്മനത്ത്. ചേലൂക്കാവ്

അമ്പലത്തിന് സമീപം താമസിക്കുന്ന അദ്ദേഹം അമ്മനത്ത് രാമന്റെയും തങ്കയുടെയും മകനാണ്. 1962 -ൽ ജനിച്ച രാജേന്ദ്രൻ ചെറുപ്പംമുതലേ ചിത്രരചനയിൽ മികവ് തെളിയിച്ചിരുന്നു. മ്യൂറൽ പെയ്ന്റിങ്, ഓയിൽ പെയ്ന്റിങ്, ഛായാചിത്രങ്ങൾ തുടങ്ങിയവ അദ്ദേഹത്തിന്റെ രചനാലോകമാണ്. മരിച്ചുപോയ വ്യക്തികളുടെ സവിശേഷതകൾ ഉൾക്കൊണ്ടുകൊണ്ട് ഛായചിത്രങ്ങൾ വരയ്ക്കുന്നതിലും രാജേന്ദ്രൻ ശ്രദ്ധേയനാണ്.

## ജോയ് വർഗ്ഗീസ്

ഇരിങ്ങാലക്കുട ബോയ്സ് സ്കൂളിലെ സദാനന്ദൻമാഷുടെ കീഴിൽ ചിത്രകല അഭ്യസിച്ച വ്യക്തിയാണ് ജോയ് വർഗ്ഗീസ്. ചെറിയ കുമരകത്ത് വർഗ്ഗീസിന്റെയും അന്നത്തിന്റെയും മകനായി 1963 -ലാണ് അദ്ദേഹം ജനിച്ചത്. മോണാലിസ എന്ന പരസ്യസ്ഥാപനത്തിനുവേണ്ടി അദ്ദേഹം നിർമ്മിച്ച ചിത്രങ്ങൾ ശ്രദ്ധേയമാണ്. ക്യാൻവാസിൽ തീർത്ത ജോയിയുടെ പെൻസിൽ ഡ്രോയിങ്, മാറ്റർ ഡ്രോയിങ്, ഫിഗർ, പോർട്രേറ്റ് തുടങ്ങിയവ അഭിനന്ദനാർഹമാണ്.

## ഇ.എൻ. ശാന്തകുമാരി

ചിത്രകലാ അധ്യാപികയായിരുന്ന ഇ.എൻ. ശാന്തകുമാരി അനവധി ചിത്രപ്രദർശനങ്ങളിൽ പങ്കാളിയായിരുന്നു. 1967 -ൽ ഏറാട്ട് നാണപ്പന്റെയും തങ്കത്തിന്റെയും മകളായി കോമ്പാറയിലാണ് ശാന്തകുമാരി ജനിച്ചത്. ഇരിങ്ങാലക്കുടയിലെ രചന ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നാണ് ചിത്രകല അഭ്യസിച്ചത്. 2016 -ൽ കേരള ലളിതകലാ അക്കാദമിയുടെ കോഴിക്കോട് ഗാലറിയിൽ അക്കാദമി ഗ്രാന്റോടുകൂടി നടത്തിയ ചിത്രപ്രദർശനം ശ്രദ്ധേയമായിരുന്നു.

## ആർട്ടിസ്റ്റ് സെൽവരാജ്

1967 -ൽ ഇരിങ്ങാലക്കുട കോമ്പാറയിൽ ജനിച്ച ചിത്രകാരനും ശില്പിയുമാണ് ആർട്ടിസ്റ്റ് സെൽവരാജ്. തലക്കോട്ടൂർ റോബർട്ടിന്റെയും മണിയുടെയും മകനാണ് അദ്ദേഹം. ഛായാചിത്രങ്ങൾ വരയ്ക്കുന്നതിലാണ് ചെറുപ്പം മുതൽ സെൽവരാജ് അഭിരുചി പ്രകടിപ്പിച്ചിരുന്നത്. ഓയിൽ പെയിന്റ്, ഇനാമൽ, പിഗ്മെന്റ് കളറുകൾ എന്നിവ ഉപയോ

ഗിച്ച് അദ്ദേഹം മനോഹരമായ ചിത്രങ്ങൾ തീർത്തു. കൂടാതെ ശില്പനിർമ്മാണത്തിലും അദ്ദേഹം വൈദഗ്ദ്ധ്യം പ്രകടിപ്പിച്ചു. കളിമൺ, തെർമോകോൾ, പ്ലാസ്റ്റർ ഓഫ് പാരീസ് എന്നിവയെല്ലാം അദ്ദേഹം ശില്പനിർമ്മാണത്തിനായി പ്രയോചനപ്പെടുത്തി. രണ്ടു വർഷം തൃശ്ശൂർ എക്സിബിഷൻ കവാടം രൂപകൽപന ചെയ്തത് സെൽവരാജാണ്. ഇരിങ്ങാലക്കുടയിൽ, പരസ്യ ബോർഡുകൾ, ആർട്ട് വർക്കുകൾ, സ്റ്റിക്കറുകൾ എന്നിവ ചെയ്തിരുന്നതിൽ പ്രധാനിയായിരുന്നു ഇദ്ദേഹം. കൂടാതെ ആമേൻ, ലേഡീസ് ആന്റ് ജെന്റിൽമാൻ തുടങ്ങിയ സിനിമകളിൽ അസിസ്റ്റൻറ് ഡയറക്ടറായി സെൽവരാജ് പ്രവർത്തിച്ചിട്ടുണ്ട്. അന്ത്യ അത്താഴം, രവിവർമ്മ ചിത്രങ്ങൾ എന്നിവയുടെ അദ്ദേഹം വരച്ച പോർട്ടറൈറ്റുകൾ ശ്രദ്ധേയങ്ങളാണ്.

## രാധാകൃഷ്ണൻ കാമ്പളത്ത്

ഗ്രാനൈറ്റിൽ ചിത്രങ്ങൾ കൊത്തിയെടുക്കുന്നതിൽ വിദഗ്ധനാണ് രാധാകൃഷ്ണൻ കാമ്പളത്ത്. കോലോത്തുംപടി കാമ്പളത്ത് ചന്ദ്രൻപിള്ളയുടെയും സാവിത്രിയുടെയും മകനായി 1975 -ലാണ് അദ്ദേഹം ജനിച്ചത്. മൂന്നടി ഉയരമുള്ള കൂടൽമാണിക്യസ്വാമി, മാതാ അമൃതാനന്ദമയിയുടെ അതേ ഉയരത്തിലും വലിപ്പത്തിലുമുള്ള ചിത്രം, ചെട്ടിക്കാട് പള്ളിയിലെ റോസറി ഗാർഡനിലെ ക്രിസ്തുവിന്റെ കുരിശുമരണവും വി. അന്തോണീസിന്റെ രൂപവും, ചേലക്കര കുണ്ടന്നൂർ പള്ളിയിലെ എവുപ്രാസ്യാമ്മയുടെ രൂപം, സിനിമാനടൻ മോഹൻലാലിന്റെ രൂപം തുടങ്ങിയവയെല്ലാം അദ്ദേഹത്തിന്റെ ഗ്രാനൈറ്റ് ശില്പങ്ങളിൽ പ്രധാനപ്പെട്ടവയാണ്.

## സുഗുണൻ മാളിയേക്കൽ

ഗ്രാനൈറ്റ് ചിത്രങ്ങൾ തീർക്കുന്നതിൽ വിദഗ്ധനായ മറ്റൊരു ചിത്രകാരനാണ് സുഗുണൻ മാളിയേക്കൽ. 1975 -ൽ മാളിയേക്കൽ ഗോവിന്ദന്റെയും ജാനകിയുടെയും മകനായാണ് അദ്ദേഹം ജനിച്ചത്. ശ്രീനാരായണഗുരു, മമ്മൂട്ടി, തുടങ്ങിയവരുടെ ചിത്രങ്ങൾ ഇക്കൂട്ടത്തിൽ ശ്രദ്ധേയങ്ങളാണ്. ആർട്ടിസ്റ്റ് രാജുവിന്റെ കീഴിൽ ചിത്രരചന അഭ്യസിച്ചിട്ടുള്ള അദ്ദേഹം നീലിമ ഡിസൈനിങ് ആന്റ് ആർട്സ് എന്ന സ്ഥാപനത്തിന്റെ ഉടമയാണ്.

## കവിത ബാലകൃഷ്ണൻ

പ്രശസ്തചിത്രകാരിയും ചിത്രകല അധ്യാപികയുമായ കവിത ബാലകൃഷ്ണനും ഇരിങ്ങാലക്കുടയിലെ കലാസംസ്കാരത്തിൽ തനതായ വ്യക്തിമുദ്രപതിപ്പിച്ചിട്ടുള്ള കലാകാരിയാണ്. ചിത്രകലയിൽ കൃത്യമായ അക്കാദമികപഠനം നടത്തിയ ചിത്രകാരിയാണവർ. 1976 -ൽ ബാലകൃഷ്ണൻ അഞ്ചത്തിന്റെയും വിമലദേവിയുടെയും മകളായി നടവരമ്പിലാണ് കവിത ജനിച്ചത്. പതിമൂന്നാം വയസ്സിൽ ഇരിങ്ങാലക്കുട ലിറ്റിൽ ഫ്ലവർ ഹൈസ്കൂളിൽ വിദ്യാർഥിയായിരിക്കെ പെയിന്റിങ്ങിനുള്ള സോവിയറ്റ് ലാൻഡ് നെഹ്റു അവാർഡ് കരസ്ഥമാക്കിയിരുന്നു. 1998 -ൽ ബറോഡ എം. എസ്. യൂണിവേഴ്സിറ്റിയിൽ നിന്ന് ഫൈൻ ആർട്സ് ഹിസ്റ്ററി ആന്റ് ഈസ്തെറ്റിക്സ് എന്ന വിഷയത്തിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കി. തിരുവനന്തപുരം ഫൈനാൻസ് കോളേജ്, തൃപ്പൂണിത്തറ ആർ.എൽ.വി. കോളേജ്, മുംബൈ നിഫ്റ്റ് തുടങ്ങിയ ഇടങ്ങളിൽ അധ്യാപികയായിരുന്ന അവർ ഇപ്പോൾ തൃശ്ശൂർ ഫൈനാൻസ് കോളേജിൽ ജോലി ചെയ്യുന്നു.

## പി.കെ. അനിൽകുമാർ

തിരുവനന്തപുരത്തെ നാഷണൽ ആർട്ട് അക്കാദമിയിൽനിന്ന് പെയിന്റിങ്ങിൽ ഡിപ്ലോമ നേടിയിട്ടുള്ള ചിത്രകാരനാണ് പി.കെ. അനിൽകുമാർ. പയ്യംപറമ്പിൽ കൊച്ചുഗോവിന്ദന്റെയും ദാക്ഷായണിയുടെയും മകനായി 1973 -ലാണ് അദ്ദേഹം ജനിച്ചത്. വിദ്യാഭ്യാസത്തിനുശേഷം ഇരിങ്ങാലക്കുടയിൽ ആർട്ട് വ്യൂ എന്ന പേരിൽ പരസ്യസ്ഥാപനം ആരംഭിച്ചു. 1998 മുതൽ നിറം ചിത്രകലാകേന്ദ്രം എന്ന പേരിൽ കുട്ടികൾക്കായി ചിത്രകലാ പരിശീലകേന്ദ്രവും ഇരിങ്ങാലക്കുടയിൽ നടത്തിയിരുന്നു.

## സന്തോഷ് ലാൽ പള്ളത്ത്

പെരിങ്ങോട്ടുകരയിൽ ജനിച്ച് ഇരിങ്ങാലക്കുടയുടെ ഭാഗമായി മാറിയ കലാകാരനാണ് സന്തോഷ് ലാൽ പള്ളത്ത്. ചിത്രകലയിലും ശില്പകലയിലും വിദഗ്ധനാണ്. തൃശ്ശൂർ ഫൈൻ ആർട്സ് കോളേജിൽനിന്നാണ് പഠനം പൂർത്തിയാക്കിയത്. 1966 -ൽ ജനിച്ച സന്തോഷ് ലാൽ പള്ളത്ത് മാധവന്റെയും നളിനിയുടെയും മകനാണ്. 1991 -ൽ അദ്ദേഹം കേരള ലളിതകലാ അക്കാദമിയിൽ ആദ്യത്തെ സോളോ എക്സിബിഷൻ

നടത്തി. 15 വർഷത്തോളം ഗൾഫ് രാജ്യങ്ങളിൽ പ്രവർത്തിച്ച അദ്ദേഹം 2007 -ൽ കൊച്ചി ചൈതന്യ ആർട്ട്ഗാലറിയിൽ ചിത്രപ്രദർശനം നടത്തി. കൂടാതെ ഇന്ത്യയിൽ ഒട്ടുമിക്ക നഗരങ്ങളിലും അമേരിക്കയിലെ ഓഹിയോയിലും ചിക്കാഗോ ആർട്ട് ഫെയറിലും പ്രദർശനങ്ങൾ നടത്തിയിട്ടുണ്ട് സന്തോഷ് ലാൽ പള്ളത്ത്. നടവരമ്പ് ബെൽ മെറ്റൽ വർക്ക്സിൽനിന്ന് ഓട്ടുശില്പ നിർമ്മാണത്തിലും അദ്ദേഹം പ്രാവീണ്യം നേടി. 2015 മുതൽ തുടർച്ചയായി അദ്ദേഹം ചിത്രപ്രദർശനങ്ങൾ നടത്തി വരുന്നു.

## ടി.പി. പ്രേംജി

1969 -ൽ തൈവളപ്പിൽ പ്രഭാകരന്റെയും പ്രേമാവതിയുടെയും മകനായാണ് ടി.പി. പ്രേംജി ജനിച്ചത്. 2000 -2001 കാലഘട്ടം മുതൽ തുടർച്ചയായി ലളിതകലാഅക്കാദമിയുടെ പ്രദർശനങ്ങളിൽ പങ്കാളിയായി. ലണ്ടനിലെ ആർട്ട് ഗാലറികളിലും ഇന്ത്യയിലെ പല ശില്പ - ചിത്രപ്രദർശനങ്ങളിലും അദ്ദേഹം തന്റെ കലാവിരുതുമായി സന്നിഹിതനായിരുന്നു. കൊച്ചിയിലെ കാശി ആർട്സ് ഗാലറിയിൽ ബോൺസ് ശില്പങ്ങളുടെ സോളോ പ്രദർശനം നടത്തിയിട്ടുണ്ട് പ്രേംജി. 2005 -ൽ ബോസ് കൃഷ്ണാചാരി ക്യൂറേറ്റർ ആയിരുന്ന ഡബ്ൾ എൻഡേഴ്സ് എന്ന ചിത്രപ്രദർശനത്തിന്റെയും ഭാഗമായിരുന്നു ടി.പി. പ്രേംജി. കൂടാതെ 2000 -ൽ കുട്ടപ്പൻ സാക്ഷി എന്ന മലയാള സിനിമയുടെ കലാസംവിധായകൻ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ എന്ന നിലയിലും പ്രവർത്തിച്ചിട്ടുണ്ട്.

## എം.കെ. ബാബു

ഇരിങ്ങാലക്കുടയിലെ രചന ഫൈൻ ആർട്സിലും വേണു തെക്കൂട്ടിന്റെ സുരഭില ആർട്സിലും ചിത്രരചന പഠിച്ച കലാകാരനാണ് എം.കെ. ബാബു. 1966 -ൽ മാത്തിപ്പറമ്പിൽ കുട്ടന്റേയും വള്ളിയമ്മയുടെയും മകനായി ജനിച്ച അദ്ദേഹം നല്ലൊരു മേക്കപ്പ് കലാകാരനുമാണ്.

## ടി.എം. മനോജ്

ടെറാകോട്ട പെയിന്റിങ്ങിലും പെൻസിൽ ഡ്രോയിങ്ങിലും മനോഹരമായ ചിത്രങ്ങൾ തീർത്ത കലാകാരനാണ് ടി.എം. മനോജ്. 1984 -ൽ തവളക്കുളങ്ങര മോഹന

ന്റെയും രാജിയുടെയും മകനായാണ് അദ്ദേഹം ജനിച്ചത്. ഇരിങ്ങാലക്കുടയിലെ ഭൂമിക ആർട്സ് ഗാലറിയിൽ ഇദ്ദേഹത്തിന്റെ പെയിന്റിങ്ങുകളുടെ വലിയശേഖരം തന്നെയുണ്ട്. സമദർഷി ഫിലിംസ് എന്ന സ്റ്റുഡിയോയുടെ എഡിറ്ററായ മനോജ്, ഡോക്യുമെന്ററി, ഷോർട്ട് ഫിലിം, പരസ്യനിർമ്മാണം തുടങ്ങിയവയിലും ശ്രദ്ധേയനാണ്.

### ദീപക് സുരേഷ്

പ്രകൃതിദൃശ്യങ്ങൾ പകർത്തുന്നതിൽ പ്രത്യേകവിരുത് പ്രകടിപ്പിച്ച കലാകാരനാണ് ദീപക് സുരേഷ്. തടത്തിപറമ്പിൽ സുരേഷിന്റെയും ഗീതയുടെയും മകനായി 1991 -ലാണ് ദീപക് ജനിച്ചത്. പതിനെട്ട് സ്ക്വയർ ഫീറ്റ് വലിപ്പത്തിൽ വരച്ച അതിരപ്പിള്ളി വെള്ളച്ചാട്ടത്തിന്റെ ക്യാൻവാസ് ചിത്രം ഏറെ ശ്രദ്ധേയമായിരുന്നു.

### അഞ്ജനയും അർജ്ജുനും

ഇരിങ്ങാലക്കുടയിലെ എഴുത്തുകാരനും സാംസ്കാരികപ്രവർത്തകനുമായ ഹരി ചെങ്ങനാത്തിന്റെയും നിർമ്മലയുടെയും മക്കളാണ് അഞ്ജനയും അർജ്ജുനും. 1995 -ൽ ജനിച്ച അഞ്ജനയും 1998 -ൽ ജനിച്ച അർജ്ജുനും ചെറിയ പ്രായത്തിൽത്തന്നെ ചിത്രകലയിൽ പ്രാവീണ്യം തെളിയിച്ചവരാണ്. സ്കൂൾ വിദ്യാഭ്യാസകാലത്തിനു മുൻപുതന്നെ ചിത്രങ്ങൾ വരച്ച് തുടങ്ങിയിരുന്നു ഇരുവരും. 2008 -ൽ അവരുടെ ചിത്രങ്ങൾ ഇരിങ്ങാലക്കുട ടൗൺ ഹാളിൽ പ്രദർശിപ്പിച്ചിരുന്നു.

## 5.15 സാഹിത്യം

ഇരിങ്ങാലക്കുടയുടെ സാഹിത്യചരിത്രത്തിൽ ആദ്യകാലം ക്ഷേത്രകേന്ദ്രീകൃതമായിരുന്നു എന്ന് പറയാം. മതബോധ്യങ്ങളുമായി ബന്ധപ്പെട്ടാണ് അത് വളർച്ച പ്രാപിച്ചിട്ടുള്ളത്. പുരാണകഥകളെ ആസ്പദമാക്കിയുള്ള വിവിധസാഹിത്യരൂപങ്ങളാണ് അവർ ആവിഷ്കരിച്ചത്. ഉണ്ണായി വാര്യരിൽനിന്നാണ് ഇരിങ്ങാലക്കുടയുടെ സാഹിത്യപാരമ്പര്യം പറഞ്ഞുതുടങ്ങാനാവുക.

## 5.15.1 നളചരിതകാരന്റെ നാട്

സാഹിത്യകൃതികൾ അത് എഴുതപ്പെട്ട കാലഘട്ടത്തിന്റെ രാഷ്ട്രീയവും സാമൂഹികവുമായ അകക്കാമ്പുകളെ ഉൾവഹിക്കുന്നുണ്ട് എന്ന് നവചരിത്രവാദചിന്തകൾ ഓർമ്മപ്പെടുത്തുന്നു (നോ. 1.3.5). സാഹിത്യം അതിന്റെ രൂപത്തിനപ്പുറം ചരിത്രനിരപേക്ഷമായികൂടി വിലയിരുത്താനാകുന്നു എന്നത് ശ്രദ്ധേയമാണ്. സാഹിത്യപാഠം യാഥാർത്ഥ്യവുമായി എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നു എന്നും ചരിത്രവും സംസ്കാരവും അതിൽ എത്രമാത്രം നിലീനമായിരിക്കുന്നു എന്നതും പഠനാർഹമാണ്. ഒരു കാലഘട്ടത്തിന്റെ ചിന്തകൾക്ക് വിധേയമായി രചിക്കപ്പെടുന്ന സാഹിത്യകൃതി ആ കാലഘട്ടത്തെതന്നെ വ്യാഖ്യാനിക്കാൻ ഉപാദാനമാകുന്നു.

### ഉണ്ണായിവാര്യർ

ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രത്തിന്റെ തെക്കേഗോപുരത്തിനടുത്തുള്ള അകത്തൂട്ടു വാരിയത്താണ് ഉണ്ണായിവാര്യരുടെ ജനനം എന്നാണ് കൊ.വ. 1100 -ാം ആണ്ട് എന്റെ അന്വേഷണത്തിൽ ലഭിച്ച അറിവ് എന്നാണ് ഉള്ളൂർ കേരളസാഹിത്യചരിത്രത്തിൽ രേഖപ്പെടുത്തുന്നത് (1972:226). ഈ ഭവനം മുൻപ് തെക്കേവാരിയം എന്നാണ് അറിയപ്പെട്ടിരുന്നത്. അവിടെ അക്കാലത്ത് തെക്കേവാരിയം എന്ന പേരിൽ മറ്റൊരു വാരിയംകൂടി ഉണ്ടായിരുന്നുവെന്നും ആ വാരിയത്തെ ഒരംഗമായിട്ടാണ് നമ്മുടെ കവി ജനിച്ചതെന്നും അദ്ദേഹത്തിന്റെ മരണത്തോടുകൂടി തെക്കേവാരിയം അന്യംനിന്നു പോകയാൽ അതിലെ വസ്തുവകകൾ അകത്തൂട്ടു വാരിയത്തേക്ക് അടങ്ങിയെന്നും ഒരുപക്ഷാന്തരമുണ്ട് (ഉള്ളൂർ, 1972:266) നളചരിതം ഒന്നാം ദിവസത്തിലെ ഹംസത്തിന്റെ വാക്കുകൾ വാര്യർക്ക് അറംപറ്റിയതായി ഏ.ആർ. കാന്താരതാരകത്തിൽ അഭിപ്രായപ്പെടുന്നു (1985:24)

“അപി ച മമ ദയിതാ കളിയല്ലനതി ചിരസൂതാ
പ്രാണൻ കളയുമതി വിധുരാ എന്നാൽ
കലമിതഖിലവുമറുതിവന്നതു”

എന്ന വരികൾ അറം പറ്റുകയും അദ്ദേഹത്തിന്റെ അടുത്ത തലമുറയോടുകൂടി കുലത്തിൽ സന്തതിനാശം വന്നുചേർന്നു എന്നുമാണ് ഏ.ആർ. വിവരിക്കുന്നത്. രാജരാജവർമ്മയുടെ അഭിപ്രായത്തെ ആധാരമാക്കി നളചരിതവ്യാഖ്യാതാക്കളായ ആർ. നാരായണപ്പണിക്കർ, എം.എച്ച്. ശാസ്ത്രികൾ സാഹിത്യചരിത്രകാരനായ പി. ഗോവിന്ദപിള്ള, ഉള്ളൂർ, ഉണ്ണായിവാര്യരുടെ ജീവചരിത്രകാരനായ ടി.കെ. രാമൻ മേനോൻ മുതലായവരും ഉണ്ണായിവാര്യരുടെ 'അറ'ത്തെക്കുറിച്ച് പറയുന്നുണ്ടെങ്കിലും പന്മന രാമചന്ദ്രൻ നായർ കൈരളി വ്യാഖ്യാനത്തിൽ ഇത് നിഷേധിക്കുകയാണ് ചെയ്യുന്നത് (2011:36). തെക്കേവാരിയത്തേതായാലും അകത്തൂട്ട് വാരിയത്തേതായാലും ഇരിങ്ങാലക്കുട കൂടൽമാണിക്യദേവനെ ആരാധിച്ചു കഴിഞ്ഞിരുന്ന ആളാണ് ഉണ്ണായിവാര്യർ എന്നതിന് അദ്ദേഹത്തിന്റെ രചനകൾ സാക്ഷ്യം വഹിക്കുന്നുണ്ട്.

രാമൻ എന്നാണ് ഉണ്ണായിയുടെ യഥാർത്ഥനാമം എന്ന് കരുതുന്നു. രാമൻ, ഉണ്ണിരാമൻ എന്ന ഓമനപ്പേരായി മാറിയപ്പോൾ, ഉണ്ണിരാമൻ ഉണ്ണാമനും ഉണ്ണാമൻ ഉണ്ണാമിയും ഉണ്ണാമി ഉണ്ണാവിയും ഉണ്ണാവി ഉണ്ണായിയുമായിത്തീർന്നു എന്നാണ് ഉള്ളൂരിന്റെ പക്ഷം (1972:27). ഇത്രയധികം ഭാഷാപരിണാമങ്ങൾ ഒരുപേരിൽ ഉണ്ടാകുമോ എന്നത് സംശയകരം തന്നെ. എങ്കിലും രാമൻ എന്നാണ് അദ്ദേഹത്തിന്റെ പേര് എന്ന് പൊതുവേ അംഗീകരിക്കപ്പെടുന്നു. നളചരിതം നാലുദിവസത്തെ ആട്ടക്കഥകൂടാതെ *ശ്രീരാമപഞ്ചശതി* എന്ന സംസ്കൃതകൃതിയും *ഗിരിജാകല്യാണം* എന്ന ഗീതപ്രബന്ധവും വാര്യരുടെതായി വിലയിരുത്തപ്പെടുന്നു. ഗീതപ്രബന്ധത്തിന്റെ കർതൃത്വത്തെസംബന്ധിച്ച് ഏകാഭിപ്രായമല്ല പണ്ഡിതലോകത്തിനുള്ളത്. പി. ഗോവിന്ദപ്പിള്ള, ഏ.ആർ. രാജരാജവർമ്മ, ഉള്ളൂർ എന്നിവർ അത് വാര്യരുടേതാണെന്നും ആർ. നാരായണപ്പണിക്കർ, കെ. ഗോദവർമ്മ, കുട്ടികൃഷ്ണമാരാർ എന്നിവർ അത് ഉണ്ണായിവാര്യരുടേതല്ലെന്നും അഭിപ്രായപ്പെടുന്നു (പന്മന രാമചന്ദ്രൻ നായർ, 2011:27 -8). ഗീതപ്രബന്ധം ഉണ്ണായിവാര്യരുടേതല്ല എന്ന അഭിപ്രായമാണ് പന്മന രാമചന്ദ്രൻ നായർക്കുള്ളത്. *ശ്രീരാമപഞ്ചശതി* ശ്രീരാമനെ വർണ്ണിക്കുന്ന അമ്പത് ദശകങ്ങളോടുകൂടിയ സംസ്കൃതഭാഷാകൃതിയാണ്. രാമപഞ്ചശതിയുടെ സംജ്ഞയിൽനിന്നുതന്നെ ആ സ്തോത്രം രാമകൃതമാണെന്ന് മനസ്സിലാക്കാം. പോരെങ്കിൽ അതിലെ നാൽപത്തി ഒമ്പതാമത്തെ ദശകത്തിൽ ഉൾപ്പെട്ട,

"ഭവൻമാലാകാരോ ഭജന വിമലാകാരകരണോ -

സ്സ്യഹം രാമോ രാമായണമഭണ മേവം തവ പുര:

സുഖം മാലേ വൈ തൽ സരസപദ പുഷ്പൗ ഘരചിതാ

ജഗത്മാതുർമ്മോദം ദി ശതു സഹവാസാത്തവ ഹ്ദി”

എന്ന ശ്ലോകത്തിൽ താൻ ഇരിങ്ങാലക്കുടതേവരുടെ മാലകെട്ടുകാരൻ ആണെന്നും തന്റെ നാമധേയം രാമനെന്നാണെന്നും സ്പഷ്ടമായി പ്രസ്താവിക്കുകയും ചെയ്യുന്നു (ഉള്ളൂർ, 1972:271). കൂടൽമാണിക്യദേവനെ സ്തുതിക്കുന്ന ചില ഭാഷാശ്ലോകങ്ങളും ഉണ്ണായിവാര്യരുടെതായി ഉള്ളൂർ പ്രതിപാദിക്കുന്നുണ്ട്.

“താഡിക്കേണ്ടെന്നു ചൊല്ലിക്കൊടിയ തടിയുമായ്

പ്രാണനിര്യാണകാല -

ത്തോടിച്ചാടിക്കൂതാന്തത്തടിയ നടിയനെ -

പ്പേടികാട്ടും ദശായാം

കോടക്കാർമേഘവർണ്ണം തഴുകിയ വനമാ

ലാദിഭൂഷാഞ്ചിതം തേ

കൂടെക്കാണായ് വരേണം

തിരുവുടലകമേ

കൂടൽമാണിക്യമേ! മേ”

“കരിങ്ങായോടെത്തിപ്പൊരുതു മലർമാതിൻ കുജയുഗം

ഞെരുങ്ങാതെ മന്ദം തഴുകി മണിനാശേന്ദ്രശയനേ

തരങ് ഗാരാവോദ്യൽ സുഖരസ മുറങ്ങുന്നതു മറ -

ന്നിരിങ്ങാലക്കൂടൽസ്സദസി വസ സി ത്വം കിമു ഹരേ ?”

“നില്ലപ്പാ നിലനില്ല പേർത്തിവിടെത്തന്നേ മലർക്കന്യയാം

വള്ളിക്കെട്ടുമണിഞ്ഞു മൂന്നലകിലും വിസ്താര്യ പത്രാവലിം

തെല്ലൾച്ചേർന്നു കലീപനീ പരിസരെ നിൽക്കുന്ന കല്പദ്രുമം

ചൊല്ലിക്കൊണ്ടതു നൽകുമെന്തിനു മനക്കാമ്പേ! മഹീചംക്രമം ?” (1972:272).

ആ നിലയ്ക്ക് കൂടൽമാണിക്യക്ഷേത്രത്തിലെ ആശ്രിതനായിരുന്ന വാര്യർ എന്നചിന്ത ബലപ്പെടുന്നു.

## ജീവിതകാലം

ഉണ്ണായിവാര്യരുടെ ജീവിതകാലത്തെപ്പറ്റിയും സാഹിത്യചരിത്രകാരന്മാർ ഏകാഭിപ്രായക്കാരല്ല. 920 തുലാം മാസത്തിൽ (പൊ.വ. 1744) നളചരിതം കഥകളി പത്മനാഭസ്വാമിക്ഷേത്രത്തിൽ അരങ്ങേറി എന്നതിന് രേഖയുണ്ട്. തിരുവനന്തപുരത്ത് പെരിയ ആഴാതി വകക്കൂട്ടവും ആറന്മുള ഇട്ടിരവിപ്പണിക്കർ മുതൽപേരും നളചരിതം അവതരിപ്പിച്ചതായാണ് രേഖ (ഉള്ളൂർ, 1972:270) ഉണ്ണായിവാര്യരെയും അദ്ദേഹത്തിന്റെ ആട്ടക്കഥയെയുംകുറിച്ച് ലഭ്യമായ ഒരേയൊരു ആധികാരികരേഖ ഇതുമാത്രമാണ്. മറ്റെല്ലാം കൃതികളിൽനിന്ന് ലഭിക്കുന്ന അറിവുകളെ വ്യാഖ്യാനിച്ചും ഐതിഹ്യങ്ങളെ വിശ്വസിച്ചും സ്വരൂപിച്ച ഊഹാപോഹങ്ങൾ മാത്രമാണ്.

ഉണ്ണായിവാര്യരുടെ ജീവിതകാലത്തെക്കുറിച്ചുള്ള പന്മന രാമചന്ദ്രൻ നായരുടെ അഭിപ്രായം ശ്രദ്ധേയമാണ്, പത്മനാഭസ്വാമിക്ഷേത്രത്തിലെ രേഖ കണ്ടുകിട്ടിയതോടെ ഭാഷാചരിത്രകാരന്മാർ പറഞ്ഞ വർഷങ്ങൾ ചേരാതെയായി എന്ന് അദ്ദേഹം വിലയിരുത്തുന്നു. ഉള്ളൂരിന്റെ അഭിപ്രായമാണ് പന്മനയ്ക്ക് കുറച്ചുകൂടി സ്വീകാര്യമായിട്ടുള്ളത്. 920 -ൽ പത്മനാഭസ്വാമിക്ഷേത്രത്തിൽ നളചരിതം അവതരിപ്പിക്കണമെങ്കിൽ പത്താം ശതകത്തിന്റെ ആരംഭത്തിലെങ്കിലും അത് നിർമ്മിക്കണമല്ലോ എന്നാണ് ഉള്ളൂരിന്റെ പക്ഷം. രാമപുരത്തുവാര്യരുടെ ഗുരുനാഥനാണ് ഉണ്ണായി എന്ന ഐതിഹ്യം വിശ്വസിക്കുകയാണെങ്കിൽ ഉണ്ണായിവാര്യരുടെ ജനനം കൊ.വ. 850 -ാം ആണ്ടിനിടയ്ക്കാകണം. 1744 -ൽ ആറന്മുളക്കാരെ തിരുവനന്തപുരത്ത് കൊട്ടാരത്തിലേക്ക് ക്ഷണിച്ചുവരുത്തി നളചരിതം കളിപ്പിക്കുന്നതിനാൽ 1725 മുതലെങ്കിലും അത് തിരുവിതാംകൂറിൽ പ്രചരിച്ചു എന്ന് തീർച്ച. അതുകൊണ്ട് ഉണ്ണായിവാര്യരുടെ ജീവിതകാലം 1675 - 1755 ആണ് എന്ന് പന്മന രാമചന്ദ്രൻ നായർ പറയുന്നു (2011:31).

## കവിയും കാലവും കൃതിയിൽ

ഐതിഹ്യങ്ങളിലെ ഉണ്ണായിവാര്യരെ അന്വേഷിച്ചാൽ അദ്ദേഹം കുഞ്ചൻനമ്പ്യാർക്കൊപ്പം തിരുവനന്തപുരത്ത് താമസിച്ചിരുന്നതായി കാണാം. 'കാതിലോല – നല്ലതാളിയും', 'കരികലക്കിയ കുളം -കളഭം കലക്കിയ കുള'വുമെല്ലാം അത്തരം ഐതിഹ്യങ്ങളിൽ ചിലതുമാത്രം. എന്നാൽ തിരുവനന്തപുരത്തുവച്ചാണ് അദ്ദേഹം നളചരിതം

ആട്ടക്കഥ എഴുതിയത് എന്നത് തർക്കവിഷയം തന്നെ. ഇക്കാര്യത്തിൽ ഉള്ളൂരിന്റെ അഭിപ്രായം ശ്രദ്ധേയമാണ്, "ആ കഥകളിയുടെ ആരംഭത്തിൽ ആറ് വന്ദനശ്ലോക ങ്ങൾ എനിക്ക് കിട്ടുകയും അവ എം. ഹരിഹര ശാസ്ത്രി ആ ഗ്രന്ഥത്തിന് രചിച്ച രസിക കൗതുകം എന്ന വ്യാഖ്യാനത്തിന്റെ അവതാരികയിൽ ഞാൻ ഇദംപ്രഥമമായി പ്രസിദ്ധീ കരിക്കുകയും ചെയ്തിട്ടുണ്ട്. അവയിൽ കവി യഥാക്രമം തൃപ്പൂണിത്തുറയപ്പനെയും കൊച്ചി മഹാരാജാക്കന്മാരുടെ കുലദേവതയായ പഴയന്നൂർ ഭഗവതിയെയും ഇരിങ്ങാലക്കുട തേവരെയും തൃശ്ശൂർ വടക്കുന്നാഥനെയും തിരുവഞ്ചിക്കുളത്തു ശിവനെയും കൊടുങ്ങല്ലൂർ ഭദ്രകാളിയെയും സ്തുതിക്കുന്നു. തിരുവനന്തപുരത്ത് ശ്രീപത്മനാഭസ്വാമിയെ സ്മരിക്കുന്ന തേയില്ല" (1972:269). ഉള്ളൂർ പരാമർശിക്കുന്ന ഇരിങ്ങാലക്കുട കൂടൽമാണിക്യദേവനെ വർണ്ണിക്കുന്നഭാഗം ഇപ്രകാരമാണ്,

"സാന്ദ്രാനന്ദാംബുരാശിം സരസിജ കലിത -
സ്രുശ്ധരാമുശ്ധഗാത്ര്യാ
വധ്വാ ലക്ഷ്മ്യാ ധരിത്ര്യാ പരിചരിതപദം
മുക്തിദം ഭക്തിഭാജാം
ശ്രീമൻമാണിക്യരത്ന ദ്യുതി മിളിത തനും
ദേവദേവം മുകുന്ദം
വന്ദേ ശ്രീ സങ്ഗമേശം കരകലിത ഗദാ -
ശംഖചക്രാക്ഷമാലം" (1972:270).

എന്നാൽ നളചരിതം ആട്ടക്കഥയിലെ ഭാഷാപരമായ ചിലപ്രത്യേകതകളെ ചൂണ്ടി ക്കാട്ടിക്കൊണ്ട് ഉണ്ണായിവാര്യർ കുറേക്കാലം തിരുവനന്തപുരത്ത് വസിച്ചിരിക്കാം എന്നാണ് പന്മന രാമചന്ദ്രൻ നായർ അഭിപ്രായപ്പെടുന്നത്, "ചോദിക്കുക എന്ന അർത്ഥമുള്ള കേൾ ധാതുവിന്റെ പ്രയോഗം പണ്ടും ഇന്നും തിരുവനന്തപുരം ഭാഗങ്ങ ളിലെ മലയാളത്തിൽ മാത്രമേ ഉള്ളൂ എന്നതിനാൽ, ഇരിങ്ങാലക്കുടക്കാരനായ ഉണ്ണാ യിവാര്യരുടെ ഈ ആവർത്തിച്ചുള്ള ഒരേയൊരു പ്രയോഗം മതി, അദ്ദേഹം ദീർഘ കാലം തിരുവനന്തപുരത്തും പത്മനാഭപുരത്തുമൊക്കെയായി കഴിഞ്ഞിരുന്നു എന്ന തിന് തെളിവായിട്ട്"എന്ന് അദ്ദേഹം പ്രസ്താവിക്കുന്നു (2011:34). അണ്ണനോട് നൂറുരൂപാ

കേട്ട് നോക്കട്ട് പോലുള്ള പ്രയോഗങ്ങൾ തിരുവനന്തപുരം ഭാഷയിൽ സുലഭമാണ് എന്നദ്ദേഹം ഓർമ്മപ്പെടുത്തുന്നു.

'അപരകുല നാമങ്ങൾ കേൾപ്പതൗയോഗ്യം
ആർത്തിഭാജി വാസ് തോഷ്പതാ'

എന്ന വരികളിൽ കേൾപ്പതൗ എന്നതിന് ചോദിക്കുക എന്നർത്ഥം വരുന്നു. കാണുക എന്ന അർത്ഥത്തിൽ പാർക്കുക എന്ന പദം പ്രയോഗിച്ചിരിക്കുന്നതും ശ്രദ്ധേയമാണ്. "കേൾക്കുന്നു സ്വയംവരവും ഉണ്ടെന്നു നീളെ പാർക്കുന്നിതാൾ വരവും..." ഇവിടെ പറയുന്ന പാർക്കുന്നു എന്നവാക്ക് മലയാളത്തിലെ വസിക്കുന്നു എന്ന അർത്ഥത്തിലല്ലെന്നും തമിഴിലെ കാണുന്നു എന്ന അർത്ഥത്തിലാണെന്നും "ആവുന്നതിനെച്ചെയ്യാം ആവതെന്തതിലേറ്റം..." എന്നതിലെ പ്രതിഗ്രാഹികാ വിഭക്തിപ്രയോഗവും പന്മന രാമചന്ദ്രൻ ചൂണ്ടിക്കാട്ടുന്നു (2011:35). നളചരിതത്തിൽ ഉപയോഗിച്ചിട്ടുള്ള ഭാഷയുടെ സ്വഭാവം നോക്കുമ്പോൾ ഈ കൃതി തെക്കൻ ദിക്കുകളിൽ വച്ചുതന്നെ എഴുതിയിരിക്കാനാണ് അധികം സംഭവ്യത എന്ന് എ.ആർ. രാജരാജവർമ്മ കാന്താരതാരകത്തിൽ സൂചിപ്പിക്കുന്നു (1985:23). നളചരിതത്തിൽ വാര്യർ ഹിന്ദി അടക്കമുള്ള ഭാഷകൾ പോലും പ്രാസപ്രയോഗഭംഗിക്കായി ഉപയോഗിച്ചിട്ടുണ്ട്.

ഏത് ചരിത്രാതീതകാലത്തിന്റെ പുനരാവിഷ്കാരവും സമകാലീന സാമൂഹ്യബോധത്തിന്റെ പ്രതലത്തിലാണ് സൃഷ്ടിക്കപ്പെടുന്നത്. വ്യാസമഹാഭാരതത്തിലെ വനപർവ്വത്തിൽ 27 അധ്യായങ്ങളിലായി അവതരിപ്പിക്കുന്ന നളോപാഖ്യാനമാണ് വാര്യരുടെ നളചരിതം ആട്ടക്കഥയുടെ മൂലം. കഥകളി എന്ന രംഗാവതരണകലയുടെ നാടകീയതയ്ക്കിണങ്ങുന്നവിധത്തിലാണ് നാലുദിവസങ്ങളിലായുള്ള നളചരിതാവിഷ്കാരം. “വർത്തമാനകാലത്തിന്റെ സങ്കൽപ്പനങ്ങളും (Concept) സംവർഗ്ഗങ്ങളും (categories) ഉപയോഗിച്ചുകൊണ്ടാണ് നാം ഭൂതകാലത്തെ വിലയിരുത്തുന്നത്. അതുമാത്രമല്ല, വിലയിരുത്തുന്നവരുടെ ലിംഗ -വർഗ്ഗ -വംശപദവികളും വായനയെ മലിനമാക്കുന്നുണ്ട്" എന്ന കെ.പി. ജോർജ്ജിന്റെ വിലയിരുത്തൽ ശ്രദ്ധേയമാണ് (2011:264). പതിനെട്ടാംനൂറ്റാണ്ടിന്റെ രാഷ്ട്രീയ അവസ്ഥയെയും സാമൂഹ്യസാഹചര്യങ്ങളെയും നളചരിതം ആട്ടക്കഥയും പ്രതിഫലിപ്പിക്കുന്നുണ്ട് എന്ന് കാണാം. ഇരിങ്ങാലക്കുടയിൽ ജനിച്ചുവളർന്ന വാര്യരുടെ പൊതുബോധത്തിൽ ആ ദേശം നിർണായക

സ്വാധീനംചെലുത്തുക സ്വാഭാവികമാണ്. പതിനെട്ടാംനൂറ്റാണ്ടിലെ കൊച്ചിരാജ്യത്തെ സവർണകേന്ദ്രമായിരുന്നു ഇരിങ്ങാലക്കുട. നളചരിതം ഒന്നാം ദിവസത്തിലെ ഒമ്പതാം രംഗത്തിൽ രാക്ഷസന്മാരെക്കൊണ്ട് “വധിക്കേണം നൃപൻമാരെ ചതിക്കേണം സുരൻ മാരെ” എന്ന് പറയിക്കുന്നുണ്ട് ഉണ്ണായിവാര്യർ. തന്റെ സമുദായത്തിലെ സ്ത്രീകളെ ബ്രാഹ്മണർ ഭോഗവസ്തുക്കളാക്കി മാറ്റാനൊരുമ്പെട്ടതിനെതിരെയുള്ള യുദ്ധകാഹളമാ യിരുന്നു അത് എന്ന് *ഇരിങ്ങാലക്കുട മാന്വൽ* അഭിപ്രായപ്പെടുന്നു. നമ്പൂതിരി മേധാവി ത്വത്തിന്റെ അതിക്രൂരമായ മർദ്ദനങ്ങൾക്കും പീഡനങ്ങൾക്കുമെതിരെ അനുഭവങ്ങളുടെ ചോരയിൽ നനച്ച് എഴുതപ്പെട്ട ഇതിഹാസകൃതിയാണ് നളചരിതം എന്നാണ് അവിടെ സൂചിപ്പിക്കുന്നത് (2019:10). നിലനിൽക്കുന്ന ലോകക്രമത്തെ അലോസരപ്പെടുത്തുന്ന സന്ദർഭങ്ങൾ നളചരിതത്തിൽ പലയിടങ്ങളിലായി പ്രത്യക്ഷപ്പെടുന്നുണ്ട്.

പൊതുവേ കഥകളിപാരമ്പര്യത്തിൽ അധികം കാണാത്ത മൂല്യബോധം നളച രിതം ആട്ടക്കഥ പ്രദർശിപ്പിക്കുന്നതായി പി.എസ്. രാധാകൃഷ്ണൻ ‘നളകഥ - പാഠ ഭേദങ്ങൾ പാഠാന്തരബന്ധങ്ങൾ’ എന്ന ലേഖനത്തിൽ വിലയിരുത്തുന്നു.“ചില സന്ദർ ഭങ്ങളിലെങ്കിലും കഥാപാത്രങ്ങളുടെ ആഭ്യന്തരലോകത്തെ എഴുത്തുകാരന്റെ മൂല്യ ബോധം നിയന്ത്രിക്കുകയും നിയമീകരിക്കുകയും ചെയ്യുന്നുണ്ട്. എഴുത്തുകാരൻ കഥാ പാത്രങ്ങളുടെ സ്വയം നിർണ്ണയാവകാശത്തിനുമേൽ നേടിയ കോയ്മയെയാണ് ഇത് വ്യഞ്ജിപ്പിക്കുന്നത്. രംഗപാഠമെന്നനിലയ്ക്കുള്ള നിയമക്രമം ഇതിനൊരു കാരണ മാവാം. എങ്കിലും നേരമ്പോക്കായിമാത്രം ജീവിതം കഴിച്ചുകൂട്ടുന്ന സമൂഹത്തിന്റെ സാം സ്കാരിക ആശയങ്ങളെ പ്രതിരോധിക്കുന്ന നിഗൂഢസ്വരം നളചരിതം ആട്ടക്കഥയിലുണ്ട്” (2011:238). എങ്കിലും ആ കാലഘട്ടത്തിന്റെ ജാതിബോധം കാട്ടാളനെ അവതരിപ്പി ക്കുന്നതിലൂടെ ദൃശ്യമാകുന്നു. പെരുമ്പാമ്പിൽനിന്ന് നായികയെ രക്ഷപ്പെടുത്തിയധീര നാവാൻ കാട്ടാളനെ അനുവദിക്കാത്ത ഫ്യൂഡൽബോധമാണ് പതിനെട്ടാം നൂറ്റാണ്ടി ന്റേത്. എന്നാൽ, ദമയന്തി കാട്ടാളനെ ശപിച്ചുകൊന്നു എന്ന് ഉണ്ണായിവാര്യർ പറഞ്ഞി ട്ടില്ല, അത് പറഞ്ഞിരിക്കുന്നത് വ്യാസനാണ് എന്ന് ‘യുക്തിയും കലിയും നളചരിതത്തെ പ്പറ്റി ഒരു പുനർചിന്തനം’ എന്ന ലേഖനത്തിൽ കെ.വി. തോമസ് വിലയിരുത്തുന്നു. സ്ത്രീയുടെ ധീരമായ ചെറുത്തുനിൽപ്പിനു മുൻപിൽ കാട്ടാളന് പിന്തിരിയേണ്ടിവന്നു എന്ന് സൂചിപ്പിക്കുകയാണ് ഉണ്ണായിവാര്യർ. ‘അമ്പലേ നിൻ വ്രതലോപോദ്യതൻ ഭസ്മീ ഭവി പ്പൂ’ എന്ന അമരേന്ദ്രവരത്തെപ്പറ്റി സ്മരിച്ചതേയുള്ളൂ. അപ്പോഴേക്കും കാട്ടാളൻ അപ്ര

ത്യക്ഷനാവുകയാണുണ്ടായത്. പ്രശ്നസങ്കീർണമായ കാലങ്ങളിൽ വികാരമല്ല യുക്തിയാണ് മനുഷ്യനെ നയിക്കേണ്ടത് എന്ന് തന്റെ കാലത്തോടും അനന്തരകാലത്തോടും പ്രഖ്യാപിക്കുകയായിരുന്നു ഉണ്ണായിവാര്യർ എന്ന് കെ.വി. തോമസ് പറഞ്ഞുവയ്ക്കുന്നു (2011:290-2). എന്തായാലും സ്ത്രീയുടെ ചാരിത്ര്യശുദ്ധിയെ ഊട്ടിയുറപ്പിക്കുക എന്ന പൊതുബോധത്തെ അവതരിപ്പിക്കാൻ ഈ സന്ദർഭത്തിന് ആകുന്നുണ്ട്.

ആത്മകഥാസാഹിത്യം പ്രയോഗത്തിലല്ലാതിരുന്ന അക്കാലത്ത് കവികൾ സ്വന്തം ജീവിതാവസ്ഥ പുരാണകഥയോട് ചേർത്തവതരിപ്പിച്ചിരുന്നു. പൂന്താനം തന്റെ പുത്രദുഃഖം അവതരിപ്പിക്കുന്നത് സന്താനഗോപാലം പാനയിലൂടെയാണ്. രാമപുരത്ത് വാര്യരാകട്ടെ തന്റെ ദാരിദ്ര്യമാണ് കുചേലകഥയിലൂടെ അവതരിപ്പിക്കുന്നത്. ഉണ്ണായി വാര്യരും തന്റെ ജീവിതാവസ്ഥ നളനിലൂടെ അവതരിപ്പിക്കുകയായിരുന്നിരിക്കാം. വ്യക്തിപരമായി ഉണ്ണായിവാര്യർ എത്തരത്തിൽ ഈ കൃതിയിൽ പ്രത്യക്ഷപ്പെടുന്നു എന്ന അന്വേഷണം പ്രസക്തമാണ്. 'എന്നേക്കാൾ ദുരിതമനുഭവിച്ചവർ ആരുണ്ട് ഈ ലോകത്തിൽ' എന്ന യുധിഷ്ഠിരന്റെ സങ്കടത്തിന് സമാധാനം കണ്ടെത്തുന്നതിനാണ് ബൃഹദശ്വമുനി നളകഥ പറഞ്ഞു കേൾപ്പിക്കുന്നത്. കൊച്ചിരാജ്യത്തിലെ ഇരിങ്ങാലക്കുട തെക്കേവാര്യത്ത് ജനിച്ചുവളർന്ന ഉണ്ണായിവാര്യർ സ്വന്തംദേശം വെടിഞ്ഞ് അന്യരാജാവിനെ ആശ്രയിച്ച് കഴിയേണ്ടിവന്നവനാണ്. സ്വന്തം നാടും വീടും ഉപേക്ഷിച്ച് തന്ത്രത്താൽ ചതിക്കപ്പെട്ട് വനവാസമനുഷ്ഠിക്കേണ്ടി വന്ന നളകഥ, അത്രയും തീവ്രമായല്ലെങ്കിൽപോലും സ്വാനുഭവം തന്നെ. "പുരുഷപ്രാപ്തിയായതിന്റെ ശേഷം വളരെക്കാലം അദ്ദേഹം തിരുവനന്തപുരത്തുവന്ന് താമസിച്ചിരുന്നതായി ലക്ഷ്യങ്ങളുണ്ട്. 973 -ൽ നാടുനീങ്ങിയ രാമവർമ്മ മഹാരാജാവ് വാര്യരുടെ യോഗ്യതയെ അറിഞ്ഞ് വേണ്ടുംവണ്ണം സംഭാവനകൾ ചെയ്തിട്ടുണ്ട്. പണ്ഡിതപക്ഷപാതിയായ ആ മഹാരാജാവിന്റെ ആശ്രയം, കുഞ്ചൻ നമ്പ്യാർ മുതലായ മഹാകവികളുടെ സഹവാസം, ആക്രമണകാരികളായ തുലിക്കരിൽനിന്നും മറ്റും ഭയം കൂടാതെ താമസിക്കാനുള്ള സൗകര്യം, പൊതുവേയുള്ള സമ്പൽസമൃദ്ധി ഇതെല്ലാം തിരുവനന്തപുരത്തുള്ള താമസം സ്ഥിരപ്പെടുത്തുന്നതിന് വാര്യരെ ഉത്സാഹിപ്പിച്ചിരിക്കണം" എന്നാണ് കാന്താരതാരകത്തിൽ ഏ. ആർ, വാര്യരുടെ തിരുവനന്തപുരം വാസത്തിന് കാരണമായി പറയുന്നത്. (1985:23) എന്നാൽ വാര്യർ തിരുവിതാംകൂറിൽ താമസിച്ചിരിക്കാൻ സാധ്യതയുള്ളത് മാർത്താണ്ഡവർമ്മയുടെ കാലത്താണ്. 1752 -ൽ നളചരിതം കഥകളി അരങ്ങേറിയതായി

ട്ടാണ് രേഖ ലഭിച്ചിട്ടുള്ളത്. ഇത് മാർത്താണ്ഡവർമ്മയുടെ കാലമാണ്. 1758 -ൽ മാർത്താണ്ഡവർമ്മയുടെ കാലശേഷം മാത്രമാണ് ധർമ്മരാജാവ് എന്ന് കേൾവികേട്ട രാമവർമ്മ രാജാവ് തിരുവിതാംകൂറിന്റെ അധികാരമേൽക്കുന്നത്. ആ നിലയ്ക്ക് ഉണ്ണായിവാര്യർ തിരുവനന്തപുരത്ത് വസിച്ചിരിക്കാൻ ഇടയുള്ളത് മാർത്താണ്ഡവർമ്മയുടെ കാലത്താണ്. ഹൈദർ സാമൂതിരിയുമായുള്ള നീരസങ്ങൾആരംഭിക്കുന്നത് 1757 -ൽ മാത്രമാണ്.

തിരുവിതാംകൂറും കൂടൽമാണിക്യം ക്ഷേത്രവുമായുള്ള വ്യവഹാരങ്ങൾ 1747 -ൽ ആരംഭിച്ചിരുന്നതായി തച്ചുടയകൈമളുമായുള്ള വിഷയത്തിൽ പരാമർശിക്കുന്നുണ്ട് (നോ. 2.7.5). കൂടാതെ കൂടൽമാണിക്യത്തിലെ തരണനെല്ലൂർ തന്ത്രികൾക്ക് പത്മനാഭസ്വാമിക്ഷേത്രത്തിലും തന്ത്രം ഉണ്ടായിരുന്നു. ഇക്കാരണങ്ങൾ കൊണ്ടുതന്നെ ഇരിങ്ങാലക്കുടയ്ക്ക് തിരുവിതാംകൂറുമായി നേരിട്ട് ബന്ധങ്ങൾ ഉണ്ടായിരുന്നു.

രാജ്യതന്ത്രത്തിലൂടെ കൊന്നും വെന്നും തൃപ്പടിദാനമായി രാജ്യംഭരിക്കുന്ന മാർത്താണ്ഡവർമ്മ പ്രശസ്തകവികളുടെ രക്ഷാധികാരികൂടിയാണ്. കൃഷ്ണാപദാനത്തെ വഞ്ചിപ്പാട്ടിലാക്കാൻ ക്ഷണിക്കപ്പെട്ട മറ്റൊരു വാര്യർ കുചേലകഥപാടി തന്റെ ദാരിദ്ര്യം ബോധ്യപ്പെടുത്തിയ കഥയാണല്ലോ രാമപുരത്ത് വാര്യരുടെത്. വൈക്കത്തുനിന്നും തിരുവനന്തപുരത്തേക്കുള്ള അദ്ദേഹത്തിന്റെ യാത്രാലക്ഷ്യം സ്വന്തംദാരിദ്ര്യത്തെ ഹനിക്കുകതന്നെയായിരുന്നു. രാജശാസനമോ വാസനാകവികളുടെ സംസർഗമോ ദാരിദ്ര്യമോ ഉണ്ണായിവാര്യരെ സ്വദേശത്തുനിന്ന് മാറ്റിപാർപ്പിച്ചിരിക്കാം. അടിച്ചേൽപ്പിക്കപ്പെട്ട പ്രവാസജീവിതത്തിന്റെ സൂചന ഉണ്ണായിവാര്യരുടെ നളചരിതത്തിലുണ്ട് എന്ന് 'വനവും ഭവനവും നളചരിതത്തെ മുൻനിർത്തി ഒരു തത്വവിചാരം' എന്ന ലേഖനത്തിലൂടെ ഡോ. കെ.പി. ജോർജ്ജ് വിലയിരുത്തുന്നു. 'കുലമിതഖിലവുമറുതിവന്നു' എന്ന ഹംസത്തിന്റെ പരിദേവനം സ്വന്തം വേദനയായി വാര്യർ അവതരിപ്പിക്കുന്നു. "തന്റെ കവിത്വം തനിക്ക് തന്നെ വിനയാകുന്നു. കുടുംബത്തിൽനിന്ന് തന്നെ അകറ്റുന്നു. ഏതോ ഒരു കൗതുകം തന്റെ നേരെ രാജാവിനുണ്ടെന്ന് ഹംസം വിചാരിക്കുന്നു. തുണിൽനിന്നും തുരുമ്പിൽനിന്നും പണം സമാഹരിക്കുന്ന കരംപിരിവിൽ അതീവ ശ്രദ്ധാലുവായ രാജാവിന് തന്റെ സ്വർണ്ണവർണ്ണമായ ചിറകും വിറ്റു കാശാക്കാം എന്ന പരിഹാസം ഈ പദം ഉൾക്കൊള്ളുന്നുണ്ട് എന്ന് തോന്നുന്നു" (2011:267). കൂടൽമാണിക്യക്ഷേത്രപരിസരത്തെ ഗ്രാമീണതയിൽനിന്നും അനന്തപുരിയുടെ ശബ്ദമുഖരിതമായ ആൾക്കൂട്ടനാഗ

രികതയിലേക്ക് പറിച്ചുനടപ്പെട്ട കവിയുടെ മനസ്സ് അസ്വസ്ഥമാണ്. സ്വദേശത്തിന്റെ ഗൃഹാതുരത്വഓർമ്മകൾ കാവ്യഹൃദയമുള്ള ഒരാളെ സംബന്ധിച്ചിടത്തോളം വേദനിപ്പിക്കുകതന്നെ ചെയ്യും.

'ബഹളേ ജനപതി ഷു ചപലേ മഹേശ്വര സമൂഹേ

പരിയ പരിചയ, മുടയ പരിഷയുടെ നടുവിലൂടെ

അവിദിതനവായി നളൻ നടന്നു'

എന്ന വരികളിലൂടെ ഈ അരോചകത്വം അദ്ദേഹം പ്രകടിപ്പിക്കുന്നതായി കെ.പി. ജോർജ്ജ് വിലയിരുത്തുന്നു (2011:268) ഇരിങ്ങാലക്കുടയിലെ കഴകക്കാരനായിരിക്കെ ഊരാൺമക്കാരുമായുണ്ടായ അസുഖംകൊണ്ടും ഒരു പ്രേമബന്ധത്തിന്റെ പരാജയം കൊണ്ടും അദ്ദേഹം നാട്ടുവിട്ടു പ്രവാസിയായി തിരുവനന്തപുരത്തേക്ക് പോവുകയാണ് ഉണ്ടായത് എന്ന ഒരു ഐതിഹ്യവും ഇരിങ്ങാലക്കുടക്കാർക്കിടയിൽ പ്രചരിച്ചിട്ടുണ്ട്[6] (ഭരതൻ പി.കെ., 2013:114). "കാലം കൊണ്ടും കർമ്മം കൊണ്ടും നമ്പ്യാരുടെ സഹോദരനാണ് ഉണ്ണായിവാര്യർ. ഈ രണ്ട് ഊരുതെണ്ടികളും അന്നത്തെ രാഷ്ട്രീയത്തിന്റെ അടിയൊഴുക്കുകളിൽപ്പെട്ട് തിരുവനന്തപുരത്ത് ചെന്നടിഞ്ഞതാണ്. അതിനാൽ അവരുടെ കൃതികളിൽ അന്നത്തെ രാഷ്ട്രീയത്തിന്റെ തിരയിളക്കങ്ങൾ ഉണ്ടാകാതെ വയ്യ. നമ്പ്യാർ കൃതികളിലെ രാഷ്ട്രീയം പലവട്ടം ചർച്ച ചെയ്തു കഴിഞ്ഞതാണ്. എന്നാൽ ഉണ്ണായിവാര്യരുടെ രാഷ്ട്രീയം തിരിച്ചറിയപ്പെട്ടിട്ടില്ല. കാരണം അദ്ദേഹത്തിന്റെ രാഷ്ട്രീയം വിദൂരപശ്ചാത്തലത്തിൽധ്വനിക്കുന്നതാണ്" എന്ന് കെ.വി. തോമസ് വിലയിരുത്തുന്നു (2011:287 -8). നളചരിതത്തിന്റെ സാഹിതീയമായ ആഖ്യാനങ്ങളും അവയുടെ സാമൂഹികപരിസരവും ഇരിങ്ങാലക്കുടയുടെ സാംസ്കാരികചരിത്രത്തിന്റെ ഭാഗമാണ്.

### 5.15.2 പട്ടത്ത് കുഞ്ഞുണ്ണിനമ്പ്യാർ

കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ കവിഭാരതത്തിനും മൂലൂരിന്റെ കവിരാമായണത്തിനും കാരണമായ ഒറ്റ ശ്ലോകമാണ് കവി പക്ഷാവലി. അതിപ്രകാരമാണ്,

[6] ഉണ്ണായി വാര്യരുടെ ജീവിതം ആഖ്യാനം ചെയ്യുന്ന നോവലാണ് ബീയാർ പ്രസാദ് എഴുതിയ *പ്രിയമാനസം* എന്ന നോവൽ.

ഉച്ചത്തിൽപ്പറയുന്നു ഞാൻ സരസനാം പട്ടത്തു കുഞ്ഞുണ്ണിയെ -
ന്നൊച്ചപ്പെട്ടു വസിച്ചിടും കവിവരൻ കേടറ്റ നേന്ത്രപ്പഴം;
അച്ഛൻ വെൺമണി ചിങ്ങനാണു;
പൊതുവാളമ്പാടി പൂവമ്പഴം;
അച്ഛൻ കണ്ടനറച്ചിട്ടുന്നിരുമുടിക്കുന്നന്റെ മാണിപ്പഴം. (ഉള്ളൂർ, 1974:105)

ഒരു സദസ്സിൽവച്ച് ഉണ്ടാക്കിച്ചൊല്ലിയ ഈ ശ്ലോകത്തിൽ സരസകവിയായ പട്ടത്ത് കുഞ്ഞുണ്ണിനമ്പ്യാരെക്കുറിച്ചുള്ള ഭാഗം ആറാട്ടുപുഴയ്ക്ക് അടുത്തുള്ള അച്ചൻ കണ്ടത്തു നമ്പ്യാരുടേതാണെന്ന് ഉള്ളൂർ രേഖപ്പെടുത്തുന്നു. നേന്ത്രപ്പഴത്തോടാണ് ഇവിടെ അദ്ദേഹത്തെ ഉപമിച്ചിരിക്കുന്നത്. സരസകവി എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ മഹത്വം തന്നെയാവാം ഇവിടെ അച്ചൻ കണ്ടത്തുനമ്പ്യാർ പ്രതിപാദിക്കുന്നത്.

ഇരിങ്ങാലക്കട കൂടൽമാണിക്യക്ഷേത്രത്തിന് വടക്കുവശത്തായി സ്ഥിതിചെയ്യുന്ന വെള്ളത്തപട്ടത്ത് വീട്ടിൽ 1805 -ലാണ് കുഞ്ഞുണ്ണി നമ്പ്യാർ ജനിച്ചത്. വടക്കേപട്ടമെന്നും ഇവർ അറിയപ്പെട്ടിരുന്നു. ജയന്തൻ എന്നാണ് കവിയുടെ യഥാർത്ഥ പേര്. കുഞ്ഞുണ്ണി ഓമനപ്പേരാണ്. 1875 -വരെയാണ് അദ്ദേഹത്തിന്റെ ജീവിതകാലം. കായംകുളം പിടിച്ചടക്കിയതുമുതൽ മാർത്താണ്ഡവർമ്മ കൂടൽമാണിക്യം ക്ഷേത്രാവകാശങ്ങൾ കൈവശമാക്കിയിരുന്നല്ലോ (നോ. 2.7.5). ആ ഘട്ടം മുതൽ കുഞ്ഞുണ്ണി നമ്പ്യാരുടെ പൂർവികർ തിരുവിതാംകൂറുമായി ബന്ധം പുലർത്തിയിരുന്നു. അദ്ദേഹത്തിന്റെ അച്ഛൻ നാരായണൻ നമ്പ്യാർ കാർത്തിക തിരുനാൾ രാമവർമ്മ രാജാവിന്റെ ആശ്രിതനായിരുന്നു. കുഞ്ഞുണ്ണി നമ്പ്യാരാകട്ടെ വിദ്യാഭ്യാസത്തിനുശേഷം, സ്വാതി തിരുനാളിന്റെയും പിന്നീട് ഉത്രം തിരുനാളിന്റെയും സദസ്സ്യനായിരുന്നിട്ടുണ്ട് എന്ന് ഉള്ളൂർ രേഖപ്പെടുത്തുന്നു (1974:105). ഉത്രം തിരുനാളിന്റെ ആഗ്രഹപ്രകാരമാണ് അദ്ദേഹം രസരത്നാകരം എന്ന സംസ്കൃത ഭാണം (ഒരു ഏകാന്തനാടകരൂപം) രചിച്ചത്. സംഗമേശ്വരനെ വന്ദിച്ചു കൊണ്ടാണ് രസരത്നാകരം ആരംഭിക്കുന്നത്. ഉത്രം തിരുനാളിന്റെ ഹിരണ്യഗർഭവേളയിലും അതേക്കുറിച്ച് കുഞ്ഞുണ്ണി നമ്പ്യാർ ശ്ലോകം രചിക്കുകയുണ്ടായി (ഉള്ളൂർ, 1974:106). കുഞ്ചൻ നമ്പ്യാരെ ഉപജീവിച്ചുകൊണ്ട് എഴുതിയ ഭഗവദ്ദൂത് എന്ന ഓട്ടൻതുള്ളലിലും വന്ദനശ്ലോകം ഇരിങ്ങാലക്കട തേവരെപ്പറ്റിയാണ്.

ഹേമാലങ്കാരദാമാ മൃദുലചലരമാദൃഷ്ടിലോലംബരാമ

രാമാത്മാഖ്യാതഭ്രമാ നിരുപമ പരമാനന്ദപീയൂഷധാമാ

ശ്രീമാടക്ഷേമകാമാ ദിനമനു പരമാ ദേവതാ ഭാഗ്യസീമാ

ശ്യാമാ ലോകാഭിരാമാ ദിശതു മമ സുഖം സംഗമാദധീശനാമാ (ഉള്ളൂർ, 1974:108)

1855 -ൽ തിരുവനന്തപുരത്തുനിന്നും ഇരിങ്ങാലക്കുടയ്ക്ക് തിരിച്ചുവന്ന അദ്ദേഹം 1856 -ൽ പഞ്ചസന്ധ എന്ന ഓട്ടൻ തുള്ളൽ രചിച്ചു. ദിവാൻ ശങ്കരവാര്യർ കൂടൽമാണിക്യക്ഷേത്രത്തിൽ നടത്തിയ പഞ്ചസന്ധ എന്ന മഹത്തെ (യാഗം) പറ്റിയാണ് ഇതിലെ പ്രതിപാദ്യം.

ശങ്കരവാരിയരായ ദിവാനിജി

ശങ്കരഹിതമാരുത്തരവെഴുതി

ശങ്കരവാരിയരെന്നിങ്ങനെയൊരു

ശയനവുമിട്ടു മടക്കിക്കെട്ടി

മുദ്രയുമിട്ടു മുകുന്ദപുരം തഹ - സീൽദാർക്കഞ്ചൽ വഴിയെ യയച്ചു...

ശങ്കരവാര്യരുടെ ഉത്തരവ് ഇപ്രകാരമായിരുന്നു,

സംപ്രതി സംഗമവാസികളാകിയ

നമ്പൂതിരിമാർ പലരും കൂടി

പഞ്ചോതയ്ക്കു മുതിർന്നീടുന്നതി

നഞ്ചോ പത്തോ വേണമതെന്നാൽ

ഖേദംകൂടാതുള്ള സഹായം ചെയ്തു കൊടുക്കണമതുകൂടാതെ ... (ഉള്ളൂർ, 1974:110)

ഇത്തരത്തിൽ കൂടൽമാണിക്യക്ഷേത്രസാമീപ്യവും ക്ഷേത്രസംസ്കാരവും അദ്ദേഹത്തിന്റെ കാവ്യലോകത്തിൽ വലിയ സ്വാധീനമായി നിലനിൽക്കുന്നുണ്ട്. ഉണ്ണായിവാര്യരെപ്പോലെ തിരുവിതാംകൂറിൽ ആയിരിക്കുമ്പോഴും ഇഷ്ടദൈവം ഇരിങ്ങാലക്കുടതേവർ തന്നെ. 1861 -ൽ ക്ഷേത്രത്തിലെ ധ്വജപ്രതിഷ്ഠയെക്കുറിച്ച് അദ്ദേഹം നിർമ്മിച്ച ഒരു ശ്ലോകം ഇപ്രകാരമാണ്,

ധർമ്മാത്മാ രവിവർമ്മമാടനൃപതിർദ്ദൃഢാ ന്നലേപാദി കൈ:

കല്യാണാംബുനിധി സ്സമസ്ത ജനതാം സന്തർപ്പ്യ സന്ത്യ പ്തധീ:

സാക്ഷാൽ സംഗമ നായകസ്യ പുരത: സർവാർത്ഥദാം കാഞ്ചന -

ശ്രീമദ്വിപ്രവരാധിവാസവിലസൽകേതുപ്രതിഷ്ഠാം വ്യയാൽ (ഉള്ളൂർ, 1974:106)

സരസകവി എന്നറിയപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ പ്രസിദ്ധമായൊരു ഒറ്റശ്ലോകമാണ്,

ജഗത്തൊക്കെ നന്നായ്പ്പരന്നിട്ടു പണ്ടേ -
യിരിപ്പുണ്ടു നേരെന്നു പേരായ വസ്തു;
ക്രമത്താലതിപ്പോൾ ചുരുങ്ങിച്ചുരുങ്ങി -
പ്പണത്തോളമേയുള്ളുവെന്നായി വന്നു. (ഉള്ളൂർ, 1974:110 -1)

ഇത്തരത്തിൽ നർമ്മത്തിൽ പൊതിഞ്ഞ സാമൂഹ്യവിമർശനം സാധ്യമാക്കുന്നതിൽ പട്ടത്ത് കുഞ്ഞുണ്ണി നമ്പ്യാർ ശ്രദ്ധേയനായി. സംസ്കൃതവും ഭാഷാകൃതികളും അദ്ദേഹത്തിന് ഒരുപോലെ വഴങ്ങിയിരുന്നു. തുള്ളലും മുക്തകങ്ങളും കൈകൊട്ടിക്കളിപ്പാട്ടും ആ രചനാലോകത്തെ സമ്പന്നമാക്കി.

## 5.15.3 മാപ്രാണം നാരായണപ്പിഷാരടി

കൂടൽമാണിക്യക്ഷേത്രത്തിൽ ഉത്സവകാലത്ത് കുത്തുവിളക്കുക എന്ന കുലവൃത്തി ചെയ്തു വന്നവരാണ് പുത്തൻ പിഷാരത്ത് വീട്ടുകാർ. മാപ്രാണം ദേശത്തെ മാടായിക്കോണത്താണ് ഇവർ താമസിച്ചിരുന്നത്. ദൂരെ താമസിച്ചുകൊണ്ട് കൂടൽമാണിക്യത്തിലെ കുലവൃത്തി നടത്താൻ ബുദ്ധിമുട്ട് വന്നതിനാൽ ക്ഷേത്രത്തിനുസമീപം തന്നെ പുത്തൻ പിഷാരത്തുകാർ വീടുവച്ച് താമസം തുടങ്ങി. 1846 കാലത്താണ് അവർ ഇരിങ്ങാലക്കുടയിൽ താമസമാക്കുന്നത്. അവിടുത്തെ കുഞ്ഞിക്കുട്ടി പിഷാരസ്യാരുടെയും കീഴ്പ്പള്ളിക്കര ചെറുമുക്കില്ലത്ത് പരമേശ്വരൻ നമ്പൂതിരിയുടെയും പുത്രനായി 1882 -ലാണ് നാരായണ പിഷാരടി ജനിക്കുന്നത്. സംഗമേശഭക്തനായ അദ്ദേഹം കവി എന്നതിനേക്കാൾ ജ്യോതിഷിയായാണ് അറിയപ്പെട്ടത്. ഇരിങ്ങാലക്കുട തെക്കേവാരിയത് കുട്ടൻവാര്യർ ആയിരുന്നു ജ്യോതിഷത്തിൽ അദ്ദേഹത്തിന്റെ ഗുരു. പിന്നീട് കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാനോടൊപ്പം താമസിച്ച് ജ്യോതിഷശാസ്ത്രഗ്രന്ഥങ്ങളിൽ അവകാശവും പ്രായോഗികപദ്ധതികളിൽ പരിശീലനവും നേടി.

സംസ്കൃതത്തിലും ജ്യോതിഷത്തിലും പാണ്ഡിത്യം നേടിയ അദ്ദേഹം കവിതാവിഷയത്തിൽ കൊടുങ്ങല്ലൂർ കവികളെ അനുകരിക്കുകയുണ്ടായില്ല.

*സംഗമേശസ്തവ*മാണ് നാരായണപ്പിഷാരടിയുടെ കൃതികളിൽ പ്രഥമഗണനീയമായത്. കൂടാതെ, *വിഷ്ണുപുരാണം* എന്ന കൃതിയുടെ വൃത്താനുവൃത്തപരിഭാഷ അദ്ദേഹം നിർവ്വഹിക്കുകയുണ്ടായി. അത് ഇരിങ്ങാലക്കുട കൂടൽമാണിക്യം അച്ചുകൂടത്തിൽനിന്ന് മാസികയായി പ്രസിദ്ധീകരിച്ചിരുന്നു. ഏഴ് ലക്കങ്ങൾ പ്രസിദ്ധീകൃതമായെങ്കിലും പിന്നീടത് നിന്നു പോയി. വി.സി. ബാലകൃഷ്ണപ്പണിക്കർ ദ്വിതിയാക്ഷരപ്രാസം പരിത്യജിച്ച് രചിച്ച *വിശ്വരൂപം* എന്ന കൃതി നാരായണപ്പിഷാരടി പ്രാസത്തോടുകൂടി പുനരവതരിപ്പിച്ചു.

അങ്ങോട്ടു നോക്കുക; ചുവപ്പ്, വെളുപ്പ്, പച്ച -
യെന്നീ നിറങ്ങളിടതിങ്ങിയൊരംബരാന്തം
ചെന്താരുമാമ്പലുമൊരേസമയം വിരിഞ്ഞു
പൊന്തുന്ന പൊയ്കയുടെ ചന്തമിയന്നിടുന്നു

എന്ന വി.സി.യുടെ വരികൾ

ഒന്നിങ്ങയയ്ക്കു മിഴി; ചോപ്പു, വെളുപ്പു, പച്ച -
യെന്നീ നിറങ്ങൾ കലരും വിയദേകദേശം
ഒന്നിച്ചു പൊൻകമലപെൺകുമുദങ്ങൾ തിങ്ങി -
നിന്നിട്ടു മിന്നുമൊരു പൊയ്കയെ വെന്നിടുന്നു

എന്ന് ദ്വിതിയാക്ഷരപ്രാസത്തോടെ അവതരിപ്പിക്കുകയാണ് നാരായണപ്പിഷാരടി ചെയ്തത്. *ഉദയാദുദയാന്തം* എന്ന കൃതിയാകട്ടെ, *വിശ്വരൂപ*ത്തിന്റെ രീതിപിടിച്ചുനിർമ്മിച്ചിട്ടുള്ള സ്വതന്ത്രകാവ്യമാണ്. *വിഷ്ണുപുരാണ*വും *നാരായണീയ*വും *ജാതകാദേശ*വും പിഷാരടി തർജ്ജമ ചെയ്തിട്ടുണ്ട്. *നമ്പൂതിരിമാരോട്* എന്നൊരു കൃതിയും അദ്ദേഹത്തിന്റേതായുണ്ട്.

അപ്രിയവസ്തുതകൾ മുഖത്തുനോക്കി പറയുന്നരീതിയും മുൻകോപവും അദ്ദേഹത്തിന് അർഹിക്കുന്ന ആദരവും യശസ്സും ലഭിക്കാതെപോയതിന് കാരണമായി എന്ന് ഉള്ളൂർ വിലയിരുത്തുന്നു (1974:576). ഇത് നിഷേധിക്കുന്ന വടക്കുംകൂർ, പേരിനും

പണത്തിനും പെരുമയ്ക്കും ആഗ്രഹിക്കാത്ത നാരായണപിഷാരടിക്ക്, ഒരിടത്തും പാർ ത്ത് സ്ഥിരമായി ജോലിചെയ്യുകയില്ല എന്നദോഷം മാത്രമേ കാണുന്നുള്ളൂ എന്ന് പറയു ന്നു. തന്റെ അടുത്ത സുഹൃത്തായ മാപ്രാണം നാരായണപിഷാരടിയുടെ മരണത്തെ സംബന്ധിച്ചും ഉള്ളൂരിനെ അംഗീകരിക്കുന്നില്ല വടക്കുംകൂർ രാജരാജവർമ്മ."ഒരിക്കൽ ഞാൻ പറഞ്ഞതനുസരിച്ച് എന്റെ കൂടെവന്ന നാരായണപ്പിഷാരടി വടക്കേമലയാള ത്തിൽ പേരാമ്പ്രയിൽ ഗോശാലയിൽ ഏതാനും ദിവസം താമസിച്ചു. അക്കാലത്ത് സ്വയം നിശ്ചയിച്ച പ്രശ്നത്തിന് വയനാട്ടിലേക്ക് പോയി. അവിടെ കുറെനാൾ പാർത്തു നല്ലസമ്പാദ്യത്തോടുകൂടി തിരിച്ചുവന്ന് ഇരിങ്ങാലക്കുടയ്ക്ക് പോയി. വീണ്ടും കുറച്ചുകാലം കഴിഞ്ഞ് വയനാട്ടിലേക്ക് പ്രശ്നത്തിന് പോകാൻ നിശ്ചയിച്ചു. പേരാമ്പ്രയിൽ വന്നു. ആ യാത്രയെ അവിടെ പലരും തടഞ്ഞു. എങ്കിലും വകവയ്ക്കാതെ പോയി. അവിടെ വച്ച് പനിപിടിച്ചു. ചിലരുടെ സഹായത്തോടുകൂടി നടുവന്നൂരിൽ വന്നു. അവിടെ ഒരു വാരിയത്തുവച്ച് ചരമഗതിയെ പ്രാപിച്ചു". ഉള്ളൂർ പറഞ്ഞതുപോലെ ഹൃദയസ്തംഭനം മൂലമല്ല വയനാടൻ പനി ബാധിച്ചാണ് അദ്ദേഹം മരണമടഞ്ഞതെന്ന് *കേരള സാഹി ത്യചരിത്രം ചർച്ചയും പൂരണവും* എന്ന കൃതിയിൽ അദ്ദേഹം വിലയിരുത്തുന്നു (1968:291 -2). തികഞ്ഞ ഈശ്വരഭക്തനായ നാരായണപ്പിഷാരടിയ്ക്ക് ഇരിങ്ങാലക്കുടയുടെ സാഹി ത്യചരിത്രത്തിൽ ഗണനീയമായ പങ്കുവഹിക്കാൻ സാധിച്ചിട്ടുണ്ട്. നിയോക്ലാസിക് കവി തകളുടെ സുവർണ്ണകാലത്തെ നാരായണപ്പിഷാരടിയുടെ കൃതികൾ ഓർമ്മപ്പെടുത്തുന്നു.

### 5.15.4 നാഗരുകോവിൽ കല്യാണിക്കുട്ടി അമ്മച്ചി

തിരുവിതാംകൂറിലെ ആയില്യം തിരുനാൾ മഹാരാജാവിന്റെ ഭാര്യയായിരുന്നു കല്യാ ണിക്കുട്ടി അമ്മച്ചി. അവർ ജനിച്ചതും വളർന്നതും ഇരിങ്ങാലക്കുടയിലാണ്. നടവര മ്പ് ദേശക്കാരായ ചെറുപറമ്പിൽ കുഞ്ഞുകൃഷ്ണമേനോന്റെയും മാതൃപ്പള്ളി വീട്ടിൽ കുഞ്ഞു ലക്ഷ്മി അമ്മയുടെയും മകളാണ് കല്യാണിക്കുട്ടി. കുഞ്ഞുകൃഷ്ണമേനോൻ കൊച്ചിരാജ്യ ത്തെ ഒടുവിലത്തെ സർവ്വാധികാര്യക്കാരും മെക്കാളെ റസിഡന്റിന്റെ വിശ്വസ്തസേവ കനും ആയിരുന്നു. ആയില്യം തിരുനാളിന്റെ ആദ്യഭാര്യ അകാലത്തിൽ മരണപ്പെ ട്ടതിനെ തുടർന്നാണ് അദ്ദേഹം കല്യാണിക്കുട്ടിയെ വിവാഹംകഴിക്കുന്നത്. രാജാവി ന്റെ വിശ്വസ്തനായിരുന്ന ഈശ്വരപിള്ള വിചാരിപ്പുകാരനും കുഞ്ഞുകൃഷ്ണമേനോനും തമ്മി ലുള്ള സൗഹൃദമാണ് ഈ വിവാഹത്തിലേക്ക് നയിച്ചത്. വിവാഹശേഷമാണ് അവർ

അമ്മച്ചി എന്ന സ്ഥാനപ്പേരിന് അർഹയായത്. തിരുവിതാംകൂറിലെ ആചാരപ്രകാരം 1865 -ൽ കല്യാണിക്കുട്ടി അമ്മച്ചി നാഗരുകോവിൽ അമ്മ വീട്ടിലേക്ക് ദത്തെടുക്കപ്പെട്ടു. അങ്ങനെ അവർ നാഗരുകോവിൽ കല്യാണിക്കുട്ടി അമ്മച്ചിയായി.[7] ഇവർക്ക് മക്കളുണ്ടായിരുന്നില്ല. സകലകലാവല്ലഭനെന്ന് പേരുകേട്ട ആയില്യം തിരുനാളിന്റെ ഭാര്യ, സാഹിത്യത്തിലും സംഗീതത്തിലും തൽപരയായിരുന്നിരിക്കണമല്ലോ.

അച്ഛൻ കല്യാണിക്കുട്ടിയെ മലയാളവും സംസ്കൃതവും സംഗീതവും അഭ്യസിപ്പിച്ചു. സംഗീതത്തിൽ ശിവരാമഭാഗവതരുടെ ശിഷ്യയായിരുന്നു കല്യാണിക്കുട്ടി. പിന്നീട് കല്യാണകൃഷ്ണഭാഗവതരെപ്പോലുള്ള തിരുവിതാംകൂറിലെ ആസ്ഥാനവിദ്വാന്മാരിൽനിന്ന് വീണവായനയിലും വായ്പാട്ടിലും വൈദഗ്ധ്യം നേടി. നിരന്തര പരിശ്രമത്താൽ സംസ്കൃതസാഹിത്യത്തിലുള്ള പാണ്ഡിത്യവും വർദ്ധിപ്പിച്ചിരുന്നു. ഭാഷാകാവ്യരചനയിലും അവർ നിപുണയായിരുന്നു. രാസക്രീഡ, അംബരീഷചരിതം, പാർവതീസ്വയംവരം എന്നിവ അവരുടെ കൈക്കൊട്ടിക്കളിപ്പാട്ടുകളാണ്. *സ്തവമാലിക, പാതിവ്രത്യ പഞ്ചകം, ഗണപഞ്ചകം, സത്യപഞ്ചകം* എന്നീ കൃതികളും അവരുടേതായിട്ടുണ്ട് (ഉള്ളൂർ, 1974:677). കേരളത്തിൽ ആദ്യമായി സാരിയുടുത്തത് കല്യാണിക്കുട്ടി അമ്മച്ചിയാണ്. 1868 -ലായിരുന്നു അത്.

### 5.15.5 തോട്ടയ്ക്കാട്ട് ഇക്കാവമ്മ

ഇരിങ്ങാലക്കുട നന്തിക്കരവീട്ടിൽ ചാത്തുപ്പണിക്കരുടെയും എറണാകുളത്ത് പടിഞ്ഞാറേ തോട്ടയ്ക്കാട്ടുവീട്ടിൽ കുട്ടിപ്പാറുവമ്മയുടെയും മകളായി 1844 -ലാണ് ഇക്കാവമ്മ ജനിച്ചത്. അച്ഛനായിരുന്നു ഇക്കാവമ്മയുടെ ആദ്യഗുരു. സംഗീതത്തിലും സാഹിത്യത്തിലും ശില്പശാസ്ത്രത്തിലും നിപുണനായ അദ്ദേഹം തൃപ്പൂണിത്തറ കോവിലകത്തെ കഥകളിയോഗത്തിൽ നടനായും മികവുപുലർത്തി. 1875 -ലാണ് അദ്ദേഹം മരണമടയുന്നത്. അച്ഛന്റെ മരണശേഷം വെന്നിമല ഉഴത്തിരവാര്യർ, അച്ചൻ കണ്ടത്തു വാസുനമ്പിയാർ, മാക്കോത്തു കൃഷ്ണമേനോൻ തുടങ്ങിയ ഗുരുക്കൻമാരിൽനിന്നും കാവ്യങ്ങളും പഞ്ചാംഗഗണനവും നാരായണീയവും നൈഷധവും നാടകങ്ങളും ചമ്പുക്കളും

[7] തിരുവനന്തപുരത്ത് നാഗരുകോവിൽ എന്നും അരുമന എന്നും തിരുവട്ടാർ എന്നും വടശ്ശേരി എന്നും പേരുകളിൽ നാലു സുപ്രസിദ്ധങ്ങളായ രാജധാര ഗൃഹങ്ങൾ ഉണ്ട്. അവ ധർമ്മരാജാവ് സ്ഥാപിച്ചത് എന്നാണ് ഐതിഹ്യം. ആ കുടുംബങ്ങളിൽ ഏതെങ്കിലും ഒന്നിൽ അമ്മച്ചിമാർ ജനിക്കുകയോ ദത്തെടുക്കപ്പെടുകയോ ചെയ്യണമെന്ന് ഒരു വെപ്പുണ്ട്.

പഠിച്ചെടുത്തു. സ്വപരിശ്രമം കൊണ്ട് സംസ്കൃതഭാഷയിൽ വലിയ വ്യുൽപ്പത്തി നേടി യെടുത്ത അവരുടെ പ്രതിഭാസമ്പത്തും ധാരണാശക്തിയും ഗുരുക്കന്മാരെപ്പോലും വിസ്മരിപ്പിച്ചിരുന്നതായി ഉള്ളൂർ രേഖപ്പെടുത്തുന്നു (1974:679). പതിനാലാം വയസ്സിൽ വിവാഹിതയായ അവർ ഇരുപത്തിരണ്ടാമത്തെ വയസ്സിലാണ് കവിത എഴുതിത്തുട ങ്ങുന്നത്.

*സുഭദ്രാർജ്ജുനം* നാടകത്തിൽ അവർ എഴുതിയ വരികൾ ഏറെ പ്രസിദ്ധമാണ്,

മല്ലാക്ഷിമണിയായ ഭാമ സമരം
ചെയ്തീലയോ? തേർത്തെളി -
ച്ചില്ലേ പണ്ടു സുഭദ്ര, പാരിതു ഭരി
ക്കുന്നില്ലെ വിക്ടോറിയ?
മല്ലാക്ഷീമണികൾക്കു പാടവമിവ
യ്യെല്ലാം ഭവിച്ചീടുകിൽ -
ച്ചൊല്ലേറും കവിതയ്ക്കുമാത്രമിവരാ
ളല്ലെന്നു വന്നിടുമോ?" (ഉള്ളൂർ,1974:680)

എന്ന വരികൾ സാമൂഹ്യ-സാഹിത്യ-രാഷ്ട്രീയരംഗങ്ങളിൽനിന്ന് സ്ത്രീകളെ ഒഴിവാക്കുന്ന പുരുഷപക്ഷ ചിന്തകൾക്ക് നേരെയുള്ള വെല്ലുവിളിയായിരുന്നു. സ്ത്രീ തുല്യതയ്ക്കുവേണ്ടി വാദിച്ച ആദ്യമലയാള സാഹിത്യകാരി ഇക്കാവമ്മയായിരിക്കണം. സ്ത്രീകൾ നിർമ്മിച്ച നാടകങ്ങളിൽ രണ്ടാമത്തേതാണ് ഇക്കാവമ്മയുടെത്.[8] നാടകസാഹിത്യചരിത്രങ്ങൾ പലപ്പോഴും ആദ്യകാല സ്ത്രീനാടകരചയിതാക്കളെ തമസ്കരിക്കുകയാണ്. 1892 -ൽ തൃശ്ശൂരിൽ നടന്ന സംഗീതനൈഷധത്തിന്റെ അവതരണത്തിൽ നളനായി അഭിനയി ക്കുകയും ചെയ്തിട്ടുണ്ട് ഇക്കാവമ്മ. നാടകരചനയിൽ മാത്രമല്ല രംഗാവതരണത്തിലും സക്രിയമായിരുന്ന ഇക്കാവമ്മയുടെ തമസ്കരണം നാടകചരിത്രത്തിന്റെ പെൺപരിപ്രേ ഷ്യത്തിന്റെ ആവശ്യകത അടിവരയിടുന്നു എന്ന് ഡോ. മഹേഷ് മംഗലാട്ട് അഭിപ്രായ പ്പെടുന്നു.[9] *സന്മാർഗോപദേശം ഓട്ടൻതുള്ളൽ, രാസക്രീഡ കുറത്തിപ്പാട്ട്, പുരാണശ്രവണ*

[8]ആദ്യത്തേത് ഇരയിമ്മൻ തമ്പിയുടെ മകളായ കുട്ടിക്കുഞ്ഞ് തങ്കച്ചി രചിച്ച അജ്ഞാതവാസം എന്ന നാടകമാണ്.

[9]മലയാള നാടകചരിത്രത്തിലെ പുതിയ വായനകൾ -https://web.archive.org/web/20130922213535/http://chintha.com/node/90419

*മാഹാത്മ്യം കിളിപ്പാട്ട്* (തർജ്ജമ), *കൽക്കിപുരാണം കിളിപ്പാട്ട്, നളചരിതം നാടകം, ആര്യ ശതകം* എന്നിവ ഇക്കാവമ്മയുടെ മറ്റു കൃതികളാണ്.

പുരുഷന്മാരെപ്പോലെ സ്ത്രീകൾക്കും സാഹിത്യപോഷണത്തിൽ ഭാഗഭാക്കാകുവാൻ അവകാശമുണ്ടെന്നും മനസ്സുവെച്ചാൽ അവർക്കും ആ വഴിക്കു സഹൃദയന്മാരെ സമഗ്രമായി ആഹ്ലാദിപ്പിക്കുവാൻ സാധിക്കുമെന്നും ഇക്കാവമ്മ വിശ്വസിച്ചിരുന്നു. കൂടാതെ സ്ത്രീകളുടെ അഭിമാനസംരക്ഷണത്തിലും അവർ ബദ്ധശ്രദ്ധയായിരുന്നു എന്ന് ഉള്ളൂർ രേഖപ്പെടുത്തുന്നു (ഉള്ളൂർ, 1974:679). എന്നാൽ, ഇക്കാവമ്മയുടെ സാഹിത്യപരിശ്രമങ്ങളെ ആക്ഷേപിക്കുകയാണ് സി.പി. അച്യുതമേനോൻ ചെയ്യുന്നത്. "തോട്ടക്കാട്ട് ഇക്കാവമ്മയുടെ നാടകത്തെക്കുറിച്ചുള്ള നിരൂപണത്തിൽ അദ്ദേഹം ഇക്കാര്യം തുറന്നെഴുതി. ഗൃഹഭരണാധികൾകൊണ്ടുള്ള സൽപ്പേരുകൊണ്ട് തൃപ്തരാകാതെ സാഹിത്യരംഗത്തെ കീർത്തികൂടി ആഗ്രഹിക്കുന്ന സ്ത്രീകൾ പ്രത്യേകപരിഗണന അർഹിക്കുന്നില്ലെന്നും ഉന്നതസാഹിത്യത്തിന്റെ മാനദണ്ഡങ്ങൾ പാലിച്ചാൽ മാത്രമേ അവർക്ക് പ്രശസ്തി ലഭിക്കുകയുള്ളൂവെന്നും അദ്ദേഹം വാദിച്ചു" എന്ന് ജെ. ദേവിക ചൂണ്ടിക്കാട്ടുന്നു (2015:173). *സുഭദ്രാർജ്ജുനം* എന്ന നാടകത്തെ ആക്ഷേപിച്ചും പ്രോത്സാഹിപ്പിച്ചും അക്കാലത്തെ നിരൂപകരും സാഹിത്യകാരൻമാരും രംഗത്ത് വന്നിരുന്നു. കേരളവർമ്മ, കൈക്കുളങ്ങര രാമവാര്യർ, സി. അന്തപ്പായി, പി.കെ. നാരായണപിള്ള, വെൺമണി മഹൻ തുടങ്ങിയവർ അവരിൽ ചിലരാണ്. കരമന കേശവ ശാസ്ത്രി ഈ നാടകം സംസ്കൃതത്തിലേക്ക് തർജ്ജമ ചെയ്തു (വടക്കുംകൂർ രാജരാജവർമ്മ, 1968:347). വീട്ടകങ്ങളിലെ ത്യാഗിണിയും സൽഗുണസമ്പന്നയും എന്ന സ്ത്രീസങ്കൽപത്തിൽനിന്ന് പൊതുവിടത്തിൽ പുരുഷനൊപ്പം എഴുതാനും അഭിപ്രായം പ്രകടിപ്പിക്കാനും കരുത്തുകാട്ടുന്ന സ്ത്രീകൾ എന്ന നിലയിൽ അവരെ അംഗീകരിക്കാൻ മടിക്കുന്നവരും വിരളമായിരുന്നില്ല.

തോട്ടക്കാട്ട് ഇക്കാവമ്മയുടെ മകളായ തോട്ടക്കാട്ട് മാധവിയമ്മയും മലയാളത്തിനുപുറമേ സംസ്കൃതത്തിലും ഇംഗ്ലീഷിലും മറ്റ് യൂറോപ്യൻ ഭാഷകളിലും പ്രാവീണ്യം സമ്പാദിച്ച സ്ത്രീയായിരുന്നു. നായർ സമുദായസംഘടന പ്രവർത്തനങ്ങളിൽ സജീവമായിരുന്ന അവർ 1952 -ൽ കൊച്ചിനിയമനിർമ്മാണ കൗൺസിലിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുണ്ട്. 1932 -ൽ അവർ മന്നത്ത് പത്മനാഭനെ വിവാഹം ചെയ്തു.

**അഡ്വ. ടി.കെ. കൃഷ്ണമേനോൻ**

ഇക്കാവമ്മയുടെ ഇളയസഹോദരനാണ് കേരളത്തിലെ രാഷ്ട്രീയ -സാംസ്കാരികരംഗത്ത് ശ്രദ്ധേയനായ ടി.കെ. കൃഷ്ണമേനോൻ. കൊച്ചിയിലെ കായൽസമ്മേളനത്തിൽ പങ്കെടുത്ത പുലയരല്ലാത്ത രണ്ടുപേരിൽ ഒരാളായിരുന്നു ടി.കെ. കൃഷ്ണമേനോൻ. കായലിൽ സമ്മേളനം നടത്താൻ കെ.പി. കറുപ്പനെ ഉപദേശിച്ചത് കൃഷ്ണമേനോനാണ് എന്നും പറയുന്നു. സാഹിത്യത്തിൽ പ്രസിദ്ധമായ ബാലകലേശവാദത്തിൽ കെ.പി. കറുപ്പനോടൊപ്പം നിൽക്കുകയും സാമൂഹ്യ അസമത്വങ്ങൾക്കെതിരെ പ്രതികരിക്കുകയും ചെയ്തിട്ടുണ്ട് അദ്ദേഹം. ചരിത്രം, മതം, ശാസ്ത്രം, ജീവചരിത്രം തുടങ്ങിയ മേഖലകളിലെല്ലാം അദ്ദേഹത്തിന്റെ കൃതികളുണ്ട്. *പ്രാചീനാര്യാവർത്തം, ഇന്ത്യയിലെ മഹാന്മാർ, ഹിന്ദുമതം, കേരള സംസ്കാരം, ഭാരതീയ വനിതാദർശം, ലേഖനമാല, ഭാഷാ കാവ്യപ്രവേശിക* എന്നിവ അദ്ദേഹത്തിന്റെ മലയാളം കൃതികളാണ്. കൂടാതെ *എ പ്രൈമർ ഓഫ് മലയാളം ലിറ്ററേച്ചർ, ദ ഡേയ്സ് ദാറ്റ് വേർ, ദ ദ്രവീഡിയൻ കൾച്ചർ ആന്റ് ഇറ്റ്സ് ഡിഫ്യൂഷൻ* എന്നിവയ്ക്ക് പുറമേ കെ.പി. പത്മനാഭ മേനോന്റെ *കേരളചരിത്രം* നാലു ഭാഗങ്ങളായി ഇംഗ്ലീഷിൽ തർജ്ജമ ചെയ്യുകയും ചെയ്തു.[10]

## 5.15.6 പണ്ഡിതരാജൻ വലിയ രാമപ്പിഷാരടി

കല്ലങ്കരപിഷാരത്ത് വെള്ളാങ്ങല്ലൂർ വാഴപ്പള്ളിമനയ്ക്കൽ നമ്പൂതിരിപ്പാടിന്റെയും കുഞ്ചിപിഷാരസ്യാരുടെയും മകനായി 1867 -ലാണ് രാമപ്പിഷാരടി ജനിച്ചത്. ഇദ്ദേഹത്തിന്റെ മകൻ കുട്ടമശ്ശേരി നാരായണപ്പിഷാരടിയും മരുമകൻ പ്രൊഫ. കെ. രാമപ്പിഷാരടിയും സാഹിത്യകാരൻമാരാണ്. കൊച്ചികുടുംബത്തിലെ ഗുരുസ്ഥാനം കല്ലങ്കര പിഷാരത്തേക്ക് ആയിരുന്നതിനാൽ അച്യുതപിഷാരിയുടെ താമസം അധികവും തൃപ്പൂണിത്തുറയിലായിരുന്നു. പത്താമത്തെ വയസ്സുമുതൽ രാമപിഷാരടിയും അവിടെ താമസിച്ചു. ന്യായ - കാവ്യശാസ്ത്രങ്ങളിൽ അതീവപാണ്ഡിത്യം അദ്ദേഹത്തിന് നേടാനായി. പരീക്ഷിത്തുതമ്പുരാന്റെ സതീർത്ഥ്യനും സുഹൃത്തുമായിരുന്നു രാമപ്പിഷാരടി. ഇരിങ്ങാലക്കുട ശങ്കരവാ

---

[10] WEDNESDAY, FEBRUARY 11, 2015 ടി.കെ. കൃഷ്ണമേനോൻ വെറുമൊരു മേനോനായിരുന്നില്ല കേരളശബ്ദം വാരിക 2015 ഫെബ്രുവരി 22 (Date of Release 07.02.2015) https://sugadhan.blogspot.com/?m=1

ര്യരുടെയും അദ്ദേഹത്തിന്റെ അനന്തരവൻ കുട്ടൻവാര്യരുടെയും അടുക്കൽനിന്ന് ജ്യോതിഷവും അദ്ദേഹം കൈവശമാക്കി.

എറണാകുളം കോളേജിലെ സംസ്കൃത അധ്യാപകനായായിരുന്നു പിഷാരടിയുടെ ഔദ്യോഗിക ജീവിതം. *ശാകുന്തളം, മാളവികാഗ്നി മിത്രം, ധ്വന്യാലോകലോചനം, രത്നാവലി, വിക്രമോർവശീയം, ശുകസന്ദേശം, ചിത്രമീമാംസ, കുവലയാനന്ദം, ദശരൂപകം, വ്യുൽപ്പത്തിവാദം, നാരായണീയം, ശിവാനന്ദലഹരി, ശിവപാദാദി കേശം, ശിവകേശാദി പാദം, ദിനകരീയം, ദേവീമാഹാത്മ്യം* തുടങ്ങിയ കൃതികൾക്കെല്ലാം അദ്ദേഹം വ്യാഖ്യാനങ്ങൾ രചിച്ചിട്ടുണ്ട്. കൂടാതെ *രാമവർമ്മശതകം* എന്ന രാമവർമ്മ രാജാവിന്റെ ഷഷ്ടിപൂർത്തി അവസരത്തിൽ എഴുതിയ കൃതിയും ശ്രദ്ധേയമാണ്. ഇതിൽ *കുവലയാനന്ദ*ത്തിന്റെ അംഗീകൃതങ്ങളായ അലങ്കാരങ്ങൾക്കും ഉദാഹരണങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. *വ്യഞ്ജനാവൃത്തി* എന്ന സംസ്കൃതഗദ്യകൃതിയും അദ്ദേഹത്തിന്റേതായിട്ടുണ്ട്. അഭിനവഗുപ്തന്റെ *ധ്വന്യാലോകലോചന*ത്തിന് പിഷാരടി എഴുതിയ ബാലപ്രിയ എന്ന വ്യാഖ്യാനം അതിപ്രൗഢമായകൃതിയാണ് എന്ന് ഉള്ളൂർ രേഖപ്പെടുത്തുന്നു (1975:227, 229). കൊച്ചിരാജാവ് സഹൃദയതിലകൻ എന്ന സ്ഥാനംനൽകി ആദരിച്ച പണ്ഡിതനാണ് വലിയരാമ പിഷാരടി.

## 5.15.7 ചങ്ങരംകോത കൃഷ്ണൻകർത്താവ്

1881 -ൽ ഇരിങ്ങാലക്കുട പട്ടണത്തിന്റെ സമീപപ്രദേശമായ തൊട്ടിപ്പാൾ എന്ന സ്ഥലത്താണ് ചങ്ങരംകോത കൃഷ്ണൻകർത്താവ് ജനിച്ചത്. കൊടുങ്ങല്ലൂർകളരിയുടെ കാവ്യപാരമ്പര്യം തുടർന്ന കവിയാണ് അദ്ദേഹം. ദ്രുതകവനം, കത്തുകളും സംഭാഷണങ്ങളുംപോലും പദ്യരൂപത്തിൽ അവതരിപ്പിക്കുക തുടങ്ങിയവ അദ്ദേഹം ആയാസരഹിതമായി ചെയ്തുവന്നു. കൂടാതെ ഖണ്ഡകാവ്യങ്ങളും ഒറ്റശ്ലോകങ്ങളും അദ്ദേഹത്തിന്റേതായുണ്ട്. *രാമേശ്വരയാത്ര, പട്ടാഭിഷേകമഹോത്സവം, മാടമഹീശ മംഗലം, വിപന്ന ചിന്ത, പ്രാർത്ഥനാഞ്ജലി, കുറുമാലി ഭഗവതി, ആറേശ്വര സ്തോത്രം, ഭർതൃപരിത്യക്തയായ ശകുന്തള, കുരുക്ഷേത്രത്തിലെ അഭിമന്യു, ശ്രീഭൂതനാഥോദയം തുള്ളൽ, ദക്ഷയജ്ഞത്തിലെ സതി, കലിംഗവധം ആട്ടക്കഥ* തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ്. കൊച്ചിരാജാവ് കവിതിലകൻ എന്ന ബിരുദംനൽകി ആദരിച്ച കൃഷ്ണൻകർത്താവിന് വിദ്വൽസദസ്സ് സാഹിത്യനിപുണബഹുമതിയും നൽകി.

കവി മാത്രമായിരുന്നില്ല ചങ്ങരംകോത കൃഷ്ണൻകർത്താവ്. സാമൂഹ്യപ്രവർത്തകനും വൈദ്യനുമായിരുന്നു അദ്ദേഹം. ഇരിങ്ങാലക്കുടയെയും പുതുക്കാടിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കോൾനിലങ്ങൾക്ക് കുറുകെയുള്ള പൊതുനിരത്ത് അദ്ദേഹത്തിന്റെ ശ്രമഫലമായി നിർമ്മിക്കപ്പെട്ടതാണ്. പറപ്പൂക്കരയിൽ യു.പി. സ്കൂൾ ആരംഭിക്കുന്നതിനും അദ്ദേഹം പ്രയത്നിച്ചു. പഞ്ചായത്ത് പ്രസിഡന്റായും പഞ്ചായത്ത് കോടതിയിലെ വിധികർത്താവായും കൃഷ്ണൻകർത്താവ് പ്രവർത്തിച്ചിട്ടുണ്ട്. കൊച്ചിരാജ്യത്തെ ആദ്യ കാർഷികവ്യാവസായിക പ്രദർശനം നടത്തിയത് ചങ്ങരംകോത കർത്താവാണ്. ടെക്സ്റ്റ് ബുക്ക് കമ്മിറ്റി അംഗവുമായിരുന്നു അദ്ദേഹം.

യജ്ജുർവ്വേദപണ്ഡിതനും കവിയുമായിരുന്ന നെടുമ്പുള്ളി തരണനല്ലൂർ ഗോവിന്ദൻ നമ്പൂതിരിപ്പാട് ഇരിങ്ങാലക്കുടയുടെ സാംസ്കാരിക ചരിത്രത്തിൽ ഇടം നേടിയ മറ്റൊരു സാഹിത്യകാരനാണ്. കാത്തോളി ലക്ഷ്മിക്കുട്ടിയമ്മയും സ്ത്രീ എഴുത്തുകാരിൽ ശ്രദ്ധേയയാണ്.

## 5.15.8 സാഹിത്യം പുതിയ കാലം

ലോകത്തെ മറ്റ് ഏതൊരു പ്രാദേശികഭാഷയിലും എന്നപോലെ ഇരിങ്ങാലക്കുടയും തനതായ ഭാഷാഭേദം രൂപപ്പെടുത്തിയെടുത്തിട്ടുണ്ട്. ഈ ഭാഷാഭേദത്തെ ഒ.വി. വിജയൻ ഇരിങ്ങാലക്കുട എന്ന തന്റെ കഥയിൽ ഇങ്ങനെ അവതരിപ്പിക്കുന്നു "പീടികക്കാരൻ ഫോണെടുത്ത് ആരെയോ വിളിച്ച് ഇരിങ്ങാലക്കുട ഭാഷയിൽ പറഞ്ഞു, "ഡാ, അന്തോ ണ്യേ, സ്റ്റ്റെപ്റ്റമൈസിനിണ്ട് റാ? ഡാ, നീയ്യാ വേഷകെട്ട് കളാ. ഡാ, എന്തുട്ട് വർത്താനാ ഈ പറേണ്? പഴേ കസ്റ്റമറണ്. ആ, അന്തൂന്റെ കയ്യീ കൊടത്തയയ്ക്ക്" (ഒ.വി. വിജയൻ, 1997:111). ഇവിടെ ഉപയോഗിച്ചുവരുന്ന പേരുകളിൽപോലും ഇരിങ്ങാലക്കുടക്കാരന്റേതു മാത്രമായ ചില സംസ്കാരസവിശേഷതകളെ ഒ.വി. വിജയൻ ഫാന്റസിയും നർമ്മവും കലർത്തി അവതരിപ്പിക്കുന്നു. ഇരിങ്ങാലക്കുടക്കാരനായ ഇന്നസെന്റ് മലയാള സിനിമയിൽ തനതായ സ്ഥാനം ഉറപ്പിച്ചെടുത്തതും ആ ഭാഷണശൈലി ഉപയോഗപ്പെടുത്തിക്കൊണ്ടാണ്.

ഇരിങ്ങാലക്കുടയുടെ അതിഥി കവികളാണ് വൈലോപ്പിള്ളിയും സച്ചിദാനന്ദനും എന്ന് പറയാം. അധ്യാപനവുമായി ബന്ധപ്പെട്ടാണ് ഇരുവരും ഇരിങ്ങാലക്കുടയിൽ താമസിക്കുന്നത്.

### 5.15.9 വൈലോപ്പിള്ളി

ഇരിങ്ങാലക്കുട ബോയ്സ് ഹൈസ്കൂളിൽ അധ്യാപകനായും പിന്നീട് പ്രധാന അധ്യാപകനായും ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട് വൈലോപ്പിള്ളി ശ്രീധരമേനോൻ. ഇരിങ്ങാലക്കുടയിലെ കാരുകുളങ്ങരയിലാണ് അദ്ദേഹം താമസിച്ചിരുന്നത്. അക്കാലത്ത് ഇരിങ്ങാലക്കുടയിലെ അക്ഷരശ്ലോക സദസ്സുകളുടെയെല്ലാം നിത്യസാന്നിധ്യമായിരുന്നു വൈലോപ്പിള്ളി. നാഷണൽ ഹൈസ്കൂളിലെ മലയാളം അധ്യാപകനായിരുന്ന കെ.വി. രാമനാഥൻ മാഷുടെ *ഓർമ്മകളുടെ മണിമുഴക്കം* എന്ന കൃതിയിൽ വൈലോപ്പിള്ളി സ്മരണകളുണ്ട്. ഒരിക്കൽ അക്ഷരശ്ലോകം കേൾക്കണം എന്ന ആഗ്രഹത്താൽ ചെങ്ങമനാട്ടു നമ്പ്യാരുടെ അക്ഷരശ്ലോകവേദിയിലെ സദസ്സുണ്ടെന്ന് പത്രത്തിൽകണ്ട് അദ്ദേഹം രാമനാഥൻ മാഷെ അന്വേഷിച്ചെത്തിയ കാര്യം അദ്ദേഹം ഓർക്കുന്നു (2009:104). ഇരിങ്ങാലക്കുടയുടെ സാംസ്കാരിക അന്തരീക്ഷം വൈലോപ്പിള്ളിയെ ഏറെ ആകർഷിച്ചു എന്ന് വേണം കരുതാൻ.

കാരുകുളങ്ങരയിൽനിന്ന് സൈക്കിളിലാണ് അദ്ദേഹം ബോയ്സ് സ്കൂളിലേക്ക് പോവുക. പോകുന്ന വഴിയിൽ നിരന്തരം മണിയടിച്ചു കൊണ്ടിരിക്കും. ആരോ ചോദിച്ചു, എന്തിനാ മാഷിങ്ങനെ എപ്പോഴും ബെല്ലടിക്കണത്? മുമ്പിൽ ആളുണ്ടോ ഇല്ലയോ എന്നൊക്കെ നോക്കി മണിയടിക്കാൻ മഹാബുദ്ധിമുട്ട്. മണിയടിച്ചു കൊണ്ടിരുന്നാൽ ആളുകൾ മാറിക്കൊള്ളും. എനിക്ക് മനോരാജ്യത്തിൽ മുഴുകാലോ? അങ്ങനെ പോയാലും ആ യാത്രയിൽ ഒരു അബദ്ധവും പറ്റിയതായി കേട്ടിട്ടില്ല (രാമനാഥൻ കെ.വി., 2009:105). വൈലോപ്പിള്ളി ഇരിങ്ങാലക്കുട ബോയ്സ് ഹൈസ്കൂളിലെ ഹെഡ്മാസ്റ്ററായി എത്തുന്നത് വിമോചന സമരകാലത്താണ്. അന്ന് ഇരിങ്ങാലക്കുടയിലെ വിമോചന സമരത്തിന്റെ കേന്ദ്രമായിരുന്നു ബോയ്സ് സ്കൂൾ. കവിയായ വൈലോപ്പിള്ളി, മുണ്ടശ്ശേരിയുടെ ആളാവണം എന്നൊരു അഭ്യൂഹം സമരക്കാർക്കിടയിൽ പരന്നു. വിമോചനസമരം തകർക്കാൻ വേണ്ടി മുണ്ടശ്ശേരി പ്രത്യേകമായി ഇങ്ങോട്ട് അയച്ചിരിക്കുന്നതാണെന്നചിന്ത അവരിൽ അലോസരമുണ്ടാക്കി. കമ്മ്യൂണിസ്റ്റ് പാർട്ടിയോട്

പ്രത്യേകിച്ച് ഒരു ആഭിമുഖ്യവും ഇല്ലാതിരുന്ന ഹെഡ്മാസ്റ്റർക്ക് സമരമുറകളോട് വെറുപ്പ് ഉണ്ടാക്കാൻ ആ തീരുമാനത്തിന് കഴിഞ്ഞു എന്ന് കെ.വി. രാമനാഥൻ വിലയിരുത്തുന്നു. സ്കൂൾ സമരങ്ങളെക്കുറിച്ച് ഇന്നസെന്റ് പറയുന്ന ഒരു കഥയുണ്ട്. ഒരിക്കൽ വൈലോപ്പിള്ളിയോട് നാളെ സ്കൂളുണ്ടോ എന്നൊരാൾ ചോദിച്ചുവത്രേ. അതിന് അദ്ദേഹം പറയുന്ന മറുപടി, എട്ടാം ക്ലാസ് ബി. യിൽ ഇന്നസെന്റ് എന്നൊരുത്തൻ പഠിക്കുന്നുണ്ട്. എന്ന് ഇവിടെ ക്ലാസ് വേണം - വേണ്ട എന്നൊക്കെ തീരുമാനിക്കുന്നത് ഞാനല്ല അയാളാണ് (രാമനാഥൻ കെ.വി., 2009:106).

ഒരിക്കൽ ഇരിങ്ങാലക്കുട പട്ടണത്തിന് തെക്കുഭാഗത്തുള്ള ചേലൂർക്കാവ് ക്ഷേത്രത്തിൽ നാഷണൽ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ വി.പി. ശ്രീധരമേനോന്റെ ക്ഷണം അനുസരിച്ച് താലപ്പൊലി കാണാൻചെന്ന വൈലോപ്പിള്ളിയെ രാമനാഥൻ മാഷ് ഓർക്കുന്നു. “ആദ്യമായി ചെന്നവർഷം. അഞ്ച് ആനകൾ നിരന്ന എഴുന്നള്ളിപ്പ്. പിന്നിൽനിന്നടിക്കുന്ന പോക്കുവെയിലിൽ തിളങ്ങുന്ന പട്ടുകുടകളും അവയുടെ അലകുകളും. വെൺചാമരത്തിന്റെ മന്ദചലനത്തിന് ആലവട്ടത്തിന്റെ പശ്ചാത്തലഭംഗി. പഞ്ചാരിമേളം പൊരിഞ്ഞമർന്നു. വൈലോപ്പിള്ളി എല്ലാം മനസ്സിലേക്കുറ്റിയെടുത്ത് മിണ്ടാതെ നിൽക്കുകയായിരുന്നു. ചെറിയൊരു വെടിക്കെട്ടും കഴിഞ്ഞു. ആനകൾ പത്തായപ്പുരയ്ക്ക് മുന്നിലെത്തി. ചമയങ്ങളഴിച്ചിറക്കി. അപ്പോഴാണ് മാഷ് വാ തുറന്നത്.

‘നൃത്തം കഴിഞ്ഞു. ആടയാഭരണങ്ങളഴിച്ചു. ഇനി കുളിക്കാനുള്ള പുറപ്പാടാണ്’

അകലെ പാടത്തിനക്കരെ ചക്രവാളത്തിൽ സൂര്യാസ്തമയം. സന്ധ്യാംബരം നിറയെ നിറപ്പകിട്ട് - ഊരിയെറിഞ്ഞ ഉടയാടകൾ പോലെ.

എന്തിനെക്കുറിച്ചാണ് വൈലോപ്പിള്ളി പറഞ്ഞത് ആനകളെക്കുറിച്ചോ? സൂര്യാസ്തമയത്തെക്കുറിച്ചോ?” (രാമനാഥൻ കെ.വി., 2009:107). വൈലോപ്പിള്ളി ശ്രീധരമേനോന്റെ കാവ്യഭാവനയ്ക്ക് ഊട്ടും പാവും നൽകുന്നതിൽ ഇരിങ്ങാലക്കുടയുടെ സാംസ്കാരിക അന്തരീക്ഷം ചെറുതല്ലാത്ത പങ്ക് വഹിച്ചിട്ടുണ്ട് എന്ന് വേണം കരുതാൻ. കവി ബാലചന്ദ്രൻ ചുള്ളിക്കാട് അന്നം എന്ന കവിതയിൽ വൈലോപ്പിള്ളിയെക്കൊണ്ട് ഇങ്ങനെ പറയിക്കുന്നു,

കൂടൽമാണിക്യത്തിലെ സദ്യ നീയുണ്ടിട്ടുണ്ടോ?
പാടി ഞാൻ പുകഴ്ത്തിടാം കെങ്കേമമാ പുളിങ്കറി

ഇരിങ്ങാലക്കുടയും അവിടുത്തെ നാട്ടുവഴികളും കൂടൽമാണിക്യവുമെല്ലാം വൈലോപ്പിള്ളിക്ക് അത്രമേൽ പ്രിയങ്കരം ആയിരുന്നു എന്ന് വ്യക്തമാണ്.

### 5.15.10 കെ. സച്ചിദാനന്ദൻ

കൊടുങ്ങല്ലൂരിലെ പുല്ലൂറ്റ് എന്ന പ്രദേശത്ത് ജനിച്ച സച്ചിദാനന്ദൻ ഇരിങ്ങാലക്കുടയിലെത്തുന്നത് ക്രൈസ്റ്റ് കോളേജിലെ വിദ്യാർത്ഥിയായാണ്. 1962 മുതൽ 1966 വരെയുള്ള കാലത്തായിരുന്നു അത്. ക്രൈസ്റ്റ് കോളേജ് തന്റെ ചിന്തയുടെയും സാഹിത്യസങ്കല്പങ്ങളുടെയും രൂപീകരണത്തിൽ അതിപ്രധാനമായ പങ്കുവഹിച്ചിട്ടുണ്ട് എന്ന് സച്ചിദാനന്ദൻ അഭിപ്രായപ്പെടുന്നു. വിവർത്തനങ്ങളിലൂടെ പാശ്ചാത്യസാഹിത്യത്തെ പരിചയപ്പെടാനും ആഴത്തിൽ ഉൾക്കൊള്ളാനും സാധിച്ചത് ഇക്കാലത്താണ്. ബൈറന്റെയും കീറ്റ്സിന്റെയുമൊക്കെ കവിതകളാണ് അക്കാലത്ത് പ്രധാനമായും വായിച്ചിരുന്നത്. അവയൊക്കെ തന്റെ ആദ്യകാല കാവ്യസങ്കല്പത്തിന്റെ രൂപീകരണത്തിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട് എന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. അതിനേക്കാൾ അഗാധമായി ജീവിതദീപ്തമായ സ്വാധീനം സച്ചിദാനന്ദനിൽ ഉളവാക്കിയത് ബൈബിളിന്റെ വായനയാണ്. ക്രൈസ്റ്റ് കോളേജിൽ വച്ചാണ് ബൈബിൾ സൂക്ഷ്മമായി വായിക്കുന്നത്. ക്രിസ്തുവിന്റെ അഗാധമായ മാനുഷികത, തന്നെ ആകർഷിച്ചതായി അദ്ദേഹം വ്യക്തമാക്കുന്നു. ബുദ്ധനും ക്രിസ്തുവും മാർക്സുമാണ് തന്റെ ജീവിതത്തിൽ സ്വാധീനം ചെലുത്തിയ മൂന്നുപേർ എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ക്രൈസ്റ്റ് കോളേജിലെ മലയാളം അധ്യാപകരായ സി.പി. ഇളയത്, മാമ്പുഴ കുമാരൻ എന്നിവർ തന്നെ കവിതയിലേക്ക് അടുപ്പിച്ചതിൽ പ്രധാന പങ്കുവഹിച്ചതായി അദ്ദേഹം കരുതുന്നു. ഇംഗ്ലീഷ് ഭാഷയിലേക്ക് അടുപ്പിച്ച പി.എസ്. വെങ്കിടേശ്വരൻ, ജോസഫ് കൊള്ളേങ്ങാടൻ എന്നീ അധ്യാപകരെയും അദ്ദേഹം ഓർക്കുന്നുണ്ട്. ഷെല്ലിയുടെയും കീറ്റ്സിന്റെയും കവിതകൾ വിവർത്തനം ചെയ്ത് മാമ്പുഴ കുമാരൻ മാസ്റ്ററെ കാണിക്കുക പതിവായിരുന്നു. ഷെല്ലിയുടെലോകം, പടിഞ്ഞാറൻ കാറ്റിനോട്, കീറ്റ്സിന്റെ ഗീതകങ്ങൾ, ബൈറന്റെ ചില ചെറിയ കവിതകൾ, വേർഡ്സ് വർത്തിന്റെ സോണറ്റ്സ്, ഷേക്സ്പിയറിന്റെ ചില ഗീതങ്ങൾ ഇവയെല്ലാം അക്കാലത്ത് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയവയാണ്.

ഫാ. ഗബ്രിയേലിന്റെ ക്ഷണമനുസരിച്ച് ക്രൈസ്റ്റ് കോളേജിലെ അധ്യാപകനായി, 1970 ജനുവരിയിലാണ് ഇരിങ്ങാലക്കുടയിൽ എത്തുന്നത്. ഇരിങ്ങാലക്കുടയിലെ വിവിധ ഇടങ്ങളിലായി അഞ്ച് വീടുകളിൽ അദ്ദേഹം താമസിച്ചിട്ടുണ്ട്. ബോധി എന്ന പേരാണ് അദ്ദേഹം തന്റെ വീടിന് നൽകിയത്. തുടർന്ന് ഡൽഹിയിലടക്കം സച്ചിദാനന്ദൻ താമസിച്ച വീടുകളുടെയെല്ലാം പേര് ബോധി എന്നുതന്നെയായിരുന്നു. ഇരിങ്ങാലക്കുടയിലെ സഹൃദയരായ ഒട്ടനവധി പേർ അക്കാലത്ത് ബോധിയിലെത്തുകയും സാഹിത്യ - സാമൂഹ്യരംഗത്തെക്കുറിച്ച് ചർച്ചകൾ നടത്തുകയും ചെയ്തുവന്നു. ഇക്കാലത്താണ് അദ്ദേഹം മാസികകളിൽ തന്റെ കവിതകൾ പ്രസിദ്ധീകരിക്കുന്നതും പല സംഘടനകളിലൂടെ സാമൂഹ്യരംഗത്ത് പ്രവർത്തിക്കുന്നതും. ശാസ്ത്രസാഹിത്യപരിഷത്ത്, ദേശാഭിമാനി സ്റ്റഡി സർക്കിൾ, ജനകീയ സാംസ്കാരിക വേദി എന്നിവയിലെല്ലാം ഒരേ സമയത്താണ് അദ്ദേഹം പ്രവർത്തിച്ചിരുന്നത്. ശാസ്ത്രസാഹിത്യപരിഷത്തിനു വേണ്ടി പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചുള്ള ഒട്ടനവധി ക്ലാസുകൾ അക്കാലത്ത് എടുത്തിരുന്നു. അയ്യപ്പപ്പണിക്കരുടെ നേതൃത്വത്തിലുള്ള കേരളകവിത എന്ന പ്രസിദ്ധീകരണത്തിൽ സച്ചിദാനന്ദനും പങ്കാളിയായിരുന്നു. പുതിയ കവിതകളെക്കുറിച്ചുള്ള പഠനങ്ങൾ എഴുതാൻ ആരംഭിച്ചതും അതിനുവേണ്ടിത്തന്നെ.

സച്ചിദാനന്ദന്റെ ആദ്യത്തെ പ്രസിദ്ധീകരണം 1970 -ൽ ഇറങ്ങിയ കാവ്യപഠനങ്ങളുടെ സമാഹാരമായ *കുരുക്ഷേത്രം* ആയിരുന്നു. ആദ്യത്തെ കവിതാസമാഹാരമായ *അഞ്ചു സൂര്യൻ* ഇറങ്ങുന്നത് 1971 -ൽ ആണ്. *എഴുത്തച്ഛനെഴുതുമ്പോൾ, പീഡനകാലം, വേനൽമഴ, ഇവനെക്കൂടി, വീടുമാറ്റം, മലയാളം, അപൂർണ്ണം, സംഭാഷണത്തിനൊരുശ്രമം, വിക്ക്, മറന്നുവെച്ച വസ്തുക്കൾ, ബഹുരൂപി* തുടങ്ങി ഇരുപതിലേറെ കവിതാസമാഹാരങ്ങളും *കുരുക്ഷേത്രം, സംസ്കാരത്തിന്റെ രാഷ്ട്രീയം, വീണ്ടുവിചാരങ്ങൾ* തുടങ്ങി പതിനഞ്ച് ലേഖനസമാഹാരങ്ങളും *ശക്തൻ തമ്പുരാൻ, ഗാന്ധി* തുടങ്ങിയ നാടകങ്ങളും കൂടാതെ *പല ലോകം പല കാലം, മൂന്നു യാത്ര* തുടങ്ങിയ യാത്രാവിവരണങ്ങളും ലോകകവിതകളുടെയും ഇന്ത്യൻ കവിതകളുടെയുമായി പതിനഞ്ചോളം വിവർത്തനസമാഹാരങ്ങളും സച്ചിദാനന്ദന്റേതായുണ്ട്. *ഇന്ത്യൻ ലിറ്ററേച്ചറി*ന്റെ എഡിറ്ററും കേന്ദ്ര സാഹിത്യ അക്കാദമി സെക്രട്ടറിയുമായിരുന്ന സച്ചിദാനന്ദൻ ഇപ്പോൾ കേരള സാഹിത്യ അക്കാദമി അധ്യക്ഷനാണ്.

## 5.15.11 ആനന്ദ്

*ആൾക്കൂട്ടം*എന്ന ആദ്യനോവലിലൂടെ ശ്രദ്ധേയനായ എഴുത്തുകാരനാണ് ആനന്ദ്. 1936 -ൽ ഇരിങ്ങാലക്കുടയിൽ ജനിച്ച അദ്ദേഹത്തിന്റെ ശരിയായ പേര് പി. സച്ചിദാനന്ദൻ എന്നാണ്. ഇരിങ്ങാലക്കുട കാരുകുളങ്ങരക്ഷേത്രത്തിനു സമീപം കണികപ്പിള്ള വീട്ടിലാണ് അദ്ദേഹം ജനിച്ചത്. ആനന്ദിന്റെ *മരണസർട്ടിഫിക്കറ്റ്* എന്ന നോവലിലെ ജ്യേഷ്ഠന്റെ ഓർമ്മയ്ക്കായി പണിത ആൽത്തറ കാരുകുളങ്ങര ക്ഷേത്രത്തിനുസമീപം കാണാം. നാലുവർഷത്തെ പട്ടാളജീവിതവും എൻജിനീയർ എന്ന നിലയിലുള്ള ഉത്തരേന്ത്യൻ പ്രവാസവും അദ്ദേഹത്തിന്റെ ചിന്തകളെ കൂടുതൽ വിശാലമാക്കി. അരക്ഷിതമായ മനുഷ്യജീവിതം കൂടുതൽ സങ്കീർണ്ണവും ദുർഗ്രഹവുമായി ആനന്ദിന്റെ കൃതികളിൽ പ്രത്യക്ഷപ്പെട്ടു. ദാർശനികവും നിരാർദ്രവുമായി അദ്ദേഹത്തിന്റെ ഭാഷ. *മരണ സർട്ടിഫിക്കറ്റ്, അഭയാർത്ഥികൾ, മരുഭൂമികൾ ഉണ്ടാകുന്നത്, വ്യാസനും വിഘ്നേശ്വരനും, ഗോവർധനന്റെ യാത്രകൾ* (നോവലുകൾ), *വീടും തടവും, ഒടിയുന്ന കുരിശ്, ഇര, സംവാദം,അശാന്തം, നാലാമത്തെ ആണി* (ചെറുകഥകൾ) *ശവഘോഷയാത്ര, മുക്തിപഥം* (നാടകങ്ങൾ), *ഇടപെടലുകൾ, ആനന്ദിന്റെ ലേഖനങ്ങൾ, ജൈവമനുഷ്യൻ, വേട്ടക്കാരനും വിരുന്നുകാരനും, നഷ്ടപ്രദേശങ്ങൾ* (ഉപന്യാസങ്ങൾ) തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ കൃതികൾ. കേന്ദ്ര - കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം, തുടങ്ങി നിരവധി അംഗീകാരങ്ങൾ അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്.

## 5.15.12 കെ.വി. രാമനാഥൻ

ഇരിങ്ങാലക്കുടയിലെ സാംസ്കാരികവേദികളിലെല്ലാം നിത്യസാന്നിധ്യമായിരുന്നു കെ.വി രാമനാഥൻ. മണമ്മൽ ശങ്കരമേനോന്റെയും കൊച്ചുകുട്ടിയമ്മയുടെയും മകനായി, 1932 -ൽ ആണ് അദ്ദേഹം ഇരിങ്ങാലക്കുടയിൽ ജനിച്ചത്. ഇവിടെ പാലസ് റോഡിലുള്ള പൗർണ്ണമി എന്ന വീട്ടിലായിരുന്നു താമസം.

കുട്ടികളുടെ മനസ്സറിഞ്ഞ ബാലസാഹിത്യകാരനും അധ്യാപകനുമായിരുന്നു അദ്ദേഹം. 1951 മുതൽ ഇരിങ്ങാലക്കുട നാഷണൽ ഹൈസ്കൂളിൽ മലയാളം അധ്യാപകനായിരുന്നു. പിന്നീട് ഐതിഹ്യങ്ങളുടെയും പുരാണങ്ങളുടെയും മാസ്മരിക ലോകത്തുനിന്നും കുട്ടികളുടെ മനസ്സിനെ തങ്ങളുടെ ചുറ്റുപാടുകളെ നിരീക്ഷിക്കാൻ പ്രാപ്തമാ

ക്കുന്ന ബാലസാഹിത്യകാരനായി അദ്ദേഹം. 1961 -ലാണ് കെ.വി. രാമനാഥന്റെ അപ്പുക്കുട്ടനും ഗോപിയും എന്ന ആദ്യപുസ്തകം സാഹിത്യപ്രവർത്തകസഹകരണസംഘം പ്രസിദ്ധീകരിക്കുന്നത്. ഇരിങ്ങാലക്കുടയുടെ സാംസ്കാരിക അന്തരീക്ഷം അദ്ദേഹത്തിന്റെ കഥകളെ സ്വാധീനിച്ചിട്ടുണ്ട്. ബാലകഥകൾ എന്ന് പറയുമ്പോഴും ജീവിതത്തിന്റെ ശക്തവും തീവ്രവുമായ സൂക്ഷ്മദർശനം രാമനാഥന്റെ കഥകൾക്കുണ്ട്. മലയാളബാലസാഹിത്യചരിത്രത്തെ സംബന്ധിച്ചിടത്തോളം ഇതൊരു പുതിയ കാൽവെയ്പ്പായിരുന്നു. മനുഷ്യരും ജീവജാലങ്ങളും ഒത്തുചേരുന്ന ഒരത്ഭുതലോകമായിരുന്നു ആ കഥകൾ. 2009 കാലമായപ്പോഴേക്കും 26 പുസ്തകങ്ങൾ അദ്ദേഹത്തിന്റേതായി പുറത്തുവന്നു.

1970 മുതൽ അഞ്ച് വർഷത്തോളം അഞ്ചാം ക്ലാസിലെ മലയാളം ഉപപാഠപുസ്തകമായിരുന്ന *കണ്ണീർ മുത്തുകൾ* രാമനാഥൻ മാഷുടേതാണ്. മാതൃഭൂമിയുടെ ബാലമാസികയായ ബാലഭൂമി പുതിയ തലമുറയിലെ കുട്ടികൾക്കായി പുനഃപ്രസിദ്ധീകരിച്ചപ്പോൾ *അപ്പുക്കുട്ടനും ഗോപിയും, അത്ഭുതവാനരന്മാർ, രാജുവും റാണിയു*മെല്ലാം പ്രത്യക്ഷപ്പെട്ടു. *കുഞ്ഞുറുമ്പും കുളക്കോഴിയും, ടാഗോർ കഥകൾ, മുന്തിരിക്കുല, സ്വർണ്ണത്തിന്റെ ചിരി, കുട്ടികളുടെ ശാകുന്തളം, അജ്ഞാതലോകം, മാന്ത്രികപ്പൂക്കൾ, അത്ഭുത നീരാളി, അദൃശ്യ മനുഷ്യൻ, ആമയും മുയലും, കമാന്റർ ഗോപി, വിഷവൃക്ഷം, ഒരിക്കൽക്കൂടി, കുട്ടികൾക്ക് സ്നേഹപൂർവ്വം* എന്നിവയാണ് കെ.വി. രാമനാഥന്റെ പ്രധാന ബാലസാഹിത്യകൃതികൾ. *പ്രവാഹങ്ങൾ, ചുവന്ന സന്ധ്യ* എന്നീ നോവലുകളും *കർമ്മകാണ്ഡം, രാഗവും താളവും* എന്നീ ചെറുകഥകളും പ്രധാനം തന്നെ. *ബാലസാഹിത്യത്തിന്റെ ഉത്ഭവവും വളർച്ചയും മലയാളത്തിൽ* എന്ന കൃതിയാകട്ടെ ആധികാരികമായ ഒരു ഗവേഷണഗ്രന്ഥമാണ്. *ഓർമ്മകളുടെ മണിമുഴക്കം* എന്ന ഓർമ്മക്കുറിപ്പുകൾ ഒരു കാലഘട്ടത്തെത്തന്നെയാണ് അടയാളപ്പെടുത്തുന്നത്. ഇരിങ്ങാലക്കുട എന്ന ദേശത്തെയും ഇതുമായി ബന്ധപ്പെട്ട വ്യക്തികളെയും സംഭവങ്ങളെയും അവിടെ നമുക്ക് കണ്ടെത്താൻ കഴിയും. ഡൽഹിയിൽനിന്നും പ്രസിദ്ധീകരിച്ചിരുന്ന ശങ്കറിന്റെ ചിൽഡ്രൻസ് വേൾഡിലും ഹിന്ദുവിന്റെ യംഗ് വേൾഡിലും കഥകൾ എഴുതിയിരുന്നു കെ.വി. രാമനാഥൻ.

കൈരളി ചിൽഡ്രൻസ് ട്രസ്റ്റിന്റെ ഓണററി മെമ്പറും സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗവുമായിരുന്നു അദ്ദേഹം. ബാലസാഹിത്യരംഗത്തെ സമഗ്രസംഭാവനയ്ക്കുള്ള കേന്ദ്രസാഹിത്യ അക്കാദമിയുടെ പുരസ്കാരവും സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സി.ജി. ശാന്തകുമാർ പുരസ്കാരവും

(2012) രാമനാഥൻമാഷിന് ലഭിച്ചു. കേരളസാഹിത്യഅക്കാദമിയുടെ എൻഡോവ്മെന്റ് അവാർഡ് *അത്ഭുത നീരാളി* എന്ന കഥയ്ക്ക് 1994 -ലാണ് ലഭിച്ചത്. സമസ്തകേരള സാഹിത്യ പരിഷത്ത് നൽകുന്ന പുരസ്കാരവും കൈരളി ചിൽഡ്രൻസ് ബുക് ട്രസ്റ്റ് അവാർഡ്, എസ്.പി.സി.എസ്. അവാർഡ് എന്നിവയും അദ്ദേഹത്തെ തേടിയെത്തി.

കുട്ടികളുടെ പ്രിയപ്പെട്ട അധ്യാപകനായിരുന്നു എന്നത് ബാലസാഹിത്യരംഗത്ത് കൂടുതൽ ശോഭിക്കാൻ അദ്ദേഹത്തിന് സഹായകമായി. 1987 -ൽ പ്രധാന അധ്യാപകനായാണ് നാഷണൽ സ്കൂളിൽനിന്നും രാമനാഥൻമാഷ് വിരമിക്കുന്നത്. 36 വർഷത്തെ അധ്യാപനജീവിതത്തിലൂടെ ഇവിടുത്തെ പലതലമുറകളെ സ്വാധീനിക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. ഐ.എസ്.ആർ.ഒ. ചെയർമാനായിരുന്ന കെ. രാധാകൃഷ്ണനും, ഗായകൻ പി. ജയചന്ദ്രനും കാൻസർരോഗവിദഗ്ധനായ ഡോ. വി.പി. ഗംഗാധരനും സിനിമാനടൻ ഇന്നസെന്റും നോവലിസ്റ്റ് ആനന്ദുമൊക്കെ ആ ശിഷ്യഗണങ്ങളിൽ പ്രശസ്തരായ ചിലരാണ്. നാഷ്ണൽ സ്കൂളിൽനിന്നുള്ള രാമനാഥൻമാഷുടെ യാത്രയയപ്പിനോടനുബന്ധിച്ച് പി. ജയചന്ദ്രന്റെ ഗാനമേളയുണ്ടായിരുന്നു. രാമനാഥൻ മാഷ് പാടി ട്യൂൺ ചെയ്ത് കുട്ടികളെ പഠിപ്പിച്ച പാട്ട് വികാരനിർഭരമായ അന്തരീക്ഷത്തിൽ ജയചന്ദ്രനൊപ്പം പാടിയാണ് അദ്ദേഹം ഔദ്യോഗികജീവിതത്തിൽ നിന്നിറങ്ങിയത്.

2023 ഏപ്രിൽ 10 -ന് തന്റെ തൊണ്ണൂണ്ണി ഒന്നാമത്തെ വയസ്സിൽ അദ്ദേഹം മരിച്ചു. അർഹമായ ആദരവോടെയാണ് ഇരിങ്ങാലക്കുടയിലെ പൗരാവലി അദ്ദേഹത്തിന്റെ മരണാനന്തര ചടങ്ങുകൾ നടത്തി യാത്രയാക്കിയത്.

### 5.15.13 മാമ്പുഴ കുമാരൻ

സാഹിത്യത്തിലും ഭാഷാധ്യാപനത്തിലും മികവ് പുലർത്തിയ മാമ്പുഴ കുമാരൻ, എറണാകുളം ജില്ലയിലെ മാമ്പുഴ എന്ന ഗ്രാമത്തിൽ 1933 -ലാണ് ജനിച്ചത്. 1961 -ൽ ക്രൈസ്റ്റ് കോളേജിൽ മലയാളം അധ്യാപകനായി എത്തിച്ചേരുന്നതോടെയാണ് അദ്ദേഹം ഇരിങ്ങാലക്കുടയുടെ ഭാഗമായി മാറുന്നത്. മികച്ച അധ്യാപകൻ, വാഗ്മി, എഴുത്തുകാരൻ എന്നീ നിലകളിലെല്ലാം മാമ്പുഴ കുമാരൻ മാസ്റ്റർ പ്രശസ്തനാണ്. ഇരിങ്ങാലക്കുടയിലെ സാമൂഹ്യ - സാഹിത്യസദസ്സുകളിലെ സ്ഥിരസാന്നിധ്യമായിരുന്നു അദ്ദേഹം. ഹാസ്യകവിതകളും ഹാസ്യലേഖനങ്ങളും എഴുതിയിരുന്നെങ്കിലും നിരൂപ

ണരംഗത്താണ് അദ്ദേഹം കൂടുതൽ ശ്രദ്ധേയനായത്. മലയാളത്തിലെ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ സ്ഥിരമായി മാമ്പുഴ കുമാരൻ മാസ്റ്റർ എഴുതിവന്നു. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഏറെക്കാലം ഗ്രന്ഥനിരൂപണ പംക്തി കൈകാര്യം ചെയ്തു. *വാക്കും പൊരുളും, മോളിയേയിൽനിന്ന് ഇബ്സനിലേക്ക്, അനുമാനം, സംസ്കാരത്തിന്റെ അടയാള ങ്ങൾ* തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ്. സൂക്ഷ്മമായ വിശകലനരീതിയും പാശ്ചാത്യസാഹിത്യവുമായുള്ള സമ്പർക്കവും അദ്ദേഹത്തിന്റെ നിരൂപണങ്ങളെ കൂടുതൽ ശ്രദ്ധേയമാക്കി.

മാമ്പുഴ കുമാരൻമാഷുടെ ക്ലാസ്സുകൾ പൗരസ്ത്യ-പാശ്ചാത്യസാഹിത്യത്തിന്റെ വലിയ ലോകം തുറന്നുനൽകിയിരുന്നതായി ക്രൈസ്റ്റ് കോളേജിലെ പൂർവ്വവിദ്യാർത്ഥികൾ ഓർക്കുന്നു. മലയാളം ഉപവിഷയമായി എടുക്കാത്തവർ പോലും ആ ക്ലാസ്സുകളിൽ കയറിയിരുന്നു. തന്നെ കാവ്യലോകത്തേക്ക് എത്തിച്ചവരിൽ ഒരാളാണ് മാമ്പുഴ കുമാരനെന്ന് കെ. സച്ചിദാനന്ദൻ അനുസ്മരിക്കുന്നുണ്ട്. 2024 ഒക്ടോബർ 30 -ന് അദ്ദേഹം അന്തരിച്ചു.

## 5.15.14 ജോർജ്ജ് നെല്ലായി

ഇരിങ്ങാലക്കുട എന്ന പ്രദേശത്തെ തന്റെ നോവലുകളിലൂടെ പ്രതിഫലിപ്പിച്ച എഴുത്തുകാരനാണ് ജോർജ്ജ് നെല്ലായി. 1974 -ൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ വജ്രമാല എന്ന നോവൽ തുടങ്ങുന്നത് ഇങ്ങനെയാണ്, "മാണിക്യക്ഷേത്രത്തിൽനിന്ന് പ്രഭാതത്തെ സ്വാഗതം ചെയ്തുകൊണ്ടുള്ള സ്തോത്രങ്ങൾ ഉയരുന്നു. ഉഷകാലത്തെ തുഷാരബിന്ദുക്കൾ അരയാൽത്തറയിൽ മുത്തുമണികൾ വിതറുകയാണ്" (1980:9). ഇത്തരത്തിൽ ക്ഷേത്രവും ആൽത്തറയും തെക്കേക്കുളവും ബസ്റ്റാന്റും അങ്ങാടിയും പിണ്ടിപ്പെരുന്നാളുമെല്ലാം അദ്ദേഹത്തിന്റെ നോവലുകളിൽ സ്ഥാനം പിടിച്ചിരിക്കുന്നു.

ഇരിങ്ങാലക്കുട സെന്റ്. മേരീസ് സ്കൂളിൽ അധ്യാപകനായിരുന്ന ജോർജ്ജ് നെല്ലായി ഇരുപതിലധികം നോവലുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രണയവും കുടുംബവുമെല്ലാമടങ്ങുന്ന തരളവികാരങ്ങളാണ് അദ്ദേഹം അവതരിപ്പിച്ചത്. ക്രിസ്തീയപശ്ചാത്തലത്തിലുള്ള കുടുംബാന്തരീക്ഷമാണ് ആ കൃതികളിലധികവും. *സന്ധ്യ പ്രകാശം, മെഴുകുതിരി നാളങ്ങൾ, പൊയ്മുഖങ്ങൾ, നിർവൃതി, മോനിക്കയുടെ അനിയത്തി, ചിത്തിരക്കിളി, ചുറ്റ*

*വിളക്ക്, പൂജാപുഷ്പം, അരളിപ്പൂക്കൾ, ആയിരം മുല്ലപ്പൂക്കൾ, ടാജ്മുതൽ രാജ്ഘട്ട് വരെ, എന്റെ 100 കഥകൾ* തുടങ്ങിയകൃതികൾ അവയിൽ ചിലതാണ്. നാട്ടുണരുന്നു എന്ന നാടകത്തിന് കേന്ദ്രകൃഷിവകുപ്പ് നടത്തിയ മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ചു.

1934 -ൽ ഇരിങ്ങാലക്കുട നെല്ലായി ലോനപ്പൻ - ബ്രിജിത്ത ദമ്പതികളുടെ മകനായാണ് ജോർജ്ജ് നെല്ലായി ജനിച്ചത്. സാഹിത്യവേദികളിലെ സ്ഥിരസാന്നിധ്യമായിരുന്ന അദ്ദേഹം 1997 -ൽ തന്റെ അറുപത്തിമൂന്നാം വയസ്സിൽ ഹൃദയാഘാതം മൂലം മരണമടയുകയായിരുന്നു. കേരള സാഹിത്യഅക്കാദമി നിർവാഹകസമിതി അംഗംവരെയായിരുന്ന അദ്ദേഹത്തെ മലയാള സാഹിത്യചരിത്രങ്ങൾപോലും വിസ്മരിച്ചു എന്നത് ഖേദകരമാണ്. സാഹിത്യപ്രവർത്തനവും അതുവഴിയുണ്ടായ സൗഹൃദങ്ങളും മാത്രമല്ല, തന്റെ ദേശവും അവിടുത്തെ ആഘോഷങ്ങളും അദ്ദേഹത്തിന് പ്രധാനമായിരുന്നു. ഇരിങ്ങാലക്കുടയിൽനിന്നും ഒരു സാഹിത്യ അക്കാദമി മെമ്പർ ഉണ്ടായപ്പോൾ നാട്ടിൽ വലിയ ആഘോഷമുണ്ടായതായും സുകുമാർ അഴിക്കോട്, ഡി.സി. കിഴക്കേമുറി, പവനൻ തുടങ്ങിയ സുഹൃത്തുക്കൾ വീട്ടിൽ എപ്പോഴും വരാറുണ്ടായിരുന്നെന്നും ജോർജ്ജ് നെല്ലായിയുടെ മകൾ ഷിന്റ ജി. നെല്ലായി ഓർക്കുന്നു.[11]

## 5.15.15 ടി.വി. കൊച്ചുബാവ

മലയാള സാഹിത്യത്തിലെ ഏറെ ശ്രദ്ധേയനായ ചെറുകഥാകൃത്തും നോവലിസ്റ്റുമാണ് ടി.വി. കൊച്ചുബാവ. ഇരിങ്ങാലക്കുടയ്ക്ക് അടുത്തുള്ള കാട്ടൂരിൽ 1955 -ലാണ് അദ്ദേഹം ജനിച്ചത്. 1999 -ൽ തന്റെ നാല്പത്തിനാലാം വയസ്സിൽ മരിക്കുകയും ചെയ്തു. ഈ ചെറിയ കാലയളവിനുള്ളിൽ നോവലുകൾ, ചെറുകഥസമാഹാരങ്ങൾ, വിവർത്തനങ്ങൾ എന്നീ വിഭാഗങ്ങളിലായി ഇരുപത്തിമൂന്നോളം കൃതികൾ അദ്ദേഹം രചിച്ചു. അതിൽത്തന്നെ *വൃദ്ധസദനം* എന്ന നോവലാണ് ഏറെ ശ്രദ്ധേയമായത്. ഈ കൃതിക്ക് 1995 -ലെ ചെറുകാട് അവാർഡും 1996 -ലെ കേരളസാഹിത്യഅക്കാദമി അവാർഡും ലഭിച്ചു. *ഒന്നങ്ങനെ ഒന്നിങ്ങനെ, വീടിപ്പോൾ നിശ്ശബ്ദമാണ്, ഭൂമിശാസ്ത്രം, പ്രച്ഛന്നം, അവതാരിക ഭൂപടങ്ങൾക്ക്, വില്ലന്മാർ സംസാരിക്കുമ്പോൾ, പെരുങ്കളിയാട്ടം, വിരുന്നുമേശയിലേക്ക്, നിലവിളികളോടെ, സൂചിക്കുഴയിലൂടെ ഒരു യാക്കോബ്, കിളികൾക്കും പൂക്കൾക്കും, ഇറച്ചിയും കുന്തിരിക്കവും, സ്നാനം, എപ്പോഴെത്തുമോ എന്തോ, പ്രച്ഛന്നം, കിണറുകൾ,*

[11] ഷിന്റ ജി. നെല്ലായി, 42 വയസ്സ്, നെല്ലായി വീട്, ഇരിങ്ങാലക്കുട.

*ഉപജന്മം, ജാതകം, വിരുന്ന് മേശയിലേക്ക് നിലവിളിയോടെ* തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ മറ്റ പ്രധാന കൃതികൾ. 1982 -ൽ പുറത്തിറങ്ങിയ ബലൂൺ എന്ന സിനിമയുടെ തിരക്കഥ രചിച്ചുകൊണ്ട് അദ്ദേഹം സിനിമാമേഖലയിലും സാന്നിധ്യമറിയിച്ചു. ഇരിങ്ങാലക്കുടയിലെ സംസാരപബ്ലിക്കേഷൻസ് ടി.വി. കൊച്ചാബാവയുടെ കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 5.15.16 അശോകൻ ചരുവിൽ

മലയാളത്തിലെ മികച്ച കഥാകൃത്തുക്കളിൽ ഒരാളാണ് അശോകൻ ചരുവിൽ. 1957 -ൽ കാട്ടൂരിലാണ് അദ്ദേഹം ജനിച്ചത്. ചരുവിൽ വീട്ടിൽ സി.എ. രാജനും വി.എ. ചന്ദ്രമോഹനയുമാണ് അശോകൻ ചെരുവിലിന്റെ മാതാപിതാക്കൾ. രജിസ്ട്രേഷൻ വകുപ്പിൽ ഉദ്യോഗസ്ഥനായി സേവനമനുഷ്ഠിച്ചിരുന്ന അദ്ദേഹം ദീർഘകാലം കേരള പി.എസ്.സി. അംഗവുമായിരുന്നു. പഠനകാലം മുതൽത്തന്നെ സാഹിത്യത്തിൽ സജീവമായിരുന്ന അശോകൻ, തന്റെ നാടിനെയും അവിടുത്തെ സവിശേഷതകളെയും രചനാവിഷയമാക്കി. ഈ പ്രദേശത്തിന്റെ സാമൂഹ്യജീവിതത്തിലും രാഷ്ട്രീയത്തിലും സംഭവിച്ചു കൊണ്ടിരിക്കുന്ന സംഘർഷങ്ങളെയും മാറ്റങ്ങളെയും അദ്ദേഹം സൂക്ഷ്മമായി അനുധാവനം ചെയ്യുന്നുണ്ട്. *സൂര്യകാന്തികളുടെ നഗരം, പരിചിതഗന്ധങ്ങൾ, ഒരു രാത്രിക്കു ഒരു പകൽ, മരിച്ചവരുടെ കടൽ, കഥകളിലെ വീട്, ദൈവവിശ്വാസത്തെക്കുറിച്ച് ഒരു ലഘു പന്യാസം, ചിമ്മിനി വെളിച്ചത്തിൽ, പ്രകാശിക്കുന്ന ലോകം, കങ്കാരു നൃത്തം, അശോകൻ ചരുവിലിന്റെ കഥകൾ, ക്ലർക്കുമാരുടെ ജീവിതം, കാട്ടൂർക്കടവിലെ ക്രൂരകൃത്യം, ചതുരവും സ്ത്രീകളും, ജലജീവിതം, തെരഞ്ഞെടുത്ത കഥകൾ, കടൽക്കരയിലെ വീട്, ആമസോൺ, കൽപ്പണിക്കാരൻ, കറപ്പൻ, കാട്ടൂർകടവ്* തുടങ്ങിയവ അദ്ദേഹത്തിന്റെ കൃതികളാണ്. 1986 -ലെ ചെറുകാട് അവാർഡ്, 1998 -ലെ കേരള സാഹിത്യഅക്കാദമി അവാർഡ്, 2014 -ലെ മുട്ടത്തുവർക്കി അവാർഡ്, 2024 -ലെ വയലാർ പുരസ്കാരം തുടങ്ങിയവ അദ്ദേഹത്തിന് ലഭിച്ച പുരസ്കാരങ്ങളിൽ ശ്രദ്ധേയമായ ചിലതുമാത്രമാണ്. ഇപ്പോൾ കേരളസാഹിത്യ അക്കാദമിയുടെ വൈസ് പ്രസിഡന്റായി അദ്ദേഹം സേവനം ചെയ്യുന്നു.

അശോകൻ ചരുവിലിന്റെ കഥയെ അടിസ്ഥാനമാക്കിയാണ് അർജന്റീന ഫാൻസ് കാട്ടൂർക്കടവ് എന്ന മലയാള സിനിമയ്ക്ക് തിരക്കഥ നിർമ്മിച്ചത്. തന്റെ നാട്ടിലെ ജനങ്ങൾക്ക് ഫുട്ബോൾ എന്ന കാൽപ്പന്ത് കളിയോടുള്ള വൈകാരികത ഈ

കഥയിൽ അദ്ദേഹം വ്യക്തമാക്കുന്നു. 2022 -ൽ പ്രസിദ്ധീകരിച്ച *കാട്ടൂർ കടവ്* അദ്ദേഹത്തിന്റെ ഏറ്റവും പുതിയ നോവലാണ്. പ്രാദേശികചരിത്രത്തിന്റെ ആഖ്യാനം ഈ നോവലിൽ അനുഭവിക്കാനാകും. കാട്ടൂരിന്റെ ഭൂപ്രകൃതിയും ജാതിബന്ധങ്ങളും സ്ത്രീപ്രതിനിധാനവുമെല്ലാം നോവൽ ആഖ്യാനം ചെയ്യുന്നു. 2018 -ലെ വെള്ളപ്പൊക്കം ഒരു ചരിത്രശേഖരം എന്ന നിലയിൽത്തന്നെ കൃതിയിൽ രേഖപ്പെടുത്തുന്നുണ്ട്. "പുറപ്പെട്ട കേരളത്തിലേയ്ക്കല്ല ഞാൻ തിരിച്ചു വന്നത്. ചരിത്രങ്ങൾ ഏറെ സൃഷ്ടിച്ച മനുഷ്യരും സമൂഹവുമാണ്. ഇത്ര വലിയ തിരിച്ചടി മുമ്പൊരിക്കലും ഉണ്ടായിട്ടില്ല... വെള്ളം ഇറങ്ങിയെങ്കിലും കടകൾ തുറന്ന് സാധനങ്ങൾ വലിച്ചുവാരി ഇട്ടിരിക്കുന്നു. എല്ലായിടത്തും ചീഞ്ഞ ഗന്ധം. ആളുകൾ മുഖാവരണം ധരിച്ചിട്ടുണ്ട്. വളണ്ടിയർമാർ അണുനാശിനി സ്പ്രേ ചെയ്യുന്നു. വീണുകിടക്കുന്ന മതിലുകളുടെ ദൃശ്യമാണ് ഉടനീളം. വീടിനകത്ത് നിറയെ ജന്തുക്കൾ. വീടുകൾ ആളൊഴിഞ്ഞ് കിടക്കുന്നു" (2022:349) ഇരിങ്ങാലക്കുടയുടെ സാമൂഹ്യ-രാഷ്ട്രീയചിത്രം ഈ നോവൽ അനാവരണം ചെയ്യുന്നുണ്ട്.

### 5.15.17 ഖദീജ മുംതാസ്

*ആത്മതീർത്ഥങ്ങളിൽ മുങ്ങിനിവർന്ന്* എന്ന നോവലിലൂടെ മലയാളസാഹിത്യത്തിൽ ശ്രദ്ധിക്കപ്പെട്ടു തുടങ്ങിയ എഴുത്തുകാരിയാണ് ഖദീജ മുംതാസ്. കാട്ടൂരിൽ ജനിച്ച് ഇരിങ്ങാലക്കുട സെന്റ്. ജോസഫ് കോളേജിൽനിന്ന് പ്രീഡിഗ്രി വിദ്യാഭ്യാസവും പൂർത്തിയാക്കിയ ശേഷമാണ് അവർ കോഴിക്കോട് മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. പഠനത്തിനായി എത്തുന്നത്. ഗൈനക്കോളജിയിൽ വൈദഗ്ധ്യം നേടിയ ഖദീജ അവിടെത്തന്നെ പ്രൊഫസറായി ജോലി ചെയ്തു. സൗദി അറേബ്യയിലെ പ്രവാസികളായ രണ്ട് ഡോക്ടർമാരുടെ കഥ പറയുന്ന *ബർസ* എന്ന നോവൽ ഏറെ ശ്രദ്ധേയമായിരുന്നു. 2010 -ലെ കേരളസാഹിത്യ അക്കാദമിപുരസ്കാരം ഈ നോവലിന് നേടാനായി. 2011 -ൽ പ്രസിദ്ധീകരിച്ച *ആതുരം* എന്ന നോവലും നിരൂപക പ്രശംസനേടിയ കൃതിയാണ്. *ഡോക്ടർ ദൈവമല്ല* എന്ന ലേഖനസമാഹാരവും ഖദീജ മുംതാസിന്റേതായിട്ടുണ്ട്. ഇപ്പോൾ കേരളസാഹിത്യ അക്കാദമിയുടെ വൈസ് ചെയർപേഴ്സണായി അവർ സേവനം ചെയ്യുന്നു.

### 5.15.18 പി.കെ. ഭരതൻ

2004 -ൽ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾകലാമിൽനിന്ന് മികച്ച ദേശീയ അധ്യാപക പുരസ്കാരം സ്വീകരിച്ച അധ്യാപകനും എഴുത്തുകാരനും തിരക്കഥാകൃത്തുമാണ് പി.കെ. ഭരതൻ. ഭരതൻ മാസ്റ്റർ എന്നാണ് ഇന്നാട്ടുകാർ സ്നേഹപൂർവ്വം അദ്ദേഹത്തെ വിളിക്കുന്നത്. 1951 -ൽ പാമ്പുംകാട്ടിൽ കുമാരന്റെയും കാർത്യായനിയുടെയും മകനായി ആറാട്ടുപുഴ പല്ലിശ്ശേരിയിലാണ് അദ്ദേഹം ജനിച്ചത്. ഇരിങ്ങാലക്കുട എസ്.എൻ. ട്രെയിനിങ് കോളേജിൽനിന്ന് ടീച്ചർ ട്രെയ്നിങ് പഠിച്ചകാലം തന്റെ ബൗദ്ധികചിന്തകളിൽ വലിയ പരിവർത്തനം സൃഷ്ടിക്കുകയും വായനയുടെ വിശാലമായ ലോകം തുറന്നുകിട്ടുകയും ചെയ്തതായി ഭരതൻ മാസ്റ്റർ കരുതുന്നു. അധ്യാപന ജോലിക്കിടയിൽ മലയാളത്തിൽ ബിരുദവും ബിരുദാനന്തരബിരുദവും നേടി. ഇരിങ്ങാലക്കുടയിലെയും പരിസര പ്രദേശങ്ങളിലും വിവിധ സ്കൂളുകളിൽ അധ്യാപകനായും ഒടുവിൽ ഇരിങ്ങാലക്കുട സെന്റ്. മേരീസ് ഹയർ സെക്കന്ററി സ്കൂളിൽനിന്ന് പ്രിൻസിപ്പലായുമാണ് അദ്ദേഹം വിരമിച്ചത്.

കാരൂരിന്റെ കഥകളാണ് അദ്ദേഹത്തെ കഥാരചനയിലേയ്ക്ക് ആകർഷിച്ചത്. 1972 മുതൽ വിവിധ പ്രസിദ്ധീകരണങ്ങളിൽ ഭരതൻ മാസ്റ്റർ കഥകൾ എഴുതിത്തുടങ്ങിയിരുന്നു. ആദ്യമായി ശമ്പളം കൈപ്പറ്റിയപ്പോഴുണ്ടായ അനുഭവമാണ് അദ്ദേഹത്തിന്റെ ആദ്യ കഥകളിലൊന്നായ പുതിയമുഖത്തിലെ പ്രമേയം. ഇരുപത്തിയൊന്നാമത്തെ വയസ്സിൽ ജനയുഗം നോവൽപതിപ്പിൽ പ്രസിദ്ധീകരിച്ച *വേര്* എന്ന നോവലൈറ്റാണ് പ്രസിദ്ധീകൃതമായ ആദ്യകൃതി. *ശ്രീരാഗം* എന്ന രണ്ടാമത്തെ നോവൽ ഇരിങ്ങാലക്കുട എസ്.എം. പബ്ലിക്കേഷനാണ് പ്രസിദ്ധീകരിച്ചത്. *അസുരൻ* എന്ന മൂന്ന് നോവലൈറ്റുകളുടെ സമാഹാരം സംസാരപബ്ലിക്കേഷൻസിന്റെ ആദ്യപ്രസിദ്ധീകരണങ്ങളിലൊന്നാണ്.

*മിഥുനതാളം, പി.കെ. ഭരതന്റെ കഥകൾ, സിനിമയുടെ ഗൃഹപാഠം* എന്നിവ അദ്ദേഹത്തിന്റെ പ്രധാനകൃതികളാണ്. *നമുക്കും എടുക്കാം സിനിമ* എന്ന സിനിമയെക്കുറിച്ചുള്ള വൈജ്ഞാനികകൃതിയും അദ്ദേഹത്തിന്റേതായുണ്ട്. *ഇന്നസെന്റ് ഡേയ്സ്* എന്ന കൃതി ചലച്ചിത്രതാരം ഇന്നസെന്റുമായുള്ള സൗഹൃദത്തിന്റെ ഓർമ്മകളാണ്. ഏഷ്യാനെറ്റ് സംവിധാനം ചെയ്ത ഇന്നസെന്റ് കഥകൾക്ക് തിരക്കഥ രചിച്ചത് ഭരതൻ മാസ്റ്ററാണ്.

കൂടാതെ തിരുമനസ്സ്, സാക്ഷാൽ ശ്രീമാൻ ചാത്തുണ്ണി, അങ്ങനെ ഒരവധിക്കാലത്ത് തുടങ്ങിയ സിനിമകൾക്കും തിരക്കഥ രചിച്ചു.

## 5.15.19 തുമ്പൂർ ലോഹിതാക്ഷൻ

വിശ്വസാഹിത്യത്തിലെ ഒട്ടേറെ കഥകളുടെ വിവർത്തനങ്ങളും പുനരാഖ്യാനങ്ങളും നിർവ്വഹിച്ചിട്ടുള്ള തുമ്പൂർ ലോഹിതാക്ഷൻ ചെറുകഥാകൃത്ത്, ബാലസാഹിത്യകാരൻ, നോവലിസ്റ്റ്, തിരക്കഥാകൃത്ത്, വിദ്യാഭ്യാസ - സാംസ്കാരികപ്രവർത്തകൻ എന്നീ നിലകളിലും ശ്രദ്ധേയനാണ്. 1952 -ൽ മണപ്പറമ്പിൽ ചാത്തു ടി.കെ. കൗസല്യ എന്നിവരുടെ മകനായി ഇരിങ്ങാലക്കുടയ്ക്കടുത്തുള്ള തുമ്പൂരിലാണ് ലോഹിതാക്ഷൻ ജനിച്ചത്. മലയാളത്തിലും ഇംഗ്ലീഷ് സാഹിത്യത്തിലും ബിരുദാനന്തര ബിരുദവും വിദ്യാഭ്യാസത്തിൽ ബിരുദവും അദ്ദേഹം നേടി. കരൂപ്പടന്ന ഗവ. ഹൈസ്കൂളിൽ 1978 മുതൽ ഗവൺമെന്റ് സർവ്വീസിൽ ഹൈസ്കൂൾ അധ്യാപകനായി പ്രവേശിച്ച ലോഹിതാക്ഷൻ മാസ്റ്റർ 1997 -ൽ പ്ലസ്ടു അധ്യാപകനായി പെരിഞ്ഞോട്ടുകര ഗവ. ഹയർ സെക്കന്ററി സ്കൂളിലെത്തി. 1998 മുതൽ ഇരിങ്ങാലക്കുട ഗവ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ പ്രിൻസിപ്പലായി. 2007 -ലാണ് അദ്ദേഹം സർവ്വീസിൽനിന്ന് വിരമിച്ചത്.

ലോഹിതാക്ഷൻ മാസ്റ്റർ പ്രിൻസിപ്പലായിരിക്കുമ്പോഴാണ് ഇരിങ്ങാലക്കുട ഗവ.ഗേൾസ് സ്കൂളിന് സംസ്ഥാനത്തെ ഏറ്റവും മികച്ച വിദ്യാലയത്തിനുള്ള പ്രഥമ കുഞ്ഞുണ്ണിമാസ്റ്റർ അവാർഡ് (2007) ലഭിക്കുന്നത്. സംസ്ഥാനത്തെ ഏറ്റവും മികച്ച സാഹിത്യവേദിക്കുള്ള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിട്യൂട്ട് അവാർഡ് 1996 -ൽ ഇരിങ്ങാലക്കുട വിദ്യാഭ്യാസജില്ലയ്ക്ക് ലഭിക്കുന്നത്, അദ്ദേഹം സാഹിത്യവേദിയുടെ കൺവീനറായി പ്രവർത്തിക്കുമ്പോഴാണ്.

1976 മുതൽ 1991 വരെ എഴുതിയ കഥകളുടെശേഖരമാണ് *ആശ്വാസത്തിന്റെ ഒരില* എന്ന കഥാസമാഹാരം. ഇരിങ്ങാലക്കുടയിലെ സംസാര പബ്ലിക്കേഷൻസാണ് ഇത് പ്രസിദ്ധീകരിച്ചത്. 2018 -ലെ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിവർത്തനത്തിനുള്ള അവാർഡ് ലോഹിതാക്ഷൻ മാസ്റ്റർക്ക് ലഭിച്ചു. നന്ദിനി നായർ എഴുതിയ വെൻ ചിൽഡ്രൻ മെയ്ക്ക് ഹിസ്റ്ററി: എ ടെയിൽ ഓഫ് 1857 എന്ന കഥ, 1857 ലെ ഒരു കഥ - കുട്ടികൾ ചരിത്രമെഴുതുമ്പോൾ എന്ന പേരിൽ വിവർത്തനം ചെയ്ത

തിനാണ് ഈ അവാർഡ് ലഭിച്ചത്. ഇന്ത്യക്കാരനായ ഹരിയും ഇംഗ്ലണ്ടുകാരനായ ഹാരിയും കുറുമ്പുകാരിയായ താരയും ചേർന്ന സൗഹൃദ ജീവിതകഥയാണ് ഇതിലെ ഇതിവൃത്തം. റഷ്യൻ നോവലായ *ദ ലേഡി മാക്ബെത്ത് ഓഫ് മെസെൻസ്ക്* എന്ന കൃതി എച്ച് & സിക്ക് വേണ്ടി വിവർത്തനം ചെയ്തത് അദ്ദേഹമാണ്. *ദൂരെ ദൂരെ ഒരു നക്ഷത്രം* എന്ന കുട്ടികളുടെ നോവലും എച്ച് & സി തന്നെയാണ് പ്രസിദ്ധീകരിച്ചത്. കുട്ടികളിൽ സമത്വവും സാഹോദര്യവും ജനാധിപത്യമൂല്യങ്ങളും വളർത്തിയെടുക്കുന്നതിന് ഉപയുക്തമായ കൃതിയാണിത്. ശിഖണ്ഡിയും മറ്റാരും പറയാത്ത അപൂർവ കഥകളും, ഒന്നുമില്ലാത്തവർ, ഒരു കപ്പൽച്ചേതത്തിന്റെ കഥ തുടങ്ങിയവ അദ്ദേഹം വിവർത്തനം ചെയ്ത മറ്റു കൃതികളാണ്. *പുതുകവിതകൾ* എന്ന കവിതാസമാഹാരത്തിന്റെ എഡിറ്ററാണ് ലോഹിതാക്ഷൻ മാസ്റ്റർ. കൂടാതെ *ബീർബൽ കഥകൾ, ഹിതോപദേശ കഥകൾ, മാന്ത്രിക കഥകൾ, ടോൾസ്റ്റോയ് കഥകൾ, സൈലാസ് മാർനർ, ശുഭകഥനങ്ങൾ, ദുരന്ത കഥനങ്ങൾ, ഷേക്സ്പിയർ കഥകൾ, വിശ്വസാഹിത്യ ചൊൽക്കഥകൾ* (വാല്യം 11, 12), *കുഞ്ഞിപ്പെണ്ണുങ്ങൾ, സിറിയൻ നാടോടിക്കഥകൾ* തുടങ്ങിയ കൃതികളുടെ പുനരാഖ്യാനവും അദ്ദേഹം നിർവ്വഹിച്ചിട്ടുണ്ട്.

കേരളസംസ്ഥാനവിദ്യാഭ്യാസവകുപ്പിനും ലക്ഷദ്വീപ് വിദ്യാഭ്യാസവകുപ്പിനുമായി പാഠപുസ്തകരചന നിർവഹിച്ചിട്ടുണ്ട് അദ്ദേഹം. 1996 മുതൽ വേളൂക്കര ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിക്കുന്ന, ഗ്രാമജാലകം മാസിക തുമ്പൂർ ലോഹിതാക്ഷൻ മാസ്റ്ററുടെ പത്രാധിപത്യത്തിലാണ് കഴിഞ്ഞ 25 വർഷമായി പ്രസിദ്ധീകരിക്കുന്നത്. തിരുമനസ്സ് എന്ന സിനിമയ്ക്ക് കഥയും കാണാപ്പുറങ്ങൾ, പൂവിരൽസ്പർശം എന്നീ ഹ്രസ്വചിത്രങ്ങൾക്ക് തിരക്കഥയും രചിച്ചിട്ടുണ്ട് അദ്ദേഹം.

### 5.15.20 ബാലകൃഷ്ണൻ അഞ്ചത്ത്

ഇരിങ്ങാലക്കുടയിൽനിന്ന് എ.ഇ.ഒ. ആയി വിരമിച്ച മികച്ച അധ്യാപകനാണ് ബാലകൃഷ്ണൻ അഞ്ചത്ത്. അഞ്ചത്ത്മാഷ് എന്ന് ഇരിങ്ങാലക്കുടക്കാർ സ്നേഹപൂർവ്വം വിളിക്കുന്ന അദ്ദേഹം മികച്ചസംഘാടകനും പ്രഭാഷകനുമാണ്. സാഹിത്യത്തിൽ കഥകളും ലേഖനങ്ങളും കവിതകളും അദ്ദേഹത്തിന്റേതായുണ്ട്. *നാഗപടം* (കഥാസമാഹാരം) *കുഞ്ഞാരായൻ* (ബാലനോവൽ) *കാളക്കോഴിയും കുട്ടിശങ്കരനും* (ബാലസാഹിത്യം) *മരരാമൻ* (നോവൽ), *ഒളിംപസ്* (വിവർത്തനം), *മഹാത്മാവിന്റെ നാട്ടിലേക്ക്* (യാത്രാകാവ്യം)

എന്നിവ അഞ്ചത്ത് മാഷിന്റെ കൃതികളാണ്. കൂടാതെ സാമൂഹ്യമാധ്യമങ്ങളിൽ ചെറുകവിതകൾ എഴുതി പ്രസിദ്ധീകരിക്കുന്ന പതിവുണ്ട് അദ്ദേഹത്തിന്. ഇരിങ്ങാലക്കുടയിലെ പുതുതലമുറയിലെ കവികളെ പ്രോത്സാഹിപ്പിക്കുന്നതിലും അദ്ദേഹം ശ്രദ്ധാലുവാണ്.

## 5.15.21 കെ. രേഖ

ഇരിങ്ങാലക്കുട പട്ടണത്തിന്റെ വടക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന വെള്ളാനി എന്ന പ്രദേശത്താണ് 1975 -ൽ കെ. രേഖ ജനിച്ചത്. ഇ. അപ്പുക്കുട്ടൻ നായരും വസുമതിയുമാണ് അവരുടെ മാതാപിതാക്കൾ. ഇരിങ്ങാലക്കുട ലിറ്റിൽ ഫ്ലവർ സ്കൂൾ, നാട്ടിക എസ്.എൻ. കോളേജ്, തൃശൂർ കേരളവർമ്മ കോളേജ്, കേരള പ്രസ്സ് അക്കാദമി എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിനുശേഷം മലയാള മനോരമയിൽ പത്രപ്രവർത്തകയായി ജോലിയിൽ പ്രവേശിച്ചു. ഇപ്പോൾ ബിഷപ്പ് മൂർ കോളേജിൽ അസിസ്റ്റൻറ് പ്രൊഫസറായി ജോലി ചെയ്യുന്നു.

പത്രപ്രവർത്തക എന്ന നിലയിൽ സാമൂഹികപ്രശ്നങ്ങളിൽ സമയോചിതമായി ഇടപെട്ടിരുന്നു അവർ. അനുഭവസമ്പന്നമായ കഥകൾ എഴുതിയ കെ. രേഖ മലയാള ചെറുകഥാ സാഹിത്യത്തിലും ശ്രദ്ധേയയായി. *ജുറാസിക് പാർക്ക്, സ്നേഹിതനെ സ്നേഹിതനെ, ആരുടെയോ ഒരു സഖാവ്, കന്യകയും പുല്ലിംഗവും, പ്രകാശ്‌രാജും ഞാനും, മാലിനി തീയറ്റേഴ്സ്, നിന്നിൽ ചാരുന്ന നേരത്ത്, രേഖയുടെ കഥകൾ, മാനാഞ്ചിറ, വില്ലുവണ്ടി, അങ്കമാലിയിലെ മാങ്ങാക്കറിയും വില്ലുവണ്ടിയും മറ്റു കഥകളും* തുടങ്ങിയവ അവരുടെ പ്രധാന കൃതികളാണ്. 2007 -ലെ കേരളസാഹിത്യ അക്കാദമിയുടെ ഗീതാ ഹിരണ്യൻ അവാർഡിന് *ആരുടെയോ ഒരു സഖാവ്* എന്ന കൃതി അർഹമായി. 2018 -ലെ കേരളസാഹിത്യ അക്കാദമി പുരസ്കാരമടക്കം നിരവധി പുരസ്കാരങ്ങൾ കെ. രേഖ നേടി. കാലികപ്രസക്തമായ വിഷയങ്ങൾ അയത്നലളിതമായ ആഖ്യാനശൈലിയിൽ അവർ കഥാരൂപം നൽകി.

## 5.15.22 മറ്റു ചിലർ

ഇരിങ്ങാലക്കുട ഈശ്വരമംഗലത്ത് വീട്ടിൽ ഹർഷന്റെയും ഹൈമവതിയുടെയും മകളായ ഹിത 1964 ലാണ് ജനിച്ചത്. *തീരെ ചെറിയ ജാലകങ്ങൾ* എന്നതാണ്

അവരുടെ ആദ്യ കഥാസമാഹാരം. വേരുകൾ നഷ്ടപ്പെട്ടവർ എന്ന കഥ 1994 -ലെ മാതൃഭൂമി ചെറുകഥാപുരസ്കാരത്തിന് അർഹമായി. *ബസന്തി, മാർകഴി* എന്നിവയാണ് അവരുടെ മറ്റ കൃതികൾ.

സ്കൂൾ - കോളേജ് കലോത്സവങ്ങളിൽ സർഗ്ഗപ്രതിഭയായും കോളേജ് മാഗസിൻ എഡിറ്ററായുമെല്ലാം വിദ്യാഭ്യാസകാലത്തുതന്നെ സർഗ്ഗവൈഭവം പ്രകടിപ്പിച്ച എഴുത്തുകാരനാണ് അരുൺ ഗാന്ധിഗ്രാം. *മടിച്ചി* (2014), *മഞ്ഞസൂര്യൻ* (2023) എന്നിവ അരുണിന്റെ പ്രസിദ്ധീകൃതമായ കവിതാസമാഹാരങ്ങളാണ്.

2006 -ലെ സംസ്ഥാനശിശുക്ഷേമ സമിതിയുടെ മലയാളസാഹിത്യ അവാർഡ് *മാറാലയ്ക്കിടയിലൂടെ ദേവൂട്ടി കണ്ടത്* എന്ന കഥാസമാഹാരം അമൃത പായമ്മൽ എന്ന ഇരിങ്ങാലക്കുടക്കാരിയുടേതാണ്. പ്ലസ് ടു അസോസിയേഷൻ നിർമ്മിച്ച നിനവ് എന്ന ഹസ്വചിത്രത്തിന് തിരക്കഥ രചിച്ചതും അമൃതയാണ്.

പി. മോഹൻദാസിന്റെയും ജാനകിയുടെയും മകളാണ് രോഷ്ണി സ്വപ്ന. *അരൂപികളുടെ നഗരം, വല, ഉൾവനങ്ങൾ, മണൽമഴ, കടലിൽ മുളച്ച മരങ്ങൾ, പി.കെ. നായർ - നല്ല സിനിമയുടെ കാവലാൾ* എന്നിവയാണ് പ്രധാന കൃതികൾ. കൂടാതെ പലഭാഷകളിൽനിന്നായി നാനൂറോളം കവിതകൾ വിവർത്തനം ചെയ്തിട്ടുണ്ട്. ദൂരം എന്ന ടെലിഫിലിമിന്റെ സംവിധായികയാണ് രോഷ്ണി.

മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ദീർഘകാലം കേരളത്തിലെ ഔഷധചെടികൾ എന്ന പംക്തിയുടെ രചയിതാവായിരുന്ന ഉണ്ണികൃഷ്ണൻ കിഴുത്താണി. മുറിവുകൾ എന്ന ആദ്യ കഥയിലൂടെ ശ്രദ്ധേയനായ എഴുത്തുകാരനാണ് കൃഷ്ണകുമാർ മാപ്രാണം. *യാത്രാമൊഴി, കനവുകൾ* എന്നീ കവിതസമാഹാരങ്ങളും അദ്ദേഹത്തിന്റേതായുണ്ട്.

ആകാശവാണിയിൽ കഥകളും ലഘുനാടകങ്ങളും അവതരിപ്പിച്ചിട്ടുള്ള മാനസൻ മാപ്രാണത്തിന്റെ ആദ്യകഥ പ്രസിദ്ധീകരിക്കുന്നത് ക്രൈസ്റ്റ് കോളേജിലെ ഇല്ലന്റ് മാസികയിലാണ്. *നഗരത്തിന്റെ മുഖം പൊയ്മുഖം* എന്നതാണ് ആദ്യ കഥാസമാഹാരം. *മധുസൂദനനെ തേടി* എന്ന കൃതിയും അദ്ദേഹത്തിന്റേതായുണ്ട്.

*കോടൻ ഭരണിയിലെ ഉപ്പുമാങ്ങ, കിഴവൻ നദി* തുടങ്ങിയ കൃതികളാൽ ശ്രദ്ധേയനായ സാഹിത്യകാരനാണ് സുരേന്ദ്രൻ ചെമ്പുക്കാവ്.

*മാപ്രാണപുരാണം* എന്ന ഒറ്റകൃതി കൊണ്ടുതന്നെ ശ്രദ്ധേയനായ എഴുത്തുകാരനാണ് ജോൺസൻ എടത്തിരുത്തിക്കാരൻ. മാപ്രാണത്തിന്റെ ഐതിഹ്യങ്ങളും ചരിത്രവും വിവരിക്കുന്നതോടൊപ്പം കൂടൽമാണിക്യക്ഷേത്രം, മാപ്രാണം പള്ളി, മൊയ്തീൻ പള്ളി തുടങ്ങിയവയും ഈ കൃതിയിൽ വിഷയമാകുന്നുണ്ട്.

അണുവിസ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട *ആയിരം സൂര്യന്മാർ* എന്ന നോവലിലൂടെ ശ്രദ്ധേയനായ നോവലിസ്റ്റാണ് ബാലകൃഷ്ണൻ. 1964 - മുതൽ ബാബ ആറ്റോമിക് റിസർച്ച് സെന്ററിൽ സേവനമനുഷ്ഠിച്ച അദ്ദേഹം സീനിയർ സയന്റിഫിക് ഓഫീസറായാണ് വിരമിച്ചത്. *നഗരത്തിന്റെ മുഖം, മൃഗതൃഷ്ണ, കുതിര, ഫർണസ്, ആൽബം, ഭാഗ്യാന്വേഷികൾ, ഉന്മാദത്തിന്റെ മുറിവുകൾ* തുടങ്ങിയ നോവലുകളും അഞ്ച് നോവലൈറ്റുകളും ആറ് ചെറുകഥാസമാഹാരങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രവാസജീവിതത്തിന്റെ അനുഭവങ്ങൾ അദ്ദേഹത്തിന്റെ കൃതികളെ സ്വാധീനിച്ചിട്ടുണ്ട്.

ഇരിങ്ങാലക്കുടയിലെ ചാലാംപാടത്ത് താമസിക്കുന്ന വർഗീസ് എം.പി., സ്കൂൾ വിദ്യാഭ്യാസകാലം മുതൽതന്നെ കലയിലും സാഹിത്യത്തിലും തൽപരനായിരുന്നു. *പൂച്ചെണ്ട്* (ഭക്തിഗാനങ്ങൾ), *നിരഞ്ജന* (കഥ), *സഹനത്തിന്റെ സുകൃതപുഷ്പം* (കൂട്ടുകൃതി), *ദീപനാളങ്ങൾ* (കവിതകൾ), *പ്രകാശഗോളം* (സാമൂഹ്യനാടകം), *മരുഭൂമിയിലെ മന്ന* (നോവൽ), *കുടുംബം സെക്സിലൂടെ* (വിജ്ഞാനം), *ഇരിങ്ങാലക്കുട ചരിത്രം, എന്റെ തറവാട്* (കുടുംബചരിത്രം), *ഇസ്രായേൽ തീർത്ഥയാത്ര, അമ്പിളിത്തോണി* (കവിതകൾ) എന്നിവ അദ്ദേഹത്തിന്റെ രചനകളാണ്.

*ഇനി ഞാൻ മടങ്ങട്ടെ* എന്ന നോവലിലൂടെ സാഹിത്യരംഗത്തേക്ക് പ്രവേശിച്ച എഴുത്തുകാരനാണ് രാജേഷ് തെക്കിനിയേടത്ത്. *കൊലമുറി, ഗ്രീഷ്മത്തിന്റെ പൂക്കൾ, കോടതി വരാന്ത, നന്നങ്ങാടികൾ* തുടങ്ങിയ നോവലുകളും *ഇരുൾപ്പുതച്ചവഴികൾ* എന്ന ചെറുകഥാസമാഹാരവും അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2016 -ലെ പാക്കനാർ സാഹിത്യപുരസ്കാരത്തിന് *കൊലമുറി* എന്ന നോവൽ അർഹമായി.

ചെറുപ്പം മുതൽ തന്നെ കഥകൾ എഴുതാൻ ആരംഭിച്ച വൈശാഖിയുടെ എപ്പോഴും കരയുന്ന കുട്ടി എന്ന കഥ എക്സ്പ്രസിൽ ആണ് ആദ്യം പ്രസിദ്ധീകരിച്ചത്. കടലിൽ മഴ പെയ്യുന്ന നേരം, അന്നപൂർണ്ണക്കെന്നും പതിനേഴ് വയസ്സ്, കവി ഉദ്ദേശിക്കുന്നത്, പ്രണയത്തിന്റെ നാനാർത്ഥങ്ങൾ, പ്രിയംവദപറയാനിരുന്നതും പറയാതിരു

ന്നതുമായ ചില സ്വകാര്യങ്ങൾ എന്നീ കഥകളും കർണ്ണൻ എന്ന കവിതയും വൈശാഖി യുടെ രചനകളാണ്.

സനീഷ് കാരയിലിന്റെ അമ്പതോളം കവിതകളുടെ സമാഹാരമാണ് *അമൃതസ്മൃ തികൾ.*

ആർഷക് ആലിം, അഹമ്മദ് അമൻ എന്നീ ഇരിങ്ങാലക്കുടക്കാരായ വിദ്യാർ ത്ഥികൾ തങ്ങളുടെ അമ്മമ്മയുടെ ഓർമ്മകളെക്കുറിച്ചെഴുതിയ കൃതിയാണ് *കള്ളിച്ചെ ടിയും മഷിത്തണ്ടും പിന്നെ തുപ്പലാംകൊത്തിയും* എന്നത്. ഈ കൃതിക്ക് പന്തിരുകുലം സംസ്ഥാന സാഹിത്യപുരസ്കാരം ലഭിച്ചിട്ടുണ്ട്.

## 5.16 നാടകം

ക്ഷേത്രകലകളുടെ കേന്ദ്രമാണ് ഇരിങ്ങാലക്കുട. ഇതിൽനിന്ന് വ്യത്യസ്തമായ വൈദേശിക കലാപാരമ്പര്യമാണ് നാടകത്തിൽ ദൃശ്യമാകുന്നത്. ഇരിങ്ങാലക്കുടയിൽ ആദ്യകാലത്ത് നാടകാവതരണം നടത്തിയിരുന്നത് ക്രിസ്ത്യൻ കുടുംബങ്ങളിലൊന്നാ യിരുന്ന ഊളേക്കാടൻ എന്ന വീട്ടുകാരാണ്. കുലത്തൊഴിൽ എന്നപോലെ അവർ ഏറെക്കാലം ഈ രംഗത്ത് സജീവമായിരുന്നു. പുരാതനകഥകളാണ് കൂടുതലും അവതരിപ്പിച്ചുവന്നത്. നാടകവേദിയിൽ ആവശ്യമായ കർട്ടൻ സെറ്റുകൾ, മെയ്ക്കപ്പ് കോപ്പുകൾ, മീട്ടുന്നഹാർമോണിയവും ചവിട്ടാർമ്മോണിയവും, തബല സെറ്റുകൾ തുടങ്ങി നാടകക്രമീകരണത്തിനാവശ്യമായ വസ്തുക്കളെല്ലാം അവരുടെ കൈവശം സ്വന്തമായി ഉണ്ടായിരുന്നു. അവരിൽ അവസാന കണ്ണിയായിരുന്നു വറുതുട്ടി. അദ്ദേഹം ഗായകപീതാംബരം, സെബാസ്റ്റ്യൻ ജോസഫ് എന്നീ ഭാഗവതർമാരുടെ സമകാലിക നായിരുന്നു. ഇവർ ഠാണാവിലെ പീടികമുറിയിൽ രാത്രികാലങ്ങളിലാണ് പരിശീലനം നടത്തിവന്നത്.[12]

[12] ആവേദകൻ: പി. തങ്കപ്പൻ മാസ്റ്റർ, 63 വയസ്സ്, മുൻ കൂടൽമാണിക്യം ദേവസ്വം ചെയർമാൻ. സ്മൃതിപഥം, 2013:91

### 5.16.1 എം.എസ്. നമ്പൂതിരി

നാടകങ്ങളിലൂടെ സാമൂഹ്യപ്രശ്നങ്ങൾ ചർച്ച ചെയ്തിരുന്ന ഒരു കാലത്ത് നാടകചരിത്രത്തിന്റെ ഭാഗമായ കലാകാരനാണ് എം.എസ്. കൃഷ്ണൻ നമ്പൂതിരി. 1910 -ൽ കൊരട്ടി മംഗലശ്ശേരി മനയ്ക്കൽ ശങ്കരൻ നമ്പൂതിരിയുടെയും സാവിത്രി അന്തർജ്ജനത്തിന്റെയും മൂന്നാമത്തെ മകനായാണ് അദ്ദേഹം ജനിച്ചത്. സർക്കാർ ജോലിയുടെ സുരക്ഷിതത്വം ഉപേക്ഷിച്ചാണ് അദ്ദേഹം കലാ - രാഷ്ട്രീയപ്രവർത്തകനാകുന്നത്.

സമുദായ പരിഷ്കരണത്തിനായി നിലകൊണ്ട നമ്പൂതിരി യോഗക്ഷേമസഭയുടെ പ്രവർത്തനങ്ങളിൽ അദ്ദേഹം ആകൃഷ്ടനായി. ഇംഗ്ലീഷ് വിദ്യാഭ്യാസവും പരിവേദനപിക്കറ്റിങ്ങും വിധവാവിവാഹവും പൂണൂൽ പൊട്ടിക്കലും കുടുമ മുറിക്കലുമെല്ലാം പുരോഗമനാശയങ്ങളായി അദ്ദേഹം സ്വീകരിച്ചു. ഇ.എം.എസ്. നമ്പൂതിരിപ്പാട്, എം.ആർ.ബി., പ്രേംജി തുടങ്ങിയവരോടൊപ്പം എം.എസ്. നമ്പൂതിരിപ്പാടും യോഗക്ഷേമസഭയുടെയും നമ്പൂതിരിപ്രസ്ഥാനത്തിന്റെയും നേതൃത്വത്തിലേക്ക് ഉയർന്നുവന്നു. ഇ.എം.എസ്. നമ്പൂതിരിപ്പാടും സി. അച്യുതമേനോനും സെന്റ്. തോമസ് കോളേജിൽ സഹപാഠികളായിരുന്നു. ഇ.എം എസ്. അടക്കമുള്ള സാമുദായിക - രാഷ്ട്രീയരംഗത്തെ പ്രമുഖർക്ക് കർമ്മവേദി ഒരുക്കുന്നതിലും സംരക്ഷിക്കുന്നതിലും എം.എസ്സ്.നെപ്പോലുള്ളവർ കാണിച്ച താൽപര്യം ശ്രദ്ധേയമാണ്. എന്നാൽ അദ്ദേഹത്തിന്റെ പൊതുപ്രവർത്തനം കക്ഷിരാഷ്ട്രീയത്തിനപ്പുറം തികഞ്ഞ കലാപ്രകടനത്തിലൂടെയാണ് മുന്നോട്ടു പോയത്.

യോഗക്ഷേമസഭയുടെ നേതൃത്വത്തിൽ അരങ്ങേറിയ പ്രഹസനങ്ങളിൽ എം.എസ്. നമ്പൂതിരിയും ഭാഗമായി. സ്വന്തം സമുദായത്തിനകത്തും പുറത്തും വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ പ്രചോദനമായ ഈ നാടകങ്ങളിൽ ശ്രദ്ധേയമായ വേഷമാണ് അദ്ദേഹം കൈകാര്യം ചെയ്തത്. വി.ടി. ഭട്ടതിരിപ്പാടിന്റെ *അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്* എന്ന നാടകമാണ് പ്രേംജിയേയും എം.എസ്.നേയും നാടകപ്രവർത്തകരാക്കിയത്. അതിൽ എം.എസ്.ന്റെ മുത്തശ്ശി എന്ന കഥാപാത്രം ഏറെ പ്രശംസിക്കപ്പെട്ടു.

ടി.എൻ. നമ്പൂതിരിയുടെ നേതൃത്വത്തിൽ ഇരിങ്ങാലക്കുടയിലാരംഭിച്ച കേരളകലാവേദിയാണ് ചെറുകാടിന്റെ *നമ്മളൊന്ന്* എന്ന നാടകം അവതരിപ്പിക്കുന്നത്. അതിലെ കാര്യസ്ഥൻ രാമൻ നായരെ എം.എസ്. ഗംഭീരമാക്കി. *നമ്മളൊന്ന്*

എന്ന നാടകത്തിന്റെ ആരംഭകാലത്തെ എം.എസ്. നമ്പൂതിരിയുടെ മകൻ നളിനൻ ഓർത്തെടുക്കുന്നത് ഇപ്രകാരമാണ് "അച്ഛൻ, പ്രേംജി, പരിയാനംപറ്റ തുടങ്ങിയവർ കലാപ്രവർത്തനം കൊണ്ടും ഐ.സി.പി, ഐ.എസ്. തുടങ്ങിയവർ പത്രപ്രവർത്തനം കൊണ്ടും വി.ടി.യും എം.ആർ.ബി.യും സാഹിത്യപ്രവർത്തനംകൊണ്ടും യോഗക്ഷേമസഭയ്ക്കുവേണ്ടിയും കമ്മ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടിയും പ്രവർത്തിക്കുകയായിരുന്നു. ഇവരുമായുള്ള സൗഹൃദത്തിൽനിന്നാണ് ഇരിങ്ങാലക്കുട കേന്ദ്രമാക്കി കേരളകലാവേദി എന്ന നാടകസംഘം രൂപീകരിച്ചതും ചെറുകാടിന്റെ നമ്മളൊന്ന് നാടകം അവതരിപ്പിച്ച് തുടങ്ങിയതും" (ധന്യസ്മൃതി, 2010:85). കേരളകലാവേദിയും കെ.പി.എ.സി.യും പാർട്ടിയുടെ രണ്ട് നാടകസംഘങ്ങളായിരുന്നു. എന്നാൽ കെ.പി.എ.സി.ക്കു ലഭിച്ചിരുന്ന അംഗീകാരം പാർട്ടിയിൽനിന്നും കലാവേദിക്ക് ലഭിച്ചില്ല എന്നദ്ദേഹം പരിഭവം പറയുന്നു.

എം.പി. ഭട്ടതിരിപ്പാടിന്റെ *ഋതുമതി*യിലെ അമ്മായിയാണ് എം.എസ്. നമ്പൂതിരിയുടെ ഓർമ്മിക്കപ്പെടുന്ന കഥാപാത്രങ്ങളിൽ മറ്റൊന്ന്. എം.ആർ.ബി.യുടെ *മറക്കുടയ്ക്കുള്ളിലെ മഹാനരക*വും കെ. ദാമോദരന്റെ *പാട്ടബാക്കി*യും ഇടശ്ശേരിയുടെ *കൂട്ടുകൃഷി*യും നാടകവേദിയിലെ പുതുമകളായിരുന്നു. കെ.എസ്. നമ്പൂതിരിയുടെ *സമസ്യ* എന്ന നാടകത്തിൽ അച്ഛൻനമ്പൂതിരിയുടെ വേഷമായിരുന്നു. സ്ത്രീകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നതിലും അദ്ദേഹം മികവ് പുലർത്തി. ഉള്ളാട്ടിൽ ശങ്കരൻകുട്ടി മേനോന്റെ *കൃഷ്ണകുമാരി* എന്ന നാടകത്തിൽ നായികാകഥാപാത്രത്തെയാണ് എം.എസ്. അവതരിപ്പിച്ചത്.

മലയാളസിനിമവേദിയിലും ചെറുതെങ്കിലും വ്യക്തമായ സാന്നിധ്യം എം.എസ്. തെളിയിച്ചിട്ടുണ്ട്. 1964 -ൽ ഉദയാസ്റ്റുഡിയോയുടെ കാട്ടുതുളസി എന്ന സിനിമയിലൂടെയാണ് അദ്ദേഹം ആദ്യമായി വെള്ളിത്തിരയിലെത്തുന്നത്. മാർത്താണ്ഡവർമ്മ എന്ന സിനിമയിൽ അഭിനയിച്ചു എങ്കിലും ആ ചിത്രം പുറത്തുവന്നിരുന്നില്ല. എം.ടി. കഥയെഴുതിയ പകൽക്കിനാവ്, ഇരുട്ടിന്റെ ആത്മാവിലെ മുത്തച്ഛൻ തുടങ്ങിയവ ശ്രദ്ധേയവേഷങ്ങളാണ്. എം.ടി. കഥയും സംവിധാനവും നിർവ്വഹിച്ച നിർമ്മാല്യത്തിലെ അവശനായി കിടക്കുന്ന വൃദ്ധനായ വെളിച്ചപ്പാട് ഏറെ പ്രശംസ പിടിച്ചുപറ്റിയ കഥാപാത്രമാണ്. ഭരതൻ സംവിധാനം ചെയ്ത ഗുരുവായൂർ കേശവനിലെ ആനക്കാരൻ അദ്ദേഹത്തിന്റെ അഭിനയ സിദ്ധിക്ക് ഉദാഹരണമാണ്. ഭരതന്റെ പ്രയാണം എന്ന സിനിമയിൽ, കുടുംബപ്രാരാബ്ധംകൊണ്ട് ഒന്നിനും കൊള്ളാത്ത ഒരുവന് മകളെ വിവാഹം

ചെയ്ത കൊടുക്കേണ്ടി വന്ന അച്ഛന്റെ ദയനീയഭാവം എം.എസ്. തൻമയത്വത്തോടെ അവതരിപ്പിച്ചിരിക്കുന്നു.

അക്ഷരശ്ലോകത്തോടുള്ള ആഭിമുഖ്യവും കഥകളിപ്രേമവും അവയിൽ ചില താണ്. ഇരിങ്ങാലക്കുടയിൽ ചെങ്ങമനാട് ദാമോദരൻ നമ്പ്യാരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന വിജയഭാരതി അക്ഷരശ്ലോക സാഹിത്യവേദിയിൽ അദ്ദേഹം സ്ഥി രാംഗമായിരുന്നു. അഭിനയ ജീവിതത്തിൽനിന്ന് പിൻവാങ്ങിയ എം.എസ്. അക്ഷ രശ്ലോകത്തിന്റെയും കഥകളിയുടെയും ആസ്വാദനത്തിലായിരുന്നു നാളുകൾ ചെലവ ഴിച്ചത്. അതുകൊണ്ടുതന്നെ എം.എസ്.നോടുള്ള ആദരസൂചകമായി ഇരിങ്ങാലക്കുട ഡോ. കെ.എൻ. പിഷാരടി സ്മാരക കഥകളിക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ എല്ലാവർ ഷവും എം.എസ്. നമ്പൂതിരി കഥകളി അവാർഡ് നൽകിവരുന്നു. കേരള സംഗീത നാടക അക്കാദമിയുടെ പുരസ്കാരം 1981 -ലാണ് അദ്ദേഹത്തിന് ലഭിച്ചത്. 1983 ഒക്ടോബർ 27 -ന് എം.എസ്. കൃഷ്ണൻ നമ്പൂതിരി മരണമടഞ്ഞു.

## 5.16.2 കുട്ട്യേടത്തി വിലാസിനി

ഇരിങ്ങാലക്കുടയിലെ എടക്കുളം വീട്ടിൽ ജോസഫിന്റെയും അന്നമ്മയുടെയും മകളാണ് കുട്ടിയേടത്തി വിലാസിനി. ബ്രോണി എന്നാണ് ശരിയായ പേര്. അഭിനേത്രിയ്ക്ക് യോജിക്കാത്ത പേരാണ് ഇതെന്ന ചിന്തയിൽനിന്നാണ് ബ്രോണി വിലാസിനിയായി മാറിയത്. അവരുടെ പിതാവ് കോയമ്പത്തൂരിലെ പക്ഷിരാജ സ്റ്റുഡിയോയിലെ കലാ കാരനായിരുന്നു. ജോലി നഷ്ടപ്പെട്ട് നാട്ടിലെത്തിയ അദ്ദേഹവും ഭാര്യയും വളരെ ശ്രമക രമായാണ് മക്കളെ വളർത്തിയത്. എത്ര ദാരിദ്ര്യത്തിന് ഇടയിലും അദ്ദേഹം അരണാ ട്ടുകരയിലെ മമ്മു ഭാഗവതരുടെ പക്കൽ സംഗീതം അഭ്യസിപ്പിക്കാനായി മക്കളെ അയച്ചു. കൊച്ചുകുട്ടനാശാന്റെ കീഴിൽ അഭിനയവും അവർ പരിശീലിച്ചു. ആശാനാണ് ബ്രോണി എന്ന പേര് വിലാസിനി എന്നാക്കാൻ നിർദ്ദേശിച്ചത്. പതിമൂന്നാമത്തെ വയസ്സിൽ വിലാസിനി തൃശ്ശൂരിലെ ഒരു വേദിയിൽ പൊൻകുന്നം വർക്കിയുടെ പൂജ എന്ന നാടകത്തിൽ അഭിനയിച്ചു. പിതാവിന്റെ മരണത്തെ തുടർന്ന് അവർ അമ്മയോടൊ പ്പം കോഴിക്കോട്ടേക്ക് താമസം മാറ്റി. മലയാളത്തിലെ ഒട്ടനവധി പ്രൊഫഷണൽ - അമേച്വർ നാടക ട്രൂപ്പുകളിൽ അവർ പ്രവർത്തിച്ചിട്ടുണ്ട്. കോഴിക്കോട് സംഗമം, പെരുമ്പാവൂർ നാടകശാല, ദേശപോഷിണി, കേരളകലാവേദി, കൊല്ലം അശ്വതി തുട

ങ്ങിയ നാടകസംഘങ്ങൾ അവയിൽ ചിലതാണ്. 1966, 1967, 1968 വർഷങ്ങളിൽ തുടർച്ചയായി കേരള സംഗീത നാടക അക്കാദമിയുടെ മികച്ച നടിക്കുള്ള സംസ്ഥാന അവാർഡ് വിലാസിനിയെ തേടിയെത്തി.

### 5.16.3 ജോസ് പായമ്മൽ

1934 -ൽ ഇരിങ്ങാലക്കുടയിൽ ജനിച്ച, ജോസ് പായമ്മലിന് 'ജൂദാസിന്റെ അന്ത്യം' എന്ന ഏകാഭിനയത്തിലൂടെ ചെറുപ്പത്തിലേ അഭിനയരംഗത്തേക്കെത്തി. തുടർന്ന് സ്വന്തം കലാസമിതിയായ ഇരിങ്ങാലക്കുട ഉദയ ആർട്സ് ക്ലബിലൂടെ നാടകരംഗത്ത് സജീവമായി. ഇവരുടെ ആദ്യത്തെ നാടകം കാനം ഇ.ജെ. യുടെ എന്നിട്ടും നിങ്ങളെന്നെ സ്നേഹിക്കുന്നു എന്നതായിരുന്നു. ഇരിങ്ങാലക്കുട സെന്റ്. തോമസ് കത്തീഡ്രൽ പള്ളിയിലാണ് ഇത് അരങ്ങേറിയത്. കാനത്തിന്റെ തന്നെ അച്ഛാ എന്റെ കുഞ്ഞ് എന്ന നാടകം തൃശ്ശൂർ ജില്ലയിലെ പല ഭാഗങ്ങളിലും അവതരിപ്പിച്ചു. മൂന്നുവർഷത്തിനുശേഷം സുഹൃത്തുക്കളുമായി ചേർന്ന് 'ആൽബം ആർട്ട് തിയേറ്റർ' എന്ന സംഘടന രൂപീകരിച്ചു. എസ്.എൽ. പുരം സദാനന്ദന്റെ ഒരാൾ കൂടി കള്ളനായ്, വില കുറഞ്ഞ മനുഷ്യർ, യാഗശാല തുടങ്ങിയ നാടകങ്ങൾ ജില്ലയിൽ മുന്നൂറിൽപരം വേദികളിൽ അവതരിപ്പിച്ചു. അതോടെ അംഗീകരിക്കപ്പെട്ട നാടകസംവിധായകനായ ഇദ്ദേഹം പിന്നീട് പല പ്രശസ്തനാടകങ്ങളും തൃശ്ശൂരിലെ അമേച്ചർ നാടകസമിതികൾക്കുവേണ്ടി സംവിധാനം ചെയ്തു.

ഇതിനിടയിൽ നാഷണൽ കാർണിവൽ എന്ന സംഘത്തോടൊപ്പം തുടർച്ചയായി 14 വർഷം കേരളത്തിന്റെ പല ഭാഗങ്ങളിലും നാടകങ്ങൾ അവതരിപ്പിച്ചു. 1967 മുതൽ കേരളത്തിലെ പ്രഫഷണൽ ട്രൂപ്പുകളിൽ പങ്കെടുത്ത് പ്രശസ്തരായ നാടകകൃത്തുക്കളുടെ നാടകങ്ങളിൽ അഭിനയിച്ചു. രണ്ടുതവണ ഇന്ത്യയൊട്ടാകെ സഞ്ചരിച്ച് നാടകങ്ങൾ അവതരിപ്പിച്ചു. 1968 -ലാണ് പൂരം പ്രദർശനത്തിൽ നാടകം അവതരിപ്പിക്കാൻ അവസരം ചോദിച്ച് പോയത്. നാടകം കണ്ട് നല്ലതെന്ന് തോന്നിയാൽമാത്രം പ്രതിഫലം നൽകിയാൽ മതിയെന്ന് കമ്മറ്റിക്കാരോട് പറഞ്ഞു. കളി കഴിഞ്ഞപ്പോൾ 150 രൂപ പ്രതിഫലം ലഭിച്ചു. പിന്നീടങ്ങോട്ട് തുടർച്ചയായി 50 വർഷം തൃശ്ശൂർ പൂരം എക്സിബിഷനിൽ മുൻകൂട്ടി രചിച്ച സ്ക്രിപ്റ്റ് ഇല്ലാതെ 'ഇൻസ്റ്റന്റ് നാടകങ്ങൾ' അവതരിപ്പിച്ചു. തൽസമയ മനോധർമ്മത്തിലൂടെ സാമൂഹ്യവിമർശനം ഹാസ്യാത്മകമായി അവത

രിപ്പിക്കുകയായിരുന്നു ഇതിന്റെ രീതി. പ്രേക്ഷകരുടെ പ്രതികരണവും സന്ദർഭവുമനുസരിച്ച് ക്ലൈമാക്സ് വരെ മാറും. 12 നാടകകൃതികളും രണ്ട് ഏകാങ്കനാടകവും രണ്ട് തിരക്കഥയും അദ്ദേഹം രചിച്ചിട്ടുണ്ട്. അനവധി റേഡിയോനാടകങ്ങൾ എഴുതിയിട്ടുള്ള ജോസ് പായമ്മൽ, തൃശ്ശൂർ റേഡിയോ നിലയം ആരംഭിച്ച കാലംമുതൽ അവിടെ ആർട്ടിസ്റ്റായിരുന്നു.

1971, 1973, 1986 വർഷങ്ങളിൽ കേരള സംഗീതനാടക അക്കാദമി പുരസ്കാരം, അക്കാദമിയുടെത്തന്നെ ഗുരുപൂജ അവാർഡ്, ടി.എൻ. നമ്പൂതിരി സ്മാരക അവാർഡ്, ഇരിങ്ങാലക്കുട എസ്.എൻ.വൈ.എസിന്റെ അവാർഡ് തുടങ്ങിയവ അദ്ദേഹം നേടിയ പുരസ്കാരങ്ങളാണ്.

പ്രശസ്ത അഭിനേത്രി കലാലയം രാധയാണ് ഭാര്യ. ചെറുസിനിമക്കുള്ള സംസ്ഥാനപുരസ്കാരം നേടിയ മണിലാലിന്റെ സംവിധാനത്തിൽ അടുത്ത ബെല്ലോടുകൂടി എന്ന പേരിൽ ജോസ് പായമ്മൽ - രാധ ദമ്പതികളുടെ ജീവതം പറയുന്ന ഡോക്യുമെന്ററി ഏറെ ശ്രദ്ധ നേടിയിരുന്നു. മണിലാലിന്റെത്തന്നെ ചലച്ചിത്രമായ ഭാരതപ്പുഴയിലും അരുൺ ജോർജ്ജ് കെ. ഡേവിഡിന്റെ ലഡു എന്ന ചലച്ചിത്രത്തിലും അഭിനയിച്ചിട്ടുള്ള ഇദ്ദേഹം 2024 ആഗസ്റ്റ് 21 -ാം തിയതി തന്റെ 90 -ാം വയസ്സിൽ അന്തരിച്ചു.

## 5.16.4 കലാലയം രാധ

1946 ഇരിങ്ങാലക്കുടയ്ക്കടുത്തുള്ള കാറളത്ത് ജനിച്ച രാധ വളരെ ചെറുപ്പം മുതൽ കലാരംഗത്ത് പ്രവർത്തിക്കുന്നുണ്ട്. നൃത്തം, കഥകളി, നാടകാഭിനയം എന്നിവയെല്ലാം അവരുടെ മേഖലകൾ ആയിരുന്നു. എങ്കിലും അഭിനയത്തിലാണ് കൂടുതൽ ശോഭിച്ചത്. ഏഴാം വയസ്സിൽ കൊടുങ്ങല്ലൂർ കാവിൽ മൈതാനത്ത് നടന്ന നാടകോത്സവത്തിൽ ജോസ് പായമ്മൽ രചനയും സംവിധാനവും നിർവഹിച്ച കടലിന്റെ കളിപ്പാട്ടങ്ങൾ എന്ന നാടകത്തിലെ അഭിനയത്തിന് ഒരു പവൻ സമ്മാനമായി ലഭിച്ചു.

1957 -ൽ കൊടുങ്ങല്ലൂരിൽ നടന്ന അഖില കേരള നാടകമത്സരത്തിലെ അഭിനയത്തിന് മികച്ച നടിയായി രാധ തെരഞ്ഞെടുക്കപ്പെട്ടു. പിന്നീട് രാധയുടെ ഭർത്താവായി മാറിയ ജോസ് പായമ്മൽ തന്നെയാണ് അവരുടെ നാടകഗുരു. കായംകുളം പീപ്പിൾസ് തിയറ്റേഴ്സിന്റെ 'അഗ്നിയോളം' എന്ന നാടകം ഒരു വർഷം തുടർച്ചയായി അഭിനയിച്ചു.

തിലകൻ, വർഗീസ് കാട്ടുപറമ്പൻ എന്നിവരോടൊപ്പം പതിനേഴാം വയസ്സിൽ അഭിനയിച്ച ആ നാടകം രാധയ്ക്ക് പുതിയ അനുഭവമായി. ചേർത്തല ജൂബിലി, തൃശ്ശൂർ രജപുത്ര എന്നിങ്ങനെ ഒട്ടേറെ സംഘങ്ങളോടൊപ്പം രാധ അഭിനയിച്ചു. തൃശ്ശൂർ ഔഷധിയുടെ ആർട്സ് ക്ലബ്ബിനുവേണ്ടി ചെയ്ത കടൽ എന്ന നാടകത്തിലെ അഭിനയത്തിന് സംഗീത നാടക അക്കാദമിയുടെ അവാർഡ് ലഭിച്ചു.

300 ഓളം സീരിയലുകളിലും 15 സിനിമകളിലും അവർ അഭിനയിച്ചു. അച്ചുവിന്റെ അമ്മ, സൂര്യദാനം, രാത്രികൾ നിനക്കുവേണ്ടി, ഇസബെല്ല, ജമ്നപ്യാരി തുടങ്ങിയ സിനിമകളിലും നിരവധി ടെലിഫിലിമുകളിലും അഭിനയിച്ചു. ജമ്നപ്യാരി സിനിമയിൽ ജോസ് പായമ്മലും രാധയും ഒരുമിച്ചാണ് അഭിനയിച്ചത്. തുടർച്ചയായി നാലുതവണ സംഗീതനാടക അക്കാദമിയുടെ പ്രൊഫഷണൽ നാടകമത്സരത്തിൽ മികച്ച നടിക്കുള്ള അവാർഡ് രാധയ്ക്ക് ലഭിച്ചു. ജോസ് പായമ്മൽ എഴുതിയ ജ്യോതിർഗമയ എന്ന നാടകത്തിന് രചനയ്ക്കും സംവിധാനത്തിനും അവാർഡ് ലഭിച്ചപ്പോൾ അതേ നാടകത്തിൽ മികച്ചനടിക്കുള്ള അവാർഡ് രാധയ്ക്കായിരുന്നു. രാധയുടെ അനുജത്തി ലീലയും അഭിനേത്രിയായിരുന്നു.[13]

## നാണു മേനോൻ

സാമൂഹ്യനാടകങ്ങളെ ഇരിങ്ങാലക്കുടക്കാർക്ക് പരിചയപ്പെടുത്തിയവരിൽ പ്രധാനിയാണ് അഡ്വ. നാണു മേനോൻ. അദ്ദേഹം കൊച്ചിരാജ്യത്തെ നാടകസംവിധായകരിൽ ശ്രദ്ധേയനായ തൃപ്പൂണിത്തുറ രാഘവമേനോനെ ഇവിടെ വരുത്തി പാൽക്കാരി, പൂക്കാരി എന്നീ നാടകങ്ങൾ അവതരിപ്പിച്ചു. 13 വയസ്സ് പ്രായമുള്ള തൃപ്പൂണിത്തുറ വിലാസിനി എന്ന കലാകാരി പാൽക്കാരിയിലും ഒമ്പതു വയസ്സുള്ള കൊടുങ്ങല്ലൂർ അമ്മിണി പൂക്കാരിയിലും അഭിനയിച്ചു. സെബാസ്റ്റ്യൻ ജോസഫ് ഭാഗവതർ ഈ നാടകങ്ങളിൽ അഭിനയിച്ചിരുന്നു. നാണു മേനോന്റെ നേതൃത്വത്തിൽ ഇരിങ്ങാലക്കുടയിലെ വക്കീൽമാരെ സംഘടിപ്പിച്ചുകൊണ്ട് നടത്തിയ നാടകം ഏറെ ശ്രദ്ധ നേടിയിരുന്നു. വിവാഹക്കച്ചവടം എന്ന ആ നാടകം പയനിയർ തിയേറ്ററിൽ ടിക്കറ്റുവച്ച് കൊണ്ടാണ് നടത്തിയത്. വിക്ടോറിയ (മഹാത്മ) ലൈബ്രറിയുടെ ധനശേഖരണാർത്ഥമായിരുന്നു അത് നടത്തിയത്.

[13] https://youtu.be/gddw9uwiNU4

## പിച്ച സ്വാമി

ഇരിങ്ങാലക്കുടയിലെ നാടകപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് വഴിവച്ചവരിൽ ശ്രദ്ധേയനായ മറ്റൊരാളാണ് പിച്ച സ്വാമി. അദ്ദേഹം പുറത്തുനിന്ന് നാടകട്രൂപ്പുകളെ കൊണ്ടു വന്ന് ഇവിടെ നാടകം അവതരിപ്പിച്ചു. തിയേറ്റർ വാടകയ്ക്കെടുത്താണ് അദ്ദേഹം ട്രൂപ്പുകളുടെ നാടക അവതരണം നടത്തിയത്. തിക്കുറിശ്ശിയുടെ മായ, വൈക്കം വാസുദേവൻ നായർരുടെ തങ്കം എന്നീ ട്രൂപ്പുകളുടെ സുപ്രഭ, യാചകി തുടങ്ങിയ നാടകങ്ങളെല്ലാം അവയിൽ ചിലതാണ്. നാടകം കഴിഞ്ഞാൽ കലാകാരൻമാരെല്ലാം പിച്ച സ്വാമി അയ്യരുടെ വീട്ടിൽ താമസിച്ചാണ് പിറ്റേന്ന് തിരിച്ചുപോവുക. നല്ല സദ്യയൊരുക്കിക്കൊടുത്ത് അവരെ തൃപ്തിപ്പെടുത്തുന്ന സ്വഭാവക്കാരനായിരുന്നു പിച്ച സ്വാമി.

## ചന്ദ്രമോഹൻ ഇരിങ്ങാലക്കുട

കലാനിലയം നാടകവേദിയിലെ സ്ഥിരം അഭിനേതാവാണ് ചന്ദ്രമോഹൻ. 1932 -ൽ കുട്ടപ്പാവിൽ വേലായുധമേനോന്റെയും മാധവിയമ്മയുടെയും മകനായി കോമ്പാറയിലാണ് അദ്ദേഹം ജനിച്ചത്. ഇരിങ്ങാലക്കുട ബോയ്സ് ഹൈസ്കൂളിൽ പഠിക്കുന്ന കാലം മുതൽ നാടകാഭിനയത്തിൽ അഭിരുചിയുണ്ടായിരുന്ന അദ്ദേഹം സ്കൂൾ യൂത്ത് ഫെസ്റ്റിവലിൽ ഏകാങ്ക നാടകങ്ങളിൽ അഭിനയിച്ചു. പിന്നീടാണ് അമേച്വർ പ്രൊഫഷണൽ നാടകങ്ങളിൽ പ്രവേശിച്ചത്. സിനിമാനടൻമാരായ അടൂർ ഭാസി, ടി.പി. മാധവൻ, ഇന്നസെന്റ്, ഒടുവിൽ ഉണ്ണികൃഷ്ണൻ, ജഗന്നാഥ വർമ്മ, ലിഷോയ് തുടങ്ങി നിരവധി പേർക്കൊപ്പം അദ്ദേഹം അഭിനയിച്ചിട്ടുണ്ട്. ജഗന്നാഥ വർമ്മയെയും കലാലയം രാധയെയും അഭിനയിപ്പിച്ചുകൊണ്ട് ഓംകാരം എന്ന നാടകം എഴുതി സംവിധാനം ചെയ്യുകയും അതിൽ അഭിനയിക്കുകയും ചെയ്തു. ജോസ് പായമ്മൽ, കഴിമ്പ്രം വിജയൻ എന്നിവർക്കൊപ്പവും തൃശ്ശൂർ ഹിറ്റ്സ്, കഴിമ്പ്രം തീയേറ്റേഴ്സ് തുടങ്ങി നിരവധി ട്രൂപ്പുകളിലും അദ്ദേഹം അഭിനയിച്ചിട്ടുണ്ട്. ഏകദേശം 600 ഓളം നാടകങ്ങളിൽ വ്യത്യസ്ത വേഷം അവതരിപ്പിച്ച ചന്ദ്രമോഹൻ ടെലിഫിലിമുകളിൽ അഭിനയിക്കുകയും തിരക്കഥ രചിക്കുകയും ചെയ്തു. അടിമകൾ എന്ന നാടകത്തിലെ അഭിനയത്തിന് കേരള സംഗീത നാടക അക്കാദമിയുടെ മികച്ചനടനുള്ള പുരസ്കാരം ലഭിച്ചു. ചുവപ്പുതാളം, നിറമാല എന്നീ സിനിമകളുടെ തിരക്കഥ ചന്ദ്രമോഹന്റേതാണ്.

## ശ്രീധരൻ നമ്പൂതിരിപ്പാട്

1936 -ൽ പായ്ക്കാട്ട് മനയിൽ പരമേശ്വരൻ നമ്പൂതിരിപ്പാടിന്റെയും ശ്രീദേവി അന്തർജ്ജനത്തിന്റെയും മകനായി തൃപ്രയാറിലാണ് ശ്രീധരൻ നമ്പൂതിരിപ്പാട് ജനിച്ചത്. കൂടൽമാണിക്യക്ഷേത്രത്തിലെ ചീഫ് അക്കൗണ്ടന്റായാണ് അദ്ദേഹം ഇരിങ്ങാലക്കുടയിൽ എത്തിച്ചേരുന്നത്. പുതിയവെളിച്ചം ആയിരുന്നു അദ്ദേഹത്തിന്റെ ആദ്യ നാടകം. പിന്നീട്, അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് എന്ന നാടകത്തിൽ വേഷംചെയ്തു. ജീവിതം ഒരു കൊടുങ്കാറ്റ്, തിളക്കുന്ന കടൽ, ആലയും ചങ്ങലയും, പൊതുശത്രുക്കൾ, നീതിമാന്റെ രക്തം തുടങ്ങിയവ ശ്രീധരൻ നമ്പൂതിരിപ്പാട് വേഷം ചെയ്ത നാടകങ്ങളിൽ ചിലതാണ്.

## വാമനൻ നമ്പൂതിരി

തൃശ്ശൂർ ബ്രഹ്മസ്വം മഠം ഗുരുകുലത്തിൽനിന്ന് പതിനേഴ് വർഷത്തോളം വേദപഠനവും ഹിന്ദി പ്രചാരസഭയിൽനിന്ന് ഹിന്ദി പ്രവീണും നേടിയ വാമനൻ നമ്പൂതിരി നിരവധി വർഷങ്ങൾ ഹിന്ദി അധ്യാപകനായി ജോലി ചെയ്തു. 1970 -ൽ കലാനിലയത്തിൽ ചേർന്ന് കഥകളിയും അഭ്യസിച്ചിട്ടുണ്ട്. ഏതു കഥാപാത്രത്തെയും അനായാസം കൈകാര്യം ചെയ്യുന്ന വാമനൻ നമ്പൂതിരി അഭിനയിച്ച നാടകങ്ങളിൽ ചിലതാണ് യാഗശാല, തിളയ്ക്കുന്ന കടൽ തുടങ്ങിയവ.

## രാമചന്ദ്രൻ എൻ.എസ്.

പുരോഗമന നാടകപ്രസ്ഥാനത്തിൽ സജീവമായി പ്രവർത്തിച്ചിരുന്ന വ്യക്തിയാണ് രാമചന്ദ്രൻ എൻ.എസ്. 1947 -ൽ നെല്ലിപ്പറമ്പിൽ ശങ്കരന്റെയും ദേവയാനിയുടെയും മകനായാണ് അദ്ദേഹം ജനിച്ചത്. സാമൂഹ്യതിന്മകൾക്കെതിരെ പ്രതികരിക്കുന്ന നിരവധി നാടകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. നാടകനടൻ എന്ന നിലയിലും അദ്ദേഹം ശ്രദ്ധേയനായി. കലാപം, ദർശനം, തുയിലുണർത്ത്, അനശ്വര, വെളിപാട് എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന നാടകങ്ങൾ. 1987 -ൽ എൻ.എസ്. രാമചന്ദ്രൻ മരിച്ചു.

## എം.എസ്. വേണുഗോപാലൻ

പി.ജെ. ആന്റണിയുടെ പൊതുശത്രുക്കൾ എന്ന നാടകത്തിൽ കോമഡി ആർട്ടിസ്റ്റായി അരങ്ങേറ്റം കുറിച്ച നടനാണ് വേണുജി എന്ന എം.എസ്. വേണുഗോപാലൻ. നാഷണൽ ഹൈസ്കൂളിലെ പഠനകാലത്തായിരുന്നു ഇത്. കെ.വി. രാമനാഥൻ മാഷാണ് അദ്ദേഹത്തെ ഈ രംഗത്തേക്ക് കൊണ്ടുവന്നത്. 1951 -ൽ മുതിരപറമ്പിൽ ശിവനാണ്ടി ചെട്ട്യാരുടെയും തങ്കമ്മയുടെയും മകനായാണ് അദ്ദേഹം ജനിച്ചത്. കോട്ടയം നാഷണൽ തിയേറ്റേഴ്സിന്റെ നിശാഗന്ധി, തൃശ്ശൂർ ബ്രഹ്മപുത്രയുടെ ശക്തൻ തമ്പുരാൻ, പൂഞ്ഞാർ നവധാരയുടെ വീട്ടുവിശേഷം, തൃശ്ശൂർ നവമിത്രയുടെ ഗ്രാമഗീതം, തൃശ്ശൂർ സംഘഭാവനയുടെ അമ്മ മഴക്കാർ, അരക്കള്ളൻ, മരുമക്കൾ, ഗുരുവായൂർ ബന്ധുരയുടെ വിധിപറയും മുമ്പേ, അങ്കമാലി അഭിരമ്യയുടെ അച്ഛന്റെ ഒറ്റ മകൻ എന്നീ നാടകങ്ങളിലും കനലാട്ടം, പുഷ്യരാഗം, പാലാട്ട് കുഞ്ഞിക്കണ്ണൻ, സഞ്ചാരി, സാഹസം എന്നീ സിനിമകളിലും അഭിനയിച്ചിട്ടുണ്ട് വേണുജി.

## പി. തങ്കപ്പൻ മാസ്റ്റർ

കൂടൽമാണിക്യം ദേവസ്വം ബോർഡ് മുൻ ചെയർമാനായിരുന്ന പി. തങ്കപ്പൻ മാസ്റ്റർ നാടകപ്രവർത്തനങ്ങളിൽ തല്പരനായിരുന്നു. അദ്ദേഹം 1983 -ൽ എൻ.എൻ. പിഷാരടിയുടെ ഇവിടെയോ നാളത്തെസൂര്യോദയം എന്ന നാടകം സംവിധാനം ചെയ്തിരുന്നു.

## മണി മേനോൻ

1970 -കളിൽ അമേച്വർ നാടകങ്ങളിലൂടെ അഭിനയരംഗത്തേക്ക് കടന്നുവന്ന നടനാണ് മണി മേനോൻ. 1956 -ൽ ഇരിങ്ങാലക്കുട ഒടവട്ടത്ത് മുകുന്ദൻ മേനോന്റെയും കാർത്ത്യായനി അമ്മയുടെയും മകനായാണ് അദ്ദേഹം ജനിച്ചത്. നാഷണൽ ഹൈസ്കൂൾ വിദ്യാഭ്യാസകാലം മുതൽതന്നെ നാടകത്തോട് അഭിരുചി പ്രകടിപ്പിച്ചിരുന്നു. തൃശ്ശൂർ യമുന, കൊല്ലം ദൃശ്യകല, തിരുവനന്തപുരം അശ്വതി, ആറ്റിങ്ങൽ സൗമ്യസാര എന്ന് തുടങ്ങി മുപ്പതോളം നാടകകമ്പനികളിൽ വില്ലനായും സ്വഭാവനടനായും അഭിനയിച്ചിട്ടുണ്ട് അദ്ദേഹം. തച്ചോളി ഒതേനൻ എന്ന സീരിയലിൽ വില്ലൻ വേഷത്തോടെയാണ് ആദ്യമായി സിനിമാ - സീരിയൽ രംഗത്തേക്ക് കടന്നുവരുന്നത്.

ചാക്കോ രണ്ടാമൻ, ഒറ്റാൽ, വീരം, അവതാരം, മക്കൾ, ഉറുമ്പുകൾ ഉറങ്ങാറില്ല, ലാസ്റ്റ് ബെഞ്ച്, ചക്കരമാമ്പഴം, മലയാളനാട്, വാടാമല്ലി, ജീവനം തുടങ്ങിയ സിനിമകളിലും അഭിനയിച്ചു. മാർത്താണ്ഡവർമ്മ, പറയിപെറ്റ പന്തിരുകുലം, കായംകുളം കൊച്ചുണ്ണി തുടങ്ങിയ സീരിയലുകളിലും അദ്ദേഹം അഭിനയിച്ചിട്ടുണ്ട്.

## ഷബീർ കെ.എസ്.

പ്രശസ്ത നാടക -സീരിയൽ നടനായ ഷബീർ കെ.എസ്. 1959 -ൽ കളക്കാട്ട് ഷെയ്ഖ് ഹുസൈന്റെയും പരീത് ബീവിയുടെയും മകനായാണ് ഇരിങ്ങാലക്കുടയിൽ ജനിച്ചത്. കലാകുടുംബത്തിൽ ജനിച്ച ഇദ്ദേഹം അഞ്ചാം ക്ലാസ് മുതൽ നാടകാഭിനയം തുടങ്ങിയിരുന്നു. രാജ് ഫൈൻ ആർട്സിലാണ് അഭിനയത്തിന്റെ തുടക്കം. പതിനഞ്ചോളം നാടകങ്ങളിൽ അഭിനയിച്ചു. പ്രവാസജീവിതത്തിനുശേഷം തിരിച്ചെത്തിയ അദ്ദേഹം വീണ്ടും അഭിനയത്തിൽ സജീവമായി. ദീപങ്ങൾസാക്ഷി എന്ന നാടകത്തിലൂടെ ആയിരുന്നു തിരിച്ചുവരവ്. തുടർന്ന് ചരിത്രം സാക്ഷി, കുടുംബ ബന്ധങ്ങൾ എന്നീ നാടകങ്ങളിൽ അഭിനയിച്ചു. ശക്തൻ തമ്പുരാൻ എന്ന സിനിമയിൽ ശക്തൻ തമ്പുരാന് എതിരായി നിൽക്കുന്ന ഒരു കർഷകന്റെ വേഷം അഭിനയിച്ചുകൊണ്ട് സിനിമയിൽ അരങ്ങേറ്റം കുറിച്ചു. ഓർക്കിഡ് പൂക്കൾ പറഞ്ഞകഥ, വയ്യാവേലി എന്നിവയാണ് തുടർന്ന് അഭിനയിച്ച സിനിമകൾ. സ്വർഗ്ഗകവാടം, സ്നേഹവീട്, സ്നേഹതീരം, കാരുണ്യം തുടങ്ങിയ സീരിയലുകളിലും അഭിനയിച്ചു.

## വർഗ്ഗീസ് എടക്കാടൻ

നാടകരചയിതാവും സംവിധായകനും നടനുമാണ് വർഗ്ഗീസ് എടക്കാടൻ. 1959 -ൽ ചിറ്റിലപ്പിള്ളി എടക്കാട് ദേവസ്സിയുടെയും മേരിയുടെയും മകനായാണ് അദ്ദേഹം ഇരിങ്ങാലക്കുടയിൽ ജനിച്ചത്. ആമ്പല്ലൂർ അളഗപ്പ ടെക്സ്റ്റൈൽസ് അമേച്വർ നാടകമത്സരത്തിൽ ചിലന്തി എന്ന നാടകത്തിന് മികച്ച സംവിധായകനുള്ള പുരസ്കാരം ലഭിച്ചു. അദ്ദേഹം സംവിധാനം ചെയ്ത മറ്റൊരു നാടകമാണ് ചിറകറ്റ പക്ഷികൾ.

### വർഗ്ഗീസ് വെള്ളാനി

അഭിനയകലയിൽ പാടവം തെളിയിച്ച വർഗ്ഗീസ് വെള്ളാനി, 1960 -ൽ കല്ലക്കാരൻ ലൂയിസിന്റെയും റോസയുടെയും മകനായാണ് ജനിച്ചത്. 1989 -ൽ കേരള സംഗീത നാടക അക്കാദമിയുടെ സംസ്ഥാന നാടകോത്സവത്തിൽ മികച്ചനടനുള്ള ബഹുമതി നേടി. താണിശ്ശേരി അരങ്ങ് നാടകസംഘത്തിന്റെ സ്വാതന്ത്ര്യത്തിന്റെ സംഘഗാനം എന്ന നാടകത്തിലെ അഭിനയത്തിനാണ് ഈ ബഹുമതി ലഭിച്ചത്. നിരവധി തെരുവുനാടകങ്ങളിലും മുപ്പതോളം അമേച്വർ - പ്രൊഫഷണൽ നാടകങ്ങളിലും വർഗ്ഗീസ് വെള്ളാനി അഭിനയിച്ചിട്ടുണ്ട്.

### ജോർജ്ജ് സി.കെ.

നാടകനടനും സംവിധായകനുമായി പ്രവർത്തിച്ചിട്ടുള്ള ജോർജ്ജ് സി.കെ., 1961 -ൽ ചെമ്പകശ്ശേരി കുഞ്ഞുപ്പാലുവിന്റെയും റോസിയുടെയും മകനായി ഇരിങ്ങാലക്കുടയിൽ ജനിച്ചു. നാഷണൽ ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്ന അദ്ദേഹത്തിന് നാടകകലയോടുള്ള ആഭിമുഖ്യം സ്കൂൾ കാലത്തുതന്നെ ലഭിച്ചതാണ്. പറവൂർ അമൃത, ചാലക്കുടി സാരഥി, ഇരിങ്ങാലക്കുട ചതുരംഗ തുടങ്ങിയ നാടക ട്രൂപ്പുകൾക്കുവേണ്ടി അദ്ദേഹം നിരവധി വേഷങ്ങൾ ചെയ്തു. താളം, ഹെർക്കുലീസ് തുടങ്ങിയ ഏകാങ്കനാടകങ്ങൾ സംവിധാനം ചെയ്തിട്ടുള്ള അദ്ദേഹം അഞ്ഞൂറോളം നാടകങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. പ്രവാസജീവിതം കഴിഞ്ഞ് തിരിച്ചെത്തിയ അദ്ദേഹം അശ്വതി എസ്റ്റേറ്റ്, പത്താം മണിക്കൂർ തുടങ്ങിയ നാടകങ്ങളും ചെയ്തിരുന്നു.

## 5.16.5 ജിജോയ് പി.ആർ.

2014 മുതൽ പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ അസോസിയേറ്റ് പ്രൊഫസറായിരുന്ന ജിജോയ് പി.ആർ., ഇപ്പോൾ കേരളത്തിലെ കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്സിന്റെ ഡയറക്ടറാണ്. 1976 -ൽ പുളിക്കൻ രാജഗോപാലിന്റെയും മംഗളാദേവിയുടെയും മകനായി ഇരിങ്ങാലക്കുടയിലാണ് അദ്ദേഹം ജനിച്ചത്. എസ്.എൻ. സ്കൂൾ, ക്രൈസ്റ്റ് കോളേജ് എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിനുശേഷം തൃശ്ശൂർ സ്കൂൾ ഓഫ് ഡ്രാമയിൽനിന്ന് പരിശീലനംനേടി.

തുടർന്ന് പോണ്ടിച്ചേരി യൂണിവേഴ്സിറ്റിയിൽനിന്ന് നാടകത്തിലും തിയേറ്റർ ആർട്സിലും റാങ്കോടെ എം.എ.യും എം.ഫിൽ.ഉം കരസ്ഥമാക്കി. ഇന്ത്യയ്ക്കകത്തും പശ്ചിമേഷ്യൻ രാഷ്ട്രങ്ങളിലും അഭിനയശില്പശാലകൾ നയിച്ച് അന്താരാഷ്ട്രതലത്തിൽ പ്രവൃത്തിപരിചയമുള്ള കലാകാരനാണ് ജിജോയ്.

ഇംഗ്ലണ്ടിലെ ഷേക്സ്പിയർ റോയൽകമ്പനി വില്യം ഷേക്സ്പിയറുടെ മുഴുവൻ നാടകങ്ങളും കവിതകളും നാടകാവിഷ്കാരം നടത്തിയപ്പോൾ ഇന്ത്യയിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട ഇരുപതുപേരിൽ ഒരാളായിരുന്നു ജിജോയ്. ഇംഗ്ലണ്ട്, അമേരിക്ക, ഓസ്ട്രേലിയ, കാനഡ, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിൽ മൂന്നുവർഷംകൊണ്ട് നാനൂറോളം വേദികളിൽ ഷേക്സ്പിയർ നാടകങ്ങളിലെ മുഖ്യകഥാപാത്രങ്ങളെ ഇവർ അവതരിപ്പിച്ചു. കേന്ദ്രസാംസ്കാരിക മന്ത്രാലയത്തിന്റെ ജൂനിയർ ഫെല്ലോഷിപ്പും കേന്ദ്രമാനവവിഭവശേഷി മന്ത്രാലയത്തിന്റെ യുവ കലാകാരനുള്ള സ്കോളർഷിപ്പും നേടിയിട്ടുണ്ട്. അമ്പത്തിയഞ്ചോളം സിനിമകൾ, 40 നാടകങ്ങൾ, 25 ഹ്രസ്വചിത്രങ്ങൾ, 10 സീരിയലുകൾ എന്നിവയിലും അഭിനയിച്ചിട്ടുള്ള ജിജോയ്, ജയ് ഭീം എന്ന ചിത്രത്തിന്റേയും ഭാഗമായിരുന്നു. നാന്നൂറോളം അന്താരാഷ്ട്രനാടകമേളകളിൽ പങ്കെടുത്തിട്ടുള്ള അദ്ദേഹം നാലുവർഷക്കാലം സ്കൂൾ ഓഫ് ഡ്രാമ ആൻഡ് ഫൈൻ ആർട്സിലും അധ്യാപകനായി സേവനമനുഷ്ഠിച്ചിരുന്നു.

ക്രൈസ്റ്റ് കോളേജിൽ 1996 -ലും 2018 -ലും എൻ.എസ്. മാധവന്റെ ഹിഗ്വിറ്റ എന്ന കഥയ്ക്ക് നാടകാവിഷ്കാരം നൽകിയപ്പോൾ അതിൽ ഗീവർഗ്ഗീസച്ചന്റെ വേഷം അഭിനയിച്ചത് ജിജോയാണ്. 1999 മുതലാണ് ജിജോയ് സിനിമയിൽ അഭിനയിച്ച് തുടങ്ങുന്നത്. നിറം, ഗർഷോം, വീണ്ടും ചില വീട്ടുകാര്യങ്ങൾ, ദേവദൂതൻ, മേഘമൽഹാർ, ശിവം, ഗ്രാമഫോൺ, പ്രഭുവിന്റെ മക്കൾ, തിരുവമ്പാടി തമ്പാൻ, ഓർമ്മകൾ എന്നിവയാണ് അദ്ദേഹം ചെയ്ത പ്രധാനസിനിമകൾ. ഇന്നസെന്റ് കഥകൾ, ശമനതാളം, സ്വപ്നം, മഴയറിയാതെ, രണ്ടാമത്തോറൽ, ശ്രീകൃഷ്ണൻ, കഥയിലെ രാജകുമാരി തുടങ്ങിയ ടെലിവിഷൻ സീരിയലുകളിലും ജിജോയ് അഭിനയിച്ചിട്ടുണ്ട്.

## ഷോഗി വിയ്യത്ത്

പ്രൊഫഷണൽ നാടകരംഗത്ത് ഏറെ ശ്രദ്ധേയനാണ് ഷോഗി വിയ്യത്ത്. 1994 മുതൽ 1996 വരെ അരണാട്ടുകരയിലെ ഡ്രാമ സ്കൂളിൽ ടെക്നിക്കൽ ഡിസൈനിങ്ങിൽ പഠനം പൂർത്തിയാക്കി. അങ്കമാലി പൂജ തിയ്യേറ്റേഴ്സിന്റെ ദേശവിളക്ക് എന്ന നാടകത്തിൽ കാര്യസ്ഥന്റെ വേഷം ചെയ്തുകൊണ്ടാണ് അദ്ദേഹം കലാരംഗത്തേക്ക് കടന്നുവന്നത്. ഹാസ്യകഥാപാത്രങ്ങളെയാണ് ഏറെയും അവതരിപ്പിച്ചിട്ടുള്ളത്. ഗുരുവായൂർ വിശ്വ ഭാരതി തീയേറ്റേഴ്സിന്റെ ഗുരുകുലം എന്ന നാടകം ഏറെ പ്രശംസപിടിച്ചുപറ്റിയിരുന്നു. മഴനിലാവ്, കാഴ്ചയ്ക്കപ്പുറം എന്നീ നാടകങ്ങളുടെ രചന നിർവഹിച്ചു. ഇവ സംഗീതനാടക അക്കാദമിക്ക് വേണ്ടി അവതരിപ്പിച്ചിരുന്നു.

## സച്ചിത്ത് ടി.ജി.

ഇവിടെയോ നാളത്തെ സൂര്യോദയം, ബ്രഹ്മാസ്ത്രം തുടങ്ങിയ പ്രൊഫഷണൽ നാടക ങ്ങളിൽ കോളേജ് പഠനകാലത്ത് തന്നെ അഭിനയിച്ച നടനാണ് സച്ചിത്ത് ടി.ജി. 1964 -ൽ തറയിൽ ഗോപാലന്റെയും ഭാനുമതിയുടെയും മകനായാണ് സച്ചിത്ത് ജനിച്ചത്. തിരുവോണത്തുമ്പി എന്ന ടെലിഫിലിമിലും ഒരു പെണ്ണിന്റെ കഥ, അലാവുദ്ദീനും അത്ഭു തവിളക്കും, എട്ടു സുന്ദരികളും ഞാനും, സ്നേഹസ്പർശം തുടങ്ങിയ സീരിയലുകളിലും സച്ചി ത്ത് അഭിനയിച്ചിട്ടുണ്ട്.

## സജു ചന്ദ്രൻ

പ്രശസ്ത നാടകകലാകാരനായ സജു ചന്ദ്രൻ, ഉള്ള് ഊര് എന്ന ഒറ്റയാൾ നാടകം അഭി നയിച്ച് ജനശ്രദ്ധ നേടിയ വ്യക്തിയാണ്. ജനനയന എന്ന നാടകസമിതിയുടെ സ്ഥിരം അഭിനേതാവും പ്രവർത്തകനുമായിരുന്നു അദ്ദേഹം. പൊ.വ. 2000 -ൽ സുഹൃത്തിനൊ പ്പം അങ്കമാലി അമ്മ കമ്മ്യൂണിക്കേഷൻസ്, എന്ന നാടകസമിതി രൂപീകരിച്ച് അവത രിപ്പിച്ച അച്ഛന്റെ പൊന്നുമക്കൾ ഏറെ പുരസ്കാരങ്ങൾ നേടുകയും പിന്നീട് സിനിമയാ ക്കപ്പെടുകയും ചെയ്തു. ഇവർചെയ്ത അമ്മയുള്ള കാലത്തോളം എന്ന നാടകവും നിരവധി സംസ്ഥാന അവാർഡുകൾ നേടി. ആലുവ ശാരിക എന്ന സമിതിയിൽ ചെയ്ത കുങ്കുമപ്പൂ ക്കളും ശ്രദ്ധിക്കപ്പെട്ട നാടകമാണ്.

## ജോയ് വർഗ്ഗീസ്

തൃശ്ശൂരിലെ വിവിധ ട്രൂപ്പുകളിലായി അമ്പതോളം നാടകങ്ങളിൽ അഭിനയിച്ചിട്ടുള്ള ജോയ് വർഗീസിന്റെ വീണ്ടും മധുരാപുരി എന്ന നാടകത്തിലെ അഭിനയം ശ്രദ്ധേയമായിരുന്നു.

## ശ്രീവല്ലഭൻ നമ്പൂതിരി

അണിമംഗലത്ത് മനയിലെ ശ്രീവല്ലഭൻ നമ്പൂതിരി പാരമ്പര്യമായി താന്ത്രിക കുടുംബാംഗമാണ്. 1965 -ൽ സുബ്രഹ്മണ്യൻ നമ്പൂതിരിയുടെയും പാർവതി അന്തർജ്ജനത്തിന്റെയും മകനായി അദ്ദേഹം ജനിച്ചു. നാടകത്തോടുള്ള അഭിരുചി അദ്ദേഹത്തെ കലാരംഗത്തേക്ക് കൂടുതൽ അടുപ്പിച്ചു. അറുപതിലധികം നാടകങ്ങളിലും അർഹ്യം, തച്ചോളി ഒതേനൻ തുടങ്ങിയ സീരിയലുകളിലും അഭിനയിച്ചിട്ടുണ്ട് ശ്രീവല്ലഭൻ നമ്പൂതിരി. ഹാസ്യ കഥാപാത്രങ്ങളെയാണ് അദ്ദേഹം കൂടുതലും അവതരിപ്പിച്ചിട്ടുള്ളത്.

## ജോഷി ആന്റണി

ഏഴാം ക്ലാസ്സ് മുതൽ നാടകങ്ങളിൽ അഭിനയിച്ചു തുടങ്ങിയ ജോഷി ആന്റണി പോത്താനി, 1972 -ൽ കൊടലിപ്പറമ്പിൽ ആന്റണിയുടെയും മേരിയുടെയും മകനായി എടതിരിഞ്ഞിയിലാണ് ജനിച്ചത്. ഡോക്ടർ തിരക്കിലാണ് എന്ന നാടകത്തിലെ സമനില തെറ്റിയ വ്യക്തിയായും രാവുണ്ണി എന്ന നാടകത്തിലെ രാവുണ്ണിയുടെ സുഹൃത്തായ കുഞ്ഞമ്പുവായും, കുഞ്ഞാലിമരക്കാരിലെ ക്യാപ്റ്റൻ ബെർണാഡോ, കുട്ട്യാലി എന്നീ കഥാപാത്രങ്ങളായും അദ്ദേഹം വേദിയിലെത്തി. ആനരാഘവൻ എന്ന ഒറ്റയാൾ നാടകവും ശ്രദ്ധനേടിയിരുന്നു. പുരോഗമന കലാസാഹിത്യസംഘത്തിനുവേണ്ടി നെറ്റിക്കൊമ്പൻ, രാമൻ ദൈവം എന്നീ തെരുവുനാടകങ്ങളിലും അഭിനയിച്ചിട്ടുണ്ട്.

## പ്രകാശൻ സി.ജി.

യുവകലാസാഹിതി, ഇരിങ്ങാലക്കുട കളിയരങ്ങ്, കണ്ഠേശ്വരം കലാ -സാഹിത്യസാംസ്കാരികവേദി തുടങ്ങിയ കലാസംഘടനകളിൽ പ്രവർത്തിച്ചുവരുന്ന പ്രകാശൻ സി.ജി. നല്ലൊരു നാടക പ്രവർത്തകനും നടനും മികച്ച നാടകസംഘാടകനുമാണ്.

## മധു ടി.കെ.

ക്രൈസ്റ്റ് കോളേജിലെ വിദ്യാഭ്യാസകാലത്തുതന്നെ നാടകാഭിനയത്തിൽ മികവുതെളിയിച്ച വ്യക്തിയാണ് മധു ടി.കെ.. ആറു വർഷത്തോളം അദ്ദേഹം പ്രൊഫഷണൽ സമിതികളിൽ നടനായിരുന്നു. ഇരിങ്ങാലക്കുട നവമിത്ര, തൃശ്ശൂർ വിശ്വകലതീയേറ്റർ, ഇരിങ്ങാലക്കുട കാഴ്ച കമ്മ്യൂണിക്കേഷൻസ് തുടങ്ങി നിരവധി നാടകസമിതികളുടെ ഭാഗമായി. ഗ്രാമഗീതം, ചാത്തനേറ് തുടങ്ങിയ നാടകങ്ങൾ വിവിധ വേദികളിൽ അവതരിപ്പിച്ചു.

## സതീഷ് ചന്ദ്രൻ

1986 -ൽ ഉത്തരായനത്തിലെ സത്യൻ എന്ന നാടകത്തിൽ അഭിനയിച്ചുകൊണ്ട് പ്രൊഫഷണൽ നാടകരംഗത്തെത്തിയ കലാകാരനാണ് സതീഷ് ചന്ദ്രൻ. 1962 -ൽ പി. ചന്ദ്രശേഖരമേനോന്റെയും ചന്ദ്രിക മേനോന്റെയും മകനായി ഇരിങ്ങാലക്കുടയിലാണ് സതീഷ് ചന്ദ്രൻ ജനിച്ചത്. ഭാരതാംബേ തുയിലുണരൂ, ജോസഫ് ചേറ്റുപുഴയുടെ കിരാതതാളം, സംഘക്ഷേത്രം തുടങ്ങി അമ്പതിലധികം നാടകങ്ങളിൽ അദ്ദേഹം അഭിനയിച്ചുകഴിഞ്ഞു. കുഞ്ഞാലിമരയ്ക്കാരിലെ മങ്ങാട്ടച്ചന്റെ വേഷം വളരെ ശ്രദ്ധേയമായിരുന്നു. അമേച്വർ നാടകങ്ങളിലും അദ്ദേഹം ശ്രദ്ധേയമായ വേഷങ്ങൾ കൈകാര്യം ചെയ്തു. പ്രേംലാൽ സംവിധാനം ചെയ്ത ഔട്ട്സൈഡർ എന്ന സിനിമയിലും ആൽബങ്ങളിലും ഷോർട്ട് ഫിലിമുകളിലും അദ്ദേഹം അഭിനയിച്ചിട്ടുണ്ട്.

## രെഞ്ചു ചന്ദ്രൻ

കേരള സംഗീത നാടക അക്കാദമി അംഗമായ രെഞ്ചു ചന്ദ്രൻ തൃശ്ശൂർ സ്കൂൾ ഓഫ് ഡ്രാമയിൽ നാടകസംവിധാനം പഠിച്ച കലാകാരനാണ്. പോണ്ടിച്ചേരിയിൽനിന്ന് തിയേറ്റർ ആർട്സിൽ എം.എഫിൽ. ബിരുദം നേടിയ അദ്ദേഹം രാജീവ് ഗാന്ധി ഫെല്ലോഷിപ്പോടെയാണ് ഗവേഷണപഠനം നടത്തിയത്. 1981 -ൽ അമ്പാട്ടു പറമ്പിൽ ചന്ദ്രന്റെയും കാർത്യായനിയുടെയും മകനായാണ് അദ്ദേഹം ജനിച്ചത്. അച്ഛൻ കളമെഴുത്തുപാട്ടിലും മേളത്തിലും വിദഗ്ധനായിരുന്നു. ഈ കലാപാരമ്പര്യം സ്കൂൾ തലം മുതൽ തന്നെ രെഞ്ചു പ്രകടമാക്കിയിരുന്നു. പോണ്ടിച്ചേരിയിലെ വിദ്യാഭ്യാസകാലത്ത് നിരവധി വിദേശ

സംവിധായകരുമായി പ്രവർത്തിക്കുകയും ബാംഗ്ലൂർ, മൈസൂർ എന്നിവിടങ്ങളിൽ ഇന്റർ നാഷണൽ തിയേറ്റർ ഫെസ്റ്റിവൽ നാടകങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. അങ്കമാലി അമ്മ കമ്മ്യൂണിക്കേഷൻസിന്റെ അമ്മയുള്ള കാലത്തോളം എന്ന നാടകം സംവിധാനം ചെയ്തത് രെഞ്ചു ചന്ദ്രനാണ്. തിരുവനന്തപുരത്ത് നടന്ന ആയുർ ഫെസ്റ്റ് നാടകമത്സര ത്തിൽ മൂത്തോരുടെ വിലാപങ്ങൾ എന്ന നാടകം ഏറ്റവും മികച്ചതായി തെരഞ്ഞെടുക്ക പ്പെട്ടു. കലാഭവൻ മണിയുടെ ജീവിതത്തെ ആസ്പദമാക്കി സംവിധാനം ചെയ്ത മാണി ക്യപ്പൊന്ന് എന്ന നാടകം ഏറെ ജനശ്രദ്ധയാകർഷിച്ചിരുന്നു.

### ഷാഹുൽ കാട്ടൂർവാല

സ്കൂൾ ഓഫ് ഡ്രാമ & ഫൈൻ ആർട്സിൽനിന്നും നാടകസംവിധാനത്തിൽ ബിരുദം നേടിയ കലാകാരനാണ് ഷാഹുൽ. കേരള സംഗീത നാടക അക്കാദമി കോവിഡാന ന്തരം സംഘടിപ്പിച്ച അമേച്വർ നാടകോത്സവത്തിൽ ഷാഹുൽ നാടകം സംവിധാനം ചെയിതിരുന്നു. ഭാരത് ഭവന്റെ നേതൃത്വത്തിൽ കേരള സാംസ്കാരികവകുപ്പ് നടത്തിയ തളിർമിഴി പ്രോഗ്രാമിനുവേണ്ടിയും ഒരു തെരുവുനാടകം എഴുതി സംവിധാനം ചെയ്തു. ഇതിനകം ഏഴോളം നാടകങ്ങൾ സംവിധാനം ചെയ്യുകയും ഇരുപത്തഞ്ചിൽപരം നാട കങ്ങളിൽ അഭിനയിക്കുകയും ചെയ്തിട്ടുണ്ട് ഇദ്ദേഹം. ഉത്തർപ്രദേശിലെ ചന്ദ്രശേഖർ ആസാദ് നാടകോത്സവത്തിൽ ഷാഹുൽ സംവിധാനം ചെയ്ത പ്രിയപ്പെട്ട അവിവാഹിത എന്ന നാടകം, കർഷകസമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് ഡൽഹി യിലും അവതരിപ്പിക്കുക ഉണ്ടായി. കോവിഡ് കാലത്ത് ഫേസ്ബുക്കിന്റെ സാധ്യത ഉപയോഗിച്ച് ലൈവ് നാടകം ചെയ്ത് ഡിജിറ്റൽ നാടകസങ്കേതത്തിലൂടെ ആ കാലത്തെ കല കൊണ്ടുതന്നെ അതിജീവിച്ചു. തിയേറ്റർ കളക്റ്റീവ് എന്ന നാടകസംഘം ഷാഹുലി ന്റെ നേതൃത്വത്തിലാണ് ആരംഭിച്ചത്. ശാന്തി തിയേറ്റർ എന്ന യുവാക്കളുടെ നാടക സംഘത്തിലെ സജീവ പ്രവർത്തകനായ അദ്ദേഹം, ആക്ടർഫാക്ടറി എന്ന ആക്ടിങ് വർക്ഷോപ്പിന്റെ ഡയറക്ടറുമാണ്.

## 5.16.6 നാടകക്ലബ്ബുകൾ

1962 -ൽ രൂപംകൊണ്ട ഉമ ക്ലബ് ഇവിടെ നാടകപ്രണയികളെ വളർത്തുന്നതിൽ പ്ര ധാനപങ്കുവഹിച്ചു. ഉണ്ണിനമ്പൂതിരി മെമ്മോറിയൽ ആർട്ട്സ് എന്നതിന്റെ ചുരുക്കരൂപ

മാണ് ഉമ ക്ലബ്. ഇരിങ്ങാലക്കുടയിലെ നാടകപ്രേമികളായ ഒരു കൂട്ടം ചെറുപ്പക്കാരാണ് ഇത്തരമൊരു സംരംഭം ആരംഭിച്ചത്. കെ.വി. രാമനാഥൻ മാസ്റ്റർ ഇതിനു നേതൃത്വം നൽകി. തൃശ്ശൂർ ജില്ലയിലെ ഏറ്റവും മികച്ച നാടകസംരംഭം ആയിരുന്നു അത്. മുകുന്ദൻ മേനോൻ, ശ്രീധരൻ നമ്പൂതിരി, വാമനൻ മാസ്റ്റർ, തിരുത്തുര് ദാമോദരൻ, ഗോപാലൻ മാസ്റ്റർ, എടതിരിഞ്ഞി ഭരതൻ, ജോസ് പായമ്മൽ, ചന്ദ്ര മോഹൻ തുടങ്ങിയവർ ഉമ ക്ലബിലെ അഭിനേതാക്കളും സംഘാടകരുമെല്ലാമായിരുന്നു. സിനിമ പിന്നണിഗായ കനായ പി. ജയചന്ദ്രൻ ഈ നാടകങ്ങളിൽ പാടിയിരുന്നു. 1974 വരെ ക്ലബിന്റെ പ്ര വർത്തനങ്ങൾ തുടർന്നു.

1950 -60 കാലഘട്ടത്തിൽ ഇരിങ്ങാലക്കുടയിൽ നാടകാവതരണങ്ങൾക്ക് മുൻ കയ്യെടുത്തവരിൽ ഒരാളാണ് മാണിക്യൻ ചെട്ടിയാർ. മാണിക്യൻ ചെട്ടിയാർ പിന്നീട് മദ്രാസിലെ പക്ഷിരാജ സ്റ്റുഡിയോയിലെത്തി തിരക്കഥാരചയിതാവായി.

നാടകഗാനങ്ങളുടെയും ഭക്തിഗാനങ്ങളുടെയും രചയിതാവായ കൃഷ്ണദാസ് വാര്യർ നാടകാഭിനയത്തിലും മികവ് പുലർത്തിയിരുന്നു.

ഇരിങ്ങാലക്കുടയിൽ നാടകക്ലബ് രൂപീകരിച്ച് പ്രവർത്തിച്ചിരുന്ന മറ്റു ചിലരാണ് തട്ടിൽ ഓപ്പൻ, ഓടമ്പിള്ളി രാമു, സി.ഐ. പോൾ, കോച്ചേരി ഇട്ടി അച്ചൻ, മാരാത്ത് ഗോവിന്ദൻകുട്ടി, സി.എസ്.ആർ. കൃഷ്ണൻ, ഓടമ്പിള്ളി രാമു, പോപ്പുലർ സ്റ്റോർ അച്ചു തൻപിള്ള, പൊന്തങ്കണ്ടത്ത് നാരായണൻകുട്ടി മേനോൻ, സെബാസ്റ്റ്യൻ ജോസഫ് ഭാഗവതർ, ലാസർ തുടങ്ങിയവർ. 1963 മുതൽ 1979 വരെ പ്രവർത്തിച്ചിരുന്ന കലാ നിലയത്തിന്റെ എല്ലാ നാടകങ്ങളും ഇരിങ്ങാലക്കുടയിൽ അവതരിപ്പിച്ചിട്ടുണ്ട്. ജഗതി എൻ.കെ. ആചാരി എഴുതി കലാനിലയം കൃഷ്ണൻ നായർ സംവിധാനം ചെയ്ത നാട കങ്ങളായിരുന്നു അവ. കടമറ്റത്ത് കത്തനാർ, കായംകുളം കൊച്ചുണ്ണി, രക്തരക്ഷ സ്സ്, അലാവുദ്ദീനും അത്ഭുതവിളക്കും, ശ്രീ ഗുരുവായൂരപ്പൻ തുടങ്ങിയവ അവയിൽ ചില താണ്.

സിനിമാനടൻ ഇന്നസെന്റ് ഇരിങ്ങാലക്കുടയിലെ നാടകപ്രവർത്തനങ്ങളിലൂടെ കലയെയും അഭിനയത്തെയും സ്നേഹിച്ച വ്യക്തിയാണ്. അപ്പൻ ഗൗരവമുള്ള നാടക ങ്ങൾ കണ്ടുവന്ന് കഥ പറഞ്ഞുതന്നിരുന്നതിന്റെയും അപ്പന്റെ കൂടെ പാർട്ടി നാടകങ്ങൾ കാണാൻ പോയതിന്റെയും ഓർമ്മകൾ *ചിരിക്ക് പിന്നിൽ* എന്ന ആത്മകഥയിൽ രേഖ

പ്പെടുത്തുന്നുണ്ട് (2017:28). ഇരിങ്ങാലക്കുട നാഷണൽ ഹൈസ്കൂളിൽ സ്കൂൾ വാർഷിക ത്തിന് കേരളത്തിലെ പ്രമുഖ നാടകകൃത്തുക്കളുടെ ഗൗരവമേറിയ നാടകങ്ങൾ അവത രിപ്പിച്ചിരുന്നു. 1962 മുതൽ 30 വർഷത്തോളം കെ.വി. രാമനാഥൻ മാസ്റ്ററുടെ സംവി ധാനത്തിൽ അവതരിപ്പിച്ചിരുന്ന ഈ നാടകങ്ങളിൽ ഇന്നസെന്റ്, മുകുന്ദൻ മേനോൻ, സി. മോഹൻദാസ്, പൊന്തേങ്കണ്ടത്ത് നാരായണൻകുട്ടി മേനോൻ, വേണു ചെട്ടിയാർ എന്നിവർ അഭിനേതാക്കളായിരുന്നു. സിനിമാസംവിധായകൻ എം. മോഹന്റെ സഹാ യവും ഇവർക്ക് ലഭിച്ചിരുന്നു. കാട്ടൂർ പൊഞ്ഞനത്തെ എൻ.എസ്. രാമചന്ദ്രൻ, നടൻ ഗോപൻ എന്നിവർ അകാലത്തിൽ പൊലിഞ്ഞു പോയ നാടകകലാകാരൻമാരാണ്. മാപ്രാണം സുമതി, എടക്കുളം ലീല, പട്ടാളം സുരേന്ദ്രൻ, റപ്പായ് മാപ്രാണം, ജോണൽ, സാണ്ടർ കെ. തോമസ്, തങ്കച്ചൻ എന്നിവരും ഓർക്കപ്പെടേണ്ടവർ തന്നെ.

## ചമയം നാടകവേദി

പുതിയകാലത്തെ നാടകസംസ്കാരത്തെ നിലനിർത്തുന്നതിനും വളർത്തുന്നതിനും നാട കവേദികൾ അനിവാര്യമാണ്. ഇരിങ്ങാലക്കുട പട്ടണത്തോട് ചേർന്ന് നിൽക്കുന്ന പുല്ലൂർ ഗ്രാമമാണ് ചമയം നാടകവേദിയുടെ ആസ്ഥാനം. നാടകസംഘങ്ങളുടെ സ്വാ ധീനം ഈ ഇടത്തെ ഏറെ ശ്രദ്ധേയമാക്കി. 1960 കളിൽ നിരവധി കലാസമിതികൾ ഈ മേഖലയിൽ പ്രവർത്തിച്ചിരുന്നു. ഫ്രണ്ട്സ് പുല്ലൂർ, അപ്സര തിയേറ്റേഴ്സ്, വൈ.എം.എ. ക്ലബ്, യുവശക്തി, ഡഫോഡിൽസ്, ആശ തിയേറ്റേഴ്സ്, പ്ലേ ബോയ്സ്, ഫാൽകെ ക്ലബ്, സന്തോഷ് ആർട്സ് ആന്റ് സ്പോട്സ് ക്ലബ്, വിക്രം ക്ലബ്, മുല്ല തുടങ്ങിയവ അവയിൽ ചിലതാണ്.

നാടകാവതരണം, അന്യംനിന്നുപോകുന്ന നാടൻകലകളുടെ ആവിഷ്കാരങ്ങൾ, കലാ -സാംസ്കാരികരംഗങ്ങളിൽ യുവതലമുറയുടെ പ്രാതിനിധ്യം ഉറപ്പിക്കൽ എന്നി വയായിരുന്നു ചമയം നാടക വേദിയുടെ രൂപീകരണത്തിൽ സംഘാടകർ ലക്ഷ്യമി ട്ടത്. സദു മാസ്റ്റർ, സജ്ജു ചന്ദ്രൻ, കെ.ടി. സുധാകരൻ, ഊരകം വത്സൻ, കടുപ്പ ശ്ശേരി പ്രതാപൻ, ഊരകം ഷൈലൻ, വലിയവീട്ടിൽ സന്തോഷ്, സുനിൽ ആലങ്ങാടൻ, ബിജു ചന്ദ്രൻ തുടങ്ങിയവരായിരുന്നു പ്രാരംഭപ്രവർത്തനത്തിന് നേതൃത്വം നൽകിയത്. ചമയം കലാവേദി കേരളത്തിലെ പ്രമുഖ നാടക സമിതികളെയും കലാകാരന്മാരെയും പുല്ലൂരിൽ എത്തിച്ച് എല്ലാവർഷവും നാടകരാവ് നടത്തിവരുന്നു. ഇപ്പോൾ നാടകവേ

ദിയ്ക്ക് നേതൃത്വം നൽകുന്നത് എ.എൻ. രാജൻ, അനിൽ വർഗ്ഗീസ്, ടി.ജെ. സുനിൽ, കിഷോർ പള്ളിപ്പാട്ട് തുടങ്ങിയവരാണ്. ഇരിങ്ങാലക്കുടയെ സംസ്ഥാനതലത്തിൽ ശ്രദ്ധേയമാക്കുന്നതിൽ ചമയം നാടകവേദിക്ക് വലിയ പങ്കുണ്ട്.

### ബാലെ

ഷൺമുഖൻ കൂടക്കര മികച്ച ബാലെ കലാകാരനാണ്. 1946 -ൽ കൂടക്കര മാധവന്റെയും കല്യാണിയുടെയും മകനായി ഇരിങ്ങാലക്കുടയിൽ ജനിച്ചു. സ്കൂൾ പഠനകാലം മുതൽ തന്നെ നാടകാഭിനയം ഉണ്ടായിരുന്നു. ജീവൻ സ്റ്റുഡിയോ സ്ഥാപകനായ കുഞ്ഞയ്യപ്പൻ മാസ്റ്ററുടെ ഒപ്പം അഭിനയിക്കാനും മേക്കപ്പ് ചെയ്യുന്നതിനും പോയിരുന്നു. അങ്ങനെയാണ് കലാപ്രവർത്തനങ്ങളിൽ കൂടുതൽ സജീവമായത്. ഇദ്ദേഹം അഭിനയിച്ച ത്ര്യംബകം എന്ന ബാലെ നിരവധി സ്റ്റേജുകളിൽ അവതരിപ്പിച്ചിട്ടുണ്ട്. ബാലെയുടെ അണിയറ പ്രവർത്തകൻ കൂടിയായിരുന്നു ഷണ്മുഖൻ.

## 5.17 സിനിമ

ഇരിങ്ങാലക്കുടയുടെ സാംസ്കാരികചരിത്രത്തിൽ സിനിമയ്ക്കുള്ള സ്ഥാനം ചെറുതല്ല. മലയാള സിനിമാലോകത്ത് ഇരിങ്ങാലക്കുടയെ അടയാളപ്പെടുത്തിയ കലാപ്രവർത്തകർ അനവധിയാണ്. സിനിമയുടെ മുന്നിലും പിന്നിലും പ്രവർത്തിക്കുന്ന ഇരിങ്ങാലക്കുടക്കാർ മലയാളസിനിമയുടെ ആരംഭകാലം മുതൽതന്നെയുണ്ട്. പുതിയ തലമുറയും അത് തുടർന്നുകൊണ്ടിരിക്കുന്നു.

### 5.17.1 സിനിമ തിയേറ്റർ

ഇരിങ്ങാലക്കുടയുടെ സിനിമാക്കമ്പത്തിന് ഇവിടുത്തെ തിയേറ്ററുകൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. വിശേഷാവസരങ്ങളിൽ പ്രദർശനം നടത്തിവന്ന ടൂറിംഗ് ടാക്കീസുകളാണ് ആദ്യകാലത്ത് സിനിമ കാണാനുണ്ടായിരുന്ന ഏകമാർഗം. 1949 -ലാണ് സ്ഥിരം തിയേറ്റർ എന്ന സങ്കല്പം ഇരിങ്ങാലക്കുടയിൽ യാഥാർത്ഥ്യമാകുന്നത്.

## കോന്നി തിയേറ്റർ

ഇ.എം. ഹരിഹരൻ മാസ്റ്റർ അദ്ദേഹത്തിന്റെ ഭാര്യാപിതാവും അക്കാലത്തെ പ്രമുഖ കോൺട്രാക്ടറുമായ കോന്നി മേസ്തിരിയുടെ സ്മരണാർത്ഥം ആരംഭിച്ച കോന്നി തിയേറ്റർ ആണ് ഇരിങ്ങാലക്കുടയിലെ ആദ്യ സിനിമാതിയേറ്റർ. അയ്യങ്കാവ് മൈതാനത്തിന് സമീപമാണ് ഈ തിയേറ്റർ സ്ഥിതിചെയ്യുന്നത്. അക്കാലത്തെ ഓലക്കൊട്ടകകളിൽ നിന്നും വ്യത്യസ്തമായി ബോക്സ്, ബാൽക്കണി, ബഞ്ച്, തറ എന്നിങ്ങനെ സാധ്യമായ ആധുനിക സംവിധാനങ്ങളോടെയായിരുന്നു തിയേറ്ററിന്റെ നിർമ്മാണം. സ്ക്രീനിന്റെ രണ്ടുവശങ്ങളിലായി സത്യം ജയം ധർമ്മം ധനം എന്ന് എഴുതിയിരുന്നു. കാർബൺ ഉപയോഗിച്ച് പ്രവർത്തിക്കുന്ന പ്രൊജക്ടർ ആണ് തീയേറ്ററിൽ ഉപയോഗിച്ചിരുന്നത്. ദിവസേന തമിഴ്, ഹിന്ദി, മലയാളം സിനിമകൾ മൂന്ന് കളികളായി ഇവിടെ പ്രദർശിപ്പിച്ചുവന്നു.

സിനിമ പ്രദർശനത്തിനൊപ്പം നാടകങ്ങളും പ്രഭാഷണങ്ങളും വിവിധ കലാരൂപങ്ങളുടെ പ്രദർശനവും തിയേറ്ററിൽ നടത്തിയിരുന്നു. കലാനിലയം, കാളിദാസ കലാകേന്ദ്രം തുടങ്ങിയ ഗ്രൂപ്പുകളുടെ നാടകങ്ങൾ സ്ഥിരമായി അവതരിപ്പിക്കപ്പെട്ടു. സ്വാമി ചിന്മയാനന്ദനെപ്പോലുള്ള ആത്മീയനേതാക്കളുടെ പ്രഭാഷണവും തിയേറ്ററിൽ നടത്തിയിരുന്നു. ഇരിങ്ങാലക്കുടയിലെ സിനിമാപ്രേമികളുടെ സ്മരണകളിൽ ഇന്നും മായാതെ കോന്നി തീയേറ്റർ ഉണ്ട്. തിയേറ്ററിന് മുൻവശത്തെ ഫൗണ്ടനും മണ്ണുകൊണ്ട് നിർമ്മിച്ച കൊക്കുകളും കടലാസ് പൂക്കളും അവരുടെ ഓർമ്മകളിലുണ്ട്. അയ്യങ്കാവ് പാടം നികത്തിയെടുത്ത ഭൂമിയായതുകൊണ്ടുതന്നെ മഴക്കാലത്ത് തിയേറ്ററിൽ വെള്ളം കയറും. അപ്പോൾ മരബഞ്ചുകളിൽ ചമ്രം പടഞ്ഞിരുന്നാണ് സിനിമ കണ്ടിരുന്നത്. കോന്നിയിലെ ഫിലിം ഓപ്പറേറ്റർ ആയിരുന്ന മണിയേയും ടിക്കറ്റ് കളക്ടർ ആയിരുന്ന മുകുന്ദനെയും ആളുകൾ ഓർക്കുന്നു.

"മൂന്നാം ക്ലാസ്സിൽ പഠിയ്ക്കുമ്പോൾ കൂടൽമാണിക്യം ക്ഷേത്രോൽസവത്തിന്റെ നാലാം ദിവസം ജീവിതത്തിൽ ആദ്യമായി മലയാളം സിനിമ കണ്ടത് (ഊഞ്ഞാൽ) ഇവിടെയാണ്. പിന്നീട് സിന്ദൂരച്ചെപ്പ്, മയിലാട്ടംകുന്ന് ഒക്കെ ഇവിടെയാണ് കണ്ടത്".[14]

[14] Fbhttps://www.facebook.com/groups/ourijk/permalink/3239788099472557/?mibextid=Nif5oz - comment

"അമ്മയുടെയും അമ്മുമ്മയുടെയും കൂടെ സിനിമ കാണാൻ പോയിട്ടുണ്ട്... അന്നൊക്കെ തറയിൽ ആണ് ഇരിക്കുക... വലിയ മഴവരുമ്പോൾ വെള്ളം വരാറുണ്ട്.. അപ്പോൾ എണീറ്റ് സൈഡിൽ നിന്നത് ഓർമയുണ്ട്... ബാല്യകാലസ്മരണ.... ആ ഫൗണ്ടന്റെ ചുറ്റും എത്ര ഓടിക്കളിച്ചിരിക്കുന്നു..."[15]

പിന്നീട് കൊട്ടുങ്ങല്ലൂർ സ്വർഗ്ഗത്തു മഠം രംഗനാഥപ്രഭു തിയേറ്റർ ഹരിഹരൻ മാസ്റ്ററിൽ നിന്നുവാങ്ങി. എങ്കിലും തിയേറ്ററിന്റെ പേര് മാറ്റരുത് എന്ന നിബന്ധനയിലാണ് കാരാർ എഴുതിയിരുന്നത്. അതുകൊണ്ട് കോന്നി തിയേറ്റർ, ആ പേരിൽത്തന്നെ പിന്നെയും അറിയപ്പെട്ടു. തുടർന്നാണ് എ.കെ.പി. ഗ്രൂപ്പ് ഉടമ ആലേങ്ങാടൻ ജോണി ഇത് വാങ്ങുന്നത്. അദ്ദേഹമാകട്ടെ, തിയേറ്റർ കെട്ടിടം പൊളിച്ച് പുതുക്കിപണിതു. സിന്ധു മൂവീസ് എന്ന് പേര് മാറ്റുകയും ചെയ്തു. ചക്കരയുമ്മ എന്ന സിനിമ റിലീസ് ചെയ്തു കൊണ്ടാണ് പുതുക്കിയ തിയേറ്റർ ഉത്ഘാടനം ചെയ്തത്. സിനിമ തിയേറ്ററുകൾ വലിയ സാമ്പത്തിക പ്രതിസന്ധി നേരിട്ട ഒരു ഘട്ടത്തിൽ സിന്ധു മൂവീസ് കുറച്ചു കാലം കല്യാണമണ്ഡപമായി മാറി. വീണ്ടും സിനിമാ തിയേറ്റർ ആയി മാറിയെങ്കിലും പുതിയ തിയേറ്ററുകളുടെ കടന്നുവരവ് സിന്ധു മൂവീസിന്റെ പ്രതാപകാലം ഓർമ്മ മാത്രമാക്കി മാറ്റി.

## പയനിയർ

ഇരിങ്ങാലക്കുടയിലെ രണ്ടാമത്തെ തിയേറ്റർ ആണ് പയനിയർ ടാക്കീസ്. പുലിക്കുട്ടി മഠം സംഗമേശ്വരയ്യർ ആയിരുന്നു ഇതിന്റെ ഉടമസ്ഥൻ. ഒറ്റ പ്രൊജക്ടർ ഉപയോഗിച്ചാണ് ഇവിടെ പ്രദർശനം നടത്തി വന്നത്. എ, ബി, സി ക്ലാസ്സുകൾ എന്ന് അറിയപ്പെട്ടിരുന്ന കസേര, ചാക്കുബഞ്ച്, തറ തുടങ്ങിയവയായിരുന്നു ഈ ക്ലാസ്സുകളിലെ ഇരിപ്പിടങ്ങൾ. പതിനാലും പതിനാറും പതിനെട്ടും ഫിലിം റീലുകളുള്ള സിനിമകൾവരെ ഇവിടെ പ്രദർശിപ്പിച്ചിരുന്നു. ഒരു സിനിമ തീരുന്നതിനിടയിൽ നാല് ഇടവേളകൾ ഉണ്ടായിരുന്നു. തിരക്കുള്ള സമയങ്ങളിൽ മാത്രം കൂടുതൽ പ്രദർശനങ്ങൾ നടത്തി.

ബസ് സ്റ്റാന്റിന് സമീപം നിൽക്കുന്ന തിയേറ്റർ നഗരമധ്യത്തെ ശബ്ദമുഖരിതമാക്കിയിരുന്നു. *ഏകാന്തപഥികൻ ഞാൻ* എന്ന ആത്മകഥയിൽ ജയചന്ദ്രൻ എഴ

[15] Fbhttps://www.facebook.com/groups/ourijk/permalink/3239788099472557/?mibextid=Nif5oz - comment

തുന്നു, “നീലക്കുയിലൊക്കെ ഇറങ്ങിയ കാലമാണെന്നാണ് എന്റെ ഓർമ്മ. ഞങ്ങളുടെ സംഘം ചേർന്നുള്ള സിനിമയ്ക്ക് പോക്കുകൾ അഭംഗുരം തുടർന്നു. ഇരിങ്ങാലക്കടയിലെ പയനിയർ തീയേറ്ററിലേയ്ക്കാണ് സിനിമ കാണാൻ പോയിരുന്നത്. തമിഴ് സിനിമകളായിരുന്നു ഏറെയും. എം.ജി.ആറിന്റെ മധുരവീരൻ, ശിവാജി ഗണേശന്റെ നാൻ പെറ്റ സെൽവം തുടങ്ങിയവ അക്കാലത്ത് കണ്ട സിനിമകളിൽ ചിലതാണ്....ചേന്നമംഗലത്തുള്ള അത്രയും വലിയ സംഘമല്ലെങ്കിലും അമ്മയ്ക്ക് ഇരിങ്ങാലക്കുടയിലും അയൽപക്കവും ബന്ധുക്കളുമായി ചെറുതല്ലാത്ത ഒരു ‘സിനിമാക്കൂട്ടം’ ഉണ്ടായിരുന്നു. മിക്കപ്പോഴും പയനിയറിലേക്കാണ് ഞങ്ങൾ പോവുക. ചിലപ്പോഴെല്ലാം അല്പം കൂടി അകലെയുള്ള കോന്നി തീയേറ്ററിൽ പോകാറുണ്ട്” (2007:19 -20) ഇവിടെ കേട്ട പാട്ടുകൾ പിന്നണി ഗാനരംഗത്തേക്കുള്ള അദ്ദേഹത്തിന്റെ മോഹങ്ങൾക്ക് കൂടുതൽ ശോഭ പകർന്നു. സിനിമ കാണുക എന്നതിലുപരി അതിലെ പാട്ടുകൾ കേൾക്കുകയായിരുന്നു പ്രധാനം. ഓരോ സിനിമയിലും പത്തും പതിനാറും പാട്ടുകളുണ്ടായിരുന്നു. അന്നൊക്കെ തീയറ്ററുകളിൽ സിനിമ തുടങ്ങുന്നതിനുമുന്നോടിയായി സിനിമ പാട്ടുകൾ ഉറക്കെ വയ്ക്കുന്ന പതിവുണ്ട്. അതേക്കുറിച്ച് ജയചന്ദ്രൻ ഇങ്ങനെ ഓർക്കുന്നു, “അന്ന് എനിക്ക് 13 - 14 വയസ്സ് കാണും 58, 59 ആണ് വർഷം. ഊണ് കഴിച്ചശേഷം വീടിനുപുറകിലേക്ക് ഞങ്ങൾ കൈ കഴുകാൻ ചെല്ലും. അപ്പോൾ അന്തരീക്ഷത്തിലൂടെ നീന്തി നീന്തി ഞങ്ങളുടെ പ്രിയപ്പെട്ട പാട്ടുകൾ അങ്ങനെ വരും. അന്നൊക്കെ അധികവും തമിഴ് പാട്ടുകൾ ആണ് പയനിയർ തിയേറ്ററിൽ വയ്ക്കുക” (2007:102). പയനിയർ ടാക്കീസിനെക്കുറിച്ചുള്ള ഓർമ്മകൾ ഇവിടുത്തെ പഴയതലമുറ ഇന്നും സൂക്ഷിക്കുന്നു.

പഴയകാല സിനിമാതിയേറ്ററുകളെക്കുറിച്ചുള്ള ഫെയ്സ്ബുക്ക് പോസ്റ്റിൽ ആ ഓർമ്മകൾ പലരും പങ്കു വച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. “അച്ഛനും അനുജന്മാരും മറ്റും ചേർന്ന് ആഴ്ചയിൽ രണ്ടുതവണ പെരിഞ്ഞനത്തുനിന്ന് കൊപ്രയും മറ്റും ഇരിങ്ങാലക്കുടയിലെ കൊപ്രമില്ലുകളിലേക്കും അവിടുന്നു പച്ചക്കറികളും പലചരക്കുസാധനങ്ങളും കടകളിലേക്ക് തിരിച്ചും കൊണ്ടുപോകുന്ന പതിവുണ്ടായിരുന്നു. അങ്ങിനെ ഒരിക്കൽ അതിലൊരാളായി ചന്ത സന്ദർശനത്തിന്ന് എന്നെയും കൂട്ടി. അന്ന് എടമുട്ടം കാട്ടൂർ വഴിയാണ് ഇരിങ്ങാലക്കുടയിലേക്ക് ലോറിയും മറ്റും വന്നിരുന്നത്. രാത്രിയാണ് എത്തിയത്. അന്ന് എന്തോ വിശേഷദിവസമായിരുന്നു. അവിടെ ദീപാലങ്കാരങ്ങളെകൊണ്ടു നിറഞ്ഞിരുന്നു. വണ്ടി അവിടെ എത്തിയപ്പോൾ അച്ഛൻ എന്നെയും കൂട്ടി നടക്കാനിറങ്ങി.

എനിക്കാണെങ്കിൽ ഭയങ്കര സന്തോഷവും അത്ഭുതവും. കാളവണ്ടികളുടെ (ഇരുമ്പിന്റെ പട്ട പതിപ്പിച്ച) ചക്രങ്ങൾ ഉരുളുമ്പോൾ ഉണ്ടാകുന്ന ശബ്ദം, കുളമ്പടിയുടെ ശബ്ദത്തോടു കൂടി ഒരു വല്ലാത്ത രസമായിരുന്നു. അങ്ങിനെ നടന്നു നടന്നു മെയിൻ റോഡിൽനിന്ന് കോന്നിയിലേക്കുള്ള റോഡിൽ എത്തി. അവിടെയും വലിയ ബോർഡ് വച്ച തിയേറ്റർ വരെ നീളുന്ന ദീപാലങ്കാരം. സിനിമ കാണിക്കാനാണ് അച്ചൻ ആ വഴി നടന്നതെന്ന് എനിക്ക് തോന്നി. പക്ഷെ നിരാശയായിരുന്നു ഫലം. അവിടെ അന്ന് പൊന്നാപുരം കോട്ട എന്ന സിനിമയായിരുന്നു. വീണ്ടും നടത്തം തുടർന്നു. എന്നെ വീണ്ടും ഉത്സാഹ വാനാക്കി. അടുത്ത സിനിമ ടാക്കീസ് പയനീർ. എന്റെ സിനിമ കാണാനുള്ള സ്വപ്നം വീണ്ടും തലപൊക്കി. ഭാഗ്യം ഇത്തവണ അതു ഫലിക്കുമെന്ന് എന്നെയും കൂടെവന്ന രണ്ടുപേരെയും പുറത്തുനിർത്തി ടിക്കെറ്റെടുക്കാൻ അച്ഛൻ കൗണ്ടറിലേക്ക് കയറിയ പ്പോൾ ഉറപ്പാക്കി. അങ്ങനെ അച്ഛനുമായി ആദ്യമായും അവസാനമായും ഒരു സിനിമ കണ്ടു. ചെണ്ട അതായിരുന്നു പേര്. അന്ന് സിനിമയുടെ പേരൊന്നും അറിയില്ലായി രുന്നു. പിന്നീട് പോസ്റ്ററുകൾ കണ്ടപ്പോഴാണ് പേരൊക്കെ കിട്ടിയത്. പക്ഷെ കയ്യിൽ മുറിവ് പറ്റി ചെണ്ട കൊട്ടിക്കൊണ്ടിരുന്ന മധുവിന്റെ കയ്യിൽനിന്ന് ചോരവന്നതും കോൽ തെറിച്ചുപോകുന്ന രംഗങ്ങളും മനസ്സിലുറച്ചിരുന്നു."[16]

കുറച്ചുകാലം കോട്ടയം ജില്ലക്കാരനായ രാജപ്പൻ നായർ വാടകയ്ക്കെടുത്ത് പയനിയർ ടാക്കീസ് നടത്തിവന്നു. പിന്നീട് കുടുംബസ്വത്ത് ഭാഗം വച്ചതോടെ വീര രാഘവ അയ്യരായി തിയേറ്ററിന്റെ ഉടമസ്ഥൻ. ഇത് തുടർന്നുകൊണ്ടുപോകാൻ താൽ പര്യമില്ലാതിരുന്ന അദ്ദേഹം കൊടുങ്ങല്ലൂർക്കാരനായ ജനാർദ്ദനൻപിള്ളയ്ക്ക് സ്ഥാപനം കൈമാറി. അങ്ങനെ 1971 മുതൽ പയനിയർ ടാക്കീസ് എന്ന പേര് മാറുകയും പ്ര ഭാത് തിയേറ്റർ പ്രദർശനം തുടങ്ങുകയും ചെയ്തു. പയനിയറിനെ അപേക്ഷിച്ച് പ്രഭാതിൽ കൂടുതൽ സൗകര്യങ്ങൾ ലഭ്യമായിരുന്നു. പ്രഭാത് തീയേറ്ററിൽ ജയന്റെ സിനിമ കാണാ നെത്തിയ 1970 കളിലെ തിയേറ്റർ അനുഭവത്തെ *ഇരിങ്ങാലക്കുട മാന്വൽ* രേഖപ്പെടുത്തി യിരിക്കുന്നത് ശ്രദ്ധേയമാണ്,' "1970 കളുടെ അവസാന വർഷങ്ങൾ മലയാള സിനി മയിൽ ജയൻ കത്തി കയറി നിൽക്കുന്ന നാളുകളാണ്. അന്ന് ഉത്സവകാലത്ത് പ്ര ഭാത് തീയേറ്ററിൽ ജയന്റെ സിനിമയാണ് മിക്കവാറും ഓടുക. ഉത്സവത്തോടനുബ ന്ധിച്ച് തീയേറ്റർ അലങ്കരിച്ചിട്ടുണ്ടാകും. ജയന്റെയും നസീറിന്റെയും കൂറ്റൻ കട്ടൗട്ടുകൾ

[16] Fbhttps://www.facebook.com/groups/ourijk/permalink/3239788099472557/?mibextid=Nif5oz - comment)

അലങ്കരിച്ചിട്ടുണ്ടാകും. ജയന്റെ മൂർഖൻ എന്ന സിനിമയുടെ പ്രദർശനം ഓർക്കുന്നു. രാവിലെ 11 മണി മുതൽ മാറ്റിനിക്കുള്ള ക്യൂ തുടങ്ങും ഇരിങ്ങാലക്കുടയുടെ മുക്കിലും മൂല യിലും നിന്നുള്ള ചെറുപ്പക്കാർ തീയേറ്ററിൽ ഉണ്ടാകും. സി. വിഭാഗത്തിൽപ്പെട്ട കസേര യ്ക്ക് 60 പൈസയാണ് ടിക്കറ്റ് നിരക്ക്. ടിക്കറ്റ് എടുക്കുക എന്നത് വലിയ ഒരു സാഹസ മാണ്. ഗുഹപോലെയുള്ള ശ്വാസംമുട്ടിക്കുന്ന ഒരു ഇടനാഴിയിലൂടെ കടന്നുപോകണം. ഒരു ക്യൂവിൽ നിൽക്കുന്ന അവധാനതയോടെ ഈ ഗുഹയിലൂടെ യാത്ര ചെയ്യാൻ വയ്യ. ഗുഹയിൽ അല്പം ഇരുട്ടുണ്ടാകും. കയ്യൂക്കുള്ളവർക്കാണ് ആദ്യം ടിക്കറ്റ് കിട്ടുക. ടിക്കറ്റ് നൽകാൻ ബെൽ മുഴങ്ങുമ്പോൾ ആരവത്തോടെ കയ്യൂക്കുള്ളവൻ മുമ്പിൽനിന്ന് തള്ളി ക്കയറും. തീർത്തും സന്നിഗ്ധമാണ് ഈ നിമിഷങ്ങൾ. മൂന്നു മണിക്കൂറോളം നീളുന്ന ടിക്കറ്റിനുള്ള നിൽപ്പ് സഫലമാകുമോ എന്നറിയില്ല" (2018:1083). ജനാർദ്ദനൻ പിള്ള യുടെ കാലശേഷം മക്കൾ ഒമ്പതുവർഷത്തോളം തിയറ്റർ നടത്തി. തുടർന്നുകൊണ്ട് പോകാൻ സാധിക്കാത്ത അവസ്ഥയിലാണ് അവർ 2012 -ൽ അക്കര അന്തോണി മകൻ ബാബുവിന് തീയേറ്റർ വിൽക്കുന്നത്. അങ്ങനെ പ്രഭാത്, അക്കര മൂവീസ് എന്ന് പേര് സ്വീകരിച്ചു.

## ചാക്കോ മൂവീസ്

ഞവരിക്കുളം റോഡിലാണ് ചാക്കോ മൂവീസ് പ്രവർത്തിച്ചിരുന്നത്. ക്രൈസ്റ്റ് കോളേജ് വിദ്യാർത്ഥികളുടെ കാമ്പസ് ഓർമ്മകളിൽ ചാക്കോ മൂവീസിലെ സിനിമാക്കാലവും ഉണ്ട്. ഇത് പിന്നീട് മാസ് മൂവീസ് എന്ന് പേര് മാറ്റി. റാഫേൽ ടി. തോമസിന്റെ ഉടമസ്ഥതയിലായിരുന്നു തിയേറ്റർ. 2018 -ൽ ഇത് അമൽ പി. ജോസ് ഏറ്റെടുത്ത് ആധുനിക സംവിധാനങ്ങളോടെ നവീകരിച്ച് പ്രദർശനം നടത്തിവരുന്നു. രണ്ട് സ്ക്രീനു കളാണ് മാസ് മൂവീസിലുള്ളത്. KLIPS എന്ന അമേരിക്കൻ കമ്പനിയുടെ ശബ്ദസംവി ധാനവും CHRISTIE (C.P. 4230) എന്ന കമ്പനിയുടെ പ്രൊജക്ടറും ഉപയോഗിച്ച് മികച്ച ദൃശ്യാനുഭവം പ്രേക്ഷകർക്ക് നൽകുന്നു.

## വർണ്ണ തിയേറ്റർ

1982 -ൽ വല്ലത്ത് സദാനന്ദൻ ആരംഭിച്ച തിയേറ്ററാണ് മാപ്രാണത്തെ വർണ്ണ തിയേ റ്റർ. പിന്നീട് അദ്ദേഹത്തിന്റെ മകൻ ഷൈൻ സദാനന്ദൻ ഈ സംരംഭം തുടർന്നു. 2016

-ൽ നടുപുരയ്ക്കൽ സഞ്ജയ് രവി, തിയേറ്റർ വാടകയ്ക്കെടുത്ത് നടത്തി. 2017 -ലാണ് ആധുനികസൗകര്യങ്ങൾ ഇവിടെ ഏർപ്പെടുത്തിയത്. അറുന്നൂറ്റിമുപ്പതോളം ഇരിപ്പിടങ്ങൾ ഇവിടെയുണ്ട്. വർണ്ണ തിയേറ്റർ എന്ന പേര് വർണ്ണ സിനിമാസ് എന്നാക്കി മാറ്റിയിട്ടുണ്ട്.

### ചെമ്പകശ്ശേരി സിനിമാസ്

2017 -ൽ ആണ് ഇരിങ്ങാലക്കുടയിലെ ആദ്യത്തെ മൾട്ടിപ്ലക്സ് തിയേറ്റർ സമുച്ചയമായ ബൈപാസ് റോഡിലെ ചെമ്പകശ്ശേരി സിനിമാസ് പ്രവർത്തനമാരംഭിക്കുന്നത്. മൂന്ന് സ്ക്രീനുകളാണ് ഇവിടെയുള്ളത്. ഒന്നാമത്തെ സ്ക്രീനിൽ ഫോർ -കെയും മറ്റ് രണ്ട് സ്ക്രീനുകളിൽ ടു -കെ ദൃശ്യ സംവിധാനവുമാണ് ഒരുക്കിയിട്ടുള്ളത്. ഇവിടുത്തെ അമ്പത്തിരണ്ട് ചാനൽ അറ്റ്മോസ് ശബ്ദസംവിധാനം ശ്രദ്ധേയമാണ്.

### ജെ.കെ. സിനിമാസ്

ഇതേ കാലയളവിൽ തന്നെയാണ് ജെ.കെ. സിനിമാസ് കിഴുത്താണിയിൽ ആരംഭിക്കുന്നതും. ജയ്കിഷ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഇവിടെ ആധുനിക സംവിധാനങ്ങളുള്ള രണ്ട് സ്ക്രീനുകളാണുള്ളത്. 2K -3D അറ്റ്മോസും 7.1 സറൗണ്ട് 2K തുടങ്ങിയ സാങ്കേതിക വിദ്യകളും തിയേറ്റർ സമുച്ചയത്തിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

രണ്ടായിരത്തിനുശേഷം ഗ്രാമപ്രദേശങ്ങളിൽ സിനിമ കൊട്ടകളുടെ പ്രാധാന്യം പൊതുവേ നഷ്ടപ്പെട്ട് തുടങ്ങിയിരുന്നു. ആ കാലഘട്ടത്തിലെ സിനിമകളുടെ നിലവാരത്തകർച്ചയും അതിനൊരു കാരണമായതായി വിലയിരുത്തുന്നു. കാറളം സിന്ധു ടാക്കീസ്, താണിശ്ശേരി മേനക, തുമ്പൂർ നാദം മൂവീസ് തുടങ്ങിയവ അതിൽ ചിലതാണ്. മൾട്ടിപർപ്പസ് സിനിമ തിയേറ്ററുകളുടെ വരവ് ഗ്രാമീണ കൊട്ടകകളുടെ നിലനിൽപ്പ് പൂർണമായും ഇല്ലാതാക്കി.

## 5.17.2 സിനിമ സംവിധായകർ

ഇന്ത്യയിലെ വ്യത്യസ്തഭാഷകളിൽ സിനിമകൾ സംവിധാനം ചെയ്തവരുടെ ജന്മദേശമാണ് ഇരിങ്ങാലക്കുട.

## ജെ.ഡി. തോട്ടാൻ

മലയാളസിനിമയിലെ ആദ്യകാല സംവിധായകരിൽ ശ്രദ്ധേയനാണ് ജെ.ഡി. തോട്ടാൻ. 1922 -ൽ ദേവസ്യ - റോസ് ദമ്പതികളുടെ മകനായി ഇരിങ്ങാലക്കുടയി ലാണ് അദ്ദേഹം ജനിച്ചത്. ജോസ് എന്നാണ് യഥാർത്ഥ പേര്. ബോയ്സ് സ്കൂളിലെ വിദ്യാഭ്യാസത്തിനു ശേഷം 1946 -ൽ മൈസൂരിലുള്ള നവജ്യോതി സ്റ്റുഡിയോയിൽ ചേർന്ന് പരിശീലനം നേടി. തമിഴ്, തെലുങ്ക്, കന്നട തുടങ്ങിയ ഭാഷകളിലെ ചിത്രങ്ങളിൽ സഹസംവിധായകനായി കുറച്ചുകാലം പ്രവർത്തിച്ചു.

1950 -ൽ മദ്രാസിലെത്തിയ അദ്ദേഹം പിന്നെയും പലഭാഷകളിലെ സിനിമകളിലും പ്രവർത്തിച്ചു. സിനിമ എന്ന കലയുടെ വൈവിധ്യത്തെ കൃത്യമായി പഠിക്കാൻ ഈ കാലയളവ് അദ്ദേഹത്തിന് സഹായകമായി. 1956 -ൽ കൂടപ്പിറപ്പ് എന്ന ഹിറ്റ് സിനിമ സംവിധാനം ചെയ്തുകൊണ്ടാണ് ജെ.ഡി. തോട്ടാൻ മലയാളസിനിമയിലെത്തുന്നത്. പുതുമുഖങ്ങളായിരുന്നു ആ സിനിമയിൽ ഏറെയും എന്നതും ശ്രദ്ധേയമായി. പിന്നീട് മലയാളസിനിമയിൽ പ്രശസ്തരായ പലരും ഈ ചിത്രത്തിലൂടെയാണ് സിനിമാരംഗത്തെത്തുന്നത്. വയലാർ രാമവർമ്മ ആദ്യമായി സിനിമ ഗാനരചയിതാവായതും പോഞ്ഞിക്കര റാഫി തിരക്കഥാകൃത്തായതും അംബിക, പ്രേം നവാസ് എന്നീ നായികാനായകൻമാർ വെള്ളിത്തിരയിലെത്തിയതും ഈ ചിത്രത്തിലൂടെയാണ്. തുടർന്ന് മലയാളസിനിമയിലെ ഒന്നാംനിര സംവിധായകരിലൊരാളായി അദ്ദേഹം മാറി.

1963 -ൽ കന്നടയിൽ രാജ്കുമാറിനെ നായകനാക്കി അവതരിപ്പിച്ച കന്യാരത്നം എന്ന സിനിമയും തോട്ടാന് പ്രശസ്തി നൽകിയ ചിത്രങ്ങളിലൊന്നാണ്. പതിനേഴോളം മലയാളചിത്രങ്ങൾ അദ്ദേഹം സംവിധാനം ചെയ്തിട്ടുണ്ട്. ചതുരംഗം, വിവാഹം സ്വർഗ്ഗത്തിൽ, സർപ്പക്കാട്, അനാഥ, കരിനിഴൽ തുടങ്ങിയവ അവയിൽ ചിലതാണ്. ചില ചിത്രങ്ങളുടെ തിരക്കഥയിലും നിർമ്മാണത്തിലും അദ്ദേഹം സഹകരിച്ചിട്ടുണ്ട്. എം.ടി. വാസുദേവർ നായർ തിരക്കഥയെഴുതിയ അതിർത്തികൾ എന്ന ചിത്രമാണ് ജെ.ഡി. തോട്ടാൻ സംവിധാനം ചെയ്ത അവസാന ചിത്രം. 1988 -ലാണ് അതിർത്തികൾ പ്രദർശനത്തിനെത്തിയത്. 1997 സെപ്റ്റംബർ 23 -ന് അദ്ദേഹം മരണമടഞ്ഞു.[17]

[17] മാധ്യമം ആഴ്ചപതിപ്പ് 2013, ജൂലൈ 18, ജെ.ഡി. തോട്ടാൻ മൗനത്തിന്റെ കൂടപിറപ്പ്

## എം. മോഹൻ

മലയാളത്തിൽ ശ്രദ്ധേയമായ സിനിമകൾ സംവിധാനം ചെയ്ത ഇരിങ്ങാലക്കുടക്കാര നാണ് എം. മോഹൻ. മഠത്തിൽ അമ്മുക്കുട്ടിയമ്മയുടെയും നാരായണൻ നായരു ടെയും മകനാണ് അദ്ദേഹം. ഇരിങ്ങാലക്കുട ബോയ്സ് ഹൈസ്കൂളിലും ക്രൈസ്റ്റ് കോളേ ജിലും മദ്രാസ് ലയോള കോളേജിലുമായിരുന്നു അദ്ദേഹത്തിന്റെ വിദ്യാഭ്യാസം. ചെറു പ്പം മുതൽതന്നെ നാടകം കാണുന്നതിനും അതിന്റെ പിന്നണിയിൽ പ്രവർത്തിക്കുന്ന തിനും അദ്ദേഹത്തിന് അവസരം ലഭിച്ചിരുന്നു. മാണിക്യചെട്ടിയാരുടെ നാടക പ്ര വർത്തനങ്ങളിൽ അദ്ദേഹവും പങ്കാളിയായി. ക്രൈസ്റ്റ് കോളേജിലെ പഠനകാലത്ത് അവിടുത്തെ ഫ്രോട്ടോഗ്രഫി ക്ലബിൽ സജീവമായി പങ്കെടുത്തിരുന്നു എം. മോഹൻ. ക്രൈസ്റ്റിലെ ലോനപ്പൻ എന്ന ഓഫീസ് ജീവനക്കാരന്റേതാണ് ഇരിങ്ങാലക്കുടയിൽ ഇന്നും പ്രവർത്തിക്കുന്ന രജ്ജി സ്റ്റുഡിയോ. അവിടുത്തെ ഫോട്ടോഗ്രാഫറായിരുന്ന എം.എം. സോമനുമായുള്ള സൗഹൃദം, ഫോട്ടോഗ്രഫിയുടെ വിവിധമേഖലകൾ കൂടുത ലായി അറിയുന്നതിന് സഹായകമായി. ലോനപ്പൻ മദ്രാസിലെ സിനിമാപ്രവർത്തക രുമായി അടുപ്പമുള്ള വ്യക്തിയായിരുന്നു. അദ്ദേഹമാണ് മോഹനനെ ഉദയ സ്റ്റുഡിയോ യിലെ കൃഷ്ണൻകുട്ടി എന്ന ഫോട്ടോഗ്രാഫർക്ക് പരിചയപ്പെടുത്തുന്നത്. പി. ഡേവിഡ് എന്ന ഫോട്ടോഗ്രാഫറേയും അദ്ദേഹം വിളിച്ചു പറഞ്ഞിരുന്നു. അങ്ങനെ മദ്രാസിലെ ലയോള കോളേജിലെ ബി.കോം പഠനവും സിനിമയിൽ പ്രവർത്തിക്കുക എന്ന ആഗ്ര ഹവും ഒരുമിച്ച് മുന്നോട്ട് കൊണ്ടുപോകാൻ മോഹന് സാധിച്ചു.

മേക്കപ്പ് പീതാംബരൻ എന്നറിയപ്പെട്ടിരുന്ന സിനിമാപ്രവർത്തകനും മോഹ ന്റെ അച്ഛൻ നാരായണൻ നായരും സുഹൃത്തുക്കളായിരുന്നു. പീതാംബരന്റെ അനുജൻ ശേഖർ, തമിഴ് സിനിമാനിർമ്മാണ മേഖലയിൽ പ്രമുഖനായിരുന്നു. ഈ സൗഹൃദവും എം. മോഹന്റെ സിനിമാപ്രവേശനത്തിന് സഹായകമായി. ശേഖർ വഴിയാണ് എം. കൃഷ്ണൻ നായരെ പരിചയപ്പെടുന്നത്. പി. വേണുവിന്റെ സഹായിയായി സിനിമാലോക ത്തെത്തിയ അദ്ദേഹം പിന്നീട് തിക്കുറിശ്ശി, എ.ബി. രാജ്, മധു തുടങ്ങിയവരോടൊപ്പവും പ്രവർത്തിച്ചു. ജോൺ പോളുമായുള്ള സൗഹൃദം സിനിമജീവിതത്തിൽ ഏറെ സഹാ യകമായി. ഹരിഹരൻ സംവിധാനം ചെയ്ത രാജഹംസം എന്ന സിനിമയുടെ ഫസ്റ്റ് അസിസ്റ്റന്റ് ഡയറക്ടറായിരുന്നു എം. മോഹൻ. അദ്ദേഹം സ്വതന്ത്രസംവിധാനം നിർ

വ്വഹിച്ച ആദ്യ സിനിമയായ വാടകവീട് 1979 -ലാണ് പുറത്തിറങ്ങിയത്. തുടർന്നാണ് രണ്ട് പെൺകുട്ടികൾ, ശാലിനി എന്റെ കൂട്ടുകാരി എന്നീ സിനിമകൾ ചെയ്യുന്നത്. നാടകകൃത്തും തിരക്കഥാരചയിതാവുമായ സുരാസു അദ്ദേഹത്തിന്റെ അടുത്ത സുഹൃത്തായിരുന്നു. സുരാസുവാണ് രണ്ട് പെൺകുട്ടികൾ എന്ന സിനിമയുടെ തിരക്കഥ നിർവ്വഹിച്ചത്. ആ സിനിമയിലെ നായികമാരിലൊരാളായ അനുപമയെയാണ് മോഹൻ വിവാഹം കഴിച്ചത്.

എൺപതുകളിലെ ഒന്നാംനിര സംവിധായകരിൽ ഒരാളായിരുന്നു എം. മോഹൻ. വിടപറയും മുമ്പേ, ഇളക്കങ്ങൾ, ഇടവേള, ആലോലം, രചന, മംഗളം നേരുന്നു, തീർത്ഥം, ശ്രുതി, ഒരു കഥ ഒരു നുണക്കഥ, ഇസബെല്ല, പക്ഷെ, സാക്ഷ്യം, അങ്ങനെ ഒരു അവധിക്കാലത്ത് തുടങ്ങി ഒട്ടനവധി സിനിമകൾ ചെയ്തു അദ്ദേഹം. മുഖം, ശ്രുതി, ആലോലം, വിടപറയും മുമ്പേ തുടങ്ങിയ സിനിമകളുടെ തിരക്കഥ എം. മോഹന്റേതാണ്. ഇതിലെ ഇനിയുംവരൂ, കഥയറിയാതെ തുടങ്ങിയ സിനിമകൾക്ക് കഥയെഴുതുകയും ഉപാസന എന്ന ചിത്രം നിർമ്മിക്കുകയും ചെയ്തു അദ്ദേഹം. കാട്ടൂർ ബാലൻ, ഇന്നസെന്റ്, എം. ജയചന്ദ്രൻ, ഇടവേള ബാബു തുടങ്ങിയ ഇരിങ്ങാലക്കുടക്കാരായ കലാകാരൻമാരുടെ സിനിമപ്രവേശനത്തിൽ ഇദ്ദേഹത്തിന് ചെറുതല്ലാത്ത പങ്കുണ്ട്.

കഴിഞ്ഞ കുറേ വർഷങ്ങളായി സിനിമാരംഗത്തുനിന്നും വിട്ടു നിൽക്കുകയായിരുന്നു എം. മോഹൻ. ഇതിനിടയിൽ 2023 മെയ് മാസത്തിൽ ചലച്ചിത്ര അക്കാദമി നിർമിച്ച് കെ. ജയകുമാർ സംവിധാനം ചെയ്ത 'എം. കൃഷ്ണൻ നായർ -എ ലൈഫ് ഇൻ ബ്ലാക്ക് ആൻഡ് വൈറ്റ്' ഡോക്യുമെന്ററിയുടെ പ്രദർശനോദ്ഘാടനവേദിയിൽ വച്ച് കുഴഞ്ഞു വീണിരുന്നു. തലച്ചോറിൽ രക്തസ്രാവമുണ്ടായതിനെത്തുടർന്ന് ചികിത്സ തേടി. 2024 ആഗസ്റ്റ്27 -ന് മരണമടഞ്ഞു.

## ആന്റണി ഈസ്റ്റ്മാൻ

സിനിമസംവിധാനരംഗത്തും തിരക്കഥാരംഗത്തും ശ്രദ്ധേയനാണ് ആന്റണി ഈസ്റ്റ്മാൻ. ചൊവ്വന്നൂർ മുരിങ്ങാത്തേരി വീട്ടിൽ കുര്യാക്കോസിന്റെയും മാർത്തയുടെയും മകനായി 1946 -ലാണ് അദ്ദേഹം ജനിച്ചത്. 1975 -ൽ ഈസ്റ്റ്മാൻ സ്റ്റുഡിയോ

എറണാകുളത്ത് ആരംഭിക്കുന്നു. തുടർന്ന് സിനിമയിൽ സ്റ്റിൽ ഫോട്ടോഗ്രാഫി, മോഡലിംഗ് ഫോട്ടോഗ്രാഫി, ജേർണലിസം ഫോട്ടോഗ്രാഫി തുടങ്ങിയ മേഖലകളിൽ പ്രവർത്തിച്ചു. 1976 -ൽ പി.എ. ബക്കറിന്റെ മണിമുഴക്കത്തിലൂടെയാണ് സിനിമയിൽ നിശ്ചല ഛായാഗ്രാഹകനായത്. കെ.ജി. ജോർജ്ജ്, ഐ.വി. ശശി, പി.ജി. വിശ്വംഭരൻ എന്നിവരോടൊപ്പം ജോലി ചെയ്തു. ജോൺ പോൾ തിരക്കഥയെഴുതിയ ഇണയെത്തേടി എന്ന സിനിമയാണ് ആദ്യം സംവിധാനം ചെയ്തത്. ഈ സിനിമയിലൂടെയാണ് സിൽക്ക് സ്മിത എന്ന നടി അരങ്ങേറ്റം കുറിച്ചത്. വയൽ, അമ്പട ഞാനേ, ഐസ്ക്രീം, നേരുന്നു നൻമകൾ, മൃദുല തുടങ്ങിയ സിനിമകളാണ് തുടർന്ന് സംവിധാനം നിർവ്വഹിച്ചത്. ഈസ്റ്റ്മാൻ കമ്പനി ആദ്യമായി എടുത്ത സിനിമയായിരുന്നു പാർവതി പരിണയം. ഹരിശ്രീ അശോകൻ സിനിമാരംഗത്ത് ശ്രദ്ധേയനായത് ഈ സിനിമയിലൂടെയാണ്. ഈ ലോകം ഇവിടെ കുറെ മനുഷ്യർ, ഇവിടെ ഈ തീരത്ത്, മാണിക്യൻ, തസ്കരവീരൻ, ക്ലൈമാക്സ് തുടങ്ങിയ ചിത്രങ്ങൾക്കുവേണ്ടി തിരക്കഥ എഴുതി. ഏറെക്കാലമായി ഇരിങ്ങാലക്കുടയ്ക്കടുത്തുള്ള തുമ്പൂരിൽ മകനോടൊപ്പം താമസമാക്കിയ അദ്ദേഹം, ഇരിങ്ങാലക്കുടയുടെ സാംസ്കാരികവേദികളിൽ നിറസാന്നിധ്യമായിരുന്നു. 2021 -ലാണ് ഹൃദയാഘാതത്തെ തുടർന്ന് ആന്റണി ഈസ്റ്റ്മാൻ മരണമടഞ്ഞത്.

## പ്രേംലാൽ പി.ജി.

ക്രൈസ്റ്റ് കോളേജ് വിദ്യാർത്ഥിയായിരുന്ന പ്രേംലാൽ, ഫ്രീ ലാൻസ് കോപ്പിറൈറ്ററായാണ് കരിയർ ആരംഭിച്ചത്. 1997 ദൂരദർശനുവേണ്ടി വിദ്യാധരൻ മാസ്റ്റർ സംവിധാനം ചെയ്ത നാടോടിഗാനങ്ങളുടെ ദൃശ്യാവിഷ്കാരം നടത്തി. 1998 മുതൽ പരസ്യചിത്രങ്ങൾ സംവിധാനം ചെയ്തു തുടങ്ങി. 2008 -ൽ അദ്ദേഹം നിർമ്മിച്ച ജീവിതത്തിന്റെ ഒരു ദിവസം എന്ന ഹസ്വചിത്രം, നോബേൽ സമ്മാന ജേതാവായ നോർവീജിയൻ എഴുത്തുകാരൻ നട്ട് ഹാംസൺ എഴുതിയ കാൾ ഓഫ് ലൈഫ് എന്ന ചെറുകഥയുടെ ദൃശ്യാവിഷ്കാരമാണ്. 2010 -ലാണ് ആത്മകഥ എന്ന തന്റെ ആദ്യസിനിമ നിർമ്മിക്കുന്നത്. ഇന്ത്യൻ പനോരമ, ഐ.എഫ്.എഫ്.ഐ. ഗോവ അടക്കമുള്ള നിരവധി അന്താരാഷ്ട്ര ചലച്ചിത്രമേളകളിലേക്ക് ഈ സിനിമ തിരഞ്ഞെടുക്കപ്പെട്ടു. നവാഗത സംവിധായകനുള്ള രാമു കാര്യാട്ട് അവാർഡും 2019 -ലെ കേരളസംസ്ഥാന ചലച്ചിത്ര പുരസ്കാരത്തിൽ മികച്ച സംവിധായകനുള്ള സ്പെഷ്യൽ ജൂറി അവാർഡും ഈ സിനിമയ്ക്ക് ലഭിച്ചു. പഞ്ചവത്സരപ

ദ്ധതി, ഔട്ട്സൈഡർ എന്നീ സിനിമകളും ഓർമ്മച്ചെപ്പ് എന്ന ആൽബവും അദ്ദേഹം സംവിധാനം ചെയ്തതാണ്.

## സിബി കെ. തോമസ്

മലയാളത്തിലെ ഹിറ്റ് സിനിമകളുടെ തിരക്കഥാകൃത്തും സംവിധായകനുമാണ് സിബി കെ. തോമസ്. ഇരിങ്ങാലക്കുട ജെ. തോമസിന്റെയും മറിയാമ്മയുടെയും മകനായാണ് അദ്ദേഹം ജനിച്ചത്. ബാലു കിരിയത്തിന്റെ സഹസംവിധായകനായാണ് സിനിമാജീവിതം ആരംഭിച്ചത്. ഉദയ് കൃഷ്ണയോടൊപ്പം ചേർന്ന് അദ്ദേഹം ചെയ്ത സിനിമകൾ ഒട്ടുമിക്കവയും വലിയ വിജയമായിരുന്നു. 1998 -ലാണ് മാട്ടുപ്പെട്ടി മച്ചാൻ എന്ന ആദ്യ സിനിമയ്ക്ക് തിരക്കഥയെഴുതുന്നത്. പിന്നീട് ഉദയപുരം സുൽത്താൻ, ദോസ്ത്, റൺവേ, കൊച്ചി രാജാവ്, തുറുപ്പുഗുലാൻ, ട്വന്റി 20, പോക്കിരിരാജ, ക്രിസ്ത്യൻ ബ്രദേഴ്സ്, മായാമോഹിനി തുടങ്ങിയ ഒട്ടനവധി ചിത്രങ്ങൾ ആ കൂട്ടുകെട്ടിൽനിന്നും പുറത്തിറങ്ങി.

## തോംസൺ

സിബി കെ. തോമസിന്റെ സഹോദരനാണ് തോംസൺ. പ്രശസ്ത സംവിധായകൻ ജോസ് തോമസിന്റെ മാട്ടുപ്പെട്ടിമച്ചാൻ എന്ന സിനിമയിലൂടെ സഹസംവിധായകനായി സിനിമയിലെത്തിയ വ്യക്തിയാണ് അദ്ദേഹം. കാര്യസ്ഥൻ എന്ന സൂപ്പർഹിറ്റ് സിനിമ സംവിധാനം ചെയ്തുകൊണ്ടാണ് തോംസൺ സ്വതന്ത്രസംവിധായകനായത്. തുടർന്ന് സംവിധാനം ചെയ്ത കമ്മത്ത് ആൻഡ് കമ്മത്ത് എന്ന ചിത്രവും വലിയ വിജയമായിരുന്നു.

## അശ്വതി ഗോപിനാഥ്

1989 -ൽ പെരുവണ്ണാപുരത്തെ വിശേഷങ്ങൾ എന്ന കമൽ സിനിമയുടെ സഹസംവിധായകനായി സിനിമയിലെത്തിയ വ്യക്തിയാണ് അശ്വതി ഗോപിനാഥ്. പൂക്കാലം വരവായി, പാവം പാവം രാജകുമാരൻ എന്നീ ചിത്രങ്ങളിലും കമലിനൊപ്പം പ്രവർത്തിച്ചു. 1995 -ൽ പി.കെ. ഭരതന്റെ തിരക്കഥയിൽ തിരുമനസ്സ് എന്ന ചിത്രം സംവിധാനം ചെയ്തു.

## അഭിലാഷ് ചന്ദ്രൻ

ഇരിങ്ങാലക്കുട സ്വദേശിയായ അഭിലാഷ് ചന്ദ്രനാണ് പൊറിഞ്ചു മറിയം ജോസ്, കിങ് ഓഫ് കൊത്ത തുടങ്ങിയ സിനിമകളുടെ കഥയും തിരക്കഥയും രചിച്ചത്.

## മുരളി നായർ

അന്താരാഷ്ട്രതലത്തിൽ പ്രശസ്തനായ സിനിമാസംവിധായകനാണ് മുരളി നായർ. അദ്ദേഹം വെള്ളയത്ത് കൃഷ്ണൻ നായരുടെയും കനകപ്പിള്ളി ശാരദയുടെയും മകനായി 1965 -ലാണ് ജനിച്ചത്. ഇരിങ്ങാലക്കുട ബോയ്സ് സ്കൂളിലും ക്രൈസ്റ്റ് കോളേജിലുമായിരുന്നു വിദ്യാഭ്യാസം. തുടർന്ന് മുബൈ സെന്റ്. സേവിയേഴ്സ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് സിനിമാസംവിധാനത്തിൽ പരിശീലനം നേടി. മുരളി നായർ സംവിധാനം ചെയ്ത മരണ സിംഹാസനം എന്ന സിനിമ കാൻ ഫിലിം ഫെസ്റ്റിവലിൽ കാൻ അവാർഡും ഗോൾഡൻ കാമറ അവാർഡും നേടിയിരുന്നു. ആഗോളീകരണത്തിന്റെ ദുരന്തഫലങ്ങളാണ് ഈ ചിത്രം തുറന്ന് കാട്ടുന്നത്. 2001 -ൽ പുറത്തിറങ്ങിയ പട്ടിയുടെ ദിവസം (A dog's day), 2003 -ൽ പുറത്തിറങ്ങിയ അരിമ്പാറ എന്നീ ചിത്രങ്ങളും കാൻഫെസ്റ്റിവലിൽ പ്രദർശനത്തിന് അർഹത നേടിയിരുന്നു. രാഷ്ട്രീയ - ആക്ഷേപഹാസ്യമാണ് പട്ടിയുടെ ദിവസം എന്ന സിനിമ അവതരിപ്പിക്കുന്നത്. അടിയന്തിരാവസ്ഥക്കാലത്തെ രാഷ്ട്രീയപ്രശ്നങ്ങളെ ആസ്പദമാക്കി ഒ.വി. വിജയൻ എഴുതിയ കഥയാണ് അരിമ്പാറ. മുരളി നായരുടെ ഉണ്ണി എന്ന ഷോർട്ട് ഫിലിമും ഏറെ ശ്രദ്ധിയ്ക്കപ്പെട്ടിരുന്നു. Tragedy of an Indian Farmer (1993), ഒരു നീണ്ട യാത്ര (1996), Stories on Human Rights (2008), Virgin Goat (2010) തുടങ്ങിയവയും അദ്ദേഹത്തിന്റെ സംവിധാന മികവിന് ഉദാഹരണമാണ്.

## ജിജു അശോകൻ

യുവസിനിമസംവിധായകരിൽ ശ്രദ്ധേയനാണ് ജിജു അശോകൻ. 1977 -ൽ അശോകന്റെയും വത്സലയുടെയും മകനായി പടിയൂരിലാണ് അദ്ദേഹം ജനിച്ചത്. ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ ബിരുദപഠനത്തിനുശേഷം പത്രപ്രവർത്തനരംഗത്താണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. പ്ലാച്ചിമടയിലെ ജനങ്ങൾക്കായി സമർപ്പിച്ചിരി

ക്കുന്ന ഒരിടത്തൊരുപുഴയുണ്ട് എന്ന സിനിമയുടെ കഥയും തിരക്കഥയും രചിച്ചുകൊണ്ടാണ് സിനിമയിലേക്ക് അദ്ദേഹം പ്രവേശിക്കുന്നത്. 2007 -ൽ കുട്ടികൾക്കുള്ള മികച്ചചിത്രത്തിന് കേരള ഫിലിം ക്രിട്ടിക്സ് അസോസിയേഷൻ അവാർഡ് ഈ ചിത്രം നേടി. തുടർന്നാണ് ഷേക്സ്പിയർ എം.എ. മലയാളം എന്ന ചിത്രത്തിന്റെ രചന നിർവ്വഹിച്ചത്. ലാസ്റ്റ് ബഞ്ച് എന്ന സിനിമയുടെ കഥയും തിരക്കഥയും സംവിധാനവും ജിജുവാണ് നിർവഹിച്ചത്. ഉറുമ്പുകൾ ഉറങ്ങാറില്ല, പ്രേമസൂത്രം തുടങ്ങിയ ചിത്രങ്ങളുടേയും സംവിധാനം അദ്ദേഹം നിർവഹിച്ചിട്ടുണ്ട്. ഗ്രാമജീവിതത്തിന്റെ വൈരുദ്ധ്യങ്ങൾ നിറഞ്ഞ കഥകളാണ് ജിജു അശോകന്റേത്.

## വിവേക് ഭരതൻ

തിരക്കഥാകൃത്തും സാഹിത്യകാരനുമായ പി.കെ. ഭരതന്റെ മകനാണ് വിവേക്. ന്റിക്കാക്കാക്കൊരു പ്രേമണ്ടാർന്ന്! എന്ന സിനിമയുടെ അഡീഷണൽ സ്ക്രീൻ പ്ലേ റൈറ്ററായാണ് അദ്ദേഹം സിനിമാരംഗത്തേക്ക് കടന്നുവരുന്നത്. യാത്ര, ഡ്രീം മർച്ചന്റ് എന്ന ടെലിഫിലിമുകളുടെയും സെൻട്രൽ ഫിലിം ഡിവിഷൻ നിർമ്മിച്ച ഗുഡ് നോട്സ് എന്ന ഡോക്യുമെന്ററിയുടെയും എഴുത്തുകാരനും സംവിധായകനുമാണ് വിവേക്. ശങ്കർമഹാദേവൻ ആലപിച്ച, അന്നാദ്യം... എന്ന് തുടങ്ങുന്ന മ്യൂസിക് ആൽബവും സിഗ്നേച്ചർ ഫിലിമുകളും ശ്രദ്ധനേടി. നിരവധി ഷോർട്ട് ഫിക്ഷനുകൾ രചിച്ചു. മേ ഫ്ലൈസ്, ബാർകോഡ്, ലൂക്ക് 15.21 തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രധാന ഷോർട്ട് ഫിലിമുകളാണ്. അന്നാദ്യം, കവിളത്ത് മെല്ലെ തുടങ്ങിയ ഗാന ആൽബങ്ങൾ അദ്ദേഹം സംവിധാനം ചെയ്തിട്ടുണ്ട്. സംവിധായകൻ സത്യൻ അന്തിക്കാടിനൊപ്പം സഹസംവിധായകനായും പ്രവർത്തിച്ചിട്ടുണ്ട്.

## വിഷ്ണു ഭരതൻ

2023 -ൽ റിലീസ് ചെയ്ത ഫീനിക്സ് എന്ന ഫീച്ചർ ഫിലിമിന്റെ സംവിധായകനാണ് വിഷ്ണു. അഞ്ചാം പാതിര, അർജന്റീന ഫാൻസ് കാട്ടൂർ കടവ് തുടങ്ങിയ ചിത്രങ്ങളുടെ സംവിധാന സഹായിയായിരുന്ന വിഷ്ണു, മിഥുൻ മാനുവൽ തോമസ് എന്ന സംവിധായകന്റെ അസോസിയേറ്റ് ഡയറക്ടറായും പ്രവർത്തിച്ചിട്ടുണ്ട്. അവിടത്തെപ്പോലെ ഇവിടെയും, ഇര, നാളെ, ദാസ് പാപ്പനങ്ങോട്, അടി ഇടി വെടി, ദ ചീഫ് തുടങ്ങിയ ടെലിഫി

ലിമുകളുടെ കഥയും സംവിധാനവും നിർവ്വഹിച്ചത് വിഷ്ണുവാണ്. മെക്കാനിക്കൽ എഞ്ചിനീയറിങ് ബിരുദദാരിയായ അദ്ദേഹം ഡിജിറ്റൽ ഫിലിം പ്രൊഡക്ഷനിൽ ബിരുദവും നേടിയിട്ടുണ്ട്.

**മിജോ ജോസ്**

മികച്ച ഷോർട്ട് ഫിലിം സംവിധായകനായ മിജോ, ആലപ്പാട്ട് ജോസിന്റെയും മേരിയുടെയും മകനായി 1988 ലാണ് ജനിച്ചത്. ബധിരനായ അദ്ദേഹം ബിഷപ്പ് ഹൗസിന് എതിർവശം ആലപ്പാട്ട് എന്ന സ്റ്റുഡിയോ നടത്തിവരുന്നു. 2015 -ൽ ഇന്റർനാഷ്ണൽ ഡെഫ് ഫിലിം ഫെസ്റ്റിവലിൽ ബെസ്റ്റ് എഡിറ്റർ അവാർഡും ബെസ്റ്റ് ഫിലിമിനുള്ള മൂന്നാം സ്ഥാനവും അദ്ദേഹം കരസ്ഥമാക്കി. 2016 -ൽ നാലാമത് ഇന്റർനാഷ്ണൽ ഡെഫ് ഫിലിം ഫെസ്റ്റിവലിൽ സംവിധാനത്തിലും ഫോട്ടോഗ്രഫിയിലും വിജയിയാണ് മിജോ.

### 5.17.3 വെള്ളിത്തിരയിൽ

1940 -ൽ പുറത്തിറങ്ങിയചന്ദ്രഗുപ്ത ചാണക്യ എന്ന തമിഴ് സിനിമയിലൂടെ നായികയായും പിന്നണി ഗായികയായും അരങ്ങേറ്റം കുറിച്ച എൻ.സി. വസന്തകോകിലമാണ് (നോ. 5.13) വെള്ളിത്തിരയിൽ ആദ്യമായി എത്തിയ ഇരിങ്ങാലക്കുട സ്വദേശി. പിന്നീട് 1949 പുറത്തിറങ്ങിയ വെള്ളിനക്ഷത്രം എന്ന ചിത്രത്തിലെ നായകനും പിന്നണിഗായകനുമായി ഗായക പീതാംബരം (നോ. 5.13) സിനിമയിലേക്കെത്തി. ഉദയസ്റ്റുഡിയോയുടെ ആദ്യത്തെ സിനിമസംരംഭം ആയിരുന്നു വെള്ളിനക്ഷത്രം. നാടകാഭിനയത്തിന്റെ തിരക്കിനിടയിലാണ് കുട്ട്യേടത്തി വിലാസിനിക്ക് ആൽമരം എന്ന സിനിമയിൽ അഭിനയിക്കുന്നതിന് അവസരം ലഭിക്കുന്നത്. വിൻസെന്റാണ് ആ സിനിമയുടെ സംവിധായകൻ. തുടർന്ന് കടൽപ്പാലം, കുഞ്ഞാലിമരയ്ക്കാർ, പാലാട്ടുകോമൻ, തച്ചോളി ഒതേനൻ എന്നീ സിനിമകളിൽ വേഷമിട്ടു. കുട്ട്യേടത്തി എന്ന സിനിമയിൽ പ്രധാനകഥാപാത്രത്തെ അവതരിപ്പിച്ചതു മുതലാണ് അവർ കുട്ട്യേടത്തി വിലാസിനി എന്നറിയപ്പെടാൻ തുടങ്ങിയത്. ദ്വീപ് എന്ന സിനിമയിലെ അഭിനയത്തിന് മികച്ച രണ്ടാമത്തെ നടിക്കുള്ള കേരളസംസ്ഥാന ചലച്ചിത്ര അവാർഡ് നേടാൻ അവർക്ക് സാധിച്ചു.

## കാട്ടൂർ ബാലൻ

നാടകാഭിനയത്തിലൂടെ സിനിമയിലെത്തിയ വ്യക്തിയാണ് കാട്ടൂർ ബാലൻ എന്നറിയപ്പെട്ടിരുന്ന പി. ബാലകൃഷ്ണൻ. എയർഫോഴ്സിലെ ജോലി ഉപേക്ഷിച്ചാണ് അദ്ദേഹം കലാരംഗത്തേയ്ക്കിറങ്ങിയത്. എൺപതുകളിൽ മലയാള സിനിമയിൽ അറിയപ്പെടുന്ന സ്വഭാവനടൻമാരിലൊരാളായിരുന്നു ബാലൻ. അനുപല്ലവി, അഷ്ടപദി, മൗനരാഗം, ആരോരുമറിയാതെ, തീർത്ഥം, ഊഹക്കച്ചവടം, സർവ്വകലാശാല എന്നീ സിനിമകളിൽ അദ്ദേഹം അഭിനയിച്ചിട്ടുണ്ട്. മൂക്കോനി ഗോപാലൻ നായരുടെയും പുത്തൻ വീട്ടിൽ അമ്മുക്കുട്ടിയമ്മയുടെയും മകനായി എടത്തിരുത്തിയിലാണ് ബാലൻ ജനിച്ചത്. 1991 -ൽ നിര്യാതനായി.

## ഇന്നസെന്റ്

ഒരുതരത്തിലുമുള്ള വിശേഷണവാക്കുകളും ചേർക്കാതെ മലയാളി തിരിച്ചറിയുന്ന പേരാണ് ഇന്നസെന്റ് എന്നത്. ഇരിങ്ങാലക്കുട എന്ന പ്രദേശത്തെ സംബന്ധിച്ചാണെങ്കിൽ ഇന്നസെന്റിലൂടെ അറിയപ്പെട്ടനാടാണ് ഇത് എന്നും പറയാം. ഇവിടുത്തെ ഭാഷാപ്രയോഗത്തിന്റെ വ്യതിരിക്തതയും കലാസാംസ്കാരിക തനിമയും ഉത്സവങ്ങളും ആഘോഷങ്ങളും അദ്ദേഹം ചെല്ലുന്ന ഇടങ്ങളിലെല്ലാം പറഞ്ഞും പ്രകടിപ്പിച്ചും കൊണ്ടിരുന്നു. സിനിമാനടനായി അല്പം സമ്പാദ്യമൊക്കെ ആയാൽ മദിരാശിയിൽ വീട് പണിത് താമസം അങ്ങോട്ട് മാറ്റുന്നത് പഴയകാലത്ത് സിനിമാക്കാർക്കിടയിലുള്ള ശീലമാണ്. എന്നാൽ ഇരിങ്ങാലക്കുട തന്റെ ജീവിതത്തിന്റെ അവിഭാജ്യഘടകമായി കരുതുന്ന ഇന്നസെന്റ് പറയുന്നു, “സൗജന്യമായി ഒരു ബംഗ്ലാവ് പണിതുതന്നാലും എനിക്ക് ഇരിങ്ങാലക്കുടയുടെ അതിരുവിട്ട് ഭൂമിയിൽ ഒരിടത്തേക്കും എന്നെന്നേക്കുമായി പോകാൻ സാധിക്കില്ല. കാരണം, ഞാൻ തോറ്റുതോറ്റിരുന്ന സ്കൂളുകൾ ഇവിടെയാണ്. തോൽക്കാനായി മാത്രം അങ്ങോട്ട് ഞാൻ നടന്ന പല പല വഴികൾ ഇവിടെയാണ്, ജീവിതത്തിന്റെ ഗതിയെങ്ങോട്ട് എന്നറിയാതെ എന്റെ യൗവനം പിടച്ചിലോടെ അലഞ്ഞത് ഈ മണ്ണിലാണ്. പലപല വേഷങ്ങൾകെട്ടി പരാജയപ്പെട്ട് ഞാൻ തിരിച്ചുവന്നിറങ്ങി തലചായ്ച്ചത് ഇവിടെയാണ്. പിന്നെ എന്റെ പ്രിയപ്പെട്ട അപ്പനും അമ്മയും ഉറങ്ങുന്നത് ഈ ദേശത്താണ്. പിന്നെ ഞാൻ എങ്ങോട്ട് പോകാൻ? പോയാൽ തന്നെ

എത്ര ദൂരം?" (2023:53). അത്രയധികമായി ഈ നാടിനെ ഇന്നസെന്റ് ഉൾക്കൊണ്ടിരുന്നു.

തെക്കേത്തല വറീതിന്റെയും മർഗലീത്തയുടെയും എട്ട് മക്കളിൽ അഞ്ചാമനായാണ് അദ്ദേഹം ഇരിങ്ങാലക്കുടയിൽ ജനിച്ചത്. അമ്മൂമ്മയും സഹോദരങ്ങളുമടങ്ങുന്ന ഒരു വലിയ കുടുംബമായിരുന്നു ഇന്നസെന്റിന്റേത്. അപ്പൻ മാപ്രാണത്ത് നടത്തിയിരുന്ന പലചരക്ക് കടയായിരുന്നു ഏക വരുമാന മാർഗ്ഗം. പ്രാരാബ്ധങ്ങൾക്കിടയിലും മക്കൾക്ക് നല്ല വിദ്യാഭ്യാസവും ജീവിതവും നൽകി വളർത്താൻ അപ്പൻ ശ്രദ്ധിച്ചിരുന്നു. പക്ഷേ, ഇന്നസെന്റിനുമാത്രം പഠനത്തിൽ മികവുപുലർത്താനായില്ല. ലിറ്റിൽ ഫ്ലവർ കോൺവെന്റ്, നാഷ്ണൽ, ഡോൺ ബോസ്കോ, ഗവ. ബോയ്സ്, എസ്.എൻ. തുടങ്ങി ഇരിങ്ങാലക്കുടയിലെ ഒട്ടുമിക്ക സ്കൂളുകളിലും മാറിമാറി പഠിച്ചെങ്കിലും എട്ടാം ക്ലാസ്സോടെ പഠനം നിർത്തി.

പഠനം നിർത്തിയ ഇന്നസെന്റ് പല കച്ചവടങ്ങളും നടത്തി ജീവിതം കരയ്ക്കടുപ്പിക്കാൻ ശ്രമിച്ചു. ആദ്യം അപ്പനും സഹോദരങ്ങളും ചേർന്ന് ഇരിങ്ങാലക്കുട ബസ് സ്റ്റാൻഡിനടുത്തുള്ള ഇറക്കത്ത് ഇന്നസെന്റ് ഏജൻസീസ് എന്ന കടയിട്ടു കൊടുത്തു. സോപ്പ്, ചീപ്പ്, കണ്ണാടി തുടങ്ങിയ സ്റ്റേഷനറി സാധനങ്ങളായിരുന്നു വിൽപ്പന വസ്തുക്കൾ. എന്നാൽ കാര്യമായ കച്ചവടം ഇല്ലാതിരുന്ന കട, വൈകാതെ പൂട്ടേണ്ടിവന്നു. പിന്നീട് ബോംബെ, ഡൽഹി എന്നിവിടങ്ങളിൽനിന്ന് സാധനങ്ങൾ വാങ്ങി നാട്ടിൽ വിൽക്കുക എന്ന രീതിയിൽ കച്ചവടം നടത്തി. ബാഗുകൾ, ചെരിപ്പുകൾ ഡൽഹിയിൽനിന്നും ആഗ്രയിൽനിന്നുമുള്ള ഷൂസുകൾ തുടങ്ങിയവ ഇവിടെ കൊണ്ട് വന്ന് വിറ്റു. പുളിക്കൻ ജോൺസൺ എന്ന സുഹൃത്തിനൊപ്പമാണ് ഈ കച്ചവടങ്ങൾ നടത്തിയത്. ഇതിനിടയിൽ കർണ്ണാടകയിലെ ദാവൺഗെരെയിൽ തീപ്പെട്ടി കമ്പനി നടത്തിയിരുന്നു. ഇരിങ്ങാലക്കുടയിലെ കല്ലേറ്റുംകരയിലും ഇന്നസെന്റ് മാച്ച് ഫാക്ടറി എന്ന പേരിൽ ഒരു തീപ്പെട്ടി കമ്പനി തുടങ്ങി. ശിവകാശിയിൽപോയി കെമിക്കൽ വാങ്ങിക്കൊണ്ടുവന്ന് ഇവിടെവച്ച് തീപ്പെട്ടി നിർമ്മിക്കുകയും അത് കടകളിൽ കൊണ്ടുപോയി വിൽക്കുകയുമാണ് ചെയ്യുന്നത്. ഒരു കുട്ടിയും രണ്ട് പ്രാവുമായിരുന്നു തന്റെ കമ്പനിയിലുണ്ടാക്കുന്ന തീപ്പെട്ടിയിലെ ചിത്രം എന്ന് ഇന്നസെന്റ് ഓർക്കുന്നു (2023:78). ഇവിടെനിന്നെല്ലാം ഇന്നസെന്റ് മനുഷ്യജീവിതത്തെ കണ്ടറിയുകയും ഉൾക്കൊള്ളുകയും ചെയ്തിട്ടുണ്ട്. കൊറിയൻ ജോസേട്ടൻ, അക്കരക്കാരൻ ജോസ്, അബ്ദുൾ കലാം, ബാലചന്ദ്രൻ, രവി

മാഷ്, ചക്കച്ചാംപറമ്പിൽ ജോയ്, ഹുസൈൻ, പോളി തുടങ്ങി ഒരുപാട് സുഹൃത്തുക്കൾ അക്കാലത്ത് ഇന്നസെന്റിനുണ്ടായിരുന്നു.

തിരക്കുള്ള സിനിമാനടനാകുന്നതിനു മുൻപേ, 1979 മുതൽ 1983 വരെ ഇന്നസെന്റ് ഇരിങ്ങാലക്കുട മുനിസിപ്പൽ കൗൺസിലറായിരുന്നു. പന്ത്രണ്ടാം വർഡിൽ രണ്ടില ചിഹ്നത്തിലാണ് അദ്ദേഹം മത്സരിച്ച് ജയിച്ചത്. ആ രാഷ്ട്രീയയാത്ര ഇന്ത്യയുടെ പതിനാറാം ലോക്സഭാംഗമാകുന്നതുവരെ എത്തി. 2014 മുതൽ 2016 വരെ ചാലക്കുടി മണ്ഡലത്തെ പാർലമെന്റിൽ പ്രതിനിധീകരിച്ചത് ഇന്നസെന്റാണ്. 2002 മുതൽ തുടർച്ചയായി അമ്മ എന്ന താരസംഘടനയുടെ പ്രസിഡന്റായി അദ്ദേഹം തന്റെ നേതൃപാടവം തെളിയിച്ചിരുന്നു.

ഇരിങ്ങാലക്കുടയിലെ നാടകസംഘങ്ങളുമായി ഇന്നസെന്റ് അടുത്തബന്ധം പുലർത്തിയിരുന്നു. അക്കാലത്തുതന്നെ സിനിമ അദ്ദേഹത്തിന്റെ സ്വപ്നവുമായിരുന്നു. ഈ നാടകക്കാലത്ത് സംവിധായകൻ മോഹനുമായി ഉണ്ടായ സൗഹൃദം സിനിമാ മേഖലയിലും സഹായമായി. ആദ്യം തീപ്പെട്ടി കമ്പനിയുടെ ആവശ്യത്തിനായി ശിവകാശിയിൽ പോകുന്നതിനിടയിൽ മദിരാശിയിൽപോയി മോഹനെ കാണുകയായിരുന്നു പതിവ്. പിന്നീട് സിനിമാസാധ്യതകൾ തേടി കോടമ്പാക്കത്തെ സിനിമാക്കാരുടെ താവളമായ ഉമാലോഡ്ജിൽ ചെന്നെത്തി. അത്ര സുഖകരമായിരുന്നില്ല അവിടുത്തെ ജീവിതം എന്ന് ഇന്നസെന്റ് ഓർക്കുന്നു (2023:43). അക്കാലത്ത് നൃത്തശാല, ജീസസ് തുടങ്ങിയ ചിത്രങ്ങളിൽ ചെറിയ വേഷങ്ങൾ ചെയ്തിരുന്നു. സിനിമയിൽ പറയത്തക്ക അവസരങ്ങളൊന്നും ലഭിക്കാതെ നാട്ടിലേക്ക് തിരിച്ചുപോന്ന ഇന്നസെന്റിന്റെ മനസ്സിൽനിന്നും സിനിമാമോഹങ്ങൾ മാറിപ്പോയില്ല. അങ്ങനെ വീണ്ടും മദ്രാസിലെത്തി സിനിമാനിർമ്മാതാവാകുന്നു. പലതും സാമ്പത്തികമായി പരാജയമായിരുന്നു. നാട്ടുകാരായ ആലുക്ക ജോസ്, കള്ളിയത്ത് ജോസ്, സംവിധായകൻ മോഹൻ, ഡേവിഡ് കാച്ചപ്പിള്ളി എന്നിവർ ചേർന്ന് വിടപറയും മുമ്പേ എന്ന സിനിമ നിർമ്മിച്ചു. 1981 -ൽ നിർമ്മിച്ച ആ ചിത്രത്തിൽ ഇന്നസെന്റ് പ്യൂണിന്റെ വേഷത്തിൽ അഭിനയിക്കുകയും ചെയ്തു. തുടർന്ന് ഇളക്കങ്ങൾ, ഓർമ്മയ്ക്കായി, ലേഖയുടെ മരണം ഒരു ഫ്ലാഷ് ബാക്ക് തുടങ്ങിവ സാമ്പത്തികമായി തകർച്ചയായിരുന്നു. ഈ അവസ്ഥയിൽ തിരിച്ച് നാട്ടിലേക്ക് പോരാൻ തയ്യാറെടുത്തുകൊണ്ടിരിക്കുമ്പോഴാണ് സെഞ്ച്വറി ഫിലിംസിലെ കൊച്ചുമോൻ വിളിക്കുന്നത്. അവിടത്തെപോലെ ഇവിടെയും എന്ന ചിത്രത്തിൽ രണ്ട്

സീനേ ഉള്ളൂ എങ്കിലും അത് ശ്രദ്ധിക്കപ്പെട്ടു. കുന്നംകുളത്തുകാരനായ കച്ചവടക്കാരന്റെ റോളിൽ തന്റെ ഭാഗത്ത് തമാശയുണ്ടാക്കി അവതരിപ്പിച്ച് പ്രശംസപിടിച്ചു പറ്റാൻ അദ്ദേഹത്തിന് സാധിച്ചു. 1985 -ലാണ് സേതുമാധവൻ സംവിധാനം ചെയ്ത ഈ ചിത്രം ഇന്നസെന്റിന് ലഭിക്കുന്നത്. അതിനുമുമ്പേ 1982 -ൽ ജോൺ പോൾ എഴുതിയ കഥയ്ക്ക്, ഭരതൻ സംവിധാനം നിർവഹിച്ച ഓർമ്മയ്ക്കായി എന്ന ചിത്രത്തിലും ഇന്നസെന്റ് തൃശ്ശൂർ ഭാഷ സംസാരിച്ചിട്ടുണ്ട്.

ഇന്നസെന്റ് എന്ന സിനിമനടന്റെ ജീവിതത്തിൽ വഴിത്തിരിവാകുന്നത് റാംജി റാവ് സ്പീക്കിംഗ് എന്ന സിനിമയാണ്. 1989 ജനുവരി 1 -നാണ് ആ സിനിമ റിലീസാകുന്നത്. സിദ്ദിഖ് - ലാൽ സംവിധാനം ചെയ്ത ആ ചിത്രത്തിൽ മുഴുനീള ഹാസ്യവേഷമാണ് ഇന്നസെന്റിന് ലഭിച്ചത്. പിന്നീടങ്ങോട്ട് മലയാളസിനിമയിലെ ഹാസ്യതാരമായി ഇന്നസെന്റ് എന്ന നടന്റെ ജൈത്രയാത്രയാണ്. 750 ലധികം മലയാള സിനിമകളിൽ ഇന്നസെന്റ് കഥാപാത്രമായി എത്തിയിട്ടുണ്ട്. ഇന്നസെന്റും കെ.പി.എ.സി. ലളിതയും ചേർന്നുള്ള ചിത്രങ്ങൾ ഏറെ ജനപ്രിയമായിരുന്നു. ദേവാസുരം പോലുള്ള ചിത്രങ്ങളിൽ ഗൗരവഭാവകഥാപാത്രങ്ങളെയും അദ്ദേഹം അഭിനയിച്ച് ഫലിപ്പിച്ചു. ഗജകേസരി യോഗം, ഗോഡ്ഫാദർ, കിലുക്കം, വിയറ്റ്നാം കോളനി, കാബൂളിവാല തുടങ്ങിയ സൂപ്പർ ഹിറ്റ് സിനിമകൾ ഇന്നസെന്റിന്റെ സുവർണ്ണകാലത്തെ ഓർമ്മപ്പെടുത്തുന്നു. ഇന്നസെന്റ് സിനിമയ്ക്കായി കഥയെഴുതുകയും ചെയ്തിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. പാവം ഐ.എ. ഐവാച്ചൻ, കീർത്തനം തുടങ്ങിയ സിനിമകൾ ഇന്നസെന്റിന്റെ കഥയാണ്. കൂടാതെ, ഗജകേസരി യോഗം, സാന്ദ്രം, മിസ്റ്റർ ബട്‌ലർ, ഡോക്ടർ ഇന്നസെന്റാണ്, സുനാമി തുടങ്ങിയ ചിത്രങ്ങളിൽ അദ്ദേഹം തന്റെ സ്വതസിദ്ധമായ ശൈലിയിൽ പാടി പ്രേക്ഷകരെ രസിപ്പിക്കുകയും ചെയ്തു.

2012 -ലാണ് ഇന്നസെന്റ് കാൻസർ രോഗബാധിതനാകുന്നത്. വാഹനാപകടമടക്കമുള്ള വലിയ രോഗാവസ്ഥകളെ അദ്ദേഹം അതിനുമുമ്പും നേരിട്ടിട്ടുണ്ട്. എങ്കിലും, മാരകരോഗം എന്ന പൊതുബോധം കാൻസർരോഗിയുടെ മാനസികസംഘർഷങ്ങൾ വർദ്ധിപ്പിക്കുന്ന അവസ്ഥ ഉണ്ടാകാറുണ്ട്. എന്നാൽ ഇന്നസെന്റ് ഈ അവസ്ഥയെ തന്റെ മനോഭാവം കൊണ്ട് മറികടക്കുന്നു. *കാൻസർ വാർഡിലെ ചിരി* എന്ന അദ്ദേഹത്തിന്റെ കൃതി ഈ രോഗാനുഭവകാലമാണ് അടയാളപ്പെടുത്തുന്നത്. ജീവിത പ്രശ്നങ്ങൾക്ക് മുൻപിൽ പകച്ചു നിൽക്കുന്നവർക്ക് പ്രചോദനമാകുന്ന പുസ്തകം എന്ന് പ്ര

സാധകർ അവകാശപ്പെടുന്ന കൃതിയാണിത്. സുഹൃത്ത് നൗറുദ്ദീന്റെ ആവശ്യപ്രകാരം ആത്മ പെയിൻ ആൻഡ് പാലിയേറ്റീവ് എന്ന സ്ഥാപനത്തിന്റെ രക്ഷാധികാരിയാകുന്നുണ്ട് അദ്ദേഹം. ഇന്നസെന്റിനെപ്പോലെ ഒരാൾ അവർക്ക് നൽകുന്നത് സാമ്പത്തികസഹായം മാത്രമല്ല. സംഭാഷണത്തിലുടനീളം പുലർത്തുന്ന സ്വതസിദ്ധമായ അദ്ദേഹത്തിന്റെ നർമ്മബോധം അവർക്ക് സാന്ത്വനവും നൽകിയിരിക്കണം.

*ക്യാൻസർവാർഡിലെ ചിരി* കൂടാതെ *ഞാൻ ഇന്നസെന്റ്, ഈ ലോകം അതിലൊരു ഇന്നസെന്റ്, ചിരിക്കു പിന്നിൽ, ഇരിങ്ങാലക്കുടക്ക് ചുറ്റും* തുടങ്ങിയവയെല്ലാം അദ്ദേഹത്തിന്റെ ആത്മകഥാപരമായ കൃതികളാണ്. ഈ കൃതികളിൽനിന്നും ഇന്നസെന്റ് എന്ന വ്യക്തിയെയും അദ്ദേഹത്തിന്റെ കുടുംബത്തെയും മാത്രമല്ല, അദ്ദേഹം ജീവിച്ചിരുന്ന കാലഘട്ടത്തിലെ ഇരിങ്ങാലക്കുട എന്ന പ്രദേശത്തെയും മലയാളസിനിമലോകത്തെയും നമുക്ക് കണ്ടെത്താനാകും.

ന്യൂമോണിയ ബാധയെത്തുടർന്ന് 2023 മാർച്ച് 3 -നാണ് ഇന്നസെന്റ് മരിക്കുന്നത്. രണ്ടുവട്ടം വന്ന് മാറിപ്പോയ കാൻസറും കൊറോണയും അദ്ദേഹത്തിന്റെ രോഗപ്രതിരോധശേഷിയെ സാരമായി ബാധിച്ചിരുന്നു. അർഹിക്കുന്ന എല്ലാ ബഹുമാന - ആദരങ്ങളും നൽകിയാണ് ഇരിങ്ങാലക്കുടയും സിനിമാലോകവും അദ്ദേഹത്തെ യാത്രയാക്കിയത്.

## ഇടവേള ബാബു

തന്റെ ആദ്യചിത്രമായ ഇടവേളയിൽ അഭിനയിച്ചതോടെയാണ് അമ്മനത്ത് ബാബു ചന്ദ്രൻ, ഇടവേള ബാബുവാകുന്നത്. 1963 -ലാണ് ശാന്ത ടീച്ചറുടെയും വി. രാമന്റെയും മകനായി ബാബു ഇരിങ്ങാലക്കുടയിൽ ജനിക്കുന്നത്. ഗവ. ബോയ്സ് സ്കൂളിലും ക്രൈസ്റ്റ് കോളേജിലുമായിരുന്നു വിദ്യാഭ്യാസം. കോളേജ് പഠനകാലത്ത് സർവ്വകലാശാല യുവജനോത്സവങ്ങളിലെ നൃത്തമത്സരങ്ങളിൽ തുടർച്ചയായി വിജയിയായിരുന്നു. 1982 -ലാണ് മോഹൻ സംവിധാനം ചെയ്ത ഇടവേള എന്ന ചിത്രത്തിലൂടെ സിനിമയിലെത്തുന്നത്. തുടർന്ന് അയനം, പുലി വരുന്നേ പുലി, ആയുഷ്ക്കാലം, തലസ്ഥാനം, ഹിറ്റ് ലിസ്റ്റ്, ഹിറ്റ്ലർ, പട്ടാളം, പ്രാഞ്ചിയേട്ടൻ, മാമാങ്കം, രാക്ഷസൻ, മഹേഷും മാരുതിയും എന്നിങ്ങനെ അനവധി ചിത്രങ്ങളിൽ ചെറുതും വലുതുമായ വേഷങ്ങൾ കൈകാര്യം

ചെയ്തു. ദീർഘകാലം അഭിനേതാക്കളുടെ സംഘടനയായ അമ്മയുടെ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നു അദ്ദേഹം.

## ടോവിനോ തോമസ്

മലയാള സിനിമയിലെ യുവ അഭിനേതാക്കളിൽ ശ്രദ്ധേയനാണ് ടോവിനോ തോമസ്. 1988 -ൽ അഭിഭാഷകനായ ഇല്ലിക്കൽ തോമസിനെയും ഷീലയുടെയും മകനായാണ് അദ്ദേഹം ഇരിങ്ങാലക്കുടയിൽ ജനിച്ചത്. ഡോൺബോസ്കോ സ്കൂൾ, സെന്റ്. മേരീസ് ഹയർസെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിനുശേഷം അദ്ദേഹം തമിഴ്നാട് എൻജിനീയറിങ് കോളേജിൽനിന്നും ഇലക്ട്രോണിക് എൻജിനീയറിങ്ങിൽ ബിരുദം നേടി. സ്കൂൾ വിദ്യാഭ്യാസകാലത്ത് ഹാൻഡ് ബോൾ താരമായിരുന്നു ടോവിനോ. ഇപ്പോൾ കേരള ഹാൻഡ്ബോൾ അസോസിയേഷൻ ഗുഡ്‌വിൽ അംബാസഡറാണ് അദ്ദേഹം. പഠനശേഷം കോഗ്നിസന്റ് ടെക്നോളജീസിൽ സോഫ്റ്റ്‌വെയർ എഞ്ചിനീയറായി ജോലി ചെയ്തു. അക്കാലത്തും സ്പോർട്സ്, ഫിറ്റ്നസ്, മോഡലിംഗ് എന്നിവയിൽ സജീവമായിരുന്നു. ചെറുപ്പം മുതൽതന്നെ സിനിമയോടും അഭിനയത്തോടും താല്പര്യമുണ്ടായിരുന്ന ടോവിനോ, ജോലി ഉപേക്ഷിച്ച് അഭിനയം തുടരുകയായിരുന്നു. 2012 -ൽ പ്രഭുവിന്റെ മക്കൾ എന്ന ചിത്രത്തിൽ അഭിനയിച്ചുകൊണ്ടാണ് സിനിമാരംഗത്തെത്തുന്നത്. 2015 -ലെ എന്ന് നിന്റെ മൊയ്തീൻ എന്ന സിനിമ ഏറെ ജനശ്രദ്ധയാകർഷിച്ചു. ബേസിൽ ജോസഫ് സംവിധാനം ചെയ്ത മിന്നൽ മുരളിയിലെ അഭിനയവും ഏറെ ശ്രദ്ധിക്കപ്പെട്ടു. സൗത്ത് ഇന്ത്യൻ ഇന്റർനാഷണൽ മൂവി അവാർഡ് (SIIM) അദ്ദേഹം നേടിയത് ഈ ചിത്രത്തിലെ അഭിനയത്തിനാണ്. കേരളത്തിലുണ്ടായ വെള്ളപ്പൊക്കത്തെ അടയാളപ്പെടുത്തുന്ന, ജൂഡ് ആന്റണിയുടെ സംവിധാനത്തിലിറങ്ങിയ 2018: എവരിവൺ ഈസ് എ ഹീറോ എന്ന സിനിമയിലെ അഭിനയത്തിലൂടെ മികച്ച ഏഷ്യൻ നടനുള്ള അവാർഡ് നേടാൻ ടൊവിനോയ്ക്ക് സാധിച്ചു. ഗപ്പി, ഒരു മെക്സിക്കൻ അപാരത, മായാനദി, ഗോദ, തീവണ്ടി, എന്റെ ഉമ്മാന്റെ പേര്, ഒരു കുപ്രസിദ്ധ പയ്യൻ, ലൂസിഫർ, വൈറസ്, ലൂക്ക, കൽക്കി, ARM തുടങ്ങി ഒട്ടനവധി സിനിമകളിൽ അദ്ദേഹം മികച്ച കഥാപാത്രാവതരണം നടത്തിയിട്ടുണ്ട്. ടൊവിനോ അഭിനയിച്ച ഉയരെ എന്ന ചിത്രം ദക്ഷിണ കൊറിയയിലാണ് റിലീസ് ചെയ്തത്. നീലവെളി

ച്ചം എന്ന സിനിമയിൽ വൈക്കം മുഹമ്മദ് ബഷീറിനെ തൻമയത്വത്തോടെ അവതരിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചു.

ഇരിങ്ങാലക്കുടയിലെ സാമൂഹ്യ - സാംസ്കാരികവേദികളിലും അദ്ദേഹം നിറസാന്നിധ്യമാണ്. പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ടൊവിനോയുടെ ഇടപെടലുകൾ ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. ക്രൈസ്റ്റ് കോളേജിലെ ദുരിതാശ്വാസ ക്യാമ്പിൽ അദ്ദേഹത്തിന്റെ സാന്നിധ്യം യുവജനങ്ങൾക്ക് പ്രചോദനമായി. 2021 -ൽ, കേരള സർക്കാർ ആരംഭിച്ച കമ്മ്യൂണിറ്റി വോളണ്ടിയർ പ്രോഗ്രാമായ സന്നദ്സേനയുടെ അംബാസഡറായി ടൊവിനോയെയാണ് തിരഞ്ഞെടുത്തത്. സന്നദ്ധപ്രവർത്തകർക്ക് പരിശീലനം നൽകിയും പ്രതിസന്ധി ഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് സഹായമെത്തിച്ചും പ്രകൃതിദുരന്തങ്ങളെ നേരിടാൻ വേണ്ടിയാണ് കമ്മ്യൂണിറ്റി വോളണ്ടിയർ എന്ന സംരഭം ആരംഭിച്ചത്.

### അനുപമ പരമേശ്വരൻ

2015 -ൽ അൽഫോൺസ് പുത്രൻ രചനയും സംവിധാനവും നിർവഹിച്ച പ്രേമം എന്ന മലയാളചിത്രത്തിൽ മേരി എന്ന കഥാപാത്രത്തെ അവതരിപ്പിച്ചുകൊണ്ടാണ് അനുപമ സിനിമാ രംഗത്തെത്തുന്നത്. തമിഴ് ഉദയാർ കുടുംബമാണ് അനുപമയുടേത്. 1996 -ൽ ഇ. പരമേശ്വരന്റെയും സുനിതയുടെയും മകളായി ഇരിങ്ങാലക്കുടയിലാണ് അനുപമ ജനിച്ചത്. ഡോൺ ബോസ്കോ സ്കൂൾ, നാഷണൽ ഹയർ സെക്കന്ററി സ്കൂൾ എന്നിവിടങ്ങളിലായിരുന്നു സ്കൂൾ വിദ്യാഭ്യാസം. മലയാളസിനിമയിൽ മാത്രമല്ല, തമിഴ്, തെലുങ്ക്, കന്നട ചിത്രങ്ങളിലും അനുപമ അഭിനയിച്ചിട്ടുണ്ട്. ജെയിംസ് ഏന്റ് ആലീസ്, ജോമോന്റെ സുവിശേഷങ്ങൾ എന്നീ മലയാള സിനിമകളിലും അവർ അഭിനയിച്ചിട്ടുണ്ട്.

### ആതിര പട്ടേൽ

ആതിര പട്ടേൽ 1997 ജൂൺ 19 -ന് കർണ്ണാടകസ്വദേശിയായ അരവിന്ദയുടെയും മലയാളിയായ ഹേനയുടെയും മകളായി ഇരിങ്ങാലക്കുടയിൽ ജനിച്ചു. സ്കൂളിൽ പഠിക്കുമ്പോൾ അറ്റൻഡ് ചെയ്ത ഫിലിം ക്യാമ്പിൽ ഒരു കഥ എഴുതി. അത് ഷൂട്ട് ചെയ്തപ്പോൾ നായികയായി. പിന്നീട്, ജോബി വർഗ്ഗീസ് സംവിധാനം ചെയ്ത ദേജവു എന്ന ഷോർട്ട്ഫി

ലിമിൽ അഭിനയിച്ചു. ഇതിലെ അഭിനയത്തിന് ചിലിയിൽ വച്ചനടന്ന സൗത്ത് ഫിലിം ആന്റ് ആർട്സ് ഫെസ്റ്റിവലിൽ, ബെസ്റ്റ് യംഗ് ആക്ട്രസ്സ് പുരസ്കാരം ലഭിച്ചിട്ടുണ്ട്. കുടുംബസുഹൃത്തായ ജിജോയ് വഴിയാണ് ആദ്യത്തെ സിനിമ ഇഷ്ടിയിലേക്ക് എത്തുന്നത്. സംസ്കൃതം സിനിമയായ ഇഷ്ടിയിൽ നെടുമുടി വേണുവിന്റെ മൂന്നാം ഭാര്യ ആയിട്ടാണ് വേഷമിട്ടത്. ഈ സിനിമ 2016 -ലെ IFFI -യിൽ ഇന്ത്യൻ പനോരമയുടെ ഉത്ഘാടനചിത്രം ആയിരുന്നു. മലയാളത്തിലെ ആദ്യത്തെ ചിത്രം ലിജോ ജോസ് പെല്ലിശ്ശേരി സംവിധാനം ചെയ്ത അങ്കമാലി ഡയറീസ് ആണ്. ഇതിൽ വിൻസന്റ് പെപ്പേയുടെ സഹോദരിയായും വില്ലൻ എന്ന സിനിമയിൽ മോഹൻലാൽ അവതരിപ്പിച്ച കഥാപാത്രത്തിന്റെ മകളുടെ വേഷത്തിലും ആതിര തന്റെ അഭിനയപാടവം തെളിയിച്ചു. തുടർന്ന്, സൺഡേ ഹോളിഡേ, വില്ലൻ, ആട് 2, ഭൂതകാലം തുടങ്ങി പത്തിലധികം സിനിമകളിൽ അഭിനയിച്ചു.

ആതിരയുടെ സഹോദരൻ ആദിത്യ പട്ടേൽ, ചെന്നൈ എൽ.വി. പ്രസാദ് കോളേജ് ഓഫ് മീഡിയ സ്റ്റഡീസിൽ എഡിറ്റിംഗ് വിദ്യാർത്ഥിയാണ്. മലയാളത്തിൽ ഗവേഷണ ബിരുദധാരിയായ അമ്മ ഹേന ചന്ദ്രൻ തിരക്കഥയെഴുതി അദിത്യ സംവിധാനം ചെയ്ത സെൻട്രിഫ്യൂഗൽ (centrifugal) എന്ന ഷോർട്ട് ഫിലിം ഏറെ ശ്രദ്ധയാകർഷിച്ചിരുന്നു. കാലുകളാണിവിടെ കഥപറയുന്നത്. സ്ത്രീയുടെ ജനനം മുതൽ മരണം വരെയുള്ള ജീവിതഘട്ടങ്ങളെയും നിയന്ത്രണങ്ങളെയും കഥാ കേന്ദ്രമാക്കിയിക്കുന്നു. ഹേന ചന്ദ്രൻ തിരക്കഥയെഴുതിയ"കൊച്ചുറാണി", "ഇനി","കുറ്റിപ്പെൻസിൽ" തുടങ്ങിയ ഷോർട്ട് ഫിലിമുകളുടെ എഡിറ്റിങ്ങും ആദിത്യയാണ് നിർവ്വഹിച്ചിട്ടുള്ളത്. പ്രശസ്ത നാടകനടനും സംവിധായകനുമായിരുന്ന എം.എസ് നമ്പൂതിരിയുടെ കൊച്ചുമകളാണ് ഹേന.

## അഞ്ജന വിനോദ് ഭട്ട്

സിനിമാ - സീരിയൽ അഭിനേത്രിയായ അഞ്ജന മികച്ച പാചകവിദഗ്ധ കൂടിയാണ്. 1972 -ൽ സദാശിവപൈയുടെയും വിനയയുടെയും മകളായി ജനിച്ച അവർ ഇരിങ്ങാലക്കുട ചെട്ടിപ്പറമ്പിൽ കളപ്പുരകോവിലകം പറമ്പിലെ കെ.പി. വിനോദ് ഭട്ടിന്റെ ഭാര്യയാണ്. സ്നേഹവീട് എന്ന സീരിയലിലൂടെയാണ് ഇവർ അഭിനയരംഗത്തേക്ക് എത്തുന്നത്. തമിഴ് ചാനലായ സൺ ടി.വി.യിലെ ആതിര എന്ന തമിഴ് സീരിയലിലും വർഷം,

ഭാസ്കർ ദ റാസ്കൽ, എന്ന് നിന്റെ മൊയ്തീൻ, ജോർജ്ജേട്ടൻസ് പൂരം എന്നീ സിനിമകളിലും അഭിനയിച്ചിട്ടുണ്ട്.

### മനു മണിലാൽ

ഇരിങ്ങാലക്കുടയിലെ പെരുവല്ലിപ്പാടത്ത് താമസിക്കുന്ന മനു മോഡലിങ്ങിലൂടെ സിനിമാ രംഗത്തെത്തിയ കലാകാരനാണ്. പാങ്കോട്ട് മണിലാലിന്റെയും അംബികയുടെയും മകനായി 1990 -ലാണ് അദ്ദേഹം ജനിച്ചത്. കുങ്കുമം എന്ന ആൽബത്തിലെ അഭിനയത്തിലൂടെ ശ്രദ്ധേയനായി. ലാൽ സംവിധാനം ചെയ്ത ടൂർണമെന്റ് എന്ന ചിത്രത്തിലെ ബോബി എന്ന കഥാപാത്രത്തെ അവതരിപ്പിച്ചുകൊണ്ടാണ് സിനിമയിലെത്തുന്നത്. ഫ്രൈഡേ, ഡബിൾ ബാരൽ, റോസ് ഗിത്താറിനാൽ, ശിഖാമണി, ഒരു മെക്സിക്കൻ അപാരത, കുന്നംകുളം യൂണിവേഴ്സിറ്റി, ഒരു കൊച്ചുസ്വപ്നത്തിന്റെ പിന്നാലെ, സുവർണ്ണ പുരുഷൻ, ബ്ലൂ വെയിൽ എന്നീ ചിത്രങ്ങളിൽ അഭിനയിച്ചു. മികച്ച ക്യാമറാമാൻ കൂടിയാണ് മനു മണിലാൽ.

## 5.17.4 സിനിമാസംഗീതം

സിനിമയ്ക്കുവേണ്ടി പാടുകയും സംഗീതം നൽകുകയും ചെയ്ത ശ്രദ്ധേയരായ ഇരിങ്ങാലക്കുടക്കാരുണ്ട്.

### പി. ജയചന്ദ്രൻ

പാലിയത്ത് ജയചന്ദ്രൻ കുട്ടൻ എന്ന പി. ജയചന്ദ്രൻ സിനിമ പിന്നണിഗാനരംഗത്ത് പ്രവേശിക്കുന്നതിനു മുൻപേ ഇരിങ്ങാലക്കുടയുടെ സ്വന്തം ഗായകനാണ്. കൊച്ചി കോവിലകത്തെ രവിവർമ്മ കൊച്ചനിയന്റെയും പാലിയത്ത് സുഭദ്ര കുഞ്ഞമ്മയുടെയും മകനായി എറണാകുളത്തെ രവിപുരത്താണ് അദ്ദേഹം ജനിച്ചത്. എറണാകുളത്തെ പാലിയത്ത് തറവാട്ടിൽനിന്ന് ജയചന്ദ്രന്റെ അച്ഛനും അമ്മയും സഹോദരങ്ങളുമടങ്ങുന്ന കുടുംബം പിന്നീട് ഇരിങ്ങാലക്കുടയിലേയ്ക്ക് താമസം മാറ്റി. അമ്മയ്ക്ക് ഭാഗത്തിൽ കിട്ടിയ ഇരിങ്ങാലക്കുട പാലിയത്തായിരുന്നു തുടർന്നുള്ള താമസം.

കർണ്ണാടകസംഗീതത്തിൽ നല്ല അഭിരുചിയും ജ്ഞാനവുമുള്ള വ്യക്തിയായിരുന്നു കൊച്ചനിയൻ തമ്പുരാൻ എന്ന് കെ.വി. രാമനാഥൻ ഓർക്കുന്നു (2009:124) സംഗീതത്തിന്റെ നിത്യോപാസകനായിരുന്നു തന്റെ അച്ഛൻ എന്ന് ജയചന്ദ്രനും സ്മരിക്കുന്നുണ്ട്. “പാട്ടുന്നതിനേക്കാൾ സംഗീതം കേൾക്കുന്നതായിരുന്നു അച്ഛന് ഇഷ്ടം. ബാലെ കാണാൻ, അവയിലെ കർണാട്ടിക് സമ്പ്രദായത്തിൽ ചിട്ടപ്പെടുത്തിയ ഗാനങ്ങൾ കേൾക്കാൻ, അദ്ദേഹം ഉത്സവപറമ്പുകളിൽനിന്ന് ഉത്സവപ്പറമ്പുകളിലേക്ക് സഞ്ചരിച്ചു. സംഗീതക്കച്ചേരി കേൾക്കാൻ രാവുകളിൽനിന്ന് പകലുകളിലേക്കും പകലുകളിൽ നിന്ന് രാവുകളിലേക്കും ചുവടുകൾ നീട്ടിവെച്ചു. കാതിൽ, കരളിൽ, ഹൃദയത്തിൽ, സംഗീതം നിറഞ്ഞു” എന്നെല്ലാം അച്ഛന്റെ സംഗീത അഭിരുചിയെപ്പറ്റി വാചാലനാകുന്നുണ്ട് അദ്ദേഹം തന്റെ ആത്മകഥയിൽ (2017:24). കർണാടകസംഗീതത്തെയും ആർദ്രമായ ലളിതസംഗീതത്തെയും ഇഷ്ടപ്പെട്ടിരുന്ന അദ്ദേഹം കുട്ടിയായിരുന്ന ജയചന്ദ്രനെക്കൊണ്ട് ബാബുരാജിന്റെയും മറ്റും പാട്ടുകൾ പാടിച്ചുകേട്ട് ആസ്വദിച്ചു. അത്രയധികം സംഗീതത്തെ സ്നേഹിച്ച അച്ഛന്റെ മകനാണ് ജയചന്ദ്രൻ. ശാസ്ത്രീയസംഗീതം അഭ്യസിക്കാതെത്തന്നെ അദ്ദേഹം മലയാളസിനിമയുടെ പിന്നണി ഗാനരംഗത്ത് വ്യതിരക്തമായ ഒരു സ്ഥാനംനേടി.

അച്ഛന്റെ ആഗ്രഹപ്രകാരം കുറച്ചുകാലം ആലുവയിലെ വാടകവീട്ടിൽ താമസിച്ചിരുന്നു. അവിടെവച്ചാണ് സംഗീതത്തിലേയ്ക്ക് കൂടുതൽ അടുക്കാൻ അദ്ദേഹത്തിന് സാധിച്ചത്. ഹാർമോണിസ്റ്റും സുഹൃത്തുമായ വർഗ്ഗീസ് ചേട്ടൻ ജയചന്ദ്രനെ പള്ളിയിലേക്ക് കൊണ്ടുപോവുകയും ക്രിസ്തീയഭക്തിഗാനങ്ങൾ പാടിപ്പിക്കുകയും ചെയ്തിരുന്നു. കാൽവരി ചൂടിയ കനകതാരമേ... എന്ന ഗാനം ഒരുപാട് തവണ താൻ പാടിയിട്ടുണ്ട് എന്ന് ജയചന്ദ്രൻ ഓർക്കുന്നു. ജീവിതത്തിന്റെ വളർച്ചയ്ക്ക് ബോധപൂർവ്വം ആരോ ഏർപ്പെടുത്തിയത് എന്ന് തോന്നിക്കുന്ന ഒരു നല്ല പരിശീലനകാലമായിരുന്നു അത് (2016:2).

ഗായകൻ എന്നതിനേക്കാൾ മൃദംഗത്തിലായിരുന്നു ജയചന്ദ്രന് താൽപര്യം. ആലുവയിൽ വച്ചാണ് അദ്ദേഹം മൃദംഗപഠനം ആരംഭിച്ചത്. താളം പിടിക്കുന്നതിനുള്ള എന്റെ താൽപര്യം കണ്ടിട്ടോ മേളക്കമ്പം കണ്ടിട്ടോ ആവാം എന്നെ മൃദംഗം അഭ്യസിപ്പിക്കാൻ അമ്മ തീരുമാനിച്ചത് എന്ന് മൃദംഗപഠനകാലത്തെക്കുറിച്ച് അദ്ദേഹം സ്മരിക്കുന്നു (2017:23). 1958 -ലെ സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ മൃദംഗത്തിൽ

ഒന്നാം സ്ഥാനമാണ് ജയചന്ദ്രൻ നേടിയത്. അതേ വർഷം ശാസ്ത്രീയസംഗീതത്തിൽ ഒന്നാം സ്ഥാനം നേടിയത് കെ.ജെ. യേശുദാസ് ആയിരുന്നു. ലളിതസംഗീതത്തിൽ യേശുദാസിനോട് മത്സരിച്ച് രണ്ടാം സ്ഥാനവും ജയചന്ദ്രൻ നേടി എന്നത് ശ്രദ്ധേയ മാണ്. നാഷ്ണൽ സ്കൂളും അവിടുത്തെ അധ്യാപകരുമാണ് തന്റെ കലാജീവിതത്തിന് പ്രചോദനവും പ്രോത്സാഹനവുമായതെന്ന് ജയചന്ദ്രൻ പലവേദികളിലും പറഞ്ഞിട്ടു ണ്ട്. നാഷ്ണൽ ഹൈസ്കൂളിലെ എട്ടാം ക്ലാസ്സിലെ ഒരു സാഹിത്യസമാജം യോഗത്തിൽ വച്ചാണ്, ജയചന്ദ്രൻ എന്ന പാട്ടുകാരന്റെ അത്ഭുതസിദ്ധി താൻ തിരിച്ചറിഞ്ഞതെന്ന് രാമനാഥൻ മാസ്റ്റർ ഓർക്കുന്നു (2009:124). ഒരു മൃദംഗവിദ്വാന് എന്നും പക്കമേളക്കാ രനാകാനേ കഴിയൂ. സംഗീതത്തിലേക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ അദ്ദേഹം ജയചന്ദ്രനെ ഉപദേശിക്കുകയും ചെയ്തു.

ഭാവഗായകൻ എന്ന വിശേഷണത്തോടെയാണ് പി. ജയചന്ദ്രൻ എന്ന സിനിമ പിന്നണിഗായകനെ എവിടെയും പരിചയപ്പെടുത്താറുള്ളത്. അദ്ദേഹം പാടി മലയാ ളികൾ ഏറ്റുപാടിയ സിനിമാഗാനങ്ങളുടെ ലളിതമായ ഈണവും വ്യത്യസ്തമായ ശബ്ദ വുമാണ് അതിനുകാരണം. ജോലി സംബന്ധമായാണ് ജയചന്ദ്രൻ മദ്രാസിലെത്തു ന്നത്. വലിയ ഉദ്യോഗസ്ഥനായി കാണണമെന്ന അമ്മയുടെ ആഗ്രഹപ്രകാരം മദ്രാസി ലുള്ള അമ്മാവന്റെ അടുത്തെത്തി. അവിടെ പ്യാരി ആൻഡ് കമ്പനിയിൽ കെമിസ്റ്റായി ജോലി ലഭിച്ചു. തരക്കേടില്ലാത്ത ഉദ്യോഗവും ശമ്പളവുമായി സുരക്ഷിതമെന്ന് കരുതാ വുന്ന ഒരിടത്തുനിന്നാണ് പി. ജയചന്ദ്രൻ സിനിമാപിന്നണി ഗാനരംഗത്തേക്ക് സാവ കാശം ചെന്നെത്തുന്നത്.

സംഗീതം ഒരു മോഹമായി മനസ്സിൽ ഉള്ളതുകൊണ്ടുതന്നെ ഗാനമേളകളിൽ പാടാൻ കിട്ടുന്ന അവസരം അദ്ദേഹം അന്നും ഉപയോഗപ്പെടുത്തിയിരുന്നു. ഇങ്ങനെ ഗാനമേളയിൽ ചൊട്ട മുതൽ ചുടല വരെ... എന്ന് തുടങ്ങുന്ന ഗാനംപാടിക്കൊണ്ടിരുന്ന ജയചന്ദ്രനെ, അന്നത്തെ പ്രശസ്ത സിനിമാനിർമ്മാതാക്കളിൽ ഒരാളായിരുന്ന ശോഭന പരമേശ്വരൻ നായരും വിൻസന്റ് മാഷും ശ്രദ്ധിക്കാനിടയായി. അവരുടെ താല്പര്യപ്ര കാരം ഭാസ്കരൻ മാഷുടെ വരികൾക്ക് ബി.എ. ചിദംബരദാസ് സംഗീതം നൽകിയ കുഞ്ഞാലിമരയ്ക്കാർ എന്ന ചിത്രത്തിലെ മുല്ലപ്പൂ മാലയുമായ്... എന്ന പാട്ട്പാടാൻ അവസരം ലഭിച്ചു. എന്നാൽ ജയചന്ദ്രന്റേതായി ആദ്യം പുറത്തുവന്നത് കളിത്തോഴൻ എന്ന ചിത്രത്തിനു വേണ്ടി പാടിയ മഞ്ഞലയിൽ മുങ്ങിത്തോർത്തി മധുമാസചന്ദ്രിക

വന്നു... എന്ന് തുടങ്ങുന്ന ഗാനമാണ്. വലിയ സ്വീകാര്യതയാണ് ആ പാട്ടിന് ലഭിച്ചത്. തുടർന്ന് മലയാളം, തമിഴ്, തെലുങ്ക്, കന്നട, ഹിന്ദി തുടങ്ങിയ ഭാഷകളിലെ സിനിമകളിലായി ഒട്ടനവധി പാട്ടുകൾ അദ്ദേഹത്തിന്റെ ശബ്ദത്തിൽ കേൾക്കാൻ സാധിച്ചു. 1967 -ൽ ഉദ്യോഗസ്ഥ എന്ന ചിത്രത്തിനുവേണ്ടി എം.എസ്. ബാബുരാജ് സംഗീതം നൽകിയ അനുരാഗ ഗാനം പോലെ..., 1972 - ലെ പണിതീരാത്ത വീട് എന്ന ചിത്രത്തിന് വേണ്ടി പാടിയ നീലഗിരിയുടെ സഖികളെ..., 1973 -ലെ പ്രേതങ്ങളുടെ താഴ്വര എന്ന ചിത്രത്തിലെ മലയാളഭാഷതൻ മാദകഭംഗിയിൽ..., 1998 -ലെ നിറം എന്ന ചിത്രത്തിലെ പ്രായം നമ്മിൽ മോഹം നൽകി..., 2004 -ലെ തിളക്കം എന്ന ചിത്രത്തിലെ നീയൊരു പുഴയായ് ഒഴുകുമ്പോൾ... തുടങ്ങിയവ പ്രേക്ഷകരെ ആകർഷിച്ച ഗാനങ്ങൾക്ക് ചില ഉദാഹരണങ്ങൾ മാത്രം. 1973 -ൽ പുറത്തിറങ്ങിയ മണിപ്പയൽ എന്ന സിനിമയിലെ തങ്കച്ചിമിഴ് പോൽ... എന്ന് തുടങ്ങുന്ന പാട്ടാണ് തമിഴിൽ അദ്ദേഹം ആദ്യമായി ആലപിച്ചത്.

1986 -ൽ പിന്നണിഗായകനുള്ള ദേശീയപുരസ്കാരവും അഞ്ചുതവണ കേരളസംസ്ഥാന അവാർഡും തമിഴ് സംസ്ഥാന സർക്കാരിന്റെ ചലച്ചിത്ര പുരസ്കാരം, കലൈമാമണി പുരസ്കാരം എന്നിവയും അദ്ദേഹം നേടി. മലയാളസിനിമയിലെ സമഗ്രസംഭാവനയ്ക്കുള്ള 2020 -ലെ ജെ.സി. ഡാനിയേൽ അവാർഡ് നൽകി കേരളസർക്കാർ പി. ജയചന്ദ്രനെ ആദരിച്ചു.

## കെ.കെ. ആന്റണി മാസ്റ്റർ

1924 ൽ ഇരിങ്ങാലക്കുടയ്ക്കടുത്തുള്ള വെളയനാട്, കാനംകുടം കുഞ്ഞുവറീതിന്റെയും മറിയത്തിന്റെയും മകനായാണ് ആന്റണി മാസ്റ്റർ ജനിച്ചത്. ക്രിസ്തീയപശ്ചാത്തലത്തിൽ വളർന്ന അദ്ദേഹത്തിന്റെ മനസ്സിൽ കുർബ്ബാന പാട്ടുകളുടെ താളക്രമങ്ങൾ ചേർന്ന് നിന്നിരുന്നു എന്നുവേണം കരുതാൻ. ജ്യേഷ്ഠൻ കുഞ്ഞുവർക്കിയിൽനിന്നാണ് അദ്ദേഹം കർണ്ണാടകസംഗീതം അഭ്യസിച്ചത്. പത്തൊൻപതാം വയസിൽ ശ്രീലങ്കയിലെത്തിയ അദ്ദേഹം ഏ.ആർ. കൃഷ്ണൻ ഭാഗവതരുടെ കീഴിൽ സംഗീതം അഭ്യസിച്ചു. കുറച്ചുകാലം ഒരു തമിഴ് നാടകസംഘത്തോടൊപ്പം ചേർന്നു. പിന്നീട് സൈവ മങ്കയാർ തിലകം സംഗീത അക്കാദമിയിൽ സംഗീത അദ്ധ്യാപകനായി. 1945 മുതൽ ഇരുപതു വർഷം ശ്രീലങ്കൻ റേഡിയോയിൽ കർണ്ണാടക സംഗീതപരിപാടികൾ അവതരിപ്പിച്ചിരുന്നു.

അക്കാലത്ത് ചില സിനിമകൾക്ക് പശ്ചാത്തലസംഗീതവും ചിട്ടപ്പെടുത്തി. 1965 മുതൽ 1969 വരെ അദ്ദേഹം മലേഷ്യയിൽ സംഗീത അദ്ധ്യാപകനും ടെലിവിഷൻ പ്രോഗ്രാം ഓർഗനൈസറുമായി ജോലി നോക്കി. 1969 -ൽ കേരളത്തിലേയ്ക്ക് തിരിച്ചുവന്ന ആന്റണിമാസ്റ്റർ, ഫാ. ആബേൽ പെരിയപ്പുറത്തോടും അന്നത്തെ യുവഗായകനായ യേശുദാസിനോടുമൊപ്പം ക്രിസ്ത്യൻ ആർട്ട്സ് ക്ലബ് എന്ന സ്ഥാപനം തുടങ്ങി. അത് പിന്നീട് കലാഭവനായി. 1987 -ൽ അദ്ദേഹത്തിന്റെ മരണംവരെ ആന്റണി മാസ്റ്റർ കലാഭവനിലെ അദ്ധ്യാപകനും മ്യൂസിക്ക് ഡയറക്ടറുമായിരുന്നു.

ആദ്യകാലത്ത് പ്രധാനമായും ക്രിസ്തീയഭക്തിഗാനങ്ങളാണ് കലാഭവന്റേതായി പുറത്തുവന്നത്. കലാഭവനുവേണ്ടി ആന്റണിമാസ്റ്ററും ആബേലച്ചനും യേശുദാസും ചേർന്ന് തയ്യാറാക്കിയ ക്രിസ്തീയഭക്തിഗാനങ്ങൾ ഇന്നും ശ്രദ്ധേയമാണ്. പരിശുദ്ധാത്മാവേ നീയെഴുന്നള്ളി..., മഹേശ്വരാ നിൻ സുദിനം..., എഴുന്നള്ളുന്നു രാജാവ്..., ഈശ്വരനെത്തേടി ഞാൻ നടന്നു..., ഇരുളുമൂടിയൊരിടവഴികളിൽ... തുടങ്ങിയവ അവയിൽ ചിലതാണ്. ഏതാനും ചലച്ചിത്രങ്ങൾക്കുവേണ്ടിയും അദ്ദേഹം സംഗീതസംവിധാനം നിർവ്വഹിച്ചു.

## പ്രതാപ് സിംഗ് കെ.കെ.

1935 -ൽ ജനിച്ച പ്രതാപ് സിംഗ് സംഗീതസംവിധാന രംഗത്തും സാഹിത്യരംഗത്തും ശ്രദ്ധേയനാണ്. പ്രൈമറി അധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം 1960 -ൽ വാട്ടർ അതോറിറ്റിയിൽ ഉദ്യോഗസ്ഥനായി. എം.എസ്. നമ്പൂതിരിയുടെ അടുത്ത സുഹൃത്തായിരുന്ന പ്രതാപ് സിംഗ് നിരവധി നാടകഗാനങ്ങൾക്ക് സംഗീതം നൽകിയിട്ടുണ്ട്. വിമൂകശോകസ്മൃതികളുണർത്തി…, ആകാശത്താഴ് വരക്കാട്ടിൽ… തുടങ്ങിയവ അദ്ദേഹം ഈണം നൽകിയ പ്രസിദ്ധഗാനങ്ങളാണ്. 1967 -ൽ പുത്തിറങ്ങിയ മുൾക്കിരീടം എന്ന സിനിമയിലെ നാലു ഗാനങ്ങൾക്കാണ് അദ്ദേഹം സംഗീതം നൽകിയത്. അതിൽ കളികഴിഞ്ഞു കോടി മാറ്റിയ ശിശിരകാലചന്ദ്രികേ… എന്ന് തുടങ്ങുന്ന എസ്. ജാനകി പാടിയ ഗാനം അക്കാലത്ത് സൂപ്പർഹിറ്റായിരുന്നു. 1976 -ൽ ഇറങ്ങിയ മുത്ത് എന്ന സിനിമയിൽ ആറ് ഗാനങ്ങൾക്ക് അദ്ദേഹം സംഗീതം നൽകിയിട്ടുണ്ട്.

## മെജോ ജോസഫ്

2006 -ൽ നോട്ട്ബുക്ക് എന്ന ചിത്രത്തിലൂടെ സിനിമസംഗീത സംവിധാനരംഗത്തേക്ക് കടന്നുവന്ന കലാകാരനാണ് മെജോ ജോസഫ്. അതേ സിനിമയിൽ തന്നെ അദ്ദേഹം അഭിനയിക്കുകയും ചെയ്തു. 1981 -ൽ ചെരടായി കണ്ണമ്പുഴ ജോസഫിന്റെയും റോസ്മേരി യുടെയും മകനായി ജനിച്ച അദ്ദേഹം, ഇരിങ്ങാലക്കുട ഡോൺ ബോസ്കോ സ്കൂൾ, ക്രൈ സ്റ്റ് കോളേജ് എന്നിവിടങ്ങളിൽനിന്നാണ് സ്കൂൾ - കോളേജ് വിദ്യാഭ്യാസം പൂർത്തിയാ ക്കിയത്. എറണാകുളം റിയാൻ സ്റ്റുഡിയോയിൽനിന്ന് സൗണ്ട് എൻജിനീയറിങ് കോഴ്സ് പൂർത്തിയാക്കി. സൈക്കിൾ, കന്മഴ പെയ്യും മുൻപേ, ട്രാഫിക്, ചെന്നൈയിൽ ഒരു നാൾ, തെലുങ്കുഭായ്, കൊന്തയും പൂണൂലും, ലോ പോയിന്റ്, ഹാങ്ങോവർ, എൻട്രി, കെയർ ഓഫ് സൈറ ബാനു തുടങ്ങിയ സിനിമകൾക്ക് സംഗീതം നൽകി. കൂടാതെ നിരവധി പരസ്യചിത്രങ്ങൾക്കും ഷോർട്ട് ഫിലിമുകൾക്കും അദ്ദേഹം സംഗീതസംവി ധാനം നിർവഹിച്ചിട്ടുണ്ട്.

## ആനന്ദ് മധുസൂദനൻ

കീബോർഡ് വായനയിൽ പ്രഗൽഭനായ ആനന്ദ് മധുസൂദനൻ, റെഡ് എഫ്.എം.ൽ സൗണ്ട് എൻജിനീയറായി ജോലി ചെയ്യുന്നു. 1988 -ൽ കാഞ്ഞോള്ളിൽ മധുസൂദന ന്റെയും വിജയത്തിന്റെയും മകനായാണ് അദ്ദേഹം ജനിച്ചത്. മോളി ആന്റി റോക്സ് എന്ന സിനിമയുടെ പശ്ചാത്തലസംഗീതം നിർവ്വഹിച്ചത് ആനന്ദാണ്. വീപ്പിങ് ബോയ്, മത്തായി കുഴപ്പക്കാരനല്ല, മലേറ്റ, പാവ, പ്രേതം എന്നീ ചിത്രങ്ങളുടെ സംഗീതസംവി ധാനവും പശ്ചാത്തലസംഗീതവും നിർവഹിച്ചു. പുണ്യാളൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന ചിത്രത്തിന്റെ സംഗീതസംവിധാനം ആനന്ദ് മധുസൂദനന്റേതാണ്. 2016 -ൽ മികച്ച പശ്ചാത്തല സംഗീതത്തിനുള്ള ഭരത് പി.ജെ. ആന്റണി ട്രസ്റ്റ് അവാർഡ് അദ്ദേഹ ത്തിന് ലഭിച്ചു.

## ഗോവിന്ദ് പി. മേനോൻ

സംഗീതസംവിധായകൻ ഔസേപ്പച്ചനോടൊപ്പം കീബോർഡ് പ്രോഗ്രാമറായി പ്രാ ക്ടീസ് ചെയ്തുകൊണ്ടാണ് ഗോവിന്ദ് പി. മേനോൻ കലാജീവിതം ആരംഭിക്കുന്നത്. 1988

-ൽ നടവരമ്പ് പരിയാടത്ത് പീതാംബരന്റെയും വസന്തകുമാരിയുടെയും മകനായാണ് അദ്ദേഹം ജനിച്ചത്. കല്ലേറ്റുങ്കര പോളിടെക്നിക്കിൽനിന്ന് കമ്പ്യൂട്ടർ ഹാർഡ് വെയർ ഡിപ്ലോമ നേടിയ അദ്ദേഹം ചെന്നൈ സായ് കോളേജിൽനിന്നും സൗണ്ട് എൻജിനീയ റിങ്ങിൽ ബിരുദം നേടി. മാപ്രാണം ബാബുരാജ് മാസ്റ്ററിൽനിന്ന് ക്ലാസിക്കൽ വയലിനും കൊടുങ്ങല്ലൂർ തരംഗിലെ അഷ്റഫ് മാസ്റ്ററിൽനിന്ന് വെസ്റ്റേൺ വയലിനും അഭ്യസി ച്ചു. സംഗീതസംവിധായകൻ ഗോപി സുന്ദറിന്റെ ആദ്യ അസിസ്റ്റന്റായിരുന്നു ഗോവി ന്ദ്. എം. ജയചന്ദ്രൻ, ശരത്, രാജാമണി എന്നീ സംഗീതസംവിധായകരുടെ കൂടെയും ജോലി ചെയ്തു. 2013 -ൽ ഇറങ്ങിയ നോർത്ത് 24 കാതം എന്ന സിനിമയുടെ സംഗീതസം വിധാനം നിർവഹിച്ചു കൊണ്ടാണ് അദ്ദേഹം സ്വതന്ത്ര സംഗീതസംവിധായകനായത്.

**മേക്കപ്പ്മാൻ - പി.വി. ശങ്കർ**

1971 -ൽ അനുഭവങ്ങൾ പാളിച്ചകൾ എന്ന സിനിമയിലൂടെ മേക്കപ്പ്മാനായി സിനി മയിലെത്തിയ കലാകാരനാണ് പി.വി. ശങ്കർ. മുരിയാട് താമസിക്കുന്ന ഇദ്ദേഹം 532 ഓളം സിനിമകളിൽ ഇതിനകം പ്രവർത്തിച്ചു കഴിഞ്ഞിട്ടുണ്ട്. ചിത്രരചനയിലുണ്ടാ യിരുന്ന താൽപര്യമാണ് ഈ രംഗത്തേക്കെത്തുന്നതിൽ അദ്ദേഹത്തിന് പ്രചോദന മായത്. മമ്മൂട്ടിയുടെ മുഖത്ത് വെള്ളം തളിച്ചു കൊണ്ടാണ് താൻ ആദ്യമായി ഈ കല ആരംഭിക്കുന്നതെന്ന് അദ്ദേഹം ഓർക്കുന്നു. രാവണപ്രഭു സിനിമയിൽ മോഹൻലാ ലിനും ഇന്നസെന്റിനും വേഷപ്പകർച്ച നൽകിയത് മേക്കപ്പ്മാൻ ശങ്കറാണ്. കാലാൾപ്പ ടയിലെ തിലകൻ, ചാക്കോ രണ്ടാമനിലെ കലാഭവൻ മണി, സീൻ നമ്പർ സെവനിലെ ടി.ജി.രവി, ദ്രോണയിലെ മമ്മൂട്ടി തുടങ്ങിയവർക്ക് നൽകിയ വേഷപ്പകർച്ചകൾ ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു.[18]

### 5.17.5 കലാസാംസ്കാരികവേദികൾ

ഇരിങ്ങാലക്കുടയുടെ ആധുനീകരണത്തിൽ ഇവിടുത്തെ വായനശാലകളും കലാസാം സ്കാരികസംഘടനകളും എത്രമാത്രം പങ്കുവഹിച്ചിട്ടുണ്ട് എന്ന അന്വേഷണം പ്രസക്ത മാണ്. സാമൂഹ്യപരിവർത്തനത്തിന് കാരണമായ പുതിയകാഴ്ചപ്പാടുകൾ സ്വരൂപിക്കു ന്നത് ഇവിടുത്തെ വായനശാലകൾക്ക് ഇടപെടാൻ സാധിച്ചിട്ടുണ്ട്.

[18] https://youtu.be/CPbpHoqo5Uo?feature=shared

## മഹാത്മാഗാന്ധി റീഡിങ് റൂം ആൻഡ് ലൈബ്രറി

കൂടൽമാണിക്യക്ഷേത്രത്തിന്റെ കിഴക്കേനടയ്ക്ക് സമീപമായി സ്ഥിതിചെയ്യുന്ന മഹാത്മാ ഗാന്ധി റീഡിങ് റൂം ആൻഡ് ലൈബ്രറി ഇരിങ്ങാലക്കുടയുടെ സാംസ്കാരികചരിത്രത്തിൽ ചെറുതല്ലാത്ത സ്വാധീനം ചെലുത്തിയിട്ടുണ്ട്. മുകുന്ദപുരം താലൂക്ക് ലൈബ്രറിയായി അംഗീകരിച്ചിട്ടുള്ള ഈ സ്ഥാപനം സംസ്ഥാന - ജില്ലാതലങ്ങളിൽ മികച്ചനിലവാരം പുലർത്തുന്ന ഗ്രന്ഥശാലയാണ്. വായനശാല എന്നതിനപ്പുറം സാംസ്കാരിക - കലാകായിക മേഖലകളിലേക്കും ഇതിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചിട്ടുണ്ട്. 130 -ലധികം വർഷത്തെ മിനിറ്റ്സ് ഇവിടെ സൂക്ഷിച്ചിട്ടുണ്ട് എന്നത് ഏറെ ശ്രദ്ധേയമാണ്.

1887 -ൽ ഇരിങ്ങാലക്കുടയിലെ പൗരപ്രമുഖർ വിക്ടോറിയ രാജ്ഞിയുടെ ഭരണ ജൂബിലി ആഘോഷിച്ചു. ഇതിനുവേണ്ടി സമാഹരിച്ച തുകയിൽനിന്ന് ബാക്കിവന്ന പണംകൊണ്ട് ജനോപകാരപ്രദമായ എന്തെങ്കിലും ചെയ്യണമെന്ന ആശയമുണർന്നു. അത് ഒരു ഗ്രന്ഥശാലയുടെ രൂപീകരണത്തിനായി ഉപയോഗിക്കാമെന്ന തീരുമാനവുമുണ്ടായി. വായനശാലയ്ക്കായുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചുവെങ്കിലും ചിട്ടയായി പ്രവർത്തിക്കാൻ സാധിക്കാതിരുന്നത് മൂലം ആ സംരംഭം ഏറെക്കാലം നിർജ്ജീവമായി. അതിനിടയിൽ ഇരിങ്ങാലക്കുട ലോക്കൽ ഡിസ്ട്രിക്ട് സ്കൂളിൽ, അന്നത്തെ മുകുന്ദപുരം മജിസ്ട്രേറ്റ് ആയിരുന്ന എ. കിട്ടുണ്ണി മേനോന്റെ അധ്യക്ഷതയിൽ ഒരു യോഗം ചേർന്ന് ഇരിങ്ങാലക്കുട റീഡിങ് റൂം ആൻഡ് ലൈബ്രറി എന്ന പേരിൽ ഒരു വായനശാല ആരംഭിക്കാൻ തീരുമാനമെടുത്തു. അങ്ങനെ കിട്ടുണ്ണി മേനോൻ പ്രസിഡന്റും സി.എസ്. വെങ്കിടേശ്വര അയ്യർ സെക്രട്ടറിയുമായി 35 അംഗങ്ങൾ അടങ്ങിയ ഇരിങ്ങാലക്കുട റീഡിങ് ആൻഡ് ലൈബ്രറി, ലോക്കൽ ഡിസ്ട്രിക്ട് സ്കൂളിലെ ഒരു മുറിയിൽ പ്രവർത്തനം ആരംഭിച്ചു. 1893 ആഗസ്റ്റ് 15 -നാണ് ഈ ഗ്രന്ഥശാലയുടെ ഉദ്ഘാടനം നിർവഹിച്ചത്. ഗ്രന്ഥാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ഒരു നിയമാവലിയും അംഗീകരിച്ചു. പ്രതിമാസം 12 രൂപ ഗ്രാൻഡ് നേടിയെടുക്കാനും അവർക്ക് സാധിച്ചിരുന്നു. എങ്കിലും ബാലാരിഷ്ടതകൾ നിറഞ്ഞതായിരുന്നു ലൈബ്രറിയുടെ ആദ്യകാലപ്രവർത്തനങ്ങൾ. ഗ്രാൻഡ് പരിഷ്കരണ നടപടിക്ക് വേണ്ടി നിയമനിർമ്മാണം നടക്കുന്നതുമൂലം മൂന്നുവർഷക്കാലം ഗ്രാൻഡ് ലഭിച്ചില്ല. സ്കൂൾ വികസനത്തിനുവേണ്ടി ലൈബ്രറി അവിടെനിന്നും മാറ്റേണ്ടിയും വന്നു. ഇതേസമയം ഇരിങ്ങാലക്കുടയിലെ കൊച്ചി ഇളയ

തമ്പുരാൻ കോവിലകത്തിന്റെ പണി പൂർത്തീകരിച്ചിരുന്നു. വായനശാലാപ്രവർത്തകർ തമ്പുരാനെക്കണ്ട് ആവശ്യപ്പെട്ടതനുസരിച്ച് കോവിലകത്തിന്റെ ഒരു മുറി ലൈബ്രറി പ്രവർത്തനങ്ങൾക്കായി വിട്ടുകൊടുത്തു.

പിന്നീട് വിക്ടോറിയ ജൂബിലിയാഘോഷത്തിൽനിന്നും സ്വരൂപിച്ച തുക ഇരിങ്ങാലക്കുട റീഡിങ് റൂം ആൻഡ് ലൈബ്രറിക്ക് നൽകി രണ്ട് സ്ഥാപനങ്ങളും സംയോജിപ്പിക്കാനുള്ള ഒരു തീരുമാനം ഉണ്ടാകുന്നു. ഇതിന്റെ ഫലമായി ഇരുസ്ഥാപനങ്ങളുടെയും ആദ്യത്തെയും അവസാനത്തേതുമായ രണ്ടു വാക്കുകൾ വീതം ഉൾക്കൊള്ളിച്ച് വിക്ടോറിയ ജൂബിലി റീഡിങ് റൂം ആൻഡ് ലൈബ്രറി എന്ന പേര് സ്വീകരിച്ചു. വിക്ടോറിയ ജൂബിലി ഫണ്ട് നീക്കിയിരിപ്പ് നിലവിൽവന്ന 1889 ലൈബ്രറിയുടെ സ്ഥാപക വർഷമായി അംഗീകരിച്ചു. 1896 ഡിസംബർ 18 -നാണ് ഈ സ്ഥിതിയിൽ സ്ഥാപനം പ്രവർത്തനമാരംഭിച്ചത്.

ഇന്ത്യ സ്വതന്ത്രമായതിനുശേഷം പേരിലെ ഔചിത്യക്കുറവ് പലരും ചൂണ്ടിക്കാട്ടി. 1948 നവംബർ 6 -ന് വട്ടപ്പറമ്പിൽ രാമൻ മേനോന്റെ അധ്യക്ഷതയിൽ ഒരു പൊതുയോഗം ചേർന്നു. ഈ യോഗത്തിലെ തീരുമാനപ്രകാരം വായനശാലയുടെ പേര് മഹാത്മാഗാന്ധി റീഡിങ് റൂം ആൻഡ് ലൈബ്രറി എന്നാക്കി മാറ്റി. 1927 -ൽ 23 സെന്റ് ഗവൺമെന്റ് ഭൂമി പാട്ടവ്യവസ്ഥയിൽ സ്വീകരിച്ച് വായനശാലയ്ക്കായി പുതിയ കെട്ടിടം നിർമ്മിച്ചു. 1929 -ലാണ് ഈ കെട്ടിടം ഉദ്ഘാടനം ചെയ്തത്. 1977 -ൽ ഗ്രന്ഥശാലയുടെ വിപുലീകരണത്തിനായി മറ്റൊരു കെട്ടിടം കൂടെ നിർമ്മിച്ചു. ഇന്ന് വായനശാലയ്ക്ക് 23 സെന്റ് സ്ഥലം സ്വന്തമായുണ്ട്. ഒരു കോടിയിലധികം മതിപ്പുവില വരുന്ന സ്വത്തുക്കളും. മലയാളം, ഹിന്ദി, സംസ്കൃതം, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിലായി 29,000ത്തിൽ പരം പുസ്തകങ്ങളും ഇവിടെയുണ്ട്. 13 ദിനപത്രങ്ങളും 50 ആനുകാലികങ്ങളും വായനക്കാർക്കായി ഇവിടെ ലഭ്യമാണ്.

അനൗപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി ആരംഭിച്ച ഒരു ഗ്രാമീണ വായനശാല എത്രയും വിപുലമായ സജ്ജീകരണങ്ങളിലേക്ക് എത്തിച്ചതിൽ അക്കാലം മുതൽ പ്രവർത്തിച്ച ഇരിങ്ങാലക്കുടയിലെ പൗരപ്രമുഖരെയും ഓർക്കേണ്ടതുണ്ട്. അവരിൽ സമൂഹത്തിന്റെ വിവിധതുറകളിൽ പ്രവർത്തിക്കുന്ന ആളുകളുണ്ട്. എ. കിട്ടുണ്ണി മേനോൻ, സി.എസ്. വെങ്കിടേശ്വര അയ്യർ, ടി. പത്മനാഭ മന്നാടിയാർ,

പുത്തേഴത്ത് കൃഷ്ണമേനോൻ, പനമ്പിള്ളി ഗോവിന്ദമേനോൻ, എം.സി. ജോസഫ്, വി.ഡി. ലോനപ്പൻ, പുതുർ അച്യുതമേനോൻ, വട്ടപ്പറമ്പിൽ രാമൻ മേനോൻ, സി.വി. ആന്റണി, കെ.എ. അയ്യദുര അയ്യൻ, എൻ. കരുണാകര മേനോൻ, ഒ. ശങ്കു പൊതുവാൾ, സി.ആർ. കേശവൻ വൈദ്യർ, എൻ. പരമേശ്വരമേനോൻ, കെ.വി.കെ. വാര്യർ, ടി. ഗോവിന്ദൻകുട്ടി മേനോൻ, കെ.വി.എസ്. വാര്യർ, കെ.കെ. തമ്പാൻ, ഉപ്പൻ നമ്പൂതിരി, പങ്കജാക്ഷൻ, വി. മുകുന്ദൻ മേനോൻ, കെ. ബാലകൃഷ്ണ മേനോൻ, വി.പി. ശ്രീധരമേനോൻ, ടി.ഒ. പോൾ, മാമ്പുഴ കുമാരൻ, സി.പി. ഇളയത്, കെ.വി. രാമനാഥൻ, ഇ. ഗോവിന്ദമേനോൻ, ആർ. ജയറാം, കെ.പി. ജോൺ, കെ.എൻ.എൻ. മൂസ്സത് എന്നങ്ങനെ ആ പേരുകൾ നീളുന്നു.[19]

## എസ്.എൻ. പബ്ലിക് ലൈബ്രറി

ചന്ദ്രിക എഡ്യുക്കേഷൻ ട്രസ്റ്റിന്റെ സംരംഭമായ എസ്.എൻ. പബ്ലിക് ലൈബ്രറി ആന്റ് റീഡിങ് റൂം, സി.ആർ. കേശവൻ വൈദ്യരാണ് ആരംഭിച്ചത്. 1969 -ൽ അന്നത്തെ ഇന്ത്യൻ വൈസ് പ്രസിഡന്റ് ആയിരുന്ന വി.വി. ഗിരിയാണ് ലൈബ്രറി കെട്ടിടത്തിന് തറക്കല്ലിട്ടത്. 1972 ഒക്ടോബർ 28 -ന് കേരളഗവർണർ ആയിരുന്ന വിശ്വനാഥൻ ലൈബ്രറിയുടെ ഉദ്ഘാടനം നിർവഹിച്ചു. മുപ്പതിനായിരത്തിലധികം പുസ്തകങ്ങളും ദിന പത്രങ്ങളും ആനുകാലികങ്ങളും ഇവിടെ ലഭ്യമാണ്. മുകുന്ദപുരം താലൂക്ക് റഫറൻസ് ലൈബ്രറിയായും എസ്. എൻ. ലൈബ്രറി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. എസ്.എൻ. സ്കൂളിലെ വിദ്യാർഥികളാണ് പ്രധാനമായും ഈ ലൈബ്രറിയെ ആശ്രയിക്കുന്നത്. കൂടാതെ ഗവേഷകരും മറ്റു വായനക്കാരും സ്ഥിരമായി ഇവിടെ എത്തിച്ചേരുന്നു. പുസ്തകചർച്ചകൾ, ക്യാമ്പുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു.

## എസ്.എൻ.വൈ.എസ്. ലൈബ്രറി ആൻഡ് റീഡിങ് റൂം

1969 -ൽ ആരംഭിച്ച മറ്റൊരു പ്രധാന വായനശാലയാണ് എസ്.എൻ.വൈ.എസ്. ലൈബ്രറി ആൻഡ് റീഡിങ് റൂം. വിശ്വനാഥപുരം ക്ഷേത്രത്തിന് സമീപമാണ് ഈ സ്ഥാപനം പ്രവർത്തിച്ചു വരുന്നത്. അഡ്വ. സി.കെ. രാജനായിരുന്നു ലൈബ്രറിയുടെ സ്ഥാപക പ്രസിഡന്റ്. കെ.കെ. വിജയൻ സെക്രട്ടറിയും. കേരള ഗ്രന്ഥശാലസംഘം

[19] സ്മൃതിപഥം, 2013:189 - 190

എ ഗ്രേഡ് ലൈബ്രറിയായി അംഗീകരിച്ചിട്ടുള്ള ഇവിടെ ഇരുപത്തഞ്ചായിരത്തിലധികം പുസ്തകങ്ങളും, പത്രങ്ങളും ആനുകാലികങ്ങളുമുണ്ട്. സെമിനാറുകൾ, മെഡിക്കൽ ക്യാമ്പുകൾ, ചർച്ചാക്ലാസുകൾ എന്നിവ സംഘടിപ്പിച്ചുവരുന്ന ഇവിടം 2003 -2004 വർഷത്തെ ഏറ്റവും മികച്ച വായനശാലയായി ലൈബ്രറി കൗൺസിൽ തിരഞ്ഞെടുത്തു.

## ഡോൾസ് ലൈബ്രറി ആന്റ് റീഡിങ് റൂം

ചെട്ടിപ്പറമ്പ് കനാൽബേസിൽ പ്രവർത്തിച്ചുവരുന്ന ഡോൾസ് ലൈബ്രറി ആന്റ് റീഡിങ് റൂം ശ്രദ്ധേയമായ മറ്റൊരു വായനശാലയാണ്. ഇരിങ്ങാലക്കുടയിലെ കലാസാംസ്കാരിക മേഖലയിൽ പ്രവർത്തിച്ചുവരുന്ന ഡോൾസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിലാണ് ഈ വായനശാല ആരംഭിച്ചത്. ഡെവലപ്മെന്റ് ഓർഗനൈസേഷൻ ലിറ്റററി ആൻഡ് കൾച്ചറൽ എന്റർപ്രൈസസ് എന്ന പേരിന്റെ ചുരുക്കമാണ് ഡോൾസ് എന്നത്. 1976 -ലാണ് വായനശാലയുടെ പ്രവർത്തനം ആരംഭിക്കുന്നത്. അന്നത്തെ സെന്റ്. ജോസഫ് കോളേജ് പ്രിൻസിപ്പൽ ആയിരുന്ന സി. ഫ്രാങ്കോയും മുൻസിപ്പൽ കൗൺസിലറായ എം.പി. കൊച്ചയ്യപ്പനും ഇതിന് നേതൃത്വം നൽകി. 1990 -ലാണ് കേരള ഗ്രന്ഥശാലസംഘം ആക്ട് അനുസരിച്ച് ഈ വായനശാലയ്ക്ക് രജിസ്ട്രേഷനും അഫിലിയേഷനും ലഭിക്കുന്നത്. കൊറോണ കാലത്തിനുമുമ്പുവരെ ഈ സ്ഥാപനം പ്രദേശത്തെ കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ വളരെ സജീവമായി ഇടപെട്ടിരുന്നു. ലഹരിവിരുദ്ധ ക്ലാസുകൾ, ആരോഗ്യപ്രവർത്തകരെ ഉപയോഗപ്പെടുത്തിയുള്ള ബോധവൽക്കരണങ്ങൾ, വായന - രചനാമത്സരങ്ങൾ എന്നിവ അവയിൽ ചിലതാണ്. മഹാത്മാഗാന്ധി ലൈബ്രറി നടത്തിവന്നിരുന്ന മത്സരങ്ങളിൽ ഇവിടുത്തെ കുട്ടികൾ പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്തിട്ടുള്ളതായി ആദ്യകാല ലൈബ്രേറിയനായ എം.കെ. സുധ പറയുന്നു.[20]

## ടൗൺ ലൈബ്രറി ആൻഡ് റീഡിങ് റൂം

അയ്യങ്കാവ് മൈതാനത്തിനുസമീപം പ്രവർത്തിക്കുന്ന ടൗൺ ലൈബ്രറി ആൻഡ് റീഡിങ് റൂം ആദ്യം പ്രവർത്തനം ആരംഭിച്ചത് ബസ് സ്റ്റാൻഡിനടുത്തായിരുന്നു. 2007 -ലാണ് മുൻസിപ്പൽ കെട്ടിടത്തിലേക്ക് വായനശാല മാറ്റി സ്ഥാപിക്കുകയും സി ഗ്രേഡ്

[20]എം.കെ. സുധ, 52 വയസ്സ്, മാരാത്ത് വീട്, കനാൽബേസ്, ഇരിങ്ങാലക്കുട

ഗ്രന്ഥശാല എന്ന പദവി നേടുകയും ചെയ്തത്. 5500 -ൽ അധികം പുസ്തകങ്ങളുടെ ശേഖരം ഇവിടെയുണ്ട്. തിരഞ്ഞെടുക്കപ്പെട്ട കമ്മിറ്റിയാണ് വായനശാലയുടെ ഭരണ ചുമതല നിർവഹിക്കുന്നത്. താലൂക്ക് ലൈബ്രറി കൗൺസിൽ ഓഫീസും ഇവിടെത്ത ന്നെയാണ് പ്രവർത്തിച്ചു വരുന്നത്.

## ഹിന്ദി പ്രേമി മണ്ഡൽ ലൈബ്രറി

ഹിന്ദി പ്രചാമണ്ഡലം പ്രവർത്തകരുടെ താൽപര്യപ്രകാരം ആരംഭിച്ച സ്ഥാപനമാണ് ഹിന്ദി പ്രേമി മണ്ഡൽ ലൈബ്രറി. ഇടക്കാലത്ത് മന്ദഗതിയിലായ ലൈബ്രറിയുടെ പ്ര വർത്തനങ്ങൾ, 1988 -ൽ ലൈബ്രറി കൗൺസിൽ അഡ്ഹോക്ക് കമ്മിറ്റിയെവെച്ച് പുന രാരംഭിച്ചിരുന്നു. സി.വി. രാമകൃഷ്ണനാണ് സ്ഥാപക പ്രസിഡന്റ്. പി. വിജയൻ സി.വി. ചന്ദ്രൻ തുടങ്ങിയ കമ്മിറ്റി ഭാരവാഹികളുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവന്ന ഇവിടെ 6000 -ൽ അധികം പുസ്തകങ്ങളുണ്ട്.

ഒരു ഘട്ടത്തിൽ പ്രദേശത്തിന്റെ സാഹിത്യ സാംസ്കാരിക മണ്ഡലങ്ങളിൽ വളരെയധികം സ്വാധീനം ചെലുത്തിയിരുന്ന വായനശാലകൾ ഇന്ന് നിർജീവമായി കൊണ്ടിരിക്കുന്ന കാഴ്ചയാണ് പലയിടങ്ങളിലും ഉള്ളത്. പ്രത്യേകിച്ചും കൊറോണ കാലത്തിന്റെ അടച്ചുപൂട്ടലുകൾക്ക് ശേഷമാണ് നിർജീവാവസ്ഥ കൂടുതൽ തീവ്രമായത് എന്ന് ലൈബ്രേറിയനായ എം.കെ. സുധ അഭിപ്രായപ്പെടുന്നു. സാമൂഹ്യമാധ്യമങ്ങളുടെ വൈവിധ്യവും സാധ്യതകളും ഇതിന് കാരണമായിട്ടുണ്ട്.

പുരാണ കഥാഖ്യാനങ്ങളിൽനിന്നും പുരോഗമന സാഹിത്യത്തിലേക്കും പുതുക വിതകളിലേയ്ക്കും ഇവിടുത്തെ സാഹിത്യം എത്തിനിൽക്കുന്നു. അതിന് ഇവിടുത്തെ സാഹിത്യ കൂട്ടായ്മകൾ വലിയ പങ്കു വഹിച്ചിട്ടുണ്ട്. എഴുത്തുകാരുടെയും സാംസ്കാരിക പ്ര വർത്തകരുടെയും കൂട്ടായ്മകൾ ഇരിങ്ങാലക്കുടയിൽ സജീവമായിരുന്നു. വിജയഭാരതി അക്ഷരശ്ലോക സദസ്സിനെക്കുറിച്ച് കെ.വി. രാമനാഥൻ തന്റെ ഓർമ്മക്കുറിപ്പിൽ രേഖ പ്പെടുത്തുന്നുണ്ട്. ചെങ്ങമനാട്ട് ദാമോദരൻ നമ്പ്യാരാണ് അതിനു നേതൃത്വം നൽകി യിരുന്നത്. അദ്ദേഹത്തിന്റെ മരണശേഷം കാലക്രമേണ അതു നിന്നുപോവുകയാണ് ചെയ്തത് (2009:104) സാംസ്കാരിക കൂട്ടായ്മകളിൽ എടുത്തു പറയേണ്ട ഒന്നാണ് കിഴ ത്താണി സാഹിത്യ സമ്മേളനം.

## കിഴത്താണി സാഹിത്യസമ്മേളനം

ഇരിങ്ങാലക്കുട പട്ടണത്തോട് ചേർന്നുകിടക്കുന്ന ഗ്രാമപ്രദേശമാണ് കിഴത്താണി. മലയാളത്തിലെ ശ്രദ്ധേയരായ എഴുത്തുകാരുടെ കൂട്ടായ്മയ്ക്ക് സാക്ഷ്യം വഹിച്ച ഇടം കൂടിയാണ് ഇത്. 1934 - 35 കാലഘട്ടത്തിലാണ് ഈ സാഹിത്യസമ്മേളനങ്ങൾക്ക് ആരംഭം കുറിച്ചത് എന്ന് കരുതുന്നു. ഇരിങ്ങാലക്കുടയിലെ സാഹിത്യസ്നേഹികളായ അച്യുതമേനോനെപ്പോലുള്ളവരാണ് ഇതിന് നേതൃത്വം നൽകിയത്. *എന്റെ വഴിയമ്പലങ്ങൾ* എന്ന ആത്മകഥയിൽ കിഴത്താണി സാഹിത്യസമ്മേളനത്തിൽ പങ്കെടുത്തതിനെക്കുറിച്ച് എസ്.കെ. പൊറ്റക്കാട് രേഖപ്പെടുത്തുന്നുണ്ട്. 1939 ജനുവരി 21 എന്ന് രേഖപ്പെടുത്തിയ തീയതിയിൽ അദ്ദേഹം കിഴത്താണി യുവജനസാഹിത്യ സമാജത്തിന്റെയും വായനശാലയുടെയും അഞ്ചാം വാർഷികസമ്മേളനത്തിൽ കവിത പാരായണത്തിന് പുളൂർ അച്യുതമേനോന്റെ ക്ഷണപ്രകാരം ഇരിങ്ങാലക്കുടയിൽ എത്തിച്ചേർന്നു എന്നാണ് എഴുതിയിരിക്കുന്നത് (1985:51). ആ നിലയ്ക്ക് 1934 മുതൽ കിഴത്താണി സാഹിത്യസമ്മേളനം ആരംഭിച്ചിരിക്കണം.

മലയാളത്തിലെ പ്രശസ്തരായ ഒട്ടുമിക്ക എഴുത്തുകാരും ഈ സമ്മേളനത്തിന്റെ ഭാഗമായിരുന്നു. പൊറ്റക്കാട് ഇരിങ്ങാലക്കുട ടൗണിലെ പുളൂർ അച്യുതമേനോന്റെ ലില്ലി ഗാർഡൻ എന്ന വസതിയിൽ എത്തുമ്പോൾ അവിടെ ജി. ശങ്കരക്കുറുപ്പ്, എ.ഡി. ഹരിശർമ്മ, സി.എസ്. നായർ, ചങ്ങമ്പുഴ കൃഷ്ണപിള്ള എന്നിവർ ഉണ്ടായിരുന്നു. വള്ളത്തോൾ പിന്നീട് എത്തിച്ചേരുകയും ചെയ്തു. "ഐ.എൻ. മേനോൻ അധ്യക്ഷനായും കൊച്ചി ഗ്രാമോദ്ധാരണ മന്ത്രി എ.ആർ. മേനോൻ ഉദ്ഘാടകനായും സമ്മേളനം ആരംഭിച്ചു. സി.എസ്. നായർ, കെ. അമ്മുക്കുട്ടിയമ്മ, എ.ഡി. ഹരിശർമ, ജി. ശങ്കരക്കുറുപ്പ് എന്നിവർ നമ്മുടെ ഭാഷയെയും സാഹിത്യത്തിലെ പുരോഗമന ചിന്തയേയുമെല്ലാം അനുകൂലിച്ചും വിമർശിച്ചും സംസാരിച്ചു. സമുദായം ഒരു വലിയ ജലാശയമാണെന്ന് കരുതിയാൽ, കുറേക്കാലമായില്ലേ ഈ ജലാംശത്തിലെ താമരമൊട്ടുകളെയും ഇലകളെയും അരയന്നങ്ങളെയും നാം വർണിച്ചു തുടങ്ങിയിട്ട് ? ഇനി അതിലെ കരടിനെയും പൊടിയെയും കൂടി കുറെ വർണ്ണിക്കട്ടെ എന്ന് ജീവൽസാഹിത്യകാരന്മാർ പറയുന്നു. അതിനു വിരോധമില്ല. വർണ്ണന ഏതുതരത്തിലായാലും ജലാശയത്തിന്റെ രൂപം വികൃതമാക്കാതെ നോക്കിയാൽ മതി എന്ന് സി.എസ്. നായർ പ്രസ്താവി

ച്ച" (എസ്.കെ. പൊറ്റേക്കാട്, 1985:54). മലയാള സാഹിത്യത്തിന്റെ ഭാവുകത്വ പരിണാമത്തെ കുറിക്കുന്ന ഒരു ഘട്ടമായിരുന്നു അത്. "കവിതയിലെ തീഷ്ണമായ രചനാപ്രയോഗങ്ങളും പാശ്ചാത്യസാഹിത്യത്തിന്റെ തർജ്ജമകളും രചനയിലെ ചാതുര്യത്തിന്റെ പ്രയോഗങ്ങളും പഴമക്കാരും പുതുമക്കാരും തമ്മിലുള്ള ഏറ്റുമുട്ടലുകളും കിഴത്താണി സാഹിത്യസമ്മേളനത്തിൽ കണ്ടു. 'പാലാഴി മങ്കതൻ കൊങ്കപുണരുന്ന കോലമെന്നുള്ളത്തിൽ കാണുമാറാകണം' എന്ന കാലം ഒക്കെപോയി എന്ന് സാഹിത്യസമ്മേളനത്തിൽ എഴുന്നേറ്റുനിന്ന് ക്ഷുഭിതനായി പറഞ്ഞ യുവാവിനോട് എന്നാൽ പാടത്തെ പെണ്ണിന്റെ പോർമുല പുൽകുന്ന കോലമെന്റുള്ളത്തിൽ കാണുമാറാകണം എന്ന് എഴുതിയാൽ ആധുനികത വരുമോ എന്ന് ചോദിച്ച വൈലോപ്പിള്ളിയുടെ മറുപടിയും കിഴത്താണി സാഹിത്യസമ്മേളനങ്ങളെ കേരളത്തിലെ സാഹിത്യരംഗത്തെ ചർച്ചാവിഷയമാക്കി. ഇത്തരം സാഹിത്യസമ്മേളനങ്ങളും ചർച്ചകളും ഇരിങ്ങാലക്കുടയുടെ മാത്രമല്ല, കേരളത്തിന്റത്തന്നെ സാഹിത്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾക്ക് പുതിയൊരു മാനം നൽകാൻ സഹായകമായി".[21]

പുരോഗമന കലാസാഹിത്യസംഘങ്ങൾ കേരളത്തിൽ രൂപംകൊള്ളുന്നതിന് എത്രയോ മുമ്പുതന്നെ കിഴത്താണിയിൽ പുരോഗമനസാഹിത്യങ്ങളെക്കുറിച്ച് ചർച്ച നടന്നിരുന്നു. അക്കാലത്ത് ട്രെയിനും ബസ്സും എത്തുന്നതിന് പ്രയാസമുള്ള ഒരു ഗ്രാമത്തിൽ വലിയൊരു സാഹിത്യസമ്മേളനം എല്ലാവർഷവും നടന്നത്, ഈ നാടിന് കലയോടും സാഹിത്യത്തോടും ഉണ്ടായിരുന്ന പ്രത്യേക താത്പര്യത്തിന് തെളിവാണ്. 'കിഴത്താണി എന്ന എഴുത്താണികൊണ്ട് പുരോഗമനസാഹിത്യചരിത്രത്തിൽ പുത്തനേട്ടകൾ ഞങ്ങൾ എഴുതിച്ചേർത്തു' എന്ന് തകഴി ശിവശങ്കരപിള്ള ഇരിങ്ങാലക്കുടയിൽ പിന്നീട് നടന്ന സാഹിത്യ പരിഷത്ത് സമ്മേളനത്തിൽ പ്രസ്താവിച്ചത് കിഴത്താണി സമ്മേളനത്തിനുള്ള ആദരമായി. ഇരിങ്ങാലക്കുടയുടെ സാഹിത്യചരിത്രത്തിലെ പുതിയകാലത്തെ പരിശോധിക്കുമ്പോൾ ഇത് എത്രയും അർത്ഥവത്താണ് എന്ന് ബോധ്യപ്പെട്ടും. ഏകദേശം പത്ത് വർഷത്തോളം കിഴത്താണി സാഹിത്യസമ്മേളനം തുടർച്ചയായി നടന്നിരുന്നതായി പഴമക്കാരുടെ ഓർമ്മയിലുണ്ട്.

[21] https://archives.mathrubhumi.com/books/features/kizhuthani-literature-meetings-1.3592257

## ലിറ്ററി ഫോറം

പുരോഗമന കലാസാഹിതിത്യ സംഘം, യുവകലാസാഹിതി, പ്രിയദർശിനി തുടങ്ങിയ സാംസ്കാരിക സംഘടനകളുടെയും സാഹിത്യക്കൂട്ടായ്മകളുടെയും പ്രവർത്തനങ്ങൾ ഇരിങ്ങാലക്കുടയുടെ സാഹിത്യസംസ്കാരത്തെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. ഗൗരവകരമായ സാഹിത്യഅവതരണങ്ങളും ചർച്ചകളും നടന്നിരുന്ന സാഹിത്യ പ്രവർത്തകരുടെ കൂട്ടായ്മയായിരുന്നു, ഇരിങ്ങാലക്കുടയിലെ ലിറ്ററി ഫോറം. പികെ.ഭരതൻ, ബാലകൃഷ്ണൻ അഞ്ചത്ത്, തുമ്പൂർ ലോഹിതാക്ഷൻ, മുരളീധരൻ മേനോത്ത് എന്നിവരുടെ നേതൃത്വത്തിലാണ് ലിറ്ററി ഫോറം ആരംഭിക്കുന്നത്. ടി.വി. കൊച്ചുബാവ, എൻ.ടി. ബാലചന്ദ്രൻ, അശോകൻ ചെരുവിൽ, എം.കെ. ശ്രീകുമാർ, ജോജി ചന്ദ്രശേഖരൻ തുടങ്ങിയ എഴുത്തുകാരെല്ലാം ചേർന്ന് നടത്തിയ സാഹിത്യ ചർച്ചകൾക്ക് ലിറ്ററി ഫോറം വേദിയായി. ധാരാളം പുതിയ എഴുത്തുകാർക്കുള്ള പരിശീലനക്കളരിയായിരുന്നു ഇത്. രചനകളുമായിവരുന്നവർക്കാണ് പ്രവേശനം നിശ്ചയിച്ചിരുന്നത്. നിശിതമായ വിമർശനത്തെ അതിജീവിക്കാൻ കരുത്തുള്ളവർ നല്ല എഴുത്തുകരായി വളർന്നിട്ടുണ്ട്. ശ്രദ്ധേയമായ സമകാലിക രചനകളെ അവിടെ പരിചയപ്പെടുത്തുകയും ചർച്ചചെയ്യുകയുംചെയ്തു. കെ. സച്ചിദാനന്ദൻ, കെ.ജി. ശങ്കരപിള്ള തുടങ്ങി നിരവധി പേരുടെ കൃതികൾ സംവദിക്കപ്പെട്ടു.

## സംഗമസാഹിതി

ഇരിങ്ങാലക്കുടയിലെ താരതമ്യേന പുതിയകാലത്തെ കവികൾ 2016 -ൽ തുടങ്ങിയ ഒരു സാഹിത്യകൂട്ടായ്മയാണ് സംഗമസാഹിതി. രാജേഷ് തെക്കനിയത്ത് എന്ന നോവലിസ്റ്റാണ് ഇങ്ങനെ ഒരാശയം മുന്നോട്ടുവച്ചത്. പി.കെ. ഭരതൻ മാഷാണ് സംഗമസാഹിതിക്ക് ഈ പേര് നിർദ്ദേശിച്ചത്. പ്രതാപ് സിംഗ്, പ്രൊഫ. സാവിത്രി ലക്ഷ്മണൻ, കൃഷ്ണകുമാർ മാപ്രാണം, ഉണ്ണികൃഷ്ണൻ കിഴുത്താണി തുടങ്ങിയവരാണ് സാഹിതിയുടെ ആദ്യകാല പ്രവർത്തകർ.

2016 -ൽ കൂടൽമാണിക്യം ഉത്സവത്തിന് ഇരിങ്ങാലക്കുടയിലെ എല്ലാ എഴുത്തുകാരുടെയും പുസ്തകങ്ങൾ സംഘടിപ്പിച്ച് പുസ്തകപ്രദർശനവും വില്പനയും നടത്തി. തുടർന്ന് എല്ലാവർഷവും കൂടൽമാണിക്യം ഉത്സവത്തിന് സംഗമസാഹിതി പുസ്തകശാല തുട

ങ്ങി. കഴിഞ്ഞ മൂന്നുവർഷങ്ങളായി കൊട്ടിലാക്കൽ പറമ്പിൽ നടക്കുന്ന പ്രദർശന ത്തിൽ സംഗമസാഹിതിയുടെ പുസ്തകപ്രദർശനവും വില്പനയും ഉണ്ടായിരുന്നു. കൂടാതെ കഴിഞ്ഞ രണ്ടു വർഷങ്ങളായി ഉത്സവത്തോടനുബന്ധിച്ച് ഈ പുസ്തകശാലയോട് ചേർ ന്ന് പുസ്തക ചർച്ച, കവിയരങ്ങ്, കഥയരങ്ങ് തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കാറു ണ്ട്.

ഇരിങ്ങാലക്കുടയിൽ ഞാറ്റുവേല മഹോത്സവം നടക്കുമ്പോൾ ഏഴോ എട്ടോ ദിവസങ്ങളിൽ സംഗമസാഹിതി ഒന്നരമണിക്കൂർ സാഹിത്യപരിപാടികൾ അവതരിപ്പി ക്കാറുണ്ട്. ജോസ് ചിറ്റിലപ്പിള്ളി നടത്തിയിരുന്ന വിഷൻ ഇരിങ്ങാലക്കുട ഞാറ്റുവേല മഹോത്സവത്തിലും ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി സംഘടിപ്പിക്കുന്ന ഞാറ്റുവേലമ ഹോത്സവത്തിലും സംഗമസാഹിതി സാഹിത്യവിഭാഗം കൈകാര്യം ചെയ്തു. ഞാറ്റുവേല മഹോത്സവവുമായി ബന്ധപ്പെട്ട് മഴ നടത്തം, പുഴയോരത്തെ പരിപാടികൾ, കടൽ ത്തീരത്തുള്ള സാഹിത്യപരിപാടികൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

ഇതിനോടകം 25 പുസ്തകങ്ങൾ സംഗമസാഹിതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2018 -ലാണ് ആദ്യത്തെ പുസ്തകം പുറത്തിറങ്ങുന്നത്. *കഥാസംഗമം* എന്ന കഥകളുടെ സമാ ഹാരമാണത്. പിന്നീട് *കവിതാസംഗമം* എന്ന പേരിൽ ഇരിങ്ങാലക്കുടയിലെ അറുപ തോളം കവികളുടെ കവിതകൾ പ്രസിദ്ധീകരിച്ചു. അത്തരത്തിലുള്ള അഞ്ച് ആന്തോള ജികൾ ഇതിനകം പുറത്തിറങ്ങിയിട്ടുണ്ട്. രണ്ടാമത്തെ കഥാസമാഹാരത്തിന്റെ പേര് *എനിക്കുമുണ്ടൊരു കഥപറയാൻ* എന്നായിരുന്നു. മൂന്നാമത്തെ കവിതാസമാഹാരമായ *കവിതയുടെ നാട്ടുവരമ്പത്ത്* 2024 ഫെബ്രുവരിയിൽ സിനിമാഗാനരചയിതാവായ ഹരി നാരായണനാണ് പ്രകാശനം ചെയ്തത്. ഇരിങ്ങാലക്കുടയിലും പരിസരപ്രദേശങ്ങ ളിലും സംഗമസാഹിതി പുസ്തകപ്രകാശനങ്ങളിൽ സംഘാടകരാവാറുണ്ട്. കൊറോ ണക്കാലത്ത് ക്ലബ് ഹൗസ് ആപ്പ് വഴി സംഗമസാഹിതി നിരവധി സാഹിത്യപരിപാ ടികൾ സംഘടിപ്പിച്ചു. ഇപ്പോഴത്തെ കമ്മിറ്റിയിൽ രാജേഷ് തെക്കിനിയേടത്ത്, അരുൺ ഗാന്ധിഗ്രാം, കൃഷ്ണകുമാർ മാപ്രാണം, സിമിത ലെനീഷ്, രാധാകൃഷ്ണൻ കിഴുത്താണി എന്നിവരാണുള്ളത്.

## തപസ്യ കലാസാഹിത്യവേദി

ദേശീയതലത്തിൽ രൂപീകൃതമായ തപസ്യ കലാസാഹിത്യവേദിയുടെ ഇരിങ്ങാലക്കുട ശാഖ 25 വർഷത്തിലധികമായി പ്രവർത്തനം നടത്തിവരുന്നു. വി.എം. ശിവശങ്കരൻ, പി.എൻ. ശ്രീരാമൻ, കേശവൻ നമ്പൂതിരി, ചാത്തൻപിള്ളി പുരുഷോത്തമൻ എന്നിവരാണ് ഇരിങ്ങാലക്കുടയിൽ തപസ്യരൂപീകരിക്കാൻ മുന്നിട്ടിറങ്ങിയത്. കൂടൽമാണിക്യത്തിനു സമീപം ശക്തിനിവാസിൽവച്ച് ദീപാവലി ആഘോഷത്തോടെയാണ് ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. കലാപരമായ എല്ലാ പ്രവർത്തനങ്ങൾക്കും പ്രോത്സാഹനം നൽകിവരുന്ന ഈ സംഘടനയിൽ ഇരുന്നൂറോളം അംഗങ്ങളുണ്ട്.

## ചലച്ചിത്രകേന്ദ്രവും ഫിലിം സൊസൈറ്റിയും

ഇരിങ്ങാലക്കുടയുടെ ചലച്ചിത്രസംസ്കാരത്തെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി തുടങ്ങിവച്ച സംരംഭങ്ങളാണ് ചലച്ചിത്രകേന്ദ്രവും ഫിലിം സൊസൈറ്റിയും. 2016 -ലാണ് ഇരിങ്ങാലക്കുട ചലച്ചിത്രകേന്ദ്രം രൂപീകരിക്കുന്നത്. തൃശ്ശൂർ ചലച്ചിത്രകേന്ദ്രത്തിന്റെ ഭാഗമായാണ് ഇരിങ്ങാലക്കുടയിലും ചലച്ചിത്രകേന്ദ്രം രൂപീകരിക്കുന്നത്. പി.കെ. ഭരതൻ മാസ്റ്റർ രക്ഷാധികാരിയായും അഡ്വ എം.എസ്. അനിൽകുമാർ, അഡ്വ. പി.എൻ. സുരേഷ്, ജോജി ചന്ദ്രശേഖരൻ, രാധാകൃഷ്ണൻ വെട്ടത്ത്, കെ. സുരേഷ് കുമാർ തുടങ്ങിയവർ ഭാരവാഹികളുമായി കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. കലാമൂല്യമുള്ള അന്താരാഷ്ട്രസിനിമകൾ സാധാരണ ജനങ്ങളിലേയ്ക്കെത്തിക്കുന്നതിന് ചലച്ചിത്രകേന്ദ്രം മുൻകയ്യെടുത്തു. ഇരിങ്ങാലക്കുട അക്കര മൂവീസിൽ കലാമൂല്യമുള്ള നാല് സിനിമകൾ പ്രദർശിപ്പിച്ചുകൊണ്ടാണ് ഇതിന്റെ പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചത്. ഇരിങ്ങാലക്കുടയിലെ ചലച്ചിത്രപ്രവർത്തകരെ ഈ വേദിയിൽ ആദരിച്ചു. 2016 -ലും 2017 -ലും ചലച്ചിത്രകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ചലച്ചിത്രോത്സവങ്ങൾ സംഘടിപ്പിച്ചിരുന്നു.

ഇരിങ്ങാലക്കുട ഫിലിംസൊസൈറ്റി ആരംഭിക്കുന്നത് 2017 -ലാണ്. മാധ്യമപ്രവർത്തകരായ വി.ആർ. സുകുമാരൻ, നവീൻ ഭഗീരഥൻ എന്നിവരുടെ നേതൃത്വത്തിലാണ് ഇത് ആരംഭിച്ചത്. ക്രൈസ്റ്റ് കോളേജ് ജംങ്ഷനടുത്തുള്ള ഓർമ്മ ഹാളിൽ വച്ച് എല്ലാ വെള്ളിയാഴ്ചകളിലും ചലച്ചിത്രപ്രദർശനം നടത്തുന്നു. ലോക ക്ലാസ്സിക്

സിനിമകൾ ഇവിടെ സ്ഥിരമായി പ്രദർശിപ്പിച്ചു വരുന്നു. 227 -ൽ അധികം സിനിമകളും നാല് ഫിലിം ഫെസ്റ്റിവലുകളും ഇതിനോടകം ഓർമ്മ ഹാളിൽ വച്ച് നടത്തിക്കഴിഞ്ഞു.

കാലാകാലങ്ങളിൽ പരിവർത്തനത്തിന് വിധേയമായിട്ടുള്ള സമൂഹമാണ് ഇരിങ്ങാലക്കുടയിലേത്. തങ്ങളുടെ പൈതൃകവും കലാവാസനകളും കാലാനുസൃതമായി പരിഷ്കരിക്കാനും നിലനിർത്താനും ഈ സമൂഹത്തിന് കഴിയുന്നു. അതുകൊണ്ടുതന്നെ, ഇരിങ്ങാലക്കുട ഒരു കലാപൈതൃകനഗരം എന്ന നിലയിൽ അറിയപ്പെടാനുള്ള ശ്രമങ്ങൾ ഇവിടുത്തെ പൊതുപ്രവർത്തകർ നടത്തിയിരുന്നു. അഡ്വ. തോമസ് ഉണ്ണിയാടൻ എം.എൽ.എ. ആയിരുന്ന കാലഘട്ടത്തിൽ സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത ഒരു പ്രോജക്റ്റ് അതിനായി ആരംഭിക്കുകയും ചെയ്തു. അന്ന് ബഡ്ജറ്റിൽ അതിനായി പണം അനുവദിച്ചിരുന്നുവെങ്കിലും പ്രോജക്റ്റ് പിന്നീട് മുന്നോട്ടു പോയില്ല. കലയും സാഹിത്യവും അതിന്റെ എല്ലാ ഉച്ചനീചത്വങ്ങളും മാറ്റിവെച്ച് വർത്തമാനകാല യാഥാർത്ഥ്യങ്ങളെ തിരിച്ചറിയുന്ന കാഴ്ചയാണ് ഇരിങ്ങാലക്കുടയിൽ കാണാനാകുന്നത്. അങ്ങനെയല്ലാത്ത ഇടങ്ങളിൽ പൊതുബോധം ഉയർത്തുന്ന പ്രതിഷേധനിലപാടുകളെ കണ്ടില്ലെന്ന് നടിക്കാനും സാധിക്കില്ല.

# ഉപസംഹാരം

'ഇരിങ്ങാലക്കുടയുടെ സാംസ്കാരിക ചരിത്രം: വിമർശനാത്മക സമീപനം' എന്ന ഈ പ്രബന്ധം ഭൂപരമായ പരിധിക്കപ്പുറത്ത് ഇരിങ്ങാലക്കുട എന്ന ഇടത്തിന്റെ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ ഭൂത -വർത്തമാനകാലങ്ങളെ അടയാളപ്പെടുത്തുന്നു. സാംസ്കാരികപാഠങ്ങളെ ചരിത്രവൽക്കരിക്കുമ്പോൾ ജനതയുടെചരിത്രം ഏകശിലാത്മകമല്ലെന്നും അനേകം അടരുകളുള്ള ചലനാത്മകമായ ഒരു ധാരയാണെന്നും കണ്ടെത്താൻ കഴിയും. സ്ഥൂലചരിത്രത്തിൽനിന്നും സൂക്ഷ്മചരിത്രത്തിലേക്കുള്ള ഒരു അന്വേഷണമാണ് സാംസ്കാരികചരിത്രപഠനം. ലിഖിതചരിത്രത്തിനപ്പുറത്ത് നിശ്ശബ്ദരാക്കപ്പെട്ട ഒരു ജനതയുടെ ഒച്ചയെ വേർതിരിച്ച് കേൾപ്പിക്കുക എന്നത് സാംസ്കാരികചരിത്രനിർമ്മിതിയുടെ പ്രധാനലക്ഷ്യമാണ്. ഓരോ ദേശവും അവിടുത്തെ ജനതയും ഒരേസമയം സമാനതകളുടെയും വൈവിധ്യങ്ങളുടെയും ഇരിപ്പിടമാണ്.

ഇരിങ്ങാലക്കുട എന്ന സ്ഥലനാമം ചരിത്രപരമായും സാംസ്കാരികമായും എങ്ങനെ രൂപപ്പെട്ടു എന്നതിന് യുക്തിയുടെയും വിശ്വാസത്തിന്റെയും പ്രകൃതിപ്രതിഭാസങ്ങളുടെയും തലത്തിലുള്ള വ്യത്യസ്തമായ വീക്ഷണങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. ഇരിങ്ങാലക്കുട എന്ന പേരിന്റെ വ്യാഖ്യാനങ്ങളിൽ, ബ്രാഹ്മണാധിപത്യമുറപ്പിക്കുന്നതും ക്ഷേത്രാധികാരത്തെ രാജാധികാരത്തോട് ചേർത്തുനിർത്തുന്നതുമായ വിവരണങ്ങളാണ് കൂടുതലും ഉണ്ടായിട്ടുള്ളത്. പല കാലങ്ങളിലായി വ്യത്യസ്തമതങ്ങളുടെ വൈവിധ്യപൂർണമായ സാംസ്കാരികപരിവർത്തനങ്ങളിലൂടെ രൂപപ്പെട്ട ഇടമാണ്

ഇരിങ്ങാലക്കുട. അതുകൊണ്ടുതന്നെ കൃത്യമായ സാമൂഹികചലനം സാധ്യമായ പ്രദേശമാണിത്. ഒരു പേരിന് ഒരു വ്യാഖ്യാനം മാത്രമുള്ള ഇടമാണെങ്കിൽ ചരിത്രപരമായി അടഞ്ഞ അനുഭവമാണ് ആ നാടിന്റേത് എന്ന് പറയാം. എന്നാൽ, ഇരിങ്ങാലക്കുടയെ സംബന്ധിച്ചിടത്തോളം സാംസ്കാരികമായൊരു തുറവി ദൃശ്യമാണ്. പ്രബലമായ സമൂഹങ്ങൾ ഈ പ്രദേശത്തെ തങ്ങളുടേതാക്കി മാറ്റുന്നതിന്റെ ഭാഗമായാണ് സ്ഥലനാമകഥകളും പലതായി മാറുന്നത്. അതിനർത്ഥം പലതരം സാമൂഹികചലനങ്ങൾ ഈ പ്രദേശത്തിന് ഉണ്ടായിട്ടുണ്ട് എന്നാണ് (നോ.2.2.1).

കൂടൽമാണിക്യക്ഷേത്രത്തിലെ അധികാരി തച്ചുടയക്കൈമളായിരുന്നു. ഇരിങ്ങാലക്കുട കൊച്ചിരാജ്യത്തിന്റെ ഭാഗമായിരുന്നെങ്കിലും തച്ചുടയക്കൈമളെ നിയോഗിച്ചിരുന്നത് തിരുവിതാംകൂറാണ്. നമ്പൂതിരിമേധാവിത്വം കൊടികുത്തിവാഴുമ്പോഴും കൂടൽമാണിക്യക്ഷേത്രത്തിലെ തീരുമാനങ്ങൾ എടുത്തിരുന്നത് നായർ വിഭാഗത്തിൽപ്പെട്ട കൈമളായിരുന്നു. കേരളത്തിലെ ജാതിബന്ധങ്ങളെക്കുറിച്ചുള്ള സാമാന്യബോധത്തെ ചോദ്യം ചെയ്യുന്നമട്ടിലുള്ള സ്വത്വ- അധികാര ചിത്രമാണ് തച്ചുടയക്കൈമളെക്കുറിച്ച് നിലനിൽക്കുന്നത്. ബ്രാഹ്മണരും തൊഴുതുനിൽക്കുന്ന ശൂദ്രവിഭാഗത്തിൽപ്പെട്ട ഒരു അധികാരി എങ്ങനെയാണ് ഉണ്ടായതെന്ന് കണ്ടെത്തുന്നത്, കേരളചരിത്രത്തിന്റെ പുനരെഴുത്തിന് ഇടനൽകും (നോ. 2.7.5).

ഇരിങ്ങാലക്കുടയുടെ സാംസ്കാരികപരിധിക്കുള്ളിൽത്തന്നെ പിന്നെയും ക്ഷേത്രങ്ങളുണ്ട്. ആചാരങ്ങളെക്കാൾ ആഘോഷങ്ങൾക്കാണ് ഇവിടെ കൂടുതൽ പ്രാധാന്യം ലഭിക്കുന്നത്. അവ ഇരിങ്ങാലക്കുടയുടെ സാംസ്കാരികപരിസരം രൂപപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിക്കുന്നുണ്ട് (നോ. 2.7.6).

തൃശ്ശൂർ ജില്ലയിൽ ആദ്യമായി നഗരവൽക്കരണം സാധ്യമായ പ്രദേശങ്ങളിൽ ഒന്നാണ് ഇരിങ്ങാലക്കുട. കേരളത്തിലെ രാജാക്കൻമാർ ക്രിസ്ത്യാനികൾക്ക് നൽകിയിരുന്ന പരിഗണന ഇരിങ്ങാലക്കുടയിലും കാണാനാകും. ക്രിസ്ത്യൻ കച്ചവടക്കാർക്ക് അവകാശങ്ങൾ നൽകുന്ന താഴേക്കാട് ലിഖിതം ശ്രദ്ധേയമാണ് (നോ. 2.8.2). ഇരിങ്ങാലക്കുടയിൽ ചന്തസ്ഥാപിച്ചുകൊണ്ട് ക്രൈസ്തവവ്യാപാരികളെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് പതിനെട്ടാം നൂറ്റാണ്ടിൽ ശക്തൻ തമ്പുരാൻ സ്വീകരിച്ചത് (നോ. 2.8.5). ജാതീയത കൊടികുത്തിവാഴുമ്പോഴും ക്രിസ്ത്യാനികൾ ഇവിടെ പല അവകാശങ്ങളും

അനുഭവിച്ചിരുന്നു (നോ. 2.8.6). ആധുനികകാലത്ത് ജനാധിപത്യം പുലർന്നപ്പോഴും ഭരണകേന്ദ്രങ്ങളിൽ ക്രൈസ്തവർ ശ്രദ്ധേയമായ സ്ഥാനമുറപ്പിച്ചു (നോ. 4.7).

ഭാരതത്തിലെത്തന്നെ ഇസ്ലാം മതവിശ്വാസികളുടെ ആദ്യകേന്ദ്രം എന്ന് കരുതപ്പെടുന്ന കൊടുങ്ങല്ലൂരിനടുത്ത് സ്ഥിതിചെയ്യുമ്പോഴും, ഇരിങ്ങാലക്കുടയിലെ മുസ്ലീമുകൾ തമിഴ്നാട്ടിൽനിന്നും ഉത്തരേന്ത്യയിൽനിന്നും എത്തിച്ചേർന്നവരാണ്. ഇരിങ്ങാലക്കുടയുടെ ഭാഗമായി നിൽക്കുമ്പോഴും തങ്ങളുടെ സാംസ്കാരികസ്വത്വം അവർ നിലനിർത്തുന്നുണ്ട് (നോ. 2.9).

ദേവാലയങ്ങളിലെ ആരാധനകളിലും നേർച്ചകാഴ്ചകളിലുമെല്ലാം ഹൈന്ദവാചാരങ്ങളുടെ സ്വാധീനമുണ്ട്. കൂടൽമാണിക്യ ഉത്സവവും ഇരിങ്ങാലക്കുട കത്തീഡ്രൽ ദേവാലയത്തിലെ പിണ്ടിപ്പെരുന്നാളും കൊല്ലാട്ടി ഷഷ്ഠിയുമെല്ലാം ഇരിങ്ങാലക്കുടയുടെ സാംസ്കാരികപശ്ചാത്തലത്തെ രൂപപ്പെടുത്തുന്നതിൽ സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. ഇരിങ്ങാലക്കുടയിലെ മതപരമായ ചടങ്ങുകളുടെ ഭാഗമായ ആഘോഷങ്ങൾ ജനങ്ങളുടെ ആഘോഷമായി മാറുന്നത് ഇതിന് തെളിവാണ്. അപൂർവ്വം ചില ആചാരങ്ങളും അനുഷ്ഠാനങ്ങളും മറ്റു മതസ്ഥരിലേക്ക് പടരുന്നതും ഇരിങ്ങാലക്കുടയുടെ മതസാഹോദര്യത്തെയാണ് വ്യക്തമാക്കുന്നത് (നോ. 2.8.4). മതപരമായ സംഘർഷം ഇരിങ്ങാലക്കുടയിൽ ഉണ്ടായിട്ടില്ല എന്നത് എടുത്തുപറയേണ്ട കാര്യമാണ്. എന്നാൽ, ജാതീയ സംഘർഷങ്ങൾ ഉണ്ടായിട്ടുണ്ടുതാനും. അതാകട്ടെ സാമൂഹ്യനവോത്ഥാനവുമായി കണ്ണിചേരുന്ന സമരങ്ങളായിരുന്നു (നോ. 4.4).

ടിപ്പുസുൽത്താൻ ഇരിങ്ങാലക്കുടയിലെയും പരിസരങ്ങളിലെയും പ്രബലസാന്നിധ്യമാണെന്ന് വാമൊഴികളിൽനിന്ന് വ്യക്തമാണ്. വാമൊഴിയെ സാധൂകരിക്കുന്ന ഭൗതികവസ്തുക്കൾ വിരളമാണെങ്കിലും, ലഭ്യമാണ്. തങ്ങളുടെ സ്വാഭാവികജീവിതസാഹചര്യത്തിലേക്ക് കടന്നു കയറുകയും ആ സ്വാഭാവികതയെ തകർക്കുകയും ചെയ്ത ശക്തി എന്ന നിലയിൽ ടിപ്പുവും അദ്ദേഹത്തിന്റെ പടയോട്ടവും ഓർമ്മകളിൽ തെളിയുന്നുണ്ട് (നോ. 2.10).

ഇരിങ്ങാലക്കുടയുടെ വൈജ്ഞാനികപാരമ്പര്യം സംഗമഗ്രാമമാധവനിലൂടെയാണ് ആരംഭിക്കുന്നത്. അതിന് മഹോദയപുരത്തെ നക്ഷത്രബംഗ്ലാവ് പശ്ചാത്തലമൊരുക്കി. പതിനാലാം നൂറ്റാണ്ടിൽ, ചന്ദ്രന്റെ ഓരോ സമയത്തെയും ചലനത്തെയും

സ്ഥാനത്തെയും നിർണ്ണയിക്കാനുള്ള മാർഗ്ഗം സംഗമഗ്രാമമാധവൻകണ്ടെത്തി. എന്നാൽ, ഈ അറിവിനെ മുഖ്യധാരയുടെ ഭാഗമാക്കാനോ വൈജ്ഞാനികസംവാദങ്ങളുടെ ഭാഗമാക്കാനോ ഇനിയും സാധിച്ചിട്ടില്ല. അതുകൊണ്ടുതന്നെ മാധവന്റെ ഗണിത - ജ്യോതിശാസ്ത്രസംഭാവനകളെ പാശ്ചാത്യലോകം തമസ്കരിക്കുകയും ആ സ്ഥാനം ഐസക് ന്യൂട്ടനും ജയിംസ് ഗ്രിഗറിക്കും നൽകുകയും ചെയ്തു (നോ. 3.1).

ശക്തമായ നാട്ടുചികിത്സാപാരമ്പര്യം ഇരിങ്ങാലക്കുടയ്ക്ക് അവകാശപ്പെട്ടതാണ്. ഇക്കോരക്കുട്ടി വൈദ്യർ, ദാമോദരമേനോൻ, കിട്ടുവൈദ്യർ, പുല്ലൂരച്ചൻ, പടിയൂര് മൂപ്പൻ, കേശവൻ വൈദ്യർ തുടങ്ങിയവരെക്കൂടാതെ നാട്ടുചികിത്സയിലെ സ്ത്രീ സാന്നിധ്യമായ കൊറോളിമഠത്തിലെ ലക്ഷ്മിക്കുട്ടിയമ്മയും അവരുടെ ശിഷ്യയായ പയ്യാറ്റിൽ ലക്ഷ്മിക്കുട്ടിയമ്മയും ശ്രദ്ധേയരായിരുന്നു (നോ. 3.2.1). സ്ത്രീകൾ പൊതുമണ്ഡലങ്ങളിൽ ഇടപെടുകയോ കടന്നുവരികയോ ചെയ്യാതിരുന്ന കാലത്ത് വൈദ്യരംഗത്ത് ഈ സ്ത്രീകൾ ശോഭിച്ചിരുന്നു എന്ന കാര്യം ശ്രദ്ധേയമാണ്. ഇതാകട്ടെ ഒറ്റപ്പെട്ട സംഭവമായി കാണാൻ സാധിക്കില്ല എന്നതിന് തെളിവാണ് ഇരിങ്ങാലക്കുടയിലെ സമരരംഗങ്ങളിലെ സ്ത്രീസാന്നിധ്യം (നോ. 4.4.10).

ആയുർവ്വേദ -അലോപ്പതി ചികിത്സയ്ക്കായി ഇരിങ്ങാലക്കുടയിലുള്ള ഗവൺമെന്റ് ആശുപത്രികൾ സാധാരണക്കാർക്ക് ഏറെ സഹായമാണ്. 1940 -50 കളിൽ കോളറ, വസൂരി തുടങ്ങിയ മാരകരോഗങ്ങൾ ഇരിങ്ങാലക്കുടയെ സാരമായി ബാധിച്ചിരുന്ന കാലത്ത് ഈ ആശുപത്രി സാധാരണക്കാരന്റെ ആശ്രയമായി (നോ. 3.2.2, 3.2.3).

കേരളത്തിന്റെ വാസ്തുവിദ്യാപാരമ്പര്യത്തെ എടുത്തുകാട്ടുന്നതാണ് ഇരിങ്ങാലക്കുടയിലെ ക്ഷേത്രങ്ങളുടേയും പള്ളികളുടേയും കൂത്തമ്പലത്തിന്റെയും നാലുകെട്ടുകളുടെയുമെല്ലാം നിർമ്മാണ വൈദഗ്ധ്യം. വാസ്തുശാസ്ത്രഗ്രന്ഥങ്ങൾ നിഷ്കർഷിക്കുന്ന അളവനുസരിച്ചുള്ള നിർമ്മിതിയാണ് കൂടൽമാണിക്യക്ഷേത്രത്തിന്റേത് (നോ. 3.3.2). ക്ഷേത്രമതിൽകെട്ടിനകത്തെ കൂത്തമ്പലമാകട്ടെ, വാസ്തുവിദ്യാപരമായി മികവുറ്റ കലാസൃഷ്ടിയാണ്. ഇവിടുത്തെ ശബ്ദ -വായു -പ്രകാശസന്നിവേശം അതിശയിപ്പിക്കുന്നതാണ് (നോ. 3.3.3). 1768 -ലാണ് ഇന്ന് കാണുന്ന കൂത്തമ്പലം നിർമ്മിച്ചത്. ഇതിനുമുമ്പ് അവിടെ ഉണ്ടായിരുന്ന കൂത്തമ്പലം ടിപ്പുസുൽത്താന്റെ ആക്രമണത്തിൽ അഗ്നിക്കിരയായി എന്നാണ് വാമൊഴി. അതിന്റെ നിർമ്മാണകാലത്തെക്കുറിച്ച് വ്യക്തമായ

രേഖകൾ ലഭ്യമല്ല. എന്തായാലും ഇരിങ്ങാലക്കുടയെ ക്ഷേത്രകലകളുടെ കേന്ദ്രമാക്കി മാറ്റുന്നതിൽ ഈ കൂത്തമ്പലവും അതിനെ സാധ്യമാക്കിയ ഭൗതിക സാഹചര്യങ്ങളും തീർച്ചയായും കാരണമായിട്ടുണ്ട്. ഇന്നും കൂടിയാട്ടത്തിന്റെ പരിശീലന - അവതരണ ഇടങ്ങളിൽ പ്രധാനപ്പെട്ട സ്ഥലമാണ് ഇരിങ്ങാലക്കുട. റോമനസ്ക് വാസ്തുശില്പമാതൃകയിലും ഗോഥിക് ശില്പരീതിയിലും നിർമ്മിതമായ ക്രൈസ്തവദേവാലയങ്ങളും (നോ. 3.3.4) മൂറിഷ് രീതി ഉപയോഗപ്പെടുത്തിയ മസ്ജിദുമാണ് ഇരിങ്ങാലക്കുടയിലേത് (നോ. 3.3.5).

കൊളോണിയൽ ഭരണത്തിന്റെ ഭാഗമായാണ് ആധുനികവിദ്യാഭ്യാസം ഇരിങ്ങാലക്കുടയിൽ കടന്നുവരുന്നത്. 1862 -ലാണ് ആദ്യമായി ഇരിങ്ങാലക്കുടയിൽ ഒരു വിദ്യാലയം പ്രവർത്തിച്ചു തുടങ്ങുന്നത്. ഇന്ന് 12 വിദ്യാലയങ്ങൾ ഇരിങ്ങാലക്കുട പട്ടണത്തിനകത്തുമാത്രം പ്രവർത്തിക്കുന്നുണ്ട്. ഇതിൽ മിഷനറിമാർ വഹിച്ച പങ്ക് ശ്രദ്ധേയമാണ്. ഇരിങ്ങാലക്കുടയിലെ സംഗമേശവിലാസം സ്കൂൾ, നാഷണൽ സ്കൂളായി മാറിയത് കേവലം പേരിൽ മാത്രമല്ല, വിലാസത്തിൽ കൂടിയാണ്. മഹാത്മാഗാന്ധിയുടെ 1934 -ലെ ഇരിങ്ങാലക്കുട സന്ദർശനത്തിന്റെ തുടർച്ചയിലാണ് സംഗമേശവിലാസം സ്കൂൾ നാഷണൽ സ്കൂളായി മാറുന്നത്. മതത്തിന്റെയും ജാതിയുടെയും പേരിൽ വിഭജിക്കപ്പെട്ടിരുന്ന സമൂഹം ദേശരാഷ്ട്രത്തിന്റെ പേരിൽ ഏകീകരിക്കപ്പെടുന്നതിന്റെ ചരിത്രംകൂടിയാണ് ഈ സ്കൂളിന് പറയാനുള്ളത്. 1956 -ൽ സ്ഥാപിതമായ ക്രൈസ്റ്റ് കോളേജും തുടർന്നുവന്ന സെന്റ്. ജോസഫ്സ് കോളേജും ഉന്നത വിദ്യാഭ്യാസമേഖലയിൽ ഇരിങ്ങാലക്കുടയെ ശ്രദ്ധേയമാക്കുന്നു. ഗവൺമെന്റ് സ്ഥാപനങ്ങളെക്കൂടാതെ സമാന്തരസ്ഥാപനങ്ങളും സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളും ഇരിങ്ങാലക്കുടയെ ആധുനികവിദ്യാഭ്യാസത്തിന്റെ കേന്ദ്രമാക്കി മാറ്റുന്നതിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട് (നോ. 3.5).

കുറുമാലിപ്പുഴയ്ക്കും ചാലക്കുടിപ്പുഴയ്ക്കും ഇടയിലുള്ള ഇരിങ്ങാലക്കുട, പൊതുവിൽ ജലസമൃദ്ധമായ പ്രദേശമായിരുന്നു. ഈ സമൃദ്ധി കാർഷികവിളകളുടെ കാര്യത്തിലും ഉണ്ടായിരുന്നു. കാർഷികവിളകൾ പിന്നീട് നാണ്യവിളകൾക്ക് വഴിമാറിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയിൽ വേണം ഇരിങ്ങാലക്കുടയിലെ വെളിച്ചെണ്ണ, കാലിത്തീറ്റ, സോപ്പ് തുടങ്ങിയ വ്യവസായങ്ങളുടെ സാന്നിധ്യത്തെ തിരിച്ചറിയാൻ (നോ. 4.3).

സവർണ്ണകേന്ദ്രിതമായിരുന്ന ഇരിങ്ങാലക്കുടയിലെ സാമൂഹ്യജീവിതം പലതരം സമരങ്ങളിലൂടെയും പ്രക്ഷോഭങ്ങളിലൂടെയുമാണ് ഇന്ന് കാണുന്ന മട്ടിലുള്ള ഒരു ജനാധിപത്യ സമൂഹമായി മാറുന്നത്. ജാതിക്കെതിരെ നടന്ന സമരങ്ങളിൽ പ്രധാനപ്പെട്ടതാണ് താണിശ്ശേരിലഹളയും (നോ. 4.4.1) പറപ്രക്ഷോഭവും (നോ. 4.4.4). ശക്തമായ സാമുദായിക - സാമൂഹിക - രാഷ്ട്രീയസംഘടനകൾ ഇരിങ്ങാലക്കുടയിൽ പ്രവർത്തിച്ചിരുന്നു. ജാതീയമായ അസമത്വങ്ങൾക്കെതിരെ പുലയമഹാസഭയും മറ്റുരാഷ്ട്രീയപാർട്ടികളും സംഘടിച്ചതിന്റെ അനന്തരഫലമായിരുന്നു കുട്ടംകുളം സമരം (നോ. 4.4.6). ജാതിക്കെതിരെയുള്ള സമരങ്ങളിൽ സ്ത്രീകളും പങ്കാളികളായിരുന്നു എന്നത് ശ്രദ്ധേയമാണ്. പി.സി. കുറുമ്പയെപോലുള്ള ദളിത് സ്ത്രീകളുടെ പോരാട്ടങ്ങളുടെ തുടർച്ചയിലാണ് പൊതുവിടങ്ങൾ സ്ത്രീകൾക്കുകൂടി അവകാശപ്പെട്ട ഇടങ്ങളായി മാറിയത് (നോ. 4.4.10).

ദേശീയപ്രസ്ഥാനത്തിന്റെയും സ്വാതന്ത്ര്യസമരങ്ങളുടെയും അലയടികൾ ഇരിങ്ങാലക്കുടയിലും ഉണ്ടായി. 1934 -ൽ ഗാന്ധിജി ഇരിങ്ങാലക്കുടയിലെത്തുന്നു (നോ. 4.4.3). കൊച്ചിപ്രജാമണ്ഡലം നടത്തിയ അയ്യങ്കാവ് സമരവും (നോ. 4.4.7) ക്വിറ്റിന്ത്യാ സമരത്തിന്റെ ഭാഗമായി ഇരിങ്ങാലക്കുട ബോയ്സ് സ്കൂളിലെ വിദ്യാർത്ഥികൾ നടത്തിയ ബെഞ്ചേറ് സമരവും (നോ. 4.4.8) ഇരിങ്ങാലക്കുട എന്ന ഇടത്തെ നിർമ്മിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നു. ഇത്തരം സമരങ്ങളും അതിനോടനുബന്ധിച്ച സംഘടനാപ്രവർത്തനങ്ങളുമാണ് ഇരിങ്ങാലക്കുട എന്ന ദേശത്തെ ഇന്ത്യ എന്ന രാഷ്ട്രത്തിന്റെ ഭാഗമായി കണ്ണിചേർക്കുന്നത്.

വ്യത്യസ്ത കർഷകസമരങ്ങൾക്ക് ഇരിങ്ങാലക്കുട വേദിയായിട്ടുണ്ട്. കർഷകത്തൊഴിലാളികളുടെ അവകാശബോധവും ഭൂപരിഷ്കരണനിയമം നടപ്പാക്കിയപ്പോൾ ഉണ്ടായ പോരായ്മകളും ഇതിനുകാരണമായി (നോ. 4.4.9). സാമൂഹികമായും സാംസ്കാരികമായും ഭരണപരമായും കേരളത്തിൽ ഉണ്ടായ മാറ്റങ്ങൾക്കനുസരിച്ച് ഇരിങ്ങാലക്കുടയും പരിവർത്തനപ്പെട്ടു. ഒരു ദേശത്തിന്റെ പുരോഗതിയിൽ പ്രധാന പങ്കുവഹിക്കുന്ന ഗതാഗതം, സർക്കാർ സ്ഥാപനങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ, മാധ്യമപ്രവർത്തനം തുടങ്ങിയവ ഇരിങ്ങാലക്കുടയിലും ഭംഗിയായി പ്രവർത്തിച്ചുവരുന്നു.

ഒരു പ്രദേശത്തിന്റെ സംസ്കാരത്തെ അടയാളപ്പെടുത്തുന്നതിൽ മുഖ്യപങ്കുവഹിക്കുന്നവയാണ് അവിടുത്തെ കലയും സാഹിത്യവും. ക്ഷേത്രനഗരമായതുകൊണ്ടുതന്നെ

ക്ഷേത്രകലകൾക്കായിരുന്നു ഇരിങ്ങാലക്കുടയിൽ ഏറെ പ്രാധാന്യം. ഇവിടുത്തെ അമ്മന്നൂർ കുടുംബവും വേണു ജി.യും കൂത്തിനേയും കൂടിയാട്ടത്തേയും ലോകവേദികളിലെത്തിക്കുകയും യുനെസ്കോയുടെ പൈതൃകപട്ടികയിൽ കേരളത്തിന് ഇടം നേടിത്തരികയും ചെയ്തു (നോ. 5.1). നങ്ങ്യാർകൂത്തും പാഠകവും (നോ. 5.2) ക്ഷേത്രകലകളായിത്തന്നെ വളർച്ച പ്രാപിച്ചു.

ആട്ടക്കഥാസാഹിത്യത്തെ ഉൽകൃഷ്ടമാക്കിയ നളചരിതം സാംസ്കാരികലോകത്ത് ഇരിങ്ങാലക്കുടയ്ക്ക് മേൽവിലാസമുണ്ടാക്കിക്കൊടുക്കുന്ന ഘടകങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് (നോ. 5.15.1). കൂടൽമാണിക്യക്ഷേത്രോത്സവവുമായി ബന്ധപ്പെട്ട് അരങ്ങേറിയിരുന്ന വ്യത്യസ്തകലാരൂപങ്ങൾ ഇരിങ്ങാലക്കുടയുടെ കലാലോകത്തെ അഭിവൃദ്ധിപ്പെടുത്തി. കൂടാതെ വ്യത്യസ്തവാദ്യങ്ങൾ (നോ. 5.4), മൃദംഗമേള (നോ. 5.4.3), ബ്രാഹ്മണിപ്പാട്ട് (നോ. 5.5), തിരുവാതിരക്കളി (നോ. 5.6), ശാസ്ത്രീയനൃത്തം (നോ. 5.7), സംഗീതം (നോ. 5.13) തുടങ്ങിയവയെല്ലാം ഉത്സവത്തോടനുബന്ധിച്ച് അരങ്ങേറുന്നു. ഉണ്ണായിവാര്യർ കലാനിലയവും (നോ. 5.3.1) അമ്മന്നൂർ ചാച്ചുചാക്യാർ ഗുരുകുലവും വേണു ജി.യുടെ നടനകൈരളിയും (നോ. 5.1.2) പുതിയ തലമുറയുടെ കലാഭിരുചിയെ വളർത്തിയെടുക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നു. ഓണക്കളിയും നാടൻപാട്ടുകളും പറയൻകൊട്ടുതുള്ളലും തിറവെള്ളാട്ടുമെല്ലാം ഇരിങ്ങാലക്കുടയുടെ വ്യത്യസ്ത ഇടങ്ങളിൽ അരങ്ങേറുന്നു.

ആദ്യകാല മലയാളകവിതാസാഹിത്യത്തെ പുഷ്ടിപ്പെടുത്തിയ ഇരിങ്ങാലക്കുടക്കാരാണ് സരസകവി പട്ടത്ത് കുഞ്ഞുണ്ണി നമ്പ്യാർ, മാപ്രാണം നാരായണപിഷാരടി, പണ്ഡിതരാജൻ വലിയരാമപിഷാരടി, ചങ്ങരംകോത കൃഷ്ണൻ കർത്താവ് തുടങ്ങിയവർ. ഇവർക്കിടയിൽ ശക്തമായ സ്ത്രീസാന്നിധ്യമാണ് നാഗരുകോവിൽ കല്യാണിക്കുട്ടി അമ്മച്ചിയും തോട്ടേക്കാട്ട് ഇക്കാവമ്മയും (നോ. 5.15). മലയാളിയുടെ പ്രിയപ്പെട്ട കവിയായ വൈലോപ്പിള്ളി, കെ. സച്ചിദാനന്ദൻ, ആനന്ദ്, ടി.വി. കൊച്ചുബാവ, അശോകൻ ചെരുവിൽ, ഖദീജ മുംതാസ്, കെ. രേഖ തുടങ്ങിയവർ ആധുനിക മലയാള സാഹിത്യത്തിൽ ശ്രദ്ധേയമായ സ്ഥാനം നേടി (നോ. 5.15.8). കൂടാതെ വായനശാലകളും കലാസാംസ്കാരിക സംഘടനകളും ഇരിങ്ങാലക്കുടയുടെ കലാസാഹിത്യ മേഖലയ്ക്ക് വലിയ സംഭാവനകൾ നൽകിയിട്ടുണ്ട് (നോ. 5.17.5).

സാമൂഹികനാടകാവതരണത്തിലൂടെ ശ്രദ്ധേയമായ നാടകപാരമ്പര്യം ഇരിങ്ങാലക്കുടയ്ക്ക് അവകാശപ്പെടാനാവും. ചെറുകാടിന്റെ *നമ്മളൊന്ന്* പോലുള്ള നാടകങ്ങളുടെ ആദ്യാവതരണങ്ങൾ നടന്നത് ഇരിങ്ങാലക്കുടയിലാണ് (നോ. 5.16.1). നാടകത്തിന് വളരാനുള്ള അനുകൂലമായ സാമൂഹ്യസാഹചര്യത്തെയാണ് ആദ്യാവതരണങ്ങൾ തീർച്ചയായും കാണിക്കുന്നത്.

മലയാള സിനിമാലോകത്ത് ഇരിങ്ങാലക്കുടയെ അടയാളപ്പെടുത്തിയ കലാപ്രവർത്തകർ നിരവധിയാണ്. അത്തരത്തിൽ ഇരിങ്ങാലക്കുടക്കാരുടെ സിനിമാകമ്പം വളർത്തിയതിൽ ഇവിടുത്തെ തിയേറ്ററുകൾക്ക് വലിയ പങ്കുണ്ട്. സിനിമ സംവിധാന രംഗത്ത് ജെ.ഡി. തോട്ടാനെയും എൻ. മോഹനെയും പോലുള്ളവർ ശ്രദ്ധേയമായ സ്ഥാനം ഉറപ്പിച്ചിരുന്നു. മലയാളിയുടെ പ്രിയപ്പെട്ട ഹാസ്യനടനായ ഇന്നസെന്റ് ഇരിങ്ങാലക്കുടയുടെ അഭിമാനമാണ്. കൂടാതെ ഇടവേള ബാബു, ടോവിനോ തോമസ്, അനുപമ പരമേശ്വരൻ, ആതിരപട്ടേൽ തുടങ്ങിയവരും അഭിനയരംഗത്ത് ശ്രദ്ധനേടി. മലയാളസിനിമയിൽ ഭാവഗായകൻ എന്ന് വിശേഷിപ്പിക്കപ്പെട്ട പി. ജയചന്ദ്രൻ ഇരിങ്ങാലക്കുടയുടെ സ്വന്തം ഗായകനാണ്. കലാഭവനുവേണ്ടി കെ.കെ. ആന്റണി മാസ്റ്ററും മറ്റും ചേർന്നൊരുക്കിയ ക്രിസ്തീയ ഭക്തിഗാനങ്ങൾ ഇന്നും ശ്രദ്ധേയമാണ് (നോ. 5.17).

ഇരിങ്ങാലക്കുടയിലെ സ്ത്രീജീവിതത്തെക്കുറിച്ചുള്ള അന്വേഷണം അപൂർണ്ണമായ ചില അറിവുകളിലേക്കാണ് എത്തിക്കുന്നത്. സവർണ്ണകേന്ദ്രമായിരുന്ന ഇരിങ്ങാലക്കുടയിലെ സാംസ്കാരികചരിത്രത്തിൽ എടുത്തു പറയാൻ ഒന്നോ രണ്ടോ സ്ത്രീകളേ ഉള്ളൂ. ആധുനികഘട്ടത്തിലേക്ക് എത്തുമ്പോഴേക്കും കീഴാളജീവിതത്തിൽനിന്ന് മുൻനിരയിലേക്ക് എത്തിയ ധാരാളം സ്ത്രീകളെ കാണാൻ സാധിക്കും (നോ. 4.4.10).

കേരളത്തിന്റെ സംസ്കാരികരൂപീകരണത്തിൽ ഇരിങ്ങാലക്കുട എന്ന പ്രദേശത്തിന് വലിയ പങ്കുവഹിക്കാൻ സാധിച്ചിട്ടുണ്ട്. കേരളചരിത്രം തുടർച്ചകളോ പടർച്ചകളോ ഇല്ലാത്ത ജനതയുടെക്കൂടി ചരിത്രമാണെന്ന് ഇരിങ്ങാലക്കുടയെ മുൻനിറുത്തിയുള്ള ഈ പഠനം തെളിയിക്കുന്നു.

സ്ഥലനാമപഠനത്തിൽ ഭൂപരവും സാമൂഹികവുമായ ബന്ധങ്ങൾക്കൊപ്പം വാണിജ്യബന്ധങ്ങളും ആചാരവിശ്വാസങ്ങളുമെല്ലാം അതിൽ കണ്ണിചേരുന്നുണ്ട് എന്ന

തിരിച്ചറിവ് ഈ പ്രബന്ധം മുന്നോട്ടുവയ്ക്കുന്നു. ഇതനുസരിച്ചുള്ള സ്ഥലനാമപഠനത്തിന് മലയാളത്തിൽ ഇനിയും പ്രസക്തിയുണ്ട്.

ചരിത്രത്തിൽ മുഖം നഷ്ടപ്പെട്ടവർക്ക് പ്രാദേശികചരിത്രത്തിൽ അത് തിരിച്ചുകിട്ടുന്നുണ്ട്. അതിൽത്തന്നെ കീഴാളരുടെയും സ്ത്രീകളുടെയും വീണ്ടെടുപ്പുകൾ ശ്രദ്ധേയമാണ്. പ്രാദേശികസംസ്കാരത്തെ നിർമ്മിക്കുന്നതിൽ സ്ത്രീകളുടെ പങ്ക് പ്രത്യേകം പഠിക്കേണ്ടതുണ്ട്. നാട്ടറിവുകളിൽ അവ വർത്തമാനകാലത്തെ നിർമ്മിക്കുന്ന അറിവുകളായി നിലനിൽക്കുന്നു എന്നത് അവയുടെ പ്രാധാന്യം എടുത്തു കാണിക്കുന്നു. കുടുംബജീവിതത്തിന്റെ കെട്ടുപാടുകൾക്കകത്ത് പെട്ടുപോകുന്നതുകൊണ്ടുതന്നെ ദേശത്തിനപ്പുറത്തേക്ക് വളരാനോ പടരാനോ അവർക്കു സാധിക്കുന്നില്ല. അതുകൊണ്ടുതന്നെ പ്രാദേശികചരിത്രവും സ്ത്രീകളും എന്നത് ഗൗരവപ്പെട്ട തുടർഗവേഷണവിഷയങ്ങളിൽ ഒന്നാണ്.

പ്രാദേശികമായും സാമൂഹികമായും ഉണ്ടായിട്ടുള്ള പുരാവൃത്തങ്ങളും ഐതിഹ്യങ്ങളും നാട്ടറിവുപഠനത്തിൽ പ്രസക്തമായ വിഷയമാണ്. ഇത്തരത്തിൽ പ്രസക്തമായ ഒരു ഐതിഹ്യമാണ് അയ്യൻ ചിരുകണ്ടന്റേത്. ദലിത്ജനവിഭാഗങ്ങൾക്കിടയിൽ പ്രബലമായ ഈ ഐതിഹ്യം തങ്ങൾ നിലനിന്ന സമൂഹത്തിലെ പലതരം ബലതന്ത്രങ്ങളോട് അത് പല തരത്തിൽ കലഹിക്കുന്നുണ്ട്. ഇതും തുടർപഠനം ആവശ്യമായ ഇടംതന്നെയാണ്.

# ആവേദകസൂചി

1. അജയ് മേനോൻ, കൃഷ്ണ, ഇരിങ്ങാലക്കുട, 25 വയസ്സ്, ചെണ്ട കലാകാരൻ.
2. അഞ്ജന വിനോദ് ഭട്ട്, കളപ്പുരകോവിലകം പറമ്പ്, ചെട്ടിപറമ്പ്, ഇരിങ്ങാലക്കുട, 52 വയസ്സ്, ഗൗഡസാരസ്വതവിഭാഗം (കൊങ്ങിണി).
3. അപർണ്ണ നങ്ങ്യാർ, അമ്മന്നൂർ ചാക്യാർ മഠം, ഇരിങ്ങാലക്കുട, 40 വയസ്സ്, നങ്ങ്യാർകൂത്ത് കലാകാരി.
4. അബി തുമ്പൂർ, ആഞ്ഞിലിക്കാട്ടുപറമ്പിൽ, തുമ്പൂർ, 46 വയസ്സ്, പ്രാദേശിക ചരിത്രാന്വേഷകൻ.
5. അമ്പിളി ജയൻ, ഗുരുവിലാസം, 45 വയസ്സ്, കൗൺസിലർ, ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി.
6. അമ്മുക്കുട്ടി, കണ്ടേപറമ്പിൽ, ഇരിങ്ങാലക്കുട, 80 വയസ്സ്, കുശവ വിഭാഗം.
7. അരുൺ ഗാന്ധിഗ്രാം, ഇരിങ്ങാലക്കുട, 43 വയസ്സ്, കവി.
8. ആന്റണി ഇഞ്ചയ്ക്കൽ(ബ്രദർ), പുല്ലൂരച്ചൻ, പുല്ലൂർ ആശ്രമം, 68 വയസ്സ്, നാട്ടുചികിത്സകൻ.
9. ആശ സുരേഷ്, വെളുത്താട്ടിൽ വീട്, ഇരിങ്ങാലക്കുട, 25 വയസ്സ്, ഇടയ്ക്ക കലാകാരി.
10. ഉണ്ണി, നടവരമ്പ്, 45 വയസ്സ്, 'കുന്ന്'ലെ താമസക്കാരൻ.
11. കുമാരൻ മാമ്പുഴ, വരദ, ഇരിങ്ങാലക്കുട, 91 വയസ്സ്, റിട്ട. അധ്യാപകൻ, ക്രൈസ്റ്റ് കോളേജ്.
12. കേശവൻ സി.കെ., ഇരവിമംഗലം മന, പേഷ്ക്കാർ റോഡ്, ഇരിങ്ങാലക്കുട, 54 വയസ്സ്, പ്രാദേശിക പത്രപ്രവർത്തകൻ.

13. ഗോകുൽദാസ്, നഗർമണ്ണമന, കല്ലേറ്റുംകര, 65 വയസ്സ്.

14. ഗോപാലകൃഷ്ണൻ, മാളിയേക്കപ്പറമ്പിൽ, ഇരിങ്ങാലക്കുട, 58 വയസ്സ്.

15. ഗോപിനാഥ ചെട്ടിയാർ, വേങ്ങാശ്ശേരി, പൊറത്തിശ്ശേറരി, 58 വയസ്സ്.

16. ഗോപിനാഥൻ കലാനിലയം, പുളിക്കൻ വീട്, കൊരുമ്പിശ്ശേരി, ഇരിങ്ങാലക്കുട, 55 വയസ്സ്, കഥകളി നടൻ, കലാനിലയം അധ്യാപകൻ, 27/10/2022-ൽ മരിച്ചു.

17. ചന്ദ്രൻ ടി.വി., തറയിൽ വീട്, പെരുവല്ലിപ്പാടം, ഇരിങ്ങാലക്കുട, 60 വയസ്സ്, പറയൻ കൊട്ട് കലാകാരൻ.

18. ജിനരാജദാസ്, കൊമ്പത്ത്, പൂമംഗലം, 71 വയസ്സ്, കർഷകൻ.

19. ജോജു എളങ്കുന്നപ്പുഴ, താഴേക്കാട്, 60 വയസ്സ്.

20. ജോൺസൻ എടത്തിരുത്തിക്കാരൻ, മാപ്രാണം, 63 വയസ്സ്, ചരിത്രാന്വേഷകൻ.

21. ജോൺസൻ നായങ്കര, മാപ്രാണം, 58 വയസ്സ്, മാപ്രാണം പള്ളി ട്രസ്റ്റി.

22. ജോസഫ് കാഞ്ഞിരപ്പറമ്പിൽ, വെളയനാട്, 88 വയസ്സ്, 02/08/2022 ൽ മരിച്ചു.

23. ജോസഫ് കെ.ജെ., ഐനിക്കൽ കൊടയ്ക്കാട്, ഇരിങ്ങാലക്കുട, 70 വയസ്സ്, റിട്ട. അധ്യാപകൻ, ക്രൈസ്റ്റ് കോളേജ്.

24. ജോയ് പീനിക്കപ്പറമ്പിൽ (ഫാ.), ഇരിങ്ങാലക്കുട, 57 വയസ്സ്, മാനേജർ, ക്രൈസ്റ്റ് കോളേജ്.

25. തങ്കപ്പൻ മാസ്റ്റർ, മുൻ ദേവസ്വം ബോർഡ് ചെയർമാൻ, ഇരിങ്ങാലക്കുട, 75 വയസ്സ്, നാടക കലാകാരൻ.

26. നന്ദകുമാർ മാരാർ, ഗോവിന്ദം, പടിഞ്ഞാറെ നട, ഇരിങ്ങാലക്കുട, 56 വയസ്സ്, ഇടയ്ക്ക കലാകാരൻ.

27. നാസർ, പുളിമൂട്ടിൽ, ഇരിങ്ങാലക്കുട, 58വയസ്സ്, ദക്ലിവിഭാഗം.

28. പത്മിനി ബ്രാഹ്മണിയമ്മ, തെക്കെ പുഷ്പകം, അയ്യങ്കാവ് ക്ഷേത്രം റോഡ്, ഇരിങ്ങാലക്കുട, 83വയസ്സ്, ബ്രാഹ്മണിപ്പാട്ട് കലാകാരി.

29. രമേഷ് ചെട്ടിയാർ, അമ്മാപറമ്പിൽ, ഇരിങ്ങാലക്കുട, 47 വയസ്സ്.

30. വിജയൻ എ., വൺ ഇന്ത്യ, പാട്ടമാളി റോഡ്, ഇരിങ്ങാലക്കുട, 70 വയസ്സ്.

31. ശശിധരൻ, ഇരിങ്ങാലക്കുട, 47 വയസ്സ്, വേലർവിഭാഗം, നാട്ടുവൈദ്യം.

32. ശിവദാസ് കലാമണ്ഡലം, ഐക്കര വീട്, തെക്കെനട, ഇരിങ്ങാലക്കുട, 60 വയസ്സ്, ചെണ്ട കലാകാരൻ, കലാനിലയം പ്രിൻസിപ്പാൾ.

33. ശ്രീകുമാർ എസ്., ഇരിങ്ങാലക്കുട, 65 വയസ്സ്, ഭൂതത്വശാസ്ത്രജ്ഞൻ, റിട്ട. അധ്യാപകൻ, ക്രൈസ്റ്റ് കോളേജ്.

34. ഷാബു മുത്രത്തിപറമ്പിൽ, ഇരിങ്ങാലക്കുട, 56വയസ്സ്, കുശവ വിഭാഗം.

35. ഷിന്റ ജി. നെല്ലായി, ഇരിങ്ങാലക്കുട, 40 വയസ്സ്, അധ്യാപിക.

36. ഷേർളി പോളി, ഇടപ്പിള്ളി വീട്, കൊറ്റനെല്ലൂർ, 52 വയസ്സ്.

37. സരോജിനിയമ്മ, തെങ്ങിൽ വീട്, വീട്ടമ്മ, കൊരുമ്പിശ്ശേരി- ഇരിങ്ങാലക്കുട, 80 വയസ്സ്.

38. സിന്ധു മണിലാൽ, നടവരമ്പ്, 49 വയസ്സ്, പി.സി. കുറുമ്പയുടെ സഹോദരീപുത്രി, വീട്ടമ്മ.

39. സുകുമാരൻ വി.ആർ., ഇരിങ്ങാലക്കുട, 60 വയസ്സ്, മാധ്യമപ്രവർത്തകൻ, കേരള കൗമുദി.

40. സുധ എം.കെ., മാരാത്ത് വീട്, ഇരിങ്ങാലക്കുട, 52 വയസ്സ്, ലൈബ്രേറിയൻ.

41. സുരൻ നടവരമ്പ്, നടവരമ്പ്, 62 വയസ്സ്, കരകൗശല തൊഴിലാളി, സാമൂഹ്യപ്രവർത്തകൻ.

42. ഹരികൃഷ്ണൻ പി. ജി., പുളിക്കൻ വീട്, കൊരുമ്പിശ്ശേരി, 25 വയസ്സ്, കഥകളി നടൻ.

43. റപ്പായി ടി.എ., തെക്കേത്തല, ആസാദ് റോഡ്, ഇരിങ്ങാലക്കുട, 89 വയസ്സ്, പ്രാദേശികചരിത്രാന്വേഷകൻ (02/08/2022 -ൽ മരിച്ചു).

## അനുബന്ധം - 1

### അനുബന്ധം 1.1

കൂടൽമാണിക്യം ക്ഷേത്രലിഖിതം I

1 സ്വസ്തിശ്രീ. കോ. ത്താണു ഇരവിക്കു ച്ചെല്ലാനിൻറയാണ്ടു പ
2 തിനൊൻറവതു. ഇവ്വാണ്ടു ഇരുങ്കാടി (ക്കൂട)
3 ൽ പരടൈയാരും, ഇളൈയാരും, തിരുക്കൈക്കീഴ് കൂടി (അ)
4 വിരോതത്താൽ ചൈയ്ത (ചപത്തെ) യാവതു. ഇരിനം നാട്ടിനു(ക്കു)
5 മേക്കു, (കുട്ടങ്കൊള) ചിറൈക്കു വടക്കു, ഉടരാറ്റിനു കി
6 ഴക്കു. ---യാറ്റിനുക്കു തെറ്കു ഇരുങ്കാടിക്കൂടൽ
7 --- ഇടൈയീട്ടുള്ളയിടത്തു ഈ---
8 (ഒറ്റിവൈക്കവും) കൊള്ളവും ഇവകളുക്കു (അടൈയൂഴവും)---
9 --- ങ്കേൾക്കവും, ഇവകളാൽ----ക്കവും, ഇവ
10 കള ----തമും പെറാർ. ഇവ്വൂരാളരി-ച്ചപ
11 ത്തൈ പിഴക്കു----, തായാരൈക്കൊൻറ പാതകളാവതു. അ
12 പ്പാതകരോട്ടു-- പ്പോരിക്കും ഇവ്വിനൈയരെയാവതു.

BRVRI, vol. IX. p. 48.

### അനുബന്ധം 1.2

കൂടൽമാണിക്യം ക്ഷേത്രലിഖിതം. II

1 സ്വസ്തിശ്രീ. തിരുവിരുങ്കാടിക്കൂടൽ തിരുവടിയുടെ (പ)റൈയൂർ
2 ക്കാടാകിൻറതു പാർക്കരനമ്പിരാനാർ തിരുവടിക്കു ചോ(കി)രത്തുപൊ
3 തുവാളട്ടിക്കൊടുത്ത പൂമി പടിഞ്ഞായിറ്റിപ്പോട്ട എൻറു
4 പേർവിട്ടു പോട്ടൈക്കച്ചമിതിന്നു കച്ചമെൻറുപണ്ണി
5 കൊടുത്താർ തിരുവിരുങ്ങാടിക്കൂടൽ മുക്കാൽവട്ടത്തിരുന്
6 നു പാർക്കരപുരമായി പടിഞ്ഞായറ്റു പോട്ടയ് ചെല്ലുഞ്ചെലവു-
7 നാനാഴി അരി തിരുവമിർതു. ഒരു നന്താവിളക്കും ഉച്ചെത്തിരു
8 വമിർതു. കലക്കടകത്തിൽ വിയാഴനിൽക്കച്ചെയ്ത അട്ടിൽ
9 പ്പേറു കരണമാവതു. പാക്കരപുരം പടിഞ്ഞായിററുപോട്
10 ടൈ, ആറ്റോട്ടു തൊട്ടെട്ടു കരൈയും, വയല്ലും മടന്നൈയും, അ ---
11 കപ്പട അട്ടിപ്പെറ്റുകാരാൺമയ് കൊടുത്തരുളിനാർ, പാർക്കര

12 നമ്പിരാനാർ തിരുവടി, അട്ടിച്ചകൊണ്ടാർ, അയിരക്കരൈക്

13 കോതൈ കുമരനന്ദ, ഊരതു കുമരൻ കോതൈ,(യ--) ളിയത്തുനാകങ്കണ്ണ,

14 ഊരതു കണ്ടൻ കുമാരൻ. ഇന്നാ(ൽ)വർ മണിക്കിരാമത്താരും ത

15 ങ്ങൾ കാരാൺ മൈയാൽ അറുവിളക്ക നാൻ്്റു ചെലുത്ത കടവിയർ.

16 ഇന്നാൽ വരു (മു)ള്ളിട്ടു എൻമർക്കു ഉലകും, തുലാക്കുലി

17 യുമില്ലൈ. കോയിൽ മനിച്ചർക്കു മണിക്കിരാമ ത്താർ നാൽവ

18 ർക്കു തോൻ്്റിയ പിഴൈയുന്തണ്ട മുങ്കൊള്ളക്കടവിയർ.

19 ഇച്ചേരിക്കൽ വള്ളുവനാട്ടു അറുനൂറ്റുവർക്കുങ്കാവൽ

BRVRI, Vol. IX, p. 51

**അനുബന്ധം 1.3**

താഴേക്കാട് രേഖ

1. സ്വസ്തി ശ്രീ ഇരായ ചിങ്ക പെരുമാനടി
2. കൾ (കു) താഴെക്കാട്ടുക്കമൈക്കപ്പെട്ട വാണികർക്
3. കു ഊരാർ അവിരോതത്താ(ൽ) പീടികൈ കട്ടുവാൻ അമൈത്ത
4. (ട്ട) ചിറുപള്ളി അതിരിൽ മെക്കുപ്പേരാലിൻ (വട)
5. കുക്ക (രൈ) പ്പള്ളിയിൽ കിഴക്കു കീഴ്ത്തിരുക്കൊയിർ തേവ
6. പൂമിക്കുത്തേക്കു. ഇതിനകത്തു ഊരാളർ തടുക്കവുന്ത
7. മാതവുമ് പീടികൈ കമൈ... തന്നൈയെയ്യൊ-
8. ൻറതു തായെക്കളത്തിരമ് വെച്ചാരാമെ
9. ...കോൽ കൊട്ടിക്... കൊടുപ്പതു
10. പാട്ടമാളർ എടുത്തു കൊൾവിതു അന്നാലവരുഞ്ചൊ
11. ...ഇറൈയുന്തിറൈയുങ്കൊൾവിതു. ഇവകൾചെൻറു
12. വിലൈയിട്ട ചരക്കെല്ലാരുങ്കൊൾവതു
13. ഇവ്വൂ (രിൽ) ...മണിക്കിരാമത്താർ (ആന) ചാത്തമ് വടുകൻ
14. ഇരവി ചാത്തനുമിവർകളിരുവർക്കു മിരണ്ടുമുറിപ്പീടികൈ (യാ)
15. ലിറൈയില്ലൈ...

(രാമചന്ദ്രൻ പുതുശ്ശേരി, 2007:92)

**അനുബന്ധം 1.3.1**



താഴെക്കാട് ശിലാരേഖ

## അനുബന്ധം 1.3.2




താഴെക്കാട് ശിലാരേഖയും വിവരണവും

## അനുബന്ധം 1.4

### അവിട്ടത്തൂർ ക്ഷേത്രരേഖ

1. സ്വസ്തി ശ്രീ കോ ക്കോതൈ ഇരവിക്കു ചെല്ലാനിൻറയാണ്ട് ഇരുവത് ഇവ്വാണ്ടു
2. കന്നിയില് വിയാഴന്നിർക വിരുച്ചികഞ്ഞായറ് ആവട്ടിപുത്തൂരായിരവരും ഇരുപ
3. ത്തേഴവരും ഇരണ്ടു കുടിപ്പൊതുവാളും അവിരോതത്താർ കൂടിത്തിരു കൈക്കീഴ് ഇരുന്തു ചെയ്
4. തകച്ചമാവിതു. ചേരമാൻ മാതേവിയരുടൈയ കരക്കലം (ആവട്ടിപ്പുത്തൂർക്കു)കീഴീടു ചെയ്തു
5. ഇതിനുക്കു ഇലക്കാപോകമാകക്കുടുപ്പാന (മൈഞ്ചി) താവിതും ആവട്ടിപുത്തൂർപ്പെരുന്തിരു
6. ക്കോയിലിറ് ച(ാ)ന്തി അടികട്കു നിയ(മപ്പടി)...നാഴി (യാ) ല് ഇരുനാഴിച്ചെയ്തരിചിക്കു മുട്ടാ
7. (ണ്ടു) കൊടുപ്പാൻ അമൈഞ്ച നെല് (ഇടങ്ക) ഴിയാ(ല്)...നാഴി...ഇന്നെല് അച്ചങ്കിരാന്തിതോ
8. റുന്തി (ങ്കള് ഒവാതിയാറ്:) കൊടുക്ക അതുകൊൾവതു കടു... ഇവ്വൂർക്കൊരു വിതനം വന്തപോഴതുകേട്ട (ഊ)
9. രാളനും പൊതുവാളും ഒരുത്തരൊരുത്തരെ (ക്കു ചൊ), ങ്കുവിളിച്ചുകടിച്ചെന്റഅ

10. വ്യർക്കു ഉള്ളവിതനന്തീർത്തു കൊടക്കടവിയർ ച (ാ)ന്തി അടികളും ആവ്യൂർക്കു

11 അഴിവു വരുകില്, വന്ത (പൊഴുതു) നിരുമ്മാ (ലിയമ്മു) ട്ടിച്ചു വൈച്ചു താമൈ ചെന്റുവിതന

12. ന്തിരുത്തു കുടുക്കക്കടവിയർ. ഇവ്യൂരിക്കുരാളനും പൊതുവാളും പൂക്കു വിലക്കവു

13. മ് പൊരുൾകവരവു, കുടിവൈക്കവും ...വും, ആടകൊൾവുങ്കട്ടിലേറവും

14. ഇവ്യൂർക്കുടികളൈ ഒരു നൻമൈത്തിൻമൈചെയ്യവും പെറാൻ. ഇവ്യൂരുടൈയവകൾത

15. ങ്കളൂർക്കുടികൾക്കറൈവിതു (ങ്കുടിമൈ) കൊൾവിതു ന്തണ്ടിപ്പതു ന്തണ്ടങ്കൊൾ

16. വിതു, ങ്കൊല്വിതു, ഞ്ചെയ്കിലും, കുടികട്കു യൊരു പല ചൈ പറെയവും ചെയ്യവും പെറാ

17. ൻ ഊരാളനും പൊതുവാളും. മിപ്പരിചന്റിയെ ചെയ്യുമൂരാളനും പൊതുവാളുമുളകതിറ

18. കടങ്കാട്ടുക്കച്ചമും പിഴൈച്ചു ഊർക്കുമിടൈയീടുംകെട്ടു, താനമും പരടൈ

19. യും പെറാൻ. ഇവ്വോലൈയിറ് പട്ടവണ്ണംകല്ലിൻ മേല് എഴുതി വിച്ചു നാട്ടു

20. വി(പ്പാ) ൻ ഊരാകെ (യി)തു ഇളമണ ചിരിതരൻ. അട്ടമൂർത്തിയെയും കോട്ടകാരപ്പാട്ടുകണ്ട

21. ങ്കമരനയും, പഴവ്യൂർ ഇരവി ചങ്കരനെയും ഇവർയിലക്കാ പോകമായി ക്കൊടുപ്പാനമൈഞ്

22. ചതു. ച(ാ)ന്തി അടിക(ട്) ക്കുതൈവിനാറ് കൊള്ളാതൊഴികില് ഏറിയതു പിറ്റൈയാണ്ടു

23. കൊടുക്കക്കടവിയരല്ല. ഊരുടൈയവകൾ. ഇപ്പരിചറിവാർ. മൈലായൻ പള്ളി (ക്ക)

24. ടമ്പനാരായണൻ, ങ്കാരിമൂക്കില്കോതൈ വെമ്പഴമനെൻ മലിമങ്കലത്തു കണ്ടന്തായനും.

25. കായമറ്റത്തു കണ്ടനാരായണൻണ്ണ(കു)ഴ വൈകണ്ണിനാരായണനുങ്കാന്തർച്ചങ്ക

26. രനാരായണനും മറിവാർ.

(രാമചന്ദ്രൻ പുതുശ്ശേരി, 2007:30)

**അനുബന്ധം 1.5**



അവിട്ടത്തൂർ അയ്യൻചിറയിൽനിന്നു ലഭിച്ച ശിലാവിഗ്രഹം

**അനുബന്ധം 1.5.1**



കൊറ്റനെല്ലൂരിൽനിന്നും കണ്ടെത്തിയ വേലത്തിക്കല്ല്

**അനുബന്ധം 1.6**



2019- ൽ കൂടൽമാണിക്യംക്ഷേത്രത്തിലെ തീർത്ഥക്കുളം ശുചീകരണത്തിന്റെ
ഭാഗമായി വറ്റിച്ചപ്പോൾ എടുത്ത ചിത്രം

**അനുബന്ധം 1.7**

കൊച്ചിയിലെ പദ്ദുവാദോ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുള്ള ഭൂപടം




350 വർഷത്തിലധികം പഴക്കം കണക്കാക്കുന്ന ഈ ഭൂപടത്തിൽ മാപ്രാണത്തെ മഹാപൂക്കോണം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു

**അനുബന്ധം 1.7.1**




മാപ്രാണം പള്ളിയിലെ പഴയകാല പ്രസംഗപീഠം (പുൾപിറ്റ്)

**അനുബന്ധം 1.7.2**


FR. MARCELLINUS A S. TERESIA O. C. D.

DEI ET APOSTOLICÆ SEDIS GRATIA

EPISCOPUS PARIENSIS ET COADJUTOR V. A.

MALABARIÆ CENTRALIS

മാപ്രാണം പള്ളിയിലേക്ക് റോമിൽനിന്നു ലഭിച്ച തിരുശേഷിപ്പുകളുടെ സർട്ടിഫിക്കറ്റ്

**അനുബന്ധം 1.7.3**

1789-ൽ പൗളിനോസ് പാതിരി പ്രസിദ്ധീകരിച്ച മലബാറിന്റെ ഭൂപടം




മാപ്രാണം, താഴെക്കാട്, വെളയനാട് പള്ളികൾ ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്

**അനുബന്ധം 1.8**



ടിപ്പുവിന്റെ ആക്രമണത്തിൽ അംഗഭംഗം സംഭവിച്ച എന്ന് കരുതപ്പെടുന്ന
വെളയനാട് ദേവാലയത്തിലെ പുരാതനരൂപം

**അനുബന്ധം 1.9**




ഇരിങ്ങാലക്കുട പിണ്ടിപ്പെരുന്നാളിന്റെ വിളംബരജാഥ

**അനുബന്ധം 1.10**



ഇരിങ്ങാലക്കുട കത്തീഡ്രൽ ദേവാലയത്തിന്റെ അൾത്താര

**അനുബന്ധം 1.10.1**




ഇരിങ്ങാലക്കുട ചന്തയിലുണ്ടായിരുന്ന

സെന്റ് സെബാസ്റ്റ്യൻ ബാന്റ് കമ്പനിയുടെ ഓഫീസ്

**അനുബന്ധം 1.11**

സംഗമഗ്രാമ മാധവൻ രചിച്ച കൃതികളുടെ താളിയോല



2024 സെപ്റ്റംബർ 5 വ്യാഴം, മലയാള മനോരമ ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചത്

**അനുബന്ധം 1.12**

## ഇരിങ്ങാലക്കുട ചന്ത ക്ഷേത്രത്തിന് അശുദ്ധി ഉണ്ടാക്കുന്നില്ല എന്ന നഞ്ചപ്പയ്യയുടെ എഴുത്ത്



# XIV.

*Copy and Translation of a communication from Nunjapiah, the Dewan of Cochin, to Colonel Munro, dated 24th Makarom 993.*

ഇരിങ്ങാലക്കുടെ ക്ഷെത്രത്തിന്റെ കിഴക്കെനടയിൽവച്ച ഹിനജാതികൾ ചന്തപെരമാറി വരുന്നത അവിടെനിന്നും മാറ്റി അരിപ്പാലത്ത വെപ്പിക്കാത്തതിനാൽ ക്ഷെത്രത്തിൽ അശുദ്ധിയായിട്ട വന്നിരിക്കുന്ന സംഗതിക്ക തച്ചുടയകൈമൾ എഴുതിബൊധിപ്പിച്ച ഹർജിക്കപെട്ടകൊടുത്തയക്കുന്നു എന്നും ഈ കാൎയ്യം എതല്ലാം പ്രകാരമെന്ന എഴുതിബൊധിപ്പിച്ചുകൊള്ളെണമെന്നും കല്പനവന്നകാൎയ്യത്തിനു തൃശ്ശിവപെരൂർ തീപ്പെട്ട മഹാരാജാ അവൎകളായിട്ട മെലെഴുതിയ ചന്തക്കപെട്ടകളുംകെട്ടി അന്നമുതൽ ഇന്നെവരെയും ചന്ത കറവുവരാതെ നടന്നുവരുന്നു. ഞാൻ അവിടെതന്നെ ചെന്നിരിക്കുമ്പൊൾ തന്നെയും കണ്ടിട്ടുണ്ട ഇരിങ്ങാലക്കുടെ ക്ഷെത്രത്തിങ്കൽനിന്നും കാലെഅരെക്കാൽ നാഴിക വഴിദൂരെ അത്രെ മെലെഴുതിയ ചന്ത ആകുന്നത ആ ചന്തകൊണ്ട മെലെഴുതിയ ക്ഷെത്രത്തിങ്കലെക്ക ഒരു അശുദ്ധിവരികയും ഇല്ല. ഇപ്രകാരം തച്ചുടയ കൈമൾക്ക എഴുതിബൊധിപ്പിപ്പാൻ യാതൊരു സംഗതിയും ഇല്ല. ഈ വസ്തുതസംക്ഷെപത്തിൽ ബൊധിപ്പിപ്പാനായിട്ട എഴുതിയിരിക്കുന്നു.

എന്ന ൯൯൩-ാമാണ്ട മകരമാസം ൨൪-ന എറണാകുളത്തനിന്നും.

In reply to your letter forwarding for my report a communication from the Thachudaya Kymul in which he states that because of the market held on the eastern side of the Pagoda being not removed to the Aripalum, the low caste people that resort to the market pollute the Pagoda, I beg to inform you that the market was opened by the Sovereign who died at Trichoor and that ever since it continued to be held in the same place and I have myself seen it held there when I had been to Erinjalakooda. The market is held at a place more than half a mile distant from the Pagoda and I do not think it will pollute the Pagoda and Thachudaya Kymul had no cause to make this report to you.

D 30 - A, The Decision of the arbitrator XIV, archive document

**അനുബന്ധം 1.13**

## ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രത്തിലെ തച്ചുടയക്കൈമൾ അവരോധവുമായി ബന്ധപ്പെട്ട് ഉണ്ടായ തർക്കത്തിന് തിരുവതാംകൂറിന് അനുകൂലമായി മധ്യസ്ഥനിലപാടെടുത്തുകൊണ്ട് ഹാനിങ്ടൺ ബ്രിട്ടീഷ് ഗവൺമെന്റിനയച്ച റിപ്പോർട്ട്

F

### THE DECISION OF THE ARBITRATOR.

IN THE DISPUTE BETWEEN THE STATES OF TRAVANCORE AND COCHIN REGARDING THE THACHUDAYA KYMUL STANOM OF THE IRINJALAKKUDA PAGODA.

1. In the Irinjalakkuda Pagoda (which is situated within the Cochin State and the chief portions of the land attached to which are also within the limits of that State) there is a sacred Stanom or office designated Thachudaya Kymul.

It is admitted on all sides that the incumbent is to be nominated or appointed by Travancore[1].

The last Kymul was appointed in 983 M. E. (1808 A. D.) and died in 1026 M. E. (1851 A. D.) and on his death the present contentions between the States commenced[2].

2. Cochin argued that the appointment of a Thachudaya Kymul was only made when the condition of the temple required that it should be reconstructed (the argument is set forth in document F) and she now argues that it is only when the reconstruction of the most sacred portions of the Temple, designated the "Shri-kovil" and "Ghirba grahom" is required that the appointment is necessary[3].

3. It is admitted that it is customary when the appointment is made that the Cochin Raja should notify the necessity to the Travancore Raja who thereupon nominates a successor[4].

4. Cochin argues that as the temple does not require repair there is no present necessity to make the request for appointment of a Kymul[5].

Travancore argues that the Kymul being Manager of the temple[6], it is necessary on the death of one

---

1. 'The incumbent is to be nominated or appointed by Travancore'. Nomination and appointment are distinct and different and the alternative is given because of the confusion that Travancore allows on this topic. See treaty of 981 M. E. (vide T—E).

2. Between the death of the Kammal and the controversy a generation is past and so the implication here is wrong. Controversy arose, but the Residents did not allow it.

3. Cochin's argument is supported by the *Granthavaris* (vide D—I, II and III). See also treaty of 981 (T—E) and the agreement of 517 (T—A).

4. See *Granthavari* dealing with the installation of 983 (D—V). The notification must be preceded by a request from the *yogam* (vide T—E).

5. This is true if the spirit and tenour of the treaty of 981 M. E. mean anything.

6. Kammal's management of the temple is incidental to his position as Kammal, but it is not the main purpose of his installation. See treaty of 981 (vide T—E).

incumbent that a successor should be at once appointed and that Cochin is bound to request a nomination on the death of each incumbent.

5. The subject of dispute has been referred to in two Treaties or Agreements between the States, dated respectively 941 M. E. (1765 A. D.)[7] and 981 M. E. (1805 A. D.)

6. The claims of both States being based on these treaties it is necessary to examine them carefully in order to conclude the intention of the contracting parties.

The Treaty of 941 is set forth in Exhibit I and the portion of the treaty of 981 bearing on the matter at issue is contained in Exhibit VI.

In the treaty of 941 it is set forth that the Irinjalakooda Thachudayan's Stanom belongs to Travancore[8] and is to be conducted according to past usage.

In the treaty of 981 it is agreed that the Rajah of Cochin shall as usual send an application for the nomination of an incumbent to the post of a Thachudaya Kymul, "for the completion of the Pagoda work at Irinjalakkuda and that the Kymul should be appointed and the building completed and that the Devasvam affairs should be managed as heretofore"[9].

7. It is clear from these two treaties that the right of nomination (is) vested in Travancore and that it was customary that Cochin should make a request to Travancore before the nomination was made[10].

8. In view to construe the intention of the treaties[11], it must be considered what were the probable

---

7. The subject is not referred to in the treaty of 941 M. E. (vide T—D).

8. This interpretation is very much open to question (vide T—D). The idea that the *Sthanam* belongs to Travancore is based on a wrong translation. This translation is not approved by Cochin. It is furnished by Travancore and approved by her. And the decision of the arbitrator, who bases himself on this translation, is certainly wrong. The treaty stipulates that the *Sthanam must be maintained according to the customary usage of the past.* To read any other idea into this is going against the true spirit of the treaty.

9. As to the question by whom the latter two items should be done, namely the appointment of the Taccuta Kammal and the management of the Devasvam, the answer plainly is by His Highness the Maharaja of Cochin (vide T—E). The first part of the section of the treaty is omitted here, and in this are set forth the purpose and the function of installing a Taccutavan.

10. This is a very clear statement. Right of nomination—notice it is *not* right of appointment much less appointment for the management of the temple—rests in the hands of His Highness the Maharaja of Cochin. See the treaty of 981 M. E (T—E). And even for the exercise of this right of nomination, Cochin must make a requisition, when a request is made to him by the Yogam *for the completion of temple construction.*

11. When the stipulation of a treaty is clear and precise, there is no need or justification for finding out the intention of

circumstances under which they were entered into. I use the word "probable" because there is no evidence showing the facts.

9. Referring to the treaty of 941 it appears that each State owned Pagodas (the word Pagoda including endowments) within the territory of its neighbour, and it had been customary for each State to appoint persons to conduct the concerns of its pagodas so situated and this practice had (naturally enough) been found inconvenient[12].

It was consequently agreed that with certain exceptions, each State should nominate managers to the Pagodas and Coilma Stanoms situate within its own territorial limits. One of these exceptions is the Stanom of Thachudaya Kymul in Irinjalakooda, which is stated to have belonged of old[13] to Travancore, and the appointment of the Kymul to continue with Travancore[14].

10. Forty years subsequent to this Agreement, it was found necessary to enter into fresh Agreements.

In some way or other the arrangement made in regard to the Thachudaya Kymul Stanom had not been satisfactorily carried out[15] and so in 981 it was agreed

---

the parties, particularly when this intention has to be presumed. Presumptions in such vital matters are out of place. This procedure is condemned by authorities on International Law who say that a treaty should be interpreted only if there be scope for doubt. In this particular case *a doubt was brought into existence by a wrong translation of a clause of the treaty of 941 and by tackling this treaty with that of 981.*

12. It deserves to be mentioned that none of the ancient temples are *State owned*. The sovereigns and local chieftains had fixed rights and duties in particular temples. To claim the rights and discharge the duties, the sovereigns used to send their deputies. This would tend to engender quarrels and to avoid such contingencies, this was made the subject of a treaty, so far as their rights and privileges are concerned and *only so far*. This treaty cannot, therefore, be held to decide the rights and privileges and duties of other vested interests in the temples. Hence the treaty cannot be taken as an agreement between the two States *to nominate managers of the pagoda and Koima Sthanams*, but only to exercise the rights and discharge the duties pertaining to them by their officers in the pagodas situate in their respective dominions. It is the confusion on this point that has led to the award in the form it was given.

There was really nothing to show that there were actual disputes: it is only to avoid the possibility of such disputes arising that this treaty was made, and this was done because of the mutual amity and friendship that there existed at that period between the two States.

13. As we have already pointed out, this is wrong rendering (vide T—D).

14. This right is not granted by the treaty of 941, not even by the treaty of 981. The latter grants to Travancore the right of *nominating* a candidate for *appointment* by Cochin as Taccuta kammal.

15. This is a very gratuitous assumption and naturally this is not borne out by any records. As we have pointed out, this modification was made to prevent interstatal disputes arising. The inconvenience that was supposed to exist was not the reason

that Travancore should nominate a Kymul and that Cochin should not oppose the nomination and that the work of repairing the temple (which must necessarily be inferred to have been interrupted[16]) shall be proceeded with by him and the Devasvam (Temple) affairs managed as before[17].

11. When the treaty of 941 was entered into there was a Kymul in office (vide F) who must have been appointed by Travancore[18], and as the treaty of 981 distinctly refers to the management of the various religious endowments[19], it is only reasonable to infer that the management of the temple was under him as nominee or agent of Travancore[20].

12. The temple was in Cochin territory, the lands with which it was endowed were chiefly situate in Cochin and the Temple officers were subject to the Civil and Criminal jurisdiction of Cochin, but the nomination of an agent to manage the affairs of the temple was vested in Travancore[21] and that agent was to manage the affairs of the Pagoda as heretofore.

13. The words "as heretofore" in the treaty of 941 evidently mean that the changes of management therein arranged shall not be held to affect the Irinjalakuda Pagoda and its endowments, but that it is to remain *in statu quo*, namely under the ancient patronage of

---

for its inclusion in the treaty of 981. This is misreading history (vide T—K). The clause relating to Irinjalakuda Sthanam was included in the treaty of 941 with a view *to maintain the Sthanam as heretofore* and also with a view to grant to Travancore the right of *nominating* the candidate for appointment.

16. The inference is wrong. The temple was completed by about 945. It was, however, again destroyed by the soldiery of Tippu and so it had again to be reconstructed. It was thus not the carrying forward of an interrupted piece of temple construction but a matter of complete reconstruction.

17. The way in which the treaty is here referred to very clearly shows that the history of the temple is completely misunderstood.

18. This is merely an inference and it is *wrong* inference. In 901 the Raja of Kayankulam was a powerful and independent chief who was engaged in carrying on war against Travancore and was fighting at Quilon. It is most unlikely, therefore, that he would part with his precious right at that time and that *in favour of* Travancore.

19. No, indeed, so many, as one is led to believe by this statement.

20. This is an unjustified piece of inference. No doubt Kammal managed the affairs of the temple, but he certainly did not do it as the *agent* or *nominee* of Travancore; he managed it under His Highness the Maharaja of Cochin. Vide *Granthavari* (D-IV); also T—J.

21. The nomination, or selection to be more correct, of the Kammal, according to the treaty of 981, is not of the *agent to manage the affairs of the Devasvam*. This is a basic mistake which runs throughout the whole course of the argument and vitiates the conclusions of the arbitrator.

Travancore and this meaning must be held to continue in the same words entered in the treaty of 981[22].

14. If the treaty of 941 had been acted up to by both parties, there could have been no necessity for a fresh treaty of 981. What then can have been the necessity for that fresh treaty?

The Kymul who was alive in 941 died in 954 (vide F.). Cochin had found, as is clearly shown by the preamble to the treaty of 941, that the management of Pagodas within her territorial limits by foreign agents was inconvenient, and she therefore sought to evade the difficulty by neglecting to send the customary Tituram (application or notice) until compelled to do so by the treaty of 981[23].

15. It is not reasonable to suppose that the appointment of Kymul was merely for the purpose of rebuilding a small portion of the temple[24] —for such a work could not have occupied the long periods[25] wherein the two last Kymuls held office, amounting, according to Cochin's own admission (in F), to ninety-four years—and such a supposition is entirely negatived by the conduct of the temple during the tenure of office of that last Kymul from 983 to 1026 during which it is evident that the Travancore nominee[26] had entire management and control of the whole of the temple concerns and endowments and who was no more subject to Cochin[27] in regard to that management and control than any jenmi (proprietor) subject to the State[28].

---

22. The construction put upon the treaty is totally mistaken. See Treaties of 941 and 981 (T-I) and E). *Travancore never had any patronage in any temple from ancient times* and till 941 she never had anything to do with the temple at Irinjalakuda (vide D—XIII; also T-H). This again proves that the ideas of the arbitrator were mistaken.

23. The conclusion set forth here is historically untrue. (Vide T: D and E).

24. This betrays complete ignorance of our temple conventions.

25. For the fallacy of this assumption note the construction work which began in 983 ran on till 992 in the first stage and till 1026 in the second stage. Compare also the history of the construction of the temple at Trippunitturа.

26. He was a Travancore nominee only in the sense that the candidate was selected by Travancore for he was appointed by Cochin, and at least till his last days he was functioning under Cochin (vide T—J).

27. He was subject to the combined control of the Yogam and His Highness the Maharaja of Cochin. See *Granthavari* (D-IV) and the correspondence for the years 990-1000 (Vide T—J).

28. In matters of religion and particularly as regards the management of temples and appointment of temple dignitaries, reasonableness or otherwise, according to the views of a particular individual, cannot form the basis of any decision. In these matters the sole criterion is ancient practice. Personal opinions have no place here. Hence the decision found made on this basis is certainly wrong, when such decision tends to modify ancient practice which the treaty of 981 wants to be scrupulously preserved.

Travancore and this meaning must be held to continue in the same words entered in the treaty of 981[22].

14. If the treaty of 941 had been acted up to by both parties, there could have been no necessity for a fresh treaty of 981. What then can have been the necessity for that fresh treaty?

The Kymul who was alive in 941 died in 954 (vide F.). Cochin had found, as is clearly shown by the preamble to the treaty of 941, that the management of Pagodas within her territorial limits by foreign agents was inconvenient, and she therefore sought to evade the difficulty by neglecting to send the customary Tituram (application or notice) until compelled to do so by the treaty of 981[23].

15. It is not reasonable to suppose that the appointment of Kymul was merely for the purpose of rebuilding a small portion of the temple[24] —for such a work could not have occupied the long periods[25] wherein the two last Kymuls held office, amounting, according to Cochin's own admission (in F), to ninety-four years—and such a supposition is entirely negatived by the conduct of the temple during the tenure of office of that last Kymul from 983 to 1026 during which it is evident that the Travancore nominee[26] had entire management and control of the whole of the temple concerns and endowments and who was no more subject to Cochin[27] in regard to that management and control than any jenmi (proprietor) subject to the State[28].

---

22. The construction put upon the treaty is totally mistaken. See Treaties of 941 and 981 (T-D and E). *Travancore never had any patronage in any temple from ancient times* and till 941 she never had anything to do with the temple at Irinjalakuda (vide D—XIII; also T-H). This again proves that the ideas of the arbitrator were mistaken.

23. The conclusion set forth here is historically untrue. (Vide T: D and E).

24. This betrays complete ignorance of our temple conventions.

25. For the fallacy of this assumption note the construction work which began in 983 ran on till 992 in the first stage and till 1026 in the second stage. Compare also the history of the construction of the temple at Trippunitturа.

26. He was a Travancore nominee only in the sense that the candidate was selected by Travancore for he was appointed by Cochin, and at least till his last days he was functioning under Cochin (vide T—J).

27. He was subject to the combined control of the Yogam and His Highness the Maharaja of Cochin. See *Granthavari* (D-IV) and the correspondence for the years 990-1000 (Vide T—J).

28. In matters of religion and particularly as regards the management of temples and appointment of temple dignitaries, reasonableness or otherwise, according to the views of a particular individual, cannot form the basis of any decision. In these matters the sole criterion is ancient practice. Personal opinions have no place here. Hence the decision found made on this basis is certainly wrong, when such decision tends to modify ancient practice which the treaty of 981 wants to be scrupulously preserved.

16. I assert that there is no evidence showing that during his tenure of office, Cochin (or Travancore either) exercised one single act showing proprietory rights over the Devaswam property[29].

If it be said that Documents XII and *A* show an interference I would reply that *A* shows that Colonel Munro (who was I believe at that time Diwan of Travancore) in reply to that Raja of Cochin's request, did not promise to appoint the Rajah's nominee, but said that would direct the Kariakkar to appoint a suitable person[30].

As to the question of the Kalashom ceremony it has nothing to do with the case[31]. It was a mere question of precedence which the Resident thought proper to decide in the Rajah's favour.

17. As to the temple and its manager being subject to the Cochin Civil and Criminal jurisdiction there has never been any question. (Vide E and I).

18. I decide therefore that the Thachudaya Kymul is the manager of the Irinjalakkuda Pagoda and its endowments[32].

That he is the nominee[33] and Agent of Travancore[34] but is subject to the Civil and Criminal jurisdiction of Cochin.

That Cochin has no right of interference whatever in the affairs spiritual or temporal of the Irinjalakkuda Pagoda save such may pertain to the office of Yogakar, held by the Rajah of Cochin jointly with certain Namboories[35].

---

29. Naturally so, because Taccuta Kammal was working under Cochin (vide T—J).

30. Notice he was also the *Diwan of Cochin* and so he said he would direct the Kariakkar to make the appointment.

31. The judging of the question of precedence means the judging the question of the superior right of His Highness the Maharaja of Cochin.

32. This would be historically true if a clause is added '*whenever a Kammal is appointed for completing temple construction*' (vide D—IV).

33. Taccuta Kammal is the nominee of Travancore only in the sense that the candidate is *selected* by Travancore, and in no other sense.

34. The idea of the expression is very doubtful. If it means that he is responsible to Travancore, it is against all practice and documents available (vide D—IV and T—J). If it means that he is to function independent of Cochin, it is against the treaty of 981 and the ancient practice of the temple, and, as the sequel showed, this decision caused considerable havoc to the temple and disputes between the States.

35. This conclusion was against the treaty of 981, and it tends to veto the inherent rights which Cochin had in the temple from times immemorial, as set forth in *Granthavaris*, I, II, III & IV and proved by a mass of correspondence (vide T—J).

And I decide that on or before the 26th day of September 1881 His Highness the Rajah of Cochin do send, according to usual custom, Titurum to the Rajah of Travancore with a Yogakar requesting the nomination of a Thachudaya Kymul to the Pagoda of Irinjalakkuda. This last order being of course subject to suspension by order of the Government of Madras to whom an appeal lies36.

(Signed)

J. C. Hannyngton,

Arbitrator.

Bolghaty,
Cochin,
19th March 1881.

---

36. It deserves to be pointed out in conclusion that the arbitrator was misguided by the translation of treaties, as supplied by Travancore, and that he depended too much on his personal opinion on matters of temple and temple institutions, to which he was a stranger; and so he gave a decision which is in complete variance with every well-known fact, regarding the history of the temple, and with the well-recognised rights of His Highness the Maharaja of Cochin in the temple, which he was exercising from times immemorial. If there be any decision made by the Paramount power which did absolute injustice to Cochin, that is the award made by Mr. Hannyngton, because this decision was against the traditional history of the temple, against the traditional customary practice of the temple, against the traditional rights and privileges of His Highness the Maharaja of Cochin, as also of the members of the various bodies associated with the temple, such for instance as the Uralars, the Yogam, etc.

The question at issue before the arbitrator was whether Travancore had the right of nominating a Taccuta Kammal who was to manage the Devasvam affairs, and the decision of the arbitrator is, therefore, binding on Cochin only in so far as this subject is concerned. Consequently, all the other subjects mentioned in connection with this decision have merely the value of *an expression of opinion*, set forth probably with a view to justify the decision given.

**അനുബന്ധം 1.14**

തിരുവിതാംകൂർ, കൊച്ചി ഗവൺമെന്റുകൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനായി, തിരുവിതാംകൂർ വക്കീലായ ആർ. രാമനാഥറാവു മദ്രാസ് കോടതിയിൽ 1880 ഒക്ടോബർ 29ന് സമർപ്പിക്കുന്ന അപ്പീൽ



**Before the Court of Arbitration duly constituted under the Resolution of the Government of Madras No. 481 dated 29th October 1880 for the settlement of Boundary disputes and other matters of contested Sovereignty between the States of Travancore and Cochin.**

**Statement** submitted by the Dewan of Travancore on behalf of the Government of His Highness the Maha Rajah of Travancore under Article III of the Agreement of 1880 with reference to the dispute regarding the Thachudaya Kymul Sthanom at the Eringalakooda Pagoda.

*First.* The right of appointing persons to the Office of Thatchudaya Kymul to manage the affairs of the Eringalakooda Pagoda is vested in the Maha Rajah of Travancore from very ancient times.

*Second.* The Pagoda being situated in Cochin territory the Rajah had always consented to this appointment being made by the Maha Rajah of Travancore and had allowed the person so appointed to exercise the functions appertaining thereunto until Auny 1026 (June 1850) when the last nominee having expired, Cochin violated the long existing usage and would not permit Travancore to nominate a successor.

*Third.* The right contended for has been acknowledged and formally settled between the two Governments under the Treaty of 941.

*Fourth.* The right of submitting a supplementary Statement on the merits in the event of the Court over-ruling the preliminary objection herein taken is reserved. (Vide Article IV of the Agreement of 1880.)

(Signed) R. RAMANATH ROW,

10th January 188[illegible]. *Travancore Govt. Vakeel.*

**അനുബന്ധം 1.14.1**

സംഗമഗ്രാമമാധവൻ ചാന്ദ്രനിരീക്ഷണത്തിനായി ഉപയോഗപ്പെടുത്തി എന്നു കരുതുന്ന ഇടം



**അനുബന്ധം 1.15**

ക്രൈസ്റ്റ് കോളേജ് സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള ദേവമാത പ്രൊവിൻഷ്യാൾ ഫാ. ക്ലമൻസ് തിരു- കൊച്ചി ഗവൺമെന്റിനയച്ച കത്ത്

PROVINCIAL
DEVAMATHA PROVINCE,
CARMELITE CONGREGATION.

'DEVAMATHA' PROVINCIAL HOUSE
TRICHUR.

From,

Fr. Provincial,
Devamatha Provincial House,
Trichur.

To,

The Government of Travancore-Cochin,
Government House, Trivandrum.

Sir,

Sub:-Poramboke- leasing of- for educational purpose. Irinjalakuda Muncipality.
Ref:-My letter dated 27-11-1953.
Government order.No.L.Dis.7624/54/EHL.

In my above quoted letter, I had applied to the Government, to lease out to me 17.12 acres of poramboke lands, within the Muncipality of Irinjalakuda for the establishment of first grade college. Since the University had not then given the neccessary permission to start the college, the matter could not be further proceeded with.

Now I am informed by the Registrar that the Syndicate of the University of Travancore at its meeting held on 18th June 1955 removed that permission to start a first grade college from 1955-56 at Irinjalakuda will be granted on usual conditions.

I therefore again request the Government to take early steps for the lease of the above land.

May I point out that it was the public of Irinjalakuda and the neighbourhood that was pressing me to undertake the establishment of the college. The college is expected to fill up a long-felt need of this locality. The Muncipal Council also has requested the Government on 28th July 1955 to lease out the above land for this purpose.

These poramboke land occupies the summit of the Angadi Hill, the proposed site of the college and so in the present circumstances, it is absolutely neccessary for the location of the college buildings. The surrounding plots of lands necessary for the college have already been purchased, with the hope that the poramboke lands will be leased out by the Government.

Since the Construction work has to be taken up immediately, I request the Government to pass early orders.

Yours Faithfully,

( Fr. Clemens.T.O.C.D.)
Provincial.

**അനുബന്ധം 1.16**

ക്രൈസ്റ്റ് കോളേജ് സ്ഥാപിക്കുന്നതിന് മുനിസിപ്പാലിറ്റിയുടെ സ്ഥലം അനുവദിയ്ക്കുന്ന

രേഖ

OVINCIAL HOUSE,
'DEVAMATHA' PROVINCE

Elthuruth P. O.,
Trichur Dist., India.
27 - 11 - 1953.

From

Very Rev. Fr. Provincial,
Devamatha Provincial House,
Elthuruth P.O., Trichur Dist.

To

The Government of Travancore-Cochin,
Government House, Trivandrum.

Subject: Lease of lands at Irinjalakuda for starting a College.

Sir,

In response to the enthusiasm and pressing appeal of the public of Irinjalakuda we propose to start a college there. We find that the site at Angadikunnu would be most convenient and suitable for the purpose. It is a 'Poramboke' land and comprises the following survey numbers:

| No. | Survey No. | Area. |
|---|---|---|
| 1. | 237/1 | 3.04 Acres. |
| 2. | 237/3 to 42. | 3.20 " |
| 3. | 238. | 9.28 " |
| 4. | 357 | 1.20 " |
| 5. | 240 | 0.40 " |
| | Total. | 17.12 Acres. |

We had applied to the Municipality of Irinjalakuda for leasing out to us the plots referred above and we understand that the application has been forwarded to the Government duly recommended. But, the last item, survey No.240 measuring 0.40 acres had been forgotten to be included in the application submitted to the Muncipality, and we hope that the Muncipality would duly approve that also.

When the above mentioned lease is granted, we hope that the public will donate the surrounding plots to the extent of 25 to 30 acres for the said purpose for they seem to be very enthusiastic about the proposed college.

I may add here that this college is to be affiliated to the University ofTravancore. Under these circumstances we request the Government to be pleased to grant us the above lands on lease for a period of ninetynine years.

Soliciting favourable orders at an early date,

I remain,
Yours faithfully,

Clemens Ott

PROVINCIAL!

Copies to: Chief Minister,
2. Minister for local self-Government.
3. District collector, Trichur.
4. Municipal Officer.

**അനുബന്ധം 1.17**

### ക്രൈസ്റ്റ് കോളേജ് സ്ഥാപിക്കുന്നതിന് ട്രാവൻകൂർ യൂണിവേഴ്സിറ്റി അനുവാദം നൽകുന്ന രേഖ

45

No.GA.7-1332/55.

University of Travancore,
Trivandrum,
6th October, 1955.

From

The Registrar
University of Travancore.

To

Very Rev. Fr. Clemens, T.O.C.D.
Provincial, Devamatha Province,
Provincial House,
Trichur.

Subject:- Permission to start a College at Irinjalakuda.

Sir,

I write to inform you that Government have sanctioned permission being granted to start a first grade college at Irinjalakuda, beginning with the Junior Intermediate Class or the Pre-University class as the case may be, from the beginning of the academic year 1956-'57. Final sanction for opening the College and to start the classes will be granted by the Syndicate only after an inspection of the College by a Subject Inspection Commission and on a report that the Management has satisfied all the requirements necessary for opening the College and on the Management agreeing to deposit Rupees (Rs.5,00,000) FIVE LAKHS towards the financial guarantee for the continued maintenance of the College.

The Syndicate, at its meeting held on 1st August 1955, considered the report of the Preliminary Commission and resolved that the site of the proposed College at Irinjalakuda be approved.

Yours faithfully,

Sd/-
Registrar.

/ True Copy /

Sd/- For Dist. Collector.

/ True Copy /

For Secretary.

**അനുബന്ധം 1.18**

## കൂത്തും കൂടിയാട്ടവും നടത്തുന്നതിനായി അമ്മന്നൂർ ചാക്യാർ കുടുംബത്തിന് കൂടൽമാണിക്യം ക്ഷേത്രത്തിൽ നിന്നും നൽകിയിട്ടുള്ള സ്വത്തുക്കൾ സംരക്ഷിക്കണം എന്ന് ആവശ്യപ്പെടുന്ന രാജകീയ വിളംബരം



വിളംബരം

P-56 (12) Proclamation XII of 1222 Regarding the Koodalmanikyam Devaswam- Ammannur Chakyar family

ആവക മുതലും മുതലായവും നടത്തുന്നതിനു മറ്റു കരാറുകൾ നൽകപ്പെടുന്ന പ്രതിഫലങ്ങളും അവിഭാജ്യമായിരിക്കുന്നതും; എന്നും അവിഭാജ്യമായിരുന്നിട്ടുള്ളതായി ഗണിക്കപ്പെടേണ്ടതും; ആവക മുതലുകളോ പ്രതിഫലങ്ങളോ എല്ലാമോ ഏതാനുമോ ഭാഗിക്കുന്നതിനു നമ്മുടെ യാതൊരു കോടതിയും വിധിക്കുകയോ ഉത്തരവു കല്പിക്കുകയോ ചെയ്യാൻ പാടില്ലാത്തതും; അവയെ സംബന്ധിച്ചുള്ള ഏതു ഭാഗവും അസാധുവായിരിക്കുന്നതും ആകുന്നു.

(൨) ഇതിനോടു സംബന്ധിച്ചിരിക്കുന്ന പട്ടികയിൽ പറഞ്ഞിട്ടുള്ള മുതലുകളും അവയിൽനിന്നുള്ള ആദായവും കുടുംബക്ഷേത്രത്തിൽ മുറയും മുറി യാത്രയും നടത്തുന്നതിനുള്ള പ്രതിഫലങ്ങളും വില്ക്കയോ ഒറ്റിയോ പണയമോ മുതലായ ഏതു പ്രകാരത്തിലോ അന്യാധീനപ്പെടുത്തുവാൻ പാടില്ലാത്തവയായിരിക്കുന്നതും, യാതൊരു സിവിൽ കോടതിയുടെയും യാതൊരു വിധിയോ ഉത്തരവോ നടത്തുന്നതിൽ ജപ്തി ചെയ്യാനോ വില്പാനോ പാടില്ലാത്തവയായിരിക്കുന്നതും ആകുന്നു.

(൩) മേൽപ്പറഞ്ഞ പാക്യാറാമതരെ കുടുംബത്തിലെ മെമ്പർമാർ ഇതിനോടു സംബന്ധിച്ചിരിക്കുന്ന പട്ടികയിൽ പറഞ്ഞിട്ടുള്ള മുതലുകളുടെ ആദായത്തിൽനിന്നു തങ്ങൾക്കു ചിലവിനു കിട്ടുവാൻ കൊണ്ടുവരുന്ന യാതൊരു അവകാശവാദത്തിനും ഈ വിളംബരത്തിലെ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതല്ല.

## SCHEDULE

| താലൂക്ക് | പകുതി | ദേശം | സർവേ നമ്പർ | സബ് ഡിവിഷൻ നമ്പർ | നമ്പർ | വസ്തുവിവരം | വിസ്തീർണ്ണം ഏ. | വിസ്തീർണ്ണം സെ. |
|---|---|---|---|---|---|---|---|---|
| [illegible] | [illegible] | [illegible] | ൯ | .. | ൧ | ചാലാവിരിപ്പ് ഒറ്റക്കണ്ടം നിലം | ൦ | ൧൮ |
| | | | ൭ | .. | ൨ | ചാലവിരിപ്പ് മൂന്നുകണ്ടം നിലം | ൦ | ൩൭ |
| | | | ൧൦ | ൧ | ൩ | കല്ലുകണ്ടം വിരിപ്പ് നിലം | ൦ | ൩൩ |
| | | | ൧൩ | .. | ൪ | മേക്കാട്ടശ്ശേരി ചാക്കപ്പിള്ളി വിരിപ്പ് നിലം | ൪ | ൯൯ |
| | | | ൭൯ | ൨ | ൫ | കാറിക്കാട്ട് പാറമ്പുകളും ഒറ്റക്കുടി പറമ്പ് | ൭ | ൨ [illegible] |

| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | വസ്തുവിവരം | വിസ്തീർണ്ണം | |
|---|---|---|---|---|---|---|---|---|
| | | | | | | | ഏ. | സെ. |
| | | | ൧ ൩ | ൩ | ൩ | ൭ാരി പറമ്പിൽ മററം പയററപാട്ടം പറമ്പ് | ൦ | ൧ ൮ |
| | | | ൧ ൦ ൮ | ൧ | ൭ | തോട്ടുവവിരിപ്പ് നിലം | ൧ | ൧ ൪ |
| | | | ൧ ൦ ൮ | ൨ | ൮ | തോട്ടുവന് ലഞ്ചിറ പയററപാട്ടം പറമ്പ് | ൦ | ൧ ൦ |
| | | | ൧ ൦ ൯ | ൨ | ൯ | ചാക്യാരക്കാട് വിരിപ്പ് നിലം | ൫ | ൮ ൪ |
| | | | ൧ ൧ ൦ | .. | ൧ ൦ | ചാക്യാരക്കാട് വിരിപ്പ് നിലം | ൧ | ൯ ൧ |
| | | | ൧ ൧ ൪ | ൧ | ൧ ൧ | ചാക്യാരക്കാട് നിലത്ത് തറപയററ പാട്ടം പറമ്പ് | ൦ | ൧ ൦ |
| ചേർത്തല | [illegible] | [illegible] | ൧ ൧ ൪ | ൨ | ൧ ൨ | ചാക്യാരക്കാട് വിരിപ്പുനിലം | ൨ | ൩ ൩ |
| | | | ൧ ൧ ൪ | ൩ | ൧ ൩ | ചാക്യാരക്കാട് നിലത്ത് ചിറപ്പറമ്പ് | ൦ | ൧ ൦ |
| | | | ൧ ൧ ൪ | ൪ | ൧ ൪ | ചാക്യാരക്കാട് കാട്ടകററിവിരിപ്പുനിലം | ൦ | ൪ ൫ |
| | | | ൧ ൧ ൫ | ൧ | ൧ ൫ | കുളപ്പുരക്കൽ പറമ്പ് കൊററകുളങ്ങരെ പറമ്പ് | ൦ | ൪ ൮ |
| | | | ൧ ൧ ൫ | ൩ | ൧ ൬ | കുളപ്പുരക്കൽ പറമ്പ് | ൩ | ൭ ൭ |
| | | | ൧ ൧ ൬ | ൧ | ൧ ൭ | കളംനികത്തിയ പറമ്പ് | ൦ | ൪ ൧ |
| | | | ൧ ൧ ൬ | ൨ | ൮ | കുളം | ൦ | ൦ ൫ |
| | | | ൧ ൧ ൬ | ൩ | ൧ ൯ | കുളം | ൦ | ൧ ൨ |
| | | [illegible] | ൩ ൭ ൮ | | ൨ ൦ | [illegible] വിരിപ്പുനിലം | ൩ | ൬ ൦ |

**അനുബന്ധം 1.19**

കൊച്ചി ക്ഷേത്രപ്രവേശനവിളംബരം



വിളംബരം

(൧൧൨൩-ലെ ൩-ാംനമ്പ്ര്)

ശ്രീ കേരളവര്‍മ്മ കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ടു
൧൧൨൩-ാമാണ്ടു ധനുമാസം ൩-ാംനു-ക്കു ശരിയായ
൧൯൪൭-ാമാണ്ടു ഡിസംബര്‍ മാസം ൨൦-ാംനു- കല്പിച്ചു
പ്രസിദ്ധപ്പെടുത്തുന്നതു്

കൊച്ചി രാജ്യത്തുള്ള ഹിന്ദുക്ഷേത്രങ്ങളില്‍ പ്രവേശിക്കുന്നതിന്നു വിരോധമായി ഹിന്ദുക്കളില്‍ ചില വര്‍ഗ്ഗക്കാരുടെ മേല്‍ പതിവോ ആചാരമോ മൂലം

പീഠിക.

ചുമത്തപ്പെട്ടിരിക്കുന്ന അവശതകളെ നീക്കം ചെയ്യേണമെന്നു നമുക്കു് അഭിലാഷമായിരിക്കുകയാലും; ൧൧൨൨ ധനു ൨൭-ാംനു-യിലത്തെ നമ്മുടെ സന്ദേശത്തിന്നുശേഷം മദ്രാസ് ഗവര്‍മ്മെണ്ടു് മദ്രാസ് ക്ഷേത്രപ്രവേശനാധികരണ ആക്ട് പാസ്സാക്കിയിരിക്കുകയാലും; ടി ആക്ടിലെ വ്യവസ്ഥകളനുസരിച്ചു്, അയല്‍ദേശമായ മലബാര്‍ ഡിസ്ത്രിക്ടിലും മദ്രാസ് പ്രവിശ്യയിലെ മററു ഭാഗങ്ങളിലുമുള്ള മിക്ക ക്ഷേത്രങ്ങളും ഹിന്ദുക്കളില്‍ എല്ലാവര്‍ഗ്ഗക്കാര്‍ക്കും തുറന്നുകൊടുത്തിട്ടുള്ളതിനാലും; നമ്മുടെ പ്രജകളില്‍ മേല്‍പറഞ്ഞ അവശതയനുഭവിച്ചുവരുന്നവര്‍ അക്ഷമരായിത്തീര്‍ന്നുകൊണ്ടിരിക്കുന്നതിനാലും; ഹിന്ദുക്കളുടെ ഇതു സംബന്ധിച്ചുള്ള മതപരങ്ങളായ നടപടികള്‍ കാലഗതിയനുസരിച്ചു

P-57 (4) Proclamation IV of 1123 Cochin Temple Entry Audinance

ഭേദപ്പെടുത്തി രൂപീകരിക്കേണ്ട സമയം ഇപ്പോൾ വന്നിരിക്കുന്നുവെന്നു നമുക്കു ബോദ്ധ്യമായിട്ടുള്ളതിനാലും; നാം ഇതിനാൽ താഴെ പറയുംപ്രകാരം ആജ്ഞാപിച്ചിരിക്കുന്നു.—

**ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.**

൧. (൧) ഈ വിളംബരത്തിന്നു ൧൧൨൩-ലെ ③-ാംനമ്പരായ കൊച്ചി ക്ഷേത്രപ്രവേശനാധികരണ വിളംബരം എന്നു പേർ പറയാവുന്നതാകുന്നു.

(൨) ഇതു കൊച്ചി രാജ്യം മുഴുവനും വ്യാപിക്കുന്നതാകുന്നു.

(൩) ഇതു് ൧൧൨൩ മേടം ൧-ാംനു- രാവിലെ ൭ മണിക്കു നടപ്പിൽ വരുന്നതാകുന്നു.

**അർത്ഥവിവരണങ്ങൾ.**

൨. ഈ വിളംബരത്തിൽ വിഷയത്തിന്നോ സന്ദർഭത്തിനോ വിരുദ്ധമായി യാതൊന്നുമില്ലാത്തപക്ഷം—

(൧) "ഒഴിവാക്കപ്പെട്ട വർഗ്ഗങ്ങൾ" എന്നതിന്നു ചിരപ്രതിഷ്ഠിതമായ പതിവോ ആചാരമോമൂലം ആ ഒഴിവാക്കൽ ബാധകമായിട്ടുള്ള ക്ഷേത്രത്തിൽ പ്രവേശിക്കുകയോ അവിടെ ആരാധന നടത്തുകയോ ചെയ്യുന്നതിൽനിന്നു് ഒഴിവാക്കപ്പെട്ടിരിക്കുന്ന ഹിന്ദുസമുദായത്തിലെ ഏതെങ്കിലും ജാതിയോ വർഗ്ഗമൊ എന്നർത്ഥമാകുന്നു.

(൨) "ക്ഷേത്രം" എന്നതിന്നു്, അതു് എന്തു പേരിൽ അറിയപ്പെട്ടിരുന്നാലും മതപരമായ പൊതുവാരാധനസ്ഥലമായി സാമാന്യേന സവർണ്ണഹിന്ദുസമുദായത്തിന്നായി സങ്കല്പിക്കപ്പെട്ടിട്ടുള്ളതോ, ആ സമുദായത്തിന്റെ ഗുണത്തിന്നായി സ്ഥിതിചെയ്യുന്നതോ, ആ സമുദായം അവകാശപ്രകാരം ഉപയോഗിച്ചുവരുന്നതോ ആയ ഒരു സ്ഥലം എന്നർത്ഥമാകുന്നതും, ആ ക്ഷേത്രത്തോടുസംബന്ധിച്ചുള്ള ഉപക്ഷേത്രങ്ങളും കുളങ്ങളും അതിൽ ഉൾപ്പെടുന്നതും ആകുന്നു.

(൩) "ആരാധന" എന്നതിന്നു്, ഈ വിളംബരമനുസരിച്ചു് ഉണ്ടാക്കപ്പെടുന്നവയോ നൽകപ്പെടുന്നവയോ ആയ ചട്ടങ്ങൾക്കോ ഉത്തരവുകൾക്കോ വിധേയമായി, ആരാധകന്മാരിൽ ഭൂരിപക്ഷംപേർ ഒരു ക്ഷേത്രത്തിൽ പങ്കുകൊള്ളുന്നതോ നടത്തുന്നതൊ ആയ മതപരമായ കർമ്മം എന്നർത്ഥമാകുന്നതും, ടി ക്ഷേത്രത്തോടു സംബന്ധിച്ചുള്ള കുളത്തിൽ കുളിക്കുന്നതു് അതിൽ ഉൾപ്പെടുന്നതും ആകുന്നു.

**ക്ഷേത്രങ്ങളിൽ പ്രവേശിപ്പാനും ആരാധന നടത്തുവാനും ഒഴിവാക്കപ്പെട്ട വർഗ്ഗങ്ങൾക്കുള്ള അവകാശം.**

൩. ഇതിന്നു വിരുദ്ധമായി എന്തുനിയമമൊ പതിവോ ആചാരമോ ഉണ്ടായിരുന്നാലും, ഒഴിവാക്കപ്പെട്ട വർഗ്ഗങ്ങളിൽപ്പെട്ട ആളുകൾക്കു്, ഹിന്ദുക്കൾക്കു പൊതുവായുള്ള വിധത്തിലും അത്രത്തോളവുംതന്നേ ഏതു ഹിന്ദുക്ഷേത്രത്തിലും പ്രവേശിപ്പാനും അവിടെ ആരാധന നടത്തുവാനും അവകാശമുണ്ടായിരിക്കുന്നതാകുന്നു. ഈ വിളംബരം നടപ്പിൽവന്നതിന്നുശേഷം അങ്ങിനെ പ്രവേശിക്കുകയോ ആരാധന നടത്തുകയോ ചെയ്യുന്നതുകൊണ്ടുമാത്രം ഒഴിവാക്കപ്പെട്ടിട്ടുള്ള വർഗ്ഗത്തിലെ യാതൊരു ആളും അയാളുടെപേരിൽ നടപടി നടത്തപ്പെടാവുന്ന വല്ല തെറ്റോ കുറ്റമോ ചെയ്യുന്നതായി ഗണിക്കപ്പെടുവാനോ അതിന്നായി അന്യായപ്പെടുവാനോ കുറ്റവിസ്താരം ചെയ്യപ്പെടുവാനോ പാടുള്ളതല്ല.

**അന്യായങ്ങൾക്കും മററു നടപടികൾക്കുമുള്ള തടസ്ഥം.**

൪. ഈ വിളംബരം നടപ്പിൽവന്നതിന്നുശേഷം ആരെങ്കിലും ഏതെങ്കിലും ക്ഷേത്രത്തിൽ പ്രവേശിക്കുകയോ അവിടെ ആരാധന നടത്തുകയോ ചെയ്യുന്നതിനെ സംബന്ധിച്ച്, അങ്ങിനെ പ്രവേശിക്കുകയോ ആരാധന നടത്തുകയോ ചെയ്യുന്നതു ഹിന്ദുക്കളിൽ ചിലവർഗ്ഗക്കാരെ അങ്ങിനെ പ്രവേശിക്കുകയോ ആരാധന നടത്തുകയോ ചെയ്യുന്നതിൽനിന്ന് ഒഴിച്ചുനിറുത്തുന്നതായ പതിവിന്നോ ആചാരത്തിന്നോ വിരോധമായിട്ടുള്ളതാണെന്നുള്ള കാരണത്താൽമാത്രം നഷ്ടത്തിന്നോ, ഇൻജങ്ങ്ക്ഷന്നോ, പ്രഖ്യാപനത്തിന്നോ മററുവല്ല നിവൃത്തിക്കോ ഉള്ള യാതൊരു അന്യായവും, യാതൊരു കുററത്തിന്നുമുള്ള യാതൊരു കുററവിസ്താരനടപടിയും, ൧൦൯൮-ലെ ൧-ാം നമ്പരായ കൊച്ചിഹിന്ദുമതസ്ഥാപന ആക്ടോ മറെറതെങ്കിലും നിയമമോ അനുസരിച്ചുള്ള യാതൊരു അപേക്ഷയും അല്ലെങ്കിൽ മററുനടപടിയും കൊണ്ടുവരപ്പെടുവാൻ പാടില്ലാത്തതാകുന്നു.

**തക്കങ്ങൾ തീരുമാനിപ്പാനുള്ള അധികാരം.**

൫. ഒരു സ്ഥലം ഈ വിളംബരത്തിൽ വിവരണം നൽകിയിരിക്കുന്നവിധത്തിലുള്ള ഒരു ക്ഷേത്രമാണോ അല്ലയോ എന്നതിനെപ്പററി വല്ല തക്കമുത്ഭവിക്കുന്നതായാൽ ടി തക്കം, ൧൧൧൩-ലെ ൨൦-ാംനമ്പരായ കൊച്ചി ഗവമ്മെണ്ട് ആക്ട് ൫൦ ജി എന്ന വകുപ്പനുസരിച്ചു നാം നിയമിച്ചിരിക്കുന്ന കാര്യനിർവ്വഹണാധികാരിയുടെ അടുക്കൽ തീരുമാനത്തിന്നയയ്ക്കപ്പെടേണ്ടതും, അയാളുടെ തീരുമാനം, ടി തീരുമാനത്തിന്റെ തീയതിമുതൽ ആറു മാസത്തിന്നുള്ളിൽ അധികാരമുള്ള ഒരു കോടതി മുമ്പാകെ കൊടുക്കപ്പെടുന്ന ഒരു അന്യായത്തിന്മേൽ ടി കോടതി കല്പിക്കുന്ന വിധിക്കു വിധേയമായി, അവസാനത്തീരുമാനമായിരിക്കുന്നതും ആകുന്നു.

**ശിക്ഷ.**

൬. (i) ഒഴിവാക്കപ്പെട്ട വർഗ്ഗത്തിൽപ്പെട്ട ഏതെങ്കിലും ആളെ ഈ വിളംബരത്താൽ നൽകപ്പെട്ടിരിക്കുന്ന ഏതെങ്കിലും അവകാശം നടത്തുന്നതിൽനിന്നു തടയുകയോ,

(ii) ആവക ഏതെങ്കിലും അവകാശം നടത്തുന്നതിൽ ആവക ഏതെങ്കിലും ആളെ ഉപദ്രവിക്കുകയോ തടസ്ഥപ്പെടുത്തുകയോ

ചെയ്യുന്ന ഏതാളും ആദ്യമായി കുററം ചെയ്യുന്ന സംഗതിയിൽ, ഒരു നൂറുരൂപവരെ വരാവുന്ന പിഴശിക്ഷക്കും; രണ്ടാമതോ പിന്നീടോ ടി കുററം ചെയ്യുന്ന സംഗതിയിൽ ആറുമാസംവരെ വരാവുന്ന പിഴ ശിക്ഷക്കോ അഞ്ഞൂറുരൂപവരെ വരാവുന്ന പിഴ ശിക്ഷക്കോ രണ്ടു ശിക്ഷക്കുംകൂടിയോ പാത്രമായിരിക്കുന്നതാകുന്നു.

**ചട്ടങ്ങൾ**

൭. (൧) ക്ഷേത്രങ്ങളെ സംബന്ധിച്ചു സാമാന്യമായോ, ഏതെങ്കിലും ക്ഷേത്രത്തെയോ, ഏതെങ്കിലും തരത്തിൽപ്പെട്ട ക്ഷേത്രങ്ങളെയോ സംബന്ധിച്ചോ, അവയിൽ ആരാധന നടത്തുന്നതു സംബന്ധിച്ചോ ഈ വിളംബരത്തിലെ വ്യവസ്ഥകൾ ഫലത്തിൽ വരുന്നതിലേക്കായി, ൧൧൧൩ ലെ ൨൦-ാംനമ്പരായ കൊച്ചി ഗവമ്മെണ്ട് ആക്ട് ൫൦ ജി എന്ന വകുപ്പുപ്രകാരം നാം നിയമിച്ചിരിക്കുന്ന കാര്യനിർവ്വഹണാധികാരിക്കു ചട്ടങ്ങളുണ്ടാക്കാവുന്നതാകുന്നു.

(൨) പ്രത്യേകമായും മേൽപറഞ്ഞ അധികാരത്തിന്റെ സാമാന്യതക്കു വിഘ്നമൊന്നും കൂടാതെയും ടി ചട്ടങ്ങളാൽ താഴെ പറയുന്ന സംഗതികൾക്കു വേണ്ടുന്ന വ്യവസ്ഥ ചെയ്യാവുന്നതാകുന്നു.—

(*i*) ക്ഷേത്രത്തിൽ സമാധാനവും മര്യാദയും ശുചിത്വവും പരിപാലിക്കുക;

(*ii*) ക്ഷേത്രത്തിൽ നടത്തപ്പെടുന്ന മതപരമായ കർമ്മങ്ങളും ആരാധനാവിധികളും അടിയന്തരങ്ങളും ശരിയായി നടത്തിക്കുക;

(൩) ആവക ഏതു ചട്ടത്തിലും, അതിന്റെ ലംഘനം, ആദ്യത്തെ കുറ്റത്തിന്റെ കാര്യത്തിൽ അമ്പതു രൂപവരെ വരാവുന്ന പിഴകൊണ്ടും, രണ്ടാമത്തെ പിന്നീടോ ഉള്ള ഒരു കുററത്തിന്റെ കാര്യത്തിൽ മൂന്നുമാസംവരെ വരാവുന്ന തടവുകൊണ്ടോ ഇരുന്നൂററിഅമ്പതു രൂപവരെ വരാവുന്ന പിഴകൊണ്ടോ രണ്ടും കൊണ്ടോ ശിക്ഷിക്കപ്പെടുന്നതാണെന്നു വ്യവസ്ഥചെയ്യാവുന്നതാകുന്നു.

(൪) ഈ വിളംബരമനുസരിച്ചു ഉണ്ടാക്കപ്പെടുന്നവയോ നൽകപ്പെടുന്നവയോ ആയ എല്ലാ ചട്ടങ്ങളും ഉത്തരവുകളും കൊച്ചി ഗവമ്മെണ്ടു ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, അങ്ങിനെ പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞാൽ അവയ്ക്കു്, ഈ വിളംബരത്തിൽ നിയമിച്ചിരുന്നാലെന്നപോലെ ഫലമുണ്ടായിരിക്കുന്നതും ആകുന്നു.

ഒഴിവാക്കൽ.

൫. കണയന്നൂർ താലൂക്കിൽ തൃപ്പൂണിത്തുറ കോട്ടക്കകത്തു സ്ഥിതിചെയ്യുന്ന ശ്രീ പൂർണ്ണത്രയീശക്ഷേത്രം ഈ വിളംബരത്തിന്റെ കാര്യങ്ങൾക്കു് ഒരു ക്ഷേത്രമല്ലെന്നും ഒരു ക്ഷേത്രമായി ഗണിപ്പാൻ പാടുള്ളതല്ലെന്നും, ഈ വിളംബരത്തിലടങ്ങിയിരിക്കുന്ന വ്യവസ്ഥകളിൽ യാതൊന്നുംതന്നെ ടി ക്ഷേത്രത്തിന്നു ബാധകമായിരിക്കുന്നതല്ലെന്നും നാം ഇതിനാൽ പ്രഖ്യാപിക്കുകയും അനുശാസിക്കുകയും ആജ്ഞാപിക്കുകയും ചെയ്യുന്നു.

# ഗ്രന്ഥസൂചി


അച്ച്യുതൻ കെ.ആർ. 2013 'ഇരിഞ്ഞാലക്കുട കോടതിയുടെ ചരിത്രം', *സ്മൃതിപഥം തനിമ ഇരിഞ്ഞാലക്കുട 2013 സ്മൃതിരേഖകളുടെ സമാഹാരം*, ഭരതൻ പി.കെ. (സമ്പാ.) തനിമ, ഇരിങ്ങാലക്കുട.

അച്ച്യുതൻ കെ.ആർ. 2021 *സി. കൃഷ്ണൻ മിതവാദി കൃഷ്ണന്റെ ജീവചരിത്രം*, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.

അച്ച്യുതമേനോൻ സി. 1975 *സ്മരണയുടെ ഏടുകൾ*, പ്രഭാത് ബുക്സ്, തിരുവനന്തപുരം.

അച്ച്യുതമേനോൻ സി. 2002 *സി. അച്ച്യുതമേനോന്റെ ഡയറിക്കുറിപ്പുകൾ*, കെ.വി. സുരേന്ദ്രനാഥ് (എഡി.) കറന്റ് ബുക്സ്, തൃശ്ശൂർ.

അച്ച്യുതമേനോൻ, കോമാട്ടിൽ 1943 *കൊച്ചിയിലെ സ്ഥലനാമങ്ങൾ*, മംഗളോദയം അച്ചുകൂടം, തൃശ്ശൂർ.

അജയ് ശേഖർ 2019 *പുത്തൻകേരളം കേരളസംസ്കാരത്തിന്റെ ബൗദ്ധ അടിത്തറ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

അജയ് ശേഖർ, ചന്ദ്രമോഹൻ എസ്.ആർ. (എഡി.) 2017 *കേരളനവോത്ഥാനം പുതുവായനകൾ*, റെയ്‌വൺ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.

അജിത് കുമാർ എൻ. 2017 *മലയാളസംസ്കാരം കാഴ്ചയും കാഴ്ചപ്പാടുകളും*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

അജിത് കുമാർ എൻ. 2013 *നാട്ടുവൈദ്യം*, `കേരള സംസ്കാരപഠനങ്ങൾ', പന്മന രാമചന്ദ്രൻ (എഡി.), കറന്റ് ബുക്സ്, കോട്ടയം.

അജിത്ത് കെ. ശ്രീധർ (ജന. എഡി.) 2016 *മൂന്നാം കേരള ചരിത്രകോൺഫറൻസ് പ്രബന്ധങ്ങൾ*, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.

അജു നാരായണൻ 2005 *കേരളത്തിലെ ബുദ്ധമതപാരമ്പര്യം നാട്ടറിവുകളിലൂടെ*, താരതമ്യ സാഹിത്യസംഘം, ചങ്ങനാശ്ശേരി.

അനിരുദ്ധൻ പി. എസ്., മണി എസ്. കുന്നുകുഴി 2013 *മഹാത്മാ അയ്യൻകാളി അയ്യൻകാളിയുടെ അറിയപ്പെടാത്ത ജീവിതം*, ഡി.സി. ബുക്സ്, കോട്ടയം.

അനിൽ കെ.എം. (എഡി.) 2007 *സംസ്കാരനിർമ്മിതി*, പ്രോഗ്രസ് പബ്ലിക്കേഷൻസ്, കോഴിക്കോട്.

അനിൽകുമാർ ഡി.വി., ഷൂബ കെ.എസ്. 2023 *സാഹിത്യം ചരിത്രം/ ദേശ ചരിത്രം എന്ന കെട്ടുകഥ*, ആത്മ ബുക്സ്, കോഴിക്കോട്.

അപ്പച്ചൻ, പൊയ്കയിൽ 2011 *പ്രത്യക്ഷ രക്ഷാദൈവസഭാ പാട്ടുകൾ*, വി.വി. സ്വാമി, ഇ.വി. അനിൽ (സമ്പാ.), കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

ആദർശ് സി. 2013 *വിഭാവനകൾ വിനിമയങ്ങൾ കൊടുങ്ങല്ലൂരിന്റെ വ്യാവഹാരിക ഭൂമിശാസ്ത്രം*, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, എടപ്പാൾ.

ആദർശ് സി., രാജേഷ് എം.ആർ. 2020 *സൂത്രവാക്കുകൾ*, ഗയ പുത്തകച്ചാല, തൃശ്ശൂർ.

ആരോമലുണ്ണി എൻ.പി. 1998 *ഇന്നലെ നടന്നവഴികൾ*, ഓഥർ.

ആരോമലുണ്ണി എൻ.പി. 2006 *സി. അച്ച്യുതമേനോൻ*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ആഷിഫ കെ.എം. കാട്ടൂർ 2008 'ഇരിങ്ങാലക്കുടയുടെ ദേശചരിത്രം', *നാട്ടുചരിത്രം*, ഡോ. സി.ആർ. രാജഗോപാലൻ (ജന. എഡി.), ഡി.സി. ബുക്സ്, കോട്ടയം.

ഇക്കാവു അമ്മ, അമ്പാടി 1956 *അശോകന്റെ ധർമ്മലിപികൾ*, തൃശ്ശൂർ.

ഇക്ബാൽ ബി. 2013 *ഇന്ത്യൻ ഔഷധമേഖല ഇന്നലെ ഇന്ന്*, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, തൃശ്ശൂർ.

ഇന്ദു ഇടപ്പള്ളി 2007 'അമ്മന്നൂർ മാധവചാക്യാർ, കാലത്തിന്റെ കണ്ണാടി', *അരങ്ങിന്റെ മാധവം*, മാർഗി മധു (എഡി.), അമ്മന്നൂർ മാധവ ചാക്യാർ നവതി യാഘോഷ സമിതി, ഇരിങ്ങാലക്കുട.

ഇന്നസെന്റ് 2008 *ഞാൻ ഇന്നസെന്റ്*, ഒലീവ് പബ്ലിക്കേഷൻ, കോഴിക്കോട്.

ഇന്നസെന്റ് 2017 *ചിരിക്കുപിന്നിൽ*, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

ഇന്നസെന്റ് 2017a *കാൻസർ വാർഡിലെ ചിരി*, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

ഇന്നസെന്റ് 2018 *ഇരിങ്ങാലക്കുടയ്ക്ക് ചുറ്റും*, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

ഇന്നസെന്റ് 2019 *മഴക്കണ്ണാടി*, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

| | | |
|---|---|---|
| ഇന്നസെന്റ് | 2023 | *ഈ ലോകം അതിലൊരു ഇന്നസെന്റ്*, മാതൃഭൂമി ബുക്സ്, കോഴിക്കോട്. |
| ഉദയകുമാർ | 2014 | *ആത്മകഥകൾ ചരിത്രമെഴുതുമ്പോൾ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. |
| എം.എം.സി. (സമ്പാ.) | 2013 | 'അന്ധതയെ തോൽപ്പിച്ച പാഠക കലാകാരൻ', *സ്മൃതിപഥം തനിമ ഇരിങ്ങാലക്കുട 2013 സ്മൃതിരേഖകളുടെ സമാഹാരം*, ഭരതൻ പി.കെ. (സമ്പാ.) തനിമ, ഇരിങ്ങാലക്കുട. |
| ഔസേപ്പ് പി.വി. | 2006 | *കേരളീയ വാസ്തുവിദ്യാപാരമ്പര്യം*, മാതൃഭൂമി ബുക്സ്, കോഴിക്കോട്. |
| കണ്ണൻ മേലോത്ത് | 2023 | *മുകുന്ദപുരത്തെ പുലൈരാജാവ് അയ്യൻ ചിരുകണ്ടൻ*, ഇടനേരം, കൊച്ചി. |
| കാർത്തികേയൻ, ഷൊർണ്ണൂർ | 2012 | *സഹോദരൻ അയ്യപ്പൻ ജീവചരിത്രം*, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം. |
| കുഞ്ഞൻപിള്ള, ഇളങ്കുളം (വ്യാഖ്യാ.) | 1962 | *ചന്ദ്രോത്സവം*, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം. |
| കുഞ്ഞൻപിള്ള, ഇളങ്കുളം | 2005 | *ഇളംകുളം കുഞ്ഞൻപിള്ളയുടെ തിരഞ്ഞെടുത്ത കൃതികൾ*, ഡോ. എൻ. സാം (എഡി.) അന്താരാഷ്ട്ര കേരളപഠനകേന്ദ്രം, കേരള സർവ്വകലാശാല, തിരുവനന്തപുരം. |
| കുമാരൻ, മാമ്പുഴ | 2015 | *സംസ്കാരത്തിന്റെ അടയാളങ്ങൾ*, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, എടപ്പാൾ. |
| കുറുപ്പ് കെ.കെ.എൻ. | 1999 | *സമൂഹം ചരിത്രം സംസ്കാരം*, കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, കോഴിക്കോട്. |
| കുറുപ്പ് കെ.കെ.എൻ. | 2008 | *കേരളത്തിലെ കാർഷിക കലാപങ്ങൾ*, മാതൃഭൂമി ബുക്സ്, കോഴിക്കോട്. |
| കുറുപ്പ് കെ.കെ.എൻ. | 2018 | *പ്രാദേശികചരിത്രം രചനയും രീതിശാസ്ത്രവും*, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ. |
| കുസും ഷാ ലാൽ ചെറായി | 2016 | *എം.സി. ജോസഫ് എന്ന അപൂർവ്വ മനുഷ്യൻ*, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം. |
| കൃഷ്ണകുമാരി | 2018 | *സമരപഥങ്ങളിലെ പെൺപെരുമ*, സമത, തൃശ്ശൂർ. |
| കൃഷ്ണൻകുട്ടി, ഒർണ | 2017 | *പുലയരുടെചരിത്രം ഒരു പഠനം*, ബുദ്ധ ബുക്സ്, അങ്കമാലി. |
| കൃഷ്ണൻകുട്ടി, ഒർണ | 2019 | *ചാത്തൻമാസ്റ്റർ പകൽ സ്കൂൾമാസ്റ്റർ രാത്രി ചാത്തൻമാസ്റ്റർ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. |
| കേശവൻ വെളുത്താട്ട് (സമ്പാ.) | 2014 | *രണ്ട് സന്ദേശകാവ്യങ്ങൾ - ലക്ഷ്മീദാസന്റെ ശുകസന്ദേശവും ഉദ്ദണ്ഡ ശാസ്ത്രികളുടെ കോകിലസന്ദേശവും*, (വിവ: കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ), സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം. |
| കൊച്ച് കെ.കെ. | 2018 | *കേരളചരിത്രവും സമൂഹരൂപീകരണവും*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. |
| കൊസാംബി ഡി.ഡി. | 2012 | *മിത്തും യാഥാർത്ഥ്യവും*, (വിവ.) പി. ഗോവിന്ദപിള്ള, ഡോ. രാജൻ ഗുരുക്കൾ, ആർ. ഭാസുരേന്ദ്ര ബാബു, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം. |
| ഗംഗാധരൻ എം. | 2013 | 'വാണിജ്യം', *കേരള സംസ്കാരപഠനങ്ങൾ*, പന്മന രാമചന്ദ്രൻ നായർ (എഡി.), കറന്റ് ബുക്സ്, കോട്ടയം. |
| ഗണേഷ് കെ.എൻ. | 1997 | *കേരളത്തിന്റെ ഇന്നലെകൾ*, സാംസ്കാരിക വകുപ്പ്, കേരള സർക്കാർ, തിരുവനന്തപുരം. |
| ഗണേഷ് കെ.എൻ. | 2016 | *ചരിത്രം ഉണ്ടാകുന്നത്*, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, തൃശ്ശൂർ. |
| ഗണേഷ് കെ.എൻ. | 2016(എ) | *മലയാളിയുടെ ദേശകാലങ്ങൾ*, റാസ്പ്ബറി ബുക്സ്, കോഴിക്കോട്. |
| ഗുരുക്കൾ എം.കെ. | 1993 | *കലാവിദ്യാവിവരണം*, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ. |
| ഗോപാലകൃഷ്ണ മേനോൻ | 1984 | *മായാത്ത ഓർമ്മകൾ*, പ്രഭാത് ബുക്സ്, തിരുവനന്തപുരം. |
| ഗോപാലകൃഷ്ണൻ പി.കെ. | 1991 | *കേരളത്തിന്റെ സാംസ്കാരിക ചരിത്രം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. |
| ഗോപാലകൃഷ്ണൻ പി.കെ. | 1998 | *ജൈനമതം കേരളത്തിൽ*, പ്രഭാത് ബുക്സ്, തിരുവനന്തപുരം. |
| ഗോപിക്കുട്ടൻ, പ്രൊഫ. (പഠനം) | 1996 | *കോകസന്ദേശം*, കറന്റ് ബുക്സ്, തൃശ്ശൂർ. |
| ഗോപിനാഥൻ ആർ. | 2019 | *കേരളത്തനിമ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയചരിത്രം നാട്ടുവിജ്ഞാനീയം കലകൾ സാഹിത്യം എന്നിവയിലൂടെ ബി.സി.1000-700*, ഹെറിറ്റേജ് സ്റ്റഡീസ്, തിരുവനന്തപുരം. |
| ഗോപിനാഥൻ നായർ സി.കെ. | 2023 | *ഓർമ്മക്കുറിപ്പുകൾ*, കമലം, ഇരിങ്ങാലക്കുട. |
| ഗോവിന്ദപിള്ള പി. | 2004 | *ആഗോളവൽക്കരണം സംസ്കാരം മാധ്യമം*, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം. |

| | | |
|---|---|---|
| ഗോവിന്ദപിള്ള പി. | 2007 | 'സാംസ്കാരികപഠനം പുതുമ പഴമ പ്രസക്തി', *സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം*, മലയാള പഠന സംഘം (സമ്പാ.), കറന്റ് ബുക്സ്, കോട്ടയം. |
| ഗോവിന്ദപിള്ള പി. | 2011 | *സംസ്കാരവും നവോത്ഥാനവും*, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം. |
| ഗോവിന്ദപിള്ള പി. | 2012 | *തിരഞ്ഞെടുത്ത പ്രബന്ധങ്ങൾ*, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ. |
| ഗോവിന്ദപിള്ള പി. | 2018 | 'വെളിച്ചം നിറഞ്ഞ പുതുവഴി' (അവതാരിക), *കേരളചരിത്രത്തിന്റെ നാട്ടുവഴികൾ*, എൻ.എം. നമ്പൂതിരി പി.കെ. ശിവദാസ് (എഡി.), ഡി.സി. ബുക്സ്, കോട്ടയം. |
| ഗോവിന്ദരാജ വർമ്മ, ബാലൻ കെ. (എഡി.) | 2003 | *ഫോക്‌ലോർ പഠനം സിദ്ധാന്തതലം*, കറന്റ് ബുക്സ്, കോട്ടയം. |
| ചട്ടമ്പിസ്വാമികൾ | 2016 | *ചട്ടമ്പിസ്വാമികൾ ജീവിതവും കൃതികളും*, ഡോ. കെ. മഹേശ്വരൻ നായർ (സമ്പാ.), കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. |
| ചന്ദ്രൻ വി.ആർ. | 2015 | *ശ്രീ കൊടുങ്ങല്ലൂരമ്മ ചരിത്രവും ആചാരാനുഷ്ഠാനങ്ങളും*, അയ്യപ്പ സേവാസംഘം, കൊടുങ്ങല്ലൂർ. |
| ചാക്കോ കെ.സി. | 1971 | *വസ്തു ബലതന്ത്രം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. |
| ജയചന്ദ്രൻ പി. | 2016 | *ഏകാന്തപഥികൻ ഞാൻ*, ഡി.സി. ബുക്സ്, കോട്ടയം. |
| ജീവൻ കുമാർ കെ. | 2019 | *റെയ്മണ്ട് വില്യംസ്*, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം. |
| ജോജി ചന്ദ്രശേഖർ (എഡി.) | 2019 | *ഇരിങ്ങാലക്കുട മാന്വൽ*, നിശാഗന്ധി, ഇരിങ്ങാലക്കുട. |
| ജോൺസൺ എടത്തിരുത്തിക്കാരൻ | 2013 | *മാപ്രാണപുരാണം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. |
| ജോർജ്ജ് നെല്ലായി | 1980 | *വജ്രമാല*, സെന്റ്. ജോർജ്ജ് പ്രസ്സ്, ഇരിങ്ങാലക്കുട. |
| ജോർജ്ജ് നെല്ലായി | 2009 | 'ഇരിങ്ങാലക്കുടരൂപത ചരിത്രപരവും സാമൂഹികവുമായ പശ്ചാത്തലം', *ഇരിങ്ങാലക്കുടരൂപത ചരിത്രത്തിലൂടെ 1978- 2009*, ഹിസ്റ്ററി കമ്മിഷൻ, എപ്പാർക്കി, ഇരിങ്ങാലക്കുട. |
| ജോർജ്ജ് കെ.എം. | 2013 | *സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ*, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം. |
| ജോർജ്ജ് കെ.പി. | 2011 | 'വനവും ഭവനവും- നാളചരിതത്തെ മുൻനിർത്തി ഒരു തത്വവിചാരം', *പഴയ കൃതി പുതിയ വായന*, മ്യൂസ് മേരി ജോർജ് (എഡി.), ഭൂമി മലയാളം, വിദ്വാൻ പി.ജി. നായർ സ്മാരക ഗവേഷണകേന്ദ്രം മലയാള വിഭാഗം, യു.സി. കോളേജ്, ആലുവ. |
| ജോർജ്ജ് സി.ജെ. | 1996 | *ആധുനികാനന്തര സാഹിത്യസമീപനങ്ങൾ*, ബുക്ക് വേം, തൃശ്ശൂർ. |
| ജോസഫ് കെ.വി. | 2009 | *നസ്രാണികളുടെ സാമ്പത്തികയജ്ഞങ്ങൾ*, ദീപിക ബുക്ക് ഹൗസ്, കോട്ടയം. |
| ജോസഫ് പി.എം. | 2015 | *മലയാളത്തിലെ പരകീയപദങ്ങൾ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. |
| തച്ചുടയക്കൈമൾ | 1966 | *ശ്രീ കൂടൽമാണിക്യം ചരിത്രാന്വേഷണം*, ഇരിങ്ങാലക്കുട. |
| തറയിൽ ഡബ്ല്യൂ.ജെ. | 2023 | *ഗബ്രിയേലിസം*, പുസ്തകപ്പുര, തൃശ്ശൂർ. |
| തോമസ് ഐസക് ടി.എം. | 2012 | *വിമോചനസമരത്തിന്റെ കാണാപ്പുറങ്ങൾ*, ചിന്താ പബ്ലിക്കേഷൻസ്, തിരുവനന്തപുരം. |
| തോമസ് കെ.വി. | 2011 | 'യുക്തിയും കലിയും നളചരിതത്തെപ്പറ്റി ഒരു പുനർചിന്തനം', *പഴയ കൃതി പുതിയ വായന*, മ്യൂസ് മേരി ജോർജ് (എഡി.), ഭൂമി മലയാളം, വിദ്വാൻ പി.ജി. നായർ സ്മാരക ഗവേഷണകേന്ദ്രം മലയാള വിഭാഗം, യു.സി. കോളേജ്, ആലുവ. |
| ദിലീപ് രാജ് | 2000 | *നവചരിത്രവാദം*, ഡി.സി. ബുക്സ്, കോട്ടയം. |
| ദേവിക ജെ. | 2015 | *കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ?*, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, തൃശ്ശൂർ. |
| നമ്പൂതിരി എൻ. എം., ശിവദാസ് പി.കെ. (എഡി.) | 2018 | *കേരളചരിത്രത്തിന്റെ നാട്ടുവഴികൾ*, ഡി.സി. ബുക്സ്, കോട്ടയം. |
| നമ്പൂതിരി എൻ.എം. | 2013 | 'ജൈന- ബുദ്ധ- ജൂതപൈതൃകം', *കേരള സംസ്കാര പഠനങ്ങൾ*, പന്മന രാമചന്ദ്രൻ (എഡി.) കറന്റ് ബുക്സ്, കോട്ടയം. |
| നരേന്ദ്രൻ കെ.എം. | 2007 | 'ജനപ്രിയ സംസ്കാരപഠനം', *സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം*, മലയാള പഠന സംഘം (സമ്പാ.) കറന്റ് ബുക്സ്, കോട്ടയം. |

| | | |
|---|---|---|
| നാരായണൻ എം.ജി.എസ്. | 2011 | 'ചിലപ്പതികാരത്തിലെ കുണവായിൽ കൊട്ടവും കേരളത്തിലെ ആദ്യകാല ജൈനക്ഷേത്രങ്ങളും', *പഴയ കൃതി പുതിയ വായന*, മ്യൂസ് മേരി ജോർജ് (എഡി.) ഭൂമി മലയാളം, വിദ്വാൻ പി.ജി. നായർ സ്മാരക ഗവേഷണകേന്ദ്രം മലയാള വിഭാഗം, യു.സി. കോളേജ്, ആലുവ. |
| നാരായണ പിഷാരടി എം.പി. | 2012 | *നാലമ്പലങ്ങളും ആറീശ്വരങ്ങളും*, പിഷാരടി റീഡബിൾ പബ്ലിഷേഴ്സ്, ഇരിങ്ങാലക്കട. |
| നാരായണപിള്ള പി. | 2005 | *ഉണ്ണായിവാര്യർ*, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ. |
| നാരായണമേനോൻ പി. | 2021 | *മലയാളം ഭാഷയും സംസ്കാരവും*, ഡോ. റോയ് മാത്യു എം.(എഡി.), കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ. |
| നിരഞ്ജൻ ബാബു ബി. | 2005 | *വാസ്തു ഒരു കൈപ്പുസ്തകം*, ഡി.സി. ബുക്സ്, കോട്ടയം. |
| പത്മനാഭ മേനോൻ | 1989 | *കൊച്ചിരാജ്യചരിത്രം*, മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിക്കേഷൻസ്, കോഴിക്കോട്. |
| പത്മനാഭപിള്ള, ശ്രീകണ്ഠേശ്വരം | 2009 | *ശബ്ദതാരാവലി*, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം. |
| പരമേശ്വര അയ്യർ, ഉള്ളൂർ എസ്. | 1975 | *കേരള സാഹിത്യചരിത്രം വാല്യം 5*, കേരള സർവ്വകലാശാല പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം. |
| പരമേശ്വര അയ്യർ, ഉള്ളൂർ എസ്. | 1979 | *കേരള സാഹിത്യചരിത്രം വാല്യം 4*, കേരള സർവ്വകലാശാല പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം. |
| പല്ലിശ്ശേരി | 2013 | 'യുക്തിവാദി എം.സി. ജോസഫിനോടൊപ്പം', *സ്മൃതിപഥം തനിമ ഇരിങ്ങാലക്കുട 2013 സ്മൃതിരേഖകളുടെ സമാഹാരം*, ഭരതൻ പി.കെ. (സമ്പാ.) തനിമ, ഇരിങ്ങാലക്കട. |
| പവിത്രൻ പി. | 2007 | 'സംസ്കാരപഠനത്തിന്റെ മൂന്നാം ലോകവഴി', *സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം*, മലയാള പഠനസംഘം (സമ്പാ.), കറന്റ് ബുക്സ്, കോട്ടയം. |
| പാർവതി ബി. | 2017 | *തലശ്ശേരിയുടെ നവോത്ഥാനചരിത്രം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. |
| പിഷാരടി കെ.എൻ. | 2013 | 'ഇരിങ്ങാലക്കട അന്നും ഇന്നും', *സ്മൃതിപഥം തനിമ ഇരിങ്ങാലക്കുട 2013 സ്മൃതിരേഖകളുടെ സമാഹാരം*, ഭരതൻ പി.കെ. (സമ്പാ.) തനിമ, ഇരിങ്ങാലക്കട. |
| പു.ക.സ. ഇരിങ്ങാലക്കട | 2024 | *ഇരിങ്ങാലക്കുടയും ഞാനും*, അക്ഷര കേരളം പബ്ലിക്കേഷൻസ്, തൃശ്ശൂർ. |
| പുരുഷോത്തമൻ പി.ഒ. | 2006 | *ബുദ്ധന്റെ കാൽപ്പാടുകൾ*, കറന്റ് ബുക്സ്, കോട്ടയം. |
| പോക്കർ പി.കെ. | 2015 | *ലൂയി അൽത്തൂസർ*, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം. |
| പോളി കെ.പി. | 2013 | 'എന്റെ വിദ്യാർത്ഥിജീവിതവും രാഷ്ട്രീയ രംഗപ്രവേശനവും', *സ്മൃതിപഥം തനിമ ഇരിങ്ങാലക്കുട 2013 സ്മൃതിരേഖകളുടെ സമാഹാരം*, ഭരതൻ പി.കെ. (സമ്പാ.) തനിമ, ഇരിങ്ങാലക്കട. |
| പോൾ എം.സി. | 2013 | 'ഇരിങ്ങാലക്കടയുടെ വാണിജ്യചരിത്രം', *സ്മൃതിപഥം തനിമ ഇരിങ്ങാലക്കുട 2013 സ്മൃതിരേഖകളുടെ സമാഹാരം*, ഭരതൻ പി.കെ. (സമ്പാ.) തനിമ, ഇരിങ്ങാലക്കട. |
| പൗലോസ് കെ.ജി. | 2007 | 'അരങ്ങൊഴിയാതെ', *അരങ്ങിന്റെ മാധവം*, മാർഗി മധു (എഡി.), അമ്മന്നൂർ മാധവ ചാക്യാർ നവതിയാഘോഷസമിതി, ഇരിങ്ങാലക്കട. |
| പ്രഭാകരവാരിയർ കെ.എം. & ശാന്ത അഗസ്റ്റിൻ | 2010 | *ആധുനിക ഭാഷാശാസ്ത്രം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. |
| ബാബു കെ. പന്മന | 2015 | *അയ്യൻകാളി മനുഷ്യാവകാശ പോരാളിയും കർഷക തൊഴിലാളിസമരനായകനും*, കിസലയ പബ്ലിഷേഴ്സ്, തിരുവനന്തപുരം. |
| ബാബു പോൾ ഡി. | 2013 | 'ക്രൈസ്തവ പൈതൃകം', *കേരള സംസ്കാരപഠനങ്ങൾ*, പത്മന രാമചന്ദ്രൻ (എഡി.) കറന്റ് ബുക്സ്, കോട്ടയം. |
| ബാലകൃഷ്ണൻ കെ. | 2008 | *കണ്ണൂർകോട്ട കണ്ണൂരിന്റെ പ്രാദേശികചരിത്രം*, ഡി.സി. ബുക്സ്, കോട്ടയം. |
| ബാലകൃഷ്ണൻ പി.കെ. | 2015 | *ജാതിവ്യവസ്ഥയും കേരളചരിത്രവും*, ഡി.സി. ബുക്സ്, കോട്ടയം. |
| ബാലകൃഷ്ണൻ വി. | 2001 | *കേരളത്തിലെ സിറിയൻ ക്രിസ്ത്യാനികളുടെ ചരിത്രം ഒരു പരിചിന്തിത പഠനം*, കേരള പബ്ലിക്കേഷൻസ്, തൃശ്ശൂർ. |
| ബാലഗംഗാധരൻ ഇ. | 2013 | 'കെ.വി.കെ. വാരിയർ വിപ്ലവചിന്തയുടെ ആൾരൂപം', *മുൻപേ നടന്നവർ*, വസന്തൻ വി.എസ്. (എഡി.), അഡ്വ. കെ.ആർ തമ്പാൻ സ്മാരക ട്രസ്റ്റ്, ഇരിങ്ങാലക്കട. |

| | | |
|---|---|---|
| ബാലൻ, പയ്യപ്പിള്ളി | | *ആലുവാപ്പുഴ പിന്നെയും ഒഴുകി*, ചിന്ത പബ്ലിഷേൺസ്, തിരുവനന്തപുരം. |
| ബാലൻ, പയ്യപ്പിള്ളി | 2011 | *പാലിയം സമരം*, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം. |
| ബാലമോഹൻ തമ്പി ജി. | 2019 | *തിരഞ്ഞെടുത്ത ലേഖനങ്ങൾ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. |
| ബാലമോഹൻ തമ്പി ജി. | 2021 | *മാക്സിയൻ ലക്ഷ്യവും ഗാന്ധിയൻ മാർഗവും*, മൈത്രി ബുക്സ്, തിരുവനന്തപുരം. |
| ഭരതൻ പി. കെ. (സമ്പാ.) | 2013 | *സ്മൃതിപഥം തനിമ ഇരിങ്ങാലക്കുട 2013 സ്മൃതിരേഖകളുടെ സമാഹാരം*, തനിമ, ഇരിങ്ങാലക്കുട. |
| ഭരതമുനി | 1984 | *നാട്യശാസ്ത്രം*, കെ.പി. നാരായണ പിഷാരടി (വിവ:) കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ. |
| ഭാസ്കരനുണ്ണി പി. | 2000 | *പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം*, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ. |
| ഭാസ്കരനുണ്ണി പി. | 2005 | *കേരളം ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ*, കേരള സാഹിത്യ അക്കാദമി തൃശ്ശൂർ. |
| മധു, മാർഗി (എഡി.) | 2007 | അരങ്ങിന്റെ മാധവം, അമ്മന്നൂർ മാധവ ചാക്യാർ നവതിയാഘോഷസമിതി, ഇരിങ്ങാലക്കുട. |
| മലയാള പഠനസംഘം | 2007 | *സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം*, കറന്റ് ബുക്സ്, കോട്ടയം. |
| മാധവൻകുട്ടി ടി.എസ്. | 2015 | *കളി - കഥയ്ക്കപ്പുറം കഥകളി കളിയരങ്ങിന്റെ പഠനം*, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം. |
| മുട്ടിക്കൽ ജെ.ജെ. (ഫാ.) | 2021 | *ഹിപ്പാലസ് കൊടുങ്ങല്ലൂർ-കോട്ടപ്പുറത്തിന്റെ നേർചിത്രം*, പാദുവ പ്രിന്റേഴ്സ്, ചെട്ടിക്കാട്. |
| മുരളി, കവിയൂർ | 1999 | *പുറനാനൂറ് ഒരു പഠനം*, ഡി.സി. ബുക്സ്, കോട്ടയം. |
| മേനോൻ എം.പി.എസ്. | 1994 | *മലബാർ സമരം എം.പി. നാരായണമേനോനും സഹപ്രവർത്തകരും*, ഇസ്ലാമിക് പബ്ലിഷിംങ് ഹൗസ്, കോഴിക്കോട്. |
| മേനോൻ കെ.എസ്. | 2023 | 'ഭാഷാതിലകം മാസികയിൽ അഡ്വ. കെ.എസ്. മേനോൻ എഴുതിയ മുകുന്ദപുരത്തെ പുലയരാജാവ് എന്ന ലേഖനത്തിനുള്ള മറുപടി', കണ്ണൻ മേലോത്ത് (എഡി.), *മുകുന്ദപുരത്തെ പുലൈ രാജാവ് അയ്യൻ ചിരുകണ്ടൻ* ഇടനേരം, കൊച്ചി. |
| മ്യൂസ് മേരി ജോർജ് (എഡി.) | 2011 | *പഴയ കൃതി പുതിയ വായന*, ഭൂമി മലയാളം, വിദ്വാൻ പി.ജി. നായർ സ്മാരക ഗവേഷണകേന്ദ്രം മലയാള വിഭാഗം, യു.സി. കോളേജ്, ആലുവ. |
| രഞ്ജിത്ത് സി. കെ. | | നാലാം ചരിത്ര കോൺഫറൻസ് പ്രബന്ധങ്ങൾ. |
| രമേശ് പി.ആർ. (എഡി.) | 2007 | *നാട്ടറിവുകൾ നാട്ടുസംഗീതം*, ഡി.സി. ബുക്സ്, കോട്ടയം. |
| രാജഗോപാലൻ സി.ആർ. (എഡി.) | 2008 | നാട്ടുചന്തകൾ, ഡി.സി ബുക്സ്, കോട്ടയം. |
| രവിവർമ്മ കെ.ടി. | 2017 | *മഹാബലി എന്ന മിത്തും ഓണത്തിന്റെ ചരിത്രവും*, ഡി.സി. ബുക്സ്, കോട്ടയം. |
| രവീന്ദ്രൻ പി.പി. | 2013 | *സംസ്കാര പഠനം ഒരു ആമുഖം*, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം. |
| രവീന്ദ്രൻ പി.പി. | 2017 | 'ചട്ടമ്പിസ്വാമികൾ നവോത്ഥാനവും ബദൽ ആധുനികതയും', *കേരളനവോത്ഥാനം പൊതുവായനകൾ*, അജയ് ശേഖർ, എസ്.ആർ. ചന്ദ്രമോഹൻ(എഡി.) പബ്ലിക്കേഷൻസ്, തിരുവനന്തപുരം. |
| രാംദാസ്, ചെറായി | 2006 | *അയ്യങ്കാളിക്ക് ആദരവോടെ*, ഉപരോധം ബുക്സ്, എറണാകുളം. |
| രാംദാസ്, ചെറായി | 2009 | *കെ.പി. വള്ളോൻ നിയമസഭയിൽ*, ഉപരോധം ബുക്സ്, എറണാകുളം. |
| രാംദാസ്, ചെറായി | 2022 | *കൊച്ചി കായൽ സമ്മേളനം രേഖകളിലൂടെ*, പ്രണത ബുക്സ്, കൊച്ചി. |
| രാഘവൻ പയ്യനാട് (എഡി.) | 2012 | *കേരള ഫോക്‌ലോർ*, സമയം പബ്ലിക്കേഷൻസ്, കണ്ണൂർ. |
| രാഘവവാരിയർ എം.ആർ. | 1997 | *മധ്യകാല കേരളം സമ്പത്ത് സമൂഹം സംസ്കാരം*, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം. |
| രാഘവവാരിയർ എം.ആർ. | 2009 | *കേരളീയത ചരിത്രമാനങ്ങൾ*, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം. |
| രാഘവവാരിയർ എം.ആർ. | 2013 | 'പ്രാദേശികചരിത്രം', *കേരള സംസ്കാര പഠനങ്ങൾ*, പന്മന രാമചന്ദ്രൻ (എഡി.) കറന്റ് ബുക്സ്, കോട്ടയം. |
| രാഘവവാരിയർ എം.ആർ. | 2013(എ) | *മലയാളി ചരിത്രബോധം കോളനിവാഴ്ചയ്ക്ക് മുമ്പ്*, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം. |
| രാഘവവാരിയർ എം.ആർ., രാജൻ ഗുരുക്കൾ | 1994 | *മിത്തും സമൂഹവും*, ജാലകം പബ്ലിക്കേഷൻസ്, പേരാമ്പ്ര. |

| | | |
|---|---|---|
| രാഘവവാരിയർ, രാജൻ ഗുരുക്കൾ | 2018 | *കേരളചരിത്രം*, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം. |
| രാജഗോപാലൻ കെ. | 2014 | *ബുദ്ധമതം ഇന്ത്യയിൽ*, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ. |
| രാജഗോപാലൻ സി.ആർ. | 2008 | *നാട്ടുചരിത്രം*, ഡി.സി. ബുക്സ് കോട്ടയം. |
| രാജൻ ഇ. | 2016 | *കട്ടംകളം സമരചരിത്രം*, ഇന്ദീവരം ബുക്സ്, തൃശ്ശൂർ. |
| രാജൻ ഇ. | 2019 | *കേരളത്തിലെ നവോത്ഥാനപ്രസ്ഥാനത്തിന്റെ ചരിത്രം*, ചരിത്രം ബുക്സ്, തൃശ്ശൂർ. |
| രാജൻ ഗുരുക്കൾ | 2009 | *മിത്ത് ചരിത്രം സമൂഹം*, പ്രസക്തി ബുക്ക് ഹൗസ്, പത്തനംതിട്ട. |
| രാജരാജവർമ്മ ഏ.ആർ. | 1985 | 'കാന്താരതാരകം', *നളചരിതം ആട്ടക്കഥ*, ഉണ്ണായി വാരിയർ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം. |
| രാജരാജവർമ്മ വടക്കുംകൂർ | 1967 | *കേരള സാഹിത്യചരിത്രം ചർച്ചയും പൂരണവും (ഒന്നാം ഭാഗം)*, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം. |
| രാജരാജവർമ്മ വടക്കുംകൂർ | 1968 | *കേരള സാഹിത്യചരിത്രം ചർച്ചയും പൂരണവും (രണ്ടാം ഭാഗം)*, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം. |
| രാജശേഖരൻ എസ്. (എഡി.) | 2008 | *അന്തോണിയോ ഗ്രാംഷിയും സാംസ്കാരികപഠനവും*, ചിന്ത പബ്ലി ക്കേഷൻസ്, തിരുവനന്തപുരം. |
| രാജേന്ദ്രൻ വിളക്കുടി | 2013 | 'സ്ഥലനാമങ്ങൾ', *കേരള സംസ്കാരപഠനങ്ങൾ*, പന്മന രാമചന്ദ്രൻ (എഡി.) കറന്റ് ബുക്സ്, കോട്ടയം. |
| രാധാകൃഷ്ണൻ പി.എസ്. | 2007 | 'ജനപ്രിയസാഹിത്യം കലയും കച്ചവടവും', *സംസ്കാരപഠനം ചരി ത്രം സിദ്ധാന്തം പ്രയോഗം*, മലയാള പഠന സംഘം (സമ്പാ.) കറന്റ് ബുക്സ്, കോട്ടയം. |
| രാധാകൃഷ്ണൻ പി.എസ്. | 2011 | 'നളകഥ - പാഠഭേദങ്ങൾ പാഠാന്തരബന്ധങ്ങൾ', *പഴയ കൃതി പുതിയ വായന*, മ്യൂസ് മേരി ജോർജ് (എഡി.), ഭൂമി മലയാളം, വിദ്വാൻ പി.ജി. നായർ സ്മാരക ഗവേഷണകേന്ദ്രം മലയാള വിഭാഗം, യു.സി. കോളേജ്, ആലുവ. |
| രാധാകൃഷ്ണൻ പി.എസ്. | 2017 | *സാഹിത്യ ചരിത്രത്തിലെ പക്ഷപാത(ാ)ങ്ങൾ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. |
| രാധാകൃഷ്ണൻ വി. | 2013 | 'ഇരിങ്ങാലക്കുടയുടെ കഥകളി പാരമ്പര്യം', *സ്മൃതിപഥം തനിമ ഇരി ങ്ങാലക്കുട 2013 സ്മൃതിരേഖകളുടെ സമാഹാരം*, ഭരതൻ പി.കെ. (സമ്പാ.) തനിമ, ഇരിങ്ങാലക്കുട. |
| രാമകൃഷ്ണൻ ഇ.വി. | 2007 | 'സാഹിത്യവും സംസ്കാരപഠനവും', *സംസ്കാരപഠനം ചരിത്രം സിദ്ധാ ന്തം പ്രയോഗം*, മലയാള പഠനസംഘം (സമ്പാ.) കറന്റ് ബുക്സ്, കോട്ടയം. |
| രാമകൃഷ്ണൻ ഇ.വി. | 2011 | 'പഴയ കൃതി പുതിയ വായന', *പഴയ കൃതി പുതിയ വായന*, മ്യൂസ് മേരി ജോർജ് (എഡി.) ഭൂമി മലയാളം, വിദ്വാൻ പി.ജി. നായർ സ്മാരക ഗവേഷണകേന്ദ്രം മലയാള വിഭാഗം, യു.സി. കോളേജ്, ആലുവ. |
| രാമകൃഷ്ണപിള്ള കെ. | 1995 | *ഗണിതശാസ്ത്രത്തിലെ അതികായന്മാർ*, കേരള ശാസ്ത്രസാഹിത്യപ രിഷത്ത്, തൃശ്ശൂർ. |
| രാമചന്ദ്രൻ നായർ കെ. | 2003 | *ഗാന്ധിജിയും കേരളവും*, കേരള ഗാന്ധിസ്മാരക സമിതി, സാം സ്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരളസർക്കാർ. |
| രാമചന്ദ്രൻ നായർ, പന്മന | 2011 | 'കൈരളി വ്യാഖ്യാനം', *നളചരിതം ആട്ടക്കഥ*, ഉണ്ണായിവാരിയർ, കറന്റ് ബുക്സ്, കോട്ടയം. |
| രാമചന്ദ്രൻ നായർ, പന്മന (എഡി.) | 2013 | *കേരള സംസ്കാരപഠനങ്ങൾ*, കറന്റ് ബുക്സ്, കോട്ടയം. |
| രാമചന്ദ്രൻ നായർ പി.എ. | 2005 | *സ്ഥലനാമ കൗതുകം*, റെയിൻബോ ബുക്ക് പബ്ലിഷേഴ്സ്, ചെങ്ങ ന്നൂർ. |
| രാമചന്ദ്രൻ സി.കെ. | 2000 | *വൈദ്യസംസ്കാരം*, മാതൃഭൂമി ബുക്സ്, കോഴിക്കോട്. |
| രാമചന്ദ്രൻ, പുതുശ്ശേരി | 2007 | *കേരളചരിത്രത്തിന്റെ അടിസ്ഥാനരേഖകൾ*, കേരള ഭാഷാ ഇൻസ്റ്റി റ്റ്യൂട്ട്, തിരുവനന്തപുരം. |
| രാമൻ മേനോൻ, പുത്തേഴത്ത് | 1973 | തൃശ്ശൂർ ട്രിച്ചൂർ ലേഖനങ്ങൾ - ശക്തൻ തമ്പുരാനും തൃശ്ശൂരും, ശില്പി പബ്ലിക്കേഷൻസ് നന്ദനം, മദിരാശി. |
| രാമൻ മേനോൻ, പുത്തേഴത്ത് | 2003 | *ശക്തൻ തമ്പുരാൻ*, സുലഭ ബുക്സ്, തൃശ്ശൂർ. |
| രാമനാഥൻ കെ.വി. | 2007 | 'കലയുടെ അഗ്നിശുദ്ധി', *അരങ്ങിന്റെ മാധവം*, മാർഗി മധു(എഡി.)., അമ്മന്നൂർ മാധവ ചാക്യാർ നവതിയാഘോഷസമിതി, ഇരിങ്ങാ ലക്കുട. |
| രാമനാഥൻ കെ.വി. | 2009 | *ഓർമ്മയിലെ മണിമുഴക്കം*, ഗ്രീൻ ബുക്സ്, തൃശ്ശൂർ. |
| രാമനാഥൻ കെ.വി. | 2013 | 'മഹാത്മജിയുടെ പാദമുദ്രപതിഞ്ഞ ഇരിങ്ങാലക്കുട', *സ്മൃതിപഥം തനിമ ഇരിങ്ങാലക്കുട 2013 സ്മൃതിരേഖകളുടെ സമാഹാരം*, ഭരതൻ പി.കെ. (സമ്പാ.) തനിമ, ഇരിങ്ങാലക്കുട. |

| | | |
|---|---|---|
| രേഖ പി. | 2019 | 'സാംസ്കാരികപഠനവും സാഹിത്യവിമർശനവും', *മലയാളം റിസർച്ച് ജേർണൽ*, ബെഞ്ചമിൻ ബെയ്‌ലി ഫൗണ്ടേഷൻ, കോട്ടയം, മെയ് 3 ലക്കം 2. |
| റപ്പായി ടി.എ. | 1997 | *ഇരിങ്ങാലക്കുട സെന്റ്. മേരീസ് പള്ളി*, ഇരിങ്ങാലക്കുട. |
| റപ്പായി ടി.എ. | 2004 | ഇരിങ്ങാലക്കുട സെന്റ്. തോമസ് കത്തീഡ്രൽ ചരിത്രം, സെന്റ്. തോമസ് കത്തീഡ്രൽ, ഇരിങ്ങാലക്കുട. |
| റോമില ഥാപ്പർ | 2008 | *ഭൂതകാലവും മുൻവിധികളും*, പി. ഗോവിന്ദപിള്ള (വിവ:), ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം. |
| റോമില ഥാപ്പർ | 2008(എ) | *വർഗ്ഗീയതയും ചരിത്രപൈതൃകവും*, കെ. എൻ. ഗണേഷ് (വിവ:) ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം. |
| റോമില ഥാപ്പർ | 2023 | *ഭാരതീയ സംസ്കാരങ്ങൾ പൈതൃകമെന്ന നിലയിൽ*, മഹേഷ് പ്രസാദ് (വിവ:), ഡി.സി. ബുക്സ്, കോട്ടയം. |
| ലക്ഷ്മണൻ നായർ വി.കെ. | 2014 | *ശിഥില ചിന്തകൾ*, കൃഷ്ണ പബ്ലിക്കേഷൻസ്, ഇരിങ്ങാലക്കുട. |
| ലീന എം.എ. (എഡി.) | 2004 | *നാട്ടറിവുകൾ നാട്ടുഭക്ഷണം*, ഡി.സി. ബുക്സ്, കോട്ടയം. |
| ലോനപ്പൻ നമ്പാടൻ | 2012 | *സഞ്ചരിക്കുന്ന വിശ്വാസി*, ഡി.സി. ബുക്സ്, കോട്ടയം. |
| ലോഹിതാക്ഷൻ, ഉമ്പൂർ | 2013 | 'ഇരിങ്ങാലക്കുടയിലെ പ്രസാധകസംരംഭങ്ങൾ', *സ്മൃതിപഥം തനിമ ഇരിങ്ങാലക്കുട 2013 സ്മൃതിരേഖകളുടെ സമാഹാരം*, ഭരതൻ പി.കെ. (സമ്പാ.) തനിമ, ഇരിങ്ങാലക്കുട. |
| വസന്തൻ എസ്.കെ. | 2005 | *കേരള സംസ്കാരചരിത്രനിഘണ്ടു*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. |
| വസന്തൻ എസ്.കെ. | 2009 | *നമ്മൾ നടന്നവഴികൾ*, മലയാള പഠന ഗവേഷണകേന്ദ്രം, തൃശ്ശൂർ. |
| വസന്തൻ വി.എസ്. (എഡി.) | 2013 | *മുൻപേ നടന്നവർ*, അഡ്വ. കെ.ആർ. തമ്പാൻ സ്മാരക ട്രസ്റ്റ്, ഇരിങ്ങാലക്കുട. |
| വാലത്ത് വി.വി.കെ. | 2003 | *കേരളത്തിന്റെ സ്ഥലചരിത്രങ്ങൾ - തൃശ്ശൂർ ജില്ല*, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ. |
| വിജയൻ എം.എൻ. | 2000 | *നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം 1901- 2000*, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ. |
| വിജയൻ ഒ.വി. | 1997 | *വിജയന്റെ കഥകൾ*, ഡി.സി. ബുക്സ്, കോട്ടയം. |
| വിനോദ് എ. | 2019 | *സംഗമഗ്രാമമാധവൻ ആധുനിക ഗണിതത്തിന്റെ ഉപജ്ഞാതാവ്*, ബുദ്ധ ബുക്സ്, അങ്കമാലി. |
| വിനോദ് വി.വി. | 1999 | *മങ്ങാടിക്കുന്നിലേക്കൊരു തീർത്ഥയാത്ര ചരിത്രസ്മരണിക*, സയൻസ് സ്റ്റോറം, ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട. |
| വില്യം ലോഗൻ | 2007 | *മലബാർ മാന്വൽ*, ടി.വി. കൃഷ്ണൻ (വിവ.), മാതൃഭൂമി ബുക്സ്, കോഴിക്കോട്. |
| വിഷ്ണുനമ്പൂതിരി എം.വി. | 2005 | *ഫോക്‌ലോർ ചിന്തകൾ*, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്. |
| വിഷ്ണുനമ്പൂതിരി എം.വി. | 2011 | *നാടോടിവിജ്ഞാനീയം*, ഡി.സി. ബുക്സ്, കോട്ടയം. |
| വിഷ്ണുനമ്പൂതിരി എം.വി. | 2014 | *പുരാവൃത്തപഠനം*, മാതൃഭൂമി ബുക്സ്, കോഴിക്കോട്. |
| വേണു ജി. | 2002 | *അമ്മന്നൂർ മാധവചാക്യാർ എന്റെ കൂടിയാട്ടം സ്മരണകളിലൂടെ*, കറന്റ് ബുക്സ്, തൃശ്ശൂർ. |
| വേണു ജി. | 2013 | 'അമ്മന്നൂർ മാധവചാക്യാർ യുനെസ്കോയുടെ വേദിയിൽ നവരസാഭിനയം', *സ്മൃതിപഥം തനിമ ഇരിങ്ങാലക്കുട 2013 സ്മൃതിരേഖകളുടെ സമാഹാരം*, ഭരതൻ പി.കെ. (സമ്പാ.) തനിമ, ഇരിങ്ങാലക്കുട. |
| വേണുഗോപാലൻ ടി.ആർ. | 2012 | *സമ്പത്തും അധികാരവും തൃശ്ശൂരിൽനിന്നുള്ള കാഴ്ച*, കറന്റ് ബുക്സ്, തൃശ്ശൂർ. |
| വേലായുധൻ ഐ.എം., വേലായുധൻ പണിക്കശ്ശേരി | 1999 | *വൈദ്യരുടെ കഥ*, കറന്റ്ബുക്ക്സ്, തൃശ്ശൂർ. |
| വേലായുധൻ കെ.കെ. | 2023 | 'മുകുന്ദപുരത്തെ പുലയരാജാവ്', കണ്ണൻ മേലോത്ത് (എഡി.) *മുകുന്ദപുരത്തെ പുലെ രാജാവ് അയ്യൻ ചിരുകണ്ടൻ*, ഇടനേരം, കൊച്ചി |
| വേലായുധൻ പണിക്കശ്ശേരി | 1987 | *കേരള ചരിത്രപഠനങ്ങൾ*, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം. |
| വേലായുധൻ പണിക്കശ്ശേരി | 2012 | *ചരിത്രത്തിന്റെ അടിവേരുകൾ*, ഡി.സി. ബുക്സ്, കോട്ടയം. |
| വേലായുധൻ പണിക്കശ്ശേരി | 2005 | *അന്വേഷണം ആസ്വാദനം*, കറന്റ് ബുക്സ്, കോട്ടയം. |
| ശങ്കുണ്ണി ടി.ആർ. | 2007 | *ഫാദർ ഗബ്രിയേൽ*, ഡോക്യുമെന്റേഷൻ അമല ഹോസ്പിറ്റൽ ആന്റ് റിസേർച്ച് സെന്റർ, തൃശ്ശൂർ. |
| ശങ്കുണ്ണി, കൊട്ടാരത്തിൽ | 2008 | *ഐതിഹ്യമാല*, കറന്റ് ബുക്സ്, കോട്ടയം. |
| ശശിഭൂഷൻ എം.ജി. | 2012 | *കേരളത്തിലെ ചുവർചിത്രങ്ങൾ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. |

| | | |
|---|---|---|
| ശശിഭൂഷൻ എം.ജി. | 2016 | *കേരള ചരിത്രത്തിലേക്കുള്ള നാട്ടുവഴികൾ*, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം. |
| ശശിഭൂഷൻ എം.ജി. | 2019 | *ദേശചരിത്രം കേരളീയക്ഷേത്രങ്ങളിലൂടെ*, ഡി.സി. ബുക്സ്, കോട്ടയം. |
| ശിവശങ്കർ നായർ കെ. | 1998 | *പ്രാചീന കേരളത്തിന്റെ രാഷ്ട്രീയചരിത്രം*, ഡി.സി. ബുക്സ്, കോട്ടയം. |
| ശൈഖ് സൈനുദ്ദീൻ | 2008 | തുഹ്ഫത്തുൽ മുജാഹിദ്ദീൻ, *കേരളം പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ*, വേലായുധൻ പണിക്കശ്ശേരി (വിവ:) മാതൃഭൂമി ബുക്സ്, കോഴിക്കോട്. |
| ശ്രീകുമാരി | 2016 | 'ചരിത്രം വിസ്മരിച്ചവരുടെ അതിജീവനം', *മൂന്നാം കേരള ചരിത്ര കോൺഫറൻസ് പ്രബന്ധങ്ങൾ*, അജിത്ത് കെ. ശ്രീധർ (എഡി.) സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം. |
| ശ്രീകുമാർ ആർ. | 2013 | *കൂടിയാട്ടം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. |
| ശ്രീകുമാർ എസ്. (ഡോ.) | 2013 | 'കോൾപാടങ്ങൾ: അമൂല്യമായപ്രകൃതിപമ്പത്ത്', *സ്മൃതിപഥം തനിമ ഇരിങ്ങാലക്കുട 2013 സ്മൃതിരേഖകളുടെ സമാഹാരം*, ഭരതൻ പി.കെ. (സമ്പാ.) തനിമ, ഇരിങ്ങാലക്കുട. |
| ശ്രീജൻ വി.സി. | 1999 | *വിമർശനാത്മക സിദ്ധാന്തം*, ഡി.സി. ബുക്സ്, കോട്ടയം. |
| ശ്രീധരൻ എ.എം. | 2009 | *ഫോക്‌ലോർ സമീപനങ്ങളും സാധ്യതകളും*, മലയാള പഠന ഗവേഷണ കേന്ദ്രം, തൃശ്ശൂർ. |
| ശ്രീധരമേനോൻ എ. | 1999 | *കേരള ചരിത്രം*, എസ്. വിശ്വനാഥൻ പ്രിന്റേഴ്സ് ആന്റ് പബ്ലിഷേഴ്സ്, മദ്രാസ്. |
| ശ്രീധരമേനോൻ, വൈലോപ്പിള്ളി | 2001 | *വൈലോപ്പിള്ളി സമ്പൂർണ്ണ കൃതികൾ*, കറന്റ് ബുക്സ്, തൃശ്ശൂർ. |
| ഷംഷാദ് ഹുസൈൻ കെ.ടി. | 2020 | *മലബാർ കലാപത്തിന്റെ വാമൊഴി പാരമ്പര്യം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം. |
| ഷാജി ജേക്കബ് | 2007 | 'മാധ്യമങ്ങളുടെ സാംസ്കാരിക രാഷ്ട്രീയം', *സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം*, മലയാള പഠനസംഘം (സമ്പാ.) കറന്റ് ബുക്സ്, കോട്ടയം. |
| ഷീബ എം. കുര്യൻ | 2012 | *റെയ്മണ്ട് വില്യംസ് സംസ്കാരം സാഹിത്യം രാഷ്ട്രീയം*, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം. |
| സഞ്ജയൻ | 2011 | *സഞ്ജയൻ സമ്പൂർണ്ണകൃതികൾ ഒന്നാം വാല്യം*, മാതൃഭൂമി ബുക്സ്, കോഴിക്കോട്. |
| സത്യൻ പി.പി. | 2011 | *അൽത്തൂസറും മാർക്സിസത്തിന്റെ ഭാവിയും*, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം. |
| സാനു എം.കെ. (എഡി.) | 1988 | *സി.ആർ. കേശവൻ വൈദ്യർ ശതാഭിഷേക ഉപഹാരം*, പൗര സ്വീകരണകമ്മിറ്റി, ഇരിങ്ങാലക്കുട. |
| സുധീഷ് നമ്പൂതിരി | 2013 | *നാട്യകോശം*, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ. |
| സുനിൽ പി. ഇളയിടം | 2007 | 'സംസ്കാര വിമർശനം: മാർക്സിസ്റ്റ്പാഠങ്ങൾ', *സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം*, മലയാള പഠന സംഘം (സമ്പാ.) കറന്റ് ബുക്സ്, കോട്ടയം. |
| സുനിൽ പി. ഇളയിടം | 2016 | *നാനാർത്ഥങ്ങൾ സമൂഹം ചരിത്രം സംസ്കാരം*, കൈരളി ബുക്സ്, കണ്ണൂർ. |
| സുനിൽകുമാർ കെ.കെ. | 2022 | *കേരളീയ നവോത്ഥാനം ചരിത്രവും വർത്തമാനവും*, പായൽ ബുക്സ്, കണ്ണൂർ. |
| സുരേഷ് ബാബു എളയാവൂർ (എഡി.) | 2004 | *ഫോക്‌ലോറിന്റെ കൈവഴികൾ വാല്യം 1*, കേരള ഫോക്‌ലോർ അക്കാദമി, കണ്ണൂർ. |
| സോമൻ പി. | 2007 | *ഫോക്‌ലോർ സംസ്കാരം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. |
| സ്കറിയാ സക്കറിയ | 2019 | *മലയാളവഴികൾ*, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം. |
| സ്കറിയാ സക്കറിയ (എഡി.) | 1998 | *ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ 1599*, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്, ഓശാനമൗണ്ട്, ഇടമറ്റം |
| ഹരി ഇരിങ്ങാലക്കുട | 2013 | 'ഷണ്മുഖം കനാൽ', *സ്മൃതിപഥം തനിമ ഇരിങ്ങാലക്കുട 2013 സ്മൃതിരേഖകളുടെ സമാഹാരം*, ഭരതൻ പി.കെ. (സമ്പാ.) തനിമ, ഇരിങ്ങാലക്കുട. |
| ഹരി കെ. | 2013 | 'ഇരിങ്ങാലക്കുടയിലെ സഹകരണ സംരഭങ്ങൾ', *സ്മൃതിപഥം തനിമ ഇരിങ്ങാലക്കുട 2013 സ്മൃതിരേഖകളുടെ സമാഹാരം*, ഭരതൻ പി.കെ. (സമ്പാ.) തനിമ, ഇരിങ്ങാലക്കുട. |
| ഹരികമാർ എൽ.വി. | 2004 | *പനമ്പിള്ളി ഗോവിന്ദമേനോൻ ചരിത്രവഴിയിലെ ദീപശിഖ*, സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്, കേരളസർക്കാർ. |

| | | |
|---|---|---|
| ഹിത ഈശ്വരമംഗലം | 2013 | 'ബ്രാഹ്മണിപ്പാട്ടും ഇരിങ്ങാലക്കുടയും', *സ്മൃതിപഥം തനിമ ഇരിങ്ങാലക്കുട 2013 സ്മൃതിരേഖകളുടെ സമാഹാരം*, ഭരതൻ പി.കെ. (സമ്പാ.) തനിമ, ഇരിങ്ങാലക്കുട. |
| ഹെർമൻ ഗുണ്ടർട്ട് | 2018 | 'മലയാളരാജ്യം', *കേരളോൽപത്തിയും മറ്റും* സ്കറിയ സക്കറിയ (എഡി.), ഡി.സി. ബുക്സ്, കോട്ടയം. |
| Achyutha Menon | 1995 | *The Cochin State Manual*, Government of Kerala, Thiruvananthapuram. |
| Althusser, Louis | 1971 | *Lenin and Philosophy and Other Essays*, The University of Michigan, USA. |
| Balagopal T.S. Prabhu | 1999 | 'Kerala architecture', *Essays on the Cultural Formation of Kerala, Kerala State Gazatteer*, Dr P.J. cherian (State Editor), Govt. of Kerala, Thiruvananthapuram. |
| Ganesh K.N. | 2016 | 'Toward a Methodolgy for the history of the Locality', *Local History Quest for Theories and Method*, Shinas A.M, Vincent P.J.(Ed.), Sahitya Pravarthaka Co-operative society Ltd., Kottayam. |
| Gramsci, Antonio | 2021 | *Selection from the Prison Note books*, Orient Blackswan Private Limited , Hyderabad. |
| Hall, Stuart | 1980 | 'Encoding / Decoding', *Culture, Media, Language: Working Papers in Cultural Studies 1972–79*, S. Hall, D. Hobson, A. Lowe, and P. Willis (Eds.), London |
| Hoggart, Richard | 1917 | *The Uses of Literacy*, Penguin Books in association with Chatto and Windus, Australia |
| Kesavan Veluthat | 2013 | *Brahman Settlements in Kerala*, Cosmo Books,Thrissur |
| Mandadan A. M. | 1984 | *History of Christianity in India*, Theological Publications in India, Bangalore. |
| Narayanan M.G.S. | 2013 | *Perumals of Kerala*, Cosmo Books, Thrissur. |
| Ramachandran Nair K.K. (Ed.) | 1986 | *Kerala State Gazetteer VOL.II*, Kerala Gazetteers,Thrivandrum. |
| Romila Thapar | 2018 | *Indian History*, Rupa publications, India. |
| Said, Edward W. | 2016 | *Orientalism*, Penguin Random House, India. |
| Said, Edward W. | 1993 | *Culture and Imperialism*, Vintage, London |
| Santhosh E. | 2018 | 'Expansion of temple structures of late medieval Kerala: Five newly discovered epigraph from the Midlands of Thrissur', *Souvenir of 43rd session of ESI and 37th session of PNSI*, Department of history, Farooq college, Kozhikode. |
| Shinas A.M., Vincent P.J. | 2016 | *Local History Quest for Theories and Method*, Sahitya Pravarthaka Co-operative society Ltd., Kottayam. |
| Sreedhara Menon A. (Ed.) | 1962 | *Kerala District Gazatteers Thrissur, Vol. ll*, Kerala State, Trivandrum |
| Sunil P. Elayidam | 2016 | 'Contesting the Contours: Local history as a Critic of modernity', *Local History Quest for Theories and Method*, Shinas A.M, Vincent P.J.(Eds.), Sahitya Pravarthaka Co-operative society Ltd., Kottayam. |
| Thomson E. P. | 1963 | *The Making of English Working Class*, Vintage books A division of Random House, London. |
| Ward and Conner | 1994 | *Memoir of The Survey of The Travancore and Cochin States Part II*, First Published 1893, Government of kerala, Trivandrum. |
| Williams, Raymond | 1960 | *Culture and Society 1780-1950*, Anchor Books Doubleday & Company Inc., New York. |
| Williams, Raymond | 1961 | *Culture and Sociaty*, Penguin Books, Haryana. |
| Williams, Raymond | 2015 | *Keywords*, Oxford University Press. |

**സ്മരണികകൾ**

| | | |
|---|---|---|
| *അഡ്വക്കറ്റ് കെ.കെ. തമ്പാൻ ഓർമ്മപ്പുസ്തകം* | 2012 | അഡ്വക്കറ്റ് കെ.കെ.തമ്പാൻ സ്മാരക ട്രസ്റ്റ്, ഇരിങ്ങാലക്കുട. |
| *ആലപ്പാട്ട് പാലത്തിങ്കൽ തറവാട്ട് ചരിത്രം ഭാഗം 1* | 2001 | വംശാവലി,ഹിസ്റ്ററി കമ്മിറ്റി ആലപ്പാട്ട് പാലത്തിങ്ങൽ തറവാട്ട് യോഗം,കാട്ടൂർ. |
| *ആലപ്പാട്ട് പാലത്തിങ്കൽ തറവാട്ട് ചരിത്രം ഭാഗം 2* | 2003 | വംശാവലി,ഹിസ്റ്ററി കമ്മിറ്റി ആലപ്പാട്ട് പാലത്തിങ്ങൽ തറവാട്ട് യോഗം,കാട്ടൂർ. |
| *ഇരിങ്ങാലക്കുട രൂപത ചരിത്രത്തിലൂടെ 1978- 2009* | 2009 | ഹിസ്റ്ററി കമ്മിഷൻ, എപ്പാർക്കി, ഇരിങ്ങാലക്കുട. |
| *കുട്ടംകുളം സമരം 70-ാം വാർഷികം സ്മരണിക* | 2016 | വി.എസ്. വസന്തൻ, കൺവീനർ സ്മരണിക കമ്മിറ്റി, ഇരിങ്ങാലക്കുട. |
| *താഴെക്കാടിൻസ്പന്ദനം* | 2014 | സെന്റ്. സെബാസ്റ്റ്യൻ ചർച്ച്, താഴേക്കാട്. |
| *താഴെക്കാട് പള്ളിയിലെ വി.കുരിശുമുത്തപ്പന്റെ ചരിത്രം* | 2005 | ചരിത്രകമ്മറ്റി, സെന്റ്. സെബാസ്റ്റ്യൻ ചർച്ച്, താഴെക്കാട്. |
| *ധന്യസ്മൃതി* | 2010 | എം.എസ്. നമ്പൂതിരി ജന്മശതാബ്ദി സ്മരണിക, പി.കെ ഭരതൻ (സുവനീർകമ്മിറ്റി കൺവീനർ), ഇരിങ്ങാലക്കുട. |
| *പുത്തൂർ അച്യുതമേനോൻ ജന്മശത്ബ്ദി സ്മരണിക* | 2010 | ജൂൺ27, ഇരിങ്ങാലക്കുട. |
| സ്നേഹഗീതം | 2006 | ഹോളിക്രോസ് ചർച്ച്, മാപ്രാണം. |
| *ശ്രീകൃഷ്ണാർപ്പണം പുനഃപ്രതിഷ്ഠ നവതി മഹോത്സവം സ്മരണിക* | 2018 | ശ്രീകൃഷ്ണസ്വാമി ദേവസ്വം, കൊടുങ്ങല്ലൂർ. |
| *സ്മൃതിപഥം സ്മൃതിരേഖകളുടെ സമാഹാരം* | 2013 | പി.കെ. ഭരതൻ (സമ്പാ.), അഡ്വ. തോമസ് ഉണ്ണിയാടൻ, തനിമ ഇരിങ്ങാലക്കുട. |
| *വെളയനാട് പാരിഷ് ഡയറക്ടറി* | 2008 | സി.വൈ.എം. സെന്റ്. മേരീസ് ചർച്ച്, വെളയനാട്. |

**ഗവേഷണപ്രബന്ധങ്ങൾ**

| | | |
|---|---|---|
| ഗണേഷ് സി. | 2009 | *ഓണം ഒരു സാംസ്കാരിക വിശകലനം*, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി. |
| പുന്നൂസ് എം.ഐ. | 2008 | *സെന്റ്. തോമസ് ഐതിഹ്യങ്ങൾ ഒരു പുരാവൃത്തപഠനം*, മഹാത്മാ ഗാന്ധി സർവ്വകലാശാല, കോട്ടയം. |
| പ്രിയ പി.എ. | 2022 | *സൂക്ഷ്മചരിത്രവും പ്രാദേശികചരിത്രവും തൃശ്ശൂർ ജില്ലയിലെ മണപ്പുറത്തെ അടിസ്ഥാനമാക്കിയുള്ള പഠനം*, കണ്ണൂർ യൂണിവേഴ്സിറ്റി, കണ്ണൂർ. |
| ഫസീല ടി.എ. | 2019 | *പൊന്നാനിയുടെ സാംസ്കാരികചരിത്രം*, കാലിക്കറ്റ് സർവകലാശാല, കോഴിക്കോട്. |
| രാജി ആർ. നായർ | 2019 | *ആറന്മുളയുടെ പ്രാദേശികചരിത്രം*, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി. |
| ഷംഷാദ് ഹുസൈൻ | 2005 | *മലബാർ കലാപത്തിന്റെ വാമൊഴിപാരമ്പര്യം*, സംസ്കൃതസർവ്വകലാശാല, കാലടി. |
| സുനിത കെ. | 2015 | *ആഖ്യാനവും അന്യവൽക്കരണവും മലയാളത്തിലെ സ്ത്രീ ആത്മകഥകളെ അടിസ്ഥാനമാക്കി ഒരു പഠനം*, സ്കൂൾ ഓഫ് ലെറ്റേഴ്സ്, എം.ജി യൂണിവേഴ്സിറ്റി, കോട്ടയം. |
| Lakshmi S. | | *Understanding The Traditional Construction System Of Koothambalam An Enquiry with Traditional Carpenters*, Under Graduate Dissertation, Indubhai Parekh School Of Architecture, Rajkot. |


# Online Sources


https://www.google.com/amp/s/www.mathrubhumi.com/mobile/technology/science/some- calculations-on-aryabhatta-1.3583399 - ആര്യഭട്ടന്റെ ജന്മം കേരളത്തിലോ അതോ ഉത്തരേന്ത്യയിലോ? കണക്കുകൂട്ടലുകൾ ഇങ്ങനെ...# സാജു ചേലങ്ങാട് 19 Feb 2019, 04:17 PM IST)

http://myijk.com/ijk-sangama-grama-madhavan/SANIL V PILLAI · HISTORY · NEWS
നാമറിയണം നമ്മുടെ പാരമ്പര്യം.
https://www.google.com/amp/s/www.mathrubhumi.com/mobile/ernakulam/nagaram
/1.4386111. നക്ഷത്രങ്ങൾക്ക് കാവൽ നിന്നവർ # സാജു ചേലങ്ങാട്| sajuchelangad@gmail.com
24 Dec 2019, 02:00 AM IST
https://www.sahapedia.org/kauutaiyaatatam-kalaakaarai-saraimatai-usaa-nanana
yaaraumaayaulala- abhaimaukham
https://nangiarkoothu.com/dasamakoothu/
http://blog.kaishiki.com/natyarppanam-aparna-nangiar/
https://www.mathrubhumi.com/movies-music/music/brahmani-pattu-songs-sung-by-women-only-kerala- temple-arts-1.6097540
https://web.archive.org/web/20130922213535/
http://chintha.com/node/90419 WEDNESDAY, FEBRUARY 11, 2015 ടി.കെ. കൃഷ്ണമേനോൻ വെറുമൊരു മേനോനായിരുന്നില്ല കേരളശബ്ദം വാരിക 2015 ഫെബ്രുവരി 22 (Date of Release 07.02.2015)
https://sugadhan.blogspot.com/?m=1
https://youtu.be/yu5AhU1Ur6M?feature=shared)
https://www.deshabhimani.com/cinema/mohan-director/1057985
http://cms.deshabhimani.com/cinema/mohan-director/1057985)
https://youtu.be/CPbpHoq05Uo- പി.വി ശങ്കർ മേക്കപ്പ്മാൻ ഇന്റർവ്യൂ ഡൂഡിൽ ന്യൂസ്
https://youtu.be/yu5AhU1Ur6M?feature=shared
https://azhimukham.com/ ജിഷ. ജോർജ്ജ് / update 2018 - 10 - 25 11:03 GMT